# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 17, തിങ്കൾ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

339/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 99

**II അടിയന്തരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം
— ശ്രീ. എം. വിൻസെന്റ് .. 474
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധക്ഷണിക്കൽ**

1. സ്വകാര്യവൽക്കരണം
— ശ്രീ. എം. സ്വരാജ് .. 501

2. ചിങ്ങവനം സ്പോർട്സ് ആൻഡ് റിസർച്ച് സെന്റർ
— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 510

**IV സബ്മിഷൻ**

(1) മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്റർ
— ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ .. 515

(2) വീട് വയ്ക്കാനുള്ള അനുമതി .. 517
— ശ്രീ. പുരുഷൻ കടലുണ്ടി

(3) സ്ഥലം ഏറ്റെടുക്കൽ .. 519
— ശ്രീ. അനൂപ് ജേക്കബ്

(4) നഷ്ടപരിഹാരം .. 521
— ശ്രീ. പി. കെ. അബ്ദു റബ്ബ്

(5) ഫെയർവാല്യൂ .. 525
— ശ്രീ. റോജി എം. ജോൺ

(6) സബ് ഡിപ്പോയുടെ പ്രവർത്തനം .. 576
— ശ്രീ. കോവൂർ കുഞ്ഞുമോൻ

| | | | പേജ് |
|---|---|---|---|
| | (7) ഹൈസ്കൂളിന് എയ്ഡഡ് പദവി | .. | 531 |
| | — ശ്രീ. കെ,. രാജൻ | | |
| | (8) കടുവാ സങ്കേതം | .. | 533 |
| | — ശ്രീ. സി. കെ. ശശീന്ദ്രൻ | | |
| | (9) അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് | .. | 535 |
| | — ശ്രീമതി പി. അയിഷാ പോറ്റി | | |
| | (10) സബ്സ്റ്റേഷൻ | .. | 536 |
| | — ശ്രീ. വി. ജോയി | | |
| **V** | **ക്രമപ്രശ്നം** | .. | 538 |
| | ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം | | |
| | — ശ്രീ. എം. ഉമ്മർ | | |
| | — ശ്രീ. എൻ. ഷംസുദ്ദീൻ | | |
| | **റൂളിംഗ്** | | |
| **VI** | **ഗവൺമെന്റ് പ്രമേയം** | .. | 546 |
| | നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾ | | |
| | ധനകാര്യവും കയറും വകുപ്പുമന്ത്രി | | |
| | (ഡോ. ടി. എം. തോമസ് ഐസക്) | .. | 548 |
| **VII** | **ധനകാര്യം** | .. | 579 |
| | 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ | | |
| | ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും | | |
| | ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം | .. | 580 |
| | ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം | .. | 583 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 17, തിങ്കൾ*

വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2019 ജൂൺ മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ചോദ്യം നമ്പർ *211

### ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി

1 (*211) ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. കെ. രാജൻ:

ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി എന്ന പേരിൽ വനം വകുപ്പ് പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ആയത് നടപ്പാക്കിയാലുള്ള ഗുണഫലങ്ങളും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതൊക്കെ മേഖലകളിൽ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രസ്തുത പദ്ധതിയിൻ കീഴിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) വീട്ടുവളപ്പുകളിലും വനേതര പ്രദേശങ്ങളിലും മുൻകാലങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന വൃക്ഷങ്ങളായ തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയവയുടെ ലഭ്യത കുറഞ്ഞുവരികയും എന്നാൽ ഇവയുടെ ആവശ്യകത കൂടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഈ കുറവ് പരിഹരിക്കുവാൻ മേൽപ്പറഞ്ഞ മൂന്ന് വൃക്ഷങ്ങളുടെയും ഒരു വർഷം പ്രായമായ കൂടത്തൈകൾ തയ്യാറാക്കി സ്കൂൾ കുട്ടികൾക്ക്, ഒരു കുട്ടിക്ക് ഒരു വൃക്ഷത്തൈ എന്ന നിലയിൽ സൗജന്യമായും പൊതുജനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച 45 രൂപ നിരക്കിലും വിതരണം ചെയ്യുവാൻ ഉദ്ദേശിച്ച് 'ഗോൾഡൻ ട്രിനിറ്റി' എന്ന പേരിൽ ഒരു പദ്ധതി നിർദ്ദേശം സമർപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഒരു വർഷം പ്രായമായ വലിയ കൂടത്തൈകൾ എടുത്തുകൊണ്ടുപോകുവാൻ സ്കൂൾ കുട്ടികൾക്ക് അസൗകര്യമാണ് എന്നതിനാലും സ്കൂൾ കുട്ടികൾക്ക് കൊണ്ടുപോകാൻ കഴിയുന്ന വലിപ്പത്തിലുള്ള 64 ലക്ഷം ചെറിയ കൂടത്തൈകൾ സൗജന്യ വിതരണത്തിന് തയ്യാറാക്കുകയും പരിസ്ഥിതി ദിനത്തിൽ വിതരണം ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ 'ഗോൾഡൻ ട്രിനിറ്റി' എന്ന പദ്ധതി തുടർന്ന് നടത്തിയിട്ടില്ല. ആ നിർദ്ദേശം പരിഗണിക്കപ്പെട്ടിട്ടുമില്ല.

(ബി) രാജകീയ വൃക്ഷങ്ങൾ എന്നറിയപ്പെടുന്ന തേക്ക്, ചന്ദനം, ഈട്ടി വീട്ടുവളപ്പുകളിലും വനേതര പ്രദേശങ്ങളിലും മുൻകാലങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്നു. ഇവയുടെ ലഭ്യത ഇന്ന് വളരെ കുറഞ്ഞു. എന്നാൽ ആവശ്യം അനുദിനം കൂടി വരികയുമാണ്. ഈ കുറവ് പരിഹരിക്കുവാൻ മേൽപ്പറഞ്ഞ മൂന്ന് വൃക്ഷങ്ങളുടെയും ഒരു വർഷം പ്രായമായ കൂടത്തൈകൾ തയ്യാറാക്കി വിതരണം ചെയ്യുവാൻ ഉദ്ദേശിച്ച് സമർപ്പിക്കപ്പെട്ട നിർദ്ദേശമാണ് 'ഗോൾഡൻ ട്രിനിറ്റി'.

(സി) സ്കൂൾ കുട്ടികൾക്ക് ഒരു വർഷം പ്രായമായ വലിയ തൈകൾ കൊടുത്തുവിടുന്നതിലെ അപ്രായോഗികത കാരണം നിർദ്ദേശം നടപ്പാക്കിയില്ല. അതിന്റെ ഭാരക്കൂടുതൽ കാരണം കുട്ടികൾ അവയെ വഴിയിലുപേക്ഷിക്കാനും മറ്റുതരത്തിൽ മറ്റുള്ളവരാൽ അത് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാലും സ്കൂൾ കുട്ടികൾക്ക് കൊണ്ടുപോകാൻ കഴിയുന്ന വലിപ്പത്തിലുള്ള 64 ലക്ഷം ചെറിയ കൂടത്തൈകൾ സൗജന്യ വിതരണത്തിന് തയ്യാറാണെന്നതിനാലും നിർദ്ദേശം പരിഗണിക്കപ്പെട്ടിട്ടില്ല. നിർദ്ദേശം

സമർപ്പിച്ചവർതന്നെ അത് പിൻവലിക്കുകയാണുണ്ടായത്. എന്നാൽ സാമൂഹ്യവനവൽക്കരണത്തിന്റെ ആവശ്യത്തിനായി വനം വകുപ്പ് തയ്യാറാക്കിയതും 'ഗോൾഡൻ ട്രിനിറ്റി' എന്ന പേരിൽപ്പെടുത്തി വിതരണത്തിന് നിർദ്ദേശിക്കപ്പെട്ടതുമായ വലിയ കൂടത്തൈകൾ സംസ്ഥാനത്തെ 14 ജില്ലകളിലെയും വനത്തിനുപുറത്തുള്ള പൊതുസ്ഥലങ്ങളിലും വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായും ഹരിതകേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടുപിടിപ്പിച്ചുവരികയാണ്.

(ഡി) 'ഗോൾഡൻ ട്രിനിറ്റി' എന്നൊരു പദ്ധതി സർക്കാർ നടപ്പാക്കിയിട്ടില്ല. എന്നാൽ സാമൂഹ്യവനവൽക്കരണത്തിന്റെ ആവശ്യത്തിനായി വനം വകുപ്പ് തയ്യാറാക്കിയ വലിയ കൂടത്തൈകളാണ് 'ഗോൾഡൻ ട്രിനിറ്റി' എന്ന പേരിൽപ്പെടുത്തി വിതരണത്തിന് നിർദ്ദേശിക്കപ്പെട്ടത്. അവ സംസ്ഥാനത്തെ 14 ജില്ലകളിലെയും വനത്തിനു പുറത്തുള്ള പൊതു സ്ഥലങ്ങളിലും വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് നേരിട്ടും ഇതരവകുപ്പുകൾ/സ്ഥാപനങ്ങളുമായും ഹരിതകേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടുപിടിപ്പിച്ചുവരികയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നമ്മുടെ നാട്ടിൽ ഏറ്റവും മാർക്കറ്റുള്ള, ഈടുനിൽക്കുന്ന, ഫർണിച്ചറുകളുണ്ടാക്കാൻ നല്ല ഭംഗിയും ബലവുമുള്ള മരങ്ങളാണ് തേക്ക്, ചന്ദനം, ഈട്ടി എന്നിവ. ഇതുമൂന്നും ഇപ്പോൾ മാർക്കറ്റിൽ ലഭ്യമല്ലാത്ത അവസ്ഥയാണ്. അതിന് പ്രധാന കാരണം, അത് സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടും അവ വെട്ടുന്നതുമായി ബന്ധപ്പെട്ടുമുള്ള നടപടിക്രമങ്ങളാണ്. ഇപ്പോൾ ഈ വൃക്ഷങ്ങളുടെ തൈകൾ കുട്ടികൾക്ക് കൊടുക്കാൻ തീരുമാനിച്ചതുകൊണ്ടായിരിക്കാം 'ഗോൾഡൻ ട്രിനിറ്റി' എന്ന പദ്ധതി നടപ്പിലാക്കാൻ കഴിയാതെ പോയത്. ഈ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാനും പരിപാലിക്കാനും താല്പര്യമുള്ള പൊതുജനങ്ങൾക്ക് അതിനുള്ള റൈറ്റും പ്രത്യേക സംരക്ഷണവും കൊടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജു: സർ, തേക്ക്, ഈട്ടി, ചന്ദനം എന്നീ വൃക്ഷങ്ങൾ രാജകീയ വൃക്ഷങ്ങൾ എന്നാണ് അറിയപ്പെടുന്നത്. അതിൽ തേക്കും ഈട്ടിയും ഇപ്പോഴും മാർക്കറ്റിൽ ലഭ്യമാണ്. വനം വകുപ്പിന്റെ ഡിപ്പോകളിലും ആവശ്യത്തിന് ലഭ്യതയുണ്ട്. ചന്ദനത്തെ സംബന്ധിച്ച് കുറേ നിയന്ത്രണങ്ങൾ നിലവിലുണ്ട്.

വേണമെങ്കിൽ കർഷകർക്ക് ചന്ദനം നടാം. പക്ഷെ നട്ടുവളർത്തിക്കഴിഞ്ഞാൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ ആ മരം മുറിക്കാൻ കഴിയൂ. അതുമാത്രമല്ല, മരം മുറിക്കുന്നതിനുംമറ്റുമുള്ള ചെലവെല്ലാം കഴിഞ്ഞതിനുശേഷമുള്ള തുക മാത്രമേ വനം വകുപ്പ് കർഷകന് കൊടുക്കുകയുള്ളൂ. അങ്ങനെ ചില നിയന്ത്രണങ്ങൾ ചന്ദനവുമായി ബന്ധപ്പെട്ടുണ്ട്. എന്നാൽ തേക്ക്, ഈട്ടി എന്നിവയുടെ കാര്യത്തിൽ അത്തരം നിയന്ത്രണങ്ങളൊന്നുംതന്നെയില്ല. ഒരു വർഷം പ്രായമുള്ള തൈകൾ സ്കൂളുകൾ വഴി കുട്ടികളുടെ കയ്യിൽ കൊടുത്തുവിടുകയെന്നത് അപ്രായോഗികമാണ്. അതുകൊണ്ടാണ് അത്തരമൊരു പദ്ധതി നടപ്പിലാക്കി മുന്നോട്ടുപോകേണ്ടെന്ന് തീരുമാനിച്ചത്. അതേസമയം ഇത്തരം തൈകൾകൂടി ഉൾപ്പെടുത്തിയാണ് 64 ലക്ഷം വൃക്ഷത്തൈകൾ വനംവകുപ്പ് ഉത്പാദിപ്പിച്ച് പരിസ്ഥിതി ദിനത്തിൽ സ്കൂളുകൾവഴിയും സന്നദ്ധ സംഘടനകൾവഴിയും മറ്റ് പൊതുസ്ഥാപനങ്ങൾവഴിയും വിതരണം ചെയ്തത്. ഹരിത കേരളം മിഷൻ 'പച്ചത്തുരുത്ത് ' എന്നൊരു പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ഇവിടെ തയ്യാറാക്കപ്പെട്ടിട്ടുള്ള തൈകൾ പച്ചത്തുരുത്ത് പദ്ധതിക്കുവേണ്ടി ഉപയോഗിക്കാനായി ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതുപോലെ നമ്മുടെ ഗവൺമെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്കെല്ലാം ആവശ്യമുണ്ടെങ്കിൽ, അവിടെ സ്ഥലമുണ്ടെങ്കിൽ നടുന്നതിനുവേണ്ടി ഒരു വർഷം പ്രായമുള്ള തൈകൾ നൽകാൻ കഴിയും. ഒരു തൈയ്ക്ക് 45 രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നേരത്തെ പറഞ്ഞതുപോലെതന്നെ വനവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. പരിസ്ഥിതി ദിനത്തിൽ ഒരു കോടി വൃക്ഷത്തൈകൾ നടുമെന്നാണ് പറഞ്ഞിരുന്നത്. പക്ഷെ ഇത് നട്ടുകഴിഞ്ഞാൽ അവ സംരക്ഷിക്കാനുള്ള സംവിധാനമുണ്ടോ; അങ്ങനെയാണെങ്കിൽ നട്ട വൃക്ഷത്തൈകളിൽ എത്രയെണ്ണം സംരക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നതിന് ഏകദേശം ധാരണയുണ്ടോ? ഇതിന്റെ അനുബന്ധമായി ചോദിക്കാനുള്ളത്, നമ്മുടെ നിരത്തുകളിലൊക്കെ അപകടകരമായ രീതിയിൽ മരങ്ങൾ ഒടിഞ്ഞുവീഴാറായാലും വില നിശ്ചയിച്ച് എടുക്കുന്ന സമയത്ത് ഉയർന്ന വിലയായതുകൊണ്ട് അത് എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അപകടകരമായ മരങ്ങൾ പെട്ടെന്ന് മുറിച്ചുമാറ്റാനും അങ്ങനെ മുറിച്ചുമാറ്റുന്ന സമയത്ത് പത്ത് വൃക്ഷങ്ങളെങ്കിലും അനുബന്ധമായി മറ്റ് സ്ഥലങ്ങളിൽ നട്ടുപിടിപ്പിക്കാനുമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാജു: സർ, ഈ വർഷം പരിസ്ഥിതി ദിനത്തിൽ 64 ലക്ഷം വൃക്ഷത്തൈകളാണ് വനം വകുപ്പ് ഉത്പാദിപ്പിച്ച് സ്കൂളുകളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയുമൊക്കെ വിതരണം നടത്തിയത്. മുൻ വർഷങ്ങളിലും ഇതുപോലെതന്നെ 67 ലക്ഷം, 70 ലക്ഷം എന്ന നിലയിൽ ഉത്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പ്, ഹരിതകേരള മിഷൻ എന്നിവ മുഖേന പ്രത്യേകമായി അവരുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. എന്നാൽ ഇങ്ങനെ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകളിൽ എത്രയെണ്ണം സർവൈവ് ചെയ്യുന്നുവെന്നതിനെക്കുറിച്ച് അന്വേഷിക്കാൻ വനം വകുപ്പ് ഒരു ശ്രമം നടത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 2016-17-ൽ 55.24 ശതമാനവും 2017-18-ൽ 62.53 ശതമാനവുമാണ് സംസ്ഥാനാടിസ്ഥാനത്തിൽ സർവൈവലിനെ സംബന്ധിച്ച് നമുക്ക് ലഭ്യമായിട്ടുള്ള ആവറേജ് കണക്ക്. സംസ്ഥാനത്തെ 20 കോളേജുകളിലെ ഡിഗ്രി, പി.ജി. കോഴ്സുകളിൽ സ്റ്റാറ്റിസ്റ്റിക്സ് മെയിൻ വിഷയമായെടുത്ത് പഠിക്കുന്ന വിദ്യാർത്ഥികളെ ഉപയോഗിച്ചാണ് വനംവകുപ്പ് പരിശോധന നടത്തിയത്. അതനുസരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള സർവൈവലിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. കാസർഗോഡ് ജില്ലയിലാണ് 76.10% സർവൈവൽ ചെയ്യുന്നത്. ഏറ്റവും കുറവ് കോഴിക്കോട് ജില്ലയാണ്. അവിടെ 50.94% ആണ്. എങ്കിൽപ്പോലും നമ്മൾ വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ 50 ശതമാനത്തിലധികം സർവൈവൽ ചെയ്യുന്നുവെന്നത് നല്ല കാര്യമാണ്. അത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണെന്ന് നമ്മൾ കാണേണ്ടതുണ്ട്. ഇപ്പോൾ ഓരോ വർഷവും ബോധവൽക്കരണ പരിപാടികൾ നടത്തുകയും സ്കൂളുകളിലും മറ്റും വൃക്ഷത്തൈകൾ നൽകുന്നതിനോടൊപ്പം ഫോറസ്റ്റ് ക്ലബ്ബൊക്കെയുള്ള സ്കൂളുകളിൽ ചെന്ന് വനം വകുപ്പിലെ ഉദ്യോഗസ്ഥർ വനവൽക്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വനം എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ചും ക്ലാസ്സുകൾ കൊടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്കൂളുകളിൽ അദ്ധ്യാപകരും കുറെയേറെ മെച്ചപ്പെട്ട ബോധവൽക്കരണ സമീപനം സ്വീകരിക്കുന്നതുകൊണ്ട് സർവൈവൽ റേറ്റ് ഇപ്പോൾ കൂടിയിട്ടുണ്ട്. അത് നല്ലതാണ്. അതിന്റെയൊക്കെ ഫലമായിട്ടാണ് കേരളത്തിൽ ഹരിതാവരണം വർദ്ധിച്ചത്. കേരളത്തിൽ വനത്തിനുപുറത്തും പച്ചപ്പിന്റെ ആവരണം വർദ്ധിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ വനത്തിനുപുറത്ത് ഹരിതാവരണം വർദ്ധിച്ച അഞ്ച് സംസ്ഥാനങ്ങളിൽ മൂന്നാമത്തെ സംസ്ഥാനമാണ് കേരളം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, നമ്മൾ ഫ്യൂഡലിസത്തിന്റെ തലത്തിൽനിന്നും ജനാധിപത്യ യുഗത്തിലേയ്ക്ക് വരുമ്പോൾ രാജകീയ വൃക്ഷങ്ങൾ, പാഴ്‌വൃക്ഷങ്ങൾ എന്നൊക്കെ പറയുന്നത് തെറ്റായ ഉപയോഗമാണെന്ന് ലോകം കണ്ടെത്തിയിട്ടുണ്ട്. പാഴ്‌വൃക്ഷം എന്നൊരു വൃക്ഷമില്ലെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ഏത് വൃക്ഷത്തിനും ഒരു ഉപയോഗമുണ്ട്. അതുകൊണ്ട് എല്ലാ വൃക്ഷങ്ങളും ഒന്നുകിൽ രാജവൃക്ഷങ്ങളാണ് അല്ലെങ്കിൽ നല്ല വൃക്ഷങ്ങളാണ് എന്നുപറയാൻ നമ്മൾ ശ്രമിക്കണം. എന്റെ ചോദ്യം, അന്തരീക്ഷത്തിൽ ഓക്സിജന്റെ അളവ് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഓക്സിജൻ ധാരാളമായി ഉത്പാദിപ്പിക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നഗര വകുപ്പുമായി ചേർന്ന് സമഗ്രമായൊരു പദ്ധതി നടപ്പിലാക്കാൻ വനം വകുപ്പ് ശ്രദ്ധിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, രാജകീയ വൃക്ഷങ്ങളെന്ന് വിളിക്കുന്നത് വൃക്ഷങ്ങളുടെ ഇടയിലെ രാജാവാണ് എന്നതുകൊണ്ടാണ്. അല്ലാതെ രാജാവ് വളർത്തിയിരുന്ന വൃക്ഷങ്ങൾ എന്നുള്ളതുകൊണ്ടല്ല. തേക്കായാലും ഈട്ടിയായാലും ചന്ദനമായാലും വൃക്ഷങ്ങളിൽ രാജാവ് എന്നുള്ള നിലയിലാണ് അങ്ങനെ വിളിക്കുന്നത്. ഒരു ഫ്യൂഡലിസത്തിന്റെ ഛായ ആ പേരിൽ വരുന്നെങ്കിൽ നമുക്ക് വേണമെങ്കിൽ അങ്ങനെ വിളിക്കാതിരിക്കാം.

<u>മി. സ്പീക്കർ</u>: അങ്ങനെയൊരു രാജസങ്കല്പം വേണമോയെന്നാണ് അദ്ദേഹം ചോദിക്കുന്നത്.

<u>ശ്രീ. കെ. രാജു</u>: കാട്ടിലെ മൃഗങ്ങളുടെയിടയിൽ സിംഹം രാജാവല്ലേ; സിംഹത്തെയും രാജാവെന്നാണ് പറയുന്നത്. ഫ്യൂഡലിസത്തിന്റെ ഭാഗമായതിനാൽ സിംഹം രാജാവല്ലെന്ന് നമുക്ക് പറയാനാകില്ലല്ലോ.

<u>മി. സ്പീക്കർ</u>: കാട്ടിൽ ജനാധിപത്യം വന്നിട്ടില്ലല്ലോ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ...(മൈക്ക് ഓഫ്)... റോയൽ ട്രീ എന്നാണ് പറയുന്നത്. അല്ലാതെ രാജാവും പ്രജകളുമല്ല.

<u>ശ്രീ. കെ. രാജു</u>: റോയൽ ട്രീ എന്ന് വൃക്ഷങ്ങളിൽ ചിലതിനെ വിളിക്കുന്നത് അത് റോയൽ സ്റ്റാറ്റസുള്ള മരമായതുകൊണ്ടാണ്. അല്ലാതെ രാജാക്കന്മാർ വച്ചുപിടിപ്പിക്കുന്ന എന്നുള്ളതുകൊണ്ടല്ല അങ്ങനെ പറയുന്നത്. ഏതായാലും നല്ലൊരു ആശയം അദ്ദേഹം പറഞ്ഞു. അത് പൊതുവിൽ നമ്മുടെ ചിന്തയിൽ വരേണ്ട ഒരു കാര്യമാണ്. വനം വകുപ്പുംകൂടി ചേർന്നുകൊണ്ട് ഈ വർഷത്തെ പരിസ്ഥിതി ദിനം സമുചിതമായി ആചരിച്ചു. ലോകാടിസ്ഥാനത്തിൽത്തന്നെ വായു മലിനീകരണത്തിനെതിരെ എന്നുള്ളതാണ് മുദ്രാവാക്യം. വായു

മലിനീകരണത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം പ്രധാനമായും ചോദ്യത്തിൽ ഉന്നയിച്ചത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 30 നഗരങ്ങളിൽ വായു മലിനീകരണം ഏറ്റവും കൂടിയ 22 നഗരങ്ങളും ഇന്ത്യയിലാണ്. ലോകത്തെ എല്ലാ രാജ്യങ്ങളുടെയും തലസ്ഥാനങ്ങളുടെ സ്ഥിതിയെടുത്താൽ ഡൽഹിയാണ് വായു മലിനീകരണത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്. അതുകൊണ്ട് മരം മാത്രമാണ് ഇതിനൊരു പ്രതിവിധി. അതുകൊണ്ടാണ് നമ്മൾ സ്കൂൾ കുട്ടികളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും പരമാവധി വൃക്ഷാവരണം വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം നടത്തുന്നത്. നമുക്ക് കൂട്ടായി പരിശ്രമിച്ചാൽ വൃക്ഷാവരണം വർദ്ധിപ്പിക്കാം. നഗരങ്ങൾ കേന്ദ്രീകരിച്ച് വൃക്ഷങ്ങൾ കൂടുതൽ നട്ടുപിടിപ്പിക്കുന്നതിനും ഹരിതാവരണങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ സോഷ്യൽ ഫോറസ്ട്രി ഇപ്പോൾത്തന്നെ നടപ്പിലാക്കുന്നുണ്ട്. അത് കൂടുതൽ വിപുലമായി, പ്രത്യേകിച്ചും പ്രധാനപ്പെട്ട കോർപ്പറേഷൻ മേഖലകളിൽ കോർപ്പറേഷൻ അധികാരികളുമായി ചേർന്നുകൊണ്ട് കൂടുതൽ ഊർജ്ജസ്വലമായി ഈ പരിപാടി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, സർക്കാർ പട്ടയം നൽകിയ ഭൂമിയിൽ കർഷകർതന്നെ വളർത്തിയെടുത്തതും കാലാവധി കഴിഞ്ഞതുമായ 13 ഇനം മരങ്ങൾ വെട്ടിമാറ്റാനുള്ള അനുവാദം ഈ ഗവൺമെന്റ് കർഷകർക്ക് കൊടുത്തത് വളരെ ആശ്വാസകരമായ നടപടിയാണ്. പക്ഷെ ആ തീരുമാനം നടപ്പാക്കുന്നതിൽ അനാവശ്യമായ സാങ്കേതിക തടസ്സമുന്നയിച്ചുകൊണ്ട് ഫോറസ്റ്റ് ഉദ്യോഗസ്ഥർ പല തരത്തിലുള്ള പ്രശ്നങ്ങൾ ഉന്നയിക്കുകയാണ്. അത് പരിസ്ഥിതിക്ക് അനുകൂലമായ നടപടിയല്ല. കാലാവധി കഴിഞ്ഞ മരങ്ങൾ മുറിച്ചുമാറ്റാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം മുഹമ്മദ് മുഹസിന്റെ ചോദ്യത്തിന് മറുപടിയായി ചന്ദന മരങ്ങൾ ഒഴികെയുള്ളവ മുറിക്കുന്നതിൽ തടസ്സമില്ലെന്ന് മന്ത്രിതന്നെ പറഞ്ഞു. പക്ഷെ തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് കേരളത്തിൽ കഴിഞ്ഞ 25 വർഷങ്ങളിൽ നമ്മളെല്ലാവരുംകൂടി നട്ട തൈകൾ മരമായി വന്നിരുന്നുവെങ്കിൽ കേരളം ഒരു കൊടുങ്കാട് ആയേനെ. ഇപ്പോൾ വായു മലിനീകരണം തടയുന്നതിനായി സ്വകാര്യ ഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി വനം വകുപ്പ് എടുക്കുന്നുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. ഇവിടെ വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ സംബന്ധിച്ച് പല തരത്തിലുള്ള ചർച്ചകളും നടന്നിട്ടുണ്ട്. ഏതെല്ലാം തരത്തിലുള്ള വൃക്ഷത്തൈകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; അങ്ങനെ സ്വകാര്യ ഭൂമിയിൽ ആശ്വാസകരമായ തരത്തിലുള്ള മരങ്ങൾ

വച്ചുപിടിപ്പിക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ വിശദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. രാജു: സർ, പട്ടയം നൽകുന്നത് വനംവകുപ്പല്ല. എന്നാൽ ഒരാൾക്ക് ലഭിക്കുന്ന പട്ടയത്തിൽ ചില കണ്ടീഷൻസ് കാണും. ചിലപ്പോൾ അതിൽ നിൽക്കുന്ന മരങ്ങൾ സർക്കാരിലേയ്ക്ക് റിസർവ് ചെയ്തിട്ടുള്ള മരങ്ങളാകും, അത് പട്ടയത്തിൽത്തന്നെ കാണും. 15 വർഷത്തേയ്ക്ക് പട്ടയം കിട്ടിയ വസ്തു കൈമാറ്റം ചെയ്യാൻ പാടില്ല അങ്ങനെ വിവിധങ്ങളായ വ്യവസ്ഥകൾക്ക് വിധേയമായാണ് പട്ടയങ്ങൾ ഇഷ്യൂ ചെയ്യുന്നത്. പട്ടയത്തിലെ വ്യവസ്ഥകൾ മാറിയാൽ വനം വകുപ്പിന് ഒരു തടസ്സവുമില്ല. ജോയിന്റ് സർവ്വേയിലൂടെ വനത്തിന്റെ ഭൂമിയല്ല, അല്ലെങ്കിൽ വനഭൂമിയിൽ 1977-ന് മുമ്പ് താമസിക്കുന്നവരാണ് എന്ന് കണ്ടെത്തിയാൽ പട്ടയം കൊടുക്കുന്നതിന് വനം വകുപ്പിന് എതിർപ്പില്ല എന്നുള്ളതാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അങ്ങ് സൂചിപ്പിച്ചത് മരങ്ങൾ വച്ചുപിടിപ്പിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ എന്തെല്ലാം സഹായം നൽകുന്നുവെന്നുള്ളതാണ്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് ഇങ്ങനെ പത്തിനം മരങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് തൈകളുടെ എണ്ണമനുസരിച്ച് ധനസഹായം നൽകുന്നുണ്ട്. 50 മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 തൈകൾ വരെ തൈ ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 തൈകൾ വരെ തൈ ഒന്നിന് 30 രൂപ നിരക്കിലും സ്വകാര്യ വ്യക്തികൾക്ക് അവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി നൽകുന്നുണ്ട്. ഈ പദ്ധതി കൂടുതൽ വ്യാപകമാക്കി നടപ്പിലാക്കിക്കൊണ്ട് കൂടുതൽ ആളുകളെ മരങ്ങൾ വച്ചുപിടിപ്പിക്കാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൂട്ടായി സ്വീകരിക്കാം.

ശ്രീ. എൽദോ എബ്രഹാം: സർ, സംസ്ഥാനത്ത് വീടുകളുടെയും ഇതര കെട്ടിടങ്ങളുടെയും നിർമ്മാണത്തിന് തേക്ക്, ആഞ്ഞിലി പോലെയുള്ള തടികളുടെ ഉപയോഗം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട കാരണം വിദേശ രാജ്യങ്ങളിൽനിന്നും വില കുറഞ്ഞ തടികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഇറക്കുമതി ചെയ്യുന്നതാണ്. ഇതുമൂലം വനം വകുപ്പിനും സംസ്ഥാന ഗവൺമെന്റിനും തടിയുടെ ഇനത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; ഇത്തരത്തിലുള്ള ഇറക്കുമതി നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, കേന്ദ്ര ഗവൺമെന്റാണ് ഇറക്കുമതി നയവും കയറ്റുമതി നയവുമെല്ലാം തീരുമാനിക്കുന്നത്. അന്തർദ്ദേശീയമായിട്ടുള്ള കരാറുകൾ നമ്മുടെ രാജ്യം ഒപ്പിടുമ്പോൾ രാജ്യത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന നിലയിലുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അങ്ങ് ഉൾപ്പെടുന്ന യുവജന സംഘടനയടക്കമുള്ള കേരളത്തിലെ മിക്കവാറും എല്ലാ സംഘടനകളും സമരം ചെയ്തിട്ടുള്ളതാണ്. എന്നാൽ കേന്ദ്രം ഉണ്ടാക്കിയിട്ടുള്ള ഇത്തരം കരാറുകളിൽ പലതും കർഷകരുടെയും നമ്മുടെ സംസ്ഥാനത്തിന്റെയും താല്പര്യത്തിന് വിരുദ്ധമായിട്ടുണ്ട്. അതിന്റെ ഫലമായി കാർഷിക ഉല്പന്നങ്ങൾ അടക്കമുള്ളവയ്ക്ക് വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽനിന്നും പാൽ ഇങ്ങോട്ടേയ്ക്ക് ഇറക്കുമതി ചെയ്യാൻ പോകുന്നതിനാൽ പാലിനും വില കുറയാൻ പോകുകയാണ്. ആ സ്ഥിതി നിലവിലുണ്ട്. തടിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. വിദേശങ്ങളിൽനിന്നും തടി ഇറക്കുമതി ചെയ്യുന്നുണ്ട്. നമുക്ക് മാത്രമായി അത് നിയന്ത്രിക്കാൻ കഴിയില്ല.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, വനം വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്ഥലത്ത് നട്ടുപിടിപ്പിച്ച മരങ്ങൾ മാത്രമേ വനം വകുപ്പിന് മുറിക്കാൻ പാടുള്ളൂ. നാട്ടുകാർ നട്ടുപിടിപ്പിച്ച മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് നിയമവിരുദ്ധമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കിയത് തൈകൾ വിതരണം ചെയ്യുന്നതിനുമുമ്പ് തന്നെ നിയന്ത്രണം മുന്നോട്ടുവയ്ക്കുകയാണെന്നാണ്. അങ്ങനെ നിയന്ത്രണം മുന്നോട്ടുവയ്ക്കുന്നത് അശാസ്ത്രീയവും അനാവശ്യവുമാണ്. ആദ്യം ധാരാളം ചന്ദനവും തേക്കും ഈട്ടിയും നമ്മുടെ രാജ്യത്ത് ഉത്പാദിപ്പിക്കണം. സ്വകാര്യ വ്യക്തികളും മറ്റും എല്ലാ സ്ഥലത്തുംകൊണ്ടുപോയി ധാരാളം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കട്ടെ, വളരട്ടെ. അതല്ലാതെ തൈ കൊടുക്കുന്നതിനുമുമ്പുതന്നെ വളർന്നിട്ടുണ്ടെങ്കിൽ ഞാൻ അത് വെട്ടും എന്ന് പറയുന്നത് ചങ്ങമ്പുഴയുടെ മലയപ്പുലയൻ വച്ച വാഴക്കുല ജന്മി വെട്ടിയതിനു തുല്യമാണ്. നാട്ടുകാർ വച്ചുപിടിപ്പിച്ച മരം മുറിക്കാൻ യാതൊരു അവകാശവും വനംവകുപ്പിന് ഇല്ല. ആ നിയന്ത്രണമെടുത്തുകളയേണ്ടത് ആവശ്യമാണ്. അതിന് തയ്യാറുണ്ടോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. രാജു: സർ, സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങളിന്മേൽ അങ്ങനെയൊരു നിയന്ത്രണം ഇപ്പോൾ വനം വകുപ്പ് സ്ഥാപിച്ചിട്ടില്ല. ചന്ദനം മുറിക്കുന്നതിനുമാത്രമാണ് നിയന്ത്രണമുള്ളത്. ചന്ദനം കൃഷി ചെയ്യുന്ന കർഷകന് വനം വകുപ്പിന്റെ അനുമതിയോടെ, വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ചന്ദന മരം മുറിക്കാം. മുറിക്കുന്നതിന്റെ ചെലവ് കഴിഞ്ഞുള്ള തുക കർഷകന് തന്നെ കൊടുക്കുകയും ചെയ്യും. ചന്ദനമൊഴിച്ചുള്ള മറ്റൊരു മരവും സ്വകാര്യഭൂമിയിൽ

വച്ചുപിടിപ്പിക്കുന്നതിനും മുറിക്കുന്നതിനും ഒരു തടസ്സവും ഇല്ല. ചില തടികൾ മുറിച്ചുകൊണ്ടുപോകുന്നതിന് ട്രാൻസ്പോർട്ടിംഗിനുള്ള പാസ്സ് എടുക്കേണ്ടതുണ്ട്. എന്നാൽ പൊതുനിരത്തുകളിലും സർക്കാർ സ്ഥലങ്ങളിലും നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ചില നിയന്ത്രണങ്ങൾ വച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ഓരോ ജില്ലയിലും തദ്ദേശ സ്ഥാപനത്തിന്റെ തലവൻ ചെയർമാനായും ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായും പരിസ്ഥിതി സംരക്ഷണ രംഗത്ത് മികച്ച സേവനം നിർവ്വഹിക്കുന്ന സർക്കാർ നോമിനേറ്റ് ചെയ്യുന്ന എൻ.ജി.ഒ. പ്രതിനിധികളും ടൗൺ പ്ലാനറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധിയും അംഗങ്ങളായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ നഗരസഭയിലും ഇത്തരം കമ്മിറ്റിയുണ്ട്. ഈ കമ്മിറ്റി പരിശോധിച്ച് പൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ശിപാർശ നൽകുകയും പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ കൺവീനർ ബന്ധപ്പെട്ട വകുപ്പിന് മരം മുറിക്കുന്നതിനുള്ള ഉത്തരവ് നൽകുകയുമാണ് ചെയ്തുവരുന്നത്. അത് സർക്കാർ സ്ഥലത്ത് നിൽക്കുന്ന മരങ്ങളുടെ കാര്യത്തിൽ മാത്രമാണ്. സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന് ഒരു എതിർപ്പുമില്ല. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി ചന്ദനം പോലുള്ള മരങ്ങൾക്ക് മാത്രമേ നിയന്ത്രണമുള്ളൂ എന്നതാണ് യാഥാർത്ഥ്യം.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ബ്രിട്ടീഷുകാർ നമ്മുടെ നാട്ടിൽ റോഡ് നിർമ്മിച്ചപ്പോൾ പ്ലാവ്, മാവ് പോലുള്ള ഫലവൃക്ഷങ്ങളായിരുന്നു റോഡിന്റെ വശങ്ങളിൽ വച്ചുപിടിപ്പിച്ചത്. പൊതുവിൽ എല്ലാ ഗവൺമെന്റുകളും അവയെല്ലാം മുറിച്ചുമാറ്റി അക്കേഷ്യ പോലുള്ള മരങ്ങൾ വച്ചു പിടിപ്പിക്കുകയാണ് ചെയ്തത്. നാടിനും നാട്ടുകാർക്കും ദ്രോഹമാവുകയും കുടിവെള്ളംപോലുംമുട്ടിക്കുകയും ചെയ്യുന്ന നടപടിയാണ് അതുവഴി സ്വീകരിച്ചത്. രണ്ടാമത്തെ കാര്യം, വനം വകുപ്പ് മരം നട്ടുപിടിപ്പിക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ട കാര്യമാണ് സോഷ്യൽ ഫോറസ്ട്രി മരങ്ങൾ വച്ചുപിടിപ്പിക്കുന്നത്. ഓരോ വർഷവും ആയിരക്കണക്കിന് തൈകൾ വച്ചു പിടിപ്പിക്കുന്ന പരിപാടി നടത്തുന്നുവെന്നല്ലാതെ ഏതെങ്കിലും മരം ഒരു റോഡ് സൈഡിലും വളർന്നതായി കാണാനില്ല. അത്തരം തൈകൾ മുഴുവൻ നശിക്കുകയാണ്. ആയിരക്കണക്കിന് രൂപ അതിന്റെ പേരിൽ നഷ്ടപ്പെടുകയാണ്. അത് തടസ്സപ്പെടുത്തുന്നതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. രാജു: സർ, അക്കേഷ്യ, യൂക്കാലി, മാഞ്ചിയം തുടങ്ങിയവ വനത്തിനുള്ളിലും കെ.എഫ്.ഡി.സി.-യുടെ പതിനായിരക്കണക്കിന് ഹെക്ടർ വരുന്ന പ്ലാന്റേഷനുകളിലും വച്ചുപിടിപ്പിച്ചിരുന്നു. അന്നത്തെ സർക്കാരിന്റെ

തീരുമാനമനുസരിച്ച് വർക്കിംഗ് പ്ലാൻ അനുസരിച്ച് കേന്ദ്ര അനുമതിയോടുകൂടി വച്ചുപിടിപ്പിച്ചിട്ടുള്ളതാണ്. അത്തരം മരങ്ങളിൽ പല ഇനത്തിനെ സംബന്ധിച്ചും ജനങ്ങളുടെ ഇടയിൽ പ്രതിഷേധമുണ്ട്. ജനവാസ മേഖലയോടടുത്ത് യൂക്കാലി, മാഞ്ചിയം, അക്കേഷ്യ തുടങ്ങിയവ കൃഷി ചെയ്താൽ പരിസരത്ത് മറ്റൊന്നും കൃഷി ചെയ്യാൻ കഴിയില്ല, ഇത്തരം മരങ്ങൾ കൂടുതൽ ജലാംശം വലിച്ചെടുക്കും, അവ പ്രകൃതിക്ക് ദോഷമായി ബാധിക്കുന്നവയാണെന്ന വിശ്വാസം ജനങ്ങൾക്കുണ്ട്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതുവായുണ്ടാക്കിയിട്ടുള്ള ധാരണ, പുതുതായി ഇവയൊന്നും തന്നെ പ്ലാന്റ് ചെയ്യേണ്ടതില്ലെന്നാണ്. അതേസമയം കെ.എഫ്.ഡി.സി.-യുടെ കീഴിലുള്ള ചില പ്ലാന്റേഷനുകളിൽ ഇത്തരം മരങ്ങൾ നിലവിലുണ്ട്. കാരണം നേരത്തെയുണ്ടാക്കിയിട്ടുള്ള കരാർ അനുസരിച്ച് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പോലുള്ള സ്ഥാപനങ്ങൾക്ക് 2025 വരെ സോഫ്റ്റ്വുഡുകൾ സപ്ലൈ ചെയ്യാനുള്ള ബാധ്യത കെ.എഫ്.ഡി.സി.-യ്ക്കുണ്ട്. അതിനാവശ്യമായവ നിലനിർത്തിക്കൊണ്ട് അക്കേഷ്യ, യൂക്കാലി തുടങ്ങിയ മരങ്ങൾക്ക് പകരം ഫലവൃക്ഷങ്ങളാണ് ഇപ്പോൾ പ്ലാന്റ് ചെയ്യുന്നത്. ഈ വർഷം 64 ലക്ഷം തൈകൾ വിതരണം ചെയ്തതിൽ ബഹുഭൂരിപക്ഷവും ഫലവൃക്ഷങ്ങളാണ്. ഏതൊക്കെ ഇനത്തിൽപ്പെട്ട തൈകളാണ് വിതരണം ചെയ്തത് എന്നുള്ളതിന്റെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. അതനുസരിച്ച് 42.95% ഫലവൃക്ഷങ്ങൾ, 10.85% പുഷ്പിക്കുന്ന മരങ്ങൾ, 18.56% തടി ഉപയോഗിക്കാൻ കഴിയുന്ന മരങ്ങൾ, 16.72% ഔഷധ സസ്യങ്ങൾ, 11.52% കണ്ടൽക്കാട് അടക്കമുള്ള നദീതട- കടലോര സംരക്ഷണ സസ്യങ്ങൾ എന്നിവയാണ്. ഇത്തരം മരങ്ങളാണ് നിലവിൽ വനം വകുപ്പും സോഷ്യൽ ഫോറസ്ട്രിയും വച്ചുപിടിപ്പിക്കുന്നത്. അദ്ദേഹം പറഞ്ഞത് ശരിയാണ്. നേരത്തെ സോഷ്യൽ ഫോറസ്ട്രി റോഡിന്റെ വശങ്ങളിലെല്ലാം യൂക്കാലി പോലുള്ള മരങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. ഈ സർക്കാർ വന്നതിനുശേഷം അത് നിർത്തലാക്കിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, എല്ലാ സർക്കാരുകളും ഭരണഭാഷ മലയാളമാക്കുമെന്നാണ് പറയുന്നത്. 'ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി' മലയാളികൾക്കുവേണ്ടിയുള്ള പദ്ധതിയാണെങ്കിൽ ദയവായി അങ്ങയുടെ വകുപ്പും സർക്കാർ വകുപ്പുകളും ഇത്തരം പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ മലയാളിക്ക് മനസ്സിലാകുന്ന, മനോഹരമായ, മലയാള ഭാഷയിലുള്ള വാക്കുപയോഗിക്കാൻ നിർദ്ദേശം കൊടുക്കാമോ?

ശ്രീ. കെ. രാജു: സർ, റോയൽ ട്രീ എന്നു പറഞ്ഞില്ലേ, ഏതാണ്ട് അതുപോലെ മരങ്ങളിൽ ഗോൾഡൻ എന്ന് വിളിക്കാവുന്നവ ചേർത്തുള്ള ഒരു പദ്ധതിയെന്ന നിലയിലാണ് ഈ പേര് വന്നത്. അങ്ങ് പറഞ്ഞ കാര്യങ്ങളുംകൂടി ഉൾക്കൊണ്ട് തന്നെയാണ് ഈ പദ്ധതി വേണ്ടെന്നുവച്ചത്.

മി. സ്പീക്കർ: അദ്ദേഹം പദ്ധതി വേണ്ടെന്നുവയ്ക്കാൻ പറഞ്ഞിട്ടില്ല. പേര് മാറ്റാനാണ് പറഞ്ഞത്.

## കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്

2(*212) ശ്രീ. റോജി എം. ജോൺ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. ടി. ബൽറാം:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് ഉയർന്നുനിൽക്കുന്നത് ആശങ്കാജനകമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ഇന്ത്യയുടെ തൊഴിലില്ലായ്മ നിരക്കിന്റെ ഇരട്ടിയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നൂതനമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര തൊഴിൽ വകുപ്പ് പുറത്തിറക്കിയ കഴിഞ്ഞ വർഷത്തെ ആനുവൽ എംപ്ലോയ്മെന്റ്-അൺ എംപ്ലോയ്മെന്റ് സർവ്വേ റിപ്പോർട്ട് പ്രകാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം കേരളത്തിൽ തീരെ കുറവാണ് എന്ന കണ്ടെത്തൽ ഗൗരവമേറിയതല്ലേ; ഇതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ;

(ഡി) തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷയൊരുക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തൊഴിലില്ലായ്മ നിരക്ക് ഉയർന്ന് നിൽക്കുന്നതായാണ് സ്ഥിതിവിവരക്കണക്കുകൾ രേഖപ്പെടുത്തുന്നത്. കേരളത്തിന്റെ ജനസംഖ്യ 2011-ലെ സെൻസസ് പ്രകാരം 3.34 കോടിയാണ്. നിലവിലെ കണക്കനുസരിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിൽരഹിതരുടെ എണ്ണം 35,63,477 ആണ്. 2017-18-ലെ കണക്ക് പ്രകാരം ദേശീയ ശരാശരി തൊഴിലില്ലായ്മ നിരക്ക് 6.1 ആണ്. കേരളത്തിന്റെ ജനസംഖ്യയുടെ 10.67 ശതമാനമാണ് തൊഴിലില്ലായ്മ നിരക്ക്. ദേശീയതലത്തിൽ ത്രിപുര (19.7), സിക്കിം (18.1) തുടങ്ങിയ സംസ്ഥാനങ്ങളിൽ കേരളത്തിനേക്കാൾ കൂടുതൽ തൊഴിലില്ലായ്മ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി ആയതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കരിയർ സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെന്ററുകളും മോഡൽ കരിയർ സെന്ററുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ സ്വകാര്യ മേഖലയിലെ നിലവിലുള്ള തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ മുഖേന ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.

(സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ലേബർ സ്റ്റാറ്റിസ്റ്റിക്സ് തൊഴിൽ സർവ്വേ പ്രകാരം കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ എണ്ണം 30.8% ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ദേശീയ ശരാശരിയായ 23.7%-നേക്കാൾ കൂടുതലാണ്. കേരളത്തിലേതിനേക്കാൾ സ്ത്രീത്തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സ്ഥലങ്ങൾ പലതും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളും ആന്ധ്രാ, തെലുങ്കാന, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ വ്യവസായ നഗരങ്ങൾ ഉൾപ്പെടുന്ന സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമാണ്. ഇന്ത്യയിലെ ഭൂരിപക്ഷ സംസ്ഥാനങ്ങളായ ആസ്സാം, ബീഹാർ, ഡൽഹി, ഗോവ, ഗുജറാത്ത്, ഹരിയാന, ഹിമാചൽ പ്രദേശ്, ജമ്മു & കാശ്മീർ, ജാർഖണ്ഡ്, മധ്യപ്രദേശ്, ഒറീസ്സ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ കേരളത്തേക്കാളും താഴ്ന്ന നിലയിലാണ് ജോലി ചെയ്യുന്ന സ്ത്രീകളുടെ ശതമാനം എന്ന് കാണാവുന്നതാണ്.

കേരളത്തിൽ സംഘടിത മേഖലയിൽ 2018 ഡിസംബർ മാസത്തെ കണക്കനുസരിച്ച് 12.37 ലക്ഷം പേർ പണിയെടുക്കുന്നതായാണ് സൂചിപ്പിക്കുന്നത്. ഇതിൽ പൊതുമേഖലയിൽ 5.59 ലക്ഷം പേരും സ്വകാര്യ മേഖലയിൽ 6.78 ലക്ഷം പേരുമാണ് തൊഴിലെടുക്കുന്നത്. എന്നാൽ പൊതുമേഖലയിൽ സ്ത്രീകളുടെ എണ്ണം 1.92 ലക്ഷം മാത്രമാണ്. അതായത്, 34.34% ആണ് സ്ത്രീ പങ്കാളിത്തം. എന്നാൽ സ്വകാര്യ മേഖലയിൽ ആകെ പണിയെടുക്കുന്ന 6.78 ലക്ഷം തൊഴിലാളികളിൽ 3.4 ലക്ഷം പേർ സ്ത്രീകളാണ്. ഏതാണ്ട് പകുതിയിൽ കൂടുതൽ സ്ത്രീകളാണ് (50.1%). അതായത് പുരുഷ തൊഴിലാളികളേക്കാൾ 0.1% കൂടുതലാണ്. മേൽ സൂചിപ്പിച്ച കണക്കുകൾ കാണിക്കുന്നത് കേരളത്തിലെ സ്ത്രീ തൊഴിലാളികളുടെ

എണ്ണം പ്രസ്തുത റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതലാണെന്നാണ്. മേൽ സൂചിപ്പിച്ച കണക്കുകളിൽനിന്നും കേരളത്തിൽ തൊഴിൽ എടുക്കുന്ന സ്ത്രീകളുടെ എണ്ണം തീരെ കുറവാണെന്ന് കണക്കാക്കാൻ സാധിക്കുകയില്ല.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകൾ പൊതുവെ ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവരാണ്. ഇത്തരത്തിൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യത കൈവരിച്ചവർ അതിനനുസൃതമായ തൊഴിലിനായി ശ്രമിക്കുന്നത് സ്വാഭാവികമാണ്. ഈ പ്രവണത പൊതു തൊഴിൽ മേഖലയിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറയുന്നതിന് ഇടയാക്കുന്നതായി കാണാവുന്നതാണ്. കേരളത്തിലെ കൂടിയ ജനസാന്ദ്രത, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതി, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കൃഷിയിടങ്ങളുടെ കുറവ് എന്നിവ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലിടങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം കുറയുന്നതിനും കാരണമാകുന്നു.

(ഡി) ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തിനൽകേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് 2018-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നു. 1961-ലെ കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലെ ചട്ടം 6 (ബി) പ്രകാരം സ്ഥാപനങ്ങളിൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം, സ്ഥാപനത്തിൽനിന്നും 25 കിലോമീറ്ററിൽ കൂടുതലാണെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നൽകേണ്ടതുണ്ട്. സ്ത്രീ തൊഴിലാളികളിൽ അവരുടെ സുരക്ഷ സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നതിനായി തൊഴിൽ വകുപ്പ് ലഘുലേഖകളും മറ്റും വിതരണം ചെയ്യുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണെന്ന് മനസ്സിലാക്കുന്നു. നിയമപ്രകാരം ലഭ്യമായ സുരക്ഷാസൗകര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാകുന്ന കാര്യം ഉറപ്പാക്കുന്നതിന് തൊഴിൽ വകുപ്പ് നിരന്തരമായ സ്ഥാപന പരിശോധനയും നടത്തിവരുന്നുണ്ട്.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, രാജ്യം കണ്ടിട്ടില്ലാത്ത ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് കഴിഞ്ഞ 5 വർഷങ്ങളിൽ ഇവിടെയുണ്ടായിട്ടുള്ളതെന്ന് വിവിധ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട് . അതിനെക്കാൾ വളരെ ഗൗരവമേറിയ തരത്തിലാണ് കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് വളർന്നുവരുന്നത് . Annual Employment-Unemployment Survey പ്രകാരം തൊഴിലില്ലായ്മയുടെ കാര്യത്തിൽ

കേരളം ഇന്ന് രാജ്യത്തെ പല സംസ്ഥാനങ്ങളെക്കാളും മുമ്പിൽ നിൽക്കുകയാണ് . ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ സിക്കിം, ത്രിപുര പോലുള്ള സംസ്ഥാനങ്ങൾ മാത്രമാണ് കേരളത്തിന് പിന്നിൽ നിൽക്കുന്നത്. 35 ലക്ഷത്തിലധികം ആളുകളാണ് ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നത് . സർക്കാർ ചില നടപടികൾ സ്വീകരിച്ചതായി പറയുന്നുണ്ട്. പക്ഷേ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, കണക്കുകൾ പ്രകാരം ഓരോ വർഷം കഴിയുന്തോറും കേരളത്തിലെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന വളരെ ഗുരുതരമായ കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത് . തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ഇത് പരിഹരിക്കുന്നതിനുവേണ്ടി ക്രിയാത്മകമായിട്ടുള്ള എന്ത് നടപടി സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഇതിന്റെ വസ്തുതകളെല്ലാം ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്കുത്തരമായി വിശദീകരിച്ചിട്ടുണ്ട് . കൂടുതലാളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ് . അതിൽ ഒരു ഉദാഹരണം മാത്രം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കി വരുന്ന 'നിയുക്തി' മെഗാ ജോബ് ഫെയറിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലായി 70,229 ഉദ്യോഗാർത്ഥികൾ ഹാജരായിട്ടുണ്ട് . അതിൽ 10,675 പേർക്ക് സ്പോട്ട് പ്ലെയ്സ്മെന്റ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് . 23,556 പേർക്ക് ജോബ് ഓഫറും ലഭിച്ചിട്ടുണ്ട് . അതുകൊണ്ട് പരമാവധി തൊഴിലവസരങ്ങൾ ഉപയോഗിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടക്കുന്നുണ്ട് . സർക്കാർ ഉടമസ്ഥതയിൽ മാത്രമല്ല; സ്വകാര്യ മേഖലയിലും സെൽഫ് എംപ്ലോയ്മെന്റ് രംഗത്തും വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം നിരവധി ആളുകൾ ജോലി ചെയ്യുന്നുണ്ട് . അതെല്ലാം തൊഴിലായി അംഗീകരിച്ചുകൊണ്ട് മുമ്പോട്ടുപോകാൻ നമുക്ക് സാധിക്കണം. 2019 ഏപ്രിൽ മാസംവരെ രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം 35,63,477 ആണ് . യഥാർത്ഥത്തിൽ ഇത്രയാളുകൾ തൊഴിലില്ലാത്തവരായി നിലനിൽക്കുന്നില്ലെന്നുള്ളത് പൊതുസ്ഥിതി പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നതാണ് . തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട് . ഉള്ള തൊഴിൽ ഉപയോഗിക്കുന്നതിനുള്ള നിലപാടും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, സർക്കാർ ഇത് പറയുമ്പോൾ തന്നെ സർക്കാർ മേഖലയിൽ പ്രത്യേകിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ മൂടിവച്ചിരിക്കുകയാണ്. പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അഡ്വൈസ് മെമ്മോയ്ക്കായി കാത്തുനിൽക്കുകയാണ് . പല വകുപ്പുകളും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതുമൂലം സർക്കാർ മേഖലയിൽ ഒരുതരം അപ്രഖ്യാപിത നിയമന നിരോധനം നിലനിൽക്കുകയാണ് . മാത്രമല്ല, പിൻവാതിൽ നിയമനങ്ങൾ മറ്റ് മാർഗ്ഗങ്ങളിലൂടെ നടത്തിക്കൊണ്ടിരിക്കുകയാണ് . ഇതൊഴിവാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പിൻവാതിൽ നിയമനം എന്ന നിലപാട് ഞാൻ നിരാകരിക്കുകയാണ് . അത്തരം ഒരു നിലപാട് ഗവൺമെന്റിനില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു ലക്ഷത്തിൽപ്പരം ആളുകൾക്ക് പി.എസ്.സി. നിയമനം നൽകിയിട്ടുണ്ട് . 20,000 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതുപ്രകാരം റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. ഏതെങ്കിലും വകുപ്പ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച പരാതി വന്നുകഴിഞ്ഞാൽ അക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കുന്നതാണ്. വകുപ്പുദ്യോഗസ്ഥന്മാരെല്ലാം ഓരോ വകുപ്പിലുമുള്ള ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുകയാണ് വേണ്ടത്. അങ്ങനെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ നികത്തുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കും.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, അങ്ങ് ഇത് പറയുമ്പോഴും റാങ്ക് ലിസ്റ്റിൽപ്പെട്ട പല ഉദ്യോഗാർത്ഥികളും വിവരാവകാശത്തിന്റെ സാധ്യതകൾ തേടി ഓഫീസുകൾ കയറിയിറങ്ങുകയാണ്. വിവരാവകാശ നിയമ പ്രകാരം മറുപടി കൊടുക്കുമ്പോൾ മാത്രമേ നിജസ്ഥിതി അവർ അറിയുന്നുള്ളൂ. എന്റെ ചോദ്യം, 2019-ലെ ഇന്ത്യൻ ജോബ് മാർക്കറ്റിനെ ഡ്രൈവ് ചെയ്യുന്ന മൂന്ന് പ്രധാനപ്പെട്ട സെക്ടറുകൾ - Artificial intelligence, Machine learning, Big data എന്നിവ ആയിരിക്കുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഈ മൂന്ന് ആധുനിക സങ്കേതങ്ങളിലേയ്ക്കും ചെറുപ്പക്കാരെ ഒരുക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് വ്യാപകമായി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇൻസ്റ്റിറ്റ്യൂട്ട് - ഇൻഡസ്ട്രി കോമ്പിനേഷൻ പോലും ഇപ്പോഴും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. പുതിയ കാലഘട്ടത്തിലെ തൊഴിലവസരങ്ങളിലേയ്ക്ക്

ചെറുപ്പക്കാരെ ഒരുക്കുന്നതിനുവേണ്ടിയിട്ടുള്ള കോഴ്സുകൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ ഇപ്പോഴും പ്രകടമല്ല. ഇവിടെ അൺ-എംപ്ലോയ്മെന്റിനെപ്പറ്റി മാത്രമാണ് നമ്മൾ പറയുന്നത് . സത്യത്തിൽ എംപ്ലോയബിലിറ്റിയെക്കുറിച്ചുള്ള കാര്യങ്ങളും വളരെ അത്യാവശ്യമായി വേണ്ടിവന്നിരിക്കുകയാണ്. ആധുനിക സങ്കേതങ്ങൾ പ്രത്യേകിച്ച് internet of things – അങ്ങനെ എല്ലാ തൊഴിലവസരങ്ങളും അതുമായി കണക്ട് ചെയ്തിട്ടാണ് വരുന്നത് . ആധുനിക തൊഴിൽ സാധ്യതകളെ യുവത്വത്തിന് പരിചയപ്പെടുത്തിക്കൊടുക്കാൻ സർക്കാരിന്റെ ഇനിഷ്യേറ്റീവ്സ് എന്തായിരിക്കും?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ചോദ്യത്തിന്റെ ഉള്ളടക്കം ഗവൺമെന്റ് പൊതുവെ അംഗീകരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പുതിയ തൊഴിൽ സാധ്യതകൾക്കനുസൃതമായി പുതിയ തലമുറയെ സജ്ജമാക്കാൻ വിവിധ പദ്ധതികൾ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. അതെല്ലാം പൂർണ്ണമായും പര്യാപ്തമാണെന്ന അഭിപ്രായമൊന്നും ഗവൺമെന്റിനില്ല; അപര്യാപ്തതയുണ്ട്. അതെല്ലാം പരിഹരിച്ചുപോകത്തക്ക നിലയിലുള്ള നിലപാടെടുക്കണം. ഇപ്പോൾ എംപ്ലോയബിലിറ്റി സെന്ററിന്റെ ഭാഗമായി Communication skill, Computer basic awareness, interview talent, Group discussion, Resume preparation ഇതുപോലുള്ള കാര്യങ്ങളെല്ലാം പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഏർപ്പെടുത്തിയ പുതിയ സംവിധാനമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഇത് ഇപ്പോൾ 4 ജില്ലകളിൽ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. അത് എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. സി.ഡി.സി. വഴി കരിയർ ഗൈഡൻസ്, കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസ്, മോക് ഇന്റർവ്യൂ, മത്സര പരീക്ഷാ പരിശീലനം, ഉന്നത വിദ്യാഭ്യാസ പരിശീലനം ഇങ്ങനെ വ്യത്യസ്ത മേഖലകളിൽ യുവതീ-യുവാക്കളെ കഴിവുള്ളവരാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമം നടക്കുന്നുണ്ട്. ചില മേഖലകളിൽ ഇപ്പോൾത്തന്നെ സർക്കാർ സ്വീകരിക്കുന്ന സമീപനം, എസ്.എസ്.എൽ.സി., ഐ.ടി.ഐ., പോളിടെക്നിക്, എഞ്ചിനീയറിംഗ് ഈ മേഖലകളിലെല്ലാമുള്ള ആളുകൾക്ക് പുതിയ തൊഴിൽ സാധ്യത അനുസരിച്ചുള്ള പരിശീലനം നൽകുക എന്നതാണ്. ചവറയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഈ പുതിയ പരിശീലനത്തോടൊപ്പംതന്നെ പ്ലെയ്സ്മെന്റും ഉറപ്പുവരുത്തുകയാണ്. നമ്മുടെ തൊഴിലില്ലായ്മയുടെ കണക്കുവച്ച് ഇതൊന്നും പൂർണ്ണമായും പര്യാപ്തമാകുന്നില്ല. കുറവുകളുണ്ടെങ്കിലും ഈ പ്രശ്നങ്ങൾക്ക് കഴിയാവുന്നത്ര പരിഹാരം കാണുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് ഇവിടെ പറഞ്ഞുനിർത്തിയ കാര്യത്തെ സംബന്ധിച്ചാണ് കൂടുതലായി എനിക്ക് ചോദിക്കാനുള്ളത്. പുതിയ തലമുറയ്ക്കുവേണ്ട, കാലത്തിനനുസൃതമായ കോഴ്സുകൾ ആരംഭിക്കുക എന്നുള്ളതാണ് ഇതിൽ ഏറ്റവും അടിയന്തരമായി വേണ്ടത്. ആ നിലയിലുള്ള നൈപുണ്യ പരിശീലനത്തിന് നേതൃത്വം നൽകാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. KASE (Kerala Academy for Skills Excellence)-ന്റെ ആഭിമുഖ്യത്തിൽ കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിലൊന്ന് എന്റെ മണ്ഡലമായ തൃത്താലയിലെ കൂറ്റനാടാണ് പ്രവർത്തിക്കുന്നത്. അവിടെയുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കോഴ്സുകൾ ആരംഭിക്കുന്നില്ല. മൂന്നുവർഷമായിട്ടും മൾട്ടി സ്പെഷ്യാലിറ്റി ലാബുമായി ബന്ധപ്പെടുത്തി ഒരു കോഴ്സും ആരംഭിച്ചിട്ടില്ല. മറ്റ് സ്വകാര്യ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുകൾ പഠിപ്പിക്കുന്ന കോഴ്സുകൾ മാത്രമാണ് അവിടെയും പഠിപ്പിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ASAP-ന്റെ നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുള്ള 6-7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ ഒന്ന് എന്റെ മണ്ഡലമായ തൃത്താലയിലെ ചാത്തനൂരിലാണ് പ്രവർത്തിക്കുന്നത്. അവിടെ ബാങ്കിംഗും ജ്വല്ലറി മേക്കിംഗുമായി ബന്ധപ്പെട്ട കോഴ്സുകളാണ് ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതെല്ലാം എത്രമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണെന്ന കാര്യത്തിൽ സംശയമാണ്. അവിടെ ആധുനികമായ Artificial intelligence, Machine learning, Big data തുടങ്ങിയ പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള കോഴ്സുകൾ ആരംഭിക്കുകയാണ് വേണ്ടത്. KASE-ന്റെയും ASAP-ന്റെയും ആഭിമുഖ്യത്തിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, KASE-ന്റെ ആഭിമുഖ്യത്തിൽ വ്യത്യസ്ത മേഖലയിലുള്ള പരിശീലന പരിപാടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശ രാജ്യങ്ങളിലും യൂറോപ്യൻ രാജ്യങ്ങളിലുമൊക്കെ നഴ്സുമാരുടെ ആവശ്യം വർദ്ധിച്ചുവരികയാണ്. ഈ ആവശ്യകത പരിഗണിച്ച് നഴ്സുമാരെ വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനായി ഭാഷയിലുൾപ്പെടെ പരിശീലനം നൽകി റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. പല കൗശൽ കേന്ദ്രങ്ങളും ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച പാലക്കാട് കേന്ദ്രത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ച് രേഖാമൂലം പരാതി സമർപ്പിക്കണം. തീർച്ചയായും അതിൽ ഇടപെട്ട് ന്യൂനതകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. ASAP കൂടുതൽ വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പാണ് അത് കൈകാര്യം ചെയ്യുന്നത്. പ്രസ്തുത പദ്ധതി ഹയർ സെക്കണ്ടറിയിൽനിന്നും കോളേജ് തലത്തിലേയ്ക്ക് മാറിയിട്ടുണ്ട്. കമ്മ്യൂണിറ്റി സ്കിൽ

പാർക്കുകൾ പരമാവധി വർദ്ധിപ്പിക്കുവാനും ഹയർ സെക്കണ്ടറി/കോളേജ് വിദ്യാഭ്യാസം കഴിയുന്ന കുട്ടികളെ തൊഴിലിൽ പരിചയമുള്ളവരാക്കി മാറ്റുന്നതിനും വേണ്ടിയാണ് ASAP പദ്ധതികളിലൂടെ ശ്രമിക്കുന്നത്. അക്കാര്യങ്ങളെല്ലാം ഗൗരവമായി പരിഗണിച്ച് കൂടുതൽ വിപുലപ്പെടുത്താനുള്ള നിലപാടുകളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി (ശ്രീ. കെ. എസ്. ശബരീനാഥൻ): സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തൊഴിലിനായി രജിസ്റ്റർ ചെയ്യേണ്ടത് അതാത് ജില്ലകളിലാണ്. പക്ഷേ പലയിടത്തും മേൽവിലാസം മാറ്റി മറ്റ് ജില്ലകളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതുമൂലം ജോലി ലഭിക്കുന്നുണ്ട്. ഇത് നിയമപരമാണോ; ഇത്തരത്തിലുള്ള മേൽവിലാസം മാറ്റിക്കൊടുക്കുന്നത് തടയാനുള്ള സംവിധാനങ്ങൾ നിയമപരമായി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തീർച്ചയായും ഈ പ്രശ്നം പരിശോധനയ്ക്ക് വിധേയമാക്കും. 2019 ഏപ്രിൽ മാസം വരെയുള്ള ഗവൺമെന്റിന്റെ കണക്ക് പ്രകാരം 35,63,477 പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൻപ്രകാരമാണ് ഗവൺമെന്റ് തൊഴിലില്ലാത്തവരുടെ എണ്ണം കണക്കാക്കുന്നത്. ഇത് കൃത്യമല്ല. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച രീതിയിലുള്ള പ്രശ്നങ്ങളും ഉണ്ടായേക്കാം. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. നിലവിൽ രജിസ്റ്റർ ചെയ്ത അംഗങ്ങളെ സംബന്ധിച്ച് സർവ്വേ നടത്തി ആർക്കെല്ലാം ജോലി ആവശ്യമുണ്ട്, ആരെല്ലാം ജോലി ചെയ്യുന്നുണ്ട് എന്നിവ സംബന്ധിച്ച് നിർണ്ണയിക്കാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ല മാറ്റിക്കൊണ്ടുള്ള രജിസ്ട്രേഷന്റെ ഏതെങ്കിലും തരത്തിലുള്ള ഡ്യൂപ്ലിക്കേഷൻ ഇക്കാര്യത്തിൽ വരുന്നുണ്ടോയെന്നുള്ളത് സർവ്വേയുടെ ഭാഗമായി പരിശോധിച്ച് വ്യക്തത വരുത്തുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിൽനിന്ന് ഇതര സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നവരുടെയും അതുപോലെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്ക് തൊഴിലിനായി വരുന്നവരുടെയും കണക്ക് സൂക്ഷിച്ചിട്ടുണ്ടോ; വിദേശങ്ങളിലേയ്ക്ക് പോകുന്ന തൊഴിലാളികളുടെ കണക്ക് ഏതെങ്കിലും തരത്തിൽ രേഖപ്പെടുത്തുന്നുണ്ടോ? തൊഴിലില്ലായ്മയെ സംബന്ധിച്ച് ഒരു ചർച്ച നടക്കുന്ന സന്ദർഭത്തിൽ ഈ കണക്കുകൾ വളരെ പ്രസക്തമായിട്ടുള്ള കാര്യമല്ലേ; അതുകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽ പോയി ജോലി ചെയ്യുന്നവരുടെ കൃത്യമായ കണക്ക് തൊഴിൽ വകുപ്പിന്റെ കൈവശമില്ല. ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ വന്ന് ജോലി ചെയ്യുന്നവരുടെ കണക്ക് ശേഖരിക്കുന്നതിനുള്ള ശ്രമമാണ് തൊഴിൽ വകുപ്പ് നടത്തിവരുന്നത്. അതിന്റെ ഭാഗമായാണ് ആവാസ് പദ്ധതി കൊണ്ടുവന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യം, ചികിത്സാ സൗകര്യം, അപകടമരണം പറ്റിക്കഴിഞ്ഞാൽ കുടുംബത്തെ സഹായിക്കുന്ന നടപടികൾ തുടങ്ങിയ കാര്യങ്ങളിൽ മതിയായ പരിരക്ഷ നൽകുക തുടങ്ങിയവയാണ് ആവാസ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന എല്ലാ പരിരക്ഷയും പരിഗണനയും ഇതര സംസ്ഥാനങ്ങളിൽനിന്നും ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ലഭിക്കണം. തൊഴിൽ വകുപ്പിന്റെ കീഴിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും അതുമായി ബന്ധപ്പെട്ട രേഖകളുമാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ചെയ്യാനുദ്ദേശിക്കുന്ന സർവ്വേ നടപടികളെ സംബന്ധിച്ചാണ് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുള്ളത്. ഇതാണ് ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്ന കാര്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനത്തെക്കുറിച്ച് അങ്ങ് ഇവിടെ പറയുകയുണ്ടായി. സാധാരണഗതിയിൽ ശരാശരി 22-23 ലക്ഷം ആളുകൾക്ക് ജോലി കൊടുക്കും. ഇപ്പോഴും അതനുസരിച്ചെല്ലാം കൊടുത്തിട്ടുണ്ട്. പക്ഷേ, ഇവിടെ പബ്ലിക് സർവ്വീസ് കമ്മീഷനെപ്പോലും ഒഴിവാക്കുന്ന വിധത്തിലുള്ള നിയമനങ്ങൾ നടക്കുകയാണ്. ക്ലറിക്കൽ തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേനയാണ് നിയമനം നടത്തേണ്ടത്. എന്നാൽ നിയമനം പി.എസ്.സി.-ക്ക് കൊടുത്ത ഡിപ്പാർട്ടുമെന്റുകളിൽപ്പോലും ഒരു സ്വീപ്പറെ നിയമിക്കുകയും പിന്നീട് ടെസ്റ്റുകൾ നടത്തി അവർക്ക് പ്രൊമോഷൻ കൊടുത്ത് ക്ലർക്കായി പോവുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷനെ നോക്കുകുത്തിയാക്കിക്കൊണ്ട്, നിയമനാധികാരം പബ്ലിക് സർവ്വീസ് കമ്മീഷന് കൊടുത്തിട്ടുള്ള ഡിപ്പാർട്ടുമെന്റുകൾപോലും ഈ രൂപത്തിലുള്ള തിരിമറി നടത്തിക്കൊണ്ടിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. കെ.എസ്.എഫ്.ഇ.യിൽ താഴെ തലത്തിലാണ് നിയമനം നടക്കുന്നത്. സഹകരണ ബാങ്കുകളിലും താഴെ തലത്തിലാണ് നിയമനം നടക്കുന്നത്. ഇങ്ങനെ യോഗ്യതയുള്ള ആളുകളെ ഒഴിവാക്കുകയും അയോഗ്യരായ ആളുകൾ പ്രൊമോഷൻവഴി വരത്തക്ക വിധത്തിലുള്ള ഒരു ചാനൽ തുറന്നുവിടുകയും ചെയ്യുന്നത് യഥാർത്ഥത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷനെപ്പോലും ബൈപ്പാസ് ചെയ്യുന്നതാണ്. അങ്ങ് ഇക്കാര്യം ശ്രദ്ധിക്കുമോ; ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നടത്തുന്ന നിയമനങ്ങളെല്ലാം സുതാര്യമായി നടത്തുന്നവയാണ്. അർഹതപ്പെട്ട ഉദ്യോഗാർത്ഥിയെ ഒഴിവാക്കി പകരം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലുള്ള തെറ്റായ പ്രവണതകൾ വരുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. ഏതെങ്കിലും പ്രശ്നങ്ങൾ ഇപ്രകാരം ചൂണ്ടിക്കാണിക്കാൻ തയ്യാറാവുകയോ പരാതി ബോധിപ്പിക്കുകയോ ചെയ്താൽ അത്തരം പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ നിലപാടുകൾ സ്വീകരിക്കാൻ തയ്യാറാണ്. അങ്ങ് ചൂണ്ടിക്കാണിച്ച സമീപനമല്ല ഗവൺമെന്റിനുള്ളത്. ഇക്കാര്യത്തിൽ സുതാര്യമായ നിലപാടാണ് ഗവൺമെന്റിനുള്ളത്. നിയമപരമായി തന്നെ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. നിയമവിരുദ്ധമായ യാതൊരു പ്രവണതയും അനുവദിക്കുകയില്ല എന്ന സമീപനമാണ് ഗവൺമെന്റ് പൊതുവേ സ്വീകരിക്കുന്നത്.

<u>ശ്രീ. വി. ജോയി</u>: സർ, തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അങ്ങ് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അഞ്ച് സ്ത്രീകളിൽ താഴെ ജോലി ചെയ്യുന്ന ധാരാളം സ്ഥാപനങ്ങളുണ്ട്. ഇവരുടെ സുരക്ഷ ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഇത് നമ്മൾ എങ്ങനെയാണ് നേരിടുന്നത്; ഇവരുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉദ്യോഗസ്ഥതലത്തിൽ എങ്ങനെ ഇടപെടാൻ സാധിക്കുമെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിക്കുന്നത്. പ്രത്യേക പ്രശ്നങ്ങൾ രേഖാമൂലം ചൂണ്ടിക്കാണിച്ചാൽ അത്തരം കേസുകൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കൻ സാധിക്കുമെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കാവുന്നതാണ്. ഇപ്പോൾ തൊഴിലിടങ്ങളിൽ ഇരിക്കാനുള്ള സ്വാതന്ത്ര്യം നിയമപരമായ അവകാശമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പരിശോധന ഇപ്പോൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. 504 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 352 സ്ഥാപനങ്ങൾ എല്ലാ സൗകര്യങ്ങളും ഏർപ്പാട് ചെയ്തിട്ടുണ്ട്. 152 സ്ഥാപനങ്ങൾ ബാക്കിയാണ്. ഇതുപോലെ പരിശോധന നടത്തി നിയമം പ്രാവർത്തികമാക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. നിയമത്തിനനുസരിച്ച് സ്ഥാപനങ്ങൾ നിലപാടുകൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അത്തരം സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് സർക്കാർ മുന്നോട്ടുപോകുന്നതാണ്. പൊതുവെ തൊഴിലിടങ്ങളിൽ എല്ലാവർക്കും സുരക്ഷിതത്വം ഉണ്ടാകണമെന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

## കുടിവെള്ള വിതരണം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

3 (*213) ശ്രീ. എസ്. ശർമ്മ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം കുടിവെള്ള ക്ഷാമത്തിന് സാഹചര്യം സൃഷ്ടിക്കുമെന്നതിനാൽ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പൈപ്പുവഴിയുള്ള കുടിവെള്ള വിതരണം വിപുലീകരിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രതിവർഷം രണ്ട് ലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യം നേടുന്നതിന് റവന്യൂകമ്മി പ്രതിബന്ധമാകാതിരിക്കാൻ നടപടിയെടുത്തു വരുന്നുണ്ടോ; റവന്യൂകമ്മി നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തിന്റെ ജലനയം പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്ക് മതിയായ രീതിയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ കേരള ജല അതോറിറ്റി നിലവിൽ 1081 ശുദ്ധജല വിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1.88 കോടി ജനങ്ങൾക്ക് 24.40 ലക്ഷം വാട്ടർ കണക്ഷനുകളിലൂടെയും 2.04 ലക്ഷം പൊതുടാപ്പുകൾ വഴിയും 2744 ദശലക്ഷം ലിറ്റർ ശുദ്ധജലം പ്രതിദിനം വിതരണം ചെയ്യുന്നുണ്ട്. ഇപ്പോൾ ജല അതോറിറ്റിയിൽ 8603.97 കോടി രൂപയുടെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്ലാൻ സ്കീമിൽ നഗര-ഗ്രാമീണ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾക്കായി 837.99 കോടി രൂപയും അമൃത് പദ്ധതിയിൽ നഗര ജലവിതരണ പദ്ധതികൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി 1050.86 കോടി രൂപയും കിഫ്ബിയിൽ ജലവിതരണ പദ്ധതികൾക്കും പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി 4183.33 കോടി രൂപയും നബാർഡ് പദ്ധതികൾക്കായി 881.50 കോടി രൂപയും NRDWP പദ്ധതികൾക്കായി 1444.08 കോടി രൂപയും

ജിക്ക പദ്ധതികൾക്കായി 206.21 കോടി രൂപയുടെയും പദ്ധതികളാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ സാങ്കേതികമായി സാധ്യതയുള്ള പ്രദേശങ്ങളിലേയ്ക്ക് നിലവിലെ വിതരണശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ സംസ്ഥാന പദ്ധതികളിലൂടെയും എം.എൽ.എ./എം.പി. ഫണ്ടുകളിലൂടെയും വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായുള്ള ഫണ്ടുകളിലൂടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികളിലൂടെയും നടപ്പിലാക്കിവരുന്നു. കാലാവസ്ഥാ വ്യതിയാനംമൂലം അതോറിറ്റിയുടെ വിവിധ പദ്ധതികളുടെ സ്രോതസ്സായ നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യത്തിനുള്ള സാധ്യത പരിഗണിച്ച് വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. നദികൾ സ്രോതസ്സായുള്ള പദ്ധതികളിൽ നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ ഘടിപ്പിച്ചോ താൽക്കാലിക / സ്ഥിരം തടയണകൾ നിർമ്മിച്ചോ ആണ് ജലലഭ്യത ഉറപ്പുവരുത്തുന്നത്. മഴമൂലം ലഭ്യമാകുന്ന ജലം സ്രോതസ്സുകളുടെ പരിപോഷണത്തിന് ഉതകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

പൈപ്പ് ലൈനുകൾ നീട്ടുന്ന പ്രവൃത്തികൾക്കായി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 44 പ്രവൃത്തികൾക്ക് 1401.42 ലക്ഷം രൂപയുടെയും പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റുന്നതിലേയ്ക്കായി 90 പ്രവൃത്തികൾക്ക് 5111.54 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്ന അരുവിക്കരയിലെ മൂന്ന് ജലശുദ്ധീകരണശാലകളിൽ രണ്ടെണ്ണത്തിൽ അധികജലം എത്തിച്ച് പ്രതിദിനം 100 ലക്ഷം ലിറ്റർ ശുദ്ധജലം അധികമായി വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. കൂടാതെ വേനൽക്കാലത്ത് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിന് യഥാസമയം ലൈനുകളിലും മോട്ടോർ, പമ്പ്, മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും ജലലഭ്യത കൂടുതൽ കാര്യക്ഷമമാക്കി വരുന്നു. കൂടാതെ ഉയർന്ന പ്രദേശങ്ങളിലേയ്ക്ക് വാൽവുകൾ നിയന്ത്രിച്ചും അധികം ഷിഫ്റ്റ് പമ്പിംഗ് നടത്തിയും ഇന്റർ കണക്ഷനുകൾ നടത്തിയും ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലുള്ള 100 ശതമാനം കുടുംബങ്ങളിലും 2024-ഓടുകൂടി പൈപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ട്.

(ബി) പ്രതിവർഷം രണ്ട് ലക്ഷം പുതിയ കണക്ഷൻ നൽകുകയെന്ന ലക്ഷ്യം നേടുന്നതിന് റവന്യൂകമ്മി പ്രതിബന്ധമാകാതിരിക്കാൻ നടപടിയെടുത്തിട്ടുണ്ട്. പുതിയ കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാനും

പരമാവധി പുതിയ കണക്ഷനുകൾ നൽകുന്നതിനും എല്ലാ എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂകമ്മി നികത്താൻ വരുമാനം വർദ്ധിപ്പിക്കുക, ചെലവ് ചുരുക്കുക എന്നീ രണ്ട് മാർഗ്ഗങ്ങളാണ് പൊതുവെ സ്വീകരിച്ചിട്ടുള്ളത്. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതികളിൽനിന്നും പരമാവധി വാട്ടർ കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകി കണക്ഷൻ മേളകൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ 2018-19 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും 545.38 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 88.60 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണ ശൃംഖല പുനരുദ്ധരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി ജലചോർച്ചമൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

ചെലവ് ചുരുക്കലിനോടനുബന്ധിച്ച് വർദ്ധിച്ചുവരുന്ന ഇലക്ട്രിസിറ്റി ചാർജ്ജ് കുറയ്ക്കുന്നതിനുവേണ്ടി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം എനർജി മാനേജ്മെന്റ് സെന്റർ മുഖേന പമ്പ് സെറ്റുകളുടെയും മറ്റ് വൈദ്യുത ഉപകരണങ്ങളുടെയും എനർജി ആഡിറ്റിംഗും പമ്പ് റിപ്പയറിംഗ് ചാർജ്ജ് കുറയ്ക്കുന്നതിനായി പമ്പ് ഹൗസുകളുടെ ഓട്ടോമേഷനും ചെയ്യുന്നുണ്ട്. റവന്യൂരഹിത ജല ചോർച്ച പരിഹരിക്കുന്നതിനായി എ.ഡി.ബി.-യുടെ ധനസഹായത്തോടെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ 24 x 7 വാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്കീമുകളുടെ റിംഗ് ഫെൻസിംഗ് അനാലിസിസിലൂടെയും ഡിവിഷൻ വൈസ് അനാലിസിസിലൂടെയും ചെലവ് വർദ്ധന ക്രമീകരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ നൂതന സാങ്കേതിക വിദ്യകൾ കൈക്കൊള്ളുന്നതിന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) സഹകരണത്തോടെ പ്രവർത്തിക്കുന്ന ഇന്നവേഷൻ ഹബ്ബ് രൂപീകരിച്ചിട്ടുമുണ്ട്.

(സി) സംസ്ഥാനത്ത് 2008-ൽ രൂപീകരിച്ച ഒരു ജലനയം നിലവിലുണ്ട്. എന്നാൽ കേന്ദ്ര ജലനയം 2012-ൽ പുതുക്കിയത് കണക്കിലെടുത്തും കഴിഞ്ഞ 11 വർഷങ്ങളിൽ സംസ്ഥാനത്തെ ജലവിഭവ രംഗത്ത് വന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യകതകൾ എന്നിവ പരിഗണിച്ചുകൊണ്ടും കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ ജലവിഭവ നിർവ്വഹണ രംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത ജലനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ജലനയം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ ജലലഭ്യത, ജലത്തിന്റെ ദുരുപയോഗം എന്നിവ കണക്കിലെടുത്തും ജല സ്രോതസ്സുകളെ സംരക്ഷിച്ച് അവയുടെ മലിനീകരണം തടഞ്ഞും ജലലഭ്യത ഉറപ്പുവരുത്തി ശുദ്ധമായ ജലം എല്ലാവർക്കും നീതിപൂർവ്വം നൽകണമെന്നതാണ് ഈ നിർദ്ദിഷ്ട ജലനയത്തിന്റെ ഉദ്ദേശ്യം. ഇതിനായി ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു പത്തംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജലപരിപാലന രീതികളിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും 2018 ആഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ, പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. പുതിയ നയം രൂപീകരിക്കുമ്പോൾ കേരളത്തിൽ സന്ദർശനം നടത്തിയ ഐക്യരാഷ്ട്രസഭയുടെ UNDP സംഘവും നെതർലാൻഡ്സ് സംഘവും മുന്നോട്ടുവച്ചിട്ടുള്ള River Basin Conservation and Management Authority രൂപീകരിക്കണമെന്നുള്ള ആവശ്യവും ഭാവിയിലെ ജലലഭ്യതയുടെയും ആവശ്യകതയുടെയും അടിസ്ഥാനത്തിലുള്ള പഠനവും പദ്ധതികളുടെ രൂപീകരണവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളും ഡ്രാഫ്റ്റിംഗ് കമ്മിറ്റി പരിഗണിക്കുന്നതാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഒരു കാലത്ത് വ്യാപകമായി ജലസേചനത്തിന് ഉപയോഗിച്ചിരുന്നത് കുളങ്ങളാണ്. എന്നാൽ ഇപ്പോൾ മാലിന്യം തള്ളാനുള്ള കുഴികളായി അവ അധഃപതിക്കുകയും തകർന്നുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. കേരളത്തിൽ വ്യാപകമായി കുളങ്ങൾ നികത്തുകയും ഉറവ ഇല്ലാതാക്കുകയും ചെയ്യുന്ന പ്രവണത ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ ജലസമ്പന്നത ഉറപ്പാക്കുന്നതിൽ കുളങ്ങൾ വഹിച്ചിരുന്ന പങ്ക് പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് അവയുടെ പുനരുദ്ധാരണത്തിലൂടെ ജലക്ഷാമം പരിഹരിക്കാനുള്ള ദൗത്യത്തിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഹരിത കേരളം പദ്ധതിയിൽ കേരളത്തിലെ മുഴുവൻ കുളങ്ങളുടേയും പുനരുദ്ധാരണത്തിനുവേണ്ടിയുള്ള വലിയൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ 4400 കുളങ്ങളെ പൈലറ്റ് സ്കീമെന്ന നിലയ്ക്ക് ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ മഴ സമയത്ത് ചെറിയ ചെറിയ നീർച്ചാലുകൾ ബന്ധിപ്പിച്ചപ്പോഴുണ്ടായ ഒരനുഭവമെന്ന് പറയുന്നത് 1200 അടിയായിരുന്ന ഗ്രൗണ്ട് വാട്ടർ ലെവൽ ഏകദേശം 400 അടിയായി ഉയർത്താൻ സാധിച്ചിട്ടുണ്ടെന്നുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ നല്ലൊരു നിർദ്ദേശമാണ്. അത് കേരളത്തിലാകമാനം വ്യാപിപ്പിക്കാനുള്ള ശ്രമം നടത്താം.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഒരസാധാരണ സാഹചര്യം ലോകത്തെമ്പാടും ശക്തിപ്പെട്ടുവരുന്നുണ്ട്. കഴിഞ്ഞ 150 വർഷക്കാലമായി ശാസ്ത്രലോകം ഏഷ്യ-പസഫിക് സമുദ്ര മേഖലയിൽ നടത്തിയ നിരീക്ഷണത്തിലൂടെ കാലാവസ്ഥയിൽ വലിയ മാറ്റങ്ങളാണ് അനുനിമിഷം സംഭവിക്കുന്നതെന്ന് പറയുകയുണ്ടായി. ഉദാഹരണത്തിന് വളരെ ശക്തമായ വെള്ളപ്പൊക്കം വന്നാലുടൻതന്നെ രണ്ട് ദിവസത്തിനുള്ളിൽ വരൾച്ചയും ബാധിക്കും. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത് പൂർണ്ണമായും ബോദ്ധ്യപ്പെടുന്ന ഒന്നായിരുന്നു. ശ്രീ. കെ. സി. ജോസഫും ശ്രീ. പി. കെ. അബ്ദു റബ്ബും ഞാനുമൊക്കെ അംഗങ്ങളായ എസ്റ്റിമേറ്റ് കമ്മിറ്റി വയനാട് സന്ദർശിച്ചപ്പോൾ അവിടെ വെള്ളപ്പൊക്കത്തിന്റെ കെടുതി തീർന്നുവരുന്നതേയുള്ളൂ. പക്ഷേ അപ്പോൾത്തന്നെ അവിടെ വരൾച്ചയും അനുഭവപ്പെടുകയാണ്. ഏഷ്യ-പസഫിക് സമുദ്ര മേഖലയിൽ ശാസ്ത്രജ്ഞർ നടത്തിയ നിരീക്ഷണത്തിൽ കണ്ട കാര്യങ്ങൾ കേരളത്തിനും ബാധകമാണ്. കുളങ്ങളും മറ്റ് കാര്യങ്ങളുമൊക്കെയുള്ള പരിമിതമായ സാധ്യതകളെ പ്രയോജനപ്പെടുത്താം. ഇപ്പോൾ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലൊന്നിൽ ജല അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. വരുംകാലങ്ങളിൽ ഒരുപക്ഷേ ജല യുദ്ധത്തിലേയ്ക്ക് പോയേക്കാമെന്നും ശാസ്ത്രജ്ഞർ നിരീക്ഷിക്കുന്നുണ്ട്. ഇത്തരമൊരു സാഹചര്യവും കേരളത്തിന്റെ സവിശേഷ പശ്ചാത്തലവുംകൂടി കണക്കിലെടുത്ത് കേരള ഗവൺമെന്റ് മുൻകയ്യെടുത്ത് ഒരു ജല ശാസ്ത്ര കോൺഗ്രസ്സ് നടത്തുന്നതിനുള്ള കാര്യങ്ങൾ പഠിക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു ജല കോൺഗ്രസ്സ് നടത്താനുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്. തീർച്ചയായും അതിന് മുൻകയ്യെടുക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, വരൾച്ച രൂക്ഷമാകുമ്പോൾ അണക്കെട്ടുകളില്ലാത്ത നദികളിൽ ഇപ്പോൾ കുടിവെള്ള വിതരണ പദ്ധതികൾ നിർത്തിവയ്ക്കുകയാണ്. ഇത്തവണയും നമ്മുടെ പ്രദേശത്ത് കുടിവെള്ള വിതരണ പദ്ധതികൾ നിർത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്. നേരത്തെ മേജർ ഇറിഗേഷൻ പദ്ധതിവഴി വാട്ടർ അതോറിറ്റിയുടെ സോഴ്സിന്റെ തൊട്ടുതാഴെ ചെക്ക് ഡാമുകൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നു. അത് നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തതാണ്. അത്തരം ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലവിതരണം നടത്താനുള്ള നടപടികൾ എങ്ങും എത്തിയിട്ടില്ല. കിഫ്ബി ഫണ്ടോ ബഡ്ജറ്റ് പ്ലാൻ ഫണ്ടോ ഉപയോഗിച്ച് അടിയന്തരമായി ചെക്ക് ഡാമുകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാനുള്ള ഉദ്ദേശ്യമുണ്ട്. ചെക്ക് ഡാമുകൾ നിർമ്മിക്കുമ്പോൾ കുടിവെള്ളത്തിനും ഇറിഗേഷനും കൃഷിക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കാണ് മുൻഗണന കൊടുക്കാനുദ്ദേശിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് നിരവധി ജലസേചന പദ്ധതികൾ പൂർത്തിയായിട്ടും അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വേങ്ങര, തിരൂരങ്ങാടി, താനൂർ അടങ്ങുന്ന സ്ഥലങ്ങളിൽ ശുദ്ധജലം എത്തിക്കാനുള്ളതാണ് മലപ്പുറം ജില്ലയിലെ കരിമ്പുഴ ജലസേചന പദ്ധതി. അതിന്റെ പ്രവൃത്തി പൂർത്തിയായിട്ട് ഏകദേശം ഒന്നര വർഷം കഴിഞ്ഞിട്ടും ആ പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് ജലം ലഭ്യമാക്കാനുള്ള നടപടികൾ ഇതുവരെയും ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചിട്ടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് അങ്ങ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഏകദേശം നൂറ്റി ഇരുപത്തിയെട്ടോളം പദ്ധതികൾ ഇങ്ങനെ നിൽക്കുന്നുണ്ട്. അതിന് മാത്രമായി ഏകദേശം 11,000 കോടി രൂപ ആവശ്യമാണ്. അങ്ങ് പറഞ്ഞ ഈ പ്രശ്നം പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിൽ ആരംഭിച്ചിട്ടുള്ള നിരവധി ചെറുകിട ശുദ്ധജല വിതരണ പദ്ധതികളിൽ പലതും ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ജലസ്രോതസ്സിന്റെ അഭാവവും

പൈപ്പുകളുടെ കാലപ്പഴക്കവും ടാങ്കുകളുടെ ഉപയോഗശൂന്യതയുമാണ് ഇതിന്റെ പ്രധാന പ്രശ്നങ്ങൾ. ഈ പദ്ധതികൾ പുനരുജ്ജീവിപ്പിക്കണമെങ്കിൽ ഗ്രാമപഞ്ചായത്തുകളും ഗുണഭോക്താക്കളും മാത്രം വിചാരിച്ചാൽ സാധിക്കുന്നതല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് കുടിവെള്ള വിതരണം അനിവാര്യ ചുമതലകളിൽപ്പെട്ട ഒന്നാണ്. ഈ സാഹചര്യത്തിൽ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ പുനരുജ്ജീവിപ്പിക്കാനാവശ്യമായ തുക പ്രത്യേകം വകയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾ നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള തുക കിട്ടുന്നില്ല. കഴിഞ്ഞ ദിവസം NITI Aayog- മായി ചർച്ച നടത്തിയ പത്ര റിപ്പോർട്ട് കണ്ടു. പൈപ്പുവഴി വെള്ളം എത്തിക്കാൻ കൂടുതൽ തുക അനുവദിക്കാൻ കേന്ദ്രം ആലോചിക്കുന്നുണ്ടെന്നുള്ളതാണ് ആ പത്ര റിപ്പോർട്ട്. അങ്ങനെ ആലോചിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അത് വാങ്ങിയെടുക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയെ കണ്ടപ്പോൾ ഒരു നിവേദനവും നൽകിയിട്ടുണ്ട്. അദ്ദേഹം അത് അനുഭാവപൂർവ്വം പരിഗണിക്കുമെന്നാണ് തോന്നുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേരളത്തിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കാസർഗോഡ് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും വേനൽക്കാലത്ത് ഉപ്പുവെള്ളം കുടിക്കേണ്ട അസാധാരണമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തോടുകൂടി ആ പ്രശ്നം തീരും. പക്ഷേ മഴക്കാലത്തുപോലും വെള്ളം കിട്ടാത്ത അവസ്ഥയാണ് കാസർഗോഡുള്ളത്. ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് വന്ന് ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ച് ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള ശ്രമം നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാലുടൻ തീർച്ചയായും അവിടെ വന്ന് ഇതിനൊരു പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വൃക്ഷവൽക്കരണ പരിപാടികളുടെ പുരോഗതി

4(*214) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ജോർജ് എം. തോമസ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ജീവജാലങ്ങൾക്ക് അനുഗുണമായ പാരിസ്ഥിതിക സാഹചര്യം സൃഷ്ടിക്കാനായി നടപ്പാക്കിവരുന്ന വൃക്ഷവൽക്കരണ പരിപാടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായി വൃക്ഷാവരണം വർദ്ധിച്ചിട്ടുണ്ടോ; ഇത്തരം പദ്ധതികൾ പ്രകാരം നടുന്ന വൃക്ഷത്തൈകളുടെ അതിജീവന നിരക്ക് കണക്കാക്കിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ തടിയുടെ ആവശ്യകത നിവേറ്റുന്നതിന് കാർഷിക വനവൽക്കരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന കാർബൺ ന്യൂട്രൽ വയനാട് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) സാമൂഹ്യ വനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി ഹരിത കേരളം, എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോര സംരക്ഷണം, Institutional Plantations, കണ്ടൽ വനവൽക്കരണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികളെല്ലാംതന്നെ ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികളെല്ലാംതന്നെ ഫലപ്രദവും അതുവഴി വൃക്ഷസമ്പത്ത് വർദ്ധിപ്പിക്കാനും ഇടയാക്കിയിട്ടുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും

സാമൂഹ്യ വനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. പ്രാദേശികാടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ വനം വകുപ്പ് വിവിധ പദ്ധതികൾ മുഖേന വിതരണം ചെയ്യുന്ന വൃക്ഷത്തൈകളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. 2005-ൽ K.F.R.I., പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽനിന്നുമാണ് ലഭ്യമാകുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. 2015-ലെ Forest Survey of India-യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനുപുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇവയെല്ലാം ചൂണ്ടിക്കാണിക്കുന്നത് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ വിവിധ വൃക്ഷവൽക്കരണ പരിപാടികളുടെ പുരോഗതിയാണ്.

(ബി) ആഗോള താപനത്തെ ചെറുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം 'ഹരിതകേരളം ' പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവുണ്ടായി എന്ന് ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്.

പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളേയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾ തലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവരുൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവരുൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും

വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത് തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനംവകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 2016, 2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ടെന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) സാമൂഹ്യ വനവൽക്കരണ വിഭാഗം തടിയുടെ ആവശ്യം നിറവേറ്റുന്നതിനായി പ്രത്യേക കാർഷിക വനവൽക്കരണ പരിപാടി ആവിഷ്കരിച്ചിട്ടില്ല. സാമൂഹ്യ വനവൽക്കരണ വിഭാഗം ഹരിത കേരളം പദ്ധതി മുഖേന 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്കാണ് തൈകളുടെ എണ്ണം അനുസരിച്ച് ധനസഹായം നൽകുന്നത്. ഈ പദ്ധതികളെല്ലാം ഫലപ്രദവും അതുവഴി വൃക്ഷസമ്പത്ത് വനേതര പ്രദേശങ്ങളിലും സ്വകാര്യ ഭൂമികളിലും വർദ്ധിക്കാനിടയാക്കിയിട്ടുമുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ സാമൂഹ്യ വനവൽക്കരണ വിഭാഗം 64 ലക്ഷം വൃക്ഷത്തൈകൾ തയ്യാറാക്കി വിതരണം ചെയ്തുവരികയാണ്. കൂടാതെ 3.28 ലക്ഷം വലിയ കൂടത്തൈകൾ വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും വിവിധ സർക്കാർ വകുപ്പുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് നേരിട്ടും ഇതര വകുപ്പുകൾ/സ്ഥാപനങ്ങളുമായും ഹരിതകേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടുപിടിപ്പിച്ചുവരികയാണ്.

(ഡി) വയനാട് മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന കാർബൺ ന്യൂട്രൽ പദ്ധതിയിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം വൃക്ഷത്തൈ വിതരണവും ബോധവത്കരണ ക്ലാസ്സുകളും വനംവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. 2017-18-ൽ 2400 വൃക്ഷത്തൈകളും 2018-19-ൽ 1483 വൃക്ഷത്തൈകളും 2019-20-ൽ 2000 വൃക്ഷത്തൈകളും കാർബൺ ന്യൂട്രൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മീനങ്ങാടി ഗ്രാമപഞ്ചായത്തിന് വിതരണം ചെയ്തിട്ടുണ്ട്. കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനും ഭാഗഭാക്കാവുന്നുണ്ട്. ആയതിന്റെ മുന്നോടിയായി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ കാർബൺ ന്യൂട്രൽ പ്രോട്ടോകോൾ രൂപീകരണ ശിൽപ്പശാലയിൽ വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ വിഷയം അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ കമ്മിറ്റികളിലും അസിസ്റ്റന്റ് കൺസർവേറ്റർ മെമ്പറാണ്.

**വനസംരക്ഷണ പ്രവർത്തനങ്ങൾ**

5 (*215) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തി സർവേ നടത്തി സ്ഥിരമായി വേർതിരിക്കേണ്ടത് വനസംരക്ഷണത്തിനെന്നപോലെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരുടെ താല്പര്യസംരക്ഷണത്തിനും അനിവാര്യമായതിനാൽ ഈ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; ഇനി എത്ര ദൂരം ജണ്ട കെട്ടി വേർതിരിക്കാനുണ്ടെന്ന് അറിയിക്കുമോ;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് സ്വീകരിച്ചു വരുന്ന നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ജനപങ്കാളിത്തത്തോടെ നടപ്പാക്കിവരുന്ന വനസംരക്ഷണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) വനാതിർത്തി സർവ്വേ നടത്തി സ്ഥിരമായി വേർതിരിക്കേണ്ടത് വനസംരക്ഷണത്തിനെന്നപോലെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരുടെ താൽപ്പര്യസംരക്ഷണത്തിനും അനിവാര്യമാണെന്നത് വസ്തുതയാണ്. വനാതിർത്തി സർവ്വേ നടത്തി ജണ്ടകൾ നിർമ്മിച്ച് സ്ഥിരമായി വേർതിരിക്കുന്ന പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 വർഷത്തിൽ ഉദ്ദേശം 550 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 12,500 സ്ഥിരം ജണ്ടകളും 2017-18-ൽ ഉദ്ദേശം 680 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14,416 ജണ്ടകളും 2018-19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14618 ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. 1-4-2019-ൽ ഇനിയും ജണ്ടകൾ കെട്ടി വേർതിരിക്കാൻ അവശേഷിക്കുന്ന വനാതിർത്തിയുടെ ദൂരം ഉദ്ദേശം 1313 കിലോമീറ്ററായി കണക്കാക്കിയിട്ടുള്ളതാണ്. അവശേഷിക്കുന്ന ടി അതിർത്തികളും അടുത്ത രണ്ടുമൂന്ന് വർഷങ്ങൾക്കുള്ളിൽ സർവ്വേ ചെയ്ത് ജണ്ട കെട്ടി വേർതിരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വനസംരക്ഷണ പ്രവർത്തനങ്ങളുടെ നവീകരണത്തിന് സ്വീകരിച്ചുവരുന്ന പ്രവൃത്തികൾ താഴെ പറയുന്നു :

1. ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ സർവ്വേ ട്രെയിനിംഗ് നടത്തിവരുന്നു. 210 പേരുടെ ട്രെയിനിംഗ് കഴിഞ്ഞിട്ടുള്ളതും കൂടാതെ 30 പേർക്ക് ട്രെയിനിംഗ് നടന്നുവരുന്നതുമാണ്.

2. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ - ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയുടെ റിമോട്ട് സെൻസിംഗ് സാങ്കേതിക സഹായത്തോടുകൂടി മുൻകൂറായുള്ള കാട്ടുതീ സാധ്യതാ അലർട്ടുകളും തീയുണ്ടാകുന്നപക്ഷം അവയുടെ സമയാ-സമയ അലർട്ടുകളും ലഭ്യമാക്കി ഉപയോഗിച്ചുവരുന്നുണ്ട്.

3. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ - 2018-19 വർഷത്തിൽ 10 ഫോറസ്റ്റ് സ്റ്റേഷനുകൾ പുതുതായി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു.

4. വനംവകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മാത്തോട്ടത്ത് 2018-19-ൽ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

5. ജി.ഐ.എസ്.-ന്റെ സഹായത്തോടെ M-STrIPES എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മാസം മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വനപരിപാലനത്തിൻകീഴിൽ ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇങ്ങനെ നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോഡെവലപ്മെന്റ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധനസഹായത്തോടെയുള്ള വിവിധ വനസംരക്ഷണ പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി കേരളത്തിൽ നടപ്പാക്കിവരുന്നുണ്ട്. നാഷണൽ അഫോറസ്റ്റേഷൻ പരിപാടി, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി മുതലായവയാണ് ഇത്തരത്തിലുള്ള പരിപാടികളിൽ പ്രധാനമായവ. ഇന്ത്യയിലെ പ്രക്ഷീണ വനങ്ങളുടെ സംരക്ഷണമാണ് നാഷണൽ അഫോറസ്റ്റേഷൻ ലക്ഷ്യംവയ്ക്കുന്നത്. 2002-2003 മുതൽ 2015-2016 വരെയുള്ള കാലഘട്ടത്തിൽ നാഷണൽ അഫോറസ്റ്റേഷൻ പരിപാടിയിലൂടെ 7756.68 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ വനപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി നീർത്തടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുള്ള പദ്ധതിയാണ്. 2016-17-ൽ തുടങ്ങി 5 വർഷംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിയിലൂടെ വൃക്ഷവൽക്കരണത്തോടൊപ്പം തണ്ണീർത്തടങ്ങളുടെ സംരക്ഷണവും ഫലപ്രദമായി നടത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയിലെ വിവിധ സബ്മിഷനുകളിലായി 2016-17, 2017-18 വർഷങ്ങളിലായി 17697.563 ഹെക്ടർ സ്ഥലത്ത് വിവിധ വനവൽക്കരണ, പരിപാലന, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വനാശ്രിതരുടെ ഇന്ധനാവശ്യങ്ങൾക്കായുള്ള വനാശ്രിതത്വം കുറയ്ക്കുന്നതിനായി 7332 കുടുംബങ്ങൾക്ക് എൽ.പി.ജി. കണക്ഷൻ/സോളാർ അടുപ്പുകൾ/ ബയോഗ്യാസ് പ്ലാന്റുകൾ മുതലായവ നൽകുകയും ചെയ്തിട്ടുണ്ട്.

## കാർബൺ ന്യൂട്രൽ പദ്ധതി

6 (*216) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എം. ഉമ്മർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശേഷിക്കുന്ന വനമേഖലയെ പരിരക്ഷിക്കുന്നതിനായി കാർബൺ ന്യൂട്രൽ പദ്ധതി വനം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രകൃതിയെ കാർബൺ തുലിതമാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ;

(സി) തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) കാർബൺ ന്യൂട്രൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ കാർബൺ ന്യൂട്രലൈസേഷൻ ലക്ഷ്യമാക്കിയുള്ളതാണ്. ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്-ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കിവരുന്നത്.

(ബി) കാർബൺ ന്യൂട്രൽ പദ്ധതി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രകൃതിയെ കാർബൺ തുലിതമാക്കലാണ് ലക്ഷ്യമെങ്കിലും ആയത് നിറവേറ്റുമോയെന്നത് പറയാറായിട്ടില്ല.

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യ വനവൽക്കരണ വിഭാഗം കഴിഞ്ഞ 10 വർഷമായി നടപ്പിൽവരുത്തുന്ന വനവൽക്കരണത്തിൽ 712.04 ലക്ഷം തൈകൾ വിതരണം ചെയ്തതിൽ നല്ലൊരു ഭാഗവും അതിജീവിച്ചിട്ടുണ്ട്. അന്തരീക്ഷം കാർബൺ ന്യൂട്രൽ ആക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്. ഒരു ശാസ്ത്രീയ പഠനം നടത്തിയാൽ മാത്രമേ ഈ കാര്യം എത്രത്തോളം ഫലപ്രദമായി എന്ന് പറയാനാവുകയുള്ളു. വനവൽക്കരണം പഞ്ചായത്തുകളെക്കൂടി പങ്കെടുപ്പിച്ചാണ് നടപ്പിലാക്കുന്നത്.

### പുഴകളിലും തോടുകളിലും വെള്ളം നിലനിൽക്കാത്ത അവസ്ഥ

7 (*217) ശ്രീ. ടി. എ. അഹമ്മദ് കബീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിന് ശേഷം പുഴകളിലും തോടുകളിലും മുമ്പത്തെപ്പോലെ വെള്ളം നിലനിൽക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യകതമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) ഉണ്ട്. 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് മഴയുടെ ലഭ്യതയിലുണ്ടായ കുറവ്, കുത്തൊഴുക്കിനെ തുടർന്ന് നദികളുടെ അടിത്തട്ട് താഴ്ന്നത്, നദികളുടെയും തോടുകളുടെയും അടിത്തട്ടിൽ ചെളിയും എക്കലും അടിഞ്ഞ് രൂപപ്പെട്ട സുഷിരങ്ങളില്ലാത്ത പ്രതലം (impermeable layer formation), ജലം തടഞ്ഞുനിർത്തി നീരൊഴുക്ക് സ്ഥായിയാക്കുകയും ഭൂജലപോഷണം സാധ്യമാക്കുകയും ചെയ്തിരുന്ന നിർമ്മിതികൾ/പ്രകൃതിദത്തമായ തടസ്സങ്ങൾ ഒലിച്ചുപോയത്, ഭൂവിനിയോഗത്തിൽ വന്ന മാറ്റംകാരണം ഭൂജലപോഷണത്തിൽ സംഭവിച്ച കുറവ്, ഭൂമിയുടെ ചരിവ് കാരണം വളരെ വേഗത്തിൽ ജലം ഒഴുകിപ്പോയത് തുടങ്ങിയവ കാരണമാണ് പ്രളയാനന്തരം നദികളിലും തോടുകളിലും വെള്ളം നിലനിൽക്കാത്തത് എന്ന വിലയിരുത്തലാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ, പ്രളയശേഷമുള്ള നീരൊഴുക്കുകൊണ്ട് പ്രധാന നദികളിലെല്ലാംതന്നെ അടിത്തട്ടിന്റെ സ്വഭാവം സാധാരണ നിലയിലേയ്ക്ക് തിരിച്ചുവരുന്നതായി കാണുന്നു. എന്നിരുന്നാലും ചിലയിടങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ/എക്കൽ (പ്രധാനമായും പമ്പാ നദിയിൽ) ചില തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(ബി) ജലവിഭവവകുപ്പ് ഇതുസംബന്ധിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ, കോഴിക്കോട് ആസ്ഥാനമായിട്ടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് എന്ന സ്ഥാപനം, പ്രളയാനന്തരം പുഴകളിലെ ജലനിരപ്പ് താഴ്ന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്.

(സി) നദികളിലേയ്ക്ക് വന്നുചേരുന്ന ചെറുതോടുകളിൽ പ്രകൃതിദത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുതടയണകളും (ഒന്നാംനിര, രണ്ടാംനിര ചാലുകളിൽ) മൂന്നാംനിര, നാലാംനിര ചാലുകളിൽ/തോടുകളിൽ ഉയരം കുറഞ്ഞ തടയണകളും നിർമ്മിച്ച് പുതുക്കിപ്പണിത് ജലസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. കുളങ്ങൾ, തടാകങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനൊപ്പം വനമേഖലയിലെ പച്ചപ്പുകൾ/മരങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടിയും ഉണ്ടാകണമെന്ന് നിർദ്ദേശമുണ്ട്. കുളങ്ങൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. റഗുലേറ്ററുകൾ നിർമ്മിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സിന്തറ്റിക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം

8 (*218) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം സമൂഹത്തിന് ഭീഷണിയാകുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ബി) സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) മെഡിക്കൽ സ്റ്റോറിൽ ലഭിക്കുന്ന റോഹിപ്നോൽ പോലുള്ള മരുന്നുകളെ മദ്യത്തിൽ കലർത്തി ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാനുള്ള എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(ഡി) ഈ സർക്കാർ വ്യാപകമായി ബാറുകൾക്ക് ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂടുന്നതിനും അതുവഴി മദ്യം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ) :

(എ&ബി) സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമായി കണ്ടുവരുന്നില്ല. മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിനായി സംസ്ഥാനത്തൊട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾക്കൊപ്പം ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്., ഡ്രഗ്സ് കൺട്രോൾ വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലഹരിക്കെതിരായി വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഹിപ്നോൾ (Rohypnol) ഔഷധമായി ഇൻഡ്യയിൽ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇത്തരം മരുന്നുകൾ ഔഷധ വ്യാപാര സ്ഥാപനങ്ങൾവഴി വില്പനയ്ക്കായി ലഭ്യമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏറെ സുതാര്യവും പ്രായോഗികവുമായ മദ്യനയമാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്. നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന 3 സ്റ്റാറും അതിന് മുകളിലും ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്. മദ്യനിരോധനം പ്രായോഗികമല്ലെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന നയമാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്. ഈ നയം മറ്റേതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ വ്യാപനത്തിന് കാരണമാണെന്ന വാദം അടിസ്ഥാനരഹിതമാണ്.

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ

9 (*219) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ബി.സത്യൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷം പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ചിരുന്ന പദ്ധതികൾക്കുള്ള തുകയുടെ വിനിയോഗം എത്ര ശതമാനമായിരുന്നു;

(ബി) പദ്ധതി തുകയിൽ ഭവനനിർമ്മാണത്തിന് എത്ര തുകയാണ് നീക്കിവച്ചിരുന്നത്; മുൻവർഷങ്ങളിൽ അനുവദിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത വീടുകൾ പൂർത്തീകരിക്കാൻ നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ലൈഫ് മിഷൻ വഴി നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതിക്ക് വകുപ്പ് എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നത്; വീട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കാൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) 2018-19 വർഷം പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ധനവിനിയോഗം 93% ആയിരുന്നു.

(ബി) 2018-19 വർഷം ഭവന നിർമ്മാണത്തിന് ബഡ്ജറ്റിൽ 380.00 കോടി രൂപ വകയിരുത്തിയിരുന്നു. അതിനുപുറമെ റീ അപ്രോപ്രിയേഷൻ മുഖേന 60 കോടി രൂപയും ചേർത്ത് ആകെ 440.00 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

വകുപ്പ് നടപ്പാക്കുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ച വീടുകളിൽ 2018-19 വർഷത്തിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 23916 വീടുകളിൽ 9882 വീടുകൾ 2018-19 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 2,49,31,58,633 രൂപ ചെലവഴിച്ചിട്ടുണ്ട്. പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനാണ് നിലവിൽ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നത്.

(സി) 2016-17-ൽ 4468 ഗുണഭോക്താക്കൾക്കും 2017-18-ൽ 4600 പേർക്കും 2018-19-ൽ 3887 പേർക്കും ടി പദ്ധതിപ്രകാരം സ്ഥലം ലഭ്യമാക്കി.

(ഡി) 2019-20 വർഷം ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്കായി വകുപ്പ് 400.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വകുപ്പ് മുഖേന 2007-08 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാതെ വിവിധ ഘട്ടങ്ങളിൽ അവശേഷിച്ച സ്പിൽ ഓവർ വീടുകളിൽ 4072 എണ്ണം ലൈഫ് മിഷൻ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുകയും ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം തുക അനുവദിച്ചുനൽകിയത് പ്രകാരം 3718 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 354 വീടുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടത്തിലുമാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുതല ഉദ്യോഗസ്ഥർ വീടുകൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## ഉന്നത വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ പട്ടികഗോത്രവർഗ്ഗക്കാർക്ക് അവസരം

10 (*220) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. ഒ. ആർ. കേളു:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട ശ്രീധന്യയ്ക്ക് സിവിൽ സർവ്വീസിൽ ഉന്നതവിജയം കൈവരിക്കാനായത് പ്രചോദനമാക്കിക്കൊണ്ട് ഉയർന്ന ശ്രേണിയിലുള്ള തൊഴിലുകളിലും ഉന്നതവിദ്യാഭ്യാസ രംഗത്തും പട്ടികഗോത്രവർഗ്ഗക്കാരെ കൂടുതലായി ആകർഷിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കും വൈദ്യശാസ്ത്ര കോഴ്സുകളിലേക്കും പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം സാധ്യമാക്കുന്നതിന് പ്രത്യേക പരിശീലനപരിപാടി നടത്തിവരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർ പഠനത്തിൽ പിന്നാക്കം പോകാതിരിക്കാനും ഇടയ്ക്കുവച്ച് പഠനം നിർത്തുന്ന സാഹചര്യം ഒഴിവാക്കാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; വിദേശത്തുപോയി പഠിക്കുന്നതിന് സഹായം നൽകി വരുന്നുണ്ടോ;

(ഡി) പട്ടികഗോത്രവർഗ്ഗ യുവാക്കളുടെ നൈപുണ്യശേഷി ഉയർത്തുന്നതിനും യോഗ്യത നേടിയവർക്കെല്ലാം തൊഴിലുറപ്പാക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ഉണ്ട്. പട്ടിക ഗോത്രവർഗ്ഗക്കാരെ ഉയർന്ന ശ്രേണിയിലുള്ള തൊഴിലുകളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും കൂടുതലായി ആകർഷിക്കുന്നതിന് ഗോത്രബന്ധു പദ്ധതി, ലാപ്ടോപ്പ് വിതരണം, വിദേശ പഠനത്തിനുള്ള ധനസഹായം, മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം, നൈപുണ്യ വികസന പദ്ധതികൾ, സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കാൻ പ്രത്യേക പരിശീലനം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തിവരുന്നു.

(സി) ഉണ്ട്. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചശേഷം ചില വിദ്യാർത്ഥികൾ പരീക്ഷ പാസാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ് പരീക്ഷ പാസ്സാകാത്തതും പഠനം ഇടയ്ക്ക് നിർത്തിയതുമായ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000 രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പരമാവധി 25 ലക്ഷം രൂപ ഒരു കുട്ടിക്ക് അനുവദിക്കുന്നതാണ്.

(ഡി) പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. അഭ്യസ്തവിദ്യരേയും അല്ലാത്തവരേയും പ്രത്യേകം പരിഗണിക്കുന്ന ഒരു നൈപുണ്യ വികസനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. ഇതിനുപുറമെ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള വിവിധ തൊഴിലുകളിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

2019-ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളേയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താത്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ട പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ടി തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളായ പോലീസ്, എക്സൈസ്, വനം എന്നിവയിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു. മറ്റ് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

**മസാല ബോണ്ടുകളുടെ നിയമ സാധുത**

11 (*221) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നൽകിയ ഗ്യാരണ്ടിയിലൂടെ കിഫ്ബി ലഭ്യമാക്കിയ മസാല ബോണ്ടുകൾ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 293(1)-ന്റെ പരിധിയിൽ വരില്ല എന്ന വാദം നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങൾക്ക് വിദേശരാജ്യങ്ങളിൽനിന്നും കടമെടുക്കാൻ ഭരണഘടന കല്പിച്ചിരിക്കുന്ന വിലക്ക് കിഫ്ബിക്കും ബാധകമാണെന്ന് കരുതുന്നുണ്ടോ;

(സി) കേന്ദ്രസർക്കാരിന് മാത്രം നൽകിയ അവകാശങ്ങളിലേക്ക് സംസ്ഥാനം കടന്നു കയറുന്ന ഒരു നടപടിയല്ലേ കിഫ്ബിയുടെ ഈ ബോണ്ട് വില്പനയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ-സി) കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച കിഫ് ആക്ട് പ്രകാരം കിഫ്ബിയുടെ എല്ലാ ധനസമാഹരണത്തിന്റെയും തിരിച്ചടവിന് സർക്കാർ ഗ്യാരണ്ടിയുണ്ട്. മസാല ബോണ്ടിന്റെ ട്രസ്റ്റ് ഡീഡ്, ഏജൻസി എഗ്രിമെന്റ് എന്നിവ നിയമവകുപ്പിന് സമർപ്പിച്ചിരുന്നു. ഇവയുൾപ്പെടെ മസാല ബോണ്ടുവഴിയുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട എല്ലാ നിയമവശങ്ങളും നിയമവകുപ്പ് പരിശോധിക്കുകയും ഇവയുടെ നിയമ സാധുത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഭരണഘടനയുടെ അനുച്ഛേദം 293(1) അനുശാസിക്കുന്നത് താഴെ പറയുംപ്രകാരമാണ്.

Article 293(1) in The Constitution of India 1949.

(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.

സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)-ൽ പ്രതിപാദിക്കുന്നത്. കിഫ്ബി പോലെയുള്ള ഏജൻസികൾക്ക് ഇത് ബാധകമല്ല.

കിഫ് ആക്ട് നിഷ്കർഷിക്കുംവിധം, റിസർവ് ബാങ്ക്പോലുള്ള നിയന്ത്രണ സംവിധാനങ്ങളുടെ പൂർണ്ണ അനുവാദത്തോടെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പൂർത്തിയാക്കിയ ഒരു ഇടപാട് എന്ന നിലയിൽ കിഫ്ബിയുടെ മസാല ബോണ്ട് വിൽപ്പന കേന്ദ്ര സർക്കാരിന് മാത്രം നൽകിയിട്ടുള്ള അവകാശങ്ങളിലേയ്ക്ക് സംസ്ഥാനം കടന്നു കയറിയ ഒരു നടപടിയല്ല.

**ജല അതോറിറ്റി പുനഃസംഘടന**

12 (*222) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ജല അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അതോറിറ്റി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുനഃസംഘടനയെക്കുറിച്ച് പഠിക്കുവാൻ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ്; വിശദാംശം അറിയിക്കുമോ;

(സി) ജലവിതരണത്തിനായി ശുദ്ധീകരിച്ച വെള്ളത്തിൽ നല്ലൊരു ശതമാനം വിതരണ ശൃംഖല വഴി പാഴായിപ്പോകുന്നത് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) ഉണ്ട്.

(ബി) ജല അതോറിറ്റിയുടെ പുന:സംഘടന സംബന്ധിച്ച് ബംഗളൂരു ഐ.ഐ.എം. തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ കേരള വാട്ടർ അതോറിറ്റി ഭാഗികമായി നടപടികൾ സ്വീകരിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. 2018-19-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ കെ.എസ്.ആർ.ടി.സി.പോലെ കേരള ജല അതോറിറ്റിയും ഗൗരവതരമായ പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണെന്നും ആയതിനാൽ കെ.എസ്.ആർ.ടി.സി.-യിലേതുപോലെ കേരള വാട്ടർ അതോറിറ്റിയുടെ നടത്തിപ്പിൽ മാറ്റങ്ങൾ അനിവാര്യമാണെന്നും സൂചിപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി ബോർഡ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള അന്വേഷണ വിഷയങ്ങൾ (Terms of Reference-TOR) തീരുമാനിക്കുകയും തദനുസരണം, പ്രൊഫ. (ഡോ) സുശീൽ ഖന്നയെ കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കൺസൾട്ടന്റായി നിയോഗിച്ചുകൊണ്ട് 26-4-2019-ന് കേരള വാട്ടർ അതോറിറ്റി കത്ത് നൽകുകയും ചെയ്തു.

(സി) ജലം പാഴായിപ്പോകുന്നത് ഒഴിവാക്കുന്നതിനായി, താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ (പ്രത്യേകിച്ചും എ.സി. പൈപ്പുകളും പ്രിമോ പൈപ്പുകളും) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽനിന്നും എല്ലാ വർഷവും "Optimization" വിഭാഗത്തിൽ ഇത്തരം വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

2. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 146.05 കോടി രൂപയുടെ കാലപ്പഴക്കംചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

3. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 11 സർക്കിൾ ഓഫീസുകളുടെ പരിധിയിൽ നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകി

കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയിലൂടെ അംഗീകാരം ലഭിക്കുകയും ടി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയുമാണ്. ബാക്കിയുള്ള കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

4. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ ഏകദേശം 2400 കോടി രൂപയുടെ എ.ഡി.ബി. സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 24x7 ജലവിതരണ പദ്ധതിയുടെ ഭാഗമായി ശുദ്ധീകരിച്ച ജലത്തിന്റെ നഷ്ടം (നോൺ റവന്യൂ വാട്ടർ) 20% ആയി കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തുവരുന്നു.

5. ജലവിതരണശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേയ്ക്കായി വിതരണശൃംഖലയിലെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തിവരുന്നു.

6. ഉപഭോക്താക്കളുടെ വാട്ടർ കണക്ഷനുകളിലെ സർവ്വീസ് ലൈനിൽ ഉണ്ടാകുന്ന ചോർച്ച പരിഹരിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

7. ജലചോർച്ച അടിയന്തരമായി പരിഹരിക്കുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

8. അടിക്കടി പൊട്ടലുണ്ടാകുന്ന പൈപ്പ്ലൈനുകളിൽ ജലത്തിന്റെ മർദ്ദം നിയന്ത്രിച്ച് പൊട്ടൽ പരമാവധി ഒഴിവാക്കാനായി ക്വിക്ക് റിലീഫ് വാൽവുകളും പമ്പിംഗ് മെയിനുകളിൽ വായുമർദ്ദത്തിന്റെ പരിണിതഫലമായുണ്ടാകുന്ന ലീക്കുകൾ ഒഴിവാക്കുവാൻ എയർ റിലീസ് വാൽവുകളും ഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗോത്രബന്ധു പദ്ധതി**

13 (*223) <u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തി പോകാനുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിനും അവരുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ഗോത്രബന്ധു പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഐ.എ.എസ്. അടക്കമുള്ള ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേരാൻ പ്രാപ്തരാക്കുംവിധംഎന്തെല്ലാം പരിശീലന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) :

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേയ്ക്കായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. <u>ഗോത്രബന്ധു പദ്ധതി</u>

സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ബി.എഡ്/ഡി.എഡ് പാസ്സായ അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് " ഗോത്രബന്ധു പദ്ധതി "

2. <u>ഗോത്രസാരഥി</u>

ദുർഘടവും വിദൂരവുമായ കോളനികളിൽനിന്നും കുട്ടികൾക്ക് സ്കൂൾ പി.ടി.എ.യുടെയും സ്കൂളിലെ അദ്ധ്യാപകരുടെയും സഹകരണത്തോടെ സ്കൂളിൽ പോയിവരാൻ വാഹന സൗകര്യം ചെയ്തുകൊടുക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി.

3. <u>സാമൂഹ്യപഠന മുറി</u>

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ കോളനികളിൽ പഠനമുറികൾ ആരംഭിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സാമൂഹ്യപഠനമുറി.

4. <u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലന പദ്ധതി</u>

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷംതോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകിവരുന്നു.

5. <u>ലാപ്ടോപ്പ് വിതരണം</u>

വിവിധ മേഖലകളിലെ 32 കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വകുപ്പ് ലാപ്ടോപ്പ് വിതരണം ചെയ്തുവരുന്നു.

6. <u>സമഗ്ര-സാക്ഷരതാ പദ്ധതി</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

7. <u>വിദേശപഠനത്തിനുള്ള ധനസഹായം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്. പരമാവധി 25 ലക്ഷം രൂപവരെ ഇതിനായി അനുവദിച്ചുവരുന്നു.

8. <u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി</u>

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സരപരീക്ഷയിലൂടെ കണ്ടെത്തി അവരുടെ 5-ാം ക്ലാസ്സ് മുതലുള്ള തുടർപഠനത്തിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി.

9. <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>

അക്കാഡമിക്-കലാ-കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന ഒരു പദ്ധതിയാണിത്.

10. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച, വാർഷിക വരുമാനം 40,000 രൂപയ്ക്ക് താഴെയുള്ള കുടുംബത്തിലെ അംഗങ്ങൾക്ക് പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ ധനസഹായം നൽകിവരുന്നു.

11. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനം

പ്ലസ് ടു സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ പ്ലസ് ടു കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സ്, 10 മാസത്തോളം നീണ്ടുനിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ വകുപ്പ് നടത്തുന്നു.

12. ഭാരത ദർശൻ അഥവാ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

മിടുക്കരായ 30 ആൺകുട്ടികൾക്കും 30 പെൺകുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരത ദർശൻ.

13. നൈപുണ്യ വികസന പദ്ധതികൾ

പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ വിവിധ തൊഴിൽ മേഖലകളിലെ നൈപുണ്യ വികസനം ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് താഴെ പറയുന്ന മേഖലകളിൽ നിരവധി പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. ഐ.റ്റി. അനുബന്ധ മേഖലകൾ.
2. ആധുനിക വസ്ത്ര നിർമ്മാണ പരിശീലനം.
3. ഇലക്ട്രോണിക് അനുബന്ധ കോഴ്സുകൾ.
4. കമ്പ്യൂട്ടർ പരിശീലനം.
5. ഹോട്ടൽ മാനേജ്മെന്റ് പരിശീലനം.
6. പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകളിൽ പരിശീലനം.
7. മീഡിയ ടെക്നോളജിയിൽ പരിശീലനം.
8. നിർമ്മാണ മേഖലയിലെ തൊഴിൽ നൈപുണ്യ പരിശീലനം.

14. <u>മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിലുള്ള 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 5739 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. മേൽപ്പറഞ്ഞ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനായി സ്മാർട് ക്ലാസ് റൂം ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ സ്വഭാവ വൈകാരിക മാനസിക പ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പുവരുത്തുന്നതിലേയ്ക്ക് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഔർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.സി.) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

15. <u>ഹോസ്റ്റലുകളുടെ നവീകരണവും നിർമ്മാണവും</u>

വകുപ്പിന് കീഴിൽ 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. 7017 കുട്ടികൾ ഈ ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്നു. 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആറെണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനമാരംഭിച്ചവയാണ്.

ഹോസ്റ്റലുകളെ യൂണിസെഫ് നിഷ്കർഷിക്കുന്ന മാതൃകയിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) വിദ്യാലയങ്ങളിൽനിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്കുവച്ച് ഉപേക്ഷിച്ച് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിപ്പണിയുമായി ബന്ധപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി ഉള്ളത്. രക്ഷിതാക്കളോടൊപ്പം കുട്ടികളും പണിസ്ഥലത്തേയ്ക്ക് പോകുന്ന പ്രവണതയുണ്ട്. കാർഷിക വിളകളുടെ വിളവെടുപ്പ് സമയത്ത് സ്കൂളിൽ ഇത്തരം കുട്ടികളുടെ ഹാജർനില കുറവായി കാണപ്പെടുകയും ക്രമേണ സ്കൂളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. വിവിധ ക്ലാസ്സുകളിലെ തോൽവിയും കാരണമാകുന്നുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതിരിക്കുന്നതും ചിലരുടെ രക്ഷിതാക്കളിലെ മദ്യപാന സ്വഭാവവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു.

(സി) സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ബി.എഡ്./ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി".

നിലവിൽ വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. 2017-18 അദ്ധ്യയനവർഷം മുതൽ വയനാട് ജില്ലയിൽ പ്രൈമറി ക്ലാസ്സുകളുള്ള 234 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 241 പേരെയും 2018-19 വർഷം പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി 26 പേരെയും ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആൾ ഇന്ത്യ സിവിൽ സർവ്വീസിൽ പ്രവേശനം ലഭിക്കുന്നതിനായി, പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന ഒരു വർഷത്തെ പ്രത്യേക പരിശീലനം നൽകുന്നു. സൗജന്യ താമസ സൗകര്യം, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ച് ഒരു വർഷം പരിശീലനം ലഭ്യമാക്കുന്നു.

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ICSETS മുഖേന പ്രവേശന പരീക്ഷവഴി തെരഞ്ഞെടുത്ത മിടുക്കരായ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെട്ട 30 പേർക്ക് കേരളത്തിനകത്തുള്ള മികച്ച സ്ഥാപനങ്ങളിൽ ചേർന്ന് പരിശീലനം നടത്തുന്നതിനായി "ലക്ഷ്യ സ്കോളർഷിപ്പ്" എന്ന പേരിൽ ഒരു പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്നതാണ്.

കൂടാതെ ജുഡീഷ്യൽ സർവ്വീസിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനം ലഭ്യമാക്കുക എന്ന ലക്ഷ്യംവച്ച് 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് തിരുവനന്തപുരം ലോ കോളേജുമായി ചേർന്ന് ജുഡീഷ്യൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തിവരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളാണ് ഈ പദ്ധതി മുഖേന പരിശീലനം നേടുന്നത്.

## പട്ടികജാതിക്കാർക്കായി ആരോഗ്യ സുരക്ഷാ പദ്ധതി

14 (*224) ശ്രീ. ബി. സത്യൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആരോഗ്യ സുരക്ഷാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട അർഹരായ രോഗികൾക്കും വൃദ്ധർക്കും പരിചരണം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, മസ്തിഷ്കരോഗം മുതലായ ഗുരുതരമായ രോഗം പിടിപെട്ട പട്ടികജാതിക്കാർക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട, 1,00,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് 50,000 രൂപ വരെ നേരിട്ട് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു. ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഡയാലിസിസ്, ക്യാൻസർ, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ബന്ധപ്പെട്ട ആശുപത്രി മുഖേന ധനസഹായം നൽകുന്നു.

(സി) ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, മസ്തിഷ്കരോഗം മുതലായ ഗുരുതരമായ രോഗം പിടിപെട്ട പട്ടികജാതിക്കാരുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം നൽകുന്നു.

## പുതിയ ഡാമുകളുടെ നിർമ്മാണം

15 (*225) ശ്രീ. പി. സി. ജോർജ്:
ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ നിയന്ത്രണം ലക്ഷ്യം വച്ചുകൊണ്ട് പുതിയതായി എത്ര ഡാമുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ഡാമുകൾക്ക് ബലക്ഷയം ഉള്ളതായി ഏതെങ്കിലും ഏജൻസികൾ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കാമോ;

(സി) ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതൊക്കെ ജില്ലകളിൽ എത്ര ഡാമുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) കാരാപ്പാറ നദിക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന കുരിയാർകുറ്റി-കാരാപ്പാറ ഡാം ചാലക്കുടി നദിയിലെ പ്രളയ നിയന്ത്രണംകൂടി ലക്ഷ്യംവച്ചാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞമ്പാറ, വടകരപ്പതി, എരുത്തേമ്പതി മുതലായ പഞ്ചായത്തുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനായിട്ടാണ് ഈ പദ്ധതി. പദ്ധതിയുടെ വിശദമായ പര്യവേഷണപ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ അഞ്ചുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ പര്യവേഷണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതികൊണ്ട് വൈദ്യുതോത്പാദനവും നടത്താവുന്നതാണ്. ഇതിനുപുറമെ കബനി ബേസിനിൽ വിഭാവനം ചെയ്തിട്ടുള്ള കടമാൻതോട് ചുണ്ടലിപ്പുഴ, നൂൽപ്പുഴ, കല്ലമ്പതി, തിരുനെല്ലി തോണ്ടാർ, പെരിങ്ങോട്ട് പുഴ എന്നീ നിർദ്ദിഷ്ട ഡാമുകളും പ്രളയ നിയന്ത്രണത്തിന് സഹായകരമാണെന്ന് കരുതുന്നു.

(ബി) 25-11-1979-ൽ CWC ചെയർമാൻ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത യോഗത്തിൽ മുല്ലപ്പെരിയാർ ഡാമിനെ ബലപ്പെടുത്താനുള്ള ആവശ്യകത സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ ദില്ലി IIT യുടെ പഠന റിപ്പോർട്ടിൽ രൂക്ഷമായ പ്രളയത്തിൽ (Probable Maximum Flood) Hydrologically Unsafe ആണെന്ന് പറയുന്നുണ്ട്.

(സി) ജലവിഭവ വകുപ്പിനുകീഴിൽ 20 ഡാമുകൾ/റെഗുലേറ്ററുകൾ/ ബാരേജുകൾ ഉണ്ട്. ഡാമുകളുടെ പേരും അത് സ്ഥിതിചെയ്യുന്ന ജില്ലയും അനുബന്ധമായി* ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വന്യജീവികളുടെ കണക്കെടുപ്പും സംരക്ഷണവും

16 (*226) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി. കെ. ആശ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി കണക്കെടുപ്പ്, വന നിരീക്ഷണം, വന-വന്യജീവി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) വന്യജീവികളുടെ കണക്കെടുപ്പിനായി സ്വീകരിക്കുന്ന മാർഗ്ഗങ്ങളും അവയുടെ കൃത്യതയും സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) വനനിരീക്ഷണത്തിനായി സ്ഥിരമായി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടോ; ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ എവിടെയാണ് വിശകലനം ചെയ്യുന്നതെന്നും എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ്, വനനിരീക്ഷണം, വന-വന്യജീവി സംരക്ഷണം എന്നിവ കാര്യക്ഷമമാക്കാൻ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, ദേശീയ കടുവാ സംരക്ഷണസമിതി, പ്രോജക്ട് എലിഫന്റ് ഡയറക്ടറേറ്റ് എന്നിവർ യഥാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ, സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പരിശീലനം ലഭിച്ച ജീവനക്കാരെയും വിവിധ നോൺ-ഗവൺമെന്റൽ ഓർഗനൈസേഷനുകളിലെ അംഗങ്ങളേയും കണക്കെടുപ്പിനായി നിയോഗിക്കുകയും ഇവരുടെ സഹായത്തോടെ വനമേഖല വിവിധ ബ്ലോക്കുകളായി തിരിച്ച് നേരിട്ട് ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് എണ്ണി തിട്ടപ്പെടുത്തുന്ന രീതിയിലും കൃത്യമായ ഇടവേളകളിൽ ക്യാമറകൾ പരിശോധിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തുകയും ചെയ്യുന്നു.

വന്യജീവി കണക്കെടുപ്പ്, വനമേഖലാ നിരീക്ഷണം, വന-വന്യജീവി സംരക്ഷണം എന്നിവ സാങ്കേതിക സഹായത്തോടെ ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു :

1. മൃഗങ്ങളെ തിരിച്ചറിയാൻ ക്യാമറാ ട്രാപ്പ്
2. കാഷ്ഠത്തിൽനിന്നുള്ള ഡി.എൻ.എ. പരിശോധന
3. ജി.പി.എസ്., റെയ്ഞ്ച് ഫൈൻഡർ, കോമ്പസ് എന്നിവയുടെ ഉപയോഗം
4. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ക്യാമറാ ട്രാപ് ഫോട്ടോകളുടെ കൃത്യതയാർന്ന തരംതിരിക്കൽ.
5. MSTrIPES (Monitoring System for Tigers- Intensive Protection and Ecological Status) എന്ന് ചുരുക്കത്തിൽ അറിയപ്പെടുന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തിപ്പിക്കാവുന്ന ജി.പി.എസ്., ക്യാമറ എന്നീ സംവിധാനങ്ങളോടുകൂടിയ മൊബൈർ ഫോൺ ഉപയോഗിച്ചുള്ള സർവ്വെ.
6. HawK (Hostile Activity Watch Kernel) എന്ന് ചുരുക്കത്തിൽ അറിയപ്പെടുന്ന ഓൺലൈൻ ആപ്ലിക്കേഷൻ ഉപയോഗിച്ച് വന്യജീവികളുടെ മരണവും വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തലും വിശകലനവും.

പ്രധാനമായും കടുവ, ആന, വരയാട് എന്നീ വന്യജീവികളുടെ കണക്കെടുപ്പാണ് സംസ്ഥാനത്ത് നടത്തുന്നത്. വയനാട് വന്യജീവി സങ്കേതത്തിലും തൊട്ടടുത്ത വനമേഖലകളിലും കഴുകവർഗ്ഗത്തിലെ പക്ഷികളുടെ കണക്കെടുപ്പ് 2016 മുതൽ നടത്തുന്നുണ്ട്. കണക്കെടുപ്പ് കൂടാതെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവികളുടെ സാന്നിധ്യവും അവയുടെ ആവാസ വ്യവസ്ഥകളും അറിയുന്നതിനായി പക്ഷികൾ, ഉഭയജീവികൾ, ചിത്രശലഭങ്ങൾ, തുമ്പികൾ, എട്ടുകാലികൾ തുടങ്ങിയ ജീവിവിഭാഗങ്ങളുടെ സർവ്വേയും സംരക്ഷിത മേഖലകളിൽ നടത്തിവരുന്നുണ്ട്.

വനം-വന്യജീവി സംരക്ഷണത്തിനുള്ള ദൈനംദിന പ്രവർത്തനങ്ങളും വനമേഖലകളെ ആശ്രയിച്ച് കഴിയുന്ന ആദിവാസികളുടെയും തദ്ദേശവാസികളുടേയും ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങളും അവയുടെ പരിപാലനവും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

(ബി) കൃത്യമായ എണ്ണം എന്നതിനുപകരം വന്യജീവികളുടെ സഞ്ചയ (Population) ങ്ങളിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ അറിയുന്നതിനാണ് പ്രധാനമായും വന്യജീവി കണക്കെടുപ്പ് നടത്തുന്നത്. സ്ഥിതിവിവര ശാസ്ത്രത്തിൽ

അംഗീകരിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളാണ് ഇതിനായി അവലംബിക്കുന്നത്. കൃത്യത ഉറപ്പാക്കുന്നതിന് ഓരോ വിഭാഗം ജീവികൾക്കും അനുയോജ്യമായ വിവിധ രീതികൾ ഓരോ കണക്കെടുപ്പിലും അവലംബിക്കാറുണ്ട്.

മൂന്നുദിവസം നീണ്ടുനിൽക്കുന്ന ആനയുടെ കണക്കെടുപ്പിൽ നേരിട്ട് കാണുന്നവയുടെ എണ്ണമെടുക്കുന്നതുകൂടാതെ ആനപ്പിണ്ടത്തിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും (dung count) ജലാശയങ്ങൾ കേന്ദ്രീകരിച്ച് അവയുടെ സഞ്ചയങ്ങളുടെ ഘടനയും (Population Structure) വിശകലനം ചെയ്യുന്നുണ്ട്. കടുവയുടെ കണക്കെടുപ്പ്, എട്ടുദിവസം നീണ്ടുനിൽക്കുന്ന ഫീൽഡ് സർവ്വേയിൽ കടുവ, സഹമാംസഭോജികൾ, അവയുടെ ഇരയായ മൃഗങ്ങൾ എന്നിവയുടെ കണക്കെടുപ്പ്, അവയുടെ ആവാസവ്യവസ്ഥയുടെ പ്രത്യേകതകൾ നിരീക്ഷിക്കൽ, 30 ദിവസത്തോളം നീളുന്ന ക്യാമറ ട്രാപ്പിംഗ് എന്നിവ അടങ്ങുന്നതാണ്.

(സി) വന്യജീവി നിരീക്ഷണത്തിനായി സ്ഥിരമായി ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ കടുവയുടെ കണക്കെടുപ്പിനായി പ്രത്യേക കാലയളവിലേയ്ക്ക് വനത്തിൽ ക്യാമറകൾ സ്ഥാപിക്കാറുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ പെരിയാർ പറമ്പിക്കുളം ടൈഗർ കൺസർവ്വേഷൻ ഫൗണ്ടേഷനുകളിലാണ് വിശകലനം ചെയ്യുന്നത്.

സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ പരിധിയിലുള്ള ചില സ്ഥലങ്ങളിൽ സ്ഥാപിച്ച ക്യാമറകളിൽ ലഭിച്ച സാമൂഹ്യവിരുദ്ധരുടെ സാന്നിധ്യം സംബന്ധിച്ച വിവരങ്ങൾ തുടരന്വേഷണത്തിന് പോലീസിന് കൈമാറിയിട്ടുണ്ട്.

## കള്ളുചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കാൻ നടപടി

17 (*227) <u>ശ്രീ. സി. കൃഷ്ണൻ:</u>

<u>ശ്രീ. ബി. ഡി. ദേവസ്സി:</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>

<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന മദ്യനയം പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രമുഖമായിരുന്ന കള്ളുചെത്തു വ്യവസായത്തെ പുനരുദ്ധരിക്കാൻ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ട്;

(ബി) ആരോഗ്യത്തിന് ഹാനികരമായ വീര്യമേറിയ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും മദ്യപാനികളെ വികർഷിക്കുന്നതിനും വിനോദ സഞ്ചാരത്തിനും പ്രോത്സാഹജനകമാക്കുന്ന രീതിയിൽ കള്ളുഷാപ്പുകളെ ആധുനീകരിക്കുന്നതിനും കൃത്രിമക്കള്ളിന്റെ നിർമ്മാണവും വിതരണവും വിപണനവും ഇല്ലാതാക്കുന്നതിനും വേണ്ട ഇടപെടൽ ഉണ്ടാകുമോ;

(സി) വ്യാജമദ്യം ഇല്ലാതാക്കുന്നതിനും വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും സർക്കാർ നടത്തിവരുന്ന പ്രചാരണ പ്രവർത്തനവും എൻഫോഴ്സ്മെന്റ് ശാക്തീകരണവും വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ) :

(എ) പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ളുചെത്ത് വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളാണ് ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിലൂടെ നടപ്പിലാക്കിവരുന്നത്. പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ കള്ളുഷാപ്പുകൾ വില്പനയിലൂടെ ലൈസൻസ് ചെയ്തുനൽകുകയും വിൽപ്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ പകുതി റെന്റൽ തുക വരെ ഈടാക്കി വിൽപ്പന നടത്തുകയും തുടർന്ന് ബാക്കി വന്ന കള്ളുഷാപ്പുകൾ ഷാപ്പ് ഒന്നിന് 500/- രൂപ നിരക്കിൽ കള്ള് മേഖലയിലെ തൊഴിലാളി യൂണിയനുകൾക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

കൂടാതെ കള്ളുചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിനോദസഞ്ചാര വികസനത്തിന് ഉതകുന്ന മദ്യനയമാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കള്ള് ഷാപ്പ് മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്രിമ കള്ളിന്റെ നിർമ്മാണവും വിതരണവും വിപണനവും ഇല്ലാതാക്കുന്നതിന് ഉപയുക്തമായ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ എക്സൈസ് വകുപ്പ് കൈക്കൊണ്ടുവരുന്നു.

(സി) എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ വിവിധ മേഖലകളിലെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. ലഹരി വർജ്ജനത്തിലൂടെ ലഹരി

വിമുക്തമായ ഒരു നവകേരളം സൃഷ്ടിക്കുകയെന്നതാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഉദ്ദേശ്യലക്ഷ്യം. ലഹരിക്ക് അടിമപ്പെട്ടവർക്കും ആയതിൽനിന്നും മോചനം ആഗ്രഹിക്കുന്നവർക്കും സൗജന്യ കൗൺസിലിംഗ് നൽകുന്നതിനുവേണ്ടി 3 കൗൺസിലിംഗ് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിവിരുദ്ധ ആശയങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിന് വിവിധ കലാകായിക പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപഭോഗത്തിനെതിരെയുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രദർശന പവലിയനുകൾ തയ്യാറാക്കുന്നുണ്ട്. ഇതിനൊപ്പം ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ച് കിടത്തി ചികിത്സയ്ക്ക് അടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

**ജലസംരക്ഷണ പരിപാടികൾ**

18 (*228) ശ്രീ. വി. ജോയി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയമായ ജലസംരക്ഷണ ഉപാധികളുടെ അഭാവത്തിൽ വരൾച്ചയും കുടിവെള്ള ക്ഷാമവും അടിക്കടിയുണ്ടാകുന്നത് പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള ജലസംരക്ഷണ പരിപാടിയുടെ വിശദാംശം നൽകാമോ;

(ബി) കുളങ്ങളും തോടുകളും മാത്രമല്ല നദികളെക്കൂടി പുനരുജ്ജീവിപ്പിക്കുന്നതിനും ജലസ്രോതസ്സുകൾ മലിനപ്പെടാതെ സംരക്ഷിക്കുന്നതിനും നടത്തിയ ഫലപ്രദമായ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ;

(സി) അരുവിക്കര ഉൾപ്പെടെയുള്ള പ്രധാന കുടിവെള്ള സ്രോതസ്സുകൾപോലും മലിനപ്പെട്ട അവസ്ഥയിലാണെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ;

(ഡി) വ്യാവസായിക ഗാർഹിക ഉപയോഗത്തിലെ ജലദുർവ്യയം ഒഴിവാക്കുന്നതിന് ബോധവൽക്കരണവും മറ്റ് നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) :

(എ) വരൾച്ചയും കുടിവെള്ളക്ഷാമവും അടിക്കടിയുണ്ടാകുന്ന പശ്ചാത്തലത്തിൽ കുടിവെള്ള സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിക്കാനും ലഭ്യമായ ജലം സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും വിനിയോഗിക്കുവാനും കഴിയുന്നതും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുവാനും നടപടി സ്വീകരിക്കാറുണ്ട്. അടിക്കടിയുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിനും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനും കേരള വാട്ടർ അതോറിറ്റി താഴെ പറയുന്ന നടപടികൾ ചെയ്തുവരുന്നു :

- ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താത്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നു.
- ജലസേചന വകുപ്പ്, സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിച്ച് ബാക്കിയുള്ള ജലം മാത്രം കനാലുകളിലൂടെ തുറന്നുവിടുന്നു.
- അടിക്കടിയുള്ള ലീക്കുമൂലം ജലനഷ്ടം സംഭവിക്കുന്ന കാലപ്പഴക്കം ചെന്ന വിതരണ പൈപ്പ്ലൈനുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിക്കുന്നു.
- ജലലഭ്യതയുള്ള സ്ഥലങ്ങളിൽനിന്ന് പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു.
- വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നു.
- പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും കൂടുതൽ പമ്പിംഗ് ആവശ്യമാണെങ്കിൽ കൂടുതൽ ഷിഫ്റ്റുകൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നു.
- ജല ശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്ന രീതിയിൽ പുനരുദ്ധാരണ-നവീകരണ പ്രവൃത്തികളും വിതരണ ശൃംഖല ശക്തിപ്പെടുത്തലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നു.

- ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യുവാൻ ആവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുന്നു.
- അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം നടത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കിയോസ്കുകൾ സ്ഥാപിച്ചും വെൻഡിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നു.
- ഉപേക്ഷിച്ച പാറമടകൾ പോലുള്ള പാരമ്പര്യേതര സ്രോതസ്സുകൾ കണ്ടെത്തുകയും ആവശ്യമെങ്കിൽ താത്കാലിക ശുദ്ധീകരണ ശാലകൾ സ്ഥാപിച്ച് അവിടെനിന്നും ജലവിതരണം നടത്തുകയും ചെയ്യുന്നു.

മേൽ പ്രതിപാദിച്ച നടപടികൾ കൂടാതെ കുടിവെള്ള ക്ഷാമവുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ ഇടയ്ക്കിടെ വിലയിരുത്തി വേണ്ട പരിഹാരനടപടികൾ കൈക്കൊള്ളാറുണ്ട്.

- റിഡ്ജ്-ടു-വാലി (മുകളിൽനിന്ന് താഴേയ്ക്ക്) എന്ന സമീപനം സ്വീകരിച്ചുകൊണ്ടുള്ള മണ്ണ്-ജലസംരക്ഷണ പ്രവർത്തനമാണ് ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ജലസേചന വകുപ്പ് എഞ്ചിനീയർമാർ കൺവീനർമാരായ സാങ്കേതിക സമിതികൾ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുകയും നീർത്തടപ്ലാനുകളും നീർത്തട മാസ്റ്റർപ്ലാനുകളും തയ്യാറാക്കിവരികയും ചെയ്യുന്നു.
- വിവിധ പുഴകളും തോടുകളും വീണ്ടെടുക്കുന്ന, ശുചീകരിക്കുന്ന പ്രവർത്തനങ്ങളും വിജയകരമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ഹരിത കേരളം മിഷൻ പദ്ധതിയിൽ ഗോവൻ മാതൃകയായ ബന്ധാര സ്കീം കേരളത്തിലെ 5 വരൾച്ചാബാധിത ജില്ലകളായ പാലക്കാട്, ഇടുക്കി, പത്തനംതിട്ട, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പാക്കാൻ നടപടികളെടുത്തുവരുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിനായി വലിയ ജനപങ്കാളിത്തത്തോടെ നീർത്തടാടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുകവഴി ഭൂജലത്തിന്റെ ഗുണനിലവാരത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ഇത് കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിനും വരൾച്ചയുടെ തീവ്രത കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്.

- വരൾച്ചയും കുടിവെള്ളക്ഷാമവും അടിക്കടി ഉണ്ടാകുന്നത് പരിഹരിക്കുവാനായി ഭൂജലവകുപ്പ് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഹ്രസ്വകാല പദ്ധതികളിൽ നിലവിലുള്ള കുഴൽക്കിണർ കുടിവെള്ള പദ്ധതികൾ, നവീകരണം, കുഴൽക്കിണർ-കൈപമ്പ് അറ്റകുറ്റപ്പണികൾ, കുഴൽക്കിണർ വഴിയുള്ള മിനി കുടിവെള്ള പദ്ധതികളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്നു. ദീർഘകാലാടിസ്ഥാനത്തിൽ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ, ഭൂജല-വിനിയോഗം, പരിപാലനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള ബോധവത്കരണ പരിപാടികൾ എന്നിവ വകുപ്പ് വിവിധ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ജലവിതാന നിരീക്ഷണ പഠനങ്ങൾ നടത്തുകയും സമഗ്രമായ ഭൂജല വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള Water Budgeting System നടപ്പിലാക്കുവാനും ലക്ഷ്യമിടുന്നുണ്ട്. ഭൂജല വകുപ്പ് സുസ്ഥിരമായ ഭൂജല പരിപാലനത്തിനായി പ്ലാൻ പദ്ധതിയായ 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും' പദ്ധതിയിൻകീഴിൽ മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ റീചാർജ്ജ്, റീചാർജ്ജ് പിറ്റ്/റീചാർജ്ജ് ഷാഫ്റ്റ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അടിയണകളുടെ നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സ്റ്റഡി എന്നിവ ജില്ലകളിൽ നടന്നുവരുന്നു. ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകളിന്മേൽ അനുമതിക്കായുള്ള സൂക്ഷ്മ പരിശോധനകൾ പുരോഗമിച്ചുവരുന്നു. കുഴൽക്കിണറുകൾവഴി കൃത്രിമ ഭൂജലസംപോഷണ സാധ്യതകൾ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും 4 വീതം കുഴൽക്കിണറുകൾ തെരഞ്ഞെടുത്ത് കൃത്രിമ ഭൂജല പരിപോഷണ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനായി പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലനിധി പദ്ധതിയുടെ ഭാഗമായി നദികളിൽ റഗുലേറ്റർ - 1, ചെക്ക് ഡാം - 184, vented cross bar – 44, ഭൂമിയുടെ അടിയിലെ തടയണ (sub surface dyke) – 12, പുരപ്പുറ കിണർ പരിപോഷണം - 1478, കോണ്ടൂർ ബണ്ട് - 31, കുളം സംരക്ഷണം - 6 എന്നിവ സ്ഥാപിച്ച് ഭൂജല

പരിപോഷണം നടത്തുന്നു. കൂടാതെ ജലനിധി പദ്ധതി സ്രോതസ്സുകളിൽ കിണർ പരിപോഷണം, മഴക്കുഴികൾ എന്നിവ നിർമ്മിച്ച് ഭൂജല പരിപോഷണം നടത്തുന്നു. കൂടാതെ കനത്ത വേനൽ സമയത്ത് വെള്ളത്തിന്റെ ഉപയോഗം ക്രമീകരിക്കാനും പമ്പിംഗ് റെഗുലേറ്റ് ചെയ്യാനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. KRWSA യുടെ മഴകേന്ദ്രം മുഖേന വ്യക്തിഗത കുടുംബങ്ങൾക്ക് പുരപ്പുറം മഴവെള്ള സംഭരണികളും കിണർ പരിപോഷണവും ചെയ്തുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്കും പുരപ്പുറ മഴവെള്ള പരിപോഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ തിരുവനന്തപുരം നഗരത്തിൽ Fire & Rescue, ARP camp, SAP camp എന്നീ സ്ഥലങ്ങളിൽ മഴവെള്ള ശേഖരണവും ഭൂജല സംരക്ഷണവും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾവഴി ബോധവത്കരണം നടത്തുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനം, റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്. അനിയന്ത്രിതമായ നഗരവത്കരണം, നിലം നീർച്ചാലുകൾ നികത്തൽ, നീർത്തട നശീകരണം, അനധികൃത കയ്യേറ്റങ്ങൾ, വനനശീകരണം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ കാരണങ്ങളാലും നദികളിലെ അനിയന്ത്രിതമായ മണലൂറ്റ് കാരണവും ജലസ്രോതസ്സുകൾ വറ്റിവരുന്ന സ്ഥിതിവിശേഷമുണ്ട്. നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റഗുലേറ്ററുകൾ എന്നിവവഴി നദികളെത്തന്നെ ജലസംഭരണികളാക്കി മാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുവാനുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഓരുവെള്ളക്കയറ്റ നിയന്ത്രണത്തിനും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും അതുവഴി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഇത് ഉപകാരപ്രദമാണ്. കൂടാതെ ജലഅതോറിറ്റിയുടെ ജലശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അത് പരിപാലിച്ചും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. കയ്യേറ്റം കണ്ടെത്തിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പോലീസ് എന്നിവരുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ജലസ്രോതസ്സുകളുടെ നവീകരണത്തിന് സമഗ്രമായ ജലപരിപാലനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഹരിത കേരളം പദ്ധതിയിൽ ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ സാങ്കേതിക സഹായം നൽകുകയും പരിശീലനം, ബോധവത്കരണം എന്നിവ നടപ്പിലാക്കിവരികയും ചെയ്യുന്നു.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങളുടേയും തോടുകളുടേയും പുനരുജ്ജീവന പ്രവർത്തനം നടന്നുവരുന്നു. അതോടൊപ്പംതന്നെ 202 കിലോമീറ്ററോളം നീളം പുഴകളുടെ പുനരുജ്ജീവനവും നടന്നിട്ടുണ്ട്. ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ച പുഴകളെ സുസ്ഥിരമായി നിലനിർത്തുന്നതിന് വൃഷ്ടി പ്രദേശ പരിപാലനം ചെയ്യുന്നതിനായി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ നിർവ്വഹണം ശാസ്ത്രീയ പുഴ പരിപാലനത്തിന് വഴിവയ്ക്കും. ഇതുകൂടാതെ കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ ആക്ട് കൂടുതൽ കർശന വകുപ്പുകളോടെ ഭേദഗതി ചെയ്തിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചിട്ടുണ്ട്. നാഷണൽ ഹൈഡ്രോളജി പ്രോജക്റ്റിന് കീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന നദികളായ മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടൻസി നൽകുന്നത് പരിഗണനയിലുണ്ട്.

(സി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന അരുവിക്കര ഉൾപ്പെടെയുള്ള ശുദ്ധജലസ്രോതസ്സുകൾ കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിംഗ് കൃത്യമായ ഇടവേളകളിൽ സന്ദർശിച്ച് ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ചുവരുന്നു. അരുവിക്കര സ്രോതസ്സിൽ പ്രധാനമായും ജലം എത്തുന്നത് പേപ്പാറ അണക്കെട്ടിൽനിന്നാണ്. എന്നാൽ വിതുര, ആര്യനാട്, വെള്ളനാട്, അരുവിക്കര പഞ്ചായത്തുകൾ ഉൾപ്പെട്ട വൃഷ്ടി പ്രദേശത്തുനിന്ന് നിരവധി തോടുകളും നീർച്ചാലുകളുംവഴി മഴ സമയത്ത് കരമന നദിയിലേയ്ക്ക് ജലം എത്തിച്ചേരുന്നുണ്ട്. ഈ ജലത്തിനൊപ്പം മാലിന്യങ്ങളും എത്തിച്ചേരുന്നുണ്ട്. എന്നാൽ ഇത് ഡാമിൽനിന്നും അധികജലം തുറന്നു വിടുമ്പോൾ കരമന നദിവഴി കടലിലേയ്ക്ക് എത്തിച്ചേരുകയാണ് സാധാരണയായി സംഭവിക്കുന്നത്. കൂടാതെ റിസർവോയറിനുള്ളിൽ കാണപ്പെടുന്ന പാഴ്വസ്തുക്കൾ അതാത് സമയത്തുതന്നെ നീക്കം ചെയ്യാറുണ്ട്. ടി നീരൊഴുക്കിന്റെ ഭാഗമായി

എക്കലും ചെളിയും അരുവിക്കര ഡാമിൽ അടിഞ്ഞുകൂടിയിട്ടുണ്ട്. ഇത് നീക്കം ചെയ്ത് സംഭരണശേഷി വീണ്ടെടുക്കുന്ന പ്രവൃത്തിയുടെ വിശദ പഠന റിപ്പോർട്ട് അന്തിമ ഘട്ടത്തിലാണ്. കൂടാതെ റിസർവോയർ സംരക്ഷണത്തിന്റെ ഭാഗമായി ക്യാമറ ഘടിപ്പിച്ചിട്ടുണ്ട്. മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനുവേണ്ടി ചുറ്റും കമ്പിവേലി കെട്ടുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പായലും ആമ്പലും മറ്റ് പാഴ്വസ്തുക്കളും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ വീഡ് ഹാർവെസ്റ്ററിന്റെ സഹായത്തോടെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) വ്യാവസായിക ഗാർഹിക ഉപയോഗത്തിലെ ജലദുർവ്യയം ഒഴിവാക്കുന്നതിന് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘുലേഖകൾ തുടങ്ങിയവ മുഖേനയും ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. വ്യാവസായിക ഗാർഹിക കണക്ഷനുകൾ എടുത്തിട്ടുള്ള ഉപഭോക്താക്കളിൽ വളരെ കാലമായി മീറ്റർ പ്രവർത്തിക്കാത്തവർക്ക് കണക്ഷൻ വിച്ഛേദിക്കുമെന്ന് മുന്നറിയിപ്പ് നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്ന സമയത്ത് പ്രാദേശിക സാഹചര്യത്തിന് അനുസൃതമായി കൂടുതൽ ജലം ഉപയോഗിക്കുന്ന വാണിജ്യ കണക്ഷനുകളിൽ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും പുതിയ കണക്ഷൻ നൽകുന്നതിന് താത്കാലിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യാറുണ്ട്. വാട്ടർ കണക്ഷനുകളിലൂടെ നൽകുന്ന ജലത്തിന്റെ ദുരുപയോഗം കണ്ടെത്തി നടപടിയെടുക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

ഹരിത കേരളം മിഷന്റെ ഭാഗമായി 2017 ഏപ്രിൽ, മേയ് മാസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും സഹകരണത്തോടെ ജലമിതവ്യയത്തിന് ഊന്നൽ നൽകിക്കൊണ്ട് ജലമാണ് ജീവൻ എന്ന പേരിൽ വിപുലമായ ക്യാമ്പയിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെകൂടി സഹായത്തോടെ ജലമാണ് ജീവൻ എന്ന പേരിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിരുന്നു. ഇതിന് തുടർച്ചയായി സംസ്ഥാനത്തെ സ്കൂളുകളിലും ജല മിതവ്യയം സംബന്ധിച്ച് വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. തുടർന്ന് 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ കുടുംബശ്രീയുടെ കൂടി സഹായത്തോടെ എല്ലാ തദ്ദേശസ്വയംഭരണ വാർഡുകളിലും ജല മിതവ്യയത്തെക്കുറിച്ച് ബോധവത്കരണത്തിനായി ജലസഭകൾ സംഘടിപ്പിച്ചു. ജലമാണ് ജീവൻ എന്ന പേരിൽ ആകർഷകമായ ഒരു ബ്രോഷർ ഇതിനായി തയ്യാറാക്കി നൽകി. സംസ്ഥാനത്ത് വിവിധ എക്സിബിഷനുകളുമായി ബന്ധപ്പെട്ട് ഹരിത കേരളം മിഷൻ സ്റ്റാളുകൾ

സ്ഥാപിക്കുകയും അവയിൽ ജല ദുർവ്യയം ഒഴിവാക്കുന്നതിനുവേണ്ട സന്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ വിവിധ ഏജൻസികളും സന്നദ്ധ സംഘടനകളും ജലദുർവ്യയം ഒഴിവാക്കുന്നതിന് ബോധവത്കരണവും മറ്റ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. വ്യാവസായിക-ഗാർഹിക ഉപയോഗത്തിലെ ദുർവ്യയം ഒഴിവാക്കുന്നതിന് ജലകാര്യക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തന പ്രചാരണ പരിപാടികൾ വരുംനാളുകളിൽ ഏറ്റെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തി ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, എൻ.ജി.ഒ.കൾ, മറ്റ് സർക്കാർ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർക്ക് ഭൂജലത്തിന്റെ വിനിയോഗം, സംരക്ഷണം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകൾ സംസ്ഥാനത്ത് വ്യാപകമായി സംഘടിപ്പിച്ചുവരുന്നു. ഇതുകൂടാതെ ജല സംരക്ഷണ മാർഗ്ഗങ്ങൾ പ്രതിപാദിക്കുന്ന ഹ്രസ്വചിത്രങ്ങൾ പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.

ഗാർഹിക ഉപയോഗത്തിലെ ജലദുർവ്യയം ഒഴിവാക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുവേണ്ടി ജലനിധിയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഇപ്രകാരമാണ്.

1. ജല വിനിയോഗം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും ജല ദുരുപയോഗം തടയുന്നതിനുംവേണ്ടി ജലനിധി പഞ്ചായത്തുകളിൽ ബോധവത്കരണം നടത്തുന്നതിനായി കുടിവെള്ള ഗുണഭോക്തൃസമിതികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്.

2. ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ജല ദുരുപയോഗം തടയുന്നതിനും അവബോധം ഉണ്ടാക്കുന്നതിനായി റോഡ് ഷോകൾ, ശില്പശാലകൾ, കുട്ടികൾക്കിടയിൽ മത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കാനുദ്ദേശിക്കുന്നു.

3. ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളിൽ ശരിയായ ജല വിനിയോഗം സംബന്ധിച്ചും ജല ദുരുപയോഗം തടയുന്ന തിനുള്ള, ബോധവത്കരണത്തിനായി സ്കൂൾതലത്തിൽ ജലശ്രീക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

4. വിവിധ മാധ്യമങ്ങളിലൂടെ (റേഡിയോ, പത്രം) ജലം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനായി സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

5. ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി ജനങ്ങളിൽ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലദുരുപയോഗം തടയുന്നതിനും ജലമലിനീകരണം തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി അതാത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്.

6. ജലനിധിയുടെ പദ്ധതി പഞ്ചായത്തുകളിൽ ജലവുമായി ബന്ധപ്പെട്ട വിഷയത്തിൽ ബോധവത്കരണ പരിപാടികളും ജനസമ്പർക്ക പരിപാടികളും കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ, ജലശ്രീക്ലബ്ബുകൾ, മറ്റ് സാമൂഹിക സമിതികൾ എന്നിവയെ ഉൾപ്പെടുത്തിയാണ് സംഘടിപ്പിച്ചുവരുന്നത്.

7. ലോകജലദിനം, ലോക പരിസ്ഥിതി ദിനം എന്നീ ദിവസങ്ങളിൽ ഈ കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് സെമിനാറുകൾ, ജലനിധി പഞ്ചായത്തുതല പ്രവർത്തനങ്ങൾ എന്നിവ നടത്താറുണ്ട്.

## വനമേഖലയിലെ ജൈവവൈവിധ്യ സംരക്ഷണം

19 (*229) ശ്രീ. കെ. ഡി. പ്രസേനൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനായി ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വനപ്രദേശങ്ങളിലുള്ള നദീതടങ്ങളുടെയും ജലാശയങ്ങളുടെയും പരിപാലനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പൊതുജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംരക്ഷിത വന പ്രദേശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുംവേണ്ടി കേന്ദ്ര ധനസഹായത്തോടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കൂടാതെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി (CBD) പദ്ധതിയിൽ ഉൾപ്പെടുത്തി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയുള്ള പ്രത്യേക കർമ്മ പരിപാടികൾ, കാട്ടുതീ സംരക്ഷണ പദ്ധതികൾ, വന്യജീവി വാരാഘോഷം സംഘടിപ്പിക്കൽ, വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുള്ള നടപടികൾ, കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്യൽ, പരിസ്ഥിതി സംരക്ഷണത്തിനുള്ള പുരസ്കാരങ്ങൾ നൽകൽ എന്നിവ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തെ 15 വന്യജീവി സങ്കേതങ്ങളുടെയും പെരിയാർ ഉൾപ്പെടെ 6 ദേശീയോദ്യാനങ്ങളുടെയും 2 ടൈഗർ റിസർവ്വുകളുടെയും ഒരു കമ്മ്യൂണിറ്റി റിസർവ്വിന്റെയും വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ കാട്ടാനകളുടെ ആവാസ വ്യവസ്ഥയുടെ പരിപാലനത്തിനായി പ്രോജക്ട് എലിഫന്റ് സ്കീമും കടുവകളുടെ സംരക്ഷണത്തിനായി പ്രോജക്ട് ടൈഗർ സ്കീമും നടപ്പിലാക്കുന്നു. സ്വാഭാവിക വനങ്ങളുടെ പരിചരണം, വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയുടെ പുഷ്ടീകരണം, വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കൽ, സ്വാഭാവിക വനങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയവ ഈ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. മറ്റ് വന പ്രദേശങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ പദ്ധതി-പദ്ധതിയിതര വിഹിതങ്ങളിൽ ഉൾപ്പെടുത്തി വന്യജീവി പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഇവ കൂടാതെ കേരളത്തിൽ കാലങ്ങളായി പലവിധ കാരണങ്ങൾകൊണ്ട് അംഗസംഖ്യ കുറഞ്ഞുവരുന്നതും അന്യംനിന്നുപോകൽ ഭീഷണി നേരിടുന്നതുമായ, വരയാടുകളുടെയും വയനാട്ടിൽ കണ്ടുവരുന്ന വൾച്ചർ (കഴുകൻ) എന്നിവയുടെ സംരക്ഷണത്തിനായി റിക്കവറി പ്രോഗ്രാം ഓഫ് നീലഗിരി താർ, റിക്കവറി പ്രോഗ്രാം ഓഫ് വൾച്ചർ ഇൻ വയനാട് വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) വനമേഖലയിലെ മണ്ണ്-ജല സംരക്ഷണത്തിനായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നത് :

- വിവിധയിനം വനവൃക്ഷ തൈകളുടെ നടീലും പരിപാലനവും
- കാട്ടുതീ പ്രതിരോധ-സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഫയർ ലൈനുകളുടെ നിർമ്മാണവും പരിപാലനവും
- മണ്ണൊലിപ്പ് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഗള്ളി പ്ലഗ്ഗിംഗ്
- വനാന്തരങ്ങളിലെ നീരുറവകളുടെ സംരക്ഷണത്തിനായി ജലാശയങ്ങളിലെ കളകളും മാലിന്യവും നീക്കം ചെയ്യൽ.
- ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വിവിധയിനം തടയണകളുടെ നിർമ്മാണവും നിലവിലുള്ള തടയണകളുടെ ഉയരംകൂട്ടലും.
- നിലവിലുള്ള തടയണകളിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്ത് ജലസംഭരണത്തിന് പ്രാപ്തമാക്കൽ
- നിലവിലുള്ള തടയണകളുടെ ചോർച്ച ഒഴിവാക്കി ജലശേഖരണം ഉറപ്പുവരുത്തൽ.
- മണൽചാക്ക്, ബ്രഷ്‌വുഡ് തുടങ്ങിയവ ഉപയോഗിച്ചുള്ള താൽക്കാലിക തടയണകളുടെ നിർമ്മാണം.
- ചെറു കുളങ്ങളിൽ അടിഞ്ഞിട്ടുള്ള എക്കൽനീക്കം ചെയ്യൽ (ഡീ സിൽറ്റിംഗ്)
- വനമേഖലകളിലെ ജലസ്രോതസ്സുകളുടെ (Waterhole/Vayals/ Waterspread area) നവീകരണം.
- ചതുപ്പുപ്രദേശങ്ങളിലെ (Vayals) മൺ ബണ്ടുകളുടെ നിർമ്മാണവും ചെടികൾ നട്ടുപിടിപ്പിച്ച് ബലപ്പെടുത്തലും.

- വനത്തിനുള്ളിൽ നിർമ്മിച്ച ചെക്ക് ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.
- താത്കാലിക തടയണകളുടെ നിർമ്മാണവും ജലസ്രോതസ്സുകളുടെ നവീകരണവും.

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതലും പൊതുജന പങ്കാളിത്ത ത്തോടെയാണ് നടത്തിവരുന്നത്.

- ജനങ്ങൾക്ക് പ്രകൃതിപഠനത്തിനുള്ള അവസരവും വനാശ്രിതർക്ക് ജീവനോപാധി വർദ്ധനവും ഒപ്പം ജൈവവൈവിധ്യ സംരക്ഷണവും ലക്ഷ്യമാക്കിയിട്ടുള്ള ഇക്കോ ടൂറിസം പദ്ധതികളിലൂടെ 600 ഓളം പേർക്ക് ഗൈഡുകളായി തൊഴിൽ നൽകുന്നു. നിലവിൽ 29 വന വികാസ ഏജൻസികൾവഴി 60 ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നു.
- ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർക്ക് ഇതര ഊർജ്ജ സ്രോതസ്സ് സംവിധാനങ്ങൾ (സോളാർ അടുപ്പുകൾ, സോളാർ വിളക്കുകൾ, എൽ.പി.ജി. കണക്ഷനുകൾ, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ) വിതരണം ചെയ്തിട്ടുണ്ട്.
- വനങ്ങളിൽനിന്നും ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിൽപ്പന നടത്തുന്നതിനായി വിഭാവനം ചെയ്യപ്പെട്ട ഒരു സംവിധാനമാണ് "വനശ്രീ". വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ മേൽനോട്ടത്തിലാണ് വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. വനാശ്രിത സമൂഹത്തിന്റെ ഉന്നമനമാണ് വനശ്രീയുടെ ഉദ്ദേശ്യം.
- പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വനാവകാശ നിയമം നടപ്പിലാക്കുന്നു. വ്യക്തിഗതാവകാശം, വികസനാവകാശം, സാമൂഹികാ വകാശം എന്നിങ്ങനെ മൂന്ന് തരത്തിലുള്ള അവകാശങ്ങളാണ് വനാവകാശ നിയമമനുസരിച്ച് നൽകാറുള്ളത്. നാളിതുവരെ വ്യക്തിഗതാ വകാശങ്ങൾക്കായി 25081 ടൈറ്റിലുകളും 164 സാമൂഹികാവകാശങ്ങളും 524 വികസനാവകാശങ്ങളും അനുവദിച്ചുനൽകിയിട്ടുണ്ട്.

- വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസികൾക്ക് ഒരു വരുമാനമാർഗ്ഗം എന്ന നിലയിൽ എട്ട് വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിൽ ഒരു പൈലറ്റ് പദ്ധതിയായി കേരള ഹോർട്ടികൾച്ചർ മിഷനുമായി സഹകരിച്ച് തേനീച്ച വളർത്തൽ പദ്ധതി നടപ്പിലാക്കിവരുന്നു.

- ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള "Early Warning SMS alert system" 65 പ്രദേശങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്.

- വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ അവ ലഘൂകരിക്കുന്നതിന് തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നാളിതുവരെ 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും മനുഷ്യ ജീവനാശത്തിനും നൽകിവരുന്ന നഷ്ടപരിഹാരതുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഇത്തരം അപേക്ഷകൾ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈനായി സ്വീകരിച്ച് നടപടിയെടുക്കുന്നതിനുള്ള സംവിധാനം 1-8-2016-ന് നിലവിൽ വന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2161 അപേക്ഷകളിൽ 2,97,24,473 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

- വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുള്ള ഇടങ്ങളിൽനിന്നും ലഭിക്കുന്ന നിരാക്ഷേപ പത്രത്തിനായുള്ള അപേക്ഷകൾ കാലതാമസം കൂടാതെതന്നെ തീർപ്പാക്കിവരുന്നു. നിരാക്ഷേപപത്രത്തിനായുള്ള അപേക്ഷകൾ അടിയന്തര പ്രാധാന്യത്തോടുകൂടി തീർപ്പുകൽപ്പിക്കുന്നതിന് എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

- ഗിരിജൻ സെറ്റിൽമെന്റുകളിൽനിന്നും ഗിരിജനങ്ങൾക്ക് ആഞ്ഞിലി, പ്ലാവ് എന്നീ മരങ്ങൾ മുറിച്ച് വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നതിന് ഏതാനും നിബന്ധനകൾക്ക് വിധേയമായി 27-5-2017- ൽ സ.ഉ.(കൈ.) 28/2017/വനം നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്.

- സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിന് ധനസഹായം, ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി കാവുകൾക്ക് ധനസഹായം എന്നിവ നൽകിയിട്ടുണ്ട്.
- വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വനംവകുപ്പിൽ 36 വനവികസന ഏജൻസികളാണുള്ളത്. ടി വനവികസന ഏജൻസികളുടെ കീഴിൽ 400 വനസംരക്ഷണ സമിതികളും 190 ഇക്കോഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽക്കൂടി ഏകദേശം 18000 കുടുംബങ്ങൾ വനസംരക്ഷണ/ വനവൽക്കരണ പ്രവൃത്തികളിൽ പങ്കാളികളാവുന്നുണ്ട്. ടി പ്രവർത്തനങ്ങൾ തുടർന്നും വിവിധ പദ്ധതിയിൻകീഴിൽ തുടരുന്നതാണ്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവും എന്ന പദ്ധതി പ്രകാരം 2016-17-ൽ അനുമതിയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. 2017-18-ൽ കണ്ടൽ സംരക്ഷണത്തിന് 294.53 ലക്ഷം രൂപയും 2018-19-ൽ 231.2 ലക്ഷം രൂപയും ലഭിക്കുകയും ആയത് ടി പദ്ധതിക്കായി ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

24-12-2016-ലെ ജി.ഒ. (ആർ.റ്റി.) 485/16 പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെരഞ്ഞെടുക്കാറുണ്ട്. ജില്ലാടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിക്കുകയും സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനപ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരികയും ചെയ്യുന്നു. 2016-17 വർഷത്തിൽ കാവ് സംരക്ഷണത്തിനായി 14,81,250 രൂപയും 2017-18-ൽ 8,78,350 രൂപയും 2018-19-ൽ 6,01,800 രൂപയും ആകെ വിതരണം ചെയ്തിട്ടുണ്ട്.

സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ 24-12-2016 -ലെ ജിഒ.(ആർ.റ്റി.) 485/16-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ 2016-17-ൽ 56 പേർക്ക് 57920 രൂപയും 2017-18-ൽ നാലു പേർക്ക് 4,600 (നാലായിരത്തി അറുനൂറ്) രൂപയും ധനസഹായം നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടി കാലയളവിൽ മേൽ പദ്ധതി പ്രകാരം അപേക്ഷയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്.

## മനുഷ്യ-മൃഗ സംഘർഷങ്ങൾ

20 (*230) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ-മൃഗ സംഘർഷങ്ങൾ വർദ്ധിച്ചു വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇത്തരം സംഘർഷങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) മൃഗങ്ങളുടെ ആക്രമണത്തിന് ഇരയാകുന്നവർക്ക് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം പര്യാപ്തമല്ല എന്നത് പരിഗണിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വിലയിരുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം, വനമേഖലകളിലേയ്ക്ക് അധിനിവേശ സസ്യങ്ങളുടെ വ്യാപനം കാരണം വന്യജീവികളുടെ സ്വൈര വിഹാരത്തിനുണ്ടാകുന്ന തടസ്സം, വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ, വിവിധ ആവാസ വ്യവസ്ഥകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനാഴികളുടെ അഭാവം, വന്യജീവി ഇടനാഴികളുടെ തുടർച്ചയില്ലായ്മ തുടങ്ങിയവയാണ് വന്യജീവി ആക്രമണം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. പ്രതിവർഷം ശരാശരി 20-ലധികം മനുഷ്യർക്ക് വന്യജീവി സംഘർഷത്തിന്റെ ഭാഗമായി മരണം സംഭവിക്കുന്നുണ്ട്. കൂടാതെ നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും സംഭവിക്കുന്നുണ്ട്.

(ബി) മനുഷ്യ-മൃഗ സംഘർഷം കുറയ്ക്കുന്നതിന് വനംവകുപ്പ് സ്വീകരിച്ചുവരുന്ന പ്രതിരോധമാർഗ്ഗങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനസംരക്ഷണ പ്രവർത്തനങ്ങൾ

21 (*231) ശ്രീ. രാജു എബ്രഹാം:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളുടെ സർവ്വേ നടത്തി അതിർത്തി വേർതിരിച്ച് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വികരിച്ചു വരുന്നത്;

(ബി) വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ജി.ഐ.എസ്. ഉപയോഗിച്ചുള്ള ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വനപ്രദേശങ്ങളുടെ കയ്യേറ്റം, വനസംരക്ഷണ നിയമങ്ങളുടെ ലംഘനം എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനത്തിനും വന്യജീവികൾക്കും ദോഷകരമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും വനത്തിൽ കഞ്ചാവ് കൃഷി തടയുന്നതിനുമായി എന്തെല്ലാം പരിശോധനകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 2016-17-ൽ ഉദ്ദേശം 550 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ ഉദ്ദേശം 680 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തികളിൽ 14616 ജണ്ടകളും 2018-19 സാമ്പത്തിക വർഷത്തിൽ ഉദ്ദേശം 700 കിലോമീറ്റർ നീളത്തിലുള്ള വനാതിർത്തി കളിൽ 14618 ജണ്ടകളും നിർമ്മിച്ച് വനാതിർത്തികൾ വേർതിരിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെന്റ് റിസർച്ച് & ട്രെയിനിംഗ് സെന്റർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തിവരുന്നു. നാളിതുവരെ 7 ബാച്ചിലായി 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ

ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 8-ാമത് ബാച്ചിന്റെ (30 പേർ) പരിശീലനം നടന്നുവരുന്നതുമാണ്. 4-4-2016-ലെ G.O.(P) No. 290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് -1964, റൂൾ- 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, വനം വകുപ്പുമായി ബന്ധപ്പെട്ട പുരാതന രേഖകൾ സൂക്ഷിക്കുന്നതിനായി നൂതന രീതിയിലുള്ള ഒരു റിക്കാർഡ് റൂം കോഴിക്കോട് മത്തോട്ടത്ത് 2018-19-ൽ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ജി.ഐ.എസ്.-ന്റെ സഹായത്തോടെ M-STrIPES (Monitoring system for Tigers- Intensive Protection and Ecological Status) എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് പട്രോളിംഗ് പ്രവർത്തനങ്ങൾ 2019 ജനുവരി മാസം മുതൽ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ കടുവ സംരക്ഷണ സമിതിയുടെ (എൻ.റ്റി.സി.എ) നിർദ്ദേശ പ്രകാരമാണ് നൂതന സാങ്കേതിക സംവിധാനമായ M-STrIPES (Monitoring system for Tigers- Intensive Protection and Ecological Status) നടപ്പിലാക്കിയിട്ടുള്ളത്. ഫീൽഡ് ജീവനക്കാർക്ക് നേരിട്ടും അല്ലാതെയും വന്യജീവികളെക്കുറിച്ച് ലഭ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. പരിസ്ഥിതിക്ക് മനുഷ്യൻ ഉണ്ടാക്കുന്ന ആഘാതം, വന്യജീവികളുടെ മരണം, വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ, വനത്തിനുള്ളിൽ സഞ്ചരിക്കുന്ന പട്രോളിംഗ് ടീമിന്റെ പ്രവർത്തനങ്ങൾ, ക്യാമ്പ് ഷെഡുകളുടെ പ്രവർത്തനം എന്നിവ ഈ സാങ്കേതികവിദ്യമൂലം രേഖപ്പെടുത്താൻ കഴിയുന്നതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ കഴിയുന്നു. കൂടാതെ ജനവാസ മേഖലയിൽ വന്യമൃഗങ്ങൾ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ രേഖപ്പെടുത്താനും വിലയിരുത്താനും ഈ സാങ്കേതികവിദ്യ സഹായിക്കുന്നു.

(സി) വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവ്വല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ്

രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 1-1-1977-ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. വനസംരക്ഷണ നിയമങ്ങളുടെ ലംഘനം കണ്ടുപിടിക്കപ്പെടുന്ന സാഹചര്യത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ യഥാവിധി കോടതിയിൽ കേസ്സുകൾ ചാർജ്ജ് ചെയ്യുന്നുമുണ്ട്.

(ഡി) വനത്തിനും വന്യജീവികൾക്കും ദോഷകരമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനും ഉൾവനങ്ങളിൽ കഞ്ചാവ് കൃഷി തടയുന്നതിനുമായി സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ താഴെ പറയുന്ന കാര്യങ്ങൾ ചെയ്തുവരുന്നു.

ഉൾവനങ്ങളിൽ സംരക്ഷണ ജീവനക്കാർ ഉൾപ്പെട്ട പ്രത്യേക സംഘങ്ങൾ നിരന്തരം റോന്ത് ചുറ്റി കഞ്ചാവുകൃഷി ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നു. രഹസ്യവിവരം ലഭ്യമാക്കുന്ന ഇൻഫോമർമാരുടെ (informers) സേവനം ഉപയോഗപ്പെടുത്തി വനങ്ങളിൽ കഞ്ചാവ് കൃഷിയെക്കുറിച്ച് രഹസ്യ വിവരം ശേഖരിച്ചുവരുന്നു. കഞ്ചാവ് കൃഷി കണ്ടുപിടിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സഹായവും പ്രാദേശിക സന്നദ്ധ സംഘടനകളുടെ, പൊതുജനങ്ങളുടെ, ആദിവാസികളുടെ സേവനവും ഉപയോഗപ്പെടുത്തുന്നു. കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് 24-6-2005-ലെ ജി.ഒ.(ആർ.ടി.) 356/05/വനം പ്രകാരം വനം, പോലീസ്, എക്സൈസ്, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരടങ്ങിയ ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## മെഡിക്കൽ സ്റ്റോറുകൾ വഴി സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപനം

22 (*232) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകൾ വഴി സിന്തറ്റിക് ഡ്രഗ്സിന്റെ വ്യാപനം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നൈട്രാസിപാം പോലുള്ള ഗുളികകൾ ഉപയോഗിച്ച് ഡ്രഗ്സ് നിർമ്മിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് മയക്കുമരുന്ന് വ്യാപകമായി എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) വ്യാജ കുറിപ്പ് ഉപയോഗിച്ച് വിദ്യാർത്ഥികൾ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വിവിധതരം ഗുളികകൾ വാങ്ങി ഡ്രഗ്സായി ഉപയോഗിക്കുന്നതിനെതിരെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നൈട്രാസിപാം ലഹരിക്കായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഇത്തരം മരുന്നുകൾ മെഡിക്കൽ സ്റ്റോറുകളിൽനിന്ന് അനധികൃതമായി വിൽപ്പന നടത്തുന്നില്ലായെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്.

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്നും മയക്കുമരുന്ന് സംസ്ഥാനത്ത് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ദേശീയ പാതകളിൽ വാഹന പരിശോധന നടത്തിവരുന്നതുമാണ്.

(സി) നടത്തിയിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതിന്റെ ദൂഷ്യവശങ്ങൾ എക്സൈസ് വകുപ്പ് സംഘടിപ്പിക്കുന്ന ബോധവത്കരണ പരിപാടികളിലൂടെയും സ്കൂൾ/കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന ലഹരിവിരുദ്ധ

ക്ലബ്ബുകളിലൂടെയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തുന്നുണ്ട്. വ്യാജ കുറിപ്പുമായി എത്തുന്ന ആളുകൾക്ക് മെഡിക്കൽ സ്റ്റോറുകളിൽനിന്നും ഡ്രഗ്സ് വിതരണം ചെയ്യാതിരിക്കുന്നതിന് ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃതമായ വിൽപ്പന തടയുന്നതിന് എക്സൈസ് വകുപ്പ് ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് നിരന്തരം പരിശോധന നടത്തുകയും നിയമവിരുദ്ധമായ വിൽപ്പന കണ്ടാൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

## സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം

23 (*233) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) നഗരങ്ങളിലെ ടോയ്‌ലെറ്റ് വേസ്റ്റ് എങ്ങനെയാണ് സംസ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുഴകളിലും കായലുകളിലും ടോയ്‌ലെറ്റ് വേസ്റ്റ് ഒഴുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) കേരള വാട്ടർ അതോറിറ്റിക്ക് തിരുവനന്തപുരം നഗരത്തിൽ മുട്ടത്തറയിൽ 107 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും കൊച്ചിയിൽ 4.5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഗുരുവായൂരിൽ 3 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടി കാമ്പസിനുള്ളിൽ 5 എം.എൽ.ഡി. ശേഷിയുള്ള ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

അതുപോലെതന്നെ കൊച്ചി നഗരസഭയിൽ 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും കൊല്ലം കോർപ്പറേഷനിലെ കുരീപ്പുഴയിൽ 12 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്ന പ്രവൃത്തിയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിൻമേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം മുട്ടത്തറയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ ഇപ്പോൾ പ്രതിദിനം ഏകദേശം 50 എം.എൽ.ഡി. മലിനജലം ശുദ്ധീകരിച്ചുവരുന്നു. ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷമുള്ള ജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണ്. ശുദ്ധീകരിച്ച് വേർതിരിച്ച ഖരമാലിന്യം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെ സംസ്കരിക്കുന്നു. കൊച്ചിയിലെ ട്രീറ്റ്മെന്റ് പ്ലാന്റ് 3.5 എം.എൽ.ഡി. ശേഷിയിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെയും ശുദ്ധീകരണ പ്രക്രിയയ്ക്ക് ശേഷമുള്ള ജലത്തിന്റെ ഗുണനിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പരിധിക്കുള്ളിലാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിൽ സ്വിവറേജ് ശൃംഖലയുള്ള സ്ഥലങ്ങളിൽ ടോയ്‌ലെറ്റ് വേസ്റ്റ് സ്വിവറേജ് പൈപ്പ്‌ലൈനുകളിലൂടെ വിവിധ പമ്പ് ഹൗസുകളിൽ എത്തിച്ച് അവിടെനിന്നും പമ്പ് ചെയ്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് ശുദ്ധീകരിക്കുന്നു. സ്വിവറേജ് ശൃംഖല ഇല്ലാത്ത സ്ഥലങ്ങളിൽ കോർപ്പറേഷൻ ടാങ്കറുകൾവഴി ശേഖരിക്കുന്ന സെപ്റ്റേജ് മാലിന്യവും മുട്ടത്തറയിലുള്ള സെപ്റ്റേജ് റിസീവിംഗ് സ്റ്റേഷനിൽ എത്തിച്ച് ട്രീറ്റ്മെന്റ് പ്ലാന്റ് വഴി സംസ്കരിക്കാനുള്ള സംവിധാനവും നിലവിലുണ്ട്.

കൊച്ചി നഗരത്തിലും ചെറിയ തോതിലുള്ള സമാനമായ സംവിധാനം നിലവിലുണ്ട്. എന്നാൽ ആയത് വളരെ പരിമിതമാണ്. ഭൂരിപക്ഷം നഗരങ്ങളിലും ഇത്തരം സംവിധാനങ്ങൾ നിലവിലില്ല.

(സി) കേരളത്തിലെ ജലസ്രോതസ്സുകളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാസംതോറും വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. പരിശോധന ഫലങ്ങൾ അനുസരിച്ച് പുഴകളിലെയും കായലുകളിലെയും വെള്ളത്തിൽ ടോയ്‌ലെറ്റ് മാലിന്യത്തിൽനിന്നുള്ള കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽനിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ്

ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തടയുന്നതിനായി ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്നും ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചുവരുന്നു. സ്വിവറേജ് പമ്പ് ഹൗസുകളിലെ ഓവർഫ്ലോ നിമിത്തം നദികളിൽ മാലിന്യം കലരുന്നത് ഒഴിവാക്കാൻ പമ്പിംഗ്ശേഷി വർദ്ധിപ്പിക്കുക, ലൈനുകൾ മാറ്റി സ്ഥാപിക്കുക, ജനറേറ്റർ സ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികൾ വിവിധ പദ്ധതികളിലൂടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിവരുന്നു. ടോയ്‌ലെറ്റ് വേസ്റ്റ് ശേഖരിച്ച് പുഴകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന ഇടങ്ങളിൽ പോലീസ് അധികൃതരും തദ്ദേശഭരണ സ്ഥാപനങ്ങളും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ വിഭാവനം ചെയ്ത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. കേരള വാട്ടർ അതോറിറ്റിക്ക് തിരുവനന്തപുരം നഗരത്തിൽ മുട്ടത്തറയിൽ 107 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും കൊച്ചിയിൽ 4.5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ഗുരുവായൂരിൽ 3 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും നിലവിലുണ്ട്. കോഴിക്കോട് നഗരസഭയുടെ അധീനതയിൽ നടപ്പിലാക്കിവരുന്ന സ്വീവേജ് പദ്ധതിയും സോൺ ബി യിലെ 13.5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും നിലവിൽ ദേശീയ ഹരിത ട്രിബ്യൂണലിന്റെ സ്റ്റേ കാരണം നിർത്തിവച്ചിരിക്കുകയാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങ ളുടെയും സംയുക്ത പദ്ധതിയായ അമൃതിൽ തിരുവനന്തപുരം, കൊച്ചി, കൊല്ലം നഗരങ്ങളിലേയ്ക്കുള്ള സ്വിവറേജ് സംവിധാനങ്ങൾക്കായി 203.36 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ കേരള ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു. ഇതിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 19.16 കോടി രൂപയുടെ പ്രവൃത്തിക്ക് കരാർ നൽകിക്കഴിഞ്ഞു. കൂടാതെ അമൃത് പദ്ധതിയിൽ കൊല്ലം കോർപ്പറേഷനിലെ കരീപ്പുഴയിൽ 12 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള 30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയും കൊച്ചി കോർപ്പറേഷനിലെ എളംകുളത്ത് 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള 13.7 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പ്രവൃത്തിയും കേരള ജല അതോറിറ്റി ടെണ്ടർ ചെയ്ത് സൂക്ഷ്മ പരിശോധന നടത്തിവരുന്നു.

**തൊഴിൽ നിയമങ്ങളിലെ ഭേദഗതികൾ**

24 (*234) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളിൽ തൊഴിലാളികൾക്ക് അനുകൂലമായി എന്തെല്ലാം ഭേദഗതികളാണ് വരുത്തിയതെന്ന് വിശദമാക്കുമോ;

(ബി) മിനിമം വേതന നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് ഈ സർക്കാർ വരുത്തിയതെന്നും പുതുതായി ഏതെങ്കിലും വിഭാഗങ്ങളെ മിനിമം വേതന നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ വരുത്തിയ ഭേദഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളാ ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ വരുത്തിയ ഭേദഗതി തൊഴിലാളികൾക്ക് എത്രത്തോളം ഗുണകരമായെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം തൊഴിൽ നിയമ ഭേദഗതികളെക്കുറിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും പിഴത്തുക 500 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിക്കൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകിയിട്ടുണ്ട്.

2018-ലെ കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ ഭേദഗതി വകുപ്പ് 21(ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകിയിട്ടുണ്ട്. 2018-ലെ

കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിനും ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്ന തിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു. വകുപ്പ് 29 പ്രകാരം കേരള ഷോപ്പ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമപ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം 5,000 രൂപയെന്നത് ഒരു ലക്ഷം രൂപയായും 10,000 രൂപയെന്നത് രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമവകുപ്പ് 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും നിലവിലെ ടി നിയമപ്രകാരമുള്ള പിഴത്തുക 500 രൂപയിൽനിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് ഇൻ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്കിനെയും എംപ്ലോയ്മെന്റ് ഇൻ സ്മാൾ പ്ലാന്റേഷൻസ് (കാർഡമം ആൻഡ് റബ്ബർ)നെയും എംപ്ലോയ്മെന്റ് ഇൻ മീഡിയ സെക്ടറിനെയും മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ പുതുതായി ഉൾപ്പെടുത്തി അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (എസ്) ഭേദഗതി ചെയ്തിട്ടുണ്ട്. വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് അയയ്ക്കുന്ന റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ കൊറിയർ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന തരത്തിൽ വ്യവസായ തൊഴിൽ തർക്ക ചട്ടത്തിലെ ചട്ടം 26 A-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തിയ ഭേദഗതിയിലൂടെ ജീവനക്കാർ സ്ഥിരമായി നിന്നുകൊണ്ട് ജോലി ചെയ്യുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. പ്രസ്തുത ഭേദഗതി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിനായി തൊഴിലുടമകൾക്കും തൊഴിലാളികൾക്കും വേണ്ട നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നൽകിവരുന്നു.

(ഇ) തൊഴിൽ നിയമഭേദഗതികളെക്കുറിച്ച് തൊഴിലാളികൾക്കും തൊഴിലുടമകൾക്കും സ്ഥാപന പരിശോധനാ വേളകളിൽ ആവശ്യമായ ബോധവത്കരണം നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

**സ്കോളർ സപ്പോർട്ട് പ്രോഗ്രാം**

25 (*235) ശ്രീ. എൽദോ എബ്രഹാം:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 4 -ാം ക്ലാസ് വരെയുള്ള പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്കും 5 മുതൽ 8 വരെയുള്ള പ്രീ സെക്കണ്ടറി ക്ലാസ് വിദ്യാർത്ഥികൾക്കും എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) അണ്ടർഗ്രാജ്വേറ്റ് വിദ്യാർത്ഥികളെ പിൻതുണയ്ക്കുന്നതിനുള്ള സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ അറിയിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ.ബാലൻ):

(എ) 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റിന് പുറമെ പ്രാഥമിക പഠനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി (യൂണിഫോം, കുട, ബാഗ്, സ്റ്റേഷനറി) 2,000 രൂപ ഓരോ വിദ്യാർത്ഥിക്കും ഈ സർക്കാർ വന്നശേഷം അനുവദിച്ചുനൽകുന്നുണ്ട്.

(ബി) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകുവാൻ 'വിഷൻ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രതിവർഷം 10,000 രൂപയാണ് ഫീസായി നൽകിവരുന്നത്. പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്നവർക്കാണ് പദ്ധതിയിൽ സഹായം നൽകുന്നത്. പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ ബി.ടെക് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിനായി സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി (DTE) ചേർന്ന് ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. DTE യുടെ കീഴിലുള്ള 9 ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലും 3 എയ്ഡഡ് കോളേജുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

ഇതുകൂടാതെ എഞ്ചിനീയറിംഗ് പരീക്ഷകളിൽ വിവിധ പേപ്പറുകളിൽ പരാജയപ്പെട്ടവർക്ക് അവ മാത്രം എഴുതി പാസ്സാകുന്നതിനായി IHRD-യുടെ തിരുവനന്തപുരത്തുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴിയും ഒരു പദ്ധതി 2017-18 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

മെഡിക്കൽ പരീക്ഷകൾക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് ഇപ്രകാരമുള്ള പ്രത്യേക പദ്ധതി ഇപ്പോൾ നിലവിലില്ല.

(സി) അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി ചുവടെ പറയുന്ന വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപന്റ്
2. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
3. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ
4. ലാപ്ടോപ്പ് ധനസഹായം
5. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം
6. പ്രാരംഭ ചെലവ് ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ്)
7. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ
8. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സഹായം എന്നിവ
9. നൃത്ത-സംഗീത കോഴ്സുകൾ പഠിക്കുന്നവർക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

## കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

26 (*236) ശ്രീമതി യു. പ്രതിഭ:

ശ്രീ. ആർ. രാജേഷ്:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയവും കടുത്ത കുടിവെള്ള ക്ഷാമവും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന കുട്ടനാട്ടിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണത്തിനും തണ്ണീർമുക്കം ബണ്ടിന്റെ പുനരുദ്ധാരണത്തിനും പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനുമായുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(സി) കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിഫ്ബി വഴി നടപ്പാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ.കൃഷ്ണൻകുട്ടി):

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-10-2018-ൽ ചേർന്നയോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി കുട്ടനാട്ടിൽ ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. SDRF-ൽ ഉൾപ്പെടുത്തി 30.04 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

2. AC Canal-ന്റെ നവീകരണത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാനായി ഒരു പഠന ഏജൻസിയെ ഏൽപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

3. കുട്ടനാടൻ മേഖലയിലെ തോടുകളും ചാനലുകളും ശുചീകരിക്കുന്ന തിനായുള്ള നടപടികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കു വാനാണ് ഉദ്ദേശിക്കുന്നത്.

4. കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനായി 32 കോടി രൂപ 2019-20-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. തോട്ടപ്പള്ളി സ്പിൽവേയുടേയും ലീഡിംഗ് ചാനലിന്റെയും ബൈപ്പാസ് ചാനലുകളുടേയും നവീകരണ പദ്ധതി മൂന്ന് ഘട്ടങ്ങളായി നടപ്പാക്കും. ആയതിന്റെ ഒന്നാം ഘട്ടത്തിൽ ലീഡിംഗ് ചാനലിലെ കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റുക, ധാതുമണൽ നീക്കം ചെയ്യുക, വീയപുരം മുതൽ തോട്ടപ്പള്ളി വരെ ചാനലിലടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുക, ബൈപ്പാസ് ചാനലുകളായി കോരംകുഴിത്തോട്, കരിയാർ തോട് എന്നിവ വികസിപ്പിക്കുക, തോട്ടപ്പള്ളി ലീഡിംഗ് ചാനലിൽ ലാൻഡ് അക്വിസിഷൻ ഒഴിവാക്കി ആഴം കൂട്ടി ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുക, തോട്ടപ്പള്ളി സ്പിൽവേ സ്ട്രക്ച്ചറിന്റെ നവീകരണവും വൈദ്യുതീകരണവും പൂർത്തീകരിക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

6. പമ്പാ നദിയിലും കുട്ടനാട്ടിലുമായി ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ് നടപ്പിലാക്കുവാനും ഫ്ലഡ് വാണിംഗ് സിസ്റ്റം നടപ്പിലാക്കുവാനും പദ്ധതി രൂപീകരിക്കുന്നുണ്ട്.

നിലവിൽ കുട്ടനാട്ടിൽ ജലവിതരണം നടത്തുന്നത് നീരേറ്റുപുറത്തുള്ള (പ്രതിദിനം 14 ദശലക്ഷം ലിറ്റർ ശേഷിയുള്ള) ശുദ്ധീകരണ ശാലയിൽനിന്നും തിരുവല്ല - കുട്ടനാട് വാട്ടർ സപ്ലൈ സ്കീമിന്റെ ജലശുദ്ധീകരണ ശാലയിൽനിന്നും (6 MLD) 26 ട്യൂബ് വെല്ലുകളിൽനിന്നും (6 MLD) ആണ്. കൂടാതെ നിലവിൽ 8 റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ വഴിയും കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ജനപ്രതിനിധികളുടെയും സ്ഥാപനങ്ങളുടെയും മറ്റ് സർക്കാരിന്റെയും സഹായത്തോടെ 15 R.O. പ്ലാന്റുകളും മണിക്കൂറിൽ 15,000 ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിക്കുവാൻ കഴിയുന്ന ഉയർന്ന ശേഷിയുള്ള അൾട്രാ ഫിൽറ്ററും (കൈനകരി ഗ്രാമപഞ്ചായത്തിൽ) പ്രളയാനന്തരം ജലഅതോറിറ്റി സ്ഥാപിച്ചു. ഇപ്രകാരം ലഭ്യമായ 5 R.O പ്ലാന്റുകളുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിലുള്ള ട്യൂബ് വെല്ലുകൾ കൂടാതെ 8 ട്യൂബ് വെല്ലുകൾ പുതുതായി സ്ഥാപിക്കുന്നതിന് ഫ്ലഡ്സിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി തുടർ നടപടികളെടുത്തുവരുന്നു. 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള 70 കോടി രൂപയുടെ പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിന്റെ

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. ഇതുകൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ 289 കോടി രൂപയുടെ കുട്ടനാട് കുടിവെള്ള പദ്ധതി- രണ്ടാം ഘട്ടത്തിൽ 30 MLD ജലശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളും 39 കിലോ മീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയും വിഭാവനം ചെയ്തിട്ടുണ്ട്. ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ വെള്ളം ലഭിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കിഫ്ബി ധനസഹായം അംഗീകരിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഈ കാലയളവിൽ ഇടക്കാല സംവിധാനമായി 9 കോടി രൂപ ചെലവിൽ MPLAD പദ്ധതിയിൽപ്പെടുത്തി ആവശ്യമായ സ്ഥലങ്ങളിൽ ജില്ലാ കളക്ടർ മുഖേന റിവേഴ്സ് ഓസ്മോസിസ് (R.O.) പ്ലാന്റുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) 2-5-2019-ലെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനത്തിൽ നിർദ്ദേശിച്ചതനുസരിച്ച് അടിയന്തരമായി തോട്ടപ്പള്ളി സ്പിൽവേയിലെ മണ്ണ് നീക്കുന്നതിനും ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ചുമാറ്റുന്നതിനും തണ്ണീർമുക്കം ബണ്ടിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കുന്നതിനും ദുരന്തനിവാരണ നിയമപ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

I <u>തോട്ടപ്പള്ളി സ്പിൽവേയും ലീഡിംഗ് ചാനലും</u>

1. തോട്ടപ്പള്ളി ചാനൽ കടലിനോട് ചേർന്ന ഭാഗത്ത് സാൻഡ് ബാർ നീക്കം ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. തോട്ടപ്പള്ളി പൊഴിയിൽ സോഷ്യൽ ഫോറസ്ട്രി വച്ചുപിടിപ്പിച്ച കാറ്റാടി മരങ്ങൾ സോഷ്യൽ ഫോറസ്ട്രി വിഭാഗംതന്നെ മുറിച്ചുമാറ്റാൻ നടപടിയെടുത്തുവരുന്നു.

3. പൊഴിക്ക് സമീപം ലീഡിംഗ് ചാനലിലെ ധാതുമണൽ (Mineral Sand) നീക്കുന്നതിന് KMML- ന് അനുമതി നൽകിയിട്ടുണ്ട്.

4. തോട്ടപ്പള്ളി സ്പിൽവേ സ്ട്രക്ച്ചറിന്റെ നവീകരണത്തിനായി 4.5 കോടി രൂപ ചെലവ് വരുന്ന പദ്ധതി മെക്കാനിക്കൽ വിഭാഗം നടപ്പിലാക്കിവരുന്നു.

5. സ്പിൽവേയുടെ 12 ഷട്ടറുകളുടെ വൈദ്യുതീകരണം നടപ്പിലാക്കുവാൻ 12.5 ലക്ഷം രൂപയുടെ പദ്ധതി PWD ഇലക്ട്രിക്കൽ വിഭാഗം നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. തോട്ടപ്പള്ളി ലീഡിംഗ് ചാനലിൽ വീയപുരം മുതൽ തോട്ടപ്പള്ളി വരെ പ്രളയത്തിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യുന്നതിന് താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. നടപടി പുരോഗമിക്കുന്നു.

7. വീയപുരം മുതൽ തോട്ടപ്പള്ളി വരെയുള്ള ലീഡിംഗ് ചാനൽ നവീകരിച്ച് ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിന് ലീഡിംഗ് ചാനൽ ആഴംകൂട്ടിയും സമീപത്തുള്ള കോരൻകുഴി തോട്, കരിയാർ തോട് എന്നിവ നവീകരിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നു. NABARD-RIDF-ൽ 38 കോടി രൂപ ടി പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി വകയിരുത്തിയിട്ടുണ്ട്.

II തണ്ണീർമുക്കം ബണ്ട്

റോഡ് ബ്രിഡ്ജോടുകൂടിയ തണ്ണീർമുക്കം ബാരേജ് മൂന്നാം ഘട്ടത്തിന്റെ നിർമ്മാണം 95% പൂർത്തിയായി. റോഡായി ഉപയോഗിച്ച മൺചിറ ദ്രുതഗതിയിൽ നീക്കം ചെയ്ത് ജലനിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം നടപടി സ്വീകരിക്കുകയും മൺചിറ പൊളിച്ചുനീക്കംചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു.

III പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം

2019-20-ലെ ബഡ്ജറ്റിൽ കുട്ടനാട് പാക്കേജിന്റെ രണ്ടാംഘട്ടം നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും ഇതിലേയ്ക്കുള്ള ആദ്യപടിയായി പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിന് 32 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) 2017-18-ലെ ബഡ്ജറ്റിൽ കുട്ടനാട് കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടത്തിന് 195 കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചിരുന്നത്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 289 കോടി രൂപയുടെ ധനസഹായം അംഗീകരിക്കുകയും ചെയ്തു.

നീരേറ്റുപുറത്ത് നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം 30 എം.എൽ.ഡി. ജലശുദ്ധീകരണശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളും 39 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുട്ടനാട് താലൂക്കിലെ രണ്ടുലക്ഷത്തോളം വരുന്ന ജനങ്ങൾക്ക് ഒരാൾക്ക് പ്രതിദിനം 100 ലിറ്റർ ജലം എന്ന കണക്കിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി രണ്ടുവർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## ഭൂഗർഭജലത്തിന്റെ വിതാനവും കൃത്രിമ ഭൂജല സംപോഷണവും

27 (*237) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ വിതാനം അതിവേഗം താഴുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) വേനൽമഴയിലുണ്ടായ ഗണ്യമായ കുറവ് ഈ സ്ഥിതിവിശേഷം കൂടുതൽ രൂക്ഷമാക്കിയിട്ടുണ്ടോ;

(സി) ഹരിത കേരളം മിഷനിലൂടെ ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിജയപ്രദമാണോ;

(ഡി) കൃത്രിമ ഭൂജല സംപോഷണത്തിനായി കഴിഞ്ഞ വർഷം ലഭിച്ച നിർദ്ദേശങ്ങളിൽ എത്രയെണ്ണം നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(ഇ) ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി):

(എ) സംസ്ഥാനത്ത് ഭൂജലം അതിവേഗം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മഴ ലഭ്യതയിലുണ്ടായ കുറവും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനവും കേരളത്തിലെ ഭൂപ്രകൃതിയിലെ സവിശേഷതയുംമൂലം ഭൂജലനിരപ്പിൽ സ്വാഭാവികമായ മാറ്റങ്ങൾ കണ്ടുവരുന്നു. ഭൂജലവകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള 754 നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഭൂജലവിതാന ഡേറ്റ ശേഖരിച്ച് വിശകലന പഠനങ്ങൾ നടത്തിവരുന്നു. മാർച്ച് 2019-ലെ ഭൂജലവിതാനം മാർച്ച് 2018-ലെ ഭൂജലവിതാനവുമായി താരതമ്യം ചെയ്യപ്പോൾ സംസ്ഥാനത്ത് 55% തുറന്ന കിണറുകളിലും 58% കുഴൽക്കിണറുകളിലും തീരപ്രദേശത്തെ 50% ട്യൂബ് വെല്ലുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഭൂരിഭാഗം കിണറുകളിലും 0.5 മീറ്റർ മാത്രമാണ് ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് ആശങ്കാജനകമല്ല.

(ബി) സംസ്ഥാനത്തെ ഭൂജലസ്രോതസ്സുകൾ മഴയുടെ ലഭ്യതയെ ആശ്രയിച്ചാണ് സംപോഷണം ചെയ്യപ്പെടുന്നത്. ഇതിൽ തുറന്നകിണർ റീചാർജ്ജ് ചെയ്യപ്പെടുന്നത് മഴയുടെ നേരിട്ടുള്ള സ്വാധീനംമൂലവും കുഴൽക്കിണറുകൾ റീചാർജ്ജ്

ചെയ്യപ്പെടുന്നത് ഭൂമിക്കടിയിലേയ്ക്ക് ഊർന്നിറങ്ങുന്ന ഉപരിതല ജലത്തിന്റെ സ്വാധീനംമൂലവുമാണ്. എന്നാൽ വേനൽമഴയുടെ ഗണ്യമായ കുറവ് ഇടനാട്ടിലും മലനാട്ടിലും കുന്നിൻചരിവുകളിലുമുള്ള തുറന്ന കിണറുകളെ ബാധിച്ചിട്ടുണ്ട്. വേനൽമഴയുടെ ഗണ്യമായ കുറവ് സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ വരൾച്ച രൂക്ഷമാക്കിയിട്ടുണ്ട്. 2019 മാർച്ച്-മേയ് മാസങ്ങളിൽ 169.6 മില്ലീമീറ്റർ മഴ ലഭ്യമായി. ഇത് സാധാരണഗതിയിൽ ലഭ്യമാകുന്ന മഴ (379.7 മില്ലീമീറ്റർ) യേക്കാൾ 55 ശതമാനം കുറവാണ്. എന്നാൽ വേനൽമഴയിലുണ്ടായ കുറവുകാരണം ഭൂജല വിതാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കുറവ് സ്വാഭാവികം മാത്രമാകുന്നു.

(സി) വിജയപ്രദമാണ്. ഹരിത കേരളം മിഷനിലൂടെ സംയോജിത നീർത്തട സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുമായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഹരിത കേരളം പദ്ധതിയുടെ മാതൃകയിൽ കാട്ടാക്കട നിയോജകമണ്ഡലത്തിലെ 'ജലസമൃദ്ധി' എന്ന പദ്ധതിയിലൂടെ സ്കൂളുകളിൽ റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണ പ്രവർത്തനങ്ങൾ ഭൂജല വകുപ്പ് നടപ്പിലാക്കിവരുന്നു. വകുപ്പ് പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കിയ ഭൂജലസംപോഷണ പ്രവൃത്തികൾ ഭൂജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഭൂജലവകുപ്പിന് 2018-19 സാമ്പത്തിക വർഷം ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണ പദ്ധതിയിൻകീഴിൽ 350 ലക്ഷം രൂപ വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്നു. ഇതിൽ വിവിധ ജില്ലകളിൽനിന്നും ലഭ്യമായ 221.35 ലക്ഷം രൂപയുടെ 124 പ്രൊപ്പോസലുകൾക്ക് സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിരുന്നു. ആയതിൽ 76 തുറന്ന കിണർ/റീചാർജ്ജ് പിറ്റ് പദ്ധതികളുടെ പ്രൊപ്പോസലുകൾ വിവിധ ജില്ലകളിലും 5 കുഴൽക്കിണർ റീചാർജ്ജ് പദ്ധതി കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. കൂടുതൽ നിയന്ത്രണങ്ങൾ വേണ്ടതായി കാണുന്നപക്ഷം പരിഗണിക്കുന്നതാണ്.

## ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

28 (*238) ശ്രീ. അനിൽ അക്കര:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖല നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) കാലിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം ക്ഷീരകർഷകർ ഈ മേഖലയിൽ നിന്നും പിന്തിരിയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഏതൊക്കെ തലത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത് എന്നറിയിക്കാമോ;

(സി) കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്ഷീരമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, കറവക്കാരുടെ അഭാവം, മൃഗചികിത്സാചെലവ്, തീറ്റപ്പുൽ വളർത്തുന്നതിനാവശ്യമായ സ്ഥലപരിമിതി, ജനിതക മൂല്യങ്ങളിൽ വന്ന വ്യത്യാസം, കാലികളുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ്, ഇതര സംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാരം കുറഞ്ഞ പാൽ കുറഞ്ഞ വിലയ്ക്ക് കേരളത്തിൽ എത്തുന്നതുമൂലം തദ്ദേശീയരായ ക്ഷീരകർഷകർക്കും മിൽമ ഉൾപ്പെടെയുള്ള ക്ഷീര-സഹകരണ പ്രസ്ഥാനങ്ങൾക്കുമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയാണ് ക്ഷീരമേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ.

ഈ പ്രതിസന്ധികളെ ഓരോന്നും മനസ്സിലാക്കി അത് പരമാവധി പരിഹരിക്കുന്നതിനുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ക്ഷീരമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷിക്കായി തീറ്റപ്പുൽക്കടകൾ

സൗജന്യമായി നൽകുന്നതിനുപുറമെ 15,500 രൂപയുടെ ധനസഹായവും നൽകുന്നുണ്ട്. കൂടാതെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തി, ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന തീറ്റപ്പുല്ല് വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനാവശ്യമായ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് അസോള, കാലിത്തീറ്റയായി ഉപയോഗിക്കാവുന്ന വൃക്ഷവിളകൾ ഹൈഡ്രോപോണിക്സ് (വീടുകളിൽതന്നെ മണ്ണില്ലാതെ ട്രേകളിൽ പുല്ല് വിത്തുകൾ പാകി പുല്ല് ഉത്പാദിപ്പിക്കുന്ന രീതി) എന്നിവയ്ക്കുള്ള സഹായവും നൽകുന്നു.

കറവക്കാരുടെ കുറവ് കണക്കിലെടുത്ത് അഞ്ചോ അതിലധികമോ കറവപശുക്കൾ വളർത്തുന്ന കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനായി കറവയന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25,000 രൂപ ധനസഹായമായി നൽകുന്നു.

ഉത്പാദനക്ഷമത കൂടിയതും ഉയർന്ന ജനിതക മൂല്യവുമുള്ള കറവപശുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം 1 പശു, 2 പശു, 5 പശു, 10 പശു യൂണിറ്റുകൾ നടപ്പിലാക്കുകയും അവയ്ക്ക് യഥാക്രമം 33,000, 66,000, 1,77,000, 3,66,000 രൂപയും ധനസഹായം നൽകുന്നു. കൂടാതെ ഉരുക്കളെ തദ്ദേശീയമായി ലഭ്യമാക്കുന്നതിനായി 100 കിടാരികൾ വീതമുള്ള കിടാരി പാർക്കുകളുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി, വിലകുറഞ്ഞ ഗുണനിലവാരം ഇല്ലാത്ത പാൽ അതിർത്തി പ്രദേശങ്ങളിൽ വിപണനം നടത്തുന്നത് ഒഴിവാക്കുന്നതിനായി പാൽ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി നിലവിൽ ആര്യങ്കാവ് (കൊല്ലം), മീനാക്ഷിപുരം (പാലക്കാട്) എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റ ഉൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നാണ് സംഭരിക്കുന്നത്. ഇത് കാലിത്തീറ്റയുടെ വിലവർദ്ധനവിന് ഇടയാക്കുന്നുണ്ട്. കാലിത്തീറ്റയുടെ വില അസംസ്കൃത വസ്തുക്കൾക്കുണ്ടാകുന്ന വില വർദ്ധനവിനനുസരിച്ചാണ് പുതുക്കി നിശ്ചയിക്കുന്നത്. ക്ഷീരവികസന വകുപ്പ് ഡയറക്ടർ ഉൾപ്പെടെയുള്ളവർ അടങ്ങുന്ന വിലനിർണ്ണയ സമിതിയാണ് ഇത് നിശ്ചയിക്കുന്നത്. കർഷകർക്ക് അധികഭാരം പരമാവധി ഒഴിവാക്കത്തക്ക രീതിയിലാണ് വില നിർണ്ണയ സമിതി വില പുതുക്കി നിശ്ചയിക്കുന്നത്.

ക്ഷീരകർഷകർക്ക് പാലുല്പാദനത്തിൽ കാലിത്തീറ്റയുടെ വില വർദ്ധനവ് ഉൾപ്പെടെയുള്ള വർദ്ധിച്ച ചെലവ് കണക്കിലെടുത്ത് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള സഹായം
3. അവശ്യാധിഷ്ഠിത സഹായം
4. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
5. യന്ത്രവത്കരണത്തിനുള്ള സഹായം
6. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
7. ക്ഷീരകർഷക ക്ഷേമനിധിയിലേയ്ക്കുള്ള സഹായം

കൂടാതെ ക്ഷീരവികസന വകുപ്പ് ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് 4 രൂപവരെ കാലിത്തീറ്റ ഇൻസെന്റീവും നൽകിവരുന്നു.

(സി) കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കരട് നിയമം തയ്യാറാക്കി ആയതിന്മേൽ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ക്ഷീരമേഖലയിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുവാൻ താത്പര്യമുള്ള ക്ഷീരകർഷകർക്കും സംരംഭകർക്കും ശാസ്ത്രീയ പശു പരിപാലനത്തിനുവേണ്ട പരിശീലനവും സംരംഭകത്വ പരിശീലനവും നൽകുന്നുണ്ട്. കൂടാതെ താത്പര്യമുള്ളവർക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഫൈനാൻസിംഗ് ഉൾപ്പെടെയുള്ള സഹായവും വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായവും നൽകുന്നുണ്ട്.

ഈ മേഖലയിലേയ്ക്ക് കടന്നുവരുന്ന യുവജനങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് 5 പശു യൂണിറ്റുകളും 10 പശു യൂണിറ്റുകളും നടപ്പിലാക്കുന്നത്. യന്ത്രവത്കരണത്തിൽ ഊന്നിയാണ് ടി പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്.

## ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനീകരണം

29 (*239) ശ്രീ. സജി ചെറിയാൻ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് ക്ഷീരോൽപ്പാദനത്തിന് വർദ്ധിച്ച തോതിലുള്ള ചെലവുവരുന്നതും കർശന ഗുണനിലവാര പരിശോധനയില്ലാതെ അയൽ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്തേക്ക് പാൽ എത്തുന്നതും ക്ഷീര കർഷകരെ ബുദ്ധിമുട്ടിലാക്കുന്നത് പരിഗണിച്ച് നിശ്ചിത ഗുണനിലവാരമില്ലാത്ത പാൽ സംസ്ഥാനത്ത് വിൽക്കുന്നത് തടയുന്നതിനും മിൽമ വഴി മൂല്യവർദ്ധിതോല്പന്ന നിർമ്മാണം വിപുലീകരിക്കാനും പദ്ധതിയുണ്ടോയെന്നറിയിക്കുമോ;

(ബി) സീസണുകൾക്കനുസൃതമായ ഉല്പാദനത്തിലെ വ്യതിയാനം ക്ഷീരകർഷകനെ ബാധിക്കാതിരിക്കാനായി അത്യന്നതോഷ്മാവിലുള്ള (അൾട്രാ ഹൈ ടെമ്പറേച്ചർ) പാൽ സംസ്കരണവും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണി വിപുലീകരണവും പ്രയോജനപ്രദമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ദിശയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ക്ഷീര സഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനും എന്തെല്ലാം പദ്ധതികളാണ് പ്രാവർത്തികമാക്കി വരുന്നതെന്ന് വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിന് വർദ്ധിച്ച തോതിലുള്ള ചെലവുകൾ കണക്കിലെടുത്ത് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട് :

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം

6. ക്ഷീരസംഘങ്ങൾക്കുള്ള സഹായ പദ്ധതി
7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

കൂടാതെ ക്ഷീരവികസന വകുപ്പ് ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ കാലിത്തീറ്റ ഇൻസെന്റീവും നൽകിവരുന്നു.

അയൽസംസ്ഥാനങ്ങളിൽനിന്നും ഗുണനിലവാര പരിശോധനയില്ലാതെ കുറഞ്ഞവിലയ്ക്ക് സംസ്ഥാനത്തേയ്ക്ക് പാൽ എത്തുന്നത് തടയുന്നതിനായി ക്ഷീരവികസന വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

മിൽമ കൂടുതൽ വില കൊടുത്ത് പാൽ സംഭരിച്ച് പാലായും മൂല്യവർദ്ധിത ഉല്പന്നങ്ങളായും വിൽപ്പന നടത്തുമ്പോൾ അന്യസംസ്ഥാനത്തുനിന്നും ഗുണനിലവാരം കുറഞ്ഞതും വിലക്കുറവിൽ ലഭിക്കുന്നതുമായ പാലിന്റെ കേരളത്തിലെ വിൽപ്പന മിൽമയ്ക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്നുണ്ട്. കൂടിയ സംഭരണ വിലയ്ക്ക് പാൽ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുമ്പോൾ മാർക്കറ്റിൽ സ്വകാര്യ ഡയറികളുടെ വില കുറഞ്ഞ പാലുകൊണ്ടുള്ള ഉൽപ്പന്നങ്ങളുമായി മൽസരിക്കേണ്ടതുണ്ട്. ഇത് മിൽമയ്ക്ക് കൂടുതൽ ചെലവ് വരുത്തുന്നുണ്ട്. എന്നിരുന്നാലും 30-ൽപ്പരം മൂല്യവർദ്ധിത ഉല്പന്നങ്ങൾ മിൽമ

മാർക്കറ്റിൽ വിൽക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ കർഷകരുടെ പാലിന് വിപണി ഉറപ്പിക്കുന്നതിനായി കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുന്നതിന് മിൽമ ശ്രമിച്ചുവരുന്നു.

(ബി) മിൽമയുടെ പാൽ ഉല്പന്നങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന വില കുറഞ്ഞ പാൽ ഉല്പന്നങ്ങളുമായി വിപണിയിൽ മത്സരിക്കേണ്ടി വരുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ക്ഷീരകർഷകരുടെ താൽപ്പര്യം സംരക്ഷിക്കാൻ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മിൽമ വർഷംതോറും വിപണിയിൽ ഇറക്കുന്നുണ്ട്. അത്യുന്നതോഷ്മാവിലുള്ള പാൽ സംസ്കരണവും മിൽമ തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ വർഷം മലബാർ മേഖലാ യൂണിയന്റെ കീഴിൽ കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠപുരത്ത് 42.03 കോടി രൂപ ചെലവിൽ 1 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഡയറിയിൽ 1 മണിക്കൂറിൽ 8000 യു എച്ച് റ്റി പാക്കറ്റുകൾ പാക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.

(സി) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലയും ഗുണനിലവാരമുള്ള സർവ്വീസും ലഭ്യമാക്കുന്നതിന് 2019-20 വർഷം 1550 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ
2. മഴവെള്ള സംഭരണി
3. സോളാർ വാട്ടർ ഹീറ്റിംഗ് സിസ്റ്റം
4. ക്ഷീരസംഘങ്ങൾക്ക് FSSA, ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള സഹായം.
5. ക്ഷീരസംഘങ്ങളുടെ ആട്ടോമേഷൻ
6. AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം
7. ക്ഷീരസംഘങ്ങളുടെ ഭരണം, അക്കൗണ്ടിംഗ്, പാൽ സംഭരണം എന്നിവയ്ക്കുള്ള സോഫ്റ്റ്വെയർ നിർമ്മാണത്തിനുള്ള സഹായം
8. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുനർനിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
9. ക്ഷീരസംഘങ്ങൾക്ക് മാലിന്യനിർമ്മാർജ്ജന പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സഹായം

കൂടാതെ ക്ഷീരസംഘങ്ങൾക്ക് താഴെ പറയുന്ന സഹായങ്ങളും നൽകുന്നുണ്ട് :

(i) ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം

(ii) പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം

(iii) ക്ഷീരസംഘങ്ങളുടെ പുനരുദ്ധാരണം

(iv) ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്

(v) ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം

(vi) പാൽസംഭരണ മുറി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം

(vii) മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്

(viii) സമഗ്ര സഹകരണ പ്രചരണ പരിപാടി.

പാലിന്റെ വിപണനത്തിന് കർഷകർ ബുദ്ധിമുട്ട് നേരിടുന്നതും നിലവിൽ ക്ഷീരസംഘങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിനും പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും 61,500 രൂപ മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നു. ക്ഷീരസംഘങ്ങളുടെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം 1,20,000 രൂപ അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമുള്ള ഏത് വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്. പാൽസംഭരണ മുറി/ ഗോഡൗൺ എന്നിവയുടെ നിർമ്മാണത്തിനായി 3,75,000 രൂപ ധനസഹായം അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000 രൂപ ധനസഹായം അനുവദിക്കുന്നു.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ക്ഷീരസഹകരണ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 45,000 രൂപ ധനസഹായം അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന്റെ ഗുണനിലവാര പരിശോധന കർശനമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി എ.എം.സി. യൂണിറ്റ് സ്ഥാപിക്കുന്നതിന് 1,10,000 രൂപ ധനസഹായം അനുവദിക്കുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീകരണത്തിനും ശാക്തീകരണത്തിനുമായി വിവിധ പദ്ധതികൾ പ്രാവർത്തികമാക്കിവരുന്നു.

2017 ഫെബ്രുവരി മാസം വരുത്തിയ പാൽ വില വർദ്ധനവിൽ ക്ഷീരസഹകരണ സംഘങ്ങൾക്ക് ലിറ്ററിന് 16 പൈസ വീതം അധിക മാർജിൻ അനുവദിച്ചു. സംഘങ്ങളിൽ ഓട്ടോമാറ്റിക് ടെസ്റ്റിംഗ് കം-പേമെന്റ് സമ്പ്രദായം അവലംബിക്കുന്നതിന് പ്രാധാന്യം നൽകി, ആവശ്യമുള്ള മുഴുവൻ സംഘങ്ങളിലും ആയത് നൽകിവരുന്നു. 2018 ജൂലൈ മാസം കർഷകർ നൽകിയ പാലിന് ലിറ്ററിന് 1.50 രൂപയും 2019 മാർച്ച് മാസം നൽകിയ പാലിന് 1 രൂപയും അധിക വിലയായി മേഖലാ യൂണിയൻ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ 7% ഡിവിഡന്റ് വാർഷിക ജനറൽ ബോഡി തീരുമാനത്തിന് വിധേയമായി ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരസംഘങ്ങളിൽ മിൽമ പാർലറുകൾ നടത്തി കൂടുതൽ ലാഭം ഉണ്ടാക്കുവാനായിട്ടുള്ള സംവിധാനങ്ങൾ ചെയ്തുവരുന്നു. ക്ഷീരസഹകരണ സംഘങ്ങൾക്ക് കെട്ടിട/മെഷീനുകൾ നിർമ്മിക്കുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള സാമ്പത്തിക സഹായം നൽകിവരുന്നു. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണ സമയത്ത് പാൽ പരിശോധനാ ഉപകരണങ്ങൾക്ക് ഗ്രാന്റ് നല്കിവരുന്നു.

ദേശീയ ക്ഷീര പദ്ധതിക്കുകീഴിൽ ഡാറ്റാ പ്രോസസിംഗ് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ (ക്ഷീര സംഘങ്ങളിൽ പാൽ സംഭരിച്ച് ടെസ്റ്റ് ചെയ്ത് തണുപ്പിക്കുന്ന പ്രക്രിയ തൽസമയം ഇന്റർനെറ്റ് അടിസ്ഥാനമാക്കി മിൽമയിലേയ്ക്ക് വിവരങ്ങൾ എത്തിക്കുന്ന സാങ്കേതികവിദ്യ), പാൽ പരിശോധനാ ഉപകരണങ്ങൾ തുടങ്ങിയവ തികച്ചും സൗജന്യമായി നൽകിവരുന്നു. ആവശ്യമായ സംഘങ്ങളിൽ പാൽ കേടുകൂടാതെ തണുപ്പിച്ച് സൂക്ഷിക്കുന്നതിന് ബൾക്ക് മിൽക്ക് കൂളറുകൾ സ്ഥാപിച്ചുവരുന്നു. ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചു.

ദേശീയ ക്ഷീരവികസന ബോർഡിന്റെ VBMPS പദ്ധതിയിൻകീഴിൽ 93 ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ (AMCU) സബ്സിഡി നിരക്കിൽ തെരഞ്ഞെടുത്ത ക്ഷീരസംഘങ്ങൾക്ക് നൽകിയിട്ടുണ്ട്.

ഇതോടൊപ്പംതന്നെ ലിറ്റർ സെറ്റ്, ലാക്ടോമീറ്റർ, സാമ്പിൾ ബോട്ടിലുകൾ, സെൻട്രിഫ്യൂജ്, ടെസ്റ്റ് ട്യൂബുകൾ, ഹീറ്റർ, ബ്യൂട്ടിറോമീറ്റർ, തെർമോമീറ്റർ എന്നിവ ഉൾപ്പെടുന്ന പാൽ സംഭരണ ഉപാധികളും സൗജന്യമായി ടി പദ്ധതിയിൽ നൽകിവരികയാണ്. ഇതുവരെ 376 സംഘങ്ങൾക്ക് ഇവ നൽകിയിട്ടുണ്ട്. VBMPS പദ്ധതിയിൻകീഴിൽ തന്നെ പാലിന്റെ സൂക്ഷ്മാണുപരമായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി 33 സംഘങ്ങളിൽ ബൾക്ക് മിൽക്ക് ചില്ലിംഗ് സെന്ററുകൾ (BMCC) സ്ഥാപിക്കുകയുണ്ടായി.

## കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിൽ നിയമ ലംഘനങ്ങൾ

30 (*240) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും മറ്റു വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് ഇരിക്കാൻ സൗകര്യമൊരുക്കണമെന്ന നിയമം നിരവധി സ്ഥാപനങ്ങൾ നടപ്പിലാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ജോലി നഷ്ടപ്പെടുമെന്ന ഭീതികൊണ്ട് തൊഴിലാളികൾ പരാതിപ്പെടാൻ മടിക്കുന്ന സാഹചര്യത്തിൽ ഇത്തരത്തിലുൾപ്പെടെയുള്ള നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുന്നതിനായി പരിശോധന കൂടുതൽ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്ര പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്;

(ഡി) നിരവധി സ്ഥാപനങ്ങൾ വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റു സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നില്ലെന്ന സ്ഥിതി അവസാനിപ്പിക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇത്തരത്തിലുള്ള വിവിധ നിയമ ലംഘനങ്ങൾക്കെതിരെ തൊഴിൽ നിയമങ്ങൾ പ്രകാരം 15626 പ്രോസിക്യൂഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) വേതനത്തോടുകൂടിയ ആഴ്ച അവധി, ഓവർടൈം വേതനം, മിനിമം വേതനം, മറ്റ് സൗകര്യങ്ങൾ എന്നിവ തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാ തലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ) യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപനപരിശോധനകളും

നടത്തിവരുന്നു. നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികൾ

1(2531) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ?

(സി) ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ എത്ര കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ കഴിഞ്ഞു; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾ സ്കൂളുകളിൽനിന്നും ഇടയ്ക്ക് പഠനം നിർത്തി പോകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾ സ്കൂൾ പഠനം പൂർത്തീകരിക്കാതെ നിർത്തിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ പഠനം പൂർത്തീകരിക്കാതെ പോകുന്ന വിദ്യാർത്ഥികൾക്ക് അവരുടെ തുടർവിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനായും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവത്കരണം നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിനായുള്ള വാഹന സൗകര്യം ലഭ്യമാക്കിക്കൊണ്ട് " ഗോത്രസാരഥി" പദ്ധതി വകുപ്പ് നടത്തിവരുന്നുണ്ട്. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു.

വയനാട് ജില്ല, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഗോത്രവിഭാഗത്തിൽപ്പെട്ട ഓരോ അദ്ധ്യാപകരെ " ഗോത്രബന്ധു പദ്ധതി" പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഗോത്രബന്ധു പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം 26 മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി നടപ്പിലാക്കിയതുകൊണ്ട് 2018-19 അദ്ധ്യയന വർഷം പാലക്കാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളിലുള്ള 2669 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

## പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

2 (2532) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവിടെയുള്ള വിദ്യാർത്ഥികളുടെ എണ്ണം ഹോസ്റ്റൽ തിരിച്ച് നൽകാമോ;

(സി) ഇവിടെയുള്ള അന്തേവാസികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) തസ്തികകളുടെ ഒഴിവുകളടക്കം നിലവിലുള്ള പോരായ്മകളും കുറവുകളും എന്താണെന്ന് ഹോസ്റ്റൽ തിരിച്ച് വ്യക്തമാക്കാമോ;

(ഇ)പ്രസ്തുത ഹോസ്റ്റലുകളിൽ പ്രവേശനം കിട്ടാനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ 84 പ്രീ-മെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം -1* ആയി ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 105 പ്രീ-മെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചു വരുന്നു. അതിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരം അനുബന്ധം - 2 ആയി* ചേർക്കുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധം -3 ആയി* ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ എണ്ണം അനുബന്ധം -4 ആയി* ചേർക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിലെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം എന്നിവയ്ക്കു പുറമേ അനുവദിക്കുന്ന സൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു: പ്രീ-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങളും സൗജന്യമായി നൽകിവരുന്നുണ്ട്.

പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് 5, 6, 7 ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും ഹൈസ്കൂൾ തലത്തിൽ സയൻസ്, കണക്ക്, ഇംഗ്ലീഷ്, ഹിന്ദി, സോഷ്യൽ സ്റ്റഡീസ് എന്നീ വിഷയങ്ങൾക്കും ട്യൂഷൻ നൽകിവരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ രാത്രികാല പഠന മേൽനോട്ടത്തിനായി ഓരോ ഹോസ്റ്റലിലും മേട്രൻ കം റസിഡന്റ് ട്യൂട്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എല്ലാ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും കമ്പ്യൂട്ടർ, ലൈബ്രറി സൗകര്യം എന്നിവ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. മെസ്സ് ചാർജ്ജ്

   5-10 വരെ - 2,500 രൂപ നിരക്കിൽ
   ഹോസ്റ്റലിന്

2. യൂണിഫോം അലവൻസ് (പ്രീ-മെട്രിക്)

   എൽ.പി. -1,000 രൂപ

   യു.പി. -1,400 രൂപ

   എച്ച്.എസ്. -1,600 രൂപ

   എച്ച്.എസ്.എസ്. - 1,600 രൂപ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. നോട്ട് ബുക്ക്, സ്റ്റേഷനറി

എൽ.പി. - 400 രൂപ

യു.പി. - 400 രൂപ

എച്ച്.എസ്. - 600 രൂപ

എച്ച്.എസ്.എസ്. - 800 രൂപ

4. പത്രങ്ങളും ആനുകാലികങ്ങളും

5 മുതൽ 12 വരെ - 800 രൂപ

5. സോപ്പ്, എണ്ണ തുടങ്ങിയവ

പെൺ - 150 രൂപ (പ്രതിമാസം)

ആൺ - 100 രൂപ (പ്രതിമാസം)

6. തോർത്ത്, ചീപ്പ്, ബസ്സുകൂലി തുടങ്ങിയവ

5 മുതൽ 12 വരെ - 120 രൂപ (പ്രതിമാസം)

7. മുടി വെട്ടുന്നതിന് (ആൺകുട്ടികൾക്ക്)

5 മുതൽ 12 വരെ - 60 രൂപ (പ്രതിമാസം)

8. ചികിത്സാ ചെലവ് - 6,000 രൂപ ഒരു സ്ഥാപനത്തിന് പ്രതിവർഷം

9. ബാഗ് - പ്രതിവർഷം 300/- രൂപ

10. ചെരുപ്പ് - പ്രതിവർഷം 300- രൂപ

11. നൈറ്റ് ഡ്രസ്സ് (പ്രതിവർഷം)

എൽ.പി. - 800 രൂപ

യു.പി. - 1000 രൂപ

എച്ച്.എസ്. - 1200 രൂപ

എച്ച്.എസ്.എസ്. - 1400 രൂപ

12. പോക്കറ്റ് മണി (പ്രതിമാസം) - 130 രൂപ

പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് മെസ്സ് ചാർജ്ജ് ഇനത്തിൽ 2,875 രൂപയും പോക്കറ്റ് മണിയായി 190 രൂപയും പ്രതിമാസം അനുവദിക്കുന്നു. കൂടാതെ ഓണം, ക്രിസ്തുമസ് സമയങ്ങളിൽ വീട്ടിൽ പോയി വരുന്നതിന് TA, DA എന്നിവയും അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസം, ഭക്ഷണ സൗകര്യങ്ങൾ, യൂണിഫോം, പോക്കറ്റ് മണി മുതലായവയും ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസത്തിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും, ഓണം, ക്രിസ്തുമസ്, മധ്യവേനലവധി എന്നീ ഇനത്തിൽ വീട്ടിൽ പോയി വരുന്നതിന് റ്റി.എ. എന്നിവയും നൽകിവരുന്നു.

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസഭക്ഷണ സൗകര്യം, റ്റി.എ., പോക്കറ്റ് മണി എന്നിവയും നൽകി വരുന്നു.

(ഡി) പട്ടികജാതി വികസന വകുപ്പിനുകീഴിലെ ഹോസ്റ്റലിലെ തസ്തിക ഒഴിവുകളടക്കം പോരായ്മകൾ/കുറവുകൾ ഉള്ള ഹോസ്റ്റലുകളുടെ വിവരം അനുബന്ധം- 5- ആയി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലെ ഹോസ്റ്റലുകളിലെ ഒഴിവുകളുടെ എണ്ണം അനുബന്ധം-6 ആയി ചേർക്കുന്നു.*

<u>പോരായ്മകൾ</u>

സ്ഥിരം ജീവനക്കാർ, സ്ഥലപരിമിതി, വൈദ്യുതി തകരാർ, മാലിന്യസംസ്കരണ സൗകര്യം, കളിസ്ഥലം മുതലായവയുടെ അഭാവമുണ്ട്.

(ഇ) പട്ടികജാതി വികസന വകുപ്പിന് കീഴിലെ ഹോസ്റ്റലുകളിൽ ജാതി, വരുമാനം, യോഗ്യതാ പരീക്ഷയുടെ മാർക്ക്, ദൂരം എന്നിവ കണക്കിലെടുത്താണ് അഡ്മിഷൻ നൽകുന്നത്. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 10% സീറ്റുകൾ മറ്റ് വിഭാഗത്തിലുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആകെ സീറ്റുകളിൽ 60% പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 17% പട്ടികവർഗ്ഗ വിഭാഗത്തിനും 5% ഒ.ബി.സി. വിഭാഗത്തിനും 10% മറ്റ് വിഭാഗത്തിനും സംവരണം ചെയ്തിരിക്കുന്നു. ഹോസ്റ്റലുകളിൽ ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകൾ 30% പി.ജി./ പ്രൊഫഷണൽ കോഴ്സിലെ വിദ്യാർത്ഥികൾക്കും 50% ഡിഗ്രി/ഡിപ്ലോമ/സമാന കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും 20% പ്ലസ് ടു വിദ്യാർത്ഥികൾക്കും മറ്റു സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സിലും പരിശീലന പരിപാടികളിലും വകുപ്പിലെ ധനസഹായത്തോടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുമാണ് നൽകുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ പ്രവേശനത്തിനായി രേഖകൾ സഹിതം അപേക്ഷിക്കുന്ന എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാറുണ്ട്.

## ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി

3 (2533) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോതമംഗലം മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും അതിനുവേണ്ടി എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിലെ അവശേഷിക്കുന്ന ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് അടിയന്തരമായി ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരായ 285 പട്ടികജാതി കുടുംബങ്ങളുണ്ടായിരുന്നു.

(ബി) 285 പട്ടികജാതി കുടുംബങ്ങളിൽനിന്ന് 102 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്കായി 3,88,50,000 രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

(സി) ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചു വരുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി പൂർത്തീകരിക്കാൻ നടപടി

4 (2534) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന മാടക്കാംപൊയിൽ (പെരിങ്ങോം-വയക്കര പഞ്ചായത്ത്) കാരന്താട് (രാമന്തളി ഗ്രാമപഞ്ചായത്ത്) കോളനികളിൽ ഇതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രവൃത്തി ആരംഭിക്കാതെ നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രവൃത്തി വേഗത്തിൽ ആരംഭിക്കാനും പൂർത്തീകരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ റിവ്യൂ യോഗങ്ങൾ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മാടക്കാംപൊയിൽ, കാരന്താട് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം

5 (2535) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ അവസാനം നടന്ന കാനേഷുമാരി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ എണ്ണം വെളിപ്പെടുത്താമോ; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പ്

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 3039576 പട്ടികജാതിക്കാർ ഉണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 3,72,977 |
| 2 | കൊല്ലം | 3,28,263 |
| 3 | പത്തനംതിട്ട | 1,64,465 |
| 4 | ആലപ്പുഴ | 2,01,211 |

| (1) | (2) | (3) |
|---|---|---|
| 5 | കോട്ടയം | 1,53,909 |
| 6 | ഇടുക്കി | 1,45,486 |
| 7 | എറണാകുളം | 2,68,411 |
| 8 | തൃശ്ശൂർ | 3,24,350 |
| 9 | പാലക്കാട് | 4,03,833 |
| 10 | മലപ്പുറം | 3,08,266 |
| 11 | കോഴിക്കോട് | 1,99,191 |
| 12 | വയനാട് | 32,578 |
| 13 | കണ്ണൂർ | 83,350 |
| 14 | കാസർഗോഡ് | 53,283 |
| | ആകെ | 30,39,573 |

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2011-ലെ കാനേഷുമാരി പ്രകാരം കേരളത്തിൽ 484839 പട്ടികവർഗ്ഗക്കാർ ഉണ്ട്.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 26,759 |
| 2 | കൊല്ലം | 10,761 |
| 3 | പത്തനംതിട്ട | 8,108 |
| 4 | ആലപ്പുഴ | 6,574 |
| 5 | കോട്ടയം | 21,972 |
| 6 | ഇടുക്കി | 55,815 |
| 7 | എറണാകുളം | 16,559 |
| 8 | തൃശ്ശൂർ | 9,430 |
| 9 | പാലക്കാട് | 48,972 |
| 10 | മലപ്പുറം | 22,990 |
| 11 | കോഴിക്കോട് | 15,228 |
| 12 | വയനാട് | 1,51,443 |
| 13 | കണ്ണൂർ | 41,371 |
| 14 | കാസർഗോഡ് | 48,857 |
| | ആകെ | 4,84,839 |

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംസ്ഥാന പദ്ധതി

6 (2536) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ; 1-7-2016 മുതൽ 31-3-2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാർക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ട് വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ വകുപ്പു മുഖേന നടപ്പിലാക്കി വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന വിവിധ തൊഴിൽദായക പരിശീലന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികജാതി യുവജനങ്ങൾക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു.

2. പട്ടികജാതി യുവതീ-യുവാക്കൾക്ക് ഹൗസ് കീപ്പിംഗ്/ഫുഡ് ആൻഡ് ബിവറേജസ് സർവ്വീസസ് പരിശീലനം, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന ഓട്ടോ ഡയഗണോസിസ് ആൻഡ് റിപ്പയർ പരിശീലനം, ടിൻകറിംഗ് ആൻഡ് പെയിന്റിംഗ് പരിശീലനം, സെയിൽസ് എക്സിക്യൂട്ടീവ് പരിശീലനം, സോളാർ പാനൽ ടെക്നീഷ്യൻ, എയർ കണ്ടീഷൻ ടെക്നീഷ്യൻ, കമ്പ്യൂട്ടിംഗ് ആൻഡ് പെരിഫെറൽസ് ടെക്നീഷ്യൻ, സി.സി.ടി.വി. ടെക്നീഷ്യൻ എന്നീ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന തൊഴിൽ ലഭ്യത ഉറപ്പുവരുത്തി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

3. പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന fabricator/fitter, Industrial electrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് പരിശീലനം, നഴ്സിംഗ് മേഖലയിൽ വിദേശത്തുൾപ്പെടെ തൊഴിൽസാധ്യതയുള്ള NEP/FNEP/IELTS പരിശീലനം എന്നിവയും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലേസ്മെന്റ് ലഭ്യമാക്കി വരുന്നു.

4. പട്ടികജാതി യുവതീ-യുവാക്കൾക്ക് മ്യൂറൽ പെയിന്റിംഗ് ആൻഡ് ഗ്ലാസ് ആർട്ട് പരിശീലനം, ആയുർവേദ നഴ്സിംഗ്, ഹോം നഴ്സിംഗ് പരിശീലനം, പഞ്ചകർമ്മയിൽ ഡിപ്ലോമ, ആയുർവേദ ഫാർമസി ഡിപ്ലോമ, ഗ്രാഫിക് ആൻഡ് വെബ് ഡിസൈനിംഗ് കോഴ്സ്, ബാങ്കിംഗ് ആൻഡ് ഫിനാൻഷ്യൽ സർവ്വീസ് കോഴ്സ്, പട്ടികജാതി വനിതകൾക്ക് വനിതാ സെക്യൂരിറ്റി പരിശീലനം എന്നീ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നു.

5. ജൂഡീഷ്യറി സർവ്വീസിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ഗവ. ലോ കോളേജ് മുഖേന മുൻസിഫ് മജിസ്ട്രേറ്റ് പ്രവേശന പരീക്ഷയിൽ പരിശീലന പദ്ധതി നടത്തി വരുന്നു.

6. നഴ്സിംഗ് പഠനം പൂർത്തിയാക്കിയ പട്ടികജാതി യുവതീ-യുവാക്കൾക്ക് കരാർ അടിസ്ഥാനത്തിൽ 15000 രൂപ പ്രതിമാസം ഓണറേറിയവും 1500 രൂപ യൂണിഫോം അലവൻസും നൽകി താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

7. വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് തൊഴിൽ മേളകൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ലഭ്യമാക്കിവരുന്നു.

<u>തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും</u>

1. പട്ടികവർഗ്ഗക്കാർക്ക് നിലവിൽ അനുവദിച്ചുവരുന്ന തൊഴിൽദിനങ്ങൾക്ക് പുറമെ നൂറ് ദിവസത്തെ അധിക തൊഴിൽദിനങ്ങൾകൂടി സൃഷ്ടിച്ച് പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽദിനങ്ങൾ അനുവദിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി തൊഴിലുറപ്പ് സ്റ്റേറ്റ് മിഷൻ വഴിയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2017-18 വർഷത്തിൽ 30,05,299 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 2018-19 വർഷത്തിൽ 54,19,122 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കേരള ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭിച്ചു.

2. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻകൂർ വേതനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് 11.13 കോടി രൂപയിൽ അട്ടപ്പാടിയിലേയ്ക്ക് 6 കോടി രൂപയും വയനാട്ടിലേയ്ക്ക് 5.13 കോടി രൂപയും കുടുംബശ്രീ മുഖേന നൽകുന്നതിന് പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിൽ കുടുംബശ്രീ ഊരുസമിതി വഴിയും വയനാട്ടിലെ പനമരം, മുട്ടിൽ, പുൽപ്പള്ളി ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീ എ.ഡി.എസ്. മുഖേനയുമാണ് നടപ്പിലാക്കുന്നത്.

<u>വകുപ്പിന്റെ കീഴിൽ താത്കാലിക നിയമനം</u>

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് ചുവടെ പറയും പ്രകാരം തൊഴിൽ ലഭ്യമാക്കി സാമ്പത്തിക നേട്ടം കൈവരിക്കുന്നതിന് സഹായിച്ചു.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു-മെന്റർ ടീച്ചർ | 267 |
| സാമൂഹ്യ പഠനമുറി-ട്യൂട്ടർ | 100 |
| എസ്.ടി. പ്രൊമോട്ടർ | 1182 |
| മാനേജ്മെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 31 |
| പ്രേരക്മാർ | 100 |
| ഇൻസ്ട്രക്ടർമാർ (സാക്ഷരത) | 700 |
| കുടുംബശ്രീ അനിമേറ്റർ | 200 |
| മില്ലെറ്റ് വില്ലേജ് (പ്രോജക്ടിന്റെ ഭാഗമായി) | 9 |
| ആകെ | 2603 |

(ബി) വകുപ്പ് നടപ്പാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകൾ അനുവദിച്ചു. 2017-18 വർഷം 8895 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷം പ്രളയത്തിൽ തകർന്ന 245 പട്ടികജാതി കുടുംബങ്ങളുടെ വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 1-7-2016 മുതൽ 31-3-2019 വരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
|---|---|---|
| 2016-17 | 14906 | 11181 |
| 2017-18 | 8895 | 5664 |
| 2018-19 | 245 | 4 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 6709 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ

7 (2537) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഓരോ പദ്ധതിക്കും 2017-18-ലും 2018-19-ലും കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണ്; ഇതിൽ എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% സി.എസ്.എസ്.) ഫോർ എസ്.സി. സ്റ്റുഡന്റ്സ്
2. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് (100% സി.എസ്.എസ്.)
3. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി (100% സി.എസ്.എസ്.)
4. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ പദ്ധതി (100% സി.എസ്.എസ്.)
5. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയലും (100% സി.എസ്.എസ്.)
6. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (100% സി.എസ്.എസ്.)
7. ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (50% സി.എസ്.എസ്.)
8. എസ്.സി.എ. റ്റു എസ്.സി.എസ്.പി.

<u>പുതുതായി ഉൾപ്പെടുത്തിയവ</u> :

9. പ്രധാനമന്ത്രി ആദർശ് ഗ്രാമയോജന

10. ദേശീയ സഫായി കർമ്മചാരി ധനകാര്യ വികസന കോർപ്പറേഷൻ

11. പട്ടികജാതിക്കാർക്കുള്ള വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട്

12. പട്ടികജാതിക്കാർക്കുള്ള വായ്പ ഉയർത്തൽ പദ്ധതി

13. പട്ടികജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള സഹായം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് റ്റു ട്രൈബൽ സബ് പ്ലാൻ (എസ്.സി.എ. റ്റു റ്റി.എസ്.പി.) (100% സി.എസ്.എസ്.)
2. ഗ്രാന്റ്-ഇൻ-എയ്ഡ് റ്റു ആർട്ടിക്കിൾ 275(1) (100% സി.എസ്.എസ്.)
3. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (75% സി.എസ്.എസ്.)
4. പ്രീ മെട്രിക് സ്കോളർഷിപ്പ് (100% സി.എസ്.എസ്.)
5. പർട്ടികുലർലി വൾനെറബിൾ ട്രൈബൽ ഗ്രൂപ്പ്സ് (പി.വി.റ്റി. ജി.എസ്.) (100% സി.എസ്.എസ്.)
6. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ (100% സി.എസ്. എസ്.)
7. കൺസ്ട്രക്ഷൻ ഓഫ് ഗേൾസ് ഹോസ്റ്റൽ (100% സി.എസ്.എസ്.)
8. കൺസ്ട്രക്ഷൻ ഓഫ് ബോയ്സ് ഹോസ്റ്റൽ (100% സി.എസ്.എസ്.)
9. കൺസ്ട്രക്ഷൻ ഓഫ് മോഡൽ റസിഡൻഷ്യൽ സ്കൂൾ (50% സി.എസ്.എസ്.)
10. മൾട്ടി പർപ്പസ് ഹോസ്റ്റൽ (100% സി.എസ്.എസ്.)
11. ഗ്രാന്റ്-ഇൻ-എയ്ഡ് റ്റു എസ്.സി./എസ്.ടി. ഫെഡറേഷൻ

12. വനബന്ധു കല്ല്യാൺ യോജന (വി.കെ.വൈ.) (100% സി.എസ്.എസ്.)

13. കൺസർവേഷൻ കം ഡെവലപ്മെന്റ് ഓഫ് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ് (സി.സി.ഡി.) (100% സി.എസ്.എസ്.)

(ബി) (I) പട്ടികജാതി വിഭാഗം

(കോടിയിൽ)

| പദ്ധതി | കേന്ദ്ര വിഹിതമായി അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | | |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 83.91 | 83.91 |
| പഠന നിലവാരമുയർത്തൽ | 0.08 | 0.08 |
| പൗരാവകാശ സംരക്ഷണം നിയമവും അതിക്രമങ്ങൾ തടയലും | 5.75 | 5.75 |
| എസ്.സി.എ. റ്റു എസ്.സി.എസ്.പി. | 14.52 | 9.98 |
| 2018-19 | | |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 1.2 | 1.2 |
| പ്രധാൻമന്ത്രി ആദർശ് ഗ്രാമയോജന | 1.104 | 0.01 |
| എസ്.സി.എ. റ്റു എസ്.സി.എസ്.പി. | 11.37 | 7.33 |

മറ്റു പദ്ധതികൾക്കൊന്നും കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ല.

(ii) <u>പട്ടികവർഗ്ഗ വിഭാഗം</u>

(ലക്ഷത്തിൽ)

| പദ്ധതി | വർഷം | കേന്ദ്ര വിഹിതമായി അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് റ്റു ട്രൈബൽ സബ് പ്ലാൻ | 2017-18 | 808.43 | 808.43 |
| | 2018-19 | 335 | 335 |
| ഗ്രാന്റ്-ഇൻ-എയ്ഡ് റ്റു ആർട്ടിക്കിൾ 275(1) | 2017-18 | 803.17 | 803.17 |
| | 2018-19 | 471.85 | 224.02 |
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 2017-18 | 2745.46 | 2745.46 |
| | 2018-19 | 2674.37 | 2674.37 |
| പ്രീ-മെട്രിക് സ്കോളർഷിപ്പ് | 2017-18 | 0 | 0 |
| | 2018-19 | 308.73 | 308.73 |
| ഗ്രാന്റ്-ഇൻ-എയ്ഡ് റ്റു എസ്.സി./എസ്.ടി. ഫെഡറേഷൻ | 2017-18 | 393.52 | -- |
| | 2018-19 | -- | 393.52 |

മറ്റു പദ്ധതികൾക്കൊന്നും കേന്ദ്ര വിഹിതം അനുവദിച്ചിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

8 (2538) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന സാമ്പത്തിക, വിദ്യാഭ്യാസ, ചികിത്സാ ആനുകൂല്യങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം സംബന്ധിച്ച് വകുപ്പുതലത്തിൽ കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ കുറിച്ച് അവരെ ബോധവൽക്കരിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈപുസ്തകം കാലാകാലങ്ങളിൽ അച്ചടിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ പട്ടികജാതി വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' മാസികയിലും പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന കോളനികൾ കേന്ദ്രീകരിച്ച് പദ്ധതികളെക്കുറിച്ച് ബോധവത്കരണം നടത്തിവരുന്നു. കൂടാതെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾവഴി ആവശ്യമായ പ്രചരണം നടത്തി വരുന്നുണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും ആവശ്യമായ വിവരങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും പൊതുജനങ്ങൾക്കും നൽകി വരുന്നുണ്ട്. ജില്ലാതല ഓഫീസുകളിൽ ഇ-മെസഞ്ചർ സംവിധാനം മുഖേന പദ്ധതി സംബന്ധിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കൈപുസ്തകം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച ചികിത്സാ സഹായം

9 (2539) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എത്ര രൂപയുടെ ചികിത്സാസഹായങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

പട്ടികജാതി വിഭാഗം

| ക്രമ നമ്പർ | മണ്ഡലം | അനുവദിച്ച തുക |
|---|---|---|
| 1 | മഞ്ചേശ്വരം | 59,13,500 |
| 2 | കാസർഗോഡ് | 76,89,500 |
| 3 | കാഞ്ഞങ്ങാട് | 48,60,000 |
| 4 | ഉദുമ | 39,76,910 |
| 5 | തൃക്കരിപ്പൂർ | 68,82,500 |
| | ആകെ | 2,93,22,410 |

പട്ടികവർഗ്ഗ വിഭാഗം

| ക്രമ നമ്പർ | മണ്ഡലം | അനുവദിച്ച തുക |
|---|---|---|
| 1 | കാസർഗോഡ് | 29,09,162 |
| 2 | മഞ്ചേശ്വരം | 49,69,770 |
| 3 | ഉദുമ | 39,14,014 |
| 4 | കാഞ്ഞങ്ങാട് | 76,90,354 |
| 5 | തൃക്കരിപ്പൂർ | 30,89,450 |
| | ആകെ | 2,25,72,750 |

**സർക്കാർ ആശുപത്രികളിലെ എച്ച്.എം.സി.കളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യം**

10 (2540) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എച്ച്.എം.സി.കളിൽ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ വിഷയം ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്നതാണ്.

## പ്രളയക്കെടുതി നേരിടുന്ന കോളനികളുടെ പുനർനിർമ്മാണം

11 (2541) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതി നേരിടുന്ന കോളനികളുടെ പുനർനിർമ്മാണത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതി 2018-19 ൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കുമോ;

(ബി) ഇത് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രളയക്കെടുതി നേരിട്ട കോളനികളുടെ പുനർനിർമ്മാണത്തിനായി അംബേദ്കർ ഗ്രാമവികസന പദ്ധതി (2018-19) പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഏജൻസിയിൽനിന്നും ലഭിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി) ഈ സാമ്പത്തിക വർഷം തന്നെ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ച തുക

12 (2542) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗം, നിയമം, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര തുക ലഭിച്ചു; എത്ര തുക സംസ്ഥാന വിഹിതമായി മാറ്റി;

(ബി) മേൽപ്പറഞ്ഞ വർഷങ്ങളിൽ എത്ര തുക നഷ്ടമായിട്ടുണ്ട്; ഓരോ വർഷവും ചെലവാക്കാത്ത തുക എത്ര ; തൊട്ടടുത്ത വർഷം ചെലവാക്കാത്ത തുകയുടെ 50 % നഷ്ടപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നിരീക്ഷിക്കുവാൻ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, നിയമം, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

(തുക ലക്ഷത്തിൽ)

<table>
<tr><th>വർഷം</th><th>പട്ടികജാതി</th><th>പട്ടികവർഗ്ഗം</th><th>നിയമം</th><th>സാംസ്കാരികം</th></tr>
<tr><td>2016-17</td><td>6927</td><td>5422</td><td rowspan="3">നിയമ വകുപ്പുമായി ബന്ധമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുമില്ല. ആകയാൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് തുകയൊന്നും ലഭിച്ചിട്ടില്ല.</td><td>തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല.</td></tr>
<tr><td>2017-18</td><td>10426</td><td>4750</td><td>9.75</td></tr>
<tr><td>2018-19</td><td>1267</td><td>3789</td><td>475.26</td></tr>
</table>

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക സംസ്ഥാന വിഹിതമായി മാറ്റുന്നതിന് കേന്ദ്ര സർക്കാർ മാനദണ്ഡപ്രകാരം നിർവ്വാഹമില്ല.

(ബി) തുക ഒന്നും തന്നെ നഷ്ടമായിട്ടില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നിരീക്ഷിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം

13 (2543) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പാലക്കാട് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ നൽകിയ തുക പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസനവകുപ്പ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8457 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5489 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ വിവരങ്ങൾ പട്ടികജാതി വിഭാഗത്തിന്റേത് അനുബന്ധം - 1* ആയും പട്ടികവർഗ്ഗ വിഭാഗത്തിന്റേത് അനുബന്ധം - 2 * ആയും ചേർത്തിരിക്കുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി

14 (2544) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പുത്തൻപുര കോളനി, കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ചാലയ്ക്കൽ കോളനി എന്നിവിടങ്ങളിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഇവയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള പുത്തൻപുര കോളനി, ചാലയ്ക്കൽ കോളനി എന്നിവിടങ്ങളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

(1) പുത്തൻപുര കോളനി

1. വായനശാല കെട്ടിടത്തിന്റെ നിർമ്മാണം

2. അംഗൻവാടി കെട്ടിടത്തിൽ ടോയ്‌ലറ്റ് നിർമ്മാണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം
4. വായനശാലയുടെ മുകളിൽ സ്ത്രീകൾക്കായുള്ള ഹാളിന്റെ നിർമ്മാണം
5. വീടുകളുടെ അറ്റകുറ്റപ്പണി
6. അംഗൻവാടി കെട്ടിടത്തിന്റെ പുനരുദ്ധാരണം
7. പ്ലാസ്റ്റിക് ബയോ-ബിൻ വിതരണം
8. സോളാർ സ്ട്രീറ്റ് ലൈറ്റ്.

മേൽ പരാമർശിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(2) ചാലയ്ക്കൽ കോളനി

1. കോൺക്രീറ്റ് റോഡിന്റെ നിർമ്മാണം
2. അംഗൻവാടി കെട്ടിടത്തിന്റെ മുകളിൽ ഹാൾ നിർമ്മാണം
3. സ്വയംതൊഴിൽ പദ്ധതി തയ്യൽ മെഷീൻ-(25 എണ്ണം), എംബ്രോയിഡറി മെഷീൻ (3 എണ്ണം), കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ (1 എണ്ണം) വിതരണം.
4. വായനശാല കെട്ടിടത്തിന്റെ നിർമ്മാണവും അനുബന്ധ ഉപകരണങ്ങളും
5. വായനശാല കെട്ടിടത്തിന് ചുറ്റും ചുറ്റുമതിൽ നിർമ്മാണം
6. റോഡ് ഡ്രെയിനേജ്
7. റോഡ് റീ-ടാറിംഗ്
8. വ്യക്തിഗത പൈപ്പ് കണക്ഷൻ.

ചാലയ്ക്കൽ കോളനിയിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിക്കുകയും ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ധാരണാ പത്രം ഒപ്പുവച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായ പദ്ധതി

15 (2545) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം 2019 മേയ് 31 വരെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സാധനസഹായ പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകി ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ ധനസഹായമാണ് ഇതിനകം വിതരണം ചെയ്തിട്ടുള്ളത് ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് ചികിത്സാസഹായത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ഡി) പക്ഷാഘാതം പിടിപ്പെട്ട് കിടപ്പുരോഗികളായ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർക്ക് പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്ന പരമാവധി ധനസഹായം എത്രയാണ് ; അതിന് എന്തെങ്കിലും വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2019 മേയ് 31 വരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 66202 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നശേഷം 2019 മേയ് 31 വരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 42154 പേർക്ക് ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിന് ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 117,01,97,820 രൂപ വിതരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിന് ആകെ 14,01,31,743 രൂപയുടെ (പതിനാല് കോടി ഒരു ലക്ഷത്തി മുപ്പത്തൊന്നായിരത്തി എഴുന്നൂറ്റി നാൽപ്പത്തി മൂന്ന് രൂപ മാത്രം) ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

(ഡി) പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്നു. വരുമാന പരിധി 1,00,000 രൂപയാണ്.

ബാധകമല്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ചെലവ്**

16 (2546) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിൽസാച്ചെലവിനായി എത്ര രൂപയാണ് ഇതിനകം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ ആകെ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിന് 117,01,97,820 (നൂറ്റി പതിനേഴ് കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ്റി ഇരുപത് രൂപ മാത്രം) രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 70,12,00,000 (എഴുപത് കോടി പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപയും സമഗ്ര ആരോഗ്യ പദ്ധതി പ്രകാരവും ബഹു. മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായം ഉൾപ്പെടെ ചികിത്സാ ചെലവിനായി അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിന് 1,19,59,500 (ഒരു കോടി പത്തൊൻപത് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ അപേക്ഷകർ ഇല്ലാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ**

17 (2547) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ഓരോ പദ്ധതിക്കും 2018-19-ൽ എന്ത് തുക വീതമാണ് വകയിരുത്തിയിരുന്നത്; അതിൽ എന്ത് തുക മാർച്ച് 31-ന് മുമ്പ് ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പഠനമുറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടുംകൂടി ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ സഹായം നൽകുന്നതാണ് ഈ പദ്ധതി.

2. വാത്സല്യനിധി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയാണ്.

3. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി.

4. നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്

നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000 രൂപ ധനസഹായത്തോടെ താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ട് വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.

5. അംബേദ്കർ ഗ്രാമം പദ്ധതി

30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപ വരെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

6. ഹെൽത്ത് കെയർ സ്കീം

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

(ബി)

(തുക കോടിയിൽ)

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പഠനമുറി | 121.66 | 121.66 |
| 2 | വാത്സല്യനിധി | 11 | 10.99 |
| 3 | വർക്കിംഗ് വിമൺസ് ഹോസ്റ്റൽ | 2 | 1.09 |
| 4 | അംബേദ്കർ ഗ്രാമം പദ്ധതി | 43 | 2.37 |
| 5 | നഴ്സിംഗ് അപ്രന്റിസ്ഷിപ്പ് | 50 | 44.03 |
| 6 | ഹെൽത്ത് കെയർ സ്കീം | | |

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

18 (2548) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സംരക്ഷണ നിയമത്തിന്റെ അന്തസ്സത്ത തന്നെ ഇല്ലാതാക്കുന്ന സുപ്രീംകോടതി വിധിക്കെതിരെ സംസ്ഥാനസർക്കാർ റിവ്യൂ ഹർജി ഫയൽചെയ്തിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത റിവ്യൂ ഹർജിയുടെ തീരുമാനം എന്തായിരുന്നു;

(സി) സുപ്രീംകോടതി വിധിക്ക് ശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളിൽ വർദ്ധനവ് വന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടി വിഷയത്തിൽ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ Crl. Appeal No.416/2018-ൽ അന്തിമ തീരുമാനം ആയിട്ടില്ല.

(സി) വർദ്ധനവ് വന്നതായി കണ്ടെത്തിയിട്ടില്ല.

## കുടുംബനാഥൻ മരണപ്പെട്ടാൽ ലഭിക്കുന്ന ധനസഹായം

19 (2549) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബനാഥൻ മരണപ്പെട്ടാൽ പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ചുവരുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. കുടുംബത്തിലെ ഏകവരുമാനദായകൻ അപകടംമൂലമോ രോഗംമൂലമോ മരണപ്പെട്ടാൽ നൽകുന്ന ധനസഹായം 22-11-2018 മുതൽ 50,000 രൂപയിൽ നിന്ന് 2,00,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## വാത്സല്യനിധി

20 (2550) ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കിവരുന്ന നൂതനപദ്ധതികൾ എന്തെല്ലാ മാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി 'വാത്സല്യനിധി' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഒരു പെൺകുട്ടിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വകുപ്പ് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് വാത്സല്യനിധി പദ്ധതി.

(സി) പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ, സാമ്പത്തിക ഉന്നമനമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) വാത്സല്യനിധി പദ്ധതി പ്രകാരം പെൺകുട്ടിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപയോ അതിൽ കൂടുതലോ നൽകുന്നു. (Assured Amount)

## എൽ.ഐ.സി. നൽകുന്ന ഇൻഷ്വറൻസ് സംബന്ധമായ മറ്റ് ആനുകൂല്യങ്ങൾ

ആകസ്മിക മരണത്തിന്

| | | |
|---|---|---|
| വരുമാനദായകൻ | സാധാരണ മരണം | 2,00,000 |
| | അപകട മരണം | 4,00,000 |
| | അപകടം മൂലമുള്ള ഭാഗികമായ അംഗവൈകല്യം | 1,00,000 |
| | അപകടം മൂലമുള്ള പൂർണ്ണമായ അംഗവൈകല്യം | 2,00,000 |
| മറ്റ് രക്ഷകർത്താവ് | സാധാരണ മരണം | 30,000 |
| | അപകട മരണം | 30,000 |
| കുട്ടി | സാധാരണ മരണം | 3,00,000 ൽ നിന്നും കുട്ടിയുടെ അക്കൗണ്ടിൽ ലഭ്യമാക്കേണ്ട ഫണ്ട് കുറച്ചതിന്റെ ബാക്കി തുക ഇൻഷ്വറൻസ് ആനുകൂല്യമായി എൽ.ഐ.സി. കൊടുക്കുന്നതായിരിക്കും. (ആയത് 8 വയസ്സിനുശേഷം മാത്രം ബാധകമായിരിക്കും. 8 വയസ്സിനുശേഷമാണ് ഇൻഷ്വറൻസ് കവറേജ്) |

വിദ്യാഭ്യാസപരമായ ആനുകൂല്യങ്ങൾ

| സ്വീകർത്താവ് | പഠിക്കുന്ന സ്റ്റാൻഡേർഡ് | തുക |
|---|---|---|
| പെൺകുട്ടി | 9, 10, 11, 12 | 1,200 രൂപ ഓരോ വർഷവും |
| സഹോദരനോ സഹോദരിക്കോ | 9, 10, 11, 12 | 1,200 രൂപ ഓരോ വർഷവും |

ഇതിൽ അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടിയായിരിക്കണം.
2. മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
3. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികൾക്കാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തുക**

21 (2551) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ ക്കാരുടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്കുകൾ നൽകാമോ;

(ബി) മേൽപ്പറഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്ന് ഇവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്ര; ഇതിൽ കുറവുവന്നിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ പൂർത്തീകരിച്ച പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(കോടിയിൽ)

| | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | | |
| വകുപ്പ് മുഖേന | 1315.5 | 1058.33 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 406.92 | 331.44 |
| തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1038.9 | 709.41 |
| 2017-18 | | |
| വകുപ്പ് മുഖേന | 1334.09 | 1227.87 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 446.5 | 287.84 |
| തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1172.05 | 929.96 |
| 2018-19 | | |
| വകുപ്പ് മുഖേന | 1194.86 | 1115.92 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് | 317.48 | 259.53 |
| തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതം | 1289.26 | 1057.69 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(ലക്ഷത്തിൽ)

| വകുപ്പ് | വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 2016-17 | 54448.12 | 51957.42 |
| | 2017-18 | 58363.49 | 51798.25 |
| | 2018-19 | 52208.15 | 52208.15 |
| പൊതുമരാമത്ത് വകുപ്പ് | 2016-17 | 4890.37 | 1632.75 |
| | 2017-18 | 4799.76 | 1388.25 |
| | 2018-19 | 4400.00 | 1365.59 |
| ഗ്രാമവികസന വകുപ്പ് | 2016-17 | 6535.90 | 3652.77 |
| | 2017-18 | 7599.20 | 1290.50 |
| | 2018-19 | 5280.00 | 652.56 |
| എൻ. ആർ.എൽ.എം. | 2016-17 | 637.00 | 332.85 |
| | 2017-18 | 637.00 | 430.00 |
| | 2018-19 | 3347.00 | 900.00 |
| കിർത്താഡ്സ് | 2016-17 | 235.01 | 199.24 |
| | 2017-18 | 290.00 | 188.40 |
| | 2018-19 | 380.00 | 156.84 |
| തദ്ദേശസ്വയംഭരണ വകുപ്പ് | 2016-17 | 15600.00 | 10974.00 |
| | 2017-18 | 17602.11 | 13595.62 |
| | 2018-19 | 19360.00 | 15129.00 |

(ബി) പട്ടികജാതി വികസന വകുപ്പ്

(കോടിയിൽ)

| പദ്ധതി | വർഷം | കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | 2016-17 | 42.67 | 259.62 |
| | 2017-18 | 83.91 | 207.29 |
| | 2018-19 | 1.2 | 149 |
| 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 2016-17 | 16.54 | 20 |
| | 2017-18 | 0 | 20 |
| | 2018-19 | 0 | 22 |
| പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ പദ്ധതി | 2016-17 | 0 | 0.2 |
| | 2017-18 | 0.08 | 0.1 |
| | 2018-19 | 0 | 0.12 |
| വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 2016-17 | 0 | 0.21 |
| | 2017-18 | 0 | 0.19 |
| | 2018-19 | 0 | 0.17 |
| പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയലും | 2016-17 | 4.55 | 9.92 |
| | 2017-18 | 5.75 | 16.37 |
| | 2018-19 | 0 | 19.00 |

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ആവിഷ്കരിച്ച നൂതന ക്ഷേമപദ്ധതികൾ ഉൾപ്പെടെ എല്ലാ പദ്ധതികളും അതാത് സാമ്പത്തിക വർഷത്തിൽത്തന്നെ പൂർത്തീകരിച്ചിട്ടുള്ളതും ചെലവ് 92 ശതമാനത്തിലധികവുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുകയിൽ ഏതാനും നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള മറ്റെല്ലാ പദ്ധതികളും അതാത് വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചു വരുന്നു. 2018-19 വർഷം സംസ്ഥാന പദ്ധതിയിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചു.

## വട്ടവട മാതൃക ഗ്രാമം പദ്ധതി

22 (2552) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന വട്ടവട മാതൃക ഗ്രാമം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

### ഉത്തരം

(എ) വട്ടവട മാതൃക ഗ്രാമം പദ്ധതി വട്ടവട ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്പെഷ്യൽ പ്രോജക്ടാണ്. വിവിധയിനം ഫണ്ടുകൾ സമന്വയിപ്പിച്ച് നടത്തുന്ന ഈ പ്രോജക്ടിൽ കോ-ഓർഡിനേറ്റർ ജില്ലാ കളക്ടറാണ്. ഈ പ്രോജക്ടിൽ 108 വീടുകൾക്കുള്ള വിഹിതമായി 3.24 കോടി രൂപ പട്ടികജാതി വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പഠനമുറി പദ്ധതി

23 (2553) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ എത്ര പഠനമുറികൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്ന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ 2017-18 വർഷം 625 പഠനമുറികളും 2018-19 വർഷം 520 പഠനമുറികളും അനുവദിച്ചു. ഇതിൽ 2017-18 വർഷം അനുവദിച്ചതിൽ 491 എണ്ണവും 2018-19 വർഷം അനുവദിച്ചതിൽ 81 പഠനമുറികളുടെയും നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ 99 കുടുംബങ്ങൾക്ക് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | 2017-18 | 2018-19 | ആകെ |
|---|---|---|---|---|
| 1 | മാണിക്കൽ | 10 | 6 | 16 |
| 2 | കരകുളം | 2 | 9 | 11 |
| 3 | വെമ്പായം | 1 | 10 | 11 |
| 4 | അണ്ടൂർക്കോണം | 4 | 5 | 9 |
| 5 | പോത്തൻകോട് | 10 | 7 | 17 |
| 6 | നെടുമങ്ങാട് മുനിസിപ്പാലിറ്റി | 25 | 10 | 35 |
| | ആകെ | 52 | 47 | 99 |

## ബിമ്മരം കോളനിയിൽ അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി

24 (2554) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിലുൾപ്പെടുത്തി പെരുനാട് പഞ്ചായത്തിലെ ബിമ്മരം കോളനിയിൽ എന്തൊക്കെ വികസനപ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ നിശ്ചയിച്ചിരുന്നത്; എത്ര രൂപയാണ് ഇതിനായി വക മാറ്റിയിരിക്കുന്നത്; ആരാണ് ഇതിന്റെ നിർവ്വഹണ ഏജൻസി; എന്നാണ് ഇവരെ കരാർ ഏൽപ്പിച്ചത്; വിശദമാക്കുമോ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇത് പ്രകാരം ഇവിടെ ആരംഭിച്ചത്; ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചു; ഇനി ആരംഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെ; ഇവ തുടങ്ങാനുള്ള കാലതാമസം എന്താണെന്നും പറയാമോ; എത്ര രൂപയാണ് ഓരോ പദ്ധതിക്കും ചെലവഴിച്ചത്;

(സി) അവശേഷിക്കുന്ന പദ്ധതികൾ തടസ്സങ്ങൾനീക്കി എന്ന് ആരംഭിക്കാനാകും; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബിമ്മരം പട്ടികജാതി കോളനികളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് :

1. ഭവന പുനരുദ്ധാരണം
2. കോൺക്രീറ്റ് റോഡ്
3. അംഗൻവാടി കെട്ടിടത്തിന്റെ പുനരുദ്ധാരണം
4. കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണം (സ്റ്റേജ്, ടെറസ് എന്നിവയുടെ പ്രവൃത്തികൾ ഉൾപ്പെടെ)
5. പുതിയ കിണർ നിർമ്മാണം
6. കുടിവെള്ള പദ്ധതി - പമ്പ് ഹൗസ് OH വാട്ടർ ടാങ്ക് സ്ഥാപിക്കൽ.

ഒരു കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. നിർവ്വഹണ ഏജൻസിയായ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് 31-3-2013-ലാണ് കരാറിൽ ഒപ്പുവച്ചിട്ടുള്ളത്.

(ബി&സി) പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് ഏജൻസി ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. ഓരോ പ്രവൃത്തികൾക്കും ഏജൻസി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തി | ചെലവഴിച്ച തുക |
|---|---|---|
| 1 | ഭവന പുനരുദ്ധാരണം | 8,26,918.90 |
| 2 | കോൺക്രീറ്റ് റോഡ് നിർമ്മാണം | 31,95,137.80 |
| 3 | അംഗൻവാടി കെട്ടിടത്തിന്റെ പുനരുദ്ധാരണം | 1,82,587.10 |
| 4 | കമ്മ്യൂണിറ്റി ഹാളിന്റെ പുനരുദ്ധാരണം | 6,64,012.20 |
| 5 | പുതിയ കിണർ നിർമ്മാണം | 2,85,255,90 |
| 6 | കുടിവെള്ള പദ്ധതി - പമ്പ് ഹൗസ് OH വാട്ടർ ടാങ്ക് സ്ഥാപിക്കൽ, വാട്ടർ സപ്ലൈ | 15,55,427.70 |

**മണലൂർ മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറികൾ**

25 (2555) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പഠനമുറി പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് എത്ര പേരെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഇതുവരെ എത്ര പഠനമുറികൾ നിർമ്മിച്ചുനൽകിയിട്ടുണ്ടെന്നും, എത്ര പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വീടിനോടൊപ്പം 120 sq. ft. വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ 15%, 30%, 40%, 15% എന്ന നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ് സഭ ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ പട്ടിക ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

നിലവിലുള്ള വീടിന്റെ വലിപ്പം 800 sq. ft.-ൽ അധികരിക്കാത്തവർക്കും വകുപ്പിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം ലഭിക്കാത്തവർക്കുമാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.

നിലവിലുള്ള വീടിനോടൊപ്പം 120 sq. ft. റൂം നിർമ്മിച്ച് മേൽക്കൂര കോൺക്രീറ്റ് ചെയ്ത് ചുവരുകൾ പ്ലാസ്റ്റർ ചെയ്യുന്നതിനും തറ ടൈൽ പാകുന്നതിനും വാതിൽ, ജനലുകൾ, പുസ്തകം സൂക്ഷിക്കുന്നതിനുള്ള ഭിത്തി, അലമാര എന്നിവ സ്ഥാപിക്കുന്നതിനും വൈദ്യുതീകരിച്ച് ലൈറ്റ്, ഫാൻ എന്നിവ സ്ഥാപിക്കുന്നതിനുമാണ് തുക നൽകി വരുന്നത്.

10-ാം ക്ലാസ് വിദ്യാർത്ഥികൾക്കും ഒരു കിടപ്പുമുറി മാത്രമുള്ള വീടിനും വിധവ/വിഭാര്യൻ നയിക്കുന്ന കുടുംബത്തിനും മാരകമായ രോഗം ബാധിച്ചവരുടെ കുടുംബത്തിനും പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിനും കുറഞ്ഞ വരുമാന പരിധിയുള്ളവർക്കും പദ്ധതി പ്രകാരം മുൻഗണന നൽകുന്നുണ്ട്.

(ബി) മണലൂർ മണ്ഡലത്തിൽ 2017-18 വർഷം പഠനമുറി പദ്ധതിക്കായി 70 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 41 പേർ നിർമ്മാണം പൂർത്തീകരിക്കുകയും 29 പേർ നിർമ്മാണത്തിന്റെ മൂന്നാം ഘട്ടത്തിലുമാണ്.

2018-19 വർഷം 64 പേരെ പഠനമുറി പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 7 പേർ നിർമ്മാണം പൂർത്തീകരിക്കുകയും അവശേഷിക്കുന്ന 57 പേരിൽ 19 പേർ രണ്ടാം ഗഡുവും 38 പേർ മൂന്നാം ഗഡുവും കൈപ്പറ്റി നിർമ്മാണം പുരോഗമിച്ചു വരികയും ചെയ്യുന്നു.

| വർഷം | തെരഞ്ഞെടുക്കപ്പെട്ട എണ്ണം | പൂർത്തിയാക്കിയ എണ്ണം | നിർമ്മാണം പുരോഗമിക്കുന്ന എണ്ണം |
|---|---|---|---|
| 2017-18 | 70 | 41 | 29 |
| 2018-19 | 64 | 7 | 57 |
| ആകെ | 134 | 48 | 86 |

## കളമശ്ശേരി മണ്ഡലത്തിൽ പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

26 (2556) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കളമശ്ശേരി നിയോജക മണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കു ന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്നുകര പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6 തവണ ടെണ്ടർ ക്ഷണിച്ച ശേഷമാണ് കരാറുകാരനെ ലഭിച്ചത് എന്നതിനാലാണ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ വൈകിയിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) കരാർ ഒപ്പുവച്ച് ഒരു മാസത്തിനുള്ളിൽ പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളുടെ മോണിറ്ററിംഗ്

27 (2557) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ പ്രയോജനം യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിലവിൽ സംവിധാനമുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ഗുണഭോക്താക്കളുടെ അർഹത വിശദമായി പരിശോധിക്കാൻ സംവിധാനം നിലവിലുണ്ട്.

## അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

28 (2558) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിലെ ഓരോ പട്ടികജാതി കോളനിയിലും എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും അമരമംഗലം, കതിർപ്പറമ്പ് എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

അമരമംഗലം കോളനിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ:

i. കോൺക്രീറ്റ് റോഡ്, ഫുട്പാത്ത് എന്നിവയുടെ നിർമ്മാണം

ii. കാന നിർമ്മാണം

iii. കുടിവെള്ള പദ്ധതി

iv. ലൈബ്രറി കെട്ടിട നിർമ്മാണം

v. റോഡ് റീ-ടാറിംഗ്

vi. മാലിന്യ സംസ്കരണ പദ്ധതി

vii. സംരക്ഷണ ഭിത്തി നിർമ്മാണം

viii. സ്വയംതൊഴിൽ - 5 പേർക്ക്

ix. വീടുകളുടെ അറ്റകുറ്റപ്പണി

കതിർപ്പറമ്പ് കോളനിയിലെ എസ്റ്റിമേറ്റ് ഏജൻസി തയ്യാറാക്കി വരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

29 (2559) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പഠനമുറി സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിനകം എത്ര പഠനമുറികൾ പൂർത്തിയാക്കുവാൻ സാധിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ആവിഷ്ക്കരിച്ച സാമൂഹ്യ പഠനമുറി സൗകര്യം ഇതിനകം എത്ര കേന്ദ്രങ്ങളിൽ ഏർപ്പെടുത്തി; പ്രസ്തുത കേന്ദ്രങ്ങളിൽ എന്തൊക്കെ സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നത് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരത്തിൽ പുരോഗതി കൈവരിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി ഇതിനകം എന്ത് തുകയാണ് ചെലവഴിച്ചത്; ഇവയ്ക്കായി എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ്/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോടൊപ്പം 120 sq. ft. വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2017-18 വർഷം 6623 പഠനമുറികളും 2018-19 വർഷം 4653 പഠനമുറികളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൽ 2017-18 വർഷം അനുവദിച്ചതിൽ 4680 പഠനമുറികളും 2018-19 വർഷം അനുവദിച്ചതിൽ 495 പഠനമുറികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 100 സാമൂഹ്യ പഠനമുറികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |
| വയനാട് | 5 |
| കോഴിക്കോട് | 25 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

ഓരോ സാമൂഹ്യ പഠനമുറിയിലും ഡസ്ക് ടോപ്പ് കമ്പ്യൂട്ടർ (2 എണ്ണം), യു.പി.എസ്. (2), വൈറ്റ് ബോർഡ് (1), എൽ.ഇ.ഡി. മോണിറ്റർ (1), എൽ.ഇ.ഡി. ഡിസ്പ്ലേ (1), കമ്പ്യൂട്ടർ ടേബിൾ രണ്ട് വിദ്യാർത്ഥികൾക്ക് വീതം ഇരിക്കുവാൻ കഴിയുന്ന കസേരയോടുകൂടിയ 15 സ്റ്റഡി ടേബിളുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠന സാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിലെ കുട്ടികളുടെ വീടിനോടൊപ്പം പഠനമുറി നിർമ്മിച്ചത് വഴി പഠനനിലവാരം മെച്ചപ്പെട്ടത് അടുത്തവർഷമേ വ്യക്തമാകുകയുള്ളൂ.

പ്രസ്തുത പദ്ധതികളിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന നിലവാരത്തിൽ പുരോഗതി കൈവരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ കോളനിയിൽ അക്ഷരാഭ്യാസമില്ലാത്ത കുട്ടികളുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്.

(ഡി) പട്ടികജാതി വകുപ്പ് നടപ്പാക്കുന്ന പഠനമുറി പദ്ധതി പ്രകാരം 2017-18 വർഷം 56,53,11,250 രൂപയും 2018-19 വർഷം 1,20,50,10,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലേയ്ക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

പ്രസ്തുത പദ്ധതികൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് 2017-18 സാമ്പത്തിക വർഷം 12,29,00,770 രൂപ (പന്ത്രണ്ട് കോടി ഇരുപത്തിയൊൻപത് ലക്ഷത്തി എഴുന്നൂറ്റി എഴുപത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**പട്ടികജാതി യുവതികൾക്കായുള്ള വിവാഹ ധനസഹായം**

30 (2560) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവതികൾക്കായുള്ള വിവാഹധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ച് വിവാഹധനസഹായത്തിന് അർഹത നേടുന്നവർക്ക് അവ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ധനസഹായം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) 2017-18 സാമ്പത്തികവർഷം അർഹത നേടിയ, ഇനിയും സഹായം ലഭിക്കാത്തവരെ സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവാഹ ധനസഹായ പദ്ധതി പ്രകാരം 1,00,000 രൂപയിൽ താഴെ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നു. വിവാഹം കഴിഞ്ഞ് 1 വർഷത്തിനുള്ളിൽ അതാത് ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ ജാതി വരുമാന സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത് തുടങ്ങിയവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്.

(ബി) സാമ്പത്തിക വർഷാന്ത്യത്തിൽ ഫണ്ടിന്റെ കുറവുമൂലം ചില അപേക്ഷ കളിൽ ധനസഹായം നൽകാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തുണ്ടായ പ്രളയം കണക്കിലെടുത്ത് പദ്ധതി തുക കുറവ് വരുത്തിയതിനാലാണ് ധനസഹായം നൽകുന്നതിന് കാലതാമസം നേരിട്ടത്.

(ഡി) 2017-18 സാമ്പത്തിക വർഷം വിവാഹ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച അർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും നിലവിൽ ധനസഹായം നൽകിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

31 (2561) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാനുള്ളതുമായ പദ്ധതികളുടെ വിശദവിവരം നൽകുമോ ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിവരവും അനുവദിച്ചിട്ടുള്ള തുകയുടെയും വിശദവിവരം നൽകുമോ ?

ഉത്തരം

(എ &ബി) അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നൽകുന്ന പദ്ധതി

32 (2562) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടുകളില്ലാത്ത പട്ടിക ജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. 2018-19 വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതി പ്രകാരമാണ് വീട് അനുവദിക്കുന്നത്. 2007-08 മുതൽ 2017-18 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തീകരിക്കാതെ സ്പിൽ ഓവറായി അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് വർദ്ധിപ്പിച്ച നിരക്കിൽ തുക അനുവദിച്ച് നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 278 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016 -നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ചു കൊണ്ട് പൂർത്തീകരിച്ചു വരുന്നു. അതിൻ പ്രകാരം 10267 വീടുകൾ 10-6-2019 വരെ പൂർത്തീകരിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 14906 വീടുകളും 2017-18 വർഷം 8895 വീടുകളും ഉൾപ്പെടെ ആകെ 23,801 വീടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 വർഷത്തിൽ 6130 വീടുകൾക്ക് ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിക്കുകയും ചെയ്തു. വിശദാംശങ്ങൾ അനുബന്ധം ആയി* ഉള്ളടക്കം ചെയ്യുന്നു. ഇതിന് പുറമേ 2018 വർഷത്തെ പ്രളയത്തിൽ പൂർണ്ണമായും തകർന്ന 245 വീടുകൾ നിർമ്മിക്കുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

വിവിധ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016-17 വർഷം 6709 വീടുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും 278 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിശദാംശങ്ങൾ അനുബന്ധം ആയി* ഉള്ളടക്കം ചെയ്യുന്നു. കൂടാതെ ലൈഫ് മിഷൻ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികവർഗ്ഗക്കാരായ 6025 ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## എസ്.ടി. കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

33 (2563) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷം എസ്.ടി കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത മറ്റു പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കാട് വെട്ടി യന്ത്രം വിതരണം, തെങ്ങ് കയറ്റ യന്ത്രം വിതരണം, വംശീയ വൈദ്യന്മാർക്ക് ധനസഹായം, ചാറ്റുപാട്ട് കലാകാരൻമാർക്ക് ധനസഹായം, ഞാറനീലി സ്കൂളിന് ഗേറ്റും ചുറ്റുമതിൽ നിർമ്മാണവും, പച്ചമല വാളൻകുഴി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം, പോട്ടോമാവ് റബ്ബർ കൃഷി, പെട്ടിക്കട, തയ്യൽമെഷീൻ, കിണർ കൈവരി എന്നിവയ്ക്കുള്ള ധനസഹായം, തനിമ-പരമ്പരാഗത തൊഴിൽ യൂണിറ്റിന് ഈറ, മുള എന്നിവ ഉപയോഗിച്ച് കുട്ട, വട്ടി, മുറം എന്നിവ നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഞാറനീലി കാണി സ്കൂളിന് ഗേറ്റും ചുറ്റുമതിൽ നിർമ്മാണവും എന്ന പദ്ധതിയൊഴികെ മറ്റെല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. ഞാറനീലി കാണി സ്കൂളിന് ഗേറ്റും ചുറ്റുമതിൽ നിർമ്മാണത്തിനുമായി അനുവദിച്ച തുക വെയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**വനമേഖലയെ കൂട്ടിയിണക്കി ആനത്താരകളുടെ നിർമ്മാണം**

34 (2564) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയെ കൂട്ടിയിണക്കി ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസി കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരുമോ;

(ബി) എങ്കിൽ എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും ; ഇതിനകം എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയുണ്ടായി;

(സി) ദേശീയ വനവാസനിയമമനുസരിച്ച് വനത്തിനകത്ത് ആദിവാസികൾക്ക് സ്വയം നിർമ്മാണാവകാശമുണ്ടോ;

(ഡി) എങ്കിൽ വനാവകാശനിയമം ഇനിയും നടപ്പാക്കാത്ത സംസ്ഥാനമെന്ന നിലയിൽ ഇത് പുനരധിവാസത്തിന് തടസ്സമാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ വനമേഖലയെ കൂട്ടിയിണക്കി ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ടതായി വരും. എന്നാൽ മറ്റ് ജില്ലകളിൽ ആനത്താരകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആദിവാസികളെ മാറ്റിപ്പാർപ്പിക്കേണ്ട സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ 8 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരും. ഇതുവരെ ആരേയും മാറ്റിപ്പാർപ്പിച്ചിട്ടില്ല.

(സി) വനാവകാശ നിയമം 2006 പ്രകാരം ആദിവാസി കുടുംബങ്ങൾക്ക് തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങളും ഉപജീവനമാർഗ്ഗങ്ങളും ഒരുക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ടി നിയമത്തിലെ രണ്ടാം അദ്ധ്യായത്തിലെ ഖണ്ഡിക (2)-ൽ ചേർത്തിരിക്കുന്ന 14 തരത്തിലുള്ള അടിസ്ഥാന വികസന ആവശ്യങ്ങൾക്ക് ഓരോന്നിനുമായി ഗ്രാമസഭയുടെ ശിപാർശ പ്രകാരം പരമാവധി ഒരു ഹെക്ടർ വനഭൂമി പരിവർത്തനം ചെയ്ത് ഉപയോഗിക്കുന്നതിന് വനാവകാശ നിയമ പ്രകാരം അനുമതി ലഭ്യമാകുന്നതാണ്.

(ഡി) സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്.

## തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവർ

35 (2565) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം എന്തെല്ലാം സഹായമാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ 2859 പട്ടികജാതി കുടുംബങ്ങൾക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിൽ വ്യാപകമായ കൃഷി നാശമോ തൊഴിൽ നഷ്ടങ്ങളോ ഉണ്ടായിട്ടില്ല. എന്നിരുന്നാലും എറണാകുളം ജില്ലയിൽ 43 പേർക്കും വയനാട് ജില്ലയിലെ മാനന്തവാടിയിൽ 19 പേർക്കും ഉൾപ്പെടെ 62 പേർക്ക് ജീവനോപാധികൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(ബി) പ്രളയക്കെടുതിയിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് നൽകിയ സഹായത്തിനു പുറമെ അടിയന്തര ധനസഹായമായി 5,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ 43 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അവരുടെ ജീവനോപാധികളായിരുന്ന മരംവെട്ട് യന്ത്രം, ചെണ്ട, തയ്യൽ മെഷീനുകൾ, കളിമൺ നിർമ്മാണ യൂണിറ്റ്, തട്ടുകട, ഓട്ടോറിക്ഷ, വള്ളം പണിയുന്ന ഉപകരണങ്ങൾ, സ്വയംതൊഴിലിനുള്ള പണിയായുധങ്ങൾ എന്നിവ നഷ്ടപ്പെട്ടിരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നഷ്ടത്തിന്റെ തോതനുസരിച്ചുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടിയിൽ ജീവനോപാധി നഷ്ടപ്പെട്ട 19 പേർക്ക് ആട് വളർത്തൽ, പോത്തുകുട്ടി വളർത്തൽ, പശുകുട്ടി വളർത്തൽ എന്നിവയ്ക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ജീവനോപാധികൾ ഏർപ്പെടുത്തുന്നതിന് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് ആശ്വാസ ധനസഹായമായി 10,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

## വ്ലാവെട്ടി ട്രൈബൽ സ്കൂളിലെ അടിസ്ഥാന സൗകര്യ വികസനം

36 (2566) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വ്ലാവെട്ടി ഗവ.ട്രൈബൽ എൽ.പി. സ്കൂളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി) ഈ സ്കൂളിനെ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രായോഗികമായ പ്രൊപ്പോസൽ വകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(ബി) നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടില്ല.

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

37 (2567) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി കോളനികൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഫീസിബിലിറ്റി ഉള്ള എത്ര പട്ടികജാതി- പട്ടികവർഗ്ഗ കോളനികളുണ്ട് എന്ന വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

പട്ടികജാതി വികസന വകുപ്പ്

അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം പുതുതായി കോളനികളെ തെരഞ്ഞെടുക്കുന്നുണ്ട്. കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങൾ എങ്കിലും ഉള്ള കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. അതിന്റെ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2019-20 വർഷം സാമൂഹികവും സാമ്പത്തികവുമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)

| പഞ്ചായത്ത് | പട്ടികജാതി കോളനികൾ (30 കുടുംബങ്ങൾ ഉള്ള കോളനികൾ) | പട്ടികവർഗ്ഗ കോളനികൾ |
|---|---|---|
| പാറശ്ശാല | 5 | -- |
| വെള്ളറട | 1 | 5 |
| ആര്യൻകോട് | 1 | -- |
| കൊല്ലയിൽ | 3 | -- |
| ഒറ്റശേഖരമംഗലം | 5 | 2 |
| കുന്നത്തുകാൽ | -- | 1 |
| അമ്പൂരി | -- | 12 |
| കള്ളിക്കാട് | -- | 2 |
| ആകെ | 15 | 22 |

**ചെമ്പക്കാട് എസ്.ടി. കോളനിയിലെ വീട് പ്രശ്നം**

38 (2568) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബോഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.റ്റി. കോളനിയിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്ന കുടുംബങ്ങൾക്ക് വീട് നൽകുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) മഴക്കാലത്ത് സ്വന്തം വീട്ടിൽ കഴിയാൻ സാധിക്കാത്തവിധം ചോർന്നൊലിക്കുന്ന വീടുകളിലാണ് കോളനി നിവാസികൾ താമസിക്കുന്നതെന്ന വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിയിൽ 38 കുടുംബങ്ങളിൽ 34 കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത വീടുകളിലാണ് കഴിയുന്നത്. ടി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് അനുവദിച്ച് നൽകുന്നതിന് ജില്ലാ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഊരുകൂട്ട തീരുമാന പ്രകാരം 34 വീടുകൾക്ക് മുകളിലായി റെയ്ഡ്കോ മുഖേന ടാർപോളിൻ വാങ്ങി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2019-20 വർഷത്തെ അംബേദ്കർ വികസന പദ്ധതിയിൽ ടി കോളനി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

## വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി

39 (2569) <u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാഭ്യാസ വിവരവിനിമയ പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) പട്ടികവർഗ്ഗക്കാരുടെ ജീവിതരീതിയും അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) പട്ടികവർഗ്ഗ വികസനവകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച പരിപാടികളുടെ പ്രചാരണം/ഡോക്യുമെന്റേഷൻ എന്നിവ ഏതൊക്കെ വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർഗോത്സവം, കളിക്കളം തുടങ്ങിയ കലാകായിക മേളകളുടെ പ്രോത്സാഹനം ഈ പദ്ധതിയുടെ കീഴിൽ വരുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിദ്യാഭ്യാസ വിവര വിനിമയ പദ്ധതിക്ക് 2 ഘടകങ്ങളുണ്ട്.

1. പബ്ലിസിറ്റി വിഭാഗം

2. ദേശീയ കലാവ്യാപാരമേള

സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ, നാടൻ കലോത്സവങ്ങൾ, മദ്യവിരുദ്ധ പ്രചാരണം തുടങ്ങിയവ നടത്തുക, പട്ടികവർഗ്ഗക്കാരുടെ ജീവിത രീതിയിലും സാംസ്കാരികവും ദൈനംദിനവുമായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഡിജിറ്റൽ ഡോക്യുമെന്റേഷൻ തയ്യാറാക്കുക, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം, സംസ്ഥാനതല, ജില്ലാതല സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ കായികമായ മികവ് പുലർത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനം, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയോ പി.ആർ.ഡി. മുഖേനയോ പ്രചാരണം/ പരസ്യം/ ഡോക്യുമെന്റേഷൻ/ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ നടത്തുക, പട്ടികവർഗ്ഗ ഗൈഡ് പ്രസിദ്ധീകരിക്കുക എന്നിവയാണ് പബ്ലിസിറ്റി വിഭാഗം നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ.

പട്ടികവർഗ്ഗക്കാരുടെ കലകളെയും ഉത്സവങ്ങളേയും പരിപോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ദേശീയ കലാവ്യാപാരമേള. സംസ്ഥാനത്ത് 'ഗദ്ദിക' എന്ന പേരിൽ എല്ലാ സാമ്പത്തിക വർഷവും 2 കലാമേളകൾ സംഘടിപ്പിച്ചു വരുന്നു.

(ബി) ഡിജിറ്റൽ ഡോക്യുമെന്റേഷൻ ജോലികൾ വിദ്യാഭ്യാസ വിവരവിനിമയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുപുറമെ വകുപ്പിന്റെ പദ്ധതികളും പദ്ധതി നിർവ്വഹണ നേട്ടങ്ങളുടെയും ഡിജിറ്റൽ ഡോക്യുമെന്റേഷൻ, വിദ്യാഭ്യാസ വിവര വിനിമയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ജീവിതരീതിയും അവരുടെ സാംസ്കാരിക പ്രവർത്തനങ്ങളും ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്തു സൂക്ഷിക്കുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ കലാസാംസ്കാരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് വകുപ്പ് വർഷംതോറും നടത്തി വരുന്ന പ്രദർശന വിപണന കലാമേളയാണ് 'ഗദ്ദിക'. പട്ടികവർഗ്ഗക്കാരുടെ തനത് നൃത്തരൂപങ്ങളും കലാപരിപാടികളും അവതരിപ്പിക്കുന്നതിന് 'ഗദ്ദിക' അവസരമൊരുക്കുന്നു. 10 ദിവസത്തെ മേളയാണ് സംഘടിപ്പിക്കുന്നത്. ഗദ്ദികയിൽ അവതരിപ്പിച്ച പട്ടികവർഗ്ഗ വിഭാഗക്കാരുടെ കലാപരിപാടികൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുന്നതിലേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പും സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി വീഡിയോ ഡോക്യുമെന്റേഷൻ നടത്തിയിരുന്നു.

അട്ടപ്പാടിയിലെ ഗോത്ര വിഭാഗക്കാരുടെ വംശീയഗാനങ്ങൾ താളവും ഈണവും ചോർന്നുപോകാതെ ഓഡിയോ-വിഷൻ ഡോക്യുമെന്റേഷൻ ചെയ്തിട്ടുണ്ട്. അതിജീവനത്തിനായി ബുദ്ധിമുട്ടുന്ന ഒട്ടേറെ ഗോത്രകലകളെ പുനരുജ്ജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ ദൃശ്യരേഖകൾ സഹായകരമാകുന്നു.

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സമഗ്ര വിവരശേഖരണം ലക്ഷ്യമാക്കി വകുപ്പ് ഇ-സർവ്വെ നടത്തിവരുന്നത് അവസാന ഘട്ടത്തിലാണ്. ജി.പി.എസ്. സഹായത്തോടെ ഓൺലൈനായാണ് സർവ്വെ നടത്തിവരുന്നത്.

പട്ടികവർഗ്ഗക്കാരുടെ സമ്പൂർണ്ണ വ്യക്തി വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഇ-സർവ്വെ സഹായകരമാകുന്നു.

വകുപ്പിന്റെ പദ്ധതികളും പദ്ധതി നേട്ടങ്ങളും പുസ്തകങ്ങളും മറ്റ് രേഖകളും ഡിജിറ്റൽ രൂപത്തിൽ പൊതുജനങ്ങളിൽ എത്തിക്കുന്നതിലേയ്ക്ക് ഒരു ഡിജിറ്റൽ മാഗസിൻ (മൊബൈൽ/വെബ് ആപ്ലിക്കേഷൻ) തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രചരണം നടത്തുന്നതിനായി കൈ പുസ്തകം അച്ചടിച്ച് വിതരണം നടത്തുന്നുണ്ട്. കൂടാതെ പട്ടികജാതി വികസന വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'പടവുകൾ' മാസികയിലും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന കോളനികൾ കേന്ദ്രീകരിച്ച് പദ്ധതി സംബന്ധിച്ച് ബോധവത്കരണം നടത്തിവരുന്നുണ്ട്. കൂടാതെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി ആവശ്യമായ പ്രചരണം നടത്തിവരുന്നുണ്ട്. സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റിൽ സ്ഥാപിച്ചിട്ടുള്ള ടോൾ ഫ്രീ നമ്പർ സേവനം വഴിയും വകുപ്പിന്റെ വെബ്സൈറ്റ് വഴിയും ആവശ്യമായ വിവരങ്ങൾ പട്ടികവർഗ്ഗക്കാർക്കും പൊതുജനങ്ങൾക്കും നൽകിവരുന്നുണ്ട്. ജില്ലാതല ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-മെസഞ്ചർ സംവിധാനം മുഖേന പദ്ധതി സംബന്ധിച്ചുള്ള ഡോക്യുമെന്റേഷൻ പ്രദർശിപ്പിച്ചു വരുന്നു.

സർഗോത്സവം, കളിക്കളം തുടങ്ങിയ കലാകായിക മേളകളുടെ പ്രോത്സാഹനം ഈ പദ്ധതിയുടെ കീഴിൽ വരുന്നവയാണ്.

(ഇ) ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി, വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം, പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി, സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി, സിക്കിൾ സെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി, വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി എന്നിവയാണ് പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ.

പട്ടികവർഗ്ഗക്കാരിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ട്രൈബൽ പ്ലസ് എന്ന പുതിയ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലൂടെ 100 ദിവസത്തെ അധിക ജോലിയും വരുമാനവും ഉറപ്പാക്കുന്നു. അട്ടപ്പാടി പോലുള്ള പിന്നാക്ക സ്ഥലങ്ങളിൽ മില്ലറ്റ് വില്ലേജ് എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകി അവർക്ക് സ്ഥിരം വരുമാനം ഉണ്ടാകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ജീവനോപാധി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിലൂടെ ഇവർക്കിടയിലെ ദാരിദ്ര്യം ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഉപകരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

## ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ

40 (2570) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്ത് താമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഫലങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ അവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ. വിശദാംശം നൽകുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനകം ഏതൊക്കെ ജില്ലകളിൽ കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ പദ്ധതിക്ക് 2019-20-ൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ മേഖലയ്ക്ക് പുറത്ത് താമസിക്കുന്ന ഒറ്റപ്പെട്ട കുടുംബങ്ങളിൽ താമസിക്കുന്നവർക്കായി സർക്കാർ 2016-17-ൽ ആവിഷ്കരിച്ച പദ്ധതിയാണ് പി. കെ. കാളൻ കുടുംബസഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഇത്തരം കുടുംബങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ കുടുംബ സന്ദർശനം നടത്തി നേരിട്ട് മനസ്സിലാക്കി കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി ഓരോ കുടുംബത്തിനും ആവശ്യമായി വരുന്ന പ്രധാന ആവശ്യങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ പരിഗണിച്ച് പരിഹാരം കാണുന്ന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. കുടുംബ കേന്ദ്രീകൃത പദ്ധതികൾക്ക് മുൻതൂക്കം നൽകി, പാർപ്പിടം, ശുദ്ധജലം, വൈദ്യുതി, ശുചിത്വ പരിപാടികൾ, ജീവനോപാധികൾ, ആരോഗ്യ പ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ, വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ, പാരമ്പര്യ അറിവുകൾ പരിപോഷിപ്പിക്കൽ, പരമ്പരാഗത തൊഴിലുകൾ പരിപോഷിപ്പിക്കൽ, വനവിഭവ ശേഖരണവും മൂല്യവർദ്ധനവിനുള്ള പ്രവർത്തനങ്ങളും, നൈപുണ്യ വികസന പദ്ധതി നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) കേരളത്തിൽ 419 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 7679 കുടുംബങ്ങൾ ചിതറി കിടക്കുന്നുണ്ടെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട്, ആലപ്പുഴ ജില്ലകളിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

(സി) 2019-20 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ വികസന പദ്ധതിയുടെ ഒരു ഉപപദ്ധതിയായാണ് പി. കെ. കാളൻ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. അംബേദ്കർ വികസന പദ്ധതിയിൽ വകയിരുത്തിയ 100 കോടി രൂപയിൽ പി. കെ. കാളൻ പദ്ധതിയും നടപ്പിലാക്കാനാണ് പദ്ധതി രേഖ വിഭാവനം ചെയ്യുന്നത്.

## പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകിയ വായ്പ

41(2571) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം എന്നുവരെ തിരിച്ചടവ് കാലാവധി പൂർത്തിയാക്കിയ കടങ്ങളാണ് എഴുതിത്തള്ളുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി വായ്പയെടുത്ത എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചു ; എത്ര കോടി രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്; വിശദമാക്കുമോ;

(സി) 2016 ജൂണിന് ശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന എത്ര പേരുടെ വായ്പ എഴുതിത്തള്ളി; എത്ര കോടി രൂപയാണ് ഇപ്രകാരം എഴുതി തള്ളിയത്?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശികയിൽ ഒരു ലക്ഷം രൂപ വരെ ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ട്. 31-3-2014-ന് മുമ്പ് വായ്പാ തിരിച്ചടവ് കാലാവധി അവസാനിച്ച പട്ടികവർഗ്ഗക്കാരുടെ കടങ്ങളാണ് എഴുതിത്തള്ളുന്നത്.

(ബി) 115 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു. 32,88,498 രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്.

(സി) 3322.

9,18,32,837 രൂപയുടെ വായ്പയാണ് എഴുതിത്തള്ളിയത്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൂതന ക്ഷേമപദ്ധതികൾ**

42 (2572) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഓരോ പദ്ധതിക്കും 2018-19-ൽ എന്ത് തുക വീതമാണ് വകയിരുത്തിയിരുന്നത്; എത്ര തുക മാർച്ച് 31-ന് മുമ്പ് ചെലവഴിച്ചു;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ ഏതെങ്കിലും പദ്ധതികൾ പേരുമാറ്റി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു:

- സാമൂഹ്യ പഠനമുറി
- ഗോത്രബന്ധു പദ്ധതി
- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം (അടിസ്ഥാന സൗകര്യങ്ങൾ)
- പി. കെ. കാളൻ കുടുംബ പദ്ധതി
- ഗോത്രവാത്സല്യ നിധി
- ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം
- പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണശാല അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP)
- ഗോത്ര ജീവിക
- ഗോത്രരശ്മി
- കിഫ്ബി മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ
- മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ
- സമഗ്ര സാക്ഷരതാ പരിപാടി
- തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും
- മില്ലറ്റ് വില്ലേജ് പദ്ധതി
- പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം 2019-20 -ലെ പുതിയ പദ്ധതി.

(ബി) 2018-19 സാമ്പത്തിക വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | 2018-19-ൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | സാമൂഹ്യ പഠനമുറി | 188.00 | 188.00 |
| 2 | അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം | 11000.00 | 5431.50 |
| 3 | പി. കെ. കാളൻ കുടുംബ പദ്ധതി | 154.00 | 154.00 |
| 4 | ഗോത്രബന്ധു പദ്ധതി | 440.00 | 313.22 |
| 5 | ഗോത്രവാത്സല്യ നിധി | 220.00 | 220.00 |
| 6 | മില്ലറ്റ് വില്ലേജ് പദ്ധതി | 237.00 | 237.00 |
| 7 | മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ | 254.00 | 254.00 |

(സി) മുൻ കാലത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി വിവിധ പേരുകളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതി പുതുതായി ആരംഭിച്ചതാണ്.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഭവനനിർമ്മാണ പദ്ധതികൾ**

43 (2573) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ഭവനനിർമ്മാണ/നവീകരണ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) കാലപ്പഴക്കം കൊണ്ടും പ്രകൃതിക്ഷോഭംമൂലവും മറ്റുകാരണങ്ങൾ കൊണ്ടും തകർച്ചയിലായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇരട്ട വീടുകൾ ഒറ്റ വീടായി പുനർനിർമ്മിക്കുന്നതിന് സർക്കാർപദ്ധതികൾ/ധനസഹായ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, എ.റ്റി.എസ്.പി. ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം സംസ്ഥാനത്തെ ഭവനരഹിതരും അർഹരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ വീട് അനുവദിച്ചുവരുന്നു. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖാന്തിരം പി.എം.എ.വൈ. ഭവന പദ്ധതി പ്രകാരവും വീടുകൾ അനുവദിച്ചുവരുന്നു.

കൂടാതെ, പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിൽ നിലവിലെ മാനദണ്ഡപ്രകാരം പണി പൂർത്തീകരിച്ച് 6 വർഷം പൂർത്തിയായ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനും പരമാവധി ഒന്നരലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ, വനബന്ധു കല്യാൺ യോജന എന്നീ പദ്ധതി കളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം 6709 വീടുകൾ അനുവദിച്ചതിൽ 278 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ചതും 31-3-2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12183 വീടുകൾ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി യഥാർത്ഥ നിർമ്മാണ ചെലവ് അനുവദിച്ച് നാളിതുവരെ 10267 വീടുകൾ പൂർത്തീകരിച്ചു.

ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ പുതിയ വീട് അനുവദിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മുഖേന സർവ്വെ നടത്തുകയും പട്ടികവർഗ്ഗക്കാരായ 6025 ഗുണഭോക്താക്കൾ ടി സർവ്വെയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാളുകൾക്ക് ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ വീടില്ലാത്ത മുഴുവൻ പട്ടികവർഗ്ഗക്കാരെയും ലൈഫ് മിഷൻ സർവ്വെയിൽ ഉൾപ്പെടുത്തുന്നതിനായി നാലാം ഉപസമിതിയിൽ പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള തീരുമാനങ്ങൾ സർക്കാർ ഉത്തരവായി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.

(ബി) പട്ടികവർഗ്ഗ മേഖലകളിലെ മുഴുവൻ വീടുകളും ഒറ്റ വീടായിട്ടാണ് നിർമ്മിക്കുന്നത്. പ്രകൃതിക്ഷോഭംമൂലവും മറ്റുകാരണങ്ങൾകൊണ്ടും തകർച്ചയിലാകുന്ന പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ പുനർനിർമ്മാണത്തിനായി വകുപ്പ് മുഖേനയും ദുരന്തനിവാരണ വകുപ്പ് മുഖേനയും ധനസഹായം നൽകി വരുന്നുണ്ട്.

## പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന വികസന പദ്ധതികൾ

44 (2574) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സർക്കാർ മേഖലയിലോ സ്വകാര്യമേഖലയിലോ സ്വയം തൊഴിൽ മേഖലയിലോ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളിൽ ഏതൊക്കെ വകുപ്പുകളും സന്നദ്ധസംഘടനകളുമാണ് ക്ഷേമവകുപ്പുമായി സഹകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; ഇവർ ഏറ്റെടുത്ത പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ;

(സി) വനത്തിനുള്ളിൽ മാത്രം ജീവിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾ ഏതൊക്കെ; അവരുടെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പു വരുത്തുന്നതിന് പ്രത്യേകമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ട പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അവ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളായ പോലീസ്, എക്സൈസ്, വനം എന്നിവയിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിച്ചിട്ടുണ്ട്. മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽരഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലയിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് താല്ക്കാലിക നിയമനവും നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ് വെയർ/സോഫ്റ്റ്വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളും മറ്റ് സന്നദ്ധ സംഘടനകളും സഹകരിച്ചാണ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം വകുപ്പിന്റെ ഫണ്ട് ഉൾപ്പെടുത്തി അട്ടപ്പാടി പട്ടികവർഗ്ഗ മേഖലകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗക്കാരുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കൃഷി ഭൂമിയിൽ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുസ്ഥിരമായ വരുമാനദായക സാധ്യതകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ച് 15 കോടി രൂപ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വികസനത്തിനായുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കി വരുന്നു.

റൂറൽ ഡെവലപ്മെന്റ് വകുപ്പ് മുഖേന പി.എം.എ.വൈ. ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.

എം.ജി.എൻ.ആർ.ജി.എ. സ്റ്റേറ്റ് മിഷൻ മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതിയും റിവോൾവിംഗ് ഫണ്ട് പദ്ധതിയും നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ ശിശുക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു.

നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ഗോത്രജീവിക പദ്ധതി നടപ്പിലാക്കിവരുന്നു.

കേരള അക്കാഡമിക് ഫോർ സ്കിൽ എക്സലൻസിന്റെ അംഗീകാരത്തോടെ ആധുനികവും പരമ്പരാഗതവുമായ മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലെ തൊഴിൽ സാധ്യതകൾ പരിശോധിച്ചുകൊണ്ട് സാധ്യതകൾ നിലനിൽക്കുന്ന മേഖലകൾക്ക് ഊന്നൽ നൽകി നൈപുണ്യ വികസന പരിശീലനം നൽകി വരുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് 2013-ൽ പ്രസിദ്ധീകരിച്ച സോഷ്യോ ഇക്കണോമിക് സർവ്വെ പ്രകാരം അരനാടൻ (അരണ്ടൻ), ഹിൽപുലയ, മഹാമലസർ, മുതുവാൻ, കുറുമ്പൻ, ചോലനായ്ക്കൻ എന്നീ പട്ടികവർഗ്ഗ വിഭാഗങ്ങൾ 80%-ത്തിൽ അധികം വനത്തിനുള്ളിൽ താമസിക്കുന്നവരാണ്. അവരുടെ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിന് പ്രത്യേകമായി പദ്ധതികൾ ഒന്നും നടപ്പാക്കുന്നില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ ആരോഗ്യ വിദ്യാഭ്യാസ പരിപാടിയുടെ ആനുകൂല്യങ്ങളും ഈ വിഭാഗത്തിന് നൽകുന്നു. 2019-20 വർഷത്തിൽ ഈ വിഭാഗങ്ങളുടെ വികസന പദ്ധതി നടപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ആദിവാസികൾക്ക് വനഭൂമിയിലെ അവകാശം**

45 (2575) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനഭൂമിയിലെ അവകാശം നൽകുന്നത് സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിൽ യഥാസമയം സത്യവാങ്മൂലം ഫയൽ ചെയ്യാത്തതിൽ പിഴയടയ്ക്കുവാൻ കോടതി നിർദ്ദേശിച്ചിരുന്നോ;

(ബി) എങ്കിൽ എന്ത് തുകയാണ് പിഴയായി ലീഗൽ സർവ്വീസസ് കമ്മിറ്റിക്ക് ഒടുക്കിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആദിവാസികൾക്ക് വനഭൂമിയിലെ അവകാശം നൽകുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതി നിർദ്ദേശിച്ച പിഴ ഒഴിവാക്കുന്നതിനായി നിലവിൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ സർക്കാർ പിഴയൊന്നും ഒടുക്കിയിട്ടില്ല.

## മിശ്രവിവാഹിതർക്ക് ധനസഹായം

46 (2576) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് അനുവദിച്ചിട്ടുള്ള ധനസഹായം എത്രയാണ്;

(ബി) പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചത്; അത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മിശ്രവിവാഹിതരായ ദമ്പതിമാരുടെ മക്കൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000 രൂപ ധനസഹായമായി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ചുനൽകുന്നുണ്ട്.

(ബി) മിശ്ര വിവാഹ ധനസഹായ തുക 8-3-2012 തീയതിയിലെ സ.ഉ. (കൈ)നമ്പർ 43/12/പജപവവിവ നമ്പർ ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചത്. ഇപ്പോൾ നൽകിവരുന്ന 50,000 രൂപയിൽനിന്നും 1,00,000 രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു.

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ പ്രസ്തുത കുടുംബത്തിന് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ചുനൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാ ധനസഹായ വിതരണം

47 (2577) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ചികിൽസാ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് ടി.ഗ്രാന്റ്സ് വഴി നൽകുന്ന ചികിൽസാ ധനസഹായ അപേക്ഷകളിൽ രോഗിക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈൻ പോർട്ടൽ വഴി അപേക്ഷിക്കുന്നവർക്ക് ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നതായ പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ധനസഹായം സംബന്ധിച്ച് എം.എൽ.എ. മാർക്ക് അറിയിപ്പ് നൽകാറുണ്ടോ എന്നറിയിക്കാമോ;

(സി) കടുത്തുരുത്തി മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ ചികിൽസാ ധനസഹായ അപേക്ഷകൾ ബഹു. മന്ത്രിയുടെ ഓഫീസിലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിലും തീരുമാനമാകാതെ കിടക്കുന്നുണ്ട്; അവ എന്നേക്ക് തീർപ്പുകൽപ്പിക്കും എന്നറിയിക്കാമോ;

(ഡി) പാസ്സായ അപേക്ഷകളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ടി. ഗ്രാന്റ്സ് സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; അപേക്ഷയുടെ ഒറിജിനൽ ബ്ലോക്ക് ഓഫീസിൽ എത്തിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം സമയബന്ധിതമായി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ ടി-ഗ്രാന്റ്സ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഓൺലൈൻ വഴി അപേക്ഷിക്കുന്നവർക്ക് ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടാറില്ല. ധനസഹായം കിട്ടുന്നതിന് കാലതാമസം നേരിടുന്നതായ പരാതികൾ ലഭ്യമായിട്ടില്ല. പരാതികൾ ലഭ്യമാകുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഓൺലൈൻ വഴി ധനസഹായം അനുവദിക്കുന്നുവെന്നതിനാൽ ധനസഹായം സംബന്ധിച്ച് എം.എൽ.എ. മാർക്ക് അറിയിപ്പ് നൽകാറില്ല. ടി-ഗ്രാന്റ്സ് സൈറ്റിൽ അപേക്ഷാ നമ്പർ നൽകിയാൽ അപേക്ഷാ സ്ഥിതി അറിയുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിന് ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടില്ല.

(സി) പരിശോധിച്ചുവരികയാണ്.

(ഡി) പട്ടികജാതി ഗുണഭോക്താക്കൾക്ക് എസ്.എം.എസ്. വഴി വിവരം നൽകുകയും കൂടാതെ ടി-ഗ്രാന്റ്സ് സൈറ്റിൽ അപേക്ഷാ നമ്പർ നൽകിയാൽ അപേക്ഷാ സ്ഥിതി അറിയാൻ സാധിക്കും.

പട്ടികവർഗ്ഗ വിഭാഗത്തിൽ പാസ്സായ അപേക്ഷകളെക്കുറിച്ച് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എന്നിവർ മുഖേന ഗുണഭോക്താക്കളെ നേരിട്ട് അറിയിക്കാറുണ്ട്.

(ഇ) പട്ടികജാതി വകുപ്പിന്റെ ടി-ഗ്രാന്റ്സ് സോഫ്റ്റ്വെയറിൽ മാറ്റംവരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് ഒറിജിനൽ അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി വ്യവസ്ഥയിൽ മാറ്റംവരുത്തേണ്ട സാഹചര്യം നിലവിലില്ല.

ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം സമയബന്ധിതമായി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമായ ടി-ഗ്രാന്റ്സ് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആവശ്യങ്ങൾക്കനുസൃതമായി ഭേദഗതി വരുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലക്കപ്പാറയിലെ ട്രൈബൽ ഒ.പി. ക്ലിനിക്

48 (2578) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടാറ്റ കമ്പനിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലെ ട്രൈബൽ ഒ.പി. ക്ലിനിക്കിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അതിരപ്പിള്ളി പഞ്ചായത്തിലെ ട്രൈബൽ ഒ.പി. ക്ലിനിക് പ്രവർത്തിക്കുന്നത് തമിഴ്നാട് അതിർത്തിയോട് ചേർന്ന മലക്കപ്പാറയിലുള്ള ടാറ്റ എസ്റ്റേറ്റിന്റെ പഴയ ഒരു കെട്ടിടത്തിലാണ്. സ്വന്തമായി കെട്ടിടം പണിയുന്നതിന് നിലവിൽ ഭൂമിയില്ല. ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഭൂമിയോ അല്ലെങ്കിൽ വനാവകാശ നിയമപ്രകാരം വനഭൂമിയോ ലഭ്യമാക്കേണ്ടതുണ്ട്.

വനാവകാശ നിയമപ്രകാരം വനഭൂമി ലഭ്യമാകുന്നതിലേയ്ക്ക് പ്രാഥമികമായി കെട്ടിട നിർമ്മാണത്തിന്റെ പ്രോജക്ട് തയ്യാറാക്കേണ്ടതുണ്ട്. അതിലേയ്ക്ക് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

49 (2579) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-ൽ അധികം വരുന്ന ആദിവാസി കോളനികൾ ഉൾപ്പെടുന്ന കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗവിഭാഗം കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി സ്വകാര്യകെട്ടിടം വാടകയ്ക്കെടുത്ത് വാടകയും മറ്റ് അനുബന്ധ ചെലവുകളും സഹിതം നല്കിയ പ്രൊപ്പോസലിൽ സർക്കാർ എന്ത് തീരുമാനമാണെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കോതമംഗലം മണ്ഡലത്തിലെ 16-ൽ അധികം വരുന്ന ആദിവാസി കോളനികളിലെ കുട്ടികൾക്കും സമീപജില്ലയിലെ പട്ടികവർഗ്ഗ കുട്ടികൾക്കും ഉപകാരപ്പെടുന്ന തരത്തിൽ കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നേര്യമംഗലത്ത് കിഫ്ബി മുഖേന ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടത്തിന് സ്ഥലം ലഭ്യമാകുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

## പട്ടികവർഗ്ഗ കുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

50 (2580) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് കോതമംഗലം മണ്ഡലത്തിൽ വടാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം പട്ടികവർഗ്ഗവകുപ്പിന് വിട്ടുനല്കുന്നതിനുള്ള തീരുമാനം ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ഡി) കെട്ടിടം ഏറ്റെടുത്ത് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും തോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ വടാശ്ശേരിയിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ തുടങ്ങുന്നതിന് താൽക്കാലികമായി അനുവദിച്ചുകൊണ്ടുള്ള കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16-2-2019 ലെ സി-401/19-ാം നമ്പർ നടപടി ഉത്തരവ് ലഭ്യമായിട്ടുണ്ട്.

(ബി-ഡി) കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും തോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ വടാശ്ശേരിയിൽ സ്ഥിതി ചെയ്യുന്നതുമായ കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ആൺകുട്ടികൾക്കായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന തയ്യാറാക്കിയ 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചുവരുന്നു.

## ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടി

51 (2581) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ ചുമതലയിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടികളും പദ്ധതിരേഖയും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ച നടപടികളും പദ്ധതിരേഖയും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 84 പ്രീമെട്രിക് ഹോസ്റ്റലുകളും 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണുള്ളത്. ഈ ഹോസ്റ്റലുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ ഹോസ്റ്റലുകളിലും അടിസ്ഥാന സൗകര്യ ങ്ങളുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ടെലിവിഷൻ, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ, വാഷിംഗ് മെഷീൻ, ഡ്രയർ, ഗ്രൈൻഡർ, മിക്സി, കമ്പ്യൂട്ടർ, ബയോഗ്യാസ് പ്ലാന്റ്, കൊതുകുവല തുടങ്ങിയ സൗകര്യങ്ങൾ എല്ലാ ഹോസ്റ്റലുകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും അവ ഇല്ലാത്ത സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹോസ്റ്റലുകളുടെ പ്രവർത്തനം വിലിയിരുത്തുന്നതിന് സ്ഥലം എം.എൽ.എ. രക്ഷാധികാരിയായി ഉപദേശക സമിതികൾ എല്ലാ ഹോസ്റ്റലുകളിലും രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത സമിതി യഥാസമയം ചേർന്ന് ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലേക്കാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നവീകരിക്കുന്നതിനും പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിച്ചുവരുന്നു. നവീകരണം/അറ്റകുറ്റപ്പണികൾ ആവശ്യമായ എല്ലാ ഹോസ്റ്റലു കളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മാണം നടത്തിയശേഷം നാളിതുവരെ നടത്തിയ മെയിന്റനൻസ്/നവീകരണ പ്രവൃത്തികളുടെ വിവരങ്ങളും ഏതൊക്കെ ഹോസ്റ്റലുകളിൽ എന്തൊക്കെ മെയിന്റനൻസ്/നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്ന വിവരവും ശേഖരിച്ചിട്ടുണ്ട്. അതിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു. എല്ലാ പ്രീമെട്രിക് ഹോസ്റ്റലുകളിലും പഠന മേൽനോട്ടത്തിനായി മാനേജർ കം റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്നതിനും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനുമായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചുമതലയിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾക്കും നവീകരണത്തിനും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആലപ്പുഴ ജില്ലയിലെ മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കരിമുളയ്ക്കൽ (ഭരണിക്കാവ്) പെൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റലിൽ 33 വിദ്യാർത്ഥികളാണ് നിലവിലുള്ളത്. ടി ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനായി എല്ലാവിധ ഭൗതികസാഹചര്യങ്ങളും വകുപ്പ് ഒരുക്കിയിട്ടുണ്ട്. അടുത്ത കാലങ്ങളിലായി ചുവടെപ്പറയുന്ന അധിക സാഹചര്യങ്ങൾ ടി ഹോസ്റ്റലിൽ ഒരുക്കിയിട്ടുണ്ട് :

1. ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വാച്ച്മാൻ കാബിൻ
2. കുട്ടികൾക്ക് തുണി ഉണക്കുന്നതിനുള്ള ഷെഡ്
3. പ്രീ ഫാബ്രിക്കേറ്റഡ് ഷീറ്റ് ഉപയോഗിച്ച് 6 സ്റ്റഡി റൂമുകൾ
4. ഹോസ്റ്റൽ കെട്ടിടത്തിന്റെ ടെറസ് അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് റൂഫ് ചെയ്തു.
5. ബാത്ത്റൂമുകൾ അറ്റകുറ്റപ്പണികൾ നടത്തി
6. ഹോസ്റ്റൽ പെയിന്റിംഗ് നടത്തി.

കൂടാതെ ബ്ലോക്ക് പഞ്ചായത്ത് മുഖേന 3,20,471 രൂപ ചെലവഴിച്ച് സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു. 2,54,700 രൂപ ചെലവഴിച്ച് 6 കമ്പ്യൂട്ടറുകൾ വാങ്ങി. നാപ്കിൻ ഡിസ്പോസൽ മെഷീൻ സ്ഥാപിച്ചു. കുഴൽ കിണർ നവീകരിച്ചു. പുതിയ ഫ്രിഡ്ജ് വാങ്ങി, കട്ടിലുകൾ വാങ്ങി, ജനലുകളിൽ മൊസ്കിറ്റോ നെറ്റ് സ്ഥാപിച്ചു. സ്റ്റീൽ ബുക്ക് ഷെൽഫ് സ്ഥാപിച്ചു. മേൽപ്പറഞ്ഞ സൗകര്യങ്ങളോടെ ടി ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വെറ്റിലപ്പാറയിൽ ട്രൈബൽ ഗേൾസ് ഹോസ്റ്റൽ

52 (2582) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്റിലപ്പാറയിൽ എക്സ്സർവ്വീസ് മെൻ കോളനി സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് ട്രൈബൽ ഗേൾസ് ഹോസ്റ്റൽ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ ;

(സി) ആവശ്യമായ അനുമതികളും ഫണ്ടും ലഭ്യമാക്കി ഹോസ്റ്റൽ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വെറ്റിലപ്പാറയിൽ എക്സ്സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടുനൽകിയ സ്ഥലത്ത് ട്രൈബൽ ഗേൾസ് ഹോസ്റ്റൽ അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) പ്രസ്തുത ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പട്ടയവിതരണം

53 (2583) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇനിയും പട്ടയം ലഭ്യമാക്കാനുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പട്ടയം സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും പട്ടയം നൽകിയിട്ടില്ല.

(ബി&സി) ആലത്തൂർ താലൂക്ക് മംഗലംഡാം വില്ലേജിൽ 22 ആദിവാസി കുടുംബങ്ങൾ കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയിൽ തുടർനടപടി സ്വീകരിച്ച് 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ നിയമം സെക്ഷൻ 2 പ്രകാരം വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ**

54 (2584) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി/വർഗ്ഗ വികസന കോർപ്പറേഷൻ വഴി എത്രപേർക്ക് ഭവന നിർമ്മാണത്തിന് വായ്പ നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് കൃഷി ഭൂമി വായ്പ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കടാശ്വാസ പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കളുടെ കടം എഴുതി തള്ളിയിട്ടുണ്ടെന്നും ഇനിയും എത്രപേർക്ക് ഈ സഹായം ലഭ്യമാക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭവന നിർമ്മാണത്തിന് 34 ഗുണഭോക്താക്കൾക്കും കൃഷി ഭൂമി വായ്പാ പദ്ധതി പ്രകാരം 102 ഗുണഭോക്താക്കൾക്കും വായ്പ നൽകിയിട്ടുണ്ട്.

(ബി) 2010 മാർച്ച് 31-ന് മുമ്പ് തിരിച്ചടവ് കാലാവധി തീർന്ന കടങ്ങളിൽ ഒരു ലക്ഷം രൂപ ഇളവ് നൽകുന്ന പദ്ധതി പ്രകാരം 2780 പട്ടികജാതിക്കാർക്ക് 5.23 കോടി രൂപ അനുവദിച്ചു. 115 പട്ടികവർഗ്ഗ കുടുംബങ്ങളുടെ 31-3-2014-നുമുമ്പ് അവധി കഴിഞ്ഞ വായ്പകൾ എഴുതിത്തള്ളുന്നതിനായി 32.88 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ, ഈ സർക്കാർ ആരംഭിച്ച കടാശ്വാസ പദ്ധതി പ്രകാരം അർഹരായ 20 പേരിൽ 15 ഗുണഭോക്താക്കളുടെ കടം എഴുതിത്തള്ളിയിട്ടുണ്ട്.

**നെന്മിനി പ്രീ മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം**

55 (2585) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി പട്ടികജാതിവികസന വകുപ്പ് ഏറ്റവും ഒടുവിലായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനായി വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്ന പ്രസ്തുത ഉദ്യോഗസ്ഥൻ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് യോഗങ്ങൾ എന്തെങ്കിലും വിളിച്ചു കൂട്ടിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിലായി പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് എന്നാണ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നെന്മിനി പ്രീമെട്രിക് ഹോസ്റ്റലിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് സാങ്കേതിക അനുമതി ലഭിച്ചിരുന്നെങ്കിലും അതിൽ G.S.T. ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടെണ്ടർ ക്യാൻസൽ ചെയ്യുകയും G.S.T. ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ സാങ്ഷനായി സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് നൽകിയിരിക്കുകയുമാണ്. ടെക്നിക്കൽ സാങ്ഷൻ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റി സൈറ്റ് ക്ലിയർ ചെയ്തിട്ടുണ്ട്.

(സി) പ്രവൃത്തി നിരീക്ഷിക്കുന്നതിനായി മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. കൂടാതെ ഡയറക്ടറേറ്റ് തലത്തിൽ 27-5-2019-ന് നടത്തിയ മീറ്റിംഗിലും സെക്രട്ടറി തലത്തിൽ നടത്തിയിട്ടുള്ള വർക്കുകളുടെ മീറ്റിംഗിലും ടി വർക്കിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

## മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി

56 (2586) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുല്ലശ്ശേരി പഞ്ചായത്തിലെ മതുക്കര, ചൂണ്ടൽ പഞ്ചായത്തിലെ പെരുമല എന്നീ പട്ടികജാതി കോളനികളിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികൾ, നടന്നുവരുന്ന പ്രവൃത്തികൾ, ഇനി തുടങ്ങാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) അംബേദ്കർ ഗ്രാമം പദ്ധതിയിലേക്ക് പുതിയ കോളനികളെ ഉൾപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പെരുമല കോളനിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മതുക്കര കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു :

| | |
|---|---|
| പൂർത്തീകരിച്ച പ്രവൃത്തികൾ | കിണറുകളുടെ അറ്റകുറ്റപ്പണി, വായനശാല നവീകരണം, കുളക്കടവ് നിർമ്മാണം, ബസ് സ്റ്റോപ്പ് റീറ്റെയ്നിംഗ് വാൾ, 26 വീടുകളുടെ അറ്റകുറ്റപ്പണികൾ |
| നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ | വിജ്ഞാൻവാടി സബ്സെന്റർ, വാട്ടർ ടാങ്ക് എന്നിവ ഉൾപ്പെട്ട കെട്ടിടത്തിന്റെ പ്രവൃത്തി |

പദ്ധതിയിൻപ്രകാരം പ്രവൃത്തികളെല്ലാം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമായ കോളനികളിൽ അംബേദ്കർ ഗ്രാമം പദ്ധതി 2019-20 നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

57 (2587) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ മുപ്പതോ അതിലധികമോ കുടുംബങ്ങൾ താമസിക്കുന്ന എത്ര അംഗീകൃത പട്ടികജാതി കോളനികളുണ്ടെന്നതിന്റെ വിശദാംശം ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദീകരിക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**കാട്ടാക്കട മണ്ഡലം-അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

58 (2588) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ 2015-ൽ അനുമതി ലഭിച്ച അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന നിലമേൽ, തേരിയ്ക്കാവിള കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിനും നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിയ്ക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നിലമേൽ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. തേരിക്കാവിള കോളനിയിലെ പ്രവൃത്തികളിൽ 20 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കാലതാമസം ഒഴിവാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ**

59 (2589) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ അംബേദ്കർ ഗ്രാമവികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കു മെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലുവ നിയോജകമണ്ഡലത്തിലെ മലയൻകോട് വെസ്റ്റ് പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തി | നിലവിലെ അവസ്ഥ |
|---|---|---|
| 1 | റോഡ് നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | കാന നിർമ്മാണം | |
| 3 | സംരക്ഷണ ഭിത്തി നിർമ്മാണം | 50 ശതമാനം പൂർത്തീകരിച്ചു |
| 4 | സോളാർ ലൈറ്റ് സ്ഥാപിക്കൽ | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 5 | വീട് അറ്റകുറ്റപ്പണി | പ്രവൃത്തി ആരംഭിച്ചിട്ടില്ല |

(ബി) പദ്ധതി പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം പൂർത്തീകരി ക്കുന്നതാണ്.

**കോളനികളുടെ നവീകരണം**

60 (2590) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ അധിവസിക്കുന്ന കോളനികൾ നവീകരിക്കുന്നതിനും കോളനി പരിസരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സർക്കാർ പദ്ധതികൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണെന്നും നടപ്പിലാക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗങ്ങളിൽ ഉള്ളവർ അധിവസിക്കുന്ന കോളനികൾ നവീകരിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമും നടപ്പാക്കി വരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രത്തിന് തടസ്സമുള്ളപക്ഷം എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നതും അക്രഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഏജൻസികളെ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള അക്രഡിറ്റഡ് ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി

61 (2591) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളാണ് നവീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനി, വെളളത്തേൻമരി കോളനി എന്നിവയെയാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 2019-20 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ 30-ൽ അധികം പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെക്കൂടി പരിഗണിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ മോഡൽ കോളനികൾ

62 (2592) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ മോഡൽ കോളനികൾ അനുവദിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) എത്ര കോളനികളിൽ പ്രവൃത്തി ആരംഭിക്കുവാൻ ശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ മോഡൽ കോളനികളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ 10 പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരവും 8 പട്ടികവർഗ്ഗ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം പ്രകാരവും തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിനാൽ എല്ലാ പട്ടികവർഗ്ഗ കോളനികളുടെയും 6 പട്ടികജാതി കോളനികളുടെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നാല് പട്ടികജാതി കോളനികളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. നിലവിൽ ഒരു കോളനിയിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

**അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

63 (2593) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി ഇതിനകം എത്ര കോളനികളിൽ നടപ്പിലാക്കി; പ്രസ്തുത പദ്ധതി നടപ്പിലാക്കിയ കോളനികളിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഒരു കോടി രൂപ മുടക്കിയ പല കോളനികളിലും ഇപ്പോഴും അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മുപ്പതും അതിന് മുകളിലും പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതി (2016-17) പ്രകാരം സംസ്ഥാനത്തുനിന്നും 273 കോളനികളെ തെരഞ്ഞെടുക്കുകയും 165 കോളനികളിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 216 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള കോളനികളിൽ പദ്ധതി അവലോകനം നടത്താറുണ്ട്.

(ബി) ചില കോളനികളിൽ സ്രോതസ്സിന്റെ അപര്യാപ്തത കാരണം ജല ലഭ്യതയിൽ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2019-20 സാമ്പത്തിക വർഷം മുതൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ മുപ്പതും അതിനുമുകളിലും പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെക്കൂടി പരിഗണിക്കുന്നുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

64 (2594) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ആകെ എത്ര പട്ടികജാതി കോളനികളാണുള്ളതെന്നും ഓരോ കോളനിയിലും എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത കോളനികളിൽ എത്ര പേർ താമസിക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) കോളനികളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തൊക്കെ സ്കീമുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ 130 പട്ടികജാതി കോളനികളുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) കോളനികളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വയംപര്യാപ്തഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കുടിവെള്ളം, റോഡ് നിർമ്മാണം എന്നീ പദ്ധതികൾ കോർപ്പസ് ഫണ്ട് ഇനത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. ഇവ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

65 (2595) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പൊതുസമൂഹത്തിൽ ബോധവൽക്കരണം നടത്തിയിട്ടും ഇത്തരം കേസുകൾ വർദ്ധിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിക്കുന്നുണ്ടോ; പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ വളരെ ചെറിയ ശതമാനത്തിന് മാത്രമേ ശിക്ഷ ലഭിക്കുന്നുള്ളൂ എന്നത് വസ്തുതയല്ലേ; അതിനുള്ള കാരണമെന്താണ്;

(സി) 2012 മുതൽ 2018 വരെയുള്ള കാലഘട്ടത്തിൽ എത്ര കേസ്സുകളിൽ കുറ്റപത്രം നൽകിയെന്നും എത്ര കേസുകളിൽ ശിക്ഷിക്കപ്പെട്ടുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം കേസുകൾ വർദ്ധിക്കുന്ന സാഹചര്യങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്രോസിറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ചെറിയ ശതമാനത്തിന് മാത്രമാണ് ശിക്ഷ ലഭിക്കുന്നത് എന്നത് വസ്തുതയാണ്. കാരണങ്ങളിൽ പ്രധാനമായും തെളിവുകളുടെ അഭാവവും സാക്ഷികളുടെ കൂറുമാറ്റവും ഇരകൾ ഒത്തുതീർപ്പുകൾക്ക് തയ്യാറാകുന്നതുമാണെന്ന് കണ്ടിട്ടുണ്ട്. കോടതി നടപടികൾ വൈകുന്നത് ഒത്തുതീർപ്പിലേയ്ക്ക് നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമത്തെ വകുപ്പ് അതീവ ഗൗരവമായി കാണുന്നുണ്ട്. അതിക്രമം തടയൽ നിയമത്തെക്കുറിച്ച് വകുപ്പ് നിരവധി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. പോലീസ് വകുപ്പിന്റെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, എസ്.ടി. പ്രൊമോട്ടർമാർ, ആശാവർക്കർമാർ എന്നിവരുടെ സഹായ ത്തോടെ കോളനികളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

(സി) 2012 മുതൽ 2018 വരെ കുറ്റപത്രം നൽകിയത്, ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു :

| കുറ്റപത്രം നൽകിയത് | ശിക്ഷിക്കപ്പെട്ടത് |
|---|---|
| 3474 | 64 |

## സമൃദ്ധി പദ്ധതി

66 (2596) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ സെക്കണ്ടറി തലത്തിൽ പഠനം ഉപേക്ഷിക്കുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ തുടർപഠനത്തിനുമായി ഈ വിദ്യാഭ്യാസ വർഷത്തിന്റെ തുടക്കത്തിൽ തന്നെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നതായി ആക്ഷേപമുള്ള സാഹചര്യത്തിൽ അവർക്കായി പ്രത്യേക വിദഗ്ധപരിശീലനം നൽകുന്നതിന് ആവിഷ്ക്കരിച്ച സമൃദ്ധി പദ്ധതി വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സ്കൂൾ തലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഡ്രോപ് ഔട്ട് നിരക്ക് ഗവൺമെന്റ് സ്കൂളുകളിൽ 1.68 ശതമാനവും എയ്ഡഡിൽ 1.14 ശതമാനവുമായി കുറഞ്ഞിട്ടുണ്ട്.

(ബി) പഠനം പാതിവഴിയിൽ ഉപേക്ഷിച്ച കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ തുടർപഠനത്തിനുമായി ഈ വിദ്യാഭ്യസ വർഷത്തിന്റെ തുടക്കത്തിൽത്തന്നെ വകുപ്പുതലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

- വിദൂര കോളനികളിൽനിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്നതിന് 'ഗോത്രസാരഥി പദ്ധതി'
- സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽത്തന്നെയുള്ള ടി.ടി.സി./ ബി.എഡ്./ടി.എഡ്. പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ' ഗോത്രബന്ധു പദ്ധതി'
- പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേയ്ക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിച്ച് പ്രാവർത്തികമാക്കുന്ന "സാമൂഹ്യ പഠനമുറി"

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബി-ടെക് കോഴ്സ് പൂർത്തിയാക്കാത്തതോ പരീക്ഷയിൽ പരാജയപ്പെട്ടവരോ ചില വിഷയങ്ങളിൽ പരീക്ഷകൾ എഴുതാൻ ബാക്കിയുള്ളവരോ ആയ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിനായുള്ള സമുന്നതി പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഒരു വിദ്യാർത്ഥിക്ക് 50 മണിക്കൂറിൽ കുറയാത്ത ട്യൂഷൻ നൽകി പരീക്ഷയ്ക്ക് സജ്ജമാക്കാനാണ് പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. വകുപ്പിന് കീഴിലുള്ള മണ്ണന്തല (ബോയ്സ്), ശ്രീകാര്യം (ഗേൾസ്), പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ താമസ ഭക്ഷണ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതി പ്രകാരം 3 പെൺകുട്ടികളും 7 ആൺകുട്ടികളും പരിശീലന പരിപാടിയിൽ പങ്കെടുത്തുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

67 (2597) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന അനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര വിദ്യാർത്ഥികളാണ് 2018-19 വർഷം പ്രസ്തുത സഹായങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം നൽകിവരുന്നു :

1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, വൾനറബിൾ വിഭാഗത്തിനുള്ള സ്റ്റൈപ്പന്റ്
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പന്റ്
3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
5. 9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്(കേന്ദ്ര പദ്ധതി)
6. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. ലാപ്ടോപ് ധനസഹായം
8. മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം
9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾ)
10. ശുചീകരണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം
14. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം
15. ബുക്ക് ബാങ്ക് സ്കീം
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
17. പ്രീമെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ
19. ഐ.റ്റി.ഐ.കൾ
20. പി.ഇ.റ്റി.സി.
21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിന് വേണ്ടിയുള്ള പരിശീലനം
22. നഴ്സറി സ്കൂൾ
23. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം
25. മെഡിക്കൽ കോളേജ് , പാലക്കാട്
26. പഠനമുറി

27. വിദേശ പഠന സഹായം

28. ബി-ടെക് റെമഡിയൽ കോച്ചിംഗ്

29. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ്.

30. നൃത്തം, സംഗീതം തുടങ്ങിയ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. എസ്.എസ്.എൽ.സി. വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

2. 9,10 ക്ലാസ്സുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം കൂടാതെ കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും നൽകുന്നു. പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പ് ഇനത്തിലും 750 രൂപ ബുക്സ് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റ് ഇനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 3,500 രൂപയും 1,000 രൂപയും നൽകുന്നു.

3. 10-ാം ക്ലാസ് പഠനം പൂർത്തിയാക്കി പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ ഫീസ്, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് ഉൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിവരുന്നു.

4. അഞ്ചാം ക്ലാസുമുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന "അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി"

5. കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് "ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി" ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് "വസ്ത്ര വിതരണ പദ്ധതി", വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക്

"ബോർഡിംഗ് ഗ്രാന്റ്", സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ ഭാരത് ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു.

6. കൂടാതെ മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ 5,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി.

7. സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ്മെട്രിക് സ്ഥാപനങ്ങളിൽ പഠിച്ചുവരുന്ന കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ കവിയാത്ത പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നു. കൂടാതെ നാഷണൽ എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യവും അനുവദിച്ചുവരുന്നു.

8. വിദേശ പഠനം : പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്നതിനായി 25 ലക്ഷം രൂപ വരെ വരുമാന പരിധിയില്ലാതെ വിദ്യാഭ്യാസ ധനസഹായം നൽകുന്നു.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുവഴി പ്രീമെട്രിക് തലത്തിൽ 38 വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് തലത്തിൽ 5 വിദ്യാർത്ഥികൾക്കും 2018-19 വർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. 2018-19 വർഷം വിദ്യാഭ്യാസാനുകൂല്യങ്ങൾ സ്വീകരിച്ചിട്ടുള്ള പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2018-19 | |
|---|---|
| പദ്ധതി | വിദ്യാർത്ഥികളുടെ എണ്ണം |
| (1) | (2) |
| 1. പ്രീമെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ് | 4029 |
| 2. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പന്റ് | 1010 |

| | |
|---|---|
| 3. 1 മുതൽ 8 വരെയുള്ളവർക്ക് 2000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് | 2631 |
| 4. 9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്(കേന്ദ്ര പദ്ധതി) | 630 |
| 5. ലാപ്ടോപ്പ് ധനസഹായം | 18 |
| 6. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം(മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾ) | 4 |
| 7. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 69 |
| 8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരിശീലനത്തിന് ധനസഹായം | 5 |
| 9. ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം | 183 |
| 10. അൺ എയ്ഡഡ് സ്കൂൾ ട്യൂഷൻ ഫീ റീ-ഇംബേഴ്സ്മെന്റ് | 130 |
| 11. ഐ.റ്റി.ഐ. സ്റ്റൈപ്പന്റ് | 130 |
| 12. എല്ലാ വിഭാഗങ്ങൾക്കും A+ കരസ്ഥമാക്കിയ എസ്.എസ്.എൽ.സി/എച്ച്.എസ്.എസ്. വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ പദ്ധതി | 5 |

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സിവിൽ സർവ്വീസ് പരിശീലനം

68 (2598) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലനസ്ഥാപനങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിശീലനകേന്ദ്രങ്ങളിൽ പ്രവേശനത്തിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്ത് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നത് കേരള സ്റ്റേറ്റ് സിവിൽ സർവ്വീസസ് അക്കാദമി മുഖേനയാണ്. Institute for Civil Services Examination Training Society-യാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്. ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി, മികച്ച ലൈബ്രറി സംവിധാനം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും പരിശീലന കാലയളവിൽ നൽകുന്നു.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള അഖിലേന്ത്യാ തലത്തിലുള്ള പരീക്ഷകളെ അഭിമുഖീകരിക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ മാത്രമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)എന്ന സ്ഥാപനമുള്ളത്. പ്രസ്തുത സൊസൈറ്റി മുഖേന 2018-19 മുതൽ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ സെന്റർ/സബ്സെന്ററുകളിൽ പരിശീലനം നൽകിവരുന്നുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദ/ബിരുദാനന്തര ബിരുദധാരികൾക്ക് പ്രസ്തുത പരീക്ഷാ പരിശീലനത്തിന് അപേക്ഷിക്കാവുന്നതാണ്. നിലവിൽ പരിശീലനം നടത്തിവരുന്നത് സിവിൽ സർവ്വീസസ് അക്കാഡമി മുഖേനയായതിനാൽ ടി സ്ഥാപനം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പ്രവേശനം നൽകിവരുന്നത്.

(ഡി) ഇത്തരത്തിലുള്ള ശിപാർശകളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം

69 (2599) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നിലവിലുള്ള പദ്ധതികൾക്ക് പുറമെ പുതിയ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി വികസന വകുപ്പ് മുഖേന താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിൽ വരുത്താനുദ്ദേശിക്കുന്നു:

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി-ടെക്-ന് ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾക്ക് ഉയർന്ന GATE score നേടുന്നതിനായി നിലവാരമുള്ള സ്ഥാപനങ്ങളിൽ അയച്ച് പരിശീലനം നൽകുന്ന പദ്ധതി.
2. Higher Secondary ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിനും പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിനുമായി എൻട്രൻസ് അധിഷ്ഠിത സ്പെഷ്യൽ ട്യൂഷൻ പദ്ധതി.
3. കാർഷിക സർവ്വകലാശാലയുടെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു കാർഷിക കോളേജ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.
4. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 17 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി.ക്കും പ്ലസ്ടു-വിനും പഠിക്കുന്ന കുട്ടികളിൽ ഓരോന്നിലും 50 ശതമാനം കുട്ടികൾക്ക് വർഷാവസാന പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് ലഭിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മ പരിപാടി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.
5. കൂടാതെ 1380 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള പദ്ധതി പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗങ്ങൾക്കായുള്ള സാക്ഷരതാ പദ്ധതി

70 (2600) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷരത ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ടുള്ള നവചേതന പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം പട്ടികജാതി വിഭാഗക്കാരുടെ നിലവിലെ സാക്ഷരതാനിരക്ക് വർദ്ധിപ്പിച്ച് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇതിനകം എത്ര സാക്ഷരതാകേന്ദ്രങ്ങൾ പട്ടികജാതി കോളനികളിൽ ആരംഭിച്ചിട്ടുണ്ടെന്നും ഇതിലെ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ഡി) പുതിയതായി കോളനികളെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി പൂർത്തിയായശേഷമേ സാക്ഷരതാ നിരക്ക് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) 200 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കോളനികൾ സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗത്തിൽനിന്നുള്ളവരെ സാക്ഷരതാ മിഷന്റെ നിർദ്ദേശാനുസരണം തെരഞ്ഞെടുത്ത് സാക്ഷരതാ മിഷനെ അറിയിക്കുന്നു.

(ഡി) പുതുതായി 100 കോളനികളെക്കൂടി ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസപരമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി കോളനികളെയാണ് പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാ സാക്ഷരതാ സമിതിയുടെ നേതൃത്വത്തിലാണ് കോളനികൾ തെരഞ്ഞെടുക്കുന്നത്.

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതികൾ

71 (2601) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നടപ്പിലാക്കി വരുന്ന സഹായപദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ വകുപ്പ് മുഖേന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ചുവടെ പറയുന്ന പദ്ധതികൾ/സ്ഥാപനങ്ങൾ മുഖേന വിദ്യാഭ്യാസ സഹായങ്ങൾ നൽകി വരുന്നു :

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി ആൻഡ് സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (കേന്ദ്ര പദ്ധതി)
5. 9,10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ് ധനസഹായം
8. ലാപ്ടോപ് ധനസഹായം
9. മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രാരംഭ ചെലവ് ധനസഹായം
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി
13. പ്രത്യേക പ്രോത്സാഹന സമ്മാനം
14. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി
15. ബുക്ക് ബാങ്ക് സ്കീം
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
17. പ്രീമെട്രിക് ഹോസ്റ്റൽ
18. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

19. ഐ.റ്റി.ഐ.കൾ

20. പി.ഇ.റ്റി.സി.കൾ

21. CREST

22. നഴ്സറി സ്കൂളുകൾ

23. ICSETS

24. പാരലൽ കോളേജ് ധനസഹായം

25. മെഡിക്കൽ കോളേജ്, പാലക്കാട്

26. പഠനമുറി

27. വിദേശ പഠന സഹായം

28. ഇതര സംസ്ഥാനങ്ങളിൽ പഠിക്കുന്നവർക്കുള്ള ധനസഹായം.

**പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ പ്രത്യേക തൊഴിൽ പദ്ധതി**

72 (2602) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ഇപ്പോഴും ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗങ്ങളും നിലനിൽക്കുന്നുവെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി പ്രത്യേക തൊഴിൽ പദ്ധതി വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ടോ; ഇതിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് കഴിഞ്ഞ വർഷം ശരാശരി എത്ര ദിവസമാണ് തൊഴിൽ നൽകുവാൻ സാധിച്ചത് എന്നറിയിക്കുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും രോഗങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിനായി വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക തൊഴിൽ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്. തൊഴിൽ ലഭ്യമാകുന്നതിലൂടെ വരുമാനം നേടുന്നതിനും അതിലൂടെ ജീവിതനിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 120551 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ശരാശരി 79 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് ശരാശരി 66 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കുവാൻ സാധിച്ചത്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ സംസ്ഥാന ശരാശരിയേക്കാൾ മുകളിലാണ്.

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തികവർഷം " കേരള ട്രൈബൽ പ്ലസ് " എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം എം.ജി.എൻ.ആർ.ജി.എ. ഉറപ്പ് വരുത്തിയിട്ടുള്ള 100 തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാകുന്നു.

**ഗോത്രജീവിക പദ്ധതി**

73 (2603) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. കെ. ബാബു:</u>
<u>ശ്രീ. ആർ. രാജേഷ്:</u>
<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനം, വിവിധ ഉല്പാദനോപാധികൾ എന്നിവയുടെ ഉടമസ്ഥതയും തൊഴിൽ, വരുമാനം തുടങ്ങിയവയെ അടിസ്ഥാനമാക്കിയും കണക്കാക്കിയിട്ടുള്ള ദാരിദ്ര്യ സൂചിക (ഡെപ്രിവേഷൻ ഇൻഡെക്സ്) പ്രകാരം സംസ്ഥാനത്തെ ഗ്രാമവാസികളായ പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാരിൽ എത്ര ശതമാനം ദരിദ്രരാണെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിനും സ്ഥിരമായ ജീവനോപാധി ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പട്ടികഗോത്രവർഗ്ഗക്കാർക്കായുള്ള ഗോത്രജീവിക പദ്ധതി പ്രകാരം കൈവരിച്ച നേട്ടം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-ലെ സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനത്തിൽ ഇല്ലായ്മയുടെ (ഡെപ്രിവേഷൻ) പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ 7.11 ശതമാനമാണെന്ന് സൂചിപ്പിക്കുന്നു.

(ബി) പട്ടികജാതി വിഭാഗത്തിലെ ഏറ്റവും ദുർബ്ബലരായ വിഭാഗങ്ങൾക്കായി (വൾനറബിൾ കമ്മ്യൂണിറ്റി) കൃഷി ഭൂമി വാങ്ങൽ, ഭവന നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, നൈപുണ്യ വികസനം ഉൾപ്പെടെയുള്ള പരിശീലനവും, തൊഴിൽ, വിദ്യാഭ്യാസം, പ്രത്യേക ട്യൂഷൻ, ചികിത്സ, പഠനമുറി ഉൾപ്പെടെയുള്ള സമഗ്ര വികസന പദ്ധതികൾ നടപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹ നവുമാണ്. അഭ്യസ്തവിദ്യരെയും അല്ലാത്തവരെയും പ്രത്യേകം പരിഗണിക്കുന്ന ഒരു നൈപുണ്യ വികസന നയമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്.

കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. ഇതിനുപുറമേ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനം അംഗീകരി ച്ചിട്ടുള്ള സ്ഥാപനങ്ങളുമായി വകുപ്പ് നേരിട്ട് കരാറിൽ ഏർപ്പെട്ട് ഇത്തരം ആധുനിക തൊഴിൽ പരിശീലനം നൽകിവരുന്നുണ്ട്.

ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിൽ സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, കെൽട്രോൺ, സെന്റർ ഫോർ ബയോപോളിമർ സയൻസ് ടെക്നോളജി, ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്നിവയും സ്വകാര്യ സ്ഥാപനങ്ങളായ നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ, ഇറാം, എത്തിയോസ് തുടങ്ങി തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് നൽകിവരുന്നു.

കരിയർ ഗൈഡൻസ് ജോബ് ഫെയർ:

2019-ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപ്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 വർഷത്തിൽ എല്ലാ ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തീകരിച്ചു.

ഇൻഫർമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരത്ത് സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം:

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ സ്ഥാപിച്ചു.

പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല:അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP)

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണത്തിൽ 6 മാസത്തെ പരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണ ഫാക്ടറി നിർമ്മിക്കുന്നതിനായി 219.13 ലക്ഷം രൂപയ്ക്ക് സർക്കാർ അനുമതി യോടുകൂടി കെട്ടിടം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 'അടാപ്പ് ' എന്ന പേരിൽ സ്വയം സഹായ സംഘം എന്ന നിലയിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ ഹോസ്റ്റലുകളിലെ കുട്ടികളുടെ യൂണിഫോം ഉൾപ്പെടെയുള്ള വസ്ത്രങ്ങളുടെ നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു. 2019-20 അദ്ധ്യയന വർഷത്തിലെ യൂണിഫോമുകൾ ഈ സ്ഥാപന ത്തിലാണ് നിർമ്മിക്കുന്നത്.

ഗോത്രജീവിക :

2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്ന തിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

ടി പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ഇവയ്ക്കുള്ള പ്രവർത്തന മൂലധനം 1.89 കോടി രൂപ നൽകുകയും ടി സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ടി സംഘങ്ങൾക്ക് സാധിച്ചു.

ഗോത്ര രശ്മി

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ നേതൃരംഗത്തേയ്ക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യംവെയ്ക്കുന്നത്. ഇതിലൂടെ 60 ഗോത്രരശ്മി ഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സംരംഭകത്വത്തിന് സജ്ജരാക്കിയിട്ടുണ്ട്.

(സി) 2016-17 വർഷം മുതൽ ടി പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് പ്രത്യേകിച്ചും നിർമ്മാണ മേഖലയിൽ മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് തുടങ്ങിയ 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി സംരംഭകത്വം ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനുമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന 334 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരിച്ചു.

ടി പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിൽ പരിശീലനം നേടിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 53 സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും ഇവയ്ക്കുള്ള പ്രവർത്തന മൂലധനം 1.89 കോടി രൂപ നൽകുകയും ടി സംഘങ്ങളെ പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ടി സംഘങ്ങൾക്ക് സാധിച്ചു.

## പട്ടികവർഗ്ഗക്കാരുടെ നൈപുണ്യ വികസനം

74 (2604) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗങ്ങളിലെ അതീവ ദുർബലവിഭാഗങ്ങളിൽ നിന്ന് ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതെന്ന് അറിയിയ്ക്കാമോ;

(സി) ഇവർക്ക് സ്വകാര്യസ്ഥാപനങ്ങളിൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ടതും പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ളതുമായ തസ്തികകളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. അവ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിൽ പട്ടികവർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിച്ചിട്ടുണ്ട്. മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി സർക്കാർ തലത്തിൽ 2603 പേർക്ക് തൊഴിൽ നൽകി.

സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി. പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018-19 വരെ ഇത്തരത്തിൽ അഭ്യസ്തവിദ്യരായ 3428 പേർക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗക്കാർക്ക് താൽക്കാലിക നിയമനവും നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ ഡെസ്ക് ടോപ് എഞ്ചിനീയറിംഗ്, ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്നു.

(ബി) പോലീസ്, എക്സൈസ്, വനം എന്നീ വകുപ്പുകളിലേയ്ക്കാണ് പട്ടികവർഗ്ഗങ്ങളിലെ അതീവ ദുർബല വിഭാഗങ്ങളിൽനിന്ന് പി.എസ്.സി. മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയത്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിന് 2016-17 മുതൽ ധാരാളം നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ഓട്ടോമൊബൈൽ ഇൻഡസ്ട്രി, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് (ഹൗസ് കീപ്പിംഗ് ), ഫുഡ് ആൻഡ് ബിവറേജ്, പ്ലാസ്റ്റിക് വ്യവസായം, ആയുർവ്വേദ പഞ്ചകർമ്മ തെറാപ്പി, അപ്പാരൽ ഡെസ്ക്ടോപ് എഞ്ചിനീയറിംഗ്, നെറ്റ്‌വർക്കിംഗ്, മൾട്ടിമീഡിയ, ഹാർഡ്‌വെയർ ആൻഡ് സോഫ്റ്റ്‌വെയർ മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പരിശീലനം നടത്തിവരുന്നു.

## എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം

75 (2605) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ എസ്.സി. പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് അറിയിക്കുമോ;

(ബി) നിലവിൽ എത്രപേർ പ്രൊമോട്ടർമാരായി ജോലി നോക്കുന്നുണ്ട്;

(സി) അവർക്ക് നൽകുന്ന ഓണറേറിയം നിലവിൽ എത്രയാണ്; അത് വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ എസ്.സി.പ്രൊമോട്ടർമാരെ അതത് ഗ്രാമപഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷൻ പ്രദേശത്തുള്ള അർഹരായ അപേക്ഷകരിൽനിന്ന് ഇന്റർവ്യൂ മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. 12-6-2019-ലെ സ.ഉ.(കൈ) 40/2019/പജപവവിവ പ്രകാരം നിയമന നടപടികൾ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) 1135 പേർ

(സി) 7000 രൂപ. പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പട്ടികജാതി വികസന ഓഫീസറുടെ തസ്തികയിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

76 (2606) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെരിന്തൽമണ്ണ ബ്ലോക്കിലെ പട്ടികജാതി വികസന ഓഫീസറുടെ തസ്തികയിലെ എത്ര ഉദ്യോഗസ്ഥരെ മാറ്റി നിയമിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(ബി) ഇത്തരത്തിൽ അടിക്കടി ഉദ്യോഗസ്ഥരെ മാറ്റുന്നത് ഓഫീസിന്റെ പ്രവർത്തനത്തെയും പട്ടികജാതി വികസന പദ്ധതികളെയും പ്രതികൂലമായി ബാധിക്കാറുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതികളുടെ സുഗമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിനായി ഈ തസ്തികയിൽ സ്ഥിരം ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒരാൾ പ്രൊമോഷൻമൂലം സ്ഥലംമാറുകയും ഒരാൾ ആരോഗ്യപരമായ കാരണത്താൽ ലീവ് എടുക്കുകയും ചെയ്തു. രണ്ടുപേർ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് സ്വന്തം താൽപ്പര്യപ്രകാരം ട്രാൻസ്ഫർ വാങ്ങി. ഇപ്രകാരം അഞ്ചുപേരെ നിയമിക്കേണ്ടി വന്നിട്ടുണ്ട്.

(ബി) ഇല്ല

(സി) പെരിന്തൽമണ്ണ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ തസ്തികയിൽ നിലവിൽ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

## എസ്.സി. കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച പ്രവൃത്തികൾ

77 (2607) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷം എസ്.സി. കോർപ്പസ് ഫണ്ട് വഴി തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത മറ്റു പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ-സി) വാമനപുരം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം എസ്.സി. കോർപ്പസ് ഫണ്ട് വഴി ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടില്ല.

## എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം

78 (2608) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനായി 2017-18, 2018-19 കാലയളവുകളിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി നടപ്പാക്കുന്നതിലെ തടസ്സം എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷം മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതികൾ മാത്രമാണ് ഉണ്ടായിരുന്നത്. 2018-19 വർഷം കിഴക്കേ മഞ്ഞനക്കാട് കോളനി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി.

(ബി) 2018-19 വർഷം കിഴക്കേ മഞ്ഞനക്കാട് കോളനി റോഡ് നിർമ്മാണ പ്രവൃത്തിക്ക് 25 ലക്ഷം രൂപ അനുവദിച്ചു.

(സി) കിഴക്കേ മഞ്ഞനക്കാട് കോളനി റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 2018-19-ൽ കിഴക്കേ മഞ്ഞനക്കാട് കോളനി റോഡ് നിർമ്മാണ പ്രവൃത്തികൾ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്തിരുന്നു വെങ്കിലും പ്രളയം ബാധിച്ച കോളനിയായതിനാൽ ആരും ടെണ്ടർ എടുത്തില്ല. അംബേദ്കർ ഗ്രാമവികസന പദ്ധതി 2018-19-ലുൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേനയുള്ളപദ്ധതികൾ**

79 (2609) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തികവർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പദ്ധതികളിൽ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിലെ മൂന്ന് ഗ്രാമപഞ്ചായത്തുകളിലും കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലും നെന്മാറ ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് ഗ്രാമപഞ്ചായത്തുകളിലും കൂടി എത്ര പദ്ധതികൾ അനുവദിച്ചിരുന്നു;

(ബി) ഈ പദ്ധതികളുടെ ഓരോന്നിന്റേയും വിശദാംശവും അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിയുടേയും നിർമ്മാണ-നിർവ്വഹണ പുരോഗതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 8 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി

80 (2610) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവിഭാഗങ്ങളുടെ പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നതിനും, അവരുടെ പരമ്പരാഗത ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സംഘടിപ്പിക്കുന്ന ഗദ്ദിക എന്ന സാംസ്കാരികോത്സവം വിജയപ്രദമാണോ;

(ബി) 2018-19-ൽ എവിടെയൊക്കെയാണ് പ്രസ്തുത സാംസ്കാരികോത്സവം സംഘടിപ്പിച്ചത്; അതിൽ നിന്നും ലഭിച്ച വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിജയപ്രദമാണ്.

(ബി) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിലും തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിലുമാണ് 2018-19 വർഷം ഗദ്ദിക സംഘടിപ്പിച്ചത്. പട്ടികജാതി പട്ടികവർഗ്ഗക്കാർ നിർമ്മിച്ച ഏകദേശം 65 ലക്ഷത്തോളം രൂപയുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുകയുണ്ടായി.

## പ്രളയപുനരധിവാസ പ്രവർത്തനങ്ങൾ

81 (2611) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വാണിമേൽ പന്നിയേരിലെ കേളപ്പൻ എന്നയാളുടെ വീട് കഴിഞ്ഞ പ്രളയത്തിൽ തകർന്നതിനെത്തുടർന്ന് ആയത് പരിശോധിച്ച് വാസയോഗ്യമല്ലെന്ന റിപ്പോർട്ട് മൈനിങ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലം വാങ്ങി ടിയാന് പുതിയ വീട് നിർമ്മിച്ചുനല്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയലിലെ നിലവിലെ സ്ഥിതി എന്താണെന്നും, ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഫയലിൽ അടിയന്തരനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പും സ്ഥല പരിശോധന നടത്തിയ സന്ദർഭത്തിൽ ടി സ്ഥലം താമസയോഗ്യമല്ലെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി&സി) 2018-ലെ പ്രളയത്തെത്തുടർന്ന് നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിൽ 3 മുതൽ 5 സെന്റുവരെ വസ്തു വാങ്ങുന്നതിന് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, എഴുത്ത് ഫീസ് എന്നിവ ഉൾപ്പെടെ ആറ് ലക്ഷം രൂപ ദുരന്ത നിവാരണ വകുപ്പ് മുഖേന അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമി അനുവദിക്കുന്നതിന് ജില്ലാകളക്ടർ മുഖേന നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ അർഹത**

82 (2612) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട മാതാവിന്റെയും ഇതരസംസ്ഥാനത്തെ പട്ടികജാതിയിൽ ഉൾപ്പെട്ട പിതാവിന്റെയും എന്നാൽ വർഷങ്ങളായി മാതാവിനൊപ്പം കേരളത്തിൽ താമസിച്ചുവരുന്നതുമായ വിദ്യാർത്ഥിക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ടി യാളുടെ എസ്.എസ്.എൽ.സി. ബുക്കിൽ മാതാവിന്റെ ജാതി ഉൾപ്പെടുത്തുന്നതിനും ആയത് സർക്കാർ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനുമുള്ള നടപടിക്രമം വിശദമാക്കാമോ?

ഉത്തരം

(എ) 1950-ന് ശേഷം കേരളത്തിൽ സ്ഥിരതാമസമാക്കിയ ഇതര സംസ്ഥാനങ്ങളിൽനിന്നും കുടിയേറിയ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കേരള ത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിന്റെ ആനുകൂല്യങ്ങൾക്ക് അർഹത

ഉണ്ടായിരിക്കുന്നതല്ല എന്ന് 12-2-1986-ലെ സ.ഉ. (കൈ)നമ്പർ 10/86/ പജ.പവ.വി.വ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട മാതാവിനോടൊപ്പം വർഷങ്ങളായി കേരളത്തിൽ താമസിച്ചുവരുന്ന കുട്ടിയുടെ സമുദായം നിർണ്ണയിക്കുന്നത് 20-11-2008-ലെ സ.ഉ.(കൈ)നമ്പർ 109/08/പജ.പവ.വി.വ പ്രകാരമാണ്. കുട്ടി അനുഭവിക്കുന്ന സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, ജീവിത സാഹചര്യം, മാതാവിന്റെ സമുദായാം ഗങ്ങൾ ടിയാളെ മേൽ സമുദായാംഗമായി അംഗീകരിക്കുന്നുണ്ടോ എന്നിവകൂടി കണക്കിലെടുത്താണ് ആനുകൂല്യങ്ങൾക്കുള്ള അർഹത നിർണ്ണയിക്കുന്നത്.

(ബി) സ്കൂൾ സർട്ടിഫിക്കറ്റിൽ തന്റെ ജാതി തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഒരാൾക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം എസ്.എസ്.എൽ.സി. ബുക്ക് നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ ഉൾപ്പെടുത്തിയതും നരവംശശാസ്ത്രപരമായ അന്വേഷണം ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയതും ശരിയായ ജാതി രേഖപ്പെടുത്തിയതുമായ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസീൽദാരിൽനിന്നും വാങ്ങി നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസോടുകൂടി അനുബന്ധ രേഖകൾ സഹിതം പ്രിന്റിംഗ് ഡയറക്ടർക്ക് നൽകിയാൽ സർക്കാർ ഗസറ്റിൽ പ്രസ്തുത പരസ്യം പ്രസിദ്ധീകരിക്കുന്നതാണ്.

## ജാതി/സമുദായ സർട്ടിഫിക്കറ്റിന് കട്ട് ഓഫ് തീയതി

83 (2613) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിന് ഏതെല്ലാം ഒ.ബി.സി. വിഭാഗങ്ങൾക്കാണ് കട്ട് ഓഫ് തീയതി അടിസ്ഥാനമായി നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരം കട്ട് ഓഫ് തീയതി നിശ്ചയിക്കപ്പെട്ട സർക്കാർ തീരുമാന മടങ്ങിയ ഫയൽ നമ്പർ ഏത് എന്ന് വ്യക്തമാക്കാമോ;

(സി) ഉത്തരവുകളിലും കത്തുകളിലും കാണിച്ചിട്ടുള്ള കട്ട് ഓഫ് തീയതികളിൽ വ്യത്യാസവും അവ്യക്തതയും ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) SIUC നാടാർ/LC വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1947-ന് മുമ്പ് മതപരിവർത്തനം നടത്തിയവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ അർഹതയുള്ളൂ എന്ന ഉത്തരവ് നിലവിലുണ്ട്.

(ബി) ഇപ്രകാരം കട്ട് ഓഫ് തീയതി സ.ഉ.(എം.എസ്.)നമ്പർ 113/2010/ പജ.പവ.വി.വ. ഉത്തരവ് പ്രകാരമാണ് നിശ്ചയിച്ചത്.

(സി) ഉത്തരവുകളിലും കത്തുകളിലും കാണിച്ചിട്ടുള്ള കട്ട് ഓഫ് തീയതികളിൽ വ്യത്യാസവും അവ്യക്തതയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലാറ്റിൻ കത്തോലിക്ക വിഭാഗത്തെ സംബന്ധിച്ച് 4-11-2010-ലെ സ.ഉ.(എംഎസ്.)നമ്പർ 113/2010/പജ.പവ.വി.വ. പ്രകാരമാണ് 1947 എന്ന വർഷം കട്ട് ഓഫ് തീയതിയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 4-4-2012-ലെ സ.ഉ.(കൈ)നമ്പർ 55/2012/പജ.പവ.വിവ. ഉത്തരവിൽ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിലുള്ളവർക്ക് ബിഷപ്പ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ ലഭ്യമാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

SIUC വിഭാഗത്തെ സംബന്ധിച്ച് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് 27-9-1947-ന് മുമ്പ് SIUC വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരാണെന്ന് ബിഷപ്പിന്റെ (SIUC) സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി പരിഗണിച്ച് വില്ലേജ് ഓഫീസർ നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് 30-08-2013-ലെ സ.ഉ.(എം.എസ്)നമ്പർ 9/2013/പി.സ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കെ.എസ്.ബി.സി.ഡി.സി.യിലെ വായ്പാ ഇളവുകൾ

84 (2614) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ബി.സി.ഡി.സി.-യിൽനിന്ന് വിവിധ ആവശ്യങ്ങൾക്കായി വായ്പയ്ക്ക് അപേക്ഷിച്ചവരിൽ എത്രപേർക്ക് തുക നൽകിയെന്നും എത്രപേർക്ക് അവരുടെ അപേക്ഷ നിരസിച്ചതായി അറിയിപ്പ് നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) ടി സ്ഥാപനത്തിൽ നിന്ന് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ എന്ന് മുതൽ ഇളവ് അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കെ.എസ്.ബി.സി.ഡി.സി.യിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി വായ്പയ്ക്ക് അപേക്ഷിച്ചവരിൽ 133255 അപേക്ഷകർക്ക് തുക നൽകിയിട്ടുണ്ട്.

വായ്പയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചതിനുശേഷം മതിയായ ജാമ്യ രേഖകൾ സമർപ്പിക്കാതെ അപേക്ഷകൻ പിൻമാറുകയോ വായ്പയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചതിന് ശേഷം പദ്ധതി നടപ്പിലാക്കുന്നതിൽനിന്നും അപേക്ഷകൻ പിൻമാറുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വായ്പകൾ നൽകിയിട്ടില്ല. ഇത് സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) ഇല്ല. വളരെ ലളിതമായ നിബന്ധനകളിലാണ് ഇപ്പോൾ കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. നിലവിലുള്ള ഭൂരിപക്ഷം നിബന്ധനകളും കോർപ്പറേഷന്റെ ഫണ്ടിംഗ് ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ദേശീയ ഏജൻസികൾ നിഷ്കർഷിക്കുന്നവയാണ്. ആയതിനാൽ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്ന വിഷയം പരിഗണനയിലില്ല.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ**

85 (2615) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷന്റെ വായ്പാപദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ ജില്ലയിൽ കോർപ്പറേഷൻ എത്ര തുക വായ്പയിനത്തിൽ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃശ്ശൂർ ജില്ലയിൽ മാത്രം വിവിധ വായ്പാ പദ്ധതികളിലായി 52.72 കോടി രൂപ കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മസാല ബോണ്ടുകളുടെ നിയമ സാധുത

86 (2616) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകളുടെ നിയമസാധുത നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ബോണ്ടുകളിൽ സംസ്ഥാന സർക്കാർ നൽകിയ ഗ്യാരന്റിയുടെ നിയമസാധുത നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; നിയമോപദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇന്ത്യൻ ഭരണഘടനയുടെ 293(1) അനുച്ഛേദം പ്രകാരം ഒരു സംസ്ഥാനത്തിന് അതിന്റെ സഞ്ചിതനിധി ഗ്യാരന്റിയായി ലഭ്യമാക്കുന്ന വായ്പകളുടെ പരിധി രാജ്യത്തിനുള്ളിൽ പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(ഡി) മസാലബോണ്ടുകളിൽ സംസ്ഥാന സർക്കാർ നൽകിയ ഗ്യാരന്റി കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റീസ് ആക്ട് 2003-ന്റെ പരിധിയിൽ വരുന്നതാണോ; ഭരണഘടനയുടെ 293 അനുച്ഛേദപ്രകാരമാണോ പ്രസ്തുത ആക്ട് സംസ്ഥാന സർക്കാർ പാസ്സാക്കിയിരിക്കുന്നത് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) കേരള നിയമസഭ ഐകകണ്ഠ്യേന അംഗീകരിച്ച കിഫ് ആക്ട് പ്രകാരം കിഫ്ബിയുടെ എല്ലാ ധനസമാഹരണത്തിന്റെയും തിരിച്ചടവിന് സർക്കാർ ഗ്യാരന്റിയുണ്ട്. മസാല ബോണ്ടിന്റെ ട്രസ്റ്റ് ഡീഡ്, ഏജൻസി എഗ്രിമെന്റ് എന്നിവ നിയമ വകുപ്പിന് സമർപ്പിച്ചിരുന്നു. ഇവയുൾപ്പെടെ മസാല ബോണ്ടുവഴിയുള്ള ധനസമാഹരണവുമായി ബന്ധപ്പെട്ട എല്ലാ നിയമവശങ്ങളും നിയമവകുപ്പ് പരിശോധിക്കുകയും ഇവയുടെ നിയമ സാധുത ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. നിയമോപദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭരണഘടനയുടെ അനുച്ഛേദം 293(1) അനുശാസിക്കുന്നത് താഴെ പറയുംപ്രകാരമാണ്.

Article 293(1) in The Constitution of India 1949

(1) Subject to the provisions of this article, the executive power of a State extends to borrowing within the territory of India upon the security of the Consolidated Fund of the State within such limits, if any, as may from time to time be fixed by the Legislature of such State by law and to the giving of guarantees within such limits, if any, as may be so fixed.

സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)-ൽ പ്രതിപാദിക്കുന്നത്. കിഫ്ബി പോലെയുള്ള ഏജൻസികൾക്ക് ഇത് ബാധകമല്ല. കിഫ് ആക്ട് നിഷ്കർഷിക്കുംവിധം റിസർവ് ബാങ്ക് പോലുള്ള നിയന്ത്രണ സംവിധാനങ്ങളുടെ പൂർണ്ണ അനുവാദത്തോടെ എല്ലാ നടപടിക്രമങ്ങളും പാലിച്ച് പൂർത്തിയാക്കിയ ഒരു ഇടപാടായിരുന്നു കിഫ്ബിയുടെ മസാല ബോണ്ട്.

(ഡി) മസാല ബോണ്ടുകളിൽ സംസ്ഥാന സർക്കാർ നൽകിയ ഗ്യാരന്റി കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റീസ് ആക്ട് 2003-ന്റെ പരിധിയിൽ വരുന്നതാണ്. സംസ്ഥാന സർക്കാരുകൾ കടം വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങളാണ് അനുച്ഛേദം 293(1)-ൽ പ്രതിപാദിക്കുന്നത്. എന്നാൽ കേരള സീലിംഗ് ഓൺ ഗവൺമെന്റ് ഗ്യാരന്റീസ് ആക്ട് 2003 പൂർണ്ണമായും സംസ്ഥാന സർക്കാരുകൾ പിന്തുണയ്ക്കുന്ന ഗ്യാരന്റികളെ സംബന്ധിക്കുന്നതാണ്.

**വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം**

87 (2617) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഗ്യാരന്റി നല്കി എടുക്കുന്ന വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം ആവശ്യമാണോ;

(ബി) സർക്കാർ ഗ്യാരന്റിയിൽ കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ഇന്ത്യൻ നിയമമല്ല മറിച്ച് ബ്രിട്ടീഷ് നിയമമാണ് ബാധകമാകുന്നത് എന്ന വസ്തുത നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ഗ്യാരന്റി നൽകുന്ന ബോണ്ടുകളിൽ ഉടലെടുക്കുന്ന നിയമ തർക്കങ്ങൾ സംബന്ധിച്ച കേസുകൾ ലണ്ടൻ കോടതിയിൽ തീർപ്പ് കൽപ്പിക്കേണ്ടതായി വരുന്ന വ്യവസ്ഥ ഗൗരവമേറിയതല്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വ്യവസ്ഥ സംസ്ഥാന താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് നിയമ വകുപ്പിന് അഭിപ്രായമുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ഗ്യാരന്റി നൽകി എടുക്കുന്ന വിദേശ വായ്പകൾക്ക് നിയമ വകുപ്പിന്റെ അംഗീകാരം ആവശ്യമാണ്.

(ബി-ഡി) സർക്കാർ ഗ്യാരന്റിയിൽ കിഫ്ബി പുറത്തിറക്കിയ മസാല ബോണ്ടുകൾക്ക് ഇന്ത്യൻ നിയമമല്ല മറിച്ച് ബ്രിട്ടീഷ് നിയമമാണ് ബാധകമാകുന്നത് എന്ന വസ്തുതയും നിയമ വകുപ്പ് പരിശോധിച്ചിട്ടുണ്ട്. വിദേശ വിപണിയിൽ വിറ്റഴിക്കുന്ന ബോണ്ടുകളായതിനാലാണ് ഇവ ബ്രിട്ടീഷ് നിയമപരിധിയിൽ വന്നത്. എൻ.ടി.പി.സി., എൻ.എച്ച്.എ.ഐ. എന്നീ കേന്ദ്ര ഏജൻസികൾ ഉൾപ്പെടെ ഇന്ത്യൻ സ്ഥാപനങ്ങൾ ഇറക്കിയിട്ടുള്ള എല്ലാ മസാല ബോണ്ടുകളും ബ്രിട്ടീഷ് നിയമ വ്യവസ്ഥയിലുള്ളതായിരുന്നു. പ്രസ്തുത വ്യവസ്ഥ സംസ്ഥാന താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് അഭിപ്രായമില്ല.

**നിയമവകുപ്പിലെ നിയമനങ്ങൾ**

88 (2618) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവകുപ്പിലെ നിയമനങ്ങളിൽ അട്ടിമറി നടന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ:

(സി) ഈ വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലെ നിയമനങ്ങളിൽ ക്രമക്കേട് ആരോപിച്ചുകൊണ്ട് പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളിൽ ചിലർ പരാതികൾ നൽകിയിട്ടുണ്ട്. ലീഗൽ അസിസ്റ്റന്റ്

ഗ്രേഡ് II തസ്തികയിലേയ്ക്ക് മൂന്നുതരത്തിലുള്ള നിയമന രീതിയാണ് ചട്ട പ്രകാരമുള്ളത്. അവ 50 ശതമാനം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം 30 ശതമാനം പി.എസ്.സി. വഴി സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനവും ബാക്കി 20 ശതമാനം പി.എസ്.സി.വഴി മറ്റ് സബോർഡിനേറ്റ് സർവ്വീസുകളിൽനിന്നുള്ള ബൈട്രാൻസ്ഫർ നിയമനം എന്നതാണ്. ആയതിൽ വിവിധ നിയമനരീതിയിലുള്ളവർ തമ്മിലുള്ള അനുപാതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്നും റിട്ടയർമെന്റ് ഒഴിവുകൾക്ക് ആനുപാതികമായി നിയമനം നടത്തുന്നില്ല എന്നുള്ളതുമാണ് പ്രസ്തുത പരാതികളുടെ ഉള്ളടക്കം.

(സി) ഇത് സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ചതിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരും ജ്യുഡീഷ്യൽ സർവ്വീസിൽ താൽക്കാലിക നിയമനം ലഭിച്ചിരുന്നവർ തിരികെ വന്നതുകാരണവും ചില അന്യത്രസേവന തസ്തികകൾ നഷ്ടപ്പെട്ടതുവഴിയും റിട്ടയർമെന്റ് ഒഴിവുകൾക്ക് ആനുപാതികമായ നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. വ്യത്യസ്ത നിയമന രീതിയിലൂടെ നടത്തുന്ന നിയമനങ്ങളിൽ പാലിക്കേണ്ട അനുപാതം പാലിച്ചില്ലെന്ന പരാതികൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൻ കീഴിലുള്ള അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് പരിശോധിച്ചുവരുന്നു.

## നവോത്ഥാന സാംസ്കാരിക സമുച്ചയം

89 (2619) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നവോത്ഥാന സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ എസ്.പി.വി. ആയിട്ടുള്ളതും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി നിർമ്മിക്കുന്നതുമായ സാംസ്കാരിക സമുച്ചയങ്ങളിൽ പാലക്കാട്, കാസർഗോഡ്, കൊല്ലം എന്നീ ജില്ലകൾക്കുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചതിൽ പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകൾക്കു മാത്രമാണ് ഒരു ടെണ്ടർ വീതമെങ്കിലും ലഭിച്ചത്. തുടർന്ന് മേൽ പരാമർശിച്ച ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ടി പദ്ധതിയുടെ എസ്.പി.വി. പ്രസ്തുത മൂന്ന് ജില്ലകൾക്കുമായി റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റീ-ഇ-ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതി 10-6-2019-ന് ആയിരുന്നു. ടി പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റി 14-6-2019-ന് പ്രസ്തുത ഇ-ടെണ്ടറുകൾ തുറന്ന് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മാണം

90 (2620) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം സിറ്റി നിർമ്മിക്കുന്നതിനായി ഒറ്റപ്പാലത്ത് എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം ഫിലിംസിറ്റി നിർമ്മിക്കുന്നതിനായി നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഒറ്റപ്പാലത്ത് ഫിലിംസിറ്റി ആരംഭിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; വിശദമാക്കാമോ?

ഉത്തരം

(എ) 4-7-2014-ലെ സ.ഉ. (എംഎസ്.)നമ്പർ 289/14/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം ഫിലിം സിറ്റി നിർമ്മാണത്തിനായി ഒറ്റപ്പാലം വില്ലേജിലെ സർവ്വേ നമ്പർ 61/6-ൽപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമിയാണ് പാട്ട നിബന്ധനകളുടെയും ജലസേചന വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിച്ചുനൽകിയിട്ടുള്ളത്.

(ബി) ഫിലിം സിറ്റി നിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ പ്രസ്തുത സ്ഥലത്ത് കിഫ്ബിയുടെ സഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് തിയേറ്ററുകൾ ഉൾപ്പെടുന്ന ഒരു തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്വീകരിച്ചുവരികയാണ്.

(സി) കിഫ്ബി മുഖാന്തരം ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് കേരളത്തിലുടനീളം തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് 19-7-2017-ലെ സ.ഉ. (സാധാ)നമ്പർ 457/2017/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലത്ത് തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഒറ്റപ്പാലത്ത് തീയേറ്റർ പ്രവർത്തനം ആരംഭിക്കാനുള്ള അനുമതി നൽകുന്നതാണ്.

## സാംസ്കാരിക സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

91 (2621) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സാംസ്കാരിക സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി എന്തൊക്കെ വികസന പ്രവർത്തനങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്ന് ആയതിന്റെ തുകയടക്കം ജില്ലകൾ തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2018-19 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സാംസ്കാരിക സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അനുവദിച്ച തുകകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സംഗീതജ്ഞൻ രവീന്ദ്രന് നിർമ്മിക്കുന്ന സ്മാരകം

92 (2622) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത സംഗീതജ്ഞൻ രവീന്ദ്രന് സ്വന്തം നാട്ടിൽ നിർമ്മിക്കുന്ന സ്മാരകത്തിന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണം ആരുടെ ചുമതലയിലായിരുന്നു നടന്നത്; പ്രസ്തുത നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്മാരകനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മൊത്തം 80 ലക്ഷം രൂപ ചെലവിൽ രാഗസരോവരം എന്ന പേരിൽ ശില്പിയായ, തിരുവനന്തപുരം സ്വദേശിയായ ശ്രീ. രാജീവ് അഞ്ചലാണ് പ്രശസ്ത സംഗീത സംവിധായകനായിരുന്ന ശ്രീ. രവീന്ദ്രൻ മാസ്റ്ററുടെ സ്മരണാർത്ഥമുള്ള സ്മാരക നിർമ്മാണത്തിന്റെ ചുമതല വഹിക്കുന്നത്. നിലവിൽ ടി സ്മാരകത്തിന്റെ ഭിത്തിയും മേൽക്കൂരയും പൂർത്തീകരിച്ചിട്ടുണ്ട്. 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ സർക്കാർ ധനസഹായമായി ടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിനുശേഷം പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി പുനലൂർ എം.എൽ. എ.-യും ബഹു. വനം-മൃഗസംരക്ഷണം-ക്ഷീരവികസനം-മൃഗശാലാ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജു അവർകളുടെ അപേക്ഷയിൻപ്രകാരം അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നും 40 ലക്ഷം രൂപ അനുവദിക്കുന്ന വിഷയം 4-7-2017-ലെ സ.ഉ. (പി) നമ്പർ 86/2017/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾക്കായി 27-10-2017-ലെ കത്ത് പ്രകാരം കൊല്ലം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**ഗ്രന്ഥശാലകൾക്ക് ഫണ്ട് അനുവദിക്കൽ**

93 (2623) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള (രജിസ്റ്റർ ചെയ്തിട്ടുള്ള) ഗ്രന്ഥശാലകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ സാംസ്കാരിക വകുപ്പ് നേരിട്ട് ഫണ്ട് അനുവദിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പ് നേരിട്ട് ഏതെങ്കിലും ഗ്രന്ഥശാലാ കെട്ടിടങ്ങൾ പുതുതായി നിർമ്മിക്കുകയോ നവീകരിക്കുകയോ ചെയ്തിട്ടുണ്ടോ, വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രന്ഥശാലകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനോ പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ സംസ്ഥാന ബഡ്ജറ്റിൽ സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിൽ ഫണ്ട് വയ്ക്കുന്ന പതിവില്ല. ആയത് ലൈബ്രറി കൗൺസിൽ മുഖാന്തരമാണ് അനുവദിക്കുന്നത്.

(ബി) ഇല്ല.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പെഷ്യൽ റൂൾസ്

94 (2624) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റൂൾസ് തയ്യാറാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ;

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കുമോ;

(സി) ഡ്രൈവർ കം അറ്റൻഡർ തസ്തികയിൽ ദിവസവേതനക്കാർ എത്ര കാലമായി ജോലി ചെയ്യുന്നു; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡ്രൈവർ കം അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര തവണ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ ; ആയതിന്റെ തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു. പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നിയമന ചട്ടങ്ങൾ രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിച്ച സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള എല്ലാ അംഗീകൃത തസ്തികകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ചട്ടങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് ഓഫീസർ, എഡിറ്റോറിയൽ അസിസ്റ്റന്റ്, സബ് എഡിറ്റർ, പ്രൂഫ് റീഡർ, കോപ്പി ഹോൾഡർ, ലൈബ്രേറിയൻ, എൽ.ഡി. ക്ലാർക്ക്, ക്ലറിക്കൽ അറ്റൻഡർ, പ്യൂൺ/പാക്കർ, ഷോറൂം മാനേജർ, ഡ്രൈവർ കം അറ്റൻഡർ, സ്വീപ്പർ, പ്രിന്റർ, ബൈൻഡർ, ലാസ്കർ, ബൈൻഡർ കം അറ്റൻഡർ, പ്യൂൺ എന്നീ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(സി) ഡ്രൈവർ കം അറ്റൻഡർ തസ്തികയിൽ ദിവസവേതനക്കാർ 11 വർഷത്തിലധികമായി ജോലി ചെയ്തുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡ്രൈവർ കം അറ്റൻഡർ തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദിവസവേതനാടിസ്ഥാനത്തിൽ വർഷങ്ങളായി പ്യൂൺ/പാക്കർ തസ്തികയിൽ ജോലിനോക്കിവരുന്ന ജീവനക്കാർക്ക് പ്രായപരിധി അധികരിച്ചതിനാൽ മറ്റു ജോലിസാധ്യതകൾ ഇല്ല എന്ന വസ്തുത കണക്കിലെടുത്ത്, അവരിൽനിന്നും യോഗ്യതയുള്ള ജീവനക്കാരെ ഡ്രൈവർ കം അറ്റൻഡർ തസ്തികയിലേയ്ക്ക് പരിഗണിച്ചുവരുന്നു.

പുസ്തക വില്പനയുമായി ബന്ധപ്പെട്ട ജോലികളും പുസ്തകങ്ങൾ വില്പന ശാലകൾക്ക് എത്തിക്കുന്ന മാർക്കറ്റിംഗ് ജോലികളുമാണ് ഇവർ നിർവ്വഹിക്കുന്നത്. ഇതിന് പുസ്തക വില്പന രംഗത്തെ പ്രവൃത്തി പരിചയം ആവശ്യമാണെന്നതും ഈ ജീവനക്കാരെ പരിഗണിക്കാൻ കാരണമാണ്.

(ഇ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്ഥിരം ജീവനക്കാരുടെ എണ്ണം, തസ്തിക തിരിച്ചുള്ള കണക്ക് എന്നിവ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 1. അസിസ്റ്റന്റ് ഡയറക്ടർ | -1 |
| 2. സീനിയർ റിസർച്ച് ഓഫീസർ | -3 |
| 3. റിസർച്ച് ഓഫീസർ | -1 |
| 4. കാഷ്യർ | -1 |
| 5. യു.ഡി.സി. | -3 |
| 6. എൽ.ഡി.സി | -1 |
| 7. ഡി.റ്റി.പി. ഓപ്പറേറ്റർ | -2 |
| 8. ഡ്രൈവർ കം അറ്റൻഡർ | -1 |
| 9. ക്ലറിക്കൽ അറ്റൻഡർ | -2 |
| 10. അസിസ്റ്റന്റ് ഫോർമാൻ | - 1 |
| 11. ബൈൻഡർ - എൽ.ഡി. | - 3 |
| 12. ലാസ്കർ | - 6 |

## നാട്ടരങ്ങ് പദ്ധതി

95 (2625) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടരങ്ങ് എന്ന പദ്ധതിയുടെ കീഴിൽ കാട്ടാക്കട മണ്ഡലത്തിലെ കുണ്ടമൺകടവ് ഭാഗത്ത് ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ആയതിൻമേൽ സ്വീകരിച്ച നടപടിയും തുടർനടപടിയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുണ്ടമൺകടവ് ഭാഗത്ത് ഒരു നാട്ടരങ്ങ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ ബ്ലോക്ക് 1-ൽ റീസർവ്വേ 333-ൽ ഉൾപ്പെട്ട 0.0303 ആർ പുറമ്പോക്ക് ഭൂമിയിൽ നാട്ടരങ്ങിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലായെന്ന ഒരു നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി പദ്ധതികൾ

96 (2626) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാഭവൻ മണിയുടെ ഓർമ്മയ്ക്കായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത കലാകാരന്റെ ഓർമ്മയ്ക്കായി തൃശ്ശൂർ ജില്ലയിലെ ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് കലാഭവൻ മണിയുടെ പേര് നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കലാഭവൻ മണിയുടെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ പദ്ധതി കേരള ഫോക്‌ലോർ അക്കാദമി

മുഖാന്തിരം നടപ്പിലാക്കുന്നതിനായി 31-3-2017-ലെ സ.ഉ. (സാധാ) നമ്പർ 288/2017/സാം.കാ.വ. പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള ഫോക്‌ലോർ അക്കാദമിക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പദ്ധതിക്കായുള്ള അനുയോജ്യമായ സ്ഥലം ചാലക്കുടിയിൽ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിക്ക് അടിസ്ഥാന സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മേൽ പദ്ധതിയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

## പേഴ്സണൽ സ്റ്റാഫിന്റെ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസിന്റെ പരിഷ്കരണം

97 (2627) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും ഉൾപ്പെടെയുള്ള പേഴ്സണൽ സ്റ്റാഫിന്റെ നിയമനത്തിനുള്ള നിലവിലെ സ്പെഷ്യൽ റൂൾസ് കാലഹരണപ്പെട്ടത് മാറ്റുന്നതിനുള്ള നടപടിക്രമം ഏതുവരെയായിയെന്നറിയിക്കുമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചെങ്കിലും അതിന്റെ പൂർത്തീകരണം എന്നാകുമെന്നാണ് കരുതുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിഷ്കരണത്തിനുള്ള റൂൾസ് തയ്യാറാക്കുമ്പോൾ ചുരുങ്ങിയ കാലയളവിലേക്ക് ഈ നിയമനം നേടുന്നവർക്ക് മിനിമം വേതനവും ആനുകൂല്യവും ഇല്ലാതാകുന്നില്ലെന്ന് ഉറപ്പാക്കാൻ ആവശ്യമായ ശ്രദ്ധചെലുത്തുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലെ സ്പെഷ്യൽ റൂളിൽ അവശ്യംവേണ്ട പരിഷ്ക്കാരങ്ങളാണ് വരുത്തുന്നത്.

(ബി&സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ റൂൾ പരിഷ്കരിക്കുന്നതിനായി തുടങ്ങിയ നടപടികൾ 15-2-2016-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം പിൻവലിച്ചുവെങ്കിലും റൂൾ പരിഷ്കരണത്തിനുള്ള നടപടികൾ തുടർന്നുവരുന്നു.

പേഴ്സണൽ സ്റ്റാഫ് ജീവനക്കാർക്കായി അനുവദിക്കുന്ന ശമ്പള സ്കെയിൽ അടിസ്ഥാനപ്പെടുത്തിയാണ് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തുവരുന്നത്. ആയതിനാൽതന്നെ മിനിമം വേതനവും ആനുകൂല്യങ്ങളും ഇല്ലാതാകുന്നില്ല.

**ഓർഡിനൻസുകളുടെ എണ്ണം**

98 (2628) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഓർഡിനൻസുകൾക്ക് പകരമായി എത്ര ബില്ലുകൾ പാസ്സാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചു; അവയിൽ നിയമസഭയിൽ അവതരിപ്പിക്കാൻ ഇനിയും എത്രയെണ്ണം ബാക്കിയുണ്ടെന്നും അവ എന്ന് നിയമസഭയിൽ അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) അടിയന്തര സാഹചര്യത്തിൽ ഇറക്കുന്ന ഓർഡിനൻസുകൾ ബിൽ ആക്കി നിയമസഭയിൽ അവതരിപ്പിക്കേണ്ടത് എത്ര സമയപരിധിക്കുള്ളിലാണ്; വിശദമാക്കുമോ;

(ഇ) നിലവിലുള്ള ഓർഡിനൻസുകളിൽ ഏതെല്ലാമാണ് സമയപരിധി കഴിഞ്ഞിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നിയമവകുപ്പിൽ ആകെ 124 ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരേ ഓർഡിനൻസുകൾ ഒന്നിലേറെ തവണ പുറപ്പെടുവിച്ചത് ഒഴിവാക്കിയാൽ യഥാർത്ഥത്തിൽ പുറപ്പെടുവിച്ച ഓർഡിനൻസുകളുടെ എണ്ണം 60 ആണ്.

(ബി) പ്രസ്തുത ഓർഡിനൻസുകളിൽ 41 എണ്ണത്തിന് പകരം ബില്ലുകൾ പാസ്സാക്കിയിട്ടുണ്ട്. 2019-ലെ 20-ാം നമ്പർ ഓർഡിനൻസ് വഴി പരിയാരം സഹകരണ ആശുപത്രി കോംപ്ലക്സ് ഏറ്റെടുത്ത സാഹചര്യത്തിൽ പരിയാരം ആശുപത്രി കോംപ്ലക്സിന്റെ ഭരണം ഏറ്റെടുത്തുകൊണ്ടുള്ള 2018-ലെ 33, 41, 45, 2019-ലെ 1 എന്നീ ഓർഡിനൻസുകൾക്ക് പകരം ബിൽ അവതരിപ്പിക്കേണ്ട ആവശ്യമില്ലാത്തതാണ്.

(സി) 25 ഓർഡിനൻസുകൾ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ 15 ബില്ലുകൾ ഇനിയും നിയമസഭയിൽ അവതരിപ്പിക്കാൻ ബാക്കിയുണ്ട്.

(ഡി) അടിയന്തര സാഹചര്യത്തിൽ ഇറക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ തൊട്ടടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ തൊട്ടടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാൻ കഴിയാത്തപക്ഷം ആയവ സമ്മേളനദിവസം മുതൽ ആറാഴ്ചയ്ക്കകം പുനഃവിളംബരം ചെയ്യേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ഓർഡിനൻസുകൾക്ക് പ്രാബല്യമില്ലാത്തതുമാണ്.

(ഇ) നിലവിലുള്ള ഓർഡിനൻസുകൾക്കൊന്നുംതന്നെ സമയപരിധി കഴിഞ്ഞിട്ടില്ലാത്തതാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ പ്രോഗ്രാമുകൾ

99 (2629) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തുന്ന പ്രധാന പ്രോഗ്രാമുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഓരോ പ്രോഗ്രാമും നടത്തുന്ന വിദ്യാലയങ്ങൾക്ക് നൽകുന്ന പ്രതിഫലം എത്രയാണെന്ന് വിശദീകരിക്കുമോ;

(സി) പ്രോഗ്രാമുകൾ നടത്തുന്നതിന് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ജനാധിപത്യ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, കോളേജ് വിദ്യാർത്ഥികൾക്കായി സെമിനാർ, മോഡൽ പാർലമെന്റ് മത്സരം, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തിവരുന്നു. മേല്പറഞ്ഞവ കൂടാതെ മികച്ച എഴുത്തുകാരെ പരിചയപ്പെടുത്തുന്ന "Conversation with the Author" എന്ന പ്രോഗ്രാമും നടത്തിവരുന്നു.

(ബി)

| ക്രമ നമ്പർ | പ്രോഗ്രാം | തുക |
|---|---|---|
| 1 | യൂത്ത് പാർലമെന്റ് മത്സരം | 7,500 |
| 2 | ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് | 10,000 |
| 3 | പാർലമെന്ററി ലിറ്ററസി ക്ലബ്ബ് | 10,000 |
| 4 | സ്കൂൾ സെമിനാർ | 10,000 |
| 5 | കോളേജ് മോഡൽ പാർലമെന്റ് | 7,500 |
| 6 | കോളേജ് സെമിനാർ | 25,000 |

(സി) പ്രോഗ്രാമുകൾ നടത്തുന്നതിന് വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിനായി എം.എൽ.എ-മാരിൽനിന്ന് നാമനിർദ്ദേശം ക്ഷണിക്കുകയും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു നിയോജകമണ്ഡലത്തിൽ 4 സ്കൂളുകളിൽ സെമിനാർ, 2 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, 2 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, 2 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം, 1 കോളേജിൽ മോഡൽ പാർലമെന്റ് മത്സരം എന്നിവ നടത്തുകയും ചെയ്യുന്നു.

**കായംകുളത്തെ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം**

100 (2630) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നഗരസഭാപരിധിയിൽ അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ നിർമ്മാണ പദ്ധതിക്കായി കായംകുളം നഗരസഭ വിട്ടുനൽകിയ സ്ഥലത്ത് തിയേറ്റർ നിർമ്മാണത്തിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി ബോർഡ് അംഗീകരിക്കുകയും പ്രസ്തുത പദ്ധതിക്കായി 15.03 കോടി രൂപ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ നടന്നുവരികയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി ജൂലൈ അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കാട്ടുതീ പ്രതിരോധം

101 (2631) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ വർഷത്തെ വേനൽക്കാലത്ത് സംസ്ഥാനത്ത് കാട്ടുതീമൂലം എത്ര ഹെക്ടർ വനഭൂമി നശിച്ചു; ഏത് റെയിഞ്ചുകളിലാണ് നഷ്ടം സംഭവിച്ചത് എന്നറിയിക്കാമോ;

(സി) കാട്ടുതീ പ്രതിരോധത്തിനായി ആധുനിക ഉപകരണങ്ങൾ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ഉപകരണങ്ങളാണ് ഇതിനകം നൽകിയത്;

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡിജിറ്റൽ വയർലസ് വാർത്താവിനിമയ സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാട്ടുതീ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾതലത്തിൽ തയ്യാറാക്കി.
- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire Prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.
- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതി ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തി.

- സ്ഥിരമായുള്ളതും താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവ്വറുകൾ സ്ഥാപിച്ചു.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ്‌വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.
- കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിച്ചു.
- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റോഡിയോവിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.
- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്./ ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.
- ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.
- ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ, എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.
- കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.
- അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.
- കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിപ്പിച്ചു.

- സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ ഫയർ സീസണിൽ സംസ്ഥാനത്ത് 1762.49 ഹെക്ടർ സ്ഥലത്തെ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്.

നഷ്ടം സംഭവിച്ച റെയ്ഞ്ചുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കാട്ടുതീ പ്രതിരോധത്തിനായി ആധുനിക ഉപകരണങ്ങൾ നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്.

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി Fire extinguisher, Fire blower, Power saw, Gum boot, Safety helmet. Gloves, Search light, Sleeping bag, Fire beater, Weed cutter, Sprayer, Chain saw, Fire racker, Knapsac sprayer pump with hose, Billhooks, jacket തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

(ഡി) വനം വകുപ്പിൽ അനലോഗ് സംവിധാനത്തിലുള്ള ഉപകരണങ്ങളാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. 2016-17 കാലയളവിൽ വിവിധ വനം ഡിവിഷനുകളിൽ 17 വയർലെസ്സ് റിപ്പീറ്റർ സ്റ്റേഷനുകൾ, 80 വയർലെസ്സ് മെയിൻ സെറ്റുകൾ, വാഹനങ്ങൾക്കായി 50 വയർലെസ്സ് മൊബൈൽ സെറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇവ കൂടാതെ 300 വാക്കിടോക്കികളും ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ അനലോഗ് സംവിധാനം ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 2 ഡിജിറ്റൽ വയർലെസ്സ് റിപ്പീറ്ററുകൾ, 70 ഡിജിറ്റൽ വയർലെസ്സ് മെയിൻ സെറ്റുകൾ, 55 ഡിജിറ്റൽ വാക്കി ടോക്കികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ആവശ്യമുള്ള വയർലെസ്സ് ഉപകരണങ്ങൾ വാങ്ങി വനം വകുപ്പിലെ വിവിധ വിഭാഗങ്ങളിൽ വിന്യസിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാട്ടുതീ അണയ്ക്കുന്നതിന് സംവിധാനം

102 (2632) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ.ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുതീ ഉണ്ടായാൽ ഏത്രയും വേഗം അണയ്ക്കുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികളും അതിനാവശ്യമായ സംവിധാനങ്ങളും വിശദമാക്കുമോ;

(ബി) വനങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിനായി ഫയർ അലർട്ട് സിസ്റ്റം നിലവിലുണ്ടോ; കാട്ടുതീ ഉണ്ടായാൽ അണയ്ക്കുന്നതിലേക്കായി ഫോറസ്റ്റ് മിനി ഫയർ ടെണ്ടർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാട്ടുതീ സാദ്ധ്യത മുൻകൂട്ടി അറിയുന്നതിനും കാട്ടുതീ പടരാതിരിക്കുന്നതിനും ഇതിനെപ്പറ്റി ജനങ്ങൾക്ക് അവബോധം നൽകുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) വനം വകുപ്പിന്റെ കീഴിൽ ഫയർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാട്ടുതീ ഉണ്ടാകാതിരിക്കാനും ഉണ്ടായാൽ എത്രയുംവേഗം അണയ്ക്കുന്നതിനുംവേണ്ടി വനം വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾതലത്തിൽ തയ്യാറാക്കി.
- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.
- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.

- കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തി.
- സ്ഥിരമായുള്ളതും താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിച്ചു.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ്‌വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.
- കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിച്ചു.
- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റേഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.
- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്./ ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.
- ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.
- ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.
- കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.
- അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.

- കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിപ്പിച്ചു.
- സ്റ്റേറ്റ്തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.

(ബി) വനമേഖലയിൽ ഉണ്ടാകുന്ന കാട്ടുതീ യഥാസമയത്ത് അറിയിക്കുന്നതിലേയ്ക്കുള്ള "ഫയർ അലർട്ട് സിസ്റ്റം' ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ വികസിപ്പിച്ചെടുത്തത് നിലവിലുള്ളതാകുന്നു. വനം വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർ ഫയർ അലർട്ട് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യുകയും ഇവയുടെ സേവനം കാട്ടുതീ വിവരം അറിയുന്നതിന് ഉപയോഗപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

വനം വകുപ്പിൽ കാട്ടുതീ ഉണ്ടായാൽ അണയ്ക്കുന്നതിനും അനുബന്ധ ആവശ്യങ്ങൾക്കുമായി രണ്ട് മിനി ഫോറസ്റ്റ് ഫയർ ടെണ്ടർ വാഹനങ്ങൾ നിർമ്മിക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കി വാഹനത്തിന്റെ ചെയ്സിസ് വാങ്ങുന്നതിനും തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾക്കുമുള്ള ഉത്തരവ് നൽകി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വനമേഖലയിൽ ഉണ്ടാകുന്ന കാട്ടുതീ യഥാസമയത്ത് അറിയുന്നതിന് ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ "ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം" ഉപയോഗപ്പെടുത്തുന്നു. കാട്ടുതീ തടയുന്നതിനും കൂടുതൽ വ്യാപിക്കാതിരിക്കുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- വ്യക്തമായ കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്യുന്ന 'ഫയർ മാനേജ്മെന്റ് പ്ലാൻ' സർക്കിൾതലത്തിൽ തയ്യാറാക്കി.
- കാട്ടുതീ തടയുന്നത് ലക്ഷ്യമാക്കി മുൻകൂട്ടിത്തന്നെ വനമേഖലകളെ Highly Fire prone, Moderately Fire Prone, Low Fire Prone എന്നിങ്ങനെ തരം തിരിച്ച് ഓരോ വനപ്രദേശത്തിനും ആവശ്യമുള്ള കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ വിഭാവനം ചെയ്തു.
- കാട്ടുതീ പ്രതിരോധ മുൻകരുതൽ പ്രവൃത്തികളായ മുൻകൂട്ടി കത്തിക്കൽ (early burning), നിയന്ത്രിത കത്തിക്കൽ (control burning), ഫയർലൈൻ തെളിക്കൽ തുടങ്ങിയവ നടത്തി.

- കാട്ടുതീ ഉണ്ടായാൽ മൊബൈലിൽ വിവരം ലഭിക്കുന്ന തരത്തിൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ രൂപീകരിച്ചിട്ടുള്ള ഫയർ അലർട്ട് സിസ്റ്റത്തിൽ വനം വകുപ്പ് ജീവനക്കാർ രജിസ്റ്റർ ചെയ്ത് ഈ സേവനം ഉപയോഗപ്പെടുത്തി.
- സ്ഥിരമായുള്ളതും താല്ക്കാലികമായിട്ടുള്ളതുമായ ഫയർ വാച്ച് ടവറുകൾ സ്ഥാപിച്ചു.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി നിയന്ത്രിക്കുന്നതിന് ഫയർഗ്യാങ്ങുകളെ വിന്യസിക്കൽ, ഫയർ വാച്ചർമാരെ നിയോഗിക്കൽ തുടങ്ങിയവ നടത്തി.
- കാട്ടുതീ ഉണ്ടായിക്കഴിഞ്ഞാൽ അടിയന്തരമായി എത്തുന്നതിന് വാഹന സൗകര്യം, വിവരം കൈമാറാൻ വയർലെസ്സ് സംവിധാനം, ടെലിഫോൺ റോഡ് നെറ്റ്‌വർക്ക് എന്നിവ പ്രയോജനപ്പെടുത്തി.
- കാട്ടുതീ ഉണ്ടെന്ന റിപ്പോർട്ട് ലഭിച്ചാൽ ഉദ്യോഗസ്ഥർ അടിയന്തരമായി സ്ഥലത്തെത്തി വേണ്ട മുൻകരുതലുകളും തീ നിയന്ത്രണ വിധേയമാക്കാൻ വേണ്ട സത്വര നടപടികളും സ്വീകരിച്ചു.
- സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ സഹായത്തോടെ ജനങ്ങളെ ബോധവാൻമാരാക്കുന്ന പ്രോഗ്രാമുകളായ റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റോഡിയോവിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.
- ജനപങ്കാളിത്തത്തോടുകൂടിയ കാട്ടുതീ പ്രതിരോധ പ്രവർത്തനത്തിന് വി.എസ്.എസ്./ ഇ.ഡി.സി. തുടങ്ങിയവയുടെ സഹായം ഉറപ്പുവരുത്തി.
- ഫ്രണ്ട് ലൈൻ സ്റ്റാഫുകൾക്ക് ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ സഹായത്തോടെ പരിശീലനം നൽകി.
- ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ചെക്ക് ഡാം, വാട്ടർഹോൾ, ഗള്ളി പ്ലഗ്ഗിംഗ്, മഴക്കുഴികൾ, എന്നിവയുടെ നിർമ്മാണവും പരിപാലനവും നടത്തുന്നു.
- കാട്ടുതീ നിയന്ത്രിക്കുന്നതിന് രണ്ട് ഫോറസ്റ്റ് ഫയർ ടെണ്ടർ വെഹിക്കിൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് ടീമിന് രൂപം നൽകി.
- അഗ്നി പ്രതിരോധ സാമഗ്രികളായ ഫയർ സ്യൂട്ട്, ഷൂസ്, ഗ്ലൗസ്, ഫയർ ബീറ്റർ തുടങ്ങിയവ വാങ്ങി നൽകുകയുണ്ടായി.

- വനം വകുപ്പ് ആസ്ഥാനത്ത് കാട്ടുതീ പ്രതിരോധ പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിപ്പിച്ചു.
- സ്റ്റേറ്റ് തലത്തിൽ കാര്യക്ഷമമായി കാട്ടുതീ പ്രതിരോധിക്കുന്നതിനും പരിചരണത്തിനുമായി ഫയർ & റെസ്ക്യൂ വകുപ്പ്, പോലീസ് വകുപ്പ് തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തി വനമേധാവി ചെയർമാനായ ഒരു "സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ" രൂപീകരിച്ചിട്ടുണ്ട്.
- ജനങ്ങളിൽ കാട്ടുതീയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ക്യാമ്പുകൾ, റാലികൾ, തെരുവു നാടകങ്ങൾ, ഫിലിം ഷോകൾ, എഫ്.എം. റോഡിയോയിലൂടെയുള്ള സന്ദേശങ്ങൾ, പോസ്റ്ററുകൾ, ബാനറുകൾ തുടങ്ങി വിവിധ തരത്തിലുള്ള ഒട്ടനവധി അവബോധ പരിപാടികൾ നടത്തിയിട്ടുള്ളതാണ്.

(ഡി) ഉണ്ട്. വനം വകുപ്പിന്റെ കീഴിൽ അരിപ്പ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിയന്ത്രണത്തിൽ ഫയർ ട്രെയിനിംഗ്-കം-ഡിപ്ലോ സെന്റർ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

**ഓപ്പറേഷൻ ജന്മഭൂമി**

103 (2633) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ജന്മഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഗുണഫലങ്ങളും വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ തോട്ടങ്ങളിൽ പൂർണ്ണമായും തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഓപ്പറേഷൻ ജന്മഭൂമി പദ്ധതി എവിടെയൊക്കെ നടപ്പാക്കിയെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കുമോ?

ഉത്തരം

(എ) റോഡ് അരികത്തും പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ചതും റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യമരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ

വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിലുള്ള പദ്ധതിയുടെ ശിപാർശ വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

ഏകവിളയായി അക്കേഷ്യ നട്ടുപിടിപ്പിച്ച സ്ഥലങ്ങളിൽനിന്നും മുറിച്ചുമാറ്റി തദ്ദേശീയവൃക്ഷങ്ങൾ നട്ട് പ്രസ്തുത പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി മലിനീകരണം ലഘൂകരിക്കൽ, പക്ഷികൾ, ചെറുമൃഗങ്ങൾ എന്നിവയ്ക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കൽ, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് പ്രകൃതിയെ നേരിട്ട് അറിയുവാനും അനുഭവിക്കുവാനും ഉള്ള അവസരം ഒരുക്കൽ എന്നിവയാണ് ഓപ്പറേഷൻ ജന്മഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ തോട്ടങ്ങളുടെ വ്യാപ്തി ഘട്ടം-ഘട്ടമായി കുറച്ചുകൊണ്ടുവന്ന് തദ്ദേശീയമായ മരങ്ങൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനവൽക്കരണം നടപ്പിലാക്കുവാനുള്ള കേരള സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 4-1-2019-ാം തീയതി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നിരുന്നു. ഈ യോഗത്തിലെ തീരുമാനപ്രകാരം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചുമാറ്റി തദ്ദേശീയമായ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള വനം വകുപ്പിന്റെ പദ്ധതിയുടെ നോഡൽ ഓഫീസറായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് &റിസോഴ്സസ്)-നെ ചുമതലപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനതലത്തിൽ സ്വാഭാവിക വനവൽക്കരണത്തിനായി 12-20 വർഷം നീണ്ടുനിൽക്കുന്ന ഒരു പദ്ധതിക്ക് രൂപം നൽകുന്നതിനും തീരുമാനമായിട്ടുള്ളതാണ്. വനം വകുപ്പ് നട്ടു വളർത്തിയ യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ പ്ലാന്റേഷനുകൾ വെട്ടിമാറ്റുന്ന മുറയ്ക്ക് ടി സ്ഥലത്ത് തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയോ സ്വാഭാവിക വനമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വിവിധ നിയമപ്രശ്നങ്ങൾ കാരണം സംസ്ഥാനത്ത് വന്യജീവി സങ്കേതത്തിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ മുറിച്ച് വിൽപ്പന നടത്തുവാൻ കഴിയാത്ത സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 10-5-2019-ലെ സ.ഉ.(സാധാ) നമ്പർ 168/2019/വനം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കി നിയമപ്രകാരമുള്ള അനുമതികൾ ലഭ്യമാക്കുന്നപക്ഷം വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ച് നീക്കം ചെയ്ത് ഈ സ്ഥലത്തും സ്വാഭാവിക വനവൽക്കരണം നടപ്പാക്കാവുന്നതാണ്.

സോഷ്യൽ ഫോറസ്ട്രി വിഭാഗം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ചിൽ 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച്, ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനുകീഴിലുള്ള പാലോട് റെയ്ഞ്ചിന് കൈമാറിയിട്ടുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴിലുള്ള പത്തനാപുരം റെയ്ഞ്ചിന് കൈമാറിയിട്ടുണ്ട്. ഇവ രണ്ടും അല്ലാതെ സോഷ്യൽ ഫോറസ്ട്രി വിഭാഗം ടി വിഷയത്തിൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ഓപ്പറേഷൻ ജന്മഭൂമി പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

## വനമേഖലയിലെ മരങ്ങൾ മുറിച്ചുനീക്കുവാൻ സാധ്യതാപഠനം

104 (2634) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുവാൻ സാദ്ധ്യതാപഠനം നടത്തുന്നുണ്ടോ;

(ബി) ഇതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വന്യമൃഗ സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും മരം മുറിക്കരുതെന്നും വീണുകിടക്കുന്ന മരം പോലും എടുക്കാൻ പാടില്ലെന്നും കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുള്ളപ്പോൾ ഇത്തരമൊരു പഠനം നടത്തുവാനുള്ള തീരുമാനം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വന്യജീവി സങ്കേതങ്ങളും ദേശീയോദ്യാനങ്ങളും ഉൾപ്പെടുന്ന സംരക്ഷിത വനമേഖലകളിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് സാധ്യതാപഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 10-5-2019-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 168/2019/വനം പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കമ്മിറ്റിയിലെ അംഗങ്ങൾ താഴെ പറയും പ്രകാരമാണ്.

1. ശ്രീ. അൻജൻ കുമാർ , ഐ.എഫ്. എസ്.
   ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
   (വൈൽഡ് ലൈഫ്) പാലക്കാട് - ചെയർമാൻ
2. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി)- മെമ്പർ
3. ഡോ. പി. ബാലകൃഷ്ണൻ (ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)- മെമ്പർ
4. ഡോ. പി. ഒ. നമീർ (പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ടുമെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ്) - മെമ്പർ
5. ശ്രീ. ജയിംസ് സക്കറിയ (റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ)- മെമ്പർ

(സി) 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരവും ബഹു. സുപ്രീം കോടതിയുടെ ഉത്തരവുകൾ പ്രകാരവും സംരക്ഷിത വനമേഖലകളിൽനിന്നും മരങ്ങൾ മുറിക്കുന്നതിനും വീണു കിടക്കുന്ന മരങ്ങൾപോലും ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഉണ്ട്. ഈ വ്യവസ്ഥകൾ പ്രകാരം, കേരളത്തിലെ വനങ്ങളിൽ സംരക്ഷണ പ്രാധാന്യം അർഹിക്കുന്ന മേഖലകൾ സംരക്ഷിത വനമേഖലകളായി പ്രഖ്യാപിച്ചപ്പോൾ അവിടെ നിലനിന്നിരുന്ന തോട്ടങ്ങളിലെ മരങ്ങൾ മുറിക്കുവാൻ സാധിക്കുന്നില്ല. ഇതുകാരണം സംസ്ഥാനത്തിന് വലിയ റവന്യൂ വരുമാനം നേടിത്തരാവുന്ന തേക്ക് മരങ്ങൾ നിഷ്ക്രിയ ആസ്തിയായി നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

വന്യമൃഗ സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നിലവിലുള്ള പ്ലാന്റേഷനുകളിലെ മരങ്ങൾ ഓരോ വർഷവും ചെറിയ ഒരു ശതമാനം വീതം മുറിച്ച് വിൽക്കാനും പകരം പ്രസ്തുത പ്രദേശം സ്വാഭാവിക വനമാക്കി മാറ്റാനും കഴിഞ്ഞാൽ വനത്തിനുള്ളിലെ ജലലഭ്യത ഉറപ്പുവരുത്താനും മൃഗങ്ങൾക്ക് കൂടുതൽ ഭക്ഷണം ലഭ്യമാക്കുന്നതിനും തടി ഇറക്കുമതി കുറയ്ക്കാനും നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് നേട്ടമുണ്ടാക്കാനും വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കാനും സാധിക്കും. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിച്ച് വിഷയത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി നിലവിലെ നിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സാധിച്ചാൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം

കാണാൻ കഴിയും. ഈ സാഹചര്യത്തിലാണ് ഇത്തരത്തിലുള്ള ഒരു പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. പറമ്പിക്കുളം കടുവ സങ്കേതം ഏതാണ്ട് മുഴുവനായും തേക്ക് മരങ്ങൾ മാത്രമെ ഉള്ളൂ എന്ന് കഴിഞ്ഞ വർഷം പറമ്പിക്കുളം കടുവ സങ്കേതം സന്ദർശിച്ച ബഹു. നിയമസഭാ സാമാജികർ നേരിൽക്കണ്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവർ ഇപ്രകാരം ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അതുകൂടി പരിഗണിച്ചാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്തത്.

**ഭൂമി കൈവശാവകാശം സംബന്ധിച്ച ഹൈക്കോടതിയുടെ വിധി**

105 (T2635) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈവശാവകാശം സംബന്ധിച്ച കേസുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതി 18-3-2019 -ൽ പുറപ്പെടുവിച്ച W.A.No.694/2019 നമ്പർ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ 1-1-1977-ന് മുൻപ് നിക്ഷിപ്ത വനഭൂമിയും റിസർവ് വനവും കൈവശം വച്ചുവരുന്ന കർഷകരെ വനം വകുപ്പ് കുടിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

ഉത്തരം

(എ) WP(C) 4501/2018 നമ്പർ കേസിലെ ഹർജ്ജിക്കാരായ ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീ സർവ്വേ നമ്പർ 7/1, 7/2, 7/4, 7/7 എന്നീ സർവ്വേ നമ്പരുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻഗാമികൾ തൊട്ട് ടിയാന്മാരുടെ കൈവശമുണ്ടെന്നും ആയതിന് 1-1-1977-ന് മുമ്പുള്ള കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്ന Kerala Land Assignment (Regularization of occupations of Forest Lands prior to 1-1-1977) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്നും കാണിച്ചാണ് WP(C) No. 4501/2018 നമ്പർ കേസ് നൽകിയത്. ഹർജ്ജിക്കാരുടെ ആവശ്യം തള്ളി 8-11-2018-ന് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധിയിലെ പ്രസക്തമായ വസ്തുതകൾ താഴെ പറയുന്നു.

1. 1993-ലെ Kerala Land Assignment (Regularization of occupations of Forest Lands prior to 1-1-1977) Special Rules, സെക്ഷൻ 2(f)-ൽ നിർവ്വചിച്ചിരിക്കുന്ന 'ഭൂമി' എന്നതിൽ നിക്ഷിപ്ത വനഭൂമി ഉൾപ്പെടുന്നില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

2. 1971-ലെ വെസ്റ്റഡ് ഫോറസ്റ്റ് ആക്ടിലോ, 2003-ലെ ഇ.എഫ്.എൽ. ആക്ടിലോ ഉൾപ്പെടുന്ന സ്ഥലം 1993-ലെ സ്പെഷ്യൽ റൂൾസിൽ നിർവ്വചിച്ചിരിക്കുന്ന 'Land' എന്ന വിഭാഗത്തിൽ വരുന്നില്ല.

ഒ.എ.1178/1974 കേസിലുൾപ്പെട്ടതും പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ കേസ് നടത്തിയതുമായ 29.2 ഏക്കർ നിക്ഷിപ്ത വനത്തിൽപ്പെട്ടതാണ് ഹർജ്ജിക്കാരൻ അവകാശമുന്നയിച്ച ഭൂമി. ടി കേസ് 9-2-1978-ൽ ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. തുടർന്ന് ഹർജ്ജിക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ എം.എഫ്.എ. 664/1998, 708/1998 എന്നിവ ഫയൽ ചെയ്തെങ്കിലും ടി കേസുകളും കോടതി തള്ളിക്കളയുകയും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. ഈ വസ്തുതകൾ മറച്ചുവച്ചുകൊണ്ടാണ് ടി അവകാശമുന്നയിച്ചിരിക്കുന്ന ഭൂമിയിലെ കാർഷിക പ്രവർത്തനങ്ങൾ വനം വകുപ്പ് തടസ്സപ്പെടുത്താതിരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾക്കായി വീണ്ടും ഹൈക്കോടതിയെ സമീപിച്ചതും 8-11-2018-ലെ ഉത്തരവിലൂടെ കോടതി അത് നിരാകരിച്ചതും. ടി സ്ഥലം ഇപ്പോഴും വനം വകുപ്പിന്റെ അധീനതയിലും നിയന്ത്രണത്തിലുമുള്ള നിക്ഷിപ്തവനമാണ്. WP(C) 4501/2018 കേസിൽ 8-11-2018-ലെ വിധിക്കെതിരെ 5-1-2019-ൽ ഹർജ്ജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്തെങ്കിലും 18-3-2019-ലെ വിധിന്യായത്തിലൂടെ ബഹു. കേരള ഹൈക്കോടതി ടി അപ്പീൽ തള്ളിക്കളഞ്ഞിരിക്കുകയാണ്. സ്ഥലം നിലവിൽ വനം വകുപ്പിന്റെ കൈവശത്തിലും നിയന്ത്രണത്തിലും ഉള്ള നിക്ഷിപ്ത വനം ആകയാൽ കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) ആക്ട് പ്രകാരം സ്വകാര്യവനങ്ങൾ 10-5-1971-ൽ സർക്കാരിൽ നിക്ഷിപ്തമായി. ഇപ്രകാരമുള്ള നിക്ഷിപ്തമാക്കലിനെതിരെ ഉടമസ്ഥർ ഫോറസ്റ്റ് ട്രൈബ്യൂണലിൽ ഒ.എ. ഫയൽ ചെയ്യുകയും തോൽക്കുന്നപക്ഷം ഹൈക്കോടതിയിൽ എം.എഫ്.എ.-യും സുപ്രീംകോടതിയിൽ എസ്.എൽ.പി.-യും ഫയൽ ചെയ്യുന്നു. ടി കേസുകളിലെ വിധിക്കനുസരിച്ചുള്ള നടപടികളാണ് നിക്ഷിപ്ത വനത്തിന്റെ സംഗതികളിൽ വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. 1993-ലെ സ്പെഷ്യൽ റൂൾസ് നിക്ഷിപ്തവനത്തിന് ബാധകമല്ലാത്തതാകയാൽ ഈ നിയമം വച്ച് ആരെയും നിക്ഷിപ്തവനത്തിൽനിന്നും കുടിയിറക്കുന്നതിനുള്ള നടപടികൾ ഉദിക്കുന്നില്ലാത്തതുമാണ്. കൂടാതെ റിസർവ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 1-1-1977-ന് മുമ്പുള്ള കുടിയേറ്റ കർഷകരെ WP(C) 4501/2018-ലെ 8-11-2018-ലെ വിധിയോ WA. No. 694/2019-ലെ 18-3-2019-ലെ വിധിയോ യാതൊരു കാരണവശാലും ബാധിക്കുന്നതല്ല. ടി വിധികൾ പ്രകാരം ആരെയും റിസർവ് വനത്തിൽനിന്നും കുടിയിറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

## കുടിയേറ്റ കർഷകരുടെ ഭൂമി

106 (T 2636) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ സ്പെഷ്യൽ റൂൾസുമായി ബന്ധപ്പെട്ട് WP (C) 4501/2018-ൻ മേൽ 8-11-2018-ൽ ഉണ്ടായ ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിധി സാധാരണക്കാരായ കുടിയേറ്റ കർഷകരെ ദോഷകരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പ് നാളിതുവരെ ജനങ്ങളിൽ നിന്നും എത്ര ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) WP(C) 4501/2018 നമ്പർ കേസിലെ ഹർജ്ജിക്കാരായ ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീ സർവ്വേ നമ്പർ 7/1, 7/2, 7/4, 7/7 എന്നീ സർവ്വേ നമ്പരുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻകാല പ്രാബല്യത്തിൽ കൈവശ അവകാശമുണ്ടെന്നും Kerala Land Assignment (Regularization of occupations of Forest Lands prior to 1-1-1977) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്നും കാണിച്ച് നൽകിയ കേസാണ്. ഹർജ്ജിക്കാരുടെ ആവശ്യം തള്ളി 8-11-2018-ന് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധി പ്രകാരം മുകളിൽ പ്രസ്താവിച്ച Kerala Land Assignment (Regularization of occupations of Forest Lands prior to 1-1-1977) Special Rules, 1993-ലെ സെക്ഷൻ 2(f)-ൽ നിർവ്വചിച്ചിരിക്കുന്ന 'ഭൂമി' എന്ന പരിധിയിൽ ഹർജിക്കാരുടെ നിക്ഷിപ്ത വനഭൂമി ഉൾപ്പെടുകയില്ല.

ഒ.എ. 1178/1974 കേസിലുൾപ്പെട്ടതും പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിൽ കേസ് നടത്തിയതുമായ 29.2 ഏക്കറിൽപ്പെട്ട നിക്ഷിപ്ത വനഭൂമിയാണ് ഹർജിക്കാരൻ അവകാശമുന്നയിച്ച ഭൂമി. ടി കേസ് 9-2-1978-ൽ ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. തുടർന്ന് ഹർജിക്കാരൻ ബഹു. കേരള ഹൈക്കോടതിയിൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എം.എഫ്.എ. 664/1998, 708/1998 എന്നിവ ഫയൽ ചെയ്തെങ്കിലും ടി കേസുകളും കോടതി തള്ളിക്കളയുകയും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഉത്തരവിടുകയും ചെയ്തു. ഹൈക്കോടതിവരെ തള്ളിക്കളഞ്ഞ ടി കേസിലുൾപ്പെട്ട 19.96 ഏക്കർ നിക്ഷിപ്ത വനഭൂമിയിൽ ടി കോടതി ഉത്തരവുകൾ മറച്ചുവച്ച് കാർഷിക പ്രവർത്ത നങ്ങൾ തസ്സപ്പെടുത്താതിരിക്കുവാനും പട്ടയം ലഭിക്കുന്നതിനും വാദിച്ചുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചതും 8-11-2018-ലെ ഉത്തരവിലൂടെ കോടതി അത് നിരാകരിച്ചതും. ടി സ്ഥലം ഇപ്പോഴും നിക്ഷിപ്ത വനഭൂമിയായി വനം വകുപ്പിന്റെ അധീനതയിലും നിയന്ത്രണത്തിലുള്ളതുമാണ്. WP(C) 4501/2018 കേസിൽ 8-11-2018-ലെ വിധിക്കെതിരെ 5-1-2019-ൽ ഹർജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്യുകയും ആയതും ബഹു. ഹൈക്കോടതി 18-3-2019-ലെ വിധിയിലൂടെ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. 1993-ലെ സ്പെഷ്യൽ റൂൾസ് നിക്ഷിപ്ത വനത്തിന് ബാധകമാക്കാൻ സാധിക്കുന്നതല്ലെന്ന് ബഹു. ഹൈക്കോടതി ടി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) സർക്കാരിൽ നിക്ഷിപ്തമായ 29.20 ഏക്കർ നിക്ഷിപ്ത വനമാണ് ഹർജിക്കാർ അവകാശമുന്നയിച്ച മേൽ നമ്പർ കേസിലുള്ളത്. എന്നാൽ റിസർവ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 1-1-1977-ന് മുമ്പുള്ള കുടിയേറ്റ കർഷകരെ ഈ വിധികൾ ബാധിക്കുന്നതല്ല. 1-1-1977-ന് മുമ്പ് കയ്യേറിയതും റീ സർവ്വേ നടത്തി, സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുവാൻവേണ്ടി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നതുമായ റിസർവ് വനങ്ങളിലെ കുടിയേറ്റക്കാരെ ടി വിധി ബാധിക്കുക യില്ലാത്തതും കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് ടിയാന്മാർക്ക് പട്ടയം നൽകുന്നതിന് തടസ്സങ്ങളൊന്നുമില്ലാത്തതുമാണ്.

(സി) സർക്കാരിൽ നിക്ഷിപ്തമായ വെസ്റ്റഡ് ഫോറസ്റ്റ് ഭൂമിയിലുൾപ്പെട്ട 19.98 ഏക്കർ ഭൂമിക്ക് അവകാശമുന്നയിച്ച് ഫോറസ്റ്റ് ട്രിബ്യൂണലിലും ഹൈക്കോടതിയിലും മുൻപിനാലെ പരാജയപ്പെട്ട കേസിൽ ഉൾപ്പെട്ട സ്ഥലവുമായി ബന്ധപ്പെട്ടതാണ് 8-11-2018-ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഇപ്പോഴത്തെ വിധിന്യായം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്യപ്പെട്ട വനഭൂമിയിലെ 1-1-1977-ന് മുമ്പുള്ള കുടിയേറ്റ കർഷകരെ ടി വിധി യാതൊരു കാരണവശാലും ബാധിക്കുന്നതല്ല. വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ ജനങ്ങളിൽനിന്നും വനം വകുപ്പ് ഭൂമി തിരിച്ചുപിടിച്ചിട്ടില്ല.

## വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി

107 (2637) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനപ്രദേശം നിലവിൽ എത്രയുണ്ട്;

(ബി) 1971-ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസ്സുകളുടെ എണ്ണം എത്രയാണെന്നും എത്ര ഹെക്ടർ വനം കയ്യേറ്റകേസ്സുകളാണ് കോടതികളുടെ പരിഗണനയിലുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) വനഭൂമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വാഭാവിക വനപ്രദേശം നിലവിൽ 11309.5032 ച.കി. മീറ്ററുണ്ട്.

(ബി) 1-1-1977-ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നതെന്നതിനാൽ 1971-ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ കണക്കുകൾ ലഭ്യമല്ല. 1-1-1977-ന ശേഷം കയ്യേറിയ വനഭൂമി- ഒഴിപ്പിച്ച വനഭൂമി എന്നിവയുടെ കണക്ക് ചുവടെ കൊടുക്കുന്നു :

| 1-1-1977-ന ശേഷം കയ്യേറിയ വനഭൂമി (ഹെക്ടർ) | കോളം (1)-ലെ ഒഴിപ്പിച്ച വനഭൂമി (ഹെക്ടർ) | ഒഴിപ്പിക്കുന്നതിന് ബാക്കിയുള്ള വനഭൂമി (ഹെക്ടർ) |
|---|---|---|
| 11917.8952 | 4628 | 7289.8952 |

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾത്തന്നെ തടയുകയും അവയ്ക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 1-1-1977-ന ശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസുകളിൽ 4-9-15-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ

അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാർക്ക് സമയപരിധിവച്ച് ഒഴിഞ്ഞുപോകാൻ നോട്ടീസുകൾ നൽകിവരുന്നു. എന്നാൽ തദ്ദേശീയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പിനെത്തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 8-11-2002 -ലെ ജി.ഒ.(എം.എസ്) നമ്പർ 69/2002/വനം പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതുപോലെതന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും 6-3-2003-ലെ ജി.ഒ.(എം.എസ്)15/03/വനം പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപ്പടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

വനഭൂമി കയ്യേറ്റം ചെറുക്കുന്നതിനും വനഭൂമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപ്പണികൾ നടത്തിയും നിരന്തരമായി അതിർത്തി പരിശോധന, പട്രോളിംഗ് എന്നിവ നടത്തിയും കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമനടപടികൾ സ്വീകരിച്ചും വരുന്നു. ഭാവിയിൽ വനം കയ്യേറ്റം ഒഴിവാക്കാനും നിലവിലുള്ള വനം കയ്യേറാതെ സംരക്ഷിക്കുന്നതിനും വനാതിർത്തികൾ സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിക്കുന്നതാണ് ഫലപ്രദമായ മാർഗ്ഗം. അപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 12,500 ജണ്ടകളും 2017-18-ൽ 14416 ജണ്ടകളും 2018-19-ൽ 14618 ജണ്ടകളും നിർമ്മിച്ചിട്ടുണ്ട്. വനാതിർത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം ഇപ്പോൾ നടന്നുവരുന്നുമുണ്ട്.

## അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

108 (2638) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലിമുക്ക്-അച്ചൻകോവിൽ റോഡിൽ നബാർഡ് ധനസഹായത്തോടെ വനം വകുപ്പ് നടപ്പിലാക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) റീച്ചുകളായാണ് പ്രവൃത്തി ടെൻഡർ ചെയ്യപ്പെട്ടിട്ടുള്ളത് എങ്കിൽ എത്ര റീച്ചുകളായെന്നും ഇവയിൽ ഓരോ റീച്ചിന്റെയും ആരംഭസ്ഥലം,അവസാനസ്ഥലം, അനുവദിക്കപ്പെട്ട തുക, ദൂരം, കരാർപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി എന്നിവ യഥാക്രമം വ്യക്തമാക്കുമോ;

(സി) ഇവയിൽ ഓരോ റീച്ചുകളിലെയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ;

(ഡി) സർക്കാരിലെ ഏത് വകുപ്പാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ മേൽനോട്ടം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്പോഴത്തെ പ്രവൃത്തി പുരോഗതി അനുസരിച്ച് എന്നത്തേക്ക് ഈ പ്രവൃത്തി മുഴുവനായും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അലിമുക്ക്-അച്ചൻകോവിൽ റോഡിൽ നബാർഡ് ധനസഹായത്തോടെ വനം വകുപ്പ് നടപ്പിലാക്കുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് ആകെ 13,84,00,000 (പതിമൂന്ന് കോടി എൺപത്തിനാല് ലക്ഷം രൂപ മാത്രം) രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) മൂന്ന് റീച്ചുകളായാണ് ടെണ്ടർ നടപടികൾ ചെയ്തിട്ടുള്ളത്.

| റീച്ചിന്റെ ആരംഭ സ്ഥലം അവസാന സ്ഥലം | അനുവദിക്കപ്പെട്ട തുക | ദൂരം | കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുവാനുള്ള കാലാവധി |
|---|---|---|---|
| (1) | (2) | (3) | (4) |
| കോന്നി ഡിവിഷന്റെ പരിധിയിൽ മണ്ണാറപ്പാറ ചിറ്റാർ പാലം മുതൽ കടമ്പപാറ വരെയുള്ള ഭാഗമാണ് | 7,44,40,000 | 8.5 കി.മീ. | അഞ്ച് മാസം |

| (1) | (2) | (3) | (4) |
|---|---|---|---|
| പുനലൂർ ഡിവിഷനിൽ ചെയിനേജ് 12/000 (ഡബിൾ കട്ടിംഗ്) മുതൽ 20/000 (ചെരിപ്പിട്ടകാവ്) വരെ | 3,87,45,000 | 8 കി. മീ. | 150 ദിവസം |
| അച്ചൻകോവിൽ ഡിവിഷനിൽ ചിറ്റാർ പാലം മുതൽ ക്ഷേത്രം ജംഗ്ഷൻ വരെ | 2,52,15,000 | 5 കി.മീ. | 5 മാസം |

(സി) കോന്നി ഡിവിഷനിൽ തുറ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും റോഡ് നിർമ്മാണത്തിന്റെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

പുനലൂർ ഡിവിഷനിൽ കലുങ്കുകളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

അച്ചൻകോവിൽ ഡിവിഷനിൽ 31-1-2019-ന് എഗ്രിമെന്റ് വച്ച് 5-2-2019-ന് സൈറ്റ് കൈമാറ്റം ചെയ്തെങ്കിലും നിലവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) കേരള പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗമാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ മേൽനോട്ടം നടത്തുന്നത്.

(ഇ) കോന്നി ഡിവിഷനിൽ മൂന്ന് മാസത്തിനകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതാണ്.

പുനലൂർ ഡിവിഷനിൽ ജൂലൈ 13-ാം തീയതി വരെയാണ് എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി.

അച്ചൻകോവിൽ ഡിവിഷനിൽ ജൂൺ 31-ാം തീയതി വരെയാണ് എഗ്രിമെന്റ് പ്രകാരം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള കാലാവധി.

## വൃക്ഷത്തൈ പരിപാലനം

109 (2639) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക പരിസ്ഥിതി ദിനത്തിൽ വകുപ്പുമുഖേനയും സന്നദ്ധസംഘടനകൾ വഴിയും വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ തുടർന്നുള്ള പരിപാലനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇപ്രകാരം വിതരണം ചെയ്യപ്പെട്ട വൃക്ഷത്തൈകളുടെ നട്ടുപിടിപ്പിക്കലുമായി ബന്ധപ്പെട്ട്ഏതെങ്കിലും തരത്തിലുള്ള മാറ്റം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത വർഷത്തെ പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ പരിപാലനത്തിന് മുൻകൈ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത്തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

മതസംഘടനകൾ, യുവജനസംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സംഘടനകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ, വനം വകുപ്പ്, മറ്റ് വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനു പുറമെ 2016-17 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് നിലവിൽ വനം വകുപ്പ് മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നത്. ആയതിനാൽ പുതിയ പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

## പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിതരണം ചെയ്ത വൃക്ഷത്തൈകൾ

110 (2640) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തിക്കായി 2016 മുതൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ഇപ്രകാരം വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ഡി) എങ്കിൽ ഇപ്രകാരം ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകളിൽ എത്ര ശതമാനം നിലവിൽ അതിജീവിക്കുന്നു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് വർഷംതോറും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ സംഘടനകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങൾ, പുഴയോരങ്ങൾ, കടൽത്തീരം, കനാൽബാങ്ക്, പൊതുസ്ഥാപനങ്ങളുടെ സ്ഥലങ്ങൾ തുടങ്ങിയ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സഹകരണത്തോടെ വൃക്ഷ തൈകൾ വച്ചുപിടിപ്പിച്ചുവരുന്നു. സംസ്ഥാനത്ത് പരിസ്ഥിതി ദിനാചര ണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പ്രവൃത്തിക്കായി 2016 മുതൽ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| വർഷം | ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2016-17 | 1017.228 |
| 2017-18 | 779.27 |
| 2018-19 | 961.94 |
| ആകെ | 2758.438 |

(ബി) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, മതസംഘടനകൾ, എൻ.ജി.ഒ.കൾ, രാഷ്ട്രീയ പാർട്ടികളുടെ സംഘടനകൾ, യുവജനസംഘടനകൾ, റസിഡൻസ് അസോസി യേഷനുകൾ തുടങ്ങിയവയ്ക്ക് ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരം വിതരണം ചെയ്ത വൃക്ഷത്തൈകളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | വിതരണം ചെയ്ത തൈകളുടെ എണ്ണം (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 70.72 |
| 2 | 2012-13 | 88.16 |
| 3 | 2013-14 | 83.83 |
| 4 | 2014-15 | 73.14 |
| 5 | 2015-16 | 72.76 |
| 6 | 2016-17 | 64.00 |
| 7 | 2017-18 | 66.12 |
| 8 | 2018-19 | 78.15 |

(സി) വൃക്ഷത്തൈകളുടെ അതിജീവനം സംബന്ധിച്ച് വനം വകുപ്പിന്റെയും വിവിധ ഏജൻസികളുടെയും സഹായത്തോടെ പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച തൈകളുടെ അതിജീവനം ഉറപ്പുവരുത്താൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ വനം വകുപ്പ്, മറ്റു വിവിധ വകുപ്പുകളെയും ഏകോപിപ്പിച്ച് നടത്തിവരുന്നുണ്ട്. ഇതിനായി പൊതുവിദ്യാഭ്യാസ വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും എല്ലാ കൊല്ലവും സർക്കുലറുകൾ ഇറക്കുന്നുണ്ട്. സ്കൂൾതലത്തിൽ അദ്ധ്യാപകർ, പി.റ്റി.എ. പ്രതിനിധി, വിദ്യാർത്ഥി പ്രതിനിധി, വാർഡ് മെമ്പർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും കോളേജ് തലത്തിൽ പ്രിൻസിപ്പലിന്റെ പ്രതിനിധിയും പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് പ്രസിഡന്റ്/നോമിനി, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ എന്നിവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടന പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവർ അംഗങ്ങളായ 15-ൽ കൂടാത്ത അംഗസംഖ്യയുള്ള കമ്മിറ്റിയുമാണ് നട്ടുപിടിപ്പിച്ച തൈകളുടെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിനും അതിജീവന ശതമാനം ഉറപ്പിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇപ്രകാരമുള്ള കമ്മിറ്റികൾ പഞ്ചായത്ത്തലത്തിലും സ്കൂൾ, കോളേജ് തലങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കാനുള്ള സംവിധാനം വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. രജിസ്റ്ററുകൾ സോഷ്യൽ ഫോറസ്ട്രി വിഭാഗം പരിശോധനാ വിധേയമാക്കി തുടർനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. 2016-17 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവന ശതമാനം 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ 2016-ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

## ശബരി കുപ്പിവെള്ള പദ്ധതി

111 (2641) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനാപുരത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന ശബരി കുപ്പിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ഈ പദ്ധതിക്കായി ഇതിനകം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയ്ക്കായി വനത്തിൽ നടത്തിയ പ്ലാന്റ് നിർമ്മാണ പ്രവൃത്തിയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പത്തനാപുരത്ത് പുന്നലയ്ക്കടുത്തുള്ള കടശ്ശേരിയിൽ ആരംഭിച്ച ശബരി കുപ്പിവെള്ള പദ്ധതി വനംവകുപ്പ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. 23-10-2013-ൽ ആദ്യഘട്ട നിർമ്മാണം കെ.എഫ്.ഡി.സി. പൂർത്തിയാക്കി. ടി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പാട്ടഭൂമിയായ റിസർവ് വനത്തിനുള്ളിലായതിനാലും ഈ പദ്ധതി വനേതര പ്രവർത്തനമായതിനാലും ആയത് നിർത്തിവയ്ക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉത്തരവായിരുന്നു. 7-11-2016-ൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു.

1. പദ്ധതി വനം വകുപ്പ് ഏറ്റെടുത്ത് നടത്തുക.
2. പദ്ധതികളുടെ നിർമ്മാണം വനം വകുപ്പിന് കൈമാറുന്നതിനുള്ള നടപടി കെ.എഫ്.ഡി.സി. സ്വീകരിക്കുക, ഫണ്ട് എസ്.എഫ്.ഡി.എ-യിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുക.
3. ശബരിജലം മിനറൽ വാട്ടറിന് ബി.ഐ.എസ്. സർട്ടിഫിക്കേഷൻ വാങ്ങുക.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം)-ന്റെ നേതൃത്വത്തിൽ എസ്.എഫ്.ഡി.എ. വഴി 4 മാസത്തിനകം കുടിവെള്ള പദ്ധതിയുടെ ട്രയൽ റൺ നടത്തേണ്ടതാണ്.

എന്നാൽ വനേതര പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം എസ്.എഫ്.ഡി.എ-ക്ക് അനുമതിയില്ലാത്തതിനാൽ ടി തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

ഈ പദ്ധതിക്കായി അനുവദിച്ച ഒരു കോടി രൂപയിൽ 57,53,898 രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് ഇതുവരെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടില്ല.

## തേക്കുമരങ്ങൾ മുറിച്ചുനീക്കി സ്വാഭാവിക വനം വളർത്തുന്നതിനെക്കുറിച്ച് പഠനം

112 (2642) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിലെ തേക്കുമരങ്ങൾ മുറിച്ചുനീക്കി സ്വാഭാവിക വനം വളർത്തുന്നതിനെക്കുറിച്ച് പഠിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് കമ്മിറ്റിയുടെ പഠന വിഷയങ്ങൾ; ഏത് തലത്തിലുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത്;

(ബി) തേക്കുമരങ്ങൾ മുറിച്ചുനീക്കാനുള്ള തീരുമാനം സംസ്ഥാനത്തെ വന്യജീവി സംരക്ഷണത്തെ ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമോ യെന്ന് പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(സി) ദേശീയോദ്യാനങ്ങളിലും വന്യജീവി സങ്കേതങ്ങളിലുമുള്ള മരങ്ങൾ നശിപ്പിക്കപ്പെടുന്നതിന് പ്രസ്തുത തീരുമാനം ഇടയാക്കുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സംരക്ഷിത വനമേഖലയിലെ തേക്കുമരങ്ങൾ ഉൾപ്പെടെ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നത് സംബന്ധിച്ച് ഒരു സാധ്യതാ പഠനം നടത്തുന്നതിന് സസ്യ വന്യജീവി ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് തടി ഇറക്കുമതിയിലൂടെയുണ്ടാകുന്ന ചെലവും മുറിച്ച് വിൽക്കുവാൻ കഴിയാത്ത തരത്തിൽ വന്യജീവി സങ്കേതങ്ങളിലും മറ്റുമുള്ള തേക്ക് പ്ലാന്റേഷനുകളുടെ വിസ്തീർണ്ണവും അതിലെ തേക്ക് മരങ്ങളുടെ വ്യാപ്തിയും മുറിച്ച് വിറ്റാലുണ്ടാകുന്ന സാമ്പത്തിക നേട്ടവും പകരം, സ്വാഭാവിക വനം ആയി രൂപപ്പെടുത്തിയാലുള്ള ഗുണങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങൾ വിദഗ്ധ സമിതിയുടെ പഠന വിഷയങ്ങളാണ്. പറമ്പിക്കുളം കടുവ സങ്കേതം ഏതാണ്ട് മുഴുവനായും തേക്ക് മരങ്ങൾ മാത്രമെ ഉള്ളൂ എന്ന് കഴിഞ്ഞ വർഷം പറമ്പിക്കുളം കടുവ സങ്കേതം സന്ദർശിച്ച ബഹു. നിയമസഭാ സാമാജികർ നേരിൽക്കണ്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവർ ഇപ്രകാരം ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അതുകൂടി പരിഗണിച്ചാണ് സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്തത്.

(ബി) തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നത് വന്യജീവി സംരക്ഷണത്തെ എപ്രകാരം ബാധിക്കുമെന്ന് സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിയുന്നതാണ്.

(സി) വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതാണ്.

## ഇക്കോ ടൂറിസം മേഖലയിൽ പ്ലാസ്റ്റിക് നിയന്ത്രണം

113 (2643) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം മേഖലകളിലെ സന്ദർശക വാഹകശേഷി കണക്കാക്കുന്നതിനായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ടോ; പ്ലാസ്റ്റിക്കിനുപകരം പരിസ്ഥിതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഇക്കോ ടൂറിസം മേഖലകളിലെ സന്ദർശക വാഹകശേഷി കണക്കാക്കുന്നതിനായുള്ള പഠനം നടന്നുവരികയാണ്. സൗത്ത് വയനാട് ഡിവിഷനിലെ കുറുവ ഇക്കോ ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട സന്ദർശക വാഹകശേഷി പഠനത്തിന് കോയമ്പത്തൂർ ആസ്ഥാനമായുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജെനറ്റിക്സ് & ട്രീ ബ്രീഡിംഗ് (IFGTB) -യെ ചുമതലപ്പെടുത്തുകയും അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെരിയാർ ടൈഗർ റിസർവ്, ഇരവികുളം നാഷണൽ പാർക്ക്, ഷോള നാഷണൽ പാർക്ക് മൂന്നാർ, ചിന്നാർ വന്യജീവി സങ്കേതം എന്നീ നാല് ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സന്ദർശക വാഹകശേഷി പഠിക്കുന്നതിനായി കൽക്കട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s Stesallt System Ltd.-നെ ചുമതലപ്പെടുത്തുകയും ആയതിന്റെ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് മറ്റുള്ള 20 കേന്ദ്രങ്ങൾ കൂടി പഠനവിധേയമാക്കുന്നുണ്ട്.

(ബി) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർ പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. സന്ദർശകർ കൊണ്ടുവരുന്ന പ്ലാസ്റ്റിക് സാധനങ്ങൾ സന്ദർശക സഹായകേന്ദ്രങ്ങളിലോ ചെക്കിംഗ് കൗണ്ടറുകളിലോ

വാങ്ങി വെച്ചശേഷം തുണിസഞ്ചികൾ പോലെയുള്ള പരിസ്ഥിതി സൗഹൃദമായവ സന്ദർശകർക്ക് നൽകിയാണ് ഇക്കോ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് സന്ദർശകരെ പ്രവേശിപ്പിക്കുന്നത്. കൂടാതെ സന്ദർശകരെ ബോധവൽക്കരിക്കുന്നതിനായി ബോർഡുകളും മറ്റും സ്ഥാപിച്ചിട്ടുണ്ട്.

## മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ ടൂറിസം പദ്ധതികൾ

114 (2644) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന ഇടമലയാർ, കുട്ടമ്പുഴ, തുണ്ടം റെയ്ഞ്ചുകളിലെ പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) കുട്ടമ്പുഴ റെയ്ഞ്ചിൽപ്പെട്ട പൂയംകുട്ടി, പിണ്ടിമേട്, കുമ്പൻപാറ, ആനകുളം തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുത്തി കാൽനടയായുള്ള (ട്രെക്കിങ്ങ്) വന സന്ദർശന പരിപാടി ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വിദേശ-സ്വദേശ ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിക്കുവാൻ കഴിയുന്ന പ്രസ്തുത പ്രദേശങ്ങളിൽ കാൽനടയായുള്ള വന സന്ദർശനം നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടമ്പുഴ റെയ്ഞ്ചിൽ ഉൾപ്പെട്ട വനപ്രദേശങ്ങളിൽ ഇക്കോടൂറിസം നടപ്പാക്കുന്നതിനുള്ള പ്രാഥമിക പരിശോധന പൂർത്തിയായിട്ടുണ്ട്.

(ബി) ഇപ്പോൾ ആലോചനയിലില്ല.

(സി) വിദേശ-സ്വദേശ ടൂറിസ്റ്റുകളെ വലിയ തോതിൽ ആകർഷിക്കുക എന്നത് ഇക്കോടൂറിസത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നില്ല. പരിസ്ഥിതി സംരക്ഷണാവബോധം സൃഷ്ടിക്കുന്നതിനും വനാശ്രിത സമൂഹത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടാനുപകരിക്കുന്നതും പ്രദേശത്തിന്റെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതുമായ നിയന്ത്രിത ഉത്തരവാദിത്ത ടൂറിസമാണ് ഇക്കോടൂറിസം ലക്ഷ്യമിടുന്നത്. മനുഷ്യ-വന്യജീവി സംഘർഷ സാധ്യത ഏറിയ പ്രദേശങ്ങളായതിനാൽ ഈ മേഖലയിലെ കാൽനട സന്ദർശനം അഭികാമ്യമല്ല.

## കുറിഞ്ഞിമല സങ്കേതം

115 (2645) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറിഞ്ഞിമല സങ്കേതം ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കയ്യേറ്റം പരിശോധിക്കുവാൻ ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കുറിഞ്ഞിമലയിൽ 3200 ഹെക്ടർ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുവാനുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) ഈ പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 12-12-2007-ലെ സ.ഉ. (കൈ)74/2007/വനം നമ്പർ ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കി അവകാശവാദങ്ങളിൽ തീർപ്പ് കൽപ്പിച്ചാൽ മാത്രമേ ഭൂമി കയ്യേറിയിട്ടുണ്ടോ എന്ന് കണ്ടെത്തുവാനും കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളൂ. എന്നാൽ, കുറിഞ്ഞിമല വന്യജീവി സങ്കേതത്തിന്റെ പരിപാലനത്തിനായി നിലവിലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.

## വനം-വന്യജീവി, മൃഗസംരക്ഷണം-ക്ഷീരവികസനം എന്നീ വകുപ്പുകളിലെ നിയമനങ്ങൾ

116 (2646) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ വിവിധ ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും നിലവിൽ ജോലിനോക്കുന്ന ദിവസവേതനക്കാരുടെയും കോൺട്രാക്ട് ജീവനക്കാരുടെയും വിവരം ലഭ്യമാക്കുമോ; 2016 മുതൽ നിയമിതരായവരുടെ വിവരം ലഭ്യമാക്കുമോ;

(ബി) കോൺട്രാക്ട് നിയമനങ്ങളിലും ദിവസവേതന നിയമനങ്ങളിലും സംവരണം പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ നിയമനങ്ങൾ മത്സര പരീക്ഷകളുടെ അടിസ്ഥാനത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംവരണം പാലിക്കാത്ത തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പിഴവ് നികത്തി സംവരണം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ കാവും കുളവും സംരക്ഷിക്കൽ പദ്ധതി**

117 (2647) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലുള്ള കാവുകൾ സംരക്ഷിക്കുന്നതിനായി 2016-17 മുതൽ നാളിതുവരെ കാവും കുളവും സംരക്ഷിക്കൽ പദ്ധതി പ്രകാരം വനം വകുപ്പ്എത്ര കാവുകൾക്കും കുളങ്ങൾക്കും ധനസഹായം നല്കിയെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 24-12-2016 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 485/16 വനം എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം വർഷംതോറും ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെടുന്ന നിശ്ചിത എണ്ണം കാവുകളെ സംരക്ഷിക്കുന്നതിനായി ധനസഹായം നൽകിവരുന്നു. 2016-17 മുതൽ നാളിതുവരെ മാവേലിക്കര നിയമസഭാമണ്ഡലത്തിലുള്ള 7 കാവുകൾക്ക് സംരക്ഷണ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകിയിട്ടുണ്ട്. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കുളത്തൂർ കുടുംബയോഗം കാവ്, തെക്കേക്കര, പോനകം, മാവേലിക്കര
2. ചുനാട് കാവ്, പൊന്നേഴ, തെക്കേക്കര, മാവേലിക്കര

3. ചേന്ദം വെട്ടത്ത് കുടുംബക്കാവ്, അക്കനാട്ടുകര, കല്ലുമല, മാവേലിക്കര.

4. മാലിമേൽ ഭഗവതി ക്ഷേത്രക്കാവ്, കുറത്തിക്കാട്, മാവേലിക്കര

5. ഇടശ്ശേരിൽക്കാവ്, കൊറ്റർക്കാവ്, മാവേലിക്കര.

6. പാവൂരത്ത് കാവ് (ചെമ്പകശ്ശേരിൽക്കാവ്), കൊയ്പ്പള്ളികാരായ്മ, ഓലക്കെട്ടിയമ്പലം, മാവേലിക്കര.

7. തഴക്കര ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രക്കാവ്, തഴക്കര പി.ഒ., മാവേലിക്കര.

(ബി) എല്ലാ ജില്ലകളിലും കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനം നൽകുന്നതിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ജില്ലാ തലത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർ പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകുകയും ചെയ്യുന്നു. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ സ്ഥലപരിശോധനനടത്തി ഏറ്റവും അനുയോജ്യമായ, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാന വിദഗ്ദ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്ന് സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10% തുക ആദ്യഗഡുവായി നൽകുകയും ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കി തുക തുടർന്ന് നൽകുകയും ചെയ്തുവരുന്നു.

**മഴുവന്നൂർ പഞ്ചായത്തിലെ റോഡ് നവീകരണത്തിന് എൻ.ഒ.സി.**

118 (2648) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ പഞ്ചായത്തിലെ വിട്ടൂർ ഡിപ്പോയുടെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ മുവാറ്റുപുഴ-കാക്കനാട് റോഡിൽ നിന്ന് ആരംഭിക്കുന്ന വനം വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ്, ഡിപ്പോക്ക് സമീപമുള്ള കോളനി നിവാസികൾക്ക് ഉപയോഗത്തിനായി ടാർ ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിരുന്ന എൻ.ഒ.സി. നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ വിട്ടൂർ ഡിപ്പോയുടെ വടക്ക് പടിഞ്ഞാറ് അതിർത്തിയിൽ മൂവാറ്റുപുഴ-കാക്കനാട് റോഡിൽനിന്ന് ആരംഭിക്കുന്ന വനം വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡ്, ഡിപ്പോയ്ക്ക് സമീപമുള്ള കോളനി നിവാസികൾക്ക് ഉപയോഗത്തിനായി ടാർ ചെയ്യുന്നതിന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിട്ടില്ലാത്തതും എൻ.ഒ.സി. ആയതിന് നൽകിയിട്ടില്ലാത്തതുമാണ്.

(ബി) എന്നാൽ മൂവാറ്റുപുഴ കാക്കനാട് റോഡിൽനിന്ന് വാടയിക്കര കോളനിയിലേയ്ക്ക് വനം വകുപ്പ് അധീനതയിലുള്ള വിട്ടൂർ ഡിപ്പോയുടെ സൈഡിൽ ക്കൂടി 6 മീറ്റർ വീതിയിൽ പുതിയ റോഡ് നിർമ്മാണത്തിനായി 0.372 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് വന (സംരക്ഷണ) നിയമ പ്രകാരം FP/KL/ ROAD/ 26569/2017 ആയി മഴുവന്നൂർ ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ഡിപ്പോയിൽ സൂക്ഷിച്ചിട്ടുള്ള വന വിഭവങ്ങളുടെ സംരക്ഷണവും സുരക്ഷിതത്വവും കണക്കിലെടുത്ത് ഇത്തരത്തിൽ ഡിപ്പോയ്ക്ക് സൈഡിലൂടെ റോഡ് അനുവദിക്കാവുന്നതല്ലെന്ന് 5-2-2019 തീയതിയിലെ എഫ്.സി.2-35989/2017 നമ്പരായ കത്ത് പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിട്ടുണ്ട്. ഡിപ്പോയുടെ സൈഡിൽ നിലവിലുള്ള റോഡിൽ ഡിപ്പോയുടെ സംരക്ഷണാർത്ഥം രാത്രി 9 മണി മുതൽ രാവിലെ 7 മണി വരെ ഗതാഗതം നിയന്ത്രിക്കുന്നുണ്ട്. ഡിപ്പോയുടെ സംരക്ഷണം കണക്കിലെടുത്ത് ഈ നിയന്ത്രണം നീക്കുവാൻ സാധിക്കുകയില്ല. മലയാറ്റൂർ വനം ഡിവിഷനിലെ കോടനാട് റേഞ്ച് പരിധിയിൽ മഴുവന്നൂർ റിസർവ് വനത്തിലാണ് ടി റോഡ് സ്ഥിതി ചെയ്യുന്നത്. കോളനി നിവാസികൾ ഉപയോഗിച്ചുവരുന്നതും കോളനി ഭാഗത്തുനിന്നും തുടങ്ങി പ്രധാന റോഡിലേയ്ക്ക് എത്തിച്ചേരുന്നതുമായ മറ്റു രണ്ട് റോഡുകൾ നിലവിലുണ്ട്.

## പെരുമ്പെട്ടിയിലെ കൈവശ കർഷകർക്ക് പട്ടയം

119 (2649) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പെട്ടിയിലെ കൈവശ കർഷകർക്ക് പട്ടയം നൽകുന്ന നടപടി ഏത് വരെയായി എന്നും എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകാനാണ് ഉദ്ദേശിക്കുന്നത് എന്നും അറിയിക്കുമോ;

(ബി) 2019 ജനുവരി 10-ന് വനം, റവന്യൂ മന്ത്രിമാരുടെ സംയുക്ത അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം പെരുമ്പെട്ടിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന സംയുക്തസർവ്വേ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്താണെന്നും ഇതുവരെ നടത്തിയ സർവ്വേയുടെ ഫലങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) സർവ്വേ നടപടികൾ പൂർത്തീകരിച്ചു എങ്കിൽ പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്നത് എന്താണെന്നും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും പ്രശ്നങ്ങൾ പൂർത്തീകരിച്ച് എന്നത്തേയ്ക്ക് പട്ടയം നൽകാനാകുമെന്നും വിശദീകരിക്കാമോ;

(ഡി) 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം കൈവശ ഭൂമി വനത്തിനുള്ളിലാണോ പുറത്താണോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പെരുമ്പെട്ടിയിൽ 1-1-1977-ന മുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്നതായി ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ പേര് ഉൾപ്പെട്ടിട്ടുള്ള 414 കൈവശ കർഷക കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ടി 414 കർഷകരുടെ കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിന് കേന്ദ്രാനുമതി ലഭിക്കുന്നതിനുള്ള ഓൺലൈൻ പ്രൊപ്പോസൽ പത്തനംതിട്ട ജില്ലാ കളക്ടർ 2012-ൽ സമർപ്പിച്ചിരുന്നതും ടി ഓൺലൈൻ അപേക്ഷയിൽ തുടർ വിവരങ്ങൾ 7-6-2019-ൽ കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്.

(ബി) വനം-റവന്യൂ മന്ത്രിമാരുടെ സംയുക്ത അദ്ധ്യക്ഷതയിൽ 2019 ജനുവരി 10-ന് ചേർന്ന യോഗതീരുമാനപ്രകാരം ആരംഭിച്ച സംയുക്ത സർവ്വേ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. 30-5-1958-ലെ (എഫ്.എ.2)1989/57/ എ.ഡി. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരമുള്ള സർവ്വേ സ്കെച്ച്, അതിർത്തി വിവരണം എന്നിവ അടിസ്ഥാനമാക്കിയാണ് ടി സർവ്വേ നടത്തേണ്ടത്. ടി നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഒറിജിനൽ സർവ്വേ സ്കെച്ചോ, പകർപ്പോ ലഭിക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടറേറ്റ്, കോന്നി ഫോറസ്റ്റ് ഡിവിഷൻ, റീജിയണൽ ആർക്കൈവ്സ് (എറണാകുളം), സർവ്വേ റേഞ്ച് (കോട്ടയം), എ.ഡി. മാപ്പിംഗ്സ് (കോട്ടയം), താലൂക്ക് ഓഫീസ് (മല്ലപ്പള്ളി), എ.ഡി. സർവ്വേ (പത്തനംതിട്ട), സൂപ്രണ്ട് ആർക്കൈവ്സ് (സി.എസ്.ഒ.) തിരുവനന്തപുരം എന്നീ ഓഫീസുകളുമായി റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബന്ധപ്പെട്ടിരുന്നുവെങ്കിലും ടി ഓഫീസുകളിൽനിന്നും സർവ്വേ സ്കെച്ചിന്റെ പകർപ്പ് ലഭ്യമായിട്ടില്ലാത്തതാണ്. ഈ സ്കെച്ച് ലഭ്യമായാലേ 1958-ലെ നോട്ടിഫിക്കേഷനെ ആധാരമാക്കിയുള്ള സർവ്വേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. വലിയകാവ് റിസർവ്വിനെ വനമായിത്തന്നെ സംരക്ഷിച്ചുവരുന്ന നിലവിലെ അതിർത്തിയുടെ പ്രാഥമിക പരിശോധനയാണ് ഇപ്പോൾ പുരോഗമിച്ചുവരുന്നത്.

(സി) സർവ്വേ നടപടികൾ ഉത്തരം (ബി) യിൽ പറഞ്ഞ കാരണങ്ങളാൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. 1-1-1977-നുമുമ്പുള്ള കൈവശക്കാർക്ക് കേന്ദ്രാനുമതിക്ക് വിധേയമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ഡി) ഉത്തരം (ബി)-യിൽ പറഞ്ഞുപ്രകാരം 30-5-1958-ലെ നോട്ടിഫിക്കേഷന് അടിസ്ഥാനമായ ഒറിജിനൽ സർവ്വേ സ്കെച്ചോ, പകർപ്പോ ലഭ്യമായി ആയത് പ്രകാരം സർവ്വേ നടത്തി പൂർത്തീകരിച്ചാൽ മാത്രമേ കൈവശഭൂമി 1958-ലെ നോട്ടിഫിക്കേഷൻ പ്രകാരം വനത്തിനുള്ളിലാണോ, പുറത്താണോ എന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ എന്ന് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. ഈ സംഗതിയിൽ താഴെ പറയുന്ന വസ്തുതകൾ കൂടി പ്രസ്താവ്യമാണ്. ടി പ്രദേശത്ത് 1989-91 കാലയളവിൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതും 414 പേർ 1-1-1977-ന് മുമ്പുള്ള കൈവശക്കാരും 59 പേർ 1-1-1977-ന് ശേഷമുള്ള കൈവശക്കാരുമാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. സംയുക്ത പരിശോധന വനം-റവന്യൂ വകുപ്പുകൾ നടത്തുന്നതുതന്നെ, ടി സ്ഥലം നിയമപരമായി റിസർവ് വനഭൂമിയാണെന്ന് അംഗീകരിച്ചുകൊണ്ടാണ്. ടി സംയുക്ത പരിശോധനയിൽ 59 പേർ 1-1-1977-ന് ശേഷമുള്ള കൈവശക്കാരാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ഇവർ യാതൊരു കാണവശാലും റിസർവ് നോട്ടിഫിക്കേഷന്റെ വർഷമായ 1958-ൽ അവിടെ ഉണ്ടായിരുന്നവരല്ല എന്ന് വ്യക്തമാണ്. മാത്രമല്ല, ടി സംയുക്ത പരിശോധനയുടെ വെളിച്ചത്തിൽ 414 പേർ (104.13 ഹെക്ടർ) 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റക്കാരാണെന്ന് കണ്ടെത്തി കേന്ദ്രസർക്കാരിന്റെ അനുമതിക്കായി 2012 വർഷത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ടി ഓൺലൈൻ അപേക്ഷയിൽ തുടർ വിവരങ്ങൾ 7-6-2019-ൽ ജില്ലാ കളക്ടർ അപ്‌ലോഡ് ചെയ്തിട്ടുള്ളതായി മനസ്സിലാക്കുന്നു. കൂടാതെ ടി മേഖലയിലെ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം സർവ്വേ നമ്പർ 2831-A വിസ്തീർണ്ണം 1592.50 ഏക്കർ 'റിസർവ് ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി പ്രദേശത്തെ കൈവശക്കാർ ഒ.പി.നമ്പർ. 19221/1999-V, 2080/2001-V എന്നിവ അവരുടെ മല്ലപ്പള്ളി താലൂക്കിലെ പെരുമ്പെട്ടി വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 283-1A-യിലെ കൈവശഭൂമിയ്ക്ക് പട്ടയം ലഭിക്കുവാൻ അർഹതയുണ്ടെന്ന് അവകാശപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ബഹു. ഹൈക്കോടതിയുടെ 12-3-2001-ലെ മേൽ ഒ.പി.കളിലെ സംയുക്ത വിധി പ്രകാരം 1-1-1977-നുമ്പ് വനഭൂമി കൈവശം ഉണ്ടായിരുന്ന 414 പേർക്ക് പട്ടയം നൽകുന്നത് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനുശേഷം മാത്രം പരിഗണിക്കേണ്ടതാണെന്ന്

ഉത്തരവായിട്ടുള്ളതാണ്. ടി വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ടി വിധിന്യായത്തിനെതിരെ ഹർജിക്കാർ നാളിതുവരെ യാതൊരുവിധ അപ്പീലുകളും ഫയൽ ചെയ്തിട്ടില്ലാത്തതും ആയതിനാൽതന്നെ ടി വിധിന്യായം അന്തിമമായിട്ടുള്ളതുമാണ്.

## തുമ്പൂർമൂഴിയിൽ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ

120 (2650) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുമ്പൂർമുഴിയിലെ ശലഭോദ്യാനത്തോട് ചേർന്നുള്ള വനം വകുപ്പ് വക ഔഷധസസ്യ ഉദ്യാനത്തിൽ പാലോട് മാതൃകയിലോ ബംഗളൂരു ലാൽബാഗ് മാതൃകയിലോ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇതുമായി ബന്ധപ്പെട്ടുള്ള സാദ്ധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

## അക്കേഷ്യ മരങ്ങൾ മുറിക്കുവാൻ പദ്ധതി

121 (2651) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നട്ടുപിടിപ്പിക്കപ്പെട്ട അക്കേഷ്യ മരങ്ങൾ വിവിധയിടങ്ങളിൽ അലർജി ഉണ്ടാക്കുന്നതായും കുടിവെള്ളം ഊറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചുമാറ്റാനായി വനം വകുപ്പ് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാതയോരത്തും മറ്റ് സർക്കാർ ഭൂമിയിലുമുള്ള വളർച്ചയെത്തിയ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) റോഡ് അരികത്തും പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് വച്ചുപിടിപ്പിച്ചതും റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിലുള്ള പദ്ധതിയാണ് വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുള്ളത്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ആനത്താരകളുടെ നിർമ്മാണം**

122 (2652) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയെ കൂട്ടിയിണക്കി സ്വതന്ത്രമായ ആന സഞ്ചാരം സാധ്യമാക്കുന്നതിനായി ആനത്താരകളുടെ നിർമ്മാണം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായി എത്ര ഹെക്ടർ ഭൂമി കണ്ടെത്തേണ്ടി വരുമെന്നും എത്ര കുടുംബങ്ങളെ മാറ്റിപാർപ്പിക്കേണ്ടിവരുമെന്നും പദ്ധതിയുടെ പ്രതീക്ഷിത ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊട്ടിയൂർ-പേരിയ, ബേശൂർ-ബ്ര്യഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം, തിരുനെല്ലി-കുദ്രക്കോട്, നിലമ്പൂർ കോവിലകം-ന്യൂഅമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നിവയാണ് 7 ആനത്താരകൾ. ഇതിൽ തിരുനെല്ലി-കുദ്രക്കോട് ആനത്താരയ്ക്ക് വേണ്ടിയുള്ള 18 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും റിസർവ് വനമായി വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ-പേരിയ, ബേശൂർ-ബ്രഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ നാല് ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല.

(സി) കൊട്ടിയൂർ-പേരിയ, ബേഗൂർ-ബ്ര്യഹ്മഗിരി, നിലമ്പൂർ-അപ്പൻകാപ്പ്, പേരിയ-പക്രന്തളം എന്നീ നാല് ആനത്താരകളിൽ ആനകളുടെ സ്വതന്ത്രമായ സഞ്ചാരപഥത്തിനായി 350.8937 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരും. നിലമ്പൂർ കോവിലകം-ന്യൂ അമരമ്പലം, മുതുമലൈ-നിലമ്പൂർ വഴി ഒ വാലി എന്നീ ആനത്താരകൾക്ക് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടില്ല. എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരും എന്നത് സംബന്ധിച്ച കണക്കെടുപ്പ് നടത്തിയിട്ടില്ല. പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത ചെലവ് ഏകദേശം 10631.32 ലക്ഷം രൂപയാണ്.

(ഡി) പദ്ധതി നടപ്പാക്കുന്നതിലൂടെ ആനകളുടെയും മറ്റ് വന്യജീവികളുടെയും സ്വതന്ത്ര സഞ്ചാരം ഉറപ്പ് വരുത്തുന്നതിനും ജനവാസ മേഖലകളിൽ വന്യജീവി ആക്രമണം കുറയ്ക്കുന്നതിനും സാധിക്കും.

## വനം വന്യജീവി സംരക്ഷണനിയമവും കർഷകരും

123 (2653) ശ്രീ. ഒ. രാജഗോപാൽ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികൾ/കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ കാലഘട്ടത്തിൽ കോഴിക്കോട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വനം, വന്യജീവി സംരക്ഷണ നിയമത്തിന്റെ പേരിൽ കർഷകർക്കെതിരെ എത്ര കേസുകളെടുത്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കർഷകന്റെ സ്വന്തം കൃഷിയിടത്തിൽനിന്നും തേക്ക്, ഈട്ടി മുതലായ മരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും എന്തൊക്കെ നടപടിക്രമങ്ങളാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിയേയും കർഷകരേയും സംരക്ഷിക്കുന്നതിനായി വനം വകുപ്പ് സ്വീകരിച്ചുവരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ കോഴിക്കോട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വനം വന്യജീവി സംരക്ഷണ നിയമത്തിന്റെ പേരിൽ കർഷകർക്കെതിരെ കേസ്സുകളൊന്നും എടുത്തിട്ടില്ല.

(സി) 2005-ലെ സ്വകാര്യ ഭൂമിയിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം സ്വകാര്യഭൂമിയിലെ തേക്ക്, ഈട്ടി മുതലായ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകിവരുന്നുണ്ട്.

നോട്ടിഫൈഡ് വില്ലേജിൽ നിൽക്കുന്ന തേക്ക്, ഈട്ടി എന്നീ മരങ്ങൾ മുറിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറിൽനിന്നും മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

അനുവാദത്തോടെ മുറിച്ച മരങ്ങൾ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നൽകുന്ന Form-III പാസ് പ്രകാരം കൊണ്ടുപോകാവുന്നതാണ്. നോട്ടിഫൈഡ് വില്ലേജിൽപ്പെടാത്ത സ്ഥലത്തുനിന്നും തേക്ക്, ഈട്ടി എന്നീ മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുംമുൻപ് ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മുമ്പാകെ ഭൂമിയുടെ ഉടമസ്ഥൻ ഒരു സാക്ഷ്യപത്രം നൽകേണ്ടതും റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറിൽ നിന്നും acknowledgement ലഭിക്കുന്നപക്ഷം 15 ദിവസത്തിനകം തടികൾ നീക്കം ചെയ്യാവുന്നതുമാണ്.

**മനുഷ്യ-മൃഗ സംഘർഷം**

124 (2654) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയും തോറും മനുഷ്യ-മൃഗ സംഘർഷം വർദ്ധിച്ചു വരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മനുഷ്യ-മൃഗ സംഘർഷത്തിന് ഇരയായി മരണപ്പെടുന്നവരുടെ കുടുംബത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക എപ്രകാരമാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി മനുഷ്യ-മൃഗ സംഘർഷത്തിൽ എത്ര പേർക്ക് പരിക്കേറ്റെന്നും അവർക്ക് നഷ്ടപരിഹാരമായി എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ;

(ഡി) വന്യജീവി ആക്രമണങ്ങളിൽ നിന്നും ജനങ്ങളെയും കൃഷിമേഖലയെയും സംരക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; ഓരോ വനമേഖലയും തിരിച്ചു വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ17/18/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം മനുഷ്യ-മൃഗ സംഘർഷത്തിൽ 1985 പേർക്ക് പരിക്കേറ്റിട്ടുണ്ട്. അവർക്ക് നഷ്ടപരിഹാരമായി 5,65,06,808 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരളത്തിൽ വന്യജീവി ആക്രമണ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പ്രശ്നത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് സമഗ്രവും ശാസ്ത്രീയവുമായ പഠനം നടത്തുവാൻ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ഓരോ വനമേഖലയിലും അവലംബിക്കുന്ന പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള വിവര ശേഖരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ.

**വന്യജീവി ആക്രമണം**

125 (2655) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതും ജനങ്ങളുടെ ജീവന് ഭീഷണി യാകുന്നതും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് ഫലപ്രദമാണോയെന്ന് അറിയിക്കുമോ;

(സി) വനാതിർത്തികളിൽ സൗരോർജ്ജ വൈദ്യുതവേലി കെട്ടുന്ന പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വന്യജീവി ആക്രമണങ്ങൾ ഉണ്ടാകുന്ന മേഖലയിൽ രൂപീകരിച്ച ജനജാഗ്രതാസമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അത് വിജയ പ്രദമാണോയെന്ന് വിശദമാക്കുമോ;

(ഇ) വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനം, വനമേഖലകളിലേയ്ക്ക് അധിനിവേശ സസ്യങ്ങളുടെ വ്യാപനം എന്നിവ കാരണം വന്യജീവികളുടെ സ്വൈരവിഹാരത്തിന് ഉണ്ടാകുന്ന തടസ്സം, വനാതിർത്തികളിൽ വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ, വിവിധ ആവാസ വ്യവസ്ഥകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടനാഴികളുടെ അഭാവം, വന്യജീവി ഇടനാഴികളുടെ തുടർച്ചയില്ലായ്മ തുടങ്ങിയവയാണ് വന്യജീവി ആക്രമണം വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ. പ്രതിവർഷം ശരാശരി 20-ൽ അധികം മനുഷ്യർക്ക് വന്യജീവി സംഘർഷത്തിന്റെ ഭാഗമായി മരണം സംഭവിക്കുന്നുണ്ട്. കൂടാതെ, നിരവധി പേർക്ക് പരിക്കേൽക്കുകയും വലിയ തോതിലുള്ള കൃഷിനാശവും സംഭവിക്കുന്നുണ്ട്.

വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സൗരോർജ്ജ വൈദ്യുത വേലി കെട്ടുന്ന പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) വിലയിരുത്തിയിട്ടുണ്ട്. ജനജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിന്റെ ഫലമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന മൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയയ്ക്കുന്നതിനും അതോടൊപ്പം ജനങ്ങൾക്ക് സമയോചിതമായി മുന്നറിയിപ്പ് നൽകുന്നതിനും സൗരോർജ്ജ കമ്പിവേലികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി കാര്യക്ഷ മമാക്കുന്നതിനും സാധ്യമായിട്ടുണ്ട്. അതിനാൽ ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം വിജയപ്രദമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നഷ്ടപരിഹാര തുക അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകിവരുന്നു. കാലതാമസം ഒഴിവാക്കാൻ ഇ-ഡിസ്ട്രിക്ട് മുഖാന്തിരം ഓൺലൈൻ ആയിട്ടാണ് ഇത്തരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നത്.

## ഒല്ലൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

126 (2656) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ അപകടം സംഭവിച്ചവർ എത്രയാണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 52 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(ബി) പരിക്കുപറ്റിയ 52 പേരിൽ 49 പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കി മൂന്ന് അപേക്ഷകളിൽ അന്വേഷണം പൂർത്തിയാക്കി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വന്യജീവി ആക്രമണത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്കുള്ള ആനുകൂല്യങ്ങൾ

127 (2657) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണംമൂലം പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടുന്നവരുടെ ആശ്രിതർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ഇത്തരം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ വർദ്ധനവിനു മുൻപുള്ള നിരക്കും ഇപ്പോഴത്തെ നിരക്കും താരതമ്യപ്പെടുത്തി പട്ടികരൂപത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിൽ വന്യജീവി ആക്രമണംമൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ചികിത്സാർത്ഥം ചെലവായ മുഴുവൻ തുകയും നൽകിവരുന്നുണ്ട്.

(ബി) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/18/വനം പ്രകാരം നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വർദ്ധനവിനു മുമ്പുള്ള നിരക്കും ഇപ്പോഴത്തെ നിരക്കും അനുബന്ധമായി ചേർക്കുന്നു.*

## പാറശ്ശാല നിയോജകമണ്ഡലത്തിലെ വനാതിർത്തിയിൽ സോളാർ ഫെൻസിംഗ്

128 (2658) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട, അമ്പൂരി, ഒറ്റശേഖരമംഗലം, കള്ളിക്കാട് എന്നീ മലയോര ഗ്രാമപഞ്ചായത്തുകളിൽ കുരങ്ങ്, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങൾ കൂട്ടത്തോടെയെത്തി വ്യാപകമായി കൃഷി നശിപ്പിക്കുന്നതിനാൽ ഈ മേഖലകളിൽ വനാതിർത്തിയോട് ചേർന്ന് സോളാർ ഫെൻസിങ്ങ് നടത്തി കാർഷികവിളകൾ സംരക്ഷിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട, അമ്പൂരി, ഒറ്റശേഖരമംഗലം, കള്ളിക്കാട് എന്നീ മലയോര ഗ്രാമപഞ്ചായത്തുകളിലെ വന്യജീവി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ സൗരോർജ്ജ കമ്പിവേലി, കയ്യാല, കിടങ്ങുകൾ എന്നിവ നിർമ്മിച്ച് കാർഷിക വിളകൾക്ക് സംരക്ഷണം നൽകിവരുന്നുണ്ട്. കുരങ്ങ് ശല്യം രൂക്ഷമായ പ്രദേശങ്ങളിൽ കൂടുകൾ സ്ഥാപിക്കുകയും പിടികൂടുന്ന കുരങ്ങുകളെ ഉൾവനത്തിലേയ്ക്ക് തുറന്നുവിടുകയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

129 (2659) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മലയോരമേഖലകളായ പാലക്കുഴി, കണ്ണച്ചിപ്പരുത, പനങ്കുറ്റി (കിഴക്കഞ്ചേരി പഞ്ചായത്ത്) പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കുഴി, കണ്ണച്ചിപ്പരുത, പനങ്കുറ്റി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാശനഷ്ടം സംഭവിച്ച എത്രപേർക്ക് ധനസഹായം അനുവദിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കിഴക്കഞ്ചേരി പഞ്ചായത്തിലെ പാലക്കുഴി, പോത്തുചാടി ഔട്ട്പോസ്റ്റ് മുതൽ ഒളകര സ്റ്റേഷൻ വരെയുള്ള പ്രദേശത്ത് 5 കി.മീ. ദൂരത്തിൽ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജനജാഗ്രതാ സമിതികൾ യോഗം ചേർന്ന് മേൽ സോളാർ ഫെൻസിംഗ് ജനകീയ പങ്കാളിത്തതോടെ പരിപാലിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് കിഴക്കഞ്ചേരി ഭാഗങ്ങളിൽ വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കുഴി, കണ്ണച്ചിപ്പരുത, പനങ്കുറ്റി പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണത്തിൽ നാശനഷ്ടം സംഭവിച്ച് ലഭ്യമായ 8 അപേക്ഷകളിന്മേൽ 5 അപേക്ഷകൾക്ക് നഷ്ടപരിഹാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

## മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകളിൽ വന്യമൃഗശല്യം

130 (2660) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ, അയ്യമ്പുഴ എന്നീ പഞ്ചായത്തുകളിൽ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകളിലെ വനമേഖലയിൽ നടത്തിയ വിവിധ പ്രവൃത്തികളുടെ ലിസ്റ്റും ചെലവഴിച്ച തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പ്രവൃത്തിയുടെ വിവരങ്ങൾ | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 1. വന്യമൃഗശല്യം ചെറുക്കുന്നതിനായി സൗരോർജ്ജവേലി നിർമ്മാണം. | 1544372.00 |
| 2. കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ. | 1945770.00 |
| 3. പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കലും അവയുടെ പരിപാലനവും. | 13448657.00 |
| 4. വനം കയ്യേറ്റം തടയുന്നതിന്റെ ഭാഗമായി ജണ്ടകളുടെ നിർമ്മാണം. | 176877.00 |
| 5. കാലാവധിയെത്തിയ തോട്ടങ്ങളുടെ അടച്ചു മുറി/ഇടമുറി പ്രവൃത്തികൾ. | 17348338.00 |
| 6. വനപാതയുടെ അറ്റകുറ്റപ്പണികൾ. | 22932.00 |
| 7. വിവിധ ഓഫീസ് കെട്ടിടങ്ങളുടെയും സ്റ്റാഫ് ക്വാർട്ടേഴ്സുകളുടെയും പുതുക്കിപ്പണിയലും അറ്റകുറ്റപ്പണികളും. | 3700561.00 |
| ആകെ | 3,81,87,507.00 |
| (മൂന്നു കോടി എൺപത്തിയൊന്ന് ലക്ഷത്തി അൺപത്തിയേഴായിരത്തി അഞ്ഞൂറ്റിയേഴ് രൂപ) | |

**ചാലക്കുടിയിൽ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ**

131 (2661) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയുന്നതിന് ചാലക്കുടി നിയോജക മണ്ഡലത്തിലെ കാടെശ്ശേരി, പരിയാരം, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകളിൽ ഫെൻസിംഗ്, ട്രഞ്ച് എന്നിവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നേരത്തെ സ്ഥാപിച്ചിരുന്നതും നിലവിൽ പ്രവർത്തനരഹിതവുമായ ഇത്തരം സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനും സമയബന്ധിതമായി നിശ്ചിത ഇടവേളകളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങളിൽ വനസംരക്ഷണ സമിതിയുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) വന്യജീവി ആക്രമണം തടയുന്നതിന് ചാലക്കുടി നിയോജക മണ്ഡലത്തിലെ കാടെശ്ശേരി പഞ്ചായത്തിൽ 18.5 കി.മീ. നീളത്തിൽ സോളാർ പവർ ഫെൻസിംഗും അതിരപ്പിള്ളി പഞ്ചായത്തിൽ 30.05 കി.മീ. നീളത്തിൽ സോളാർ പവർ ഫെൻസിംഗും 2.205 കി.മീ. നീളത്തിൽ ട്രഞ്ചും നിർമ്മിച്ചിട്ടുണ്ട്.

(ബി) സോളാർ ഫെൻസിംഗ്, ട്രഞ്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ നിശ്ചിത ഇടവേളകളിൽ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## കാട്ടാനശല്യം നിയന്ത്രിക്കുവാൻ നടപടി

132 (2662) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വനാതിർത്തി പങ്കിടുന്ന മേഖലകളിലെ ചില പ്രദേശങ്ങളിൽ കാട്ടാനശല്യംമൂലം ജനജീവിതം ദുസ്സഹമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാട്ടാനശല്യം നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനകൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വനം വകുപ്പ് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ് :

- പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

- പ്രശ്നബാധിത മേഖലകളിൽ ആനകളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
- കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരിച്ച് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനം ഉപയോഗിച്ചുവരുന്നു. കൂടാതെ, പ്രശ്നബാധിത മേഖലകളിൽ കുങ്കി ആനകളുടെ പട്രോളിംഗ് സംവിധാനം.
- വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം.
- വനത്തിന് പുറത്തേയ്ക്ക് വരുന്ന ആനകളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.
- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

## വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷിനാശം

133 (2663) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2018-19 കാലയളവിൽ സംസ്ഥാനത്ത് സംഭവിച്ച കൃഷി നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ നഷ്ടപരിഹാരമായി വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി നാശം സംഭവിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2018-19 കാലയളവിൽ സംസ്ഥാനത്ത് ഏകദേശം 2383.81 ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ചില വിളകൾക്ക് എണ്ണം അനുസരിച്ചാണ് നൽകിവരുന്നത്.

(ബി) 436.77 ലക്ഷം രൂപ നഷ്ടപരിഹാരത്തിനായി വിതരണം ചെയ്തിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

## നിപ വൈറസ് വ്യാപനം

134 (2664) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസിന്റെ ഉറവിടം പഴംതീനി വവ്വാലുകളാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത്തരം വവ്വാലുകളിൽ നിന്ന് നിപ വൈറസ് പുറത്തുവരുന്നത്; ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഏതെല്ലാം രീതിയിലുള്ള ബോധവൽക്കരണമാണ് ജനങ്ങൾക്ക് നൽകുവാനുള്ളത്; ഇത്തരം ബോധവൽക്കരണപരിപാടികൾ മൃഗ സംരക്ഷണ വകുപ്പ് നിലവിൽ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്ഥിരീകരിച്ചിട്ടില്ല.

(ബി) നിപ വൈറസ് സാന്നിദ്ധ്യം പഴംതീനി വവ്വാലുകളിൽ ഉണ്ടാകാമെങ്കിലും ഇവ രോഗലക്ഷണങ്ങൾ കാണിക്കുകയില്ല. ഇവ രോഗാണു വാഹകരാകാൻ സാധ്യതയുണ്ട്. കാലാവസ്ഥ വ്യതിയാനം, സ്വാഭാവിക ആവാസവ്യവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ (നഗരവത്കരണത്തിന്റെ ഭാഗമായി മരങ്ങൾ മുറിച്ചുമാറ്റൽ) ഉണ്ടാകുമ്പോഴും പ്രജനനം നടക്കുന്ന സമയത്തുംമറ്റും വൈറസുകൾ പെരുകി ഉമിനീർ, മറ്റുസ്രവങ്ങൾ, കാഷ്ടം എന്നിവയിലൂടെ പുറത്തുവരുന്നു. നിപ സമാനമായ രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ റിപ്പോർട്ട് ചെയ്യാൻ എല്ലാ വെറ്ററിനറി സ്ഥാപനങ്ങളിലും നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യവകുപ്പും രോഗപ്പകർച്ച തടയുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടത്തിവരുന്നുണ്ട്.

(സി) ആരോഗ്യവകുപ്പ് വെബ്സൈറ്റിൽക്കൂടിയും സോഷ്യൽ മീഡിയ വഴിയും പൊതുജനങ്ങൾക്ക് നൽകിവരുന്ന ബോധവത്ക്കരണ സന്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പഴങ്ങൾ വൃത്തിയായി കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക.
2. വവ്വാലുകൾ ഭക്ഷിച്ച പഴവർഗ്ഗങ്ങൾ (മാങ്ങ, പേരയ്ക്ക, ഞാവൽപ്പഴം, റമ്പൂട്ടാൻ തുടങ്ങിയവ) ഉപയോഗിക്കാതിരിക്കുക.
3. വവ്വാലുകൾ സ്പർശിക്കുകയോ, കുടിക്കുകയോ ചെയ്യാൻ സാധ്യതയുള്ള തെങ്ങിൻകള്ള്, പനങ്കള്ള് എന്നിവ യാതൊരു കാരണവശാലും ഉപയോഗിക്കാതിരിക്കുക.
4. വവ്വാലുകളുടെ ആവാസ സ്ഥലങ്ങളിൽ അതിക്രമിച്ച കടക്കാൻ ശ്രമിക്കാതിരിക്കുക.

നിപ രോഗം നാളിതുവരെ കേരളത്തിൽ മൃഗങ്ങളിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ മനുഷ്യരിലേയ്ക്ക് മൃഗങ്ങളിൽനിന്നും പകരുന്ന ജന്തുജന്യരോഗമായതിനാൽ ഇതുസംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ബ്ലോക്ക് തലത്തിൽ ജീവനക്കാർക്കും കർഷകർക്കും അവബോധം നൽകിവരുന്നുണ്ട്. ജന്തുജന്യരോഗങ്ങളെ സംബന്ധിച്ച് എല്ലാ വർഷവും ജൂലൈ ആറിന് ലോക ജന്തുജന്യരോഗദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി വർഷംതോറും വകുപ്പ് ബോധവത്കരണം നടത്തുന്നുണ്ട്. ടെലിവിഷൻ, റേഡിയോ തുടങ്ങിയ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും കാർഷികമാസിക, മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വഴിയും ഇത് സംബന്ധിച്ച് വകുപ്പിലെ ഡോക്ടർമാർ ബോധവത്കരണം നടത്തുന്നുണ്ട്. കൂടാതെ ബോധവത്കരണത്തിനുള്ള അഡ്വൈസ് വെറ്ററിനറി ഡോക്ടർമാർക്കും കർഷകർക്കും നൽകിയിട്ടുണ്ട്. വെറ്ററിനറി ഡോക്ടർമാർക്ക് സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രം മുഖേന ബോധവത്കരണ ക്ലാസ്സുകളും നൽകിയിട്ടുണ്ട്.

**കരസേനയുടെ ഫാമുകളിൽനിന്നും കന്നുകാലികളെ വാങ്ങുന്ന നടപടി**

135 (2665) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരസേനയുടെ കീഴിലുള്ള രാജ്യത്തെ വിവിധ ഫാമുകൾ അടച്ച് പൂട്ടുന്നതിന്റെ ഭാഗമായി കന്നുകാലികളെ കൂട്ടത്തോടെ സേന കൈയ്യൊഴിയുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കന്നുകാലികളെ പൂനയ്ക്ക് സമീപമുള്ള ഫാമിൽനിന്നും വിലയ്ക്ക് വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര പശുക്കളെ വാങ്ങുവാനാണ് ആലോചിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് സേനയിലെ ബന്ധപ്പെട്ടവരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ച വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സൈനിക വിഭാഗത്തിന് കീഴിലുള്ള എല്ലാ മിലിറ്ററി ഫാമുകളും നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിനാൽ വിവിധ സംസ്ഥാനങ്ങൾക്ക് പ്രസ്തുത ഫാമുകളിലെ മൃഗങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണെന്ന് കേന്ദ്ര സർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിൽനിന്നും അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കന്നുകാലികളെ പൂനയ്ക്ക് സമീപമുള്ള ഫാമിൽനിന്നും വിലയ്ക്ക് വാങ്ങുന്നതിന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 100 പശുക്കളെ സെക്കന്തരാബാദ് മിലിറ്ററി ഫാമിൽനിന്നും എത്തിക്കുകയും ചെയ്തിട്ടുണ്ട്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി, തിരുവിഴാംകുന്ന്, കോലാഹലമേട്, തുമ്പൂർമൂഴി എന്നീ നാല് ഫാമുകളിൽ കൊണ്ടുവന്ന് കേരളത്തിലെ കാലാവസ്ഥ, ഭക്ഷണരീതി തുടങ്ങിയവയുമായി പൊരുത്തപ്പെട്ട് പോകുന്നുണ്ടോയെന്നത് സംബന്ധിച്ച പഠനം നടന്നുവരികയാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കും ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്കും കൂടുതൽ പശുക്കളെ വാങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) മിലിറ്ററി ഫാമുകൾ സന്ദർശിച്ച് പശുക്കളുടെ ഉത്പാദനക്ഷമത, ആരോഗ്യസ്ഥിതി തുടങ്ങിയവ നിരീക്ഷിച്ച് പശുക്കളെ കൊണ്ടുവരുന്നതിനുള്ള സാധ്യത പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ടീം രൂപീകരിക്കുകയും ഈ ടീം മിലിറ്ററി ഫാമുകൾ സന്ദർശിച്ച് പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

## വളർത്തുമൃഗങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് പദ്ധതി

136 (2666) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആട്, കോഴി, പശു എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും ഫാമുകൾ ആരംഭിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ആട്ടുവളർത്തൽ

ആടുകളിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യം മൃഗാശുപത്രികൾവഴി സൗജന്യമായി ലഭ്യമാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് നൽകി

വരുന്നു. 5 പെണ്ണാട്ടും ഒരു ആണാട്ടും ഉൾപ്പെടുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷകന് ധനസഹായം നൽകുന്നു. ആകെ 324 ലക്ഷം രൂപ ഇതിനായി 2019-20-ൽ നീക്കിവച്ചിട്ടുണ്ട്. ആകെ 1296 യൂണിറ്റുകൾ നടപ്പിലാക്കും.

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2019-20-ൽ അനിമൽ റിസോഴ്സ് ഡെവലപ്പ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാട്ടും ഒരു ആണാട്ടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. ആകെ 191 യൂണിറ്റിന് 191 ലക്ഷം രൂപ 2019-20-ൽ നീക്കിവച്ചിരിക്കുന്നു.

കോഴിവളർത്തൽ

2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 1305 സ്കൂളുകളിൽ 50 വീതം കുട്ടികൾക്ക് മുട്ടക്കോഴി വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതിനായി വകുപ്പിന് കീഴിലുള്ള കോഴിഫാമുകളിലെ ഉത്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.

പശുവളർത്തൽ

ഗോവർദ്ധിനി

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൽ എൻറോൾ ചെയ്തിട്ടുള്ള കന്നുകുട്ടികൾക്ക് പദ്ധതി കാലയളവിൽ ആവശ്യാനുസരണം വിരമരുന്ന്, പ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യ പരിരക്ഷ മുതലായവ നൽകുന്നു. 2019-20-ൽ ഇതിനായി 4500 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

പ്രത്യേക കന്നുകാലി വികസന പദ്ധതി

പ്രത്യേക കന്നുകാലി വികസന പദ്ധതിയിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾക്ക് പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരുകയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയും ചെയ്യുന്നു. 2019-20-ൽ ഇതിനായി 1500 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി

പദ്ധതിവഴി ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും. കന്നുകാലികളുടെ മരണമോ, വൈകല്യമോ കാരണം ഉൽപ്പാദനത്തിനുള്ള കുറവുമൂലം ഉണ്ടാകുന്ന

അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗോസമൃദ്ധി നടപ്പിലാക്കാൻ 2019-20 വർഷം 500 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 105 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 2019-20-ൽ പദ്ധതിക്കായി 725 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു.

കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി

അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീരകർഷകർക്ക് കറവയന്ത്രങ്ങൾ വാങ്ങുന്നതിന് 25000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2019-20-ൽ 200 കർഷകർക്കായി 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

മൃഗസംരക്ഷണ സംരംഭങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ബാങ്ക് വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. 2019-20-ൽ ഇതിനായി 188.9 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൃഗസംരക്ഷണ മേഖലയിലെ 3778 കർഷകർക്ക് പദ്ധതിയുടെ സഹായം ലഭിക്കും.

സംരംഭകത്വ വികസന പരിശീലന പരിപാടികൾ

മൃഗസംരക്ഷണ മേഖലയിലെ സംരംഭകർക്കായി ജില്ലയിൽ രണ്ട് വീതം ആകെ 28 സംരംഭകത്വ വികസന പരിശീലന പരിപാടികൾ 2019-20-ൽ സംഘടിപ്പിക്കും. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾവഴി വാണിജ്യാടിസ്ഥാനത്തിലുള്ള പശുവളർത്തൽ, കോഴിവളർത്തൽ, ആട് വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലന പരിപാടികളും നടത്തിവരുന്നു.

## പാൽ, മുട്ട, മാംസം ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

137 (2667) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ആർ.ഡി. പദ്ധതി പ്രകാരം പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത നേടുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ മേഖലയിൽ ഇതുവരെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരകർഷകരെയും അവരുടെ ഉരുക്കളെയും ഇൻഷ്വർ ചെയ്യുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തിക മാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്ഷീരമേഖലയിലെ പ്രധാന പ്രശ്നമായ കറവക്കാരുടെ ക്ഷാമം നേരിടുന്നതിനായി കറവ യന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനകം എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) കോഴിയിറച്ചിയുടെ ആഭ്യന്തര ഉല്പാദനവും വിപണനവും വില നിയന്ത്രണവും ഗുണമേന്മയും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതുമൂലം പൊതുമാർക്കറ്റിൽ കോഴിയിറച്ചിയുടെ വില നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എ.ആർ.ഡി. പദ്ധതി പ്രകാരം പാൽ, മുട്ട, മാംസം എന്നിവയിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത നേടുവാൻ കഴിഞ്ഞിട്ടില്ല. പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി 2018-19-ൽ പുതുതായി ആവിഷ്കരിച്ച പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശയിനത്തിൽ സബ്സിഡി, വാണിജ്യാടിസ്ഥാ നത്തിലുള്ള ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, കാള/പോത്തുകുട്ടി വളർത്തൽ പദ്ധതി തുടങ്ങി വിവിധങ്ങളായ പദ്ധതികളാണ് പ്രസ്തുത പദ്ധതിയുടെ കീഴിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം 6.25 കോടി രൂപയും 2019-20 സാമ്പത്തിക വർഷം 8.01 കോടി രൂപയും അനുവദിച്ചു.

കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ ഇനത്തിൽ സബ്സിഡി നൽകുന്ന പദ്ധതിയിൽ 2018-19-ൽ 6291 കർഷകർക്ക് സഹായം നൽകി. 2018-19-ൽ 300 ലക്ഷം രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്. 2019-20-ൽ പദ്ധതിക്കായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തുന്ന പദ്ധതിക്ക് 2018-19 ൽ 150 ലക്ഷം അനുവദിച്ചിരുന്നു. യൂണിറ്റൊന്നിന് ഒരു ലക്ഷം രൂപ വീതം 150 യൂണിറ്റുകൾക്ക് 150 ലക്ഷം രൂപ അനുവദിച്ചു. 2019-20-ൽ 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പോത്തുകുട്ടി വളർത്തൽ പദ്ധതിക്ക് 2018-19-ൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾക്കായി ഒരു യൂണിറ്റിന് 10,000 രൂപ വീതം 1250 യൂണിറ്റുകൾക്ക് 125 ലക്ഷം രൂപ അനുവദിച്ചു. 2019-20-ൽ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

മേൽ പദ്ധതികൾ കൂടാതെ 2019-20-ൽ പ്രളയബാധിത ജില്ലകളിലെ കർഷകർക്ക് കിടാരികളെ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും സഹായം നൽകുന്ന പദ്ധതിയും എ.ആർ.ഡി-യുടെ കീഴിൽ നടപ്പിലാക്കും. പ്രസ്തുത പദ്ധതിപ്രകാരം 1120 കർഷകർക്ക് 25,000 രൂപ വീതം സഹായം ലഭ്യമാകും.

(ബി) സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. ഉരുക്കളെയും ക്ഷീരകർഷകരെയും അവരുടെ കുടുംബങ്ങളെയും ഈ പദ്ധതിയിൽ അംഗങ്ങളാക്കാവുന്നതാണ്. കർഷകനും കുടുംബാംഗങ്ങൾക്കും ചികിത്സാ സഹായം ഈ പദ്ധതി പ്രകാരം ലഭിക്കുന്നതാണ്.

(സി) മൃഗസംരക്ഷണ വകുപ്പുമുഖേന 2017-18-ൽ 184 പേർക്കും 2018-19-ൽ 184 പേർക്കും കറവയന്ത്രം വിതരണം ചെയ്തു. 2019-20-ൽ 200 പേർക്ക് വിതരണം ചെയ്യും.

ക്ഷീരവികസന വകുപ്പുമുഖേന 2018-19 വർഷത്തിൽ 562 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കറവയന്ത്രത്തിന്റെ വിലയുടെ 50% പരമാവധി 25000 രൂപയാണ് സബ്സിഡിയായി നൽകുന്നത്.

(ഡി) സംസ്ഥാനത്ത് കോഴികർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ആവശ്യമുള്ള ഇറച്ചിക്കോഴി മുഴുവൻ ഉൽപാദിപ്പിക്കാൻ ഈ പദ്ധതികൾ മുഖേന സാധ്യമാകാത്തതിനാൽ പുറമെനിന്നും ഇറച്ചിക്കോഴികൾ വരുന്നുണ്ട്. അതുകൊണ്ട് വിലനിയന്ത്രണം പൂർണ്ണമായും സാധിച്ചിട്ടില്ല. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ട് പദ്ധതികൾ കെപ്കോ നടപ്പാക്കുന്നു.

1. <u>കോൺട്രാക്ട് ഫാമിംഗ്</u>

ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തിയെടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും രണ്ട് കിലോ തൂക്കവും

ഉണ്ടാകുമ്പോൾ കിലോയ്ക്ക് 82 രൂപാ നിരക്കിൽ കെപ്കോ തിരിച്ചെടുക്കുകയും പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുകയും ചെയ്യുന്നു. തീറ്റ, മരുന്ന്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കർഷകൻ നിർവ്വഹിക്കണം. ഇറച്ചി ക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.

<u>മൃഗസംരക്ഷണ - കെപ്കോ - കുടുംബശ്രീ കോഴിവളർത്തൽ പദ്ധതി</u>

കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത് 40-45 ദിവസം പ്രായവും രണ്ട് കിലോഗ്രാം തൂക്കവും ഉണ്ടാകുമ്പോൾ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് കോഴിവളർത്തലിനുള്ള പരിശീലനം കർഷകർക്ക് നൽകിവരുന്നു. ആയതിനാൽ ഗുണമേന്മയുള്ള കോഴിയിറച്ചിയാണ് വിപണനം ചെയ്തുവരുന്നത്.

**കന്നുകാലി പ്രജനന നയം**

138 (2668) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്ത് പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കിടാക്കളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റുവാൻ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ പ്രധാന ക്ഷീരോല്പാദന മേഖലകളിൽ ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനുസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 29-10-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 526/2018/എ.എച്ച്.ഡി. പ്രകാരം പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പുതിയ കന്നുകാലി പ്രജനന നയത്തിന് അനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു. 2016-17 വർഷം സംസ്ഥാനത്തെ സങ്കരവർഗ്ഗ പശുക്കളുടെ പ്രതിദിന ശരാശരി പാലുൽപ്പാദനം 10.25 ലിറ്ററായി ഉയർന്നുകഴിഞ്ഞു. തുടർന്നും ആയത് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കെ.എൽ.ഡി.ബി. താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

- വിത്തുകാളകളുടെ ജനിതക മേന്മ തെളിയിക്കുന്നതിനുള്ള " സന്തതി പരിശോധനാ പദ്ധതി" സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെനിന്നും മേൽത്തരം വിത്തുകാളക്കുട്ടികളെ ഉൽപ്പാദിപ്പിച്ച് ഇവയെ സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു.

- കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- കാനഡയിൽനിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

- പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 302 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

കൂടാതെ, മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :

1. ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം-കർഷകരുടെ മൃഗസംരക്ഷണത്തിനുള്ള ബാങ്ക് ലോണുകളുടെ പലിശയ്ക്ക് പരമാവധി 5000 രൂപവരെ സബ്സിഡി നൽകുന്നു.

2. ഗോവർദ്ധിനി-സംസ്ഥാനത്ത് ജനിക്കുന്ന പശുക്കിടാങ്ങളെ ഉല്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുവാൻ ഗുണമേൻമയുള്ള കാലിത്തീറ്റ സൗജന്യ നിരക്കിൽ നൽകുന്ന കന്നുക്കുട്ടി പരിപാലന പദ്ധതി.

3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി - (ഗോസമൃദ്ധി) ഉരുക്കൾക്കും ക്ഷീര കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി

4. രാത്രികാല സേവനങ്ങൾ ഉൾപ്പെടെയുള്ള നിരന്തര വെറ്ററിനറി സേവനം

5. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി.

6. മാതൃക മൃഗസംരക്ഷണ ഗ്രാമങ്ങൾ

7. ഊർജ്ജിത കന്നുകാലി വികസന പദ്ധതി

8. രോഗപ്രതിരോധ പദ്ധതികൾ.

ക്ഷീരവികസന വകുപ്പ് 2018-19-ൽ കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിലൂടെ 2450 കന്നുക്കുട്ടികളെ ഉല്പാദന ക്ഷമതയുള്ള പശുക്കളായി മാറ്റുന്നതിനായി 240 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, ഉല്പാദന ക്ഷമതയുള്ള കറവപശുക്കളെ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി 100 കിടാരികൾ വീതമുള്ള ഹീഫർ പാർക്ക് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ പ്രധാന ക്ഷീരോൽപ്പാദന മേഖലകളിൽ ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനുസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്തുവരുന്നു. വിവിധ ജില്ലകളിലായി 2017-18-ൽ 1670 ഡോസ് ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളും 2018-19-ൽ 555 ഡോസ് ലിംഗ നിർണ്ണയം നടത്തിയ ബീജമാത്രകളും വിതരണം ചെയ്തുകഴിഞ്ഞു.

(ഡി) സംസ്ഥാനത്തെ ക്ഷീരമേഖലയ്ക്ക് മൃഗസംരക്ഷണ വകുപ്പുവഴി കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കന്നുകാലി ആരോഗ്യ സംരക്ഷണവും രോഗനിയന്ത്രണവും (60% കേന്ദ്രാവിഷ്കൃത പദ്ധതി)
2. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വെയും (50% കേന്ദ്ര സഹായം)
3. കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)
4. ദേശീയ കന്നുകാലി മിഷൻ (National Livestock Mission - NLM) 60% കേന്ദ്രാവിഷ്കൃത പദ്ധതി)

   1. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി
   2. തീറ്റപ്പുൽ വികസന പദ്ധതി.

കെ.എൽ.ഡി.ബോർഡിന് കേന്ദ്ര സഹായം ലഭ്യമാകുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കന്നുകാലി പ്രജനനത്തിനുള്ള ദേശീയ പദ്ധതി (National Programme for Bovine Breeding)- 100%
2. രാഷ്ട്രീയ ഗോകുൽ മിഷൻ (Rashtriya Gokul Mission)- 100%
3. ദേശീയ ക്ഷീര പദ്ധതി (National Dairy Plan)-100%

കന്നുകാലികളുടെ ഉല്പാദനക്ഷമതയ്ക്കായുള്ള ദേശീയ മിഷൻ (National Mission on Bovine Productivity) (60:40)

**ബ്രഹ്മഗിരി കേരള ചിക്കൻ**

139 (2669) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചി വിലകുറച്ച് ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ബ്രഹ്മഗിരി കേരള ചിക്കൻ പദ്ധതി വിജയപ്രദമാണോ;

(ബി) എൺപത്തിയേഴ് മുതൽ തൊണ്ണൂറ് രൂപ വരെ നിരക്കിൽ ജീവനോടെയും നൂറ്റിനാല്പത് മുതൽ നൂറ്റമ്പത് രൂപ വരെ നിരക്കിൽ ഇറച്ചി വിലയിലും കോഴികളെ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാതെ വന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ബ്രഹ്മഗിരി കേരള ചിക്കൻ നിലവിൽ എന്ത് വിലയ്ക്കാണ് വിപണിയിൽ വിൽക്കുന്നത്; മുൻപ് നൽകിയ വാഗ്ദാനങ്ങൾ പാലിക്കാത്തതിൽ പ്രതിഷേധിച്ച് കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷൻ പദ്ധതിയോട് നിസ്സഹരണം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിജയപ്രദമാണ്.

(ബി) കേരള ചിക്കൻ പദ്ധതി പ്രകാരം ഫാമുകളിൽനിന്ന് കേരള ചിക്കൻ ഔട്ട്ലെറ്റുകളിലേയ്ക്ക് കോഴി നൽകുമ്പോഴുള്ള വില ഒരു കിലോഗ്രാമിന് 76 രൂപയും 11 രൂപ വ്യാപാരിയുടെ മാർജിൻ വെച്ച് ഉപഭോക്താക്കൾക്ക് ഔട്ട്ലെറ്റിൽ നിന്നും നൽകുന്ന അടിസ്ഥാന വില 87-93 രൂപ വരെയും ആയിരുന്നു. ഈ വില 2017-ൽ ഫീഡിന്റെ വില കണക്കിലാണ് നിശ്ചയിച്ചിരുന്നത്.

ഇന്ന് ഫീഡ് വില കിലോഗ്രാമിന് 26 രൂപയിൽനിന്ന് 34 രൂപയായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഒരു കിലോഗ്രാം കോഴിയുടെ ഉത്പാദന ചെലവ് 75 രൂപയിൽനിന്ന് 85 രൂപയായിട്ടുണ്ട്. അതുകൊണ്ടാണ് 2019 മേയ് മുതൽ കേരള ചിക്കന്റെ അടിസ്ഥാനവില ജീവത്തൂക്കം 96 മുതൽ 106 വരെ ആക്കിയത്. പുതുക്കിയ നിരക്ക് പ്രകാരം ഇറച്ചിത്തൂക്കം 155 മുതൽ 170 വരെയാണ്.

(സി) പുതുക്കിയ കേരള ചിക്കൻ ഔട്ട്ലെറ്റ് വില്പനത്തുക ജീവത്തൂക്കം 96 മുതൽ 106 വരെയും ഇറച്ചിത്തൂക്കം 155 മുതൽ 170 വരെയുമാണ്. ബ്രഹ്മഗിരി പൗൾട്രി ഫാർമേഴ്സ് ഫെഡറേഷൻ രൂപീകരിക്കുമ്പോൾ ഫാം ഉള്ള കർഷകർക്ക് മാത്രമേ അംഗങ്ങളാകാനാകൂ എന്ന ബൈലോ വ്യവസ്ഥ നിലവിലുണ്ടായിരുന്നു. എന്നാൽ ഫാം ഇല്ലാത്തവർക്കും അംഗത്വം നൽകണമെന്ന് KPFA വാദമുന്നയിച്ചതും കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷന് ഡയറക്ടർ ബോർഡിൽ അംഗത്വം നിഷേധിച്ചതും കൂടാതെ കേരള ചിക്കൻ പദ്ധതിയുടെ അടിസ്ഥാന കാര്യങ്ങളിലും പോളിസിയിലും പദ്ധതിക്ക് യോജിക്കാത്ത നിർദ്ദേശങ്ങൾ KPFA മുന്നോട്ടുവച്ചതും കേരള പൗൾട്രി ഫാർമേഴ്സ് അസോസിയേഷന്റെ നിസ്സഹകരണത്തിന് കാരണമായി.

## മൃഗാശുപത്രികളിലെ രാത്രികാല ചികിത്സാസൗകര്യം

140 (2670) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ മൃഗാശുപത്രികളിലാണ് രാത്രികാല ചികിത്സാസൗകര്യം ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) രാത്രികാല ചികിത്സാസൗകര്യത്തിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങൾ നൽകാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത ചികിത്സാസൗകര്യം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുവാനാണ് രാത്രികാല ചികിത്സാസേവനം പദ്ധതിവഴി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ അനുയോജ്യമായ മൃഗാശുപത്രിയിൽ വെറ്ററിനറി ബിരുദവും കേരള വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ളതുമായ യുവ വെറ്ററിനറി ഡോക്ടർമാരെയും അറ്റന്റർമാരെയും കരാറടിസ്ഥാനത്തിൽ രാത്രികാല വെറ്ററിനറി സേവനം നൽകുവാനായി നിയമിക്കുന്നു. അടിയന്തര ജീവൻരക്ഷാ മരുന്നുകളും മറ്റ് അടിയന്തര ഉപകരണങ്ങളും വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. കർഷകരുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ വാർത്താവിനിമയ സൗകര്യങ്ങളൊരുക്കുവാൻ തുക അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു.

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഫീൽഡ് ഡ്യൂട്ടി

141 (2671) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ജോലികൾ കൃത്യമായി നിർവചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഫീൽഡ് ഡ്യൂട്ടി കൃത്യമായി നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇവരുടെ ഫീൽഡ് ഡ്യൂട്ടി മൃഗപരിപാലകർക്ക് പ്രയോജനപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ ഫീൽഡ് ഡ്യൂട്ടി സൗകര്യം ദുരുപയോഗപ്പെടുത്തി ഓഫീസിലും ഫീൽഡിലും ഡ്യൂട്ടി ചെയ്യാതെ കൃത്യവിലോപം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് മാന്വലിൽ ചാപ്റ്റർ II സെക്ഷൻ നമ്പർ 3-ൽ ഖണ്ഡിക നമ്പർ 7-ലെ ഡ്യൂട്ടീസ് ആൻഡ് ഫംഗ്ഷൻസിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ജോലികൾ എന്തെല്ലാമാണെന്ന് പ്രതിപാദിക്കുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. പശു, എരുമ എന്നിവയിൽ കൃത്രിമ ബീജധാനം നടത്തുക.
2. കൃത്രിമ ബീജധാനം നടത്തി മൂന്ന് മാസത്തിനുശേഷം ഗർഭ പരിശോധന നടത്തുക.
3. രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ പ്രതിദിന പാലുത്പാദനം, ഗർഭ പരിശോധന, വിര മരുന്ന് വിതരണം, പുൽക്കൃഷി വികസനം, വകുപ്പിന്റെ പദ്ധതി നിർവ്വഹണം, വിജ്ഞാന വ്യാപനം തുടങ്ങി പ്രതിദിനം കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിവരണം രേഖപ്പെടുത്തുക.
4. പശു, എരുമ എന്നീ മൃഗങ്ങളിൽ വന്ധ്യത ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ ചികിത്സയ്ക്കായി അടുത്തുള്ള വെറ്ററിനറി സർജന് റിപ്പോർട്ട് ചെയ്യുക.
5. കർഷകരുടെ മൃഗങ്ങൾക്ക് പ്രാഥമിക ശുശ്രൂഷയ്ക്കുള്ള മരുന്നുകൾ വിതരണം ചെയ്യുക.
6. പുൽകൃഷിയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുക.

7. മൃഗസംരക്ഷണ വകുപ്പുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.

8. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ കർഷകരിൽ എത്തിക്കുക.

9. പ്രതിരോധ കുത്തിവയ്പ് പ്രവർത്തനങ്ങൾ നടത്തുക.

10. പ്രാഥമിക ശുശ്രൂഷ പ്രവർത്തനങ്ങൾ നടത്തുക.

11. ഓഫീസ് പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക

12. മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പിന്റെ തൽസമയ ഓൺലൈൻ റിപ്പോർട്ടിംഗ്.

13. കൃത്രിമ ബീജദാനത്തിന്റെ INAPH തൽസമയ എൻട്രി.

കൂടാതെ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന ചുമതലകൾ നിർവ്വഹിക്കുവാനും ബാദ്ധ്യസ്ഥരാണ്.

(ബി) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയന്ത്രണം അതാത് വെറ്ററിനറി ഡിസ്പെൻസറി/വെറ്ററിനറി ഹോസ്പിറ്റലിലെ ഓഫീസർമാരുടെ ചുമതലയാണ്.

താലൂക്ക് തലത്തിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം പരിശോധിക്കുന്നതിനും ആകസ്മിക പരിശോധനകൾ നടത്തുന്നതിനും ആർ.എ.എച്ച്.സി.-കളിലെ അസിസ്റ്റന്റ് പ്രോജക്ട് ആഫീസർമാർക്ക് പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഉൾപ്പെടെ മൃഗസംരക്ഷണ വകുപ്പിലെ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ക്രമക്കേടുകൾക്കെതിരെ സമയബന്ധിതമായി കർശന നടപടികൾ സ്വീകരിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ആകസ്മിക പരിശോധനകൾ നടത്തുന്നതിനുള്ള പ്രതിമാസ ടാർജറ്റ് നൽകിയിട്ടുണ്ട്. ക്രമക്കേടുകളിൽ ഉത്തരവാദികളായവർക്കെതിരെ അച്ചടക്കനടപടി ഉൾപ്പെടെയുള്ള തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുകയും കുറ്റക്കാർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ചില ജീവനക്കാർക്കെതിരായി പരാതി ലഭിക്കുന്നതും ശ്രദ്ധയിൽപ്പെടുന്നതുമായ ഇത്തരം പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാതലത്തിൽ ജീവനക്കാരുടെ വീഴ്ചകൾ കണ്ടെത്തുന്നതിന് ജില്ലാ മൃഗസംരക്ഷണ ആഫീസിലെ ഡെപ്യൂട്ടി ഡയറക്ടറെ ജില്ലാതല വിജിലൻസ് ആഫീസറാക്കി വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അച്ചടക്ക നടപടികൾ ഏകീകരിച്ച് നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് സെക്ഷൻ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഓഫീസ് മേധാവികൾക്ക് അച്ചടക്ക നടപടികൾ സംബന്ധിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന് ജില്ലാതലത്തിൽ ക്ലാസുകൾ നടത്തുന്നുണ്ട്.

(ഡി) നിലവിലുള്ള ചുമതലകൾക്കുപുറമെ വകുപ്പ് നടപ്പിലാക്കുന്നതും പഞ്ചായത്ത് നടപ്പിലാക്കുന്നതുമായ പദ്ധതികളിൽ വെറ്ററിനറി സർജന്മാരെ സഹായിക്കാനുള്ള ചുമതലകൂടി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലെ കന്നുകുട്ടി തീറ്റ വിതരണത്തിന്റെ പൂർണ്ണ ചുമതല ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇരുപതാമത് കന്നുകാലി സെൻസസ് പൂർണ്ണമായും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരാണ് കണക്കെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം കൂടുതൽ ഫലപ്രദമായി വിനിയോഗിച്ച് വരുന്നുണ്ട്.

**ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ വികസനം**

142 (2672) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 2-2-2019-ലെ ജി 2-8-2019 നമ്പർ കത്തിലൂടെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മൃഗസംരക്ഷണ ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിടനിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 2-2-2019-ലെ ജി 2-8-2019 നമ്പർ കത്തിലൂടെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മൃഗസംരക്ഷണ ഡയറക്ടർക്ക് നൽകിയ നിർദ്ദേശപ്രകാരം കേരളത്തിലെ മുഴുവൻ ഫാമുകളുടെ വികസനത്തിനായി വകുപ്പിന് ആകെ വകയിരുത്തിയ 6 കോടി രൂപയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സെൻട്രൽ ഹാച്ചറി പ്രൊഡക്ഷൻ മാനേജർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കത്ത് നൽകുകയുണ്ടായി. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 6,50,00,000 (ആറര കോടി രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലാണ് പ്രൊഡക്ഷൻ മാനേജർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്. ഇത്രയും തുക ഒന്നിച്ച് നടപ്പ് സാമ്പത്തിക വർഷം സെൻട്രൽ ഹാച്ചറിക്ക് നൽകാനില്ലാത്തതുകൊണ്ട് ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം പ്രൊപ്പോസൽ നൽകുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പ്രൊഡക്ഷൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ക്ഷീരവകുപ്പിന്റെ സമഗ്രവികസനം

143 (2673) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പാറക്കൽ അബ്ദുല്ല:

ശ്രീ. പി. അബ്ദുൽ ഹമീദ് :

ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവകുപ്പിന്റെ സമഗ്രവികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

1. തീറ്റപ്പുൽകൃഷി വികസന പദ്ധതി
2. കാലിത്തീറ്റ സബ്സിഡി
3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം
    a. ക്ഷീരഗ്രാമം പദ്ധതി
    b. ഡെയറി സോൺ
    c. അവശ്യാധിഷ്ഠിത സഹായം
    d. യന്ത്രവത്കരണം
    e. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം
    f. ഹീഫർ പാർക്ക്
4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം
5. സമഗ്ര ഇൻഷുറൻസ് പദ്ധതി
6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി.

കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീര കർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു. സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി അഞ്ച് കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച കാലിത്തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യവ്യക്തികളുടെയും കൈവശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. ഉരുക്കളെയും കർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ/മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പാലിന്റെ ആവശ്യകതയുടെ 80 ശതമാനത്തിന് മുകളിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്തുണ്ടായ രൂക്ഷമായ പ്രളയം പാലുല്പാദനത്തെ ബാധിക്കുകയും ക്ഷീരസംഘം വഴിയുള്ള പാൽസംഭരണത്തിൽ ശരാശരി പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തുന്നതിന് തടസ്സമായിട്ടുണ്ട്. എന്നാൽ നിലവിൽ പാലുത്പാദനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**മിൽക്ക് ഷെഡ് പദ്ധതി**

144 (2674) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽക്ക് ഷെഡ് പദ്ധതിയുടെ വിശദാംശങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, ഉയർന്ന ജനിതക ഗുണവും ഉയർന്ന ഉല്പാദനക്ഷമതയുമുള്ള ഉരുക്കളെ കർഷകർക്ക് ലഭ്യമാക്കുക, കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരിക, നിലവിലെ ക്ഷീരകർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക തുടങ്ങിയവയാണ് മിൽക്ക് ഷെഡ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഈ പദ്ധതിയുടെ ഭാഗമായി പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | ഇനവിവരം | ധനസഹായം (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം 1 പശു യൂണിറ്റ് | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിന് | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായപദ്ധതി | 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | 50,000 |

**ക്ഷീരഗ്രാമം പദ്ധതി**

145 (2675) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കൊല്ലം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും അതുവഴി കൈവരിക്കാൻ സാധിച്ച നേട്ടങ്ങളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മിൽക്ക്ഷെഡ് വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സമഗ്ര ക്ഷീരവികസനം ലക്ഷ്യമാക്കിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇനവിവരം | യൂണിറ്റ് സബ്സിഡി (രൂപയിൽ) |
|---|---|---|
| 1 | ഗോദാനം (ഒരു പശു യൂണിറ്റ്) | 33,000 |
| 2 | 2 പശു യൂണിറ്റ് | 66,000 |
| 3 | 5 പശു യൂണിറ്റ് | 1,77,000 |
| 4 | 10 പശു യൂണിറ്റ് | 3,66,000 |
| 5 | 5 കിടാരി യൂണിറ്റ് | 98,800 |
| 6 | 10 കിടാരി യൂണിറ്റ് | 1,96,400 |
| 7 | കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 8 | അവശ്യാധിഷ്ഠിത ധനസഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 10 | ധാതുലവണ മിശ്രിത വിതരണം | 100 |

(ബി) കൊല്ലം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | വർഷം |
|---|---|---|
| 1 | ഏരൂർ | 2016-17 |
| 2 | ഇടമുളയ്ക്കൽ | 2017-18 |
| 3 | മേലില | 2018-19 |
| 4 | തൊടിയൂർ | 2018-19 |

ക്ഷീരഗ്രാമം പദ്ധതി അടക്കമുള്ള വിവിധ പദ്ധതികൾ കൊല്ലം ജില്ലയിൽ നടപ്പിലാക്കിയതിലൂടെ ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ശരാശരി 32507 ലിറ്ററിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത

146 (2676) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ മുഖേനയും മറ്റ് ഏജൻസികൾ വഴിയും എത്ര ലിറ്റർ പാൽ ദിവസേന കൊണ്ടുവരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ സംസ്ഥാന അതിർത്തികളിൽ ലാബ് സംവിധാനമുണ്ടോ; എങ്കിൽ എത്ര ലാബുകൾ പ്രസ്തുത ആവശ്യത്തിന് നിലവിലുണ്ട് എന്ന് അറിയിക്കുമോ;

(ഡി) ഒരു ദിവസം എത്ര ലിറ്റർ പാൽ അതിർത്തി കടന്നെത്തുന്നുവെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാകുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(ഇ) മിൽക്ക് ഷെഡ് പദ്ധതിയിലൂടെ 2016-2019 കാലയളവിൽ സംസ്ഥാനത്ത് എത്ര പശുക്കളെ വിതരണം ചെയ്തു; ജില്ല തിരിച്ച് അറിയിക്കാമോ; ഇതിന് കർഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ക്ഷീരോല്പാദനമേഖല ആദായകരവും സുസ്ഥിര വരുമാനദായകവുമാക്കി സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീര കർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി
10. ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

1. ഇതേ ലക്ഷ്യത്തോടെ മൃഗസംരക്ഷണ വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :

2. ഇന്ററസ്റ്റ് സബ്-വെൻഷൻ സ്കീം
3. ഗോവർദ്ധിനി-കന്നുകുട്ടി പരിപാലന പദ്ധതി
4. സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി (ഗോസമൃദ്ധി)
5. വെറ്ററിനറി സേവനം
6. ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കൽ പദ്ധതി
7. മാതൃകാ മൃഗസംരക്ഷണ ഗ്രാമങ്ങൾ
8. ഊർജ്ജിത കന്നുകാലി വികസന പദ്ധതി.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ മുഖേന പ്രതിദിനം 47,000 ലിറ്ററും മറ്റ് ഏജൻസികൾവഴി 8.50 ലക്ഷം ലിറ്റർ പാലും സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്നുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി പ്രദേശങ്ങളിൽ സംവിധാനമുണ്ട്. തിരുവനന്തപുരം പാറശാലയിൽ അതിർത്തി പാൽ പരിശോധന ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 10.25 ലക്ഷം ലിറ്റർ പാൽ പ്രതിദിനം അതിർത്തി കടന്നെത്തുന്നുണ്ട്. ഇതിൽ 5.45 ലക്ഷം ലിറ്റർ പാൽ പ്രതിദിനം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ഇ) മിൽക്ക്ഷെഡ് പദ്ധതിയിലൂടെ 2016-19 കാലയളവിൽ സംസ്ഥാനത്ത് വിതരണം ചെയ്ത പശുക്കളുടെ എണ്ണം

| ജില്ല | 2016-17 | 2017-18 | 2018-19 | GRAND TOTAL |
|---|---|---|---|---|
| തിരുവനന്തപുരം | 483 | 857 | 476 | 1816 |
| കൊല്ലം | 1609 | 866 | 483 | 2958 |
| പത്തനംതിട്ട | 266 | 352 | 420 | 1038 |
| ആലപ്പുഴ | 362 | 620 | 516 | 1498 |
| കോട്ടയം | 394 | 485 | 301 | 1180 |
| ഇടുക്കി | 358 | 445 | 346 | 1149 |
| എറണാകുളം | 725 | 352 | 629 | 1706 |
| തൃശ്ശൂർ | 415 | 698 | 649 | 1762 |
| പാലക്കാട് | 425 | 610 | 304 | 1339 |
| മലപ്പുറം | 279 | 282 | 347 | 908 |
| കോഴിക്കോട് | 320 | 516 | 349 | 1185 |
| വയനാട് | 281 | 240 | 192 | 713 |
| കണ്ണൂർ | 319 | 423 | 379 | 1121 |
| കാസർഗോഡ് | 304 | 317 | 215 | 836 |
| ആകെ | 6540 | 7063 | 5606 | 19209 |

കർഷകരെ മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- പശുവളർത്തലിൽ താല്പര്യമുള്ള യുവതീ യുവാക്കൾക്ക് പരിഗണന
- വനിതാ കർഷകർക്ക് മുൻഗണന
- വിധവകൾക്കും/SHG ഗ്രൂപ്പ് അംഗങ്ങൾക്കും പ്രത്യേക പരിഗണന
- ക്ഷീരസംഘങ്ങളിൽ അംഗമായിരിക്കുന്നവർക്ക് പരിഗണന
- തൻസാമ്പത്തികവർഷത്തിലെ വകുപ്പിന്റെ ഭരണാനുമതി പ്രകാരവും ഉള്ള വ്യവസ്ഥകളും നിബന്ധനകളും അംഗീകരിക്കാൻ സന്നദ്ധരായ അപേക്ഷകർക്ക് മുൻഗണന
- 3 വർഷം ഈ മേഖലയിൽ തുടർന്നുകൊണ്ട് ഫാം നടത്തുന്നതിന് സന്നദ്ധരായ അപേക്ഷകർക്ക് പരിഗണന.

## പാലുല്പാദനത്തിലെ വർദ്ധനവ്

147 (2677) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുത്പാദനത്തിൽ ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനമെന്ന ബഹുമതിക്ക് 2018-19-ൽ കേരളം അർഹമായിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് സെൻസസ്സുകളിലും സംസ്ഥാനത്ത് കറവമാടുകളുടെ എണ്ണത്തിൽ വൻ കുറവ് രേഖപ്പെടുത്തിയ സാഹചര്യത്തിൽ പാലുല്പാദനം കൂടുന്നത് എപ്രകാരമാണ് എന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് നിർമ്മിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഗുണനിലവാരം കൂട്ടുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുവാൻ ചെക്ക്പോസ്റ്റുകളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ഇ) എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും പ്രസ്തുത സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പാലുല്പാദനത്തിൽ ദേശീയതലത്തിൽ ഏറ്റവും കൂടുതൽ വർദ്ധനവ് രേഖപ്പെടുത്തിയ സംസ്ഥാനത്തിനായി 'ഇന്ത്യാ ടുഡേ' ഗ്രൂപ്പ് ഏർപ്പെടുത്തിയ അവാർഡ് 2018-19-ൽ കേരളത്തിന് ലഭിക്കുകയുണ്ടായി.

(ബി) മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളിലൂടെയും ഉയർന്ന ജനിതകമൂല്യവും ഉല്പാദനക്ഷമതയുമുള്ള കൂടുതൽ കറവപ്പശുക്കളെ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ നിലവിലുള്ള കറവപ്പശുക്കളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കർഷകരെ ഈ രംഗത്ത് നിലനിർത്തുന്നതിനായി വിവിധ കർഷകക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതിന്റെയും ഭാഗമായിട്ടാണ് സംസ്ഥാനത്തെ പാലുല്പാദനത്തിൽ വർദ്ധനവുണ്ടാകുന്നത്. കൂടാതെ, കറവപ്പശുക്കളുടെ പ്രതിദിന ശരാശരി പാൽ ഉല്പാദനത്തിൽ രാജ്യത്ത് കേരളം രണ്ടാം സ്ഥാനത്താണ്.

(സി) കാലിത്തീറ്റയുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ തിരുവനന്തപുരത്ത് എൻ.എ.ബി.എൽ. അക്രഡിറ്റേഷനോടുകൂടിയ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ആദ്യമായി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാൽ, പാലുല്പന്നങ്ങൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

(ഇ) മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിലാണ് പാലിന്റെ ഗുണനിലവാര പരിശോധനാ സംവിധാനം നിലവിലുള്ളത്. തിരുവനന്തപുരം പാറശ്ശാലയിൽ പാൽ ഗുണനിലവാര പരിശോധന ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലും പാൽ പരിശോധന ചെക്ക് പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

148 (2678) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായി വരുന്ന പാലിന്റെ അളവെത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു ദിവസം ആവശ്യമായി വരുന്ന പാലിന്റെ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് പാൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വേനൽക്കാലത്ത് പാലുൽപ്പാദനത്തിൽ എത്ര കുറവുണ്ടായി എന്നറിയിക്കുമോ;

(ഇ) സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന കഴിഞ്ഞ മൂന്ന് വർഷം ഉണ്ടായ പാലുൽപ്പാദന വർദ്ധന സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനം എപ്പോൾ മുതൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുമെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ പാലിന്റെ അളവ് ജനസംഖ്യാടിസ്ഥാനത്തിൽ ഏകദേശം 87 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാനത്ത് പാലിന്റെ ആവശ്യകതയുടെ ഏകദേശം 80 ശതമാനത്തിന് മുകളിൽ ആഭ്യന്തരമായി ഉൽപാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) കേരളത്തിലേയ്ക്ക് പ്രധാനമായും തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നാണ് പാൽ കൊണ്ടുവരുന്നത്.

(ഡി) ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം ശരാശരി 18.64 ലക്ഷം ലിറ്റർ പാലാണ് സംഭരിക്കുന്നത്. വേനൽക്കാലത്ത് പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല. മിൽമയുടെ മലബാർ മേഖല യൂണിയനിൽ 5% വർദ്ധനവാണുണ്ടായത്. എറണാകുളം മേഖല യൂണിയനിൽ 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പ്രതിദിനം ഏകദേശം 10000 ലിറ്റർ പാൽ മാത്രമാണ് കുറവുണ്ടായത്. തിരുവനന്തപുരം മേഖല യൂണിയനിൽ 1000 ലിറ്റർ പാലിന്റെ വർദ്ധനവാണുണ്ടായത്.

(ഇ) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ മുഖേന പാലുല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ മുഖേന സംഭരിച്ച ശരാശരി പ്രതിദിന പാൽ സംഭരണം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | പ്രതിദിന പാൽ സംഭരണം (ശരാശരി) |
|---|---|---|
| 1 | 2016-17 | 16.27 ലക്ഷം ലിറ്റർ |
| 2 | 2017-18 | 18.14 ലക്ഷം ലിറ്റർ |
| 3 | 2018-19 | 18.64 ലക്ഷം ലിറ്റർ |

(എഫ്) 2018 ഡിസംബറിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ 2018-ൽ ഉണ്ടായ പ്രളയം ഈ മേഖലയ്ക്ക് കനത്ത ആഘാതമാണ് സൃഷ്ടിച്ചത്. പുനരധിവാസ പ്രവർത്തനങ്ങൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. 2020 മദ്ധ്യത്തോടുകൂടി സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

**മിനി കന്നുകാലി ഫാം**

149 (2679) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് മിനി കന്നുകാലി ഫാം തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) സർക്കാർ സബ്സിഡിയിയോടെ കർഷകർക്ക് കന്നുകാലി ഫാം ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ക്ഷീരവികസന വകുപ്പിന്റെ കീഴിൽ കന്നുകാലിഫാം നടത്തുന്ന കർഷകർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നവീന രീതിയിലുള്ള കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷകർക്ക് മിനി കന്നുകാലി ഫാം തുടങ്ങുന്നതിന് പദ്ധതികൾ നിലവിലുണ്ട്. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു അടങ്ങിയ ഫാമുകൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകുന്നുണ്ട്.

(ബി) ക്ഷീരവികസന വകുപ്പിന്റെ സബ്സിഡിയോടെ കർഷകർക്ക് കന്നുകാലിഫാം ആരംഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്തിന് പുറത്തുനിന്നും മാത്രമേ കറവപ്പശുക്കളെ വാങ്ങാൻ പാടുള്ളൂ.

2. സർക്കാർ അതാത് സമയത്ത് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുമെന്ന് മുദ്രപ്പത്രത്തിൽ സമ്മതപത്രം നൽകണം.

3. അഞ്ചിൽ കൂടുതൽ കറവപ്പശുക്കളെ വളർത്തുന്ന കർഷകർ മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നും NOC വാങ്ങുകയും പഞ്ചായത്ത് ലൈസൻസ് എടുക്കുകയും ചെയ്യണം.

4. സർക്കാർ സഹായത്തോടെ വാങ്ങുന്ന ഉരുക്കളെ കുറഞ്ഞത് മൂന്നുവർഷക്കാലം സംരക്ഷിക്കണം.

5. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിധവകൾ, സ്ത്രീകൾ, ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്നവർ എന്നിവർക്ക് മുൻഗണന നൽകും.

6. അഞ്ചിൽ കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് തീറ്റപ്പുൽക്കൃഷി നിർബന്ധമായും ഉണ്ടായിരിക്കണം.

(സി) ക്ഷീരവികസന വകുപ്പിൽനിന്നും കന്നുകാലി ഫാം നടത്തുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഇനവിവരം | ധനസഹായ തുക (രൂപയിൽ) |
|---|---|---|
| 1 | കറവയന്ത്രം വാങ്ങൽ | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 25,000 |
| 2 | കാലിത്തൊഴുത്ത് | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 3 | അവശ്യാധിഷ്ഠിത സഹായം | ചെലവഴിക്കുന്ന തുകയുടെ 50% പരമാവധി 50,000 |
| 4 | ധാതുലവണ മിശ്രിതം | 100 |

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയത്തിൽ തകർന്ന ക്ഷീരമേഖലയുടെ ഉന്നമനം

150 (2680) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ വൻ നാശനഷ്ടം നേരിട്ട സംസ്ഥാനത്തെ ക്ഷീരമേഖല തിരിച്ചുവരവിന്റെ പാതയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയംമൂലം പ്രസ്തുത മേഖലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണ്; നാശനഷ്ടം നേരിട്ട ക്ഷീരകർഷകർക്ക് സമയബന്ധിതമായി സഹായം നൽകുന്നതിന് വകുപ്പിന് സാധിച്ചിട്ടുണ്ടോ;

(സി) വകുപ്പിന്റെ ഇക്കാര്യത്തിലുള്ള ഇടപെടൽ ക്ഷീരമേഖലയെ തിരിച്ചു വരവിന്റെ പാതയിൽ എത്തിക്കുവാൻ എത്രമാത്രം സഹായകമായെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം നടപടികൾ 2019-20 കാലഘട്ടത്തിൽ തുടരുന്നതിനും പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. പ്രളയത്തിൽ 5163 കറവപ്പശുക്കൾ, 1228 കിടാരികൾ, 5166 കന്നുകുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവ നഷ്ടപ്പെട്ടുപോയതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. കൂടാതെ 10612 കാലിത്തൊഴുത്തുകൾ പൂർണ്ണമായും 7730 കാലിത്തൊഴുത്ത് ഭാഗീകമായും നശിച്ചുപോയിട്ടുണ്ട്. പ്രളയത്തിന്റെ ഭാഗമായി ക്ഷീരസംഘങ്ങളിലൂടെയുള്ള പാൽ സംഭരണത്തിൽ പ്രതിദിനം ഏകദേശം 2.5 ലക്ഷം ലിറ്റർ കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. നാശനഷ്ടം നേരിട്ട കർഷകർക്ക് സമയബന്ധിതമായി സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. പാലിലുണ്ടായ കുറവ് പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തര സഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ക്ഷീരവികസന ബോർഡിൽനിന്നും 494 മെ. ടൺ കാലിത്തീറ്റയും 160 മെ. ടൺ സൈലേജും 21 മെ. ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽനിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെപ്പറയുന്നവയാണ് നടപ്പിലാക്കിയത് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1 | ഗോദാനം (2 പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ ' Donate a cow' എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്. പ്രത്യേക പുനരധിവാസ പദ്ധതിയുടെ പ്രയോജനം 19,879 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) 2019-20 വർഷത്തിലും 22 കോടി രൂപയുടെ ഫ്ലഡ് റിലീഫ് റീ-ഹാബിലിറ്റേഷൻ പ്രോഗ്രാം രണ്ടാം ഘട്ടമായി നടപ്പാക്കുന്നതാണ്.

**പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് സഹായം**

151 (2681) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ കന്നുകാലികളെ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

പ്രളയത്തിൽ ക്ഷീരമേഖലയ്ക്ക് ഏകദേശം 107.5 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്. പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ദേശീയ ക്ഷീരവികസന ബോർഡിൽനിന്നും 494 മെ. ടൺ കാലിത്തീറ്റയും 160 മെ. ടൺ സൈലേജും 21 മെ. ടൺ ഉണക്കപ്പുല്ലും ആന്ധ്രാപ്രദേശ് മൃഗസംരക്ഷണ വകുപ്പിൽനിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെപ്പറയുന്നവയാണ് നടപ്പിലാക്കിയത് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| (1) | (2) | (3) | (4) | |
| 1 | ഗോദാനം (ഒരു പശു യൂണിറ്റ്) | 33000 | 1200 | 396 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3 | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4 | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5 | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ വയനാട്, ആലപ്പുഴ, എറണാകുളം, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടനകളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 138 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 56 കറവപ്പശുക്കളെയും 250 കിടാരികളെയും പാലക്കാട് ജില്ലയിൽ 8 കിടാരികളെയും എറണാകുളം ജില്ലയിൽ 43 കറവപ്പശുക്കളെയും പത്തനംതിട്ട ജില്ലയിൽ 7 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വകുപ്പിന്റെ നിർദ്ദേശപ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയ ദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

പ്രളയവുമായി ബന്ധപ്പെട്ട് ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം മൃഗസംരക്ഷണ വകുപ്പ് 21,99,47,640 രൂപ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത മേഖലയിലെ പുനരുജ്ജീവനത്തിനായി 2019-20 സാമ്പത്തിക വർഷം മൃഗസംരക്ഷണ മേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി :

<u>കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി</u>

ഒരു ഗുണഭോക്താവിന് പരമാവധി 5,000 (അയ്യായിരം രൂപ) വരെയാണ് ഈ ഇനത്തിൽ നൽകിയത്. സംസ്ഥാനമൊട്ടാകെ 6291 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ NLM -ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി

പ്രളയം ഏറ്റവും കൂടുതൽ നഷ്ടം വിതച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ National Livestock Mission-ന്റെ കീഴിൽ ആട് വളർത്തൽ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഒരു യൂണിറ്റിൽ 10 പെണ്ണാടുകളും ഒരു മുട്ടനാടും അടങ്ങുന്ന 11 ആടുകളാണുള്ളത്. ഒരു ഗുണഭോക്താവിന് 59400 രൂപ ധനസഹായ ത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. 2018-19 സാമ്പത്തിക വർഷം ഇത്തരത്തിൽ 387 കർഷകർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു.

2019-20 സാമ്പത്തിക വർഷം പ്രളയബാധിത മേഖലകളിലെ മൃഗസംരക്ഷണ രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ പദ്ധതി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, വയനാട് എന്നീ ഏഴ് ജില്ലകളിൽ കിടാരി വളർത്തൽ ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്നു. മെച്ചപ്പെട്ട കിടാരികളെ വളർത്തിക്കൊണ്ടുവന്ന് മികച്ച പ്രത്യുല്പാദനശേഷിയുള്ള പശുക്കളാക്കി മാറ്റുക എന്നുള്ളതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഒരു കർഷകന് ഒരു കിടാരിയെ വാങ്ങി വളർത്തുന്നതിനും ആറ് മാസക്കാലയളവിലേയ്ക്കുള്ള തീറ്റ ഇനത്തിലും സഹായം നൽകുന്നു. ഇത്തരത്തിൽ ഒരു കർഷകന് 25,000/- രൂപയുടെ സഹായം നൽകിക്കൊണ്ട് 1120 യൂണിറ്റുകൾ നടപ്പിലാക്കും.

**ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി**

152 (2682) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ;

(ബി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധി നേരിടുന്ന ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളാൻ തീരുമാനമെടുക്കുമോ;

(സി) കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം പ്രതിസന്ധിയിലായ ക്ഷീരകർഷകരുടെ ആശ്വാസത്തിനായി കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ കാലിത്തീറ്റക്കമ്പനികളുടെ ചൂഷണത്തിൽ നിന്നും കർഷകരെ മോചിപ്പിക്കാൻ പൊതുമേഖലയിൽ കാലിത്തീറ്റ നിർമ്മാണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ക്ഷീരകർഷകരെ MNREGS തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ക്ഷീരകർഷകരുടെ കടം എഴുതിത്തള്ളുന്നതിനുള്ള തീരുമാനമെടുത്തിട്ടില്ല.

(സി) കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് നിലവിൽ തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര (പ്രതിദിനം 650 മെട്രിക് ടൺ), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (പ്രതിദിനം 300 മെട്രിക് ടൺ), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (പ്രതിദിനം 300 മെട്രിക് ടൺ) എന്നിവിടങ്ങളിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകളുണ്ട്. ഇതുകൂടാതെ കാലിത്തീറ്റ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ അരിക്കുഴയിൽ പ്രതിദിനം 500 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള കാലിത്തീറ്റ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2019 ആഗസ്റ്റ് മാസത്തോടെ നിർമ്മാണം പൂർത്തീകരിച്ച് ഇവിടെനിന്ന് വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദനശേഷി 1750 മെട്രിക് ടൺ ആകും.

മിൽമയ്ക്ക് ഇപ്പോൾ പ്രതിദിനം 600 മെട്രിക് ടൺ കാലിത്തീറ്റ ഉത്പാദനശേഷിയുണ്ട്. ഇതിനുപുറമെ ഈറോഡ് കാലിത്തീറ്റ ഫാക്ടറിയിൽനിന്നും ലീസ് അടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തിവരുന്നുണ്ട്.

## കേരള ഫീഡ്സ് ലിമിറ്റഡിന്റെ പ്രതിവർഷ ഉത്പാദനം

153 (2683) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സ് ലിമിറ്റഡിന്റെ ശരാശരി പ്രതിവർഷ ഉത്പാദനം എത്രയാണെന്ന് വ്യകതമാക്കുമോ; 2018-19 സാമ്പത്തിക വർഷത്തിലെ ഉത്പാദനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനം 2018-19-ൽ പ്രവർത്തിച്ചത് ലാഭത്തിലാണോ നഷ്ടത്തിലാണോ; എങ്കിൽ 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ ലാഭനഷ്ട കണക്ക് വെളിപ്പെടുത്താമോ;

(സി) സ്ഥാപനത്തിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ 2018-19 ലെ ഉത്പാദനം എത്രയാണെന്നും എത്ര ടൺ വിറ്റഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 മുതൽ 2018-19 വരെയുള്ള 5 വർഷക്കാലയളവിലെ കേരള ഫീഡ്സ് ലിമിറ്റഡിന്റെ ശരാശരി പ്രതിവർഷ ഉൽപ്പാദനം 222379.429 മെട്രിക് ടൺ ആണ്. 2018-19 സാമ്പത്തിക വർഷത്തിലെ ഉത്പാദനം 218280.695 മെട്രിക് ടൺ ആണ്.

(ബി) ഈ സ്ഥാപനം 2018-19 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. 2015-16 മുതൽ 2017-18 വരെയുള്ള വർഷങ്ങളിലെ ലാഭനഷ്ട കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2018-19 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ 44033.540 മെട്രിക് ടൺ ഉത്പാദനവും 43763.570 മെട്രിക് ടൺ വിപണനവും നടത്തുകയുണ്ടായി.

## വെള്ളൂർ മിൽക്ക് സൊസൈറ്റിയുടെ വൈവിദ്ധ്യവത്കരണം

154 (2684) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ മിൽക്ക് സൊസൈറ്റിക്ക് (ജനത ചാരിറ്റബിൾ സൊസൈറ്റി) വൈവിദ്ധ്യവത്കരണത്തിനായി 2018-19-ലെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള തുടർനടപടി ഏത് ഘട്ടം വരെ ആയെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ മിൽക്ക് സൊസൈറ്റിയുടെ വൈവിധ്യവൽക്കരണത്തിനായി സമർപ്പിച്ചിരുന്ന മാസ്റ്റർ പ്ലാൻ ലഭ്യമായിട്ടുണ്ട്. ആയതിന്റെ DPR പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയായശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**ക്ഷീരസംഘങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി**

155 (2685) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് ഈ സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്ഷീരകർഷകർക്ക് ശരിയായ വില ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എൻ.എ.ബി.എൽ. അക്രഡിറ്റേഷനോട് കൂടി സംസ്ഥാന ഡയറി ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത് :

1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി
2. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4. ഹീഫർ പാർക്ക്
5. ക്ഷീരഗ്രാമം
6. ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ

7. പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
8. ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ
9. സമഗ്ര ഇൻഷ്വറൻസ് പദ്ധതി.

ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ സഹായം, അപകടമരണ സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരസഹകരണ സംഘങ്ങളുടെ ആധുനീവത്കരണത്തിനും ശാക്തീകരണത്തിനും ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കി ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വിലയും ഗുണനിലവാരമുള്ള സർവ്വീസും ലഭ്യമാക്കുന്നതിന് 2019-20 വർഷം 1550 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം
2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം
3. ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം
4. ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്
5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ധനസഹായം
6. ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം
7. പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം
8. മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്
9. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ
10. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ-സംസ്കരണം, ചില്ലിംഗ്, പുനഃനിർമ്മാണം, ശീതീകരണ മുറി, കാറ്റിൽ ഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം
11. AMC യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം
12. സമഗ്ര സഹകരണ പ്രചരണ പരിപാടി
13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന (ETP) സൗരോർജ്ജ വിനിയോഗം, മഴവെള്ളസംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം.

സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സംഘങ്ങളിൽ ക്ഷീരസംഘം ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നു. പ്രതിദിനം ശരാശരി 150 ലിറ്ററിൽ താഴെ പാൽ സംഭരിക്കുന്ന സംഘങ്ങൾക്കാണ് നിലവിൽ മാനേജീരിയൽ സബ്സിഡി നൽകുന്നത്.

പാലിന്റെ വിപണനത്തിന് കർഷകർ ബുദ്ധിമുട്ട് നേരിടുന്നതും നിലവിൽ ക്ഷീര സംഘങ്ങൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ പുതിയ ക്ഷീരസംഘം രൂപീകരിക്കുന്നതിനും പ്രവർത്തന രഹിതമായ ക്ഷീരസംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും 61,500 രൂപ മാനേജീരിയൽ സബ്സിഡി അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളുടെ അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി പ്രകാരം 1,20,000 രൂപ അനുവദിക്കുന്നു. ഈ പദ്ധതിയിലൂടെ സംഘത്തിന് ആവശ്യമുള്ള ഏത് വികസന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

പാൽസംഭരണ മുറി/ഗോഡൗൺ എന്നിവയുടെ നിർമ്മാണത്തിനായി 3,75,000 രൂപ ധനസഹായം അനുവദിക്കുന്നു.

ക്ഷീരസംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000 രൂപ ധനസഹായം അനുവദിക്കുന്നു.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട ക്ഷീര സഹകരണ സംഘങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 45,000 രൂപ ധനസഹായം അനുവദിക്കുന്നു. ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന്റെ ഗുണനിലവാര പരിശോധന കർശനമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനായി എ.എം.സി. യൂണിറ്റ് സ്ഥാപിക്കുന്നതിന് 1,10,000 രൂപ ധനസഹായം അനുവദിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി ക്ഷീരസംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 2018-19-ൽ പ്രതിദിനം ഏകദേശം 18.64 ലക്ഷം ലിറ്ററായി ഉയർന്നു. 2016-17-ൽ നിന്നും 14.6% വർദ്ധനവ് ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽ സംഭരണത്തിൽ ഉണ്ടായിട്ടുണ്ട്.

(സി) ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഗുണനിലവാര മനുസരിച്ച് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മിക്ക ക്ഷീരസംഘങ്ങളിലും AMC യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. AMC യൂണിറ്റുകൾ യൂണിഫൈഡ് സോഫ്റ്റ്‌വെയറിലൂടെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതാണ്.

(ഡി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടുകൂടിയ ലാബ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ലാബിൽ പാലിന്റെയും പാലുല്പന്നങ്ങളുടെയും ഭൗതിക, രാസ, അണു പരിശോധനകൾക്ക് പുറമെ കാലിത്തീറ്റ, വെള്ളം എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

## അങ്കമാലി മണ്ഡലത്തിൽ ക്ഷീരഗ്രാമവും ഡയറി സോണും

156 (2686) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ക്ഷീരഗ്രാമവും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഡയറി സോണും അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് 23-2-2018-ലെ 483/M (FAD&Z) 2018 നമ്പരായി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നൽകിയ ശിപാർശയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രളയം സർവ്വതും നഷ്ടമാക്കിയ അങ്കമാലി മണ്ഡലത്തിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഡയറി സോൺ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നില്ല. ക്ഷീരഗ്രാമം പദ്ധതിക്കായി കഴിഞ്ഞവർഷം ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തശേഷമാണ് പാറക്കടവ് പഞ്ചായത്തിൽ ക്ഷീരഗ്രാമം നടപ്പിലാക്കണമെന്ന അപേക്ഷ ലഭിച്ചത്.

(ബി) അങ്കമാലി മണ്ഡലത്തിൽ 2018-19 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ സ്കീമുകൾ താഴെപ്പറയുന്നു :

| ക്രമ നമ്പർ | പദ്ധതി | യൂണിറ്റ് | ചെലവഴിച്ച തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കന്നുകാലി വന്ധ്യതാ നിവാരണ പ്രോഗ്രാം | | 15000 |
| 2 | വാണിജ്യപരമായ ആട്ട വളർത്തൽ പദ്ധതി | 5 | 500000 |
| 3 | നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ- ആട്ട വളർത്തൽ പദ്ധതി | 18 | 1069200 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 13 | 325000 |
| 5 | അടുക്കളമുറ്റ കോഴിവളർത്തൽ പദ്ധതി (സ്കൂൾ പൗൾട്രി ക്ലബ്) | 9 | 292500 |
| 6 | ചാണക സംഭരണി നിർമ്മാണം | 4 | 50000 |
| 7 | പന്നി വളർത്തൽ പദ്ധതി | 2 | 100000 |
| 8 | പ്രളയാനന്തര സഹായമായി അനിമൽ ഹെൽത്ത് ക്യാമ്പ് | 5 | 100000 |
| 9 | ബ്ലോക്ക്തല വിജ്ഞാന വ്യാപന പ്രോഗ്രാം | 1 | 7000 |
| 10 | മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്ക് വായ്പയിനത്തിലെ സബ്സിഡി സ്കീം | 1 | 5000 |
| 11 | അസ്കാഡ് സെമിനാർ | 1 | 5000 |
| 12 | നഗരപ്രദേശങ്ങളിൽ കോഴിയും കൂടും വിതരണ പദ്ധതി | 5 | 25000 |
| 13 | കന്നുകാലി ഇൻഷ്വറൻസ് | 305 | 348871 |
| 14 | പ്രളയദുരിതാശ്വാസ നഷ്ടപരിഹാരം | 1017 | 8232410 |

**സുവോളജിക്കൽ പാർക്ക് നിർമ്മാണം**

157 (2687) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) നിലവിൽ ഏതെല്ലാം മൃഗങ്ങളുടെ ആവാസയിടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് അവസ്ഥയിലാണ്;

(ഡി) തൃശ്ശൂർ മൃഗശാലയ്ക്ക് നിലവിൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ഉണ്ടോ;

(ഇ) തൃശ്ശൂർ മൃഗശാലയിലേയ്ക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂരിലെ പുത്തൂരിൽ സ്ഥാപിക്കുന്ന സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം മൂന്ന് ഘട്ടങ്ങളിലായി നടക്കുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന മൃഗങ്ങൾക്കുള്ള നാല് ആവാസയിടങ്ങളുടെ പണി അന്തിമഘട്ടത്തിലാണ്. ഈ ഘട്ടത്തിലുള്ള ആസ്ഥാനമന്ദിരം, വെറ്ററിനറി ആശുപത്രി സമുച്ചയം എന്നിവയുടെ പണി നടക്കുന്നു. ക്വാർട്ടേഴ്സുകളുടെ രണ്ടു ബ്ലോക്കുകളുടെ പണി പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന പാർക്കിംഗ്, ഓറിയന്റേഷൻ സെന്റർ, ബയോഡൈവേഴ്സിറ്റി സെന്റർ, മൃഗങ്ങൾക്കുള്ള ഏഴ് ആവാസയിടങ്ങൾ എന്നിവയുടെ പണി ആരംഭിച്ചു. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന, മൃഗങ്ങൾക്കുള്ള 11 ആവാസയിടങ്ങൾ, ജലവിതരണം, മഴവെള്ള സംഭരണം, മാലിന്യ സംസ്കരണം, റോഡുകൾ, ട്രാംസ്റ്റേഷനുകൾ, കംഫർട്ട് സ്റ്റേഷനുകൾ, ചുറ്റുമതിൽ നിർമ്മാണം എന്നിവ ടെണ്ടർ ഘട്ടത്തിലാണ്. ഇതിനോടകം 28.87345 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) നിലവിൽ ഒന്നാം ഘട്ടത്തിൽപ്പെടുന്ന കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, പക്ഷികൾ, കാട്ടുപോത്ത് എന്നിവയുടെ ആവാസയിടങ്ങൾ പൂർത്തിയായി വരുന്നു.

(സി) 2019 മാർച്ചിൽ ഉദ്ഘാടനം ചെയ്ത രണ്ടാം ഘട്ടത്തിന്റെ പണികൾ നടന്നുവരുന്നു. പാർക്കിംഗ്, ഓറിയന്റേഷൻ സെന്റർ, ബയോഡൈവേഴ്സിറ്റി സെന്റർ, മാനുകൾ, ചീങ്കണ്ണി, സിംഹം, കടുവ, പുലി എന്നിവയെ പാർപ്പിക്കുവാനുള്ള ഏഴ് ആവാസയിടങ്ങൾ എന്നിവയാണ് ഈ ഘട്ടത്തിലുള്ളത്. എല്ലാ സൈറ്റിലും മണ്ണുവേല നടക്കുന്നു.

(ഡി) തൃശ്ശൂർ മൃഗശാലയ്ക്ക് നിലവിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ഇല്ല.

(ഇ) തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റിസ്ഥാപിച്ചതിനുശേഷമേ പുതിയ മൃഗങ്ങളെ കൊണ്ടുവരുകയുള്ളൂ.

**അനിമൽ ഹാൻഡ്‌ലിംഗ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ്**

158 (2688) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള അനിമൽ ഹാൻഡലിംഗ് ഇൻ സൂ ആൻഡ് ഫോറസ്റ്റ് എന്ന കോഴ്സ്സർക്കാർ അംഗീകൃതമാണോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2017-ൽ പ്രസ്തുത കോഴ്സ് പഠിച്ച ആദിവാസി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് എന്തുകൊണ്ട് നാളിതുവരെ ജോലി നൽകുവാൻ സർക്കാരിന് സാധിച്ചിട്ടില്ലെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് പഠിച്ചവർക്ക് സർക്കാരിന്റെ ഏതൊക്കെ മേഖലയിൽ ജോലി നൽകുവാൻ സാധിക്കും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 'അനിമൽ ഹാൻഡ്ലിംഗ് ഇൻ സൂ ആന്റ് ഫോറസ്റ്റ്' എന്ന കോഴ്സ് സർവ്വകലാശാലയിലെ ബോർഡ് ഓഫ് സ്റ്റഡീസ് അക്കാദമിക് കൗൺസിൽ എന്നീ സമിതികൾ അംഗീകരിച്ച് നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സാണ്.

(ബി&സി) ഈ കോഴ്സ് വനം വന്യജീവി വകുപ്പുകളിൽ അനുയോജ്യമായ തസ്തികകളുടെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി സർക്കാർ അംഗീകാരം നൽകിയാൽ മാത്രമേ ഈ കോഴ്സ് പഠിച്ചവർക്ക് പി.എസ്.സി. വഴി ജോലി നൽകാനാവൂ.

## 'റൂം ഫോർ റിവർ' പദ്ധതി

159(2689) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിന് 'റൂം ഫോർ റിവർ' എന്ന ഡച്ച് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ നെതർലാന്റ്സ് പര്യടനത്തിനിടയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ തുടർനടപടി എന്ന നിലയിൽ എന്തൊക്കെ കാര്യങ്ങൾ ജലവിഭവ വകുപ്പ് കൈക്കൊള്ളും?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) മുഖ്യമന്ത്രിയുടെ നെതർലാന്റ്സ് സന്ദർശനത്തിനിടയിൽ പുഴയ്ക്ക് വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പ്രളയംമൂലമുള്ള നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പുനർനിർമ്മാണത്തിനുമുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുമായി

ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ 'പ്രളയാനന്തരവികസന ആവശ്യങ്ങൾ' (Post Disaster Need Assessment - PDNA) എന്ന റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ജലവിഭവ മാനേജ്മെന്റ് ഭാവിയിൽ എങ്ങനെയാകണം എന്ന നിർദ്ദേശത്തിന്റെ ഭാഗമായി സംയോജിത ജലവിഭവപരിപാലനം (Integrated Water Resource Management - IWRM) നടപ്പിലാക്കണം എന്ന ആശയം മുന്നോട്ട് വന്നിട്ടുണ്ട്. അതിനായി നെതർലാന്റിൽ നടപ്പിലാക്കിയ പദ്ധതിയായ പുഴയ്ക്ക് വഴിയൊരുക്കുന്ന പദ്ധതി (റൂം ഫോർ റിവർ) എന്ന നദീസംരക്ഷണ ആശയം കേരളത്തിൽ അനുകരിക്കാവുന്നതാണ് എന്ന് കാണുന്നു. പ്രസ്തുത പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് നദികളുടെ ആഴം വർദ്ധിപ്പിച്ചും നദികളുടെ സുഗമമായ ഒഴുക്കിനുള്ള തടസ്സങ്ങൾ നീക്കിയും അവയുടെ ജലവാഹകശേഷി വർദ്ധിപ്പിക്കുകയും തൻമൂലം പ്രളയ സാദ്ധ്യത കുറയ്ക്കുകയും ചെയ്യുക എന്നതാണ്. ഈ ആശയം കേരളത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ പഠനവും പരിശോധനകളും നടന്നുവരുന്നു.

## ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറുകളുടെ അറ്റകുറ്റപ്പണി

160 (2690) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാംവിളയ്ക്ക് മുമ്പായി ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിന് വാർഷിക അറ്റകുറ്റപ്പണികൾക്കായി സ്ഥിരമായ ഫണ്ട് അനുവദിക്കുന്നതിനായുള്ള നിർദ്ദേശം പരിഗണിക്കുവാൻ സാധിക്കുമോ;

(ബി) ഇല്ലെങ്കിൽ ഒന്നാംവിളയ്ക്കു മുമ്പായി ലിഫ്റ്റ് ഇറിഗേഷൻ മോട്ടോറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ?

ഉത്തരം

(എ) അതാതു സാമ്പത്തിക വർഷങ്ങളിൽ വാർഷിക അറ്റകുറ്റപ്പണികളുടെ ഭാഗമായി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ മോട്ടോറുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾക്കായുള്ള തുക ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കാറുണ്ട്.

(ബി) നൽകുന്നതാണ്.

## സ്മാർട്ട് മീറ്റർ സംവിധാനം

161 (2691) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം പിരിക്കുന്നതിന് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിന്റെ സാധ്യത ജല അതോറിറ്റി പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അനുയോജ്യതയും പ്രായോഗികതയും വിലയിരുത്തി യിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും ഇതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജലത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ ജലവിതരണം നടത്തുന്ന സ്ഥാപനത്തിനും ഉപഭോക്താവിനും കൈമാറ്റം ചെയ്യുവാൻ കഴിയുന്ന രീതിയിലാണ് സ്മാർട്ട് മീറ്ററുകൾ പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള സ്മാർട്ട് മീറ്ററുകൾ ആഗോളതലത്തിലും ദേശീയ തലത്തിലും പ്രായോഗികമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കേരളത്തിലെ സാഹചര്യ ത്തിൽ പ്രായോഗികമാണെന്ന് കണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ അനുയോജ്യതയും പ്രായോഗികതയും പരീക്ഷണാടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ മനസ്സിലാക്കാവുന്നതാണ്.

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 229 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതികൾക്കായി ഇതുവരെ 1,38,717 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിയമനടപടി

162 (2692) ശ്രീ. കെ. എൻ. എ ഖാദർ:
ഡോ.എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലാശയങ്ങൾ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ ശിപാർശ ചെയ്യുന്ന തരത്തിൽ നിയമഭേദഗതി കൊണ്ടുവന്നതിനു ശേഷം ഇത്തരത്തിലുള്ള പ്രവണതകൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ വിശദമാക്കുമോ;

(ബി) പരിസ്ഥിതിനാശം വരുത്തുന്ന തരത്തിൽ കായൽത്തീരങ്ങൾ ബോധപൂർവ്വം കയ്യേറുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് കണ്ടെത്തിയിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം വിശദമാക്കുമോ; ഇത്തരത്തിൽ നിയമനടപടികൾ വല്ലതും സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കൊച്ചി ഇളംകുളം മെട്രോ സ്റ്റേഷന് പിൻവശത്ത് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ മെട്രോ നിർമ്മാണത്തെത്തുടർന്നുണ്ടായ കോൺക്രീറ്റ് വേസ്റ്റുകൾ കായലിന്റെ തീരത്ത് നിക്ഷേപിച്ച് കായൽ മലിനമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിനെ തുടർന്ന് സ്വീകരിച്ച നിയമ നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിയമഭേദഗതിയോടൊപ്പം സംസ്ഥാനത്ത് നടന്നുവരുന്ന ബോധവൽക്കരണ പ്രവർത്തനങ്ങളുടെയും ഹരിത കേരളം മിഷന്റെയും ജലവിഭവ വകുപ്പിന്റെയും നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകൾ പ്രചരിപ്പിച്ചതിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന മാലിന്യസംസ്കരണ നടപടികളുടെയും ഫലമായി ജലാശയ മലിനീകരണത്തിൽ പൊതുവിൽ മാറ്റം പ്രകടമായിട്ടുണ്ട്.

(ബി) കായൽ തീരങ്ങൾ വിവിധതരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതിലൊന്നാണ് കയ്യേറ്റം. കായൽ തീരങ്ങൾ കയ്യേറുന്ന പ്രവണത കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/റവന്യൂ അധികൃതരാണ് ഇത്തരം അവസരങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്.

തീരപ്രദേശ നിയന്ത്രണപരിപാലന നിയമം ബാധകമായിവരുന്ന സ്ഥലങ്ങളിൽ സംസ്ഥാനതീരദേശ നിയന്ത്രണ അതോറിറ്റിയും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൊച്ചി മെട്രോ ഇളംകുളം സ്റ്റേഷന് പിൻവശത്ത് മെട്രോ നിർമ്മാണത്തെത്തുടർന്ന് വേസ്റ്റുകൾ കായൽ തീരത്ത് നിക്ഷേപിച്ച് കായൽ മലിനമാക്കിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മലിനീകരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ മീറ്റിംഗ് വിളിക്കുകയും KMRL -നോട് മാലിന്യം എത്രയും വേഗം നീക്കം ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## കേന്ദ്രവിഹിതം പാഴാക്കുന്ന നടപടി

163 (2693) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിനിയോഗം സംബന്ധിച്ച കേന്ദ്രവിഹിതം ചെലവഴിക്കാതെ പാഴാക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ബി) പ്രധാനപ്പെട്ട എത്ര പദ്ധതികളുടെ തുകയാണ് ചെലവഴിക്കാതിരുന്നതെന്നും എത്ര ശതമാനം തുകയാണ് ചെലവഴിക്കാതിരുന്നതെന്നും അറിയിക്കാമോ;

(സി) പദ്ധതിനിർദ്ദേശങ്ങൾ യഥാസമയം സമർപ്പിക്കുന്നതിലുണ്ടായിരിക്കുന്ന കാലതാമസം വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര പദ്ധതികൾക്കനുസരിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകാൻ സംസ്ഥാനത്തിന് കഴിയാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാരിൽനിന്നും കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക കേരള വാട്ടർ അതോറിറ്റി പൂർണ്ണമായി വിനിയോഗിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 കാലയളവിൽ 18 കോടി രൂപയും 2017-18 കാലയളവിൽ 25.17 കോടി രൂപയും കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതി നിർവ്വഹണത്തിൽ മികവ് പരിഗണിച്ച് അധിക ഇൻസെന്റീവ് ഫണ്ടായി നൽകിയിരുന്നു.

കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.കെ.എസ്.വൈ. (പ്രധാനമന്ത്രി കൃഷി സിൻച്ചായി യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി ജലസേചന പ്രവർത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി PMKSY/കേന്ദ്ര ജല കമ്മീഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുണ്ട്. അവ പാലിക്കുന്ന പ്രവർത്തികൾക്ക് മാത്രമേ കേന്ദ്രസഹായം ലഭിക്കുകയുള്ളൂ. കേന്ദ്ര ജലകമ്മീഷൻ ജലസേചന പ്രവർത്തികൾക്കായി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിലെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കാരണം പല പ്രവർത്തികൾക്കും പാലിക്കുവാൻ കഴിയുന്നവയല്ല. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും കേന്ദ്രസഹായം ലഭിച്ചിട്ടില്ല.

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയാണ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതി. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടും നിലവിൽ 120 കോടി രൂപയുടെ കുടിശ്ശിക തീർക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും 2016-17 മുതൽ 2018-19 വരെ ലഭിച്ച തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി&ഡി) കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്ക് ഇപ്പോൾ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണംമൂലം പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ഫ്ലൂറൈഡ് ബാധിത പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള നാഷണൽ വാട്ടർ ക്വാളിറ്റി സബ്മിഷൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. മാത്രവുമല്ല കേരളത്തിന് അനുയോജ്യമായ പദ്ധതികൾക്ക് കേന്ദ്രവിഹിതത്തെ അപേക്ഷിച്ച് സംസ്ഥാന സർക്കാർ വൻതോതിൽ മുതൽമുടക്കേണ്ടിവരുന്ന സാഹചര്യത്തിൽ നാഷണൽ വാട്ടർ ക്വാളിറ്റി സബ്മിഷൻ (NWQSM) പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. രാജ്യത്തെ തെരഞ്ഞെടുത്ത ജില്ലകളിൽ പൈപ്പ് വെള്ളം ലഭ്യമാക്കുന്നതിനുള്ള സ്വജൽ പദ്ധതിയിൽ കേരളത്തിൽനിന്നും വയനാട് ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെയും മാർഗ്ഗരേഖ കേരളത്തിലെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ല. സ്വജൽ പദ്ധതി പ്രകാരം ഗുണഭോക്തൃ സമിതികളാണ് പദ്ധതികളുടെ നടത്തിപ്പ് പരിപാലന ചുമതല നിർവഹിക്കേണ്ടത്. മാർഗ്ഗരേഖകളിൽ ആവശ്യമായ ഇളവുവരുത്തി വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വൻകിട കുടിവെള്ള പദ്ധതികളിൽനിന്നും വിതരണ ശൃംഖല ദീർഘിപ്പിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് അനുമതി ലഭ്യമാക്കാൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജില്ലാ അടിസ്ഥാനത്തിലാണ് PMKSY-യുടെ പ്രവർത്തികൾ തയ്യാറാക്കുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും ജലസേചന വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തി തയ്യാറാക്കിയ District Irrigation Plan യഥാസമയംതന്നെ സമർപ്പിച്ചിരുന്നു. എന്നാൽ PMKSY- യിൽ ഉൾപ്പെടുത്തിയ ജലസേചന പ്രവർത്തികൾക്ക് MoWR- ൽ നിന്നും ഫണ്ട് ലഭിക്കണമെങ്കിൽ അവയ്ക്ക് CWC-യുടെ അംഗീകാരം കൂടി ലഭിക്കേണ്ടതുണ്ട്. CWC- യുടെ PMKSY മാനദണ്ഡങ്ങൾ കേരളത്തിലെ പ്രത്യേക ഭൂപ്രകൃതിയും ജനസാന്ദ്രതയും കാരണം പാലിക്കുവാൻ കഴിയാത്ത സാഹചര്യമാണ്. പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി മേൽപ്പറഞ്ഞ വിഷയങ്ങൾ പരിഗണിച്ച് മാനദണ്ഡങ്ങളിൽ ഇളവ് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജല സമൃദ്ധി പദ്ധതി

164 (2694) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത മിഷന്റെ ഭാഗമായി ജല സമൃദ്ധി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ; 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി നീക്കിവെച്ച ബഡ്ജറ്റ് വിഹിതം, ചിലവഴിച്ച തുക ഇവയുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതിയെക്കുറിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജല ഉപമിഷൻ ആണ് ജലസമൃദ്ധി എന്ന പേരിൽ അറിയപ്പെടുന്നത്. ജലസമൃദ്ധിയുടെ ലക്ഷ്യങ്ങൾ ചുവടെ കാണുംവിധമാണ് :

- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
- പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും ജനങ്ങളിൽ വളർത്തിയെടുക്കുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്കുകൂടി ഉറപ്പാക്കുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക.

2018-19 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി മൂന്ന് ഹെഡ് ഓഫ് അക്കൗണ്ടുകളിലായി ആകെ 28.11 കോടി രൂപ നീക്കിവച്ചിരുന്നു. പ്രസ്തുത തുക വിനിയോഗിച്ച് നടപ്പിലാക്കേണ്ട പ്രവൃത്തികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. നാളിതുവരെ 455.62 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ജലസമൃദ്ധിയുടെ ലക്ഷ്യങ്ങളായ ജലസംരക്ഷണവും ജലസുരക്ഷയും ഉറപ്പാക്കുന്നതിനായി വലിയ ജനപങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും വിവിധ വകുപ്പുകളുടെ സഹകരണത്തോടെയും നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. 1034 തദ്ദേശഭരണ സ്ഥാപനങ്ങളും നീർത്തട നടത്തം പൂർത്തിയാക്കി. 843 തദ്ദേശഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കി. 202 കി.മീ. പുഴകൾ പുനരുജ്ജീവിപ്പിച്ചു. 18,138 കി.മീ. നീർച്ചാലുകൾ/തോടുകൾ പുനരുജ്ജീവിപ്പിച്ചു. 48936 കിണറുകൾ റീചാർജ് ചെയ്തു. 4625 കിണറുകൾ നവീകരിച്ചു. 8675 കുളങ്ങൾ നിർമ്മിച്ചു. 9889 കുളങ്ങൾ നവീകരിച്ചു. 1,47,239 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവ്വഹിച്ചു.

ഭൂജലവകുപ്പ് ജലസമൃദ്ധി പദ്ധതിയിൻ കീഴിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ ഭൂജല സംപോഷണ പ്രവൃത്തികൾ ഭൂജലവിതാനം ഉയർത്തുന്നതിന് വളരെ ഫലപ്രദമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

ജലസേചനവകുപ്പ് മുഖേന നിർവ്വഹണം നടത്തിവരുന്ന പദ്ധതികളിൽപ്പെടുന്ന കുളങ്ങളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തതിൽ 364 എണ്ണം പൂർത്തിയായിട്ടുണ്ട്.

(ഡി) നടത്തിയിട്ടുണ്ട്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിതകേരളം മിഷൻ മീറ്റിംഗ് 5 തവണ ചേർന്നിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ ഉപമിഷനുകളുടെ അവലോകനയോഗങ്ങളും നടന്നിട്ടുണ്ട്.

സംസ്ഥാനതലത്തിൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല കർമ്മസമിതിയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർപേഴ്സണായ ജില്ലാതല കർമ്മസേനയുമാണ് പുരോഗതി വിലയിരുത്തൽ നടത്തുന്നത്. നാളിതുവരെയായി സംസ്ഥാനതല കർമ്മസമിതി 8 തവണ യോഗം ചേർന്നിട്ടുണ്ട്.

## ജലവിഭവ വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

165 (2695) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് നടപ്പുസാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള വിശദമായ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഏത് ഏജൻസിക്കാണ് ഇതിന്റെ ചുമതലയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജലസേചനവകുപ്പിൽ നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി എം.ഐ.ക്ലാസ്സ്-1, എം.ഐ.ക്ലാസ്സ്-2, എം.ഐ.ക്ലാസ്സ്-1 അണ്ടർ ഹരിതകേരളം, എം.ഐ.ക്ലാസ്സ്-2 അണ്ടർ ഹരിതകേരളം, റെനോവേഷൻ ഓഫ് പോണ്ട്സ് ആൻഡ് ടാങ്ക്സ്, എം.ഐ.പ്രോജക്ട്സ് ഇൻ കാവേരി ബേസിൻ, ഭവാനി ബേസിൻ, ന്യൂ എൽ.ഐ.സ്കീം, റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം, റിപ്പയേഴ്സ് റ്റു എം.ഐ.സ്ട്രക്ച്ചർ എന്നീ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി തുക വകയിരുത്തി യിട്ടുണ്ട്. ഇതിൽ റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ.സ്കീം, റിപ്പയേഴ്സ് റ്റു എം.ഐ.സ്ട്രക്ച്ചർ എന്നീ പ്ലാൻ പദ്ധതികൾ ഒഴികെ ബാക്കിയുള്ളവയുടെ വിശദ പദ്ധതി റിപ്പോർട്ട് ഉൾപ്പെടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണനയിലാണ്. സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ലക്ഷ്യമിട്ട് മൈക്രോ ഇറിഗേഷൻ സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഈ സാമ്പത്തിക വർഷം ജലസേചന വകുപ്പിനുകീഴിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പുമായി ചേർന്ന് സംസ്ഥാനത്ത് ലഭ്യമായ സ്ഥലങ്ങളിൽ പ്രസ്തുത ജലസേചന രീതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

മേൽ വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 47 ആയി വരട്ടാർ, കുട്ടംപേരുവാർ, കോലറയാർ, മീനച്ചിലാർ, കൊട്ടൂരാർ, മീനന്തറയാർ, കാനാമ്പുഴ, കിള്ളിയാർ, പള്ളിക്കലാർ കരിപ്പേൽചാർ എന്നിവയ്ക്കായി 25.00 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്.

നോൺ പ്ലാൻ സ്കീമുകൾ

നടപ്പുസാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി വിവിധ ശീർഷകങ്ങളിൽ തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (അനുബന്ധം II)*

നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളായ കാരാപ്പുഴ ജലസേചന പദ്ധതിക്ക് 872.32 ലക്ഷം രൂപയും ബാണാസുര സാഗർ പദ്ധതിക്കായി 744.11 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ചമ്രവട്ടം പദ്ധതികളുടെ റെക്ടിഫിക്കേഷൻ പ്രവൃത്തികൾക്കായി 29.75 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർനടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കാഡാ പ്രവൃത്തികൾക്കായി 10 കോടി രൂപ വകയിരുത്തിയത് പ്രയോജനപ്പെടുത്തി മലമ്പുഴ (250 ലക്ഷം), മംഗലം (50 ലക്ഷം), ചേരാമംഗലം (50 ലക്ഷം), പോത്തുണ്ടി (150 ലക്ഷം), ചിറ്റൂർപ്പുഴ (500 ലക്ഷം) എന്നീ പദ്ധതികളിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പൂർത്തീകരിച്ച പദ്ധതികളുടെ പുനരുദ്ധാരണത്തിനായി കുറ്റ്യാടി ( 5 കോടി), പഴശ്ശി (5 കോടി), ചിറ്റൂർപ്പുഴ (6 കോടി), ചേരാമംഗലം (3.50 കോടി) രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ മൂലത്തറ വലതുകര കനാൽ വരട്ടയാർ മുതൽ വേലന്താവളം വരെ നീട്ടുന്നതിന് 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്.

നോൺ പ്ലാൻ ഫണ്ട്

പൂർത്തീകരിച്ച പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. വിശദാംശം താഴെ പറയുന്നു.

| | | |
|---|---|---|
| 1. മലമ്പുഴ | – | 500 ലക്ഷം |
| 2. മംഗലം | - | 100 ലക്ഷം |
| 3. പോത്തുണ്ടി | - | 150 ലക്ഷം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| 4. ചേരാമംഗലം | - | 20 ലക്ഷം |
| 5. ചിറ്റൂർപ്പുഴ | - | 330 ലക്ഷം |
| 6. വാളയാർ | - | 100 ലക്ഷം |
| 7. ഗായത്രി | - | 100 ലക്ഷം |
| 8. കാഞ്ഞിരപ്പുഴ | - | 150 ലക്ഷം |
| 9. RCB തൃത്താല | - | 15 ലക്ഷം |
| 10. കുറ്റ്യാടി | - | 250 ലക്ഷം |
| 11. പഴശ്ശി | - | 50 ലക്ഷം |

2018-ലെ പ്രളയംമൂലം കനാലുകളിലും അനുബന്ധ നിർമ്മിതികളിലും ഉണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനായി എസ്.ടി.ആർ.എഫ്-ൽ 97.02 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മീനച്ചിൽ റിവർവാലി പദ്ധതിയിൽ ഉൾപ്പെടുത്തി പാലാ മുനിസിപ്പാലിറ്റിയിൽ അരുണാപുരത്ത് മീനച്ചിൽ നദിക്കുകുറുകെ നിർമ്മിക്കുന്ന Mini dam with regulator cum bridge 20.85 കോടിയുടെയും തീക്കോയ് പഞ്ചായത്തിൽ ചേരിപ്പാടിൽ മീനച്ചിൽ, തീക്കോയ് പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന Mini dam with regulator -ന്റെ 7.68 കോടിയുടെയും മൂന്നിലവ് പഞ്ചായത്തിൽ ചില്ലാച്ചി ഭാഗത്ത് മീനച്ചിൽ പുഴയ്ക്കു കുറുകെ നിർമ്മിക്കുന്ന Check Dam with regulator cum bridge 3.24 കോടിയുടെയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ചുവരുന്നു. ഏറ്റുമാനൂർ പഞ്ചായത്തിൽ പള്ളിക്കുന്നിൽ മീനച്ചിൽ നദിക്കുകുറുകെ നിർമ്മിക്കുന്ന mini dam cum regulator- ന്റെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ കരിവണ്ണൂർപുഴയിലെ കണ്ണേറ്റുപാടത്ത് 17 കോടിയുടെയും കാനത്തോടിൽ നിർമ്മിക്കുന്ന Regulator cum bridge 22 കോടിയുടെയും വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ചാലക്കുടിപുഴയിൽ തുമ്പൂർമൂഴിക്കു മുകളിലായി വെറ്റിലപ്പാറയിലും കണ്ണൻകുഴിയിലും ഓരോ സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ സർവ്വെയും സോയിൽ ഇൻവെസ്റ്റിഗേഷൻ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്.

- പാമ്പാർ പദ്ധതിയിലെ തലയാർ സ്കീമിൽ ഉൾപ്പെട്ട ലോവർചട്ട, അപ്പർചട്ട മൂന്നാർ ഡാമിന്റെയും ഒറ്റമരം ഡാമിന്റെയും പര്യവേഷണ ജോലികൾ നടന്നുവരുന്നു.
- തൃശ്ശൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച 24 കോടിയുടെ Munayam Regulator cum bridge തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

- മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ കാഡ പ്രവൃത്തികളും 2.64 കോടിയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു നടപ്പിലാക്കിവരുന്നു. കൂടാതെ 7.36 കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടത്തുവാനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. എല്ലാ ജലസേചന പദ്ധതികളിലും മൈക്രോ ഇറിഗേഷൻ പ്രവൃത്തികളും നടപ്പുസാമ്പത്തിക വർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു.

- ലോകബാങ്ക് സഹായത്തോടെ 2012- ൽ ആരംഭിച്ച് 2020 ജൂൺ മാസം വരെ കാലാവധിയുള്ള ഡ്രിപ്പ് പദ്ധതിയിൽ ജലസേചന വകുപ്പിന്റെ 16 ഡാമുകളുടെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിട്ടുണ്ട്. 360 കോടി രൂപയുടെ ഭരണാനുമതിയുള്ള പദ്ധതിയെ 46 പാക്കേജുകളായാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 8 പാക്കേജുകളായ ചിമ്മിണി, കുറ്റിയാടി, നെയ്യാർ, ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ പാക്കേജും പി.വി.ഐ.പി (ബ്രിഡ്ജ്) കുറ്റിയാടി ഇലക്ട്രിക്കൽ, കല്ലട മെക്കാനിക്കൽ, മൂലത്തറ (സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ) നടന്നുവരുന്നു. ഇവയെല്ലാം നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഡാമുകളുടെ സർവ്വീലൻസിന്റെ bid ലോക ബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം നടപ്പിലാക്കുന്നതാണ്. ജലസേചന വകുപ്പിനു കീഴിലുള്ള എല്ലാ ഡാമുകളുടെയും ഇൻസ്ട്രുമെന്റേഷൻ വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സ് (ഇലക്ട്രിക്കൽ), കുറ്റിയാടി ബാക്കിംഗ്, കുറ്റിയാടി (inspection bunglow) എന്നീ പാക്കേജുകൾകൂടി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ഡ്രിപ് പദ്ധതികളാണ്.

ഹൈഡ്രോളജി വിഭാഗം ഫീൽഡ് സ്റ്റഡീസ് സർക്കിളിന് കീഴിൽ 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ താഴെ കൊടുക്കുന്നു:

1. കേന്ദ്ര സർക്കാരിന്റെ ഗ്രാന്റോടുകൂടി നടപ്പിലാക്കുന്ന നാഷണൽ ഹൈഡ്രോളജി പ്രോജക്ടുമായി ബന്ധപ്പെടുന്ന വിവിധ പ്രവർത്തനങ്ങളിൽ പ്രധാനമായത് താഴെ കൊടുക്കുന്നു.

- മഴയുടെയും കാലാവസ്ഥയുടെയും കണക്കുകൾ പുഴയിലെ ജലത്തിന്റെ അളവുകളും ഗേജ് റീഡർമാരെ നിയമിച്ച് ശേഖരിക്കുന്ന പ്രവർത്തികൾ

- മേൽപ്പറഞ്ഞ വിവരങ്ങൾ തൽസമയം ലഭിക്കുന്നതിനുവേണ്ടിയും Flood Warning System ഉണ്ടാക്കുന്നതിനുവേണ്ടിയുമുള്ള പ്രവർത്തനങ്ങൾ

- തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽപ്പെട്ട സ്ഥലങ്ങളിലെ ജല ഗുണനിലവാര പഠനവും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സമർപ്പിക്കൽ
- കടലിൽനിന്നും നദികളിലേയ്ക്ക് ഉപ്പുവെള്ളം കലരുന്നത് സംബന്ധിച്ച് കടലുണ്ടി, അഞ്ചരക്കണ്ടി, പള്ളിക്കൽ എന്നീ നദികളിലുള്ള പഠനവും അവ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സമർപ്പിക്കൽ
- ഇമേജ് പ്രോസസ്സിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് മൂവാറ്റുപുഴ നദിയിൽ തൊടുപുഴയ്ക്കടുത്ത് നീരൊഴുക്ക് അളക്കുന്ന പഠനം നടത്തുന്നതിനുള്ള പ്രവർത്തികൾ
- വിവിധ നദീതടങ്ങളിൽ സംയോജിത നദീതട പരിപാലനവും ആസൂത്രണത്തിനും വേണ്ടിയുള്ള നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് മാതൃകകളുടെ നിർമ്മാണവും പഠനവും
- ദേശീയ നിലവാരത്തിലുള്ള പരിശീലനകേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക
- സംസ്ഥാന ഫണ്ടിന്റെ സഹായത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള ഗേജിംഗ് സ്റ്റേഷനുകളിൽനിന്നുമുള്ള ഡാറ്റാ ശേഖരണവും ഗേജിംഗ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികളും

II ഐ.ഡി.ആർ.ബി.യുടെ റിസർച്ച് സെന്ററായ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

I. Development of KERI Stage II (Head of Account: 4701-80-800-99-00)

ആകെ ഒരു കോടി രൂപയുടെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിൽ ലാബുകളുടെ ദൈനംദിന പ്രവൃത്തികൾ, ലാബിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക, Sedimentation Study, NABL Accreditation - വേണ്ടിയുള്ള പ്രവൃത്തികൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

II. Investigation of Major Irrigation Scheme: (Head of Account 4700-80-005-99-02-00)

ആകെ 1,28,57,000 രൂപയുടെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിൽ Disiltation study of Dams, Physical Model Study of Dams, Sedimentation Study എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

III. Formation for River Basin Organisation (Head of Account: 4701-80-800-88-00-00)

ആകെ 75 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിൽ Sand Budgeting in Chaliyar River Basin, Survey on Chandragiri River എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

IV. Modernisation of Hydrology Information System. (Head of Account: 2701-80-005-92-00-00)

ആകെ നാല് കോടി രൂപയുടെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിൽ Setting up of Tidal Station at Thottappally, Renovation of Calibration Tank എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

V. Modernisation of Design Wing:(Head of Account:2701-80-005-93-00-00)

ആകെ 1,06,25,000 രൂപയുടെ പ്രവൃത്തികളാണ് നടത്താനുദ്ദേശിക്കുന്നത്. ഇതിൽ ജലസേചന വകുപ്പിലെ ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ ആധുനികവൽക്കരണം, കണ്ണൂർ അങ്കമാലി എന്നിവിടങ്ങളിൽ ഗുണനിലവാര പരിശോധനാ കേന്ദ്രം സ്ഥാപിക്കൽ, നെടുമങ്ങാട് ഗുണനിലവാര പരിശോധനാ കേന്ദ്രത്തിന്റെ പ്രവൃത്തികൾ, പരിശീലന പരിപാടികൾ, NABL Accreditation -ന്റെ ഭാഗമായുള്ള കെ.ഇ.ആർ.ഐ. പീച്ചിയിലെ പ്രവൃത്തികൾ എന്നിവയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പ്രസ്തുത പ്രവൃത്തികളുടെ രൂപരേഖ തയ്യാറാക്കിവരുന്നു. കിഫ്ബി ഫണ്ടിംഗിലൂടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ വിവിധ കനാലുകളുടെ നവീകരണ പ്രവൃത്തികൾ ആഴം കൂട്ടൽ, വശങ്ങൾ ബലപ്പെടുത്തൽ, കലുങ്കുകളുടെ നിർമ്മാണം, എറണാകുളം തൃപ്പൂണിത്തുറയിൽ അന്ധകാരത്തോടിന്റെ നവീകരണ പ്രവൃത്തികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കടലാക്രമണ ഭീഷണി ചെറുക്കുന്നതിലേയ്ക്കായി ആലപ്പുഴ ജില്ലയിൽ 5 ഗ്രോയൻ ഫീൽഡുകൾ 184.041 കോടി രൂപയ്ക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| 1. ആറാട്ടുപുഴ | - | 28.519 കോടി |
| 2. പതിയാകര | - | 21.635 കോടി |
| 3. വട്ടച്ചാൽ | - | 30.67 കോടി |
| 4. അമ്പലപ്പുഴ | - | 53.358 കോടി |
| 5. കാട്ടൂർ | - | 49.859 കോടി |
| ആകെ | - | 184.041 കോടി |

ഇവയുടെ സാങ്കേതികാനുമതി ഉൾപ്പെടെയുള്ള ജോലികൾ പുരോഗതിയിലാണ്.

കണ്ണൂർ ജില്ലയിലെ കുപ്പം നദിയിൽ കുവേരി കാട്ടമ്പള്ളി ആർ.സി.ബി. നിർമ്മാണത്തിനായി 26.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നവീകരിക്കുവാനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 32 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതുപയോഗിച്ച് ആലപ്പുഴ, അമ്പലപ്പുഴ, ഏറ്റുമാനൂർ, ചങ്ങനാശ്ശേരി എന്നീ നിയമസഭാ മണ്ഡലങ്ങളിലെ പാടശേഖരങ്ങളിലെ പുറംബണ്ട് നിർമ്മാണത്തിനും നവീകരണത്തിനുംവേണ്ടി പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

തോട്ടപ്പള്ളി സ്പിൽവേ നവീകരിക്കുവാനായി NABARD (RIDF) സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച 38.80 കോടി രൂപ വിനിയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ തുടങ്ങുവാനുള്ള നടപടികളും ത്വരിത ഗതിയിൽ പുരോഗമിക്കുന്നു.

ഭൂജല വകുപ്പ് നടപ്പുസാമ്പത്തിക വർഷം (2019-20) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്ലാൻ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | ശീർഷകം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഭൂജലത്തിനുള്ള അന്വേഷണവും വികസനവും | 2702-02-005-99 | 2000 |
| 2 | ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും | 2702-02-005-93 | 25 |
| 3 | വ്യക്തികൾക്കുള്ള പരിശീലനം | 2702-02-005-92 | 5 |
| 4 | ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും | 4702-00-102-97 | 450 |
| 5 | ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി | 2702-02-103-99 | 75 |
| 6 | ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതി | 4702-00-102-94 | 225 |
| | ആകെ | | 2780 |

കൂടാതെ നാഷണൽ ഹൈഡ്രോളജി പ്രോജക്ട് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി (100% grant in aid) സമഗ്രമായ ജലവിഭവ വിനിയോഗം നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. പ്രസ്തുത പ്രോജക്ടിന്റെ കാലാവധി 2015-16 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള എട്ട് വർഷകാലയളവാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി (Ground water Component) കേന്ദ്ര ധനസഹായമായി നാല്പതുകോടി രൂപ അനുവദിച്ചിരുന്നു. ആയതിൽനിന്ന് 2019 മെയ് 31 വരെ വകുപ്പിന് 226 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>കേരള വാട്ടർ അതോറിറ്റി</u>

കേരള വാട്ടർ ആതോറിറ്റിക്ക് നടപ്പ് സാമ്പത്തിക വർഷം 700.51 കോടി രൂപയാണ് പദ്ധതിയിനത്തിൽ സ്റ്റേറ്റ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇതിൽ സർവ്വെ & ഇൻവെസ്റ്റിഗേഷന് 200 ലക്ഷം, മാനവശേഷി വികസനം, ഗവേഷണം, ഗുണനിയന്ത്രണം എന്നിവയ്ക്കായി 200 ലക്ഷം, സ്വീവറേജ് പദ്ധതികൾക്കായി 950 ലക്ഷം, നഗര കുടിവെള്ള പദ്ധതികൾക്കായി 10,000 ലക്ഷം, അരുവിക്കര പമ്പിങ് സ്റ്റേഷൻ നവീകരണത്തിനായി ഒരു ലക്ഷം, ഗ്രാമീണ കുടിവെള്ള പദ്ധതി കൾക്കായി 13,000 ലക്ഷം, പ്രത്യേക സ്ഥാപനങ്ങൾ/സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതിക്കായി 200 ലക്ഷം, ഇ.ആർ.പി., ഇ-ഗവേണൻസ്, ജി.ഐ.എസ് & ഇൻഫർമേഷൻ മാനേജ്മെന്റിനുമായി 500 ലക്ഷം, ഉത്പാദനവും വിതരണവും മെച്ചപ്പെടുത്തലിനായി 10,000 ലക്ഷം, നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണത്തിനായി 500 ലക്ഷം, നവീന സാങ്കേതികവിദ്യകളും ആധുനിക മാനേജ്മെന്റ് സമ്പ്രദായത്തിനും വേണ്ടിയുള്ള പദ്ധതികൾക്കായി 100 ലക്ഷം, നബാർഡ് പദ്ധതികൾക്കായി 8000 ലക്ഷം, കുപ്പിവെള്ള ഉൽപാദന യൂണിറ്റുകൾക്കായി 500 ലക്ഷം, ജിക്ക പദ്ധതികൾക്കായി 7500 ലക്ഷം, വരൾച്ചാ പ്രതിരോധ പദ്ധതികൾക്കായി 3000 ലക്ഷം, എ.ആർ.പി പദ്ധതികൾക്കായി 10000 ലക്ഷം. എൻ.ആർ.ഡി.ഡബ്ല്യൂ.പി. പദ്ധതികളുടെ പൂർത്തീകരണത്തിനായി 5000 ലക്ഷം, ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തൽ പദ്ധതികൾക്കായി 400 ലക്ഷം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരള വാട്ടർ അതോറിറ്റി അടുത്ത അഞ്ചുവർഷത്തേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ പ്ലാനിൽ ഉത്പാദന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതും വിതരണ ശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നൽകി വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള ശുദ്ധീകരണശാലകളിൽനിന്നും ജനങ്ങൾക്ക് ജലമെത്തിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതികൾക്കായി ഏകദേശം 11,340 കോടി രൂപ ആവശ്യമാണ്. ഇത് RKI (റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ്), കിഫ്ബി, നബാർഡ്, എൻ.ആർ.ഡി.ഡബ്ല്യു.പി മുതലായവയുടെ ധനസഹായത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ജലനിധി

ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത 115 ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന കുടിവെള്ള വിതരണ പദ്ധതികളെല്ലാംതന്നെ നടപ്പ് സാമ്പത്തിക വർഷം പൂർത്തീകരിക്കും. ഇതോടെ സംസ്ഥാനത്ത് 2176 പദ്ധതികളുടെ കമ്മീഷനിംഗ് പൂർത്തീകരിക്കുകയും 259708 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യും. സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി ജലനിധി ഒന്നാംഘട്ടത്തിലെ ഗ്രാമപഞ്ചായത്തുകളിലെ പൂർണ്ണമായോ ഭാഗീകമായോ പ്രവർത്തിക്കാത്ത 649 പദ്ധതികൾ പുനരുദ്ധരിച്ച് നവീകരിക്കുന്നതിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മേൽ സൂചിപ്പിച്ച പദ്ധതികൾ ജലവിഭവ വകുപ്പിൽ വിവിധ തലങ്ങളിൽ അംഗീകാരത്തിനായുള്ള വിവിധ ഘട്ടങ്ങളിലാണ്.

**കേന്ദ്ര പദ്ധതികൾക്കായി ജില്ലകൾ കേന്ദ്രീകരിച്ച് ഡിവിഷൻ**

166 (2696) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസഹായം ലഭിച്ചുവരുന്ന പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലകൾ കേന്ദ്രീകരിച്ച് ഡിവിഷൻ രൂപീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം വിശദമായ പരിശോധനയിലാണ്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ അവസ്ഥ**

167 (2697) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കൻമല, കൊല്ലയിൽ, കുന്നത്തുകാൽ എന്നീ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാഴിപ്പാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് കുടിവെള്ള വിതരണം നടത്തുന്നത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. കിഴക്കൻമല കുടിവെള്ളപദ്ധതി

ആര്യങ്കോട്, പെരുങ്കടവിള പഞ്ചായത്തുകൾക്ക് പ്രയോജനം ലഭിക്കുന്ന കിഴക്കൻമല കുടിവെള്ള പദ്ധതിക്ക് സർക്കാർ 38.50 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കിഫ്ബിയുടെ പരിഗണനയിലാണ്.

2. കൊല്ലയിൽ കുടിവെള്ള പദ്ധതി

കൊല്ലയിൽ പഞ്ചായത്തിലേയ്ക്ക് കാളിപ്പാറ പദ്ധതിയിൽനിന്നും ശുദ്ധജലം നേരിട്ടെത്തിക്കുന്നതിനായുള്ള ഒരു ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

3. കുന്നത്തുകാൽ കുടിവെള്ളപദ്ധതി

കുന്നത്തുകാൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ആദ്യഘട്ടം 2015-ൽ കമ്മീഷൻ ചെയ്യുകയുണ്ടായി. ടി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തിയായിവരുന്നു. രണ്ടാം ഘട്ടത്തിൽ കോട്ടുക്കോണത്ത് 9.15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും പൈപ്പ്ലൈൻ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) വെള്ളറട, അമ്പൂരി, കള്ളിക്കാട് പഞ്ചായത്തുകൾ

## ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള പച്ചത്തുരുത്ത് പദ്ധതി

168 (2698) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കേന്ദ്രങ്ങളെയാണ് കാസർഗോഡ് ജില്ലയിൽ തിരഞ്ഞെടുത്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രങ്ങളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആവശ്യമായ ഫണ്ട് എത്രയാണെന്നും അത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ;

(ഡി) ഹരിതകേരളം മിഷൻ സംസ്ഥാനത്ത് നടത്തിയ പുഴ പുനരുജ്ജീവന ജലസംരക്ഷണ പ്രവർത്തനങ്ങളെ ആധാരമാക്കിയാണോ ജലസംഗമം സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പുഴപുനരുജ്ജീവന-ജലസംരക്ഷണ പ്രവർത്തങ്ങൾക്കാണോ, ജലസംഗമത്തിനാണോ കൂടുതൽ തുക ചെലവായതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലഭ്യമായ പൊതു, സ്വകാര്യ ഭൂമികളിൽ (½ സെന്റ് മുതൽ) പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ ഭാഗമായുള്ള വൃക്ഷങ്ങളും കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവയെല്ലാം ഉൾപ്പെടുന്ന സ്വാഭാവിക വനമാതൃകകൾ വച്ചുപിടിപ്പിക്കുകയാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

ഹരിതഗൃഹ പ്രഭാവംമൂലമുള്ള കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രായോഗിക ഇടപെടൽ എന്ന രീതിയിലാണ് ഇത് നടപ്പിലാക്കുന്നത്.

സാധാരണയുള്ള വൃക്ഷത്തൈ നടീൽ പരിപാടിയിൽനിന്ന് വ്യത്യസ്തമായി തുടർപരിപാലനംകൂടി ഉറപ്പുവരുത്തുന്ന രീതിയിലാണ് പച്ചത്തുരുത്ത് സംഘാടനം നടത്തുന്നത്.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലഭ്യമായ പൊതു, സ്വകാര്യ ഭൂമികളിൽ (½ സെന്റ് മുതൽ) പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ ഭാഗമായുള്ള വൃക്ഷങ്ങളും കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിവയെല്ലാം ഉൾപ്പെടുന്ന സ്വാഭാവിക വനമാതൃകകൾ വച്ചുപിടിപ്പിക്കുകയാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പച്ചത്തുരുത്തിന് തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ അനുയോജ്യമായ തൈകൾ സോഷ്യൽ ഫോറസ്ട്രി മുഖേന സൗജന്യമായി ലഭ്യമാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ നടീൽ മുതൽ പരിപാലനം വരെ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തുടർ സംരക്ഷണത്തിനായി പ്രാദേശിക സംഘാടക സമിതി രൂപീകരിച്ച് തദ്ദേശസ്ഥാപന തലത്തിൽ നടുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ ഫണ്ട് തദ്ദേശസ്ഥാപന തലത്തിലാണ് കണ്ടെത്തേണ്ടത്.

(ഡി) ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വിജയകരമായി നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവരുടെ പ്രവർത്തനങ്ങൾ വിദഗ്ധരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം ലഭ്യമാകുന്നതിനുമാണ് 'ജലസംഗമം' എന്നപേരിൽ ദേശീയ സെമിനാർ നടത്തിയത്. ഇതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മികച്ച മാതൃകകൾ മനസ്സിലാക്കുന്നതിനും സെമിനാർ ഉപകരിച്ചു. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തുന്നതിനായി മൂന്ന് മേഖലകളായി തിരിച്ചാണ് സെമിനാർ അവതരിപ്പിച്ചത്.

1. നദി പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും
2. പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷാ പ്ലാനും
3. നഗര നീർചാലുകളും ജല പുനരുപയോഗവും

(ഇ) സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ നദി പുനരുജ്ജീവന പ്രവർത്തനങ്ങൾ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനകീയ കൂട്ടായ്മകളുടെയും നേതൃത്വത്തിലാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബഡ്ജറ്റ്

വിഹിതം ഉപയോഗിച്ചും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയുമാണ് ഏറ്റെടുക്കാറുള്ളത്. ഇതിനായി മിഷൻ പണം ചെലവഴിക്കാറില്ല.

ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ദേശീയ സെമിനാർ, ഇത്തരം പ്രവർത്തനങ്ങളിൽ ശാസ്ത്രീയ പിന്തുണ ലഭ്യമാകുന്നതിനും വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ജലസംരക്ഷണ പദ്ധതികൾ**

169 (2699) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വരൾച്ച നേരിടുന്നതിന് ഹരിതമിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പദ്ധതികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ജലവിഭവ വകുപ്പ് മുഖാന്തരം 2018-19-ൽ ഇത്തരത്തിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്;

(സി) മീനച്ചിലാർ, പള്ളിക്കലാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം തുടങ്ങി ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരുന്ന പദ്ധതികൾ വിജയപ്രദമാണോ;

(ഡി) മേല്പറഞ്ഞ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിൽക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞിട്ടുണ്ട്. വരൾച്ചയുൾപ്പെടെയുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് ജലസംരക്ഷണവും ശാസ്ത്രീയ ജലവിഭവ പരിപാലനവും ആവശ്യമാണെന്ന സന്ദേശം നൽകുന്നതിനൊപ്പം നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശിക ജലലഭ്യത വർദ്ധിപ്പിക്കാനും അതുവഴി വരൾച്ചയെ നേരിടുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) ഭൂജലവകുപ്പിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഭൂജല സംപോഷണ പദ്ധതികളിൽ ഡഗ്ഗ് വെൽ റീചാർജ്ജ്/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ റീചാർജ്ജ് എന്നിവയിൽ ജില്ലതിരിച്ച് 124 പ്രൊപ്പോസലുകൾ ലഭ്യമായതിൽ 124-നും സാങ്കേതികാനുമതി നൽകുകയും 81 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ഇതിനായി 129.06 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നീർച്ചാലുകളുടെ പുനരുദ്ധാരണം, തടയണകളുടെ നിർമ്മാണം, കുളങ്ങൾ ശുചിയാക്കി പുനരുദ്ധരിക്കുക, മണൽ-എക്കൽ അടിഞ്ഞ് നീരൊഴുക്ക് നിലച്ച തോടുകൾ പുനരുദ്ധരിച്ച് നീരൊഴുക്ക് സാധ്യമാക്കുക എന്നീ പ്രവൃത്തികൾ ഹരിത കേരളത്തിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി Renovation of Tanks and Ponds, MI Class I under Haritha Keralam, MI Class II under Haritha Keralam എന്നീ പ്രവൃത്തികൾ യഥാക്രമം 1307.3, 796, 689.79 ലക്ഷം രൂപ തുകയ്ക്ക് നടപ്പിലാക്കിവരുന്നു.

(സി) മീനച്ചിലാർ, പള്ളിക്കലാർ, കിള്ളിയാർ എന്നിവയുടെ ശുചീകരണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ വിജയപ്രദമാണ്.

(ഡി) ഉണ്ട്. പുനരുജ്ജീവനം സാദ്ധ്യമാക്കിയ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിർത്തുന്നതിനായി ജലസേചന വകുപ്പ് മണ്ണ് പര്യവേഷണം, മണ്ണ് സംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം എന്നിവ ഉപയോഗിച്ച് വിവിധങ്ങളായ സംരക്ഷണ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ജലസംരക്ഷണം വിവിധ ജല സ്രോതസ്സുകളുടെ പുനസ്ഥാപനം തുടങ്ങിയ പ്രവൃത്തികൾ സുസ്ഥിരമാക്കി നിലനിർത്തുന്നതിനുള്ള പ്രവർത്തന നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറായി വരുന്നു. മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ഏറ്റെടുക്കുന്നതാണ്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച വൻകിട പദ്ധതികൾ

170 (2700) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജലവിഭവവകുപ്പിന്റെ വൻകിട പദ്ധതികൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ ;

(ബി) ഇതിൽ പണി ആരംഭിച്ചതും, പൂർത്തിയാക്കിയതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതുമായ ജലവിഭവ വകുപ്പിന്റെ വൻകിട കുടിവെള്ള പദ്ധതികളും അവയുടെ തൽസ്ഥിതിയും അനുബന്ധം 1-ൽ* ചേർക്കുന്നു. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയ വൻകിട കുടിവെള്ള പദ്ധതികളും അവയുടെ തൽസ്ഥിതിയും അനുബന്ധം 2-ൽ ചേർക്കുന്നു.*

## കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതി

171 (2701) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ ഒലിച്ചുപോയ കരുമ്പൻമൂഴി-അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതികൾക്ക് പകരം പുതിയ പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര കുടുംബങ്ങളാണ് ഈ പദ്ധതികളുടെ കീഴിൽ ഉണ്ടായിരുന്നത് എന്നും ഓരോ പദ്ധതിയിലും ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെട്ടിരുന്നു എന്നും വിശദമാക്കാമോ;

(സി) ആദിവാസി കോളനികൾ ഉൾപ്പെടെ നിരവധി ആളുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ പദ്ധതി എന്ന നിലയിൽ പുതിയ പദ്ധതി ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജലവിതരണ പദ്ധതിക്ക് പകരം പുതിയ ശുദ്ധജലവിതരണ പദ്ധതിക്കായി സ്റ്റേറ്റ് പ്ലാനിനുകീഴിൽ 498.50 ലക്ഷം രൂപയുടെയും SDRF- നു കീഴിൽ 1.50 ലക്ഷം രൂപയുടെയും (ആകെ 500 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കരുമ്പൻമൂഴി അരയാഞ്ഞിലിമൺ ശുദ്ധജല വിതരണ പദ്ധതിയുടെ കീഴിൽ ഏകദേശം 370 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ഈ പദ്ധതിയിൽ പെരുനാട് പഞ്ചായത്തിലെ അരയാഞ്ഞിലിമൺ വാർഡാണ് ഉൾപ്പെട്ടിരുന്നത്.

(സി) പുതിയ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുഴകളിലും നദികളിലും തോടുകളിലും വെള്ളം കെട്ടിനിൽക്കാത്ത അവസ്ഥ

172 (2702) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം പുഴകളിലും നദികളിലും തോടുകളിലും വെള്ളം കെട്ടിനില്ക്കാത്ത അവസ്ഥ ആണെന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ജലവിഭവവകുപ്പ് എന്തെങ്കിലും പഠനം നടത്തി യിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തെത്തുടർന്ന് മഴയുടെ ലഭ്യതയി ലുണ്ടായ കുറവ്, കുത്തൊഴുക്കിനെത്തുടർന്ന് നദികളുടെ അടിത്തട്ട് താഴ്ന്നത്, നദികളുടെയും തോടുകളുടെയും അടിത്തട്ടിൽ ചെളിയും എക്കലും അടിഞ്ഞ് രൂപപ്പെട്ട സുഷിര ങ്ങളില്ലാത്ത പ്രതലം (impermeable layer formation) ജലം തടഞ്ഞുനിർത്തി നീരൊഴുക്ക് സ്ഥായിയാക്കുകയും ഭൂജലപോഷണം സാധ്യമാക്കുകയും ചെയ്തിരുന്ന നിർമ്മിതികൾ/പ്രകൃതിദത്തമായ തടസ്സങ്ങൾ ഒലിച്ചുപോയത്, ഭൂവിനിയോഗത്തിൽ വന്ന മാറ്റംകാരണം ഭൂജലപോഷണത്തിൽ സംഭവിച്ച കുറവ്, ഭൂമിയുടെ ചരിവ് കാരണം വളരെ വേഗത്തിൽ ജലം ഒഴുകിപ്പോയത് തുടങ്ങിയവ കാരണമാണ് പ്രളയാനന്തരം നദികളിലും തോടുകളിലും വെള്ളം നിലനിൽക്കാത്തത് എന്ന വിലയിരുത്തലാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ പ്രളയശേഷമുള്ള നീരൊഴുക്കുകൊണ്ട് പ്രധാന നദികളിലെല്ലാംതന്നെ അടിത്തട്ടിന്റെ സ്വഭാവം സാധാരണ നിലയിലേയ്ക്ക് തിരിച്ചുവരുന്നതായി കാണുന്നു. എന്നിരുന്നാലും ചിലയിടങ്ങളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽ/എക്കൽ (പ്രധാനമായും പമ്പാ നദിയിൽ) ചില തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്.

(ബി) ജലവിഭവ വകുപ്പ് ഇതുസംബന്ധിച്ച് പ്രത്യേകപഠനങ്ങൾ നടത്തി യിട്ടില്ല. എന്നാൽ കോഴിക്കോട് ആസ്ഥാനമായിട്ടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് എന്ന സ്ഥാപനം പ്രളയാനന്തരം പുഴകളിലെ ജലനിരപ്പ് താഴ്ന്നത് സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്.

(സി) നദികളിലേയ്ക്ക് വന്നുചേരുന്ന ചെറുതോടുകളിൽ പ്രകൃതിദത്തവസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുതടയണകളും (ഒന്നാംനിര, രണ്ടാംനിര ചാലുകളിൽ) മൂന്നാം നിര, നാലാം നിര ചാലുകളിൽ/തോടുകളിൽ ഉയരം കുറഞ്ഞ തടയണകളും നിർമ്മിച്ച് പുതുക്കിപ്പണിത് ജലസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിവിധ ഏജൻസികൾ/വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. കുളങ്ങൾ, തടാകങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനൊപ്പം വനമേഖലയിലെ പച്ചപ്പുകൾ/മരങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടിയും ഉണ്ടാകണമെന്ന് നിർദ്ദേശമുണ്ട്. കുളങ്ങൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. റഗുലേറ്ററുകൾ നിർമ്മിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുഴകൾ, കനാലുകൾ, തോടുകൾ എന്നിവയുടെ തീരങ്ങളിൽ കയ്യേറ്റം

173 (2703) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴകൾ കനാലുകൾ തോടുകൾ എന്നിവയുടെ തീരങ്ങളിൽ വ്യാപകമായ കയ്യേറ്റവും ജലസ്രോതസുകളിൽ മാലിന്യം വലിച്ചെറിയുന്നതുമൂലം ജലമലിനീകരണവും നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുഴകളുടെയും കനാലുകളുടെയും തോടുകളുടെയും അതിർത്തി സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും മലിനീകരണം തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എവിടെയെല്ലാമാണ് ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളത്; അവ ഒഴിപ്പിക്കുന്നതിനും ജലാശയങ്ങൾ സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുഴകൾ, തോടുകൾ തുടങ്ങിയ ജലസ്രോതസ്സുകളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ ബന്ധപ്പെട്ട റവന്യൂ അധികൃതർ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവരെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടാറുണ്ട്. എന്നാൽ ഇറിഗേഷൻ കനാലുകളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കേരള ലാന്റ് കൺസർവൻസി ആക്ട് 1957 പ്രകാരം ഒഴിപ്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേന സ്വീകരിക്കാറുണ്ട്. മലിനീകരണം തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി) അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനുപുറമെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള നടപടികൾ കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നഗരപ്രദേശവുമായി ബന്ധപ്പെട്ടാണ് മലിനീകരണം കൂടുതലായി കാണപ്പെടുന്നത്. പുഴകൾക്ക് കുറുകെയുള്ള പാലങ്ങൾ, കായലുകൾക്ക് സമാന്തരമായുള്ള റോഡുകൾ എന്നിവിടങ്ങൾ മുഖേനയാണ് മാലിന്യം കൂടുതലായി ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നത്. ഇത് തടയുന്നതിനായി പാലങ്ങൾ, ജലസ്രോതസ്സുകളിൽ സ്ഥിരമായി മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ കമ്പിവല (വേലി) സ്ഥാപിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഏജൻസികൾ മുഖേന ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) കായലുകൾ, പുഴകൾ എന്നിവയോട് ചേർന്നാണ് കയ്യേറ്റവും നിയമലംഘന നിർമ്മാണങ്ങളും കൂടുതലായി കണ്ടുവരുന്നത്. ഇവ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികൃതർ എന്നിവരെ അറിയിക്കാറുണ്ട്. തുടർന്ന് റവന്യൂ രേഖകൾ പരിശോധിച്ച് കയ്യേറ്റം ആണെന്ന് തെളിഞ്ഞാൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## പാർവ്വതീപുത്തനാറിനെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതി

174 (2704) <u>ശ്രീ. വി. എസ്. ശിവകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതീപുത്തനാറിനെ പുനരുജ്ജീവിപ്പിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഏതു ഏജൻസിയുടെ നേതൃത്വത്തിലാണ് പാർവ്വതീപുത്തനാറിന്റെ ശുചീകരണംനടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ശുചീകരണത്തിൽ നിന്നും മാക് പ്രോപ്പ് എന്ന കമ്പനി പിൻമാറിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; പകരം ആരെയാണ് ഇക്കാര്യത്തിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ശുചീകരണ പദ്ധതിയ്ക്കായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) പാർവ്വതി പുത്തനാറിന്റെ കരകളിലുള്ള വീടുകളിലെ കക്കൂസ് മാലിന്യങ്ങൾ ഈ ആറിൽ എത്തുന്നത് തടയുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഇതിനായി ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാർവ്വതീപുത്തനാറിന്റെ പ്രാരംഭ ശുചീകരണ പ്രവൃത്തികൾ പൂർത്തിയാക്കി.

(ബി) കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) എന്ന കമ്പനിയുടെ നേതൃത്വത്തിലാണ് പാർവ്വതീപുത്തനാറിന്റെ ശുചീകരണം നടക്കുന്നത്.

(സി) പിൻമാറിയിട്ടില്ല.

(ഡി) 57 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഇ) പാർവതീപുത്തനാറിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന, സെപ്റ്റിക് ടാങ്ക് ഇല്ലാത്ത 680 വീടുകൾക്കായി 577 സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കാനുള്ള 1.55 കോടി രൂപയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി വള്ളക്കടവ് മുതൽ ആക്കുളം വരെയുള്ള 60 വീടുകൾക്ക് 45 സെപ്റ്റിക് ടാങ്കുകൾ 12 ലക്ഷം രൂപ മുടക്കി സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## തലസ്ഥാന നഗരിയിലെ തോടുകളും ആറുകളും ശുചീകരിക്കുവാൻ പദ്ധതി

175 (2705) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിലെ മിക്ക തോടുകളും ആറുകളും ആപത്കരമാംവിധം മലീമസമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആമയിഴഞ്ചാൻ തോട്, പഴവങ്ങാടി തോട്, ഉള്ളൂർ തോട്, പട്ടം തോട് എന്നിവിടങ്ങളിൽ വർഷങ്ങളായി അടിഞ്ഞുകിടക്കുന്ന മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സ്കീമുകളിൽ ഉൾപ്പെടുത്തി ഈ തോടുകൾ എല്ലാ വർഷവും ശുചീകരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) മലീമസമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രളയാനന്തരം ആമയിഴഞ്ചാൻ തോടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് വേസ്റ്റും മറ്റ് മാലിന്യങ്ങളും എസ്.ഡി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുന്ന പ്രവൃത്തി നടന്നുവരുന്നു. 25 കോടിയുടെ Desilting and reconstruction of Amayizhanjan thodu from Kannammoola to Akkulam എന്ന പ്രവൃത്തിക്ക് 1-3-2019-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പഴവങ്ങാടി തോടിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ വേസ്റ്റും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുവേണ്ടി 12 ലക്ഷം രൂപയുടെയും ഉള്ളൂർ തോടിൽ അടിഞ്ഞു കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 15 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടം തോടിൽ അടിഞ്ഞുകിടക്കുന്ന മണ്ണും എക്കലും നീക്കം ചെയ്യുന്നതി നോടൊപ്പം നിലവിലുള്ള പാർശ്വഭിത്തിയുടെ അറ്റകുറ്റപ്പണികൾ, പാർശ്വഭിത്തി ആവശ്യം വേണ്ടിടങ്ങളിൽ അവയുടെ നിർമ്മാണം ചെറിയ വാഹനം കടന്നു

പോകുന്നതിനുള്ള സ്ലാബ് കവറിംഗ് (ഏകദേശം 60 മീറ്റർ) എന്നിവയ്ക്കായി ഉദ്ദേശിച്ചു കൊണ്ടുള്ള രണ്ട് പ്രവൃത്തികൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പേരും ഭരണാനുമതി തുകയും ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടം തോട് മേലേ ബണ്ട് കോളനിയുടെ ഇടതുകരയിലുള്ള തേക്കുംമൂട് പാലത്തിന്റെ മുകൾ ഭാഗത്തുള്ള പാരപ്പറ്റിന്റെ നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും - 50 ലക്ഷം

2. തിരുവനന്തപുരം കോർപ്പറേഷനിലെ പ്ലാമൂട് പാലത്തിന്റെ മുകൾ ഭാഗത്തുള്ള ഓടയ്ക്ക് കവറിംഗ് സ്ലാബ് ഇടലും പട്ടം തോടിന്റെ ഇടതുവശത്ത് പാർശ്വഭിത്തി നിർമ്മാണവും - 56.40 ലക്ഷം

കൂടാതെ പട്ടം തോടിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനായി 3 പ്രവൃത്തികളുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ട്. ആയവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം കോർപ്പറേഷനിലെ നേതാജി പാലം മുകൾഭാഗം രശ്മി നഗർ പാലം വരെയുള്ള പട്ടം തോടിന്റെ ചെളിമാറ്റൽ സംബന്ധിച്ച് - 4.65 ലക്ഷം.

2. തിരുവനന്തപുരം കോർപ്പറേഷനിൽ കണ്ണമ്മൂല വാർഡിലെ പട്ടം തോട് പ്രഭാലെയിനിൽ മുളവന പാലത്തിന്റെ കീഴ്ഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണ് മാറ്റലും വൃത്തിയാക്കലും സംബന്ധിച്ച് - 1.23 ലക്ഷം.

3. പട്ടം തോടിലെ പ്ലാമൂട് പാലത്തിന് കീഴ്ഭാഗം മുതൽ തേക്കുംമൂട് പാലത്തിന് മുകളിലോട്ട് 200 മീ. വരെയും കണ്ണമ്മൂല പാലം മുതൽ കൊല്ലൂർ പാലം വരെയുള്ള പട്ടം തോടിന്റെ വൃത്തിയാക്കൽ സംബന്ധിച്ച് - 3.14 ലക്ഷം.

(സി) ഇല്ല. എല്ലാ വർഷവും മഴക്കാലത്തിനുമുമ്പായി തോടുകൾ ശുചിയാക്കുന്നതിനുള്ള പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

## ഡാമുകളിലും റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടി

176 (2706) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിലും റിസർവ്വോയറുകളിലും അടിഞ്ഞുകിടക്കുന്ന ചെളിയും എക്കലും മണലും നീക്കം ചെയ്യുന്നതിന് 2017-ൽ അംഗീകരിച്ച എസ്.ഒ.പി. പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഡാമുകളിലെ എക്കലും ചെളിയും മണലുമാണ് ഇപ്രകാരം നീക്കം ചെയ്യുന്നത്;

(സി) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ ഡാമുകൾ നിറയുന്നതിന് കാരണം ഇപ്രകാരം അടിഞ്ഞുകൂടിയ എക്കലും മണലും ചെളിയുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പ്രവർത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതികൾക്ക് DPR എംപവേർഡ് കമ്മിറ്റി അംഗീകരിച്ച് തുടർനടപടിയെടുത്തു വരുന്നു. 14-5-2019-ലെ ഭേദഗതി ഉത്തരവ് പ്രകാരം ബാക്കി ഡാമുകളിലും ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല. സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ കാരണങ്ങളിലൊന്ന് ഡാമുകളുടെ സംഭരണശേഷിയിൽ വന്ന കുറവാണെന്ന വിലയിരുത്തൽ CWC-ന്റെ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടില്ല. പ്രതീക്ഷിച്ചതിലും കൂടുതൽ മഴ ലഭ്യമായതാണ് പ്രളയത്തിന് കാരണമായതെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

**ഡാമുകളുടെ സംഭരണശേഷി**

178 (2707) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡാമുകളുടെ സംഭരണശേഷി ഉയർത്തുന്നതിനായി അടിഞ്ഞുകൂടിയ ചെളിയും മറ്റും നീക്കാൻ ഇറിഗേഷൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) ജല കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം കേരളത്തിലെ പ്രളയ, ഉരുൾപൊട്ടൽ സാധ്യതാഭൂപടം പ്രസിദ്ധപ്പെടുത്തി അടിയന്തര കർമ്മപദ്ധതി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടിയ ചെളിയും എക്കലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) അംഗീകരിക്കുകയും 14-5-2019 തീയതിയിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ്

പ്രവൃത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ DPR എംപവേർഡ് കമ്മിറ്റി അംഗീകരിച്ചശേഷം തുടർനടപടി എടുത്തുവരുന്നു. 14-5-2019-ലെ ഭേദഗതിപ്രകാരം ബാക്കി ഡാമുകളുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ജല കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം ജലസേചന വകുപ്പിന് കീഴിലുള്ള 13 ഡാമുകൾക്ക് ഡാം തകരുന്നത് മൂലമോ ഡാമുകളിൽ നിന്ന് വലിയ തോതിൽ ജലം റിലീസ് ചെയ്യുന്നത് മൂലമോ ഉണ്ടായേക്കാവുന്ന പ്രളയ സാധ്യത ഭൂപടം തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കിയുള്ള അടിയന്തര കർമ്മ പദ്ധതി 12 ഡാമുകൾ തയ്യാറാക്കി കേന്ദ്രജലകമ്മീഷന് സമർപ്പിച്ചതിൽ ഹിരാക്കുഡ് ഡാമിന്റെ മാതൃകയിൽ പരിഷ്കരിക്കാൻ ആവശ്യപ്പെട്ടത് പ്രകാരം ആയത് ചെയ്തു വരുന്നു. ഇത് പ്രകാരം 4 ഡാമുകളുടെ പരഷ്കരിച്ച അടിയന്തര കർമ്മപദ്ധതി റിപ്പോർട്ട് ജലകമ്മീഷന് സമർപ്പിക്കുകയും അതിൽ ഒന്നിന് അംഗീകാരം ലഭിച്ചിട്ടുമുണ്ട്.

**ഡാമുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ**

177 (2708) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാമുകളിലെ സിൽട്ട് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) കാലവർഷം ശക്തി പ്രാപിക്കുന്നതിനു മുൻപ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞു കൂടിയ ചെളിയും എക്കലും നീക്കം ചെയ്ത് ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പൂർവ്വരൂപത്തിലാക്കുന്നതിനായി ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ (SOP) അംഗീകരിക്കുകയും 14-5-2019 തീയതിയിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റിംഗ് പ്രവൃത്തികളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ DPR എംപവേർഡ് കമ്മിറ്റി അംഗീകരിച്ചശേഷം തുടർനടപടി എടുത്തുവരുന്നു. 14-5-2019-ലെ ഭേദഗതിപ്രകാരം ബാക്കി ഡാമുകളുടെയും ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) മംഗലം, ചുള്ളിയാർ ഡാമുകളിലെ ഡീസിൽറ്റേഷനായി DPR തയ്യാറാക്കി എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിയന്തരമായി നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പറമ്പിക്കുളം-ആളിയാർ കരാർ

179 (2709) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളം തമിഴ് നാട്ടിൽ നിന്നും ലഭിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം കരാർ പ്രകാരമുള്ള മുഴുവൻ വെള്ളവും ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ജലവർഷത്തിൽ (1-7-2018 മുതൽ 30-6-2019 വരെ) കരാർ പ്രകാരമുള്ള മുഴുവൻ വെള്ളവും ലഭിച്ചിട്ടില്ല. മണക്കടവ് വിയർ, കേരള ഷോളയാർ, നീരാർ എന്നിവിടങ്ങളിൽനിന്ന് ലഭിക്കേണ്ട ജലത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

| സ്ഥലം | ലഭിക്കേണ്ടിയിരുന്നത് | ലഭിച്ചത് |
|---|---|---|
| മണക്കടവ് | 7250 എം.സി.എഫ്.ടി + 2500 എം.സി.എഫ്.ടി | 7148 എം.സി.എഫ്.ടി |
| കേരള ഷോളയാർ | 12300 എം.സി.എഫ്.ടി | 9744 എം.സി.എഫ്.ടി |
| നീരാർ | ഒക്ടോബർ മുതൽ ജനുവരി വരെയുള്ള തനത് നീരൊഴുക്ക് മുഴുവൻ | 540 എം.സി.എഫ്.ടി |

## അണക്കെട്ടുകളുടെ പ്രവർത്തനത്തിന് വേണ്ട മാനദണ്ഡങ്ങൾ

180 (2710) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാരണങ്ങളും നാശനഷ്ടത്തിന്റെ ആക്കം കൂട്ടിയ ഘടകങ്ങളും സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ജലസംഭരണികളും വെള്ളം സംഭരിച്ചുവച്ചത് കനത്തമഴയിൽ ഒന്നിച്ചു തുറന്നുവിട്ടതും സ്ഥിതി രൂക്ഷമായതുമായ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ജലസംഭരണികൾ നിറയുന്നതുവരെ കാത്തിരുന്നതും അപ്രതീക്ഷിതമായി തുറന്നുവിട്ടതും പ്രളയം ഗുരുതരമാക്കിയെന്ന കാര്യം പരിശോധിക്കുമോ;

(ഡി) ജനങ്ങൾക്ക് വേണ്ട മുന്നറിയിപ്പുകൾ നൽകിയില്ലെന്ന കാര്യം പരിശോധിക്കുമോ;

(ഇ) ഡാമുകളിൽ ചെളിയും മണ്ണും അടിഞ്ഞത് പ്രളയത്തിന്റെ ആക്കം കൂട്ടിയതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(എഫ്) പ്രളയ വേളകളിൽ അണക്കെട്ടുകൾ പ്രവർത്തിക്കേണ്ട മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ;

(ജി) ദേശീയ ജലനയത്തിനും മറ്റു മാർഗ്ഗരേഖകൾക്കും അനുസൃതമായാണോ ഓരോ ഡാമിന്റെയും പ്രളയ നിയന്ത്രണ മേഖല പരിപാലിക്കുന്നതെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി&സി) ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകൾ തുറന്നുവിട്ടതു കാരണം പ്രളയമുണ്ടായതായി കണ്ടെത്തിയിട്ടില്ല. കേന്ദ്ര ജലകമ്മീഷൻ വിശദമായ പഠനം നടത്തി കേരളത്തിലുണ്ടായ പ്രളയത്തിന് കാരണം ഇവിടെയുണ്ടായ ശക്തമായ മഴ തന്നെയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൂടാതെ, ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും അമേരിക്കയിലെ പർഡ്യൂ സർവ്വകലാശാലയും സംയുക്തമായി നടത്തിയ പഠനത്തിൽ, കേരളത്തിലുണ്ടായ പ്രളയത്തിനുകാരണം ശക്തമായ മഴ തന്നെയാണെന്നും റിസർവ്വോയർ operate ചെയ്ത രീതിയല്ല അതിന് കാരണമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകൾ തുറക്കുന്നതിന് മുൻപ് അതാത് ഡാമിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലാ ഭരണാധികാരികളുമായി ബന്ധപ്പെട്ട് മുന്നറിയിപ്പ് നൽകിയ ശേഷമാണ് ജലം നിയന്ത്രിതമായി തുറന്നു വിട്ടത്.

(ഇ) ഡാമുകളിൽ ചെളിയും മണ്ണും അടിഞ്ഞത് പ്രളയത്തിന് ആക്കം കൂട്ടിയതായി പഠന റിപ്പോർട്ടുകളിൽ (CWC റിപ്പോർട്ട്) പ്രതിപാദിച്ചിട്ടില്ല.

(എഫ്) പ്രളയ വേളയിൽ സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകൾ മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രവർത്തിപ്പിച്ചിട്ടുള്ളത്.

(ജി) കേന്ദ്രജല കമ്മീഷൻ (CWC) തയ്യാറാക്കി നൽകുന്ന, CWC ഗൈഡ്‌ലൈൻസ് അനുസരിച്ചുള്ള ഇനൻഡേഷൻ മാപ്പിന്റെ അടിസ്ഥാനത്തിലാണ് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഓരോ ഡാമിനും പ്രളയനിയന്ത്രണത്തിന് ഉൾപ്പെടെയുള്ള Emergency Action Plan തയ്യാറാക്കുന്നത്.

**എറണാകുളം രാമമംഗലത്ത് തടയണ**

181 (2711) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ രാമമംഗലത്ത് പണിയുന്ന തടയണ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലവിൽ തടസമുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 4-7-2019 വരെയാണ്. എന്നാൽ 2018 ഓഗസ്റ്റിലുണ്ടായ പ്രളയംമൂലവും മഴയ്ക്ക് ശേഷം ഇടുക്കി ജലവൈദ്യുതി പദ്ധതിയിൽനിന്ന് വൈദ്യുതി ഉൽപ്പാദനം കൂടിയ സാഹചര്യത്തിൽ പുഴയിലെ നീരൊഴുക്ക് വർദ്ധിക്കുകയും നിർമ്മാണ പ്രവർത്തനത്തിനായി ഇട്ടിരിക്കുന്ന ബണ്ട് കര കവിഞ്ഞ് ഒഴുകുന്നതിനാലും ടി തടയണയുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതായിവന്നു. കരാർ കാലാവധിക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. 30-4-2020-ന് മുൻപായി ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം**

182 (2712) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ കടലുണ്ടിപ്പുഴക്ക് കുറുകെ ആനപ്പാറ പൊറ്റമ്മൽ കടവിൽ നിർമ്മിക്കുന്ന ചെക്ക് ഡാമിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) ചെക്ക് ഡാമിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പൊറ്റമ്മൽ കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തിക്ക് 24-5-2019-ന് എഗ്രിമെന്റ് വെച്ച് 3-6-2019-ന് കോൺട്രാക്ടർക്ക് സ്ഥലം കൈമാറിയിട്ടുണ്ട്. സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സുസ്ഥിര ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കാർഷികാവശ്യങ്ങൾക്കും കൂടാതെ കുട്ടിലങ്ങാടിയിലെയും ആനക്കയത്തെയും മറ്റ് പഞ്ചായത്തുകളിലെയും കുടിവെള്ള പദ്ധതികൾക്കാവശ്യമായ വെള്ളം സംഭരിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ മുകൾഭാഗത്ത് 2.7 കി.മീ. നീളത്തിലും ശരാശരി ഒന്നര മീറ്റർ ഉയരത്തിലും പുഴയിൽ വെള്ളം സംഭരിക്കുകവഴി പരിസര പ്രദേശങ്ങളിലെ ഭൂഗർഭ ജലനിരപ്പ് ഉയർത്താൻ സാധിക്കും. കുട്ടിലങ്ങാടി പഞ്ചായത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ മോദി, മുണ്ടയാൽപടി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിൽ സുസ്ഥിര ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും.

**കര കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി**

183 (2713) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി കരയിടിച്ചിൽ നേരിടുന്ന വലിയപറമ്പ്, ചെറുവത്തൂർ, നീലേശ്വരം മുൻസിപ്പാലിറ്റികളിൽ പുഴ, കായൽ എന്നിവയുടെ കര കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി കാര്യക്ഷമമായി നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കരയിടിച്ചിൽമൂലം ജലസേചനവുമായി ബന്ധപ്പെട്ട് കാർഷിക മേഖലയ്ക്കുടക്കം നഷ്ടം ഉണ്ടാകുന്നത് പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) വ്യാപകമായ കരയിടിച്ചിൽമൂലം നഷ്ടമാകുന്ന കൃഷിയിടങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ ശീർഷകങ്ങളിലായി ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, നീലേശ്വരം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ വിവിധ പുഴകളുടെ കരകെട്ടി സംരക്ഷിക്കുന്നതിന് 10 പ്രവൃത്തികൾക്കായി 167.40 ലക്ഷം രൂപയുടെ അനുമതി നല്കിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്.

**കാലവർഷത്തിൽ പുഴയിടിച്ചിൽ തടയാൻ പദ്ധതി**

184 (2714) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് സ്വകാര്യ ഭൂമികളും കൃഷിയും നശിക്കുന്നത് തടയുവാനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പാലക്കാട് ജില്ലയിൽ ഇതനുസരിച്ച് എത്രകോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പുഴയുടെ കരയിടിച്ചിൽ കണ്ടെത്തുന്ന സ്ഥലങ്ങളിൽ, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളപ്പൊക്കക്കെടുതി, റവന്യൂവകുപ്പിന്റെ RMF ഫണ്ട് എന്നിവ ഉൾപ്പെടുത്തി പുഴയുടെ കര സംരക്ഷണ പ്രവൃത്തികൾ ചെയ്തുവരുന്നു. ഇക്കഴിഞ്ഞ പ്രളയകാലത്ത് വൻതോതിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്യപ്പെട്ട ഇടങ്ങളിൽ പുഴയുടെ തീരസംരക്ഷണ പ്രവൃത്തികൾക്കായി എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ പുഴകളുടെ സംരക്ഷണ പ്രവൃത്തികൾക്കായി 247.63 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**കടലുണ്ടിപ്പുഴയുടെ കരയിടിച്ചിൽ**

185 (2715) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ പാണ്ടിക്കാട് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര നൂറ് മീറ്ററോളം നീളത്തിൽ ഇടിഞ്ഞു പോയതുകൊണ്ട് സമീപത്തുള്ള വീട്ടുകാർക്ക് ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ആയതിൽ സംരക്ഷണ ഭിത്തി കെട്ടുന്ന നടപടിക്രമങ്ങൾ നിലവിൽ ഏതുഘട്ടത്തിലാണ് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും ഇതിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കുമോ?

ഉത്തരം

(എ&ബി) ഊരകം പഞ്ചായത്തിലെ പാണ്ടിക്കടവ് ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര 100 മീറ്റർ നീളത്തിൽ ഇടിഞ്ഞുപോയിട്ടുണ്ട്. കരയിടിച്ചിൽ ഇവിടെയുള്ള ഒരു വീടിന് ഭീഷണിയായിട്ടുണ്ട്. ഈ സ്ഥലം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവിടെ 100 മീറ്റർ നീളത്തിലും 4 മീറ്റർ ഉയരത്തിലും സംരക്ഷണ ഭിത്തി കെട്ടുവാൻ ഏകദേശം 35 ലക്ഷം രൂപ ചെലവ് വരുമെന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ടി പ്രവൃത്തിയുടെ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ.

**തീരസംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ**

186 (2716) ശ്രീ. കെ. എം. ഷാജി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ കടൽക്ഷോഭത്തെ തുടർന്ന് തീരശോഷണം സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടലാക്രമണം നേരിടുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) തീരസംരക്ഷണത്തിന് ജിയോ സിന്തറ്റിക് ട്യൂബ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം അനുബന്ധം 1-ൽ* ചേർത്തിരിക്കുന്നു.

(ബി&സി) കടൽ തീരം സംരക്ഷിക്കുന്നതിനായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കരിങ്കൽ ഭിത്തി/പുലിമുട്ടുകൾ നിർമ്മിച്ചും നിലവിലുള്ള കടൽഭിത്തികൾ ബലപ്പെടുത്തിയും കടലാക്രമണം നേരിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപയോഗിച്ചും ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽതീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. എറണാകുളം ജില്ലയിലെ ചെല്ലാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള 8 കോടി രൂപയുടെ 5 പ്രവൃത്തികൾക്ക് 16-1-2018-ലെ സ.ഉ.(സാധാ) നമ്പർ 29/2018/ജവിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഒപ്പം പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ജിയോ സിന്തെറ്റിക് ട്യൂബ് ഉപയോഗിച്ച് കടൽതീര സംരക്ഷണത്തിനുള്ള 12 പ്രവൃത്തികൾക്കായി 27-5-2019-ലെ സർക്കാർ ഉത്തരവുപ്രകാരം 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 15-6-2019-ലെ GO(ms)No.21/2019/WRD ഉത്തരവുപ്രകാരം ബജറ്റ് വിഹിതത്തിന് പുറമെ 9 തീരദേശ ജില്ലകളിൽ അടിയന്തരമായി താല്ക്കാലിക കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദീർഘകാല പ്രവർത്തനങ്ങൾക്കായി 332 കോടി രൂപയുടെ പ്രവൃത്തികൾ പരിശോധിച്ചു വരികയാണ്.

## ജിയോ സിന്തറ്റിക് ട്യൂബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം

187 (2717) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസംരക്ഷണത്തിനായി ജിയോ സിന്തറ്റിക് ട്യൂബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിനായി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി ചെലവ് എത്രയാണെന്നും, ഇത്തരത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഏത് കമ്പനിയെയാണ് ചുമതലപ്പെടുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) എവിടെയെല്ലാമാണ് ഈ രീതിയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ജിയോ സിന്തറ്റിക് ട്യൂബിൽ മണൽ നിറച്ച് കടലാക്രമണം നേരിടുന്ന സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ചെല്ലാനം ദ്വീപിൽ പരീക്ഷണാടിസ്ഥാനത്തിൽ ജിയോട്യൂബ് ഉപയോഗിച്ച് 5 പ്രവൃത്തികൾക്ക് 8 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും

നൽകിയിട്ടുണ്ട്. വേളാങ്കണ്ണി പള്ളിക്ക് വടക്കുവശം, വാച്ചാക്കൽ, കമ്പനിപ്പടിയുടെ വടക്കുഭാഗം വേളാങ്കണ്ണി പള്ളിക്ക് സമീപം ബസാർ, ചെറിയകടവ് എന്നീ സ്ഥലങ്ങളിലാണ് ജിയോ ട്യൂബ് ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ കരാർ ഒപ്പുവച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തിയിലെ കാലതാമസം കാരണം 3 പ്രവൃത്തികൾ കോൺട്രാക്ടറുടെ risk and cost-ൽ terminate ചെയ്തിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ റദ്ദ് ചെയ്യുന്നതിന് തുടർനടപടിയെടുത്തുവരുന്നു.

കൂടാതെ പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ജിയോ സിന്തെറ്റിക് ട്യൂബ് പരീക്ഷണാടിസ്ഥാനത്തിൽ കടൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ ചെല്ലാനത്ത് നടപ്പിലാക്കുന്ന 5 പ്രവൃത്തികൾക്കായി 8 കോടിരൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ശ്രീ. മുഹമ്മദ് നിയാസ് കൊണ്ടാരത്ത്, അതിരുമട പി.ഒ., കൽപകഞ്ചേരി, മലപ്പുറം എന്ന വ്യക്തിക്കാണ് ടി പ്രവൃത്തികൾ നൽകിയത്.

പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ ജില്ലകളിൽ കടൽഭിത്തി നിർമ്മിക്കുന്ന 12 പ്രവൃത്തികൾക്ക് 862.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 16-1-2018-ലെ സ.ഉ(സാധാ)നമ്പർ29/18/ജവിവ പ്രകാരം ചെല്ലാനം തുരുത്തിൽ ജിയോട്യൂബ് ഉപയോഗിച്ച് തീരസംരക്ഷണത്തിനായി 5 പ്രവൃത്തികൾക്ക് 8 കോടി രൂപയുടെ ഭരണാനുമതി നൽകി. (അനുബന്ധം-1)* പ്രവൃത്തി തൃപ്തികരമല്ലാത്തതിനാൽ 3 വർക്കുകൾ കോൺട്രാക്ടറുടെ risk & cost-ൽ അവസാനിപ്പിക്കുകയും 2 വർക്കുകൾ അവസാനിപ്പിക്കുന്നതിന് നോട്ടീസ് നൽകുകയും ചെയ്തു.

27-5-2019-ലെ സ.ഉ (എംഎസ്.) നമ്പർ 20/19/ ജവിവ പ്രകാരം പൊന്നാനി, പരപ്പനങ്ങാടി, ആലപ്പുഴ തീര പ്രദേശത്ത് പരീക്ഷണാടിസ്ഥാനത്തിൽ ജിയോ സിന്തെറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണത്തിനായി 862.50 ലക്ഷം രൂപയുടെ 12 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (അനുബന്ധം-2)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

188 (2718) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതുതായി കടൽഭിത്തി നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേടുപാടുകൾ സംഭവിച്ച കടൽഭിത്തി പുനർനിർമ്മിക്കുന്നതിന് സമർപ്പിച്ച 9.46 കോടി രൂപയുടെ നാല് എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 16 കോടി രൂപയുടെ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന നീരൊഴുക്കുംചാൽ മേഖലയിൽ 192 മീറ്റർ ദൈർഘ്യത്തിൽ മൂന്ന് കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നു. കൂടാതെ മാട്ടൂൽ സൗത്ത്, നീരൊഴുക്കും ചാൽ, കക്കാടൻചാൽ, വാവുവളപ്പിൽ തോട് എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി പുനരുദ്ധാരണത്തിനായി യഥാക്രമം 249 ലക്ഷം, 231 ലക്ഷം, 232 ലക്ഷം, 234 ലക്ഷം രൂപയുടെ പ്രവൃത്തികൾ Anti Sea Erosion പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തികൾ മുൻഗണനാക്രമം അനുസരിച്ച് പരിഗണിക്കുന്നത് പരിശോധിക്കുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലയിൽ ഒരു കോടി രൂപ അനുവദിച്ചുകൊണ്ട് 15-6-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 21/2019/ജവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2019-20 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 16 കോടി രൂപയുടെ (എസ്റ്റിമേറ്റ് തുക) കടൽ ഭിത്തി പുനരുദ്ധാരണത്തിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, പ്രസ്തുത പ്രദേശത്തിന്റെ നിലവിലുള്ള സ്ഥിതി അനുസരിച്ചും പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരവും തയ്യാറാക്കിവരുന്നു.

**കോവിൽതോട്ടം പ്രദേശം നേരിടുന്ന കടലാക്രമണ ഭീഷണി**

189 (2719) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചവറ പഞ്ചായത്തിലെ കടലോരഗ്രാമമായ കോവിൽതോട്ടം പ്രദേശം നേരിടുന്ന കടലാക്രമണ ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി പ്രസ്തുത പ്രദേശത്ത് കടൽഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) KMML- ന്റെ ഫണ്ട് ഉപയോഗിച്ച് കോവിൽത്തോട്ടം മുതൽ പൊന്മന വരെയുള്ള തീരപ്രദേശം സംരക്ഷിക്കുന്നതിനായി പുലിമുട്ടുകളുടെ ഒരു ശ്യംഖല നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ആദ്യ ഭാഗമായ പൊൻമന ഭാഗത്തുള്ള 4 പുലിമുട്ടുകളുടെ നിർമ്മാണം ഇപ്പോൾ പുരോഗമിച്ചുവരുന്നു. കൂടാതെ കോവിൽത്തോട്ടം ലൈറ്റ് ഹൗസിന്റെ ഭാഗത്ത് "കേന്ദ്ര ലൈറ്റ് ഷിപ്പ്സ് & ലൈറ്റ് ഹൗസ് ഡിപ്പാർട്ട്മെന്റിന്റെ" ഫണ്ടുപയോഗിച്ച് 115 മീറ്റർ നീളത്തിൽ കടൽഭിത്തി ബലപ്പെടുത്താനുള്ള തീര സംരക്ഷണ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചുവരുന്നു.

**തീരദേശമേഖലയിൽ ഉണ്ടാകുന്ന രൂക്ഷമായ കടൽക്ഷോഭം**

190 (2720) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശമേഖലയിൽ ഉണ്ടാകുന്ന രൂക്ഷമായ കടൽ ക്ഷോഭം പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്നത് വസ്തുതയല്ലേ;

(ബി) ആറാട്ടുപുഴ, ചെല്ലാനം, വലിയതുറ പോലുള്ള മേഖലകളിൽ എല്ലാ വർഷവും കടൽ ക്ഷോഭംമൂലം വീടുകൾ തകരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാന തീരത്തുണ്ടാകുന്ന കടൽക്ഷോഭത്തെ സംബന്ധിച്ച് പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത പഠനത്തിന് നിയോഗിച്ചിട്ടുള്ളത്; അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ഡി) കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ അത് നിർമ്മിക്കുന്നതിന് കരിങ്കൽ ക്ഷാമം തടസ്സമായിട്ടുണ്ടോ; എങ്കിൽ ഇതിന് മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കുമോ?

ഉത്തരം

(എ) അതെ

(ബി) ഉണ്ട്.

(സി) ഈ വിഷയത്തിൽ സമഗ്രമായി ഒരു പഠനം നിലവിൽ നടത്തിയിട്ടില്ല. എന്നാൽ വിവിധ തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം 'Littoral Drift' (കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം) പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം റിമോട്ട് സെൻസിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെപ്പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ (Central Water and Power Research Station) CWPRS'-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസി മാത്തമാറ്റിക്കൽ മോഡൽ പഠനത്തിന്റെ കരട് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തീരശോഷണത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചു വരുന്നു.

ഇതുകൂടാതെ തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന പ്രാദേശിക കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുമ്പ് IIT ചെന്നൈ, CWPRS തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പഠനങ്ങൾ നടത്താറുണ്ട്.

(ഡി) ഉണ്ട്. ഇതിന് ബദൽമാർഗ്ഗമെന്നനിലയിൽ ജിയോസിന്തെറ്റിക്ക് ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണപ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ ജിയോബാഗുകളിൽ മണൽ നിറച്ചുള്ള താൽക്കാലിക സംരക്ഷണ പ്രവൃത്തികളും നടത്തിവരുന്നു.

## വെള്ളാരംപാറ-പനമണ്ണ വെന്റഡ് ക്രോസ് ബ്രിഡ്ജ്

191 (2721) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി പഞ്ചായത്തിലെ വെള്ളാരംപാറ-പനമണ്ണ തോടിൽ വെന്റഡ് ക്രോസ്സ് ബ്രിഡ്ജ്(VCB) നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് സാമ്പത്തികാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ അനങ്ങനടി പഞ്ചായത്തിലെ വെള്ളാരംപാറ-പനമണ്ണതോടിൽ വി.സി.ബി.-യുടെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് 2016-ൽ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം സാമ്പത്തികാനുമതി നല്കാൻ സാധിച്ചില്ല.

## പുളിങ്ങോം വളവനാട് കടവ് തടയണ, കോഴിച്ചാൽ വിയർ കം ബ്രിഡ്ജ്

192 (2722) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന തേജസ്വിനി പുഴയിൽ പുളിങ്ങോം -വളവനാട് കടവ് തടയണ, കോഴിച്ചാൽ വിയർ കം ബ്രിഡ്ജ് എന്നിവയ്ക്കായി മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ എതു വരെ ആയെന്ന് വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം തന്നെ പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ചെറുപുഴ പഞ്ചായത്തിൽ ഉൾപ്പെടുന്ന പുളിങ്ങോം വളവനാട് കടവ് തടയണ, കോഴിച്ചാൽ വിയർ കം ബ്രിഡ്ജ് എന്നീ പ്രവൃത്തികളുടെ പര്യവേഷണ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സ്ഥല പരിശോധന നടത്തിയതിൽ ഈ പദ്ധതിക്ക് ഉപയുക്തതകുറവ് കണ്ടെത്തിയതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

## മോദിക്കയം കടലുണ്ടിപ്പുഴയിൽ റഗുലേറ്റർ -കം- ബ്രിഡ്ജ്

193 (2723) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മോദിക്കയം കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് തത്വത്തിലുള്ള ഭരണാനുമതി നൽകിയതല്ലാതെ മറ്റു നടപടികളാകാതെ പോയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക മൂല്യനിർണ്ണയ റിപ്പോർട്ട് കിഫ്ബിയിൽ സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായുള്ള കിഫ്ബിയുടെ അംഗീകാരം വേഗത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി. പി. ആർ.) KIIDC തയ്യാറാക്കി കിഫ്ബിക്ക് 9-5-2018-ന് സമർപ്പിക്കുകയും കിഫ്ബി ആയതിന്റെ Technical Appraisal Report നല്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധന ഉൾപ്പെടെ മറ്റ് പരിശോധനകൾ നടത്തുകയും ആയവയെല്ലാം KIIDC-ൽ നിന്നും കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. കിഫ്ബിയിലെ സാങ്കേതിക വിദഗ്ധർ ഉൾപ്പെടെ പദ്ധതി പ്രദേശം 23-11-2018-ൽ സന്ദർശിക്കുകയും Topo graphic, Traffic Volume Survey തുടങ്ങിയവ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) കിഫ്ബിയുടെ മൂല്യനിർണ്ണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കി വരികയാണ്.

(ഡി) രേഖകളുടെ പരിശോധന പൂർത്തിയാക്കുന്നതിനനുസരിച്ച് കിഫ്ബിയുടെ അംഗീകാരം നേടിയശേഷം സാങ്കേതികാനുമതി നല്കി പദ്ധതി ആരംഭിക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

## ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

194 (2724) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 2019-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പോസ്റ്റ് ക്രിയേഷൻ നടപ്പിലാക്കുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 2019-ൽ പ്രതീക്ഷിത ഒഴിവുകൾ ഇല്ലാത്തതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഇല്ല.

## കേരള വാട്ടർ അതോറിറ്റിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

195 (2725) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവാട്ടർ അതോറിറ്റിയിൽ എക്സിക്യൂട്ടീവ്എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരുടെ നിഷ്കർഷിച്ചിട്ടുള്ള അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ തസ്തികകളിൽ ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റ് യോഗ്യതയുള്ള എത്രപേർ വീതം ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ ഡിഗ്രി, ഡിപ്ലോമ സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരുടെ അനുപാതം പാലിച്ചിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| തസ്തിക | ഡിഗ്രി | ഡിപ്ലോമ | സർട്ടിഫിക്കറ്റ് |
|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 95% | 5%-ൽ കൂടാതെ | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60% | 30% | 10.00% |

(ബി)

| തസ്തിക | ഡിഗ്രി | ഡിപ്ലോമ | സർട്ടിഫിക്കറ്റ് |
|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 70 | 2 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 225 | 122 | 40 |

ഇതിൽ 2 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി ക്വാട്ടയിൽ തുടരുന്നു. അന്തിമവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇവർ ഏത് ക്വാട്ടയിൽ തുടരുമെന്ന് സ്ഥിരീകരിക്കുവാനാകുകയുള്ളൂ.

(സി) അനുപാതം സ്പെഷ്യൽ റൂൾസിന്റെയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ പാലിച്ചിട്ടുണ്ട്.

## പട്ടാമ്പി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

196 (2726) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വിവിധപദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അവയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മങ്കട നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ

197 (2727) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജക മണ്ഡലത്തിൽ മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേജർ/മൈനർ ഇറിഗേഷൻ വകുപ്പുകളിലെ പ്ളാൻ, നോൺ-പ്ളാൻ ഫണ്ടുകളിൽ നിന്നും ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വകുപ്പുകളിൽ നിന്നും ടി കാലയളവിൽ നബാർഡ് പദ്ധതികളിൽ ഉൾപ്പെടുത്തി ഏതെങ്കിലും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

(ബി) ഇറിഗേഷൻ വകുപ്പ് മങ്കട നിയോജകമണ്ഡലത്തിൽ 2018-19 -ൽ ഭരണാനുമതി നൽകിയ പ്ലാൻ/നോൺപ്ലാൻ ഫണ്ടുകളിൽപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) ടി കാലയളവിൽ നബാർഡ് പദ്ധതികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഒന്നുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജുണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് പദ്ധതി

198 (2728) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ജുണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഈ പദ്ധതി പുനരുദ്ധരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) പദ്ധതി പുനരുദ്ധാരണത്തിനായി എം.എൽ.എ. മുഖാന്തരം നാട്ടുകാർ നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ജുണേരി-വേറ്റുമ്മൽ ടെയിൽ എൻഡ് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ നീളം പദ്ധതി രേഖ അനുസരിച്ച് 4650 മീറ്ററാണ്. ഇതിൽ തുടക്കഭാഗത്തെ 2000 മീറ്റർ നീളത്തിൽ ഡിസ്ട്രിബ്യൂട്ടറി കനാൽ നിർമ്മിച്ചിട്ടുണ്ടെങ്കിലും നിലവിൽ കാലപ്പഴക്കത്താൽ പ്രസ്തുത ഭാഗം തകർന്ന നിലയിലാണ്. കൂടാതെ പദ്ധതി രേഖയനുസരിച്ചുള്ള ബാക്കി ഭാഗം പുതുതായി നിർമ്മിക്കാനുണ്ട്.

(ബി) ഉണ്ട്.

(സി) എം.എൽ.എ. മുഖാന്തരം നാട്ടുകാർ നൽകിയ അപേക്ഷ പരിഗണിച്ച് ഫീൽഡ് ഓഫീസർമാർ സ്ഥല പരിശോധന നടത്തുകയും പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കിവരികയും ചെയ്യുന്നു.

## മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ

199 (2729) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**അങ്കമാലി നിയോജകമണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ**

200 (2730) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ ജലവിഭവം മൈനർ/മേജർ വിഭാഗത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2006-07 മുതൽ 2015-16 വരെ പ്ലാൻ/നോൺപ്ലാൻ ഇനത്തിൽ എത്ര രൂപയുടെ ഭരണാനുമതി നൽകിയ തെന്നതിന്റെ സാമ്പത്തികവർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

അങ്കമാലി നിയോജകമണ്ഡലത്തിൽ മൈനർ/മേജർ വിഭാഗത്തിലെ വിവിധ പ്രവർത്തനങ്ങൾക്കായി 2006-07 മുതൽ 2015-16 വരെ പ്ലാൻ-നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി ലഭിച്ച തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

1. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)യുടെ കീഴിലുള്ള പ്രവൃത്തികൾ

| സാമ്പത്തിക വർഷം | പ്ലാൻ (ലക്ഷത്തിൽ) | | നോൺ-പ്ലാൻ (ലക്ഷത്തിൽ) | |
|---|---|---|---|---|
| | മേജർ | മൈനർ | മേജർ | മൈനർ |
| 2006-07 | -- | -- | -- | 16.01 |
| 2007-08 | -- | -- | -- | 1.67 |
| 2008-09 | -- | -- | -- | 7.22 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| 2009-10 | -- | -- | 11.10 | 26.07 |
| 2010-11 | -- | -- | -- | 58.72 |
| 2011-12 | -- | -- | 25.0 | 45.03 |
| 2012-13 | -- | 37.00 | 14.0 | 11.55 |
| 2013-14 | 1455.00 | 20.00 | 2.0 | 4.76 |
| 2014-15 | -- | 102.23 | -- | 143 |
| 2015-16 | -- | 1.85 | 18.50 | 36.12 |

2 ചീഫ് എഞ്ചിനീയർ, പ്രോജക്ട് -II-ന്റെ കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**കളമശ്ശേരി മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

201 (2731) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കളമശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് പുനരുദ്ധാരണം/ശുചീകരണം നടത്തിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും വിശദവിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ടതും ഭരണാനുമതി ലഭ്യമാക്കിയിട്ടില്ലാത്തതും ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ)കളമശ്ശേരി നിയോജകമണ്ഡലത്തിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ ഇലഞ്ഞിക്കുളം ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 75,000 രൂപ മുതൽ മുടക്കി ചെളിയും പായലും നീക്കം ചെയ്ത് ശുചീകരണം നടത്തിയിട്ടുണ്ട്.

(ബി) കളമശ്ശേരി നിയോജകമണ്ഡലത്തിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെട്ടതും ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതും ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പരമ്പരാഗത ജലസ്രോതസ്സുകൾ

202 (2732) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകൾ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂരിലൂടെ കടന്നുപോകുന്ന വരട്ടാർ നദി പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ളസ്രോതസ്സുകൾ കമ്പി വേലി കെട്ടി സംരക്ഷിച്ചും മലിനീകരണത്തിനെതിരെയുള്ള പരസ്യബോർഡുകൾ സ്ഥാപിച്ചും സംരക്ഷിക്കുന്നതിനാൽ മാനുഷിക ഇടപെടൽമൂലമുണ്ടാകുന്ന നശീകരണമുണ്ടാകാതെ ഇത്തരം സ്രോതസ്സുകൾ നിലനിൽക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പരമ്പരാഗത സ്രോതസ്സുകൾ നവീകരിച്ച് ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആനത്താഴ്ച്ചിറ, വണ്ടിച്ചിറ എന്നീ കുളങ്ങൾ അതോറിറ്റി ഇപ്പോൾ നവീകരിച്ച് കുടിവെള്ള സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നു.

പരമ്പരാഗത ജലസ്രോതസ്സുകൾ നിലനിർത്തുന്നതിന്റെ ഭാഗമായി പമ്പാനദിയുടെ മാലിന്യനിർമ്മാർജ്ജനത്തിനായി രൂപീകരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.5 കോടി രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. ടി പദ്ധതിയുടെ പ്രവർത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വംബോർഡ് എന്നീ വകുപ്പുകളെയാണ് ഏൽപ്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവർത്തികൾ പൂർത്തിയായി. പമ്പാ ആക്ഷൻ പ്ലാൻ രണ്ടാം ഘട്ടത്തിന്റെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

ഗ്രാമീണ മേഖലയുടെ പ്രധാന കുടിവെള്ള സ്രോതസ്സുകൾ തുറന്ന കിണറുകളാണ്. ഈ കുടിവെള്ള സ്രോതസ്സുകൾ നിലനിർത്തുന്നതിന് വേണ്ടി വ്യക്തിഗത കുടുംബങ്ങളിൽ പുരപ്പുറ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതോടൊപ്പം നിലവിലുള്ള കിണറിലേയ്ക്ക് ജലപരിപോഷണവും നടത്തുന്നുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിലെ ഉപയോഗയോഗ്യമായ കിണറുകൾ ജല പരിപോഷണം നടത്തുന്നതിന് ഈ സാമ്പത്തികവർഷം മുതൽ ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതുമൂലം ഭൂഗർഭ ജലവിതാനം ഉയരുകയും പരമ്പരാഗത

സ്രോതസ്സുകളുടെ ഉറവ സംരക്ഷിക്കുന്നതുമാണ്. നാഷണൽ ഹൈഡ്രോളജി പ്രോജക്ടിനുകീഴിൽ കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന മീനച്ചിൽ, പെരിയാർ, ഭാരതപ്പുഴ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടൻസി നൽകുന്നത് പരിഗണനയിലാണ്. ചിറ്റൂർപ്പുഴ പദ്ധതിയിലുള്ള കമ്പാലത്തറ, കുന്നംപിടാരി, വെങ്കലക്കയം ഏര്യകളുടെ നവീകരണത്തിനായി പദ്ധതി രേഖ തയ്യാറാക്കിവരുന്നു. പരമ്പരാഗത ജല സ്രോതസ്സുകളെ നിലനിർത്തുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ തുറന്ന കിണറുകളിലെ ജലവിതാനം മെച്ചപ്പെടുത്തുന്നതിനായി കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. ഈ പദ്ധതിവഴി സമീപപ്രദേശങ്ങളിലെ ഭൂജല സ്രോതസ്സുകളുടെ ജലവിതാനം മെച്ചപ്പെടുത്തുന്നതാണ്. 2018-19 സാമ്പത്തികവർഷത്തിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ മേൽക്കൂരവഴി മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റ് വഴിയുള്ള 76 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും, 5 കുഴൽകിണർ റീചാർജ്ജ് കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ഭൂജലവകുപ്പിന് 450 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളായ പുഴകൾ, തോടുകൾ, കനാലുകൾ, കുളങ്ങൾ എന്നിവ നവീകരിക്കുന്നതിന് നിരവധി പദ്ധതികൾ കുട്ടനാട് പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് തോടുകൾ ശുചീകരിക്കുന്ന പദ്ധതികൾ, 321 തോടുകൾ നവീകരിക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കിയാൽ മാത്രമേ പ്രാദേശിക ജല സുരക്ഷ ഉറപ്പാക്കാനാകൂ. ഇത് സാധ്യമാക്കുന്നതിന് വിവിധ ഏജൻസികളെ/വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്നതിന് ഹരിതകേരളമിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി തീരുമാനമെടുക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നീർത്തടപ്ലാനിൽ ഓരോ ഗ്രാമപഞ്ചായത്തിലുമുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പുനരുദ്ധാരണ/സംരക്ഷണ പ്രവർത്തികൾ ഏറ്റെടുക്കുന്നതിന്റെ മുൻഗണനാ പട്ടികയും തയ്യാറാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 651 കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലൂടെ ഒഴുകുന്ന പമ്പാനദിയെയും മണമലയാറിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഉദ്ദേശം 13.4 കി.മീ നീളമുള്ള വരട്ടാറിന്റെ പുനരുജ്ജീവന പ്രവർത്തികൾക്കായുള്ള 8 കോടിരൂപയുടെ വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ഗവൺമെന്റിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തലത്തിൽ നടന്ന ഉന്നതതലയോഗത്തിൽ വരട്ടാറിന്റെ ഒന്നാം ഘട്ട പുനരുജ്ജീവന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിക്കുകയും അതനുസരിച്ച് ജനപ്രതിനിധികളുടെയും തദ്ദേശവാസികളുടെയും നേതൃത്വത്തിൽ വിപുലമായ ജനകീയ പ്രവർത്തനം ഏറ്റെടുത്തുനടത്തുകയും അതിന്റെ ഫലമായി വരട്ടാറിൽ നീരൊഴുക്ക് പുന:സ്ഥാപിക്കുകയും ചെയ്തു. തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വരട്ടാറിന്റെ തീരം സംരക്ഷിക്കുന്നതിന് വശങ്ങളിൽ ഇന്റർലോക്ക് പാകിയ നടപ്പാത നിർമ്മിക്കുന്നതിനും ജൈവ വൈവിദ്ധ്യ വനവൽക്കരണം നടത്തുന്നതിനും 8.05 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 7.70 കോടി രൂപയുടെള്ള ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിന് 2.2 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയായി വരികയുമാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. കൂടാതെ വരട്ടാറിന്റെ ഒഴുക്കിന് തടസ്സം നിന്ന ചപ്പാത്തുകളും മറ്റും നീക്കം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 4 പാലങ്ങൾ നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ ഒരു പാലത്തിന്റെ (പുതുകുളങ്ങര പാലം) ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റ് മൂന്നുപാലങ്ങളുടെ ഡിസൈൻ പ്രവർത്തികൾ പൂർത്തിയായി വരുന്നു. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

## തൊടിയൂർ-തഴവ വട്ടക്കായൽ പ്രദേശത്തെ കാർഷികാവശ്യത്തിന് ജലം

203 (2733) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടിയൂർ-തഴവ വട്ടക്കായൽ പ്രദേശത്ത് കൃഷിക്കാവശ്യമായ ജലം എത്തിക്കുന്നത് എത് കനാലിലൂടെയാണെന്ന് വ്യക്തമാക്കുമോ; ആയതിലേക്കുള്ള ഷട്ടർ തുറന്നിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കെ.ഐ.പി. കനാൽ തുറക്കുന്നതിന് മുമ്പായി കനാലുകളിലെ മാലിന്യങ്ങളും തടസ്സങ്ങളും നീക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നത് ഏത് വകുപ്പാണ്; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) തൊടിയൂർ-തഴവ വട്ടക്കായലിലെ നെൽകൃഷിക്കും സമീപപ്രദേശത്തെ മറ്റ് കൃഷിക്കും ആവശ്യമായ ജലം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കെ.ഐ.പി. കരുനാഗപ്പള്ളി സബ് ഡിവിഷന്റെ കീഴിലുള്ള കരുനാഗപ്പള്ളി ബ്രാഞ്ച് കനാലിൽനിന്ന് കക്കുറുമ്പ് തോട് വഴിയാണ് തൊടിയൂർ-തഴവ, വട്ടക്കായൽ പ്രദേശത്ത് ജലം എത്തുന്നത്. 2018-19 ജലവിതരണ സമയത്ത് കക്കുറുമ്പ് തോടുവരെ ജലം എത്തിച്ചിട്ടുണ്ട്.

(ബി) കെ.ഐ.പി. കനാൽ തുറക്കുന്നതിനുമുൻപ് കനാലുകളിലെ മാലിന്യങ്ങളും തടസ്സങ്ങളും നീക്കുന്ന പ്രവൃത്തി നടപ്പിലാക്കുന്നത് അതാത് സ്ഥലത്തെ തദ്ദേശ സ്വയംഭരണ വകുപ്പും ജലസേചന വകുപ്പുമാണ്. എല്ലാ വർഷവും ജലവിതരണത്തിന് മുമ്പായി ടി പ്രവൃത്തികൾ പൂർത്തിയാക്കാറുണ്ട്.

(സി) ജലവിതരണ സമയത്ത് ടി പ്രദേശത്ത് കൃഷിയ്ക്കാവശ്യമായ ജലം എത്തിക്കാറുണ്ട്. ഇതിനുവേണ്ടി മറ്റ് പദ്ധതികളൊന്നും ജലസേചന വകുപ്പിൽ ഇപ്പോൾ നിലവിലില്ല.

**ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ**

204 (2734) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത കൃഷിക്കുള്ള ജലസേചനത്തിനും ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ യഥാസമയം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

(ബി) ഉപ്പുവെള്ള ഭീഷണിയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിനായി താല്ക്കാലിക ബണ്ടുകൾക്ക് പകരം സ്ഥിരം ബണ്ടുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഇടിയഞ്ചിറ, ഏനാമാക്കൽ റിംഗ് ബണ്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ 2019-20-ലെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള സ്ഥിരം റെഗുലേറ്ററുകൾക്ക് കാലപ്പഴക്കംമൂലം ചോർച്ചയുള്ളതുകൊണ്ട് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനായിട്ടാണ് താല്ക്കാലിക ബണ്ടുകൾ നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ സ്ഥിരം റെഗുലേറ്ററുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് പൂർണ്ണ പ്രവർത്തന സജ്ജമാക്കുന്നതിനായി സിവിൽ പ്രവൃത്തികൾക്ക് ഏനാമാക്കൽ റെഗുലേറ്ററിന് 365 ലക്ഷം രൂപയുടേയും ഇടിയഞ്ചിറ റെഗുലേറ്ററിന് 328 ലക്ഷം രൂപയുടേയും, മെക്കാനിക്കൽ പ്രവൃത്തികൾക്കായി ഏനാമാക്കൽ റെഗുലേറ്ററിന് 400 ലക്ഷം രൂപയുടേയും ഇടിയഞ്ചിറ റെഗുലേറ്ററിന് 215 ലക്ഷം രൂപയുടേയും എസ്.ഡി. ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

205 (2735) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

ഉത്തരം

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.-യുടെ അധീനതയിലുള്ള ഭൂമി**

206 (2736) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.യുടെ അധീനതയിൽ ആകെ എത്ര ഏക്കർ ഭൂമിയുണ്ട്;

(ബി) പ്രസ്തുത ഭൂമിയിൽ നിലവിൽ കെ.ഐ.പി. ഉപയോഗിക്കാത്ത മൂന്ന് ഏക്കർ ഭൂമി കൊട്ടാരക്കര മുനിസിപ്പാലിറ്റിക്ക് വിട്ടുകിട്ടുന്നതിന് കൊട്ടാരക്കര നിയമസഭാംഗം നൽകിയ കത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കൊട്ടാരക്കര രവിനഗറിൽ കെ.ഐ.പി.-യുടെ അധീനതയിൽ 2 ഹെക്ടർ 80 ആർ 90 ച.മീ.ഭൂമിയാണ് നിലവിലുള്ളത്.

(ബി) കൊട്ടാരക്കര നിയമസഭാംഗം 8-8-2017-ൽ ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ IR1/136/2017/WRD പ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 3-10-17-ൽ ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ന് കത്ത് നൽകുകയുണ്ടായി. 6-2-18-ലെ D4-589/16/KIP/SEC/17 ചീഫ് എഞ്ചിനീയർ പ്രോജക്ട് II-ന്റെ മറുപടി പ്രകാരം കൊട്ടാരക്കര രവിനഗർ കോളനി കാമ്പസിന്റെ ആകെ വിസ്തീർണ്ണം 2 ഹെക്ടർ 80 ആർ, 90 ചതുരശ്രമീറ്റർ ആണ്. പ്രസ്തുത സ്ഥലത്ത് 32 ഫാമിലി ക്വാർട്ടേഴ്സുകൾ, 6 ആഫീസുകൾ, സബ്ട്രഷറി - 1, ഗസ്റ്റ് ഹൗസ് - 1, ഡോർമെറ്ററി - 1, ഗോഡൗൺ - 1, റിക്രിയേഷൻ ക്ലബ് - 1, പമ്പ് ഹൗസ് - 2, കിണറുകൾ - 3, കാർഷെഡ് - 2, വാച്ച്മാൻ ഷെഡ് - 1, ക്വാളിറ്റി കൺട്രോൾ ലാബ് - 1, വാട്ടർ ടാങ്ക് - 2 എന്നിവ ഉൾപ്പെടുന്നതായും പ്രസ്തുത സ്ഥലത്തിന്റെ ഭൂരിഭാഗവും കെ.ഐ.പി.-യുടെ ആവശ്യത്തിനായി ഉപയോഗിച്ചു കൊണ്ടിരിക്കുകയുമാണെന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ നഗരസഭയുടെ പശ്ചാത്തല വികസനത്തിനും ആസ്തി വികസനത്തിനുമായി കൈമാറ്റം ചെയ്യാൻ അനുയോജ്യമായ ഒരു സ്ഥലവും നിലവിൽ ഇല്ലായെന്ന് ചീഫ് എഞ്ചിനീയർ പ്രോജക്ട് II അറിയിക്കുകയുണ്ടായി. രവിനഗർ കാമ്പസിലെ ഭൂമി KIP-യുടെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തിയ റിപ്പോർട്ട് സമർപ്പിക്കാൻ 7-6-2018-ന് ചീഫ് എഞ്ചിനീയർ, പ്രോജക്ട് II-ന് നിർദ്ദേശം നൽകുകയുണ്ടായി.

**മൂവാറ്റുപുഴ മണ്ഡലത്തിലെ ഇറിഗേഷൻ പ്രവർത്തനങ്ങൾ**

207 (2737) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപ്പുഴ നിയോജക മണ്ഡലത്തിൽ 2016, 2017, 2018, 2019 എന്നീ വർഷങ്ങളിൽ അനുവദിച്ചതും നിർമ്മാണം നടന്നുവരുന്നതുമായ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

**ജലസംഗമം**

208 (2738) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മേയ് 29 മുതൽ 31 വരെ തിരുവനന്തപുരത്തെ വഴുതക്കാട് ടാഗോർ തീയേറ്ററിൽ നടന്ന ജലസംഗമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) മൂന്ന് ദിവസങ്ങളിലായി എന്തെല്ലാം പരിപാടികളാണുണ്ടായിരുന്നതെന്നും പങ്കെടുത്തവർ ആരൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) ജലസംഗമം പരിപാടി സംഘടിപ്പിക്കാൻ എത്ര തുക ചെലവായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരളത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ വിദഗ്ധരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി 'ജലസംഗമം' എന്ന പേരിൽ ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. ഇതോടൊപ്പം വിജയകരമായി നടപ്പിലാക്കിയ മാതൃകകൾ മറ്റ് തദ്ദേശസ്ഥാപനങ്ങൾക്ക് മനസ്സിലാക്കി ഏറ്റെടുക്കുന്നതിന് സഹായിക്കാനും സെമിനാർ ലക്ഷ്യമിട്ടിരുന്നു. ഹരിതകേരളം മിഷന്റെ ടാസ്ക് ഫോഴ്സ് മീറ്റിംഗിന്റെ തീരുമാനപ്രകാരമാണ് സെമിനാർ നടത്തിയത്. വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മൂന്നു മേഖലകളായി തിരിച്ചു.

1. നദി പുനരുജ്ജീവനവും സുസ്ഥിരതാ വെല്ലുവിളികളും
2. പ്രാദേശിക ജലസ്രോതസ്സുകളും ജലസുരക്ഷാ പ്ലാനും
3. നഗരനീർചാലുകളും ജല പുനരുപയോഗവും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂന്ന് മേഖലകളിലെയും വിദഗ്ധർ അതാത് മേഖലയിൽ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവരുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ഇത്തരം നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പ്ലീനറി സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. ആദ്യ ദിവസം ജല മേഖലയിലെ വിവിധങ്ങളായ പ്രവർത്തനങ്ങളുടെ മാതൃകകളും ചിത്രങ്ങളും വീഡിയോകളുംമറ്റും ഉൾപ്പെടുത്തി നടത്തിയ പ്രദർശനത്തിന്റെ ഉദ്ഘാടനം നടന്നു. അതോടൊപ്പം തദ്ദേശഭരണ സ്ഥാപന പ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ധരും മൂന്ന് മേഖലകളിൽ നടന്ന പ്രവർത്തനങ്ങൾ കോട്ടയത്തെ മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട, ആലപ്പുഴ ടൗൺ കനാലുകൾ എന്നിവ സന്ദർശിച്ച് വിലയിരുത്തി. രണ്ടാം ദിവസം മൂന്ന് മേഖലകളിലായി നടന്ന സെമിനാറിൽ 55 അവതരണങ്ങളും തുടർന്ന് അതാത് മേഖലയിലെ വിദഗ്ധരുടെ 19 അവതരണങ്ങളും നടന്നു. മൂന്നാം ദിവസം നടന്ന പ്ലീനറി സമ്മേളനത്തിൽ മൂന്ന് മേഖലയിലെയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച കാഴ്ചപ്പാട് അവതരിപ്പിച്ചു.

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നും സർക്കാർ വകുപ്പുകളിൽനിന്നുമായി 1464 പേർ രജിസ്റ്റർ ചെയ്ത് ജലസംഗമത്തിൽ പങ്കെടുത്തു. ഇതുകൂടാതെ വിദഗ്ധരായി പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(സി) 2019-മേയ് മാസം 29,30,31 തീയതികളിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലസംഗമം പരിപാടി സംഘടിപ്പിച്ചതിന് 52,76,293 രൂപ (അൻപത്തി രണ്ട് ലക്ഷത്തി എഴുപത്തിയാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ചെലവായിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം II-* ആയി ചേർത്തിരിക്കുന്നു. കേരള ജല അതോറിറ്റിയുടെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്ന കളർഫോട്ടോ പ്രിന്റ് ചാർജ്ജ് 1920 രൂപയും ജലസേചനവകുപ്പിന് വർക്കിംഗ് മോഡൽ തയ്യാറാക്കി പ്രദർശിപ്പിച്ച വകയിൽ 1.10 ലക്ഷം രൂപയും ഇതിനുപുറമേ ചെലവായിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിൽ വിപുലമായ ഐ.ടി. വിഭാഗം**

209 (2739) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം സോഫ്റ്റ് വെയറുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.യുടെ മാതൃകയിൽ വാട്ടർ അതോറിറ്റിയിൽ വിപുലമായ ഐ.ടി. വിഭാഗം രൂപീകരിക്കുവാൻ തയ്യാറാകുമോ;

(സി) വാട്ടർ അതോറിറ്റിയിലെ ഐ.ടി. വിഭാഗത്തിന്റെ തലവനായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽനിന്നുള്ള ഐ.ടി. വിദഗ്ധനെ നിയമിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ബില്ലിംഗിനും കളക്ഷനും അക്കൗണ്ടിംഗിനും വേണ്ടിയുള്ള 'ഇ-അബാക്കസ് ' ആണ് കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന പ്രധാന സോഫ്റ്റ്‌വെയർ. പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരിഹാര നിരീക്ഷണത്തിനുമായി 'ജനമിത്ര' എന്ന സോഫ്റ്റ്‌വെയറും നിലവിലുണ്ട്. കൂടാതെ, ഇലക്ട്രോണിക് ഫയലിംഗ് സിസ്റ്റമായ ഡി.ഡി.എഫ്.എസ്, എച്ച്.ആർ. സ്റ്റാഫ് മാനേജ്മെന്റിനായി മാർച്ച് സോഫ്റ്റ്‌വെയർ, മെയിന്റനൻസ് ബിൽ മോണിറ്ററിംഗിനായി ബിൽ മോണിറ്ററിംഗ് സിസ്റ്റം, ജി.പി.എഫ് മാനേജ്മെന്റ് സിസ്റ്റം, അഡ്വർടൈസ്മെന്റ് മാനേജ്മെന്റ് സിസ്റ്റം, അറ്റൻഡന്റ്സ് മാനേജ്മെന്റ് സിസ്റ്റം ഉൾപ്പെടെ വാട്ടർ അതോറിറ്റിയുടെ വിവിധ ആവശ്യങ്ങൾക്കായി അനുയോജ്യമായ പല സോഫ്റ്റ്‌വെയറുകളും ഉപയോഗിക്കുന്നു.

വാട്ടർ അതോറിറ്റിയുടെ സകല ആവശ്യങ്ങളും ഒരു കുടക്കീഴിൽ ഉൾപ്പെടുത്തുന്ന തരത്തിൽ ഇ.ആർ.പി. സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) വാട്ടർ അതോറിറ്റിയിലെ യോഗ്യതയും പരിചയവുമുള്ള ജീവനക്കാരെ കണ്ടെത്തി നിലവിലുള്ള വിർച്വൽ ഐ.ടി. വിഭാഗം വിപുലീകരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) ഡാറ്റാ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആളെ നിയമിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പാടിപ്പുഴയിൽ ജലവിഭവ വകുപ്പുവഴി നിർമ്മിക്കുന്ന പാലം

210 (2740) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന പാടിപുഴയിൽ ജലവിഭവ വകുപ്പ് വഴി നിർമ്മിക്കുന്ന പാലത്തിന്റെ ഡിസൈൻ തയ്യാറാക്കാൻ ഐ.ഡി.ആർ.ബി.-യിൽ ആവശ്യമായ വിവരങ്ങൾ നൽകിയിട്ടും വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡിസൈൻ എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) തൃക്കരിപ്പൂർ പഞ്ചായത്തിൽ പാടിപ്പുഴയ്ക്ക് കുറുകെ ഒരു tractor way നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിനോടൊപ്പം ലഭ്യമാക്കിയ റിപ്പോർട്ടിൽ ഡിസൈൻ ചെയ്യുവാൻ ആവശ്യമായ കൂടുതൽ വിവരങ്ങളും സ്കീം റിപ്പോർട്ടും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ടിരുന്നു. ഈ പ്രവൃത്തി കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്താൻ ജില്ലാ സമിതി നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ കാസർഗോഡ് ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തി തീരുമാനമെടുക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഭൂഗർഭ ജലസംരക്ഷണവും കൃത്രിമ ഭൂഗർഭ ജലസംപോഷണവും**

211 (2741) ശ്രീ. എം. ഉമ്മർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ ജലക്ഷാമം നേരിടുന്ന സാഹചര്യത്തിൽ മഴവെള്ള സംഭരണത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഭൂഗർഭ ജലസംരക്ഷണവും കൃത്രിമ ഭൂഗർഭ ജലസംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി, മഴവെള്ളം ഭൂമിയിൽ സംഭരിച്ചു നിർത്തുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സമീപഭാവിയിൽ മഴവെള്ള സംഭരണം കൂടുതൽ വ്യാപിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന വകുപ്പുതല നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കെ.ആർ.ഡബ്ല്യൂ.എസ്.എ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. മഴവെള്ള സംഭരണം-ഭൂജലപരിപോഷണം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

1. കുടിവെള്ളക്ഷാമം നേരിടുന്ന 10 ഗ്രാമപഞ്ചായത്തുകളിലെ 1000 കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കാൻ ശേഷിയുള്ള സംഭരണികൾ പങ്കാളിത്താധിഷ്ഠിത മാതൃകയിൽ നിർമ്മിച്ച് നൽകുവാൻ ലക്ഷ്യമിടുന്നു.

II. കൃത്രിമ ഭൂഗർഭജല സംപോഷണ പരിപാടിയുടെ ഭാഗമായി 10 ഗ്രാമപഞ്ചായത്തുകളിലെ 8500 തുറന്ന കിണറുകൾ മഴവെള്ളം കടത്തിവിട്ട് റീചാർജ്ജ് ചെയ്യുന്നതിന് പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്.

III. തിരുവനന്തപുരം നഗരത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വിപുലമായ രീതിയിൽ മഴവെള്ളം സംഭരിക്കുന്നതിനും കൃത്രിമ ഭൂഗർഭ ജലസംപോഷണം നടത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

IV. രണ്ട് പിന്നോക്ക വിഭാഗ കോളനികളിൽ കമ്മ്യൂണിറ്റി മാനേജ്ഡ് മഴവെള്ള സംഭരണികൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് രൂക്ഷമായ ജലക്ഷാമം നേരിടുന്നതിനായി അനുയോജ്യമായ പ്രദേശങ്ങളിൽ മൈക്രോവാട്ടർഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകളുടെ നിർമ്മാണം, അടിയണകളുടെ നിർമ്മാണം തുടങ്ങിയവയുടെ നിർമ്മാണത്തിനുള്ള ഫീസിബിലിറ്റി സ്റ്റഡി എന്നിവ ജില്ലകളിൽ നടന്നുവരുന്നു. ഇത്തരത്തിൽ ജില്ലകളിൽനിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകളിൻമേൽ അനുമതിക്കായുള്ള സൂക്ഷ്മ പരിശോധനകൾ ഭൂജല വകുപ്പിൽ പുരോഗമിച്ചുവരുന്നു. കുഴൽക്കിണറുകൾ വഴി കൃത്രിമ ഭൂജല സംപോഷണ സാധ്യതകൾ പരിശോധിക്കുന്നതിനായി ഓരോ ജില്ലയിലും 4 വീതം കുഴൽകിണറുകൾ തെരഞ്ഞെടുത്ത് കൃത്രിമ ഭൂജലപരിപോഷണ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. മേൽക്കൂരയിൽനിന്നും മഴവെള്ളക്കൊയ്ത്ത് വഴി തുറന്ന കിണറുകൾ വഴിയും, റീചാർജ്ജ് പിറ്റ് വഴിയുമുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് പ്രധാനമായും ഭൂജലവകുപ്പ് സംസ്ഥാനത്ത്

നടപ്പിലാക്കി വരുന്നത്. 2016-17 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ മേൽക്കൂരവഴി മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റ് എന്നിവ വഴിയുള്ള 41 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. 2016-17-ലെ ബഡ്ജറ്റ് വിഹിതം 40 ലക്ഷം രൂപയിൽ 39.68 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇതേരീതിയിലുള്ള 83 ഭൂജലസംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും, കുഴൽക്കിണർ വഴിയുള്ള 5 പദ്ധതികൾ ഇടുക്കി ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2017-18-ൽ ബഡ്ജറ്റ് വിഹിതം 157 ലക്ഷം രൂപയായിരുന്നതിൽ 124.32 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷവും ഈ രീതിയിൽ 76 ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലും 5 കുഴൽക്കിണർ റീചാർജ്ജിംഗ് കാസർഗോഡ് ജില്ലയിലും പൂർത്തീകരിച്ചിട്ടുണ്ട്. 2018-19-ലെ ബഡ്ജറ്റ് വിഹിതം 350 ലക്ഷം രൂപയായിരുന്നതിൽ 129.09 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ഭൂജല വകുപ്പ് നിലവിൽ മേൽക്കൂര മഴവെള്ളക്കൊയ്ത്ത് വഴിയും തുറന്ന കിണറുകൾ വഴിയും റീചാർജ്ജ് പിറ്റ് വഴിയുമുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. എന്നാൽ അടിയണകൾ/ചെറിയ തടയണകൾ നിർമ്മിക്കുവാൻ അനുയോജ്യമായ പ്രദേശങ്ങൾ ശാസ്ത്രീയമായി കണ്ടെത്തുന്നതിനും മേൽക്കൂര മഴവെള്ളക്കൊയ്ത്തിലൂടെ കുഴൽക്കിണർ സംപോഷണം നടത്തുവാനുമുള്ള സാധ്യതാപഠനങ്ങളും പരീക്ഷണാടിസ്ഥാനത്തിൽ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

ജലനിധി, സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടി നിർമ്മിച്ചുനൽകിയ മഴവെള്ള സംഭരണികളുടെ പുനരുദ്ധാരണത്തിനും വിദ്യാലയങ്ങൾവഴി മഴവെള്ള സംഭരണത്തിന്റെ സന്ദേശം സമൂഹത്തിലേയ്ക്ക് എത്തിക്കുവാനുള്ള പദ്ധതികളും പ്ലാൻ രേഖയിൽ ഉൾപ്പെടുത്തി ഘട്ടംഘട്ടംമായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

**കേരള വാട്ടർ സപ്ലൈ ആൻഡ് സ്വിവറേജ് ആക്ടിന്റെ ഭേദഗതി**

212 (2742) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ സപ്ലൈ ആൻഡ് സ്വിവറേജ് ആക്ട് ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുടെയും പൊതുജനങ്ങളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെയും അഭിപ്രായങ്ങൾ ആരായുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള വാട്ടർ സപ്ലൈ ആൻഡ് സ്വീവറേജ് ആക്ടിന്റെ കരട് ഭേദഗതി വാട്ടർ അതോറിറ്റി ബോർഡ് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) വാട്ടർ അതോറിറ്റിയുടെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ഉചിത തീരുമാനം എടുക്കുന്നതാണ്.

**ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

213 (2743) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആവിഷ്കരിച്ച ബ്ലൂ ബ്രിഗേഡ് സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ജലവിതരണവും ബിൽവിവരങ്ങളും, പൈപ്പ് പൊട്ടൽ ഉൾപ്പെടെയുള്ള പരാതികളും സംബന്ധിച്ച ഉപഭോക്താക്കളുടെയും പരാതികൾ കൈകാര്യം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) വെസ്റ്റ് കൊച്ചി ജലവിതരണ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; പശ്ചിമ കൊച്ചിയുടെ ദീർഘകാല ആവശ്യമായിരുന്ന പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ചോർച്ചയുള്ള പഴയ പൈപ്പുകൾ കണ്ടെത്തി സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവർത്തികൾ, കിഫ്ബി, നബാർഡ്, അമൃത് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയും കൂടാതെ എം.എൽ.എ./എം.പി. മാരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചും പൈപ്പുകൾ മാറ്റി സ്ഥാപിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണം, താല്ക്കാലിക തടയണകൾ സ്ഥാപിക്കുക, ഇൻഫിൽട്രേഷൻ ഗ്യാലറികൾ പ്രവർത്തനക്ഷമമാക്കുക, പമ്പ് സെറ്റുകളുടെ പ്രവർത്തനക്ഷമത കൂട്ടുക, പുതിയ വിതരണ ശൃംഖലകൾ സ്ഥാപിക്കുക, ജല വിതരണ ശൃംഖലകളുടെ സംയോജിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളിലൂടെ ജല വിതരണം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ള പദ്ധതികളിൽ 56 കുടിവെള്ള പദ്ധതികൾക്ക് 3800.694 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 161.08 കോടി രൂപയുടെ 4 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതിക്ക് അംഗീകാരം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും തത്വത്തിൽ അനുമതി നൽകി, കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്. കൂടാതെ 1) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 449.44 കോടി രൂപയും 2) നബാർഡിൽ 308.33 കോടി രൂപയും 3) അമൃതിൽ 1039.27 കോടി രൂപയും ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൈപ്പ്ലൈനുകളിലെ പൊട്ടൽ, ലീക്കുകൾ എന്നിവ വാട്ടർ അതോറിറ്റി നേരിട്ടുതന്നെ പരിഹരിക്കാനുള്ള അടിയന്തര സംവിധാനമാണ് ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾ. പൈപ്പ് ലീക്കുകൾക്ക് പുറമേ വാൽവ് നിയന്ത്രണം, ഗാർഹിക കണക്ഷനുകളിലെ ലീക്കുകൾ പരിഹരിക്കൽ, കണക്ഷൻ വിച്ഛേദിക്കൽ, ഗാർഹിക കണക്ഷനുകൾ നൽകൽ തുടങ്ങിയവയും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകൾവഴി ചെയ്തു വരുന്നുണ്ട്.

തിരുവനന്തപുരം നഗരത്തിൽ 2010 മുതൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) കുടിവെള്ള വിതരണത്തെക്കുറിച്ചും പൈപ്പ് പൊട്ടലിനെക്കുറിച്ചും പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കുമുള്ള പരാതികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകൾ വഴിയും ജനമിത്ര

സോഫ്റ്റ്‌വെയർ വഴിയും (എല്ലാ ഡിവിഷൻ ഓഫീസുകളിലും) സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പരാതികൾ യഥാസമയം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പുവരുത്താനുമായാണ് ജനമിത്ര സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുള്ളത്. വരൾച്ച കാലയളവിൽ സ്പെഷ്യൽ കൺട്രോൾ റൂം തുറന്ന് പ്രവർത്തിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. ബിൽ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ യഥാസമയംതന്നെ പരിഹരിച്ചുവരുന്നു. സംസ്ഥാനത്തുടനീളമുള്ള പരാതികൾ രജിസ്റ്റർ ചെയ്യാനും പരിഹാരമാർഗ്ഗങ്ങൾ നിരീക്ഷിക്കുവാനും കേന്ദ്ര കാര്യാലയത്തിൽ Complaint Receiving Cell പ്രവർത്തിച്ചുവരുന്നു. 1800-425-5313 എന്ന ടോൾ ഫ്രീ നമ്പരിൽ ഉപഭോക്താക്കൾക്ക് പരാതി രജിസ്റ്റർ ചെയ്യുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവനന്തപുരം നഗരാതിർത്തിയിലെ പരാതികൾ രജിസ്റ്റർ ചെയ്യുവാൻ 24x7 പ്രവർത്തിക്കുന്ന ഹെൽപ്പ്‌ലൈൻ സംവിധാനം വെള്ളയമ്പലത്ത് പ്രവർത്തിച്ചുവരുന്നു.

(ഡി) പ്രസ്തുത പേരിൽ ഒരു കുടിവെള്ള പദ്ധതിയില്ല. എന്നാൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പശ്ചിമ കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വിവിധ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. പെരുമാനൂർ പമ്പ് ഹൗസ് മുതൽ തേവര പാലം വരെയുള്ള ഭാഗം ഒഴിച്ച് 700 എം.എം.ഡിഐ/700 എം.എം ബി.ഡബ്ല്യൂ.എസ്.സി പൈപ്പ് ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ മട്ടാഞ്ചേരി പാലത്തിന്റെ പടിഞ്ഞാറേ അറ്റം മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെയുള്ള 700 എം.എം പ്രിമോ പൈപ്പിനുപകരം 700 എം.എം ഡിഐ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 15-7-2017 -ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ മട്ടാഞ്ചേരി പാലത്തിന്റെ അടിയിൽ കേടായതും പഴയതുമായ 600 എം.എം. എം.എസ് പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും 11-9-2016-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

ജൻറം പദ്ധതിയുടെ പ്രയോജനം പശ്ചിമ കൊച്ചിക്ക് ലഭിക്കുന്നതിനായി മരട് ശുദ്ധീകരണ ശാലയിൽനിന്നും കൊച്ചിൻ പോർട്ടിലേയ്ക്കുള്ള പമ്പിംഗ് മെയിനും മട്ടാഞ്ചേരി പാലത്തിൽ പുതിയതായി സ്ഥാപിച്ച 600 എം.എം.എം.എസ് പൈപ്പുമായി 700 എം.എം. ഡിഐ പൈപ്പ് സ്വിഫ്റ്റ് ജംഗ്ഷൻ മുതൽ മട്ടാഞ്ചേരി പാലം വരെ സ്ഥാപിച്ച് കൂട്ടി യോജിപ്പിച്ചതുവഴി 15 എം.എൽ.ഡി. അധിക ജലം കരുവേലിപ്പടി പമ്പ് ഹൗസിൽ എത്തിച്ച് വിതരണം നടത്തി വരുന്നു. ഈ അധിക ജലം കരുവേലിപ്പടി പമ്പ് ഹൗസിൽ എത്തിക്കുന്നതിനായി മട്ടാഞ്ചേരി പാലത്തിലുള്ള പഴയ 600 എം.എം എം.എസ് പൈപ്പും മട്ടാഞ്ചേരി പാലം മുതൽ കരുവേലിപ്പടി പമ്പ് ഹൗസ് വരെയുള്ള പഴയ പ്രിമോ പൈപ്പും നിലവിൽ ഉപയോഗിക്കുന്നുണ്ട്.

## ജലസംരക്ഷണ നടപടികൾ

214 (2744) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജലനയം വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ജലവിനിയോഗത്തിന്റെ കാര്യത്തിൽ സമൂഹത്തിന്റെ നിലവിലെ ഉദാസീന സമീപനം തിരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) ജലസംരക്ഷണത്തിനും ജലമലിനീകരണം തടയുന്നതിനുമുള്ള സന്ദേശം സമൂഹത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് 2008-ൽ രൂപീകരിച്ച ഒരു ജലനയം നിലവിലുണ്ട്. എന്നാൽ കേന്ദ്ര ജലനയം 2012-ൽ പുതുക്കിയത് കണക്കിലെടുത്തും കഴിഞ്ഞ 11 വർഷങ്ങളിൽ സംസ്ഥാനത്തെ ജലവിഭവ രംഗത്ത് വന്ന മാറ്റങ്ങൾ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആവശ്യകതകൾ എന്നിവ പരിഗണിച്ചും കഴിഞ്ഞ കുറച്ച് വർഷങ്ങളിലെ ജലവിഭവ നിർവ്വഹണ രംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രസ്തുത ജലനയത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ജലനയം പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കഴിഞ്ഞ വർഷങ്ങളിലെ ജലത്തിന്റെ ലഭ്യതയിൽ വന്നിട്ടുള്ള കുറവും ജനസംഖ്യ, ജലത്തിന്റെ ദുരുപയോഗം എന്നിവയിലുണ്ടായ ഗണ്യമായ വർദ്ധനവ് എന്നിവ കണക്കിലെടുത്തും ജലസ്രോതസ്സുകളെ സംരക്ഷിച്ച് അവയുടെ മലിനീകരണം തടഞ്ഞും ജലലഭ്യത ഉറപ്പുവരുത്തി ശുദ്ധമായ ജലം എല്ലാപേർക്കും നീതിപൂർവ്വം നൽകണമെന്നതാണ് ഈ നിർദ്ദിഷ്ട ജലനയത്തിന്റെ പ്രധാന ഉദ്ദേശ്യം. ഇതിനായി 14-11-2017-ലെ സ.ഉ. (സാധാ) നമ്പർ 922/2017/ജ.വി.വ പ്രകാരം ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു പത്തംഗ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജലപരിപാലന രീതികളിൽ കഴിഞ്ഞ കുറെ വർഷങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ ശാസ്ത്രീയമായി പഠിക്കുകയും 2018 ഓഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ, പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകാൻ തീരുമാനിച്ചിരിക്കുന്നത്.

ഇതിനുപുറമെ പുതിയ നയം രൂപീകരിക്കുമ്പോൾ കേരളത്തിൽ സന്ദർശനം നടത്തിയ ഐക്യരാഷ്ട്ര സഭയുടെ UNDP സംഘവും നെതർലാന്റ്സ് സംഘം മുന്നോട്ട് വച്ചിട്ടുള്ള River Basin Conservation and Management Authority രൂപീകരിക്കണമെന്ന ആവശ്യകതയുടെ അടിസ്ഥാനത്തിലുള്ള പഠനവും പദ്ധതികളുടെ രൂപീകരണവും ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഡ്രാഫ്റ്റിംഗ് കമ്മിറ്റി പരിഗണിക്കുന്നതാണ്.

(ബി) ജലവിനിയോഗത്തിന്റെ കാര്യത്തിൽ സമൂഹത്തിന്റെ നിലവിലെ ഉദാസീന സമീപനം തിരുത്തുന്നതിനുവേണ്ടിയും ബോധവത്കരണത്തിനുംവേണ്ടി ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പ്രചാരണ പരിപാടികളുടെ ഭാഗമായി "ജലം ജീവാമൃതം" എന്ന തലക്കെട്ടിൽ ജലവിഭവവകുപ്പിന്റെ ലഘുലേഖകൾ വിതരണം ചെയ്ത് 'ജലസാക്ഷരത' വർദ്ധിപ്പിക്കുവാൻ ശ്രമിച്ചുവരുന്നു. പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു. തദ്ദേശ വകുപ്പുമായി ചേർന്ന് ജല സാക്ഷരത പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലസംരക്ഷണത്തെക്കുറിച്ചും പോസ്റ്ററുകൾ പ്രദർശിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യാറുണ്ട്. ജലദുർവിനിയോഗം കുറയ്ക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേനയും നോട്ടീസ് വിതരണം നടത്തിയും പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്താറുണ്ട്. ഇതോടൊപ്പംതന്നെ കൃത്യമായി വാൽവ് കൺട്രോൾ ചെയ്ത് ജലവിനിയോഗം നിയന്ത്രിക്കുകയും ചെയ്യുന്നു. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയും പ്രചാരണ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. ജല ദുരുപയോഗം കണ്ടെത്തിയാൽ നിയമപരമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ജലസംരക്ഷണത്തിനും ജലമലിനീകരണം തടയുന്നതിനുമുള്ള സന്ദേശം സമൂഹത്തിൽ കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ചുവരെഴുത്തുകൾ, പരസ്യബോർഡുകൾ, എൽഇഡി ഡിസ്പ്ലേ ബോർഡുകൾ എന്നിവയിലൂടെ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താറുണ്ട്. ഇതുമായി ബന്ധപ്പെട്ട് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും ജലസംരക്ഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കാറുണ്ട്. ജില്ലാ ഭരണകൂടംവഴി നേരിട്ടും വിവിധ ഉപഭോക്താക്കളിൽ എത്തിച്ചും ഡിജിറ്റൽ രൂപത്തിൽ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും നിരന്തരം പൊതുജനത്തെ ഉദ്ബോധിപ്പിച്ചുവരുന്നു.

വേനൽക്കാലത്ത് ജലസമൃദ്ധിയും ജലസാക്ഷരതയും ലക്ഷ്യമിട്ട് തുടങ്ങിയ "ജലം ജീവാമൃതം" ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ജല സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൈപ്പുസ്തകം, ലഘുലേഖ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും ജലപാർലമെന്റ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ജല സംരക്ഷണ സന്ദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നത് പരിഗണനയിലാണ്. ജലസംരക്ഷണത്തിനും ജലമലിനീകരണം തടയുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

കൂടാതെ വ്യാവസായിക ഗാർഹിക ഉപഭോക്താക്കൾ ജല ഉപയോഗം കൂട്ടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉപഭോക്താവിനെ അറിയിച്ച് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ ആന്റി തെഫ്റ്റ് സ്ക്വാഡുകളെയും (Anti theft squad) ജലചൂഷണം കണ്ടുപിടിക്കാൻ നിയോഗിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ, നിലവിലുള്ള സ്കീമുകളിൽ കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികളിലൂടെയും ജലമലിനീകരണം തടഞ്ഞുവരുന്നു.

## ജലവിതരണ പദ്ധതികളുടെ നവീകരണവും വിപുലീകരണവും

215 (2745) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളും നഗരജലവിതരണ പദ്ധതികളും നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിന് പഴയ പൈപ്പുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി ജലശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ-സി) കേരള ജല അതോറിറ്റിയുടെ കീഴിലുള്ള നഗരജലവിതരണ പദ്ധതികൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിനും പഴയ പൈപ്പുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

1. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽപ്പെട്ട പ്രവർത്തികൾക്ക് 1050.86 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടന്നുവരുന്നു.

2. കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ള പദ്ധതികളിൽ 50 കുടിവെള്ള പദ്ധതികൾക്ക് 2853.074 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 963.52 കോടി രൂപയുടെ 10 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് സർക്കാരിൽനിന്നും തത്വത്തിൽ അനുമതി ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപ്പുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

3. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2016 മുതൽ 2018 വരെയുള്ള കാലയളവിൽ 753.99 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 279 പ്രവൃത്തികൾക്കായി 84.1966 കോടി രൂപയ്ക്കുള്ള പ്രൊപ്പോസലുകൾ 16-5-2019-ൽ കൂടിയ ഡിപ്പാർട്ടുമെന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

4. കുടിവെള്ള വിതരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി പൂർണ്ണ തോതിൽ ഉപയോഗ പ്പെടുത്തുന്നതിന് ഉത്പന്ന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീ കരിച്ചുകൊണ്ടിരിക്കുന്നതും വിതരണ ശൃംഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നല്കി വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള ശുദ്ധീകരണ ശാലകളിൽനിന്നും ജനങ്ങൾക്ക് ജലമെത്തിക്കുവാൻ എന്ന ലക്ഷ്യത്തോടെ 11340 കോടിയുടെ പ്രൊപ്പോസലുകൾ RKI (റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്) പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശുദ്ധജലം സംരക്ഷിക്കുന്നതിന് പദ്ധതി**

216 (2746) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും മലിനമാക്കുന്നതും സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കു ന്നതിനും ശുദ്ധജലം സംരക്ഷിക്കുന്നതിനും പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കുടിവെള്ളം പാഴാക്കുന്നതും ദുരുപയോഗം ചെയ്യുന്നതും മലിന മാക്കുന്നതും സംബന്ധിച്ച് പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും കൈപ്പുസ്തകം, ലഘു ലേഖകൾ തുടങ്ങിയവ മുഖേനയും ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പി ക്കുന്നുണ്ട്. വാട്ടർ കണക്ഷനുകൾ എടുത്തിട്ടുള്ള ഉപഭോക്താക്കളിൽ, വളരെ കാലമായി മീറ്റർ പ്രവർത്തിക്കാത്തവർക്ക് കണക്ഷൻ വിച്ഛേദിക്കുമെന്ന് മുന്നറിയിപ്പ് നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. വാട്ടർ കണക്ഷനുകളിലൂടെ നൽകുന്ന ജലത്തിന്റെ ദുരുപയോഗം കണ്ടെത്തി നടപടി എടുക്കുന്നതിന് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് പരസ്യ ബോർഡുകൾ സ്ഥാപിച്ചും മാധ്യമങ്ങൾവഴി ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം, റവന്യൂ വകുപ്പ് എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കാറുണ്ട്.

## ജലസമൃദ്ധി പദ്ധതി

217 (2747) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ജലസമൃദ്ധി എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതിയുടെ ലക്ഷ്യം എത്രത്തോളം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധി എന്ന പദ്ധതി ഹരിതകേരള മിഷന്റെയും ജലവിഭവ വകുപ്പിന്റെയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ഉപയോഗ സംസ്കാരം രൂപപ്പെടുത്തലാണ് ജലസമൃദ്ധിയുടെ പ്രധാന ഊന്നൽ.

സംയോജിത നീർത്തടാടിസ്ഥാനത്തിൽ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം ഉറപ്പാക്കി നദീതടാടിസ്ഥാനത്തിൽ ബന്ധിപ്പിച്ച് നദികളുടെ നീരൊഴുക്ക് സ്ഥാപിക്കുക എന്നതാണ് പ്രവർത്തന രീതി. ഈ പ്രവർത്തനത്തിലൂടെ പ്രകൃതി വിഭവ പരിപാലനം ഉറപ്പാക്കാനും സുസ്ഥിര വികസനം സാദ്ധ്യമാക്കാനും സാധിക്കും.

(സി) ഉണ്ട്. ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി സമഗ്ര നീർത്തട പ്ലാനുകൾ ഗ്രാമപഞ്ചായത്തുതലത്തിൽ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 843 തദ്ദേശഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. റിഡ്ജ് ടു വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) എന്ന സമീപനത്തോടുകൂടി മുൻഗണനാക്രമത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ഡി) ഹരിത കേരളത്തിന്റെ ഭാഗമായ ജലസമൃദ്ധി പദ്ധതി സംസ്ഥാന വ്യാപകമായാണ് നടപ്പിലാക്കിവരുന്നത്.

## മരുതോങ്കര ഗ്രാമപഞ്ചായത്തിലെ വേട്ടോറ കുടിവെള്ളപദ്ധതി

218 (2748) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ വേട്ടോറ കുടിവെള്ളപദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും എത്ര രൂപ ടോക്കൻ എമൗണ്ട് നൽകിയിട്ടുണ്ടെന്നും ബാക്കി തുക എന്ന് നൽകാൻ കഴിയുമെന്നും അറിയിക്കാമോ;

(സി) മരുതോങ്കര പഞ്ചായത്തിൽ ഇതിനോടനുബന്ധിച്ച് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും അതിന്റെ പ്രവർത്തനപുരോഗതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) മരുതോങ്കര പഞ്ചായത്തിലെ വേട്ടോറ കുടിവെള്ള പദ്ധതി ജലനിധി ഒന്നാം ഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റിയിൽനിന്നും പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധാരണം നടത്തി 2004-ൽ തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിരുന്നു. 2019-20 കാലയളവിൽ KRWSA മുഖാന്തിരം നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ സുസ്ഥിരതാപദ്ധതിയുടെ ഭാഗമായി ഈ പദ്ധതിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നടപടികളാരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ഉടൻതന്നെ നൽകുന്നതാണ്.

(സി) മരുതോങ്കര പഞ്ചായത്തിൽ വേട്ടോറ കുടിവെള്ള പദ്ധതിക്ക് പുറമെ, നടക്കുനി കുടിവെള്ള പദ്ധതി, ബംഗ്ലാവുള്ളകുന്ന കുടിവെള്ള പദ്ധതി, ചാപ്രത്തുണ്ട കുടിവെള്ള പദ്ധതി എന്നിവകൂടി സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മരുതോങ്കര പഞ്ചായത്തിലെ 5 പദ്ധതികൾ കൂടി 2019-20-ലെ സുസ്ഥിര പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## കുപ്പിവെള്ള വിലനിയന്ത്രണം

219 (2749) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള വില നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് കുപ്പിവെള്ളത്തെ അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) കുപ്പിവെള്ള നിർമ്മാണക്കമ്പനികളുടെ സംഘടന ഒരു ലിറ്റർ കുപ്പിവെള്ളം 12 രൂപ വിലയ്ക്ക് വിൽക്കുവാൻ തയ്യാറാണെന്ന് അറിയിച്ചിട്ടും അത് പ്രാവർത്തികമാക്കുവാൻ സാധിക്കാതെ വന്നത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ അരുവിക്കര പ്ലാന്റിൽനിന്നും കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1986- ലെ കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ ക്ലോസ്സ് (എ) സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) ഓരോ നിർമ്മാതാക്കളും അവരവരുടെ നിർമ്മാണ ചെലവ് അടിസ്ഥാനമാക്കി വ്യത്യസ്തമായ എം.ആർ.പി. ആണ് നിശ്ചയിച്ച് അറിയിച്ചത്. ഒരു ലിറ്റർ ബോട്ടിലിന് 11 രൂപ നിരക്കിൽ സപ്ലൈകോ വില്പന ശാലകൾവഴി നിലവിൽ കുപ്പിവെള്ളം വിതരണം ചെയ്തുവരുന്നു. റേഷൻ കടകൾ വഴിയും ഇതേ വിലയ്ക്ക് കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വാട്ടർ അതോറിറ്റിയുടെ അരുവിക്കര പ്ലാന്റിൽനിന്നും കുപ്പിവെള്ളം നിർമ്മിക്കുന്ന പദ്ധതിയുടെ പണികൾ എല്ലാംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബി.ഐ.എസ്.-ന്റെ ഇൻസ്പെക്ഷൻ 22-5-2019-ന് പൂർത്തിയായി. BIS, FSSAI എന്നിവയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ കഴിയുന്നതാണ്.

## അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റ്

220 (2750) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റിന്റെ പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പൂർണ്ണമായി പ്രവർത്തനക്ഷമമായി കഴിയുമ്പോൾ വിപണനം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ?

ഉത്തരം

(എ) അരുവിക്കരയിലെ കുപ്പിവെള്ള ഉല്പാദന യൂണിറ്റ് പ്രവർത്തനം അന്തിമഘട്ടത്തിലാണ്. 22-5-2019-ന് ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് (ബി.ഐ.എസ്) ഉദ്യോഗസ്ഥർ ഫാക്ടറി പരിശോധന നടത്തുകയും കുപ്പികളുടെയും വെള്ളത്തിന്റെയും സാമ്പിളുകൾ പരിശോധനയ്ക്കായി കൊണ്ടുപോയിട്ടുള്ളതുമാകുന്നു. ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെ പരിശോധനാഫലം ലഭിക്കുന്ന മുറയ്ക്ക് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ അനുമതികൂടി ലഭിച്ചതിനുശേഷം ഫാക്ടറിയിൽ ഉത്പാദനം ആരംഭിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ്.-ന്റെ ഇൻസ്പെക്ഷൻ 22-5-2019-ന് പൂർത്തിയായി. BIS, FSSAI എന്നിവയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കുപ്പിവെള്ളം വിപണിയിലെത്തിക്കാൻ കഴിയുന്നതാണ്.

(ഡി) ആയതിന്റെ രൂപ രേഖ തയ്യാറാക്കിവരുന്നു.

## ഹരിത കേരളം മിഷന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

221 (2751) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി മങ്കട നിയോജക മണ്ഡലത്തിൽ 2018-19 ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന് മങ്കട നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഹരിതകേരളം - ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം എന്ന വിഭാഗത്തിൽപ്പെടുത്തി "മങ്കട പഞ്ചായത്തിലെ വെളുത്തേടത്ത് അയ്യപ്പൻ കുളത്തിന്റെ പുനരുദ്ധാരണം" എന്ന പ്രവൃത്തിക്ക് 5.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹരിതകേരളം - ടാങ്കുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം എന്ന വിഭാഗത്തിലുൾപ്പെടുത്തി പുഴക്കാട്ടിരി പഞ്ചായത്തിലെ വാർഡ് 9-ലെ ഏകോരികുളം പുനരുദ്ധാരണത്തിനായി 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കൂടാതെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനായി മങ്കട നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ പഞ്ചായത്ത്, ബ്ലോക്ക്തല ഹരിതകേരളം മാസ്റ്റർ പ്ലാനിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തെ തോടുകളുടെയും നീർച്ചാലുകളുടെയും സംരക്ഷണം

222 (2752) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോടുകളും നീർച്ചാലുകളും മാലിന്യ വാഹികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ജലമലിനീകരണവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ തോടുകളും നീർച്ചാലുകളും മലിനപ്പെടുത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ സാധിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ജലമലിനീകരണത്തിനെതിരെ വ്യാപക പ്രചരണം നടത്തുന്നതിനും ഭാവി തലമുറയ്ക്കായി ഇവയെ സംരക്ഷിക്കുന്നതിനും വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തോടുകളിലും നീർച്ചാലുകളിലും മാലിന്യം എത്തിച്ചേരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെറുതോടുകളും നീർച്ചാലുകളും എത്തിച്ചേരുന്നത് പ്രധാനമായും പുഴകളിലേയ്ക്കാണ്. കേരളത്തിലെ നദീജല ഗുണനിലവാര പരിശോധന കോഴിക്കോട് ആസ്ഥാനമായ ജലവിഭവവികസന പരിശീലന കേന്ദ്രം (CWRDM) നടത്തുകയും റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ജലഗുണനിലവാരം പൊതുവിൽ (പ്രത്യേകിച്ച് നഗരത്തോട് അടുത്ത് വരുന്നിടങ്ങളിൽ) മോശമാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ ജലസ്രോതസ്സുകളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മാസംതോറും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ബോർഡിന്റെ പരിശോധന ഫലങ്ങൾ അനുസരിച്ച് വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) ജലമലിനീകരണവുമായി ബന്ധപ്പെട്ട് പ്രധാനമായും നാല് നിയമങ്ങളനുസരിച്ചാണ് നടപടി സ്വീകരിക്കാറുള്ളത്.

(i) കേന്ദ്രജലമലിനീകരണ നിയന്ത്രണനിയമം, 1974

(ii) കേരള പഞ്ചായത്തീരാജ് നിയമം, 1994

(iii) കേരള നഗരപാലികനിയമം, 1994

(iv) കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചന-ജലസംരക്ഷണ (ഭേദഗതി) നിയമം 2018 (Act 16 of 2018) നിലവിലുണ്ട്. ഇതനുസരിച്ച് ശിക്ഷയുടെ കാലാവധി ചുരുങ്ങിയത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമായി വർദ്ധിപ്പിക്കുകയും പിഴ പരമാവധി രണ്ട് ലക്ഷം രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജല മലിനീകരണത്തിന്റെ ദോഷവശങ്ങളെക്കുറിച്ചും ജലസംരക്ഷണ ത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പൊതുഅവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹരിതകേരളമിഷന്റെ ഭാഗമായി "ജലമാണ് ജീവൻ" എന്ന ലഘുലേഖ പ്രസിദ്ധീകരിക്കുകയും ജലപാർലമെന്റ് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ 'ജലം ജീവാമൃതം' എന്ന ചെറുപുസ്തകം ജലവിഭവവകുപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇത് വ്യാപകമായി പ്രചരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം ബോധവൽക്കരണ/പ്രചരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കി ജലസ്രോതസ്സുകൾ സുസ്ഥിരവും സുരക്ഷിതവുമായി നിലനിർത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

## വാട്ടർ അതോറിറ്റി കരാറുകാരുടെ കുടിശ്ശിക

223 (2753) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി, അമൃത്, നബാർഡ്, എ.ഡി.ബി. എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) കരാറുകാരുടെ അലംഭാവം കാരണം വാട്ടർ അതോറിറ്റിയുടെ ചില പദ്ധതികൾ മുടങ്ങുന്നുവെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ജല അതോറിറ്റി നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം കരാറുകാർക്ക് കോടികൾ കുടിശ്ശിക ആയ സാഹചര്യത്തിൽ അവർ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ നിന്ന് വിട്ട് നിൽക്കുന്ന സ്ഥിതിവിശേഷമുണ്ടോ; വിശദമാക്കുമോ;

(ഡി) കരാറുകാരുടെ കുടിശ്ശിക നിലവിലെത്രയാണ്; അത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കിഫ്ബി, അമൃത് പദ്ധതികളിൽ എന്തെങ്കിലും കാലതാമസം ഉണ്ടാക്കുന്നുണ്ടോ; അടിയന്തരമായി ഇടപെട്ട് അനുമതി സമയബന്ധിതമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കിഫ്ബി- സംസ്ഥാനത്തെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി കേരള ജല അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമീണ ജല വിതരണ പദ്ധതികളും നഗരജലവിതരണ പദ്ധതികളും നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും പുതിയവ നടപ്പിലാക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിരുന്ന 61 കുടിവെള്ള പദ്ധതികളിൽ 56 പദ്ധതികൾക്ക് 3800.694 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 161.08 കോടി രൂപയുടെ 4 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നല്കുന്ന നടപടി പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ അനുബന്ധം-1*-ൽ ചേർക്കുന്നു. കൂടാതെ നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന തിനായി 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നല്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് (അനുബന്ധം-2*) 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ (അനുബന്ധം-3*) കിഫ്ബിയുടെ പരിഗണനയിലാണ്.

അമൃത് - കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ ജലവിതരണ പ്രവൃത്തികളിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തികൾ എല്ലാംതന്നെ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം -4*ആയി ചേർക്കുന്നു.

നബാർഡ് - ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധം -5* ആയി ചേർക്കുന്നു.

എ.ഡി.ബി. - 2423 കോടി രൂപയ്ക്ക് DEA (Department of Economic Affairs) സ്ക്രീനിംഗ് കമ്മിറ്റി അംഗീകാരം നൽകിയ ADB-യുടെ കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലാണ്. ADB-യുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ കരട് രൂപം കേരള ജല അതോറിറ്റിയിൽ സമർപ്പിക്കുകയും ആയത് തുടർ നടപടികൾക്കായി പരിശോധനയിലുമാണ്.

(ബി) വസ്തുതാപരമാണ്. കേരള ജല അതോറിറ്റിയുടെ കൊച്ചി സർക്കിളിന് കീഴിൽ ജിഡ ധനസഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ, 17.9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഞാറയ്ക്കലിൽ നിർമ്മിക്കുന്ന ഉന്നതതല സംഭരണിയും മുരിയ്ക്കുംപാടത്തു നിർമ്മിക്കുന്ന ഉന്നതതല സംഭരണിയും മുരിയ്ക്കുംപാടത്ത് നിർമ്മി ക്കുന്ന 11.9 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയും കരാറുകാരന്റെ അലംഭാവംമൂലം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പ്രവൃത്തികൾ കരാറു കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തീകരിക്കുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു. അലംഭാവം കാണിക്കുന്ന കരാറുകാർക്ക് ഉടമ്പടി പ്രകാരമുള്ള liability ചുമത്തുകയും, ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചും കരാർ റദ്ദ് ചെയ്ത് റിസ്ക് & കോസ്റ്റ് വ്യവസ്ഥയിൽ പുനർദർഘാസ് ക്ഷണിച്ച് ബാക്കിയുള്ള പ്രവൃത്തികൾ കരാറുകാരന്റെ ചെലവിലും ബാധ്യതയിലും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് ജല വിതരണം സുഗമമാക്കുവാൻ സാധിക്കാറില്ല.

കേരള ജല അതോറിറ്റിയുടെ കൊല്ലം സർക്കിളിൽ കൊട്ടാരക്കര പി.എച്ച്. ഡിവിഷന്റെ കീഴിൽ വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യുവാൻ കരാറുകാർ താല്പര്യം കാണിക്കുന്നില്ല. കൂടാതെ കോട്ടയം സർക്കിളിൽ NRDWP ഫണ്ടിന്റെ അഭാവംമൂലം അയലക്കുന്ന് - മുത്തോലി, അയർക്കുന്നം - കുരോപ്പട, ഏറ്റുമാനൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതികളുടെ പണികൾ കരാറുകാർ നിർത്തി വച്ചിരിക്കുകയാണ്.

(ഡി) കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയ വകയിലും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് വകയിലുമായി 472.71 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയായി ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇവ കൊടുത്തുതീർക്കുന്നതാണ്.

(ഇ) റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കിഫ്ബി 26-11-2018-ലെ G.O.(MS) No. 444/2018/Fin അനുസരിച്ച് നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് PWD/KWA/ KSEBL-യുടെ സാങ്കേതികാനുമതിയുള്ള എസ്റ്റിമേറ്റ് പ്രകാരം റോഡ് മുറിക്കൽ/ പുന:സ്ഥാപിക്കൽ/യൂട്ടിലിറ്റി മാറ്റൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന്റെ ഉത്തരവാദിത്തം അതാത് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളിൽ (SPV) നിക്ഷിപ്തമാണ്.

അമൃത് പ്രവൃത്തികളെല്ലാംതന്നെ സംസ്ഥാനത്തെ നഗര പരിധികളിൽ വരുന്നതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള പ്രധാന തടസ്സമായ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ 11-12-2018-ൽ നടന്ന 20-ാമത് SLPC മീറ്റിംഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ PWD-ൽ നിന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കണ്ണൂർ കോർപ്പറേഷനിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട തുറമുഖ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി KWA, PWD, കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗങ്ങൾ വിളിച്ചു. ഇതനുസരിച്ച് അമൃത് പദ്ധതിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ആവശ്യമായ റോഡ് മുറിക്കൽ അനുമതി PWD-യിൽ നിന്ന് ലഭ്യമാകുകയും കണ്ണൂർ കോർപ്പറേഷനിലെ അമൃത് പ്രവൃത്തികൾ എല്ലാംതന്നെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു.

പൊതുമരാമത്ത്, ദേശീയപാത അതോറിറ്റി തുടങ്ങിയ ഏജൻസികളിൽ നിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിനായി സർക്കാർ 11-4-2019-ൽ G.O.(Rt)No.265/2019/WRD നമ്പർ ആയി അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്), അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയം ഭരണ വകുപ്പ്), പ്രിൻസിപ്പൽ സെക്രട്ടറി (PWD) എന്നിവർ അംഗങ്ങൾ ആയുള്ള ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ഇതനുസരിച്ച് എല്ലാ മാസവും ആദ്യ വാരം മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി മുൻഗണന ക്രമത്തിൽ റോഡ് കട്ടിംഗ് അനുമതി ആവശ്യമുള്ള വിഷയങ്ങൾ എംപവേർഡ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 1-6-2019-ന് കമ്മിറ്റിയുടെ ആദ്യ യോഗം ചേർന്ന് പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ട വർക്കുകളിൽ ഭൂരിഭാഗത്തിനും ക്ലിയറൻസ് നല്കുവാനും തീരുമാനമാകുകയും ചെയ്തു. കൂടാതെ റെയിൽവേ ക്രോസിങ് അനുമതിയും വനംവകുപ്പിൽ നിന്നുള്ള അനുമതിയും ലഭ്യമാകാനുള്ള തടസ്സങ്ങൾ നേരിടുന്ന വിഷയത്തിലും പ്രശ്നങ്ങൾ പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടന

224 (2754) ശ്രീ. എം. സ്വരാജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി സാമ്പത്തിക ഞെരുക്കത്തിലായതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലെ കാര്യക്ഷമത നിലനിർത്താൻ വരുമാന വർദ്ധനവിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കുടിശ്ശികയായിട്ടുള്ള വെള്ളക്കരം പിരിച്ചെടുക്കാൻ ഊർജ്ജിത ശ്രമം നടത്തുന്നുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനാ സാധ്യത സംബന്ധിച്ച് ഐ.ഐ.എം. ബംഗളൂരു നടത്തിയ പഠന റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ്;

(സി) ശിപാർശയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് ആലോചിക്കുന്നത്;

(ഡി) കിഫ്ബി പദ്ധതികൾ വഴി നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖല പുനരുദ്ധരിച്ച് ചോർച്ച ഒഴിവാക്കി വരുമാന വർദ്ധനവിന് ചെയ്തുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തിലെ കാര്യക്ഷമത നിലനിർത്താൻ വരുമാനവർദ്ധനവിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു :

1. ഓരോ വർഷവും 2 ലക്ഷം പുതിയ വാട്ടർ കണക്ഷനുകൾ നൽകുക.
2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വെള്ളക്കര കുടിശ്ശിക പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്.
3. റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ കുടിവെള്ള പദ്ധതികളുടെ വരവ് ചെലവ് താരതമ്യ പഠനം നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റവന്യൂ വർദ്ധിക്കുന്നതിനായി

ഡിവിഷൻ തലത്തിൽ കണക്ഷനുകൾക്കനുസൃതമായി റവന്യൂ ടാർജറ്റുകൾ നൽകുകയും ആയത് കൃത്യമായി പിരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ റവന്യൂ മീറ്റിംഗുകൾ നടത്തിവരികയും ചെയ്യുന്നു.

4. ജലചോർച്ച മൂലമുണ്ടാകുന്ന നഷ്ടം കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുവേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികളിൽ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ ശിപാർശ ചെയ്യുകയും സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി ആയത് വിലയിരുത്തുകയും ചുവടെ പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു:

1. 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിക്കുകയും ജല അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.
2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.
3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.
4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുകയും എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
5. അറ്റകുറ്റപ്പണികൾ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ചുവരുന്നു.
6. വാട്ടർ അതോറിറ്റിയുടെ ജില്ലാ അടിസ്ഥാനത്തിലുള്ള ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു.
7. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് സംവിധാനവും കേന്ദ്രീകൃത ബില്ലിംഗ് (അബാക്കസ്സ്), ഇ-പേയ്മെന്റ് സംവിധാനം, കംപ്ലെയിന്റ് റിഡ്രസ്സൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവയും നടപ്പിലാക്കി.

(ഡി) നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിൽ നടപ്പാക്കാനായി 433.33 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അനുമതി നൽകി കിഫ്ബിയിൽ സമർപ്പിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ 10 സർക്കിളുകളിലെ പ്രൊപ്പോസലുകൾക്കായി 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

**വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണ പദ്ധതി**

225 (2755) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള വിതരണ പദ്ധതിയുടെ ഉദ്ഘാടനം വൈകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്ലാന്റ് നിർമ്മാണത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) ദിനംപ്രതി എത്ര ലിറ്റർ കുടിവെള്ളം ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; ഒരു ലിറ്റർ കുപ്പിവെള്ളം എത്ര രൂപയ്ക്കു വില്ക്കുവാനാണ് പദ്ധതിയിടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വേനൽക്കാലത്താണ് കുപ്പിവെള്ളത്തിന് ഏറ്റവും കൂടുതൽ ആവശ്യമെന്നിരിക്കെ സംസ്ഥാനത്ത് ഈ വർഷം വേനൽ അവസാനിക്കാറായിട്ടും വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യാത്തത് സ്വകാര്യ കുപ്പിവെള്ള ലോബിയുടെ സമ്മർദ്ദംമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുടെ പണികൾ അന്തിമ ഘട്ടത്തിലാണ്. വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ്-ന്റെ ഇൻസ്പെക്ഷൻ 22-5-2019-ന് പൂർത്തിയായി. BIS,FSSAI എന്നിവയുടെ അനുമതികൂടി ലഭിച്ചതിനുശേഷം ഫാക്ടറിയിൽ ഉൽപാദനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(ബി) 13.83 കോടി രൂപ.

(സി) പ്രതിദിന വിതരണശേഷി:

| | | |
|---|---|---|
| 1 ലിറ്റർ കുപ്പി | - | 1,15,200 എണ്ണം |
| 2 ലിറ്റർ കുപ്പി | - | 1600 എണ്ണം |
| ½ ലിറ്റർ കുപ്പി | - | 16,456 എണ്ണം |
| 20 ജാർ | - | 2720 എണ്ണം |

വിലനിരക്ക് അന്തിമ തീരുമാനം ആയിട്ടില്ല. BIS, FSSAI എന്നീ ലൈസൻസുകൾ ലഭിക്കുന്ന മുറയ്ക്ക് ഉൽപ്പാദനം തുടങ്ങി ജനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം ലഭ്യമാക്കാവുന്നതാണ്.

(ഡി) അപ്രകാരമുള്ള ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വാട്ടർ അതോറിറ്റിയിൽ വിവരശേഖരണത്തിന് സോഫ്റ്റ് വെയർ**

226 (2756) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയവുമായി ബന്ധപ്പെട്ട് പ്ലാനിംഗ്, മോണിറ്ററിംഗ്, ഓപ്പറേഷൻസ് വിഭാഗങ്ങൾ നടത്തുന്ന വിവരശേഖരണത്തിന് ഉചിതമായ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ തയ്യാറാകുമോ എന്ന് വിശദമാക്കുമോ;

(ബി) ഇതുവഴി ആവർത്തിച്ചുള്ള വിവരശേഖരണം ഒഴിവാക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) കേരള വാട്ടർ അതോറിറ്റിയിൽ ഗൂഗിൾ സ്പ്രെഡ് ഷീറ്റ് സോഫ്റ്റ് വെയറിന്റെ സഹായത്തോടെയാണ് നിലവിൽ വിവരശേഖരണം നടത്തുന്നത്. വിവരശേഖരണവുമായി ബന്ധപ്പെട്ട് ഉചിതമായ സോഫ്റ്റ്‌വെയറിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുള്ളതിനാൽ വിവിധ വിഭാഗങ്ങളുടെ ആവശ്യകതയനുസരിച്ച് ആയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. ഇപ്രകാരം സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതുവഴി ആവർത്തിച്ചുള്ള വിവരശേഖരണവും ഇരട്ടിപ്പും സമയനഷ്ടവും ഒഴിവാക്കാൻ സാധിക്കുന്നതാണ്.

## പിറവം നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

227 (2757) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഏതൊക്കെ പ്രദേശങ്ങളിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പിറവം നിയോജകമണ്ഡലത്തിൽ നിലവിൽ കുടിവെള്ള പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. KIIFB പദ്ധതിയിൽപ്പെടുത്തി കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേയ്ക്ക് പിറവം നഗരസഭ പരിധിയിൽ താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. UWSS to Piravom - കക്കാട് ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ പിറവം ഹോസ്പിറ്റൽ ജങ്ഷൻ വരെയുള്ള കേടായ 350mm AC gravity main മാറ്റി പുതിയ 350mm DI K9 pipe-3350 m സ്ഥാപിക്കുന്ന പ്രവൃത്തി.

2. UWSS to Piravom and adjoining Pt.-കക്കാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് മുതൽ പാഴൂർ സമ്പ് വരെയുള്ള കേടായ 250 mm DI K9 pipe സ്ഥാപിക്കുന്ന പ്രവൃത്തി.

(ബി) പ്രവൃത്തിയുടെ അടങ്കൽ സാങ്കേതിക അനുമതിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പീരുമേട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ ഓഫീസും പദ്ധതികളും

228 (2758) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റി ഓഫീസിന്റെ അധികാരമേഖലയുടെ വ്യാപ്തി, ഇതിൽ ഉൾപ്പെടുന്ന പമ്പുഹൗസുകളുടെ എണ്ണം, ഇതിന്റെ മേൽനോട്ട ചുമതലയുള്ള ഫീൽഡ് ഉദ്യോഗസ്ഥരുടെ എണ്ണം, സ്ഥാനപ്പേര് എന്നിവ വ്യക്തമാക്കുമോ;

(ബി) ദൈനംദിന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഈ ഓഫീസിൽ എന്ത് സ്ഥിരം സംവിധാനമാണ് നിലവിലുള്ളത്; ഓഫീസിന് കീഴിൽ ബ്ലൂ ബ്രിഗേഡ് എന്ന എമർജൻസി വിഭാഗം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ പ്രവർത്തനം ആരംഭിക്കും;

(സി) 2016-17 വർഷം മുതൽ 2019 മേയ് വരെ നൽകിയ വാട്ടർ കണക്ഷനുകൾ എത്ര; എത്ര കണക്ഷനുകളാണ് കൂടുതലായി നൽകാൻ ഉദ്ദേശിക്കുന്നത്; ഇതിലേക്കായി പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആസൂത്രണം ചെയ്യുന്നുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ ഓഫീസിന്റെ പരിധിയിലുള്ള ഹെലിബറിയ പദ്ധതിയുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിച്ച് പൂർണതോതിൽ പ്രവർത്തനക്ഷമ മാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള വാട്ടർ അതോറിറ്റിയുടെ തൊടുപുഴ ഡിവിഷന്റെ കീഴിലുള്ള പീരുമേട് സബ്ഡിവിഷൻ ഓഫീസ് ആണ് പീരുമേട് നിയോജക മണ്ഡലത്തിലുള്ളത്. ഏകദേശം 150 കിലോമീറ്റർ വ്യാപ്തിയിൽ ഉൾപ്പെട്ട വണ്ടന്മേട് ചക്കുപള്ളം, കുമളി, വണ്ടിപ്പെരിയാർ, പീരുമേട്, ഏലപ്പാറ, ഉപ്പുതറ, പെരുവന്താനം, കൊക്കയാർ എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന സ്ഥലമാണ് ഈ ഓഫീസിന്റെ അധികാര പരിധിയുടെ വ്യാപ്തി. ഈ ഓഫീസിന്റെ കീഴിൽ 26 വാട്ടർ സപ്ലൈ സ്കീമുകളിലായി 42 പമ്പ് ഹൗസുകൾ ഉണ്ട്. ഈ ഓഫീസിൽ മേൽനോട്ട ചുമതല നിർവഹിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടു ഓവർസിയർ എന്നിങ്ങനെ നാല് ഉദ്യോഗസ്ഥരുടെ തസ്തികകളാണുള്ളത്. ആയതിൽ രണ്ട് ഓവർസിയർ തസ്തികകളിലൊഴികെ സ്ഥിരം ജീവനക്കാർ ജോലി ചെയ്തു വരുന്നു. ഓവർസിയർ തസ്തികയിൽ ഒരാൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്തുവരുന്നു.

(ബി) ഈ ആഫീസിൽ ദൈനംദിന അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്ഥിരം സംവിധാനമില്ല. വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള കരാർ നിലവിലില്ലാത്തതിനാൽ അടിയന്തര സ്വഭാവമുള്ള പണികൾ ക്വട്ടേഷൻ മുഖാന്തരമാണ് ചെയ്യുന്നത്. നിലവിലെ അറ്റകുറ്റപ്പണികളുടെ എണ്ണവും ചെലവും ഒക്കെ കണക്കാക്കി മാത്രമേ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിൽ വരുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(സി) 2016-17 മുതൽ 2019 മേയ് മാസം വരെ 1627 വാട്ടർ കണക്ഷനുകൾ (ഗാർഹികം-1544, ഗാർഹികേതരം-83) ആണ് നൽകിയിട്ടുള്ളത്. 2019-20 വർഷം 1000 പുതിയ കണക്ഷനുകൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥം പ്രത്യേക കണക്ഷൻ മേള നടത്തുവാൻ പദ്ധതിയുണ്ട്.

(ഡി) ഹെലിബറിയ പദ്ധതിയുടെ നിലവിലെ ശോച്യാവസ്ഥ പരിഹരിച്ച് പൂർണ്ണ തോതിൽ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് ജല അതോറിറ്റിയുടെ തൊടുപുഴ ഡിവിഷൻ ഓഫീസിൽ പരിശോധനയിലാണ്. പ്രധാനമായും പമ്പ് ഹൗസുകളുടെ നവീകരണം പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## വാട്ടർ അതോറിറ്റിയുടെ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

229 (2759) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കുറ്ററയിലെ വാട്ടർ അതോറിട്ടിയുടെ പമ്പ് ഹൗസ് വോൾട്ടേജ് ക്ഷാമംമൂലം യഥാസമയം പ്രവർത്തിക്കാത്തതിനാൽ ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാകുന്നില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത പദ്ധതിക്കായി പ്രത്യേകമായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ട്. ആയത് 2019-20 സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നതിന് 9.78 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## വാട്ടർ അതോറിറ്റിയുടെ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

230 (2760) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റിയുടെ പ്ലാൻ/ നോൺപ്ലാൻ ഇനങ്ങളിലെ വിവിധ പ്രവൃത്തികൾക്കായി, 2006-07 മുതൽ 2015-16 വരെയും എത്ര രൂപയുടെ ഭരണാനുമതി നല്കിയെന്നതിന്റെ വിവിധ സർക്കാരുകളുടെ കാലഘട്ടം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

പ്രസ്തുത വിവരം അനുബന്ധമായി ചേർക്കുന്നു. *

## വാട്ടർ അതോറിറ്റിക്ക് കാട്ടാക്കടയിൽ സബ് ഡിവിഷൻ ഓഫീസ്

231 (2761) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പുതിയ സബ് ഡിവിഷൻ / ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാട്ടാക്കട കേന്ദ്രമായി സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്; പാലക്കാട് ചിറ്റൂർ കേന്ദ്രീകരിച്ച് പുതിയ പ്രോജക്ട് ഡിവിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ, പിറവം ആസ്ഥാനമായി നിലവിലുള്ള പ്രോജക്ട് ഡിവിഷൻ ഓഫീസ് പുനഃക്രമീകരിച്ച് പുതിയ പ്രോജക്ട് സബ് ഡിവിഷൻ രൂപീകരിക്കുന്നതിന് അതോറിറ്റി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്.

(ബി) കാട്ടാക്കട കേന്ദ്രമായി വാട്ടർ അതോറിറ്റിയുടെ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിലെ പൈപ്പ് ശൃംഖലയുടെ മാപ്പ്

232 (2762) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ശുദ്ധജലവിതരണ പൈപ്പ് ശൃംഖലയുടെ മാപ്പ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ചപ്പോൾ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യവുമായ പൈപ്പ് ലൈനുകൾ മണ്ണിനടിയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോയെന്നും അത്തരം പൈപ്പുകളിലൂടെ ഏതെങ്കിലും ഇടങ്ങളിൽ പമ്പിംഗ് നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുതുതായി പൈപ്പ് ലൈൻ സ്ഥാപിച്ചപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം കാലപ്പഴക്കം ചെന്നതും ഉപയോഗ ശൂന്യവുമായ പൈപ്പുലൈനുകൾ മണ്ണിനടിയിൽനിന്നും നീക്കം ചെയ്തിരുന്നില്ല. ഇത്തരത്തിൽ നീക്കം ചെയ്യാതിരുന്ന പമ്പിംഗ് മെയിനുകൾ പൂർണ്ണമായും ഉപേക്ഷിച്ചതിനാൽ ടി പൈപ്പുകളിലൂടെ പമ്പിംഗ് നടത്തുന്നില്ല. എന്നാൽ സാങ്കേതിക കാരണങ്ങളാൽ വിതരണ ശൃംഖലകൾ മാറ്റിയിട്ട പവർലൈൻ റോഡ്, പല്ലംപിള്ളി റോഡ്, മാലിപ്പുറം റോഡ്, ചാപ്പ കടപ്പുറം എന്നീ സ്ഥലങ്ങളിലെ ഉപയോഗി ക്കാവുന്ന അവസ്ഥയിലുള്ള പൈപ്പുകളിലൂടെ ഇപ്പോഴും ജലവിതരണം നടത്തുന്നുണ്ട്.

## ബാലുശ്ശേരി അങ്ങാടി - ജപ്പാൻ കുടിവെള്ള നവീകരണ പ്രവൃത്തി

233 (2763) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അങ്ങാടിയിലൂടെ കടന്നു പോവുന്ന ജപ്പാൻ കുടിവെള്ള വിതരണ പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടി ശുദ്ധജലം റോഡിലൂടെ പാഴായി പോകുന്നതും റോഡുകൾ ഇതുമൂലം തകരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പൈപ്പ് ലൈൻ പ്രവൃത്തിയിലെ അപാകത പരിഹരിച്ച് റോഡിന്റെ ഇരുവശത്തേക്കും ചേർത്തു കൊണ്ടു പുതിയ പൈപ്പ് ലൈൻ ഇടുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ബാലുശ്ശേരി അങ്ങാടി നവീകരണ പ്രവൃത്തി പൂർത്തിയാവുന്നതിനു മുന്നോടിയായി പഴകിയതും പൊട്ടിയതുമായ പൈപ്പ് ലൈൻ മാറ്റുന്നതിന് തടസ്സമെന്താണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജൈക്ക സഹായത്തോടെ ബാലുശ്ശേരി പഞ്ചായത്തിലേയ്ക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണശൃംഖല ബാലുശ്ശേരി അങ്ങാടിയിലുള്ള മെയിൻ റോഡിന്റെ ഇരുവശത്തുമായി സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പൈപ്പ്ലൈൻ റോഡിലെ ടാർ ചെയ്ത ഭാഗത്താണ് ഇപ്പോഴുള്ളത്. പൈപ്പ്ലൈൻ പൊട്ടുന്നത്

കാരണം റിപ്പയർ ചെയ്യുമ്പോൾ റോഡിന് തകരാർ സംഭവിക്കാറുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 2018 സെപ്റ്റംബറിൽ ചേർന്ന യോഗം പ്രസ്തുത പൈപ്പ് ലൈൻ റോഡ് നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന് ലഭിച്ച ഭരണാനുമതിയിൽ ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതുപ്രകാരം 1620 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 26-9-2018-ന് പൊതുമരാമത്ത് വകുപ്പിന് സമർപ്പിക്കുകയും ചെയ്തു. ടി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയിന്മേൽ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്ന് ഫണ്ട് ലഭ്യമാക്കാത്തതിനാൽ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇതിന് ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## തലവടി വില്ലേജിൽ കുടിവെള്ള വിതരണം

234 (2764) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, കുട്ടനാട് താലൂക്കിൽ തലവടി വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും തലവടി വില്ലേജിലെ 8, 9, 10, 11, 12, 13 വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യാൻ കഴിയാത്തതിന്റെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) വർഷങ്ങൾക്കുമുമ്പ് ഇവിടെ ഓവർഹെഡ് ടാങ്ക് പണിതിട്ടും അതിൽ കുടിവെള്ളം സംഭരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പ്രവർത്തനസജ്ജമാകുന്നതിനും, തലവടിയിലെ പ്രസ്തുത വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ തലവടി വില്ലേജിൽക്കൂടി കടന്നു പോകുന്നത് 1970-കളിൽ സ്ഥാപിച്ച കാലപ്പഴക്കം ചെന്ന പൈപ്പ്ലൈൻ ആയതിനാൽ ഇതിലൂടെ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ജലവിതരണം നടത്തുവാൻ സാധിക്കുന്നില്ല.

(ബി&സി) ഉണ്ട്. 13-ാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി കുട്ടനാട്ടിൽ നടപ്പാക്കിവരുന്ന 70 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയിൽ തലവടി പഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലെ ശുദ്ധജല വിതരണം വിപുലീകരിക്കുന്നതിനായി 289 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബിയുടെ

അംഗീകാരം ലഭിച്ചിട്ടുണ്ട്. മേൽ പദ്ധതികൾ യാഥാർത്ഥ്യമാകുന്നതോടുകൂടി തലവടിയിലെ ഓവർഹെഡ് ടാങ്കിൽ ജലമെത്തിക്കുവാനും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ജലവിതരണം നടത്തുവാനും സാധിക്കും.

### ചവറ – പൊൻമന കുടിവെള്ള പദ്ധതി

235 (2765) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ജലനിധി പദ്ധതിയിലൂടെ നടപ്പിലാക്കിയ ചവറ-പൊൻമന കുടിവെള്ള പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്

(ബി) പ്രസ്തുത കുടിവെള്ള പദ്ധതി ലാഭകരമാണോ എന്നറിയിക്കാമോ;

(സി) 1000 ലിറ്റർ കുടിവെള്ളം ശുദ്ധീകരിച്ച് വിതരണത്തിന് എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും പ്രസ്തുത അളവ് കുടിവെള്ളത്തിൽനിന്നും ലഭിക്കുന്ന വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത കുടിവെള്ള പദ്ധതി 1-1-2011-ലാണ് കമ്മീഷൻ ചെയ്തത്.

(ബി) വാട്ടർ അതോറിറ്റിക്ക് ലാഭകരമല്ല.

(സി) നിലവിൽ 1000 ലിറ്റർ കുടിവെള്ളം ശുദ്ധീകരിച്ച് വിതരണത്തിന് വേണ്ടി ബൾക്ക് സപ്ലൈ പോയിന്റിൽവരെ എത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ഏകദേശം 15.82 രൂപയാണ് ചെലവുവരുന്നത്.

പ്രസ്തുത അളവിൽനിന്നും (1000 ലിറ്റർ) ലഭിക്കുന്ന വരുമാനം 6 രൂപ മാത്രമാണ്.

### മരട് നഗരസഭയിലെ കുടിവെള്ള പദ്ധതി

236 (2766) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരട് നഗരസഭയിലെ കുടിവെള്ള വിതരണ ശൃഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജൻറം (JNNRUM) കമ്മീഷൻ ചെയ്തതോടെ മരട് നഗരസഭയിൽ ആവശ്യത്തിന് കുടിവെള്ളം ലഭ്യമാണെങ്കിലും കാലഹരണപ്പെട്ടതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മർദ്ദം താങ്ങാനാവാതെ പൊട്ടി ജലം പാഴാകുന്ന അവസ്ഥയിലാണ്. ഇതിന് പരിഹാരമായി പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി വിഭാവനം ചെയ്ത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 23.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി 6 ഘടകങ്ങൾ ആയി വിഭജിച്ച് പ്രാവർത്തികമാക്കി വരുന്നു. ഒന്നാമത്തെ ഘടകമായ മരട് ഗ്രിഗോറിയൽ സ്കൂൾ റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ ഘടകമായ കൊച്ചി-മധുര റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലിയുടെ ദർഘാസ് ക്ഷണിച്ച് സൂക്ഷ്മപരിശോധന നടത്തിവരുന്നു. മൂന്നാമത്തെ ഘടകം മരട് മുനിസിപ്പൽ റോഡ് സോൺ 1-ൽ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നാലാമത്തെ ഘടകം വിഭജിച്ച് കുണ്ടന്നൂർ മുതൽ ക്രൗൺപ്ലാസ ഹോട്ടൽവരെ പൈപ്പ് സ്ഥാപിക്കുന്ന ജോലി കുണ്ടന്നൂർ മേൽപ്പാല നിർമ്മാണ കമ്പനിവഴി പി.ഡബ്ല്യൂ.ഡി. 2020 മാർച്ച് മാസത്തോടെ പൂർത്തീകരിക്കും. അതിന്റെ ബാക്കി ജോലികൾ മറ്റൊരു ഘടകമായി ആരംഭിച്ചിട്ടുണ്ട്. ഇതിലെ അഞ്ചാമത്തെയും (മരട് മുനിസിപ്പൽ റോഡ് സോൺ-2) ആറാമത്തെയും ഘടകങ്ങളുടെ (200 mm DI pipe, 160 mm PVC pipe NH 66A റോഡിൽ - നെട്ടൂർ മേഖല സോൺ 3 സ്ഥാപിക്കുന്ന പ്രവൃത്തി)-അടങ്കൽ തയ്യാറാക്കി വരുന്നു. ഇത് പൂർത്തീകരിക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി ആവശ്യമാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഈ ഘടകം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഈ പദ്ധതി കുണ്ടന്നൂർ മേൽപ്പാല പൂർത്തീകരണത്തിനുശേഷം 2020 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മേൽപ്പാല നിർമ്മാണ പൂർത്തീകരണത്തിനുശേഷം മാത്രമേ ഈ ഭാഗങ്ങളിൽ പൈപ്പിടുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കുണ്ടന്നൂർ മേൽപ്പാലത്തിന്റെ പൂർത്തീകരണം വൈകിയാൽ ഈ പദ്ധതിയുടെ പൂർത്തീകരണവും വൈകുന്നതാണ്.

**മങ്കട മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

237 (2767) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം കേരളാ വാട്ടർ അതോറിറ്റി മുഖേന മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളെ പ്ലാൻ സ്കീം, നോൺപ്ലാൻ സ്കീം, എം.എൽ.എ. ഫണ്ട്, അദർ സ്കീം എന്നിങ്ങനെ തിരിച്ച് വിവരങ്ങൾ നൽകാമോ;

(സി) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിലവിൽ ചെയ്തുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി മുഖേന മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു:

1. SLSSC 2013-ൽ ഉൾപ്പെടുത്തി മങ്കട പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി 30-4-2019-ന് പൂർത്തീകരിച്ചു.

2. SLSSC 2014-ൽ ഉൾപ്പെടുത്തി കൂട്ടിലങ്ങാടി പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി 27-11-2018-ന് പൂർത്തീകരിച്ചു.

നടന്നുവരുന്ന പദ്ധതികൾ

3. മൂർക്കനാട് പഞ്ചായത്തിലെ വാർഡ് 1 മുതൽ 19 വരെ (13,15 & 19 ഒഴികെ) യുള്ള വാർഡുകളിലേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - കരാറുകാരന് പ്രവൃത്തികൾ അനുവദിച്ചു.

4. മൂർക്കനാടിനും അനുബന്ധ വില്ലേജുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി-കുറുവ പഞ്ചായത്തിലെ ചെറുകുളമ്പ്, ചന്ദനപ്പറമ്പ് ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - കരാറുകാരന് പ്രവൃത്തികൾ അനുവദിച്ചു.

5. അങ്ങാടിപ്പുറം പഞ്ചായത്തിലെ പരിയാപുരം തട്ടാറക്കാട് ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

6. അങ്ങാടിപ്പുറം പഞ്ചായത്തിലെ വാർഡ് നമ്പർ 7 വലമ്പൂർ പൂപ്പലം കുടിവെള്ള പദ്ധതി - ജി.എസ്.ടി. ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ SLSSC യിൽ (പ്ലാൻ സ്കീം) ഉൾപ്പെടുത്തി താഴെ പറയുന്ന 2 പദ്ധതികളും പൂർത്തീകരിച്ചു.

1. മങ്കട പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി.

2. കൂട്ടിലങ്ങാടി പഞ്ചായത്തിലെ വിതരണ ശൃംഖലയുടെ പ്രവൃത്തി കൂടാതെ MLA-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 4 പദ്ധതികളുടേയും പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

1. മൂർക്കനാട് പഞ്ചായത്തിലെ വാർഡ് 1 മുതൽ 19 വരെ (13,15 & 19 ഒഴികെയുള്ള വാർഡുകളിലേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി.

2. മൂർക്കനാടിനും അനുബന്ധ വില്ലേജുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതി-കുറുവ പഞ്ചായത്തിലെ ചെറുകുളമ്പ്, ചന്ദനപ്പറമ്പ് ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി.

3. അങ്ങാടിപ്പുറം പഞ്ചായത്തിലെ പരിയാപുരം തട്ടാറക്കാട് ഭാഗത്തേയ്ക്ക് പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി.

4. അങ്ങാടിപ്പുറം പഞ്ചായത്തിലെ വാർഡ് നമ്പർ 7 വലമ്പൂർ പൂപ്പലം കുടിവെള്ള പദ്ധതി

(സി) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഏറ്റെടുത്ത പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ ഒന്നുംതന്നെ നിലവിൽ ചെയ്തുവരുന്നില്ല. എന്നാൽ മൂർക്കനാട് പഞ്ചായത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 4 പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഓച്ചിറ കുടിവെള്ള പദ്ധതി**

238 (2768) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്ന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം കുടിവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ പലസ്ഥലത്തും വാട്ടർഫോഴ്സ് കുറവായതിനാൽ ആവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിന്റെ വടക്കൻമേഖലയിൽ ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓച്ചിറ കുടിവെള്ള പദ്ധതിയിൽനിന്ന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ളം ലഭ്യമാക്കുന്നത്.

(ബി) ഉണ്ട്.

(സി) ഉണ്ട്; പ്രസ്തുത പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളായ 1,2,3 വാർഡുകളിൽ ഓച്ചിറ കുടിവെള്ള പദ്ധതിയുടെ നിലവിലെ വിതരണ ശൃംഖലയിൽ നിന്നും ആവശ്യാനുസരണം ജലം ലഭ്യമായിരുന്നില്ല. പ്രശ്നം പരിഹരിക്കുന്നതിനായി ഓച്ചിറ ശുദ്ധീകരണശാലയിൽനിന്നും ഏകദേശം 10 കിലോമീറ്റർ ദൂരം പൈപ്പ്ലൈൻ സ്ഥാപിച്ച് നേരിട്ട് കുടിവെള്ളമെത്തിക്കുന്ന ഒരു പ്രവൃത്തി ഫിഷറീസ് വകുപ്പിന്റെ ധന സഹായത്തോടെ നടപ്പിലാക്കുവാൻ 29-5-2019-ൽ കൂടിയ അവലോകന യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

## ഏറനാട് - പാറ്റൂർ കുടിവെള്ള പദ്ധതി

239 (2769) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ വളരെയേറെ കാലപ്പഴക്കംചെന്നവയാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രധാന പൈപ്പ് ലൈനുകൾ മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നല്കിയിട്ടുണ്ടോയെന്നും ആവശ്യമായ തുക അനുവദിക്കുമോയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ്ലൈനിൽ സംസ്ഥാന പദ്ധതി 2010-17-ൽ ഉൾപ്പെടുത്തി 1.35 കിലോമീറ്റർ (ജോസ്കോ ജംഗ്ഷൻ മുതൽ വെട്ടിയാർ വരെ) പൈപ്പ്ലൈൻ സ്ഥാപിക്കുന്ന 13 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഇടപ്പോൺ-പാററോഡ്,

പടനിലം-പാലച്ചുവട് റോഡ്, പടനിലം-തത്ത്മന റോഡ് എന്നിവിടങ്ങളിലെ പഴയ 23 കിലോമീറ്റർ എ.സി. പൈപ്പുകൾ മാറ്റി പി.വി.സി.പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി 2018-19 സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി 422.55 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ കരാർ നൽകിയത് പ്രകാരം പുരോഗമിക്കുന്നു. കൂടാതെ താമരക്കുളം പഞ്ചായത്തിൽ വച്ചക്കട ടാങ്ക് മുതൽ നെടിയാണിക്കൽ ക്ഷേത്രം വരെയുള്ള സ്ഥലത്ത് 2.5 കിലോമീറ്റർ പൈപ്പ്ലൈൻ മാറ്റി 250 മില്ലിമീറ്റർ വ്യാസമുള്ള DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിന് ജല അതോറിറ്റി നടപടി സ്വീകരിക്കുന്നതാണ്.

**താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

240 (2770) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിൽ കിഫ്ബി ഫണ്ട് മുഖേന നടപ്പിലാക്കുന്ന സമ്പൂർണ്ണ കുടിവെള്ളപദ്ധതിക്ക് ഒന്നാം ഘട്ടത്തിൽ അനുവദിച്ചിട്ടുള്ള നൂറ് കോടി രൂപയ്ക്ക് പുറമെ പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ;

(ബി) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഘട്ടത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) താനൂർ സമ്പൂർണ്ണ കുടിവെള്ളപദ്ധതി എപ്പോൾ പൂർത്തീകരിച്ച് നാടിന് സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രാൻസ്മിഷൻ മെയിനുകളും വിതരണ ശൃംഖലകളും ഉൾപ്പെടുന്ന താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ 202 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(ബി) താനൂർ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ ഉൾപ്പെടുന്ന ഒന്നും രണ്ടും പാക്കേജുകൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന മൂന്നാം പാക്കേജിന്റെ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പാക്കേജ് 4-ൽ ഉൾപ്പെടുന്ന 2 ടാങ്കുകളുടെ പ്രവൃത്തിക്ക് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഒന്നാം ഘട്ടം 2020 മേയ് മാസത്തിൽ കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പദ്ധതിയുടെ പൂർത്തീകരണം വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മൂരിയാട് - വേളൂക്കര കുടിവെള്ള പദ്ധതി

241 (2771) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ മൂരിയാട് - വേളൂക്കര കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ഈ പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തിലേയ്ക്ക് ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ മൂരിയാട്-വേളൂക്കര കുടിവെള്ള പദ്ധതിക്ക് 5 കോടി രൂപ മാറ്റിവച്ചിരുന്നു. തുടർന്ന് ജൂലൈ മാസത്തിൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിരുന്നില്ല. 2016-17 ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രകാരം പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. 2014 DSR അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുക 67.30 കോടി രൂപയാണ്. ഈ അടങ്കൽ തുക നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് (2016) പ്രകാരം പുതുക്കേണ്ടതുണ്ട്. പുതുക്കുന്ന എസ്റ്റിമേറ്റിന് സാമ്പത്തിക സഹായം ലഭ്യമാകുന്ന മുറയ്ക്ക് ജല അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## ഞാങ്കടവ് കുടിവെള്ള പദ്ധതി

242 (2772) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കി വരുന്ന ഞാങ്കടവ് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

പ്രസ്തുത വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അയിരൂർ കുടിവെള്ള പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം വകമാറ്റിയ നടപടി

243 (2773) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ കുടിവെള്ള പദ്ധതിയ്ക്ക് ഗ്രീൻ ബുക്കിൽ ഇടം ലഭിച്ചതിനാൽ ഈ പദ്ധതിയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക അങ്ങാടി-കൊറ്റനാട് പദ്ധതിയ്ക്കായി വകമാറ്റി കൊണ്ടുള്ള ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഈ ഉത്തരവ് തിരുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു.മന്ത്രിയുടെ സാന്നിധ്യത്തിൽ കൂടിയ യോഗ തീരുമാനപ്രകാരം മുൻ ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് പുതിയ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഉത്തരവ് പുറത്തിറക്കിയില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് എന്ന് പുറത്തിറക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയുടെ പരിശോധനയിലാണ്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കാവുന്നതാണ്.

## പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതി

244 (2774) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതിയുടെ എസ്റ്റിമേറ്റ് അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ടാങ്കുകളുടെ നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കുവാൻ ശേഷിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കുന്നതിനായി പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിക്ക് 4-3-2014-ലെ ഉത്തരവ് പ്രകാരം 1725 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ മണലൂർ നിയമസഭാമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നില്ല. ഈ പദ്ധതിയിലുൾപ്പെട്ട 29 MLD ശുദ്ധീകരണശാലയുടെ കപ്പാസിറ്റി 33 MLD ആക്കി ഉയർത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകൾക്കുകൂടി പ്രയോജനം ലഭ്യമാക്കണമെന്ന ആവശ്യമുയർന്ന സാഹചര്യത്തിൽ ഈ പഞ്ചായത്തുകൾക്ക് ശുദ്ധജലലഭ്യതയ്ക്കായി 1360 ലക്ഷം രൂപയുടെ പുതിയ ഒരു പദ്ധതിക്ക് 1-3-2016-ൽ NRDWP സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയുണ്ടായി.

ഈ പദ്ധതി പ്രകാരം പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച 33 MLD പ്ലാന്റിൽനിന്ന് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ 4 MLD ശുദ്ധജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ ശേഖരിക്കാനാണ് വിഭാവനം ചെയ്തത്. താഴെ പറയുന്ന ഘടകങ്ങളാണ് ഈ ഭരണാനുമതിയിൽ ഉണ്ടായിരുന്നത്.

1. ശുദ്ധീകരിച്ച ജലം പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഉന്നതതല സംഭരണികളിൽ എത്തിക്കുന്നതിനായി ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ പാവറട്ടി പഞ്ചായത്തിൽ 6.7 ലക്ഷം ലിറ്റർ ശേഷിയും മുല്ലശ്ശേരി പഞ്ചായത്തിൽ 5.5 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉന്നതതല സംഭരണികളുടെ നിർമ്മാണം.

2. പാവറട്ടി റീജിയണൽ ശുദ്ധജലവിതരണ പദ്ധതിയിലെ ശുദ്ധീകരണശാല 29 MLD-യിൽനിന്ന് 33 MLD ആയി ഉയർത്തുന്നതിനും ട്രാൻസ്ഫോർമർ, പമ്പ്സെറ്റ് തുടങ്ങിയ അനുബന്ധ പ്രവൃത്തികൾക്കുമുള്ള ചെലവിന്റെ അപ്പോർഷന്റ് കോസ്റ്റ്.

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി (561 ലക്ഷം രൂപ) സംസ്ഥാന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കുകയും 5 കി.മീ. നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുകയും ചെയ്തു. ബാക്കി പൈപ്പിടുന്നതിനുള്ള തുക പൊതുമരാമത്ത് വകുപ്പിൽ അടയ്ക്കേണ്ടതായിട്ടുണ്ട്.

NRDWP സ്കീമിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികളുടെ ആദ്യ ദർഘാസ് റദ്ദ് ചെയ്യേണ്ടി വന്നു. തുടർന്ന് സംസ്ഥാന പദ്ധതി 2018-19-ൽ ഉൾപ്പെടുത്തി 20-8-2018-ലെ G.O.(Rt)No. 615/2018/WRD പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഇതിനായി ഭരണാനുമതി ലഭ്യമാക്കി. നിലവിൽ ഉന്നതതല സംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലവിതരണം നടത്താനായി വിതരണശൃംഖല (ഗാർഹിക കണക്ഷനുകൾ ഉൾപ്പെടെ) സ്ഥാപിക്കുന്നതിനുള്ള 63.02 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് (RKI)-ൽ ഉൾപ്പെടുത്തി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയാണെങ്കിൽ പാവറട്ടി, മുല്ലശ്ശേരി ഏരിയയിലേയ്ക്ക് പൂർണ്ണമായും കുടിവെള്ള വിതരണം നടത്തുവാൻ സാധിക്കും.

(ബി) ടാങ്കുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏകദേശം 37 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 33 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. അനുമതി ലഭിച്ച പ്രവൃത്തികളിൽ ഇപ്പോൾ നടന്നുവരുന്നതും പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - ഏകദേശം 63%

2. ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ

3. 6.7 ലക്ഷം ലിറ്റർ, 5.5 ലക്ഷം ലിറ്റർ വീതം ശേഷിയുള്ള ജലസംഭരണികൾ

4. പാവറട്ടിക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട കിണർ, പമ്പ് ഹൗസ്.

5. പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമായാൽ അവശേഷിക്കുന്ന പ്രവൃത്തികൾ 2019-20 സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### ചെറുതാഴം -കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി

245 (2775) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം,കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കുഞ്ഞിമംഗലം, ചെറുതാഴം, ഏഴിമല നേവൽ അക്കാഡമി എന്നിവി ടങ്ങളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി-ഒന്നാം ഘട്ടം ടെണ്ടർ ചെയ്തു കഴിഞ്ഞു. ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ ജല അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ നടന്നുവരുന്നു. ടെൻഡറിന് KWA ബോർഡിന്റെ അംഗീകാരം ലഭിച്ചാലുടൻ തന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### കടമക്കുടി ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

246 (2776) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി കടമക്കുടി ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കടമക്കുടി പഞ്ചായത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടന്നുവരുന്ന പ്രവൃത്തി 31-5-2019-വരെ ഏകദേശം 80% പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ആകെ സ്ഥാപിക്കേണ്ടതായ 51379 മീറ്റർ പൈപ്പുകളിൽ നിലവിൽ 44182.5 മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഹൗസ് കണക്ഷൻസ് മാറ്റിക്കൊടുക്കുന്ന പ്രവൃത്തി ചെയ്തു തീർക്കേ ണ്ടതുണ്ട്.

(ബി) ചെറിയംതുരുത്ത് പ്രദേശത്തും ചേന്നൂർ പ്രദേശത്തും ഉണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നിലവിൽ പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല.

(സി) ഈ പദ്ധതി കരാർ നിബന്ധനകൾ പ്രകാരം 31-3-2019-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. 30-6-2019-ന് മുൻപ് പൂർത്തീകരിക്കാനാണ് ഉദ്ദേശം.

## വൈപ്പിനിലെ ശുദ്ധജലവിതരണ പദ്ധതി

247 (2777) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്ന ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

(ബി) 1. ജിഡ ധനസഹായത്തോടുകൂടി എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനുവേണ്ടി ഞാറയ്ക്കലിൽ നിർമ്മിക്കുന്ന 17.9 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തിയുടെ ഫൗണ്ടേഷൻ, ഫ്രേം വർക്ക്, കോളം, ബ്രേസ് ബീം എന്നീ പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള പ്രവൃത്തികൾ (ടാങ്ക് നിർമ്മാണം ഉൾപ്പെടെ) പൂർത്തീകരിക്കാനുണ്ട്.

2. ജിഡ ധനസഹായത്തോടുകൂടി എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടി മുരിക്കുംപാടത്ത് നിർമ്മിക്കുന്ന 11.8 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തിയിൽ ഫൗണ്ടേഷൻ, ഫ്രേം വർക്ക്, കോളം, ബ്രേസ് ബീം എന്നീ പ്രവൃത്തികളും ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ അനുമതി നൽകിയെങ്കിലും ജല അതോറിറ്റി അംഗീകരിച്ച നിരക്കിൽ പണി നടത്തുവാൻ കരാറുകാരൻ വിസമ്മതിച്ചു. ദർഘാസ് റദ്ദ് ചെയ്ത് പുനർ ദർഘാസിനുള്ള തുടർനടപടികൾ അടിയന്തരമായി കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. പദ്ധതി 2020 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

248 (2778) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊച്ചി കോർപ്പറേഷൻ ഡിവിഷൻ 13, 14, 15, 16 എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജൻറം (JNNRUM) പദ്ധതിയിൽ പൂർത്തീകരിച്ച മരട് ജലശുദ്ധീകരണ ശാലയിൽനിന്നും കുമ്പളങ്ങിയിൽ സ്ഥാപിച്ചിട്ടുള്ള OHSR ലേക്കുള്ള പമ്പിംഗ് മെയിനിൽനിന്നും അരൂർ ഇടക്കൊച്ചി ജംഗ്ഷൻ മുതൽ പാമ്പായിമൂലവരെ പൈപ്പ് സ്ഥാപിച്ച് പാമ്പായിമൂലയിൽ സ്ഥാപിക്കുന്ന ജലസംഭരണിയിൽ വെള്ളം എത്തിച്ച് നിലവിലുള്ള വിതരണ ശൃംഖലയിൽ കുടിവെള്ള വിതരണം ചെയ്യുന്നതിനായാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

അമൃത് പദ്ധതിയിൽപ്പെടുത്തി ഇടക്കൊച്ചിയിൽ കെന്റ് അപ്പാർട്ട്മെന്റിന്റെ സമീപത്തുനിന്നും പാമ്പായിമൂലവരെ അരൂർ ഇടക്കൊച്ചി റോഡിലൂടെ 450 mm വ്യാസമുള്ള DI K9 പൈപ്പുകൾ 1037.80 മീറ്റർ ദൂരത്തിൽ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതിനോടനുബന്ധിച്ച് പൂർത്തീകരിക്കേണ്ട 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പണികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി&സി) അരൂർ ഇടക്കൊച്ചി ജംഗ്ഷൻ മുതൽ പാമ്പായിമൂല വരെയുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയായി. ഭൂതല സംഭരണിയുടെ കരാർ ഉറപ്പിച്ചു. പമ്പ് ഹൗസിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെന്റ് അപ്പാർട്ട്മെന്റ് മുതൽ പാമ്പായിമൂലവരെ 1037.80 മീറ്റർ നീളത്തിൽ പൈപ്പ് സ്ഥാപിച്ചു. 13 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള OHSR-ന്റെ പണികൾ പ്രാരംഭഘട്ടത്തിലാണ്. മേൽ പ്രവൃത്തികൾ 31-3-2020- ഓടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗുളികപ്പുഴ കുടിവെള്ള പദ്ധതി

249 (2779) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഗുളികപ്പുഴ പദ്ധതിയിൽ നിന്നും എത്ര ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഗുളികപ്പുഴ പദ്ധതിയിൽനിന്നും പുതുതായി ഹൗസ് കണക്ഷൻ നൽകാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ;

(സി) കഴിയുമെങ്കിൽ അപേക്ഷ സ്വീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) മേൽ പദ്ധതി പ്രകാരം എത്ര പഞ്ചയാത്തുകളിൽ കുടിവെള്ളസൗകര്യം ലഭിച്ചുവരുന്നുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഗുളികപ്പുഴ/കുറ്റിയാടിപ്പുഴ സ്രോതസ്സായി 3 പദ്ധതികളാണ് ജല അതോറിറ്റിക്കുള്ളത്.

1 തിരുവള്ളൂർ - ആയഞ്ചേരി കുടിവെള്ള പദ്ധതിയിൽനിന്നും 95 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

2 വടകര ഓഗ്മെന്റേഷൻ (വടകര-വേളം) പദ്ധതിയിൽ 12061 വാട്ടർ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

3 കുന്നുമ്മലിനും അനുബന്ധ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതിയിൽ 2698 വാട്ടർ കണക്ഷനുകൾ നിലവിലുണ്ട്.

(ബി) വടകര-വേളം പദ്ധതിയിൽ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും കുന്നുമ്മൽ പദ്ധതിയിൽനിന്നും പുതുതായി ഹൗസ് കണക്ഷനുകൾ നൽകാവുന്നതാണ്.

(സി) ജല അതോറിറ്റിയിൽനിന്നും ലഭിക്കുന്നതോ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതോ ആയ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് അപേക്ഷകന്റെ തിരിച്ചറിയൽ രേഖയും കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുമായി ജല അതോറിറ്റിയിൽ നേരിട്ടോ അല്ലെങ്കിൽ ലൈസൻസ്ഡ് പ്ലംബർ മുഖേനയോ കണക്ഷനുവേണ്ടി അപേക്ഷിക്കാവുന്നതാണ്. ഗാർഹിക കണക്ഷനാണെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയർക്കും ഗാർഹികേതര കണക്ഷനാണെങ്കിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(ഡി) തിരുവള്ളൂർ-ആയഞ്ചേരി പദ്ധതിയിൽനിന്നും തിരുവള്ളൂർ, ആയഞ്ചേരി എന്നീ പഞ്ചായത്തുകളിലും വടകര ഓഗ്മെന്റേഷൻ പദ്ധതിയിൽനിന്നും വടകര മുനിസിപ്പാലിറ്റിയിലും വേളം പഞ്ചായത്തിലും കുന്നമ്മൽ പദ്ധതിയിൽനിന്നും കുറ്റ്യാടി, കായക്കൊടി, നരിപ്പറ്റ, വളയം, വാണിമേൽ, നാദാപുരം, തൂണേരി എന്നീ പഞ്ചായത്തുകളിലും കുടിവെള്ളം നൽകി വരുന്നുണ്ട്.

## മൈനോറിറ്റി കുടിവെള്ള പദ്ധതി

250 (2780) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മൈനോറിറ്റി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വെട്ടത്തൂർ സർവ്വീസ് ബാങ്ക് ഏരിയ കുടിവെള്ള പദ്ധതിയിലും, പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിലെ മൗലാന ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപാസ് ജംഗ്ഷൻ വരെ എ.സി.പൈപ്പ് മാറ്റി വയ്ക്കൽ പദ്ധതിയിലും നാളിതു വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തുക ഒന്നും ചെലവഴിച്ചിട്ടില്ല.

(ബി) വെട്ടത്തൂർ സർവ്വീസ് ഏരിയ കുടിവെള്ള പദ്ധതിക്കുവേണ്ടി ടെണ്ടർ ചെയ്ത് അവാർഡ് ചെയ്ത പ്രവൃത്തി കിണറിനുള്ള സ്ഥലം ലഭ്യമാക്കാനാകാതെ റദ്ദ് ചെയ്യുകയാണുണ്ടായത്. ഇതിനുശേഷം പുതുക്കിയ സ്ഥലം ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴേക്കും ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടിവന്നു. 19-4-2018-ന് മൈനോറിറ്റി വിഭാഗവുമായി നടന്ന മീറ്റിംഗിൽ 2016-ന് മുൻപ് ഭരണാനുമതി ലഭ്യമായ ഇതുവരെ നടപ്പിലാക്കാത്ത പ്രവൃത്തികൾ നടപ്പിലാക്കേണ്ട എന്ന നിർദ്ദേശവും നല്കി. പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ മൗലാന ജംഗ്ഷൻ മുതൽ ഊട്ടി റോഡ് ബൈപ്പാസ് ജംഗ്ഷൻവരെ എ.സി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് 30.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ മാത്രം 29,67,800 രൂപ പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടു. ഇപ്പോൾ KIIFB TRAN 10 WRD 025-13-ൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ മുഴുവൻ എ.സി. പൈപ്പുകളും മാറ്റുന്നതിന് 92.52 കോടി രൂപയുടെ ഭരണാനുമതി ആയിട്ടുണ്ട്. ഇതിൽ ഈ പ്രദേശവും ഉൾപ്പെടുത്തിയതിനാൽ ഇനി ഈ പ്രവൃത്തി മൈനോറിറ്റി പദ്ധതിയിൽ ചെയ്യേണ്ടതില്ല.

## മൂവാറ്റുപുഴ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

251 (2781) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മണ്ഡലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ ജലവിതരണ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക | പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|
| മഞ്ഞ്മാക്കിത്തടം | ആരക്കുഴ | 27 ലക്ഷം | ഡിസംബർ 2019 |
| കാക്കാലംപാറ | മാറാടി | 33 ലക്ഷം | ഒക്ടോബർ 2019 |
| ചെങ്ങറ | ആവോലി | 110 ലക്ഷം | മാർച്ച് 2020 |
| നബാർഡ്-അറക്കുഴ-പാലക്കുഴ | അറക്കുഴ-പാലക്കുഴ | 1350 ലക്ഷം | മാർച്ച് 2020 |

(സി) മാറാടി പഞ്ചായത്തിലെ മണിയൻകല്ല് കുടിവെള്ള പദ്ധതിയാണ് മൂവാറ്റുപുഴ മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കിയ ജലവിതരണ പദ്ധതി. ഇതിലൂടെ ഏകദേശം അഞ്ഞൂറോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു.

## തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂരിൽ കുടിവെള്ള പദ്ധതി

252 (2782) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂരിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി തയ്യാറാക്കിയ കുടിവെള്ള പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുത്തൻകുരിശിലെ ചൂണ്ടിയിലുള്ള 46 എം.എൽ.ഡി. ജല ശുദ്ധീകരണശാലയിൽനിന്നും കരിങ്ങാച്ചിറയിലുള്ള സമ്പിൽ ശേഖരിക്കുന്ന വെള്ളം, അവിടെനിന്ന് 450 എം.എം. DI K9 പൈപ്പിലൂടെ 5399 മീ. പമ്പ് ചെയ്ത് കണ്ടനാട് ഭാഗത്തേയ്ക്കും 450 എം.എം. DI K9 2323 മീറ്റർ പൈപ്പിലൂടെ ഗവൺമെന്റ് ഫിഷറീസ് ഹോസ്പിറ്റൽ കോമ്പൗണ്ടിൽ 16.75 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിവഴി ഉദയംപേരൂർ പ്രദേശത്തേയ്ക്കും കുടിവെള്ള വിതരണം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിക്ക് വാട്ടർ കണക്ഷൻ നല്കുന്ന ചെലവുകൾ ഉൾപ്പെടെ ഏകദേശം 32.20 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി ഭാവിയിൽ 58749 ആളുകൾക്ക് ഉപയോഗപ്രദമാകുന്നതാണ് എന്ന് കണക്കാക്കുന്നു. മേൽ പദ്ധതി RKI (റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്) യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## പെരുന്തേനരുവി ശുദ്ധജലവിതരണ പദ്ധതി

253 (2783) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ജലക്ഷാമംമൂലം വെള്ളം എത്താത്തതിനാൽ പെരുന്തേനരുവി ശുദ്ധജലവിതരണ പദ്ധതിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ജലവിതരണം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേനൽക്കാലത്ത് ഇവിടെനിന്നും ആഴ്ചയിൽ എത്ര ഷിഫ്റ്റ് പമ്പിങ്ങ് ആണ് നടക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പെരുന്തേനരുവി കുടിവെള്ളപദ്ധതിക്ക് മുകളിൽ സ്ഥിതിചെയ്യുന്ന പെരുന്തേനരുവി ജലവൈദ്യുതപദ്ധതിയുടെ ഡാമിൽ നിന്നും വെള്ളം എത്തിച്ച് ജലവിതരണം സാധ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ വെള്ളം എത്തിച്ച് മലയോരമേഖലയിലെ ജലക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. വേനൽക്കാലത്ത് ദിവസേന 20 മണിക്കൂർ പമ്പിങ് നടത്തിയിരുന്നു. രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെയും രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയും ആണ് പമ്പിംഗ് നടത്തിയിട്ടുള്ളത്.

(ബി) പെരുന്തേനരുവി ജലവൈദ്യുത പദ്ധതിയുടെ ഡാമിലുള്ള എരുമേലി പദ്ധതിയുടെ സ്രോതസ്സിൽനിന്നും വെച്ചൂച്ചിറ ജലശുദ്ധീകരണ ശാലയിലേയ്ക്ക് ജലം എത്തിക്കുന്നത് സാധ്യമാണോ എന്ന് പഠനം നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എരുമേലി പദ്ധതിയുമായി ബന്ധിപ്പിച്ച് പെൺകുറിഞ്ഞി പ്രദേശത്ത് ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**പിറവം മണ്ഡലത്തിലെ ജലവിതരണ പൈപ്പ്ലൈൻ**

254 (2784) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പിറവം നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ ജലവിതരണ പൈപ്പ് ലൈൻ പുതുതായി സ്ഥാപിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം പൈപ്പ് ലൈൻ സ്ഥാപിച്ചുവഴി എത്ര പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പിറവം നിയോജകമണ്ഡലത്തിൽ 42.5 കി.മീ. പൈപ്പ്ലൈൻ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) പുതിയതായി പൈപ്പ്ലൈൻ സ്ഥാപിച്ചുവഴി 2900 പേർക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേവസ്വം ബോർഡ്, കനക നഗർ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം മുടങ്ങാതിരിക്കാൻ നടപടി

255 (2785) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ദേവസ്വം ബോർഡ്, കനക നഗർ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം ദിവസങ്ങളോളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ദിവസങ്ങളോളം കുടിവെള്ള വിതരണം മുടങ്ങുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പ്രദേശങ്ങളിൽ യഥാസമയം കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ വാൽവ് ക്രമീകരണത്തിലൂടെ ടി പ്രദേശങ്ങളിൽ ദിവസവും ജലവിതരണം നടത്തുന്നുണ്ട്. എന്നാൽ ജലസംഭരണികളിൽ ആവശ്യത്തിന് ജലവിതാനം ലഭ്യമല്ലാത്ത ചില ദിവസങ്ങളിൽ ടി പ്രദേശത്ത് കുടിവെള്ളം മുടങ്ങാറുണ്ട്.

(ബി) വേനൽക്കാലത്തുണ്ടായ ക്രമാതീതമായ ഉപഭോഗവും പുതിയ കണക്ഷനുകളുടെ വർദ്ധനവും ജലസംഭരണികളിൽ ആവശ്യത്തിന് ജലവിതാനം എല്ലാ ദിവസവും ഇല്ലാതിരുന്നതിനാലുമാണ് ടി പ്രദേശങ്ങളിൽ ചില ദിവസം കുടിവെള്ളം മുടങ്ങാൻ കാരണമായത്.

(സി) അരുവിക്കരയിൽ പുതിയതായി സ്ഥാപിക്കുന്ന ജല ശുദ്ധീകരണശാല പൂർത്തിയാകുമ്പോൾ ജലസംഭരണികളിലേയ്ക്ക് കൂടുതൽ ജലം എത്തിച്ച് ടി പ്രദേശങ്ങളിലെ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും.

## പട്ടാമ്പി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

256 (2786) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളതും എം.എൽ.എ.യുടെ പ്രാദേശികവികസന ഫണ്ടിൽ നിന്നും ആസ്തിവികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റി പട്ടാമ്പി മണ്ഡലത്തിൽ എം എൽ എ -യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും രണ്ട് പ്രവൃത്തികൾക്കും ആസ്തി വികസന ഫണ്ടിൽനിന്നും ഒരു പദ്ധതിക്കും അംഗീകാരം നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

എം.എൽ.എ.- യുടെ പ്രാദേശിക വികസന പദ്ധതി

മുതുതല കുടിവെള്ള പദ്ധതി - സിതാര ഓഡിറ്റോറിയം ഭാഗത്തേയ്ക്ക് പമ്പ് സെറ്റ്, Pipeline ഇടുന്ന പ്രവൃത്തി (ഭരണാനുമതി തുക 2 ലക്ഷം) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത മേഖലയിലേയ്ക്ക് ജലവിതരണം നടത്തി വരുന്നു.

മുതുതല കുടിവെള്ള പദ്ധതി

സോൺ-2 ഭാഗത്തേയ്ക്ക് വെള്ളം എത്തിക്കുന്നതിന് നിലവിലുള്ള വിതരണ ശൃംഖലയിലേയ്ക്ക് പമ്പിങ് മെയിൻ ഏർപ്പെടുത്തുകയും തുടർന്ന് 15HP സബ്മേഴ്സിബിൾ മോട്ടോർ pumpset വഴി ജലം പമ്പ് ചെയ്ത് എത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് (ഭരണാനുമതി - 6 ലക്ഷം) 30-4-2018-ന് പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ പഴക്കമേറിയതും റെയിൽവേ ട്രാക്കിനോട് ചേർന്ന് സ്ഥാപിച്ചിരുന്നതുമായ റെയിൽവേ ക്രോസിംഗ് ഉൾപ്പെടെ ചില പൈപ്പ്ലൈൻ ഭാഗങ്ങളിൽ ലീക്കേജ് ഉണ്ടായതിനെത്തുടർന്ന് തദവസരത്തിൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിരുന്നില്ല. ഇത്തരം ലീക്കുകൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

ആസ്തിവികസന പദ്ധതി

എം.എൽ.എ.- യുടെ ആസ്തി വികസന പദ്ധതി -പട്ടാമ്പി നിയോജക മണ്ഡലം -കൊഴിച്ചാമുറി കുടിവെള്ള പദ്ധതി, വിളയൂർ ഗ്രാമപഞ്ചായത്തും (ഭരണാനുമതി തുക -28 ലക്ഷം). പ്രസ്തുത പദ്ധതിക്ക് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിളയൂർ ഗ്രാമപഞ്ചായത്തിൽനിന്നും 31-7-2018-ന് ലഭിച്ചതിനെ തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി 1-3-2019-ന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിൽ 50,000 ലിറ്റർ, ഉന്നതതല സംഭരണി, പമ്പിംഗ് മെയിൻ, സബ് മേഴ്സിബിൾ മോട്ടോർ പമ്പ്സെറ്റ്, പമ്പ് ഹോബ്സ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടുന്നു. സ്രോതസ്സായി മുൻകാലങ്ങളിൽ തൂതപ്പുഴയിൽ നിർമ്മിച്ചിട്ടുള്ള ഇൻഫിൽട്രേഷൻ ഗാലറിയോടു കൂടിയുള്ള കിണറാണ്.

മോദിക്കയം കടലുണ്ടിപുഴ ആർ.സി.ബി. പദ്ധതിക്ക് - ജലവിഭവ വകുപ്പ് 70 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ വിശദമായ രൂപരേഖ (ഡി.പി.ആർ.) KIIDC തയ്യാറാക്കി കിഫ്ബിക്ക് 9-5-2018-ന് സമർപ്പിക്കുകയും കിഫ്ബി ആയതിന്റെ Technical Appraisal Report നല്കുകയും ചെയ്തിട്ടുണ്ട്. മണ്ണ് പരിശോധന ഉൾപ്പെടെ മറ്റ് പരിശോധനകൾ നടത്തുകയും ആയവയെല്ലാം കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതുമാകുന്നു. കിഫ്ബിയിലെ സാങ്കേതിക വിദഗ്ദർ ഉൾപ്പെടെ പദ്ധതി പ്രദേശം 23-11-2018-ൽ സന്ദർശിക്കുകയും Topographic, traffic Volume Survey തുടങ്ങിയവ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം പദ്ധതിക്കാവശ്യമായ കാര്യങ്ങളെല്ലാം സമയബന്ധിതമായി തീർന്നിട്ടുണ്ട്. കിഫ്ബിയുടെ മൂല്യനിർണ്ണയ റിപ്പോർട്ടിനുള്ള മറുപടി തയ്യാറാക്കിവരികയാണ്. ആയത് ഒരാഴ്ചയ്ക്കകം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

രേഖകളുടെ പരിശോധന പൂർത്തിയാക്കുന്നതനുസരിച്ച് കിഫ്ബിയുടെ അംഗീകാരം നേടിയശേഷം സാങ്കേതികാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണ്.

ജലസേചന വകുപ്പിൽ പട്ടാമ്പി മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ആസ്തിവികസന ഫണ്ടിൽനിന്നും ഈ പ്രവൃത്തികൾ ഒന്നുംതന്നെ നടന്നിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചു തന്നിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

## പട്ടിമറ്റം-മനക്കടവ് റോഡിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ

257 (2787) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കിഴക്കമ്പലം-പട്ടിമറ്റം-മനക്കടവ് റോഡിൽ കിഫ്ബി വഴി നടത്തിവരുന്ന പ്രവൃത്തിയിൽ 5.5 കോടി രൂപ അനുവദിച്ചിരുന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവയുടെ പുരോഗതി വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ നടപടിക്രമങ്ങൾ പൂർത്തിയാവാത്തതിനാലാണ് ഇതുവരെയും പൈപ്പുകൾ മാറ്റുന്ന പണികൾ ആരംഭിക്കാൻ സാധിക്കാതെ വന്നത്. കിഫ്ബിയുടെ 26-11-2018-ലെ ജി.ഒ. (എം.എസ്.) നമ്പർ 444/2018/ Fin. അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന പ്രവൃത്തികളോടൊപ്പമാണ് പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും ചെയ്യേണ്ടത്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകേണ്ടത് പൊതുമരാമത്ത് വകുപ്പ് തന്നെയാണ്. ജല അതോറിറ്റിയുടെ പൈപ്പ് മാറ്റുന്നതിനുള്ള അടങ്കൽ വിവരം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നുവെങ്കിലും എസ്റ്റിമേറ്റ് തുകയായ 5,97,20,000 രൂപ ജല അതോറിറ്റിയിൽ നിക്ഷേപിക്കുകയാണ് ഉണ്ടായത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ജല അതോറിറ്റി അംഗീകാരം നൽകിയിട്ടുള്ളതും നിക്ഷേപിച്ച തുക തിരിച്ചുനൽകാൻ നടപടി സ്വീകരിച്ചു വരികയുമാണ്.

## വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

258 (2788) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്ക് മികവിന്റെ അടിസ്ഥാനത്തിലുള്ള ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും ഗ്രേഡിംഗ് നൽകുകയെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് നിലവിൽ ഗ്രേഡിംഗ് സംവിധാനമുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിനു കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന മികവിനും സേവന വേതന വ്യവസ്ഥകൾക്കും പ്രോത്സാഹനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2017 വർഷം മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിലവിൽ താഴെപ്പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകിവരുന്നത് :

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം
5. സ്ത്രീ സൗഹൃദം
6. തൊഴിലാളികളുടെ ക്ഷേമം
7. തൊഴിലിടത്തിലെ സുരക്ഷ

(സി) 2018 വർഷം മുതൽ താഴെപ്പറയുന്ന മേഖലകളിൽ ഗ്രേഡിംഗ് നടപ്പാക്കിയിട്ടുണ്ട് :

1. ഹോസ്പിറ്റലുകൾ
2. സെക്യൂരിറ്റി സ്ഥാപനങ്ങൾ
3. ഐ.റ്റി. സ്ഥാപനങ്ങൾ
4. സ്റ്റാർ ഹോട്ടലുകൾ
5. നിർമ്മാണ മേഖല
6. കടകളും വാണിജ്യസ്ഥാപനങ്ങളും.

(ഡി) കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിൽ അന്തരീക്ഷം, തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് ഗ്രേഡിംഗ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. മെച്ചപ്പെട്ട തൊഴിൽ-സാമൂഹിക അന്തരീക്ഷം പുലർത്തുന്ന സ്ഥാപനങ്ങൾക്ക് സമൂഹമധ്യത്തിൽ ഔദ്യോഗികമായി അംഗീകാരം നൽകുകവഴി സ്ഥാപനങ്ങളുടെ മത്സരക്ഷമത, വാണിജ്യപരമായ വിശ്വാസ്യത എന്നിവ വർദ്ധിപ്പിക്കുക എന്നതും ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

## കാട്ടാക്കട കേന്ദ്രമായി അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കുവാൻ നടപടി

259 (2789) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട കേന്ദ്രമായി അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) അപേക്ഷ തൊഴിൽ വകുപ്പിന്റെ പൊതു പുനഃസംഘടന സംബന്ധിച്ച ഫയലിൽ പരിശോധിച്ചുവരുന്നു.

## മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും തൊഴിൽ സംസ്കാരവും ഉറപ്പു വരുത്തുവാൻ നടപടി

260 (2790) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും തൊഴിൽ സംസ്കാരവും ഉറപ്പ് വരുത്തുവാൻ വ്യാവസായിക വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഇതിന് നിശ്ചയിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രേഡിംഗിനോടുള്ള വ്യവസായ വാണിജ്യ മേഖലയുടെ പ്രതികരണം എന്താണ്; ഇത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഗ്രേഡിംഗ് ഏർപ്പെടുത്തിയതോടുകൂടി പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിനു കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന മികവിനും സേവന വേതന വ്യവസ്ഥകൾക്കും പ്രോത്സാഹനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2017 വർഷം മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിലവിൽ താഴെപ്പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകിവരുന്നത്.

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികളുടെ ക്ഷേമം
7. തൊഴിലിടത്തിലെ സുരക്ഷ.

(സി) വ്യവസായ വാണിജ്യ മേഖല ഗ്രേഡിംഗ് സമ്പ്രദായത്തെ വളരെ താല്പര്യപൂർവ്വം സ്വാഗതം ചെയ്തിട്ടുണ്ട്. 2018 വർഷം മുതൽ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തി ഗ്രേഡിംഗ് പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിലയിരുത്തുന്നുണ്ട്. ഗ്രേഡിംഗിൽ വജ്ര, സുവർണ്ണ, രജത എന്നിങ്ങനെയുള്ള ഗ്രേഡുകളാണ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. ഗ്രേഡ് ലഭ്യമാകാത്ത സ്ഥാപനങ്ങൾ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അവസ്ഥ മെച്ചപ്പെടുത്തി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

261 (2791) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് സ്ത്രീ /പുരുഷൻ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര; തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പേർക്ക് പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 30-4-2019 വരെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം 35,63,477 (മുപ്പത്തിയഞ്ച് ലക്ഷത്തി അറുപത്തിമൂവായിരത്തി നാനൂറ്റി എഴുപത്തി ഏഴ്) ആണ്.

| | | |
|---|---|---|
| സ്ത്രീകൾ | - | 22,68,578 |
| പുരുഷന്മാർ | - | 12,94,899 |
| ആകെ | | 35,63,477 |

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം തരം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എഞ്ചിനിയേഴ്സ് | - | 44333 |
| ഡോക്ടേഴ്സ് | - | 8432 |
| അഗ്രികൾച്ചർ | - | 1207 |
| വെറ്ററിനറി | - | 591 |
| LLB/LLM | - | 800 |
| എം.സി.എ | - | 3823 |
| എം.ബി.എ | - | 6062 |
| PGDCA | - | 3648 |
| ബി.എസ്.സി. നഴ്സിംഗ് | - | 13239 |
| ബി.എസ്.സി. എം.എൽ.റ്റി | - | 1479 |
| പി.ജി. ആർട്സ് | - | 19723 |
| പി.ജി. കോമേഴ്സ് | - | 9308 |
| പി.ജി. സയൻസ് | - | 20228 |
| മറ്റുള്ളവ | - | 8408 |

ആകെ 1,41,281 (ഒരു ലക്ഷത്തി നാല്പത്തി ഒന്നായിരത്തി ഇരുന്നൂറ്റി എൺപത്തി ഒന്ന്)

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെ 34,878 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1,436 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

262 (2792) <u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. എം. നൗഷാദ്:</u>
<u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ ലഭ്യമായവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ്‌വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാണ്. വെബ്സൈറ്റ്‌വഴി രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതേവരെ 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കിയുള്ള ഓഫീസുകളിൽക്കൂടി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരികയാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള സുഗമമായ അന്തരീക്ഷം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഭൗതിക സൗകര്യങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾകൂടി കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്.

കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് :

1. എംപ്ലോയബിലിറ്റി സെന്റർ
2. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.)
3. മോഡൽ കരിയർ സെന്റർ
4. നിയുക്തി മെഗാ ജോബ് ഫെയർ.

(ബി) ഉണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേനയാണ് നടക്കുന്നത്.

1. പുതിയ രജിസ്ട്രേഷൻ
2. അധിക യോഗ്യത ചേർക്കൽ (Addition of Qualification)
3. രജിസ്ട്രേഷൻ പുതുക്കൽ
4. ഗവൺമെന്റ് ഓർഡർ മുഖേനയുള്ള സ്പെഷ്യൽ റിന്യൂവൽ
5. രജിസ്ട്രേഷൻ ട്രാൻസ്ഫർ
6. റീ-രജിസ്ട്രേഷൻ.

കൂടാതെ ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും എപ്പോഴും അവരുടെ സീനിയോറിറ്റി ലിസ്റ്റും ഓൺലൈൻ മുഖേന കാണാവുന്നതാണ്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായി കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കൈവല്യ പദ്ധതി**

263 (2793) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പിലാക്കുന്ന കൈവല്യ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി "കൈവല്യ" എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. മാത്രമല്ല, കൈവല്യ പദ്ധതിയുടെ ഭാഗമായുള്ള വിവിധ പരിശീലന പരിപാടികൾ ഒരു കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നത് ലക്ഷ്യമാക്കി 'മോഡൽ കരിയർ സെന്റർ' എംപ്ലോയ്മെന്റ് വകുപ്പിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) കൈവല്യ പദ്ധതിയുടെ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ സ്വയം തൊഴിൽ സംരംഭകത്വത്തിന് പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**നവജീവൻ പദ്ധതി**

264 (2794) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന നവജീവൻ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ബഹുമാനപ്പെട്ട ഗവർണറുടെ 2017-ലെ നയപ്രഖ്യാപനത്തിൽ സംസ്ഥാന സർക്കാരിന്റെ വയോജന നയത്തിന്റെ ഭാഗമായി "നവജീവൻ" എന്ന പേരിൽ മുതിർന്ന പൗരന്മാർക്കായി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ പരിശോധിച്ച് കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് 20-3-2017-ലെ സ.ഉ. (കൈ) നമ്പർ 16/2017/തൊഴിൽ പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ജനസംഖ്യയിൽ 1/3 -ൽ കൂടുതൽ വരുന്ന മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്ത് സാമ്പത്തിക സ്വാശ്രയത്വം ഉറപ്പുവരുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. 50-65 പ്രായ പരിധിയിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിക്കുക, മുതിർന്ന പൗരന്മാർ ആർജ്ജിച്ചിട്ടുള്ള അറിവും പരിചയസമ്പത്തും സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് അവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. നവജീവൻ പദ്ധതിയുടെ ചട്ടങ്ങൾക്ക് അന്തിമ രൂപമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ.

**എംപ്ലോയബിലിറ്റി സെന്ററുകൾ**

265 (2795) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. സ്വരാജ്:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കാരാട്ട് റസാഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ ആയി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നത്;

(സി) ഇതു സംബന്ധിച്ച് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്ത വിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി വിവിധ മൃദു നൈപുണ്യ പരിശീലനങ്ങൾ, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്ന തിനുള്ള പരിശീലനങ്ങൾ, കമ്പ്യൂട്ടർ പരിശീലനങ്ങൾ തുടങ്ങിയവ നൽകി വരുന്നു.

(സി) തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടു ക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതികൾ നടത്തി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന തൊഴിലന്വേ ഷകർക്ക് അസെസ്സ്മെന്റ് ടെസ്റ്റ് നടത്തി, ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ Soft skills, English speaking, Basic computer skills എന്നിവയിൽ പരിശീലനങ്ങൾ നൽകി തൊഴിൽ നേടാൻ അവരെ പ്രാപ്തരാക്കുന്നു. സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ച് സെന്ററിന് അകത്തും പുറത്തുമായി നടത്തിവരുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിൽ പങ്കെടുക്കുന്നതിനായുള്ള അറിയിപ്പ് ഇ-മെയിൽ, എസ്.എം.എസ് തുടങ്ങിയവ മുഖാന്തരം ഉദ്യോഗാർത്ഥികളെ അറിയി ക്കുകയും ചെയ്യുന്നു. ഇപ്രകാരം നടത്തി വരുന്ന തൊഴിൽ മേളകൾവഴി ഉദ്യോഗാർ ത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുന്നു. employabilitycentre.org എന്ന വെബ്സൈറ്റ് മുഖേനയോ അല്ലെങ്കിൽ നേരിട്ട് അതാത് ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന എംപ്ലോയബിലിറ്റി സെന്ററുകളിലോ ഉദ്യോഗാർത്ഥികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആധാർ/തിരിച്ചറിയൽ, വിദ്യാഭ്യാസം, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ തുടങ്ങിയവ

സമർപ്പിച്ചാണ് പേര് രജിസ്റ്റർ ചെയ്യേണ്ടത്. ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസ് 250 രൂപയാണ്. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

## സാമൂഹ്യ സുരക്ഷാ പദ്ധതികൾ

266 (2796) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യസുരക്ഷാ പദ്ധതികളും ലയിപ്പിച്ച് ഏകീകൃത ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കേന്ദ്ര പദ്ധതിയുടെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഈ വിഷയം സംബന്ധിച്ച ആശങ്കകൾ കേന്ദ്രത്തെ അറിയിച്ച സാഹചര്യത്തിൽ ലഭ്യമായ മറുപടിയുടെ വിശദാംശം നൽകുമോ;

(സി) നിലവിലുള്ള 16 ബോർഡുകളും ഏകീകരിക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക സാമ്പത്തിക പ്രത്യാഘാതങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ സാമൂഹ്യസുരക്ഷാ പദ്ധതികളും ലയിപ്പിച്ച് ഏകീകൃത ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) പഠനവിധേയമാക്കിയിട്ടില്ല.

## കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്രമക്കേടുകൾ

267 (2797) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മലപ്പുറം ഓഫീസിൽ ക്ഷേമനിധിതുക തട്ടിയെടുക്കുന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷേമനിധിയിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് അനധികൃതമായി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ക്ഷേമനിധി ബോർഡിന്റെ നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുന്ന ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബോർഡിലെ ഉദ്യോഗസ്ഥരുടെ ഒപ്പുകൾ വ്യാജമായി ഇട്ട് വ്യാജ രേഖകൾ ചമയ്ക്കുകയും ആഫീസിൽനിന്നും നഷ്ടപ്പെട്ട രസീത് ബുക്കിലെ താളുകൾ ഉപയോഗിച്ച് തൊഴിലാളികളിൽനിന്നും അംശദായ തുക കൈക്കലാക്കുകയും തൊഴിലാളികളുടെ അംശദായ പാസ് ബുക്കുകളിൽ പണം അടവാക്കിയതായി കളവായി രേഖപ്പെടുത്തി അന്യായമായി നഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ടെന്ന വിഷയത്തിൽ മലപ്പുറം ജില്ലാ ആഫീസിലെ താൽക്കാലിക ജീവനക്കാരിയെ പ്രതിയാക്കി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് ആഫീസർ പോലീസിൽ പരാതിപ്പെടുകയുണ്ടായി. തുടർന്ന് പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും Cr. 136/2019 u/s 420, 465, 468, 471 IPC നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചീഫ് ആഫീസിൽ നിന്നും ആഭ്യന്തര പരിശോധന നടത്തുന്നതിലേയ്ക്കായി അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ക്ഷേമ ബോർഡിന്റെ മലപ്പുറം ജില്ലാ ആഫീസിൽ അംഗത്വം നഷ്ടപ്പെട്ടവർക്ക് അനധികൃതമായി അംഗത്വം പുന:സ്ഥാപിച്ച് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചീഫ് ആഫീസിൽ നിന്നും ആഭ്യന്തര പരിശോധന നടത്തുന്നതിലേയ്ക്കായി അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

(സി) ബോർഡിൽ ക്രമക്കേടുകൾ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ബോർഡിൽനിന്നും പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനുമുമ്പായി അപേക്ഷകൻ സജീവ അംഗ തൊഴിലാളിയാണോയെന്നും കൃത്യമായി പുതുക്കൽ നടത്തിയിട്ടുണ്ടോയെന്നും അംശദായ കുടിശ്ശിക വരുത്തിയിട്ടില്ലായെന്നും അനധികൃതമായി അംഗത്വ പുന:സ്ഥാപനം നടത്തിയിട്ടില്ലായെന്നും പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ജില്ലാ എക്സിക്യൂട്ടീവ് ആഫീസർക്ക് മാത്രം ആയിരിക്കുമെന്നും ഇത്തരത്തിൽ ബോർഡിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ജില്ലാ എക്സിക്യൂട്ടീവ് ആഫീസറിൽനിന്നും ഈടാക്കുന്നതാണെന്നും എല്ലാ ആഫീസർമാർക്കും സർക്കുലർ മുഖേന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

268 (2798) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ 1 മുതൽ 50 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാർക്ക് ഏറ്റവും കുറഞ്ഞ വേതനം ഇരുപതിനായിരം രൂപ ആയിരിക്കണമെന്നും, 51 മുതൽ 100 വരെ കിടക്കകളുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം സർക്കാർ നഴ്സുമാരുടെ വേതനത്തിന്റെ 25 ശതമാനം കുറഞ്ഞ തുക ആയിരിക്കണമെന്നുമുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വിധി സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 527/2011 നമ്പർ റിട്ട് ഹർജിയിന്മേലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ രൂപീകൃതമായ കമ്മിറ്റിയുടെ ശിപാർശകൾ കൂടി പരിഗണിച്ചശേഷമാണ് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചത്. ആയതിനായി സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ആശുപത്രി ഉടമകളുമായും തൊഴിലാളി സംഘടനകളുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലും സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നഴ്സുമാരടക്കമുള്ള സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് 16-11-2017-ൽ 375/ഇ 1/2017/തൊഴിൽ നമ്പർ പ്രകാരം പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുമുണ്ടായി. ടി വിജ്ഞാപനം സംബന്ധിച്ച സർക്കാരിന് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും മിനിമം വേതന ഉപദേശക സമിതി വിശദമായി പരിശോധിക്കുകയും തുടർന്ന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ആശുപത്രികളിലെ വിവിധ ജീവനക്കാരുടെ മിനിമം വേതനം, 23-4-2018-ലെ ജി.ഒ.(പി) 33/2018/തൊഴിൽ നമ്പർ പ്രകാരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്ത് തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും മിനിമം വേതന ഉത്തരവ് നടപ്പിലാക്കാത്ത ആശുപത്രി ഉടമകൾക്കെതിരെ coersive steps എടുക്കാൻ പാടില്ല എന്നതരത്തിൽ ഇടക്കാല സ്റ്റേ സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മിനിമം വേതനം നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

## തോട്ടം തൊഴിലാളികളുടെ വേതനവർദ്ധനവ്

269 (2799) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനവർദ്ധനവ് എപ്പോൾ നടപ്പിലാക്കുവാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ നിയസഭാസാമാജികർ പങ്കെടുക്കുന്നത് സംബന്ധിച്ച് നിലവിൽ ഏതെങ്കിലും ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിന് ട്രേഡ് യൂണിയനുകൾ ഡിമാന്റ് ലഭ്യമാക്കിയതിനെത്തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നെങ്കിലും തീരുമാനമാകാത്തതിനാൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികൾക്ക് 2019 ഫെബ്രുവരി മാസം മുതൽ പ്രതിദിനം 50 രൂപ ഇടക്കാലാശ്വാസം അനുവദിക്കുകയുണ്ടായി. വേതന പരിഷ്കരണം സംബന്ധിച്ച തുടർചർച്ചകൾ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വേതന വർദ്ധനവ് എത്രയും വേഗം നടപ്പിലാക്കുന്നതാണ്.

(ബി) സർക്കാർ ഉത്തരവുപ്രകാരം നിയമിതരാകുന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗങ്ങൾക്കുമാത്രമേ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ടി യോഗങ്ങളിൽ നിയമസഭാ സാമാജികരെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ**

270 (2800) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് വിശദവും ശാസ്ത്രീയവുമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത പ്രശ്നത്തെക്കുറിച്ച് വിശദവും ശാസ്ത്രീയവുമായ പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിൽ നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) പരിശോധിക്കുന്നതാണ്.

**പെട്രോൾ ബങ്കിലെ ജീവനക്കാരുടെ സുരക്ഷിതത്വം**

271 (2801) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകരമായ നിലയിൽ ജോലിചെയ്യുന്ന പെട്രോൾ ബങ്കിലെ ജീവനക്കാരുടെ സുരക്ഷിതത്വത്തിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിവരിക്കാമോ;

(ബി) തൊഴിലാളികളുടെ തൊഴിൽ-വേതന-അവധി സംരക്ഷണത്തിന് വകുപ്പുതല നിരീക്ഷണങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകളിൽ 1948-ലെ ഫാക്ടറീസ് നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധന നടത്തി തൊഴിലാളികളുടെ ആരോഗ്യം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നുണ്ട്. 1948-ലെ ഫാക്ടറീസ് ആക്ടിലെ വകുപ്പ് 87 പ്രകാരം വിജ്ഞാപനം ചെയ്ത 1957-ലെ കേരള ഫാക്ടറീസ് ചട്ടങ്ങളിലെ ചട്ടം 122 പ്രകാരം "Highly flammable liquids& flammable compressed gases" എന്ന

പട്ടികയിൽ പ്രതിപാദിക്കുന്ന പെട്രോൾ പമ്പുകളിലെ സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം, leak &spill ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, flammable mixture, സ്പാർക്ക് എന്നിവ ഉണ്ടായാൽ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ, Fire safety, prohibition of smoking and use of electronic devices എന്നിവയാണ് പ്രധാനമായും പരിശോധനാവിധേയമാക്കുന്നത്. പ്രസ്തുത നിയമങ്ങൾ പാലിക്കാത്ത പെട്രോൾ പമ്പുകൾക്കെതിരെ ഫാക്ടറി ഇൻസ്പെക്ടർമാർ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തൊഴിലാളികളുടെ തൊഴിൽ-വേതന-അവധി സംരക്ഷണത്തിന് സ്ഥാപന പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. നിശ്ചയിച്ചിട്ടുള്ള വേതനം കൃത്യസമയത്ത് തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് വേതന സുരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. 2019-ൽ നാളിതുവരെ പെട്രോൾ, ഡീസൽ, ഓട്ടോ ഗ്യാസ് ബങ്ക്സ് മേഖലയിൽ 122 പരിശോധനകൾ നടത്തുകയും 10 പ്രോസിക്യൂഷനും 11 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ തൊഴിലാളികളുടെ ക്ഷേമം

272 (2802) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധമേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) സാസ്കാരിക ക്ഷേമനിധിയിൽ ഫോട്ടോഗ്രാഫർമാരുടെ അംഗത്വം പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ മേഖലയിലെ തൊഴിലാളികൾക്കായി ഇ.എസ്.ഐ. മാതൃകയിലുള്ള സമ്പൂർണ്ണ ആരോഗ്യപരിരക്ഷ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകിവരുന്നുണ്ട്. പ്രസ്തുത അംഗങ്ങൾക്ക് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) സിനിമ/സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്ന ഫോട്ടോഗ്രാഫേഴ്സിന് (സ്റ്റിൽ ഫോട്ടോഗ്രാഫേഴ്സ്) സാംസ്കാരിക ക്ഷേമനിധി അംഗീകരിച്ച സംഘടനകൾ അംഗീകാരം നൽകുന്ന മുറയ്ക്ക് അംഗത്വവും ആനുകൂല്യങ്ങളും നിലവിൽ നൽകിവരുന്നുണ്ട്.

(സി) ഫോട്ടോഗ്രാഫി-വീഡിയോഗ്രാഫി അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്നവർ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകുമ്പോൾ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലും (CHIS) (കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി) അംഗമാകാവുന്നതാണ്.

**പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ**

273 (2803) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് ഭവനപദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പീരുമേട് മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി കാരണം പീരുമേട് മണ്ഡലത്തിലെ പീരുമേട് റ്റീ കമ്പനി, ബോണാമി എസ്റ്റേറ്റ്, കോട്ടമല എസ്റ്റേറ്റ് (എം.എം.ജെ.പ്ലാന്റേഷൻസ്) എന്നിവ പൂട്ടിക്കിടക്കുകയാണ്. ടി തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.)-ന്റെ സാന്നിദ്ധ്യത്തിലും ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിലും നിരവധി ചർച്ചകൾ നടത്തിയെങ്കിലും പ്രശ്നപരിഹാരമായില്ല. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017, ഡിസംബറിൽ നടന്ന ചർച്ചയിൽ എസ്റ്റേറ്റ് തുറന്ന് പ്രവർത്തിക്കുന്നതിന് തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച ലിസ്റ്റ് എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ നിർദ്ദേശം നൽകി. ആയതിൻ പ്രകാരം മാനേജ്മെന്റ് ലിസ്റ്റ് സമർപ്പിച്ചു. കോട്ടയം, ചീഫ് ഇൻസ്പെക്ടർ ഓഫ്

പ്ലാന്റേഷൻസിന്റെ നിയന്ത്രണത്തിൽ പീരുമേട്, ബോണക്കാട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തി, ഗ്രാറ്റുവിറ്റി അപേക്ഷകൾ സ്വീകരിക്കുകയും കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസുകൾ ഫയൽ ചെയ്യുക യുമുണ്ടായി. തുടർന്ന് നവംബർ 2018-ൽ തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷ തയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മാനേജ്മെന്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണമാണ് തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്തതെന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, വിരമിക്കൽ ആനുകൂല്യം എന്നിവയും മറ്റ് തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും നൽകിയാൽ മാത്രമേ തോട്ടം തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിയൂ എന്നും അറിയിച്ചു. ഇക്കാര്യ ത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചു.വരുന്നു.

(ബി) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതിക്കു വേണ്ട സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. ആർ.ബി.റ്റി പീരുമേട് എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം നൽകുമെന്ന് തോട്ടം ഉടമയുടെ സമ്മതം ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥലത്തിന്റെ സാങ്കേതിക പഠന റിപ്പോർട്ട് കിറ്റ്കോ വഴി ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിൻപ്രകാരം ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ താലൂക്ക് സർവ്വേയർ മുഖേന ശരിയായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ

274 (2804) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയാ ക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻപ്രകാരം തൊഴിലാളികളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) "ആവാസ്" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കു കയാണ്. 31-5-2019 തീയതിവരെ 3,73,688 പേർ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികൾ

275 (2805) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 മേയ് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത് ഏത് ജില്ലയിലാണ്;

(ബി) അനൗദ്യോഗിക കണക്ക് പ്രകാരം മുപ്പത് ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ജോലി ചെയ്യുന്നുവെങ്കിലും തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്യുവാൻ അവർ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണ്; വിവരിക്കുമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) ഈ പദ്ധതികൾ സംബന്ധിച്ച് അവരെ ബോധവൽക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഇവർക്കായി ആരംഭിച്ച ഫെസിലിറ്റേഷൻ സെന്റർ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) "ആവാസ്" പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് 31-5-2019 തീയതി വരെ 3,73,688 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളത് എറണാകുളം ജില്ലയിലാണ്.

(ബി) 'ആവാസ്' പദ്ധതി പ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധിതമല്ല. സ്വമേധയാ തയ്യാറായി വരുന്നവരെയാണ് രജിസ്റ്റർ ചെയ്യിപ്പിച്ചുവരുന്നത്. രജിസ്ട്രേഷന് തൊഴിലാളികൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്ന് വന്ന് പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ 18 വയസ്സ് പൂർത്തിയായവരും 60 വയസ്സ്

കഴിയാത്തവരുമായിട്ടുള്ളവർക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരണാന്തര ആനുകൂല്യം, അപകടമരണ ധനസഹായം, ഭൗതികശരീരം എംബാം ചെയ്ത് സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിനുള്ള സഹായം, ചികിത്സാ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, പ്രസവ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം തുടങ്ങിയ ആനുകൂല്യങ്ങളും നൽകിവരുന്നു. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

"അപ്നാഘർ" പദ്ധതിപ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു. പദ്ധതിപ്രകാരമുള്ള ആദ്യ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) വാർത്താമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, ലഘുലേഖാ വിതരണം, നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ്, സോഷ്യൽ മീഡിയ വഴിയുള്ള സന്ദേശം തുടങ്ങിയവവഴി പ്രചരണവും ബോധവൽക്കരണവും നടത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് തൊഴിലാളികളെ സന്ദർശിച്ച് ബോധവൽക്കരണം നൽകിവരുന്നു.

(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം എന്നിവിടങ്ങളിൽ "ശ്രമിക് ബന്ധു" ഫെസിലിറ്റേഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഫെസിലിറ്റേഷൻ സെന്റർ ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണ്.

ആവാസ് പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ, ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ, യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, നിർമ്മാണമേഖലയിൽ ജോലിക്കിടെ അപകടത്തിൽപ്പെട്ട് മരണപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ആശ്രിതർക്ക് സർക്കാർ തലത്തിൽനിന്നും ആവശ്യമായ ധനസഹായം ലഭ്യമാക്കാൻ സഹായം നൽകുക, അർഹതപ്പെട്ട നിയമപരിരക്ഷയെക്കുറിച്ച് ബോധവൽക്കരണം നടത്തുക എന്നീ സേവനങ്ങൾ ഫെസിലിറ്റേഷൻ സെന്ററുകൾവഴി നൽകിവരുന്നു.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

276 (2806) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തു ന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ടാസ്ക് ഫോഴ്സ് രൂപീകരിച്ചശേഷം ഇതരസംസ്ഥാന തൊഴിലാളി കൾക്കിടയിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും അതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ടി ടാസ്ക് ഫോഴ്സ് വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തി വരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾ ക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്.

## വെഞ്ഞാറമൂട് കേന്ദ്രമാക്കി ഇ.എസ്.ഐ. ഡിസ്പെൻസറി

277 (2807) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെഞ്ഞാറമൂട് കേന്ദ്രമാക്കി ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കു ന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഡിസ്പെൻസറി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ 15-9-2017-ലെ സ.ഉ.(കൈ)നമ്പർ.75/2017/തൊഴിൽ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും പ്രസ്തുത ഡിസ്പെൻസറിക്ക് പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.

**തൊഴിൽ നിയമങ്ങളിൽ മാറ്റം**

278 (2808) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിവൽ വന്നശേഷം തൊഴിൽ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ അത് ഉറപ്പ് വരുത്തുവാൻ കേവല വേതന അവകാശ ബിൽ കൊണ്ടുവരുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചർമാർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ഡി) പെൻഷൻ പദ്ധതികൾ നിലവിലില്ലാത്ത തൊഴിൽ മേഖലകളിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടും ടി നിയമപ്രകാരം നിലവിലുള്ള പിഴ തുക 500 രൂപയിൽനിന്ന് ഒരുലക്ഷം രൂപയാക്കി ഉയർത്തിക്കൊണ്ടും മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ ടി വിജ്ഞാപന പ്രകാരം ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർക്ക് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള അധികാരംകൂടി നൽകിയിട്ടുണ്ട്.

2018-ലെ കേരള ഷോപ്സ് ആൻഡ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമഭേദഗതി വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിക്കുന്നതിനുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകുന്നതിന് വ്യവസ്ഥ

ചെയ്തിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമ ഭേദഗതി സെക്ഷൻ 20(ii) പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്നതിനും ജോലി സ്ഥലത്ത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അന്തസ്സും സുരക്ഷയും സംരക്ഷിക്കുന്നതിനുമായി തൊഴിലുടമ ഏർപ്പെടുത്തി നൽകേണ്ട സൗകര്യങ്ങളും ടി നിയമഭേദഗതി മുഖേന വരുത്തിയിട്ടുണ്ട്. വകുപ്പ് 29 പ്രകാരം കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമപ്രകാരമുള്ള പിഴ ശിക്ഷ വകുപ്പ് 29(b), (c) പ്രകാരം 5,000 രൂപ എന്നത് ഒരു ലക്ഷം രൂപയായും 10,000 രൂപ എന്നത് 2 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

ബോണ്ടഡ് ലേബർ നിയമം 21 പ്രകാരം മജിസ്ട്രേറ്റിന് ഉണ്ടായിരുന്ന അധികാരം എല്ലാ ജില്ലകളിലെയും ജില്ലാ കളക്ടർമാർക്കുകൂടി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വ്യവസായ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 2 (എസ്) ഭേദഗതി ചെയ്തിട്ടുണ്ട്. വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം സർക്കാരിലേയ്ക്ക് അയയ്ക്കുന്ന റിപ്പോർട്ടുകളോ അവാർഡുകളോ തപാൽ മുഖേനയോ കൊറിയർ മുഖേനയോ ഇ-മെയിൽ മുഖേനയോ അയയ്ക്കാവുന്നതാണെന്ന തരത്തിൽ വ്യവസായ തൊഴിൽ തർക്ക ചട്ടത്തിലെ ചട്ടം 26A-യിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

1974-ലെ കേരള കോൺട്രാക്ട് ലേബർ റഗുലേഷൻ ആൻഡ് അബോളിഷൻ ചട്ടം 17 പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന അന്നുതന്നെ ലൈസൻസ് നൽകുന്നതിനും ചട്ടം 21 പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1983-ലെ കേരള ഇതര സംസ്ഥാന തൊഴിലാളി ചട്ടത്തിൽ 2017-ൽ വന്ന ഭേദഗതി പ്രകാരം ചട്ടം (4)-ൽ രജിസ്ട്രേഷനും ലൈസൻസിനുമായി അപേക്ഷിക്കുന്ന അന്നുതന്നെ രജിസ്ട്രേഷനും ലൈസൻസും നൽകുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും ഭേദഗതി ചെയ്തിട്ടുണ്ട്.

2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ &ഫെസിലിറ്റേഷൻ ആക്ട് പ്രകാരം കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമം, കെട്ടിട നിർമ്മാണ തൊഴിലാളി നിയമം, ഇതര സംസ്ഥാന തൊഴിലാളി നിയമം, കരാർ തൊഴിലാളി നിയമം, മോട്ടോർ തൊഴിലാളി നിയമം എന്നീ നിയമ പ്രകാരമുള്ള രജിസ്ട്രേഷന് അപേക്ഷിക്കുന്ന അന്നേ ദിവസംതന്നെ രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചുമട്ടു തൊഴിലാളി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളിയെ തന്റെ സ്ഥാപനത്തിൽ ജോലിക്കായി നിയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്തു.

(ബി) മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള തൊഴിൽ മേഖലകളിൽ അത് ഉറപ്പ് വരുത്തുവാൻ കേവല വേതന അവകാശ ബിൽ കൊണ്ടുവരണമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പാക്കിയിട്ടില്ല. എന്നാൽ ഈ മേഖലയിലെ അദ്ധ്യാപകേതര ജീവനക്കാർക്ക് മിനിമം വേതനം നിലവിലുണ്ട്. സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി Kerala payment of Minimum Wages to Teachers of Unaided Educational Institution Bill 2014-ന്റെ കരട് തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

279 (2809) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇരിക്കുവാനും വിശ്രമിക്കുവാനും സൗകര്യം ഒരുക്കണമെന്ന കേരള ഷോപ്പ്സ് ആൻഡ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിലെ ഭേദഗതി അനുസരിച്ച് ലേബർ വകുപ്പ് ഉദ്യോഗസ്ഥർ ഏതെങ്കിലും ഷോപ്പുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പരിശോധനയിൽ ജീവനക്കാർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നില്ലെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; വീഴ്ചവരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഓരോ ജില്ലയിലും ലേബർ ഓഫീസർമാർ പരിശോധന നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; ഇക്കാര്യത്തിൽ നിയമാനുസരണം നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്.

(ബി) ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ ചട്ടപ്രകാരം നോട്ടീസ് നൽകി, പ്രൊസികൃൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംസ്ഥാനമൊട്ടാകെ ജില്ലാ ലേബർ ഓഫീസർമാർ പരിശോധന നടത്തിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരം നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിശോധനക്കുറിപ്പ്, കാരണം കാണിക്കൽ നോട്ടീസ് എന്നിവ നൽകി പ്രോസികൃൂഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## ബാലവേല നിർത്തലാക്കുന്നതിന് നടപടി

280 (2810) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) 14 വയസ്സിന് താഴെയുള്ള കുട്ടികൾ പലഹാര നിർമ്മാണ സ്ഥാപനങ്ങളിലും മിഠായി നിർമ്മാണ ഫാക്ടറികളിലും തൊഴിലെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2019 ൽ ഇത്തരം കേസുകളിൽ എത്ര പേർക്കെതിരെ പ്രോസികൃൂഷൻ നടപടി സ്വീകരിച്ചു;

(ഡി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രോസികൃൂഷൻ നടപടി സ്വീകരിച്ച ഏതെങ്കിലും വ്യക്തികളെ 1986 ലെ ബാലവേല (നിരോധനവും, നിയന്ത്രണവും) നിയമപ്രകാരം ശിക്ഷിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് ശക്തമായ ഇടപെടൽ സർക്കാർ നടത്തിവരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നും തൊഴിലാളികളോടൊപ്പം എത്തുന്ന കുട്ടികൾ ചില മേഖലകളിൽ കുറച്ച് കാലത്തേയ്ക്ക് മാത്രം ജോലി ചെയ്യുകയും തിരികെ പോവുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ബാലവേല കണ്ടെത്തുന്നതിനായി ജില്ലാ ലേബർ ഓഫീസറും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അസിസ്റ്റന്റ് ലേബർ ഓഫീസർമാരും സ്ഥാപനങ്ങൾ പരിശോധിക്കുകയും നിയമ ലംഘനങ്ങൾക്കെതിരെ നിമയപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യാറുണ്ട്. The child & Adolescent Labour (Prohibition and Regulation) Act, 1986-ലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിന് പരിശോധനകൾ വ്യാപകമാക്കി വരുന്നു.

(ബി&സി) ഉണ്ട്. ശ്രദ്ധയിൽപ്പെട്ട പ്രകാരം 2019-ൽ കോട്ടയം ജില്ലയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) ആലപ്പുഴ ജില്ലാ ലേബർ ഓഫീസറുടെ പരിധിയിൽവരുന്ന കായംകുളം അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികാര പരിധിയിൽ 2018-ൽ കണ്ടെത്തിയ ബാലവേല സംബന്ധിച്ച കേസ് ഹരിപ്പാട് ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ തുടർന്നുവരുന്നു.

കോട്ടയം ജില്ലയിൽ ബാലവേല നടക്കുന്നതായി 28-6-2018-ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ പരിശോധന നടത്തുകയും അജാദ് ഹർമുദ്ദീൻ എന്ന ബാലനെ ജോലി ചെയ്യിപ്പിക്കുന്നതായി കണ്ടെത്തി ബാലനെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കോൺട്രാക്ടർ ശ്രീ. ഗ്രീഷ്മോൻ ജോസഫ് എന്ന വ്യക്തിക്ക് 20,000 രൂപ മാത്രം കോടതി പിഴ ചുമത്തിയിട്ടുള്ളതുമാണ്.

കോഴിക്കോട് ജില്ലയിൽ 2018-ൽ രണ്ട് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ 29-9-2016 തീയതിയിൽ ഒരു പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിന്റെ വിചാരണ ഇപ്പോഴും നടന്നു കൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ ടി നിയമപ്രകാരം 2016 നവംബറിൽ ഒരു കേസിൽ ശിക്ഷയായി 20,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കരിയർ ഡെവലപ്മെന്റ് സെന്റർ

281 (2811) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ശിലാസ്ഥാപനം കഴിഞ്ഞ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ വിശദാംശം അറിയിക്കുമോ;

(ബി) ഈ സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ശിലാസ്ഥാപനം കഴിഞ്ഞ തൃപ്പൂണിത്തുറ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ അംഗീകൃത ഏജൻസിയുമായി ബന്ധപ്പെട്ട് പ്ലാൻ & എസ്റ്റിമേറ്റ് ലഭ്യമാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക വളരെ കൂടുതലായതിനാൽ ആയതിന്മേൽ നെഗോഷിയേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രസ്തുത സ്ഥാപനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പ്ലാൻ & എസ്റ്റിമേറ്റ് അംഗീകരിച്ച്, സർക്കാർ അംഗീകൃത ഏജൻസിക്ക് നിർമ്മാണ ചുമതല നൽകി, ബന്ധപ്പെട്ട സർക്കാർ അംഗീകൃത ഏജൻസിയും എംപ്ലോയ്മെന്റ് വകുപ്പും തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുന്ന ഉടമ്പടിയിലെ വ്യവസ്ഥകൾക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസരിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

**മരട് ഐ.ടി.ഐ. കെട്ടിട നിർമ്മാണം**

282 (2812) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരട് ഐ.ടി.ഐ.-യ്ക്കായി പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിശദാംശം അറിയിക്കുമോ;

(ബി) ഇതിനായി എത്ര തുകയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മരട് ഐ.ടി.ഐ-യിൽ ആറ് ട്രേഡുകൾ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ ആകെ നാല് നിലകളുള്ള കെട്ടിടമാണ് നിർമ്മിക്കാൻ

ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഫൗണ്ടേഷൻ വർക്കിനായി 3.99 കോടി രൂപയുടെയും രണ്ടാം ഘട്ട നിർമ്മാണത്തിനായി 5.4 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പുകൾ യഥാക്രമം അനുബന്ധം I-ഉം II-ഉം ആയി ചേർത്തിട്ടുണ്ട്.* രണ്ടാം ഘട്ട നിർമ്മാണത്തിൽ ആറ് ട്രേഡുകൾക്കുള്ള വർക്ക്ഷോപ്പ്, നാല് ക്ലാസ്സ് റൂമുകൾ, ഓഫീസ്, ഐ.ടി. ലാബ്, സ്റ്റോർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പൊതുമരാമത്ത് ഡിസൈൻ വിംഗ് (തിരുവനന്തപുരം)-ൽനിന്നും അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**വളയം ഐ.ടി.ഐ. കെട്ടിടനിർമ്മാണം**

283 (2813) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളയം തൊഴിൽ പരിശീലനകേന്ദ്രത്തിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനപുരോഗതി വിശദമാക്കാമോ;

(ബി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വളയം ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 2018-19 സാമ്പത്തിക വർഷം 8.3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവുപ്രകാരം പ്ലാനിൽ ചില പരിഷ്കാരങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത മാറ്റങ്ങൾ വരുത്തി വിശദമായ സ്ട്രക്ചറൽ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമായശേഷം ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**പാറശാല വനിതാ ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകൾ**

284 (2814) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശാല വനിതാ ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്കായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

പാറശാല വനിതാ ഐ.ടി.ഐ.-യിൽ പുതുതായി സർവ്വേയർ, ഫാഷൻ ടെക്നോളജി എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറോട് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. സാധ്യതാ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## വ്യാവസായിക പരിശീലന വകുപ്പിലെ പൊതുസ്ഥലംമാറ്റം

285 (2815) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ പൊതു സ്ഥലംമാറ്റ നടപടി ക്രമങ്ങൾ ഓൺലൈൻ വഴിയാണോ നടപ്പിലാക്കുന്നത്; പൊതു സ്ഥലംമാറ്റത്തിനുള്ള യോഗ്യതാമാനദണ്ഡങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ യോഗ്യതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കരട് സ്ഥലംമാറ്റ പട്ടിക പരിശോധിക്കുവാനും പരാതികളുണ്ടെങ്കിൽ അപ്പീൽ നൽകുവാനുള്ള അവസരവും സാവകാശവും ലഭിക്കത്തക്കരീതിയിൽ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വ്യാവസായിക പരിശീലന വകുപ്പിലെ സ്ഥലംമാറ്റ നടപടിക്രമങ്ങൾ ഓൺലൈൻവഴി അല്ല നടപ്പിലാക്കിവരുന്നത്. പൊതുസ്ഥലംമാറ്റത്തിനുള്ള പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ വകുപ്പ് തയ്യാറാക്കിയിട്ടില്ല. 25-2-2017-ലെ സ.ഉ(പി) 03/2017/ഉഭപവ. പ്രകാരമുള്ള മാനദണ്ഡങ്ങളാണ് വ്യാവസായിക പരിശീലന വകുപ്പിൽ പരിഗണിച്ചുവരുന്നത്.

(ബി) വ്യാവസായിക പരിശീലന വകുപ്പിൽ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ തയ്യാറാക്കി ഓൺലൈൻ മുഖേനയുള്ള പൊതുസ്ഥലമാറ്റ നടപടിക്രമങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## നവജീവൻ പദ്ധതി

286 (2816) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചെയിഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് ജീവനോപാധി പ്രദാനം ചെയ്യുന്ന നവജീവൻ പദ്ധതി തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാർഗ്ഗരേഖകൾ എന്തൊക്കെയാണെന്നും ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ജീവനോപാധി പ്രദാനം ചെയ്തുവെന്ന് അറിയിക്കുമോ ;

(ഡി) വിവിധ മേഖലകളിൽ പരിചയവും വൈദഗ്ദ്യവും ആർജ്ജിച്ച മുതിർന്ന പൗരന്മാരുടെ ഡേറ്റാ ബാങ്ക് തയ്യാറാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്കായി "നവജീവൻ" എന്ന പേരിൽ സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് 20-3-2017-ലെ സ.ഉ.(കൈ)നമ്പർ 16/2017/തൊഴിൽ പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

50-65 പ്രായ പരിധിയിലുള്ള പൗരന്മാർക്ക് അവർക്ക് അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലളിതമായ വ്യവസ്ഥകളോടെ പലിശരഹിത വായ്പ അനുവദിക്കുക, മുതിർന്ന പൗരന്മാർ ആർജ്ജിച്ചിട്ടുള്ള അറിവും പരിചയ സമ്പത്തും സമൂഹ നന്മയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് അവരുടെ ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല.

(ഡി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് 17-12-2018-ലെ സ.ഉ.(കൈ) നമ്പർ 73/2018/തൊഴിൽ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും ആയതിൻപ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഡാറ്റാ ബാങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് NIC-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## വർക്കല മണ്ഡലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

287 (2817) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തനം

288 (2818) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. മുകേഷ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ അഭിരുചിക്കനുസരിച്ച് വൈദഗ്ധ്യം നൽകി തൊഴിലിനു പ്രാപ്തരാക്കാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; പരിശീലനത്തിനായി രജിസ്റ്റർ ചെയ്ത എല്ലാവർക്കും പരിശീലനം ലഭ്യമാക്കാനായിട്ടുണ്ടോ;

(ബി) ഗ്രാമ പ്രദേശങ്ങളിലെ യുവജനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും ആവശ്യാനുസരണമുള്ള പരിശീലനം വഴി തൊഴിലിനു പ്രാപ്തരാക്കുന്നതിനും ചെയ്തു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തന വിപുലീകരണത്തിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കുന്നുവെന്ന് അറിയിക്കാമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് അവ ലഭ്യമാക്കുന്നതിന് പദ്ധതിയുണ്ടോ?

## ഉത്തരം

(എ) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ അവരുടെ അഭിരുചിക്കനുസരിച്ച് വൈദഗ്ദ്ധ്യം നൽകി തൊഴിലിന് പ്രാപ്തരാക്കാനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റർ ആക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ പത്ത് ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ ഉടമസ്ഥാവകാശം വകുപ്പിന് കൈമാറുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് കടകംപള്ളി ആസ്ഥാനമായി ആരംഭിക്കുന്ന മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന വയനാട്, പത്തനംതിട്ട ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളിൽ പരിശീലനം ആവശ്യമായിട്ടുള്ളവർക്ക് ആയത് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും പുതിയ പ്രവണതകൾ മനസ്സിലാക്കിക്കൊടുക്കുന്നതിനും ആവശ്യാനുസരണമുള്ള പരിശീലനംവഴി തൊഴിലിന് പ്രാപ്തരാക്കുന്നതിനും ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്നതിനുമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏത് പ്രശ്നത്തിനും ഔപചാരിക പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ, ഗ്രൂപ്പ് ഡിസ്കഷൻ തുടങ്ങി വിവിധ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് നൽകി തൊഴിലിന് പ്രാപ്തരാക്കിവരുന്നുണ്ട്.

(സി) വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ പ്രവർത്തന വിപുലീകരണങ്ങളുടെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽ നില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യസംഘടനാപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധിച്ചുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ, സർവ്വകലാശാലകളോടനുബന്ധിച്ചുള്ള 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ &ഗൈഡൻസ് ബ്യൂറോകൾ എന്നിവ മുഖേന വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. മത്സരപരീക്ഷാ പരിശീലന പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷനുകൾ, കരിയർ ടോക്ക് തുടങ്ങിയ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് മേഖലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകളും കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകളും തിരുവനന്തപുരം യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം മോഡൽ കരിയർ സെന്ററും ആരംഭിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് അവ ലഭ്യമാക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വർഷം തോറും മേഖലാടിസ്ഥാനത്തിൽ 'നിയുക്തി' മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ ഉദ്യോഗദായകരുമായി ബന്ധപ്പെട്ട് എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവവഴി ജോബ് ഡ്രൈവ്/പ്ലേസ്മെന്റ് ഡ്രൈവ്/ജോബ് ഫെയർ സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

289 (2819) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ പുരുഷൻമാർ, വനിതകൾ എന്നിവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്രപേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഹൈടെക് ആക്കുന്നതിനും നൂതന പരിപാടികൾ ആവിഷ്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ 35,63,477 ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുരുഷന്മാരുടെയും വനിതകളുടെയും എണ്ണം ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ വർഷം (2018) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആകെ 12,887 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജോബ് ഫെയർ മുഖേന 9255 പേർക്കും എംപ്ലോയബിലിറ്റി സെന്റർ മുഖേന 5727 പേർക്കും കഴിഞ്ഞ വർഷം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ഹൈടെക്ക് ആക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റൈസ് ചെയ്ത് ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ്‌വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്.

വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി പ്രത്യക്ഷമായി നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരികയാണ്. ഇതേവരെ 55 ഓഫീസുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിനായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരികയാണ്.

കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമ മാക്കുന്നതിന് താഴെ പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എംപ്ലോയബിലിറ്റി സെന്റർ
2. കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി)
3. മോഡൽ കരിയർ സെന്റർ
4. നിയുക്തി മെഗാ ജോബ് ഫെയർ

## തൊഴിലില്ലായ്മ വേതനം

290 (2820) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വിശദമാക്കാമോ;

(ബി) തൊഴിലില്ലായ്മ വേതനം ആയി എത്ര രൂപയാണ് നിലവിൽ നൽകിക്കൊണ്ടിരുന്നത്; പ്രസ്തുത തുക ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് എത്ര പേർ തൊഴിലില്ലായ്മ വേതനം വാങ്ങുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.എസ്.എൽ.സി.-യോ തത്തുല്യ പരീക്ഷയോ പാസ്സായവരും വാർഷിക കുടുംബവരുമാനം 12,000 രൂപയിലും പ്രതിമാസ വ്യക്തിഗത വരുമാനം 100 രൂപയിലും കവിയാത്തവരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 18 വയസിനുശേഷം തുടർച്ചയായി മൂന്ന് വർഷം തൊഴിലൊന്നും ലഭിക്കാതെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നിലനിർത്തുന്നവരും മുപ്പത്തിയഞ്ച് വയസ്സ് കഴിയാത്തതുമായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ രഹിത വേതനത്തിന്

അപേക്ഷിക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകണമെന്നില്ല. അവർ ടി പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. അംഗപരിമിതരായ അപേക്ഷകർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 18 വയസ്സിനുശേഷം തുടർച്ചയായി രണ്ടു വർഷത്തെ സീനിയോറിറ്റിയും പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തുല്യമായ വിദ്യാഭ്യാസ യോഗ്യതയും മതിയാകുന്നതാണ്. തൊഴിൽരഹിത വേതനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥി സ്ഥിരം താമസമായിട്ടുള്ള തദ്ദേശഭരണ സ്ഥാപനത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനം അപേക്ഷ പരിശോധിച്ച് ഗുണ ഭോക്താവിന് അർഹതയുള്ളപക്ഷം തൊഴിൽരഹിത വേതനം അനുവദിക്കുന്നതാണ്.

(ബി) നിലവിൽ തൊഴിലില്ലായ്മ വേതനമായി 120 രൂപയാണ് പ്രതിമാസം ഒരു ഉദ്യോഗാർത്ഥിക്ക് നൽകുന്നത്. പ്രസ്തുത തുക ഉയർത്തുവാൻ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) സംസ്ഥാനത്ത് 2018-2019 സാമ്പത്തിക വർഷം ആകെ 1,63,373 പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തൊഴിലില്ലായ്മ വേതനം കൈപ്പറ്റിയവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 29,350 |
| 2 | കൊല്ലം | 32,968 |
| 3 | പത്തനംതിട്ട | 3198 |
| 4 | ആലപ്പുഴ | 34,710 |
| 5 | കോട്ടയം | 3,780 |
| 6 | ഇടുക്കി | 1,325 |
| 7 | എറണാകുളം | 7,106 |
| 8 | തൃശ്ശൂർ | 6,822 |

| (1) | (2) | (3) |
|---|---|---|
| 9 | പാലക്കാട് | 7,835 |
| 10 | മലപ്പുറം | 11,703 |
| 11 | കോഴിക്കോട് | 15,815 |
| 12 | വയനാട് | 1,478 |
| 13 | കണ്ണൂർ | 4,001 |
| 14 | കാസർഗോഡ് | 3,282 |
| | ആകെ | 1,63,373 |

## കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

291 (2821) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ദാസൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് അനുയോജ്യമായ തൊഴിൽ മേഖലകൾ, ഈ മേഖലയിലെ നൂതന പ്രവണതകൾ, അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലുണ്ടാകുന്ന നൂതന പ്രവണതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ഇതു സംബന്ധിച്ച പരിശീലനത്തിനു സഹായിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(സി) തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഏതെല്ലാം നവീന സാങ്കേതിക വിദ്യകളും ഉപാധികളുമാണ് ഇത്തരം സി.ഡി.സി.കളിൽ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) സെന്ററുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വ്യക്തികളുടെ വിവരങ്ങൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രത്യേകമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുന്നതാണ്. കരിയർ സംബന്ധമായ ഏതു സംശയവും നിവാരണം

ചെയ്യുന്നതിന് ഇവിടെ സംവിധാനമുണ്ട്. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം മുതലായവയെല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് കൗൺസിലറുടെ സേവനവും ലഭ്യമാണ്. എടുത്ത തീരുമാനത്തിൽ വ്യക്തി എത്രമാത്രം മുന്നോട്ട് പോയെന്ന് സമയബന്ധിതമായി പരിശോധിക്കാനും സംവിധാനമുണ്ട്. കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽനിന്ന് നൽകുന്നു. വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ, ഗ്രൂപ്പ് കൗൺസിലിംഗ്, ഗ്രൂപ്പ് ഡിസ്കഷൻ, റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സരപ്പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രി-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ഗൈഡൻസ് എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ ഇവിടെ ലഭ്യമാണ്. സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററിൽ നിന്നും നൽകുന്നതാണ്. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറി ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ഉദ്യോഗാർത്ഥികൾക്കും കരിയർ ലൈബ്രറി പ്രയോജനപ്പെടുത്താവുന്നതാണ്. സെൽഫ് ഹെൽപ്പ് വിഭാഗത്തിൽപ്പെട്ട മികച്ച ഗ്രന്ഥങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്. ഓൺലൈൻ അപേക്ഷകൾ നൽകുമ്പോഴുണ്ടാകുന്ന സംശയങ്ങൾ സെന്ററിൽ ലഭ്യമായ ഐ.ടി ഓഫീസറുടെ സേവനം ഉപയോഗിച്ച് പരിഹരിക്കുന്നതിനും സൗകര്യമുണ്ട്. കരിയർ സംബന്ധമായ ഏതുകാര്യത്തിനും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമുണ്ടാകും. ഇന്റർവ്യൂവിന് മുന്നോടിയായി ഉദ്യോഗാർത്ഥികളെ മോക്ക് ഇന്റർവ്യൂവിലൂടെയും ക്ലാസ്സുകളിലൂടെയും പൂർണ്ണമായും സജ്ജരാക്കുന്നതിന് സംവിധാനങ്ങൾ ഉണ്ട്. പുതിയ തൊഴിൽ തേടുന്നതിനും മറ്റൊരു ജോലിയിലേയ്ക്ക് മാറുന്നതിനും നിലവിലുള്ള ജോലിയിൽ ഉയർച്ച നേടുന്നതിനും ആവശ്യമായ എല്ലാ ഉപദേശനിർദ്ദേശങ്ങളും സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ സൗകര്യങ്ങളാണ് ഗ്രാമപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലുണ്ടാകുന്ന നൂതന പ്രവണതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനും ഇതുസംബന്ധിച്ച പരിശീലനത്തിന് സഹായിക്കുന്നതിനും കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത്.

(സി) ആധുനിക കാലത്തിന് അനുയോജ്യമായ സംവിധാനങ്ങളുള്ള ഓഫീസും അനുബന്ധ സൗകര്യങ്ങളുമാണ് കരിയർ ഡെവലപ്മെന്റ് സെന്ററിൽ ഒരുക്കിയിട്ടുള്ളത്. കരിയർ ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഉദ്യോഗാർത്ഥികളുടെ അഭിരുചി കണ്ടെത്തുന്നതിനുള്ള സൈക്കോമെട്രിക് ടെസ്റ്റുകൾ തുടങ്ങിയ നവീന സാങ്കേതിക വിദ്യകൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

## വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ നിയമനം

292 (2822) ശ്രീമതി ഇ. എസ്. ബിജിമോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.ടി.മാനദണ്ഡമനുസരിച്ച് വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർ തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ അനുസരിച്ചാണോ കേരള പബ്ലിക് സർവീസ് കമ്മീഷൻ വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ നിയമനത്തിനുള്ള വിജ്ഞാപനമിറക്കുന്നത് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ; അല്ലെങ്കിൽ പ്രസ്തുത വിജ്ഞാപനം ഡി.ജി.ടി. മാനദണ്ഡമനുസരിച്ചാണ് എന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ വ്യത്യസ്തമാണോ; എങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഡി.ജി.ടി. മാനദണ്ഡപ്രകാരം ഇൻസ്ട്രക്ടർ തസ്തികയിലെ നിയമന യോഗ്യതകൾ ചുവടെ ചേർക്കുന്നു :

ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ടി യോഗ്യത നേടിയ ശേഷമുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും

അല്ലെങ്കിൽ

ബന്ധപ്പെട്ട ട്രേഡിൽ നാഷണൽ അപ്രെന്റിസ്ഷിപ്പ് സർട്ടിഫിക്കറ്റും ടി യോഗ്യത നേടിയശേഷമുള്ള മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും

അല്ലെങ്കിൽ

ബന്ധപ്പെട്ട ബ്രാഞ്ചിൽ ഡിപ്ലോമയും ടി യോഗ്യത നേടിയശേഷമുള്ള രണ്ടുവർഷത്തെ പ്രവർത്തി പരിചയവും

അല്ലെങ്കിൽ

ബന്ധപ്പെട്ട ബ്രാഞ്ചിൽ ഡിഗ്രിയും ടി യോഗ്യത നേടിയശേഷമുള്ള രണ്ടുവർഷത്തെ പ്രവർത്തി പരിചയവും

(ബി&സി) 1971-ലെ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരുന്നത്. വ്യാവസായിക പരിശീലന വകുപ്പിലെ സ്പെഷ്യൽ റൂളിൽ പറഞ്ഞ യോഗ്യതകളിൽ ഡി.ജി.ടി. മാനദണ്ഡങ്ങളിൽപ്പെടുന്ന ഡിഗ്രി യോഗ്യത ഉൾപ്പെട്ടിട്ടില്ല. ഡി.ജി.ടി. മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തി 1971-ലെ കേരളാ ക്രാഫ്റ്റ്സ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ലഹരി വിരുദ്ധ പദ്ധതികളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ നടപടി**

293 (2823) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയങ്ങൾ, കോളേജ് പരിസരങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരിവ്യാപനം തടയാനുള്ള പദ്ധതികൾ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടി എക്സൈസ് വകുപ്പ് കൈക്കൊള്ളുമോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാൻ ഉദ്ദേശിച്ചാണ് സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. നിലവിൽ കോളേജ് തലത്തിൽ 511 ലഹരി വിരുദ്ധ ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ടി ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റിയുടെയും സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ.-യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചുകൊണ്ട് 506 വിവിധ ബോധവൽക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി താലൂക്ക് അടിസ്ഥാനത്തിൽ നിരവധി ഏകദിന ശിൽപ്പശാലകളും നടത്തുകയുണ്ടായി. വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരിവസ്തുക്കളുടെ വിതരണം, വിനിയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ പേര് വെളിപ്പെടുത്താതെ തന്നെ വിവരങ്ങൾ അറിയിക്കുന്നതിനായി "വിമുക്തി" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും ആരംഭിച്ചിട്ടുണ്ട്.

## നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വിപണനം

294 (2824) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാമ്പസുകൾ ലഹരി മുക്തമാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) നിരോധിത പുകയില ഉത്പന്നങ്ങൾ വ്യാപകമായി വിപണനം ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) സ്കൂൾ വിദ്യാർത്ഥികൾ വ്യാപകമായി പുകയില ഉത്പന്നങ്ങൾ ഉപയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) വിദ്യാർത്ഥികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ. യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചുകൊണ്ട് 506 വിവിധ ബോധവൽക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി ഏകദിനശിൽപ്പശാലകൾ നടത്തുകയും വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ ചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം പകർന്നു നൽകുന്നതിന് വിവിധ കായിക മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ബി&സി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് പുകയില, ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും രഹസ്യ നിരീക്ഷണം നടത്തുകയും ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ പഴുതുകളില്ലാതെ നിയമ നടപടികൾ സ്വീകരിക്കുകയും

ചെയ്തുവരുന്നു. കൂടാതെ വിദ്യാലയങ്ങളുടെ 100 അടി ചുറ്റളവിൽ പുകയില ഉൽപ്പന്ന ങ്ങളും മറ്റ് ലഹരി വസ്തുക്കളും വിൽക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്ന തിനായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ പുകയിലയും പുകയില ഉൽപ്പന്നങ്ങളും വിൽക്കുന്നവർക്കെതിരെ കോട്പ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബുകൾ പി.ടി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിക്കെതിരെയും പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നതിനെതിരെയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. സ്കൂളുകളിൽ ടി ഉൽപ്പന്നങ്ങളുടെ ഉപയോഗം, വിതരണം തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ എക്സൈസ് ഉദ്യോഗസ്ഥരെ അറിയിക്കുന്നതിന് പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ സത്വര തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## സ്കൂൾ പരിസരങ്ങളിലെ മയക്കുമരുന്ന് വിൽപ്പന

295 (2825) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന് വിൽക്കുന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ;

(സി) പുതിയൊരു അദ്ധ്യയന വർഷം കൂടി ആരംഭിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനും ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വാർത്തകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഷാഡോ എക്സൈസ് സംഘങ്ങളിലൂടെയും ഇന്റലിജൻസ് വിഭാഗ ത്തിലൂടെയും സ്കൂൾ, കോളേജ് പരിസരങ്ങൾ നിരന്തരം നിരീക്ഷിച്ചു വരുന്നതിന്റെ ഫലമായി സ്കൂൾ പരിസരങ്ങളിൽനിന്നും മയക്കുമരുന്ന് വിൽക്കുന്നതുമായി ബന്ധപ്പെട്ട് 335 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലെ പ്രതികളെ അറസ്റ്റ് ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ അദ്ധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ സ്കൂൾ പരിസരങ്ങളിൽ മയക്കമരുന്ന് വിൽപ്പന നടത്തുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുകയും ഷാഡോ എക്സൈസ് സംഘങ്ങളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ടി മേഖലകളിൽ രഹസ്യ നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ പരിസരങ്ങളിൽ എക്സൈസ് സംഘങ്ങൾ കർശന പരിശോധന നടത്തിയിട്ടുള്ളതും ആയത് അനുസൃതം തുടർന്നുവരുന്നതുമാണ്. സ്കൂൾ പരിസരങ്ങളിൽ മയക്കമരുന്ന് വിൽപ്പന സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻതന്നെ ആയത് ബന്ധപ്പെട്ട എക്സൈസ് അധികാരികളെ അറിയിക്കുന്നതിന് പി.ടി.എ. അംഗങ്ങൾക്കും ഇതര സാംസ്കാരിക സാമൂഹിക പ്രവർത്തകർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ എക്സൈസ് ഉദ്യോഗസ്ഥനും ഓരോ സ്കൂളുകളുടെ ചുമതല നൽകിയിട്ടുണ്ട്.

## സ്കൂൾ, കോളേജുതല മയക്കമരുന്ന് വ്യാപനം തടയുന്നതിന് രഹസ്യ സ്ക്വാഡുകൾ

296 (2826) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ, കോളേജ് തലത്തിലുള്ള മയക്കമരുന്ന് വ്യാപനം തടയുന്നതിനായി തദ്ദേശാടിസ്ഥാനത്തിൽ രഹസ്യ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മയക്കമരുന്ന വ്യാപനം തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനം നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ടി എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തി ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിന് നടപടി

297 (2827) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് വിദ്യാർത്ഥികളിൽ മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂളുകളിൽ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും പരിപാടികളും എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് മാതൃകയിൽ സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വരുംതലമുറ ലഹരിക്ക് അടിമപ്പെട്ടുപോകാതിരിക്കാൻ സംസ്ഥാനത്തുട നീളം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ, സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളോടൊപ്പം രക്ഷിതാക്കളേയും അദ്ധ്യാപകരേയുംകൂടി ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ 506 വിവിധ ബോധവൽക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ഷോർട്ട് ഫിലിം മത്സരം സംഘടിപ്പിക്കുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാലയ പരിസരങ്ങളിലെ ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അവ വകുപ്പിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിനുവേണ്ടി വിമുക്തി മിഷൻ "വിമുക്തി" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുവഴി ഇത്തരം കാര്യങ്ങൾ സ്വന്തം വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതെതന്നെ വകുപ്പിനെ അറിയിക്കുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സാധിക്കുന്നതാണ്.

(സി) ഇക്കാര്യം പരിഗണനയിലില്ല.

## സ്കൂളുകളിൽ ലഹരി വിരുദ്ധ ക്യാംപെയ്ൻ

298 (2828) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വ്യാപകമാകുന്ന സാഹചര്യത്തിൽ അവ നിയന്ത്രിക്കുന്നതിനായി കഴിഞ്ഞ വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) 2039-001-87 എന്ന അക്കൗണ്ട് ശീർഷകത്തിൽ നിന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത ശീർഷകത്തിൽ തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ശീർഷകത്തിലെ തുക സംബന്ധിച്ച നിർദ്ദേശം നൽകുന്നതിൽ വകുപ്പിന് വീഴ്ചപറ്റിയതായി കരുതുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വിദ്യാർത്ഥികളിൽ ലഹരിക്കെതിരായ ചിന്താഗതി വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ.യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചുകൊണ്ട് 506 വിവിധ ബോധവൽക്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി താലൂക്ക് അടിസ്ഥാനത്തിൽ നിരവധി ഏകദിന ശിൽപ്പശാലകളും നടത്തിവരുന്നുണ്ട്.

വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധചിന്ത പകരുന്നതായ വിഷയങ്ങൾ ഉൾപ്പെടുത്തി ഉപന്യാസരചന, ചിത്രരചന, കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, പ്രസംഗം തുടങ്ങിയ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) സ്കൂൾ പരിസരങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായാണ് നിർവ്വഹിക്കപ്പെടുന്നത്. ആയതിനാൽ ടി ഇനത്തിൽ മുൻവർഷത്തെ ബഡ്ജറ്റിൽ പ്രത്യേകമായി

തുക വകയിരുത്തിയിട്ടില്ല. എന്നാൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള ലഹരിവർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി 27,87,63,000 രൂപ മുൻവർഷം അനുവദിച്ചിട്ടുള്ളതാണ്.

(സി&ഡി) ടി ശീർഷകത്തിൽ ടോക്കൺ തുക 1,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. മറ്റ് തുകയൊന്നുംതന്നെ അനുവദിച്ചിട്ടില്ല. സ്കൂൾ/കോളേജ് തലങ്ങളിലെ വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി വിമുക്തി മിഷൻ 2039-00-001-88 എന്ന ശീർഷകത്തിൽനിന്നും തുക ചെലവഴിച്ചിട്ടുള്ളതാണ്.

## കേരളത്തിലേയ്ക്കുള്ള ലഹരി വസ്തുക്കളുടെ വരവ്

299 (2829) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ തുറന്നിട്ടും സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം പതിന്മടങ്ങ് വർദ്ധിച്ച സാഹചര്യം സർക്കാർ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ 2017-ൽ 304 കോടി രൂപയുടെയും 2018-ൽ 800- കോടി രൂപയുടെയും മയക്കുമരുന്ന് സംസ്ഥാനത്ത് എക്സൈസ് പിടികൂടുകയുണ്ടായോ എന്നറിയിക്കുമോ;

(സി) മറുനാടൻ തൊഴിലാളികളുടെ വരവ് സംസ്ഥാനത്ത് ലഹരി ഒഴുക്കിന് കാരണമാകുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) സിന്തറ്റിക് ലഹരിയുടെ ഉറവിടമായ ഗോവയിലെ രഹസ്യകേന്ദ്രങ്ങളിൽ ഒട്ടേറെ മലയാളികൾ പ്രവർത്തിക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഇത് കേരളത്തിലേക്കുള്ള ലഹരി ഒഴുക്കിന് ഒരു കാരണമാകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം പതിന്മടങ്ങ് വർദ്ധിച്ചതായ സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നിരോധിത ലഹരി പദാർത്ഥങ്ങളുടെ ശേഖരണം, വിതരണം, ഉപഭോഗം എന്നിവയ്ക്കെതിരെ അതിശക്തമായ ഇൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി 2017-ൽ ഉദ്ദേശം 300 കോടി രൂപ മതിപ്പ് വിലയുള്ളതും 2018-ൽ ഉദ്ദേശം 650 കോടി രൂപ മതിപ്പ് വിലയുള്ളതുമായ മയക്കുമരുന്ന് സംസ്ഥാനത്ത് എക്സൈസ് പിടികൂടിയിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങളിൽ വളരെ വില കുറച്ച് ലഭിക്കുന്ന ലഹരി വസ്തുക്കൾ ഉപയോഗിച്ച് ശീലിച്ചിട്ടുള്ള മറുനാടൻ തൊഴിലാളികൾ സംസ്ഥാനത്തേയ്ക്കുള്ള ലഹരി വസ്തുക്കളുടെ വാഹകരായി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളായി നിരവധി മയക്കുമരുന്ന് കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### ബിവറേജസ് കോർപ്പറേഷനിലെ സുരക്ഷാ ജീവനക്കാർ

300 (2830) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന കേന്ദ്രങ്ങളിൽ സുരക്ഷാ ചുമതലയ്ക്കായി സ്വകാര്യ കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) പുറം ജോലിക്കായി നിയമിച്ചിട്ടുള്ള സുരക്ഷാ ജീവനക്കാരെ കടയ്ക്കുള്ളിലെ ജോലികൾക്കായി നിയോഗിക്കാറുണ്ടോ;

(സി) ഇങ്ങനെ സുരക്ഷാ ജീവനക്കാരെ കടയ്ക്കുള്ളിലെ ജോലികൾക്കായി നിയമിക്കുന്നത് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) സുരക്ഷാ ജീവനക്കാരെ ഇത്തരം ജോലികൾക്ക് നിയമിക്കുമ്പോൾ ഉണ്ടാകുന്ന ബാധ്യതകളുടെ ഉത്തരവാദിത്തം ആർക്കാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേരള വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 29-4-2019-ൽ കെ.എസ്.ബി.സി.-യുടെ 48 എഫ്.എൽ.01 ചില്ലറ വിൽപ്പനശാലകളിൽ മിന്നൽ പരിശോധനകൾ നടത്തിയിരുന്നു. ടി മിന്നൽ പരിശോധനകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന്റെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) സെക്യൂരിറ്റി ജീവനക്കാരെ യാതൊരു കാരണവശാലും എഫ്.എൽ.01 ചില്ലറ വിൽപ്പനശാലകൾക്കുള്ളിലെ പ്രവൃത്തികൾക്കായി നിയോഗിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ ഉണ്ടാകുന്ന ബാധ്യതയ്ക്ക് ബന്ധപ്പെട്ട ചില്ലറ വിൽപ്പനശാലകളിലെ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

## ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

301 (2831) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ ശേഷവും ജീവനക്കാർ ഈ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെന്ന് അറിയിക്കാമോ;

(സി) എന്ത് കാരണത്താലാണ് ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ ശേഷവും ഈ ജീവനക്കാരെ കോർപ്പറേഷനിൽ തുടരാൻ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 40 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. 2 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കാലികമായ സാമ്പത്തിക ബാധ്യത നിർണ്ണയം പൂർത്തിയാകാത്തതിനാലാണ് ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ ശേഷവം ഈ ജീവനക്കാരെ കോർപ്പറേഷനിൽ തുടരാൻ അനുവദിച്ചിട്ടുള്ളത്.

## ലഹരി പദാർത്ഥങ്ങളുടെ കള്ളക്കടത്ത് തടയാൻ പദ്ധതി

302 (2832) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കള്ളക്കടത്തായി പല വഴികളിലൂടെയും ലഹരി / മയക്കമരുന്ന് പദാർത്ഥങ്ങൾ എത്തിച്ചേരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പദാർത്ഥങ്ങളുടെ കള്ളക്കടത്ത് തടയുന്നതിനായി സംസ്ഥാന എക്സൈസ് വകുപ്പ് ഏതെങ്കിലും പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) കൊയിലാണ്ടി എക്സൈസ് സ്റ്റേഷൻ പരിധിക്കുള്ളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ലഹരി/മയക്കമരുന്ന് കേസ്സുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിന് എക്സൈസ് വകുപ്പ് ചെക്ക്പോസ്റ്റുകളിലെ വാഹനപരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അയൽ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നു. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിവരുന്നു. കൂടാതെ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തിവരുന്നതുമാണ്.

(സി) കൊയിലാണ്ടി എക്സൈസ് റേഞ്ച് ഓഫീസിൽ കഴിഞ്ഞ 3 വർഷങ്ങൾക്കുള്ളിൽ 59 മയക്കുമരുന്ന് കേസ്സുകളും 326 അബ്കാരി കേസ്സുകളും ഉൾപ്പെടെ ആകെ 385 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എൻ.ഡി.പി.എസ്.ആക്ട്

303 (2833) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം എൻ.ഡി.പി.എസ്. ആക്ട് ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വർദ്ധനവ് ഈ സർക്കാരിന്റെ ഏതെങ്കിലും നയത്തിന്റെ പ്രതിഫലനമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) കേസുകൾ രജിസ്റ്റർ ചെയ്യുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) മയക്കുമരുന്നടക്കമുള്ള ലഹരി പദാർത്ഥങ്ങളുടെ ശേഖരണം, വിപണനം, ഉപഭോഗം എന്നിവയ്ക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് അതിശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് സ്വീകരിച്ചത്. ഇത്തരം നടപടികളുടെ ഫലമായി നിയമവിരുദ്ധ പ്രവർത്തനങ്ങൾ കണ്ടെത്തുവാനും കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മദ്യ നിരോധനമല്ല മറിച്ച് ബൃഹത്തായ ബോധവൽക്കരണങ്ങളിലൂടെയുള്ള മദ്യവർജ്ജനത്തിനാണ് സർക്കാർ നയത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

## അബ്കാരി കേസ്സുകൾ

304 (2834) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി കോടതികളിൽ എത്ര കേസ്സുകൾ വിചാരണ ചെയ്യപ്പെടാൻ ബാക്കിയുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) 2018 ജനുവരി മുതൽ ഡിസംബർ വരെ എത്ര അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ആകെ 42,727 അബ്കാരി കേസ്സുകൾ വിവിധ കോടതികളിൽ വിചാരണ ചെയ്യപ്പെടാൻ ബാക്കിയുണ്ട്.

(ബി) 2018 ജനുവരി മുതൽ ഡിസംബർ വരെ ആകെ 10,597 അബ്കാരി കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2018 ജനുവരി മുതൽ ഡിസംബർ വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത അബ്കാരി കേസ്സുകളുടെ കണക്ക് ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 767 |
| കൊല്ലം | 797 |
| പത്തനംതിട്ട | 943 |
| ആലപ്പുഴ | 753 |
| കോട്ടയം | 636 |
| ഇടുക്കി | 270 |
| എറണാകുളം | 488 |
| പാലക്കാട് | 1172 |
| തൃശ്ശൂർ | 703 |
| കോഴിക്കോട് | 1033 |
| മലപ്പുറം | 793 |
| കണ്ണൂർ | 1063 |
| വയനാട് | 335 |
| കാസർഗോഡ് | 844 |
| ആകെ | 10597 |

## വിദ്യാലയ പരിസരങ്ങളിലെ ലഹരി വിൽപ്പന

305 (2835) ശ്രീ. ഒ. രാജഗോപാൽ:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ എന്നിവയുടെ സമീപത്ത് കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ കച്ചവടം ചെയ്യുന്നത് തടയുവാൻ വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്താമക്കാമോ;

(ബി) മുൻ അദ്ധ്യയന വർഷം (2018-19) ഈ വിധത്തിൽ കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ തുടങ്ങിയവ കോളേജുകളുടേയും, സ്കൂളുകളുടേയും സമീപത്ത് കച്ചവടം നടത്തിയതിന് എത്ര പേരെ എക്സൈസ് അറസ്റ്റ് ചെയ്തിട്ടുണ്ട്; അതിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത കച്ചവടം തടയുന്നതിന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് യോഗം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ; വിശദമാക്കാമോ?

ഉത്തരം

(എ) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് കഞ്ചാവ്, മയക്കു മരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും കണ്ടെത്തുന്നതിനും തടയുന്നതിനും എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ വിവരങ്ങൾ ശേഖരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം കർശന പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എക്സൈസ് വകുപ്പിലെ ഓരോ ഉദ്യോഗസ്ഥനും ഓരോ സ്കൂളിന്റെ നിരീക്ഷണച്ചുമതല നൽകി ഈ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്തുവരുന്നു.

(ബി) മുൻ അദ്ധ്യയനവർഷം (2018-19) കഞ്ചാവ്, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ കോളേജുകളുടെയും സ്കൂളുകളുടെയും സമീപത്ത് കച്ചവടം നടത്തിയതിന് NDPS നിയമപ്രകാരം 495 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും 77 പേരെ ശിക്ഷിച്ചിട്ടുള്ളതുമാണ്. കണ്ടെടുത്ത കേസുകളിൽ ബാക്കിയുള്ളവ ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

(സി) പത്തനംതിട്ട, കോട്ടയം, മലപ്പുറം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്കൂൾ തുറക്കുന്നതിന് മുമ്പ് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തിയിട്ടുണ്ട്.

## ഓൺലൈൻ ഭക്ഷണ വിതരണ ജീവനക്കാരുൾപ്പെട്ട ലഹരിമരുന്ന് വ്യാപാരം

306 (2836) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലയിലെ ജീവനക്കാർ ലഹരിമരുന്ന്കടത്തുന്ന സംഭവങ്ങൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എക്സൈസ് വകുപ്പ് എത്ര പേരെ പിടികൂടി;

(സി) ഇവരിൽനിന്നും എത്ര തുകയുടെ ഏതൊക്കെ ലഹരിവസ്തുക്കൾ പിടികൂടി; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഫുഡ് ഡെലിവറി ഏജന്റുമാർ ഇത്തരത്തിൽ ലഹരിമരുന്ന് കടത്തുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എക്സൈസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 4 പേരെ പിടികൂടിയിട്ടുണ്ട്.

(സി) ഉദ്ദേശം 10 ലക്ഷം രൂപ വിലമതിക്കുന്ന ലഹരി വസ്തുക്കൾ പിടികൂടിയിട്ടുണ്ട്. (320 ഗ്രാം ഹാഷിഷ്, 95 ഗ്രാം ചരസ്സ്, 6 ഗ്രാം എം.ഡി.എം.എ, 1.85 കി. ഗ്രാം കഞ്ചാവ്)

(ഡി) ഫുഡ് ഡെലിവറി ഏജന്റായി പ്രവർത്തിക്കുന്നവരുടെ പേരും വാഹനത്തിന്റെ നമ്പർ, മൊബൈൽ ഫോൺ നമ്പർ, വാഹനത്തിന്റെ മോഡൽ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കൂടാതെ ഷാഡോ എക്സൈസിനെ നിയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളിലെ മയക്കുമരുന്ന് ഉപയോഗം

307 (2837) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം ഇതരസംസ്ഥാന തൊഴിലാളികളും മയക്കുമരുന്നുകൾക്ക് അടിമയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവരുടെ ഇടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്തേയ്ക്ക് മയക്കമരുന്ന് കടത്തിക്കൊണ്ടുവരുന്നത് കണ്ടു പിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്., റെയിൽവേ പോലീസ് എന്നിവരുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

**മയക്കമരുന്ന് മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനം**

308 (2838) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മയക്കമരുന്ന് മാഫിയക്കെതിരെയുള്ള പ്രവർത്തനം സർക്കാർ ശക്തമാക്കിയതുവഴി കഴിഞ്ഞവർഷം എത്ര രൂപയുടെ ലഹരിവസ്തുക്കൾ പിടിച്ചെടുക്കാനും കുറ്റവാളികളെ ശിക്ഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

മയക്കമരുന്ന് മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയതു വഴി കഴിഞ്ഞ വർഷം പുകയില ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ഉദ്ദേശം 650 കോടി രൂപ മതിപ്പ് വിലയുള്ള ലഹരി വസ്തുക്കൾ പിടിച്ചെടുക്കാനും 2935 കുറ്റവാളികൾക്കെതിരെ നടപടിയെടുക്കാനും കഴിഞ്ഞിട്ടുണ്ട്.

**കൂടുതൽ എക്സൈസ് റെയ്ഞ്ച് ഓഫീസുകൾ**

309 (2839) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയുടെ ഉപയോഗം ദിനം പ്രതി വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ മദ്യവർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ നിംഹാൻസ് മാതൃകയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) വിമുക്തി മിഷന്റെ ലഹരിവർജ്ജന ബോധവൽക്കരണ പരിപാടികൾ സമൂഹത്തിൽ ലഹരിക്കെതിരെയുള്ള അവബോധം സൃഷ്ടിക്കുന്നതിന് സാധിക്കുന്നില്ലെന്ന് ആക്ഷേപമുള്ള സാഹചര്യത്തിൽ ഇതിനായി മുടക്കുന്ന തുക കൂടുതൽ എക്സൈസ് റെയിഞ്ച് ഓഫീസുകൾ തുറക്കുന്നതിനും സിവിൽ എക്സൈസ് ഓഫീസർമാരെ നിയമിക്കുന്നതിനും വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കഴിഞ്ഞ കുറെ മാസങ്ങളായി പിടിച്ചെടുക്കുന്ന കഞ്ചാവിന്റെയും ലഹരി വസ്തുക്കളുടെയും അളവ് സംസ്ഥാനത്ത് ഇത്തരം ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുണ്ടായിട്ടുള്ള ഭീതിജനകമായ വർദ്ധനവിനെയാണ് കാണിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോഴിക്കോട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ ആഭിമുഖ്യത്തിൽ ലഹരി വർജ്ജന ബോധവൽക്കരണ പരിപാടികൾ മെച്ചപ്പെട്ട തരത്തിൽ സംഘടിപ്പിച്ചുവരികയാണ്. ഇത്തരം പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സർക്കാർ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ജോലികളോടൊപ്പം വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള ചുമതല എക്സൈസ് വകുപ്പിനാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ ഈ സർക്കാർ ഇതിനകംതന്നെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിനാൽ കഞ്ചാവും ലഹരി വസ്തുക്കളും കണ്ടെടുത്ത കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

## വിമുക്തി പദ്ധതിയുടെ പ്രവർത്തനങ്ങൾ

310 (2840) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതി ആരംഭിച്ചത് എന്നാണെന്നും ഈ പദ്ധതിയിൽ നാളിതു വരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചെന്നും എന്തിനെല്ലാമാണ് ഈ തുക വിനിയോഗിച്ചതെന്നും വിശദമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിൽ വന്നതിനുശേഷം സംസ്ഥാനത്തെ മദ്യ, മയക്കു മരുന്ന് ഉപഭോഗം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി ഈ പദ്ധതി നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്ത് മദ്യ, മയക്കു മരുന്ന് ഉപഭോഗം കുറഞ്ഞതായി സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവുണ്ടായിട്ടുള്ളതാ യിട്ടാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 6-10-2016-ലെ ജി.ഒ. (എം.എസ്.) 94/2016/നി.വ സർക്കാർ ഉത്തരവ് പ്രകാരമാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചത്. മയക്കുമരുന്നുകൾക്കും മറ്റ് ലഹരി വസ്തുക്കൾക്കും എതിരായ പ്രവർത്തനങ്ങളിൽ എൻഫോഴ്സ്മെന്റിനോടൊപ്പംതന്നെ പ്രസക്തമാണ് ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജന പങ്കാളിത്തത്തോടുകൂടി വിമുക്തി മിഷന്റെ ഭാഗമായി ലഹരിക്കെതിരെ വിവിധ തലങ്ങളിലായി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. വിപുലമായ ബോധവൽക്കരണ ക്ലാസ്സുകൾ, കലാ-സാഹിത്യ- കായിക മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് സംസ്ഥാനതലത്തിൽ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഏറ്റവും ഫലപ്രദമായ രീതിയിൽ ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) 20,27,95,513 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരംഅനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ദോഷങ്ങളെ സർവ്വേകൾ നടത്തി വിശകലനം ചെയ്ത് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ നിയമിതരായ സൈക്കോളജിസ്റ്റിന്റെയും സോഷ്യോളജിസ്റ്റിന്റെയും സേവനം പ്രയോജനപ്പെടുത്തി മദ്യ-മയക്കുമരുന്ന് ഉപഭോഗം സംബന്ധിച്ച് പഠനം നടന്നുവരുന്നു.

(ഡി) സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചുവരുന്നു. വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളുടെ സേവനം വിനിയോഗിക്കുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവരിൽ ഭൂരിഭാഗം പേരും കാലങ്ങളായി മദ്യ-മയക്കുമരുന്നുകളുടെ പിടിയിൽ അകപ്പെട്ടിരുന്നവരാണ്.

## എക്സൈസ് വകുപ്പിലെ പുതിയ തസ്തികകൾ

311 (2841) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) എക്സൈസ് വകുപ്പിൽ ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ പുതുതായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എക്സൈസ് വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളുടെ ജില്ല, തസ്തിക, എണ്ണം എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ജില്ല | തസ്തികകൾ, എണ്ണം, എന്നിവ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | A | B | C | D | E | F | G | H | I |
| | സർക്കിൾ ഇൻസ്പെക്ടർ | ഇൻസ്പെക്ടർ | പ്രിവന്റീവ് ഓഫീസർ | സിവിൽ എക്സൈസ് ഓഫീസർ | വനിതാ സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് ഡ്രൈവർ | പാർട്ട്-ടൈം-സ്വീപ്പർ | ജൂനിയർ സയന്റിഫിക് ഓഫീസർ | ലാബ് അസിസ്റ്റന്റ് |
| സംസ്ഥാന തലം | 8 | 6 | | | | | | 1 | 1 |
| ജില്ലാ തലം | | | | | | | | | |
| തിരുവനന്തപുരം | | | 2 | 9 | 12 | 1 | | | |
| കൊല്ലം | | | 2 | 9 | 9 | 1 | | | |
| ആലപ്പുഴ | | | | | 9 | | | | |
| പത്തനംതിട്ട | | | | | 7 | | | | |
| കോട്ടയം | | | | | 11 | | | | |
| ഇടുക്കി | | | 4 | 14 | 10 | 2 | 1 | | |
| എറണാകുളം | | | | | 15 | | | | |
| തൃശ്ശൂർ | | | | | 13 | | | | |
| പാലക്കാട് | | | | | 13 | | | | |
| മലപ്പുറം | | | 2 | 5 | 9 | 1 | 1 | | |
| കോഴിക്കോട് | | | 2 | 9 | 9 | 1 | | | |
| വയനാട് | | | | | 3 | | | | |
| കണ്ണൂർ | | | 2 | 9 | 12 | 1 | | | |
| കാസർഗോഡ് | | | 2 | 9 | 6 | 1 | | | |
| | 8 | 6 | 16 | 64 | 138 | 8 | 2 | 1 | 1 |
| ആകെ | 244 | | | | | | | | |

ഇതിനുപുറമെ സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പദ്ധതിയിലേയ്ക്കായി മൂന്ന് റിസർച്ച് ഓഫീസർ, 14 ജില്ലാ മിഷൻ കോർഡിനേറ്റർ, 14 ജില്ലാ മാനേജർ എന്ന പ്രകാരം ആകെ 31 തസ്തികകളും 8-2-2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 8/2019/നി.വ പ്രകാരം താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 995

| തസ്തിക | എണ്ണം |
|---|---|
| എക്സൈസ് ഇൻസ്പെക്ടർ | 20 |
| സിവിൽ എക്സൈസ് ഓഫീസർ | 656 |
| വനിത സിവിൽ എക്സൈസ് ഓഫീസർ | 265 |
| ഡ്രൈവർ | 19 |
| ഓഫീസ് അറ്റൻഡന്റ് | 27 |
| ടൈപ്പിസ്റ്റ് | 5 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| ആകെ | 995 |

(സി) എക്സൈസ് വകുപ്പിൽ 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്നശേഷം

1. 244 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

2. ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ 'ലഹരി വർജ്ജനം' എന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പിലാക്കുന്നതിനായി 'വിമുക്തി മിഷൻ' രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 14 അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തസ്തികകൾ താൽക്കാലികമായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

3. 138 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

4. പുതുതായി രൂപീകരിച്ച 6 താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകളും നിലമ്പൂർ, ദേവികുളം എന്നീ സ്ഥലങ്ങളിൽ ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുള്ളതാണ്.

5. സേനാ വിഭാഗങ്ങളിൽ എക്സൈസ് വകുപ്പ് കേരളത്തിൽ ആദ്യമായി ഡിജിറ്റൽ വയർലസ് സിസ്റ്റം പാലക്കാട്, എറണാകുളം എന്നീ ജില്ലകളിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. മറ്റു ജില്ലകളിലും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. എക്സൈസ് വകുപ്പിൽ വനിതാ പട്രോളിംഗ് സ്ക്വാഡ് രൂപീകരിച്ച് 147 സ്കൂട്ടറുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതാണ്.

7. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് പുതിയ XYLO വാഹനവും ഫീൽഡ് ഓഫീസുകൾക്ക് 12 പുതിയ ബൊലേറോ വാഹനങ്ങളും വിതരണം ചെയ്തിട്ടുള്ളതാണ്. കൂടാതെ 70 നാലുചക്രവാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

8. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ CCTV ക്യാമറകൾ സ്ഥാപിക്കുകയും ഇരുചക്രവാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളതുമാണ്. 20 ചെക്ക് പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

**എക്സൈസ് വകുപ്പിലെ 1968-ലെ സ്റ്റാഫ് പാറ്റേൺ**

312 (2842) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പ് കൈകാര്യം ചെയ്യുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിലെ 1968-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വയനാട് ജില്ലയിലെ മയക്കമരുന്ന്-കഞ്ചാവ് കേസുകൾ**

313 (2843) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത മയക്കമരുന്ന്-കഞ്ചാവ് കേസുകൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) യുവാക്കളിലെ മയക്കമരുന്ന് ഉപയോഗം കുറയ്ക്കാൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 1096 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) യുവാക്കളെ ലഹരിയുടെ ഉപയോഗത്തിൽനിന്നും അകറ്റുന്നതിലേയ്ക്കായി വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ലഹരിക്കെതിരെ 'കായിക ലഹരി' എന്ന ആശയം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിലുമായും വിവിധ സ്പോർട്സ് അസോസിയേഷനുകളുമായും സഹകരിച്ചുകൊണ്ട് യുവാക്കളേയും വിദ്യാർത്ഥികളേയും സംഘടിപ്പിച്ച് ഫുട്ബോൾ, ക്രിക്കറ്റ്, വോളീബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിലുമായി ചേർന്ന് യുവാക്കളിൽ വായനാശീലം വളർത്തുന്നതിന് സായാഹ്ന സദസ്സ്, പുസ്തകക്കളരി, വിവിധ സാംസ്കാരിക കൂട്ടായ്മകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ലഹരിവിമുക്ത കേന്ദ്രം**

314 (2844) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ലഹരിവിമുക്ത കേന്ദ്രം ആരംഭിക്കുന്നതിന് ഭരണാനുമതി നല്കുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കുമോ;

(ബി) ലഹരി വിമുക്ത കേന്ദ്രത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി 14 ജില്ലകളിലും ജില്ലാ/താലൂക്ക് ആശുപത്രികളോട് ചേർന്ന് ലഹരി മോചനകേന്ദ്രം ആരംഭിച്ചിട്ടുണ്ട്. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ലഹരിവിമുക്ത കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[10.00 am]

## II അടിയന്തരപ്രമേയം

### നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: പച്ചക്കറി അടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിമിത്തം ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്ക് അയവു വരുത്താൻ സർക്കാർ ഇടപെടാത്തതുമൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, ടി. എ. അഹമ്മദ് കബീർ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അവശ്യവസ്തുക്കളുടെ വില ഫലപ്രദമായി നിയന്ത്രിച്ചുനിർത്താൻ കഴിഞ്ഞ ഒരു കാലഘട്ടമാണിത്. പ്രതികൂല സാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോഴും ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ അവശ്യസാധനങ്ങളുടെ വില നിയന്ത്രിച്ചു കൊണ്ടു വരാൻ നമുക്ക് ഈ സന്ദർഭത്തിൽ കഴിഞ്ഞുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടേത് ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. നമുക്കുവേണ്ട എല്ലാ അവശ്യ സാധനങ്ങളും വിദൂര സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്നേ മതിയാകൂ. ഡീസലിന് വില കൂടിയാൽ കടത്തുകൂലിയിൽ വർദ്ധനവുണ്ടാകുമെന്ന കാര്യം ആരോടും പറഞ്ഞു കൊടുക്കേണ്ടതില്ല. എന്നാൽ ആ കടത്തുകൂലിയുടെ വർദ്ധനവ് കമ്പോളത്തിൽ ഉല്പന്നങ്ങളുടെ വിലയിൽ പ്രതിഫലിക്കാതിരിക്കാൻ ഫലപ്രദമായ ഇടപെടലുകളാണ് സംസ്ഥാന ഗവൺമെന്റ് നിർവ്വഹിച്ചുവരുന്നത്. കേരളത്തിൽ സപ്ലൈകോയ്ക്ക് 1579 വില്പനശാലകളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 41 വില്പനശാലകളുടെ വർദ്ധനവുണ്ടായി. 41 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി. 3 സൂപ്പർമാർക്കറ്റുകൾ ഹൈപ്പർ മാർക്കറ്റുകളായി. ഏതാണ്ട് 40-ഓളം വരുന്ന മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകളാക്കി മാറ്റി. ഇനിയും ധാരാളം ഔട്ട്ലെറ്റുകൾ വർദ്ധിപ്പിക്കാനുള്ള പരിശ്രമങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് വിപുലമായ പൊതുവിതരണശൃംഖല സപ്ലൈകോയുടെതായി പ്രവർത്തിക്കുമ്പോൾ സഹകരണ മേഖലയിലും നൂറുകണക്കിന് പൊതുവിതരണ കേന്ദ്രങ്ങളും വില്പനശാലകളും പ്രവർത്തിക്കുകയാണ്. അങ്ങനെ വിപുലമായ പൊതുവിതരണ ശൃംഖലവഴി ഫലപ്രദമായ മാർക്കറ്റ് ഇടപെടൽ നമ്മൾ

നടത്തുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മാർക്കറ്റ് ഇന്റർവെൻഷനിലൂടെ സപ്ലൈകോയ്ക്ക് നീക്കിവച്ചിരുന്നത് 70 കോടി രൂപയാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമുള്ള മൂന്നുവർഷങ്ങളിലും 200 കോടി രൂപ വീതം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ ബാധ്യതയേറ്റെടുക്കാൻ സപ്ലൈകോയെ പ്രാപ്തമാക്കി എന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. 2015-16-ൽ സംസ്ഥാനത്ത് 200 കോടിയോളം രൂപയുടെ ബാധ്യതയാണ് സപ്ലൈകോ ഏറ്റെടുത്തിരുന്നതെങ്കിൽ 2016-17-ൽ സപ്ലൈകോയ്ക്ക് 481 കോടി രൂപയുടെ വലിയ ബാധ്യതയാണ് ഏറ്റെടുക്കേണ്ടിവന്നത്. 2017-18-ൽ 490 കോടി രൂപയുടെ അധിക ബാധ്യത ഏറ്റെടുക്കേണ്ടി വന്നു. അങ്ങനെ ജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ വലിയ ബാധ്യതയേറ്റെടുത്തുകൊണ്ട് സപ്ലൈകോയെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്ന ഒരു രീതിയാണ് സംസ്ഥാന ഗവൺമെന്റ് അവലംബിച്ചത്.

സപ്ലൈകോവഴി വിപണനം ചെയ്യുന്ന 13 ഉല്പന്നങ്ങളുടെ വില ഒരുകാരണവശാലും വർദ്ധിപ്പിക്കില്ലെന്നാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം. ഞങ്ങൾ 13 ഇനം എന്നുള്ള പട്ടികയിൽ അരി കൂടി ഉൾപ്പെടുത്തിക്കൊണ്ട് 14 ഇനം ഉല്പന്നങ്ങളാക്കി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ആ ഉല്പന്നങ്ങളുടെ വിലയിൽ ഒരു മാറ്റവും വരുത്തിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സപ്ലൈകോ ഏത് വിലയ്ക്കാണോ സബ്സിഡി ഉല്പന്നങ്ങൾ കൊടുത്തിരുന്നത് ആ വിലയ്ക്കുതന്നെയാണ് പിന്നിട്ട മൂന്നുവർഷക്കാലവും ഞങ്ങൾ വില്പന നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, പയർവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള നാലഞ്ചിനം ഉല്പന്നങ്ങൾ വിലകുറച്ച് വില്ക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. ചെറുപയർ 74 രൂപയ്ക്കാണ് സബ്സിഡിയായി അന്ന് വിറ്റുകൊണ്ടിരുന്നത്; ഇപ്പോൾ 59 രൂപയ്ക്കാണ് കൊടുക്കുന്നത്. ഉഴുന്ന് അന്ന് സബ്സിഡിയായി 66 രൂപയ്ക്കാണ് കൊടുത്തിരുന്നത്; ഇപ്പോൾ 60 രൂപയ്ക്കാണ് കൊടുക്കുന്നത്. വൻകടല 43 രൂപയ്ക്ക് അന്ന് കൊടുത്തിരുന്നത് ഇപ്പോൾ 39 രൂപയ്ക്കാണ് കൊടുക്കുന്നത്. തുവരപരിപ്പ് അന്ന് 65 രൂപയ്ക്കാണ് സബ്സിഡിയായി കൊടുത്തിരുന്നത്; ഇന്ന് 49 രൂപയ്ക്കാണ് കൊടുക്കുന്നത്. മല്ലി 92 രൂപയ്ക്ക് കൊടുത്തിരുന്നത് ഇന്ന് 75 രൂപയ്ക്കാണ് കൊടുക്കുന്നത്. വില കുറച്ചുവെന്ന് മാത്രമല്ല, അതിന്റെ ക്വാണ്ടിറ്റിയും ഇരട്ടിയാക്കി നൽകുകയുണ്ടായി. രാജ്യത്താകെ പയർവർഗ്ഗങ്ങൾക്ക് വിലകൂടിയ സാഹചര്യത്തിൽ ഫലപ്രദമായ ഇടപെടൽകൊണ്ട് കമ്പോളത്തിലെ പയർവർഗ്ഗങ്ങളുടെ വില കുറച്ചുകൊണ്ടുവരാനായി എന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്.

കേരളത്തിൽ അവശ്യവസ്തുക്കളുടെ വിലയെപ്പറ്റി പറയുമ്പോൾ ഏറ്റവും ആദ്യം പറയേണ്ടത് അരിയുടെ കാര്യമാണ്. അരിയാണ് നമ്മുടെ പ്രധാനപ്പെട്ട ആഹാരം. കമ്പോളത്തിൽ അരിയുടെ വിലവർദ്ധനവ് എപ്പോഴുണ്ടാകുന്നുവോ അതിന് ആനുപാതികമായി മറ്റ് ഉല്പന്നങ്ങളുടെയും വില വർദ്ധിക്കുക സ്വാഭാവികമാണ്. എന്നാൽ കഴിഞ്ഞ വർഷത്തെക്കാൾ മട്ട അരിക്ക് 8 ശതമാനത്തിന്റെ വിലക്കുറവുണ്ടായി. ചമ്പാ അരിക്ക് 9 ശതമാനത്തിന്റെയും റോസ് അരിക്ക് 5.85 ശതമാനത്തിന്റെയും ജയ അരിക്ക് 8 ശതമാനത്തിന്റെയും വിലക്കുറവുണ്ടായി. അരിയുടെ വില കുറഞ്ഞു വെന്നത് എടുത്തുപറയേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന നെല്ല് 25 രൂപ 30 പൈസ കൊടുത്താണ് നമ്മൾ ഇപ്പോൾ സംഭരിക്കുന്നത്. അടുത്ത സീസൺ മുതൽ അത് 26 രൂപ 30 പൈസയാകും. 25 രൂപ 30 പൈസയുടെ നെല്ല് കുത്തി അരിയാക്കുമ്പോൾ ഒരു കിലോ അരിക്ക് എങ്ങനെയായാലും 44 രൂപയോളം വിലയുണ്ടാകും. ആ സാഹചര്യത്തിൽ നമ്മൾ സബ്സിഡിയായി 25 രൂപയ്ക്ക് ജയ അരി, 24 രൂപയ്ക്ക് മട്ട അരി എന്നിവ കൊടുക്കുന്നു. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ നോൺ സബ്സിഡിയായി 33, 34 രൂപയ്ക്ക് ജയ, പൊന്നി എന്നീ അരികൾ കൊടുക്കുന്നുവെന്നുള്ളതാണ് പ്രത്യേകത. കേരളത്തിലെ ഏത് കമ്പോളത്തിൽ പോയാലും ഏറ്റവും നല്ല ജയ അരി 33 രൂപയ്ക്കും പൊന്നി അരി 32 രൂപയ്ക്കും കിട്ടുന്ന അവസ്ഥയാണുള്ളത്. അങ്ങനെ കമ്പോളത്തിൽ അരിയുടെ വില കുറച്ചു കൊണ്ടുവരാൻ ഈ പ്രതികൂല സാഹചര്യത്തിലും നമുക്ക് കഴിഞ്ഞുവെന്നുള്ളത് എടുത്തുപറയേണ്ട വസ്തുതയാണ്. അങ്ങനെ അരിയുൾപ്പെടെയുള്ള അവശ്യസാധനങ്ങളുടെ വില കുറഞ്ഞു.

പച്ചക്കറികളുടെ വില സംബന്ധിച്ചാണ് പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ചത്. പച്ചക്കറികളുടെ വില നിയന്ത്രിച്ചുനിർത്തുന്നത് കൃഷിവകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പാണ്. നൂറുകണക്കിന് സ്റ്റാളുകളിൽക്കൂടി ഹോർട്ടികോർപ്പ് വളരെ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. 30 ശതമാനം വിലക്കുറവിലൂടെ പച്ചക്കറികൾ ജനങ്ങൾക്ക് നൽകുന്നുവെന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കമ്പോള വിലയേക്കാൾ 10 ശതമാനം കൂട്ടി അവർ എടുക്കുന്നു. 30 ശതമാനം വിലക്കുറവിൽ പച്ചക്കറികൾ വിതരണം ചെയ്യുന്നു. അങ്ങനെ നൂറുകണക്കിന് ഫ്രാഞ്ചൈസികൾ നേരിട്ട് നടത്തുന്ന സ്റ്റാളുകൾ ഉൾപ്പെടെ കർഷകരുടെ ആയിരത്തിൽപ്പരം വരുന്ന കൂട്ടായ്മകളിലൂടെ നല്ലൊരു ഇടപെടൽ പച്ചക്കറിരംഗത്തും കൃഷിവകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇപ്പോൾ പച്ചക്കറിക്ക് നേരിയ വിലവർദ്ധനവുണ്ടായി എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് എന്തുകൊണ്ടാണെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ സംസ്ഥാനത്തും മറ്റ് സംസ്ഥാനങ്ങളിലും കാലാവസ്ഥയിലുണ്ടായ വ്യതിയാനം,

അതിഭയങ്കരമായ വരൾച്ച ഇവയൊക്കെ തമിഴ്നാട്ടിലെയും കർണ്ണാടകത്തിലെയും പച്ചക്കറി ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചു. അതിന്റെ ഗുരുതരമായ പ്രത്യാഘാതം നമ്മുടെ സംസ്ഥാനത്തും ഉണ്ടായി. സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനരംഗത്ത് കൃഷിക്കാർ വലിയൊരു വ്യത്യാസം വരുത്തിക്കൊണ്ടിരിക്കുകയാണ്. രാസവളങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പച്ചക്കറി കൃഷി സംസ്ഥാനത്ത് ഇല്ലാതായിവരികയാണ്. ജൈവവള കൃഷിയിലൂടെ ഏറ്റവും നല്ല ജൈവ ഉല്പന്നങ്ങൾ ജനങ്ങൾക്ക് കൊടുക്കാൻ കഴിയുന്നുവെന്നുള്ള ഗുണപരമായ മാറ്റം കേരളത്തിൽ ഉണ്ടായിരിക്കുകയാണ്. കൃഷിക്കാർ പച്ചക്കറി ഉല്പാദനത്തിന് ജൈവവളകൃഷി പ്രയോഗം നടത്തുന്നതിന്റെ ഫലമായി ഉല്പാദനച്ചെലവ് വർദ്ധിക്കും. അത് വിലയിൽ അല്പം പ്രതിഫലിക്കുമെന്ന കാര്യം ഉറപ്പാണ്. മാത്രമല്ല, സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനം സീസണലായിട്ടാണ് നടക്കുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുമാസം മുമ്പ് അവസാനിച്ച സീസണിൽ മത്തങ്ങയും വെള്ളരിക്കയും ഇളവങ്കയും സംഭരിക്കാൻ കഴിയാത്തവണ്ണം ഭീമമായ ഉല്പാദനമാണുണ്ടായത്. എന്നാൽ ആ സീസൺ സമയത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിച്ച് സ്റ്റോക്ക് ചെയ്യാൻ കഴിയാത്തതിന്റെ പരിമിതി പലപ്പോഴും നമ്മളെ അലട്ടുന്നുണ്ട്. ഭാവിയിൽ കൃഷിക്കാരൻ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മുഴുവൻ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കാനുള്ള സംഭരണശാലകളുണ്ടാക്കും. പടിപടിയായി ആ രംഗത്തേയ്ക്ക് കൃഷിവകുപ്പ് കടന്നുവരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഇപ്പോൾ നമ്മൾ പച്ചക്കറിക്ക് വിത്ത് ഇറക്കിയതേയുള്ളൂ. 'ഓണത്തിന് ഒരുമുറം പച്ചക്കറി' പദ്ധതി ആരംഭിക്കുന്നതേയുള്ളൂ. അടുത്ത രണ്ട് മാസങ്ങൾ കഴിയുമ്പോഴാണ് അതിന്റെ വിളവെടുപ്പ് നടക്കുന്നത്. അതിനിടയിലുള്ള സമയം പച്ചക്കറിയുടെ ദൗർലഭ്യം നേരിടുന്ന സമയമാണ്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറിക്ക് ആ സംസ്ഥാനങ്ങളിലെ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം ഇവിടെ വരുന്ന പച്ചക്കറിയുടെ വിലയിൽ പ്രതിഫലിക്കുമെന്നുള്ളത് ശരിയാണ്. നേരിയ വില വർദ്ധനവ് നമ്മുടെ സംസ്ഥാനത്ത് പച്ചക്കറിക്ക് ഉണ്ടായിട്ടുണ്ട്; വലിയ വർദ്ധനവെന്ന് പറയാൻ കഴിയില്ല. ഇവിടെ പ്രമേയാവതാരകൻ പറയുന്നതുപോലെയുള്ള വർദ്ധനവുണ്ടായിട്ടില്ല. അത് പ്രത്യേകമായ സാഹചര്യത്തിലാണെന്നുകൂടി നമ്മൾ പരിഗണിക്കേണ്ടതുണ്ട്. എന്നാൽ അരി, പയർവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പലവ്യഞ്ജനങ്ങളെല്ലാം ന്യായവിലയ്ക്ക്, മിതമായ വിലയ്ക്ക് കഴിഞ്ഞ വർഷത്തെക്കാൾ വിലകുറച്ച് ലഭ്യമാകുന്ന ഒരു സംസ്ഥാനമായി നമ്മുടെ സംസ്ഥാനം മാറി എന്നത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. ഇതാണ് കേരളത്തിലെ കമ്പോളത്തിലെ സ്ഥിതി. അതുകൊണ്ട് ഒരു അടിയന്തര സാഹചര്യം ഇവിടെ നിലനില്ക്കുന്നില്ല. അടിയന്തരപ്രമേയത്തിന്റെ ചർച്ചയ്ക്ക് പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങയുടെ തന്നെ നേതാക്കന്മാരായിരുന്ന കെ. സി. ജോർജ്ജും ഇ. ചന്ദ്രശേഖരൻനായരുമൊക്കെ ഇരുന്ന കസേരയിലാണ് അങ്ങ് ഇപ്പോൾ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയായിരിക്കുന്നത്. അങ്ങ് ഉദ്യോഗസ്ഥർ എഴുതിത്തരുന്ന കണക്കുകളാണ് വായിക്കുന്നത്. എന്നാൽ അവരുടെ കാലത്ത് ജനങ്ങളുമായി ബന്ധപ്പെട്ട് നാട്ടിൽ നടക്കുന്ന യഥാർത്ഥ കാര്യങ്ങളനുസരിച്ചാണ് ഈ വകുപ്പുകൾ ഭരിച്ചിരുന്നത് എന്നതാണ് അവരും അങ്ങും തമ്മിലുള്ള വ്യത്യാസം. ഈ മറുപടിയുടെ ഒരു വീഡിയോ ക്ലിപ്പിംഗ് അങ്ങയുടെ വീട്ടിൽ കാണിക്കുകയാണെങ്കിൽ അവർ അങ്ങയെ പട്ടിണിക്കിടുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 25 ലക്ഷം വോട്ടുകൾക്കാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി പരാജയപ്പെട്ടത്. ആ പരാജയത്തിൽ അങ്ങേയ്ക്കും അങ്ങയുടെ വകുപ്പിനും പങ്കുണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞങ്ങൾ വിജയിച്ചപ്പോൾ 'ഈ വിജയം ഞങ്ങൾക്ക് സമ്മാനിച്ചത് അയ്യപ്പനും പിണറായിയും പിന്നെ തിലോത്തമനുമാണെന്നാണ് 'നാട്ടിൽ എല്ലാവരും പറഞ്ഞത്. അയ്യപ്പന്റെ അനുഗ്രഹവും നന്മയും ഞങ്ങൾക്കുണ്ടായിട്ടുണ്ട്. അതുകൂടാതെ ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങളുടെ രണ്ടുപേരുടെയും ജനദ്രോഹനടപടികളും ഞങ്ങൾക്ക് അനുകൂലമായി വന്നിട്ടുണ്ട്.

നിയമസഭയിൽ വിലക്കയറ്റവുമായി ബന്ധപ്പെട്ട് അനേകം അടിയന്തര പ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അന്നൊന്നുമില്ലാത്ത, സമാനതകളില്ലാത്ത വളരെ ഗുരുതരമായൊരു സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. നേരിയ വിലക്കയറ്റം പോലും താങ്ങാൻ കഴിയാത്ത വിധത്തിലുള്ള, വാങ്ങൽശേഷി നഷ്ടപ്പെട്ട ഒരു സമൂഹമായി കേരളം മാറിയിരിക്കുകയാണ്. കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം കാരണം 14 ലക്ഷം ആളുകളാണ് ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് പോയത്. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്ന് വീടുകളിലേയ്ക്ക് പോകുമ്പോൾ അവർ ആശ്വാസത്തിന്റെ തീരത്തേയ്ക്കാണ് പോകുന്നതെന്ന് നമ്മളെല്ലാവരും കരുതി. പക്ഷെ വിടാതെ പിന്തുടരുന്ന ദുരിതത്തിൽനിന്ന് ഇന്നും അവർ മോചിതരായിട്ടില്ല. പ്രളയം 14 ലക്ഷം ആളുകളെയാണ് നേരിട്ട് ബാധിച്ചതെങ്കിൽ അതിലും ഒരിരട്ടിയിലധികം ആളുകളെ ഇത് പരോക്ഷമായും ബാധിച്ചിട്ടുണ്ട്. കടലാക്രമണവും കാലവർഷവും കാലാവസ്ഥാ മുന്നറിയിപ്പുകളും കാരണം മത്സ്യബന്ധനത്തിനുപോലും പോകാൻ കഴിയാതെ 12 ലക്ഷം വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതവും കൊല്ലം ജില്ലയിലെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുകാരണം മൂന്ന് ലക്ഷം വരുന്ന കശുവണ്ടിത്തൊഴിലാളികളുടെ ജീവിതവും പ്രതിസന്ധിയിലായിരിക്കുന്നു. റബ്ബറിന്റെ വില 144 രൂപയ്ക്ക് മുകളിൽ കയറുന്നില്ല. അതുകൊണ്ട് മലയോര കർഷകരും പ്രതിസന്ധിയിലായിരിക്കുകയാണ്.

അമിതമായ വിലക്കയറ്റം കാരണം നിർമ്മാണ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി ലക്ഷക്കണക്കിനാളുകളെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. അതുപോലെതന്നെ നിപ ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾ വരുമ്പോൾ ടൂറിസം മേഖലയ്ക്കുണ്ടാകുന്ന തിരിച്ചടി, ഇതെല്ലാംകൂടി കണക്കിലെടുക്കുമ്പോൾ കേരളീയ സമൂഹത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ജീവിതത്തിന്റെ നിലയില്ലാ ദുരിതക്കയങ്ങളിൽനിന്നും മോചനത്തിനുവേണ്ടി കാത്തുനിൽക്കുമ്പോഴാണ് വിലക്കയറ്റത്തിന്റെ ഇരുട്ടടികൊണ്ട് അവരെ വീണ്ടും ചവിട്ടിത്താഴ്ത്താൻ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

നിങ്ങൾ പ്രതിപക്ഷത്തിരുന്നപ്പോൾ വിലക്കയറ്റവുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അന്ന് അവതരിപ്പിച്ചിട്ടുള്ള കണക്കുകൾ കമ്പോളത്തിലെ വിലനിലവാരം എന്നുപറഞ്ഞ് സാധൂകരിക്കാൻ നിങ്ങൾക്ക് സാധിക്കുമായിരുന്നു. ഞാൻ ആ കണക്കുകളൊന്നും എടുക്കുന്നില്ല. അങ്ങയുടെ ഗവൺമെന്റിന്റെ ഭാഗമായ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ 'കേരള വിപണി അവലോകനം' എന്ന മാഗസിനിൽ പറയുന്ന കണക്കുകൾ അങ്ങേയ്ക്ക് നിഷേധിക്കാൻ കഴിയില്ലെന്ന് പ്രതീക്ഷിക്കുന്നു. അരിയുടെ വില കുറഞ്ഞുവെന്ന് അങ്ങ് പറഞ്ഞു. 2019 ഏപ്രിലിൽ പുറത്തിറക്കിയ കേരള പൊതുവിപണി അവലോകനത്തിൽ, അവലോകന മാസമായ ഏപ്രിലിൽ അരിയുടെ വിലയിൽ നേരിയ വർദ്ധനവിനുള്ള പ്രവണത ദൃശ്യമാണ്. പയർവർഗ്ഗങ്ങളുടെ വില കുറച്ചുവെന്ന് അങ്ങ് പറഞ്ഞു. എന്റെ കണക്കല്ല, ഞാനുണ്ടാക്കിയ കണക്കുകളുമല്ല. പയർവർഗ്ഗങ്ങളുടെ വിലയിൽ പൊതുവെ ശുഭകരമായ വാർത്തകളല്ല കഴിഞ്ഞ ഏതാനും മാസങ്ങളായി വിപണിയിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. അവലോകന മാസമായ ഏപ്രിലിൽ പയർവർഗ്ഗങ്ങളുടെ വിലയിൽ വർദ്ധനവിനുള്ള പ്രവണത തുടരുന്നതാണ് വിപണിയിൽ ദൃശ്യമായത്. മേയ് മാസത്തിലും ഇത് തുടരാനാണ് സാധ്യതയെന്നാണ് വിപണിയിൽനിന്നുള്ള സൂചന. ഇറച്ചിക്കോഴിയുടെ വിലയിൽ രൂക്ഷമായ വിലക്കയറ്റം തുടർന്നുകൊണ്ടിരിക്കുകയാണ്. അവലോകന മാസത്തിന്റെ ആദ്യ പാദത്തിൽ തുടങ്ങിയ വർദ്ധനവ് മേയ് മാസത്തിലും തുടരാനുള്ളൊരു പ്രവണതയാണ് കാണുന്നത്. എവിടെയാണ് നിങ്ങൾ വില കുറച്ചത്? അവലോകന മാസത്തിലെ വിലവിവരം പരിശോധിക്കുമ്പോൾ തേങ്ങയുടെ വിലക്കുറവിന്റെ തോത് കുറഞ്ഞുവരുന്നുവെന്നതാണ് ശ്രദ്ധേയമായൊരു പ്രവണത. ഇത് താമസിയാതെ ഒരു വിലക്കയറ്റത്തിലേയ്ക്ക് എത്തുന്നതിനുള്ള സൂചനയായി കണക്കാക്കാവുന്നതാണ്. അതുപോലെതന്നെ കിഴങ്ങുവർഗ്ഗങ്ങളിൽ ഏപ്രിൽ മാസത്തിൽ അനുഭവപ്പെട്ട വിലക്കയറ്റം അവലോകന മാസമായ മേയിലും തുടർന്നു. ചേന ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിലയിൽ ഈ വിലക്കയറ്റം ദൃശ്യമായിരുന്നു. ബീറ്റ്റൂട്ട്, കാരറ്റ്

എന്നിവയ്ക്കാണ് ഏറ്റവും കൂടുതൽ വിലക്കയറ്റം ദൃശ്യമായത്. അതിരൂക്ഷമായ വരൾച്ചയിൽ പച്ചക്കറി കൃഷിയിൽ വ്യാപകമായ നാശം സംഭവിച്ചതിനെത്തുടർന്ന് ഉയർന്ന പച്ചക്കറി വിലയിൽ അവലോകന മാസമായ ഏപ്രിലിലും കാര്യമായ മാറ്റമൊന്നും ദൃശ്യമായില്ല. മിക്ക ഇനങ്ങൾക്കും വിലക്കയറ്റം തുടരുന്നു. അങ്ങയുടെ ഗവൺമെന്റിന്റെ ഭാഗമായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പുറത്തി റക്കിയ 'കേരള വിപണി' എന്ന മാഗസിൻ വിലക്കയറ്റം നിയന്ത്രിക്കാത്ത അങ്ങയുടെ ഗവൺമെന്റിന് നേരെയുള്ള കുറ്റപത്രമായി അങ്ങ് കാണണം. അങ്ങ് വിലക്കയറ്റമില്ലെന്ന് സ്ഥാപിക്കുമ്പോൾ ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഞങ്ങളുടെയും നിങ്ങളുടെയും ഗവൺമെന്റിന്റെ കാലത്ത് ഇറക്കിയിട്ടുള്ള സ്ഥിതിവിവരക്കണക്കുകളുംകൂടി പരിശോധിക്കണം. 2016-ൽ ശ്രീ. ഉമ്മൻചാണ്ടി സർക്കാർ കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ ചമ്പാ അരിയുടെ വില 34 രൂപ. ഈ കണക്കുകളൊന്നും എന്റേതല്ല. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിച്ച കണക്കിന്റെയടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്. 2016-ൽ ചമ്പാ അരിയുടെ വില 34 രൂപയായിരുന്നത് 15-6-2019-ൽ 40 രൂപയാണ്. ആന്ധ്രാ പച്ചരി 30 രൂപയായിരുന്നത് ഇപ്പോൾ 36 രൂപയാണ്. കരിപ്പെട്ടി 126 രൂപയായിരുന്നത് ഇന്ന് 156 രൂപയാണ്. നാടൻ കോഴിമുട്ട ഡസന് 71 രൂപയായിരുന്നത് ഇപ്പോൾ 81 രൂപയാണ്. വെളിച്ചെണ്ണ 98 രൂപയായിരുന്നത് ഇപ്പോൾ 170 രൂപയാണ്. കേര വെളിച്ചെണ്ണ 114 രൂപയായിരുന്നത് ഇപ്പോൾ 203 രൂപയാണ്. ചെറിയ ഉള്ളി-45 രൂപയായിരുന്നത് ഇപ്പോൾ 64 രൂപയാണ്. ജീരകം 26 രൂപയായിരുന്നത് ഇപ്പോൾ 30 രൂപയാണ്. കാരറ്റ് 50 രൂപയായിരുന്നത് ഇപ്പോൾ 61 രൂപയാണ്. സവാള 17 രൂപയായിരുന്നത് ഇപ്പോൾ 26 രൂപയാണ്. കത്തിരിക്ക 33 രൂപയായിരുന്നത് ഇപ്പോൾ 37 രൂപയാണ്. മത്തങ്ങ 19 രൂപയാ യിരുന്നത് ഇപ്പോൾ 28 രൂപയാണ്. പാവയ്ക്ക 51 രൂപയായിരുന്നത് ഇപ്പോൾ 61 രൂപയാണ്. വാഴയ്ക്ക 42 രൂപയായിരുന്നത് ഇപ്പോൾ 57 രൂപയാണ്. കണക്ക് വായിച്ചാൽ ഇന്നും നാളെയുംകൊണ്ട് തീരില്ല. കാലാകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രണവിധേയമാക്കുന്നതിന് ശക്തമായ വിപണി ഇടപെടൽ ആവശ്യമാണെന്ന് അങ്ങ് ഇപ്പോൾ അവകാശപ്പെട്ടു. അങ്ങയുടെ പ്രോഗ്രസ് റിപ്പോർട്ടിൽ സബ്സിഡിയായി ഗുണഭോക്താക്കൾക്ക് നൽകിയ തുക എന്ന കോളത്തിൽ, പേജ് നം. 110-ൽ 2018-19-ൽ 281.93 ലക്ഷം രൂപയും അതിനുമുമ്പ് (2017-18)-ൽ 446 ലക്ഷം രൂപയും അതിനും മുമ്പത്തെ വർഷം (2016-17)-ൽ 331 ലക്ഷം രൂപയുമാണെന്ന് കാണുകയുണ്ടായി. ഇപ്പോഴത് 281 ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നു. അത് കുറയാനുള്ള കാരണം എന്താണ്? മാവേലി സ്റ്റോറിലേയ്ക്ക് ആളുകൾ പോകുന്നില്ല. കൂടുതൽ ആളുകൾ സാധനം വാങ്ങിയാൽ മാത്രമേ കൂടുതൽ സബ്സിഡി നൽകേണ്ടതുള്ളൂ. യു.ഡി.എഫ്.-ന്റെ കാലത്ത് കൊടുത്തുകൊണ്ടിരുന്ന ഒരു കിലോ

വെളിച്ചെണ്ണ ഇപ്പോൾ അര കിലോയായി കുറച്ചിരിക്കുകയാണ്. അങ്ങ് ഒരു പൈസയും കൂട്ടിയിട്ടില്ലെന്ന് പറഞ്ഞു. പക്ഷേ വെളിച്ചെണ്ണയുടെ വിലയിൽ രണ്ടുരൂപ കൂട്ടിയിട്ടുണ്ട്. മറ്റ് സാധനങ്ങൾക്കൊന്നും വില കൂട്ടിയിട്ടില്ല. പക്ഷേ സാധനങ്ങൾ എത്തുന്നില്ല. പതിനാലിനം സാധനങ്ങളും മുടക്കം കൂടാതെ മാവേലി സ്റ്റോറുകൾ നൽകുന്നുണ്ടെന്ന് അങ്ങേയ്ക്ക് നെഞ്ചത്ത് കൈ വച്ച് പറയാൻ സാധിക്കുമോ? തിരുവനന്തപുരം നഗരത്തിലെ നാല് ഔട്ട്ലെറ്റുകളിൽ ഞാൻ പോയി, ഈ പറയുന്ന പല സാധനങ്ങളും കിട്ടാനില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയായ കണ്ണൂരിലെ തളിപ്പറമ്പ് ഡിപ്പോയിൽ വെളിച്ചെണ്ണയും വൻപയറുമില്ല, പച്ചരി ഒഴികെ അരിയൊന്നും കിട്ടാനില്ല. കൊച്ചി ഡിപ്പോയിൽ വെളിച്ചെണ്ണയും മുളകും വൻപയറും പഞ്ചസാരയുമില്ല. കോഴിക്കോട് കൊടുവള്ളിയിൽ വൻപയറും പഞ്ചസാരയുമില്ല. കൊല്ലത്ത് വൻപയറും പഞ്ചസാരയും വെളിച്ചെണ്ണയുമില്ല. ഇതിനേക്കാളെല്ലാം ഗുരുതരമായ സാഹചര്യം അങ്ങയുടെ മണ്ഡലമായ ചേർത്തല ഡിപ്പോയിൽ, അങ്ങ് പോയി പരിശോധിക്കണം, അവിടെ വെളിച്ചെണ്ണയും പഞ്ചസാരയും കിട്ടാനില്ല. അങ്ങയുടെ മണ്ഡലത്തിൽ ഇതാണ് സ്ഥിതി. സാധനം കൃത്യമായി കൊടുക്കാതെ മാവേലി സ്റ്റോറുകളിൽ വില കൂട്ടുന്നില്ലെന്ന് പറഞ്ഞതുകൊണ്ട് ജനങ്ങൾക്ക് എന്ത് പ്രയോജനമാണുള്ളത്? പുരാണത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായി ഭരണം നടത്തിയ മഹാബലി തമ്പുരാനെ വാമനൻ ചവിട്ടിത്താഴ്ത്തി. അന്ന് വാമനൻ മാവേലിയെ ചവിട്ടിത്താഴ്ത്തിയെങ്കിൽ ഇന്ന് മാവേലിസ്റ്റോറിനെ ചവിട്ടിത്താഴ്ത്തുന്ന അഭിനവ വാമനനായി അങ്ങ് മാറിയിരിക്കുകയാണ്. പല സാധനങ്ങളുടെയും സപ്ലൈ തന്നെ ഇല്ലാതായിരിക്കുകയാണ്. സപ്ലൈകോയ്ക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടായിരിക്കുന്നു, ഗവൺമെന്റ് പണമൊന്നും കൊടുക്കുന്നില്ല. പച്ചക്കറിയുടെ വില രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. അങ്ങയുടെ പാർട്ടിക്കാരനായ കൃഷിവകുപ്പുമന്ത്രിയുടെ കീഴിലുള്ള ഹോർട്ടികോർപ്പിൽ ഈ മാസം 1-ാം തീയതിയിലെയും 15-ാം തീയതിയിലെയും സാധനങ്ങളുടെ വിലയിലുള്ള വ്യത്യാസം, 1-ാം തീയതി 30 രൂപയായിരുന്ന അമരക്കക്ക് ഇപ്പോൾ 43 രൂപയും 29 രൂപയുണ്ടായിരുന്ന കത്തിരിക്കയ്ക്ക് ഇപ്പോൾ 38 രൂപയും 28 രൂപയുണ്ടായിരുന്ന വഴുതനയ്ക്ക് ഇപ്പോൾ 30 രൂപയും 28 രൂപയുണ്ടായിരുന്ന വെണ്ടയ്ക്ക ഇപ്പോൾ 48 രൂപയും 20 രൂപയുണ്ടായിരുന്ന തടിയൻകായ്ക്ക് ഇപ്പോൾ 24 രൂപയുമായി. മുളകിനേക്കാൾ എരിവാണ് അതിന്റെ വിലയ്ക്ക്. പടവലം ഉൾപ്പെടെയുള്ള എല്ലാ സാധനങ്ങൾക്കും വില വർദ്ധിക്കുമ്പോൾ ഇതെല്ലാം നിയന്ത്രിച്ച് നിർത്തിയെന്ന് അങ്ങ് പറയുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ സഹകരണ സംഘങ്ങൾവഴിയും നന്മ സ്റ്റോറുകൾ അനുവദിച്ചിരുന്നു. ഓരോ സഹകരണ സ്ഥാപനങ്ങളും സ്ഥലം കൊടുത്താൽ അവിടെ നന്മ സ്റ്റോറുകൾ അനുവദിക്കും. അവിടെ ജീവനക്കാർ കൂടിപ്പോയെന്ന

കാരണം പറഞ്ഞ് ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന സ്ഥാപനമായിരുന്ന നന്മ സ്റ്റോറുകൾ നിർത്തലാക്കി. റേഷൻ കടയിൽ ഇന്ന് പഞ്ചസാര കിട്ടാനില്ല. എ.എ.വൈ കാർഡുകാരല്ലാത്തവർക്ക് പഞ്ചസാര കിട്ടാത്ത സാഹചര്യം ഇന്ന് റേഷൻ കടകളിൽ നിലനിൽക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞ അരിയാണ് അവിടെയുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്.......കൺക്ലൂഡ്.....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബിൽഡിംഗ് മെറ്റീരിയൽസിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. 10,500 രൂപയായിരുന്ന എം.സാന്റിന് ഇപ്പോൾ 12,500 രൂപയും 360 രൂപയായിരുന്ന സിമന്റിന് ഇപ്പോൾ 410 രൂപയും 3850 രൂപയായിരുന്ന കമ്പിക്ക് ഇപ്പോൾ 6250 രൂപയും 450 രൂപയായിരുന്ന ആർ.ആർ. കേബിളിന് ഇപ്പോൾ 1000 രൂപയുമായി. പെയിന്റിംഗ് മെറ്റീരിയൽസിനെല്ലാം പത്ത് ശതമാനം വില വർദ്ധനവുണ്ടായി. ഹോട്ടലിൽ പോയി ഭക്ഷണം കഴിക്കാൻ സാധിക്കുമോ? ഹോട്ടലുകളിൽ ഭക്ഷണത്തിന്റെ വില അനിയന്ത്രിതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യനുള്ള ഭക്ഷണ സാധനങ്ങൾക്ക് മാത്രമല്ല കാലിത്തീറ്റയ്ക്കുപോലും വില വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം 1780 രൂപയായിരുന്ന ഉദയം പിണ്ണാക്കിന് ഇപ്പോൾ 2035 രൂപ, പരുത്തി പ്പിണ്ണാക്ക് 1510 രൂപയായിരുന്നത് ഇപ്പോൾ 2160 രൂപ, കേരള ഫീഡ്സിന്റേതിന് 925 രൂപയായിരുന്നത് ഇപ്പോൾ 1120 രൂപ.

<u>മി. സ്പീക്കർ</u>: എല്ലാ സാധനങ്ങളുടെയും വില വായിക്കാൻ സമയമുണ്ടാകുമോ; വിലക്കയറ്റമെന്ന് പൊതുവായി പറഞ്ഞുകൂടെ; പച്ചമുളകിന്റെ വില മുതൽ പിണ്ണാക്കിന്റെ വില വരെ പറഞ്ഞുകഴിഞ്ഞില്ലേ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്, ഒരു വിലക്കയറ്റവുമില്ലെന്നാണ്. സകലമേഖലകളിലും വിലക്കയറ്റമാണ്. ഇതെല്ലാം സർക്കാരിന്റെ കൈവശമുള്ള കണക്കുകൾ മാത്രമാണ്. ഞാൻ ഇവിടെ അവതരിപ്പിച്ച വിഷയത്തിന്മേൽ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നു. പ്രളയക്കെടുതി കൊണ്ടും ഓഖി ദുരിതംകൊണ്ടും പൊറുതിമുട്ടിയ കേരളത്തിലെമ്പാടുമുള്ള ജനങ്ങൾ ജീവിക്കാൻ നിവൃത്തിയില്ലാതെ പ്രതിസന്ധിയിൽനിന്നും പ്രതിസന്ധിയിലേയ്ക്ക് പോകുമ്പോൾ അവർക്ക് നേരെയുള്ള സർക്കാരിന്റെ ഇടിത്തീപോലുള്ള നടപടികളാണ് വിലക്കയറ്റത്തിലേയ്ക്ക് നയിച്ചത്. കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളെയും ബാധിക്കുന്ന ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സപ്ലൈകോവഴിയും പൊതുവിതരണ സംവിധാനങ്ങൾവഴിയും നമ്മൾ നടത്തുന്ന ഫലപ്രദമായ ഇടപെടൽകൊണ്ടുണ്ടായ പ്രയോജനത്തെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം അതിനപ്പുറമുള്ള കാര്യങ്ങളാണ് പറയുന്നത്. അതിനെക്കുറിച്ച് ഞാൻ മറുപടി പറയേണ്ടതായിട്ടില്ല. അദ്ദേഹം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് വായിച്ചു. അതിൽ ഏത് ഭാഗമാണ് അദ്ദേഹം വായിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പൊതുവിപണി അവലോകന റിപ്പോർട്ട്, മേയ് 19, പേജ് 4 -ൽ അരിയുടെ വില കുറയുന്നതായാണ് പറയുന്നത്. അദ്ദേഹം വായിച്ചത് എവിടെയാണെന്ന് മനസ്സിലാകുന്നില്ല. അതിൽ പറയുന്നത് രാജ്യത്തിന്റെ പൊതുസ്ഥിതിയാണ്. എന്നാൽ ആ സാഹചര്യത്തിലും നാഫെഡിന്റെ യുൾപ്പെടെ സഹായത്തോടെ സംസ്ഥാനത്ത് ചെറുപയറും കടലയും ഉഴുന്നും പരിപ്പുമെല്ലാം കൊണ്ടുവന്ന് വളരെ കുറഞ്ഞവിലയ്ക്ക് ക്വാണ്ടിറ്റി കൂട്ടി കൊടുത്തു കൊണ്ടിരിക്കുന്നതിന്റെ പ്രതിഫലനം ഇന്ന് കേരളത്തിലെ പയർ വിഭവങ്ങളുടെ കമ്പോളത്തിലും പ്രതിഫലിക്കുന്നുണ്ട്. അതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യം എന്താണ് കാണാതിരിക്കുന്നത്? സംസ്ഥാനത്ത് ഇതുപോലെ ഫലപ്രദമായ മാർക്കറ്റ് ഇന്റർവെൻഷൻ നടന്ന കാലമേതാണ്? കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ആകെ ചെലവഴിച്ചത് 281 കോടി രൂപയെന്ന് അദ്ദേഹം പറഞ്ഞു. അതിന് കുറവുണ്ടായി. അതെന്തു കൊണ്ടാണ്? മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടത്തി കൂടുതൽ ബാധ്യത ഏറ്റെടുത്തു. അതിന്റെ റിസൾട്ടാണിത്. ഭീമമായ തുക സപ്ലൈകോയ്ക്ക് സബ്സിഡിയായി കൊടുക്കേണ്ടിവന്ന സാഹചര്യത്തിൽ ഓൺലൈൻ സമ്പ്രദായം നടപ്പാക്കി. ഒരു കുടുംബത്തിന് സപ്ലൈകോ ഔട്ട്ലെറ്റിൽനിന്നും ഒരു മാസം നിശ്ചയിച്ചിരിക്കുന്ന ഉല്പന്നം ഒരു തവണ മാത്രമേ വാങ്ങാൻ കഴിയൂ. ആ രംഗത്ത് നടന്നിരുന്ന ക്രമക്കേടുകളോട് വിടപറയേണ്ട അവസ്ഥയുണ്ടായപ്പോൾ അത് കുറച്ച് കുറയ്ക്കാൻ സഹായിച്ചു. മാർക്കറ്റിൽ വില കുറഞ്ഞപ്പോൾ സപ്ലൈകോ ഔട്ട്ലെറ്റി ലേയ്ക്ക് തന്നെ വരേണ്ടതില്ല. നമ്മൾ മാർക്കറ്റ് ഇന്റർവെൻഷനാണ് നടത്തുന്നത്. സപ്ലൈകോയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഉല്പന്നങ്ങൾ കൊടുക്കുക എന്നുള്ളതല്ല, മാർക്കറ്റ് ഇടപെടലുകളാണ് നമ്മൾ നടത്തുന്നത്. അത് മുമ്പ് നടത്തുന്നതുപോലെ നടത്തേണ്ട ആവശ്യമില്ല. ഏത് കമ്പോളത്തിൽ പോയാലും നല്ല ജയ അരി 32-33 രൂപയ്ക്ക് കിട്ടുമെങ്കിൽപ്പിന്നെ എന്തിന് സപ്ലൈകോയിലേയ്ക്ക് പോകണമെന്നാണ് ഇടത്തരം ആളുകൾ ചിന്തിക്കുന്നത്. അവർക്ക് ഇഷ്ടമുള്ള അരി തെരഞ്ഞെടുക്കാനുള്ള സന്ദർഭം കൂടിയാകും. അത്തരം ചില അനുകൂലമായ കാലാവസ്ഥ കമ്പോളത്തിലുണ്ടായി. ഓൺലൈൻ സംവിധാനം നടപ്പിലാക്കിയപ്പോൾ മുമ്പുണ്ടായിരുന്ന

ക്രമക്കേടുകളോട് വിടപറഞ്ഞു. അതിന്റെയെല്ലാം പ്രയോജനമുണ്ടായി എന്നതു കൊണ്ടാണ് കഴിഞ്ഞ സാമ്പത്തിക വർഷം 281 കോടി രൂപയായി സബ്സിഡി കുറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഏത് വർഷത്തെ വിൽപ്പന എടുത്തുനോക്കിയാലും അത് അധികമായ തുകയാണ്. ആ വ്യത്യാസമുണ്ടായി; മാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് അരി വില കുറഞ്ഞു എന്നത് ഒരു പ്രധാനപ്പെട്ട കാര്യമല്ലേ? കടത്തുകൂലി വർദ്ധനവുണ്ടായിട്ടും ഉല്പാദനച്ചെലവ് കൂട്ടിയിട്ടും നെല്ലിന്റെ സംഭരണവില കേന്ദ്രഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടും സംസ്ഥാന ഗവൺമെന്റ് സ്റ്റേറ്റ് ഇൻസെന്റീവ് ബോണസ് കൂട്ടിയിട്ടും നെല്ലിന്റെ വിലയും അരിയുടെ ഉല്പാദന ചെലവും ഗണ്യമായി വർദ്ധിപ്പിച്ചിട്ടും ഇവിടെ അരിയുടെ വില കുറഞ്ഞുവെന്നത് വളരെ പോസിറ്റീവായി കാണണ്ടേ? ആ ഭാഗം എന്താണ് കാണാത്തത്. ഈ സഭയിൽതന്നെ കഴിഞ്ഞ വർഷം അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്നോട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചതാണ്, ജയ അരിയുടെ വില 50 രൂപയായില്ലേയെന്ന്. അത് രേഖകൾ പരിശോധിച്ചാൽ കാണാം. ആ ജയ അരി 32-33 രൂപയ്ക്ക് കിട്ടുമെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു മാറ്റമല്ലേ? അതെന്താണ് കാണാതിരിക്കുന്നത്? ആ യാഥാർത്ഥ്യം കാണണം. മലയാളി അവശ്യവസ്തുവിനെക്കുറിച്ച് പറയുമ്പോൾ അരിയുടെ കാര്യമാണ് ഏറ്റവും പ്രധാനമായി പരിഗണിക്കേണ്ടത്. അരി ആഹാരമാണ് കേരളത്തിൽ പ്രധാനപ്പെട്ട ഐറ്റം. അതിന് കേരളത്തിലെ കമ്പോളത്തിൽ വില കുറഞ്ഞുവെന്നുള്ളത് നമ്മൾ കണ്ടേ മതിയാകൂ.

ശ്രീ. പി. ടി. തോമസ്: സർ, ജയ അരി കേരളത്തിലാണോ ഉല്പാദിപ്പിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: അല്ല.

മി. സ്പീക്കർ: അരി എവിടെ ഉല്പാദിപ്പിച്ചു എന്നല്ല, വില കുറഞ്ഞോ എന്ന് നോക്കിയാൽ മതി.

ശ്രീ. പി. തിലോത്തമൻ: നമുക്ക് ഏറ്റവും കൂടുതൽ ഡിമാന്റുള്ള അരിയാണ് ജയ അരി. പൊന്നി അരിയുടെയും മട്ട അരിയുടെയും സുരേഖ അരിയുടെയുമടക്കം ഏത് അരിയുടെയും വില കുറഞ്ഞ കാലമാണിത്. ആ യാഥാർത്ഥ്യം നമ്മൾ കാണാതിരിക്കരുത്. വെളിച്ചെണ്ണ കിട്ടാനില്ലെന്ന് പറഞ്ഞു. കഴിഞ്ഞ കുറേ വർഷങ്ങളായി യു.ഡി.എഫ്.-ന്റെ കാലത്തും സംസ്ഥാനത്ത് വെളിച്ചെണ്ണ സപ്ലൈകോവഴി വിതരണം ചെയ്യുന്നതിന് പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. 18 ലക്ഷം ലിറ്റർ വെളിച്ചെണ്ണയാണ് ഒരു മാസം കൈകാര്യം ചെയ്യുന്നത്. ഒരു കിലോ പ്രകാരം കൊടുത്താൽ വെളിച്ചെണ്ണ 18 ലക്ഷം കുടുംബങ്ങളിൽ മാത്രമേ

എത്തുകയുള്ളൂ. ഞങ്ങൾ 87 ലക്ഷം റേഷൻ കാർഡ് കൊടുത്തിട്ടുണ്ട്. അപ്പോൾ 87 ലക്ഷം കുടുംബങ്ങളായി. ഇനിയും കൂടാനാണ് സാധ്യത. 18 ലക്ഷം കുടുംബങ്ങളിൽ മാത്രമേ വെളിച്ചെണ്ണ എത്തുന്നുള്ളൂവെന്നതുകൊണ്ട് 18 ലക്ഷം ലിറ്റർ വെളിച്ചെണ്ണയുടെ ക്വാണ്ടിറ്റി കുറച്ചില്ല. അത് അര കിലോയാക്കി 36 ലക്ഷം കുടുംബങ്ങളിലേയ്ക്ക് എത്തിക്കുകയായിരുന്നു. അതിനേക്കാൾ വലിയ ബാധ്യത ഏറ്റെടുക്കാൻ സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പിനും ഗവൺമെന്റിനും കഴിയില്ല. കൂടുതൽ ക്വാണ്ടിറ്റി വെളിച്ചെണ്ണ വാങ്ങി വിപണനം നടത്തുമ്പോൾ തന്നെ ഏതാണ്ട് നൂറ് കോടിയോളം രൂപയുടെ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്ന എന്നതുകൊണ്ട് വെളിച്ചെണ്ണയ്ക്കുവേണ്ടി അത്രയും കോടി രൂപയുടെ ബാധ്യത ഏറ്റെടുക്കേണ്ടതുണ്ടോ എന്നുള്ളത് പ്രധാനപ്പെട്ട പ്രശ്നമാണ്. അതുകൊണ്ടാണ് വെളിച്ചെണ്ണയുടെ അളവ് നമ്മൾ നിജപ്പെടുത്തിയത്. വെളിച്ചെണ്ണയ്ക്ക് പബ്ലിക് മാർക്കറ്റിൽ 230 രൂപ വിലയുണ്ടായിരുന്നത് 170 രൂപയായി കുറഞ്ഞു. അതാണ് നമ്മൾ കാണേണ്ടത്. ഒരു കിലോ പഞ്ചസാര 38 രൂപ മുതൽ 43 രൂപ വരെ വില കൂടിയതാണ്. കമ്പോളത്തിൽ ഇപ്പോൾ അത് 37, 38 രൂപയായി കുറഞ്ഞു. നമ്മൾ മുമ്പ് റേഷൻ കടകൾവഴി പഞ്ചസാര കൊടുക്കുമായിരുന്നു. സപ്ലൈകോവഴി ഒരു കിലോ പഞ്ചസാര ഒരു മാസം ഒരു കുടുംബത്തിന് കൊടുക്കുമായിരുന്നു. സപ്ലൈകോവഴി ഒരു കുടുംബത്തിന് ഒരു കിലോ പഞ്ചസാര കൊടുക്കുന്നത് 22 രൂപയ്ക്കാണ്. ആ സപ്ലൈ ഇപ്പോഴും അവസാനിപ്പിച്ചിട്ടില്ല. ഒരു കിലോ പഞ്ചസാര ഒരു കുടുംബത്തിന് ഒരു മാസം എന്നുള്ളത് കൃത്യമായി എല്ലായിടത്തും വാങ്ങി വിതരണം ചെയ്യുന്നുണ്ട്. എന്നാൽ റേഷൻ കടയിൽ തരുന്നില്ല. അത് കേന്ദ്രമാണ് തരുന്നത്. കേന്ദ്രം മാർക്കറ്റിൽനിന്ന് പർച്ചേസ് ചെയ്യാൻ നമ്മെ അനുവദിക്കും. എന്നാൽ ബാക്കി വരുന്ന വ്യത്യാസം കേന്ദ്ര ഗവൺമെന്റ് നമുക്ക് അനുവദിച്ച് നൽകുമായിരുന്നു. എന്നാൽ ഇപ്പോൾ എ.എ.വൈ. കുടുംബങ്ങൾക്ക് മാത്രം കൊടുക്കാനാണ് കേന്ദ്രം ഫണ്ട് അനുവദിച്ചിരിക്കുന്നത്. അങ്ങനെ പഞ്ചസാര അവർക്ക് മാത്രമായി പരിമിതപ്പെടുത്തി. അങ്ങ് ഇവിടെയല്ല പ്രകടിപ്പിക്കേണ്ടത്; നമ്മുടെ എം.പി.-മാർ ഡൽഹിയിൽ പോകുമ്പോൾ പാർലമെന്റ് സമ്മേളനത്തിൽ പഴയ സമ്പ്രദായം നിലനിർത്താൻ ശക്തമായി ആവശ്യപ്പെടുകയാണ് വേണ്ടത്. ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്രത്തിൽ അത് അവസാനിപ്പിച്ചു. നമ്മൾ വലിയ ബാദ്ധ്യതയാണ് ഏറ്റെടുത്തത്. എന്നിട്ടും സപ്ലൈകോവഴി 22 രൂപയ്ക്ക് പഞ്ചസാര ഇപ്പോഴും വിതരണം ചെയ്യുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം. റേഷൻ കടകൾവഴി നല്ല അരിയാണ് ജനങ്ങൾക്ക് വിതരണം ചെയ്യുന്നത്. ആളുകളോട് അന്വേഷിക്കാൻ അങ്ങ് എന്നോട് പറഞ്ഞല്ലോ; അയൽപക്കത്തുള്ളവരോട് റേഷൻ കടയിൽ പോകുന്നുണ്ടോ; അരി വാങ്ങുന്നുണ്ടോ എന്ന് അങ്ങ് ചോദിച്ചാൽ മതി. റേഷൻ

കടകളിൽ സമീപകാല ചരിത്രത്തിൽ ഏറ്റവും നല്ല ക്വാളിറ്റിയുള്ള അരി കൃത്യമായ അളവിൽ, സുതാര്യമായി വിതരണം ചെയ്യുന്നുവെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ കണ്ണുതുറന്ന് കാണണം. പഴയ റേഷൻ കടയാണോ ഇപ്പോഴുള്ളത്; പഴയ റേഷൻ വിതരണമാണോ ഇപ്പോൾ നടക്കുന്നത്; ഏറ്റവും നല്ല കുത്തരി സംസ്ഥാനത്ത് ബഹുഭൂരിപക്ഷം ജില്ലകളിലും കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച നെല്ലിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന അരിയുടെ ഗുണമേന്മ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നല്ല അരി വിതരണം ചെയ്യുന്ന ആ യാഥാർത്ഥ്യത്തെ അങ്ങ് മറച്ചുവയ്ക്കരുത്, അത് ശരിയല്ല. റേഷൻ കടകളിൽ നിന്ന് 90 ശതമാനം ആളുകളും ധാന്യം വാങ്ങുന്നുണ്ട്. അതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. റേഷൻ കടകൾവഴി അവശ്യസാധനങ്ങൾ കൊടുക്കണമെന്ന് തീരുമാനിച്ചു. വേണ്ടത്ര മുമ്പോട്ട് പോയില്ല. റേഷൻ സംഘടനാ ഭാരവാഹികളുമായി കഴിഞ്ഞ ദിവസം ഞാൻ ചർച്ച ചെയ്തു. ശബരി ഉൽപ്പന്നങ്ങൾ ആദ്യ തവണയായി നമ്മൾ വിതരണം ചെയ്യാൻ തീരുമാനിച്ചു. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വിതരണത്തിൽ വലിയ വിമർശനങ്ങൾ പൊതുസമൂഹം ഉയർത്തിക്കൊണ്ടുവന്നു. ഒരു ലിറ്റർ വെള്ളം പൊതുകമ്പോളത്തിൽ വിൽക്കുന്നത് 20 രൂപയ്ക്കാണ്. ഞങ്ങൾ 11 രൂപയ്ക്ക് കൊടുക്കുകയാണ്. പ്രതിപക്ഷ നേതാവേ, 11 രൂപയ്ക്ക് സപ്ലൈകോ ഔട്ട്ലെറ്റ് വഴി കൊടുക്കുന്നുണ്ട്. ഇനി ഞങ്ങൾ അത് എല്ലാ റേഷൻ കടകൾ വഴിയും കൊടുക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നേരത്തെ കുപ്പിവെള്ളത്തിന്റെ വില 13 രൂപയാക്കി നിജപ്പെടുത്തിയതാണ്. പക്ഷേ ഇപ്പോൾ പൊതുവിപണിയിൽ 20 രൂപയ്ക്കാണ് ലഭിക്കുന്നത്. അത് നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; നിങ്ങൾ കൊടുക്കുന്നത് മാത്രമല്ലല്ലോ; നിങ്ങൾ കൊടുക്കുന്നിടത്തുനിന്ന് മാത്രമല്ല ആളുകൾ കുപ്പിവെള്ളം വാങ്ങി കുടിക്കുന്നത്. എല്ലാ കടകളിലും 20 രൂപയാണ് കുപ്പിവെള്ളത്തിന്റെ വില. അത് നിയന്ത്രിക്കാൻ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. പി. തിലോത്തമൻ: സർ, ഞങ്ങൾ 11 രൂപയ്ക്ക് ഒരു ലിറ്റർ കുപ്പിവെള്ളം സപ്ലൈകോ ഔട്ട്ലെറ്റ് വഴി കൊടുക്കുന്നു. 11 രൂപയ്ക്ക് 14,430 റേഷൻ കടകളിൽക്കൂടി വിൽപ്പന നടത്താൻ തീരുമാനിച്ചു. ഉപഭോക്തൃകാര്യ വകുപ്പ് ഈ പ്രശ്നം വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്ത് നിയമവകുപ്പിന്റെ കൂടി ഉപദേശം തേടിക്കൊണ്ട് എസൻഷ്യൽ ആർട്ടിക്കിളിന്റെ പട്ടികയിൽ കുപ്പിവെള്ളത്തെ ഉൾപ്പെടുത്തി 11 രൂപയ്ക്ക് കൊടുക്കാൻ ഉത്തരവിറക്കും. ഇതാണ് പൊതുവിൽ പറയാനുള്ളത്. അവശ്യവസ്തുക്കളുടെ വിലയിൽ ഗണ്യമായ, പോസിറ്റീവായ മാറ്റമാണ്. വില വർദ്ധനവല്ല; വില കുറയുകയാണ് ചെയ്തത്. സ്റ്റാൻഡ് സ്റ്റിൽ

പൊസിഷനിലാണ് നമ്മൾ. വലിയ വർദ്ധനവിന്റെ ഒരു കാലമല്ല ഇത്. പ്രതികൂലമായ ഒട്ടേറെ സാഹചര്യങ്ങളുണ്ടായിട്ടും വിലക്കയറ്റം പിടിച്ചുനിർത്താൻ കഴിഞ്ഞ ഒരവസ്ഥയാണ് നമ്മുടെ സംസ്ഥാനത്തുണ്ടായത്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാർഷിക ഉൽപ്പന്നങ്ങളെ സംബന്ധിച്ച്, പ്രത്യേകിച്ച് പച്ചക്കറിയുടെ വില വർദ്ധനവിനെപ്പറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ കണക്കുപ്രകാരം ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിലെ ഇന്നത്തെ, (17-6-2019) വില ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നത് ഒരു കിലോ കാരറ്റിന് 55 രൂപയാണെന്നാണ്. 50 രൂപയ്ക്ക് ഹോർട്ടികോർപ്പിൽ വിൽപ്പന നടത്തുന്നുണ്ട്. ഒരു കിലോ ബീൻസിന് 100 രൂപ എന്നുപറയുന്നത് ശരിയല്ല. ഇന്നത്തെ വില 93 രൂപയാണ്. ഒരു കിലോ തക്കാളിക്ക് 50 രൂപ എന്നുപറയുന്നത് ശരിയല്ല. 43 രൂപയ്ക്ക് ഹോർട്ടികോർപ്പിൽ വിൽക്കുന്നുണ്ട്. പക്ഷെ ഞാൻ അങ്ങയോട് പറയുന്നൊരു കാര്യം, കൃഷി വകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ എന്നുപറയുന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്. കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വില ഇടിയുമ്പോഴാണ് കൃഷി വകുപ്പ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നത്. വില വർദ്ധിക്കുമ്പോഴല്ല. വെളിച്ചെണ്ണയുടെ വില 100 രൂപ കൂടിയെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ദിവസം കർഷക ആത്മഹത്യയുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ നാളികേരത്തിന്റെ വില ഇടിയുന്നതിനെപ്പറ്റിയാണ് നിങ്ങൾ ചർച്ച നടത്തിയത്. എന്തുകൊണ്ട് നാളികേരം സംഭരിക്കുന്നില്ല എന്ന് ചോദിച്ചു? സംസ്ഥാന ഗവൺമെന്റ് സംഭരിക്കാൻ തീരുമാനിച്ചപ്പോൾ വെളിച്ചെണ്ണയുടെ വില 100 രൂപ കൂടി. വെളിച്ചെണ്ണയുടെ വില കൂടണമെന്നാണ് കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ അഭിപ്രായം. എന്തുകൊണ്ടാണത്; വെളിച്ചെണ്ണയുടെ വില ഇടിഞ്ഞാൽ 35 ലക്ഷം കർഷകരുടെ നടുവൊടിഞ്ഞുപോകും. വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നതുകൊണ്ട് ശ്രീ. എം. വിൻസെന്റിന് വിഷമമുണ്ടാകേണ്ട കാര്യമെന്താണ്; അദ്ദേഹം കൃഷിക്കാർക്ക് എതിരാണോ; വെളിച്ചെണ്ണയുടെ വില കുറയണമെന്നാണോ അങ്ങ് പറയുന്നത്; വെളിച്ചെണ്ണയുടെ വില കുറയണമെന്നല്ല.....(ബഹളം).....ഞാൻ പറയട്ടെ....ഞാൻ പറയുന്നത് കേൾക്കൂ; വെളിച്ചെണ്ണയുടെ വില വർദ്ധിക്കുന്നതിൽ അങ്ങ് വിഷമിച്ചിട്ട് കാര്യമില്ല. കൊപ്രയുടെയും വെളിച്ചെണ്ണയുടെയും ..........(ബഹളം)..... അറിയാതെ പറയരുത്. വെറുതെ വർത്തമാനം പറയരുത്. ചക്കരയ്ക്കും തെങ്ങിൻകള്ളിനും ഒന്നിച്ച് ചെത്തരുത്. കൃഷിക്കാർക്ക് ജീവിക്കണ്ടേ; കൃഷിക്കാർ ജീവിക്കണ്ട എന്നാണോ; ........(ബഹളം)..... ഒരു കാര്യം പറയട്ടെ. നമ്മുടെ രാജ്യത്ത് ഏറ്റവും

വലിയ പ്രശ്നമെന്താണ്; ഷർട്ട് ഉൽപ്പാദിപ്പിക്കുന്ന ഒരു കമ്പനി ഷർട്ട് ഉൽപ്പാദിപ്പിച്ചാൽ, ആ ഷർട്ടിന്റെ വില നിശ്ചയിക്കാൻ കമ്പനിക്ക് അധികാരമുണ്ട്. ഒരു കസേര നിർമ്മിച്ചാൽ ആ കസേര നിർമ്മിക്കുന്നയാൾ കസേരയുടെ വിലയിടുന്നു. ഏത് ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചാലും അതിന് വിലയിടുന്നത് അത് ഉൽപ്പാദിപ്പിക്കുന്നവരാണ്. സ്വന്തം ഉൽപ്പന്നത്തിന് വിലയിടാൻ അധികാരമില്ലാത്ത ഒരേയൊരു പാവപ്പെട്ട വിഭാഗം ഈ നാട്ടിലെ കൃഷിക്കാരാണ്. ആ കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുണ്ട്. സംസ്ഥാന കൃഷി വകുപ്പ് സാധാരണ നിലയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം ഉൽസവകാലങ്ങളിൽ പ്രധാനമായും ഇടപെട്ട് 10 ശതമാനം അധികം വിലയ്ക്ക് കൃഷിക്കാരനിൽ നിന്നും സാധനങ്ങൾ വാങ്ങുകയും 30 ശതമാനം വിലക്കുറവിൽ കൊടുക്കുകയെന്നതുമാണ്. കൃഷി വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ആയിരത്തി ഇരുന്നൂറോളം വരുന്ന ഔട്ട്ലെറ്റുകളിലൂടെ ഇപ്പോഴും ആ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

നിപ വൈറസുമായി ബന്ധപ്പെട്ടുകൊണ്ട് മൂവാറ്റുപുഴ മേഖലയിൽ 28 - ഉം 30-ഉം 40-ഉം രൂപ വിലയുണ്ടായിരുന്ന പൈനാപ്പിളിന്റെ വില 5 രൂപയും 4 രൂപയുമായി കുറഞ്ഞിരിക്കുകയാണ്. ഞങ്ങൾ എന്തുചെയ്യണം; ഗവൺമെന്റ് 17 രൂപയ്ക്ക് 500 ടൺ പൈനാപ്പിൾ സംഭരിച്ചു. വിലയിടിഞ്ഞാൽ ഇനിയും സംഭരിക്കാൻ തയ്യാറാണ്. വടകരപ്പതി, എരുത്തിയാംപതി പ്രദേശത്ത് 300-ഓളം ഹെക്ടർ സ്ഥലത്ത് തക്കാളി കൃഷി ചെയ്യുന്നുണ്ട്. ഇവിടെ മാർക്കറ്റിൽ നമ്മൾ ഒരു കിലോ തക്കാളി 30 രൂപയ്ക്ക് വാങ്ങുമ്പോൾ അവർക്ക് 2 രൂപയാണ് കിട്ടി ക്കൊണ്ടിരുന്നത്. ഈ പാവപ്പെട്ട കൃഷിക്കാർ എന്തുചെയ്യും; ഗവൺമെന്റ് 10 രൂപയ്ക്ക് സംഭരിച്ചു. വില വർദ്ധിക്കുമ്പോൾ സംഭരിക്കുക എന്നുള്ളതല്ല, വിലയിടിയുമ്പോൾ സംഭരിക്കുക എന്നുള്ളതാണ് കൃഷി വകുപ്പ് ചെയ്യുന്നത്. അത് കൃഷിക്കാരെ സഹായിക്കാനാണ്. പക്ഷെ അതേസമയം സിവിൽ സപ്ലൈസ് വകുപ്പ് വളരെ വ്യക്തമായി ഇടപെടുകയാണ്. അരിയുടെ വില 50 രൂപയായിരുന്നത് 32 രൂപയായി കുറഞ്ഞു. പഞ്ചസാര കിട്ടുന്നില്ലെന്ന് ശ്രീ. എം. വിൻസെന്റ് ഇവിടെ പറയുകയാണ്. പഞ്ചസാര വെട്ടിക്കുറച്ചത് ഇവരുടെ ഗവൺമെന്റ് കേന്ദ്രം ഭരിക്കുമ്പോഴാണ്......(ബഹളം).....റേഷൻകട എന്നുപറയുന്ന സംവിധാനം തകർത്തതാരാണ്; ഞാൻ ആ ചരിത്രത്തിലേയ്ക്ക് പോകുന്നില്ല. വിലക്കയറ്റം എന്നു പറയുന്ന പ്രതിഭാസത്തെ തടഞ്ഞു നിർത്തുന്നതിൽ ഈ ഗവൺമെന്റ് ഫലപ്രദമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഇനിയും ഇടപെടും. അങ്ങ് ഉന്നയിച്ച വിമർശനങ്ങൾ ഉൾക്കൊള്ളാൻ ഈ ഗവൺമെന്റ് തയ്യാറാണ്.

മി. സ്പീക്കർ: പ്ലീസ് ......കൺക്ലൂഡ്....കൺക്ലൂഡ്...

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് വിലക്കയറ്റവുമായി ബന്ധപ്പെട്ട് പറഞ്ഞ വസ്തുതകൾ ഗവൺമെന്റ് പരിശോധിക്കും. എന്നുമാത്രമല്ല, പച്ചക്കറിയുടെ കാര്യത്തിൽ വിലക്കയറ്റമുണ്ടാകുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പിന്റെ ഔട്ട്ലെറ്റുകളിലൂടെ ഫലപ്രദമായ രീതിയിൽ വില കുറച്ചുകൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. ഇവിടെ വരൾച്ചമൂലം അന്യസംസ്ഥാനങ്ങളിൽ നിന്നും പച്ചക്കറി വന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏഴേകാൽ ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദനമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 12 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചിരിക്കുകയാണ്. അതിനർത്ഥം നമുക്കാവശ്യമുള്ള പച്ചക്കറിയുടെ 8 ലക്ഷം ടൺ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളതെന്നാണ്.

മി. സ്പീക്കർ: യെസ്... കൺക്ലൂഡ് ചെയ്യൂ...

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ വർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിലെ പച്ചക്കറി ഉൽപ്പാദനം 16 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഉൽപ്പാദനച്ചെലവ് വർദ്ധിച്ചു കൊണ്ടിരിക്കുമ്പോൾ പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് അൽപ്പം വില കൂട്ടി ക്കൊടുത്താലും കർഷകന്റെ നടുവൊടിയാൻ പാടില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. പക്ഷെ വിലവർദ്ധനവ് നിയന്ത്രിക്കാനാവശ്യമായ നടപടികൾ ഗവൺ മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. വില വർദ്ധിക്കുമ്പോൾ മാത്രമല്ല കൃഷിക്കാരന്റെ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുമ്പോൾകൂടി നമ്മൾ പറയണം. അതുകൊണ്ട് നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയും വില ഇടിയരുതെന്ന് പറയരുത്. തീർച്ചയായും പച്ചക്കറിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടികൾകൂടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'മൂക്കറ്റം മുങ്ങിയാൽ പിന്നെ കുളിരറിയില്ല' എന്ന് പറഞ്ഞതുപോലെയാണ് കേരളത്തിലെ ജനങ്ങൾ. വിലക്കയറ്റംകൊണ്ട് ജനങ്ങൾ വളരെയേറെ കഷ്ടപ്പെടുന്ന ഒരു സാഹചര്യത്തിൽ

അത് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഗവൺമെന്റിന്റെ ഇടപെടൽ ആഗ്രഹിച്ചുകൊണ്ടുമാണ് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് അനുഭവിക്കുന്ന വിലക്കയറ്റത്തിന്റെ യഥാർത്ഥ ചിത്രം ഇവിടെ ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ പുറത്തിറക്കിയ 2019 ഏപ്രിൽ മാസത്തെ ഗവൺമെന്റ് ഓഫ് കേരള പ്രൈസ് ബുള്ളറ്റിനിൽ കഴിഞ്ഞ വർഷത്തെ ഏപ്രിൽ മാസത്തിലെയും ഈ വർഷത്തെ ഏപ്രിൽ മാസത്തിലെയും വിവിധ ഭക്ഷ്യധാന്യങ്ങളുടെ വില താരതമ്യപ്പെടുത്തുകയാണ്. അത് നോക്കിയാൽ മതിയല്ലോ? പരിപ്പിന് 38.92 ശതമാനത്തിന്റെ വർദ്ധനവ്, തുവരപ്പരിപ്പിന് 14.23 ശതമാനത്തിന്റെ വർദ്ധനവ്, ഉഴുന്നുപരിപ്പിന് 11.47 ശതമാനത്തിന്റെ വർദ്ധനവ്. അങ്ങനെ നോക്കിയാൽ എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും ശരാശരി 10 ശതമാനത്തോളം വിലവർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, വർദ്ധനവ് ഉണ്ടായിട്ടില്ലെന്നാണ്. ഇന്ന് നമ്മൾ പരിശോധിച്ചാൽ, ഓരോ സാധനത്തിന്റെയും വില ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. അവിടെ ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണ്. അതിനെയാണല്ലോ നമ്മൾ മാർക്കറ്റ് ഇന്റർവെൻഷൻ എന്ന് പറയുന്നത്. മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനാണ് മാവേലി സ്റ്റോറുകളും മറ്റ് സംവിധാനങ്ങളും സംസ്ഥാനത്തുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, മാവേലി സ്റ്റോറിൽ സാധനങ്ങളുടെ വില കുറച്ചുനൽകുന്നുവെന്ന്. ശരിയാണ്, വില കുറച്ചുനൽകുന്നുണ്ട്. ഒരു മാസത്തേയ്ക്ക് രണ്ട് കിലോഗ്രാം അരിയും മറ്റ് സാധനങ്ങളുമാണ് നാമമാത്രമായി മാവേലി സ്റ്റോറിലൂടെ ജനങ്ങൾക്ക് നൽകുന്നത്. അതായത്, 28 ദിവസവും പുറത്തുനിന്ന് വൻ വിലകൊടുത്ത് അരി വാങ്ങേണ്ട സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്.

ശ്രീ. പി. തിലോത്തമൻ: സർ, അങ്ങ് എന്തിനാണ് വസ്തുത മറച്ചുവച്ചു സംസാരിക്കുന്നത്? ജയ അരി വേണ്ടവർക്ക് ജയ അരി വാങ്ങാം, മട്ട അരി വേണ്ടവർക്ക് മട്ട അരി വാങ്ങാം. മാവേലി സ്റ്റോറിലൂടെ ഒരു കുടുംബത്തിന് ഒരു മാസം 10 കിലോഗ്രാം അരി നൽകുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്ന് ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നുവെന്നുള്ളതുകൊണ്ട് ഇന്നലെ ഞാൻ വരുന്ന വഴി പാലക്കാടുള്ള ഒരു മാവേലി സ്റ്റോറിൽ കയറിയിരുന്നു. അവിടെയുണ്ടായിരുന്ന ആളുകളുമായി ഞാൻ സംസാരിച്ചു. അവർ പറയുന്നത് എന്താണെന്ന് വച്ചാൽ, അരി വന്നുകഴിഞ്ഞാൽ ഒരു മണിക്കൂറിനുള്ളിൽ അവിടത്തെ സ്റ്റോക്ക് മുഴുവൻ തീരുകയാണെന്നാണ്. പിന്നെ മാവേലി സ്റ്റോറിൽ സാധനമില്ലാത്ത അവസ്ഥയാണ്. സാധനങ്ങൾ കിട്ടുന്നില്ലെന്ന പരാതി വ്യാപകമാണ്. സ്റ്റോക്ക് വളരെ കുറച്ചുമാത്രമേ വരുന്നുള്ളൂ. വിപണിയിൽ വില കുറഞ്ഞതുകൊണ്ട് ആളുകൾ ആരും മാവേലി സ്റ്റോറിൽ

വരുന്നില്ലെന്ന് പറഞ്ഞാൽ അത് കേരളത്തിലെ കാര്യമാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്? എന്ത് യാഥാർത്ഥ്യബോധമില്ലാതെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ സാധനങ്ങൾ ലഭിക്കുന്നില്ല. അവിടെനിന്നും ആരും വാങ്ങുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എല്ലാവരും പൊതു വിപണിയിൽനിന്നും വാങ്ങുകയാണ്. അവിടെ വില കുറവാണ്. പൊതു വിപണിയിൽ വില എത്ര ശതമാനംവച്ച് കൂടുന്നുവെന്ന് ഗവൺമെന്റിന്റെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ഞാൻ പറഞ്ഞു. സംസ്ഥാനത്ത് വിലക്കയറ്റമുണ്ടെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കാൻ എന്തുകൊണ്ട് നിങ്ങൾ തയ്യാറാകുന്നില്ല; ആ വിലക്കയറ്റത്തെ ഫലപ്രദമായി നിയന്ത്രിക്കുന്നതിലാണ് ഗവൺമെന്റിന്റെ കഴിവ്. അതാണ് ഗവൺമെന്റിന്റെ ഉത്തരവാദിത്തം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ വിലയെക്കുറിച്ച് സമയമില്ലാത്തതിനാൽ ഞാൻ വായിക്കുന്നില്ല. അങ്ങു തന്നെ നൽകിയ ഉത്തരമുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്. പല കാരണങ്ങൾ കൊണ്ടും വില കൂടാം. കൂടുന്ന വിലയെ നിയന്ത്രിച്ചുനിർത്തി കൺസ്യൂമർക്ക് ഫലപ്രദമായി വില കുറച്ച് സാധനം കൊടുക്കുന്ന ജോലിയാണ് മാർക്കറ്റ് ഇന്റർവെൻഷൻ. മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടത്തുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടുവെന്നുള്ളതാണ് ഞങ്ങളുടെ പ്രധാന ആരോപണം. ഇന്നത്തെ ഹിന്ദു ദിനപത്രത്തിലെ റിപ്പോർട്ട്, Residents weary of soaring vegetable prices:- ഞാൻ അതിലെ ഒരു വാചകം മാത്രം വായിക്കാം. " I bought half a kg of beans, handed over Rs.50, and waited for the balance. Instead, I was asked to shell out Rs.30 more" ഇത് ഒരു കസ്റ്റമർ പറഞ്ഞതാണ്. ഈ സംസ്ഥാനത്ത് പച്ചക്കറിയുടെ വില കുതിച്ചുയരുന്നു. എല്ലാം ഭദ്രമാണ്, ഒരു കുഴപ്പവുമില്ല, സാധനങ്ങളുടെയെല്ലാം വില നിയന്ത്രിച്ചുവെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത്. 'ദി ഹിന്ദു' ഒരു ക്രെഡിബിലിറ്റിയുള്ള പത്രമാണല്ലോ; ആ പത്രത്തിൽ വന്ന വാർത്തയാണ് ഞാൻ ഉദ്ധരിച്ചത്. എല്ലാ പച്ചക്കറികൾക്കും വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നു. പൊതുവിപണിയിലെ കാര്യമാണ് ഞാൻ പറഞ്ഞത്. ചന്തയിൽ പോയാൽ, വ്യാപാര സ്ഥാപനങ്ങളിൽ പോയാൽ ആളുകൾ സാധനങ്ങൾ വാങ്ങുമ്പോൾ വമ്പിച്ച വിലയാണ് കൊടുക്കേണ്ടത്. അദ്ദേഹം ഹോർട്ടികോർപ്പിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ. ഹോർട്ടികോർപ്പിന് എത്ര ശാലകളുണ്ട്; നമ്മുടെ സംസ്ഥാനത്ത് പൊതുവിപണിയിൽ വില കൂടുന്നുവെന്നുള്ള യാഥാർത്ഥ്യം കണ്ടുകൊണ്ട് അത് നിയന്ത്രിക്കാൻ നിങ്ങൾ മുന്നോട്ടുവരണമെന്നാണ് ഞങ്ങൾ പറയുന്നത്. ഞങ്ങൾ തെറ്റാണോ പറയുന്നത്.

ജനങ്ങൾക്കുവേണ്ടി ഞങ്ങൾ ഇത് പറയണ്ടേ; അതല്ലേ ഞങ്ങളുടെ ഉത്തരവാദിത്തം; കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വിലയിടിഞ്ഞ ഒരേയൊരു വസ്തുവേ ഉള്ളൂ. ഇടത് മുന്നണിയുടെ വിലയാണ് ഇടിഞ്ഞിട്ടുള്ളത്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ജനങ്ങൾ അത് തെളിയിച്ചതാണ്. മത്സ്യത്തിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. വിൻസെന്റ് പറഞ്ഞു. മത്സ്യം കിട്ടാനില്ലാത്ത അവസ്ഥയാണ്. മത്തി കിട്ടാനില്ല, അയല കിട്ടാനില്ല. അന്യസംസ്ഥാനങ്ങളിൽനിന്നാണ് ഇപ്പോൾ മീനുകളൊക്കെ വരുന്നത്. മീനിന്റെ വില ക്രമാതീതമായി കുതിച്ചുയരുന്നു. എട്ടോ പത്തോ മത്തിക്ക് 100 രൂപ കൊടുക്കണം. അയല കിട്ടാനില്ല. 1,000 രൂപയ്ക്ക് മുകളിലാണ്. നെയ്മീനിന് 1,000 രൂപയാണ്. ട്രോളിംഗ് നിരോധനം വന്നതോടു കൂടി അതിനേക്കാൾ പ്രശ്നമാണ്.

ഇവിടെ നിർമ്മാണ സാമഗ്രികളെപ്പറ്റി പറഞ്ഞു. സിമന്റ്, കമ്പി തുടങ്ങി എല്ലാ സാധനങ്ങൾക്കും വില കുതിച്ചുകയറുകയാണ്. അത് നിയന്ത്രിക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളണ്ടേ; അവിടെയല്ലേ ഒരു ഗവൺമെന്റ് എഫക്ടീവായി ഇടപെടേണ്ടത്; ജി.എസ്.ടി. വന്നുകഴിഞ്ഞാൽ എല്ലാ സാധനങ്ങൾക്കും വില കുറയുമെന്ന് പറഞ്ഞു. ഇപ്പോൾ എല്ലാ സാധനങ്ങൾക്കും വില കൂടിക്കൊണ്ടിരിക്കുകയാണ്. പ്രളയ സെസ് ഒരു ശതമാനം ഏർപ്പെടുത്താൻ തീരുമാനിച്ചുവെന്ന വാർത്ത കേട്ടപ്പോൾത്തന്നെ പലതിന്റെയും വില കുതിച്ചുകയറുകയാണുണ്ടായത്. സെസ് ഏർപ്പെടുത്തിയിട്ടില്ല, ഏർപ്പെടുത്താൻ പോകുന്നതേയുള്ളൂ. അവിടെയൊക്കെയാണ് ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ടത്. അവിടെയാണ് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകേണ്ടത്. ബിൽഡിംഗ് മെറ്റീരിയൽസിന്റെ വില കുതിച്ചുയരുന്നു. ആളുകൾക്ക് വീട് വയ്ക്കാൻ കഴിയാത്ത സ്ഥിതിയാണ്. മത്സ്യത്തൊഴിലാളികൾ, പാവപ്പെട്ട ആളുകൾ, പട്ടികജാതിക്കാരായ ആളുകൾ എന്നിവർക്ക് ഒരു വീട് വയ്ക്കണമെന്നുണ്ടെങ്കിൽ അസാധ്യമായ നിലയിലേയ്ക്ക് നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഗവൺമെന്റ് ശ്രദ്ധിക്കേണ്ട കാര്യമല്ലേ; മാവേലി സ്റ്റോറിന്റെ കാര്യം മാത്രമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് മാത്രമല്ല ഗവൺമെന്റ് പൊതുവേ ശ്രദ്ധിക്കേണ്ടത്. പച്ചക്കറിയുടെ കാര്യം, എന്റെ കയ്യിൽ എല്ലാ പത്രങ്ങളുമുണ്ട്. ഹിന്ദു, മാതൃഭൂമി, മംഗളം, വീക്ഷണം, മലയാള മനോരമ ഉൾപ്പെടെയുള്ള എല്ലാ പത്രത്തിലും പച്ചക്കറിയുടെ വില കുതിച്ചുയരുന്നുവെന്ന വാർത്ത വരുമ്പോൾ എന്തുകൊണ്ട് അതിനെ നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല; അത് മാത്രമല്ല, ഇവിടെ പച്ചക്കറി കൃഷി വ്യാപകമാക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഓണത്തിന് ഒരു മുറം പച്ചക്കറിയെന്നാണ് അദ്ദേഹം പറഞ്ഞത്. ഫലപ്രദമായോ; ഫലപ്രദമാക്കാൻ കഴിയുന്നുണ്ടോ; അതിൽ

പോരായ്മകളുണ്ടെങ്കിൽ പരിശോധിച്ച് കുറച്ചുകൂടി എഫക്ടീവാക്കണ്ടേ; ആരംഭിച്ച പദ്ധതിയെ ഞാൻ എതിർക്കുകയല്ല. നല്ല കാര്യമാണ്. പക്ഷെ, ആ പദ്ധതി എഫക്ടീവാക്കാനുള്ള നടപടികൾ ഉണ്ടാകുന്നില്ലെന്നതാണ് ഏറ്റവും പ്രധാനം. അതുകൊണ്ട് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന്റെ വിപണി ഇടപെടൽ ഫലപ്രദമാകുന്നില്ലെന്നുള്ളതാണ് ഞങ്ങളുടെ പരാതി.

10 കിലോഗ്രാം അരി ഒരുമിച്ച് കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കൊടുക്കുന്നില്ല. 2 കിലോഗ്രാം അരി വാങ്ങിയശേഷം അടുത്തയാഴ്ച ചെല്ലുമ്പോൾ അരി ഇല്ലെന്ന് പറയുന്ന സ്ഥിതിയാണ് പലയിടത്തുമുള്ളത്. റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. വെളിച്ചെണ്ണയുടെ വില കൂട്ടുന്നുവെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പക്ഷെ, എന്തുകൊണ്ട് അത് കർഷകർക്ക് കിട്ടുന്നില്ല; പച്ചത്തേങ്ങ സംഭരണം 25 രൂപയ്ക്കാണ്. 10 വർഷത്തിനുമുമ്പ് തീരുമാനിച്ച സംഭരണ വിലയാണ് 25 രൂപയെന്നത്. കർഷകരെ സഹായിക്കാൻ കുറഞ്ഞത് 30 രൂപയോ 35 രൂപയോ ആക്കണം. അതിനുപകരം വെളിച്ചെണ്ണയുടെ വില കൂടിയതുകൊണ്ട് അതാണ് ഏറ്റവും നല്ലതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷെ, അത് കർഷകന് കിട്ടുന്നില്ലല്ലോ; അതാണ് മെമ്പർമാർ ഇവിടെ പറഞ്ഞത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അങ്ങ് ഈ കാര്യങ്ങളെപ്പറ്റി നല്ല ധാരണയുള്ള ആളാണെന്ന് അറിയാം. വെളിച്ചെണ്ണയുടെ വില അടിസ്ഥാനമാക്കിയാണ് പച്ചത്തേങ്ങയുടെ വിലയും വർദ്ധിക്കുന്നത്. കൊപ്രയുടെ വിലയിലുണ്ടാകുന്ന മാറ്റവും അങ്ങനെതന്നെയാണ്. അത് വളരെ വ്യക്തമാണ്. എല്ലാ ദിവസത്തെ വിലയും വരുന്നുണ്ട്. പച്ചത്തേങ്ങയുടെ വില കൂടിയിട്ടുണ്ട്. വെളിച്ചെണ്ണയുടെ വില കൂടുന്നതനുസരിച്ചാണ് പച്ചത്തേങ്ങയുടെ വില കൂടുന്നത്. നിങ്ങൾ കാര്യം അറിയാതെ സംസാരിക്കരുത്. എല്ലായിടത്തും വെളിച്ചെണ്ണയുടെ വില കൂടുന്നതനുസരിച്ച് പച്ചത്തേങ്ങയുടെ വിലയിലും വർദ്ധനവുണ്ടാകുന്നുണ്ട്. അതിൽ യാതൊരു തെറ്റുമില്ല. നിങ്ങൾ പറയുന്നത് ശരിയായ കാര്യമല്ല. വെളിച്ചെണ്ണയുടെയും പച്ചത്തേങ്ങയുടെയും കൊപ്രയുടെയും വില പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. വെളിച്ചെണ്ണയുടെ വില വർദ്ധിച്ചാലേ മാർക്കറ്റിൽ കൊപ്രയുടെ വില വർദ്ധിക്കൂ, അതനുസരിച്ച് മാത്രമെ പച്ചത്തേങ്ങയുടെ വില വർദ്ധിക്കുകയുള്ളൂ.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, എനിക്ക് പറയാനുള്ളത്, പച്ചത്തേങ്ങ സംഭരണവില വർദ്ധിപ്പിക്കണം. പത്ത് വർഷം മുമ്പ് 25 രൂപയായിരുന്നു. ഇപ്പോഴും അത് തുടർന്നാൽ മതിയോ? അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സംഭരണ വില വർദ്ധിപ്പിച്ചാൽ മാത്രം കർഷകന് പ്രയോജനമാകുമോ? വസ്തുതകൾ

ഇതായിരിക്കെ, കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക്, പച്ചക്കറികൾക്ക്, കെട്ടിട നിർമ്മാണ സാമഗ്രികൾക്ക്, അതോടൊപ്പംതന്നെ മത്സ്യം തുടങ്ങി എല്ലാ സാധനങ്ങൾക്കും ഉണ്ടായിരിക്കുന്ന ഗുരുതരമായ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് സർക്കാർ ഇടപെടണം. അക്കാര്യത്തിൽ നിങ്ങൾ പരാജയപ്പെട്ടുവെന്നുള്ളതാണ് ഞങ്ങൾക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. പ്രോഗ്രസ് കാർഡുകൊണ്ട് കാര്യമില്ല. പ്രോഗ്രസ് കാർഡിൽ ധാരാളം കാര്യങ്ങൾ എഴുതി വയ്ക്കുന്നുണ്ട്. അതൊന്നും യാഥാർത്ഥ്യമാകുന്നില്ല. ഏട്ടിലെ പശു പുല്ല് തിന്നുന്നില്ല. ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചതുപോലെ സാധനങ്ങൾ വാങ്ങാനുള്ള ആളുകളുടെ കഴിവ് കുറഞ്ഞിരിക്കുന്ന ഒരു കാലഘട്ടമാണ്. ഇങ്ങനെയൊരു കാലഘട്ടത്തിൽ അമിതമായ വിലക്കയറ്റമുണ്ടായാൽ അത് സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ദൈനംദിന ജീവിതത്തെ ഗുരുതരമായി ബാധിക്കുമെന്നുള്ളതു കൊണ്ടാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ പറഞ്ഞത്. പക്ഷെ ഇതൊന്നും കേരളത്തിൽ ബാധകമല്ലെന്ന മട്ടിലുള്ള മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിനുകീഴിൽ വരുന്നതാണ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്. അതിന്റെ റിപ്പോർട്ടാണ് ഇവിടെ എല്ലാവരും ഉദ്ധരിച്ചത്. റിപ്പോർട്ടിന്റെ ആമുഖത്തിൽ, ഉള്ളിയുടെ വിലവർദ്ധനവിനുള്ള ഒരു പ്രവണതയാണ് ശ്രദ്ധയിൽപ്പെട്ടത്. ഇത് മേയ് മാസത്തിലും തുടരാൻ ഇടയുണ്ട്. പയർ വർഗ്ഗങ്ങളുടെ വിലയിൽ തുടർച്ചയായുള്ള വർദ്ധനവിനുള്ള പ്രവണതയാണ് കണ്ടത്. മേയ് മാസത്തിലും ഇത് തുടരാൻ ഇടയുണ്ട്. കോഴി മുട്ടയുടെ വിലയിൽ മാസത്തിന്റെ മദ്ധ്യത്തിൽ വർദ്ധനവ് രേഖപ്പെടുത്തി. മേയ് മാസത്തിലും വർദ്ധനവ് തുടരാനുള്ള സാധ്യതയുണ്ട്. ഇറച്ചിക്കോഴിയുടെ വിലയിൽ രൂക്ഷമായ വിലക്കയറ്റമാണ് വിപണിയിൽ ദൃശ്യമാകുന്നത്. കോഴിത്തീറ്റയുടെ വിലയും മറ്റ് ചെലവുകളും വർദ്ധിച്ചതിനെത്തുടർന്ന് ചെറുകിട കോഴികർഷകർ ഈ മേഖലയിൽനിന്നും പിൻവാങ്ങുകയാണെന്ന് വിപണിയിൽനിന്നും മനസ്സിലാകും. എന്റെ കൈവശമുള്ളത്, 2019 ഏപ്രിലിലെ കേരള പൊതു വിപണി വില അവലോകനമാണ്. മുഖ്യമന്ത്രിയുടെ കീഴിലുള്ള ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ് 2018-ലെയും 2019-ലെയും വിപണിയിലുള്ള വിലവർദ്ധനവിനെ വച്ചുകൊണ്ട് അതിന്റെ വാർഷിക ശതമാന വ്യതിയാനത്തെക്കുറിച്ച് പറയുന്നുണ്ട്. ചില സാധനങ്ങൾക്ക് വിപണിയിൽ 54 മുതൽ അല്ലെങ്കിൽ 60, 70 ശതമാനം വരെ വർദ്ധനവുണ്ടെന്ന് റിപ്പോർട്ട് പറയുന്നു. ഇപ്പോൾത്തന്നെ ഒരോന്നായി എടുത്തു

പറയുന്നില്ല. ഒരു കിലോ ഗോതമ്പിന് 2018-ൽ 31 രൂപയായിരുന്നത് 34 ആയി, ചെറുപയറിന് 87 രൂപ ആയിരുന്നത് 89 രൂപയായി, പഞ്ചസാരയുടെ വില 36 രൂപയായിരുന്നത് 37 രൂപയായി, കരിപ്പെട്ടിയുടെ വില 145 രൂപയായിരുന്നത് 154 രൂപയായി. ഇങ്ങനെ ഓരോ സാധനത്തിന്റെയും വിലയെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. ചേമ്പിന്റെ വിലപോലും 54 രൂപയിൽനിന്നും 64 രൂപയായി ഉയർന്നു. അതായത് 17 ശതമാനത്തിന്റെ വർദ്ധനവ്. ബീറ്റ്റൂട്ടിന്റെ വിലയിൽ 46 ശതമാനവും കാരറ്റിന്റെ വിലയിൽ 49 ശതമാനത്തിന്റെയും വർദ്ധനവാണ്. ഇങ്ങനെയെടുത്ത് പരിശോധിച്ചുകഴിഞ്ഞാൽ വില വർദ്ധനവ് ഉണ്ടെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെ തേങ്ങയ്ക്ക് വില കൂടുമ്പോൾ വെളിച്ചെണ്ണയ്ക്ക് വില കൂടാം, അവ പരസ്പരം ബന്ധപ്പെട്ട് നിൽക്കുന്നുവെന്നതാണ്. എന്നാൽ തേങ്ങയ്ക്ക് വില കുറയുമ്പോഴും വെളിച്ചെണ്ണയുടെ വില കൂടുന്നു. അതുകൊണ്ടാണ് ഇവിടത്തെ താങ്ങുവിലയുമായി ബന്ധപ്പെട്ട് അത് വർദ്ധിപ്പിച്ചുകൊടുക്കണമെന്ന് പറയുന്നത്. കർഷകരെ രക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ ഞങ്ങൾ അതിന്റെ കൂടെയുണ്ട്. അതേസമയം വിപണിയിൽ ഇടപെടുന്ന സമയത്ത് സാധാരണക്കാരനും രക്ഷവേണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്ന ആവശ്യം കർഷകരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതാണ്.

ഡോ. എം. കെ. മുനീർ: സർ, അതൊരു സ്വാഗതാർഹമായ കാര്യമാണ്. അതിനെ വളരെ പോസിറ്റീവായ ഒരു ചർച്ചയിലേയ്ക്ക് കൊണ്ടുപോകുവാൻ വേണ്ടിയാണ് ചർച്ച ചെയ്യാമെന്ന് പറഞ്ഞത്. മാവേലി സ്റ്റോറിന്റെ കാര്യം അങ്ങ് പറഞ്ഞു, മാവേലി സ്റ്റോറിൽ പലതിനും സബ്സിഡിയുണ്ടെന്ന് പറഞ്ഞു. മാവേലി സ്റ്റോറിലെ സ്ഥിതി ഇതാണ്. അതായത് മാസ ശമ്പളക്കാർ സാധനങ്ങൾ നേരത്തെ വാങ്ങി സ്റ്റോക്ക് ചെയ്യാൻ ശ്രമിച്ചേക്കാം. പക്ഷെ ദൈനംദിന ശമ്പളം വാങ്ങുന്നവർ കുറച്ച് കഴിഞ്ഞ് മാവേലി സ്റ്റോറിൽ പോയാൽ അവിടെ സാധനങ്ങളുടെ സ്റ്റോക്കില്ലെന്ന കാര്യം അങ്ങ് സമ്മതിക്കണം. അവർക്ക് ചിലപ്പോൾ ആദ്യത്തെ പത്ത് ദിവസം കൊടുക്കാനുള്ള സ്റ്റോക്ക് ഉണ്ടായിരിക്കും. പത്ത് ദിവസം കഴിഞ്ഞാൽ സ്റ്റോക്ക് ഉണ്ടാകില്ല. ചിലപ്പോൾ ഇപ്പോൾ നോക്കുന്ന സമയത്ത് സ്റ്റോക്കുണ്ടായിരിക്കാം. പക്ഷെ സ്റ്റോക്കില്ലാത്ത ഒരു സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്നുണ്ട്. ദൈനംദിന ശമ്പളം വാങ്ങുന്നവരെ സംബന്ധിച്ചിടത്തോളം മാവേലി സ്റ്റോർ ഇന്ന് പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുന്ന ഇടമല്ലാതായി മാറിയിരിക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ: സർ, മാവേലി സ്റ്റോറുകൾവഴി കൊടുക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഒരു നിശ്ചിത അളവ് സബ്സിഡി വർഷങ്ങളായി നടപ്പാക്കിവരുന്നുണ്ട്. ആ ക്വാണ്ടിറ്റിയിൽ വ്യത്യാസം വരുത്തിയത് പയർ, പരിപ്പ്, കടല തുടങ്ങിയ സാധനങ്ങൾക്ക് മാത്രമാണ്. മറ്റുള്ളത് മുമ്പുള്ള അതേ ക്വാണ്ടിറ്റിതന്നെ ഇപ്പോഴും കൊടുക്കുകയാണ്. അരി ഒരു മാസം പത്ത് കിലോ കൊടുക്കുന്നുണ്ട്. അത് ഒന്നിച്ച് വാങ്ങാൻ കഴിയുന്നവർ ഒന്നിച്ച് വാങ്ങും രണ്ടായി വാങ്ങാൻ കഴിയുന്നവർ രണ്ടായി വാങ്ങും. ചില ഉൽപ്പന്നങ്ങൾ ഔട്ട്ലെറ്റിൽ തീരുന്ന മുറയ്ക്ക് എത്തിച്ചേരുന്നില്ലെന്ന പ്രശ്നങ്ങളുണ്ടായിരിക്കാം. അതൊഴിവാക്കാൻ ഇപ്പോൾ ഞങ്ങൾ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ അങ്ങ് മനസ്സിലാക്കേണ്ടത്, 2019 ജനുവരി മാസം 59.05 കോടി രൂപയുടെയും ഫെബ്രുവരി മാസത്തിൽ 58.27 കോടി രൂപയുടെയും മാർച്ച് മാസത്തിൽ 50.97 കോടി രൂപയുടെയും ഏപ്രിൽ മാസത്തിൽ 65.43 കോടി രൂപയുടെയും സബ്സിഡി ഉൽപ്പന്നങ്ങൾ കൊടുത്തു. മിക്കവാറും എല്ലാ മാസങ്ങളിലും ആ തുക ഏതാണ്ട് ഒരുപോലെ വരികയാണ്. അതും എല്ലാ മാസങ്ങളിലും നടക്കുന്നുണ്ട്. ഏതെങ്കിലും ഒരു ഔട്ട്ലെറ്റിൽ ഒരു സബ്സിഡി ഉൽപ്പന്നം ഇല്ലെന്ന് കരുതി ജനറലായി എല്ലാ ഉൽപ്പന്നങ്ങൾക്കും അത് പറയരുത്. കൃത്യമായുള്ള അളവ് എല്ലാ മാസവും വിതരണം ചെയ്യുന്നുണ്ട്.

മി.സ്പീക്കർ : അങ്ങ് പെട്ടെന്ന് അവസാനിപ്പിക്കൂ...

ഡോ. എം. കെ. മുനീർ : സർ, വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഞാൻ പോയിന്റ് മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. ഇപ്പോൾ റേഷൻകടയിൽ പോയി രണ്ട് രൂപയുടെ അരി കിട്ടണമെങ്കിൽ അതിന് നൂറ് രൂപ ചെലവഴിക്കേണ്ട ഒരവസ്ഥയുണ്ട്. ആദ്യ തവണ ചെല്ലുമ്പോൾ പറയും സ്റ്റോക്ക് എത്തിയിട്ടില്ലെന്ന്, രണ്ടാമത്തെ തവണ പറയും ഇ-പോസ് മെഷീൻ നെറ്റ് വർക്ക് ചെയ്യുന്നില്ലെന്ന്. മൂന്നാമത് പോകുമ്പോൾ പറയും ഗോതമ്പും മണ്ണെണ്ണയും കൊണ്ടു പൊയ്ക്കോളൂ വെന്ന്. നാലാമത്തെ തവണ ചെല്ലുമ്പോഴാണ് ഈ രണ്ട് രൂപയുടെ അരി കിട്ടുന്നത്. അതായത് ഈ നാല് പ്രാവശ്യം ഓട്ടോ പിടിച്ച് പോകുമ്പോൾതന്നെ 120-ഓളം രൂപ ആ വ്യക്തി ചെലവഴിക്കേണ്ട ഒരു സ്ഥിതിവിശേഷമുണ്ട്.

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കടയിൽ ഉണ്ടായ മാറ്റങ്ങൾ അദ്ദേഹം അറിഞ്ഞുകാണില്ലെന്ന് തോന്നുന്നു.

മി. സ്പീക്കർ: ഈ വാക്കൗട്ട് പ്രശ്നത്തിൽ ഇടപെട്ട് സംസാരിക്കേണ്ട. അദ്ദേഹം വാക്കൗട്ട് കഴിഞ്ഞ് പോകുകയാണ്. നിങ്ങൾ ഏതായാലും ഡിബേറ്റ് ചെയ്യുന്നില്ലല്ലോ? പ്ലീസ്... അല്ലെങ്കിൽ പിന്നെ ചർച്ചയ്ക്ക് വയ്ക്കണം.

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ റേഷൻ കടയിൽ പോയി ധാന്യം വാങ്ങണമെങ്കിൽ ഇരുപതും ഇരുപത്തിരണ്ടും അംഗങ്ങളുള്ള വീട്ടിൽ രണ്ട് ചുമട്ടുകാരുമായി പോകണം; എന്നാലെ അരിയും കൊണ്ട് പോരുവാൻ കഴിയൂ. പഴയ സ്ഥിതിയല്ല.

മി. സ്പീക്കർ : അങ്ങ് കൺക്ലൂഡ് ചെയ്യൂ..

ഡോ. എം. കെ. മുനീർ: സർ, ഞാൻ പറഞ്ഞതിനെ അദ്ദേഹം വളരെ മനോഹരമായി മാറ്റിയിരിക്കുകയാണ്. ഏതായാലും 'വിശപ്പില്ലാ കേരള'-മെന്ന പദ്ധതി മിക്കവാറും സാധ്യമാകും. കാരണം ഈ വിലവർദ്ധന കാരണം വിശപ്പ് പൂർണ്ണമായും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇനി സാധനം വാങ്ങി കഴിക്കേണ്ടതില്ലെന്ന അവസ്ഥയിലേയ്ക്ക് എത്തുമെന്ന് ഞാൻ വിചാരിച്ചില്ല, വിശപ്പ് രഹിത കേരളമെന്നാൽ ഭക്ഷണം കിട്ടിയിട്ട് വിശപ്പ് പോകുമെന്നാണ് വിചാരിച്ചത്. പക്ഷെ സാധനം വാങ്ങാൻ പറ്റാതെ വിശപ്പ് കെട്ടുപോയ അവസ്ഥയിലേയ്ക്ക് കേരളത്തിലെ ജനങ്ങൾ എത്തിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ്. എന്റെ പിതാവ്, "മനുഷ്യന്റെ തലയ്ക്കും തെങ്ങിന്റെ കൊലയ്ക്കും വിലയില്ലാത്തൊരു കാലം" എന്ന് പറഞ്ഞിരിക്കുന്നത് ശരിയായിരിക്കുന്നു. ഒരു ഭാഗത്ത് തലയ്ക്ക് വിലയില്ല. ഇപ്പുറത്ത് തേങ്ങയ്ക്കും വിലയില്ല. അതേസമയം വിപണിയിൽ എല്ലാ സാധനങ്ങളുടെയും വില റോക്കറ്റ് പോലെ കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിൽ ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. ഇപ്പോൾത്തന്നെ രണ്ട് മന്ത്രിമാർക്കും ചർച്ച ചെയ്യണമെന്ന ആഗ്രഹമാണ്. അതുകൊണ്ടാണ് ഇറങ്ങിപ്പോകുന്ന വേളയിൽപ്പോലും ഇടപെട്ടുകൊണ്ടിരിക്കുന്നത്. അതിലും നല്ലത് സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതായിരുന്നു. ചർച്ച ചെയ്യാത്ത നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങി പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

[11.00 am]

ശ്രീ. പി. ജെ. ജോസഫ്: സർ, 2018-ൽ പരിപ്പിന്റെ വില 44.48 രൂപ, 2019-ൽ 60.72 രൂപ. 2018-ൽ പയറിന്റെ വില 51.55 രൂപ, 2019-ൽ 58.60 രൂപ. 2018-ൽ കടലയുടെ വില 44.56 രൂപ, 2019-ൽ 54.65 രൂപ. 2018-ൽ ഉഴുന്നിന്റെ വില 66.75 രൂപ, 2019-ൽ 80.92 രൂപ. ഇതൊക്കെ വിലവർദ്ധനവല്ലേ; ഇത് ആളുകൾ വാങ്ങുന്ന സാധനങ്ങളല്ലേ; അരിമാത്രം വാങ്ങിയാൽ ഭക്ഷണമായോ; ആന്ധ്രാപ്രദേശിൽ വൻതോതിൽ അരിയുടെ ഉൽപ്പാദനം വർദ്ധിച്ചതിനാൽ ജയ അരിക്ക് വില കുറഞ്ഞു. അക്കാര്യത്തിൽ ഇവിടെ ഗവൺമെന്റിന് എന്ത് സംഭാവനയാണുള്ളത്. വാങ്ങുന്ന എല്ലാ സാധനങ്ങളും നോക്കണം. പച്ചക്കറികൾക്കെല്ലാം ക്രമാതീതമായി വില വർദ്ധിച്ചിരിക്കുന്നു. എവിടെയെങ്കിലും കുറച്ച് വിതരണം ചെയ്തതുകൊണ്ടുമാത്രം market intervention ആവില്ല. പൊതുവിപണിയിൽ വന്ന വിലവർദ്ധനവ് കാണാതെ പോകരുത്.

നാളികേരത്തിന്റെ വില വർദ്ധിച്ചതുസംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുകയുണ്ടായി. ഞാൻ മിനിഞ്ഞാന്ന് കണ്ണൂരിലെ ഇരിട്ടിയിൽ ഉണ്ടായിരുന്നു. ഒരു കിലോ നാളികേരത്തിന് 25 രൂപയാണ് വില.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. അങ്ങ് ഇപ്പോൾ ഏത് പാർട്ടിയെ പ്രതിനിധീകരിച്ചാണ് ഇറങ്ങിപ്പോക്ക് പ്രസംഗം നടത്തുന്നത്?

ശ്രീ. പി. ജെ. ജോസഫ്: സർ, കേരള കോൺഗ്രസ് (എം.), ഞങ്ങൾക്ക് ഒറ്റ പാർട്ടിയേയുള്ളൂ.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, രണ്ട് പാർട്ടിയായ വിവരം ഇവിടെ കിട്ടിയിട്ടില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, ഇവിടെ ആരും സൂപ്പർ സ്പീക്കർ കളിക്കേണ്ട.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനൊരു സംശയം ചോദിച്ചതാണ്.

മി. സ്പീക്കർ: സംശയത്തിന്റെ ഉത്തരമാണ് പറഞ്ഞത്. ശ്രീ. പി. ജെ. ജോസഫ്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. വാക്കൗട്ട് സ്പീച്ച് ഇത്ര ലോംഗ് ആകരുത്.

ശ്രീ. പി. ജെ. ജോസഫ്: സർ, ശ്രീ. എ. പ്രദീപ്കുമാർ ഉന്നയിച്ച രാഷ്ട്രീയ വിഷയത്തിന് ഞാനിവിടെ മറുപടി പറയുന്നില്ല. ഞാൻ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കുന്ന ഒരാളാണ്. മിനിഞ്ഞാന്ന് ഇരിട്ടിയിൽ ഒരു കിലോ നാളികേരത്തിന് 25 രൂപ. മണ്ഡരിയൊക്കെ ബാധിച്ചതിനാൽ മൂന്ന് തേങ്ങയെങ്കിലും ഉണ്ടെങ്കിലേ ഒരു കിലോ ആവുകയുള്ളൂ. കഴിഞ്ഞ വർഷം 35 മുതൽ 37 രൂപ വരെ ഉണ്ടായിരുന്നത് 25 രൂപയായി ചുരുങ്ങിയതാണ്. നാളികേരത്തിന്റെ സംഭരണ വില 25 രൂപയായി നിശ്ചയിച്ചിട്ട് 10 വർഷമെങ്കിലും ആയില്ലേ; അല്ലെങ്കിൽ അഞ്ചെട്ട് കൊല്ലമെങ്കിലുമായി. പക്ഷേ ഇന്ന് 25 രൂപ മതിയാകുമോ; തേങ്ങയ്ക്ക് 35 രൂപയിൽ താഴ്ന്നാൽ പച്ചത്തേങ്ങ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കണം. എങ്കിൽ മാത്രമേ കൃഷിക്കാർക്ക് ഗുണമുണ്ടാവുകയുള്ളൂ. ഉൽപ്പാദനച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നാളികേരത്തിന്റെ സംഭരണവില 25 രൂപ ആയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. അത് 35 രൂപയെങ്കിലുമാക്കണം.

ഞാൻ നേരത്തെ സൂചിപ്പിച്ച നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഗവൺമെന്റ് ഇടപെടണം. അതിലൊന്നും ഇടപെടാതെ ഒന്നോരണ്ടോ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് മാത്രം കാര്യമായില്ല. പച്ചക്കറി വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ അടിയന്തരമായി ഇടപെടുന്നതിന് പകരം ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് ശരിയല്ല. സർക്കാർ ഇക്കാര്യങ്ങളിൽ ഇടപെടാത്തതിൽ പ്രതിഷേധിച്ച്, market intervention ശരിയായി നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, 13 സബ്സിഡി സാധനങ്ങൾക്ക് വില വർദ്ധിപ്പിക്കില്ലെന്നാണ് ആദ്യം മുതൽതന്നെ ഗവൺമെന്റ് നിയമസഭയിൽ പലയാവർത്തി പറഞ്ഞിട്ടുള്ളത്. പക്ഷേ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. സാധനങ്ങളുടെ ലഭ്യത മാവേലി സ്റ്റോറുകളിൽ ഉണ്ടെങ്കിൽ മാത്രമേ വില വർദ്ധിപ്പിക്കാത്തതിന്റെ പ്രയോജനം ഉപഭോക്താക്കൾക്ക് ലഭിക്കുകയുള്ളൂ. അത് ഇന്നിവിടെ ഉണ്ടാകുന്നില്ല.

ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്, 2017-18-ൽ 490 കോടി രൂപയുടെ ബാധ്യത സപ്ലൈകോ എടുത്തിട്ടുണ്ട് എന്നാണ്. എനിക്ക് ലഭിച്ചിരിക്കുന്ന കണക്ക് കൃത്യമാണെങ്കിൽ, 2017-18 സാമ്പത്തിക വർഷം 431 കോടി രൂപയുടെയും 2018-19-ൽ ഏകദേശം 400 കോടി രൂപയുടെയും നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടായിട്ടുണ്ട്. 200 കോടി രൂപയാണ് ഇക്കഴിഞ്ഞ വർഷവും അതിന്റെ മുമ്പത്തെ വർഷവുമായിട്ട് ഗവൺമെന്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകിയിരിക്കുന്നത്.

ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇപ്പോൾ പറയുന്നു, സപ്ലൈകോയിലേയ്ക്ക് ആരും വരേണ്ട, അവർ പൊതുമാർക്കറ്റിലേയ്ക്ക് ചെന്നാൽമതി എന്ന്. സപ്ലൈകോയിലേയ്ക്ക് വരുന്നത് സബ്സിഡി സാധനങ്ങൾ മാത്രം വാങ്ങാനല്ലല്ലോ. വലിയൊരു സാമ്പത്തിക ബാധ്യതയിലേയ്ക്ക് കോർപ്പറേഷൻ എടുത്തെറിയപ്പെടുകയാണ്. അങ്ങ് കെ.എസ്.ആർ.ടി.സി.-യ്ക്കായി പഠിക്കരുതെന്നാണ് എനിക്ക് പറയുവാനുള്ളത്. അങ്ങയുടെ ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥയിലേയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എത്തുകയാണ്. സാധനങ്ങൾ ഇല്ലാതെ വരുമ്പോൾ ആരും മാവേലി സ്റ്റോറിലേയ്ക്ക് എത്തുന്നില്ല. അവിടെ സാധനങ്ങളുടെ ലഭ്യത ഉണ്ടാകാത്ത സാഹചര്യങ്ങൾ വരുന്നു, വലിയ നഷ്ടത്തിലേയ്ക്ക് കോർപ്പറേഷൻ തള്ളപ്പെടുന്നു. പൊതുവിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയാകുന്ന സാഹചര്യത്തിലേയ്ക്ക് പോകുന്നു.

റേഷൻ കടയിൽ മണ്ണെണ്ണയും പഞ്ചസാരയുമൊന്നും ലഭിക്കുന്നില്ല. റേഷൻ കടയിലെ അവസ്ഥ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആത്മപരിശോധന നടത്തണം. അങ്ങ് ഗവൺമെന്റിന്റെ ഭാഗമാണല്ലോ. അങ്ങുതന്നെ ആത്മ പരിശോധന നടത്തിയാൽ മതി. മണ്ണെണ്ണയോ പഞ്ചസാരയോ ഉൾപ്പെടെ യാതൊന്നും ലഭിക്കുന്നില്ല. കേന്ദ്ര സർക്കാരിനെ കുറ്റംപറഞ്ഞ് കയ്യൊഴിയാൻ കഴിയുന്ന ഒന്നല്ല. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകുന്നില്ല എന്നൊരു ആക്ഷേപം ശക്തമായിത്തന്നെ ഞങ്ങൾ ഉന്നയിക്കുകയാണ്. ഓണം അടക്കമുള്ള ഫെസ്റ്റിവൽ സീസണുകളിൽ പഞ്ചസാര നൽകാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇതൊക്കെ ഗുരുതരമായ വീഴ്ചയാണ്. അതിരൂക്ഷമായ വിലക്കയറ്റം ഇന്ന് കേരളത്തിൽ നിലനിൽക്കുന്നു. തീർച്ചയായിട്ടും അത് ചർച്ച ചെയ്യേണ്ട ഒന്നായിരുന്നു. അക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, എന്റെ സഹപ്രവർത്തകർ ഇവിടെ സംസാരിച്ചതുപോലെ വിലക്കയറ്റം ഒരു വസ്തുതയാണ്. അത് ഫലപ്രദമായി കൺട്രോൾ ചെയ്യാൻ സർക്കാർ effective steps എടുക്കേണ്ടതാണ്.

അക്കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. വിലക്കയറ്റം യാഥാർത്ഥ്യമാണ്. ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ തയ്യാറല്ലാത്ത അവസരത്തിൽ, അതിന് പരിഹാരം കണ്ടെത്താൻ അവർക്ക് സാധ്യമല്ലാത്ത നിലയിലെത്തുകയാണ്. ഈ സാഹചര്യത്തിൽ തെറ്റായ ഈ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) സ്വകാര്യവൽക്കരണം

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സമീപനത്തിനെതിരായി സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ശ്രദ്ധ ക്ഷണിക്കലാണിത്.

നമ്മുടെ രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്ന അങ്ങേയറ്റം അപകടകരമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളെന്ന പേരിൽ കോൺഗ്രസ്സ് തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന നയമാണ് തുടർന്നുവന്ന ബി.ജെ.പി. ഗവൺമെന്റും കൈക്കൊണ്ടിട്ടുള്ളത്. നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽത്തന്നെ ആദ്യമായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിനുവേണ്ടിമാത്രം ഒരു മന്ത്രാലയവും അതിനൊരു മന്ത്രിയുമുണ്ടായത് ബി.ജെ.പി.-യുടെ ഭരണകാലത്താണ്. കേന്ദ്ര സർക്കാർ, ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യ മുതലാളിമാർക്ക് വിൽക്കുന്നതിന്റെ ഒരു ഏജൻസി മാത്രമായി അധഃപതിക്കുന്ന അനുഭവമാണ് നമ്മുടെ മുമ്പിലുണ്ടായിട്ടുള്ളത്.

ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പലവിധേനയും ശ്വാസംമുട്ടിച്ച് നഷ്ടത്തിലാക്കുകയും ആ നഷ്ടത്തിന്റെ പേരുപറഞ്ഞ് പിന്നീട് വിൽക്കുകയും ചെയ്യുന്ന നിലയാണ് രാജ്യത്ത് കാണാൻ സാധിക്കുക. പൊതുമേഖലാ വ്യവസായങ്ങളോടും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളോടും ശത്രുതാപരമായ നിലപാടാണ് ആദ്യം കോൺഗ്രസ്സും പിന്നീട് ബി.ജെ.പി. ഗവൺമെന്റും കൈക്കൊണ്ടിട്ടുള്ളത്. കേരളത്തിന്റെ അനുഭവങ്ങളെ ആധാരമാക്കിയാൽ Cochin Shipyard, F.A.C.T, Hindustan Newsprint Limited, Instrumentation Limited Palakkad, B.E.M.L. Kanjikod, B.H.E.L. E.M.L. Kasaragod, Hindustan Life Care, Thiruvananthapuram ഉൾപ്പെടെ നമ്മുടെ രാജ്യത്തിന്റെതന്നെ അഭിമാന സ്തംഭമായിട്ടുള്ള, കേരളത്തിന്റെ വ്യാവസായിക രംഗത്തെ അടയാളമായ മഹത് സ്ഥാപനങ്ങളെല്ലാം ഇന്ന് തകർച്ചയുടെ വക്കിലാണ്. അതെല്ലാം സ്വകാര്യ വൽക്കരണത്തിന്റെ പാതയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് കൊണ്ടുപോവുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ വിലയായി കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയത് 518 കോടി രൂപയാണ്. എന്നാൽ ആ സ്ഥാപനം രാജ്യാന്തര ടെണ്ടറിലൂടെ 3015 കോടി രൂപയുടെ കരാർ നേടിയത് സമീപകാലത്താണ്. 56,000 കോടി രൂപയുടെ ആസ്തിയുള്ള സ്ഥാപനത്തിനാണ് കേന്ദ്ര ഗവൺമെന്റ് 518 കോടി രൂപ വില നിശ്ചയിച്ചതെന്ന് നാം കാണണം. ഇത് ഒരു സാമ്പിൾ മാത്രമാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ സമാനമായ അനുഭവമാണ് മറ്റ് ഏതാണ്ട് എല്ലാ വ്യവസായ സ്ഥാപനങ്ങളുടേയും കാര്യത്തിലുള്ളത്. കാര്യക്ഷമതയുടെ കാര്യത്തിൽ ലോകത്തിൽ നാലാം സ്ഥാനം അലങ്കരിക്കുന്ന ഷിപ്പ്യാർഡാണ് കൊച്ചിൻ ഷിപ്പ്യാർഡ് എന്ന് നമുക്കറിയാം. ഇന്ത്യയിൽ ഒന്നാം സ്ഥാനമാണ് കൊച്ചിൻ ഷിപ്പ്യാർഡിനുള്ളത്. ആ ഷിപ്പ്യാർഡിനെയാണ് സ്വകാര്യവൽക്കരിക്കാനും തകർക്കാനും കേന്ദ്ര ഗവൺമെന്റ് മുൻകയ്യെടുക്കുന്നതെന്ന് നാം കാണണം. നമ്മുടെ രാജ്യത്തിന്റെ ആധാരം കേന്ദ്ര ഗവൺമെന്റിന്റെ കയ്യിലുണ്ടായിരുന്നെങ്കിൽ അതും പണയപ്പെടുത്തി വിറ്റുതുലയ്ക്കുമായിരുന്നു എന്നുവേണം ഈ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാൻ. ഇത്രമാത്രം രാജ്യത്തോട് ശത്രുതാപരമായ നിലപാട് സ്വീകരിക്കുന്ന ഒരു സമീപനം, നമ്മുടെ രാജ്യത്തെ ലോകത്തിന്റെ മുമ്പിൽ നാണം കെടുത്തുകയാണ്. എഫ്.എ.സി.ടി. കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഒന്നാണെന്ന് നമുക്കറിയാം. എഫ്.എ.സി.ടി.-യെ ഇപ്പോഴുള്ള പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടുത്തണമെങ്കിൽ വിപണിയിൽ ഉൽപ്പന്നത്തിന്റെ വില നിശ്ചയിക്കാനുള്ള അധികാരം ഒന്നുകിൽ

എഫ്.എ.സി.ടി.-ക്ക് കൊടുക്കണം; അല്ലെങ്കിൽ ഉൽപ്പാദന ചെലവിന് അനുസൃതമായി സബ്സിഡി ലഭിക്കണം. ചുരുങ്ങിയപക്ഷം നമ്മുടെ രാജ്യത്തെ ഇതര രാസവള നിർമ്മാണശാലകൾക്ക് ലഭിക്കുന്നതുപോലെ നിയന്ത്രിത വിലയിൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന പ്രകൃതി വാതകമോ, സബ്സിഡി നിരക്കിൽ ദ്രവീകൃത പ്രകൃതി വാതകമോ എഫ്.എ.സി.ടി.-ക്ക് ലഭിക്കേണ്ടതുണ്ട്. അങ്ങനെ ലഭിച്ചാൽ പ്രതിവർഷം ശരാശരി 250 കോടി രൂപയെങ്കിലും ലാഭമുണ്ടാക്കാൻ കഴിയുമെന്നാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ ഇത്തരത്തിൽ ഒരു നടപടിയും സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. എഫ്.എ.സി.ടി.-യെ രക്ഷപ്പെടുത്താൻ, പുനരുദ്ധരിക്കാൻ സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പ്രത്യേകമായ പദ്ധതിയുണ്ട്. പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണത്തിനു വേണ്ടി, എഫ്.എ.സി.ടി.-യുടെ കൈവശമുള്ള, ഇപ്പോൾ ഉപയോഗിക്കാത്ത 489 ഏക്കർ ഭൂമി ഏറ്റെടുക്കാനും അതുവഴി പെട്രോകെമിക്കൽ പാർക്ക് ആരംഭിക്കുകയും കൊച്ചി ബി.പി.സി.എൽ.-ന്റെ വിപുലീകരണം സാധ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് സംസ്ഥാന സർക്കാർ മുമ്പോട്ട് വച്ചത്. ഇതിന്റെ ധാരണാപത്രം സംസ്ഥാന സർക്കാരും എഫ്.എ.സി.ടി.-യും തമ്മിൽ 2017 ഡിസംബറിൽ ഒപ്പുവച്ചതാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഇതിന് ലഭിക്കേണ്ടതായിട്ടുണ്ട്. ഒടുവിലത്തെ കേന്ദ്ര മന്ത്രിസഭായോഗവും ഈ അജണ്ട ചർച്ച ചെയ്യാതെ മാറ്റിവയ്ക്കുകയാണുണ്ടായത്. കേന്ദ്രം എഫ്.എ.സി.ടി.-യെ കരകയറ്റുന്നതിനുവേണ്ടി അവർക്ക് ന്യായമായും ചെയ്യാവുന്ന സഹായങ്ങൾ ചെയ്യുന്നില്ലെന്നു മാത്രമല്ല, എഫ്.എ.സി.ടി.-യെ രക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവരുമ്പോൾ സംസ്ഥാനത്തെ അതിന് അനുവദിക്കാത്ത നിഷേധാത്മകമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. എച്ച്.എൽ.എൽ., ലൈഫ്കെയർ സംബന്ധിച്ച് നമുക്കറിയാം. അയ്യായിരത്തിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്ന പൊതുമേഖലാ സ്ഥാപനമാണ്. 15.5 കോടി രൂപ മുതൽമുടക്കിൽ ആരംഭിച്ച ഈ സ്ഥാപനം 1250 കോടി രൂപയുടെ വിറ്റുവരവുള്ള മിനിരത്ന കമ്പനിയായി മാറിയിരിക്കുകയാണ്. എച്ച്.എൽ.എൽ.-നെയും സ്വകാര്യവൽക്കരിക്കാനും ഓഹരി വിറ്റഴിക്കാനുമുള്ള നടപടികളാണ് നീതി ആയോഗിന്റെ തീരുമാനത്തിന്റെയും ശിപാർശയുടെയും പശ്ചാത്തലത്തിൽ കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ളത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ കാര്യം നമ്മുടെ മുമ്പിൽ ഉള്ളതാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുക്കാൻ കേരള ഗവൺമെന്റ് മുന്നോട്ട് വരുമ്പോഴും അതിനനുകൂലമായ സമീപനമല്ല കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ലേലത്തിൽ പങ്കെടുക്കുന്ന മറ്റ് മുതലാളിമാരോടൊപ്പം വേണമെങ്കിൽ സംസ്ഥാനവും

മത്സരിച്ചോട്ടെ എന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഈ രാജ്യത്ത്, ഒരു സംസ്ഥാന ഗവൺമെന്റിനെ ഒരു മുതലാളിക്ക് തുല്യമായി കണക്കാക്കുന്ന അങ്ങേയറ്റം അപലപിക്കേണ്ട സമീപ നമാണ് ഈ കാര്യങ്ങളിലെല്ലാം കേന്ദ്ര ഗവൺമെന്റ് വച്ചുപുലർത്തിയിട്ടുള്ളത്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിലെ അഭിമാനകരമായ പ്രവർത്തന ഭൂതകാലമുള്ള വ്യവസായ സ്ഥാപനങ്ങളെ, കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ രക്ഷിച്ചെടുക്കാൻ, അതിനെ സ്വകാര്യവൽക്കരണത്തിന്റെ പാതയിൽനിന്ന് പൊതുമേഖലയിൽത്തന്നെ നിലനിർത്താൻ സംസ്ഥാന സർക്കാരിന് എന്തു ചെയ്യാനാകും എന്നത് പ്രത്യേകമായി നമ്മൾ പരിശോധി ക്കേണ്ടതാണ്. മുമ്പ് ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇത്തരത്തിൽ ചില നീക്കങ്ങൾ ഉണ്ടായപ്പോൾ നമുക്കതിനെ പ്രതിരോധിക്കാൻ കഴിഞ്ഞു. ഈ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാകെ കേരളത്തിൽ ആരംഭിക്കാൻ സഹായകരമായത്, നമ്മുടെ ഗവൺമെന്റ് സൗജന്യമായി ഭൂമി വിട്ടുകൊടുത്തിട്ടുള്ളതിനാലാണ്. ഇപ്പോൾ എച്ച്.എൽ.എൽ. ഉൾപ്പെടെ ഇവിടെ പരാമർശിക്കപ്പെട്ട എല്ലാ സ്ഥാപനങ്ങളും സംസ്ഥാനം സൗജന്യമായി നൽകിയ ഭൂമിയിൽ കെട്ടിപ്പെടുത്തിട്ടുള്ള വ്യവസായശാലകളാണ്. അതിനെ സ്വകാര്യവൽ ക്കരിക്കാനുള്ള സമീപനം മുൻ ഗവൺമെന്റ് സ്വീകരിച്ച ഘട്ടത്തിൽ, എൽ.ഡി.എഫ്. ഗവൺമെന്റ് ആ ഭൂമിക്ക് മേലുള്ള ഉടമസ്ഥാവകാശം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുകയുണ്ടായി. അതിനെത്തുടർന്ന് അന്നത്തെ ചില സ്വകാര്യവൽക്കരണ നീക്കങ്ങൾ തൽക്കാല ത്തേക്ക് നിർത്തിവയ്ക്കേണ്ടി വന്നതായാണ് മനസ്സിലാകുന്നത്. ഇവിടെ ഈ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി സൂചിപ്പിക്കുന്നത്, സംസ്ഥാന സർക്കാരിന് ഈ ഭൂമിയിലുള്ള ഉടമസ്ഥാവകാശം തിരിച്ചു പിടിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ചാണ്. അതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചുകൊണ്ട് ഈ പൊതുമേഖലാ വ്യവസായങ്ങളുടെ അന്യായമായ സ്വകാര്യവൽക്കരണത്തിനേയും ഓഹരി വിറ്റഴിക്കലിനേയുമെല്ലാം നമുക്ക് ഒരു പരിധിവരെ ചെറുക്കാനാകുമോ എന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതായിട്ടുണ്ട്. ഏതായിരുന്നാലും സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായ പരിമിതാധികാരം ഉപയോഗിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഈ തെറ്റായ നടപടിയെ ചെറുക്കേണ്ടത് അത്യാവശ്യമാണ്, ചെറുക്കാനുള്ള പോംവഴികൾ എന്തൊക്കെയാണെന്ന് ആരായുമോ എന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി ചോദിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേന്ദ്ര സർക്കാരിന്റെ ഉദാരവൽക്കരണ നയത്തിന്റെ ഭാഗമായി നീതി ആയോഗിന്റെ ശിപാർശ പ്രകാരമാണ്, ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാനുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയെ മാത്രമല്ല, ജീവനക്കാരുടെ തൊഴിലിനെയും മറ്റ് അനുബന്ധ വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ നിലനിർത്തി മത്സരക്ഷമത ഉളവാക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവ ഏറ്റെടുക്കുന്നതിനും കാസർഗോഡുള്ള സംയുക്ത സംരംഭമായ B.H.E.L.-E.M.L.,-ന്റെ ഓഹരികളും ഏറ്റെടുക്കാനുള്ള നടപടികളുമായിട്ടാണ് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ (H.P.C.L.) സബ്സിഡിയറി യൂണിറ്റായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടികൾ ആരംഭിച്ചപ്പോൾത്തന്നെ സംസ്ഥാനം ശക്തമായ വിയോജിപ്പ് പ്രകടിപ്പിക്കുകയും ഈ കാര്യത്തിൽ കേരള നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുള്ളതും ഈ സ്ഥാപനം പൊതുമേഖലയിൽത്തന്നെ നിലനിർത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് പലതവണ കത്തുകളയച്ചിട്ടുള്ളതുമാണ്. വ്യാവസായിക വികസനത്തിനായിട്ടാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാനം ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുള്ളത്. ഭൂമി മാത്രമല്ല കമ്പനിയുടെ ഉൽപ്പാദനത്തിന് ആവശ്യമായിട്ടുള്ള അസംസ്കൃത വസ്തുക്കൾ, വെള്ളം, വൈദ്യുതി എന്നിവ വളരെ കുറഞ്ഞ നിരക്കിലാണ് സംസ്ഥാനം നൽകിവരുന്നത്. സംസ്ഥാന സർക്കാരിന് ഭൂമിയിലുള്ള അവകാശം കേന്ദ്ര സർക്കാരിനേയും എച്ച്.പി.സി.എൽ.-നേയും അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിലപാടിൽ ഒരു മാറ്റവും ഉണ്ടാകാത്ത സാഹചര്യമാണ് തുടരുന്നത്. അതുകൊണ്ടുതന്നെ എച്ച്.എൻ.എൽ.-ന്റെ ആസ്തി ഏറ്റെടുക്കാൻ സംസ്ഥാനം തയ്യാറാണെന്ന് കാണിച്ച് എച്ച്.എൻ.എൽ.-ന് കത്തയച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിനും ഇതുസംബന്ധിച്ച് കത്തയച്ചിരുന്നു. ഇതിനിടെ ഇതിന്റെ ഹോൾഡിംഗ് കമ്പനിയായിട്ടുള്ള ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന് ലിക്വിഡേഷൻ ഉത്തരവ് നാഷണൽ ലാ ട്രിബ്യൂണൽ പ്രഖ്യാപിക്കുകയാണുണ്ടായത്. സംസ്ഥാന സർക്കാർ നാഷണൽ ലാ ട്രിബ്യൂണലിനെ സമീപിച്ചെങ്കിലും സംസ്ഥാന സർക്കാർ അതിൽ

കക്ഷിയല്ലാത്തതുകൊണ്ട് നമ്മുടെ അപേക്ഷ പരിഗണിക്കാതെ ഒഫീഷ്യൽ ലിക്വിഡേറ്ററെ നിയമിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഇത് ഏറ്റെടുക്കുന്നതിനുള്ള നമ്മുടെ നടപടിക്ക് തിരിച്ചടിയായി. എച്ച്.എൻ.എൽ.-നെ ഏറ്റെടുക്കുന്നതിനായി എൻ.സി.എൽ.ടി.-യിൽ കേരള ഗവൺമെന്റ് വിശദമായ ഒരു പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിനുവേണ്ടി ഉദ്ദേശിക്കുകയാണ്. പദ്ധതിരേഖ തയ്യാറാക്കുന്നതിനുവേണ്ടി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ ഉത്തരവാകുകയും തുടർന്ന് ഇൻസ്ട്രുമെന്റേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇപ്പോൾ ഏറ്റെടുക്കൽ നടപടി അതിന്റെ അന്തിമഘട്ടത്തിലെത്തിയിട്ടുണ്ട്.

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാനത്തിന് വിട്ടുതരണമെങ്കിൽ കേരള സർക്കാർസൗജന്യമായി നൽകിയിട്ടുള്ള 123.12 ഏക്കർ ഭൂമിയുടെ വിലകൂടി ലഭ്യമാക്കണം എന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ നടപടികളുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മുടെ ചീഫ് സെക്രട്ടറിയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേന്ദ്ര ഖനവ്യവസായവകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും നമ്മുടെ സമീപനം അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. B.H.E.L., E.M.L. എന്ന സംയുക്ത സംരംഭത്തിൽ B.H.E.L.-ന് 51 ശതമാനം ഓഹരിയും കേരളത്തിന് 49 ശതമാനം ഓഹരിയുമാണ് കൈവശമുള്ളത്. ജെ.വി. (ജോയിന്റ് വെഞ്ചർ) എഗ്രിമെന്റിന്റെ രണ്ടാം ഖണ്ഡിക അനുസരിച്ച് B.H.E.L.-ന്റെ കൈവശമുള്ള ഓഹരികൾ സംസ്ഥാനം ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 12-6-2017-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഈ സംയുക്ത സംരംഭത്തിലെ B.H.E.L.-ന്റെ കൈവശമുള്ള ഓഹരികൾ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനമായി. ഇതുസംബന്ധിച്ച് നടന്ന നിരവധി ചർച്ചകൾക്കുശേഷം B.H.E.L.- E.M.L. ആസ്തി ബാദ്ധ്യതകൾ ബുക്ക് വാല്യൂ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് ഇടക്കാല തീരുമാനമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഒരു കരട് എഗ്രിമെന്റ് സെയിൽ ധനകാര്യവകുപ്പിന്റെയും നിയമവകുപ്പിന്റെയും സൂക്ഷ്മപരിശോധന കഴിഞ്ഞെങ്കിലും, ധനകാര്യ വകുപ്പ് ബാദ്ധ്യത സംബന്ധിച്ച വ്യവസ്ഥയിൽ ചില വ്യക്തത ആവശ്യപ്പെട്ടതിനാൽ അതുസംബന്ധിച്ച് 7-6-2019-ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിതന്നെ B.H.E.L. പ്രതിനിധികളുമായി ചർച്ച ചെയ്യുകയുണ്ടായി. രണ്ടുകൂട്ടർക്കും സ്വീകാര്യമായ രീതിയിൽ പ്രസ്തുത വ്യവസ്ഥ പുനഃക്രമീകരിച്ച് കരട് തയ്യാറാക്കിയിരിക്കുകയാണ്.

പ്രസ്തുത കാര്യത്തിൽ B.H.E.L.-ൽ ഡയറക്ടർ ബോർഡിന്റെയും കേന്ദ്ര വ്യവസായ വകുപ്പിന്റെയും അന്തിമ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അത് ലഭിച്ചാലുടൻ ഈ കാര്യത്തിലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഈ സംരംഭത്തിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സംസ്ഥാന സർക്കാർ വലിയ സാമ്പത്തിക ബാദ്ധ്യതയാണ് ഇപ്പോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. കെ.എം.എം.എൽ.-ൽനിന്ന് വായ്പയായി 5 കോടി രൂപയും പ്രവർത്തന മൂലധനമായി ഗവൺമെന്റ് 1.5 കോടി രൂപയും നൽകിയിട്ടുണ്ട്. പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തന്ത്രപ്രധാനമായ സ്ഥാപനമാണ് B.E.M.L. അതിന്റെ 26 ശതമാനം ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരുന്നു. പാലക്കാട് ജില്ലയിൽ ഈ സ്ഥാപനത്തിന് 374 ഏക്കർ സ്ഥലം കേരള സർക്കാർ നൽകിയിട്ടുണ്ട്. ഈ സ്ഥാപനം വിറ്റഴിക്കുന്നതിനുള്ള തീരുമാനം പുനരവലോകനം ചെയ്ത് പൊതുമേഖലാ സ്ഥാപനമായി നിലനിർത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച കാര്യങ്ങൾ നടന്നുവരികയാണ്.

മറ്റൊന്ന് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെക്കുറിച്ചാണ്. ഇത് മിനിരത്ന വിഭാഗത്തിൽപ്പെടുന്ന ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. പിന്നീട് അത് നാമകരണം ചെയ്തത് എച്ച്.എൽ.എൽ.ലൈഫ് കെയർ (ഹിന്ദുസ്ഥാൻ ലാറ്റക്സ്) എന്നാണ്. കമ്പനിയുടെ സകാര്യവത്ക്കരണത്തിനെതിരെ ഹൈക്കോടതി മുമ്പാകെ ഒരു കേസ് ഫയൽ ചെയ്തിരുന്നു. ആ കേസിന്റെ 16-10-2018-ലെ വിധിന്യായത്തിൽ ഇത്തരമൊരു തീരുമാനത്തിൽ കോടതിക്ക് ഇടപെടാൻ കഴിയില്ല എന്ന് അറിയിച്ചിരിക്കുകയാണ്. ഇതിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാരിന്റെ മുമ്പിലുണ്ട്. അതിൽ അന്തിമ തീരുമാനമായിട്ടില്ല. എന്നാൽ ഇത് വിറ്റഴിക്കുന്നതിനെതിരായ നിലപാട് സംസ്ഥാന ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

ഇവിടെ F.A.C.T.-യുടെ കാര്യം ചൂണ്ടിക്കാണിച്ചു. കൊച്ചിയിലെ അമ്പലമുകളിൽ 481 ഏക്കർ ഭൂമിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പും F.A.C.T.-യും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ ഭൂമി കൈമാറുന്നത് സംബന്ധിച്ച് കേന്ദ്ര ക്യാബിനറ്റ് തീരുമാനം ഉണ്ടാകണം. എന്നാൽ ആ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. അതിനുള്ള ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിലൂടെ സാമ്പത്തിക സമാഹരണമാണ് കേന്ദ്രം ലക്ഷ്യമിടുന്നത്. കേരളത്തിന്റെ സ്ഥാപനങ്ങൾ

നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമൂലമോ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതുകൊണ്ടോ അല്ല കേന്ദ്രം ഈ നയം സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ടുപോകാതിരിക്കാനും തൊഴിൽ സംരക്ഷണത്തിനും സംസ്ഥാനത്തിന്റെ മൊത്തം വളർച്ചയ്ക്കും വേണ്ടിയാണ് പ്രസ്തുത സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി സംരക്ഷിക്കാനുള്ള ബദൽ വികസന നടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ ഈ നയത്തിന്റെ ഭാഗമായി രാജ്യത്തെ വിമാനത്താവളങ്ങളും സ്വകാര്യവൽക്കരിക്കുന്ന നടപടി നടന്നു വരികയാണ്. ഇത്തരത്തിലാണ് തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നത്. അത് കേരളത്തിന് വിട്ടുനൽകണമെന്ന് നാം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. പക്ഷേ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് പറഞ്ഞത് ബിഡ്ഡിൽ പങ്കെടുക്കാനാണ്. കെ.എസ്.ഐ.ഡി.സി. ബിഡ്ഡിൽ പങ്കെടുത്തു. എങ്കിലും നാം ക്വാട്ട് ചെയ്തതിനേക്കാൾ ചെറിയ ശതമാനം വർദ്ധിപ്പിച്ച് സ്വകാര്യ കമ്പനി കൊടുത്തു. ആ സ്വകാര്യ കമ്പനിക്ക് കൊടുക്കുന്നതിനുള്ള നീക്കമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെയും ഇത്തരം ഒരു പൊതുമേഖലാ സ്ഥാപനത്തിനുള്ള ഭൂമി സംസ്ഥാന ഗവൺമെന്റ് നൽകിയിട്ടുള്ളതാണ്. നമുക്കുകൂടി അവകാശപ്പെട്ട ഭൂമി സ്വകാര്യവൽക്കരിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്നും പിന്മാറണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തുകളിലൂടെയും കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിച്ചും ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം എയർപോർട്ട് ഒരുതരത്തിലും സ്വകാര്യവൽക്കരിക്കാൻ പറ്റില്ലായെന്ന നിലപാടാണ് ഗവൺമെന്റിനുള്ളത്. കേരളത്തിലെ ജനങ്ങളാകെ ചിന്തിക്കുന്നതും അത്തര ത്തിലാണ്. തീർച്ചയായും അത് സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അതുപോലെതന്നെ കൊച്ചിൻ ഷിപ്പ്യാർഡിന്റെ കാര്യത്തിലും കേന്ദ്ര ഗവൺമെന്റ് സ്വകാര്യവൽക്കരണ നയമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കൊച്ചിൻ ഷിപ്പ്യാർഡിൽ സ്വകാര്യമൂലധനം വർദ്ധിപ്പിച്ചുകൊണ്ട് സ്വകാര്യ കമ്പനികളെ, കോർപ്പറേറ്റുകളെ ഏൽപ്പിക്കാനുള്ള നീക്കമാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കാനുള്ള സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക്

അടിസ്ഥാന കാരണം കേരള സർക്കാർ ഈ വ്യവസായങ്ങൾ ആരംഭിക്കുന്ന കാലഘട്ടത്തിൽ, അതിനാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളായ ഭൂമിയും ന്യൂസ് പ്രിന്റ് ഫാക്ടറിക്ക് ആവശ്യമുള്ള എല്ലാ അസംസ്കൃത വസ്തുക്കളും ഭൂമിയും നമ്മൾ കൊടുത്തതാണ്. നാം കൊടുത്ത് ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ പൊതുമേഖലാ വ്യവസായങ്ങൾ ഒരുതരത്തിലും സ്വകാര്യവൽക്കരിക്കരുത്. അവ കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്കും സാമ്പത്തിക വളർച്ചയ്ക്കും തൊഴിൽ രംഗത്തും ഒരു പ്രധാനപ്പെട്ട ഘടകമാണ് എന്നുള്ളതുകൊണ്ട് ഇത്തരമൊരു നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇവ സംരക്ഷിക്കാനുള്ള ശക്തമായ നീക്കമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, മുമ്പ് ഏതാണ്ട് ഇതേ ഉള്ളടക്കമുള്ള ഒരു ശ്രദ്ധക്ഷണിക്കൽ ഇവിടെ ചർച്ച ചെയ്തതാണ്. രാജ്യത്തിന്റെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെയാകെ വിറ്റുതുലയ്ക്കാനുള്ള നീക്കവുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ വ്യത്യസ്തമായ സന്ദേശം രാജ്യത്തിന് നൽകുന്നതിന്റെകൂടി ഭാഗമായി കേരളത്തിന്റെ വിഭവങ്ങളെയും സാദ്ധ്യതകളെയും ഉപയോഗപ്പെടുത്തി, നമ്മുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ടാണെങ്കിലും കേരളത്തിൽ പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായി ആരംഭിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. ആ ദിശയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നുണ്ടോ? സംസ്ഥാനത്തിന്റെ സ്വത്തായി പുതിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ നല്ലതുപോലെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. പൊതുമേഖലകൾക്ക് മുഖ്യപ്രാധാന്യം നൽകുന്നതോടൊപ്പം സ്വകാര്യ നിക്ഷേപം ഇന്നത്തെ കാലഘട്ടത്തിൽ കേരളത്തിന്റെ വ്യാവസായിക അഭിവൃദ്ധിക്ക് അനിവാര്യ ഘടകവുമാണ്. അതുകൊണ്ട് സ്വകാര്യ നിക്ഷേപകരെയും പ്രോത്സാഹിപ്പിച്ചുകൊണ്ട്, ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സാദ്ധ്യതകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തുക, വൻകിട വ്യവസായങ്ങൾക്കുള്ള സാദ്ധ്യതകളെ നല്ലതുപോലെ പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്ന സമീപനം സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം പ്രത്യേകം അറിയിക്കുകയാണ്.

## (2) ചിങ്ങവനം സ്പോർട്സ് ആന്റ് റിസർച്ച് സെന്റർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇപ്പോൾ പറഞ്ഞ് അവസാനിപ്പിച്ചിടത്തുനിന്ന് ഞാൻ ആരംഭിക്കാം. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളാണ് അങ്ങ് ഇപ്പോൾ കേരള ഗവൺമെന്റിന്റെ നിർദ്ദേശങ്ങളായി വച്ചിരിക്കുന്നത്. ഞാൻ അതിന്റെ ഒരു പടി കൂടി താഴെ നിൽക്കുകയാണ്. സംസ്ഥാനത്തെ ജനങ്ങൾക്കും നമ്മുടെ കായിക രംഗത്തും സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കുറേയധികം കാര്യങ്ങളുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ പശ്ചാത്തലത്തിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കണമെന്നുള്ളത് അന്നത്തെ ഒരു പൊതു ആവശ്യമായി വന്നതാണ്. 162 മെഡലുകളോടെ കേരളം മറ്റ് 28 സംസ്ഥാനങ്ങളേക്കാൾ മുൻപന്തിയിൽ വന്നു. സർവ്വീസ് ടീമിനേക്കാൾ മുന്നിലാണ് നമ്മൾ വന്നത്. 54 സ്വർണ്ണ മെഡലും നമ്മൾ അന്ന് സമ്പാദിച്ചതാണ്. ദേശീയ ഗെയിംസിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രകടനമാണ് അന്ന് കേരള സംസ്ഥാനം നടത്തിയത് എന്നുള്ളത് അഭിമാനത്തോടുകൂടി ഞാൻ അനുസ്മരിക്കുകയാണ്. ഐ.ഐ.ടി. മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ശ്രീമതി പി. ടി. ഉഷ ചെയർപേഴ്സണും കേന്ദ്ര സ്പോർട്സ് സെക്രട്ടറി ജി. എസ്. റ്റി. അയ്യങ്കാർ അംഗവും കേരള സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായ ദ്രോണാചാര്യ ജേതാവ് ശ്രീ. സണ്ണി തോമസ് മെമ്പർ സെക്രട്ടറിയുമായി ഒരു കമ്മിറ്റിയെ അന്ന് ഗവൺമെന്റ് നിയോഗിക്കുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആൻഡ് അപ്ലൈഡ് റിസർച്ച് കേരള, ISPARK ആരംഭിക്കുന്നതിനുവേണ്ടി അന്ന് ആ കമ്മിറ്റി ശിപാർശ ചെയ്തു. അതിന്റെ പ്രധാനപ്പെട്ട ഉദ്ദേശങ്ങളിലൊന്ന് മികച്ച കായിക താരങ്ങൾക്ക് സ്പോർട്സ് സയൻസിന്റെ സഹായത്തോടുകൂടി അവരുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനും അന്തർദ്ദേശീയ നിലവാരത്തിൽ പരിശീലനം കൊടുക്കുന്നതിന് കേരളത്തെ സജ്ജരാക്കുന്നതിനും വേണ്ടിയുള്ളതായിരുന്നു. സ്പോർട്സ് സയൻസിന്റെ വിവിധ മേഖലകളായ സ്പോർട്സ് സൈക്കോളജി, സ്പോർട്സ് മെഡിസിൻ, സ്പോർട്സ് ന്യൂട്രീഷൻ, പെർഫോമൻസ് അനാലിസിസ് തുടങ്ങിയ മേഖലകളിൽ അക്കാദമിക് കോഴ്സുകൾ തുടങ്ങി സ്പോർട്സിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തുക എന്നുള്ളതായിരുന്നു നമ്മുടെ ഉദ്ദേശം. ഈ റിപ്പോർട്ട് 2015 ഡിസംബർ മാസത്തിൽ അന്നത്തെ മന്ത്രിസഭ അംഗീകരിച്ചതാണ്. കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് അതുവരെ സ്വകാര്യവ്യക്തിയുടെ കയ്യിലുണ്ടായിരുന്ന പതിനൊന്നര ഏക്കർ സ്ഥലം കേരള ഗവൺമെന്റ് തിരിച്ചെടുത്തു. അതിന് ശേഷം സ്പോർട്സ് ഡിപ്പാർട്ടുമെന്റിനെ ആ സ്ഥലം ഏൽപ്പിക്കുകയുണ്ടായി. ISPARK നിർമ്മിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനു വേണ്ടിയാണ് ആ നടപടികളൊക്കെ എടുത്തത്. ഇതിന്റെ പ്രാഥമിക നടപടികൾക്കു

വേണ്ടി ഒരു ഡയറക്ടർ, രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ, ഒരു അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകൾ ഗവൺമെന്റ് അന്ന് രൂപീകരിച്ചു. പ്രാഥമിക ചെലവുകൾക്കായി അതിന്റെ നടപടിക്രമങ്ങളും അന്ന് ഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. ലോകത്തെ ഏറ്റവും മികച്ച സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഖ്യാതിയുള്ള ഓസ്ട്രേലിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സുമായി പങ്കാളിത്തമുള്ള ഒരു കരാർ ഒപ്പിടുന്ന ഘട്ടംവരെ നമ്മൾ മുന്നോട്ട് പോയതാണ്. കേരളത്തിലെ കായിക താരങ്ങൾ അന്തർദ്ദേശീയ രംഗത്ത് വളരെ പ്രശസ്തി ആർജ്ജിച്ചിട്ടുള്ള ആളുകളാണ്; പ്രത്യേകിച്ച് നമ്മുടെ വനിതാ കായിക താരങ്ങൾ. അവർ ഇന്ത്യക്കുവേണ്ടി ഏറ്റവും കൂടുതൽ സ്വർണ്ണവേട്ട നടത്തിക്കൊണ്ടിരിക്കുന്നവരാണ്. അവരിൽ പ്രമുഖരായിട്ടുള്ളവരുടെ പേരുകൾ ഞാൻ പറയുന്നില്ല. ഒളിമ്പിക്സ് യോഗ്യതയുടെ അടുത്തുവരെ വന്നെത്തിയിട്ടുള്ള ആളുകളുണ്ട് കേരളത്തിൽ. ദേശീയ ഗെയിംസിൽ ആറ് സ്വർണ്ണ മെഡൽ നമ്മുടെ രാജ്യത്തിനുവേണ്ടി നേടിയ സജൻ പ്രകാശിനെ ഞാൻ ഇപ്പോഴും ഓർക്കുകയാണ്. അങ്ങനെ എത്രയോ ആളുകൾ, അറിയപ്പെട്ടവരും അറിയപ്പെടാത്തവരുമായ നിരവധിയാളുകളുണ്ട്. കേരളത്തിലെ സ്പോർട്സ് താരങ്ങളെല്ലാം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. അവരെയെല്ലാം കൂടുതൽ ജോലി സാധ്യതയും കൂടുതൽ ശമ്പളവും കൊടുത്ത് മറ്റ് ടീമുകൾ കൊണ്ടുപോകുകയാണ്. കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈയൊരു മാറ്റം നമുക്ക് തടഞ്ഞു നിർത്തണം. അവർക്ക് ആവശ്യമായിട്ടുള്ള പരിശീലനമാണ് ഏറ്റവും പരമപ്രധാനമായിട്ടുള്ളത്. ലോകത്തെ അതിപ്രശസ്തരായിട്ടുള്ള കായികതാരങ്ങളെ സൃഷ്ടിച്ചെടുക്കുന്നതിന് പറ്റിയ ഒരന്തരീക്ഷം കേരളത്തിലുണ്ട്. കേരളം അത് പൂർണ്ണമായും പ്രയോജനപ്പെടുത്തണം. നമുക്കുവേണ്ടി സ്വർണ്ണ മെഡൽ വാങ്ങിയിട്ടുള്ള, നമ്മുടെ അഭിമാനം ഉയർത്തുന്നതിനുവേണ്ടി ശ്രമിച്ചിട്ടുള്ള ഒട്ടനവധിയാളുകളെക്കുറിച്ച് ഈ കേരളം ചർച്ച ചെയ്തിട്ടുണ്ട്. കായിക പ്രേമികളായിട്ടുള്ള കോടാനുകോടി മലയാളികളുടെ താല്പര്യങ്ങൾകൂടി പരിരക്ഷിക്കുന്നതിനുവേണ്ടി ദേശീയ-അന്തർദ്ദേശീയ നിലവാരത്തിലുള്ള നല്ല പരിശീലനം നമ്മുടെ കുട്ടികൾക്ക് കൊടുക്കുകയും അവരെ അതിപ്രശസ്തരായി കൊണ്ടുവന്ന് ഇന്നും സ്വപ്നം മാത്രമായി അവശേഷിച്ചിരിക്കുന്ന ഒളിമ്പിക്സിലെ ഒരു സ്വർണ്ണ മെഡൽ നേടത്തക്കവിധത്തിൽ അവരെ നമുക്ക് കരുപ്പിടിപ്പിച്ചു കൊണ്ടുവരാൻ നിശ്ചയമായും ഈ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. അങ്ങയുടെ നേതൃത്വത്തിൽ ഈ വിഷയത്തിൽ കുറേകാര്യങ്ങൾ ചെയ്യാൻ കഴിയും എന്നുള്ളതാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഇതിന് മുൻഗണന കൊടുക്കണം. എങ്കിൽ മാത്രമേ അടുത്ത ഒളിമ്പിക്സിലേയ്ക്കെങ്കിലും നമ്മുടെയാളുകളെ പ്രാപ്തരാക്കാൻ കഴിയൂ. അതിനുവേണ്ടി മലയാളികളുടെ അഭിമാനം ഉയർത്തത്തക്ക വിധത്തിൽ അങ്ങ് പ്രവർത്തിക്കണം എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, അങ്ങ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ഊന്നൽ നൽകിയിട്ടുള്ള വിഷയത്തെക്കുറിച്ചല്ല ഇവിടെ കൂടുതൽ കാര്യങ്ങളും സംസാരിച്ചത്. കായിക രംഗത്ത് മുന്തിയ പരിഗണന നൽകിക്കൊണ്ടാണ് കായികവകുപ്പ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതിന് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധം കേരളം നിറയെ കളിക്കളങ്ങൾ സൃഷ്ടിച്ചുകൊണ്ട് എല്ലാ കായിക വിനോദങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് കായികവകുപ്പ് സ്വീകരിച്ചുവരുന്നത്. സ്റ്റേഡിയങ്ങൾ, മൾട്ടി പർപ്പസ് സ്റ്റേഡിയങ്ങൾ, ജില്ലാ സ്റ്റേഡിയങ്ങൾ ഒക്കെ നിർമ്മിക്കുന്നതിനുവേണ്ടി 700 കോടി രൂപ പ്രത്യേകമായി മാറ്റിവച്ചു. ഇപ്പോൾ അതിന്റെ ടെണ്ടറുകളും പ്രവൃത്തികളും കേരളത്തിലുടനീളം നടന്നു വരികയാണ്. ഇതിനുപുറമേ കായിക രംഗത്തെ പ്രോത്സാഹിപ്പിക്കാൻ സ്വകാര്യ വ്യക്തികളെയും സ്ഥാപനങ്ങളെയുംകൂടി ഉൾപ്പെടുത്തുന്നതുകൊണ്ട് കേരളത്തിൽ ഒട്ടനവധി പുതിയ സ്ഥാപനങ്ങൾ രൂപംകൊള്ളുകയാണ്. ബാഡ്മിന്റൺ, വോളിബോൾ തുടങ്ങിയവയുള്ള നിരവധി കളിക്കളങ്ങൾ സ്വകാര്യ വ്യക്തികൾതന്നെ തയ്യാറാക്കി ആകർഷകമായ നിലയിൽ പരിരക്ഷിച്ച് ഇന്ന് കേരളത്തിന്റെ കായിക രംഗത്ത് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കേരളത്തിൽ ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം കുട്ടികൾക്കും യുവതീ-യുവാക്കൾക്കുമൊക്കെ നീന്തൽ പരിശീലനം നൽകാൻ കഴിയത്തക്ക വിധത്തിൽ നീന്തൽ കുളങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഈ രംഗത്ത് നല്ലതുപോലെ പരിശീലനം കൊടുത്തു കൊണ്ടിരിക്കുകയാണ്. 2020-24-ലെ ലോക ഒളിമ്പിക്സിനെ ആശ്രയിച്ചുകൊണ്ട് കേരളത്തിന് ലോക രംഗത്ത് ഒരു സ്ഥാനം പിടിച്ചെടുക്കാൻ കഴിയണമെന്നുള്ള നിലയിൽ 11 പ്രത്യേക കായിക ഇനങ്ങൾ കണ്ടെത്തി വിവിധ ജില്ലകളിൽ പരിശീലനം കൊടുക്കുന്നതിനുവേണ്ടി എല്ലാ തരത്തിലുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. ഓരോ ഇനവും പ്രത്യേകമായി തെരഞ്ഞെടുത്ത് ദേശീയ-അന്തർദ്ദേശീയ നിലവാരത്തിലുള്ള കോച്ചുകളെ നിയോഗിച്ച് പരിശീലനം കൊടുത്തുതന്നെയാണ് ഈ പ്രവർത്തനങ്ങളെല്ലാം സംഘടിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഇവിടെ അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന കാര്യം കോട്ടയം ചിങ്ങവനത്ത് പാട്യാല മോഡലിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിനുവേണ്ടി 11.25 ഏക്കർ സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ചുള്ള നടപടികളെക്കുറിച്ചാണ്. കായിക രംഗത്ത് വിവിധ ഇനങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പ്രധാനമായും ഉന്നയിച്ചിട്ടുള്ള

പ്രശ്നത്തോടനുബന്ധമായി മറ്റ് കായിക വിനോദങ്ങളെയും അതിൽ അവാർഡ് നേടിയിട്ടുള്ളവരെയുമെല്ലാം സൂചിപ്പിച്ചുവെന്നേയുള്ളൂ. കേരളം കായിക രംഗത്ത് മെച്ചപ്പെട്ട ഒരു സംസ്ഥാനമായി ഉയർന്നുവന്നിരിക്കുകയാണ്. ഇന്ത്യയിലെ തന്നെ മൂന്നുനാല് സംസ്ഥാനങ്ങളെടുത്താൽ അതിൽ ഒരു സ്ഥാനം പിടിക്കത്തക്ക നിലയിൽ ഇപ്പോൾ കേരളം എത്തിയിട്ടുണ്ട്. ഇത് പോരാ. ഇതിൽനിന്നും കൂടുതൽ നമുക്ക് ഉയർന്നുവരാൻ കഴിയണം. അതിനുവേണ്ടി വ്യത്യസ്തമായ മേഖലകൾ സൃഷ്ടിക്കണം. ഇപ്പോൾ വനിതകൾക്കുവേണ്ടി പ്രത്യേകമായി ഫുട്ബോൾ, ക്രിക്കറ്റ് എന്നീ ഇനങ്ങളിൽ കായിക പരിശീലനങ്ങൾ നൽകുന്നുണ്ട്. ഇനി വരാൻ പോകുന്ന കാര്യം ബീച്ച് ഗെയിംസാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ മുഴുവൻ കായിക പ്രചോദനം കൊടുക്കാൻ കഴിയത്തക്കവിധമുള്ള നടപടികൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെയെല്ലാമുള്ള കാര്യങ്ങൾ തീർച്ചയായിട്ടും ഉണ്ടാകും. അതിനെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമുള്ള എല്ലാ നടപടികളും സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചൂണ്ടി ക്കാണിച്ചിട്ടുള്ള കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ടെസിൽ കെമിക്കൽസിന്റെ ഭൂമി സർക്കാർ പാട്ടത്തിന് കൊടുത്തിട്ടുള്ളതാണ്. 11.25 ഏക്കർ ഭൂമി എല്ലാ ചമയങ്ങളുമടക്കം നിരുപാധികം നഷ്ടപരിഹാരം കൂടാതെ സർക്കാരിലേയ്ക്ക് തിരികെ എടുത്ത് ലാൻഡ് ബാങ്കിൽ ചേർക്കാനും ആ ഭൂമിയിൽ ആവശ്യമായ സ്ഥലം സ്പോർട്സ് കോളേജിന് അനുവദിക്കാനും 20-3-2015-ൽ സർക്കാർ ഉത്തരവായി. സർക്കാർ ഉത്തരവ് (എംഎസ്.)117/2015/റവന്യൂവിന്റെ ഭാഗമായി സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പ്രസ്തുത കോളേജിന്റെ സ്പെഷ്യൽ ഓഫീസർ ചുമതല ഏറ്റെടുത്തു. അന്നത്തെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയാണ് ആ ചുമതല നൽകിയത്. സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യ മായിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങളും അതിന്റെ ചെലവുകളുമെല്ലാം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർവ്വഹിക്കണം എന്നും പൊതുവായി തീരുമാനിച്ചിരുന്നു. 2-2-2016-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്പോർട്സ് കോളേജ് ആരംഭിക്കു ന്നതിന് ലഭിച്ച 11.25 ഏക്കർ ഭൂമിയിൽ സ്പോർട്സ് കോളേജിന് പകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആൻഡ് അപ്ലൈഡ് റിസർച്ച് കേരള (ISPARK) എന്ന സ്ഥാപനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രാരംഭ ഘട്ടമെന്ന നിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും രണ്ട് അസിസ്റ്റന്റ് തസ്തികകളും ഉൾപ്പെടെ അഞ്ച് തസ്തികകളും

സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഏതാണ്ട് മൂന്ന് പ്രീ-ഫാബ്രിക് യൂണിറ്റുകൾ പ്രവർത്തനക്ഷമമായി സ്ഥാപിച്ചിട്ടുണ്ട്. ISPARK സ്ഥാപിക്കുന്നതിനായി റൈറ്റ് ടു ഫെയർ കോംപൻസേഷൻ ആൻഡ് ട്രാൻസ്പരൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീ-സെറ്റിൽമെന്റ് ആക്ട്, 2013 പ്രകാരം കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ 646/9, 646/12, 643, 646/1234, 646/10, 646/11, 646/13 എന്നീ സർവ്വേ നമ്പറുകളിലുള്ള 235.04 ആർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 2-6-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ. (ആർ.റ്റി) നമ്പർ.2484/16 ആർ.ഡി. പ്രകാരം പൊന്നുംവില നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ അപേക്ഷകളുംമറ്റും സമർപ്പിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരികയാണ്. മാത്രമല്ല മേൽ പ്രവർത്തനങ്ങളെല്ലാം വേഗത്തിൽ നിർവ്വഹിക്കാനും കഴിയുന്നത്രവേഗം കായിക രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ പ്രോത്സാഹിപ്പിക്കാനും കഴിയത്തക്ക നിലയിൽ ISPARK-ന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയെടുക്കുന്നതിനുവേണ്ടി സ്പോർട്സ് ഡയറക്ടറെ പ്രത്യേകമായി ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുകയാണ്. സ്പോർട്സ് ഡയറക്ടർ ആ ചുമതല അടിയന്തരമായി നിർവ്വഹിക്കും. ഒരാശങ്കയ്ക്കും ഇടവേണ്ട. ഈ സ്ഥാപനം അടിയന്തരമായി നിർമ്മിക്കാനും അതിനാവശ്യമുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് സന്നദ്ധമാണെന്ന് അറിയിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങിവിടെ പറഞ്ഞ സദുദ്ദേശത്തെ ഞാൻ പൂർണ്ണമായി അംഗീകരിക്കുകയാണ്. നമുക്ക് ഒരു ടൈം കൺസ്ട്രെയ്ൻ ഉണ്ട്. അത് അങ്ങിവിടെ സൂചിപ്പിച്ച ഉത്തരത്തിനകത്തുതന്നെയുണ്ട്. വരാൻ പോകുന്ന ഒളിമ്പിക്സിലേയ്ക്ക് നമ്മുടെ കുട്ടികളെ പ്രാപ്തരാക്കത്തക്കവിധത്തിലുള്ള ഒരു മുന്നൊരുക്കം നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഈ ISPARK-നെക്കുറിച്ച് അങ്ങും വിവക്ഷിക്കുന്നത് എന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതുകൊണ്ട് 2020-21-ന് മുമ്പ് ഒരു റിസൾട്ട് ഉണ്ടാകത്തക്കവിധത്തിൽ അതിവേഗത്തിൽ ഇക്കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, നിങ്ങളുടെ കാലത്തെപ്പോലെ സ്ലോയിലായിരിക്കില്ല, നിശ്ചയിക്കുന്ന കാര്യം അതിവേഗത്തിൽ നീങ്ങും. കാര്യങ്ങൾ നിശ്ചിത സമയത്ത് പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനനുസരിച്ചുള്ള പ്ലാനും ഇടപെടലും കേരളത്തിലാകെയുണ്ട്. ബഹുമാനപ്പെട്ട അംഗം ഒരുതരത്തിലും ശങ്കിക്കേണ്ടതില്ല, നടപടികളുണ്ടാകും.

# IV സബ്മിഷൻ

## (1) മുടക്കുഴ ഖാദി സ്പിന്നിംഗ് സെന്റർ

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുടക്കുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഖാദി ബോർഡിന്റെ കീഴിലുള്ള ഖാദി സ്പിന്നിംഗ് സെന്ററിന്റെ ശോചനീയാവസ്ഥ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഈ സബ്മിഷൻ. 38 വർഷം മുമ്പ് 1981-ൽ അന്നത്തെ ഖാദി ബോർഡ് ചെയർമാൻ ശ്രീ. എ. എം. തോമസ് ഉദ്ഘാടനം ചെയ്ത മുസ്സിൻ ഖാദി യൂണിറ്റ് 50 സെന്റ് സ്ഥലത്താണ് പ്രവർത്തിക്കുന്നത്. തുടർന്ന് 1983-ൽ അന്നത്തെ എം.എൽ.എ.-യും മുൻ സ്പീക്കറുമായിരുന്ന ബഹുമാന്യനായ പി. പി. തങ്കച്ചൻ അന്ന് ഖാദി നെയ്ത്തു കേന്ദ്രത്തിന്റെ ഉദ്ഘാടനംകൂടി നിർവ്വഹിച്ചു. 50-ഓളം ആളുകൾ ജോലി ചെയ്ത ഈ സ്ഥാപനത്തിൽ ഇന്ന് കേവലം 13 പേർമാത്രമേയുള്ളു. കഴിഞ്ഞ അഞ്ച് വർഷമായി ഇവിടത്തെ ഖാദി നെയ്ത്തു കേന്ദ്രം പ്രവർത്തിക്കുന്നില്ല. ഇവിടെ നമ്പർ നൂറ് ഇനത്തിൽപ്പെട്ട ഖാദി തുണിക്കുള്ള നൂലാണ് ഉത്പാദിപ്പിക്കുന്നത്. ഇവിടെ പത്ത് തറിയുണ്ടായിരുന്നു, ഇപ്പോൾ അതൊന്നും പ്രവർത്തിക്കുന്നില്ല. ഒരു ബണ്ടിൽ നൂൽ ഏകദേശം പത്ത് കയ്യാണ്. മാക്സിമം ഒരാൾ ചെയ്യുന്നത് 20 മുതൽ 25 ബണ്ടിലാണ്. അത്തരത്തിൽ ഒരു തൊഴിലാളിക്ക് ഒരു മാസം കിട്ടുന്നത് മാക്സിമം 1200 രൂപയാണ്. ഇതുമാത്രമല്ല കെട്ടിടത്തിന്റെ അവസ്ഥ വളരെ മോശ പ്പെട്ടതുമാണ്. ചുറ്റുമതിലില്ലാത്ത കെട്ടിടം പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. ഈ സ്ഥാപനം പുനരുദ്ധരിക്കാനും അടിസ്ഥാനപരമായ സൗകര്യങ്ങൾ നൽകാനും തൊഴിലാളികൾ കൂടുതലായി വരാനുമൊക്കെയുള്ള സൗകര്യമുണ്ടാകണം. അവർക്ക് തൊഴിലുറപ്പ് പദ്ധതിക്കുപോലും പോകാൻ പറ്റുന്നില്ല. ഗവൺമെന്റ് സ്ഥാപനമായതുകൊണ്ട് അവർ പിടിച്ചുനിൽക്കുകയാണ്. ഇവർക്ക് കൂടുതൽ ശമ്പളം കൊടുക്കാനും ഈ സ്ഥാപനം പുതുക്കി പണിയാനും കൂടുതൽ ഭംഗിയായ രീതിയിൽ ഖാദി മേഖലയെ പുനരുദ്ധരിക്കാനുംവേണ്ട നടപടികൾ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ നിയോജകമണ്ഡല ത്തിൽപ്പെട്ട മുടക്കുഴ പഞ്ചായത്തിന്റെ പരിധിയിൽവരുന്ന ഏകദേശം അര ഏക്കറോളം വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ചുണ്ടക്കുഴി ഖാദി ഉൽപ്പാദന കേന്ദ്രം 1983-ലാണ് പ്രവർത്തനമാരംഭിച്ചത്. അക്കാലത്ത് ഈ ഖാദി നൂൽ ഉൽപ്പന്ന ത്തിനും അതിന്റെ വിപണനത്തിനുമൊക്കെ നല്ല സാധ്യതകളുണ്ടായിരുന്നു.

അതനുസരിച്ച് ആരംഭകാലത്ത്, നൂൽ നൂൽപ്പും നെയ്ത്തും ഉണ്ടായിരുന്നു. നെയ്ത്തുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുവേണ്ടിയുള്ള ഗ്രാമശിൽപ, ഗ്രാമശിൽപ്പയെന്ന് പറയുന്നത് ഖാദി യൂണിറ്റിനോട് ചേർന്നുതന്നെ അവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുവേണ്ടിയുള്ള കേന്ദ്രമാണ്. ഇവ ഫലപ്രദമായി പ്രവർത്തിച്ചിരുന്നു. എന്നാൽ പിന്നീട് ഖാദി രംഗത്തും ഉൽപ്പാദന മേഖലയിലുമെല്ലാം പ്രശ്നങ്ങൾ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഖാദി തൊഴിലാളികൾക്ക് വളരെ തുച്ഛമായ കൂലിയാണ് ലഭിക്കുന്നത്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലിപോലും യഥാർത്ഥത്തിൽ ഖാദി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അവരുടെ ശമ്പള പരിഷ്കരണവുംമറ്റും നടപ്പിലാക്കേണ്ടതുണ്ട്. അതിനനുസരിച്ചുള്ള സ്ഥിതിയല്ല ഇപ്പോഴുള്ളത്. എങ്കിലും ഖാദി തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചുണ്ടക്കുഴി ഖാദി ഉൽപ്പാദന കേന്ദ്രത്തിൽ ഒരു ഇൻസ്ട്രക്ടറാണുള്ളത്, അതും പൂർണ്ണസമയക്കാരനല്ല, ഒരു ചാർജ്ജായിട്ടാണ് അവിടെ പ്രവർത്തിക്കുന്നത്. പരമ്പരാഗത തൊഴിലാളികൾ ഇപ്പോൾ ലഭ്യമല്ല. ഞങ്ങളുടെ കണക്കനുസരിച്ച് 14 തൊഴിലാളികൾ അവിടെ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞിട്ടുള്ളത് 13 എന്നാണ്. എന്നാൽ 14 തൊഴിലാളികൾ അവിടെ പ്രവൃത്തിയെടുത്തുകൊണ്ടിരിക്കുന്നുണ്ട്. പിന്നെ ഖാദി രംഗത്ത് കൃത്യമായി ആനുകൂല്യങ്ങൾ ലഭിക്കാത്തതുകൊണ്ട് തൊഴിലാളികൾ കൊഴിഞ്ഞുപോവുകയാണ്. നിലവിൽ അവിടെ വെറും നൂൽ നൂൽപ്പ് മാത്രമാണുള്ളത്. നെയ്ത്തും ഗ്രാമശിൽപ്പയുമില്ല. നൂൽ നൂറ്റുണ്ടാക്കി കഴിയും കയ്യുമാക്കി തുടർന്ന് ബണ്ടിലുമാക്കി എടുക്കുകയെന്നതാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രോസ്സസ്. ഇപ്പോൾ ജില്ലാ പഞ്ചായത്തുവഴി ഫണ്ടിനുവേണ്ടി ശ്രമിച്ചെങ്കിലും ജില്ലാ പഞ്ചായത്ത് പ്രത്യേകിച്ച് ഫണ്ടൊന്നും അനുവദിക്കുകയുണ്ടായില്ല. സാമ്പത്തികമായി വലിയ പ്രശ്നമാണ് ആ യൂണിറ്റ് നേരിട്ടുകൊണ്ടിരിക്കുന്നത്. നിലവിൽ ഖാദി ബോർഡിന്റെ പ്രവർത്തനത്തിനുപോലും കൊടുക്കാൻ ഫണ്ടില്ല എന്നുമാത്രമല്ല മറ്റ് യൂണിറ്റുകൾക്ക് റിബേറ്റ് സംഖ്യപോലും കൊടുക്കാൻ കഴിയാത്തൊരു അവസ്ഥയാണിപ്പോഴുള്ളത്. വർക്കിംഗ് ഫണ്ടിന്റെ അപര്യാപ്തത ഇപ്പോഴുണ്ട്. എങ്കിലും, ആ സ്ഥാപനത്തെ സഹായിക്കാൻ എങ്ങനെയാണ് സാധിക്കുക എന്നുള്ളത് പരിശോധിച്ച് സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുവരികയാണെങ്കിൽ അതിനനുസരിച്ച് ഒരു പുനർജീവനം കൊടുക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളും. ഇത്തരത്തിലുള്ള ഒട്ടനവധി യൂണിറ്റുകൾ കേരളത്തിലുണ്ട്. ഖാദിയുടെ പല നൂൽനൂൽപ്പ് കേന്ദ്രങ്ങളും ഇപ്പോൾ പ്രവർത്തിക്കാൻ കഴിയാതെ പ്രതിസന്ധി നേരിടുകയാണ്. അതിന് പരിഹാരം കാണാനാണ് ഗവൺമെന്റ് പ്രത്യേകമായ പരിഗണന കൊടുത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

## (2) വീട് വയ്ക്കാനുള്ള അനുമതി

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കിനാലൂർ എസ്റ്റേറ്റ് തൊഴിലാളികൾക്ക് സർവ്വീസ് ആനുകൂല്യമായി ലഭിച്ച ഭൂമിയിൽ വീട് വയ്ക്കാൻ അനുമതി ലഭിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2003-ൽ ടെണ്ടർവഴി വിൽപ്പന നടത്തുകയുണ്ടായി. തൊഴിൽ നഷ്ടപ്പെട്ട 533 തൊഴിലാളികൾക്ക്, ഒരാൾക്ക് 103 സെന്റ് വീതം സർവ്വീസാനുകൂല്യമായി നൽകിയാണ് അത് പരിഹരിച്ചത്. 54 തൊഴിലാളികളുടെ ഭൂമി രജിസ്ട്രേഷൻ ഇനിയും നടപ്പാക്കിയിട്ടില്ല. തൊഴിലാളികൾ ഈ ഭൂമിയിൽ വീട് വച്ച് താമസിച്ചു വരികയാണ്. വേറെ ഭൂമിയില്ലാത്ത സാധാരണക്കാരായ തൊഴിലാളികൾക്ക് വീടിന്റെ നമ്പരോ മറ്റ് സർക്കാർ ആനുകൂല്യമോ ലഭിക്കുന്നില്ല. 54 തൊഴിലാളികൾ ആധിയിലാണ്. അർഹിക്കുന്ന ഒരു വിഷയമായി പരിഗണിച്ച് വീട് വയ്ക്കാൻ വേറെ ഭൂമിയില്ലാത്തവർക്ക് 5 മുതൽ 10 സെന്റ് വരെ വീട് വയ്ക്കുന്നതിനുവേണ്ട കരമാറ്റം അനുവദിച്ച് തൊഴിലാളികളുടെ ജീവൽ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണമെന്നാവശ്യപ്പെടുന്നതാണ് ഈ സബ്മിഷൻ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പുരുഷൻ കടലുണ്ടി ഉന്നയിച്ച പ്രശ്നം, 1-1-1970-നു ശേഷം കൊച്ചിൻ-മലബാർ എസ്റ്റേറ്റ് ലിമിറ്റഡ് എന്ന കമ്പനി പരിധിയിലധികം ഭൂമി ആർജ്ജിച്ചുവെന്ന് കണ്ടതിനെ തുടർന്ന് കേരള ഭൂപരിഷ്കരണ ആക്ടിലെ 87-ാം വകുപ്പ് പ്രകാരം സ്വമേധയ (സുവോ മോട്ടോ) കേസ് ആരംഭിക്കുന്നതിന് സംസ്ഥാന ലാൻഡ് ബോർഡ് 16-4-2008-ൽ എൽ.ബി.4-2542/2008 നമ്പരായി അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുമതി നൽകിയതിനെ തുടർന്ന് പ്രസ്തുത കമ്പനിക്ക് നൽകിയ ഡ്രാഫ്റ്റ് സ്റ്റേറ്റ്മെന്റിൽ കമ്പനിക്ക് ആകെ കൈവശമുള്ള ഭൂമി 6920.12 ഏക്കറാണെന്നും അതിൽ 81-ാം വകുപ്പനുസരിച്ച് ഇളവിന് അർഹതയുള്ളത് 6610.11 ഏക്കറാണെന്നും 15 ഏക്കർ കമ്പനിക്ക് കൈവശം വയ്ക്കാമെന്നും മിച്ച ഭൂമിയായി സർക്കാരിന് നൽകേണ്ടത് 325.01 ഏക്കറാണെന്നും കാണിച്ചിരുന്നു. തുടർന്ന് ഈ കേസിൽ 20-6-2013-ൽ TLBQ-1/2010 നമ്പരായി കൊയിലാണ്ടി താലൂക്ക് ലാൻഡ് ബോർഡ് 31-3-1992-ൽ കമ്പനി മിച്ചഭൂമിയായി യാതൊന്നും സറണ്ടർ ചെയ്യുവാനില്ലായെന്ന് ഉത്തരവാകുകയുണ്ടായി. തുടർന്ന് 31-1-2015-ൽ 49/2015 നമ്പരായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്, കോഴിക്കോട് ജില്ലയിലെ കൊച്ചിൻ-മലബാർ ആൻഡ് ഇൻഡസ്ട്രീസ് ഉടമസ്ഥതയിലുള്ള കിനാലൂർ

എസ്റ്റേറ്റിലുള്ള തൊഴിലാളി യൂണിയനുകളും മാനേജ്മെന്റും തമ്മിൽ 28-3-2003-ൽ ഉണ്ടാക്കിയ കരാർ വ്യവസ്ഥ പ്രകാരം പ്രസ്തുത എസ്റ്റേറ്റിലെ 600 ഏക്കർ സ്ഥലം 533 തൊഴിലാളികളുടെ പേരിൽ സർവ്വീസാനുകൂല്യമെന്ന നിലയ്ക്ക് കൈമാറ്റം ചെയ്ത് നൽകാൻ തീരുമാനിക്കുകയുണ്ടായി. എസ്റ്റേറ്റ് തൊഴിലാളികൾക്ക് ഭൂമിയുടെ രജിസ്ട്രേഷൻ സൗജന്യമായി ചെയ്ത് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംയുക്ത ട്രേഡ് യൂണിയൻ സർക്കാരിൽ അപേക്ഷ നൽകുകയുണ്ടായി. അപേക്ഷ യ്ക്കെതിരെ സമർപ്പിക്കപ്പെട്ട വാദഗതികളുംകൂടി പരിഗണിച്ചശേഷം കൊയി ലാണ്ടി താലൂക്ക് ലാൻഡ് ബോർഡ് 20-6-2013-ന് പുറപ്പെടുവിച്ച നടപടിക്രമപ്രകാരം 533 തൊഴിലാളികൾക്ക് നൽകിയതിൽ രജിസ്റ്റർ ചെയ്യാതെ അവശേഷിച്ചിട്ടുള്ള ഭൂമി രജിസ്റ്റർ ചെയ്ത് നൽകുവാനും സർവ്വീസാനുകൂല്യമെന്ന നിലയ്ക്ക് ഭൂമി ലഭ്യമായ തൊഴിലാളികളുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുവാനും 31-1-2015-ലെ 49/2015/റവന്യൂ ഉത്തരവുപ്രകാരം കോഴിക്കോട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായി. തുടർന്ന് 17-4-2015-ൽ ഈ സർക്കാർ ഉത്തരവിനെതിരെ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലെ കൊച്ചിൻ- മലബാർ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള കിനാലൂർ എസ്റ്റേറ്റിൽനിന്ന് ഭൂമി വിലയ്ക്ക് വാങ്ങിയ തൊഴിലാളികളിൽനിന്ന് കരം സ്വീകരിക്കുന്നതിനും പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യുന്നതിനും ജില്ലാകളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായി. പ്രസ്തുത ഉത്തരവുകളെ ചോദ്യം ചെയ്തുകൊണ്ട് one earth one life റിട്ട് പെറ്റീഷൻ C 28496/16 കെ. രഘുനന്ദനൻ നായർ, റിട്ട് പെറ്റീഷൻ 6815/2016 ഇ. എ. രവീന്ദ്രൻ, റിട്ട് പെറ്റീഷൻ 8950/2015, റിട്ട് പെറ്റീഷൻ 22095/2017 എന്നിവ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ്സുകളിൽ 27-2-2019-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു പൊതു വിധി പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധി ന്യായത്തിൽ കമ്പനിയേയും സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള 533 പേരെയും മറ്റ് തൽപ്പരകക്ഷികളെയും കേട്ട് കാര്യങ്ങൾ വിശദമായി പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമത്തിലെ 87-ാം വകുപ്പുപ്രകാരം പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ കൊയിലാണ്ടി താലൂക്ക് ലാൻഡ് ബോർഡിനോട് നിർദ്ദേശിച്ചിരിക്കുകയാണ്. 31-1-2015, 17-4-2015 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും മേൽ കോടതിവിധി പ്രകാരം തടസ്സമുണ്ടോയെന്ന കാര്യത്തിൽ നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം ലഭ്യമാക്കി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

## (3) സ്ഥലം ഏറ്റെടുക്കൽ

ശ്രീ. അനൂപ് ജേക്കബ്: സർ, രണ്ടു പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ഭൂമിയേറ്റെടുക്കാൻ കഴിയാത്തത് കാരണം പ്രതിസന്ധിയിലായിരിക്കുന്ന ഒരു വിഷയമാണ് അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. അതിലൊന്ന് കീഴ്മുറി ക്കടവ് പാലമാണ്. ഈ പാലവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കാൻ 26-8-2015-ൽ ഗവൺമെന്റ് ഉത്തരവാകുകയും അതിന് 4.7 കോടി രൂപ അനുവദി ക്കുകയും ചെയ്തതാണ്. 2019 ആയിട്ടും ഇതുവരെ ഭൂമിയേറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. എങ്ങനെയാണ് ഓരോ പദ്ധതികൾ അനന്തമായി നീണ്ടുപോകുന്നതെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായി ഇക്കാര്യം ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. തുക അനുവദിച്ച്, ഇതിന്റെ ജി.ഒ. അടക്കമുള്ള എല്ലാ നടപടികളും പൂർത്തിയായി വന്നപ്പോൾ റവന്യൂ വകുപ്പിന്റെ മെല്ലെപ്പോക്ക് കാരണം ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇതേനിലയിൽ തന്നെയാണ് പിറവം, കുന്നത്തുനാട് നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന കോരംകടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനവും പ്രതിസന്ധിയിലായത്. ഭൂമിയില്ലാതെ പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിലേയ്ക്ക് കടക്കുകയും പിന്നീടത് ഒട്ടനവധി സാങ്കേതിക പ്രശ്നങ്ങളിലേയ്ക്ക് നീങ്ങുകയും ചെയ്തു. നിരന്തരമായി ഞാനും ശ്രീ. വി. പി. സജീന്ദ്രനും നിയമസഭയിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടലിൽ ഇപ്പോൾ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം പുനഃരാരംഭിച്ചു. പത്ത് കൊല്ലം കഴിഞ്ഞതിനുശേഷമാണ് അത് പുനരാരംഭിക്കാൻ കഴിഞ്ഞത്. ഇതിനോടനു ബന്ധിച്ചുതന്നെയാണ് മുളന്തുരുത്തിയിൽ റെയിൽവേ ഓവർ ബ്രിഡ്ജ് (ആർ.ഒ.ബി)-ന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാൻ കഴിയാതെ നിൽക്കുന്നത്. അവിടെയും റവന്യൂ വകുപ്പ് ഭൂമിയേറ്റെടുത്ത് കൊടുത്തിട്ടില്ല. റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം റെയിൽവേ പൂർത്തിയാക്കിക്കഴിഞ്ഞു. പാലം അവിടെ നിൽപ്പുണ്ട്. പക്ഷേ പാലത്തിലേയ്ക്ക് കയറാൻ റോഡില്ലായെന്നുള്ളതാണ് അവസ്ഥ. അപ്രോച്ച് റോഡ് ഏറ്റെടുക്കാൻ കഴിയണം. പാലം നാല് തൂണുകളിൽ പൊങ്ങി നിൽക്കുന്നതല്ലാതെ അതിലേയ്ക്ക് വാഹനങ്ങൾക്ക് കയറാൻ യാതൊരു മാർഗ്ഗവുമില്ല. അവിടെയും ഇതുതന്നെയാണ് അവസ്ഥ. അവിടത്തെ റവന്യൂ ഉദ്യോഗസ്ഥർ അടിക്കടി സ്ഥലം മാറിപ്പോകുന്നതിനാൽ നിരന്തരമായൊരു follow up റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. ഇതുകാരണം ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡിനുള്ള ഭൂമിയേറ്റെടുക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് എത്തിനിൽക്കുകയാണ്. കിഴുമുറിക്കടവ് പാലത്തിന്റെയും മുളന്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെയും ഭൂമിയേറ്റെടുക്കുവാനുള്ള നടപടികൾ വേഗത്തിലാക്കി, ഈ രണ്ട് പദ്ധതികൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. അതിൽ റവന്യൂ വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടൽ നിർബന്ധമായും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിലെ രാമമംഗലം, മണീട് വില്ലേജുകളിൽ 0.6547 ഹെക്ടർ സ്ഥലമാണ് കിഴുമുറി പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനായി അർത്ഥന ലഭിച്ചിട്ടുള്ളത്. പ്രസ്തുത പൊന്നുംവില നടപടിയുടെ പ്രഖ്യാപനം 30-5-2019-ൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി നടപടികൾ സ്വീകരിച്ചുവരികയുമാണ്. സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതാണ്.

മുളന്തുരുത്തി വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽപ്പെട്ട 58.85 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് ആർ.ബി.ഡി.സി.കെ.-ക്ക് മാനേജിംഗ് ഡയറക്ടർ അർത്ഥന സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അക്വിസിഷനിൽ 21 ഭൂവുടമകൾ ഉൾപ്പെട്ടിരുന്നു. സമ്മതപത്രം നൽകിയ ഭൂവുടമകളുടെ ഡി.എൽ.എഫ്.സി., ജില്ലാകളക്ടർ വിളിച്ചു ചേർക്കുകയും അംഗീകാരത്തിനായി സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. 19-9-2014-ലെ ജി.ഒ (ആർ.റ്റി) നമ്പർ 4508/2014 ആർ.ഡി. പ്രകാരം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി സ്ഥലം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഡി.എൽ.എഫ്.സി. നിരക്ക് അംഗീകരിച്ച് സമ്മതപത്രം നൽകിയവരുടെ ഭൂമി ഏറ്റെടുക്കുവാനും അല്ലാത്തവരുടെ കേസുകൾ പുതിയ എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാനുമായി പുതിയ അർത്ഥനാ പത്രം ആർ.ബി.ഡി.സി.കെ.-ക്ക് ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ട്.

ഭൂവുടമകൾ സ്വമേധയാ ഭൂമി വിട്ടുനൽകാൻ തയ്യാറാകാത്ത സാഹചര്യം ഉണ്ടാകുകയും പുതിയ നിയമമനുസരിച്ച് ഭൂമി ഏറ്റെടുക്കാനുള്ള സാവകാശം വേണ്ടിവരികയും ചെയ്തതാണ് കാലതാമസത്തിന് കാരണം. അതിന്റെ അടിസ്ഥാനത്തിൽ 17-3-2018-ൽ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ, കോതമംഗലം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ട് വിദഗ്ദ്ധസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും സമിതി ശിപാർശ ചെയ്യുകയും ചെയ്തതിനെത്തുടർന്ന് 6-10-2018-ലെ ഉത്തരവ് പ്രകാരം സമുചിത തീരുമാനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എൽ.എ.ആർ.ആർ. ആക്ട് 11(1) പ്രകാരമുള്ള വിജ്ഞാപനം 27-10-2018-ലും പ്രഖ്യാപനം 2-2-2019-ലും പുറപ്പെടുവിച്ചിട്ടുണ്ട്. ബി.വി.ആർ. തയ്യാറാക്കി അവാർഡ് പാസ്സാക്കുന്ന നടപടികൾ ജില്ലാകളക്ടർ സ്വീകരിച്ചുവരികയാണ്. 2 മാസത്തിനുള്ളിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

[12.00 Noon]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

## (4) നഷ്ടപരിഹാരം

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, കേരളം കണ്ട മഹാപ്രളയ സമയത്ത്, കയ്യും മെയ്യും മറന്ന് സ്വന്തം ജീവൻപോലും അപകടത്തിൽപ്പെടുത്തി രക്ഷാപ്രവർത്തന ങ്ങളിലേർപ്പെട്ട, കേരളത്തിന്റെ സ്വന്തം സൈന്യം എന്ന് നമ്മൾ വിളിക്കുന്ന മത്സ്യത്തൊഴിലാളികൾ ഈ കാലവർഷം ആരംഭിക്കുന്നതോടൊപ്പംതന്നെ വലിയ ദുരിതത്തിലായിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങൾ, പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ഒട്ടുമ്മൽ, ഒട്ടുമ്മൽ സൗത്ത്, പുത്തൻകടപ്പുറം, പുത്തൻകടപ്പുറം സൗത്ത്, സദ്ദാംബീച്ച്, കെ.ടി. നഗർ, ആവിയിൽ ബീച്ച്, സി. എച്ച്. നഗർ, കെട്ടുങ്ങൽ ബീച്ച് എന്നീ സ്ഥലങ്ങളിൽ നിലവിലു ണ്ടായിരുന്ന കടൽഭിത്തികൾ താഴേയ്ക്കുപോയി. ഇവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുണ്ടാകണം. പരപ്പനങ്ങാടി ചാപ്പപ്പടിയിലെ മീൻ ചാപ്പകൾക്കും നാശ നഷ്ടങ്ങൾ സംഭവിച്ചു. എം.എം.ഗ്രൂപ്പ്, എ.എസ്.എഫ്. ഗ്രൂപ്പ് എന്നിവരുടെ മീൻ ചാപ്പകൾ പൂർണ്ണമായും നശിച്ചുപോയി. മറ്റുള്ളവ ഭാഗികമായും നശിച്ചിട്ടുണ്ട്. ഇവർക്ക് അടിയന്തര നഷ്ടപരിഹാരം നൽകണം. അതുപോലെ കടൽ കയറിയ തിനാൽ തീരദേശത്തെ വീടുകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പരപ്പനങ്ങാടി, പുത്തൻകടപ്പുറം ഫിഷറീസ് കോളനിയിലെ ഒരു വീട് തകർന്നുപോയി. ഇവിടത്തെയും ആലിങ്ങൽ ബീച്ച് ഫിഷറീസ് കോളനിയിലെയും വീടുകൾ മുഴുവൻ തകർച്ചയുടെ വക്കിലാണ്. ഈ കോളനിയിലെ വീടുകൾ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് പുതുക്കിപ്പണിയുന്നതിനുവേണ്ടി ശ്രമിച്ചെങ്കിലും അതിന് ഫണ്ട് അനുവദിക്കാൻ നിവൃത്തിയില്ല എന്നാണ് ഗവൺമെന്റ് അറിയിച്ചത്. അതോടൊപ്പംതന്നെ ഈ വീടുകളിൽ താമസിക്കുന്നവരുടെ പട്ടയങ്ങൾ പുതുക്കി കൊടുക്കേണ്ടതുണ്ട്. നേരത്തെ വീട് അനുവദിച്ച് കൊടുക്കുമ്പോൾ ഉണ്ടായിരുന്ന ആളുകളല്ല വർഷങ്ങൾ കഴിഞ്ഞതിനുശേഷം ഇപ്പോൾ അവിടെ താമസിക്കുന്നത്. അവർക്ക് പട്ടയം കിട്ടാത്തതുകൊണ്ട് അവരുടെ മറ്റാവശ്യങ്ങൾ നടക്കാത്ത സ്ഥിതിയുണ്ട്. അതുകൂടി പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കണം. നഗരസഭയിലെ ചെട്ടിപ്പടി, ആലിങ്ങൽ ഫിഷ് ലാൻഡ് സെന്റർ പൂർണ്ണമായും കടലാക്രമണത്തിൽ തകർന്നി രിക്കുകയാണ്. പുലിമുട്ടുകൾ നിർമ്മിക്കാത്തതാണ് ഈ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ തകർച്ചയ്ക്ക് കാരണം. ഇവിടെ ഫിഷ് മാർക്കറ്റും ഇല്ലാതായ അവസ്ഥയാണ്. ഫിഷ് മാർക്കറ്റും ഫിഷ് ലാൻഡിംഗ് സെന്ററും സംരക്ഷിക്കുന്നതിന് പുലിമുട്ടുകൾ ഉണ്ടായിരുന്നെങ്കിൽ ഈ അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ഫിഷ് ലാൻഡിംഗ്

സെന്ററിന്റെ ഭാഗത്ത് കടൽഭിത്തി നിർമ്മിക്കാൻ സാധിക്കാത്തതിനാൽ ഇരുവശത്തും പുലിമുട്ടുകൾ നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല തവണ ഉദ്യോഗസ്ഥന്മാർ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ചെട്ടിപ്പടി, പള്ളിക്കുളം പടിഞ്ഞാറ് ഭാഗത്ത് 60 മീറ്റർ നീളത്തിൽ താല്ക്കാലികമായി നിർമ്മിച്ച കടൽഭിത്തി പൂർണ്ണമായും തകർന്നുപോയി. ചാപ്പപ്പടിയിൽ പള്ളിയുടെയും ഖബർസ്ഥാന്റെയും പരിസരത്തുണ്ടായിരുന്ന താൽക്കാലികമായി നിർമ്മിച്ച കടൽഭിത്തി തകർന്നതിന്റെ ഭാഗമായി ശ്മശാനം ആകെ കടലെടുത്തിരിക്കുകയാണ്. അതോടൊപ്പം പള്ളിക്കും നാശനഷ്ടങ്ങൾ സംഭവിക്കാനുള്ള സാധ്യതയുണ്ട്. 7 കോടി രൂപ ഉപയോഗിച്ച് നവീകരണം നടത്തുന്ന പരപ്പനങ്ങാടിയിലെ ടിപ്പുസുൽത്താൻ റോഡിന്റെ സംരക്ഷണാർത്ഥം കടലിന്റെ ഒരു ഭാഗത്ത് നിർമ്മിച്ച കോൺക്രീറ്റ് ബീമുകൾ കടൽ ഭിത്തിയില്ലാത്തതിനാൽ ഈ വെള്ളപ്പൊക്കത്തിൽ പൊട്ടിപ്പോയിരിക്കുകയാണ്. കടൽഭിത്തി നിർമ്മിച്ചില്ലെങ്കിൽ ഈ റോഡ് തന്നെ ഇല്ലാതാകുന്ന അവസ്ഥയുണ്ടാകും. പരപ്പനങ്ങാടി, പുത്തൻകടപ്പുറം ഭാഗത്ത് കടൽഭിത്തി കാര്യക്ഷമമായി നിർമ്മിക്കാത്തതിനാൽ ഭിത്തിക്ക് മുകളിലൂടെ കടൽവെള്ളം അടിച്ചുകയറി നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. ഇവിടെ കടൽഭിത്തി കാര്യക്ഷമമായ രീതിയിൽ ഉയർത്തി നിർമ്മിക്കണം. കെട്ടുങ്ങൽ പാലത്തിന്റെ ഭാഗത്ത് കടൽഭിത്തി പൂർണ്ണമല്ലാത്തതിനാൽ അപ്രോച്ച് റോഡും അതോടൊപ്പംതന്നെ പാലത്തിന്റെ നിലനിൽപ്പും അപകടത്തിലാകുന്ന സ്ഥിതിയാണുള്ളത്. പരപ്പനങ്ങാടിയിലെ കെട്ടുങ്ങൽ മുതൽ ചെട്ടിപ്പടി ഫിഷറീസ് കോളനി വരെയുള്ള 7 കി.മീറ്റർ ഭാഗത്ത് കാര്യക്ഷമമായ കടൽഭിത്തിയില്ലാത്ത ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുക മാത്രമാണ് ഇതിനുള്ള പോംവഴി. അതിനുള്ള അടിയന്തര നടപടികളുണ്ടാകണം. തൊട്ടടുത്ത മണ്ഡലമായ താനൂർ മണ്ഡലത്തെയും ഞാൻ 10 കൊല്ലം പ്രതിനിധീകരിച്ചിരുന്നു. അവിടെയും വിവിധ പ്രദേശങ്ങളിൽ പരപ്പനങ്ങാടിയേക്കാൾ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട താനൂർ എം.എൽ.എ. ഇവിടെ ഉണ്ടായിരുന്നു. താനൂരിൽ 100-ഓളം വീടുകൾ കടലാക്രമണ ഭീഷണിയിലാണ്. ചീരാം കടപ്പുറം, എടക്കടപ്പുറം, അഞ്ചുടി പുതിയ കടപ്പുറം എന്നിവിടങ്ങളിൽ 100 വീടുകളാണ് ഇപ്പോൾ ഭീഷണിയിലുള്ളത്. എടക്കടപ്പുറത്ത് 5 വീടുകൾ ഏത് നിമിഷവും കടലെടുക്കുന്ന സ്ഥിതിയാണ്. ചീരാംകടപ്പുറത്തും പുതിയ കടപ്പുറത്തും ഇതുതന്നെയാണ് അവസ്ഥ. താനൂരിൽ ഫൈബർ തോണികൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന താനൂർ ഫിഷിംഗ് ഹാർബറിനും കേടുപാടുകൾ സംഭവിച്ചു. ഫിഷിംഗ് ഹാർബർ നിർമ്മാണം പൂർത്തിയാക്കി. പരപ്പനങ്ങാടിയിലെ ഫിഷിംഗ് ഹാർബർ ശിലാസ്ഥാപനം നടത്തി മൂന്നുനാല് മാസങ്ങളായെങ്കിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടുപോലുമില്ല. താനൂരിൽ

മത്സ്യത്തൊഴിലാളികളുടെ ഷെഡ്ഡുകൾക്കും ഭൂമിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. എടക്കടപ്പുറത്തെയും ചീരാംകടപ്പുറത്തെയും തീരദേശ റോഡുകൾ തകർന്നു. എടക്കടപ്പുറത്തെ അങ്കണവാടി ഏത് നിമിഷവും കടലെടുക്കുന്ന അവസ്ഥയിലാണ്. ഫോർമാൻ കടപ്പുറത്തെ കടൽഭിത്തിക്ക് നാശം സംഭവിച്ചിട്ടുണ്ട്. താനൂരിൽ ഒട്ടുംപുറം മുതൽ ഉണ്ണ്യാൽ വരെയുള്ള 10 കി.മീ. കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ കടൽഭിത്തി കാര്യക്ഷമമായി നിർമ്മിക്കേണ്ടതുണ്ട്. 10 വർഷം ഞാൻ അവിടത്തെ എം.എൽ.എ. ആയിരുന്നു. അതുകൊണ്ട് അവിടത്തെ കാര്യങ്ങൾ എനിക്കറിയാം. അതുകൊണ്ടാണ് ഇത്രയും വിശദമായി താനൂരിലെ കാര്യങ്ങൾകൂടി പറഞ്ഞത്. അവിടത്തെ ജനങ്ങൾ വളരെയേറെ രോഷാകുലരാണ്. കഴിഞ്ഞ ദിവസം അവർ സിവിൽ സ്റ്റേഷനിലേയ്ക്ക് മാർച്ച് നടത്തിയിരുന്നു. വലിയ പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടുകയാണ്. അതിന് മുമ്പായി അടിയന്തര നടപടികൾ അവിടത്തെ കാര്യങ്ങളിലും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വള്ളിക്കുന്നം മണ്ഡലത്തിന്റെ കാര്യം കഴിഞ്ഞ ദിവസം എം.എൽ.എ. ഇവിടെ പറഞ്ഞു. അവിടെയും റോഡുകൾ തകരുകയും കടൽഭിത്തി ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. മുഴുവൻ സ്ഥലങ്ങളിലും കടൽഭിത്തി പൂർണ്ണമായും നിർമ്മിക്കുവാനും കടൽഭിത്തി നിർമ്മിക്കാൻ കഴിയാത്തിടത്ത് പുലിമുട്ടുകൾ നിർമ്മിക്കുവാനുള്ള നടപടികളും ചാപ്പകൾക്കും മറ്റ് വീടുകൾക്കും അങ്കണവാടികൾക്കുമെല്ലാം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് പെട്ടെന്ന് നഷ്ടപരിഹാരം നൽകുവാനും വീടുകൾക്ക് പട്ടയം നൽകുവാനും വീടുകൾ പുതുക്കി പണിയുന്നതിനുള്ള പണം അനുവദിക്കുവാനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവുംഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. കെ. അബ്ദു റബ്ബ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം, കാലവർഷം ആരംഭിച്ചതോടുകൂടി തീരദേശ മേഖലയാകെ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുനിൽക്കുന്നവയാണ്. കഴിഞ്ഞ ദിവസവും ഇതുമായി ബന്ധപ്പെട്ട സബ്മിഷനുകൾ ഉന്നയിക്കപ്പെടുകയും അവയ്ക്ക് മറുപടി നൽകുകയുമൊക്കെ ചെയ്തിട്ടുള്ളതാണ്. കടലാക്രമണംമൂലമുള്ള തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി 23-7-2015-ലെ 343/2015-ആയി (ഡി.എം.) ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഉത്തരവുപ്രകാരം പ്രഖ്യാപിച്ചിട്ടുള്ളതും കേന്ദ്ര-മാനവ മാനദണ്ഡങ്ങൾക്ക് വിധേയമായി ദുരന്തബാധിതർക്ക് ദുരിതാശ്വാസം അനുവദനീയവുമാണ്.

9-5-2019-ലെ സർക്കാർ ഉത്തരവ് 250/2019 പ്രകാരം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ "കാലവർഷ-തുലാവർഷ മുന്നൊരുക്കൽ ദുരന്ത പ്രതികരണ മാർഗ്ഗരേഖ 2019" അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത

മാർഗ്ഗരേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും ബന്ധപ്പെട്ട വകുപ്പുകളിൽ കേന്ദ്ര സേനകൾ ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിഷ്കർഷി ച്ചിട്ടുണ്ട്. കടലാക്രമണം അതിരൂക്ഷമാകാൻ സാധ്യതയുള്ള ജൂൺ-ജൂലായ് മാസത്തെ തെക്ക് പടിഞ്ഞാറൻ മൺസൂൺ കണക്കിലെടുത്ത് മത്സ്യബന്ധന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനമാകെ കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 20 റെസ്ക്യൂ ബോട്ടുകളും 80 സീ റെസ്ക്യൂ ഗാർഡുകളും അധികമായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മത്സ്യ ബന്ധനത്തിനുപോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീറ്റർ വരെ സന്ദേശം എത്തിച്ചുകൊടുക്കുവാൻ പര്യാപ്തമായ നാവിക് ഉപകരണം ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ നിർമ്മിച്ച് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്.

എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് ജാക്കറ്റ് ലഭ്യമാക്കുന്ന നടപടിയും കൈക്കൊണ്ടിട്ടുണ്ട്. ഇതിനുപുറമെ സാറ്റലൈറ്റ് ഫോൺ, വെസൽ മോണിറ്ററിംഗ് സംവിധാനം എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴിയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാൻ സംവിധാനമൊരു ക്കിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് ജി.പി.എസ്. ലൈഫ് ബോയ് (life buoy) എന്നിവയും നൽകിയിട്ടുണ്ട്. കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണിയുള്ള തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ 18,865 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോൾ അധിവസിക്കുന്നു. ഈ മേഖലക ളിലാണ് ഈ കാലയളവിൽ കടലാക്രമണം കാര്യമായി ഉണ്ടാകുന്നത്. ജൂൺ മാസത്തെ കടലാക്രമണത്തിന്റെ ഭാഗമായി 12-6-2019 വരെയുള്ള കണക്കുപ്രകാരം മത്സ്യത്തൊഴിലാളികളുടെ 25-ലധികം വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടിരി ക്കുകയാണ്. 141 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം ഇപ്പോൾ മൂന്ന് നാല് ദിവസങ്ങൾ പിന്നിട്ടിരിക്കു കയാണ്. തീർച്ചയായും കൂടുതൽ പ്രദേശങ്ങളിൽ അതിന്റേതായ ബുദ്ധിമുട്ടുകളുണ്ടാ യിട്ടുണ്ട്. നിലവിൽ ഫിഷറീസ് വകുപ്പ് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനു ള്ളിൽ താമസിക്കുന്നവരെ 200 മീറ്ററിന് പുറത്ത് സുരക്ഷിതമായി താമസിപ്പിക്കുന്ന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരികയാണ്. കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയ സ്ഥിരമായ സംവിധാനങ്ങൾക്ക് ദുരന്ത പ്രതികരണ നിധിയിൽനിന്ന് പണം ചെലവഴിക്കാൻ സാധിക്കില്ല. മണൽ നിറച്ച ജിയോ

ബാഗുകൾ കടൽത്തീരത്ത് ഇടുന്നതുപോലുള്ള താൽക്കാലിക സംവിധാനങ്ങൾക്ക് മാത്രമേ ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള ഫണ്ട് ഉപയോഗിക്കാൻ കഴിയുകയുള്ളൂ. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കടൽത്തീരം സംരക്ഷിച്ചു വരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കൽ ഉപയോഗിച്ചുള്ള rubble mound sea wall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത പ്രദേശങ്ങളുടെ ഫോട്ടോ സഹിതം അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിരിക്കുകയാണ്. ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഐ.ഐ.ടി.-യിൽ നിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചുവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ വിവിധ തീരദേശ ജില്ലകളിലായി 78 കടൽഭിത്തി പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12.19 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം ഇതുവരെ തീരസംരക്ഷണ പ്രവൃത്തികൾക്ക് 159.50 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുമുണ്ട്. ഇപ്രകാരം വരുംനാളുകളിൽ സംഭവിക്കാൻ സാധ്യതയുള്ള കടലാക്രമണ ഭീഷണി മുന്നിൽ കണ്ടുകൊണ്ട് സർക്കാർ ഊർജ്ജിതമായ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്.

## (5) ഫെയർ വാല്യൂ

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അങ്കമാലി വില്ലേജിൽ ഭൂമിക്ക് ന്യായവില നിശ്ചയിച്ചിരിക്കുന്നതിലുള്ള ഗുരുതരമായ അപാകതയും അതിന് ശാശ്വതമായ പരിഹാരവും അഭ്യർത്ഥിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. യുക്തിക്ക് നിരക്കാത്ത റേറ്റാണ് നിലവിൽ നിശ്ചയിച്ചിരിക്കുന്നത്. ഒരു ആർ-ന് 36 ലക്ഷം രൂപയാണ് അവിടെ പല ഭാഗങ്ങളിലും നിശ്ചയിച്ചിരിക്കുന്നത്. മാർക്കറ്റ് വില സെന്റിന് 2 ലക്ഷം രൂപയൊക്കെയുള്ള സ്ഥലങ്ങളിലാണ് ഇതുപോലെ വില നിശ്ചയിച്ചിരിക്കുന്നത്. മാത്രമല്ല വെറ്റ് ലാൻഡിനുപോലും ഒരിക്കലും ആർക്കും യോജിക്കാൻ സാധിക്കാത്ത, അതായത് മാർക്കറ്റ് വിലയേക്കാൾ നിരവധി മടങ്ങ് വില ന്യായവിലയായി നിശ്ചയിച്ചിരിക്കുകയാണ്. 2008-ൽ ഫെയർ വാല്യൂ നിശ്ചയിച്ചപ്പോൾ അന്നത്തെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ജാഗ്രത ക്കുറവുമൂലമാണ് ഇത് സംഭവിച്ചിരിക്കുന്നത്. സമീപ പ്രദേശങ്ങളിലുള്ള വില്ലേജുകളെ

അപേക്ഷിച്ചുനോക്കുമ്പോൾ അതിൽനിന്ന് നാലും അഞ്ചും മടങ്ങ് വിലയാണ് പല സ്ഥലങ്ങളിലും ഭൂമിക്ക് നിശ്ചയിച്ചിരിക്കുന്നത്. ഐ.എ.വൈ., ലൈഫ് പദ്ധതിയിൽപ്പെട്ട വീടുകൾപോലും നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി വാങ്ങാൻ സാധിക്കാത്ത അവസ്ഥയാണ്. ഒരു സെന്റ് ഭൂമി വാങ്ങാൻ 2 ലക്ഷം രൂപയാകുമെങ്കിൽ രജിസ്ട്രേഷനുതന്നെ അതിൽ കൂടുതൽ തുക നൽകേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഇതുമൂലം നിരവധി പരാതികളാണ് കെട്ടിക്കിടക്കുന്നത്. താലൂക്ക് ഓഫീസുകളിലും ആർ.ഡി. ഓഫീസുകളിലും ജില്ലാ കളക്ടറുടെ അടുത്തുമായി 800-ലധികം അപേക്ഷകൾ പെൻഡിംഗിലാണ്. ന്യായവില കമ്മിറ്റി ചേർന്ന് വില പുനർനിർണ്ണയിക്കാവുന്നതാണെന്ന് ശിപാർശ ചെയ്ത കേസുകൾതന്നെ ഏകദേശം 200 എണ്ണം പെൻഡിംഗിലാണ്. ആളുകൾ ഭൂമി ക്രയവിക്രയം നടത്തുന്നതിന്റെ ഭാഗമായി ക്രമക്കേട് ചൂണ്ടിക്കാണിച്ച് കോടതിയെ സമീപിക്കുമ്പോൾ കോടതി നിർദ്ദേശിക്കുന്നതനുസരിച്ച് വില പുനർനിർണ്ണയിച്ച് നൽകുന്നുണ്ട്. 12 ലക്ഷം രൂപയും 15 ലക്ഷം രൂപയും ന്യായവില നിശ്ചയിച്ചിരിക്കുന്നത് കോടതിയുടെ നിർദ്ദേശാനുസരണം പുനർനിർണ്ണയിക്കുമ്പോൾ 4 ലക്ഷം രൂപയും 5 ലക്ഷം രൂപയുമൊക്കെയായി മാറുകയാണ്. ഇങ്ങനെ ഓരോ വ്യക്തിയും കോടതിയെ സമീപിക്കേണ്ട സാഹചര്യം വരുമ്പോൾ കോടതി ഫീസിനത്തിലും മറ്റും ഭീമമായ തുകയാണ് ഓരോരുത്തരും ചെലവഴിക്കേണ്ടിവരുന്നത്. ഇത് ജനങ്ങളെ സംബന്ധിച്ച് വലിയ ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. ഇത് അങ്കമാലി വില്ലേജിൽ മാത്രം നിലനിൽക്കുന്ന ഒരു പ്രശ്നമാണ്. കേരളത്തിൽ മറ്റുചില ഭാഗങ്ങളിലും ഉണ്ടായേക്കാം, പക്ഷെ, നൂറ് കണക്കിന് അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഇതിന്റെ അപാകത പരിഹരിക്കുന്നതിനും ഇതുസംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തുന്നതിനും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പരിഹരിക്കുന്നതിനുമായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മറ്റൊന്ന്, സർക്കാർ നിശ്ചിത കാലയളവിൽ വില പുനർനിർണ്ണയിക്കുമ്പോൾ സ്വാഭാവികമായും ചെയ്യുന്നത് നിലവിലുള്ള വിലയുടെ ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയാണ്. ഇനി പുതുതായി വില നിർണ്ണയിക്കുന്ന ഒരു സാഹചര്യമുണ്ടാകുമ്പോൾ ഇപ്പോഴുണ്ടായിരിക്കുന്ന വിലയേക്കാൾ പത്തോ ഇരുപതോ ശതമാനം വർദ്ധിക്കുന്ന ഒരു സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ കേസിൽ ഗുരുതരമായ അപാകത പരിശോധിച്ച് ശാശ്വതമായ പരിഹാരമുണ്ടാക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്കമാലി വില്ലേജിൽ ഫെയർ വാല്യു നിശ്ചയിച്ചിരുന്ന റിക്കോർഡുകൾ പരിശോധിച്ചതിൽ സമീപ ജില്ലകളെ അപേക്ഷിച്ച് അങ്കമാലി വില്ലേജിൽ ഫെയർ വാല്യു കൂടുതലാണെന്ന് കാണുന്നു. പല സ്ഥലങ്ങളിലും ഈ നിരക്കിലുള്ള ഫെയർ വാല്യു ആണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ആർ ഒന്നിന് 36 ലക്ഷം രൂപ എന്ന നിരക്ക് ഇതുവരെ ഒരു സ്ഥലത്തും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടില്ല. ഇതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ച അപ്പീൽ അപേക്ഷകളിൽ ഭൂരിഭാഗവും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. തീർപ്പുകൽപ്പിക്കുന്നതിന് ശേഷിക്കുന്ന അപേക്ഷകളിൽ അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) സബ് ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഈ സഭയിൽ ഈ വിഷയം സംബന്ധിച്ച് രണ്ടാം തവണയാണ് സബ്മിഷൻ ഉന്നയിക്കുന്നത്. ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഡിപ്പാർട്ടുമെന്റ് പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. ശാസ്താംകോട്ട കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ ഓപ്പറേറ്റിംഗ് സെന്ററായാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്നത്. 2006-ൽ അന്നത്തെ ഗതാഗത വകുപ്പ് മന്ത്രി യായിരുന്ന ശ്രീ. ശക്തൻ നാടാർ അന്ന് ഉദ്ഘാടന ചടങ്ങിൽ അത് സബ് ഡിപ്പോയായി അപ്ഗ്രേഡ് ചെയ്യുന്നതായി പ്രഖ്യാപിച്ചു. അതിനുശേഷം ചീഫ് എഞ്ചിനീയർ, അന്നത്തെ കെ.എസ്.ആർ.ടി.സി. എം.ഡി. ശ്രീ. മോഹൻദാസ് എന്നിവരടക്കമുള്ളവർ ശാസ്താംകോട്ടയിൽ വരികയും ഡിപ്പോയായി അപ്ഗ്രേഡ് ചെയ്യണമെന്നുണ്ടെങ്കിൽ ഗ്യാരേജും അനുബന്ധ പ്രവർത്തനങ്ങളുമുണ്ടാകണമെന്ന് അറിയിക്കുകയും ചെയ്തു. ഗ്യാരേജ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു ഏക്കർ ഭൂമി വാങ്ങി. ഡിപ്പോയുടെ മോഡണൈസേഷൻ ആവശ്യപ്പെട്ടു. ചീഫ് എഞ്ചിനീയർ തന്നെയാണ് അവിടെവന്ന് എസ്റ്റിമേറ്റ് എടുത്തത്. ഡിപ്പോ മോഡണൈസ് ചെയ്യുന്നതിനുവേണ്ടി 50 ലക്ഷം രൂപ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ചു. ഗ്യാരേജ് നിർമ്മിക്കുന്നതിനുവേണ്ടി ഒരു കോടി രൂപയും അനുവദിച്ചു. ഇതെല്ലാം ചെയ്തത് അവർ ആവശ്യപ്പെട്ടതുപ്രകാരമാണ്. 2006-ൽ സബ് ഡിപ്പോയായി പ്രഖ്യാപിക്കുകയും ചെയ്തു. 2008-ൽ ഒന്നര ഏക്കറിലധികം വരുന്ന ഭൂമിയുടെ ആധാരം അന്നത്തെ എം.ഡി. ആയിരുന്ന ശ്രീ. ടി. പി. സെൻകുമാറിന് അന്നത്തെയും ഇന്നത്തെയും എം.എൽ.എ. ആയ ഞാനും അന്നത്തെ പ്രസിഡന്റും വൈസ് പ്രസിഡന്റുംകൂടി ചീഫ് ഓഫീസിൽ കൈമാറിയതാണ്. ആ ആധാരം ഇപ്പോഴും ചീഫ് ഓഫീസിലെ അലമാരയിലുണ്ട്. ആ ആധാരം തുറന്നുനോക്കണം. ഞാൻ എത്രയോ വർഷക്കാലമായി എൽ.ഡി.എഫ്.ന്റെ

ഭാഗമായി നിൽക്കുന്നതാണ്, ഈ ഭരണത്തിന്റെ ഭാഗമായി നിൽക്കുന്നതാണ്. ഞാൻ ഒരാവശ്യം ഉന്നയിക്കുമ്പോൾ അത് എനിക്ക് തരണ്ടേ! ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം തരാമെന്ന് യു.ഡി.എഫ്. പറഞ്ഞപ്പോൾ ആ സ്ഥാനം നിരസിച്ചുകൊണ്ട് യു.ഡി.എഫ്.-ൽനിന്ന് രാജിവച്ച് എൽ.ഡി.എഫ്.-ൽ വന്ന ഞാനും ഒരു കക്ഷിയുടെ നേതാവല്ലേ? ഈ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഞാനും എന്റെ കക്ഷികളും അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ശാസ്താംകോട്ടയിലെ ആളുകൾ എന്ത് പാപമാണ് ചെയ്തത്? നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജീവനക്കാരെയെല്ലാം തിരിച്ചുവിളിച്ചുവെന്ന് മാത്രമല്ല 8 സർവ്വീസുകൾ റദ്ദുചെയ്യുകയും ചെയ്തു. എൻ.എച്ച്.-ലും എം.സി. റോഡിലും മാത്രം സർവ്വീസ് നടത്തിയാൽ മതിയോ? പാവപ്പെട്ട സാധാരണക്കാർ സഞ്ചരിക്കുന്ന പ്രദേശങ്ങളിൽ, ബൈ-റൂട്ടുകളിൽക്കൂടി ബസ് വേണ്ടേ; ഇതൊരു സേവന മേഖലയല്ലേ?

ഞാൻ ആരേയും കുറ്റപ്പെടുത്താറില്ല. മൂന്നുവർഷക്കാലമായി വേദനയും പ്രയാസവും അനുഭവിക്കുന്നതുകൊണ്ട് പറയുകയാണ്. എം.എൽ.എ.-മാർ പറയുന്നത് അദ്ദേഹം ശ്രദ്ധിക്കാറില്ല. മറ്റ് മന്ത്രിമാർ, എം.എൽ.എ.-മാർ പറയുന്നത് ഗൗരവത്തിലെടുക്കും. ഈ മന്ത്രി ഉദ്യോഗസ്ഥർ പറയുന്നതുമാത്രം കേട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. ടി. പി. സെൻകുമാർ മോശക്കാരനാണോ; ശ്രീ. മോഹൻദാസ്,എം.ഡി. മോശക്കാരനായിരുന്നോ? അവരെല്ലാം പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ലേ ഞങ്ങൾ പഞ്ചായത്ത് ഭൂമി വാങ്ങി ഇതെല്ലാം ചെയ്തുകൊടുത്തത്; കുന്നത്തൂരിനെ മാത്രം എന്തിനാണ് ഇങ്ങനെ അവഹേളിക്കുന്നത്? ഞാൻ കഴിഞ്ഞ തവണയും ഈ വിഷയം ഇവിടെ ഉന്നയിച്ചതാണ്. ഓപ്പറേറ്റിംഗ് സെന്റർതന്നെ മതിയായിരുന്നു. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ശക്തൻ നാടാർ വന്നാണ് അത് സബ് ഡിപ്പോയായി അപ്ഗ്രേഡ് ചെയ്തത്. അത് രേഖകളിലുണ്ട്. സബ് ഡിപ്പോയായി ഉയർത്തിയത് ഞാനാണോ? അത് ചെയ്തത് ഞാനല്ല. പക്ഷെ ഇപ്പോൾ അത് പ്രവർത്തിക്കുന്നില്ല. ഒരു ബസ് പോലും ആ ഡിപ്പോയിൽ കയറുന്നില്ല. മനോഹരമായ കെട്ടിടം നിർമ്മിച്ചു. എന്നെ കാണുന്ന ചീഫ് എഞ്ചിനീയറും ഉദ്യോഗസ്ഥരും ഇവിടെയുണ്ടെങ്കിലും അവിടെയുണ്ടെങ്കിലും അവർ തന്നെയല്ലേ ഇതെല്ലാം ചെയ്യിച്ചത്; എന്നിട്ട് പ്രമാണമില്ലെന്നാണ് പറയുന്നത്. ഇതിന് എന്താണ് മറുപടി പറയേണ്ടത്. ഒന്നര ഏക്കറിലധികം വരുന്ന ഭൂമിയുടെ പ്രമാണം ചീഫ് ഓഫീസിൽ ഇപ്പോഴും ഭദ്രമായി ഇരിക്കുന്നു. അങ്ങ് ഉദ്യോസ്ഥരെക്കൊണ്ട് അക്കാര്യം പരിശോധിക്കണം. ഇതൊന്നും ഞാൻ വെറുതെ പറയുന്നതല്ല. ഞാൻ ഇങ്ങനെ വർത്തമാനം പറയുന്ന ആളല്ല. വളരെ വിഷമവും പ്രയാസവും ഉണ്ടായതുകൊണ്ട് പറയുകയാണ്. മന്ത്രി ശ്രീ. എ. കെ. ബാലൻ പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പറാണ്. അങ്ങ് ഇതിനൊരു

പരിഹാരം കാണണം. എം.എൽ.എ.-മാർ പറയുന്നത് ചെവിക്കൊള്ളണ്ടേ? അങ്ങും മന്ത്രിയല്ലേ? ഇവിടെയിരിക്കുന്ന ബാക്കി മന്ത്രിമാരെല്ലാം എം.എൽ.എ.-മാർ പറയുന്നത് നോട്ട് ചെയ്തിട്ട് അവർ ഫോളോഅപ് വർക്ക് നടത്തും. ശ്രീ. എം. ഉമ്മർ മഞ്ചേരി മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവിടെപ്പോയി മീറ്റിംഗ് വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിച്ചു. എന്തുകൊണ്ട് ഗതാഗത വകുപ്പുമന്ത്രി ഇത് ചെയ്യുന്നില്ല. സീനിയർ മന്ത്രിയായ ശ്രീ. എ. കെ. ബാലൻ എനിക്കുവേണ്ടിയെങ്കിലും ഇതിൽ ഇടപെടണം. ഇലക്ഷൻ വരുമ്പോൾ വോട്ട് ചോദിക്കാൻ മാത്രം പോയാൽ മതിയോ; ഭാവിയിൽ ഇലക്ഷൻ വരികയല്ലേ; ഇതൊക്കെ ജനങ്ങൾ നോക്കിയിരിക്കുകയാണ്. അതുകൊണ്ട് വളരെ പ്രയാസത്തോടുകൂടിയാണ് ഞാനിത് പറയുന്നത്. 2008-ൽ കൊടുത്ത ഒന്നര ഏക്കർ ഭൂമിയുടെ ആധാരം എം.ഡി.-യുടെ ഓഫീസിൽ ഇപ്പോഴുമുണ്ട്. ശ്രീ. ടി. പി. സെൻകുമാറാണ് അത് എന്റെ കയ്യിൽനിന്നും വാങ്ങിയത്. ഈ സ്ഥലവും കെട്ടിടവും അനാഥമായി കിടക്കുകയാണ്. ഞങ്ങളോട് ചിറ്റമ്മനയം കാണിക്കരുത്. ഞാനും ഈ ഗവൺമെന്റിന്റെ ഭാഗമാണ്. അതുകൊണ്ട് ഞങ്ങളെ സഹായിക്കണം. ഞാൻ ആരെയും എതിർത്ത് സംസാരിക്കുന്ന ആളല്ല. ഞാൻ നാലുപ്രാവശ്യം എം.എൽ.എ. ആയ ആളാണ്. എന്നെപ്പോലെ സീനിയർ ആയിട്ടുള്ള ആളുകൾ ഇവിടെയുണ്ട്. ഞാൻ കൂടുതൽ ആവശ്യങ്ങളൊന്നും ഉന്നയിക്കാറില്ല. ശാസ്താംകോട്ട തടാകത്തിന്റെ കാര്യവും കെ.എസ്.ആർ.ടി.സി.-യുടെ കാര്യവും മാത്രമാണ് ഞാൻ ആകെ ഉന്നയി ക്കാറുള്ളത്. ബഹുമാനപ്പെട്ട സ്പീക്കറെങ്കിലും ഇതിൽ ഇടപെടണം. എം.എൽ.എ.-മാർ പറയുന്നത് ഗൗരവത്തിലെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഡിപ്പാർട്ടുമെന്റും തയ്യാറാകണം. പ്രവർത്തനം നിലച്ചിരിക്കുന്ന കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയുടെ പ്രവർത്തനം പുനരാരംഭിച്ച് കുന്നത്തൂർ നിയോജകമണ്ഡലത്തെ സഹായിക്ക ണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. അനുഭവിക്കുന്ന മാനസിക പ്രയാസമാണ് ഇവിടെ പ്രകടമാക്കി യിട്ടുള്ളത്. 2006-ൽ ഡിപ്പോയായി ഉയർത്തി ഉത്തരവിറക്കിയെന്ന് അദ്ദേഹം തന്നെ പറഞ്ഞു. എങ്കിൽ ആ ഉത്തരവ് എവിടെ? പ്രസംഗത്തിലൂടെ പ്രഖ്യാപനങ്ങൾ നടത്തിയാൽ ഡിപ്പോയും സബ് ഡിപ്പോയും ഓപ്പറേറ്റിംഗ് സെന്ററും വരില്ല. അതും മനസ്സിലാക്കേണ്ടതുണ്ട്. ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കണമെങ്കിൽ മുപ്പത് പുതിയ തസ്തികകൾ ആവശ്യമാണ്. പക്ഷേ, എം.എൽ.എ അതിന് ഉത്തര വാദിയല്ല. അദ്ദേഹത്തെ നമുക്ക് കയ്യടിച്ച് പ്രോത്സാഹിപ്പിക്കാം. അന്ന് പ്രഖ്യാപിച്ച

നിരവധി ഡിപ്പോകൾ ഇപ്പോഴും അനാഥ പ്രേതങ്ങളെപ്പോലെ നിൽക്കുന്നുണ്ട്. പ്രഖ്യാപിച്ചിട്ട് നടപ്പിലാക്കാതെയിരിക്കുന്ന സമ്പ്രദായം ശീലിക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല. നടപ്പിലാക്കുന്ന കാര്യം മാത്രമേ പറയൂ. എന്നാൽ ആ മനോഹരമായ കെട്ടിടവും സ്ഥലവും യാത്രക്കാർക്കും ജനങ്ങൾക്കും സൗകര്യപ്രദമായ വിധത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. അങ്ങനെ പ്രയോജനപ്പെടുത്താൻ നമ്മുടെ പരിമിതിയിൽ നിന്നുകൊണ്ട് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ഒന്നുരണ്ടുതവണ ആലോചിച്ചതാണ്. ഒരു സ്കെൽട്ടൺ സ്റ്റാഫിനെയെങ്കിലും നിലനിർത്തി ആ സെന്റർ പ്രവർത്തിപ്പിക്കാൻ, സബ്ഡിപ്പോ സെന്റർ എന്നൊന്നും പേരിടേണ്ട, ആ സ്ഥലവും കെട്ടിടവും പ്രവർത്തനക്ഷമമാക്കണം. എം.എൽ.എ. പറയുന്നത് അവഗണിച്ചിട്ടില്ല, എം.എൽ.എ.-യുടെകൂടി സാന്നിദ്ധ്യത്തിൽ രണ്ടുതവണ യോഗം കൂടിയിട്ടുണ്ട്. ഈ പരിമിതി ഉള്ളതുകൊണ്ടാണ് അതന്ന് ചെയ്യാത്തത്. ഇനി ഓപ്പറേറ്റിംഗ് സെന്ററാക്കണമെങ്കിൽ അഞ്ച് തസ്തിക മാത്രമാണ് കുറയുന്നത്. 25 തസ്തിക വേണം. ഇതൊക്കെയാണ് അതിനകത്തുള്ള പ്രശ്നം. ഇത്തരത്തിലുള്ള ഡിപ്പോകളെ നിലനിർത്തിക്കൊണ്ടുപോകാനുള്ള ഒരു സ്ഥാപനമല്ല കെ.എസ്.ആർ.ടി.സി. എന്ന് എല്ലാവർക്കും അറിയാം. എങ്ങനെ പ്രയോജനകരമായ വിധത്തിൽ കൊണ്ടുപോകാൻ സാധിക്കുമെന്നത് ഗവൺമെന്റ് ഗൗരവമായി ആലോചിക്കും. വളരെ താമസമില്ലാതെതന്നെ അവിടെ ബസ്സുകൾ കയറുകയും പോകുകയും ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിലെ എല്ലാ എം.എൽ.എ.-മാരും നേരിടുന്ന ഒരു പ്രശ്നമാണ് സർവ്വീസ് വെട്ടിക്കുറയ്ക്കൽ. അങ്ങയുടെ പരിഷ്കാരംമൂലം കേരളത്തിലെ ജനങ്ങൾക്ക് ബസ് കിട്ടാത്ത അവസ്ഥയാണ്. പ്രതിപക്ഷ/ഭരണപക്ഷ വ്യത്യാസമില്ലാതെ വളരെ ഗുരുതരമായ പ്രശ്നമാണ്. എന്റെ നിയോജകമണ്ഡലത്തിൽ മൂന്ന് ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുണ്ടായിരുന്നു. ഇപ്പോൾ മൂന്ന് ബസ്സുകളും ഇല്ല. പത്തുമിനിട്ട് ഇടവിട്ട് വരുമെന്നാണ് അവർ പറയുന്നതെങ്കിലും ഒരിടത്തും ഒന്നും വരുന്നില്ല. അങ്ങ് ഇക്കാര്യം ഗൗരവമായി ആലോചിക്കണം. ഷെഡ്യൂൾ മുഴുവൻ കട്ട് ചെയ്യുന്നതിന്റെ ഫലമായി ഗ്രാമപ്രദേശങ്ങളിലെ ഷെഡ്യൂളുകളെല്ലാം ഇല്ലാതായി. രാഷ്ട്രീയത്തിനതീതമായി ഞാൻ പറയുകയാണ്, എം.എൽ.എ.-മാർക്ക് നാട്ടിൽ പോകാൻ വയ്യാത്ത അവസ്ഥയാണ്. ഇത് ശ്രീ. കോവൂർ കുഞ്ഞുമോന്റെ കാര്യം മാത്രമല്ല, ഞങ്ങളുടെയെല്ലാം കാര്യമാണ്. അങ്ങ് ദയവായി ഇക്കാര്യം പരിശോധിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിൽ കുറച്ച് വസ്തുതയുണ്ട്. ഞാനത് നിഷേധിക്കുന്നില്ല. ഒരു നിശ്ചിത വരുമാനത്തിൽ താഴെയുള്ള സർവ്വീസുകൾ നിർത്തലാക്കുകയെന്ന നിലപാടെ

ടുത്തിട്ടുണ്ട്. എന്നാൽ പ്രതിപക്ഷ നേതാവുൾപ്പെടെ ഇക്കാര്യം എന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ള പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രം സർവ്വീസ് നടത്തുന്ന സെക്ടറുകളിൽ അത് പുനഃസ്ഥാപിക്കുന്നതുസംബന്ധിച്ച് പരിശോധിച്ച് യാത്രാക്ലേശം പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## (7) ഹൈസ്കൂളിന് എയ്ഡഡ് പദവി

ശ്രീ. കെ. രാജൻ: സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ അങ്ങയുടെ നേതൃത്വത്തിലുള്ള സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ കേരളീയ വിദ്യാഭ്യാസ മേഖലയെ ആകെ ആവേശം കൊള്ളിക്കുകയും പുതുതായി ധാരാളം വിദ്യാർ ത്ഥികളെ എത്തിക്കാൻ കഴിയുകയും ചെയ്തിട്ടുണ്ടെന്നുള്ളത് സന്തോഷകരമാണ്. കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടത്തുന്ന സ്കൂൾ എയ്ഡഡ് ആക്കുന്നത് സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാലയിലെ ജീവനക്കാരുടെ മക്കൾക്കുവേണ്ടി ആരംഭിച്ച് മാടക്കത്തറ പ്രദേശത്തെയാകെ ജനകീയ വിദ്യാഭ്യാസത്തിന്റെ അടയാളപ്പെടുത്തലായി മാറിയ ഒരു സ്കൂളായി ഇത് നിലനിൽക്കുകയാണ്. ഇപ്പോൾ യൂണിവേഴ്സിറ്റി ജീവനക്കാരുടെ മക്കളെക്കാൾ ആ മേഖലയിലുള്ള ആളുകളുടെ മക്കളാണ് വിദ്യാർത്ഥികളായി അവിടെ പഠിക്കുന്നത്. 1981-ൽ ആരംഭിച്ച് ഓരോ വർഷവും ഓരോ ക്ലാസ്സുകളായി അപ്ഗ്രേഡ് ചെയ്ത് 1991-ഓടുകൂടി പത്താംക്ലാസ്സുവരെയുള്ള ക്ലാസ്സുകൾ അവിടെ നിലവിൽവന്നു. എൽ.കെ.ജി.മുതൽ പത്താംക്ലാസ്സുവരെയുള്ള 550 കുട്ടികളാണ് ഈ അദ്ധ്യയന വർഷം ടി സ്ഥാപനത്തിൽ പഠിക്കുന്നത്. ഒരുപാട് തവണ നൂറ് ശതമാനം വിജയമുണ്ടായെങ്കിലും കഴിഞ്ഞ ആറ് വർഷമായി നൂറ് ശതമാനം വിജയം മാത്രമല്ല, ഇത്തവണ പരീക്ഷ എഴുതിയ 73 കുട്ടികളിൽ 11 കുട്ടികൾ 'എ' പ്ലസ് നേടി വളരെ ഗംഭീര വിജയമുണ്ടാവുകയും ചെയ്തു. ആവശ്യത്തിനുവേണ്ട എല്ലാ സൗകര്യങ്ങളും അവിടെയുണ്ട്. എൽ.പി. ക്ലാസ്സിനുവേണ്ടി 762 ചതുരശ്ര മീറ്ററും ഹൈസ്കൂൾ ബ്ലോക്കിന് 815 ചതുരശ്ര മീറ്ററും കൃഷിക്കും നഴ്സറിക്കുംകൂടി 648 ചതുരശ്ര മീറ്ററും ലാബ് കോംപ്ലക്സിന് 165 ചതുരശ്ര മീറ്ററും വിസ്തൃതിയുണ്ട്. ആ സ്കൂളിന് ആവശ്യമായ സൗകര്യങ്ങളെല്ലാം യൂണിവേഴ്സിറ്റി ചെയ്തുകൊടുക്കുന്നുണ്ട്. ശൗചാല യങ്ങൾ, ചുറ്റുമതിൽ, തുറന്ന സ്റ്റേജ്, കളിസ്ഥലം, കമ്പ്യൂട്ടർ സയൻസ് ലാബുകൾ, ജൈവവൈവിദ്ധ്യ പാർക്ക്, ശലഭോദ്യാനം ഇങ്ങനെ തുടരുകയാണ് അവിടത്തെ വ്യത്യസ്തമായ സംവിധാനങ്ങൾ. ശാസ്ത്രമേളകളിലും എക്സിബിഷനുകളിലും മികച്ച

പ്രകടനം നേടിയ ആ സ്കൂൾ സംസ്ഥാന/ദേശീയ/അന്തർദ്ദേശീയ നിലവാരത്തിലുള്ള നിരവധി അംഗീകാരങ്ങൾ നേടുകയും അങ്ങുതന്നെ ആ സ്കൂളിൽ നേരിട്ടെത്തി അവിടെ വേണ്ട കാര്യങ്ങൾ നൽകുകയുമൊക്കെ ചെയ്തതാണ്. അങ്ങ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് അംഗമായും എക്സിക്യൂട്ടീവ് അംഗമായും പ്രവർത്തിച്ച ആളെന്ന നിലയിൽ അതിനുവേണ്ടി നടത്തിയ പരിശ്രമങ്ങളെല്ലാം രേഖയിലുണ്ട്. വിദ്യാർത്ഥികൾക്കായി 13 ക്ലബ്ബുകളും പി.ടി., എം.പി.ടി. തുടങ്ങിയ എല്ലാ സംവിധാനങ്ങളും സജീവമാണ്. അങ്ങേയ്ക്കറിയാവുന്നതുപോലെ മാടക്കത്തറ പഞ്ചായത്തിലെ വെള്ളാനിക്കര വില്ലേജിലെ ഏക ഹൈസ്കൂളാണിത്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അഭിമാനമായ ഈ ഹൈസ്കൂൾ ഇപ്പോൾ അൺ-എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നുവെന്ന് പറയുന്നത് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയ്ക്കാകെ അപമാനകരമായ കാര്യമാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പ്രോ-ചാൻസലറായിട്ടുള്ള ഒരു യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന, ഇത്ര നല്ല വിജയം നേടിയ സ്കൂൾ കേവലം അൺ-എയ്ഡഡ് സ്കൂളായി നിൽക്കുകയാണെന്ന് മാത്രമല്ല, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് എല്ലാ വർഷവും 23 അദ്ധ്യാപകരെ പരീക്ഷയും ഇന്റർവ്യൂവും നടത്തി എടുക്കേണ്ട സ്ഥിതിയുമാണുള്ളത്. ഇപ്പോൾ സ്ഥിരമായി ഉണ്ടായിരുന്ന ഹെഡ്മിസ്ട്രസ് ഈ വർഷം റിട്ടയർ ചെയ്യുകയാണ്. കാർഷിക സർവ്വകലാശാലയിലെ രജിസ്ട്രാറാണ് ഈ സ്കൂളിന്റെ മാനേജർ. അങ്ങ് അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക പ്രസ്ഥാനത്തിന്റെ നേതാവായി പ്രവർത്തിക്കുന്ന ആളാണല്ലോ, അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളമല്ല അവിടെ നൽകുന്നത്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് നൽകുന്ന ശമ്പളം കേരള സർക്കാർ അനുവദിക്കുന്ന ഗ്രാന്റിൽനിന്ന് തുടർച്ചയായി കൊടുക്കുകയാണെന്നതുകൊണ്ട് അതൊരു എയ്ഡഡ് സ്കൂളായി മാറ്റിയാൽ കേരളത്തിലെ ഗവൺമെന്റിന് ഒരു നഷ്ടവുമുണ്ടാകാൻ പോകുന്നില്ല. ഞാൻ ഒറ്റ കാര്യം മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. ഈ സർവ്വകലാശാലയെ മൂന്നായി വിഭജിക്കുന്ന കാലത്ത് അതിനെക്കുറിച്ച് പഠിക്കാൻ നിയമിക്കപ്പെട്ട കമ്മിറ്റിയുടെ ചെയർമാനായിരുന്ന ശ്രീ. കെ. ജയകുമാർ, ഐ.എ.എസ്., അദ്ദേഹം ഈ സ്കൂൾ ഒരു എയ്ഡഡ് സ്കൂളായി നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് കേരള ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ അഭിമാനമായി മാറിയിട്ടുള്ള ഈ സ്കൂൾ എയ്ഡഡ് മേഖലയിൽ കൊണ്ടുവരാനുള്ള ഇടപെടൽ പൊതുവിദ്യാഭ്യാസത്തിന് ശക്തമായ നേതൃത്വം നൽകുന്ന അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിൽ 1981-82 മുതൽ പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളാണ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഹൈസ്കൂൾ. 1 മുതൽ 10 വരെ ക്ലാസുകളുള്ള പ്രസ്തുത സ്കൂളിന്റെ മാനേജരായി കാർഷിക സർവ്വകലാശാലാ രജിസ്ട്രാറാണ് പ്രവർത്തിക്കുന്നത്. ടി സ്കൂളിന് എയ്ഡഡ് പദവി നൽകുന്ന കാര്യം സർക്കാർ ഇതിനകം നിരവധി തവണ പരിശോധിച്ചിട്ടുണ്ട്. പക്ഷെ ഇതുവരെ ഇതിന്മേൽ നയപരമായ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## (8) കടുവാസങ്കേതം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, വയനാടിനെ കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നതിനെതിരെ നേരത്തെ വലിയ പ്രക്ഷോഭമാണ് നടന്നിരുന്നത്. ഇതിനെത്തുടർന്ന് പ്രസ്തുത നീക്കം ഉപേക്ഷിക്കുകയായിരുന്നു. ഈയടുത്ത കാലത്ത് വന്യമൃഗങ്ങളുടെ സർവ്വേ നടത്തിയശേഷം ഏറ്റവും കൂടുതൽ കടുവകളുള്ള പ്രദേശമെന്ന നിലയ്ക്ക് വയനാട് റിപ്പോർട്ട് ചെയ്യപ്പെടുകയും തുടർന്ന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി വയനാടിനെ കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നുവെന്ന വലിയ വാർത്തകൾ പത്രങ്ങളിലും സോഷ്യൽ മീഡിയയിലുമെല്ലാം നിരന്തരമായി വന്നുകൊണ്ടിരിക്കുകയുമാണ്. ഇത് സംബന്ധിച്ചുള്ള നിജസ്ഥിതി വ്യക്തമാകണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുകയും ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഒരു സംരക്ഷിത വനമേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നത് കടുവകളുടെ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനും കടുവകളുടെ ആവാസ വ്യവസ്ഥ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുംവേണ്ടിയാണ്. ഇതുവഴി കടുവകൾ മാത്രമല്ല കടുവകളുടെ ആവാസ വ്യവസ്ഥയിലുള്ള മറ്റനേകം ജീവികളും സംരക്ഷിക്കപ്പെടും. ഇത്തരത്തിൽ

ശാസ്ത്രീയമായ വന്യജീവി പരിപാലനത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ദേശീയ കടുവാ സംരക്ഷണ അതോറിറ്റി കാലാകാലങ്ങളിൽ നൽകുന്നുണ്ട്. കൂടാതെ പരിപാലന-സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടുകളും പ്രോജക്ട് ടൈഗർ പദ്ധതിയിൽ ലഭ്യമാണ്. കടുവാ സങ്കേതത്തിനുള്ളിൽ താമസിക്കുന്നവരെയാണ് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി വനത്തിന് പുറത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നത്. ഒരു സംരക്ഷിത വനമേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുമ്പോൾ പുതിയതായി യാതൊരുവിധ നിയന്ത്രണങ്ങളോ നിരോധനങ്ങളോ ഏർപ്പെടുത്തേണ്ടതായില്ല. വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും ബാധകമായ എല്ലാ നിയമങ്ങളും കടുവാ സങ്കേതങ്ങൾക്കും ബാധകമാണ്. കടുവാ സങ്കേതങ്ങളായി പ്രഖ്യാപിക്കുമ്പോൾ നിയമപരമായി രൂപീകരിക്കപ്പെടുന്ന ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ വനാശ്രിത സമൂഹത്തിന്റെയും വനവാസികളുടെയും മാത്രമല്ല, ആ ഭൂപ്രദേശത്തിലെ സാധാരണ ജനവിഭാഗത്തിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിനും പ്രധാന പങ്കാണ് വഹിക്കുന്നത്. പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ ഇത്തരത്തിൽ നടത്തുന്ന സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ ലോകശ്രദ്ധതന്നെ ആകർഷിച്ചിട്ടുള്ളതാണ്. അതിനാൽ ഒരു സംരക്ഷിത വനമേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുമ്പോൾ ജനങ്ങൾക്ക് യാതൊരുവിധമായ ആശങ്കകളും ഉണ്ടാകേണ്ടതില്ല. 344.53 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള വയനാട് വന്യജീവി സങ്കേതം 2012-ൽ കടുവാ സങ്കേതമാക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. എങ്കിലും പ്രദേശവാസികളുടെ അഭ്യർത്ഥന മാനിച്ച് സർക്കാർ ഈ ആവശ്യം പരിഗണിച്ചിരുന്നില്ല. 2014-ലെ ദേശീയ കടുവാ കണക്കെടുപ്പിന്റെ ഫലത്തിന്റെ അടിസ്ഥാനത്തിൽ കടുവകളുടെ എണ്ണം കൂടുതലായുള്ള വന പ്രദേശമാകയാൽ വയനാട് മേഖലയിലെ കടുവാ സംരക്ഷണത്തിനുള്ള പ്രാധാന്യം മുൻനിർത്തി 25-5-2019-ൽ ദേശീയ കടുവാ സംരക്ഷണ അതോറിറ്റി പ്രസ്തുത മേഖല കടുവാ സങ്കേതമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്ക ണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ ഈ വിഷയത്തിൽ വനം വകുപ്പോ സർക്കാരോ യാതൊരു തീരുമാനവുമെടുത്തിട്ടില്ല.

## (9) അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കുളക്കട പഞ്ചായത്തിൽ അനുവദിച്ച അന്താരാഷ്ട്ര നിലവാരമുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ എല്ലാ പണികളും പൂർത്തീകരിച്ച് കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് നിർവ്വഹിച്ചു. അവിടത്തെ ഗവേണിംഗ് ബോഡി ആറ് കോഴ്സുകൾ ആരംഭിക്കാനും തീരുമാനമെടുത്തിരുന്നു. എന്നാൽ ഇത്ര നാളായിട്ടും ഒരു കോഴ്സുപോലും അവിടെ തുടങ്ങാത്ത സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. കോഴ്സ് തുടങ്ങണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്കും ട്രെയിനിംഗ് വേണമെന്ന് പറയുന്ന ആൾക്കാർക്കും ഇത് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. അസാപ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. ഈ സേവനം സ്കിൽ പാർക്ക്‌വഴി സമൂഹത്തിനുകൂടി ലഭ്യമാക്കാൻ വേണ്ടിയാണ് ചെയ്തിട്ടുള്ളത്. ലക്ഷ്യപ്രാപ്തിയിലേയ്ക്കെത്തിക്കാൻ ഗവൺമെന്റ് തലത്തിൽ എല്ലാ തടസ്സങ്ങളും നീക്കി കെട്ടിടം പണിയും മറ്റു കാര്യങ്ങളുമെല്ലാമായിക്കഴിഞ്ഞു. സിങ്കോ സർവ് എന്ന ഇന്ത്യൻ കമ്പനിയും സിംഗപ്പൂർ ബേസ്ഡായ എട്ട് കമ്പനികളും ചേർന്നാണ് ഈ കോഴ്സുകളെല്ലാം നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഡിപ്ലോമ ഇൻ ഇൻഫോകോം ടെക്നോളജി, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ സൈബർ ടെക്നോളജി തുടങ്ങിയ ആറ് കോഴ്സുകൾ വേഗത്തിൽ തുടങ്ങുകയും അതുപോലെ തന്നെ highly qualified ആയിട്ടുള്ളവർക്കുകൂടി കിട്ടാവുന്ന പുതിയ കോഴ്സുകൾ ആരംഭിക്കുകയും വേണം. ഗവേണിംഗ് ബോഡിയിൽ സ്ഥലം എം.എൽ.എ.-യെ അംഗമാക്കിയിട്ടില്ല. വാർഡ് മെമ്പറാണ് അതിൽ ഇപ്പോൾ അംഗമായിട്ടുള്ളത്. സ്ഥലം എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഗവേണിംഗ് ബോഡിയിൽ മാറ്റം വരുത്തണം. കൂടുതൽ ശക്തമായി, ടെക്നിക്കൽ സൗകര്യങ്ങളോടുകൂടി പ്രഖ്യാപിത ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്ന സാങ്കേതിക മികവോടെ ഇത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, സമൂഹത്തിലെ എല്ലാവർക്കും നൈപുണ്യ വികസനം സ്വാർത്ഥകമാകണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സംസ്ഥാനത്ത് ആരംഭിച്ചത്. കുളക്കടയിലെ കമ്മ്യൂണിറ്റി സ്കിൽ

പാർക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടിയുള്ള നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർ ചെയർമാനായുള്ള ഗവേണിംഗ് കമ്മിറ്റി ആറ് കോഴ്സുകൾ അംഗീകരിച്ചു. ബ്രൈഡൽ ഫാഷൻ ഫോട്ടോഗ്രാഫിക് മേക്കപ്പ് ആർട്ടിസ്റ്റ്, പ്രൊഫഷണൽ സർട്ടിഫിക്കറ്റ് ഇൻ ആർട്ടിസാൻ ആൻഡ് ബേക്കറി, ഡിപ്ലോമ ഇൻ ഇൻഫോകോം ടെക്നോളജി, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ സൈബർ ആൻഡ് വെബ് ഡെവലപ്പർ, ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ് ആൻഡ് കൗണ്ടർ സെയിൽസ് എക്സിക്യൂട്ടീവ്, ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ ആൻഡ് വെബ് ഡെവലപ്പർ എന്നിവയാണവ. കോഴ്സുകളുടെ നടത്തിപ്പിനാവശ്യമായ ലാബ് ഉപകരണങ്ങൾ വിദേശത്തുനിന്നാണ് ഓപ്പറേറ്റിംഗ് പാർട്ണർ ഇറക്കുമതി ചെയ്യുന്നത്. ഇതിൽ വന്ന കാലതാമസംമൂലമാണ് കോഴ്സുകൾ തുടങ്ങാൻ വൈകിയത്. മേൽപ്പറഞ്ഞ കോഴ്സുകളിൽ ജൂനിയർ സോഫ്റ്റ്‌വെയർ ഡെവലപ്പർ ആൻഡ് വെബ് ഡെവലപ്പർ, ഫ്രണ്ട് ഓഫീസ് എക്സിക്യൂട്ടീവ് ആൻഡ് കൗണ്ടർ സെയിൽസ് എക്സിക്യൂട്ടീവ്, ബ്രൈഡൽ ഫാഷൻ ഫോട്ടോഗ്രാഫിക് മേക്കപ്പ് ആർട്ടിസ്റ്റ് എന്നീ കോഴ്സുകളുടെ ലാബ് ഉപകരണങ്ങൾ ഇപ്പോൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ കോഴ്സുകൾ ജൂലൈ മാസം തുടങ്ങുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കി നാല് കോഴ്സുകൾക്ക് വേണ്ടിയുള്ള ലാബ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഓപ്പറേറ്റിംഗ് പാർട്ണർ സ്വീകരിച്ചുവരുന്നു. അവ സജ്ജമാക്കുന്നതിന് അനുസൃതമായി കോഴ്സുകൾ ആരംഭിക്കുന്നതാണ്. സ്കിൽ പാർക്ക് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട എം.എൽ.എ.-മാരെ ഗവേണിംഗ് ബോഡിയിൽ ഉൾപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ, പ്രത്യേകിച്ച് ശ്രീമതി പി. അയിഷാ പോറ്റി എം.എൽ.എ.-യുടെ ആവശ്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

## (10) സബ് സ്റ്റേഷൻ

<u>ശ്രീ. വി. ജോയി</u>: സർ, വേൾഡ് ടൂറിസം മാപ്പിൽ ഏറ്റവും ശ്രദ്ധയാകർഷിച്ച സ്ഥലങ്ങളിലൊന്നാണ് വർക്കല. വർക്കലയിൽ വിളക്കുളം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി.-യുടെ ഒരു സബ് സ്റ്റേഷൻ പൂർത്തീകരിക്കണം എന്നുള്ളതാണ് ഈ സബ്മിഷന്റെ പ്രധാനപ്പെട്ട ആവശ്യം. 2012-ൽ എ.എസ്. കിട്ടിയ വർക്കാണത്. 2015-ലാണ് 8.8 കോടി രൂപ ചെലവഴിച്ചുള്ള പുതിയ സബ് സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചത്. 6.1 കി.മീ. നീളത്തിൽ ലൈൻ വലിച്ചാണ്

ആ പ്രവൃത്തി നടത്തേണ്ടത്. 2 കി.മീ. ആണ് ഇപ്പോൾ നടന്നിട്ടുള്ളത്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, വലിയ ജനവാസ മേഖലയിലൂടെയാണ് ഈ ലൈൻ വലിക്കേണ്ടത് എന്നതാണ്. ജനങ്ങളുടെ വലിയ എതിർപ്പ് ഇക്കാര്യത്തിൽ വന്നിട്ടുണ്ട്. ഒരു പോസ്റ്റിൽത്തന്നെ സർവ്വീസ് ലൈനും അതിന് തൊട്ടുമുകളിൽ 11 കെ.വി. ലൈനും അതിന് തൊട്ടുമുകളിൽ 33 കെ.വി. ലൈനും വലിച്ചുപോകുമ്പോൾ വരുന്ന ബുദ്ധിമുട്ട്, അതായത് ഒരു ഹൈ ടെൻഷൻ ലൈൻ കടന്നുപോകുമ്പോൾ വരുന്ന ബുദ്ധിമുട്ട് ആ നാട്ടിലെ ആളുകൾ അനുഭവിക്കുകയാണ്. ആ സാഹചര്യത്തിൽ വിളക്കുളം സബ് സ്റ്റേഷന്റെ പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അത് അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ബോർഡിന്റെയും ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വർക്കല നിയമസഭാമണ്ഡലത്തിൽപ്പെട്ട വിളക്കുളത്തും പ്രാന്തപ്രദേശങ്ങളിലും നിരന്തര മുണ്ടാകുന്ന വൈദ്യുതി മുടക്കവും വോൾട്ടേജ് ക്ഷാമവും ശാശ്വതമായി പരിഹരി ക്കാൻ ലക്ഷ്യമിട്ട് വിഭാവന ചെയ്തിട്ടുള്ള വിളക്കുളം 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം 2016-ൽ ആരംഭിച്ചതാണ്. ആകെ 8.8 കോടി രൂപയുടെ ചെലവാണ് ഈ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്നത്. നിലവിലുള്ള വർക്കല സബ്സ്റ്റേഷനിൽനിന്നും റോഡിൽക്കൂടി 6.1 കി.മീറ്റർ 33 കെ. വി. ലൈൻ വലിച്ചാണ് ഇവിടേയ്ക്ക് വൈദ്യുതി എത്തിക്കാൻ ഉദ്ദേശിച്ചിരുന്നത്. സബ്സ്റ്റേഷന്റെ നിർമ്മാണം പത്ത് മാസം മുമ്പ് ഏകദേശം എൺപത് ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. വർക്കല സബ്സ്റ്റേഷൻ മുതൽ നടയറ സ്കൂൾ വരെയുള്ള 1.8 കി. മീറ്റർ ലൈൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. നടയറ മുതൽ പുന്നമൂട് റെയിൽ ക്രോസ് വരെയുള്ള 1.9 കി.മീറ്റർ ഭാഗത്ത് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പുന്നമൂട് മുതൽ വിളക്കുളം സബ്സ്റ്റേഷൻ വരെയുള്ള 2.4 കി.മീറ്റർ ലൈൻ വലിക്കുന്ന പണി ആരംഭിച്ചപ്പോൾ നാട്ടുകാർ ശക്തമായ എതിർപ്പുമായി രംഗത്ത് വന്നു. അതേത്തുടർന്ന് പത്ത് മാസമായി പണി മുടങ്ങിക്കിടക്കുകയാണ്. ഈ ഭാഗത്ത് 33 കെ.വി. കേബിൾ സ്ഥാപിക്കണമെന്നതാണ് നാട്ടുകാരുടെ ആവശ്യം. ഇതേത്തുടർന്ന് പോസ്റ്റുകൾ സ്ഥാപിച്ച 1.9 കി.മീറ്റർ ഭാഗത്തും കേബിൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നതിനാൽ പണി പൂർണ്ണമായും നിർത്തി വയ്ക്കേണ്ടി വന്നിരിക്കുകയാണ്. ഓവർഹെഡ് ലൈനിന് പകരം കേബിൾ സ്ഥാപിക്കുന്നതുവഴി വലിയ സാമ്പത്തിക ബാധ്യതയാണ് കെ.എസ്.ഇ.ബി.ക്ക് ഉണ്ടാകുക. കേരളത്തിൽ അങ്ങോളമിങ്ങോളം 33 കെ.വി. ലൈൻ റോഡിൽക്കൂടി

തടസ്സമില്ലാതെ വലിക്കുന്നത് പതിവായതിനാലും എതിർപ്പ് പരിഗണിച്ച് ലൈൻ മാറ്റി കേബിളാക്കുന്നത് കെ.എസ്.ഇ.ബി.-ക്ക് വലിയ സാമ്പത്തിക ബാധ്യത യുണ്ടാക്കുമെന്നതിനാലും നാട്ടുകാരുടെ അസ്വാഭാവികമായ ഈ ആവശ്യം കെ.എസ്.ഇ.ബി.-ക്ക് സ്വന്തം ചെലവിൽ നിർവ്വഹിക്കാൻ കഴിയുന്നതല്ല. പ്രശ്നം ജില്ലാ മജിസ്ട്രേറ്റിന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്. അതിൽ തീരുമാന മുണ്ടായിട്ടില്ല. ജനപ്രതിനിധികളുടെയും റവന്യൂ അധികാരികളുടെയും ശക്തമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്. പ്രശ്നം പരിഹരിച്ചാൽ ചുരുങ്ങിയ കാലയളവിൽതന്നെ യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തിയാക്കി സബ്സ്റ്റേഷന്റെ പ്രവർത്തനം സജ്ജമാക്കാൻ സാധിക്കുന്നതാണ്.

## V ക്രമപ്രശ്നം

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എം. ഉമ്മർ: സർ, നിരന്തരമായി സർക്കാർ ഓർഡിനൻസു കളിറക്കുകയാണ്. പതിനഞ്ചോളം ഓർഡിനൻസുകൾ ഇപ്പോൾ പെൻഡിംഗി ലുമാണ്. ഓർഡിനൻസിനെ സംബന്ധിച്ച് ലോക്സഭാ സ്പീക്കറായിരുന്ന ജി. വി. മാവ്ലങ്കറുടെ അഭിപ്രായം വളരെ പ്രസക്തമാണ്. അത് ഇപ്രകാരമാണ്. "The issue of an ordinance is undemocratic and cannot be justified except in cases of extreme urgency or emergency". ഇവിടെ ഓർഡിനൻസ് പുറപ്പെടു വിക്കാൻ extreme urgency എന്താണുള്ളത്, എന്ത് അടിയന്തര സാഹചര്യ മാണുള്ളതെന്ന് പറയേണ്ടതല്ലേ? മാത്രമല്ല, very special reason ഉണ്ടെങ്കിൽ മാത്രമാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. ഈ ഓർഡിനൻസിൽ very special reason എന്താണുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചാൽ നന്നായിരിക്കും. നടപ്പു സമ്മേളനത്തിൽ വിവിധ മന്ത്രിമാർ പതിനഞ്ചോളം ഓർഡി നൻസുകളാണ് സഭയുടെ മേശപ്പുറത്ത് സമർപ്പിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട ന്യൂന പക്ഷക്ഷേമ വകുപ്പുമന്ത്രി സമർപ്പിച്ചിരിക്കുന്ന, 2019-ലെ 13-ാം നമ്പർ ഓർഡിനൻസ് THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE WAQF BOARD), ഇവിടെ ഏഴാം തവണയാണ് പുനഃപ്രസിദ്ധീകരിച്ചിരിക്കുന്നത്. 2017-ൽ ഒരു തവണയും 2018-ൽ നാല് തവണയും 2019-ൽ മൂന്ന് തവണയുമാണ്. ഇപ്പോൾ 13-ാം നമ്പരായാണ് വീണ്ടും പുറപ്പെടുവിച്ചിരിക്കുന്നത്. ഇങ്ങനെയൊരു പ്രത്യേക വിഷയത്തെ സംബന്ധിച്ച് ഓർഡിനൻസ് ഒന്നിലധികം തവണ

പ്രസിദ്ധീകരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ഈ ഓർഡിനൻസ് ഏഴാമത്തെ തവണയാണ് റീ-പ്രൊമുൽഗേറ്റ് ചെയ്തിരിക്കുന്നത്. തീയതിയും നമ്പറും മാറ്റമെന്നല്ലാതെ യാതൊരു വ്യത്യാസവുമില്ല. ഓർഡിനൻസിന്റെ നമ്പരും ഡേറ്റും മാറ്റി നിരന്തരമായി നീട്ടിക്കൊണ്ടുപോകുന്നതിന് എന്ത് അർത്ഥമാണുള്ളത്? ഓർഡിനൻസ് റീ-പ്രൊമുൽഗേറ്റ് ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തണമെന്ന് 1987 -ലെ വാധ്വാ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. അസാധാരണ സന്ദർഭങ്ങളിൽ ചുരുക്കമായി പ്രയോഗിക്കാവുന്ന അസാധാരണ ആയുധമാണ് ഓർഡിനൻസ്. ഓർഡിനൻസ് അനാവശ്യമായി പുറപ്പെടുവിക്കരുതെന്ന് നിരവധി തവണ കോടതികൾതന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമസഭയിൽ ചർച്ച ചെയ്ത് നിയമനിർമ്മാണം നടത്തുകയെന്ന അടിസ്ഥാന തത്വത്തെ ബലികഴിക്കുകയാണ് ഓർഡിനൻസ് ഭരണത്തിലൂടെ ചെയ്യുന്നത്. അതുകൊണ്ട് ഓർഡിനൻസ് പുനഃപ്രഖ്യാപിക്കുന്ന പ്രവണത ആശാസ്യമല്ല. നിയമനിർമ്മാണ വ്യവസ്ഥയെ സംബന്ധിച്ച് ഓർഡിനൻസ് ഒരു ടെസ്റ്റ് ട്യൂബ് ശിശു മാത്രമാണ്. ഓർഡിനൻസ് പ്രകാരം നിരവധി കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിക്കഴിഞ്ഞു. അതിനുവേണ്ടി ചില ഓർഡിനൻസുകൾക്ക് ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാം കഴിഞ്ഞ് ഓർഡിനൻസിന്റെ മാതൃത്വം സഭയ്ക്ക് ഏറ്റെടുക്കേണ്ടിവരികയാണ്. അതായത് ഓർഡിനൻസ് ലാപ്സായാലും അതുപ്രകാരം എടുത്ത നടപടികൾ നിലനിൽക്കുന്നുവെന്നതാണ് വിചിത്രമായ കാര്യം. ഓർഡിനൻസ് ലാപ്സായാലും സഭ അംഗീകരിച്ചുനൽകിയ ചട്ടങ്ങൾക്ക് പ്രാബല്യമുണ്ടാകും. ഇക്കാര്യത്തിൽ വ്യക്തതയുണ്ടാകണം. ഇവിടെ ഒരു ഓർഡിനൻസ് എന്ന് നിയമമാകും? ഈ സർക്കാരിന്റെ കാലത്ത് നിയമമാക്കാൻ സാധിക്കുമോ എന്നതാണ് പ്രശ്നം. വളരെ പ്രധാനപ്പെട്ട 1995-ലെ വഖഫ് ആക്ടിലെ 24-ാം വകുപ്പുപ്രകാരം ബോർഡിലെ ജീവനക്കാരെ സംബന്ധിച്ച വ്യവസ്ഥ റഗുലേഷൻ മുഖേന തീരുമാനിക്കണമെന്നതാണ്. 38(4)-ൽ വഖഫ് ബോർഡിന്റെ ആസ്തിക്കനുസൃതമായ ശമ്പളം നൽകാൻ ബോർഡിനെ ചുമതലപ്പെടുത്തിയിരിക്കണമെന്നാണ്. ഓർഡിനൻസിലെ മൂന്നാം വകുപ്പ് കേന്ദ്രനിയമത്തിന് വിരുദ്ധമാണ്. 110-ാം വകുപ്പിൽ പറയുന്നത്, "The Board may, with the previous sanction of the State Government, make regulations not inconsistent with this Act or the rules made thereunder, for carrying out its functions under this Act.", എന്നാണ്. അതായത് സ്റ്റേറ്റ് ഗവൺമെന്റിന് ആകുനുസരിച്ച് റഗുലേഷൻ കൊണ്ടുവരാൻ സാധിക്കുമെങ്കിലും കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഓർഡിനൻസ് കൊണ്ടുവന്നാൽ ഒരിക്കലും നിലനിൽക്കില്ല. ഭരണഘടനാവിരുദ്ധമാണ് ഈ ഓർഡിനൻസ്. അതുകൊണ്ട് ഇതൊരിക്കലും പ്രോത്സാഹിപ്പിക്കാൻ പാടില്ലെന്നുമാത്രമല്ല, ബഹുമാനപ്പെട്ട സ്പീക്കർ

കർശനമായി റൂളിംഗ് നൽകുകയും ചെയ്യണം. ഇതിനുമുമ്പും ഇതിലേറെ ഓർഡിനൻസുകളുണ്ടായിരുന്ന കാലമുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. മുൻകാലത്തെ തെറ്റുകൾ ആവർത്തിക്കാതെ അത് തിരുത്തി മുന്നോട്ട് കൊണ്ടുപോകാൻ നമുക്ക് കഴിയണം. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ പറഞ്ഞ വിഷയത്തിന് അനുബന്ധമായി സൂചിപ്പിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്ത് ഒരു ഓർഡിനൻസ് രാജ് പോലെയാണ് കാര്യങ്ങൾ നടക്കുന്നതെന്നാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി ഈ വിഷയത്തിൽ പറഞ്ഞിട്ടുള്ളത്, " Re-Promulgation of Ordinance, that is equal to fraud on the Constitution.", എന്നാണ്. ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണമാണ്. നിയമസഭകളെ നോക്കു കുത്തികളാക്കി, ഓർഡിനൻസ് നിയമമാക്കാതെ ആവർത്തിക്കുന്നത് കോൺസ്റ്റിറ്റ്യൂഷനെ വഞ്ചിക്കുന്നതിന് തുല്യമാണ്. അതിവിടെ നിരന്തരമായി ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. എം. ഉമ്മർ, വഖഫ് ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. 2018-ൽ 58 ഓർഡിനൻസുകളാണ് സംസ്ഥാനത്തുണ്ടായത്. കോഴിക്കോട് സർവ്വകലാശാലാ നിയമം, കേരള പോലീസ് അമെന്റ്മെന്റ് ഓർഡിനൻസ് 2018 തുടങ്ങി അതിന്റെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്.

മി. സ്പീക്കർ: ലിസ്റ്റ് വായിക്കേണ്ട.

ശ്രീ. എൻ. ഷംസുദ്ദീൻ: ലിസ്റ്റ് വായിക്കുന്നില്ല. അതിന്റെ നാലിലൊന്നുപോലും നിയമമാക്കിയിട്ടില്ല. 2019-ൽ നടപ്പുവർഷം 23 നിയമങ്ങളാണ്, അതിന്റെ ലിസ്റ്റുമുണ്ട്. ഇപ്പോൾ നിയമസഭാ സമ്മേളനം നടക്കുമ്പോൾ അതിൽ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഒരു ഓർഡിനൻസ് മാത്രമാണ് ബില്ലായത്. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ വളരെ അപൂർവ്വമായ സാഹചര്യത്തിൽ മാത്രം ഗവൺമെന്റ് പ്രയോഗിക്കേണ്ട ഒന്നാണ് ഓർഡിനൻസ്. അത് നിയമസഭയുടെ പൾസ് അറിയാതെ, നിയമസഭാംഗങ്ങളുടെ അഭിപ്രായമറിയാതെ വരുന്നതാണ്. അതുകൊണ്ടുതന്നെ ഓർഡിനൻസുകൾ എത്രയുംപെട്ടെന്ന് നിയമമാക്കണമെന്നാണ് ഭരണഘടന പറയുന്നത്. ഇവിടെ ആവർത്തിച്ച് അത് ലംഘിക്കുകയാണ്. ഓർഡിനൻസുകൾ ഇറക്കാൻ ഗവൺമെന്റിന് അവകാശമുണ്ട്. പക്ഷെ അത് തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ നിയമമാക്കണം. ഇത്രയേറെ ഓർഡിനൻസുകൾ പ്രൊമുൽഗേറ്റ് ചെയ്തിട്ട് ഒന്നരമാസത്തോളം നിയമസഭ ചേർന്നിട്ടും എന്തുകൊണ്ട് ഓർഡിനൻസുകൾ നിയമമാക്കാനുള്ള താത്പര്യമോ അതിനുവേണ്ട അവസരമോ ഗവൺമെന്റ് ഒരുക്കുന്നില്ല. ഒന്നും ഷെഡ്യൂൾ ചെയ്തിട്ടില്ല. ജൂലൈ 5-ാം

തീയതി വരെയാണ് നിയമസഭ ചേരുന്നത്. നിലവിലുള്ള 23 ഓർഡിനൻസുകളിൽ ഒന്ന് മാത്രമാണ് നിയമമാക്കുന്നത്. മറ്റൊന്നും നിയമമാക്കാൻ ഗവൺമെന്റിന് താത്പര്യമില്ലെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. പല ഓർഡിനൻസുകളും എത്രയോ തവണ ആവർത്തിച്ചു. ഇവിടെ വാധ്വാ കേസ്സിന്റെ കാര്യം പറഞ്ഞു, വേറെയും സുപ്രീംകോടതി വിധികളും വിവിധ സ്പീക്കർമാരുടെ റൂളിംഗുകളും ഇക്കാര്യത്തിലുണ്ട്. അതൊന്നും വായിക്കുന്നില്ല. നിയമസഭയെ നോക്കുകുത്തിയാക്കി ഓർഡിനൻസ് ഭരണം നടത്തുന്ന ഈ പ്രവണത ശരിയല്ലെന്നുള്ള കാര്യം സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്. എത്രയോ ഓർഡിനൻസുകളുണ്ടാകാം. അത് ആവർത്തിച്ച് പോകാം. ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ അതിനനുസരിച്ച് റൂൾ ഉണ്ടാക്കുകയും കാര്യങ്ങൾ നടത്തുകയും ചെയ്യുന്നു. കാര്യങ്ങൾ നടത്താൻ അങ്ങനെയൊരു നിയമത്തിന് ആര് സപ്പോർട്ട് തന്നു; ആ നിയമത്തിന് നിയമസഭയുടെ പിൻബലമുണ്ടോ? ആറ് മാസം കഴിഞ്ഞാൽ അതിന്റെ കാലാവധി കഴിയും, വീണ്ടും അത് വരുന്നു. ഇത് ഭരണഘടനാ പ്രതിസന്ധി കൂടിയാണ്. ഗുരുതരമായ ഭരണഘടനാ ലംഘനമാണ്. ശ്രീ. പി. സി. ജോർജ് പറയുന്നത്, തട്ടുകടയിൽ ദോശ ചുടുന്നതുപോലെ ഓർഡിനൻസുണ്ടാക്കുന്നുവെന്നാണ്. ഏതായാലും ഞാൻ ദീർഘിപ്പിക്കുന്നില്ല. അതുകൊണ്ട് ഇതിനെതിരെ ശക്തമായ റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യത്തിനൊരു പരിഹാരവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരളത്തിൽ നടക്കുന്നത് ഒരു ഓർഡിനൻസ് ഭരണമാണോ എന്നാണ് എന്റെ ചോദ്യം. കാരണം, ഒരു സഭാസമ്മേളനം കഴിഞ്ഞാൽ പിറ്റേദിവസം ക്യാബിനറ്റ് കൂടി അത് റീ-ഇഷ്യൂ ചെയ്യാൻ ഗവർണർക്ക് കൊടുക്കുകയാണ് . ഭരണഘടനയനുസരിച്ച് ഓർഡിനൻസിറക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട് . പക്ഷെ അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് ഓർഡിനൻസിറക്കേണ്ടതെന്ന് ശക്ധർ ആന്റ് കൗളിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഈ സഭാസമ്മേളനത്തിൽ കൂടെയിരിക്കാൻ പ്രതിപക്ഷം തയ്യാറായിരുന്നുവെന്ന് അങ്ങേയ്ക്കറിയാമല്ലോ? മാത്രമല്ല ഫിനാൻസ് ബില്ലിനുപോലും പ്രത്യേകം സമയം കണ്ടെത്തിയിരുന്നില്ല. ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ പ്രതിപക്ഷം സഹകരിക്കണമെന്ന് അങ്ങും സഭാനേതാവുമായ മുഖ്യമന്ത്രിയും പറഞ്ഞതുകൊണ്ട് ഞങ്ങൾ സഹകരിച്ചു. ഉച്ചയ്ക്കുശേഷം ബിൽ എടുക്കാമെന്ന് പറഞ്ഞു. എനിക്ക് പറയാനുള്ളത് , സഭാസമ്മേളനം ഷെഡ്യൂൾ ചെയ്യുന്ന സമയത്ത് ഗവൺമെന്റ് ഇക്കാര്യങ്ങൾ ചിന്തിക്കേണ്ടതാണെന്നാണ് . എത്ര ഓർഡിനൻസുകൾ നിയമമാക്കാം, രണ്ടും മൂന്നും നാലും തവണ റീ-ഇഷ്യൂ ചെയ്യുന്ന അവസ്ഥ എങ്ങനെ

ഒഴിവാക്കാമെന്നുള്ളത് പാർലമെന്ററികാര്യമന്ത്രിയും വകുപ്പും ആലോചിക്കേണ്ട കാര്യമാണ്. ഇനി ഇത്തരം സാഹചര്യമുണ്ടാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അങ്ങയിലൂടെ സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ് . ഈ ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞാലുടൻ ബില്ലുകൾ നിയമങ്ങളാക്കാൻവേണ്ടി ഒരു സഭാസമ്മേളനം കൂടി ചേരണമെന്നുള്ള ഒരു നിർദ്ദേശം കൂടി വയ്ക്കാനുണ്ട് . ഇത് നിയമനിർമ്മാണ സഭയാണ് . നിയമനിർമ്മാണങ്ങൾ പാസ്സാക്കുകയെന്നതാണ് പ്രാഥമികമായ ഉത്തരവാദിത്തം. അതുണ്ടാകണമെന്ന് അങ്ങയിലൂടെ സർക്കാരിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. എം. ഉമ്മറും ശ്രീ. എൻ. ഷംസുദ്ദീനും ഏറെക്കുറെ സമാനമായിട്ടുള്ള വികാരമാണ് പ്രകടിപ്പിച്ചത് . നിയമസഭ സമ്മേളിക്കാത്ത സാഹചര്യത്തിൽ നേരത്തെ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും അടിയന്തര നിയമനിർമ്മാണം ആവശ്യമായി വരുന്ന ഘട്ടത്തിലാണ് ഭരണഘടന അനുച്ഛേദം 213 പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് സംസ്ഥാന ഗവർണ്ണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത് . ഭരണഘടന അനുച്ഛേദം 213 2(A) പ്രകാരം പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ അവതരിപ്പിച്ച് പാസ്സാക്കാത്ത പക്ഷം പ്രസ്തുത നിയമസഭാ സമ്മേളനം ആരംഭിക്കുന്ന തീയതി മുതൽ ആറാഴ്ച അവസാനിക്കുമ്പോൾ ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീരുമെന്നുള്ളതാണ് വ്യവസ്ഥ. അല്ലാത്തപക്ഷം അത് പുനർവിളംബരം ചെയ്യേണ്ടതായിട്ടുണ്ട്. ഇപ്രകാരം ഓരോ നിയമസഭാ സമ്മേളനത്തിനും മുന്നോടിയായി ഔദ്യോഗിക നിയമനിർമ്മാണങ്ങളെ സംബന്ധിച്ച ഒരു മുൻഗണനാ പട്ടിക സർക്കാർ അംഗീകരിച്ച് നിയമസഭയിൽ കൈമാറാറുണ്ട് . പ്രസ്തുത മുൻഗണനാക്രമത്തിൽ ഏറ്റവും മുന്തിയ പരിഗണന നൽകുന്നത് ഓർഡിനൻസുകൾക്ക് പകരമുള്ള നിയമനിർമ്മാണത്തിനാണ് . അപ്രകാരം മുൻഗണനാക്രമം തയ്യാറാക്കുന്നതോടൊപ്പംതന്നെ പ്രസ്തുത ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകളും മറ്റു ബില്ലുകളും പ്രസിദ്ധീകരണത്തിനായി നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്കുകയും ചെയ്യുന്നതാണ് കീഴ്‌വഴക്കം. ഇപ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ബില്ലുകളിൽനിന്നും ഏതൊക്കെ ബില്ലുകളാണ് പരിഗണിക്കേണ്ടതെന്ന് തീരുമാനിക്കുന്നത് നിയമസഭയുടെ കാര്യോപദേശക സമിതി യോഗം ചേർന്നുകൊണ്ടാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: (മൈക്ക് ഓഫ്) .....

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞുതീർക്കട്ടെ. പ്ലീസ് , പ്ലീസ് .... അങ്ങ് ഇരിക്കു.

ശ്രീ. എ. കെ. ബാലൻ: ഞാൻ അതല്ലല്ലോ പറഞ്ഞത്. ഓർഡിനൻസുകളായാലും ഓർഡിനൻസുകൾ റീപ്ലേസ് ചെയ്യുന്ന ബില്ലുകളായാലും മുൻഗണന നിശ്ചയിക്കുന്നത് കാര്യോപദേശക സമിതിയാണ് .

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: (മൈക്ക് ഓഫ്) .....

മി. സ്പീക്കർ: അദ്ദേഹം വഴങ്ങിയിട്ടില്ല. ഇതൊരു ഡിബേറ്റാക്കേണ്ട കാര്യമില്ല. അദ്ദേഹം പറഞ്ഞുകഴിയട്ടെ. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: ഇത് ക്രമപ്രശ്നത്തിനുള്ള മറുപടിയല്ലേ? മറുപടി പറഞ്ഞതിനുശേഷം അവർക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ ഞാൻ വ്യക്തതയുണ്ടാക്കിക്കൊടുക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: (മൈക്ക് ഓഫ്) .....

മി. സ്പീക്കർ: അദ്ദേഹം മറുപടി പറഞ്ഞുകഴിയട്ടെ, വാശിപിടിക്കേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പറഞ്ഞുവരുന്നത് ഇത്രയേയുള്ളൂ. ഇവിടെ നിയമങ്ങളും കീഴ്‍വഴക്കങ്ങളുമുണ്ട് . ആ നിയമത്തിൽ വളരെ വ്യവസ്ഥാപിതമായിത്തന്നെ പറഞ്ഞിട്ടുണ്ട് , അങ്ങിവിടെ പറഞ്ഞതുപോലെ പ്രയോറിറ്റി കൊടുക്കേണ്ട സെക്ടർ നിയമനിർമ്മാണം തന്നെയാണ്. ഗവൺമെന്റാണ് അത് നിശ്ചയിക്കേണ്ടത് . ഗവൺമെന്റിന് മഹാഭൂരിപക്ഷമുള്ള; ബഹുമാനപ്പെട്ട സ്പീക്കർ ചെയർമാനായിട്ടുള്ള ഒരു സമിതി എടുക്കുന്ന തീരുമാനത്തിൽ പ്രതിപക്ഷത്തുനിന്നുള്ള ആളുകൾക്ക് തീയതിയെക്കുറിച്ച് പറയാമെന്നല്ലാതെ ബില്ലിന്റെ പ്രയോറിറ്റി തീരുമാനിക്കുന്നത് ഗവൺമെന്റാണ്. ഏത് ബിൽ വേണമെന്ന് തീരുമാനിക്കുന്നതും ഗവൺമെന്റാണ്. അവിടെ ബി.എ.സി.-ക്ക് എന്തുകാര്യം. ഈ പറഞ്ഞ ഇച്ഛാശക്തി ഗവൺമെന്റിനുണ്ടെങ്കിൽ കൺഫ്യൂഷനില്ലാതാക്കാൻ സാധിക്കും.

ശ്രീ. എ. കെ. ബാലൻ: ഏതുകാലത്തും മുൻഗണന തീരുമാനിക്കുന്നത് കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ്, മുമ്പും ഇപ്പോഴും അങ്ങനെയാണ് . ഓർഡിനൻസുകൾ നിയമമാക്കുക എന്ന ഉദ്ദേശ്യത്തോടെ 2018 നവംബറിൽ നിയമനിർമ്മാണത്തിനുവേണ്ടി മാത്രം നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടി. ആ സമയത്ത് നിലവിലുണ്ടായിരുന്ന 13 ഓർഡിനൻസുകളിൽ 9 എണ്ണത്തിനും പകരം ബിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തു. ഇപ്പോൾ നിലവിലുള്ള ഓർഡിനൻസുകളിൽ ചുരുക്കം ചിലതൊഴിച്ച് ഭൂരിഭാഗവും കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വിളംബരം ചെയ്തതാണ് . ഈ പറഞ്ഞ കാര്യം ശരിയാണ്.

ഇത്രയും ഓർഡിനൻസുകൾ അക്യുമുലേറ്റ് ചെയ്യുന്നത് ശരിയാണോ? തെറ്റാണ് . അത് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതു പോലെ നിയമനിർമ്മാണത്തിനുവേണ്ടി മാത്രം ഉടൻതന്നെ ഒരു സഭാസമ്മേളനം വിളിച്ചുചേർക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ് .

ഇവിടെ ബഹുമാനപ്പെട്ട എം. ഉമ്മർ സൂചിപ്പിച്ച ഒരു കാര്യം, വഖഫ് ബോർഡിലെ നിയമനങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ് . അതിൽ യാതൊരു സംശയവും വേണ്ട, ബഹുമാനപ്പെട്ട എം. ഉമ്മർ തന്നെ തത്വത്തിൽ ആ ഓർഡിനൻസ് അംഗീകരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത് . സംസ്ഥാന വഖഫ് ബോർഡിലെ നിയമനങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ടിട്ടുള്ളത് 1995-ലെ വഖഫ് ആക്ടിലെ 24-ാം വകുപ്പ് പ്രകാരമാണ് . പ്രസ്തുത ആക്ടിലെ 24(2) വകുപ്പിൽ ജീവനക്കാരുടെ നിയമന രീതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, വഖഫ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത രീതിയിൽ റഗുലേഷൻസുണ്ടാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് . റഗുലേഷന് വിധേയമായി ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് വേണ്ടത്ര വ്യക്തതയോ സുതാര്യതയോ ഉള്ളതായി കണ്ടില്ല. അതിന്റെ ഭാഗമായിട്ടാണ് ഇതൊരു ഓർഡിനൻസായി കൊണ്ടുവന്നത് . ഉടൻതന്നെ ഈ ഓർഡിനൻസും നിയമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഇന്ത്യാ രാജ്യത്ത് ഒരു വർഷം ഏറ്റവുമധികം ദിവസം നിയമസഭാ സമ്മേളനം വിളിച്ചുചേർക്കുന്നത് ഇപ്പോഴുള്ള കേരള ഗവൺമെന്റാണ്. കുറച്ച് ഓർഡിനൻസുകൾ ഇപ്പോൾ പെന്റിംഗിലാണ്. അത് അപ്ഡേറ്റാക്കുന്നതിനുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതായിരിക്കും.

[1.00 pm]

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബി.എ.സി.-യുടെ റൂൾ 213 പ്രകാരം, It shall be the function of the Committee to recommend the time that should be allocated for the discussion of the stage or stages of such Government Bills.....എന്നാണ്. ബി.എ.സി.-യുടെ ജോലി സർക്കാർ പറയുന്ന ബില്ലുകൾക്ക് സമയം നിർണ്ണയിക്കുക മാത്രമാണ്. ഇത്തവണ ജൂലൈ 6 വരെ മാത്രം സെഷൻ തീരുമാനിക്കുകയും അടിയന്തരമായി ഫിനാൻഷ്യൽ ബിസിനസ്സിനുപോലും സമയം കണ്ടെത്താതിരിക്കുകയും ചെയ്തിട്ട് ബി.എ.സി. ആണ് ഉത്തരവാദിയെന്ന് പറയുന്നത് ശരിയാണോ? സർക്കാർ സമയം നിശ്ചയിക്കണം. ബി.എ.സി.-യുടെ ജോലി സർക്കാർ പറയുന്ന ബില്ലിന് സമയം അനുവദിക്കുക മാത്രമാണ്. സർക്കാരിന്റെ ഉത്തരവാദിത്തം സ്പീക്കർ ചെയർമാനായ ബി.എ.സി.-യിലേയ്ക്ക് വയ്ക്കുന്നത് നിരുത്തരവാദപരമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി വഖഫ് ബോർഡുമായി ബന്ധപ്പെട്ട് ബിൽ ഉടൻ കൊണ്ടുവരാമെന്ന് പറഞ്ഞു. മറ്റ് ബില്ലുകളുടെയും ഓർഡിനൻസുകളുടെയും സ്ഥിതി എന്താണ്? സർക്കാരിന്റെ കണക്കുപ്രകാരം കഴിഞ്ഞ വർഷത്തെ 58 ഓർഡിനൻസുകളിൽ എത്രയെണ്ണമാണ് നിയമമായിട്ടുള്ളത്; ബാക്കിയുള്ള ഓർഡിനൻസുകളുടെ സ്ഥിതി എന്താണ്?

ശ്രീ. എ. കെ. ബാലൻ: സർ, സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഫീ റെഗുലേഷനും അഡ്മിഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ മുമ്പിലുള്ള പ്രധാന ഓർഡിനൻസ് റീപ്ലേസ് ചെയ്ത് ബില്ലാക്കി അവതരിപ്പിക്കുകയുണ്ടായി, ഈ സെഷനിൽതന്നെ പാസ്സാക്കാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള നിയമങ്ങൾ ഓർഡിനൻസാക്കുന്നതിന് നിയമസഭ പ്രത്യേകമായി വിളിച്ചുചേർക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന ഗവൺമെന്റിന് സെൻട്രൽ ആക്ടിൽ ഭേദഗതി കൊണ്ടുവരുന്നതിനുള്ള അധികാരമില്ലെന്നാണ് ഞാൻ പറഞ്ഞത്. സെക്ഷൻ വായിച്ച ബഹുമാനപ്പെട്ട മന്ത്രി ഒന്നുകിൽ തെറ്റിദ്ധരിച്ചതാണ് അല്ലെങ്കിൽ ഞാൻ പറഞ്ഞത് മിസ്കോഡ് ചെയ്തതാണ്. അത് ശരിയല്ല, ഭരണഘടനാ വിരുദ്ധമാണ്. അത് നിലനിൽക്കുന്നതല്ല. ഭരണഘടനാവിരുദ്ധമായ റൂളാണ് കൊണ്ടുവന്നത് എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, വഖഫ് ബോർഡുമായി ബന്ധപ്പെട്ട ഓർഡിനൻസ് ബഹുമാനപ്പെട്ട ഗവർണർക്ക് അയച്ച് കൊടുത്ത് അംഗീകാരം വാങ്ങിച്ചതാണ്. ഭരണഘടനാ വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ ബിൽ അവതരിപ്പിക്കുന്ന സമയത്ത് ചർച്ച ചെയ്യാം.

മി. സ്പീക്കർ: നിയമസഭയുടെ കാര്യോപദേശക സമിതിയിൽ സർക്കാർ വയ്ക്കുന്ന നിർദ്ദേശങ്ങളുടെയും മുൻഗണനയുടെയും അടിസ്ഥാനത്തിലാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. അതിലൊരു അവ്യക്തതയുമില്ല. ഇവിടെ ഉയർന്നുവന്ന അംഗങ്ങളുടെ ആശങ്ക അസ്ഥാനത്തല്ല, അത് ശരിയാണ്. അതുമായി ബന്ധപ്പെട്ട് ചെയർ റൂളിംഗ് നൽകുന്നതാണ്.

## റൂളിംഗ്

മി. സ്പീക്കർ: 2017 ഡിസംബർ 11-ാം തീയതി പുറപ്പെടുവിച്ച The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2017, തുടർന്ന് അഞ്ചുപ്രാവശ്യം കൂടി പുറപ്പെടുവിക്കുകയുണ്ടായെന്നും പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ നിയമ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നും ഈ നടപടി ഭരണഘടനയ്ക്കും നിയമസഭാ നടപടിക്രമത്തിനും ഇതു സംബന്ധിച്ച സുപ്രീംകോടതിവിധിക്കും എതിരാണെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. നിലവിൽ ഗവർണർ പുറപ്പെടുവിച്ച പതിനഞ്ച് ഓർഡിനൻസുകൾക്ക് പകരം നിയമം നിർമ്മിക്കേണ്ടതായിട്ടുണ്ടെങ്കിലും സഭയുടെ നടപ്പുസമ്മേളനകാലത്ത് അതിനായുള്ള ഒരു ശ്രമവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതിരിക്കുന്നതിനെതിരെയാണ് ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചത്. രണ്ട് ക്രമപ്രശ്നങ്ങളും നിയമസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ള വിഷയം തന്നെയാണ്.

വസ്തുതാപരമായ ചില പിശകുകൾ അംഗങ്ങൾ ഉന്നയിക്കുകയുണ്ടായി. ഓർഡിനൻസ് നിയമത്തിന്റെ എല്ലാ പരിരക്ഷകളും ഉള്ളതായതുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുകയും അത് നിലനിൽക്കുകയും ചെയ്യുക എന്നുള്ളത് സ്വാഭാവികമായ കാര്യമാണ്. ഓർഡിനൻസ് ഉണ്ടായി അതുകൊണ്ട് ചട്ടം നിലനിൽക്കുമോയെന്ന അങ്ങയുടെ സംശയത്തിന് യുക്തിയില്ല. ഈ സമ്മേളനത്തിൽ എടുത്തിട്ടുള്ള നിയമം, ഒരു ഓർഡിനൻസ് നിയമമാക്കുകയല്ല ചെയ്തത്. അത് ഓർഡിനൻസ് ആകുന്നതിന് മുമ്പ് നിയമമാവുകയാണ് ഉണ്ടായതെന്നുകൂടി മനസ്സിലാക്കണം.

അടിയന്തര സാഹചര്യങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ കഴിയുന്നതും വേഗം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കി നിയമമാക്കണമെന്ന് തന്നെയാണ് സർക്കാരിന്റെ താൽപ്പര്യമെന്ന് ഇവിടെ വ്യക്തമാക്കി. എന്നാൽ പ്രായോഗികമായ ചില വൈഷമ്യങ്ങൾമൂലമാണ് ഓർഡിനൻസുകൾ നിയമമാക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

പതിനാലാം കേരള നിയമസഭ നിലവിൽ വന്നശേഷം ആകെ 124 ഓർഡിനൻസുകളാണ് ഇതുവരെ പുറപ്പെടുവിക്കപ്പെട്ടതായി മനസ്സിലാക്കുന്നത്. അതിൽ നിലവിൽ അവശേഷിക്കുന്ന 15 ഓർഡിനൻസുകൾ ഒഴികെ എല്ലാ

നിയമങ്ങളും നമുക്ക് നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതും മനസ്സിലാക്കണം, അത് സ്വാഗതാർഹമായ കാര്യമാണ്. നിലവിലുള്ള 15 ഓർഡിനൻസുകളുടെ കാര്യത്തിൽ അവ അടിയന്തരമായി നിയമമാക്കാൻ എല്ലാ ശ്രമങ്ങളും നടത്തേണ്ടതാണെന്ന് ചെയർകൂടി അഭിപ്രായപ്പെടുകയാണ്.

ഈ സാഹചര്യത്തിൽ നിയമനിർമ്മാണത്തിന് മാത്രമായി എത്രയും വേഗം പ്രത്യേക സഭാസമ്മേളനം ചേരാൻ സർക്കാർ മുൻകയ്യെടുക്കുമെന്നും ആ സമ്മേളനത്തിൽ എല്ലാ ഓർഡിനൻസുകൾക്കും പകരമായി നിയമം നിർമ്മിക്കാൻ കഴിയുമെന്നും ചെയർ പ്രതീക്ഷിക്കുന്നു; റൂൾ ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിൽ സഭയുടെ അടുത്ത സമ്മേളനത്തിൽ അന്നുവരെയുള്ള എല്ലാ ഓർഡിനൻസുകൾക്കും പകരമുള്ള ബില്ലുകൾ സഭയിൽ അവതരിപ്പിക്കുന്നതിനും അവ സമയബന്ധിതമായി നിയമമാക്കാനുമുള്ള എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്ക് ഗവൺമെന്റ് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അജണ്ടയിൽ ഗവൺമെന്റ് പ്രമേയം ഏത് വകുപ്പിലാണ് ഉൾപ്പെടുന്നതെന്ന് പറഞ്ഞിട്ടില്ല. 130-ാം വകുപ്പാണോ; 58-ാം വകുപ്പ് പ്രകാരമാണോ; 118-ാം വകുപ്പ് പ്രകാരമാണോ; അതോ 300-ാം വകുപ്പ് പ്രകാരമുള്ള മന്ത്രിയുടെ സ്റ്റേറ്റ്മെന്റാണോ? ഇത് ശ്രദ്ധക്ഷണിക്കൽ പോലെയല്ല, എപ്പോഴെങ്കിലും വരുന്ന പ്രമേയമാണ്. അത് മൂന്നോ നാലോ തരത്തിൽ വരാം. അത് ഏത് വകുപ്പിലാണ് എന്നുള്ളത് സൂചിപ്പിച്ചിരുന്നുവെങ്കിൽ മെമ്പർമാർക്ക് അതുസംബന്ധിച്ച് മനസ്സിലാക്കാനും ബോദ്ധ്യപ്പെടുത്താനും ചർച്ച ചെയ്യണമെങ്കിൽ ചർച്ചയ്ക്ക് തയ്യാറാകാനും സാധ്യമാകുമായിരുന്നു. 118-ാം വകുപ്പ് പ്രകാരമാണെങ്കിൽ " it shall not contain arguments, inferences, ironical expressions, imputations........ "എന്നാണ്. ഇത് ഒരു ironical അല്ലെങ്കിൽ inference മാത്രമാണ്. സെൻട്രൽ ഗവൺമെന്റ് എടുക്കുമെന്നുള്ള ഔദ്യോഗികമായ ഒരു തീരുമാനം ഉണ്ടായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതില്ലാത്ത സ്ഥിതിക്ക് 118-ാം വകുപ്പ് ആണെങ്കിൽ 119-ാം വകുപ്പുകൂടി പരിശോധിക്കേണ്ടതല്ലേ എന്നുകൂടിയുള്ളതാണ് എന്റെ പോയിന്റ ഓഫ് ഓർഡർ.

<u>മി. സ്പീക്കർ</u>: പതിവുപോലെ നമ്മുടെ നിയമസഭയിലെ സൂക്ഷ്മദർശിനിയാണ് ശ്രീ. എം. ഉമ്മർ എന്ന് വീണ്ടും തെളിയിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി 118-ാം വകുപ്പ് പ്രകാരമാണ് പ്രമേയം അവതരിപ്പിക്കുന്നത്. അത് സർക്കുലേറ്റ് ചെയ്യുന്നതിൽ ടെക്നിക്കൽ മിസ്റ്റേക്ക് സംഭവിച്ചതാണ്. അത് എന്തുകൊണ്ട് സംഭവിച്ചുവെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

# VI ഗവൺമെന്റ് പ്രമേയം

## നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, "ഇടനിലക്കാർ മുഖാന്തരമുള്ള ഭാഗ്യക്കുറികൾ കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറി കൊള്ളയെ സംസ്ഥാനത്തുനിന്നും മാറ്റി നിർത്തുന്നതിന് കഴിഞ്ഞ കുറേനാളുകളായി മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ കർശനമായ നിലപാടുകളാണ് സ്വീകരിച്ചു പോരുന്നത്. ഭാഗ്യക്കുറി നിയന്ത്രണ നിയമവും ചട്ടങ്ങളും നഗ്നമായി ലംഘിച്ച് നടത്തി വന്നിരുന്ന ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽ നിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം ഒടുവിൽ 2015 ആഗസ്റ്റിൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു. അന്യസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിച്ചുനിർത്തുന്നതിനുതകുന്ന വ്യവസ്ഥകൾ ജി.എസ്.ടി. നിയമത്തിലും നിരക്കുകളിലും ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ ഇടനിലക്കാർ മുഖാന്തരമുള്ള ലോട്ടറി കച്ചവടത്തിന് കേരളത്തിലടക്കം യഥേഷ്ടം കടന്നുവരുന്നതിനുള്ള നീക്കങ്ങളാണ് സമീപകാലത്തായി ജി.എസ്.ടി. കൗൺസിലിൽ നടക്കുന്നത്. സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കമാണ് ഇതിൽ പ്രധാനം. ഇവയുടെ വ്യത്യസ്ത നികുതി നിരക്കുകൾ ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ശരിവച്ചതാണ്. ഇവ തമ്മിലുള്ള വേർതിരിവ് യുക്തിസഹമാണെന്നും ഭരണഘടനാ വിരുദ്ധമല്ലെന്നും കോടതി കണ്ടെത്തി. എന്നിട്ടും ഇടനിലക്കാർ മുഖാന്തരമുള്ള ഭാഗ്യക്കുറികളുടെ 28 ശതമാനം നികുതിനിരക്ക് കുറച്ച് സർക്കാർ നേരിട്ടുനടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു. ഈ നീക്കത്തിൽ കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭാഗ്യക്കുറി വിൽപ്പനക്കാരും ഏജന്റുമാരും പൊതുജനങ്ങളും അങ്ങേയറ്റം ഉത്കണ്ഠാകുലരാണ്. ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറിയുടെ നികുതി കുറയ്ക്കുന്നത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിന്റെ ഗുണഭോക്താക്കൾ ഇടനിലക്കാരായ വൻകിട ഭാഗ്യക്കുറി നടത്തിപ്പുകാർ മാത്രമായിരിക്കും. ഇടനിലക്കാർ മുഖാന്തരം നടത്തുന്ന ഇതര സംസ്ഥാന

ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലും സി.ബി.ഐ.-യും എല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്ന ഏജന്റിന് മാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുണ്ടാകൂവെന്ന് 28-ാമത് ജി.എസ്.ടി. കൗൺസിലിൽ വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുസൃതമായി ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവരികയും ചെയ്തു. ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളും ഇതാണ് അനുശാസിക്കുന്നത്. എന്നാൽ ഇതിന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കവും സജീവമാണ്. ഇത്തരത്തിൽ ഇട നിലക്കാർ മുഖാന്തരം നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾക്ക് അനുഗുണ മാകുന്ന ജി.എസ്.ടി. നിരക്ക് ഏകീകരണം, ഉപകരാറുകൾ നൽകാനുള്ള നീക്കം, സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കം എന്നിവ ഉപേക്ഷിക്കണമെന്നും ഭാഗ്യക്കുറിയുടെ ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ഈ സഭ ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും ഇതിനാൽ അഭ്യർത്ഥിക്കുന്നു"എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

118-ാം വകുപ്പ് പ്രകാരമുള്ള പ്രമേയം സഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഞാൻ പ്രമേയം ഔപചാരികമായി അവതരിപ്പിക്കുകയാണ്. വെറും Inference-നെ അടിസ്ഥാനമാക്കിയല്ല, 28-ാം തീയതി ജി.എസ്.ടി. കൗൺസിൽ ചേരുകയാണ്. കഴിഞ്ഞയാഴ്ച ചേർന്ന ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് ഇപ്പോൾ ഈ പ്രമേയത്തിൽ പറയുന്ന കാര്യങ്ങൾ ഭൂരിപക്ഷപ്രകാരം ഒരു നിലപാട് സ്വീകരിച്ച് ജി.എസ്.ടി. കൗൺ സിലേയ്ക്ക് പോവുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഈ പ്രമേയം സഭയിൽ ചർച്ച ചെയ്ത് ജി.എസ്.ടി. കൗൺസിലിൽ അയയ്ക്കാനായി തീരുമാനിച്ചിട്ടുള്ളത്. ഇത് ഒരു inference അല്ല, വലിയ ഒരു പ്രയാസം നേരിടാൻ പോകുകയാണ്.

പട്ടികജാതിപട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി(ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിന്റെ രണ്ടാം ഖണ്ഡികയിൽ,

"ഏകീകരിക്കാനാണ് കൗൺസിലിൽ നീക്കം നടക്കുന്നത് " എന്നതിനു പകരം "ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നും ദുരുപദിഷ്ടമായ ഈ നീക്കം ഉപേക്ഷിക്കണമെന്നും സഭ അഭ്യർത്ഥിക്കുന്നു." എന്ന് ഭേദഗതി ചെയ്യേണ്ടതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ഗുരുതരമായി ബാധിച്ചേക്കാവുന്ന ഒരു നീക്കമാണ് കേന്ദ്രതലത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ലോട്ടറി, ജി.എസ്.ടി. നിരക്ക് ഏകീകരിച്ചാൽ സാമ്പത്തിക വരുമാനത്തിന്റെ കാര്യത്തിൽ പ്രതിസന്ധി ഉണ്ടാകുമെന്നു മാത്രമല്ല, ലോട്ടറി കൊള്ളയുടെ പേരിലുള്ള മറ്റെല്ലാ അധാർമ്മികതയിലേയ്ക്കും കേരള സംസ്ഥാനം മൂക്കുകുത്തപ്പെടുമെന്നുമുള്ളതാണ് പ്രധാന പ്രശ്നം.

1967-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് മന്ത്രിയായിരുന്ന പി. കെ. കുഞ്ഞുസാഹിബാണ് കേരള സംസ്ഥാന ലോട്ടറി ആരംഭിക്കുന്നത്. അതുവരെ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന ലോട്ടറികളാണ് നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നത്. കബളിപ്പിക്കലും വഞ്ചനയുമായിരുന്നു ലോട്ടറിയുടെയും മറ്റും പേരിൽ ഇവിടെ നടന്നുകൊണ്ടിരുന്നത്. എന്നാൽ സംസ്ഥാനത്ത് ലോട്ടറി നിയമം കൊണ്ടുവന്നതിനുശേഷം അതിലെല്ലാം വലിയ തോതിൽ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് ലോട്ടറി വരുമാനത്തിൽനിന്നാണ് ലഭിക്കുന്നത്. 2015-16- സാമ്പത്തിക വർഷം ലോട്ടറിയിൽനിന്നുള്ള വരുമാനം 6317.71 കോടി രൂപയായിരുന്നത് 2018-19-ൽ 9267.7 കോടി രൂപയായി ഉയർന്നു. ജി.എസ്.ടി. അടക്കം ലോട്ടറിയുടെ ആകെ വരവ് 10000 കോടി രൂപയിൽ എത്തിയിരിക്കുകയാണ്.

2017 ജൂൺ 18-ന് ചേർന്ന 17-ാം ജി.എസ്.ടി. കൗൺസിൽ യോഗത്തിലെടുത്ത തീരുമാനം വളരെ പ്രധാനപ്പെട്ടതായിരുന്നു. സംസ്ഥാന സർക്കാരുകൾ നടത്തുന്ന ലോട്ടറികൾക്ക് 12 ശതമാനവും മറ്റ് ലോട്ടറികൾക്ക് 28 ശതമാനവുമാണ് ജി.എസ്.ടി. നിശ്ചയിച്ചത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നേതൃത്വം നൽകിയ ശക്തമായ ഇടപെടലാണ് ഇങ്ങനെയൊരു തീരുമാനത്തിലേയ്ക്കെത്തിച്ചത്. ഇതിനുവേണ്ടി അദ്ദേഹം ദേശീയതലത്തിൽ നടത്തിയ ഇടപെടലുകൾ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ തീരുമാനമാണ് അന്നെടുത്തത്. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ പിന്തുണയും അത്തരമൊരു തീരുമാനമെടുക്കുന്നതിന് സഹായിക്കുകയുണ്ടായി. അതിനുശേഷം രണ്ടുതരം നികുതിയെന്നാരോപിച്ച്

ലോട്ടറി നടത്തിപ്പുകാരായിട്ടുള്ള ഇടനിലക്കാർ കൽക്കട്ട ഹൈക്കോടതിയിൽ ഒരു ഹർജി നൽകുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കൽക്കട്ട ഹൈക്കോടതിയെടുത്ത തീരുമാനം ഞാനിവിടെ വായിക്കാം. W.P. No. 18424 (W) of 2017-ൽ കൽക്കട്ട ഹൈക്കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടു, " The rationale for imposing differential rates appear from the minutes of the $17^{th}$ meeting of the GST Council. The rationale for the differential rate or the rates by themselves have not been substantiated to be breach of any provision of the Constitution. The rationale appeal by the GST Council for differential rate of GST for lottery run by the State Government and lottery authorised by the State Government has been held constitutional by the High Court." ഹൈക്കോടതി വളരെ കൃത്യമായി ഈ വിധിന്യായം നൽകുകയുണ്ടായി. Teesta Distributors തുടങ്ങിയ വിതരണക്കാരാണ് ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നത്. അങ്ങനെ ജി.എസ്.ടി. കൗൺസിലിന്റെ 17-ാം യോഗ തീരുമാനത്തിന് ജുഡീഷ്യൽ അംഗീകാരവും ലഭിക്കുകയുണ്ടായി. കൽക്കട്ട ഹൈക്കോടതിയുടെ വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ ലോട്ടറി നടത്തിപ്പുകാർ തയ്യാറായില്ല. അവർ കേന്ദ്ര സർക്കാരിൽ സ്വാധീനം ചെലുത്തി ഈ നികുതി ഏകീകരിക്കാൻ ശ്രമിക്കുകയാണെന്നുള്ളത് വ്യക്തമാണ്. സാമ്പത്തികമായി വളരെ സ്വാധീനമുള്ള ആളുകളാണ് ലോട്ടറി നടത്തിപ്പുകാർ. 17-ാം ജി.എസ്.ടി. കൗൺസിലെടുത്ത തീരുമാനത്തിന് മാറ്റമുണ്ടാകത്തക്ക നിലയിൽ കേന്ദ്ര ഗവൺമെന്റിനെ സ്വാധീനിക്കാൻവേണ്ടിയുള്ള ശ്രമങ്ങൾ അവർ നടത്തിയെന്ന് സംശയിക്കാൻ ഇട നൽകുന്നതാണ് സാഹചര്യങ്ങൾ. 17-ാം ജി.എസ്.ടി. കൗൺസിലെടുത്ത തീരുമാനത്തിൽ മാറ്റം വരുത്താനുണ്ടായ സാഹചര്യമെന്താണ്? കേന്ദ്ര ഭരണകക്ഷിയെ സ്വാധീനിക്കുന്നതിന് ലോട്ടറി മാഫിയയ്ക്ക് കഴിഞ്ഞിരിക്കുന്നു എന്നാണർത്ഥം. നേരത്തെ എടുത്ത തീരുമാനത്തിൽനിന്ന് പിന്നോട്ട് പോകത്തക്ക നിലയിൽ ലോട്ടറി മാഫിയകളെ സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകണമെന്ന അവരുടെ ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന സ്ഥിതിയുണ്ടാകുന്നതെന്തുകൊണ്ടാണ്? കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് അവർ ഈയൊരു ആവശ്യത്തിനുവേണ്ടി കോടിക്കണക്കിന് രൂപ വിനിയോഗിച്ചിട്ടുണ്ടാകാമെന്ന് സാഹചര്യങ്ങൾവച്ച് ഊഹിക്കാവുന്നതേയുള്ളൂ. കേന്ദ്ര ഗവൺമെന്റും ജി.എസ്.ടി. കൗൺസിലും നടത്തുന്ന ഈ ശ്രമം പ്രാബല്യത്തിൽ വന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം അതൊരു വലിയ അപകടമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. കേരള ലോട്ടറി ഇന്ത്യയ്ക്കാകെ മാതൃകയായി ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ആകർഷകമായിട്ടുള്ള വരുമാന സ്രോതസ്സാണെന്നുള്ളത് മാത്രമല്ല, കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച കാരുണ്യ ലോട്ടറി അംഗീകരിക്കപ്പെടേണ്ട നല്ലൊരു കാര്യമായിരുന്നു. ഈ ഗവൺമെന്റും അത് തുടരുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കാൻ പോകുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയവും അടയ്ക്കാൻ കഴിയുന്നത് ഈ സംവിധാനത്തിലൂടെയാണ്. അത്തരത്തിൽ കേരള സംസ്ഥാനത്തിന്റെ നിലനിൽപ്പിനുതന്നെ അപകടകരമായ ഒരു ഭേദഗതിയാണ് ജി.എസ്.ടി. നികുതി നിരക്ക് ഏകീകരണത്തിലൂടെ ഉണ്ടാക്കാൻ ശ്രമിക്കുന്നത്. സംസ്ഥാനത്തിന്റെ നിലനിൽപ്പിന് എതിരായിട്ടുള്ള ഒരു നീക്കമാണ് ഇതെന്ന് കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ഏക മനസ്സോടുകൂടി ശക്തമായ ഒരു പ്രതിരോധമുണ്ടാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് കഴിയേണ്ടതുണ്ട്. ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക നിലനിൽപ്പിന് മാത്രമല്ല സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അനിവാര്യമായ ഒരു കാര്യമായി ഞാൻ അതിനെ കാണുകയാണ്. ഇങ്ങനെ സംസ്ഥാനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ കേന്ദ്ര ഗവൺമെന്റ് തീരുമാനങ്ങളെടുക്കുന്നത് വളരെ അപകടകരമായ പ്രവണതയാണ്. ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കുന്ന നിലപാടിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് പോകുകയാണ്. വൈവിദ്ധ്യങ്ങളെ ഉൾക്കൊള്ളുന്ന സമീപനം മുന്നോട്ടുവച്ചുകൊണ്ടാണ് ഫെഡറൽ തത്വങ്ങളിലധിഷ്ഠിതമായ ഭരണഘടന തയ്യാറാക്കപ്പെട്ടതും അതിന്റെ ഭാഗമായി കേന്ദ്രം, സംസ്ഥാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള സർക്കാരുകൾ വിഭാവനം ചെയ്യപ്പെടുന്നതും. ശക്തമായ കേന്ദ്രമെന്ന് പറയുമ്പോൾ സംതൃപ്തമായ സംസ്ഥാനങ്ങൾകൂടി ഉണ്ടാകേണ്ടതുണ്ട്. ജി.എസ്.ടി. എന്ന് പറയുമ്പോൾത്തന്നെ നികുതി നിർണ്ണയിക്കാനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തിൽ കൈവച്ചുകൊണ്ട് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ ഞെരുക്കുകയാണ് അവർ ചെയ്യുന്നത്. പുതിയ നികുതി പരിഷ്കരണംകൂടി വരുന്നതോടെ അപകടകരമായ ഒരവസ്ഥയിലേയ്ക്ക് സംസ്ഥാനങ്ങളെ കൊണ്ടു ചെന്നെത്തിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റും ജി.എസ്.ടി. കൗൺസിലും എടുക്കാൻപോകുന്ന തീരുമാനത്തെ കേരള നിയമസഭ ഒരേ മനസ്സോടുകൂടി എതിർക്കേണ്ടതുണ്ട്. തീർച്ചയായും പ്രതിപക്ഷത്തിന്റെ പിന്തുണ അക്കാര്യത്തിലുണ്ടാകുമെന്ന് നമുക്ക് ഉറച്ച് വിശ്വസിക്കാം. കാരണം ജി.എസ്.ടി. കൗൺസിലിൽ ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം ഉന്നയിക്കുമ്പോൾ അദ്ദേഹത്തിന് സംസ്ഥാന ഗവൺമെന്റുകൾ നൽകിയിട്ടുള്ള പിന്തുണ വളരെ പ്രധാനപ്പെട്ടതാണ്.

ഈ പ്രമേയത്തിന്റെ ഭാഗമായിട്ടല്ലെങ്കിൽപ്പോലും കേന്ദ്ര ഗവൺമെന്റ് കൈക്കൊള്ളുന്ന സംസ്ഥാന വിരുദ്ധ നിലപാടുകളെക്കുറിച്ച് ഒരു കാര്യംകൂടി പറഞ്ഞു കൊള്ളട്ടെ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ

കൂടിക്കാഴ്ചയിൽ വ്യക്തമാക്കപ്പെട്ട ചില കാര്യങ്ങൾ, സംസ്ഥാന താല്പര്യങ്ങൾ ക്കെതിരായി കേന്ദ്ര ഗവൺമെന്റ് നിൽക്കുന്നു എന്നുള്ളതാണ്. ദേശീയപാതാ വികസനത്തിന് കേന്ദ്രം ചില ഉപാധികൾ മുന്നോട്ടുവച്ചിരിക്കുന്നു. ഇതൊക്കെ രാജ്യത്തിന്റെ ചരിത്രത്തിലില്ലാത്ത കാര്യങ്ങളാണ്. ദേശീയപാതയുടെ നവീകരണം നടക്കണമെന്നുണ്ടെങ്കിൽ 5500 കോടി രൂപയിൽ കുറയാത്ത സംഖ്യ കേരളം നൽകണമെന്ന ഉപാധിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്. എന്തൊരു അനീതിയാണിത്? ഒരു സംസ്ഥാന ഗവൺമെന്റെന്ന് പറയുന്നത് രാജ്യത്തിന്റെ ഭാഗമാണ്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് ഇത്തരത്തിലുള്ള ഉപാധികൾ അടിച്ചേല്പി ക്കുകയാണ്. പ്രളയത്തെത്തുടർന്ന് 34000 കോടി രൂപയുടെ നഷ്ടമുണ്ടായ സംസ്ഥാനത്തോടാണ് ദേശീയപാത നവീകരിക്കണമെങ്കിൽ 5500 കോടി രൂപ നൽകണമെന്ന് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കേന്ദ്ര ഗവൺമെന്റ് ദേശീയ പാതയുടെ കാര്യത്തിൽ അപകടകരമായ ഈ പ്രവണതയെടുക്കുന്നു; നികുതിയുടെ കാര്യത്തിൽ സംസ്ഥാനത്തെ ഞെരുക്കുന്ന സമീപനം സ്വീകരിക്കുന്നു. അതുകൊണ്ട് ജി.എസ്.ടി.-യുടെ നികുതി ഏകീകരണം സംസ്ഥാനത്തിന്റെ അഭിമാനമായ ലോട്ടറിയെ തകർക്കുകയും വികസന പ്രവർത്തനങ്ങളെ മരവിപ്പിക്കുകയും ചെയ്യും. ജനങ്ങളുടെ താല്പര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റ് പ്രവർത്തിക്കുമ്പോൾ ആ ഗവൺമെന്റിന് നിലനിൽക്കുന്നതിന് തീർച്ചയായും അതിന്റെ ധനസ്രോതസ്സ് ശക്തിപ്പെടേണ്ടതുണ്ട്. ഇവിടെ പതിനായിരം കോടി രൂപയുടെ വിറ്റുവരവുള്ള കേരള ലോട്ടറിയെ തകർക്കുകയും സംസ്ഥാനത്തെ ജനങ്ങളെ ബാധിക്കുന്ന തരത്തിൽ ദോഷകരമായി അത് നടപ്പിലാക്കുകയും ചെയ്യുകയാണ്. കേരള ലോട്ടറി തകർക്കപ്പെട്ടാൽ ആയിരക്കണക്കിന് സാധാരണ മനുഷ്യരുടെ ജീവിതം ഇല്ലാതാക്കപ്പെടും. ലോട്ടറി ഏജന്റുമാർക്ക് ലഭിക്കുന്ന കമ്മീഷൻ കൊണ്ടാണ് അവരുടെ കുടുംബം കഴിയുന്നത്. ലോട്ടറി ഏജന്റുമാരുടെയും സംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുടെയും കഞ്ഞിയിൽ മണ്ണിടാനുള്ള ശ്രമമാണെന്നുകൂടി കാണേണ്ടതുണ്ട്. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയം സംസ്ഥാനത്തെ ജനങ്ങളുടെ വികാരത്തിന്റെ പ്രതിഫലനമാണെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ഇതിനെ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, ബഹുമാന്യനായ ധനകാര്യവും കയറും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ജി.എസ്.ടി. എന്ന വിപത്ത് കേരള ഭാഗ്യക്കുറിക്കുമേൽ പുതിയ കരിനിഴൽ വീഴ്ത്തിയിരിക്കു കയാണ്. ഇതരസംസ്ഥാന ലോട്ടറി മാഫിയകളുടെ അഭ്യർത്ഥന പ്രകാരമാണ് ജി.എസ്.ടി. നിരക്ക് ഏകീകരിക്കാൻ ഇപ്പോൾ കേന്ദ്രം തയ്യാറായിരിക്കുന്നത്.

നേരത്തെ ബഹുമാന്യനായ കെ. വി. അബ്ദുൾ ഖാദർ പറഞ്ഞതുപോലെ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് ജി.എസ്.ടി. കൗൺസിലിൽ നടത്തിയ ശക്തമായ ഇടപെടലിന്റെ ഫലമായിട്ടാണ് ഗവൺമെന്റ് നടത്തുന്ന ലോട്ടറിക്ക് 12 ശതമാനവും മറ്റ് ലോട്ടറികൾക്ക് 28 ശതമാനവും എന്ന നിരക്കിൽ നികുതി നിശ്ചയിക്കപ്പെട്ടത്. ആ സന്ദർഭത്തിൽ കേന്ദ്രം അംഗീകരിക്കുകയും ചെയ്ത നടപടി യാണിത്. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഇതരസംസ്ഥാന ലോട്ടറി മാഫിയ അതിശക്തമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ഒരു ശക്തികേന്ദ്രമായി മാറി. അവരുടെ ഇടപെടലിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഏകീകരണം എന്ന നടപടിയിലേയ്ക്ക് നീങ്ങാൻ ഇടയായിട്ടുള്ളതെന്നാണ് മനസ്സിലാകുന്നത്. ഏകീകരണം എന്നു പറയുമ്പോൾ 12 ശതമാനം എന്നുള്ളത് 28 ശതമാനത്തിലേയ്ക്ക് മാറ്റുക എന്ന ചിന്തയാണ് കേന്ദ്ര ഗവൺമെന്റിനുള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത്തരമൊരു അവസ്ഥ വന്നാൽ സംസ്ഥാന ഗവൺമെന്റ് നടത്തുന്ന സാമൂഹ്യ പ്രതിബദ്ധതയോ ടുകൂടിയ, ഈ നാടിന്റെ സമ്പദ്ഘടനയ്ക്ക് വലിയ സംഭാവന ചെയ്തുകൊണ്ടിരിക്കുന്ന സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനത്തെ ഏറെ പ്രതികൂലമായി ബാധിക്കും. ഏതാണ്ട് ഒന്നേകാൽ ലക്ഷത്തിലധികം വരുന്ന കുടുംബങ്ങളാണ് വഴിയാധാര മാകാൻ പോകുന്നത്. നമുക്കറിയാം, ലോട്ടറി വില്പനക്കാരിൽ മഹാഭൂരിപക്ഷവും പാവപ്പെട്ട, അംഗഭംഗം ബാധിച്ചവരും മറ്റ് തൊഴിലുകൾ ചെയ്യാൻ കഴിയാത്തവരുമാണ്. ആ നിലയിൽ സാധാരണക്കാരിൽ സാധാരണക്കാരായ ഒരു ജനവിഭാഗത്തെ വഴിയാധാരമാ ക്കുന്നതിന് ഇടയാക്കുന്ന, കേരളത്തിന്റെ സമ്പദ്ഘടനയെ ഏറെ പ്രതികൂലമായി ബാധിക്കാനിടയുള്ള ഒരു നടപടിയായി ഇത് മാറാൻ പോകുകയാണ്.

ഏജന്റുമാരുടെ കമ്മീഷനിലും സമ്മാനത്തുകയുടെ കാര്യത്തിലും ഈ ഏകീകരണം വളരെ പ്രതികൂല അവസ്ഥയുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജി.എസ്.ടി. നിരക്ക് കുറച്ചാൽ ഇതരസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വീണ്ടും പിടിമുറുക്കുകയും കുറഞ്ഞ ലാഭത്തിൽ മാത്രം പ്രവർത്തിക്കുന്ന കേരള സംസ്ഥാന ലോട്ടറിയെ അത് ഏറെ പ്രതിസന്ധിയിലാക്കുകയും ചെയ്യും. നാഗാലാൻഡ്, മിസ്സോറാം തുടങ്ങിയ സംസ്ഥാനങ്ങളിലെ ലോട്ടറിയുടെ സമീപനം ചൂതാട്ടത്തിന്റെ സ്വഭാവത്തിലുള്ളതാണ്. കേരള സംസ്ഥാനത്തിന്റെ നിയമ വിധേയമായ ലോട്ടറിയാണ് ആ ചൂതാട്ട സമീപനത്തിൽനിന്ന് വ്യത്യസ്തമായി നടത്തിപ്പോകുന്നത്. ആ സ്ഥിതി മാറുകയാണ്. ചൂതാട്ടക്കാർ കേളീരംഗമായി നമ്മുടെ നാടിനെ മാറ്റിയെടുക്കുന്ന ഒരവസ്ഥയാണുണ്ടാകാൻ പോകുന്നത്.

നമുക്കറിയാം, ഇവിടെ വില്പന നടത്തിക്കൊണ്ടിരിക്കുന്ന ഇതരസംസ്ഥാന ലോട്ടറികൾ ജനങ്ങളെ വല്ലാതെ ഭ്രമിപ്പിക്കുന്ന തരത്തിലുള്ള സമ്മാനത്തുകകളാണ് വാഗ്ദാനം ചെയ്യാറുള്ളത്. ഇന്നുവരെ അപ്രകാരം വാഗ്ദാനം ചെയ്യപ്പെടുന്ന ഒന്നും

രണ്ടും സമ്മാനത്തുകകൾ ആർക്കും ലഭിച്ചതായി യാതൊരു വ്യക്തതയുമില്ല. എന്നാൽ കുറഞ്ഞ സമ്മാനത്തുകകൾ കിട്ടുകയും ചെയ്യുന്നു. അത് കിട്ടുമ്പോൾ ഭാഗ്യക്കുറി ടിക്കറ്റ് വീണ്ടും എടുക്കാനുള്ള പ്രേരണ ആളുകളിലുണ്ടാകുകയാണ് ചെയ്യുന്നത്. ലഹരിയോടുള്ള ഒരു ഭ്രമംപോലെ ലോട്ടറിയോടും ഈ ചൂതാട്ടമനോഭാവക്കാരുടെ സമീപനത്തിന്റെ ഭാഗമായി ജനങ്ങൾക്ക് ഭ്രമമുണ്ടാകുകയാണ്. അതിന്റെ ഫലമായി സാമ്പത്തികമായി കുടുംബാന്തരീക്ഷംതന്നെ തകരുന്ന സ്ഥിതിയും നമ്മുടെ ചുറ്റുപാട് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ആ ഒരു പശ്ചാത്തലത്തിൽ കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സിനെ പ്രതികൂലമായി ബാധിക്കുന്നതും ഇവിടത്തെ ജനജീവിതത്തെ സ്വാധീനിക്കാൻ ഇടയാകുന്നതുമായ ഒരു വിഷയമായി ഇത് മാറിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ നിയമസഭ ഏകകണ്ഠമായി കേന്ദ്രഗവൺമെന്റിന്റെ ഈ സമീപനത്തെ എതിർക്കേണ്ടതായിട്ടുണ്ട്. ഇത് കോടതിയിലൂടെ ചോദ്യം ചെയ്യാൻ ലോട്ടറി മാഫിയ ശ്രമിച്ചതാണ്. കൽക്കട്ട ഹൈക്കോടതി അത് നിരാകരിച്ചതാണ്. സാധാരണ നടപടിക്രമങ്ങൾ അനുസരിച്ചാണെങ്കിൽ ഹൈക്കോടതി ഒരു കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിച്ചാൽ അല്ലെങ്കിൽ ബന്ധപ്പെട്ട കക്ഷിക്ക് അനുകൂലമായ തീരുമാനമെടുക്കാതെ വന്നാൽ സുപ്രീംകോടതിയിലാണ് അടുത്ത അപ്പീൽ നൽകേണ്ടത്. ആ ഒരു രീതി ഇവിടെ സ്വീകരിച്ചില്ല. സ്വീകരിക്കാതിരുന്നതിന്റെ കാരണം കേന്ദ്രത്തിന്റെ ഉറപ്പ് ഇവർ നേടിയെന്നുള്ളതിന്റെ വ്യക്തമായ തെളിവായി നമുക്ക് കാണാൻ സാധിക്കും. ആ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. കൗൺസിലിലേയ്ക്ക് ഈ അപ്പീൽ പോകുകയും അത് പരിഗണനാ വിധേയമാക്കാൻ കഴിയുന്ന തരത്തിലുള്ള അനുകൂല സമീപനം ഇന്ന് കേന്ദ്രം സ്വീകരിക്കുകയും ചെയ്തിട്ടുള്ളത്. കേന്ദ്രം സംസ്ഥാനത്തെ വല്ലാതെ ഞെരുക്കുന്ന തരത്തിലുള്ള നിലപാടുകളും സമീപനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നതെന്നതിന്റെ സൂചന അധികാരമേറ്റതിനുശേഷമുള്ള നിലപാടുകളിൽനിന്ന് വളരെ വ്യക്തമാണ്. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കാൻ, സംസ്ഥാനത്തിന്റെ സാമ്പത്തികനില സുരക്ഷിതമാക്കാൻ കേരളം ഒറ്റക്കെട്ടായി നിലകൊള്ളേണ്ട ഒരു കാലഘട്ടത്തിലാണ് ഇന്ന് നമ്മൾ നീങ്ങുന്നതെന്ന് തിരിച്ചറിയാൻ ഈ സഭയ്ക്ക് കഴിയണം. കേരളത്തെ ഒറ്റക്കെട്ടായി നിർത്തിക്കൊണ്ട് ഈ സംസ്ഥാനത്തിന്റെ താല്പര്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നമുക്ക് ഒരുമിച്ച് നിലപാട് സ്വീകരിച്ച് തികഞ്ഞ ഐക്യത്തോടെ ഇത്തരം കാര്യങ്ങളിൽ മുന്നോട്ടുപോകാൻ കഴിയണം എന്നുള്ള അഭ്യർത്ഥനയോടുകൂടി ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്ന പ്രമേയവും ശ്രീ. കെ. സി. ജോസഫ് കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയും വളരെ പ്രധാനപ്പെട്ടതാണ്. അടിസ്ഥാനപരമായി ഫെഡറൽ സംവിധാനം

നിലനിൽക്കുന്ന ഒരു രാജ്യത്ത് ഒരുപാട് വരുമാന മാർഗ്ഗങ്ങൾ കേന്ദ്ര ഗവൺമെന്റ് നമുക്ക് തരേണ്ടതാണ്. അധികാരങ്ങളെല്ലാം കേന്ദ്രത്തിന്റെ കയ്യിലിരിക്കുന്നു; വരുമാനങ്ങളും വരുമാന മാർഗ്ഗങ്ങളുമെല്ലാം കേന്ദ്രം കയ്യടക്കിവച്ചിരിക്കുന്നു; സ്റ്റേറ്റുകൾ വിഷമിക്കുന്നു. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചു, ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും, ഞാൻ വളരെ സന്തോഷത്തോടുകൂടി അഭിമാനത്തോടുകൂടി സ്മരിക്കുകയാണ്, 1964-ൽ കേരള കോൺഗ്രസ്സ് പാർട്ടി രൂപംകൊണ്ടപ്പോൾ ഞങ്ങൾ ആദ്യം ഉയർത്തിയ മുദ്രാവാക്യമാണ്, 'ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും'. ആ പോരാട്ടം ഇനിയും തുടരേണ്ടതുണ്ട്. ഇപ്പോഴും നമ്മൾ വിഷമിക്കുകയാണ്. കേന്ദ്രം എല്ലാം കയ്യടക്കിവയ്ക്കുന്നു. അങ്ങനെയുള്ള സമയത്താണ് നമ്മുടെ സംസ്ഥാനത്തിന് വലിയ വരുമാനമാർഗ്ഗമായി കാത്തുസൂക്ഷിച്ചിരുന്ന ലോട്ടറിയിൽക്കൂടിയുള്ള വരുമാനവും കുറയ്ക്കാനുള്ള തെറ്റായ നീക്കവുമായി കേന്ദ്രം ഇപ്പോൾ പുറപ്പെട്ടിരിക്കുന്നത്. ലോട്ടറി മാഫിയയുടെ താല്പര്യങ്ങൾക്ക് വഴങ്ങി കേന്ദ്രസർക്കാർ എടുക്കുന്ന ഈ നയം ഉപേക്ഷിക്കണമെന്നുള്ളതാണ് കേരളത്തിലെ ജനങ്ങളുടെ ആവശ്യം. ഗണ്യമായ ഒരു നികുതി വരുമാനം നമുക്ക് തരുന്നുവെന്നുള്ളതു മാത്രമല്ലല്ലോ പ്രധാനപ്പെട്ടത്.

പി. കെ. കുഞ്ഞുസാഹിബ് ഈ ലോട്ടറി ആരംഭിച്ചു. ആ ലോട്ടറിയിൽക്കൂടി കിട്ടുന്ന പണം എന്തിന് ഉപയോഗിക്കുന്നുവെന്നുള്ളത് പ്രധാനപ്പെട്ടതാണ്. പ്രിയങ്കരനായ കെ. എം. മാണിസാർ ധനകാര്യ മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന കാരുണ്യ പദ്ധതി, ലോട്ടറിയിലൂടെയുള്ള വരുമാനത്തിലൂടെ ആയിരക്കണക്കിന് രോഗികൾക്കാണ് പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള നല്ല ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിക്കുന്ന ലോട്ടറികൾ, ജനങ്ങൾക്ക് കുറെയേറെ പ്രയോജനങ്ങൾ കിട്ടുന്ന ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സംസ്ഥാനത്തെ സഹായിക്കുന്ന ലോട്ടറിയെ തകർക്കാൻ കൊണ്ടുവരുന്ന ഈ നീക്കം നമ്മൾ ശക്തമായി നേരിടേണ്ടതുണ്ട്. കേന്ദ്രഗവൺമെന്റ് ഈ നീക്കത്തിൽനിന്ന് പിന്തിരിയണമെന്നുള്ളതാണ് കേരളത്തിലെ ജനങ്ങളുടെ ആവശ്യം.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭയപ്പെടേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കേരളത്തിലെ നിയമമനുസരിച്ച് ജി.എസ്.ടി. 12 ശതമാനം. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നീക്കമനുസരിച്ച് ജി.എസ്.ടി. വന്നാൽ 28 ശതമാനം, ഇതല്ലേ പ്രശ്നം? ചൂതാട്ട മനഃസ്ഥിതിയുള്ള മനുഷ്യരെ ചൂഷണം ചെയ്യാൻ ഡോ. ടി. എം. തോമസ് ഐസക് എന്തിന് ബുദ്ധിമുട്ടണം; ലോട്ടറി കച്ചവടം നിർത്തണമെന്നാണ് എന്റെ അഭിപ്രായം. കാരണം gambling mentality-യുള്ള മനുഷ്യനിൽ അത് വർദ്ധിപ്പിച്ച് പിടിച്ചുപറിക്കുന്ന ഏർപ്പാടാണിത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. ഇതിനു

മുമ്പ് ലോട്ടറി കച്ചവടം നടത്തിയപ്പോൾ 14 ജില്ലയിലും ഏജന്റുമാരെ വച്ച് കമ്മീഷൻ വാങ്ങിച്ച നേതാക്കന്മാരെയൊക്കെ എനിക്കറിയാം. എന്റെ മര്യാദ കൊണ്ട് ഞാൻ അതൊന്നും പറയുന്നില്ല. ഡോ. ടി. എം. തോമസ് ഐസക് കമ്മീഷൻ പറ്റാൻ നിൽക്കുന്ന ആളല്ലല്ലോ; ഇതുവരെ അങ്ങനെ ചെയ്തിട്ടില്ലല്ലോ? അതുകൊണ്ട് ലോട്ടറി കച്ചവടം, ഗ്യാംബ്ലിംഗ് നിർത്തിയിരിക്കുന്നുവെന്ന് പറഞ്ഞാൽ അന്തസ്സോടുകൂടി ഡോ. ടി. എം. തോമസ് ഐസക്കിന്റെ നാമധേയം രാജ്യത്ത് അറിയപ്പെടും, കേരളം സ്മരിക്കും. ഇവിടെ എന്തുവന്നാലും കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയാൻ അവസരം കിട്ടുമോ എന്നാണ് നോട്ടം. ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ പലപ്പോഴും കേന്ദ്ര ഗവൺമെന്റിനെ കുറ്റം പറയുകയാണ്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടാണോ ഈ ഗ്യാംബ്ലിംഗ് നടത്തുന്നത്? ഈ ചൂതാട്ട കച്ചവടം നിർത്തുകയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്യേണ്ടത്. 'ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽനിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം 2015 ആഗസ്റ്റിൽ കേന്ദ്രസർക്കാരും അംഗീകരിച്ചു' എന്ന് അദ്ദേഹം പ്രമേയത്തിൽ തന്നെ പറഞ്ഞിരിക്കുകയാണ്. പിന്നെ എന്തിനാണ് ബഹളം വയ്ക്കുന്നത്? കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. പ്രമേയം വായിക്കാതെയാണ് ഇവിടെ ഓരോരുത്തരും സംസാരിക്കുന്നത്. പ്രമേയത്തിൽത്തന്നെ അംഗീകരിച്ചുവെന്ന് പറഞ്ഞിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: ഇത് അംഗീകരിച്ചിരിക്കുന്നത് ഈ കേന്ദ്ര സർക്കാരല്ല, നേരത്തെയുള്ള കേന്ദ്ര സർക്കാരാണ്, ചരിത്രമാണ് പറയുന്നത്.

ശ്രീ. പി. സി. ജോർജ്: സർ, കേന്ദ്രം ആര് ഭരിച്ചാലും കേന്ദ്രം കേന്ദ്രം തന്നെയാണ്. ഗവൺമെന്റിന് മാറ്റമില്ല. കേന്ദ്രം അംഗീകരിച്ചു എന്നുപറഞ്ഞിട്ടുള്ളപ്പോൾ അതിൽ തർക്കിക്കേണ്ട കാര്യമില്ല എന്നാണ് ഞാൻ പറഞ്ഞത്. കഴിയുമെങ്കിൽ ചൂതാട്ട മനഃസ്ഥിതിയിൽനിന്നും കേരളത്തിലെ ജനങ്ങളെ മോചിപ്പിക്കാൻ ലോട്ടറി കച്ചവടം അവസാനിപ്പിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ അന്തഃസത്തയും സ്പിരിറ്റും ഉൾക്കൊണ്ടുകൊണ്ട് ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. സാമ്പത്തിക പ്രശ്നങ്ങൾക്കുപുറമേ നീതിബോധവും ധാർമ്മിക രോഷവും നാമെല്ലാം നടത്തിക്കൊണ്ടിരിക്കുന്ന ideological struggle-ന്റെ ഭാഗമായുള്ള വിഷയങ്ങളും ഇതിൽ അന്തർലീനമാണ്. അതുകൊണ്ട് ഇത്തരം വിഷയങ്ങൾ തുടർന്നും നമ്മളെല്ലാവരും ഒരുമിച്ച്

ഏറ്റെടുക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. സംസ്ഥാന ഗവൺമെന്റ് നടത്തുന്ന ലോട്ടറിക്ക് 12 ശതമാനവും പ്രൈവറ്റ് സെക്ടറിൽ, ഇടനിലക്കാരും മാഫിയയുമൊക്കെ നടത്തുന്ന ലോട്ടറിക്ക് 28 ശതമാനവും നികുതി നിശ്ചയിച്ചിട്ടുള്ളത് മാറ്റി പ്രൈവറ്റ് സെക്ടറിനും കേരള സർക്കാരിനുമൊക്കെ 18 ശതമാനമാക്കി ഏകീകരിക്കാനുള്ള ഈ നടപടി അടിയന്തരമായി ഉപേക്ഷിക്കുകയും ഏകീകരണത്തിന് പകരം തൽസ്ഥിതി തുടരാൻ അനുവദിക്കുകയും വേണം എന്നതാണ് നമ്മൾ ഇവിടെ ഉന്നയിക്കുന്ന പ്രശ്നം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രണ്ടുതരത്തിലുള്ള നികുതി വിവേചനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങനെയുള്ള വിവേചനാധികാരം സർക്കാരിനുണ്ടെന്നാണ് കൽക്കട്ട ഹൈക്കോടതി വിധിച്ചത്. അതിന് അപ്പീലിന് പോകാതെ അവർ ജി.എസ്.ടി. കൗൺസിലിന് ഹർജി നൽകുകയാണ് ചെയ്തത്. ജി.എസ്.ടി. കൗൺസിലിന് ലഭിച്ച ലോട്ടറിക്കാരുടെ ഒരു ഹർജി എന്ന നിലയിൽ ഡെമോക്രാറ്റിക്കായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാതെ ചുളുവിൽ പാസ്സാക്കിയെടുക്കാനാണ് ആ കൗൺസിൽ തീരുമാനിച്ചത്. ഉപസമിതി യോഗത്തിലും കേരളത്തിന്റെ പാർട്ടിസിപ്പേഷനോടുകൂടി ഒരു ഡിസ്കഷൻ ഉണ്ടായിട്ടില്ലെന്നാണ് ഞാൻ കരുതുന്നത്. വീഡിയോ കോൺഫറൻസിംഗ് വഴി ചർച്ചകൾ നടത്തിയാൽ പോരാ, നേരിട്ടുതന്നെ ചർച്ച നടത്തേണ്ട ഒരു വിഷയമാണിത്. എങ്കിലും ഇന്ത്യ ഭരിക്കുന്ന, ഇന്ത്യയിലുള്ള കോൺഗ്രസ്സിന്റെ 6 സംസ്ഥാന സർക്കാരുകളും കോൺഗ്രസ്സിതര സർക്കാരുകൾ (കേരളമുൾപ്പെടെ) 4 എണ്ണവുംകൂടി ചേർത്ത് 10 സംസ്ഥാനങ്ങളുടെ പിന്തുണ ഇതിന് ആർജ്ജിക്കുവാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രത്തിലുള്ള പ്രതിപക്ഷ നേതാക്കന്മാരുടെയും ശ്രീ. രമേശ് ചെന്നിത്തലയെപ്പോലെയുള്ള പ്രതിപക്ഷ നേതാവിന്റെയും ശ്രീ. എ. കെ. ആന്റണി ഉൾപ്പെടെ പല ആളുകളുടെയും പിന്തുണ ഈ ആവശ്യങ്ങൾക്കുണ്ടെന്നത് നല്ല കാര്യമാണ്. ഇങ്ങനെയുള്ള പൊതുകാര്യങ്ങളിൽ നമുക്ക് യോജിച്ച് നിൽക്കാതിരിക്കാൻ നിർവ്വാഹമില്ല.

കേരളത്തിൽ 2005-മുതൽ ലോട്ടറി മാഫിയയുടെ ആക്രമണം ഉണ്ടായിരുന്നു. അന്ന് അതിനെ നേരിടുന്നതിനായി രണ്ട് ഗവൺമെന്റുകളും (യു.ഡി.എഫ്. ഗവൺമെന്റും എൽ.ഡി,.എഫ്. ഗവൺമെന്റും) നടത്തിയ പ്രവർത്തനങ്ങൾക്ക് ജി.എസ്.ടി. വന്നതോടുകൂടി പ്രസക്തിയില്ലാതായി തീരുകയാണ് ചെയ്തത്. ലോട്ടറി മാഫിയയുടെ താൽപ്പര്യങ്ങൾക്ക് എങ്ങനെയെങ്കിലും സംരക്ഷണം നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, അതിന്റെ ഉപോൽബലകമായി ജി.എസ്.ടി. കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഇതൊക്കെ വളരെ അൺ-ഡെമോക്രാറ്റിക്കായിട്ടുള്ള കാര്യങ്ങളാണ്. ഈ വിഷയത്തിൽ ജനാധിപത്യപരമായ രീതിയിലുള്ളൊരു സമീപനമല്ല അവർ

സ്വീകരിക്കുന്നതെന്ന് വ്യക്തമാണ്. ലോട്ടറിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ഏതാണ്ട് ഒന്നേകാൽ ലക്ഷത്തോളം വരുന്ന ആളുകളെക്കുറിച്ച് (തൊഴിലാളികൾ/ ജീവനക്കാർ) പറഞ്ഞു. അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. പക്ഷെ അതുമാത്രമല്ല പ്രശ്നം, സംസ്ഥാന ലോട്ടറിക്ക് ജി.എസ്.ടി. വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ, സംസ്ഥാനത്തിന്റേത് 12 ശതമാനമായി നിലനിർത്തുകയും പ്രൈവറ്റ് ലോട്ടറി മാഫിയയുടേത് 28 ശതമാനമായി നിലനിർത്തുകയും ചെയ്യുക എന്ന status quo നമുക്ക് കൂടുതൽ സ്വീകാര്യമായിരിക്കുന്നു എന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ, ലോട്ടറി in principle, ഞങ്ങൾക്ക് അംഗീകാരമില്ലാത്ത, താൽപ്പര്യമില്ലാത്ത, വളരെ തെറ്റായൊരു സമ്പ്രദായമാണ്. അതൊരു ചൂതുകളിയുടെ ഭാഗമാണ്, ഗ്യാംബ്ലിംഗ് ആണ്. ലോട്ടറി നടത്താനേ പാടില്ലെന്നാണ് ഞങ്ങളുടെ പാർട്ടി വിശ്വസിക്കുന്നത്. പക്ഷെ ജോർജ് ദിമിത്രോവ് ഐക്യമുന്നണി സിദ്ധാന്തം വരുമ്പോൾ സ്വാഭാവികമായും ഇത്രയും ദോഷങ്ങൾകൂടി അതിന്റെകൂടെ വരുമെന്നതുകൊണ്ട് ഞങ്ങളും അത് സഹിക്കുകയാണ്. മദ്യത്തെക്കുറിച്ചും ലോട്ടറിയെക്കുറിച്ചും ഞങ്ങൾക്ക് വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ആ അഭിപ്രായം രേഖപ്പെടുത്തേണ്ട വിഷയമല്ല പ്രമേയമായി വന്നിട്ടുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, മുസ്ലീം ലീഗ് ലോട്ടറി തൊഴിലാളികളുടെ സംഘടന ഉണ്ടാക്കിയിട്ടുണ്ട്. അത് പിരിച്ചുവിടുമോ?

ശ്രീ. കെ. എൻ. എ. ഖാദർ: നമ്മൾ വിഷയത്തിൽനിന്നും മാറണ്ട. ബഹുമാനപ്പെട്ട മന്ത്രി, എന്റെ പാർട്ടിയുടെ നിലപാടുകൂടി ഇക്കൂട്ടത്തിൽ പറയാതിരുന്നാൽ അതൊരു ശരിയായ നിലപാടാകില്ലെന്നതുകൊണ്ട് ഞാൻ പറഞ്ഞതാണ്. പക്ഷേ കാരുണ്യ ബെനവലന്റ് പോലുള്ള പദ്ധതികൾ കൊണ്ട് എത്രയോ പേർക്കാണ് ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ കിട്ടിയത്. അതിലൂടെ ഒരുപാട് കരുണ കേരളത്തിലെ പാവപ്പെട്ടവർക്ക് ചൊരിഞ്ഞുകൊടുക്കാൻ സാധിച്ചു. അങ്ങനെ പല ഗുണഗണങ്ങളും അത്തരം ലക്ഷ്യങ്ങളോടുകൂടി ആരംഭിക്കുന്ന ലോട്ടറിപോലുള്ള സാമ്പത്തിക പ്രവർത്തനത്തിനുണ്ടെന്നത് സത്യമാണ്. I am concentrating upon the point raised by the Honourable Minister for Finance. അദ്ദേഹം ഇക്കാര്യത്തിൽ കാണിച്ചിട്ടുള്ള നിശ്ചയദാർഢ്യത്തിന്റെയും ഇതിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന പോരാട്ടങ്ങളുടെയുംകൂടെ ഞങ്ങളെല്ലാവരും ഉറച്ചു നിൽക്കുകയാണ്. ഇതുപോലുള്ള കാര്യങ്ങളിൽ നമ്മൾ ഒരുമിച്ച് നിൽക്കണം. യാതൊരു കാരണവശാലും ജി.എസ്.ടി. മാറ്റി 12 ശതമാനം ഉയർത്താനോ പ്രൈവറ്റ് സെക്ടറിന്റെ ശതമാനം താഴ്ത്താനോ അനുവദിക്കാൻ പാടില്ല. അതുകൊണ്ട് Status quo may be maintained എന്നതിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടത്. വളരെ

സത്യസന്ധമായ ഒരു ആവശ്യത്തിനുവേണ്ടി dedicated ആയി, പ്രതിബദ്ധത യോടുകൂടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളം ഒരുമിച്ചുനിന്ന് നേരിടേണ്ടൊരു പ്രശ്നമാണിത്. ഇതൊക്കെ തന്നെയാണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനമെന്ന് നമുക്കറിയാം. ഈ ചെറിയൊരു കാര്യത്തിൽ മാത്രമല്ല എത്രയോ വലിയ കാര്യങ്ങളിൽ കോർപ്പറേറ്റ് ഭീമന്മാരുടെ കൂടെ നിൽക്കുന്ന ഗവൺമെന്റാണ്, മാഫിയകളെ സഹായിക്കുന്ന ഗവൺമെന്റാണ്. അതെല്ലാം പറഞ്ഞ് സമയം കളയേണ്ട കാര്യമില്ല. അതുകൊണ്ട് ഈ സമീപനത്തെ എതിർത്ത് തോൽപ്പി ക്കേണ്ടത് നമ്മുടെ ആവശ്യമാണ്. നമ്മുടെ നികുതി വരുമാനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാകുന്നത് ലോട്ടറിയിൽ നിന്നാണ്. 2019-20-ൽ അത് പതിനൊന്നായിരം കോടി രൂപയായി ഉയരുമെന്നാണ് പറയുന്നത്. 2017-18-ൽ ഒൻപതിനായിരം കോടി രൂപയായിരുന്നു. അതിനുമുമ്പ് അയ്യായിരം കോടി രൂപയോ ഏഴായിരം കോടിരൂപയോ ആയിരുന്നു. അങ്ങനെ നികുതി വരുമാനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വരുമാനമുള്ള ഒരു വരുമാന സ്രോതസ്സിനെ തകർക്കുന്ന തരത്തിലുള്ള പ്രവൃത്തി ജി.എസ്.ടി. കൗൺസിലിന്റെ ഭാഗത്തുനിന്നും വന്നാൽ ഒരുമിച്ച് നിൽക്കുക, നേരിടുക എന്നതാണ് ഏറ്റവും വലിയ കാര്യം. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി.വി. രാജേഷ്]

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോട്ടറി കേരള ജനജീവിതത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞതാണ്. ആയിരക്കണക്കിന് ലോട്ടറി വിൽപ്പനക്കാർ, ഒന്നേകാൽ ലക്ഷത്തോളം കുടുംബങ്ങൾ ഇതിനെ ആശ്രയിച്ച് കഴിയുന്നുണ്ടെന്നാണ് കണക്ക്. ലോട്ടറി വിൽപ്പനക്കാരെ ശ്രദ്ധിച്ചിട്ടില്ലേ? ദൈന്യതയാർന്ന മുഖത്തോടുകൂടി റോഡരുകിൽ നിൽക്കുന്നവർ, ലോട്ടറിയില്ലായിരുന്നെങ്കിൽ അവർക്ക് ഭിക്ഷ യാചിക്കേണ്ടിവരുമായിരുന്നു. ലോട്ടറി വിൽപ്പനയിലൂടെ അവർക്ക് സ്വന്തമായി തൊഴിൽ ലഭിച്ചു, ഇതിൽ നിന്നും ലഭിക്കുന്ന കമ്മീഷൻകൊണ്ട് അവരും അവരുടെ കുടുംബവും വളരെ ബുദ്ധിമുട്ടി ജീവിക്കുന്നു. ഇതെല്ലാം ദൈനംദിനം കാണുന്ന കാര്യങ്ങളാണ്. ഇത് പൂർണ്ണമായി സർക്കാർ നിയന്ത്രണത്തിൽ നടത്തുന്ന ഒരു കാര്യം. ഏതാണ്ട് 1500 കോടി രൂപയാണ് സർക്കാർ ഖജനാവിലേയ്ക്ക് വരുന്നത്. ഗ്യാംബ്ലിംഗിന്റെ ഒരംശം ഇതിലുണ്ട്. പക്ഷേ നമ്മൾ അത് പൂർണ്ണമായി നിയന്ത്രിച്ചുനിർത്തുകയാണ്. പതിവുപോലെ ശ്രീ. പി. സി. ജോർജ് ഈ സഭയുടെ പൊതുവികാരത്തിന് എതിരായി ഒരഭിപ്രായം പറഞ്ഞു. റബ്ബറെല്ലാം വെട്ടിക്ക ളയണമെന്ന് കഴിഞ്ഞ സഭയിൽ അദ്ദേഹം പറഞ്ഞതാണ്. അതുപോലെ ലോട്ടറിയും ഇല്ലാതാക്കണമെന്ന് പറഞ്ഞാൽ, കേരളത്തിന്റെ വരുമാന സ്രോതസ് പൂർണ്ണമായി അടയ്ക്കണമെന്നാണ് അദ്ദേഹം ഈ സഭയിൽ പറഞ്ഞതിന്റെ

അർത്ഥം. ഇതെല്ലാം sin goods-ന്റെ കാറ്റഗറിയിൽപ്പെടുന്നതാണ്. sin goods-ന്റെ കാറ്റഗറിയിൽ നമുക്ക് വിവേചനാധികാരത്തോടുകൂടി ടാക്സ് ചുമത്താൻ അധികാര മുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലോട്ടറിയെ സംബന്ധിച്ച് കേരളത്തി ലുണ്ടായ പ്രശ്നമെന്താണ്? സംസ്ഥാന ഗവൺമെന്റിന്റെ പൂർണ്ണമായ നിയന്ത്ര ണത്തിൽ ലോട്ടറി ടിക്കറ്റടിക്കുന്നു. അതിനുവേണ്ടി ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥന്മാരുണ്ട്. ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നു. സമ്മാനം കിട്ടുന്നവർക്ക് ഒരു പരാതിയുമില്ലാതെ, കൃത്യമായി സമ്മാനങ്ങൾ കൊടുക്കുന്നു. പൂർണ്ണമായി നിയന്ത്രിച്ചാണ് ഈ വരുമാന സ്രോതസ്സ് കൊണ്ടുനടക്കുന്നത്. അന്യസംസ്ഥാന ലോട്ടറിക്കാർ നമ്മുടെ സംസ്ഥാനത്ത് കാണിച്ച താണ്ഡവം എന്താണെന്ന് നമ്മൾ കണ്ടതാണ്. അങ്ങനെയാണ് അന്യസംസ്ഥാന ലോട്ടറികളെ നമ്മുടെ സംസ്ഥാന ത്തുനിന്നും നാടുകടത്തിയത്. അവർ എന്തൊക്കെയാണ് ചെയ്തത്? ഇപ്പോൾ സിക്കിം പോലുള്ള സംസ്ഥാനങ്ങൾ ലോട്ടറി ഔട്ട് സോഴ്സ് ചെയ്യുകയാണ്. അങ്ങനെ ചെയ്താൽ സംസ്ഥാനത്തിന് ചെറിയ വരുമാനം ലഭിക്കും. ബാക്കി സമ്മാനം കിട്ടുന്ന ആൾ അവർക്ക് തോന്നിയതുപോലെ ടിക്കറ്റടിക്കുന്നു, തോന്നിയതുപോലെ വിൽക്കുന്നു, തോന്നിയ സമ്മാനങ്ങൾ പറയുന്നു, പല സമ്മാനങ്ങളും കൊടുക്കുന്നില്ല. ഇതാരോട് ചോദിക്കാൻ? ആര് എവിടെ പരാതി പറയും? ഇങ്ങനെയുള്ള തട്ടിപ്പുകൾ നടക്കുന്ന മേഖലയാണിത്. ലോട്ടറിയുടെ പേരിൽ അത്തരത്തിലുള്ള തട്ടിപ്പാണോ കേരളത്തിലുള്ളത്? എന്തെങ്കിലും പരാതി കേരളത്തിലെ ലോട്ടറിയെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ടോ? ഇത് രണ്ടും രണ്ടാണ്. നമ്മുടെ ലോട്ടറിക്ക് 12 ശതമാനമെന്നുള്ളതും അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തുമ്പോൾ 28 ശതമാനമെന്നുള്ളതും ജി.എസ്.ടി. കൗൺസിൽ അംഗീക രിച്ചതല്ലേ? അതിനെതിരെ അവർ കൽക്കട്ട ഹൈക്കോടതിയിൽ പോയി. കൽക്കട്ട ഹൈക്കോടതി അതിന്റെ എല്ലാവശങ്ങളും പരിശോധിച്ച്, ഇത് പൂർണ്ണമായും ശരിയായ തീരുമാനമാണെന്ന് പറഞ്ഞു. ഭരണഘടനാ വിരുദ്ധമായി ഇതിൽ ഒന്നുമില്ല എന്ന് പറഞ്ഞിട്ടാണ്, അതിനെതിരായി ജി.എസ്.ടി. കൗൺസിലിൽ അവർ പരാതിയുമായി പോയത്. അത് എവിടത്തെ നയമാണ്; ജി.എസ്.ടി. കൗൺസിലിലാണോ അവർ പരാതിയുമായി പോകേണ്ടത്? ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞതുപോലെ, സുപ്രീംകോടതിയിൽ പോകേണ്ട കാര്യം ജി.എസ്.ടി. കൗൺസിലിൽ വന്നു. ജി.എസ്.ടി. കൗൺസിലിന്റെ അജണ്ടയിലില്ലാതെ വളരെ surreptitious -ആയി ഒരു ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ വരുന്നു. അന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അതിനെതിരെ ശക്തമായ നിലപാടെടുത്തതുകൊണ്ടാണ് അത് ഒരു ഉപസമിതിയുടെ പരിഗണനയ്ക്ക് വിട്ടത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് പരിഗണിക്കാമെന്ന് പറഞ്ഞ് അത് പോയി. കാരണം തെരഞ്ഞെടുപ്പ് അടുത്ത സന്ദർഭത്തിൽ ഒരു കേന്ദ്ര ഗവൺമെന്റിനും

എടുക്കാൻ പറ്റാത്ത ഒരു തീരുമാനമാണത്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന തീരുമാനങ്ങൾ തെരഞ്ഞെടുപ്പിന്റെ മൂന്നുനാല് മാസക്കാലയളവിനുള്ളിൽ ഒരു ഗവൺമെന്റും ഒരു ജനാധിപത്യ രാജ്യത്തിലും എടുക്കാറില്ല. അങ്ങനെ അതൊരു ഉപസമിതിയുടെ തീരുമാനത്തിന് വിട്ടു. അതെല്ലാം കഴിഞ്ഞ് പുതിയ തെരഞ്ഞെടുപ്പ് കഴിഞ്ഞ്, പുതിയ ജി.എസ്.ടി. കൗൺസിൽ ചേരുമ്പോൾ, ദാ വരുന്നു വീണ്ടും, ഈ നിരക്കുകൾ ഏകീകരണമെന്ന് പറഞ്ഞ്. ഈ നിരക്ക് 28 ശതമാനമായി ഏകീകരിച്ചാൽ കേരള ലോട്ടറി എവിടെപോകും? കേരള ലോട്ടറി തുലഞ്ഞു. കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾ അനാഥമാകും. സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട വരുമാന സ്രോതസ്സ് ഇല്ലാതാകും. ഓരോ രീതിയിലും ഓരോ രൂപത്തിലും സംസ്ഥാനത്തിന്റെ അധികാരങ്ങൾ പലതും കേന്ദ്ര ഗവൺമെന്റ് കവർന്നെടുത്തു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ഈ നാട്ടിലെ ഫെഡറൽ സംവിധാനത്തെ നിരീക്ഷിക്കുന്ന ആർക്കും തർക്കമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. സംസ്ഥാനത്തിന്റെ ധനകാര്യ അവകാശങ്ങൾ മുഴുവൻ ജി.എസ്.ടി. കവർന്നെടുത്തു. ഒരു സംസ്ഥാനത്തിനും നികുതിയുടെ കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. ജി.എസ്.ടി. കൗൺസിലിന്റെ ഔദാര്യത്തിന് വിധേയമായാണ് ഇന്ന് സംസ്ഥാനങ്ങൾ നികുതിയുടെ കാര്യത്തിൽ പോകുന്നത്. സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾക്ക് ഒരു പരിഗണനയും കൊടുക്കാതെ, കേരളം പോലൊരു സംസ്ഥാനത്തിന്റെ പരിമിതമായ വിഭവശേഷി കണക്കിലെടുത്ത് നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും വരുന്ന, വളരെ ചിട്ടയായി നടക്കുന്ന, ഒരു തരത്തിലുള്ള തട്ടിപ്പുമില്ലാതെ, ഒരു പരാതിയുമില്ലാതെ നടക്കുന്ന, ഒരു മേഖലയിലാണ് ഇപ്പോൾ നികുതി ഏകീകരണം കൊണ്ടുവന്ന് സംസ്ഥാനത്തിന്റെ വരുമാനത്തെ തകർക്കാനും ലോട്ടറി മാഫിയയെ സംരക്ഷിക്കാനും സഹായിക്കാനുമുള്ള നിലപാടെടുത്ത് കേന്ദ്ര ഗവൺമെന്റ് രംഗത്തുവന്നിട്ടുള്ളത്. ഇതിനെ നമ്മൾ പരാജയപ്പെടുത്തിയില്ലെങ്കിൽ ഈ മേഖലയിൽനിന്നും ലഭിക്കുന്ന വരുമാനം നഷ്ടമാകുമെന്ന് മാത്രമല്ല ഇനിയും ഓരോരോ കാര്യങ്ങളിലും സംസ്ഥാനത്തിന് എതിരായുള്ള ആക്രമണങ്ങൾ ശക്തിപ്പെടുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്തെ ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചുനിന്ന്, ഇതര സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളെ ഒന്നിച്ചുനിർത്തി ഇതിനെതിരായി നീക്കം നടത്തുകയും കേന്ദ്ര ഗവൺമെന്റിന്റെ ഈ നീക്കത്തെ പൊളിക്കുകയും ചെയ്തില്ലെങ്കിൽ വരാനിരിക്കുന്ന ദിനങ്ങൾ നമുക്ക് കൂടുതൽ ദുഃഖകരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, 1969-ൽ പുറത്തിറങ്ങിയ കെ. ടി. മുഹമ്മദിന്റെ "സൃഷ്ടി" എന്ന പ്രസിദ്ധമായ നാടകം ലോട്ടറി ടിക്കറ്റിനെതിരെയാണ്. "മോനേ വേണ, ഈ നമ്പരൊന്ന് ഉണ്ടോയെന്ന് നോക്കിയേ?” അയൽ വീട്ടിലെ

ഒരു സ്ത്രീ വന്ന് ചോദിക്കുകയാണ്. "ഉണ്ട്" എന്ന് പറയുമ്പോൾ ഈ സ്ത്രീ വികാരാധീനയായി നിൽക്കുകയാണ്. പക്ഷേ നാടകകൃത്ത് പറയുന്നു,. stop it, 'നിന്റെ ഒരു ലോട്ടറിയും ഉലക്ക' എന്ന അർത്ഥത്തിൽ ഒരു വർത്തമാനവും പറയുന്നു. ഇത് വളരെ മനോഹരമായ നോവലാണ്. അതിലെ ആദ്യത്തെ പത്തു മിനിറ്റിനുള്ളിൽ പി. കെ. കുഞ്ഞ് സാഹിബ് കൊണ്ടുവന്ന ലോട്ടറിക്കെതിരെ വലിയ ആഹ്വാനമുണ്ടായിരുന്നുവെന്ന് സൂചിപ്പിച്ചതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : അങ്ങ് പറഞ്ഞ കാര്യമാണ് ഞാൻ ആദ്യം പറഞ്ഞത്, ഇതിൽ ഒരു ഗ്യാംബ്ലിംഗിന്റെ ഒരംശമുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ അതിനെ necessary evil ആയി കേരളത്തിൽ കൊണ്ടുനടക്കുകയാണ്. എങ്ങനെ? ഈ വരുമാനം കൊണ്ടല്ലേ കാരുണ്യ പദ്ധതി നടപ്പിലാക്കുന്നത്; ആയിരക്കണക്കിന് ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചില്ലേ? എത്ര പേർക്കാണ് ചികിത്സാ സഹായം കിട്ടിയത്? ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമ്പോഴും പൂർണ്ണമായും ഇതിന്റെ വരുമാനത്തെ ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഒഴിവാക്കാൻ പറ്റാത്ത ഒരു കാര്യമാണ്. അതിന്റെ high moral pedestal-ൽനിന്ന് നോക്കുമ്പോൾ ഏതെല്ലാം തരത്തിലുള്ള പരാതികൾ ഉണ്ടാകാമെങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ജനജീവിതത്തിന്റെ ഭാഗമാണ്. ആയിരക്കണക്കിന് കുടുംബങ്ങൾ ഇതിനെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പരാതികളില്ലാതെ പോകുന്നതാണ്. ഇതിലൂടെ സംസ്ഥാന ഖജനാവി ലേയ്ക്ക് കോടിക്കണക്കിന് രൂപയുടെ വരുമാനം വരുന്നതാണ്, അതുപയോഗിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതാണ്. അതാണ് നമ്മുടെ മുന്നിലുള്ള പ്രധാന പ്രശ്നം. ഇത് നമുക്ക് ഒഴിവാക്കാൻ കഴിയില്ല.

ശ്രീ. പി. സി. ജോർജ്: സർ, ലോട്ടറി ഒരു ചൂതാട്ടമാണെന്ന് അങ്ങ് സമ്മതിച്ചല്ലോ? അത് പണമുണ്ടാക്കാനാണ്. കാബറേ തുടങ്ങിയാൽ ഇതിനേക്കാൾ കൂടുതൽ പണം കിട്ടും. അതും തുടങ്ങണമെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കാബറേ നടത്തി പണമുണ്ടാക്കണമെന്ന് ആരും പറഞ്ഞിട്ടില്ല. കാബറേ നടത്തുന്നതുപോലെയാണ് സംസ്ഥാന ലോട്ടറി കഴിഞ്ഞ നാലഞ്ച് പതിറ്റാണ്ടായി നടക്കുന്നത് എന്ന ശ്രീ. പി. സി. ജോർജിന്റെ സൂചന ശരിയാണെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. പി. സി. ജോർജ് പതിവുപോലെ വിതണ്ഡവാദങ്ങൾ ഉന്നയിക്കുകയാണ്. ലോട്ടറിയെ കാബറേയുമായി താരതമ്യം ചെയ്യുകയാണ്. കാബറേ കേരള ഗവൺമെന്റ് നടത്തണമെന്ന് പറയുക... കേരള ഗവൺമെന്റ് കാബറേ നടത്താനാണോ ഇരിക്കുന്നത്? അങ്ങനെയല്ല. ഇതെല്ലാവർക്കും

അറിയാവുന്നതുപോലെ കേരള സമൂഹവും കേരളത്തിലെ എല്ലാ രാഷ്ട്രീയപാർട്ടികളും അംഗീകരിച്ചിട്ടുള്ളതുപോലെ ലോട്ടറി, ഗവൺമെന്റിന് വരുമാനമുണ്ടാക്കുന്നതാണ്, സത്യസന്ധമായി നടക്കുന്നതാണ്. അതിൽ ചൂതാട്ടത്തിന്റെ അംശമുണ്ടെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതൊക്കെ sin goods കാറ്റഗറിയിൽപ്പെടുന്നതാണെന്ന്. sin goods category എല്ലാ സംസ്ഥാനത്തും എല്ലാ രാജ്യങ്ങളിലുമുള്ളതാണ്. അതിന് പല തട്ടിലും പല തരത്തിലും നികുതി ചുമത്താനുള്ള വിവേചനാധികാരം ഗവൺമെന്റുകൾക്കുണ്ട്. ആ വിവേചനാധികാരം ഉപയോഗിച്ചാണ് അന്യസംസ്ഥാന ലോട്ടറിക്ക് 28 ശതമാനവും നമ്മുടെ ലോട്ടറിയെ സംരക്ഷിക്കാൻ 12 ശതമാനവും ടാക്സ് ചുമത്തിയത്. അത് മനസ്സിലാക്കാതെ വിമർശിച്ചിട്ട് എന്താണ് കാര്യം? കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്ന ഈ പണം വേണ്ടെന്നാണോ ശ്രീ. പി. സി. ജോർജിനെ പോലെയൊരു വ്യക്തി പറയുന്നത്; അതൊന്നും ശരിയല്ല. ഇതിന്റെ പിന്നിൽ അഴിമതി നടന്നിട്ടുണ്ടെന്ന് ആരെങ്കിലും വിചാരിച്ചാൽ തെറ്റ് പറയാൻ സാധിക്കുമോ? തെളിവില്ലാത്ത ഒരു കാര്യം ഞാൻ ഈ സഭയിൽ പറയില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് പുറകിൽക്കൂടി ഒരു കാര്യം കൊണ്ടുവരിക, ലോട്ടറി മാഫിയയ്ക്കുവേണ്ടി ഈ കാര്യം നടപ്പാക്കാൻ നിർബന്ധം പിടിക്കുക, ഹൈക്കോടതിയിൽ കൊടുത്ത കേസ് തള്ളിക്കളഞ്ഞപ്പോൾ അതിന് സുപ്രീംകോടതിയിൽ പോകു എന്ന് പറയേണ്ടതിനുപകരം ജി.എസ്.ടി. കൗൺസിലേയ്ക്ക് അജണ്ടയിലില്ലാത്ത കാര്യങ്ങൾ കൊണ്ടുവരികയും അത് പാസ്സാക്കാൻ നോക്കുകയും വീണ്ടും അത് അജണ്ടയിൽ കൊണ്ടുവന്ന് സംസ്ഥാനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുക. ഇതിന്റെ പിന്നിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്ന് നമ്മൾ ധരിക്കണം. ഏത് വിധേനയും, ഒറ്റക്കെട്ടായി നിന്ന് ഇതിനെ ചെറുത്ത് തോൽപ്പിക്കണം. നിയമസഭ ഐകകണ്ഠ്യേന ഈ കാര്യത്തിൽ നിലപാടെടുക്കണം. ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനം ഇതര സംസ്ഥാന ലോട്ടറി മാഫിയ അടക്കിവാണിരുന്ന ഒരു സംസ്ഥാനമാണെന്ന് നമുക്കറിയാം. കേരളമായിരുന്നു ഈ ലോട്ടറി മാഫിയയുടെ ഏറ്റവും വലിയ ഇരയായി മാറിയ ഒരു സംസ്ഥാനം. ആറേഴ് വർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപയെങ്കിലും ലോട്ടറി മാഫിയ കേരളത്തിൽനിന്ന് കവർന്നെടുത്തിട്ടുണ്ട്. നമ്മുടെ എത്രയോ ബഡ്ജറ്റുകൾക്കുള്ള തുകയാണ് കേരളത്തിലെ ജനങ്ങളെ അടിമകളാക്കി, അഡിക്റ്റാക്കി മാറ്റി കോടികൾ കൊയ്തുകൊണ്ടുപോയത്. നമ്മുടെ ലോട്ടറി നിയമത്തിലെയും ലോട്ടറി ചട്ടങ്ങളിലെയും എല്ലാ നിബന്ധനകളെയും

കാറ്റിൽപ്പറത്തി, ഒരു നിബന്ധനകളും അനുസരിക്കാതെ നിയമത്തിന് പുറത്തു നിന്നുകൊണ്ട് പ്രവർത്തിച്ച ഒരു മാഫിയാ സംവിധാനമായിരുന്ന മറ്റ് സംസ്ഥാനങ്ങളുടെ പേരിൽ ഇവിടെ നടത്തപ്പെട്ടിരുന്ന ലോട്ടറികൾ എന്ന് നമുക്കെല്ലാവർക്കുമറിയാം. ആദ്യം ഓൺലൈൻ ലോട്ടറി ഉണ്ടായിരുന്നു. നമ്മളത് Gambling Act-ൽ കൊണ്ടുവന്ന് നിരോധിച്ചു. ഇവിടെ ശ്രീ. പി.സി. ജോർജ് പറഞ്ഞതുപോലെ ഓൺലൈൻ ലോട്ടറി എന്നുപറയുന്നത് ഗ്യാംബ്ലിംഗ് ആക്കിമാറ്റി. ആ ഗ്യാംബ്ലിംഗ് ആക്ടിൽപ്പെടുത്തിയാണ് ഓൺലൈൻ ലോട്ടറി ആദ്യം നിരോധിച്ചത്. രണ്ടാമത്, നമ്മുടെ സംസ്ഥാനത്ത് വലിയ ചർച്ചകൾ നടന്ന ഒരു വിഷയമാണ് ഈ ലോട്ടറി മാഫിയയുടെ പ്രവർത്തനങ്ങൾ. ആരോപണ പ്രത്യാരോപണങ്ങളുണ്ടായി. പക്ഷേ അതിനകത്ത് പോസിറ്റീവായ അംശം ഉണ്ടായിരുന്നു. വളരെ ഗൗരവതരമായി ഇതിന്റെ കുഴപ്പങ്ങളെക്കുറിച്ച് കേരളം ഒരുമിച്ച് ചിന്തിക്കാൻ അത് പ്രേരകമായി എന്നാണ് ഞാൻ കരുതുന്നത്. കേരളത്തിലുണ്ടായ രാഷ്ട്രീയ വിവാദങ്ങളിലും വ്യത്യസ്തമായ വിഷയങ്ങളിൽ ഉണ്ടായ വിവാദങ്ങളിലും സാധാരണ ആർക്കും പ്രയോജനമില്ലാതെയാണ് അവസാനിക്കാറുള്ളത്, പ്രത്യേകിച്ച് രാഷ്ട്രീയ വിവാദങ്ങളെല്ലാം അവസാനിക്കാറുള്ളത്. പക്ഷേ വളരെ വ്യത്യസ്തമായി ലോട്ടറി വിവാദം കേരളത്തിലുണ്ടായെങ്കിലും ആ വിവാദം കേരളത്തിന് അനുഗുണമായ രീതിയിൽ, ഗുണകരമായ രീതിയിലുള്ള പരിസമാപ്തി ഉണ്ടാക്കി. എന്റെ ഓർമ്മയിൽ കേരളത്തിന് ഗുണകരമായി മാറിയ, പരിസമാപ്തി ഉണ്ടായ ഏകവിവാദവും ഈ ലോട്ടറി വിവാദമാണെന്ന് ഞാൻ വിശ്വസിക്കുന്നു. സംസ്ഥാന ഗവൺമെന്റുകളുടെ സുദൃഢമായ തീരുമാനങ്ങൾ, നിശ്ചയദാർഢ്യത്തോടുകൂടിയ തീരുമാനങ്ങൾ, മാറിമാറിവന്ന പ്രതിപക്ഷങ്ങൾ അക്കാര്യത്തിൽ കാണിച്ച ഉത്ക്കണ്ഠയും ഉത്സാഹവും എല്ലാം അതിന് ഗുണമായിരുന്നു. യു.പി.എ. ഭരിക്കുന്ന കാലത്തും കേന്ദ്ര ഗവൺമെന്റിന് അതിനോട് പൂർണ്ണമായി യോജിപ്പുണ്ടായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. പാർലമെന്റിൽ ശ്രീ. പി. ടി. തോമസിന്റെ നേതൃത്വത്തിൽ കേരളത്തിലെ എം.പി.-മാർ നടത്തിയ നിരന്തരമായ സമ്മർദ്ദവും പ്രതിഷേധവും കേന്ദ്ര ഗവൺമെന്റിനെക്കൂടി നമ്മുടെ വഴിയെ ചിന്തിപ്പിക്കാനും നടപടികളെടുക്കാനും പ്രേരിപ്പിച്ചുവെന്നുള്ളതാണ് യാഥാർത്ഥ്യം. കേരളത്തിലെ എത്രയോ കോടതികളിൽ, ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമടക്കം വലിയ അഭിഭാഷകർ, സുപ്രീംകോടതിയിലെ വലിയ അഭിഭാഷകർ കേരള ഹൈക്കോടതിയിൽ ആദ്യമായി എത്തുന്നത് ഈ ലോട്ടറി കേസ് വാദിക്കാൻ വേണ്ടിയാണ്. ഇന്ത്യയിലെ ഏറ്റവും പ്രമുഖരായ അഭിഭാഷകരുടെ പാനൽതന്നെ ലോട്ടറി മാഫിയയ്ക്കുവേണ്ടി ഹാജരായി. സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും എല്ലാ വിഭാഗങ്ങളിലുംപെട്ട അഭിഭാഷകർ പോയിട്ടുണ്ട്. കാരണം, വലിയ തുകയാണ് ഫീസായി അവർക്ക് കൊടുത്തിരുന്നത്. ഞങ്ങളുടെ

പാർട്ടിയിൽപ്പെട്ട അഭിഭാഷകർ കേസിനുവേണ്ടി ഹാജരായപ്പോൾ ഞങ്ങൾ അതിനെ അതിശക്തിയായി എതിർത്തിട്ടുണ്ട്. അവർക്കെതിരായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കോൺഗ്രസ് ഹൈക്കമാന്റിൽ കേരളത്തിലെ കോൺഗ്രസ് നേതൃത്വം സമ്മർദ്ദം ചെലുത്തി, ഈ ലോട്ടറിക്കാർക്കുവേണ്ടി ഹാജരായ അഭിഭാഷകർക്കെതിരെ നടപടി സ്വീകരിപ്പിച്ച ചരിത്രവും ഉണ്ടായിട്ടുണ്ട്.

നേരത്തെ ഡോ. മൻമോഹൻ സിംഗ് നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് പാർലമെന്റിൽ നടത്തിയ വിശ്വവിഖ്യാതമായ ഒരു പ്രസംഗത്തിൽ പറയുന്ന വാചകമാണിത് 'it was a legalised plunder'. ജി.എസ്.ടി. കൗൺസിൽ എടുക്കാൻ പോകുന്ന തീരുമാനം നിയമപരമായി നാടിനെ കൊള്ളയടിക്കാൻ ഒരു രാജ്യത്തെ ഗവൺമെന്റ് നൽകുന്ന അധികാരമായി മാറാൻ പോകുകയാണ്. ഇത് legalised plunder ആണ്. ഇത് നിയമവിധേയമാക്കുകയാണ്. കൊള്ള നടത്താൻ, ജനങ്ങളെ കൊള്ളയടിക്കാനുള്ളതാണ്. Organised loot എന്നുപറയുന്ന, അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പ്രസംഗത്തിൽ പറയുന്ന legalised plunder ആണ് യഥാർത്ഥത്തിൽ ഈ സംഭവത്തിലൂടെ വരാൻ പോകുന്നത്. ജി.എസ്.ടി. കൗൺസിലിനെ അതിന്റെ വേദിയാക്കി മാറ്റുകയാണ്. ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രധാനപ്പെട്ട ഒരു വിഷയമുണ്ട് ശ്രീ. കെ. സുരേഷ് കുറുപ്പ് അതിനെ വേറൊരു തത്വത്തിൽ അംഗീകരിച്ചു. Gambling element ലോട്ടറിയിലുണ്ട്. പക്ഷേ കേരള സംസ്ഥാന ലോട്ടറിയും ഇതര സംസ്ഥാന ലോട്ടറി മാഫിയയും നടത്തുന്നത് തമ്മിൽ ഒരു വ്യത്യാസമുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. പക്ഷേ നമ്മൾ ഒരു കാര്യം തിരിച്ചറിയേണ്ടത്, യഥാർത്ഥ ലോട്ടറിയും ഈ പറയുന്ന ലോട്ടറിയും തമ്മിൽ..... ലോട്ടറിയും ഗ്യാമ്പ്ലിംഗും തമ്മിൽ ഒരു നേരിയ പാടയുടെ വ്യത്യാസം മാത്രമേയുള്ളൂ. എപ്പോൾ വേണമെങ്കിലും ഈ ലോട്ടറി ഗ്യാംബ്ലിംഗ് ആയി മാറാം. പക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ നിരീക്ഷണത്തിൽ നടക്കുന്ന, ഒരു സംവിധാനത്തിൽ നടക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ - വികസനപരമായ പദ്ധതികൾ, കാരുണ്യ പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കു വേണ്ടി പണം ചെലവഴിക്കപ്പെടുന്നു. അതിന്റെ സുതാര്യത, സമ്മാനഘടന തുടങ്ങിയ വിഷയങ്ങളാണ് അതിനെ ഗ്യാംബ്ലിംഗിന്റെ പാടയ്ക്ക് അപ്പുറത്തേയ്ക്ക് കൊണ്ടുപോകാത്തത് എന്നുള്ള യാഥാർത്ഥ്യം കൂടി നമ്മൾ തിരിച്ചറിയണം. നമുക്കിവിടെ ഏറ്റവും പ്രധാനപ്പെട്ട വിഷയമുണ്ടായത് എന്താണ്; ആദ്യം ജി.എസ്.ടി. കൗൺസിലിനെക്കൊണ്ട് ഇങ്ങനെയൊരു തീരുമാനമെടുപ്പിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. 28 ശതമാനം മാഫിയ നടത്താൻ പോകുന്ന ലോട്ടറികൾക്കും 12 ശതമാനം സംസ്ഥാനത്തിനും. പിന്നീടാണ് അത് മാറ്റാനുള്ള തീരുമാനം കേന്ദ്ര

ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. എങ്ങനെയുണ്ടായി എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം; ആര് ആവശ്യപ്പെട്ടിട്ടാണ്; ഏതെങ്കിലും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടാണോ ഈ തീരുമാനം മാറ്റാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവന്നത്; ലോട്ടറി മാഫിയക്കാരുടെ ഡിമാന്റിന്റെ പുറത്ത് മാത്രമാണ് ഇങ്ങനെയൊരു ആവശ്യവുമായി കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുവന്നത്. ആ തീരുമാനത്തെ ചെറുത്തുതോൽപ്പിക്കാൻ നമുക്ക് കഴിയും. അതിൽ നമ്മുടെ സംസ്ഥാനത്തെ ധനകാര്യ വകുപ്പുമന്ത്രി വഹിച്ച പങ്കിനെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ പ്രതിപക്ഷനേതാവ് മുൻകയ്യെടുത്തുകൊണ്ട് കോൺഗ്രസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയുമായി ബന്ധപ്പെട്ട്, ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ വകുപ്പുമന്ത്രിമാരുടെ പൂർണ്ണമായ പിന്തുണ ലഭ്യമാക്കിയതെന്ന് ഞാൻ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. ആ ഒരു ടീം വർക്ക് നടത്തിയതിനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയെയും പ്രതിപക്ഷനേതാവിനെയും പ്രത്യേകമായി അഭിനന്ദിക്കുന്നത്. കേരളത്തിന്റെ ഒരു ഡിമാന്റായി, മറ്റ് സംസ്ഥാനങ്ങളുടെ കൂടെക്കൂടി, മറ്റ് നാല് സംസ്ഥാനങ്ങൾ ഉൾപ്പെടെ പത്ത് സംസ്ഥാനങ്ങൾ ഇതിനെതിരായ ഒരു നിലപാട് ജി.എസ്.ടി. കൗൺസിലിൽ സ്വീകരിച്ചു. ഇപ്പോൾ എന്താണ് ചെയ്യാൻ പോകുന്നത്? നേരത്തേ ഇവിടെ പറഞ്ഞതുപോലെ കൽക്കട്ട ഹൈക്കോടതിയിൽ പരാജയപ്പെട്ട ഒരു വിഷയം വീണ്ടും ജി.എസ്.ടി. കൗൺസിലിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. എന്നിട്ട് വോട്ടെടുപ്പിന്റെ കാര്യം പറയുകയാണ്. അവിടത്തെ ഭൂരിപക്ഷം പരിഗണിക്കുകയാണ്. എന്തിനാണ് ജി.എസ്.ടി. കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്; ജി.എസ്.ടി. കൊണ്ടുവന്നുകഴിഞ്ഞപ്പോൾ സംസ്ഥാനങ്ങൾക്കുള്ള നികുതി നിർണ്ണയിക്കുന്നതിന്റെ ബഹുഭൂരിപക്ഷം അവകാശത്തെയും കേന്ദ്ര ഗവൺമെന്റ് എടുത്തു, അതൊരു യാഥാർത്ഥ്യമാണ്, ഏകദേശം ഒന്നുരണ്ട് കാര്യങ്ങളിൽ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന വിവേചനാധികാരം പൂർണ്ണമായും നഷ്ടപ്പെട്ടു. ഇന്ത്യയുടെ ഭരണഘടനയ്ക്ക് ഫെഡറൽ സംവിധാനത്തിൽ ഒരു ബാലൻസുണ്ട്. ആ ബാലൻസ് നിലനിർത്തുന്നതിന് വേണ്ടിയാണ് സംസ്ഥാനങ്ങളുടെ അധികാരം നഷ്ടപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ പ്രാതിനിധ്യത്തോടുകൂടിയ ഒരു ജി.എസ്.ടി. കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത്. നികുതികൾ രൂപപ്പെടുത്തുമ്പോഴും നിശ്ചയിക്കുമ്പോഴും നിർണ്ണയിക്കുമ്പോഴും ഓരോ സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾ എന്താണെന്ന് ഗൗരവപൂർവ്വം പരിശോധിക്കുന്നതിനുവേണ്ടിയാണ്. സംസ്ഥാനങ്ങൾ എങ്ങനെ ചിന്തിക്കുന്നു; സംസ്ഥാനങ്ങൾക്ക് എന്ത് ഗുരുതരമായ ഭവിഷ്യത്തുകളാണ് ഈ നികുതി നിർണ്ണയത്തിലൂടെ ഉണ്ടാകുന്നത്, നികുതി കൂട്ടിയാൽ എന്താണ് പ്രശ്നം, കുറഞ്ഞാൽ എത്ര വരുമാനം കുറയും തുടങ്ങിയ വൈവിദ്ധ്യമാർന്ന വിഷയങ്ങൾ, ഡൈവേഴ്സിറ്റിയുള്ള ഒരു രാജ്യത്ത്

ഓരോ സ്ഥലത്തും വ്യത്യസ്തമായ പ്രശ്നങ്ങളാണ് ഓരോ ടാക്സും നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്നത്. ഈ വൈവിദ്ധ്യങ്ങളുടെ വികാരം പ്രതിഫലിക്കുന്നതിനു വേണ്ടിയാണ് ജി.എസ്.ടി. കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്നത്. അവിടെ ഭൂരിപക്ഷ പ്രകാരം തീരുമാനമെടുക്കുന്നുവെന്ന് പറയുന്നത് ആ കൺസെപ്റ്റിന് തന്നെ എതിരാണ്.

ജി.എസ്.ടി. കൗൺസിലിൽ ഭൂരിപക്ഷത്തോടുകൂടി തീരുമാനമെടുക്കുന്നത് ഭരണഘടനാവിരുദ്ധമായ കാര്യമാണ്. 10 സംസ്ഥാനങ്ങൾ അവരുടെ അഭിപ്രായം തുറന്നുപറയുമ്പോൾ, അവരുടെ സംസ്ഥാനത്ത് മാഫിയാ പ്രവർത്തനം നടത്താൻ അനുവദിക്കില്ലെന്നുള്ള നിലപാട് സ്വീകരിക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുന്നത് വഞ്ചനാപരവും ഭരണഘടനാ വിരുദ്ധവുമായ കാര്യമാണ്. അതിന്റെ പുറകിൽ അഴിമതിയുടെ element ഉണ്ട്. ഒരു സംശയവും വേണ്ട. ഞാൻ പറഞ്ഞല്ലോ, ആറേഴ് വർഷക്കാലംകൊണ്ട് ഒരു ലക്ഷം കോടി രൂപ കേരളത്തിൽനിന്ന് കവർന്നെടുക്കാൻ കഴിഞ്ഞവരാണ് ഈ മാഫിയ. വീണ്ടും അത് ആരംഭിക്കാൻ അവർക്ക് വളരെ എളുപ്പത്തിൽ എത്ര ആയിരം കോടി രൂപ വേണമെങ്കിലും കൊടുക്കാൻ തയ്യാറായി നിൽക്കുന്ന സംവിധാനമാണ് ഇന്നുള്ളത്. സംസ്ഥാനങ്ങൾ ആവശ്യപ്പെടാത്ത സാഹചര്യത്തിൽ ലോട്ടറി വിൽപ്പനക്കാരുടെ ഡിമാന്റിന്റെ പുറത്ത് ഈ തീരുമാനം ജി.എസ്.ടി. കൗൺസിൽ എടുക്കാൻ പോകുമ്പോൾ അതിൽ അഴിമതി ആരോപിച്ചാൽ ഒരാളെയും കുറ്റപ്പെടുത്താൻ കഴിയില്ല. ഈ രാജ്യം കണ്ട ഏറ്റവും വലിയ അഴിമതി ഇതിന്റെ പുറകിലുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് രാജ്യവ്യാപകമായി ഇതിനെതിരായുള്ള പ്രതിഷേധം അലയടിച്ചുയരുമ്പോൾ അതിൽ കേരള നിയമസഭ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഇത് പാടില്ലെന്നുള്ള അഭിപ്രായമാണ് നമ്മൾ ഉറക്കെ പറയുന്നത്. തീർച്ചയായും അതുണ്ടാകണം. അതോടൊപ്പം എനിക്ക് നിർദ്ദേശിക്കാനുള്ളത്, ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിൽ ഉണ്ടാകരുതെന്ന് നിർബന്ധമായും നമ്മൾ പറഞ്ഞ കാലത്ത് ചില ആളുകൾ ഉന്നയിച്ച വാദമുഖം, സംസ്ഥാന ലോട്ടറി തകർന്നുപോകുമെന്നാണ്. ലോട്ടറി വിൽപ്പനക്കാർ മുഴുവൻ പട്ടിണിയായി പോകുമെന്നാണ്. 300 കോടി രൂപയായിരുന്നു അന്ന് സംസ്ഥാന ലോട്ടറിയുടെ turn over. 300 കോടി രൂപയുണ്ടായിരുന്ന സംസ്ഥാന ലോട്ടറിയുടെ turn over ഇന്ന് 12000 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. സംസ്ഥാന ലോട്ടറി തകർന്നില്ല. ലോട്ടറി വിൽപ്പനക്കാർ പട്ടിണിയിലായില്ല. കേരള ലോട്ടറിയെ ഇനിയും ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ നമുക്ക് കഴിയും. പക്ഷെ, അതിൽ കുറെക്കൂടി സുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ചർച്ചകൾകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉറപ്പുവരുത്തണം. രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന്,

ടിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ടതും രണ്ടാമത്തേത് സമ്മാന ഘടനയുമായി ബന്ധപ്പെട്ടുള്ള പരാതികളുമാണ്. ഈ രണ്ട് കാര്യങ്ങൾക്കൂടി പരിശോധിച്ചുകൊണ്ട് ഏത് ലോട്ടറി കേരളത്തിലേയ്ക്ക് കടന്നുവന്നാലും അത്തരം മാഫിയാ പ്രവർത്ത നങ്ങൾ കേരളത്തിൽ സമ്മതിക്കില്ലെന്ന ശക്തമായ നിലപാട് ഒരുമിച്ചെടുത്തു കൊണ്ട് കേരളത്തിന്റെ അഭിപ്രായം ഇതാണെന്ന് ഉറക്കെ പറയാനും മറ്റ് സംസ്ഥാനങ്ങളെക്കൂടി കൂട്ടി യോജിപ്പിച്ചുകൊണ്ട് ജി.എസ്.ടി. കൗൺസിലിൽ എടുക്കാൻ അച്ചാരം വാങ്ങി തീരുമാനിച്ചുവച്ചിരിക്കുന്ന തീരുമാനത്തെ എതിർത്തു തോൽപ്പിക്കാനും കഴിയട്ടെ, അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ഈ പ്രമേയം പ്രയോജനപ്പെടുമെന്ന് കരുതി ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുന്നു.

[2.00 pm]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ പ്രമേയത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. കേരളം ലോട്ടറിയുമായി ബന്ധപ്പെട്ട് ഏറ്റവും ഫലപ്രദമായ നടപടികൾ കൈക്കൊള്ളുന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ നാട്ടിൽ നേരത്തെ ഉണ്ടായിരുന്ന അന്യസംസ്ഥാന ലോട്ടറികളുടെ കൊള്ളയും ജനങ്ങളെ വലിയ തോതിൽ ചൂഷണം ചെയ്യുകയും ചെയ്ത നടപടിക്ക് വിരാമമിട്ടു കൊണ്ടാണ് മാറി മാറി വന്ന ഗവൺമെന്റുകൾ കേരള ലോട്ടറിയെ സംരക്ഷിച്ച് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ചതുപോലെ, ജി.എസ്.ടി. കൗൺസിൽ ഏറ്റവും ഫലപ്രദമായ തീരുമാനമാണ് അന്ന് എടുത്തത്. അന്യസംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനവും സംസ്ഥാന സർക്കാരുകൾ നടത്തുന്ന ലോട്ടറിക്ക് 12 ശതമാനവുമായി നിരക്ക് നിശ്ചയിച്ചത് കേരള ലോട്ടറിയുടെ സംരക്ഷണത്തിന് ഏറ്റവും അനിവാര്യമായി മാറിയ ഒരു ഘടകമാണ്. ഇന്ന് കേരളംപോലുള്ള സംസ്ഥാനങ്ങളിൽ കടന്നുകയറി വലിയ കൊള്ള നടത്താൻ വേണ്ടിയുള്ള അന്യസംസ്ഥാന ലോട്ടറിയുടെ ശ്രമങ്ങളാണ് നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. സാന്റിയാഗോ മാർട്ടിൻ എന്ന വ്യക്തി ജി.എസ്.ടി. കൗൺസിലിനെ എങ്ങനെ സ്വാധീനിക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ജി.എസ്.ടി. കൗൺസിൽ എടുക്കുന്ന എല്ലാ തീരുമാനങ്ങളും consensus-ലൂടെയാണ്. ശ്രീ. വി. ഡി. സതീശൻ ഇവിടെ വിശദീകരിച്ചു, confrontation അല്ല ജി.എസ്.ടി. കൗൺസിലിൽ ഉണ്ടാകുന്നത്. വോട്ടെടുപ്പ് അല്ല അവിടെ ഉണ്ടാകേണ്ടത്. അവിടെ വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ consensus-ന്റെ അടിസ്ഥാനത്തിൽ എടുക്കുന്ന തീരുമാനങ്ങളാണ് ജി.എസ്.ടി. കൗൺസിൽ തീരുമാനങ്ങളായി വരുന്നത്. ഇന്ന് ജി.എസ്.ടി. കൗൺസിലിനെ സ്വാധീനിച്ച് തങ്ങളുടെ സ്വാർത്ഥതാൽപര്യങ്ങൾ, ബിസിനസ് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ എങ്ങനെ കഴിയുമെന്നുള്ളതാണ്

അന്യസംസ്ഥാന ലോട്ടറി മാഫിയ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. കേരള ലോട്ടറി യുടെയും അന്യസംസ്ഥാന ലോട്ടറിയുടെയും നികുതി ഏകീകരിക്കണമെന്നുള്ള വാദമാണ് ജി.എസ്.ടി. കൗൺസിലിൽ ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളത്. കഴിഞ്ഞ തവണ ഈ വാദം ഉന്നയിച്ച സന്ദർഭത്തിൽ, ധനകാര്യ വകുപ്പുമന്ത്രി ഈ കാര്യം എന്നോട് സൂചിപ്പിച്ചു. ഞങ്ങൾ ഒരുമിച്ചിരുന്ന് ഈ കാര്യം ചർച്ച ചെയ്തു. അദ്ദേഹം ഡൽഹിയിൽ പോകുമ്പോൾ കോൺഗ്രസ്സിന്റെ ബന്ധപ്പെട്ട നേതാക്കന്മാരുമായി സംസാരിക്കണമെന്ന് പറഞ്ഞു. ശ്രീ. എ. കെ. ആന്റണിയെ അദ്ദേഹത്തിന് കാണുന്നതിന് പ്രത്യേകിച്ച് എന്റെ ഇടപെടൽ ആവശ്യമില്ല. അദ്ദേഹം ശ്രീ. എ. കെ. ആന്റണിയെ കണ്ടു. ശ്രീ. അഹമ്മദ് പട്ടേലിനെ കാണണമെന്ന് പറഞ്ഞു. ഞാൻ തന്നെയാണ് ശ്രീ. അഹമ്മദ് പട്ടേലിന്റെ സമയം കൊടുത്തത്. അദ്ദേഹം ശ്രീ. അഹമ്മദ് പട്ടേലുമായി സംസാരിച്ചു. ഇന്ത്യയിലെ കോൺഗ്രസ്സിന്റെ ധനകാര്യ വകുപ്പുമന്ത്രിമാരെല്ലാം ഒരേ അഭിപ്രായത്തോടുകൂടി നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഈ അഭിപ്രായത്തെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി ഏകദേശം 10 സംസ്ഥാനങ്ങൾ ഒരുമിച്ചുനിൽക്കുന്ന ഒരു വ്യത്യസ്തമായ സ്വരം, അന്തരീക്ഷം ഉണ്ടായപ്പോഴാണ് അന്നത്തെ ശ്രമം പരാജയപ്പെടുത്താൻ നമുക്ക് കഴിഞ്ഞത്. ലോട്ടറി നികുതി ഏകീകരണത്തിൽ കേരളം, ബംഗാൾ ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളും ശക്തമായി എതിർപ്പ് ഉന്നയിക്കുകയുണ്ടായി. ഇതിനിടയിൽ കൽക്കത്ത ഹൈക്കോടതിയിൽ ഒരു കേസ് വരികയുണ്ടായി. കേരളം അതിൽ കക്ഷി ചേരുകയും ഈ നിരക്കുകൾ ഏകീകരിക്കാനുള്ള നീക്കം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുകയുമുണ്ടായി. ഹൈക്കോടതി ഈ വാദത്തെ പൂർണ്ണമായി തള്ളിക്കളയുകയാണുണ്ടായത്. കാരണം, വളരെയേറെ ചർച്ചകൾക്കും ആലോചനകൾക്കും ശേഷമാണ് ജി.എസ്.ടി. കൗൺസിലിൽ 28 & 12 എന്ന നിലയിൽ നികുതി നിരക്ക് പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള തീരുമാനം എടുത്തത്. ഈ വേർതിരിവ് ഭരണഘടനയുടെ ലംഘനമാണെന്ന വാദവും കൽക്കത്ത ഹൈക്കോടതി തള്ളിക്കളഞ്ഞത് ശ്രദ്ധേയമായ ഒരു കാര്യമാണ്. ഇതേത്തുടർന്നാണ് പുതിയ സാഹചര്യം വന്നുചേർന്നിരിക്കുന്നത്. നിയമപരമായ എല്ലാ വഴികളും അടഞ്ഞപ്പോൾ, ഭരണഘടനയുടെ ലംഘനമാണെന്ന് വാദിച്ചിട്ടുപോലും കൽക്കത്ത ഹൈക്കോടതി അത് തള്ളിക്കളഞ്ഞ പശ്ചാത്തലത്തിൽ വളഞ്ഞ വഴിയിലൂടെ എങ്ങനെ ജി.എസ്.ടി. കൗൺസിലിനെ സ്വാധീനിക്കാമെന്നാണ് സാന്റിയാഗോ മാർട്ടിനും കൂട്ടാളികളും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാർ വയ്ക്കുന്ന ഏജന്റുമാർക്ക് മാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുണ്ടാകുകയുള്ളൂവെന്ന് 28-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനെയും അട്ടിമറിച്ച് ഉപകരാറുകാർക്ക്

രജിസ്ട്രേഷൻ അനുവദിപ്പിക്കാനും വ്യാപകമായ നീക്കം നടന്നു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ തീരുമാനിച്ചാൽ ഉപകരാറിന്റെ പേരിൽ ആർക്കും സംസ്ഥാനത്ത് കടന്നുകയറി ലോട്ടറിക്കൊള്ള നടത്താൻ കഴിയും. അതുപോലെ സമ്മാനത്തുക കുറച്ചുള്ള വിലയിൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കവും ലോട്ടറി മാഫിയയെ സഹായിക്കാൻ വേണ്ടി മാത്രമുള്ളതാണ്. സംസ്ഥാന ലോട്ടറിയിൽനിന്നും ലഭിക്കുന്ന നികുതി കേരളത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് കൂടുതലായും ചെലവഴിക്കുന്നത്. കാരുണ്യ ലോട്ടറി കെ. എം. മാണി സാർ നടപ്പാക്കിയ കേരളം കണ്ട ഏറ്റവും വലിയ ജീവകാരുണ്യ പ്രവർത്തനമായിരുന്നു. സർക്കാരിന്റെ ഖജനാവിലേയ്ക്ക് നേരിട്ട് ലഭിക്കുന്ന നികുതിയാണിത്. എന്നാൽ അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ നിർബാധം വിറ്റഴിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയാൽ സർക്കാരിന് കാര്യമായി നികുതി വരുമാനം ലഭിക്കില്ല. അന്യസംസ്ഥാന ലോട്ടറികളിൽനിന്നും ലഭിക്കുന്ന നികുതി നേരിട്ടല്ല സർക്കാരിന് ലഭിക്കുന്നത്. വിൽപ്പനക്കാർ, സ്റ്റോക്കിസ്റ്റുകൾ എന്നിവരിലൂടെ പല തവണ കൈമറിഞ്ഞേ സർക്കാരിന് ലഭിക്കുകയുള്ളൂ. അവരെ അനുവദിച്ചാൽ നിരവധി വഴികളിലൂടെ കടന്നായിരിക്കും സർക്കാരിന് നികുതി ലഭ്യമാകുന്നത്. ഇപ്പോൾ നമുക്ക് നേരിട്ട് നികുതി ലഭിക്കുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. 12 ശതമാനം നികുതിയെന്നുള്ളത് വീണ്ടും കുറയും. അപ്പോൾ സംസ്ഥാനത്തിന് വൻനഷ്ടമാണ് ഇതിലൂടെ ഉണ്ടാകുന്നത്. അതുകൊണ്ടുകൂടിയാണ് അന്യസംസ്ഥാന ലോട്ടറി മാഫിയയുടെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും വിമുക്തമായ കേരളത്തെ വീണ്ടും ചൂഷണത്തിലേയ്ക്ക് എത്തിക്കാനുള്ള നീക്കം ഇപ്പോൾ നടത്തുന്നത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, കോടികളുടെ അഴിമതി ഇതിന്റെ പിന്നിലുണ്ട്. വമ്പൻസ്രാവുകൾ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുകയാണ്. അവരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാധീനം ഇതിന്റെ പിന്നിലുണ്ടെന്ന് പറയേണ്ടി വന്നതിൽ ഞാൻ ഖേദിക്കുകയാണ്. കാരണം, ജി.എസ്.ടി. പോലെയുള്ള ഉന്നത കൗൺസിലിനെ ഇത്തരം ആളുകൾക്ക് സ്വാധീനിക്കാൻ കഴിയുന്നുവെന്ന് പറയുന്നതുതന്നെ നമുക്കെല്ലാവർക്കും അപമാനകരമായ ഒരു കാര്യമാണ്. ഏതായാലും 12-28 എന്ന മുമ്പ് തീരുമാനിച്ച നിരക്കിൽനിന്നും നികുതി ഏകീകരണമെന്ന ഓമനപ്പേരിട്ട് അതിനെ അട്ടിമറിക്കാനുള്ള നീക്കത്തെ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. കോൺഗ്രസ് ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലേയും ധനകാര്യ വകുപ്പുമന്ത്രിമാർ ഈ കാര്യത്തിൽ കേരളത്തോടൊപ്പം ഉണ്ടാകുമെന്ന് ഈ സഭയിൽ വച്ച് ധനകാര്യ വകുപ്പുമന്ത്രിക്ക് ഞാൻ ഉറപ്പുനൽകുന്നു. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് അവരുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ് നേരത്തെ എടുത്ത അതേ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കും. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ പോകുമ്പോഴോ

അതിനുമുമ്പോ ഒരുമിച്ചിരുന്നോ ഒറ്റയ്ക്കോ ആണെങ്കിലും ഈ കാര്യങ്ങൾ സംസാരിച്ച് അവരെയെല്ലാം കേരളത്തിന്റെ അഭിപ്രായത്തോട് ഒരുമിപ്പിച്ച് നിർത്താനുള്ള തീരുമാനവുമായി മുന്നോട്ടുപോകുമെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അന്യസംസ്ഥാന ലോട്ടറി നടത്തുന്ന ഈ ലോട്ടറിക്കൊള്ള കേരളത്തിൽ വീണ്ടും ആരംഭിക്കാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. സാന്റിയാഗോ മാർട്ടിനെ പ്പോലുള്ള കഴുകന്മാർ വട്ടമിട്ട് പറക്കുമ്പോൾ അതിനെ ഒറ്റക്കെട്ടായി കേരള നിയമസഭയും കേരളവും ചെറുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തിന്, അദ്ദേഹം നൽകിയ വാഗ്ദാനത്തിന് ഞാൻ നന്ദി പറയുകയാണ്. ഇങ്ങനെയൊരു പ്രമേയം സഭയിൽ അവതരിപ്പിക്കാനുണ്ടായ ലക്ഷ്യവും അതാണ്. കേരളത്തിന്റെ മൊത്തത്തിലുള്ള വികാരം നമുക്ക് ദേശീയ തലത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയണം. ഇത് കേരളത്തിന്റെ വികാരമാണ്. ഒരു അപവാദസ്വരം ഉണ്ടായി, അത് നിൽക്കട്ടെ. പക്ഷെ മൊത്തത്തിൽ ഈ പോരാട്ടത്തിന് വലിയ ആത്മവിശ്വാസം നൽകുന്ന ഒരു സംവാദമാണ്. ആശയ ചർച്ചയാണ് ഇവിടെ നടന്നത്. ആദ്യം ശ്രീ. വി. ഡി. സതീശൻ പറഞ്ഞ രണ്ട് പ്രശ്നങ്ങൾ സെറ്റിൽ ചെയ്താൽ വിഷയത്തിലേയ്ക്ക് കടക്കാം. നിയമസഭാ സബ്ജക്ട് കമ്മിറ്റിയിൽ ശ്രീ. വി. ഡി. സതീശനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും നമ്മുടെ ലോട്ടറി വിതരണത്തിൽ കേന്ദ്രീകരണം വരുന്നുണ്ട്, വലിയ ആളുകൾ കൂടുതൽ കൂടുതൽ ലോട്ടറി ടിക്കറ്റുകൾ അവരുടെ വരുതിയിൽ കൊണ്ടു വരുന്നു, അതൊരു അനാശാസ്യ പ്രവണതയാണെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മുടെ അറിവോടുകൂടിയല്ല. പക്ഷെ പരിശോധിച്ചപ്പോൾ അത് ശരിയാണ്. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി കഴിഞ്ഞ് അടുത്ത ആഴ്ച 85 ശതമാനമെന്നുള്ളത് 75 ശതമാനമായി വെട്ടിക്കുറച്ച് ഉത്തരവിറക്കി നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ടാമത്തേത്, സമ്മാനഘടനയെക്കുറിച്ച് വന്ന വിമർശനമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയുവാൻ വേണ്ടി പറയുകയാണ്, ഭക്ഷണം കഴിക്കാൻവേണ്ടി ഒരു സ്ഥലത്ത് ചെന്നാൽ റോഡ് സൈഡിൽ ലോട്ടറി കച്ചവടം നടത്തുന്നവർ ഞങ്ങളോട് പറയുന്നത്, അയ്യായിരത്തിന്റെ സമ്മാനപരിധി കൂട്ടണമെന്നാണ്. ചെറിയ സമ്മാനങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അവർക്ക് കൂടുതൽ ടിക്കറ്റുകൾ വിറ്റഴിക്കാനും അതിലൂടെ കൂടുതൽ കമ്മീഷൻ നേടാനും കഴിയും. ഇതാണ് കാര്യം. അതുകൂടി പരിശോധിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അംഗീകരിക്കുന്ന കാര്യമാണ്. നമുക്ക് അങ്ങനെതന്നെ ചെയ്യാം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൊത്തം വരുമാനത്തിന്റെ 42 ശതമാനമായിരുന്നു സമ്മാനമായി കൊടുത്തുകൊണ്ടിരുന്നത്. അത് 48 ശതമാനമായി ഉയർത്തി. ഏജന്റുമാരുടെ സമ്മാനത്തുക 52 ശതമാനംവരും. സമ്മാനത്തുക സംബന്ധിച്ച് ഞാനിപ്പോൾ എല്ലാ ലോട്ടറി കച്ചവടക്കാർക്കും നേരിട്ട് കത്ത് എഴുതിക്കൊണ്ടിരിക്കുകയാണ്. ദിവസവും പത്തഞ്ഞൂറോളം കത്ത് അയയ്ക്കുന്നുണ്ട്. ഒരു ലക്ഷം രൂപയുടെ ഓരോ ലോട്ടറിയിലും നേരത്തെ എത്ര സമ്മാനമുണ്ടായിരുന്നു? ഇപ്പോൾ എത്ര തുകയാണ് സമ്മാനമായി നൽകുന്നത്? ഇത് വേവലാതി ഉണ്ടാക്കാനായി ചില കക്ഷികൾ ബോധപൂർവ്വം ശ്രമിക്കുന്നതാണ്. അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ യൂണിയനുകളെയും രണ്ടാഴ്ചയ്ക്ക് മുമ്പ് വിളിച്ചിരുന്നു. അവരോട് എങ്ങനെയാണ് സമ്മാനഘടന വേണ്ടതെന്ന് എഴുതിത്തന്നാൽ അത് നടപ്പാക്കാമെന്ന് പറഞ്ഞു. അവർ എഴുതി തന്നിട്ടുണ്ട്. ടിക്കറ്റ് അച്ചടിക്കാർ ക്രമീകരിക്കുന്നതിന്റെ താമസം മാത്രമേയുള്ളൂ. അവർ പറഞ്ഞതെന്തോ ആ സമ്മാനഘടനയാണ് ലോട്ടറികളിൽ സ്വീകരിക്കാൻ പോകുന്നത്. ഇത്തരത്തിലുള്ള സുതാര്യമായ തുറന്ന സമീപനമായിരിക്കും സർക്കാർ കൈക്കൊള്ളുന്നത്. ഒരാൾ ഒഴികെ ഈ സഭയിൽ എല്ലാവരും ഐകകണ്ഠ്യേനയുള്ള അഭിപ്രായമാണ് നമ്മുടെ ഭാഗ്യക്കുറികളെപ്പറ്റി പറഞ്ഞത്. നാല് കാര്യങ്ങളുണ്ട്. ഒന്ന്, കേരള ഭാഗ്യക്കുറിയെ സംരക്ഷിക്കുക, അത് ഈ സഭയുടെയും നാടിന്റെയും വികാരമാണ്. കാരണം, ഒരുലക്ഷത്തോളം വരുന്ന ദുർബല വിഭാഗങ്ങളുടെ അത്താണിയാണത്. നമുക്ക് കാരുണ്യപോലുള്ള ആരോഗ്യ പദ്ധതിക്ക് മുഴുവനും വിഭവ സമാഹരണം നടത്താനുള്ള മാർഗ്ഗമാണ്. രണ്ട്, അപകടം സൂക്ഷിക്കേണ്ടതിനെപ്പറ്റി ഇവിടെ ആൾക്കാർ പറഞ്ഞു. അതിന് സർക്കാരിന് എതിർപ്പൊന്നും ഇല്ല. ഭാഗ്യക്കുറി ഒരു സാധാരണ ചരക്കല്ല, ഭാഗ്യ പരീക്ഷണമാണ്. അതുകൊണ്ട് ആസക്തിക്ക് മനുഷ്യനെ അടിമപ്പെടുത്താം, കുടുംബങ്ങളെ വഴിയാധാരമാക്കാം. അതുകൊണ്ടാണ് പറയുന്നത് സർക്കാരിന് മാത്രമേ ലോട്ടറി നടത്താനുള്ള അവകാശമുണ്ടാകാവൂയെന്ന്. അതാണ് സഭയുടെ പൊതു താൽപര്യം. കാരണം അതിൽനിന്നുണ്ടാകുന്ന സാമ്പത്തിക നേട്ടം പൊതു താൽപര്യത്തിനുവേണ്ടി, കാരുണ്യപോലുള്ള പദ്ധതികൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. അക്കാര്യത്തിലും പൊതുവിൽ യോജിപ്പാണ്. മൂന്നാമത്തേത്, സംസ്ഥാനങ്ങൾക്ക് ലോട്ടറി നിയന്ത്രണങ്ങളിൽ കൂടുതൽ അധികാരങ്ങൾ വേണം. ഇന്നത്തെ കേന്ദ്ര ലോട്ടറി നിയമപ്രകാരം സംസ്ഥാനങ്ങൾ ലോട്ടറിയെ നിരോധിച്ചാൽ മാത്രമേ ലോട്ടറിയെ നിയന്ത്രിക്കാൻ അവകാശമുണ്ടാകൂ. ലോട്ടറി ഫ്രീ സോണായാൽ മാത്രമേ അവകാശമുണ്ടാകൂ എന്നുള്ളത് നിയമത്തിൽനിന്നും സെറ്റിൽഡ് പൊസിഷനാണ്. ഈ വിമർശനം നമുക്ക് കേന്ദ്ര ലോട്ടറി നിയമത്തെക്കുറിച്ചുണ്ടെങ്കിലും ഇവിടെയുള്ള എല്ലാവരും ഒരു

കാര്യം അംഗീകരിക്കുന്നുണ്ട്. കേന്ദ്ര ലോട്ടറി നിയമത്തിലെ സെക്ഷൻ 4, അതിൽ ആസക്തി കുറയ്ക്കുന്നതിനുവേണ്ടിയുള്ള നിബന്ധനകളും സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നിബന്ധനകളുമുണ്ട്. അവസാനമായി ഇതിന്റെ മുഴുവൻ നേട്ടവും സർക്കാരിലേയ്ക്ക്, പൊതുതാൽപര്യത്തിന് പോകും എന്നത് ഉറപ്പുവരുത്താനുള്ള വ്യവസ്ഥകളുമുണ്ട്. ആ വ്യവസ്ഥകളെ നമ്മൾ അംഗീകരിക്കുകയാണ്. എന്നാൽ ഒരു കാര്യം നമ്മളെല്ലാവരും അംഗീകരിക്കണം, അതിൽ ശ്രീ. പി. സി. ജോർജിനും അഭിപ്രായ വ്യത്യാസമുണ്ടാകില്ല. ഇടനിലക്കാർവഴി മറ്റ് സംസ്ഥാന ഭാഗ്യക്കുറികൾ നടത്തുമ്പോൾ ഈ നിബന്ധനകളൊക്കെ ലംഘിച്ചാണ് നടത്തുന്നത്. അതുണ്ടാക്കിയ പ്രത്യാഘാതങ്ങൾ, അതുസംബന്ധിച്ചുണ്ടായ വിവാദങ്ങൾ, കേരളത്തിലുണ്ടായ ചെറുത്തുനിൽപ്പ് ഇതൊക്കെ ശ്രീ. വി. ഡി. സതീശൻ വളരെ ഹ്രസ്വമായി വിശദീകരിക്കുകയുണ്ടായി. അതിപ്പോൾ ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ വിവാദത്തിന്റെയും തർക്കത്തിന്റെയുമൊക്കെ ഫലമായി സാധാരണ കോടതിയിൽ കേസ്സ് കൊടുത്താൽ അപ്പോൾത്തന്നെ നിങ്ങൾക്ക് അധികാരമില്ലായെന്ന് പറയുന്നതിനുപകരം ഇതു പരിശോധിക്കുന്നതിനും തെളിവുകൾ നോക്കുന്നതിനും വേണ്ടി മാസങ്ങൾ മാറ്റി വയ്ക്കുന്ന അവസ്ഥയുണ്ടായി. ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ വെറും കേന്ദ്ര സർക്കാരല്ല, 2015-ലെ കേന്ദ്ര സർക്കാർ, അങ്ങനെയൊരു ഔദ്യോഗിക ഭേദഗതി കൂടി ചേർക്കാം. ഏത് കേന്ദ്ര സർക്കാരാണെന്നതിൽ സംശയം വേണ്ട, 2015-ലെ ഗവൺമെന്റാണ്. നമ്മൾ പറഞ്ഞ വിമർശനങ്ങൾ ശരി വച്ചുകൊണ്ട് സിക്കിം ലോട്ടറി കേരളത്തിൽ വിൽക്കുന്നത് നിരോധിച്ചു. അതുപോലെതന്നെ ഭൂട്ടാൻ ലോട്ടറി; പ്രശ്നങ്ങളിൽനിന്നും ഇപ്പോൾ അവർ പിന്മാറി. അങ്ങനെ 2019-ൽ മറ്റ് സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിപണനം നടത്താൻ കഴിയില്ല. ഇത് തിരുത്തുന്നതിനാണ് ഇപ്പോൾ എൻ.ഡി.എ. സർക്കാർ ശ്രമിക്കുന്നത്. ലോട്ടറി ഇന്ത്യയിൽ നിരോധിക്കാനല്ല, കേരളത്തിലേയ്ക്കും അതുപോലെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും ഇടത്തട്ടുകാർ നടത്തുന്ന ലോട്ടറിയെ കൊണ്ടുവരുന്നതിനുവേണ്ടിയാണ്. ലോട്ടറി ആസക്തിക്ക് മനുഷ്യനെ അടിമപ്പെടുത്താമെന്നുള്ളത് ഞങ്ങളും അംഗീകരിക്കുന്നു, അതുകൊണ്ട് കർശന നിയന്ത്രണങ്ങൾ വേണം. ആ നിയന്ത്രണങ്ങളെല്ലാം പാലിച്ചുകൊണ്ടാണ് കേരള സംസ്ഥാന ഭാഗ്യക്കുറി നടത്തുന്നത്. അതേസമയം ഇതുമുഴുവൻ ഫ്ലൂട്ട് ചെയ്തിട്ട് ലോട്ടറി സമ്മാനത്തിന്റെ പ്രൈസ് ഡിസ്ട്രിബ്യൂഷൻ നടക്കാതിരിക്കാം എന്നുമാത്രമല്ല, ഈ ലോട്ടറികൾ ആയിരക്കണക്കിന് കോടി രൂപ നമ്മുടെ പല സംസ്ഥാനങ്ങളിൽ നിന്നും മനുഷ്യനെ അടിമപ്പെടുത്തി വാങ്ങുമ്പോൾ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങൾക്ക് നൽകുന്നത് പത്ത് കോടിയോ ഇരുപത്തിയഞ്ച് കോടി രൂപയോ ആണ്. അവർക്ക് വേണ്ടിയാണ് നടത്തുന്നത്. ഇത് ശക്തിപ്പെടുത്താനുള്ള നീക്കമാണ് ഇന്ന് എൻ.ഡി.എ. സർക്കാർ നടത്തുന്നത്. അതുകൊണ്ട് ലോട്ടറി വളരെ മോശമാണ്,

നമ്മളത് വേണ്ടെന്ന് വയ്ക്കാം. ലോട്ടറി മാറ്റിവയ്ക്കാനല്ല, ഇങ്ങനെ ലോട്ടറിക്കൊള്ള തുടരാനുള്ള ഒരു പശ്ചാത്തലമൊരുക്കാനാണ് ഇന്ന് എൻ.ഡി.എ. സർക്കാർ ശ്രമിക്കുന്നത്.

എൻ.ഡി.എ.-യുടെ ഭാഗമായി നിൽക്കുമ്പോൾത്തന്നെ കേരള സംസ്ഥാനത്തിന്റെ താൽപ്പര്യത്തെക്കുറിച്ച് ചിന്തിച്ചുകൂടെ. അങ്ങനെയൊരു ചിന്ത ശ്രീ. പി. സി. ജോർജിന് വേണം. ഈ നിയമസഭയിൽ മാത്രമല്ല, ശ്രീ. പി. സി. ജോർജ് മുൻപുള്ള രണ്ട് സഭകളിലും അംഗമായിരുന്നല്ലോ. ഈ വിവാദത്തിൽ നിങ്ങളും പങ്കാളിയായിരുന്നു. കക്ഷി മാറുമ്പോൾ അന്നെടുത്ത നിലപാടിൽനിന്നും നിങ്ങൾ മാറേണ്ട കാര്യമെന്താണ്; അനിവാര്യമായി ചില കാര്യങ്ങൾ അംഗീകരിക്കേണ്ടി വരും. പക്ഷേ നിലപാട് അതിനനുസരിച്ച് മാറ്റേണ്ട കാര്യമില്ല.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പിന്നെ എന്താണ് ഡോ. ടി. എം. തോമസ് ഐസക് പറയുന്നത്; എനിക്ക് എന്റെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമില്ലേ; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരുകാര്യം മനസ്സിലാക്കണം, ഇവിടത്തെ പാവപ്പെട്ട ചുമട്ടുതൊഴിലാളികളുടെയും മറ്റും പണമാണ് ഇതിലേയ്ക്ക് വരുന്നത്. ഏതെങ്കിലും സമ്പന്നൻ ലോട്ടറിയെടുക്കുമോ; ഒരാളും എടുക്കില്ല. പാവങ്ങളുടെ പണമാണ് വരുന്നത്. അതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ പ്രമേയത്തോടുള്ള ശ്രീ. പി. സി. ജോർജിന്റെ നിലപാടിനെ സംബന്ധിച്ച് ഞാൻ തെറ്റിദ്ധരിച്ചതാണ്. ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രശ്നം സംബന്ധിച്ച്, ഇതിൽ ആസക്തി കൂട്ടുന്ന രീതിയിൽ എന്തെങ്കിലുമുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നിയന്ത്രണം ഏർപ്പെടുത്തണം. പക്ഷേ ഇപ്പോൾ വരാൻ പോകുന്ന വിപത്ത് അതല്ല. ഇത് സൃഷ്ടിച്ച് കൊള്ളയടിക്കാൻ വേണ്ട തത്രപ്പാടിലുള്ള ആളുകൾ വരികയാണ്. ഇക്കാര്യങ്ങളിൽ നമുക്കിപ്പോൾ പൂർണ്ണ യോജിപ്പുണ്ട്. നേരത്തെ പറഞ്ഞത് ഞാൻ തിരുത്തുകയാണ്. സഭയ്ക്ക് പൂർണ്ണ യോജിപ്പുണ്ട്. നമുക്ക് യോജിപ്പുള്ള കാര്യങ്ങൾ അട്ടിമറിക്കുന്നതിനുള്ള നടപടിയാണ് ഇപ്പോൾ ജി.എസ്.ടി. കൗൺസിലിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഇവിടെ പലരും പറഞ്ഞതുപോലെ, ഒരു മുന്നറിയിപ്പുമില്ലാതെ out of agenda ആയിട്ടാണിത് വരുന്നത്. വളരെ ശക്തമായി അതുസംബന്ധിച്ചുള്ള വാദവിവാദങ്ങൾ നടത്തി അവസാനം ഒരു GoM ന് റഫർ ചെയ്യുന്നു. ഇലക്ഷൻ കഴിഞ്ഞ് GoM വിളിക്കുന്നു. അപ്പോഴിവിടെ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുകയാണ്. വീഡിയോ കോൺഫറൻസിംഗ് വഴിയാണ്. എല്ലാവരും വീഡിയോയുമായിട്ട്

നിൽക്കുന്നു. നമ്മൾ വിശദമായ രേഖകൾ അവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അതിൽ എന്തൊക്കെയാണ് മാറ്റാൻ ശ്രമിക്കുന്നത്; ഒന്ന്, നിരക്കുകൾ ഏകീകരിക്കുക. പന്ത്രണ്ടും ഇരുപത്തിയെട്ടും ഒറ്റ നിരക്കാക്കി മാറ്റുക. അതിനുള്ള അവകാശം നമുക്കില്ല എന്നാണ് വാദം. അത് ശരിയല്ല. പതിനേഴാം ജി.എസ്.ടി. കൗൺസിലിൽ ചെയർമാൻ പറഞ്ഞത് ഞാൻ ഉദ്ധരിക്കാം. “ There were clear conditions between the State run lotteries and the State authorised lotteries and this could be the principle used to distinguish the lotteries and tax them differently.” ശ്രീ. അരുൺ ജെയ്റ്റ്‌ലിയുടെ വാചകങ്ങളാണ്. ഇതിന് എതിരായി ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതിയിൽപ്പോയി. കൽക്കട്ട ഹൈക്കോടതി എന്തുപറഞ്ഞു, “ The rationale for imposing differential rates appears from the minutes of the 17th meeting of the GST council. The rationale for the differential rate or the rates by themselves have not been substantiated to be breach of any provision of the constitution.” വളരെ ക്ലിയറാണ്. അപ്പോൾ ഇതിങ്ങനെ തിരുത്തുന്നത് എന്തിനുവേണ്ടിയാണ്. ഏത് സംസ്ഥാനത്തിനും അവരുടെ സംസ്ഥാനത്ത് ലോട്ടറി നടത്തുന്നതിന് 12 ശതമാനം മതി. അതുകൊണ്ട് ലോട്ടറി നടത്തുന്ന സംസ്ഥാനങ്ങളായ ബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾക്ക് കേരളത്തിന്റെ നിലപാടുകളോട് പൂർണ്ണ യോജിപ്പാണ്. അവർ ലോട്ടറി നടത്തുന്നുണ്ട്. അവർക്ക് ഇതിലൊരു വിരോധവുമില്ല. ഇങ്ങനെതന്നെ വേണമെന്നുള്ളതാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്കാണ്; അവരുടെ മാർക്കറ്റ് പോര. മറ്റ് സംസ്ഥാനങ്ങളുടെ മാർക്കറ്റുകൂടി വേണം. ഞാൻ പരസ്യമായി അവിടെ പറഞ്ഞു, നമുക്ക് ചർച്ച ചെയ്യാം. എന്തിന് നിങ്ങൾ ഈ മാഫിയയുടെ കൂടെ പോകുന്നു; നിങ്ങൾക്ക് ആകെ തരുന്നത് 10 കോടി രൂപ, അല്ലെങ്കിൽ 25 കോടി രൂപയാണല്ലോ. അത് എങ്ങനെയാണെന്നുള്ള കാര്യം നമുക്ക് ആലോചിക്കാം. അപ്പോൾ ആളുകൾ ചിരിക്കുന്നു. അപ്പോൾ എത്ര കിട്ടുന്നു എന്നുള്ളതല്ല പ്രശ്നം. രണ്ടാമത്തേത്, 28-ൽനിന്ന് പതിനെട്ടോ പന്ത്രണ്ടോ ആയി കുറച്ച് ഏകീകരിക്കണം എന്നുള്ളതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതിയായി കിട്ടിയാലും ലാഭമായി കിട്ടിയാലും ഒരുപോലെയല്ലേ; മാഫിയയ്ക്ക് അങ്ങനെയല്ല. നികുതിയായി കിട്ടിയാൽപോര. അവർക്ക് ലാഭമായിട്ടുതന്നെ കിട്ടണം. ഇതിന്റെ ലക്ഷ്യം ഇടത്തട്ടുകാരെ സഹായിക്കാനാണ് എന്നതിന് ഏറ്റവും വലിയ തെളിവ് ഈ നിരക്ക് കുറയ്ക്കാനെടുക്കുന്ന സമീപനമാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ച വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ സംസ്ഥാനത്തുവന്ന് ലോട്ടറി വിൽക്കാൻ രജിസ്ട്രേഷൻ എടുക്കണമെങ്കിൽ ഏത് സംസ്ഥാനമാണോ ലോട്ടറി സംഘടിപ്പിക്കുന്നത് അവരുടെ ഏജന്റാണെന്നതിന് കരാറും കാര്യങ്ങളും കാണിക്കണം. അതില്ലെന്ന് പറഞ്ഞിട്ടാണ്

ഇപ്പോൾ പലതും മാറ്റി നിർത്തിയിട്ടുള്ളത്. ഈ ഭേദഗതി കൊണ്ടുവരുന്നത് എന്ത് പറഞ്ഞിട്ടാണെന്ന് അറിയുമോ; അവിടെ ഒരു സോൾ ഏജന്റിനെ സിക്കിമിൽ വയ്ക്കാം. അവരിൽനിന്ന് സബ്കോൺട്രാക്ട് ചെയ്യുന്നവർക്ക് കേരളത്തിൽവന്ന് വിൽക്കാം എന്നുള്ളതാണ്. നമ്മുടെ സ്റ്റേറ്റിനിക്കുള്ള അവകാശങ്ങൾ പ്രായോഗികമായി ഇല്ലാതാക്കുകയാണ്. ഇത് ലോട്ടറി നിയമത്തിന് എതിരാണ്. ലോട്ടറി നടത്താനുള്ള നടപടിക്രമം എന്താണെന്ന് തീരുമാനിക്കാൻ ജി.എസ്.ടി. കൗൺസിലിന് എന്താണധികാരം; നികുതി പിരിക്കുന്നതിനുള്ള നടപടിക്രമം ആലോചിക്കാം. ലോട്ടറി നടത്തേണ്ടത് എങ്ങനെയാണെന്ന് ലോട്ടറി റെഗുലേഷൻ ആക്ടാണ് തീരുമാനിക്കേണ്ടത്. അപ്പോൾ ഇത് നിയമപരമായിട്ടും നമ്മൾ ചോദ്യം ചെയ്യേണ്ടി വരും. ഇക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇതിവിടെ തീരുമാനമെടുത്തതുകൊണ്ട് ആ തീരുമാനം അംഗീകരിക്കുക എന്നുള്ളതല്ല, ഇത് നിയമവിരുദ്ധമാണ് എന്നുള്ളതാണ്. ജി.എസ്.ടി. കൗൺസിൽ നിയമവിധേയമായിട്ടേ പ്രവർത്തിക്കാൻ പാടുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ തീരുമാനവുമായി ജി.എസ്.ടി. കൗൺസിൽ മുന്നോട്ട് പോയാൽ നമുക്കൊരു നിർദ്ദേശം വയ്ക്കാൻ പറ്റുമോ; മറ്റ് സംസ്ഥാനങ്ങൾക്ക് ലോട്ടറി നടത്താനുള്ള അവകാശം കൊടുക്കുകയും നികുതി ഏകീകരിക്കുകയും ചെയ്താൽ അവർ ഏജന്റുമായി കരാറിൽ എത്തുന്നതിനുപകരം സിക്കിം സംസ്ഥാനം ലോട്ടറി ആരംഭിക്കുകയാണെങ്കിൽ അതിന്റെ ഫസ്റ്റ് പ്രയോറിറ്റി കേരളത്തിന് കൊടുക്കണം. കേരളം അതിന്റെ ഏജന്റായി പ്രവർത്തിക്കാൻ തയ്യാറാണെന്ന് പറഞ്ഞാൽ അതാത് സംസ്ഥാനങ്ങൾക്കുതന്നെ ഏജന്റായി പ്രവർത്തിക്കാനുള്ള അവകാശം നൽകാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇക്കാര്യത്തിലും നമ്മൾ തമ്മിൽ യോജിപ്പിലാണ്. ഞാൻ നേരത്തെ ഒന്ന് മറച്ചുവച്ച് പറഞ്ഞകാര്യം ഇതു തന്നെയാണ്. അവരോട് പറഞ്ഞത്, നിങ്ങൾക്ക് ഇതല്ലേ കിട്ടുന്നുള്ളൂ, അത് നമ്മൾ ഗ്യാരണ്ടി ചെയ്യുന്നു. അതെങ്ങനെ വേണമെന്നുള്ളത് സംബന്ധിച്ച് നമ്മൾ തമ്മിൽ ധാരണയിൽ എത്തിയിട്ടുവേണ്ടേ പ്രൊപ്പോസൽ വയ്ക്കാൻ. കാര്യം അവർക്കും മനസ്സിലായിട്ടുണ്ട്. അവസാനം വരുത്താൻ പോകുന്ന മാറ്റം എന്താണെന്ന് അറിയാമോ; ഇപ്പോൾ ലോട്ടറിയുടെ വിലയുടെ മുകളിലാണ് നികുതി. ഇപ്പോൾ പ്രൈസ് കിഴിച്ചുള്ള വാല്യുവിന്റെ മേൽ നികുതിയാക്കാനാണ് പോകുന്നത്. അത് എന്തിനാണെന്ന് എല്ലാവർക്കും അറിയാമല്ലോ. പ്രൈസിലാണ് വെട്ടിപ്പ് നടക്കുന്നത്. ഒരു സുതാര്യതയില്ല. ഇത് കഴിഞ്ഞിട്ട് വാല്യു എത്രയാണെന്ന് എങ്ങനെയാണ് തീരുമാനിക്കപ്പെടുക; ഇതാകെ വളരെ തെറ്റായ ഒരു സമീപനമാണ്. ഇതിനെതിരായി സഭയുടെ വികാരം അവിടെ അറിയിക്കും. മുഴുവൻ ജനങ്ങളും, കേരളം ഒറ്റക്കെട്ടായി നിൽക്കണം. ഇവിടെ സഭയിൽ, അവിടെ ജി.എസ്.ടി. കൗൺസിലിൽ... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുമായി ഞാൻ ഒരു പ്രാവശ്യമേ സംസാരിക്കേണ്ടി

വന്നുള്ളൂ. അദ്ദേഹം വളരെ മുൻകയ്യെടുത്താണ് ചർച്ച സംഘടിപ്പിച്ചത്. പലർക്കും എന്താണ് ഇതെന്ന് അറിയില്ല. അവിടെയൊക്കെ ലോട്ടറി നിരോധിത മേഖലയാണ്, പഞ്ചാബ് ഒഴികെ. എന്താണ് ഇതിന്റെ പ്രാധാന്യം, പ്രശ്നം എന്ന് പെട്ടെന്ന് മനസ്സിലാക്കാൻ പറ്റുന്നതല്ല. ശ്രീ. രാഹുൽ ഗാന്ധി അടക്കമുള്ളവർ ഇതുമായി ബന്ധപ്പെട്ട് മുൻ കയ്യെടുത്തതിന്റെ ഫലമായി ജി.എസ്.ടി. കൗൺസിലിലെ മുഴുവൻ കോൺഗ്രസ്സ് അംഗങ്ങളും കേരളത്തിന് അനുകൂലമായ നിലപാടെടുത്തു. അങ്ങനെ പത്തോളം പേർ ഒരുമിച്ചുനിന്ന് സംസാരിച്ചപ്പോഴാണ് ഇത് ഗൗരവമാണ് എന്നുപറഞ്ഞ് GoM-ലേയ്ക്ക് മാറ്റിയത്. ഇന്നിപ്പോൾ കൗൺസിലിലേയ്ക്ക് ധൃതിയിൽ കൊണ്ടുപോവുകയാണ്. പക്ഷേ അവിടെ ശക്തമായ ചെറുത്തുനിൽപ്പ് ഉണ്ടാകുമെന്നതിൽ സംശയമില്ല. ഇതുവരെ ജി.എസ്.ടി. കൗൺസിലിലെ എല്ലാ തീരുമാനങ്ങളും കോൺസൻസസിന്റെ അടിസ്ഥാനത്തിലായിരുന്നു. എല്ലാവരും ഒരുമിച്ച് പോകേണ്ടേ എന്നുവിചാരിച്ച് ആശയപരമായി വ്യത്യാസം ഉള്ളപ്പോൾത്തന്നെ ചില കാര്യങ്ങളിൽ നമ്മൾ വഴങ്ങിക്കൊടുത്തിട്ടുണ്ട്. പക്ഷേ ഇതിന് വഴങ്ങാൻ കേരളം തയ്യാറല്ല. ഒരു സംശയവും അക്കാര്യത്തിലില്ല. പുതിയ എൻ.ഡി.എ. സർക്കാരിന്റെ കീഴിലുള്ള ആദ്യത്തെ ജി.എസ്.ടി. കൗൺസിൽ ഇക്കാര്യത്തിൽ വോട്ടെടുപ്പിലേയ്ക്ക് പോകും. ഒരു സംശയവും അക്കാര്യത്തിലില്ല. ഇങ്ങനെയൊരു കൗൺസിൽ ഇത്തരത്തിൽ വോട്ടെടുപ്പിലേയ്ക്കും മറ്റും പോകുന്നത് ശരിയാണോ വേണ്ടയോ എന്നുള്ളത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാ നിക്കണം. എന്തിനാണ് ധൃതി പിടിച്ച് ഇങ്ങനെ ചെയ്യുന്നത്. ഇതിപ്പോൾ തീരുമാനിച്ചില്ലെങ്കിൽ രാജ്യം ഇടിഞ്ഞുപൊളിഞ്ഞ് വീഴുമോ; മറ്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ താൽപര്യം എങ്ങനെ സംരക്ഷിക്കാം എന്നതിനെക്കുറിച്ച് ചർച്ച നടക്കട്ടെ. അതില്ലാതെ സ്റ്റീംറോൾ ചെയ്യാൻ നമ്മൾ തയ്യാറല്ല. നിന്നുകൊടുക്കില്ല. അതിന് ഈ സഭ ഒരുമിച്ച് നിൽക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫിന്റെ ഭേദഗതി സ്വീകരിക്കുകയാണ്. രണ്ടാമത്തെ പാരഗ്രാഫിന്റെ അവസാനം, " ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കാൻ ഇടനിലക്കാർക്ക് അവസരം നൽകുന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു." എന്ന് കൂട്ടിച്ചേർക്കുന്നു. അതുപോലെതന്നെ " 2015 ൽ കേന്ദ്ര സർക്കാരും അംഗീകരിച്ചു." 2015 എന്നുള്ളത് സ്പഷ്ടീകരിക്കുകയാണ്. ഈ ഭേദഗതിയോടുകൂടി പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

# VII ധനകാര്യം

## 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരേ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2019-20 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (Rs) | മൂലധനം (Rs) | റവന്യൂ (Rs) | മൂലധനം (Rs) | ആകെ (Rs) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXVII | സഹകരണം | 147,14,57,000 | 43,27,12,000 | 294,29,14,000 | 86,54,23,000 | 380,83,37,000 |
| XLII | വിനോദസഞ്ചാരം | 68,42,61,000 | 78,43,34,000 | 136,85,24,000 | 156,86,67,000 | 293,71,91,000 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ഖണ്ഡനോപക്ഷേപങ്ങൾ

## ധനാഭ്യർത്ഥന നമ്പർ XXVII-സഹകരണം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. സി. ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ജനാധിപത്യ പരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിടുന്നതായും അഡ്മിനി സ്ട്രേറ്റർമാരെ ഉപയോഗിച്ച് സഹകരണ സംഘങ്ങളുടെ ഭരണം പിടിച്ചെടുക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സഹകരണ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണം എന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേരള ബാങ്കിന്റെ രൂപീകരണം സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ തകർക്കുമെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നീതി കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സഹകരണ ബാങ്കുകളിലും സംഘങ്ങളിലും നടക്കുന്ന സ്വർണ്ണ പണയ തട്ടിപ്പ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേരള ബാങ്ക് രൂപീകരിക്കുന്നതിന്റെ പേരിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനങ്ങൾ നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ അപെക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി.ക്ക് വിട്ടിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പല സ്ഥാപനങ്ങളിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ പി.എസ്.സി. വഴി നിയമനം നടത്തുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാം കുഴി അലി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ വകുപ്പിലെ ജീവനക്കാരേയും ഉൾപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സ്വാശ്രയ മാനേജ്മെന്റുകളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് കൂടുതൽ സ്വാശ്രയ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. പി.ടി. തോമസ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 380,83,37,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ഉമ്മർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മലനാട് മലബാർ റിവർക്രൂയിസ് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ടൂറിസം മേഖലയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റിംഗ് ക്യാമ്പയിനുകൾ സംഘടിപ്പിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാം കുഴി അലി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സുസ്ഥിര വിനോദസഞ്ചാര വികസനത്തിനായി കർമ്മ പദ്ധതി രൂപീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഡി.റ്റി.പി.സി. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ഇക്കോ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ നവീകരിച്ച് യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ടൂറിസം മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഗ്രീൻകാർപ്പറ്റ് പദ്ധതി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ഹോം സ്റ്റേ സംവിധാനത്തിന് ആവശ്യമായ ലൈസൻസ് നൽകുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പ്രളയംമൂലം ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്കുണ്ടായ നാശനഷ്ടം സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിദേശ വനിതയുടെ കൊലപാതകവും, സുരക്ഷാ പാളിച്ചകളും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഉണ്ടായ വീഴ്ചയും കോവളം ടൂറിസം മേഖലയെ കാര്യമായി ബാധിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിദേശ വനിതയുടെ കൊലപാതകവും,

സുരക്ഷാ പാളിച്ചകളും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഉണ്ടായ വീഴ്ചയും കോവളം ടൂറിസം മേഖലയെ കാര്യമായി ബാധിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ടൂറിസം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. ('സ്വദേശി ദർശൻ' പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതി നടത്തിപ്പിൽ കാലതാമസമുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 293,71,91,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ച ആരംഭിക്കുകയാണ്. ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 2019-20 വർഷത്തേയ്ക്കുള്ള സഹകരണം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളത്തിൽ ഇന്ന് ഒരു പ്രധാനപ്പെട്ട മേഖലയായി വിനോദസഞ്ചാരം മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വകുപ്പുമന്ത്രി സഖാവ് കടകംപള്ളി സുരേന്ദ്രൻ ഈ വകുപ്പിൽ പ്രധാനപ്പെട്ട പുതിയ സമീപനങ്ങൾ സ്വീകരിക്കുന്നതുകൊണ്ട് ഈ മേഖലകളിൽ തൊഴിലവസരങ്ങൾ ഒരുപാട് ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഇടപെടലിൽ ആയിരം ദിവസം കൊണ്ട് 1200 കോടി രൂപയോളം ഈ മേഖലയിലേയ്ക്ക് പുതിയതായി വിനിയോഗം ചെയ്യപ്പെട്ടു. ഏറ്റവും ചുരുങ്ങിയ ചെലവിൽ ജീവിതം നയിക്കുന്നവരുൾപ്പെടെ ആശ്രയിക്കുന്ന ഒരു മേഖലയായി വിനോദസഞ്ചാര വകുപ്പ് മാറിയിട്ടുണ്ട്. പ്രളയം, രോഗം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുന്ന നിലയിലായിരുന്നു കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ വരവ്. വകുപ്പിന്റേതായ ഇടപെടൽ കുറേക്കൂടി സജീവമാക്കുവാൻ ആ സന്ദർഭങ്ങളിലെല്ലാം മന്ത്രിയും വകുപ്പുദ്യോഗസ്ഥരുമെല്ലാം ഇടപെട്ടുവെന്നുള്ളത് നമുക്ക് കാണാൻ കഴിയുന്ന കാര്യമാണ്. അതേ സന്ദർഭത്തിൽത്തന്നെ ഇനിയും നമുക്ക് കുറെയേറെ മുമ്പോട്ട് പോകേണ്ടതുണ്ട്. ഈ വകുപ്പിന്റെ വരുമാനം തന്നെ ഒരാണ്ടിൽ 36000 കോടി രൂപയുടെ അടുത്ത് വരുന്നുവെന്ന് പറയുന്നത് വളരെ സജീവമായി ഈ വകുപ്പ് ഉയർന്നുവരുന്നുവെന്നതിന്റെ തെളിവാണ്. ഇത് നമുക്ക് വളരെ വ്യക്തമായി കാണാൻ സാധിക്കും. ഈ വകുപ്പിന്റെ ഇടപെടൽമൂലം വിനോദസഞ്ചാരമാണെന്ന് മനസ്സിലാക്കിയില്ലെങ്കിലും തീർത്ഥാടനം എന്ന നിലയിൽ വിവിധ സ്ഥലങ്ങളിലുള്ള അമ്പലങ്ങളിലേയ്ക്ക് ആളുകൾ പോകുന്നുണ്ട്. കേരളത്തിൽ വനം വകുപ്പിന്റെ ടൂറിസം ഉണ്ട്, കെ.എസ്.ഇ.ബി.-യുടെ ടൂറിസം ഉണ്ട്. ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ട് പ്രത്യേക പാക്കേജായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ പ്രത്യേക ട്രെയിൻ എന്ന നിലയിൽ എത്തിക്കാൻ കഴിയണം. ഈ രംഗത്ത് നമുക്ക് കുറെയേറെ മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. ആളുകളുടെ ജീവിത നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്ന നിലയിൽ ഗവൺമെന്റ് ഇടപെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ളത് നല്ലതുപോലെ അറിയാവുന്നതാണ്. എങ്കിലും വകുപ്പിന്റെ

കീഴിൽ വരുന്ന ഡി.റ്റി.പി.സി. -യിൽ ഉൾപ്പെടെ 58- ഉം 60- ഉം വയസ്സ കടന്ന് വിരമിക്കാൻ പോകുന്നവർക്ക് ഗ്രാറ്റുവിറ്റി പോലും ഇല്ലാത്ത സന്ദർഭങ്ങളുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ളവരെക്കൂടി സംരക്ഷിക്കാനുള്ള നടപടിയുണ്ടാകണം. ടൂറിസം ഇൻഫർമേഷൻ സെന്ററുകളിലെ ഗൈഡുകൾക്ക് പ്രത്യേക പരിശീലനം നൽകി അവരെ നിലനിർത്താനുള്ള ഒരു പുതിയ ആശയത്തിലേയ്ക്ക് വകുപ്പ് കടക്കണമെന്നൊരു അഭ്യർത്ഥന എനിക്കുണ്ട്. ടൂറിസം മേഖലകളിൽ റോപ്പ് വേ പോലെയുള്ള ആശയങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. അതിൽ എത്രത്തോളം നമുക്ക് വിജയിക്കാൻ സാധിച്ചുവെന്നുള്ളത് സംബന്ധിച്ച് പരിശോധന നടത്തി പുതിയ ആശയത്തോടെ ഇക്കാര്യങ്ങളിൽ ഇടപെടാൻ സാധിക്കണം. കേരളത്തിൽ താമസിക്കുന്നവരാണെങ്കിലും വടക്കേ ഇന്ത്യയിൽനിന്നാണെങ്കിലും കേരളത്തിൽ എത്തിച്ചേരുന്നത് പ്രകൃതിയുടെ സൗന്ദര്യം കാണുന്നതിനും സംസ്ഥാനത്തിന്റെ തനത് കലാരൂപങ്ങൾ കാണുന്നതിനുമാണ്. അത്തരത്തിൽ പുതിയ വിനോദസഞ്ചാര മേഖല തുറന്നുകൊടുക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചാൽ സാധിച്ചിട്ടുണ്ടെന്നു നമുക്ക് പറയാൻ സാധിക്കില്ല. ഒരുപിടി ഇടപെടലും കാര്യങ്ങളും വന്നതോടുകൂടിയാണ് നമ്മുടെ വരുമാനത്തിൽ വർദ്ധനവുണ്ടായതെന്ന് കാണുമ്പോൾ ഇങ്ങനെയുള്ള കുറവുകൾ ഒഴിവാക്കാൻ വേണ്ടിയുള്ള ഇടപെടൽ വേണം എന്ന് തോന്നും. അതുപോലെതന്നെ കുറ്റാലം, തിരുച്ചെന്തൂർ, പളനി, വേളാങ്കണ്ണി പോലുള്ള സ്ഥലങ്ങളിലേയ്ക്ക് കേരളീയരാണ് ഏറ്റവും കൂടുതൽ പോകുന്നത്. അവിടത്തെ ദേവസ്വം ബോർഡ് ഉൾപ്പെടെയുള്ള ആളുകളുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിൽനിന്ന് പോകുന്ന ആളുകൾക്ക് താമസസൗകര്യം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ട ഇടപെടലുകൾ ഗവൺമെന്റിൽനിന്ന് ഉണ്ടാകണം.

കുറ്റാലത്ത് പി.ഡബ്ല്യൂ.ഡി.-യുടെ വകയായി ഗവൺമെന്റിന്റെ സ്ഥലമുണ്ട്. കെ.റ്റി.ഡി.സി. പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ പോകുന്നവർക്ക് ഉപയോഗപ്രദമായ രീതിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്ക് ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. ഏറ്റവും കൂടുതൽ ആളുകൾ വരുന്ന സ്ഥലമാണ് മൂന്നാർ. പണ്ട് ബ്രിട്ടീഷ് ഭരണകാലത്ത് അവിടേയ്ക്ക് ഒരു ട്രെയിൻ ഉണ്ടായിരുന്നു. അതിനെപ്പറ്റി പുതിയതായി ചിന്തിക്കുമെങ്കിൽ വളരെയേറെ ഗുണകരമായിരിക്കും. മൂന്നാറിനെയും ഇടുക്കിയെയും സംബന്ധിച്ചിടത്തോളം പണ്ട് തൊഴിലവസരങ്ങൾ ഉണ്ടായിരുന്ന കൃഷി മേഖലയിൽനിന്നും ഇപ്പോൾ വിനോദസഞ്ചാര മേഖലയിലേയ്ക്ക് ചെറുകിട കച്ചവടമൊക്കെയായി മാറിയിട്ടുണ്ട്. അതിലെല്ലാം ഉപയോഗപ്പെടുന്ന രീതിയിലുള്ള ഇടപെടൽ ഗവൺമെന്റിൽനിന്നും ഉണ്ടാകേണ്ടതുണ്ട്. മൂന്നാറിലെ യാത്രാക്ലേശം ഏറ്റവും വലിയ പ്രശ്നമാണ്. അത് ഒരു പഞ്ചായത്തിന്

മാത്രമായി നിയന്ത്രിക്കാൻ കഴിയില്ല. അവിടെയുള്ള ഭൂമിയുടെ പ്രശ്നത്തിൽ പ്രത്യേക നിയമം കൊണ്ടുവരണമെങ്കിൽ ആ നിലയിൽ ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ അടിസ്ഥാനത്തിലുള്ള ചില നിലപാടുകൾമൂലം ഈ രംഗത്തുനിന്നും സർക്കാർ പിന്നോട്ടുപോകുന്ന സ്ഥിതിയുണ്ട്. ആദ്യഘട്ടത്തിൽ തോട്ടം മേഖലയിൽ ധാരാളം ജോലിയുണ്ടായിരുന്നു. എന്നാൽ ഇന്ന് തോട്ടം മേഖലയിൽ ജോലിചെയ്യുന്നവർ പത്തിലൊന്ന് ശതമാനം മാത്രമാണ്. ബാക്കിയുള്ളവർ വിനോദസഞ്ചാര മേഖലയെ ആശ്രയിച്ചുകൊണ്ടാണ് അവിടെ ജീവിച്ചുവരുന്നത്. ഇത്തരം പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് പുതിയ നിലപാടുകൾ സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. റോപ്പ് വേയും ട്രെയിനും നേരത്തേ ഉണ്ടായിരുന്നതാണ്. ഇതുപോലുള്ള സംവിധാനങ്ങൾകൂടി ഏർപ്പെടുത്തുകയാണെങ്കിൽ വിനോദസഞ്ചാര മേഖലയെ നമുക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള ജീവനക്കാരുടെ പ്രശ്നങ്ങളുൾപ്പെടെ ഈ മേഖലയിൽ പരിശോധന നടത്തി മുന്നോട്ടു പോകാനുള്ള ശ്രദ്ധ ഗവൺമെന്റിന് ഉണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്.

മറ്റൊന്ന് സഹകരണ മേഖലയെക്കുറിച്ചുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്രമങ്ങൾ വന്നപ്പോഴെല്ലാം സഹകരണ മേഖലയെ സംരക്ഷിക്കുവാനായി കുറേയേറെ നടപടികൾ സർക്കാർ സ്വീകരിച്ചു, അതിനെ ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. അങ്ങയുടെ ഇടപെടൽ സഹകരണ മേഖലയെ നിലനിർത്തുവാൻ ഉപയോഗപ്പെട്ടിട്ടുണ്ട്. ഇവിടെയുള്ള 300 പട്ടികജാതി സഹകരണ സംഘങ്ങൾ ഉൾപ്പെടെ പുനരുദ്ധരിക്കാൻ ആവശ്യമായ നിലപാടെടുത്തതും അവയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന രീതിയിലുള്ള സമീപനം സ്വീകരിച്ചതും വളരെ സ്വാഗതാർഹമാണ്. സാധാരണ ഗതിയിൽ ഈ രണ്ട് വകുപ്പുകളും ഏത് പ്രദേശത്താണെങ്കിലും അവരുടെ ജീവിതം നിലനിർത്തുവാൻ തക്കതായ ഇടപെടലുകൾ നടത്തി അവസരത്തിനൊത്തുള്ള തൊഴിലവസരങ്ങൾ കിട്ടുന്നതിനുള്ള സാഹചര്യം ഉണ്ടാക്കാറുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും ആദ്യകാലത്ത്, ഒരുപക്ഷേ 1980-കളിൽ വായ്പയെടുത്തവരാണെങ്കിലും ഇന്നും അതിന്റെ ഭാഗമായി വായ്പയെടുത്തിട്ടുള്ള ഒരാളായിത്തന്നെ തുടരുകയാണ്. എത്ര പണമടച്ചാലും അവസാനം വരുമ്പോൾ വീണ്ടും വീണ്ടും അടയ്ക്കേണ്ടിവരികയാണ്. വായ്പ പുതുക്കിക്കൊടുക്കുക എന്ന പ്രക്രിയയിൽ, കൃഷിക്കാരൻ കാശില്ലാത്തതുകൊണ്ട് കിട്ടുമ്പോഴെല്ലാം വായ്പയെടുക്കുക, സാധിക്കുമ്പോൾ തിരിച്ചടയ്ക്കുക എന്ന നിലയിലേയ്ക്ക് പോകുമ്പോൾ അതിന്റെ പീനൽ ഇന്ററസ്റ്റാണ് അവരെ ഏറ്റവും കൂടുതൽ കടക്കെണിയിലേയ്ക്ക് കൊണ്ടെത്തിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു പഠനം നടത്തേണ്ടതുണ്ട്.

പ്രിൻസിപ്പൽ എമൗണ്ട് എത്രമാത്രം അവർ അടച്ചുവെന്നതും പീനൽ ഇന്ററസ്റ്റും കൊടുത്തിട്ടുള്ള പ്രിൻസിപ്പൽ എമൗണ്ടും ഒരുമിച്ച് കണക്കാക്കിക്കൊണ്ട് കടക്കെണിയിൽനിന്നും രക്ഷിക്കാനുള്ള ഒരു പാക്കേജ് ഉണ്ടാക്കി അവരെ സംരക്ഷിക്കാനുള്ള സമീപനം ഉണ്ടാകണം.

വീടുവയ്ക്കുന്ന കാര്യത്തിലും കൃഷിയുടെ കാര്യത്തിലും മറ്റ് ഉപാധികളൊന്നുമില്ലാതെ പെട്ടെന്നുതന്നെ സഹായിക്കുവാൻ കഴിയുന്ന ഒരു ധനകാര്യ സ്ഥാപനമാണ് പ്രാഥമിക സഹകരണ സംഘങ്ങൾ. അവയുടെ നിലനിൽപ്പ് പ്രധാനം തന്നെയാണ്. വായ്പ പുതുക്കുക എന്നുള്ള പ്രക്രിയ വർഷങ്ങളോളം തുടരുകയാണ്. അതിന്റെ ഭാഗമായാണ് വീണ്ടും വീണ്ടും കടക്കെണിയിലായി രക്ഷപ്പെടാൻ കഴിയാത്ത സാഹചര്യത്തിൽ എത്തിപ്പെടുന്നത്. സഹകരണ മേഖലയിൽ മാത്രമല്ല, എല്ലാ രംഗത്തും ഇതാണ് അവസ്ഥ. പ്രളയമുണ്ടായ സന്ദർഭത്തിൽപ്പോലും വായ്പാ തിരിച്ചടവിനുവേണ്ടി നോട്ടീസയച്ച നാഷണലൈസ്ഡ് ബാങ്കുകളുണ്ട്. അങ്ങനെയുള്ള പ്രവണതകൾ മാറേണ്ടതാണ്. പ്രാഥമിക സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിഷയങ്ങളും സഹകരണ രംഗത്ത് കടന്നുകൂടുന്നുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് ഈ മേഖലയിൽ പുത്തനുണർവ്വുണ്ടായിട്ടുണ്ട്. ക്ഷീരോത്പാദക മേഖലയിലും വ്യവസായ വകുപ്പിലും രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘങ്ങൾ പ്രത്യേകമായി ഇടപെട്ടുകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ എന്തുചെയ്യാൻ കഴിയുമെന്ന് നോക്കണം. പീനൽ ഇന്ററസ്റ്റിൽ കുറവ് വരുത്തിക്കൊണ്ട്, ലോൺ പുതുക്കൽ നടപടിക്രമത്തിൽ ഏതുതരത്തിലുള്ള ഇളവുകൾ കൊടുത്താൽ അവരെ നിലനിർത്താൻ കഴിയും എന്നുള്ള കാര്യംകൂടി പരിശോധിച്ചുകൊണ്ടുവേണം ഭാവിയിൽ മുന്നോട്ടു പോകേണ്ടത്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ പുത്തൻ തൊഴിലവസരമുള്ള രണ്ട് വകുപ്പുകളാണ് സഹകരണവും വിനോദസഞ്ചാരവും. ഇന്ന് പല തൊഴിൽ മേഖലകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഐ.ടി. മേഖലകൾ തകർന്നു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മേൽസൂചിപ്പിച്ച സഹകരണ - വിനോദസഞ്ചാര മേഖലകളാണ് പുതിയ അവസരങ്ങൾക്കായി ജനങ്ങൾ തെരഞ്ഞെടുക്കുന്നത്. അതുകൊണ്ട് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പദ്ധതികളുമായി മുന്നോട്ടുവരണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളം വളരെയേറെ പ്രാധാന്യം നൽകുന്ന ഒരു മേഖലയാണ് സഹകരണ മേഖല. ജനജീവിതത്തിന്റെ എല്ലാ രംഗങ്ങളെയും ബാധിക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന പ്രസ്ഥാനമാണിത്. സഹകരണരംഗം ഇന്ന് തകർച്ചയിലാണ്. ഗവൺമെന്റിന്റെയും

ഭരണകക്ഷിയുടെയും തെറ്റായ സമീപനങ്ങൾവഴി അതിനെ ദുരുപയോഗം ചെയ്യുന്ന, ദുർബലപ്പെടുത്തുന്ന. സഹകരണ തത്വങ്ങളിൽ ഏറെ പ്രാധാന്യം ലോകം കൽപ്പിച്ചിട്ടുള്ളത് സഹകരണ ജനാധിപത്യത്തിനാണ്. ഈ ജനാധിപത്യ പ്രക്രിയ സഹകരണ പ്രസ്ഥാനങ്ങളുടെ നിലനിൽപ്പിന് ഏറ്റവും അത്യാവശ്യമാണ്, വിശ്വാസ്യതയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. എന്നാൽ കുപ്രസിദ്ധമായ എ.കെ.ജി. മോഡൽ തെരഞ്ഞെടുപ്പ്, പരിയാരം മെഡിക്കൽ കോളേജ് തെരഞ്ഞെടുപ്പ് തുടങ്ങിയവ വഴി അട്ടിമറിയിലൂടെ സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുന്നതാണ് ഈ സർക്കാരിന്റെ പാരമ്പര്യം എന്ന് നമുക്കെല്ലാവർക്കും അറിയാം. പുതിയ രൂപത്തിൽ അത്തരം ജനാധിപത്യ വിരുദ്ധമായിട്ടുള്ള പ്രവർത്തന ശൈലികൾ തുടരുന്നു. ഭരണ സമിതികളെ രാഷ്ട്രീയ താത്പര്യം മാത്രം കണക്കിലെടുത്തുകൊണ്ട് പിരിച്ചുവിടുന്നു. കോടതികളിൽ നിന്നും ഉത്തരവ് സമ്പാദിച്ചുകൊണ്ടാണ് പലതും തിരികെ വരുന്നത്. നിയമ ഭേദഗതികളിലൂടെ ഭരണ സമിതികളെ ഇല്ലാതാക്കുന്നു. സഹകരണ രംഗത്ത് വരുത്തിയിട്ടുള്ള എല്ലാ നിയമഭേദഗതികളും പരിശോധിച്ചാൽ തെരഞ്ഞെടുപ്പുമായും സംഘങ്ങളുടെ ഭരണസമിതി പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ട നിയമ ഭേദഗതികളല്ലാതെ സംഘത്തിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഭേദഗതി കൊണ്ടുവരാനോ പരിപാടി ആസൂത്രണം ചെയ്യാനോ ഗവൺമെന്റിന് സാധിച്ചിട്ടില്ല. കേരള ബാങ്ക് രൂപീകരണം തന്നെ നമുക്കറിയാം, അതിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ ബാങ്കുകൾ തുടങ്ങിയവയുടെ ഭരണ സമിതികൾ പിരിച്ചുവിട്ടിട്ട് ഏറെ നാളുകളായി. ജനാധിപത്യ ഭരണസംവിധാനം അവിടങ്ങളിൽ ഇല്ലാതായിരിക്കുന്നു. എസ്.ബി.ടി. എന്ന കേരളത്തിന്റെ ബാങ്കിനെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കുന്നതിനെ നമ്മൾ ഒന്നിച്ച് എതിർത്തവരാണ്. ഭരണകക്ഷിയിൽനിന്നും വന്ന പ്രമേയത്തെ പിന്താങ്ങി ആ നടപടിയെ ഒന്നിച്ച് എതിർത്തവരാണ് കേരളത്തിലെ നിയമസഭാംഗങ്ങളും രാഷ്ട്രീയ നേതൃത്വവും സഹകാരികളും. എന്നാൽ ഇന്ന് സഹകരണ മേഖലയിൽ ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ രാഷ്ട്രീയ താത്പര്യത്തോടെ നടപ്പിലാക്കുകയാണ്. സംസ്ഥാന സഹകരണ യൂണിയൻ ഇതിനെല്ലാം നേതൃത്വം കൊടുക്കേണ്ടതാണ്. അതുപോലെതന്നെ സർക്കിൾ യൂണിയനുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഇല്ലാതായിട്ട് വർഷങ്ങളായെങ്കിലും തെരഞ്ഞെടുപ്പ് നടത്താൻ പരിപാടിയില്ല.

ക്ഷീരമേഖലയിൽ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മലബാർ മേഖലയെ തളർത്തുന്ന നടപടികളാണ് കൈക്കൊള്ളുന്നത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഓർഡിനൻസ് വഴി നിയമ ഭേദഗതിയുണ്ടാക്കി ഭരണകക്ഷിക്ക് വിജയിക്കാനാ

വശ്യമായ തരത്തിൽ നിയമം തിരുത്തിക്കൊണ്ടാണ് മലബാർ മേഖലാ യൂണിയനു കളെല്ലാം പിടിച്ചെടുത്തിട്ടുള്ളത്. ഓർഡിനൻസ് ഭരണത്തെക്കുറിച്ച് നേരത്തെ സഭയിൽ ചർച്ച നടത്തിയതാണ്. അതുപോലെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ വലിയ അട്ടിമറികളും അക്രമവും നടക്കുകയാണ്.

എന്റെ നിയോജകമണ്ഡലത്തിലെ അമ്പായത്തോടിൽ നൂറ് സ്ത്രീകൾ മാത്രമുള്ള ഒരു വനിതാ പാൽ സൊസൈറ്റിയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം തെരഞ്ഞെടുപ്പ് നടന്നു. അതിൽപ്പോലും അക്രമമുണ്ടായി. യഥാർത്ഥ വോട്ടർമാരല്ലാത്തവർ വോട്ട് ചെയ്തു. വോട്ടർമാരെയും നിലവിലുള്ള ഭരണസമിതി അംഗങ്ങളെയും അടിച്ചോടിച്ചു. സംഘം സി.പി.ഐ.(എം.) പിടിച്ചെടുത്തിരിക്കുകയാണ്. അങ്ങനെയുള്ള നിരവധി അനുഭവങ്ങൾ മലബാർ മേഖലയിലെ കണ്ണൂർ ജില്ലയിലുണ്ട്. സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റിൽനിന്നും മറ്റുതരത്തിലും പീഡനം ഏൽക്കേണ്ടിവരുന്നുണ്ട്. ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുമില്ല. ഒന്നാമതായി കാർഷിക വായ്പാ സംഘങ്ങളാണ് കേരളത്തിലധികമായി പ്രവർത്തിക്കുന്നത്. വായ്പത്തുക കൃത്യമായി തിരിച്ചടയ്ക്കുന്ന ആളുകൾക്ക് നേരത്തെ ശ്രീ. എസ്. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ പലിശയിനത്തിൽ കേന്ദ്ര ഗവൺമെന്റ് നൽകുന്ന 3% ഇന്ററസ്റ്റ് സബ്‌വെൻഷനും അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റ് നൽകേണ്ട 4% പലിശ സബ്സിഡിയും ഈ ഗവൺമെന്റ് വന്നതിനുശേഷം സംഘങ്ങൾക്ക് കൊടുക്കുന്നില്ല. സംഘങ്ങൾ വലിയ പ്രയാസത്തിലാണ്. അതുപോലെതന്നെ റിസ്ക് ഫണ്ട്, ഒരംഗം സംഘത്തിലെ റിസ്ക് ഫണ്ടിൽ ചേരുമ്പോൾ 125 രൂപ മുതൽ അങ്ങോട്ടുള്ള സംഖ്യയാണ് റിസ്ക് ഫണ്ടിൽ അടയ്ക്കുന്നത്. ആ അംഗം മരിക്കുമ്പോൾ ഒന്നര ലക്ഷം രൂപ വരെയുള്ള അദ്ദേഹത്തിന്റെ കടങ്ങൾ എഴുതിത്തള്ളുന്നതാണ് റിസ്ക് ഫണ്ട് സംവിധാനം. പക്ഷേ ഇപ്പോൾ ഈ ആനുകൂല്യം മരിച്ച ആളുകൾക്ക് നൽകുന്നില്ല. റിസ്ക് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ കേവലം നാമമാത്രമായി മാറിയിരിക്കുകയാണ്.

അതുപോലെതന്നെ കാർഷിക വായ്പയെക്കുറിച്ച് പറഞ്ഞു. കാർഷിക വായ്പയ്ക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു. അതുകൊണ്ട് കൃഷിക്കാരന് എന്താണ് ഗുണം? കൃഷിക്കാരന് ഗുണമില്ല. അക്കാലത്തെ പലിശ ഗവൺമെന്റ് ഏറ്റെടുക്കുമോ? അങ്ങനെ ആരെങ്കിലും കാശ് അടയ്ക്കാതിരുന്നാൽ ഈ കിട്ടുന്ന ആനുകൂല്യമായ 7%-ന്റെ ഇന്ററസ്റ്റ് സബ്സിഡി കിട്ടാതെ വരും. അതുപോലെ തന്നെ നേരത്തെ ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞ 2% പീനൽ ഇന്ററസ്റ്റ് കൃഷിക്കാരന് കൊടുക്കേണ്ട സാഹചര്യം വരും. അവിടെയും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല. പിഴപ്പലിശ അടച്ച് കൃഷിക്കാരന്റെ സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്ന നടപടിയാണിത്.

അതുപോലെതന്നെ നന്നായി പ്രവർത്തിക്കുന്ന സംസ്ഥാന സംഘമാണ് ഹൗസിംഗ് ഫെഡറേഷൻ. ഈ ഹൗസിംഗ് ഫെഡറേഷനിൽ അതിലെ സംഘങ്ങളാണ് അംഗങ്ങൾ. സംഘങ്ങൾക്കും മറ്റും ഭവന നിർമ്മാണത്തിന് വായ്പ കൊടുക്കുന്നതിനു വേണ്ടി കാനറാ ബാങ്കിൽനിന്നും 50 കോടി രൂപ വായ്പ എടുക്കണമെങ്കിൽ അതിന് ഗവൺമെന്റ് അനുമതി വേണം. എല്ലാ ഗവൺമെന്റിനും അതൊരു പതിവ് നടപടിയാണ്. പക്ഷേ ആ അനുമതി കൊടുക്കുന്നില്ല. ഹൗസിംഗ് ഫെഡറേഷനിൽ ഗവൺമെന്റ് വിരുദ്ധ ഭരണം നടക്കുന്നുവെന്നതുകൊണ്ട് ഈ 50 കോടി രൂപയുടെ വായ്പ അനുമതി നൽകുന്നത് നിർത്തിവച്ചിരിക്കുകയാണ്. സംഘങ്ങളെ മൊത്തത്തിൽ ബാധിക്കുന്ന ആദായ നികുതിയിൽ കേന്ദ്രഗവൺമെന്റ് സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ ആദായ നികുതിയിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കിയിരുന്നു. അത് സംഘങ്ങൾക്ക് വലിയ ആശ്വാസമായിരുന്നുവെങ്കിൽ ഇന്നത് പല സംഘങ്ങളെയും പ്രയാസത്തിലാക്കുകയും അവർക്ക് കോടിക്കണക്കിന് രൂപ അടയ്ക്കേണ്ട ബാധ്യത വരുത്തുകയും ചെയ്യുന്നു. കോടതികളിൽനിന്നും സ്റ്റേ സമ്പാദിച്ചുകൊണ്ടാണ് ഇപ്പോൾ തൽക്കാലത്തേയ്ക്കെങ്കിലും അവർ പിടിച്ചു നിൽക്കുന്നത്.

അതുപോലെതന്നെ ഇ.എം.എസ്. ഭവന വായ്പ. സംഘങ്ങൾ വായ്പ കൊടുക്കുന്നു; ഗവൺമെന്റാണ് അതിന്റെ പലിശ അടയ്ക്കേണ്ടത്. പക്ഷേ ഈ ഗവൺമെന്റ് പത്തു പൈസപോലും സംഘങ്ങൾക്ക് പലിശയിനത്തിൽ നൽകുന്നില്ല. അതുപോലെ അഴിമതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. അഴിമതി തുടച്ചുനീക്കുന്നുവെന്ന് മന്ത്രി അവകാശപ്പെടുമ്പോൾ പല സംഘങ്ങളും പക്ഷപാതപരമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇടുക്കി ജില്ലയിൽതന്നെ വണ്ടൻമേട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. അഡ്മിനിസ്ട്രേറ്റർ ആരാണെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ. അവിടെ അഴിമതി നടക്കുകയാണ്. വ്യാപകമായ ക്രമക്കേട് നടക്കുകയാണ്. അവിടെ ഇല്ലാത്ത നിക്ഷേപം കാണിച്ച് വ്യാജ സർട്ടിഫിക്കറ്റ് കൊടുക്കുന്നു. അവിടെ നിക്ഷേപമൊന്നുമില്ലാത്ത എറണാകുളത്തുള്ള ഒരു വർഗ്ഗീസിന്റെ അക്കൗണ്ട് നമ്പറിൽ 31-1-2018-ൽ 2 കോടി 25 ലക്ഷം രൂപ നിക്ഷേപിച്ചതായി രേഖകളുണ്ടായിരുന്നു. എന്നാൽ പിറ്റേ ദിവസം, 1-2-2018-ൽ ആ സംഖ്യ പിൻവലിച്ചിരിക്കുന്നുവെന്ന് കാണിക്കുന്നു, എന്നു പറഞ്ഞാൽ that's only paper adjustment. ഇത്രയും നിക്ഷേപമുണ്ടെന്ന് കൃത്രിമമായി ഒരു രേഖ സർട്ടിഫൈ ചെയ്ത് കൊടുക്കുന്നു. അങ്ങനെയുള്ള കൃത്രിമം നടക്കുകയാണ്. അതുപോലെ തിരുവനന്തപുരത്തും ചില സംഘങ്ങളിൽ ഭരണകക്ഷി സി.പി.ഐ.(എം) അനുകൂല സംഘങ്ങൾ ഭരണ സമിതിയിലുള്ള സ്ഥലങ്ങളിൽ സ്വർണ്ണപ്പണയ തട്ടിപ്പും വ്യാപകമായ ക്രമക്കേടുമുണ്ട്.

തിരുവനന്തപുരത്തെ അയിരൂപ്പാറ സംഘത്തിലും മറ്റും അത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിക്കുകയും നടപടികൾ സ്വീകരിക്കുകയും വേണം. സഹകരണ മേഖല നേരിടുന്ന ജനാധിപത്യ ധ്വംസനം അവസാനിപ്പിക്കാനും ആ സംഘങ്ങളെ കൃത്യമായി സഹായിക്കാനുമുള്ള പദ്ധതി ഗവൺമെന്റ് സ്വീകരിക്കണം.

രാഷ്ട്രീയവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയില്ല. പാർലമെന്റ് ഇലക്ഷനെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്; ഭരണ കക്ഷിയിലിരിക്കുന്ന ആളുകൾ കേന്ദ്രത്തിലും കേരളത്തിലും തോറ്റു. എന്നിട്ടവർ ഞങ്ങളെയാണ് കളിയാക്കുന്നത്. പ്രതിപക്ഷം കേന്ദ്രത്തിൽ തോറ്റെങ്കിൽപ്പോലും അവിടെ നില മെച്ചപ്പെടുത്തി. എന്നാൽ അതിൽ ഞാൻ അവകാശവാദം ഉന്നയിക്കുന്നില്ല. കേരളത്തിൽ റിക്കോർഡ് ഭൂരിപക്ഷത്തിൽ യു.ഡി.എഫ്. സ്ഥാനാർത്ഥികൾ 19 സീറ്റിലും ജയിച്ചു. ഒരു സീറ്റ് എങ്ങനെയാണ് പോയതെന്ന് നമുക്കറിയാം. ചെറിയ വോട്ടിന്റെ വ്യത്യാസത്തിലാണ് ആലപ്പുഴ മണ്ഡലത്തിൽ എൽ.ഡി.എഫ്. വിജയിച്ചത്. എന്നിട്ട് അവർ ഞങ്ങളെ ഉപദേശിക്കുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെയും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന്റേയും മാത്രമല്ല പലരുടെയും ഭൂരിപക്ഷം ലക്ഷങ്ങളുടെ ഭൂരിപക്ഷമാണ്. അതുകൊണ്ട് എണ്ണത്തിലും വണ്ണത്തിലും യു.ഡി.എഫ്. റിക്കോർഡ് വിജയം കരസ്ഥമാക്കി നിൽക്കുകയാണ്. എന്താണ് ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജനങ്ങളോട് പറഞ്ഞത്? ഇത് സംസ്ഥാന ഭരണത്തിന്റെ വിലയിരുത്തൽ കൂടിയായിരിക്കും. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണനും പറഞ്ഞു. പ്രതിപക്ഷവും അതുതന്നെയാണ് പറഞ്ഞത്. പ്രളയത്തിന്റെ കാരണങ്ങൾ, പ്രളയത്തിനുശേഷമുള്ള പുനർ നിർമ്മാണത്തിനുള്ള കാലതാമസങ്ങൾ, തടസ്സങ്ങൾ അതുപോലെതന്നെ അക്രമരാഷ്ട്രീയം, സ്ത്രീ പീഡനങ്ങൾ, കർഷക ആത്മഹത്യ ഇത്തരത്തിൽ സംസ്ഥാനത്തെ ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ വളരെ ശക്തമായി പ്രതിപക്ഷം ഈ തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്ത വിഷയങ്ങൾ തന്നെയാണ്. ആ വിഷയങ്ങളിലാണ് ജനങ്ങൾ ഭരണകക്ഷിക്ക് എതിരായത്. ഗവൺമെന്റ് ആവശ്യപ്പെട്ട, അവകാശപ്പെട്ട സംസ്ഥാന ഭരണത്തിന്റെ വിലയിരുത്തൽ കൂടിയായിരിക്കും ഈ തെരഞ്ഞെടുപ്പ്. എന്താണ് വിലയിരുത്തൽ എന്ന് മനസ്സിലായി. തെറ്റുകൾ തിരുത്താൻ ഇവർ തയ്യാറുണ്ടോ? ശ്രീ. രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തെയാണ് ഇവർ എതിർക്കുന്നത്. ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലേയ്ക്ക് വരുമ്പോൾ യഥാർത്ഥത്തിൽ ഭരണകക്ഷി ചെയ്യേണ്ടത് എന്താണ്? ശ്രീ. രാഹുൽ ഗാന്ധിയെ അവർ സ്വാഗതം ചെയ്യണമായിരുന്നു. ദേശീയ തലത്തിൽ ഇവരുടെ കൂടെ ആരെങ്കിലുമുണ്ടോ? എന്നാൽ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് അവർ പറഞ്ഞതെന്താണ്?

ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിലെ ഇടതുപക്ഷത്തിന്റെ ശക്തി മനസ്സിലാക്കും അവർ അദ്ദേഹത്തെ പഠിപ്പിക്കും എന്നാണ് പറഞ്ഞതെങ്കിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കേരളത്തിലെ ജനമനസ്സുകളിൽ, വയനാട്ടിലെ വോട്ടർമാരുടെ മനസ്സുകളിൽ ശ്രീ. രാഹുൽ ഗാന്ധിക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുമുള്ള ശക്തി ഇടതുപക്ഷം മനസ്സിലാക്കാൻ അവർ തന്നെ നിർബന്ധിതരായിരിക്കുന്നു എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് തെറ്റുകൾ തിരുത്താൻ ഇവർ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുവെങ്കിൽ അക്രമ രാഷ്ട്രീയം വീണ്ടും തുടരുകയല്ല വേണ്ടത്. തെരഞ്ഞെടുപ്പ് ഫലം വന്നിരുന്നുവെങ്കിൽ സി. ഒ. ടി. നസീറിനെ ഇത്തരത്തിൽ വകവരുത്താൻ ശ്രമിക്കുമായിരുന്നില്ല. തെരഞ്ഞെടുപ്പിൽ വോട്ടെണ്ണുന്നതിന് മുമ്പാണ് ഈ അക്രമ രാഷ്ട്രീയം. മാർക്സിസ്റ്റ് പാർട്ടിയുടെ ഉന്നത നേതാക്കന്മാർ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള ആളുകൾ അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ അക്രമരാഷ്ട്രീയം തുടരുന്നത്. തെറ്റിയാൽ തിരുത്താൻ ഇവർ തയ്യാറല്ല. സഹകരണം, വിനോദ സഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും എതിർക്കുന്നു.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞ് അവസാനിപ്പിച്ചത് ഇടതുപക്ഷത്തിന് കാര്യമായ പരിക്ക് പറ്റിയെന്നാണ്. ഇന്ത്യയിലെ ഇടതുപക്ഷം, കേരളത്തിലെ ഇടതുപക്ഷം ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കും എന്നുള്ള കാര്യത്തിൽ ആർക്കും സംശയം വേണ്ട. സഹകരണ മേഖലയിൽ വളരെ ശ്രദ്ധാപൂർവ്വം, സൂക്ഷ്മതയോടുകൂടി പ്രവർത്തിച്ചതിന്റെ പരിണിതഫലമായി വൻ തോതിലുള്ള മാറ്റമാണ് കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിൽ ഉണ്ടായിട്ടുള്ളത്. വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ നേതൃത്വത്തിൽ സഹകരണ മേഖലയിലുണ്ടായ നേട്ടങ്ങളിൽ ഏറ്റവും സുപ്രധാനമായത് വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാതെ പ്രയാസമനുഭവിക്കുകയും മാരക രോഗത്തിന് അടിമപ്പെടുകയോ കുടിശ്ശികയുള്ള അപേക്ഷകൻ മരണപ്പെടുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 18086 പേർക്ക് റിസ്ക് ഫണ്ടിൽനിന്നും 142 കോടി രൂപ സഹായം നൽകാൻ കഴിഞ്ഞുവെന്നുള്ളതാണ്. കെ.എസ്.ആർ.ടി.സി.യിലെ 39,000-ൽപ്പരം ആളുകളുടെ പെൻഷൻ വിതരണം സഹകരണമേഖല ഏറ്റെടുത്തു. പ്രളയത്തെത്തുടർന്ന് പ്രയാസമനുഭവിച്ച കേരളീയ ജനതയ്ക്ക് മുന്നിൽ സഹകരണ മേഖല ഒപ്പമുണ്ടെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് 2000 വീടുകൾ നിർമ്മിച്ചുനൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൺസ്യൂമർഫെഡ് വൻ നഷ്ടത്തിലായിരുന്നുവെങ്കിൽ ഇന്ന് അതിനെ ലാഭത്തിലേയ്ക്ക് കൊണ്ടുവരുവാൻ കഴിഞ്ഞുവെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ്.

കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രതിപക്ഷം വിമർശനം ഉയർത്തുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഒരു ആധുനിക ബാങ്ക് എന്ന സ്വപ്നം കേരള ബാങ്കിലൂടെ 2019-20 സാമ്പത്തിക വർഷത്തോടുകൂടി നടപ്പാകാൻ പോകുന്ന വെന്നുള്ളത് ഏറ്റവും വലിയ കാര്യമാണ്. സഹകരണ മേഖല വിലക്കയറ്റം പിടിച്ചു നിർത്തുവാൻവേണ്ടി നടത്തിയ വിവിധ പരിപാടികൾ സഭയുടെ മുമ്പാകെ വിശദീ കരിക്കേണ്ടതിന്റെ ആവശ്യമില്ല. സഹകരണ മേഖല എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. 1914-ലാണ് തിരുവനന്തപുരത്ത് സഹകരണ സംഘം നിയമപ്രകാരം സെൻട്രൽ ബാങ്ക് രൂപീകൃതമായത്. ആ ബാങ്കാണ് പിൽക്കാലത്ത് സംസ്ഥാന സഹകരണ ബാങ്കായി മാറ്റപ്പെട്ടത്.

[3.00 pm]

കേരളത്തിന്റെ മണ്ണിൽ ജന്മി-കുടിയാൻ വ്യവസ്ഥ അവസാനിപ്പിക്കുന്നതിനും ആ ബന്ധം വിച്ഛേദിക്കുന്നതിനും പാവപ്പെട്ട കർഷകർക്കുവേണ്ടി, തൊഴിലാളി കൾക്കുവേണ്ടി ഭൂപരിഷ്കരണ നിയമം സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ഭൂമി ലഭിച്ച കുടിയാന്/ പാവപ്പെട്ടവന് ഭൂമിയിൽ വിത്തിറക്കാനും കൃഷി ചെയ്യാനും ധനസഹായം നൽകി കർഷകനെ പിടിച്ചുയർത്തിയത് അന്നത്തെ സഹകരണ ബാങ്കുകളാണെന്നുള്ളത് ചരിത്രത്തിന്റെ ഭാഗമായി നിൽക്കുകയാണ്. സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നവർ നമ്മുടെ സംസ്ഥാനത്തെ സാധാരണക്കാരും പാവപ്പെട്ടവരുമാണ്. ഗ്രാമീണ മേഖലയിൽനിന്നും ലഭ്യമാകുന്ന പണം ഗ്രാമീണ മേഖലയുടെ വികസനത്തിനുതന്നെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. 1969-ൽ സംസ്ഥാന സഹകരണ നിയമം പാസ്സാക്കിയതിനുശേഷം വലിയ പുരോഗതിയാണ് സഹകരണ മേഖലയിലുണ്ടായതെന്ന് കാണാൻ സാധിക്കും. കേരളത്തിന്റെ എല്ലാ മേഖലകളിലുമുള്ള, മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്പർശിക്കുന്ന ഒരു സങ്കേതമായി, പ്രത്യയശാസ്ത്രമായി, സാമ്പത്തിക സിദ്ധാന്തമായി, സാമൂഹ്യ നീതിക്കുവേണ്ടിയുള്ള ഒരു നീതി ശാസ്ത്രമായി മാറിക്കഴിഞ്ഞു കേരളത്തിന്റെ സഹകരണ മേഖല. ജനാധിപത്യത്തിന്റെ ശിലകൾകൊണ്ട് നിർമ്മിച്ചതാണ് കേരളത്തിന്റെ സഹകരണ പ്രസ്ഥാനം. ആ സഹകരണ പ്രസ്ഥാനത്തെ തകർക്കാനും അതിനെ ഇല്ലായ്മ ചെയ്യാനും വേണ്ടിയാണ് 2016 നവംബർ മാസം 8-ാം തീയതി ശ്രീ. നരേന്ദ്ര മോദിയെന്ന ഭരണകർത്താവ് നമ്മുടെ രാജ്യത്ത് നോട്ട് നിരോധനം ഏർപ്പെടുത്തിയത്. അതിലൂടെ കേരളത്തിന്റെ സഹകരണ മേഖലയെ തകർക്കാമെന്ന അജണ്ടയുണ്ടായിരുന്നുവെങ്കിലും സഹകരണ മേഖലയുടെ ഉന്നമനത്തിനുവേണ്ടി ബഹുജനങ്ങളെ ഒരുമിച്ചുനിർത്തിക്കൊണ്ട് ശക്തമായ ചെറുത്തുനിൽപ്പ് നടത്താൻ ആ സന്ദർഭത്തിൽ കഴിഞ്ഞുവെന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. ശ്രീ. നരേന്ദ്ര

മോദിയുടെ പരിഷ്കാരത്തെ 1325 മുതൽ നമ്മുടെ രാജ്യത്തെ ഭരണാധികാരിയായിരുന്ന മുഹമ്മദ് ബിൻ തുഗ്ലക്കിന്റെ പരിഷ്കാരത്തോട് വേണമെങ്കിൽ ചേർത്തുവയ്ക്കാം. ആ പരിഷ്കാരത്തെക്കുറിച്ച് ചരിത്രകാരന്മാർ ഒരു സന്ദർഭത്തിൽ പറഞ്ഞത് തുഗ്ലക് ബുദ്ധിമാനായ മണ്ടനെന്നാണ്. ദീർഘവീക്ഷണമില്ലാതെ ബുദ്ധിശൂന്യ പരിഷ്കാരം ഒരു രാത്രികൊണ്ട് നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അതിനെ ജനങ്ങൾ ചെറുത്തു തോൽപ്പിച്ചു. ഇന്ത്യയിലെ ചിന്തിക്കുന്ന മുഴുവൻ മനുഷ്യരും ആ പരിഷ്കാരത്തിന് എതിരായിട്ടുള്ള നിലപാട് സ്വീകരിച്ചു. ലോകത്താകമാനമെടുത്ത് പരിശോധിച്ചാൽ അടിച്ചമർത്തപ്പെട്ട ഒരു വലിയ വിഭാഗം ജനങ്ങൾ, തൊഴിലാളികൾ, സാധാരണക്കാർ, ചൂഷിത ജനസഞ്ചയം എന്നിവരാണ് എപ്പോഴും സംഘടിക്കുന്നത്. മുതലാളിത്ത വർഗ്ഗത്തിനെതിരായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, അത് ഇംഗ്ലണ്ടി ലായാലും ഡെന്മാർക്കിലായാലും ജർമ്മനിയിലായാലും ലോകത്തിന്റെ വിവിധ മേഖലകളിലെല്ലാംതന്നെ സഹകരണ സംഘങ്ങളുണ്ടാകുന്നതിന് പ്രധാനപ്പെട്ട കാരണം അതൊരു ചെറുത്തുനിൽപ്പിന്റെകൂടി ഭാഗമായതുകൊണ്ടാണ്. ലോകത്തിന്റെ വിവിധ മേഖലകളിൽ, ഡെൻമാർക്കിൽ വിപണന സംഘങ്ങളുണ്ട്, ചൈനയിൽ വ്യാവസായിക സംഘങ്ങളുണ്ട്, ഇംഗ്ലണ്ടിൽ നിത്യോപയോഗ സാധനങ്ങളുടെ സംഭരണത്തിനും വിതരണത്തിനുമുള്ള സംഘമുണ്ട്. അങ്ങനെ ലോകത്തിന്റെ വിവിധ മേഖലകളിലെല്ലാം ചൂഷിത ജനവിഭാഗം സ്വയം സംഘടിക്കുമ്പോൾ അവിടെയെല്ലാം സഹകരണ സംഘങ്ങൾ ഉണ്ടായതിന്റെ ചരിത്രവും അതിന്റെ തുടർച്ചയും നമ്മളെ ഓർമ്മപ്പെടുത്തുകയാണ്. ഇവിടെ എനിക്ക് ഒരു നിർദ്ദേശം സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പറയാനുള്ളത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കോൺഗ്രസ്സിന്റെ ഓരോ ബൂത്ത് പ്രസിഡന്റുമാർ, അല്ലെങ്കിൽ മണ്ഡലം പ്രസിഡന്റുമാർ ഒരു ബാങ്ക് എന്ന നിലയിലേയ്ക്ക് സഹകരണ മേഖലയെ കൊണ്ടു പോകാനുള്ള ശ്രമം നടത്തിയിരുന്നുവെന്നുള്ളതാണ്. പെട്ടിക്കടകൾപോലെ, കൂണുകൾപോലെ മുളയ്ക്കുന്ന സ്ഥിതിവിശേഷം സഹകരണ മേഖലയിലുണ്ടാകാൻ പാടില്ല. അൻപത് വർഷവും നൂറ് വർഷവും അതിലേറെയും ചരിത്രവും പാരമ്പര്യ വുമുള്ള മികച്ച സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കും. പുതിയ സംഘങ്ങൾ ഒരുപക്ഷെ നിബന്ധനകൾ പാലിച്ചി ട്ടുണ്ടാകാം. പക്ഷെ യാതൊരു നിയന്ത്രണവുമില്ലാതെ നന്നായി പ്രവർത്തിക്കുന്ന സംഘങ്ങളെ ദുർബലപ്പെടുത്തുന്ന നിലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിരവധി സംഘങ്ങൾ ആരംഭിച്ചിട്ടുണ്ട്. സഹകരണ പ്രസ്ഥാനം നമ്മുടെ സമൂഹത്തിന് വലിയ സംഭാവനകൾ നൽകുമ്പോഴും ഇത്തരം കാര്യങ്ങളിൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വിനോദസഞ്ചാരനയം പ്രഖ്യാപിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷൻവഴി സംസ്ഥാനത്ത് എഴുപതിനായിരത്തിൽപ്പരം ആളുകൾക്ക് ജോലി കൊടുക്കാനുള്ള ശ്രമങ്ങൾ ഇതിനകം ആരംഭിച്ചു. ശ്രീ. മുല്ലക്കര രത്നാകരന്റെ നിയോജകമണ്ഡലത്തിലാണ് ജടായുപാറ ടൂറിസം പദ്ധതി. വലിയൊരു പ്രോജക്ടാണ് സാക്ഷാത്കരിച്ചത്. അതൊരു സൃഷ്ടിയാണ്. യഥാർത്ഥത്തിൽ ജടായുപാറയിൽ നൂറ് കോടിയിലധികം രൂപ ചെലവഴിച്ച് ഒരു വലിയ പ്രോജക്ട് സ്വകാര്യ പങ്കാളി ത്തത്തോടുകൂടി കൊണ്ടുവന്നുവെന്നത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ചരിത്രത്തിലെ ഏറ്റവും വലിയ നേട്ടമാണ്. ശ്രീ. രാജീവ് അഞ്ചലിന്റെ ബ്രെയിൻ വർക്കാണ് ആ പദ്ധതിയുടെ പിന്നിലുള്ളതെന്ന് കാണാൻ സാധിക്കും. കോട്ടയം ജില്ലയിൽ വൈക്കത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം ജനങ്ങളുടെ അഭിപ്രായം പരിഗണിച്ച് ആസൂത്രണം ചെയ്ത പെപ്പർ പദ്ധതി വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് സാധിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഗ്രാമീണ ജീവിതം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്ന നിരവധിയായിട്ടുള്ള പാക്കേജുകൾ ടൂറിസം മേഖലയിൽ കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം ഔദാര്യമല്ല അവകാശമാണെന്നാണ് വിദ്യാഭ്യാസത്തെക്കുറിച്ച് പറയുന്നത്. അതുപോലെ ടൂറിസം ഔദാര്യമല്ല അവകാശമാണ് എന്നൊരു മികച്ച മുദ്രാവാക്യം നാം യഥാർത്ഥത്തിൽ ഉയർത്തേണ്ടതുണ്ട്. പൊതു/സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികളെ കൂടുതലായി ബൂസ്റ്റ് ചെയ്യാൻ നമുക്ക് സാധിക്കണം. കെ.ടി.ഡി.സി.-യുടെ ആരാമം ഹോട്ടലുകൾ ഒരു കാലത്ത് മികച്ച അഭിപ്രായം സ്വരൂപിച്ച ഹോട്ടലുകളാണ്. പക്ഷെ ആ ഹോട്ടലുകൾ നിന്നുപോയി. ഇപ്പോഴും കെ.ടി.ഡി.സി.-യുടെ പ്രവർത്തന വിറ്റുവരവ് 2018-19 കണക്കിൽ കാണിച്ചിട്ടുള്ളത് 95.8 കോടി രൂപയാണ്. പ്രവർത്തന നഷ്ടം കഴിഞ്ഞ വർഷം 409 ലക്ഷം രൂപ രേഖ പ്പെടുത്തിയിട്ടുണ്ട്. ഭക്ഷണ കാര്യത്തിലൂൾപ്പെടെ കെ.ടി.ഡി.സി.-യുടെ നിലവാര മുയർത്തുന്നതിൽ ഗവൺമെന്റ് ശ്രദ്ധിക്കണം. അതോടൊപ്പം മാലിന്യ സംസ്കരണം ടൂറിസത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു പ്രോജക്ട് എവിടെയെങ്കിലും നടപ്പാക്കാൻ തീരുമാനിച്ചാൽ കലാകാരൻമാരെയും എഞ്ചിനീയർ മാരെയും മികച്ച ഡിസൈനർമാരെയും ടൂറിസവുമായി ബന്ധമുള്ള വിദഗ്ദ്ധരായ ആളുകളെയുമെല്ലാം ചേർത്തുകൊണ്ടുള്ള സമിതികൾ രൂപീകരിക്കുന്നതിനും ടൂറിസം രംഗത്തൊരു പരിഷ്കാരം കൊണ്ടുവരുന്നതിനും വിദേശത്തുനിന്ന് കടന്നു വരുന്നവർക്ക് ഭയപ്പാടില്ലാതെ കേരളത്തിന്റെ മണ്ണിൽ വന്ന് ടൂറിസം മേഖലകളിൽ സഞ്ചരിക്കുന്നതിനും ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിന്റെ ഭംഗി ആസ്വദിക്കുന്നതിനുംവേണ്ടിയുള്ള മികച്ച ഒരുക്കങ്ങൾ നടത്തണം. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ഒരു അവബോധം സൃഷ്ടിക്കാൻ ടൂറിസം മേഖലയുമായി

ബന്ധപ്പെട്ടുകൊണ്ടുള്ള ബോധവൽക്കരണ ക്യാമ്പയിനുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ ടൂറിസം മേഖലയിൽ കൂടുതൽ ആകർഷണീയമായ പദ്ധതികൾ നടപ്പാക്കി മുന്നേറുന്ന, സഹകരണ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുന്ന ഈ ഗവൺമെന്റിന് അഭിനന്ദനങ്ങൾ അർപ്പിച്ചു കൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സഹകരണം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സഹകരണ മേഖലയ്ക്ക് ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുണ്ട്. ഈ കാലഘട്ടത്തിനിടയ്ക്ക് അസൂയാവഹമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന സഹകരണവും കൂട്ടായ്മയുമാണ് ഈ പുരോഗതിക്ക് നിദാനമായി നിൽക്കുന്നത്. സഹകരണ മേഖലയുടെ അന്ത:സത്ത എന്നുപറയുന്നത് അതിന്റെ ജനാധിപത്യ സ്വഭാവവും സ്വയംഭരണാവകാശവുമാണ്. അതോടൊപ്പംതന്നെ ഈ മേഖലയിൽ ഏത് പ്രതിസന്ധിഘട്ടത്തിലും ഒരുമിച്ച് നിൽക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടെന്നുള്ളതും അതിന്റെ പുരോഗതിക്ക് പ്രധാനപ്പെട്ട കാരണമാണ്. നോട്ട് നിരോധനം സഹകരണ മേഖലയെ അപ്പാടെ തകർക്കുമെന്ന ഘട്ടം വന്നപ്പോൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ ഒരുമിച്ച് നമുക്ക് രണാങ്കണത്തിലിറങ്ങാൻ സാധിച്ചു. അതുവഴി വലിയ പരിക്ക് കൂടാതെ രക്ഷപ്പെടാനും ഈ മേഖലയ്ക്ക് സാധിച്ചു. പൂർണ്ണമായും അതിൽനിന്നും മോചനം നേടിയെന്ന് അവകാശപ്പെടാൻ സാധിക്കുന്നില്ലെങ്കിൽപ്പോലും അതിനെ ചെറുത്തു തോൽപ്പിക്കാൻ സാധിച്ചു. നമ്മുടെ ജനാധിപത്യ സ്വഭാവവും സ്വയംഭരണാവകാശവും തകർക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ സഹകരണ മേഖലയിലെ അപെക്സ് ബോഡികൾ, അതായത് സംസ്ഥാന സഹകരണ ബാങ്ക്, അഗ്രിക്കൾച്ചർ ഡെവലപ്മെന്റ് ബാങ്ക്, സംസ്ഥാന സഹകരണ യൂണിയൻ, പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ, കൺസ്യൂമർ ഫെഡറേഷൻ ഇവിടെയൊന്നും നിലവിൽ ഭരണ സമിതികളില്ല. ഒന്നുകിൽ അഡ്മിനിസ്ട്രേറ്റർ ഭരണം അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ മേഖലയിൽ നമ്മൾ ആർജ്ജിക്കേണ്ട പുരോഗതി ഉണ്ടാകുന്നില്ല. നമ്മുടെ സഹകരണമേഖലയിൽ ഏകദേശം 1,90,500 കോടി രൂപയുടെ നിക്ഷേപമുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽ ഏകദേശം 5,500 കോടി രൂപയും പ്രാഥമിക സഹകരണ ബാങ്കുകളിൽ 98,000 കോടി രൂപയും ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ 65,000 കോടി രൂപയും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ 22,000 കോടി രൂപയുമാണ് നിക്ഷേപം. മൊത്തം 1,90,500 കോടി രൂപയാണ് സഹകരണ മേഖലയിലെ നിക്ഷേപം.

നവകേരള നിർമ്മിതിക്കായി വളരെ നല്ല രീതിയിൽ ചെലവഴിക്കാൻ സാധിക്കുന്ന ഒരു നിക്ഷേപമാണ് സഹകരണ മേഖലയിലെ നിക്ഷേപം. പക്ഷേ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ പരിശോധിച്ച് നോക്കുകയാണെങ്കിൽ ഒരു ബിസിനസ്സും പ്രവർത്തനവും ഈ മേഖലയിൽ നടക്കുന്നില്ലെന്ന് കാണാൻ കഴിയും. അതിന്റെ പ്രധാന കാരണം, കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട വിഷയ ങ്ങളാണ്. ഇത് തുടങ്ങിയതുമുതൽ അതായത്, ഇതിന്റെ രൂപീകരണത്തിനായുള്ള ശ്രീറാം കമ്മിറ്റി നിലവിൽ വന്നതിനുശേഷം ഈ മേഖലയിലെ പ്രവർത്തനം മൊത്തത്തിൽ നിശ്ചലമാണ്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ ഇതിന്റെ പ്രവർത്തനം നടക്കുന്നില്ല. എന്താണിപ്പോൾ കേരള ബാങ്കിന്റെ സ്ഥിതി; ബഹുമാനപ്പെട്ട മന്ത്രി പല പ്രഖ്യാപനങ്ങൾ നടത്തി. ഓണത്തിനുമുമ്പ് കേരള ബാങ്ക് നിലവിൽ വരുമെന്ന് ഒരിക്കൽ പറഞ്ഞു; പിന്നീടൊരു പ്രാവശ്യം നവംബർ 1-ന് മുമ്പ് നിലവിൽ വരുമെന്ന് പറഞ്ഞു. ഇപ്പോൾ 2019 മാർച്ച് മാസത്തോടുകൂടി റിസർവ് ബാങ്കും നബാർഡും വച്ച നിർദ്ദേശങ്ങൾ പൂർത്തീകരിച്ച് അയച്ചിട്ടുണ്ടെന്നുള്ള പ്രഖ്യാപ നമാണ് വായിക്കാൻ സാധിച്ചത്. ഈ നിബന്ധനകൾ പൂർണ്ണമായും പാലിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ; ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിലെ ജനറൽ ബോഡി യോഗം കൂടി. മലപ്പുറമൊഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും കേവല ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാക്കി. റിസർവ് ബാങ്കും നബാർഡും പറഞ്ഞിരുന്ന ഒരു നിബന്ധന, സംസ്ഥാന സഹകരണ ബാങ്കിന്റെ ജനറൽ ബോഡി വിളിച്ചുകൂട്ടണമെന്നതാണ്. പക്ഷേ നാളിതുവരെ സംസ്ഥാന സഹകരണ ബാങ്കിന്റെ ജനറൽ ബോഡി വിളിച്ചുകൂട്ടുകയോ ഈ പ്രമേയം ചർച്ചയ്ക്കെടു ക്കുകയോ ചെയ്തിട്ടില്ല. റിസർവ് ബാങ്കും നബാർഡും പറഞ്ഞ നിബന്ധനകൾ ഇതുവരെ പാലിക്കാൻ നമുക്ക് സാധിച്ചിട്ടില്ലെന്നുള്ളതാണ് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഇത് എന്ന് നടപ്പിലാകും; എപ്പോൾ പ്രയോഗത്തിൽ വരും എന്നുള്ളതിനെ സംബന്ധിച്ച് ഒരഭിപ്രായം പറയാൻ ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്കുപോലും സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല; ഏതായിരുന്നാലും ഈ തരത്തിൽ നമ്മൾ മുന്നോട്ട് പോകുകയാണെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ നമ്മുടെ മേഖല ആർജ്ജിക്കേണ്ട പുരോഗതി, കൈവരിക്കേണ്ട പുരോഗതി, ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ എന്നിവ ഇല്ലാതായിത്തീരുമെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

കേരളത്തിലെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമുള്ള ആരോഗ്യ സുരക്ഷാ പദ്ധതി ഈ മാസം നടപ്പിൽ വരാൻ പോകുകയാണ്. ധനകാര്യ വകുപ്പിന്റെ ആദ്യത്തെ ഉത്തരവിൽ സഹകരണ മേഖലയേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ രണ്ട് ലക്ഷത്തോളം വരുന്ന സഹകരണ ജീവനക്കാർ അവസാനത്തെ ഉത്തരവിൽ പരിധിയിൽ ഉൾപ്പെട്ടതായി

കാണുന്നില്ല. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയിൽ എന്നും താങ്ങായി നിന്നിട്ടുള്ള സഹകരണ മേഖലയോടുള്ള ഈ നിഷേധാത്മകമായ നിലപാട് നീതീകരിക്കാവുന്നതല്ല. ആയതിനാൽ സഹകരണ മേഖലയിലെ ജീവനക്കാരെ ക്കൂടി സർക്കാരിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയാണ്. 2013-ൽ സി. എൻ. ബാലകൃഷ്ണൻ മന്ത്രിയായിരുന്നപ്പോൾ അംഗങ്ങളുടെ ക്ഷേമവും ആശ്വാസവും മുൻനിർത്തി രൂപീകരിച്ചതാണ് സഹകരണ ആശ്വാസ ഫണ്ട്. സഹകരണ സംഘങ്ങളുടെ ഓരോ വർഷത്തേയും ലാഭത്തിന്റെ 10%, പരമാവധി ഒരു ലക്ഷം രൂപ നൽകിക്കൊണ്ടാണ് സംസ്ഥാനതലത്തിൽ ഈ ഫണ്ടിന് രൂപം നൽകിയത്. പ്രസ്തുത ഫണ്ട് സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക, സാമൂഹിക, ശാരീരിക, മാനസിക പ്രയാസങ്ങൾ അനുഭവിക്കുന്ന അംഗങ്ങളുടെ ആശ്വാസത്തിന് വിനിയോഗിക്കുന്നതിനുവേണ്ടിയായിരുന്നു. സഹകരണ വകുപ്പുമന്ത്രി, സഹകരണ വകുപ്പുസെക്രട്ടറി, രജിസ്ട്രാർ എന്നിവരുൾപ്പെട്ട സമിതി അർഹരായ അംഗങ്ങളെ കണ്ടെത്തി പ്രസ്തുത ഫണ്ട് ഉപയോഗിക്കണമെന്ന തായിരുന്നു വ്യവസ്ഥ. എന്നാൽ പ്രസ്തുത ഫണ്ടിലുണ്ടായിരുന്ന 35 കോടി രൂപ പൂർണ്ണമായും ഈ സർക്കാർ പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് വകമാറ്റുകയാണ് ചെയ്തത്. പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊടുക്കുന്നതിൽ നമുക്കാർക്കും ഒരു എതിർപ്പുമില്ല. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തമായി നല്ലൊരു സഹകരണമാണ് ഈ പ്രളയ ദുരിതാശ്വാസ ഫണ്ടുമായി ബന്ധപ്പെട്ട് സഹകരണ മേഖല ചെയ്തത്. 5000 വീടുകൾ നിർമ്മിച്ച് കൊടുക്കുന്നു. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുൾപ്പെടെ സഹകരണ മേഖല മൊത്തത്തിൽ വലിയ രീതിയിലുള്ള സഹായങ്ങളാണ് പ്രളയദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നൽകിയത്. പക്ഷേ ഈ പാവപ്പെട്ട അംഗങ്ങൾക്ക് കിട്ടേണ്ട 35 കോടി രൂപ അപ്പാടെ വകമാറ്റി പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് മാറ്റിയെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുപോലെതന്നെ സഹകരണ മേഖലയിൽ ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന, പ്രത്യേകിച്ച് കാലിക്കറ്റ് സിറ്റി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കഴിഞ്ഞ ദിവസം മാതൃഭൂമി പത്രത്തിൽ ജെറ്റ് കേരള: 'വിമാനം പറത്താൻ സഹകരണം' എന്ന ഒരു വാർത്തകണ്ടു. ബഹുമാനപ്പെട്ട മന്ത്രി ലാഡറിന്റെ ഹോട്ടലും ലോഡ്ജും ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയ ഒരു പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. അത് കഴിഞ്ഞതിനുശേഷമുള്ള പ്രഖ്യാപന മാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. വലിയതോതിലുള്ള പ്രവർ ത്തനമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് നമുക്ക് ആലോചിക്കാവുന്ന കാര്യമാണ്. ആഭ്യന്തര സർവ്വീസുകൾ സഹകരണ മേഖലയിൽ ഒരു കൂട്ടായ്മയിലൂടെ നമുക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന നല്ലൊരു പദ്ധതിയായിവേണം ഈ 'ജെറ്റ് കേരള' പദ്ധതിയെ കാണാൻ. ഈ സഹകരണ പ്രസ്ഥാനത്തിന് പ്രാദേശികമായ

മതിൽക്കെട്ടുകൾ പൊളിച്ചെറിഞ്ഞ് പുതിയ ദിശാബോധവും ബഹുമുഖവളർച്ചയും കൈവരിക്കേണ്ട സമയമായിരിക്കുന്നു. കോർപ്പറേറ്റുകൾ മാത്രം കയ്യടക്കി വച്ചിരുന്ന വിവിധ മേഖലകളിൽ വിജയകരമായി പ്രവർത്തിക്കാൻ സഹകരണമേഖലയ്ക്ക് കഴിയുമെന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ലാഡറിന്റെ നേതൃത്വത്തിൽ പാർപ്പിട സമുച്ചയങ്ങൾ, ഷോപ്പിംഗ് മാളുകൾ, എന്റർട്ടയിൻമെന്റ് സെന്ററുകൾ, പഞ്ചനക്ഷത്ര റിസോർട്ടുകൾ ഇപ്പോൾ ഞാൻ സൂചിപ്പിച്ചതുപോലെ വ്യോമ ഗതാഗത രംഗത്തേയ്ക്കുകൂടി നമ്മുടെ സഹകരണമേഖലയ്ക്ക് വരാൻ സാധിക്കുമെന്ന് നമ്മൾ പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് അനന്തമായ സാധ്യതകളുള്ള ഈ മേഖല പരമാവധി പ്രയോജനപ്പെടുത്താനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം, ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകിച്ച് ഇതിന് താൽപ്പര്യ മെടുക്കണമെന്ന് മാത്രമാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. അതോടൊപ്പം എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്ന് ടൂറിസത്തിന് നല്ല സാധ്യതയുള്ള ഒരു നിയമസഭാമണ്ഡലമാണ്. നിരവധി പദ്ധതികൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ അവതരിപ്പിച്ചിട്ടുണ്ട്. മന്ത്രി ഒരു എക്സ്പെർട്ട് ടീമിനെ അയയ്ക്കുകയും ചെയ്തു. പക്ഷേ അയച്ചു എന്നുള്ളതല്ലാതെ പദ്ധതികളൊന്നും വെളിച്ചത്ത് വന്നിട്ടില്ല. അതുകൊണ്ട് ആ കാര്യംകൂടി മന്ത്രി പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. "സഞ്ചാരികളില്ലാതെ ദൈവത്തിന്റെ നാട്" സമീപ കാലത്ത് വന്ന ഒരു ലേഖനം ശ്രദ്ധയിൽപ്പെടുകയുണ്ടായി. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന നാമ കരണത്തിന് കാൽനൂറ്റാണ്ട് പിന്നിട്ട ഈ കാലയളവിൽ സംസ്ഥാനത്തെ ടൂറിസം മേഖല ഇതുവരെ നേരിട്ടിട്ടില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോകുന്നു എന്നതാണ് ലേഖനം. ഇപ്രാവശ്യം ഏറ്റവും പീക്ക് സീസണിൽപ്പോലും കേരളത്തിന്റെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആളൊഴിഞ്ഞുകിടക്കുന്ന റിസോർട്ടുകളും വിവിധ ഹോട്ടലുകളിലെ മുറികളുമെല്ലാം മാധ്യമങ്ങളിൽ വാർത്തയായതാണ്. ഈ പ്രശ്നങ്ങളെ ഗൗരവത്തോടെ കാണാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്. പ്രളയക്കെടുതിയിലൂടെ നമുക്കുണ്ടായ വലിയ തകർച്ച, ഓഖി ദുരന്തമടക്കമുണ്ടായ പ്രശ്നങ്ങൾ, ഇതിനെല്ലാംശേഷം 'പ്രളയാനന്തര കേരളത്തിന്റെ സൃഷ്ടിക്കുവേണ്ടി' എന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം ടൂറിസം രംഗത്ത് കാര്യമായി ഒന്നും നടന്നിട്ടില്ലെന്നാണ് കാണിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, വിദേശ ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരണമെങ്കിൽ അവർക്ക് തൃപ്തികരമായ ഒരു

സാഹചര്യം ഈ ഡെസ്റ്റിനേഷനുകളിലെല്ലാം ഉണ്ടാകണമെന്നുള്ളതാണ്. ഇവിടെ ശോച്യാവസ്ഥയും പ്രളയക്കെടുതിക്കു ശേഷമുള്ള ദുരവസ്ഥയും നിലനിൽക്കുമ്പോൾ ടൂറിസ്റ്റുകൾ മറ്റ് സംസ്ഥാനങ്ങളെയും മറ്റ് രാജ്യങ്ങളെയും ആശ്രയിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ഇവിടെ വലിയ കുറവ് വന്നിരിക്കുന്നതെന്ന് ഗവൺമെന്റ് തിരിച്ചറിയേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ നവീകരിക്കാൻ ഒരു സ്പെഷ്യൽ പാക്കേജ് ഗവൺമെന്റ് അടുത്ത സീസണുമുമ്പായി നടപ്പാക്കണമെന്ന ആവശ്യമാണ് ഞാൻ മുഖ്യമായി ഉന്നയിക്കുന്നത്. മറ്റൊന്ന്, ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് വരാനുള്ള കേരളത്തിലെ റോഡുകളെല്ലാം തകർന്ന് തരിപ്പണമായിരിക്കുകയാണ്. റോഡ് നന്നാക്കുന്ന കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ അടിയന്തരമായി ഉണ്ടാകേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഇടുക്കി, വയനാട് എന്നീ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് പോകുന്ന റോഡുകളെല്ലാം പ്രളയക്കെടുതിയിൽ തകർന്നുപോയതിനുശേഷം ഇതുവരെ പുനരുദ്ധരിക്കാനുള്ള നടപടിയുണ്ടായിട്ടില്ല. പി.ഡബ്ല്യു.ഡി.-യുമായി ഒരു കോ-ഓർഡിനേഷനിലൂടെ റോഡുകളെല്ലാം നന്നാക്കാൻ നടപടി ഉണ്ടായില്ലെങ്കിൽ കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകൾ വരില്ല. ഈ തകർന്നടിഞ്ഞ റോഡിലൂടെ കഷ്ടപ്പെട്ട് യാത്ര ചെയ്യേണ്ട കാര്യമില്ല. മറ്റ് സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും നല്ല റോഡുകളിലൂടെ യാത്ര ചെയ്യാൻ സാധ്യതകൾ നിൽക്കുമ്പോൾ കേരളത്തിലേയ്ക്ക് വരേണ്ട കാര്യമില്ല. കേരളത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന വിധത്തിൽ ഇക്കാര്യങ്ങൾ അടിയന്തരമായി പുന:ക്രമീകരിക്കേണ്ട തായിട്ടുണ്ട്. അതിനാവശ്യമായ സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ കഴിയണം. ഹർത്താലുകൾ പണ്ട് മുതലേ സംസ്ഥാനത്തുള്ള കാര്യമാണെന്ന് നമുക്കറിയാം. എങ്കിലും സമീപകാലത്ത് വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, ടൂറിസ്റ്റുകളുടെ നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിൽ കർശനമായി ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകുന്നില്ല. പോലീസിന് ആവശ്യമായ സുരക്ഷ കൊടുക്കാൻ കഴിയുന്ന ക്രമീകരണങ്ങൾ ടൂറിസ്റ്റ് സെന്ററുകളിലൊന്നുമില്ല. അവിടെ പാവപ്പെട്ട ഒരു സ്ത്രീ ആക്രമിക്കപ്പെട്ടാൽ ഒരു പോലീസുകാരനെ കണ്ടെത്തണ മെങ്കിൽത്തന്നെ വലിയ ബുദ്ധിമുട്ടാണ്. ഈ അവസരത്തിൽ ടൂറിസ്റ്റ് സെന്ററുകളിലെ സുരക്ഷയുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ വളരെ ഗൗരവമായി കാണേണ്ടതാണ്. ഒരു ടൂറിസം സൗഹൃദ സാമൂഹികാന്തരീക്ഷം കേരളത്തിൽ വളർത്തിക്കൊണ്ടു വരുന്നതിന് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കുകയാണ്. വിദേശ രാജ്യങ്ങളിലെല്ലാം ചെയ്യുന്നത് ഏതെങ്കിലും ഒരു ടൂറിസ്റ്റ് സെന്ററിന് പ്രത്യേകമായ ശ്രദ്ധ നൽകി അതിനെ വികസിപ്പിക്കും. അങ്ങനെ അവിടേയ്ക്ക് വലിയ അട്രാക്ഷൻ വരികയാണ്. കേരളത്തിൽ ചെയ്യുന്നത് ഓരോ വർഷത്തെയും പ്ലാൻ ഫണ്ട് 14 ജില്ലകൾക്കുമായി വീതിക്കും.

എല്ലായിടത്തും തൊട്ടുതൊട്ടുവിച്ച് എന്തെങ്കിലുമൊക്കെ ചെയ്തു വയ്ക്കും. എങ്ങും ഒന്നും പൂർത്തിയാകുകയുമില്ല, ഒരു ഭംഗിയും ഉണ്ടാകുകയില്ല. തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതായിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സെന്ററുകൾ ഓരോ വർഷവും ഏറ്റെടുത്ത് അവ വികസിപ്പിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായാൽ അത്തരം സെന്ററുകളിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകൾ വരുന്ന സാഹചര്യം ഉണ്ടാകുമെന്നതിന് ഒരു സംശയവുമില്ല. ഒരു കാര്യത്തിൽ ടൂറിസം ഡിപ്പാർട്ടുമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. വിദേശ രാജ്യങ്ങളിലടക്കം യാത്ര ചെയ്യുമ്പോൾ നമുക്ക് കാണാൻ കഴിയും, ആഗോളതലത്തിൽ ഇപ്പോഴുള്ള മാന്ദ്യത്തിന്റെ നിരവധി പ്രശ്നങ്ങൾ നിൽക്കുന്നതിനിടയിലും മാർക്കറ്റിംഗിന്റെ കാര്യത്തിൽ കേരളം വളരെയേറെ ശ്രദ്ധേയമായി മുന്നോട്ടുപോകുന്നു. അതിന് നല്ലൊരു പരിശ്രമം ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്നുവെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. ആ പ്രവർത്തനങ്ങളെ നമുക്ക് വിപുലീകരിക്കേണ്ടതായിട്ടുണ്ട്. ഇവിടെ ഗവൺമെന്റിന്റെ ഇൻവെസ്റ്റ്മെന്റ് മാത്രമല്ല, ശരിക്കും സ്വകാര്യ പങ്കാളിത്തംകൂടി ടൂറിസം മേഖലയിൽ നടപ്പാക്കേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. ഈ രംഗത്ത് കുറെയേറെ പരിശ്രമങ്ങളിപ്പോൾ നടക്കുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. അത് ഏറ്റവും സത്യസന്ധമായി ചെയ്യുന്ന ഗ്രൂപ്പുകളെ ഐഡന്റിഫൈ ചെയ്തുകൊണ്ട് ഗവൺമെന്റിന്റെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ അക്കാര്യങ്ങളിൽ ഇടപെടാവുന്നതാണ്. ഇൻവെസ്റ്റ്മെന്റിന് വരുന്നവരെ സഹായിക്കാത്തത് നിർഭാഗ്യകരമാണ്. എന്റെ ജില്ലയായ കോട്ടയത്ത് കടുത്തുരുത്തി മണ്ഡലത്തിലാണ് ലോകത്തിലെതന്നെ ആദ്യത്തെ 'അഗ്രി തീം പാർക്ക്' എന്ന നിലയിൽ യാഥാർത്ഥ്യമാക്കിയിരിക്കുന്ന ഒരു 'മാംഗോ മെഡോസ്'. പതിനായിരക്കണക്കിന് സ്പീഷീസാണ് അവിടെ സ്ഥാപിച്ചിരിക്കുന്നത്. 100 കോടി രൂപ സ്വകാര്യ മൂലധനമായി വ്യക്തികൾ തന്നെ മുടക്കി. ഗവൺമെന്റിന്റെ സഹായത്തിനുവേണ്ടി കഴിഞ്ഞ നിരവധി വർഷമായി കയറിയിറങ്ങിയിട്ട് ഒരു സഹായവും ഇതുവരെ കൊടുത്തിട്ടില്ല. ഇത് എത്ര അനീതിയാണെന്നുള്ളത് ബഹുമാനപ്പെട്ട ടൂറിസം വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ടൂറിസവുമായി ബന്ധപ്പെട്ട് എല്ലാദിവസവും ആയിരക്കണക്കിനാളുകളാണ് ഓപ്പൺ ചെയ്യുന്നതിനുമുമ്പുതന്നെ അവിടെ വരുന്നത്. ഓപ്പൺ ചെയ്തിട്ടില്ല. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ, ഗവൺമെന്റിന്റെ ഒരു സപ്പോർട്ടുകൂടി കൊടുക്കുകയാണെങ്കിൽ വലിയ പാക്കേജായി അത് മാറ്റാൻ കഴിയും. ഇന്ന് കേരളത്തിന്റെ വികസന സാധ്യതകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് അഗ്രി ടൂറിസം. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകൾ, മലയോര മേഖലകൾ ഇവയെല്ലാം അഗ്രി ടൂറിസവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു.

വിദേശ രാജ്യങ്ങളിൽ ഫാം ടൂറിസം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഫാം ഹൗസുകളിൽ പോയി രണ്ടുമൂന്ന് ദിവസം താമസിക്കാനും സ്വസ്ഥമായി ടൂറിസ്റ്റുകൾക്ക് അവിടെ സമയം ചെലവഴിക്കാനും കഴിയുന്ന സാഹചര്യമുണ്ട്. കേരളത്തിൽ ഇത്തരം സാധ്യതകളൊന്നുമില്ല. ദൈവത്തിന്റെ സ്വന്തം നാട്, ഇത്രയും മനോഹരമായ പുണ്യഭൂമിയിൽ ഈ സാധ്യതകൾ നമുക്ക് എത്രയോ വലുതാണ്. ഇതൊന്നും പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ല. ഫാം ടൂറിസം, അഗ്രി ടൂറിസം എന്നിവയുടെ കാര്യത്തിൽ കുട്ടനാടിന്റെയും ഇടുക്കിയുടെയും വയനാടിന്റെയും മലയോര മേഖലകളുടെയും കാർഷിക മേഖലയുടെയുമെല്ലാം സാധ്യതകളെ പൂർണ്ണമായും ജനഹൃദയങ്ങളിലേയ്ക്ക് പകർന്നുകൊടുക്കാൻ കഴിയുന്ന വിധത്തിൽ അത് ആസ്വദിക്കാനും ടൂറിസം മാർക്കറ്റിംഗിന്റെ ഭാഗമാക്കി മാറ്റാനും കഴിയുന്ന വിധത്തിലുള്ള കർമ്മപരിപാടികൾ ഗവൺമെന്റ് ആവിഷ്കരിക്കണമെന്ന ആവശ്യം ഉന്നയിക്കുകയാണ്. ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ള രണ്ട് ടൂറിസം മേഖലകളിൽ ഒന്ന് ആയുർവ്വേദവും മറ്റൊന്ന് ജലാശയങ്ങളുമായി ബന്ധപ്പെട്ടതുമാണ്. ആയുർവ്വേദ ടൂറിസം രംഗത്ത് ഒരുപാട് ഏജൻസികൾ വരികയാണ്. അപ്പോൾ വിശ്വസ്തതയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുകൂടി ദോഷം വരികയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. നല്ല സ്ഥാപനങ്ങൾക്ക് പ്രോത്സാഹനവും അല്ലാത്തവയെ ഒഴിവാക്കാനും കഴിയുന്ന വിധത്തിലുള്ള ശ്രദ്ധേയമായ ഇടപെടലുണ്ടാകണം. ഹൗസ് ബോട്ടുകൾ ഇന്ന് കേരളത്തിൽ മുഴുവൻ വ്യാപകമായ, വലിയൊരു ബിസിനസ്സായി മാറി. ഹൗസ് ബോട്ടുകൾ ഇറങ്ങിയപ്പോൾ ആളുകൾക്ക് വലിയ ആകർഷകമായിത്തീർന്നു. ഇന്നത് സാധാരണ ടൂറിസ്റ്റുകൾക്കുപോലും ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ട്. പക്ഷേ ഹൗസ്ബോട്ടുകൾ വലിയ പ്രതിസന്ധി നേരിടുകയാണ്. അതോടൊപ്പംതന്നെ പ്രകൃതിയുമായി ബന്ധപ്പെട്ടല്ലാതെ ഇന്ന് പ്രകൃതിയെയും ജലാശയങ്ങളെയും നശിപ്പിക്കുന്ന വിധത്തിലുള്ള മാലിന്യങ്ങൾ തള്ളുന്ന സാഹചര്യങ്ങളെല്ലാം ചൂണ്ടിക്കാണിക്കപ്പെടുന്നു. അത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് ഈ രംഗത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള ഇടപെടലുകൾക്ക് ഗവൺമെന്റ് നേതൃത്വം നൽകണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. മൊറട്ടോറിയം ഗവൺമെന്റ് പ്രഖ്യാപിച്ചു. സഹകരണ സ്ഥാപനങ്ങൾ ജപ്തി നടപടികളും ഒഴിവാക്കേണ്ടതാണ്. അടിയന്തരപ്രമേയത്തിലുൾപ്പെടെ ഇക്കാര്യം ചർച്ച ചെയ്തു. ജപ്തി നടപടിക്കുവേണ്ടി ഉദ്യോഗസ്ഥർ പോകുമ്പോഴാണ് പാവപ്പെട്ട കർഷകനും സാധാരണക്കാരനും ആത്മഹത്യ ചെയ്യുന്നത്. ഡിസംബർ 31-വരെ ഗവൺമെന്റ് മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്നു എന്നുപറയുന്നു. അത് നടപ്പാക്കാൻ തയ്യാറാകാതെ

സഹകരണ വകുപ്പിലെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരും സഹകരണ ബാങ്കുകളും പൈസ കിട്ടാൻ വേണ്ടിയായിരിക്കും, എങ്കിൽപ്പോലും അവർ ചെയ്യുന്ന ഈ നടപടി പാവങ്ങളിൽ ആശങ്ക ഉണ്ടാക്കുകയാണ്. ഗവൺമെന്റ് നടത്തിയിരിക്കുന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയണം. അതുകൊണ്ട് പ്രഖ്യാപിച്ച മൊറട്ടോറിയം നടപ്പാക്കാൻ കഴിയുന്ന വിധത്തിൽ കാർഷിക വായ്പകൾക്ക് സാവകാശം കൊടുക്കണം, കർഷക ആത്മഹത്യകൾ ഒഴിവാക്കപ്പെടണം, സാധാരണക്കാരായ ജനങ്ങൾക്ക് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള സാവകാശം കൊടുക്കുകയും അവരെ സഹായിക്കുകയും വേണം. റിസ്ക് ഫണ്ടിന്റെ കാര്യത്തിൽ വലിയ കാലതാമസം നിലനിൽക്കുകയാണ്. ഒരാൾ മരിച്ചുപോയാൽ ആ വായ്പ ക്ലോസ് ചെയ്യാൻ സഹായിക്കുന്ന തരത്തിൽ റിസ്ക് ഫണ്ട് സമയബന്ധിതമായി കൊടുത്തുതീർക്കാൻ കഴിയുന്ന വിധത്തിലുള്ള സാഹചര്യമുണ്ടാക്കണമെന്ന് സൂചിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് കാണിക്കുന്ന അനാസ്ഥയിൽ പ്രതിഷേധിക്കുകകൂടി ചെയ്തുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, സഹകരണം, ടൂറിസം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കേരള വിനോദ സഞ്ചാരനയം വലിയ മാറ്റമാണ് ഉണ്ടാക്കാൻ പോകുന്നത്. അക്കാര്യത്തിൽ സർക്കാരിനെയും ബഹുമാനപ്പെട്ട മന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു. നിലവിലുള്ള ടൂറിസം സമീപനത്തിൽ സമഗ്രമായ പരിഷ്കരണ ലക്ഷ്യത്തോടെയാണ് വിനോദസഞ്ചാരനയം ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. ജനങ്ങളുടെ സ്വന്തം നാടായി മാറുകയാണ് കേരളം. വിനോദസഞ്ചാരികളുടെ പറുദീസയാണ് കേരളം. പച്ചപ്പും ജലസമൃദ്ധിയുംകൊണ്ട് അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ ഇടം നേടിയ നാടാണ് കേരളം. കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ ആവശ്യമായ ക്യാമ്പയിൻ കേരള ടൂറിസം സംഘടിപ്പിക്കുന്നുണ്ടെന്നുള്ളത് വളരെ പ്രസിദ്ധമാണ്. അറബ് രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികളെ കൂടുതൽ ആകർഷിക്കാൻവേണ്ടി യു.എ.ഇ., സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ബഹ്റൈൻ എന്നീ രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രത്യേക മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ സംഘടിപ്പിക്കുക, കേരള ട്രാവൽ മർച്ചന്റിന് ധനസഹായം അനുവദിക്കുക തുടങ്ങിയവയ്ക്ക് ബഡ്ജറ്റ് വിഹിതം ഉയർത്തിയ നടപടിയും സ്വാഗതാർഹമാണ്.

372 കോടി രൂപയാണ് ഈ വർഷം ടൂറിസം മേഖലയ്ക്ക് ബഡ്ജറ്റിൽ നീക്കി വച്ചിരിക്കുന്നത്. ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിക്കുമെന്നത് സ്വാഗതാർഹമാണ്. ടൂറിസം മേഖലയിൽ തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് കൂടുതൽ അവസരങ്ങൾ ഉറപ്പാക്കിയിട്ടുള്ളത് ഈ രംഗത്തെ വളർച്ച വിളിച്ചോതു ന്നതാണ്. കൂടുതൽ ടൂറിസ്റ്റ് ഗൈഡുകളെ പരിശീലിപ്പിക്കാൻ 'കിറ്റ്സ്' പ്രത്യേക

പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിലൂടെ അംഗീകാരമുള്ള കൂടുതൽ ഗൈഡുകളുടെ സേവനം ഇന്ന് സംസ്ഥാന ടൂറിസം മേഖലയിൽ ലഭ്യമാണ് എന്നുള്ളത് ശ്ലാഘനീയമാണ്. ഉത്തരവാദിത്ത ടൂറിസം അടിസ്ഥാനമാക്കി പുതിയ ടൂറിസംനയം പ്രഖ്യാപിച്ചതോടെ 78,000 പേർക്ക് ജോലി നൽകാൻ കഴിഞ്ഞത് എൽ.ഡി.എഫ്. സർക്കാരിന്റെ നേട്ടമാണ്. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ തുടക്കംകുറിച്ചതും ഒരു മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി 11 കോടി രൂപയോളം വരുമാനമുണ്ടാക്കി ടൂറിസം മേഖലയിലെ പാവപ്പെട്ട ആളുകൾക്ക് ലഭ്യമാക്കിക്കൊടുക്കാനും കഴിഞ്ഞുവെന്നത് പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പ്രോഗ്രസ് റിപ്പോർട്ട് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ സുതാര്യതയും കാര്യക്ഷമതയും ഉത്ഘോഷിക്കുന്നതാണ്; അതിനെ പരിഹസിച്ചിട്ട് കാര്യമില്ല' ജനങ്ങൾ ഈ കാര്യങ്ങൾ അറിയണം. മൺസൂൺ കാലയളവിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നടത്തുന്ന പരിപാടികളെ സ്വാഗതം ചെയ്യുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഗ്രീൻ കാർപ്പെറ്റ് പദ്ധതി നടപ്പാക്കുന്നതും പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഇടതുപക്ഷ സർക്കാരിന്റെ ഈ രംഗത്തെ ദീർഘവീക്ഷണം തന്നെയാണ്. ഒരു സർക്യൂട്ട് കേരളത്തിലാകെ ഉണ്ടാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഭിന്നശേഷിക്കാർക്കുമാത്രമായി 100 ഭിന്നശേഷി സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നു എന്നത് സ്വാഗതാർഹമാണ്. 800 ഹൗസ് ബോട്ടുകൾ, ആയുർവ്വേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് പര്യാപ്തമാണ്. മാലിന്യം സംസ്കരിക്കാൻ പ്രത്യേകം സംവിധാനം ഒരുക്കുന്നു എന്നതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്.

കേരളത്തിന്റെ വലിയ പ്രതീക്ഷയായ കെ.ടി.ഡി.സി. നല്ല വളർച്ചയിലാണ്. പക്ഷെ ഹോട്ടലുകൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കണമെന്ന ഒരു നിരീക്ഷണമാണ് എനിക്കുള്ളത്. സ്പൈസ് റൂട്ട് പദ്ധതി ആരംഭിച്ചതും കളിനറി ഫെസ്റ്റിവൽ സംഘടിപ്പിച്ചതും മറച്ചുകൊണ്ടല്ല ഞാൻ ഇത് പറയുന്നത്. കോഴിക്കോട് മിഠായിത്തെരുവ് പൈതൃക പദ്ധതിയെപ്പോലെ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഇടങ്ങൾ പ്രധാന നഗരങ്ങളിലെല്ലാംതന്നെ ഉണ്ടാകണം. കോഴിക്കോട് ജില്ല മൊത്തത്തിൽ ഒരു ടൂറിസ്റ്റ് സർക്ക്യൂട്ട് ആക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകളും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഇതിന് മുൻകയ്യെടുക്കണം. അനുഷ്ഠാന കലകൾക്കും നാടൻ കലകൾക്കും ക്ഷേത്രകലകൾക്കും പ്രോത്സാഹനം നൽകുകയും പുതിയ തലമുറയെ അത് പഠിപ്പിക്കുകയും വേണം. ഓരോ ജില്ലയിലും അതിനുള്ള കേന്ദ്രങ്ങളുണ്ടാകണം. കേന്ദ്ര ഗവൺമെന്റിന്റെ

മുമ്പാകെ 100 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയും 74 കോടി രൂപയുടെ സഹായം അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തുവെന്നത് പ്രശംസനീയമാണ്. ഇത് നേടിയെടുക്കാൻ സർക്കാർ നല്ല രീതിയിൽ ഇടപെടണം. നമ്മുടെ ടൂറിസം പദ്ധതികളൊക്കെ പാതിവഴിക്ക് നിന്നുപോകുകയോ കാലതാമസം വരികയോ ചെയ്യുന്നു. ടൂറിസം, സാംസ്കാരികം, തുറമുഖം, ജലസേചനം എന്നീ വകുപ്പുകളിലെയും കെ.എസ്.ഇ.ബി.-യിലെയും പ്രഗത്ഭരെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിച്ചാൽ കേരളത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. കൂട്ടായ്മയില്ലാത്തതുകൊണ്ടാണ് പല പദ്ധതികളും നീണ്ടുപോകുന്നതും കാലതാമസം നേരിടുന്നതും. ആഗോള ലിറ്ററി ഫെസ്റ്റിവൽ, തിയേറ്റർ ഫെസ്റ്റിവൽ, നാടകോത്സവങ്ങൾ, അനുഷ്ഠാന കലകൾ, കഥകളി, തെയ്യം, തിറ എന്നിവയെല്ലാം സർക്കാർ സഹായത്തോടെയോ അല്ലാതെയോ നടക്കുന്നുണ്ട്. ഇക്കോ ടൂറിസത്തിന്റെ പ്രത്യേകത എടുത്തുപറയേണ്ടതാണ്. അനുഷ്ഠാന കലാകേന്ദ്രങ്ങൾ, ക്ഷേത്ര കലാകേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ച് പുതിയ തലമുറയെ ആകർഷിക്കാൻ നമുക്ക് കഴിയണം. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പോലീസിന്റെ സേവനവും ടൂറിസ്റ്റ് വാർഡന്മാരെ നിയമിക്കുന്നത് സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങളും ഗവൺമെന്റിന്റെ സുരക്ഷാ സംവിധാനങ്ങളും പ്രശംസനീയമാണ്. എന്റെ മണ്ഡലമായ ബാലുശ്ശേരിയിൽ തോണിക്കടവ് പദ്ധതി പൂർത്തീകരിക്കാൻ പോകുകയാണ്. കരിയാത്തൻപാറയിലും പരിസരങ്ങളിലും വിനോദ സഞ്ചാരികൾ ഫോട്ടോ എടുക്കാനും കുതിര സവാരി നടത്താനുംമറ്റും എത്തിത്തുടങ്ങിയിട്ടുണ്ട്. ചെറിയ കച്ചവടക്കാരും വലിയ ഹോട്ടലുകളുമൊക്കെ ഈ പ്രദേശത്ത് വന്നത് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് കണ്ടതാണ്. തോണിക്കടവ് പദ്ധതി പൂർത്തിയായിവരുന്നു. നമ്പിക്കുളവും 'മലബാറിന്റെ ഗവി' എന്നറിയപ്പെടുന്ന വയലടയും ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയായ കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം നടത്തിയത് അദ്ദേഹത്തിന് ഓർമ്മയുണ്ട്. പദ്ധതികൾക്ക് സ്ഥലം അനുവദിച്ചാലും ആർക്കിടെക്റ്റും കോൺട്രാക്ടറും അതുപോലെതന്നെ ഡിപ്പാർട്ടുമെന്റും തമ്മിലുള്ള ഐക്യമില്ലായ്മ പദ്ധതികൾ പൂർത്തീകരിക്കാൻ തടസ്സമായി നിൽക്കുന്നുണ്ട്. അത് പരിഹരിച്ചുവരുന്നുണ്ടെങ്കിലും അതുകൂടി സ്പീഡപ് ചെയ്താൽ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ സാധിക്കും. വിനോദസഞ്ചാരികൾക്ക് മനോഹരമായ ദൃശ്യാനുഭവമാണ് ബാലുശ്ശേരി-കക്കയം ടൂറിസം കോറിഡോർ പദ്ധതി. മനോഹരമായ പത്തിലധികം ഡെസ്റ്റിനേഷനുകൾ ഉൾപ്പെട്ടതാണ് ഈ പദ്ധതി. കണയങ്കോട് പുഴയോരത്തുനിന്ന് ആരംഭിക്കുന്ന ഈ പദ്ധതി നിർമ്മല്ലൂർ, പ്രസിദ്ധമായ ബാലുശ്ശേരി കോട്ട, പുരാതന ദേവാലയങ്ങൾ, വെള്ളച്ചാട്ടങ്ങൾ, കാട്ടാമ്പള്ളി പുഴയോരം, തുരുത്തിയാട്, നമ്പികുളം, പൂനൂർ, വയലട ടൂറിസം എന്നിവ ഉൾപ്പെടുന്ന ടൂറിസം പദ്ധതിയാണ്. പ്രസ്തുത പദ്ധതി ഗവൺമെന്റ് വിഭജിച്ച് തരുന്നതുകൊണ്ട്-

ഇതിനുമുമ്പും അങ്ങനെയാണ് കിട്ടിയത്- അതിന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്നില്ല. കക്കയം ഹൈഡൽ ടൂറിസം സഞ്ചാരികളെ ആകർഷിക്കുന്നതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കക്കയം സന്ദർശിച്ച വേളയിൽ ബോട്ട് സവാരി നടത്തി മനോഹരമായ പ്രകൃതി കണ്ട് ആസ്വദിച്ചുകൊണ്ട് പറഞ്ഞത് 'മലബാറിന്റെ ഊട്ടി' ആണ് കക്കയം എന്നാണ്. 300 കോടി രൂപ ആ ബൃഹത്തായ പദ്ധതിക്കുവേണ്ടി അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ, ഹൈഡൽ ടൂറിസത്തെ ചുമതലപ്പെടുത്തിയെങ്കിലും വേണ്ട സമയത്ത് ഡി.പി.ആർ. നൽകാൻ കഴിയാത്തതിനാൽ അത് നിലച്ചിരിക്കുകയാണ്. ഇത് പരിശോധിച്ച് എത്രയുംവേഗം പരിഹാരം കാണേണ്ടതുണ്ടെന്ന് മന്ത്രിയോട് ഞാൻ ബഹുമാനപൂർവ്വം അപേക്ഷിക്കുകയാണ്. പ്രകൃതിരമണീയമായ കക്കയം വലിയ പദ്ധതി തുടങ്ങേണ്ടതുണ്ട്. ബാലുശ്ശേരി, പേരാമ്പ്ര, വയനാട് എന്നിവ ബന്ധപ്പെട്ടുത്തിയുള്ള ഈ പ്രോജക്ട് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരള ബാങ്ക് രൂപീകരണത്തിലൂടെ ജനങ്ങളുടെ ബാങ്ക് എന്ന വിശാല സങ്കൽപ്പമാണ് യാഥാർത്ഥ്യമാകുന്നത്. സഹകരണ മേഖല സമൂഹത്തിന്റെ ജീവനാഡിയാണ്. നിരവധി സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയെല്ലാം സാധാരണക്കാരുടെ വിയർപ്പും പ്രതീക്ഷയും ചേർന്ന് വളർന്നുവന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽനിന്നുള്ള കാർഷിക വായ്പാതോത് വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്. ചെറുകിട കാർഷിക വായ്പക്കാരിൽ 80 ശതമാനവും സഹകരണ സംഘങ്ങളെയാണ് സമീപിക്കുന്നത്. കിസാൻ കാർഡുകളുടെ വിതരണം, നബാർഡ് മാനദണ്ഡപ്രകാരമുള്ള കാർഷിക സംരംഭങ്ങൾ എന്നിവ ആശ്വാസം നൽകുന്നതു തന്നെയാണ്. ക്ഷേമപെൻഷനുകൾ വീടുകളിൽ എത്തിച്ചത് ബാങ്കുകളുടെ സഹായത്തോടെയാണ്. സാമ്പത്തികനില സീറോ ബാലൻസായിരുന്നപ്പോൾ ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിക്കുമെന്ന് നമ്മുടെ മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. എനിക്കുപോലും അത് വിശ്വാസമായിരുന്നില്ല. കാരണം, സാമ്പത്തിക സ്ഥിതി വളരെ മോശമാണ്, എങ്ങനെ തുക വീടുകളിൽ എത്തിക്കും? പക്ഷെ, അതിനൊരു വഴി കണ്ടെത്തി. സഹകരണ ബാങ്കുകളുടെയടക്കം സഹായത്തോടുകൂടിയാണ് ആ പദ്ധതി അതിമനോഹരമായി നടത്താൻ കഴിഞ്ഞത്. പ്രളയകാലത്തിനുശേഷമുള്ള പുനഃസൃഷ്ടിക്കായി ജനങ്ങളെ സഹായിക്കാൻ സഹകരണ മേഖല മാതൃകാപരമായ സഹായങ്ങളാണ് നൽകിയത്. കേരള സംസ്ഥാന സഹകരണ ബാങ്ക് 12 വർഷങ്ങൾക്കുശേഷം സഞ്ചിത നഷ്ടം നികത്തി ലാഭത്തിലേയ്ക്കെത്തി. നമ്മുടെ സംസ്കാരത്തോട് ഒത്തിണങ്ങിപ്പോകുന്നതാണ് നമ്മുടെ സഹകരണ ബാങ്കുകൾ. ബ്ലേഡ് പലിശക്കാരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സഹകരണ ബാങ്ക് 'മുറ്റത്തെ മുല്ല' എന്ന പേരിൽ

കുടുംബശ്രീയുമായി ചേർന്ന് ഒരു മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കിയത്. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണം. ബാങ്കുകൾ ജനങ്ങളുടെ ജീവനാഡിയാണ്. അതുകൊണ്ട് വരാൻ പോകുന്ന കേരള ബാങ്ക് ജനങ്ങളുടെ ബാങ്കാണ്. അത് എത്രയുംവേഗം കാര്യക്ഷമമായി നടപ്പിലാക്കുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. സഖാവ് പിണറായി വിജയൻ സർക്കാരിന്റെ ഒരു പ്രോഗ്രസ് റിപ്പോർട്ട് ഈ കാലഘട്ടത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രോഗ്രസ് റിപ്പോർട്ടിലും മികച്ച മാർക്ക് നേടിയ രണ്ട് വകുപ്പുകളാണ് സഹകരണവും ടൂറിസവും. ബഹുമാനപ്പെട്ട മന്ത്രിയുടെ വേഗത്തിനൊപ്പം അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിന് സഞ്ചരിക്കാൻ സാധിക്കുന്നുണ്ടോയെന്ന സംശയം എന്നെ സംബന്ധിച്ചിടത്തോളമുണ്ട്. ടൂറിസം സോണുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ അദ്ദേഹം ആഗ്രഹിക്കുന്നത്ര വേഗത്തിൽ ഓരോ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ, വലിയ പ്രചാരണ പരിപാടികളൊക്കെ നടക്കുന്നുണ്ട്. കേരളം പ്രളയത്തിൽ അകപ്പെട്ടപ്പോൾ ആ പ്രളയത്തെ അതിജീവിക്കാനും 'നിപ' ഉണ്ടായപ്പോൾ അതിനെ അതിജീവിക്കാനും ടൂറിസ്റ്റുകളെ കേരളത്തിൽ എത്തിക്കാനും വലിയ ശ്രമങ്ങളുണ്ടായി. 2016-2019 വർഷങ്ങളിൽ ഒട്ടനവധി അവാർഡുകൾ ടൂറിസത്തിന്റെ പ്രവർത്തനങ്ങളുടെയും സ്റ്റാളുകളുടെയും ഭാഗമായി നേടിയിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ, ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഉദ്യോഗസ്ഥതലത്തിൽ കുറച്ചുകൂടി മെച്ചപ്പെട്ട പെർഫോമൻസാണ് ആളുകൾ പ്രതീക്ഷിക്കുന്നത്. നമുക്ക് വേണമെങ്കിൽ എക്സ്പെൻഡിച്ചർ കാണിക്കാം. വിവിധ ഏജൻസികൾക്ക് പണം ഡെപ്പോസിറ്റായി കൊടുത്തുകൊണ്ട് എക്സ്പെൻഡിച്ചർ ആക്കാം. പക്ഷെ ഏജൻസികളുടെ പ്രവർത്തനത്തെ വിലയിരുത്തിയാൽ അത് വേണ്ടത്ര ഭംഗിയായി, പൂർണ്ണമായി നിർവ്വഹിച്ചുവെന്ന് പറയാൻ കഴിയില്ല. കാരണം എന്റെ നാട്ടിൽ കിറ്റ്കോ എന്നൊരു ഏജൻസിയുണ്ട്. അവിടെ വന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പണി ആരംഭിക്കുകയും ഡെപ്പോസിറ്റ് വാങ്ങുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഡെപ്പോസിറ്റ് വാങ്ങിയ പണം ഉപയോഗിച്ച് അവർ എന്തുചെയ്തുവെന്ന് ഞങ്ങൾക്കാർക്കും അറിയില്ല. അവർ ജോലി ഉപേക്ഷിച്ചു പോയി എന്ന് പിന്നീട് കേൾക്കും. മിക്കവാറും കേരളം മുഴുവൻ അത്തരം സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. പണം എക്സ്പെൻഡിച്ചർ ആക്കുന്നതിനപ്പുറത്ത് ഇതിന്റെ യഥാർത്ഥ ഗുണം താഴെത്തട്ടിൽ എത്തുന്നുണ്ടോ എന്നതു സംബന്ധിച്ച് ഒരു പരിശോധന നടത്തുന്നത് നല്ലതായിരിക്കും. പുറത്തുനിന്നുള്ള ഏജൻസികളാണ് പലപ്പോഴും ടൂറിസം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ വരുന്നത്.

താഴെത്തട്ടിലുള്ള ആളുകളുമായോ പഞ്ചായത്തുകളുമായോ യാതൊരുവിധ ചർച്ചകളും ഒരിക്കലും ഉണ്ടാകാറില്ല. ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞുനിർത്തിയപ്പോഴും ശ്രീ. എസ്. രാജേന്ദ്രൻ ഈ ചർച്ച ആരംഭിച്ചപ്പോഴും വിവിധ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്യേണ്ട ആവശ്യകതയെ സംബന്ധിച്ച് സൂചിപ്പിച്ചു. ഏത് വകുപ്പെടുത്ത് പരിശോധിച്ചാലും ആ വകുപ്പുകളുമായി ബന്ധപ്പെട്ട് ടൂറിസം പദ്ധതികളുണ്ട്. ഒരു വകുപ്പിന് ടൂറിസത്തിന് മാത്രമായി ടൂറിസം പദ്ധതി കൊണ്ടു പോകാൻ കഴിയില്ല. ആളുകൾ കയ്യേറിവച്ചിരിക്കുന്ന റവന്യൂവിന്റെ സ്ഥലം, ധാരാളം ആളുകളുമായി സംസാരിച്ച് അവരുടെ കയ്യിൽനിന്നും വാങ്ങിയാണ് പാഞ്ചാലിമേട് ടൂറിസം പ്രോജക്ട് ആരംഭിക്കുന്നത്. ശ്രീ. എ. സി. മൊയ്തീൻ അവിടെ വന്ന് ആ പ്രോജക്ട് സാംഗ്ഷൻ ചെയ്തു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ മന്ത്രിയായതിനുശേഷം അദ്ദേഹം വന്നാണ് പാഞ്ചാലിമേട് ടൂറിസം പ്രോജക്ട് ഉദ്ഘാടനം ചെയ്തത്. ഇവിടെ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷന്റെ പ്രശ്നമുണ്ട്. ഇപ്പോഴും അവിടെ ഭൂമി കൈക്കലാക്കുന്നതിനുള്ള വലിയ ഗൂഢാലോചനകളും ആ ഗൂഢാലോചനയുടെ ഭാഗമായി വലിയ കുഴപ്പങ്ങളുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളുമൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസവും അവിടെ ബോധപൂർവ്വം ചില കുഴപ്പങ്ങളുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളുണ്ടായി. ഒറ്റയ്ക്കുള്ള സംവിധാനമെന്ന നിലയിൽ ഈ ഗവൺമെന്റിന്റെ കാലത്തെങ്കിലും ഡിപ്പാർട്ടുമെന്റുകൾ തമ്മിലൊരു കോ-ഓർഡിനേഷനുണ്ടാകണം. ഓഫ് റോഡ് ടൂറിസത്തിന്റെ ഭാഗമായി വാഗമണിൽനിന്നും ഗസ്റ്റിനെയുംകൊണ്ട് ഉളിപ്പോണിയിലെത്തിയാൽ അവിടെ ഫോറസ്റ്റുകാർ ട്രഞ്ച് വെട്ടിയിട്ടിരിക്കുകയാണ്. അതിനകത്തേയ്ക്ക് കയറാൻ കഴിയില്ല. മുനമ്പത്തിനകത്തുകൂടി കയറി രണ്ട് കിലോമീറ്റർ യാത്ര ചെയ്ത് ഓഫ് റോഡിലെത്തിയാൽ മുക്കാൽ മണിക്കൂർകൊണ്ട് ഈ പറയുന്ന സ്ഥലത്തുനിന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായിട്ടുള്ള ജലാശയത്തിലൂടെ വളരെ മനോഹരമായൊരു യാത്ര നടത്തി ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിന്റെ മണ്ഡലത്തിൽ എത്തിച്ചേരാൻ കഴിയും. വളരെ മനോഹരമായൊരു ട്രിപ്പ്, റോഡിലൂടെയും വനത്തിനകത്തുകൂടിയും ഒപ്പം ജലാശയത്തിലൂടെയും യാത്ര ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി അന്നത്തെ ഓഫീസർ അവിടെവന്ന് പരിശോധിച്ചതാണ്. പക്ഷെ ഇവിടെ സൂചിപ്പിച്ചതുപോലെ ഹൈഡൽ ടൂറിസം പ്രോജക്ട് പേപ്പറിലൊതുങ്ങി; അത് യാഥാർത്ഥ്യമായില്ല.

കേരളത്തെ ഒരു ടൂറിസം സോണായി കണ്ടുകൊണ്ട് കേരളത്തിനൊരു മാസ്റ്റർ പ്ലാൻ വേണം. ഇപ്പോൾ ജടായുപാറ, ചടയമംഗലം പദ്ധതിക്കായി അങ്ങെടുത്തിട്ടുള്ള എഫർട്ടുകളും ആ കാര്യത്തിൽ ശ്രീ. രാജീവ് അഞ്ചൽ ചെയ്തിട്ടുള്ള സംഭാവനകളുമൊക്കെ വളരെ വലുതാണ്; അത് പബ്ലിക് - പ്രൈവറ്റ് പാർട്ടിസിപ്പേഷന്റെ

ഭാഗമാണ്. ഒട്ടനവധി തടസ്സങ്ങളുണ്ടായിട്ടും വളരെ മനോഹരമായി ചടയമംഗലത്ത് ആ ടൂറിസം പ്രോജക്ട് കമ്മീഷൻ ചെയ്യാൻ കഴിഞ്ഞു. മുൻ മന്ത്രിയെ അക്കാര്യത്തിൽ ഞാൻ അപ്രീഷിയേറ്റ് ചെയ്യുന്നു. ഇങ്ങനെ സംഭാവന ചെയ്യുന്ന ആരെയും ഞങ്ങൾ അപ്രീഷിയേറ്റ് ചെയ്യാതിരിക്കുന്നില്ല. ഇവിടെ ഈ പ്രോജക്ടിലുള്ള കോ-ഓർഡിനേഷനാണ് പ്രശ്നം. കൃഷി വകുപ്പുമന്ത്രി വന്ന് വണ്ടിപ്പെരിയാറിൽ ഫാം ടൂറിസം ഉദ്ഘാടനം ചെയ്തു. നൂറ് ഏക്കർ സ്ഥലമാണ് കൃഷി വകുപ്പിന്റെ കയ്യിലുള്ളത്. ആയിരക്കണക്കിന് ആളുകളാണ് അവിടേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ ബുക്കിംഗ് കിട്ടുമോയെന്ന് ചോദിക്കുന്നത്. പക്ഷെ ടൂറിസത്തിന്റെ വെബ്സൈറ്റുകളിലൊന്നും ഇങ്ങനെയൊരു ഫാമുമില്ല, ഫാം ടൂറിസത്തിന് സന്ദർശനം അനുവദിക്കുന്ന യാതൊരുവിധ രേഖകളുമില്ല. അപ്പോൾ വൈദ്യുതി വകുപ്പും വനം വകുപ്പും ടൂറിസം വകുപ്പും കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും എല്ലാംചേർന്നുള്ള ഏകോപനമാണ് വേണ്ടത്. ഒരു പദ്ധതി ജലസേചന വകുപ്പുമായി ബന്ധപ്പെട്ടതാണ്. നമുക്ക് പത്തുപതിനേഴ് ജലസേചന പദ്ധതികളും അതിന്റെ ചെക്ക് ഡാമുകളും സംവിധാനങ്ങളുമുണ്ട്. അങ്ങ് അനുവദിച്ചാലും ഇല്ലെങ്കിലും അവിടെ ടൂറിസ്റ്റുകൾ പോകുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുത്താൽ അവിടേയ്ക്ക് ആയിരക്കണക്കിന് സഞ്ചാരികളെത്തും. ഇപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് കേരളത്തിലെ ആളുകളുടെ ആറ്റിറ്റ്യൂഡിൽ വലിയ ചെയ്ഞ്ച് വന്നിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസം അവധി കിട്ടിയാൽ അവർക്ക് യാത്ര ചെയ്യണം. ശനി, ഞായർ ദിവസങ്ങളിലൊന്നും എന്റെ നാട്ടിൽ വാഹനമോടിക്കാൻ കഴിയില്ല. അത്രമാത്രം തിരക്കാണ്. ഓരോ ഡെസ്റ്റിനേഷനിലും എത്രമാത്രം ആളുകളെ ഉൾക്കൊള്ളാൻ കഴിയും എന്നതിനെക്കുറിച്ച് മുൻകൂർ ധാരണയുണ്ടാകണം. അത് സംബന്ധിച്ച് ആളുകൾക്ക് നല്ല അവബോധം കൊടുക്കണം. ഭക്ഷണവും വെള്ളവും താമസവും അടക്കമുള്ള കാര്യങ്ങൾ അവിടെയുണ്ടാകണം. പാഞ്ചാലിമേട്ടിലേയ്ക്ക് വന്നുകഴിഞ്ഞാൽ അതിമനോഹരമായ കാഴ്ചയാണുള്ളത്. പക്ഷെ വേണ്ടത്ര താമസ സൗകര്യം അവിടെ ഒരുക്കുന്നതിന് കഴിഞ്ഞിട്ടില്ല. അധികം സഞ്ചാരികൾ എത്തിച്ചേർന്നാൽ ബഡ്ജറ്റ് ഹോട്ടലുകൾ ഇല്ലെന്നുള്ളത് അവിടത്തെ പരിമിതിയാണ്. ശ്രീ. പി. തിലോത്തമൻ മിനിസ്റ്ററുടെ മണ്ഡലത്തിലെ അന്ധകാരനഴി ഒരിക്കൽ പോയിക്കണ്ടാൽ അത്ര മനോഹരമായൊരു സ്ഥലം വേറെയില്ലെന്ന് തോന്നും. പക്ഷെ അടിസ്ഥാന സൗകര്യങ്ങൾ അവിടെയില്ല. അന്ധകാരനഴിയുമായി ബന്ധപ്പെട്ടൊരു പ്രോജക്ട് തയ്യാറാക്കി അനുമതി കൊടുക്കണമെങ്കിൽ കേരളത്തിലൊരു മാസ്റ്റർപ്ലാൻ ഉണ്ടാകണം. അങ്ങേയ്ക്കുമാത്രം ഇച്ഛാശക്തിയുണ്ടായാൽ പോര, അങ്ങയുടെ കൂടെയിരിക്കുന്ന ഉദ്യോഗസ്ഥർ ചലിച്ചിട്ടില്ല. ഇവരുടെയൊക്കെ മുമ്പിൽ അങ്ങ് പരാജയപ്പെട്ടു പോവുകയാണെന്ന് അങ്ങ് തന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. വേണ്ടത്ര വേഗതയും പുരോഗതിയുമുണ്ടാകുന്നില്ല. പുരോഗതിക്കുവേണ്ടിയുള്ള നിരന്തരമായ ശ്രമവും ആവർത്തിച്ചുള്ള മീറ്റിംഗുകളും

ഇവരുടെയൊന്നും ബധിരകർണ്ണങ്ങളിൽ പതിക്കുന്നില്ലെന്നുള്ളത് ഞങ്ങളും പറഞ്ഞു കൊണ്ടിരിക്കുകയാണ്. വണ്ടിപ്പെരിയാറിന്റെ സത്രം വൈൽഡ് ഗ്യാലറിയിലേയ്ക്ക് ഒരുദിവസം ഓഫ് റോഡായി മൂവായിരത്തിലധികം ആളുകൾ എത്തി ക്കൊണ്ടിരിക്കുന്നു. 350-ലധികം ജീപ്പുകൾ ഒരു ദിവസം ഓഫ് റോഡായി വന്നു കൊണ്ടിരിക്കുകയാണ്. അവരാരും നമ്മൾ പറഞ്ഞിട്ട് വരുന്നതല്ല. ആളുകൾ സ്വമേധയാ വരുന്നതാണ്. അവിടെ വരുന്ന ആളുകൾക്ക് അവിടെ നിന്നുകൊണ്ടു തന്നെ തേക്കടി ബോട്ടിംഗിലൂടെയല്ലാതെ തന്നെ വന്യജീവികളെ കാണുന്നതിനുള്ള മികച്ച സൗകര്യമുണ്ട്. 50 സെന്റ് സ്ഥലം വാങ്ങാൻ കളക്ടർക്ക് അപേക്ഷ കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് നമുക്ക് പണം അനുവദിച്ചുകിട്ടിയത്. കഴിഞ്ഞ ദിവസം അവിടെ ഒരു റെയ്ഞ്ച് ഓഫീസർ പോയി അത് പൊളിച്ചു കളയുന്ന സ്ഥിതിയുണ്ടായി. ഇവിടെ വകുപ്പുകൾ തമ്മിലൊരു കോ-ഓർഡിനേഷൻ അനിവാര്യമാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും മന്ത്രിമാരെയും ഉൾപ്പെടുത്തി ഒരു യോഗം വിളിക്കണം. അങ്ങേയ്ക്ക് വിളിച്ചുകൂട്ടാൻ കഴിയില്ലെങ്കിൽ മുഖ്യമന്ത്രിക്കെഴു തിക്കൊടുത്ത് എല്ലാ വകുപ്പുമന്ത്രിമാരുടെയും വിവിധ തലങ്ങളിലുള്ള കോ-ഓർഡി നേഷൻ ഉണ്ടാക്കുന്നതിനായി യോഗം വിളിക്കണം. തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച് പ്ലാന്റേഷൻ, തൊഴിൽ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്നുണ്ട്. എന്നാൽ പ്ലാന്റേഷനെ യഥാർത്ഥത്തിൽ കാണുന്നത് ഇൻഡസ്ട്രി എന്ന നിലയിലാണ്. നാളിതുവരെ മാറിമാറിവന്നിട്ടുള്ള ഒരു ഇൻഡസ്ട്രിയൽ മിനിസ്റ്റർമാരും ഇൻഡസ്ട്രിയെന്ന നിലയിൽ അതിനകത്ത് ഇടപെട്ടിട്ടില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഇന്ന് ഈ സഭയിൽ വളരെ ശ്രദ്ധേയമായ രണ്ട് പ്രസംഗങ്ങൾ നടക്കുകയുണ്ടായി. ഒന്ന്, ശ്രീ. കോവൂർ കുഞ്ഞുമോന്റെ പ്രസംഗവും രണ്ട്, എന്റെ ബഹുമാന്യ സുഹൃത്തായ ശ്രീമതി ഇ. എസ്. ബിജിമോളുടെ പ്രസംഗവും. ഈ രണ്ട് പ്രസംഗത്തിന്റെയും അന്തഃസത്തയെന്ന് പറയുന്നത് മന്ത്രിമാർ തമ്മിലും വകുപ്പുകൾ തമ്മിലും കോ-ഓർഡിനേഷനില്ല എന്നതാണ്. മറ്റൊരർത്ഥത്തിൽ ഈ ഗവൺമെന്റൊരു പരാജയമാണെന്ന് പറയുന്നൊരു പ്രസ്താവന ഭരണ പക്ഷത്തിരുന്നുകൊണ്ട് അവർ പറയുകയാണ്. ഇപ്പോൾ രണ്ടാം സ്ഥാനത്തിരിക്കുന്ന ശ്രീ. ഇ. പി. ജയരാജൻ മിനിസ്റ്റർ മുഖ്യമന്ത്രിയില്ലാത്തതുകൊണ്ട് അതിനൊരു മറുപടി പറയണം. യാതൊരു കോ-ഓർഡിനേഷനും ഇവിടെയില്ലെന്ന വളരെ ഗുരുതരമായ ആരോപണമാണ് രണ്ട് മെമ്പർമാരും ഇവിടെ ഉന്നയിച്ചിരിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന് പറഞ്ഞതെന്താണെന്ന് മനസ്സി ലാകാത്തതുകൊണ്ടുള്ള പ്രതികരണമാണിത്. ബഹുമാനപ്പെട്ട അംഗം എന്താണ് പറയുന്നതെന്നതിന്റെ ആശയം മനസ്സിലാക്കിയതിനുശേഷം പ്രതികരിക്കുന്നതാണ് നല്ലത്. ഇവിടെ ഒരുതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളുമില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളണം. കാരണം, ഭരണപക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും സഭയിൽ സത്യം പറയണം. അത് എന്റെ അനുഭവം വച്ച് ഞാൻ പറയുന്നതാണ്. മന്ത്രിമാരെയോ ഭരണത്തെയോ കുറ്റം പറഞ്ഞതല്ല. ഒരു കോ-ഓർഡിനേഷനുണ്ടാകണം, അതിലൂടെ നല്ലൊരു മാറ്റമുണ്ടാകണം എന്നാണ് ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞത്. ഉദ്യോഗസ്ഥർക്ക് 35 വർഷം സർവ്വീസുണ്ട്. എന്നാൽ മന്ത്രിക്ക് അഞ്ചുവർഷമേയുള്ളൂ. അദ്ദേഹത്തിന്റെ വേഗതയോടൊപ്പം ഉദ്യോഗസ്ഥർ നിൽക്കണമെന്നാണ് ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞത്. ബ്രിട്ടീഷ് പാർലമെന്റടക്കമുള്ള എല്ലാ സ്ഥലത്തും ഭരണ/പ്രതിപക്ഷ ഭേദമില്ലാതെ ഭരണം മെച്ചപ്പെടുത്താനുള്ള ആശയങ്ങൾ പറയുന്ന സംവിധാനമുണ്ട്. യു.ഡി.എഫ്.-ൽ അതില്ലായിരുന്നുവെങ്കിലും എൽ.ഡി.എഫ്.-ൽ അതുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ,. . . . . .

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ശ്രീ. പി. ടി. തോമസ് എന്തെങ്കിലും ഊട്ട പറയാൻവേണ്ടി മാത്രമേ എഴുന്നേൽക്കൂ എന്നുള്ളതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിനോട് ആദ്യമേ ഊട് പറയരുതെന്ന് പറഞ്ഞത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ ഞാൻ നല്ല അർത്ഥത്തിലാണ് ഇതിന്റെ ചർച്ച നടത്തിയത്. ഞാൻ ഒരിക്കലും ഇതിനകത്തുവന്ന് അമിത രാഷ്ട്രീയം പറയാറില്ല. ഒരു ഗുഡ് സെൻസിലാണ് എല്ലാ കാര്യങ്ങളും പറഞ്ഞിട്ടുള്ളത്. അങ്ങനെ പറയാനാണെങ്കിൽ എന്തെല്ലാം കാര്യം പറയാനുണ്ട്. ശ്രീ. രാഹുൽ ഗാന്ധിയെ ഇവിടെക്കൊണ്ടുവന്ന് മത്സരിപ്പിച്ചതിനെക്കുറിച്ചും അദ്ദേഹം അമേഠിയിൽ തോറ്റതിനെക്കുറിച്ചും ഞാനെന്തെങ്കിലും പറഞ്ഞോ? ഇവിടെ നിങ്ങൾ 19 സീറ്റിലും ജയിച്ചതിൽ ആഹ്ലാദിച്ച് നിൽക്കുമ്പോൾ പുറത്ത് ആളുകൾ ധാരാളം സംശയം പ്രകടിപ്പിക്കുന്നുണ്ട്. കേരളം കോൺഗ്രസിന് എഴുതിത്തന്നതിനുശേഷം ഉള്ളതെല്ലാംകൊണ്ട് മിടുക്കൻമാർ പോയതാണോ എന്ന സംശയം വാട്സാപ്പിലും ഫെയ്സ് ബുക്കിലുമൊക്കെ ആളുകൾ പ്രചരിപ്പിക്കുന്നുണ്ട്. അക്കാര്യങ്ങളൊന്നും ഞാനിവിടെ പറഞ്ഞില്ലല്ലോ. അത്തരം രാഷ്ട്രീയങ്ങളൊന്നും ഞാൻ പറഞ്ഞില്ല. പക്ഷെ നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പ് നിർണ്ണായകമാണ്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഒരു ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ജയമാണെങ്കിലും പരാജയമാണെങ്കിലും അത് മാന്യമായി അംഗീകരിക്കുകയെന്നത് അനിവാര്യമാണെന്നുള്ളതുകൊണ്ട് ഞാനത് അംഗീകരിച്ച ആളാണ്. ശ്രീ. പി. ടി. തോമസ് ഉദ്ദേശിക്കുന്നതുപോലെ നിങ്ങൾ 19 സീറ്റിലും ജയിച്ചുവെന്നതുകൊണ്ട് നിങ്ങൾക്കൊരു മികച്ച പ്രോഗ്രസ്സുണ്ടായി എന്ന നിലപാടിലേയ്ക്കൊന്നും പോകരുത്. ശ്രീ. പി. ടി. തോമസ്, ഇതുപോലൊരു പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ

നിങ്ങൾക്ക് കഴിയുമോ? പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള 600 വാഗ്ദാനങ്ങളിൽ എന്തൊക്കെ ചെയ്തു, എന്തൊക്കെ ചെയ്തില്ല എന്നതിനെക്കുറിച്ച് അക്കമിട്ട് പറയാനുള്ള ധൈര്യം ശ്രീ. പിണറായി വിജയൻ കാണിച്ചു. കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് എങ്ങനെ ഈ ഭരണത്തെ കൊണ്ടുപോകാൻ കഴിയുമെന്നതിനെക്കുറിച്ച് ചില നിർദ്ദേശങ്ങൾ പറയുമ്പോൾ ആ നിർദ്ദേശങ്ങളിൽ എങ്ങനെയെങ്കിലും വളഞ്ഞു തിരിഞ്ഞ് എന്നെ പ്രതിക്കൂട്ടിലാക്കുന്നതിനുള്ള ബഹുമാനപ്പെട്ട മെമ്പറുടെ ശ്രമം ശരിയായില്ല. ഞാൻ അങ്ങ് ചോദിച്ചപ്പോൾ എത്ര മാന്യമായിട്ടാണ് വഴങ്ങിത്തന്നത്. അതിനുശേഷം ഇങ്ങനെ ആളുകളെ കുഴപ്പിക്കലാണ് അദ്ദേഹത്തിന്റെ ജോലി എന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വലിയ ഗൗരവമായിട്ടെടുക്കേണ്ട. ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ആകെ ടൂറിസവുമായി ബന്ധപ്പെട്ട വിഷയങ്ങൾ മാത്രമാണ് ചർച്ച ചെയ്തത്. കേരളത്തിലൊരു മാസ്റ്റർപ്ലാൻ ഉണ്ടാകുകയെന്നത് അനിവാര്യമാണ്. വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷൻ വേണമെന്ന് പറഞ്ഞാൽ നിങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടെന്ന് അതിനർത്ഥമില്ല. മറിച്ച് അങ്ങനെയൊരു കോ-ഓർഡിനേഷനുണ്ടായാൽ കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് ടൂറിസം സംവിധാനങ്ങളെ കൊണ്ടുപോകാൻ കഴിയുമെന്നു മാത്രമാണ് ഞാൻ അർത്ഥമാക്കിയതെന്ന് ഈ അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. ടി. തോമസ് : സർ, ഇവിടെ ഭരണപക്ഷത്തുള്ള ആളുകൾക്ക് എന്തും പറയാം. ഞങ്ങൾ അതിനകത്തെ ഒരു വൈരുദ്ധ്യം ചൂണ്ടിക്കാണിക്കാനാണ് ശ്രമിക്കുന്നത്. അത് ഞങ്ങളുടെ കടമയാണ്. ആ വൈരുദ്ധ്യം ചൂണ്ടിക്കാണിക്കാനാണ് ഞങ്ങൾ ഇവിടെ ഇരിക്കുന്നത്. ഭരണപക്ഷത്തെ പരിണിതപ്രജ്ഞരായ രണ്ട് മെമ്പർമാർ ഈ ഗവൺമെന്റിന് കോ-ഓർഡിനേഷനില്ല, മന്ത്രി ശ്രദ്ധിക്കുന്നില്ല, ഡിപ്പാർട്ട്മെന്റ് ശ്രദ്ധിക്കുന്നില്ല എന്നുപറയുമ്പോൾ അതിന് ഞങ്ങൾ കയ്യടിക്കണോ? .... (ബഹളം).......

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. പി. ടി. തോമസിന്റെ വാദത്തിൽ അദ്ദേഹത്തെ നമ്മൾ സമ്മതിക്കണം. കഴിഞ്ഞ ദിവസം പാലാരിവട്ടം പാലത്തിന്റെ കാര്യത്തിൽ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെയുംകൂടി പിടിക്കുമോയെന്ന് മുഖ്യമന്ത്രിയോട് ചോദിച്ച ആളാണെന്ന കാര്യം മറക്കരുത്.

ശ്രീ. കെ. ബാബു: സർ, ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. മനുഷ്യൻ വ്യാപരിക്കുന്ന എല്ലാ മേഖലകളിലും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെ വലിയ സംഭാവനയാണ് ഉണ്ടായിട്ടുള്ളത്. പതിനയ്യായിരത്തി

ലധികം വരുന്ന സ്ഥാപനങ്ങളും രണ്ട് ലക്ഷം കോടി രൂപയുടെ സമ്പത്തും ഇന്ന് നമ്മുടെ സഹകരണ മേഖലയിലുണ്ട്. ഭൂരിപക്ഷം കേരളീയരും ദൈനംദിനം ഇടപെടുന്ന ഈ മഹാപ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിൽ ഇടതുപക്ഷത്തിന്റെ പങ്ക് ആർക്കും നിഷേധിക്കാനാകില്ല. നോട്ട് നിരോധന കാലഘട്ടത്തിൽ സഹകരണ പ്രസ്ഥാനങ്ങളെ കള്ളപ്പണ നിക്ഷേപകേന്ദ്രം എന്ന നിലയ്ക്ക് അധിക്ഷേപിച്ചവരുണ്ട്. ഇപ്പോഴിതാ പ്രാഥമിക കാർഷിക ബാങ്കുകളിൽപ്പോലുമുള്ള ആദായനികുതിയുടെ കടന്നുവരവും ഇടപെടലും നമ്മുടെ സഹകരണ പ്രസ്ഥാനത്തെ തകർക്കാവുന്ന തരത്തിലേയ്ക്കാണ് പോകുന്നത്. അത് ആർക്കുവേണ്ടിയാണ്? സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണമില്ലാതെതന്നെ 14-16 ശതമാനത്തോളം വരുന്ന പലിശ ഈടാക്കിക്കൊണ്ട് കേന്ദ്ര ആക്ടിന്റെ മറവിൽ നിരവധിയായ ക്രെഡിറ്റ് സംഘങ്ങൾ ഇന്ന് സംസ്ഥാനത്ത് മുളച്ചുപൊന്തുന്നതും ആരെ സഹായിക്കാനാണെന്നാണ് സംശയം. അന്തിയുറങ്ങാൻ ഒരു വീട് എന്ന സ്വപ്ന സാക്ഷാത്കാരമായ ഇ.എം.എസ്. ഭവന പദ്ധതിക്ക് ഏറ്റവും കൂടുതൽ സമ്പത്ത് സംഭാവന ചെയ്തതും സഹകരണ പ്രസ്ഥാനമാണ്. ഇപ്പോഴിതാ പ്രളയബാധിത പ്രദേശങ്ങളിലെ തകർന്നുപോയ 4000-ത്തോളം വരുന്ന വീടുകൾ പുനർ നിർമ്മിക്കാൻ മാത്രമല്ല, കെയർ ഹോം എന്ന പേരിൽ വീട് നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടമായി 15000-ത്തോളം വരുന്ന വീടുകൾ പൂർത്തീകരിച്ച് താക്കോൽദാനവും സഹകരണ പ്രസ്ഥാനം പൂർത്തീകരിച്ചു എന്നതിൽ ഞാൻ അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബുദ്ധിമുട്ട് നേരിട്ടപ്പോൾ ആദ്യമായി 200 കോടി രൂപ നൽകിയത് പാലക്കാട് ജില്ലാ സഹകരണ ബാങ്കാണ്. അതുമാത്രമല്ല, വട്ടിപ്പലിശക്കാരിൽനിന്നും കുടുംബശ്രീ പോലെ, അല്ലെങ്കിൽ സാമൂഹ്യപരമായി ജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് പാലക്കാട് ജില്ലയിൽ 'മുറ്റത്തെ മുല്ല' എന്ന പദ്ധതി മണ്ണാർക്കാട് സഹകരണ ബാങ്കും പാലക്കാട് ജില്ലാ ബാങ്കും സംയുക്തമായി ആരംഭിച്ചത്. ഒരുപക്ഷെ യു.ഡി.എഫ്.-ന് അതിന്റെ മണം ശ്വസിക്കാൻ പറ്റിയില്ലെന്ന് വരും. അത് ഇന്ന് സംസ്ഥാന വ്യാപകമാക്കുന്നതിൽ വളരെ സന്തോഷം രേഖപ്പെടുത്തുന്നു. കർഷകരെയും കാർഷിക മേഖലയെയും സംരക്ഷിക്കാനാണ് സംസ്ഥാനത്ത് രണ്ട് മോഡേൺ റൈസ് പാർക്ക് ആരംഭിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചത്. പാലക്കാട് ജില്ലയിൽ 9 കോടി രൂപ സമാഹരിച്ചുകൊണ്ടും സ്ഥലം എടുത്തുകൊണ്ടും സഹകരണ പ്രസ്ഥാനത്തിന്റെ സഹായത്തോടുകൂടി പാർക്ക് സ്ഥാപിക്കാൻ മുന്നോട്ട് പോയിരിക്കുന്നു എന്നത് ഏറെ സന്തോഷകരമായ അവസ്ഥയാണ്. കയ്യിൽ കിട്ടിയിരുന്ന പെൻഷൻ വാങ്ങാൻ ബാങ്കുകളിലേയ്ക്കും പിന്നീട് പോസ്റ്റ് ഓഫീസുകളിലേയ്ക്കും ആൾക്കാരെ ഓടിച്ചോടിച്ച് 16 മാസത്തെ കുടിശ്ശിക വച്ചുപോയവരായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്. എന്നാൽ വയോധികരുടെ സാമൂഹ്യ പെൻഷനുകൾ 1300 രൂപയായി വർദ്ധിപ്പിക്കുക മാത്രമല്ല, അത് അവരവരുടെ കൈകളിൽ കൊണ്ടുപോയി കൊടുക്കുകയെന്ന ഏറ്റവും മഹത്തരമായ സേവനം നടത്തുന്നതും

ഇപ്പോൾ നമ്മുടെ സഹകരണ പ്രസ്ഥാനമാണ്. ഞാൻ അതിനെ അഭിനന്ദിക്കുന്നു.

മുടങ്ങിക്കിടന്നിരുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ മുഴുവൻ സഹകരണ പ്രസ്ഥാനമാണ് കൊടുത്തത്. സർഫാസി നിയമം സഹകരണ ബാങ്കുകൾക്ക് ബാധകമാക്കില്ലെന്ന് മാത്രമല്ല, കാർഷിക കടാശ്വാസ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് കർഷകരുടെ രണ്ട് ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളാൻ ആവശ്യമായ രൂപത്തിലുള്ള ഇടപെടലുണ്ടാകുമെന്ന് പറഞ്ഞതിനെയും ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് തലത്തിലുള്ള ഒരു ബാങ്ക് 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുമെന്ന തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇവിടെ ബഹുമാന്യനായ ലീഗിന്റെ എം.എൽ.എ. കേരള ബാങ്കിനെ സംബന്ധിച്ച് വളരെ മോശമായ രൂപത്തിലാണ് പറഞ്ഞത്. 13 ജില്ലാ ബാങ്കുകളും 80 ശതമാനത്തിലധികംവരുന്ന ജീവനക്കാരും അതിനോട് യോജിച്ചപ്പോൾ മലപ്പുറം ജില്ലാ ബാങ്ക് മാത്രമാണ് ഇപ്പോൾ മാറിനിൽക്കുന്നത്. അതിന് മലപ്പുറം ജില്ലയോട് നാളെ മാപ്പ് പറയേണ്ടിവരുമെന്നതിന് ഒരു സംശയവും വേണ്ട. സംസ്ഥാന ബാങ്ക് രൂപീകരണത്തിൽ മുന്നോട്ട് പോകണമെന്നുതന്നെയാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

"നമ്മൾക്ക് മുമ്പോട്ട് മുമ്പോട്ട് പോയ്

നന്മയോ തിന്മയോ നേടാമൊപ്പം

കേരളത്തിന്റെ പിളർപ്പുമാറ്റി

ചേരട്ടെ വർണ്ണശബളതകൾ

കൂറും ഒരുക്കവും ഒത്തു നമ്മൾ

തോളിൽ കയ്യിട്ടേ നടന്നുകൂടൂ."

ഇടശ്ശേരിയുടെ വരികളാണ്. തോളിൽ കയ്യിട്ട് സഹകരണ പ്രസ്ഥാനത്തെ ഒരുമിച്ച് കൊണ്ടുപോകേണ്ടതിനുപകരം ഒറ്റകാരെപ്പോലെ മാറിനിൽക്കുന്ന പ്രവണത ലീഗിന്റെ ജില്ലാ ബാങ്കെങ്കിലും തിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രിന്റിംഗ് മേഖലയിൽ നമ്മുടെ പ്രിന്റിംഗ് പ്രസ്സുകൾ വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. എന്നാൽ പ്രിന്റിംഗ് മേഖലയിലുള്ള മാറ്റത്തിനനുസരിച്ച് സഹകരണ പ്രിന്റിംഗ് പ്രസ്സുകളിലെ ക്ലാസിഫിക്കേഷനിൽ ഇപ്പോൾ നിൽക്കുന്ന അപാകത പരിഹരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ടൂറിസം മേഖല യു.ഡി.എഫ്. ഭരണകാലത്തുള്ള കിതപ്പിൽനിന്നും ഇപ്പോൾ വലിയ കുതിപ്പിലാണ്.

ശ്രീ. മോൻസ് ജോസഫ് പറഞ്ഞത് ഇവിടെ വിദേശികളും സ്വദേശികളുമായ ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞുപോയെന്നാണ്. എവിടെ നിന്നാണ് ഈ കണക്ക് കിട്ടുന്നത്? ഓഖിയും പ്രളയവും നിപയും വരുത്തിയ ദുരന്തമുണ്ടായിട്ടുപോലും 2018-ൽ 10,96,407 വിദേശ ടൂറിസ്റ്റുകളും 1,56,04,661 ആഭ്യന്തര ടൂറിസ്റ്റുകളും കേരളത്തിലേയ്ക്ക് വന്നു. ടൂറിസ്റ്റുകളുടെ വരവ് ഏറെ ആശാവഹമാണെന്ന് മാത്രമല്ല, വരുമാനത്തിലും വലിയ വർദ്ധനവാണ് ഉണ്ടാക്കിയത്. 36,528 കോടി രൂപയാണ് ലഭിച്ചത്. സി.എൻ.എൻ. ട്രാവൽസ് ഭൂമിയിൽ വിനോദ സഞ്ചാരികളായി ആരെങ്കിലുമുണ്ടെങ്കിൽ അവർ കണ്ടിരിക്കേണ്ട 19 ഇടങ്ങളെ ലോകത്താകെ അടയാളപ്പെടുത്തിയപ്പോൾ അതിലൊരിടം കേരളമായിരുന്നു. അത് ഏറെ അഭിമാനത്തോടുകൂടി പറയാം. നമ്മുടെ പിൽഗ്രിം ടൂറിസ്റ്റ് മേഖലയിലും ഫാം ടൂറിസ്റ്റ് മേഖലയിലും പച്ചപ്പ് കാണാനെത്തുന്നവർക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി യോജിച്ചുകൊണ്ടുള്ള ടൂറിസ്റ്റ് മേഖലയും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമിരിക്കുന്ന ഭൂമിയിൽ സാഹസിക ടൂറിസത്തിനാവശ്യമായ പാർക്കുകൾ ഉൾപ്പെടെയുള്ള സൗകര്യം ഒരുക്കുന്നതിനും നമ്മുടെ ആയുർവ്വേദവും ആയോധന മുറകളും ഹെൽത്ത് ടൂറിസമാക്കി മാറ്റാനും നമ്മുടെ ഉത്സവങ്ങളെയും ആഘോഷങ്ങളെയും കൾച്ചറൽ ടൂറിസമാക്കിയും ഫെസ്റ്റിവൽ ടൂറിസമാക്കിയും കൊണ്ടുവരാനും സ്വാദിഷ്ഠമായ ഭക്ഷണം ഒരുക്കിക്കൊടുക്കുന്ന തരത്തിലേയ്ക്ക് ഫുഡ് ഫെസ്റ്റിവൽ സംഘടിപ്പിച്ചുകൊണ്ടും ടൂറിസ്റ്റ് മേഖലയിലേയ്ക്ക് വിദേശികളും സ്വദേശികളുമായ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയേണ്ടതുണ്ട്. ആറ് ഡാമുകളും പറമ്പിക്കുളവും നെല്ലിയാമ്പതി ഉൾപ്പെടുന്ന മേഖലയും ഉൾപ്പെടുന്നതാണ് എന്റെ നിയോജകമണ്ഡലം. അവയെ സംയോജിപ്പിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് പാക്കേജ് പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വർഷങ്ങൾക്ക് മുമ്പുതന്നെ ടൂറിസം ഡിപ്പാർട്ടുമെന്റിലേയ്ക്ക് കൈമാറിയ 25 ഏക്കർ ഭൂമി നെല്ലിയാമ്പതിയിലുണ്ട്. അതിനെ ഉപയോഗപ്പെടുത്താൻ സ്വകാര്യ വ്യക്തികളുമായി ചേർന്നുകൊണ്ട് ഒരു ടൂറിസ്റ്റ് ഹോം സ്ഥാപിക്കുന്നതിന് മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സമ്മേളന കാലയളവിലാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് ബഹുമാനപ്പെട്ട സ്പീക്കർക്ക് നൽകിക്കൊണ്ട് ആരാധ്യനായ മുഖ്യമന്ത്രി അവതരിപ്പിച്ചത്. ഈ അടുത്ത കാലത്താണ് ബഹുമാനപ്പെട്ട സ്പീക്കർതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ 2011-16 വർഷത്തെ പ്രസംഗം അടങ്ങിയ ഒരു പുസ്തകം പ്രകാശനം ചെയ്തത്. ഞാൻ അത് വായിക്കാൻ ഇടയായി. പ്രതിപക്ഷനേതാവിന്റെ പാർട്ടിയിൽപ്പെട്ട ആരെങ്കിലും അത് വായിച്ചിട്ടുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. അതിന്റെ 18-ാമത്തെ പേജിൽ പറയുന്നത് " UDF manifesto is our Geetha, UDF manifesto is our Bible, UDF manifesto is our Quran." ഞങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ യു.ഡി.എഫ്.

മാനിഫെസ്റ്റോ നടപ്പാക്കും. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഞങ്ങളുടെ ഗവൺമെന്റ് ഓരോ വർഷവും പ്രവർത്തനങ്ങളുടെ പ്രോഗ്രസ് കാർഡ് അവതരിപ്പിക്കുമെന്നാണ് പറഞ്ഞത്. എവിടെയാണ് അവതരിപ്പിച്ചത്. അങ്ങനെ അവതരിപ്പിച്ച ഏതെങ്കിലുമൊരു റിപ്പോർട്ടുണ്ടെങ്കിൽ ഫുൾ 'എ' പ്ലസ് കൊടുക്കേണ്ടത് സോളാറിനും ബാർ കോഴയ്ക്കുമല്ലേ? അതല്ല ഇത്, സമസ്ത മേഖലകളിലും ഫുൾ എ പ്ലസ് കിട്ടിയ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രോഗ്രസ് റിപ്പോർട്ടാണിത്. ഈ പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങൾ അംഗീകരിക്കുമ്പോൾ നമ്മുടെ പ്രതിപക്ഷ നേതാവിന് മറ്റൊരു ഭാഗ്യംകൂടിയുണ്ടാകും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേയ്ക്കും പ്രതിപക്ഷനേതാവായിത്തന്നെ തുടരാൻ അദ്ദേഹത്തിന് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

[4.00 p.m]

പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ പ്രതിപക്ഷ നേതാവ് 123 എന്ന അക്കത്തെ സ്വപ്നം കണ്ട് നാമജപ മന്ത്രവുമായിട്ടാണ് പോകുന്നത്. മന്ത്രിമാരുടെ മണ്ഡലത്തിൽ വോട്ട് കുറഞ്ഞതിന്റെ കണക്കും അദ്ദേഹം പറയുന്നുണ്ട്. കഴിഞ്ഞ ആറ് മാസങ്ങൾക്കുമുമ്പ് രാജസ്ഥാനിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ സർദാർപുര മണ്ഡലത്തിൽനിന്നാണ് 55,000 വോട്ടിന് ശ്രീ. അശോക് ഗലോട്ട് എന്ന നേതാവ് വിജയിച്ചത്. അദ്ദേഹത്തിന്റെ മകൻ സർദാർപുര മണ്ഡലമുൾപ്പെടുന്ന ജോധ്പൂർ പാർലമെന്റ് മണ്ഡലത്തിൽ മത്സരിച്ചപ്പോൾ ബി.ജെ.പി.യേക്കാൾ 18,000 വോട്ട് കുറച്ചാണ് കിട്ടിയത്. അതുപോലെതന്നെയാണ് ശ്രീ. സച്ചിൻ പൈലറ്റ്. അദ്ദേഹം മത്സരിച്ചത് ടോങ്ക് മണ്ഡലത്തിലാണ്. അവിടെയും കൂടുതൽ വോട്ട് കിട്ടിയത് ബി.ജെ.പി.-ക്കാണ്. വിജയം കൊയ്തെടുത്തതിന്റെ ഭാഗമായി എന്തുകൊണ്ടാണ് അവിടത്തെ മുഖ്യമന്ത്രിമാർ രാജിവയ്ക്കണമെന്ന് ഇവർ പറയാത്തത്? കൂടുവിട്ട് കൂട് മാറി നാമാവശേഷമാകുന്ന കോൺഗ്രസിന്റെ അവശേഷിക്കുന്ന നിലവിലുള്ള സർക്കാരുകളിലെ എം.എൽ.എ.-മാർ കൂട്ടംകൂട്ടമായി ബി.ജെ.പി.-യിലേയ്ക്ക് ചേക്കേറുന്നത് തടയണേയെന്നാണ് കോൺഗ്രസിന്റെ നേതാക്കൻമാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കോൺഗ്രസിന്റെ പടനായകൻ പടപേടിച്ച് വയനാട്ടിലെ കാട്ടിലൊളിച്ചപ്പോൾ യു.പി.-യിൽ പടയ്ക്ക് നേതൃത്വം കൊടുത്തത് ശ്രീമതി പ്രിയങ്കാ ഗാന്ധിയായിരുന്നു. ശ്രീ. നരേന്ദ്ര മോദി ഗംഗാ നദിയിൽ സ്നാനം ചെയ്തുകൊണ്ടാണ് ബി.ജെ.പി.-യുടെ പ്രചരണം ആരംഭിച്ചതെങ്കിൽ ശ്രീമതി പ്രിയങ്കാ ഗാന്ധി ഗംഗയിൽ യാത്ര ചെയ്തുകൊണ്ടാണ് അവിടെ പ്രചരണം ആരംഭിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്...

<u>ശ്രീ. കെ. ബാബു:</u> ഞാൻ അവസാനിപ്പിക്കുകയാണ്. ബി.ജെ.പി. തീവ്രഹിന്ദുത്വ നയമാണ് സ്വീകരിച്ചതെങ്കിൽ കോൺഗ്രസ് മൃദുഹിന്ദുത്വ നയമാണ് സ്വീകരിക്കുന്നത്. നമ്മുടെ നാട്ടിൽ പറയുന്നത്, വർഗ്ഗീയതയുടെ കാര്യത്തിൽ ബി.ജെ.പി. മൂർഖൻ പാമ്പാണെങ്കിൽ കോൺഗ്രസ് അണലിയാണെന്നാണ്. മൂർഖൻ അപ്പോൾ കഥ കഴിക്കും, അണലി പതുക്കയേ കഥ കഴിക്കൂ. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കോൺഗ്രസിന്റെ സംസ്ഥാന നിധികാക്കുന്ന ഭൂതം പറയുന്നത് പഴംതീനി വവ്വാലുകൾ കോൺഗ്രസിനകത്തുണ്ടെന്നാണ്. കേരളത്തിലെ ജനങ്ങളുടെ ഇപ്പോഴത്തെ ആശങ്കയും അതാണ്. അതാരാണെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു. കോമാളികളെ കാണാൻ ഇനി സർക്കസ് കൂടാരത്തിലേയ്ക്ക് പോകണ്ട. അത് കോൺഗ്രസ് കൂടാരത്തിലുണ്ടെന്ന് ബാംഗ്ലൂരിൽനിന്നുള്ള മഹാൻ, ആസ്ഥാന കവിയായി കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു മഹാനെക്കുറിച്ചാണ് പറയുന്നത്. ഈ കോൺഗ്രസിന് എന്താണ് പറ്റിയത്? കുട്ടികൾ പരീക്ഷയിൽ തോൽക്കുമ്പോൾ വാതിലടച്ച് വീട്ടിലിരുന്ന് കരയുന്നതുപോലെ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കതകടച്ചിരുന്ന് കരയേണ്ട അവസ്ഥയാണോ ഇപ്പോഴുള്ളത്; അതുമാത്രമല്ല, ഇവിടെ വിജയിച്ചു എന്നതിന്റെ മത്ത് പിടിച്ച് മദിക്കുന്ന അവസ്ഥയാണോ ഇപ്പോഴുള്ളത്; ഗാന്ധിയെ വെടിവെച്ച് കൊന്നതുപോലെ നെഹ്റുവിനെയും കൊല്ലണം എന്ന് ആക്രോശിക്കുന്ന, അട്ടഹസിക്കുന്ന ആളുകൾക്ക് ആൾബലം കൂടുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിനെ ചെറുത്ത് നിൽക്കാൻ, അതിനെതിരെയുള്ള പടയോട്ടം നയിക്കാൻ ഇന്ന് ഇന്ത്യയിൽ സി.പി.ഐ.(എം) നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ പാർട്ടിയാണുള്ളത്. ആ ഇടതുപക്ഷമാണ് ബി.ജെ.പി.-ക്ക് ബദൽ. ആ ബദൽ കൊണ്ടുതന്നെയാണ് കേരളത്തിൽ ബി.ജെ.പി. നിലംതൊടാതെ പരാജയപ്പെട്ടത് എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ]

<u>ശ്രീ. പി. സി. ജോർജ്:</u> സർ, എനിക്ക് ശ്രീ. കെ. ബാബുവിന്റെ പ്രസംഗം ഇഷ്ടപ്പെട്ടു, ശ്രീ. കെ. ബാബുവിനെയും ഇഷ്ടമാണ്. പക്ഷെ ഇന്ത്യാ രാജ്യത്ത് മൂന്ന് എം.പി.-മാരുമായിരിക്കുന്ന സി.പി.ഐ.(എം) ഇന്ത്യയെ നന്നാക്കുമെന്ന് പറയുന്ന അബദ്ധം ശ്രീ. കെ ബാബു ഇനിയെങ്കിലും പറയരുതെന്നേ എനിക്ക് പറയാനുള്ളൂ. സഹകരണ പ്രസ്ഥാനത്തിന്റെ പേരിൽ എനിക്കൊരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. ഇത്രയും അഴിമതി നിറഞ്ഞ ഒരു മേഖലയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉടുപ്പിൽ ചെളിപറ്റാതെ നോക്കിക്കൊള്ളണം. സഹകരണം എന്നുപറയുന്നത് ഇന്ന് ചില കസ്റ്റോഡിയൻമാരുടെ കൈവശമാണ്. ബോർഡ് നോക്കുകുത്തിയാണ്. പിന്നെങ്ങനെയാണ് ഇത് നന്നാവുന്നത്. സഹകരണ സംഘം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ അവർ പിന്നെ ഒരു കസ്റ്റോഡിയനാണ്. പിന്നെ അങ്ങോട്ടാർക്കും പ്രവേശനം ഇല്ല,

മന്ത്രിക്കും പ്രവേശനം ഇല്ല. ഉദാഹരണം ഞാൻ പറയാം. നമ്മുടെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കെന്ന സ്ഥാപനം കഴിഞ്ഞ 25 വർഷമായി യു.ഡി.എഫ്. ആണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. ഉടനെയൊന്നും മന്ത്രിക്ക് ഇറക്കി വിടാനും പറ്റില്ല. ഞാൻ വിശദമായി പരിശോധിച്ചതാണ്. പക്ഷെ മനസ്സിലാക്കേണ്ട ഒരു കാര്യം, ഈ ഭരണസമിതി നടത്തിയ കൊള്ളയുടെ കണക്ക് പറഞ്ഞാൽ നാണക്കേടാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ, എന്തു കൊണ്ട് മന്ത്രിക്ക് നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. ഡോ. സുരേഷ് ബാബു, ഐ.എ.എസ്.-ന്റെ റിപ്പോർട്ടുണ്ട്. അത് ഇല്ലെന്നാണ് പറഞ്ഞത്, എന്റെ കയ്യിൽ അതുണ്ട്. സമയക്കുറവുള്ളതുകൊണ്ട് ഞാനത് വായിക്കുന്നില്ല. ആ റിപ്പോർട്ടിൽ കൊള്ള എന്തൊക്കെയാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങ് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല. ഒറ്റക്കാര്യം, പത്തനംതിട്ടയിലെ ഭൂമിയിടപാടിലൂടെ 54 ലക്ഷം രൂപയാണ് തട്ടിയെടുത്തത്. അങ്ങ് എന്തെങ്കിലും നടപടി സ്വീകരിച്ചോ? ബാങ്കിന്റെ കമ്പ്യൂട്ടറൈസേഷൻ, സോഫ്റ്റ്‌വെയർ പർച്ചേസ് എന്നിവ 20 ലക്ഷം രൂപയ്ക്ക് ആരംഭിച്ച് 294 ലക്ഷം രൂപയായിട്ടും ഇപ്പോഴും തീർന്നിട്ടില്ല. അതുപോലെതന്നെ ബാങ്കിലെ ജനറൽ മാനേജർ ബാങ്കിന്റെ ചെക്ക് ഉപയോഗിച്ച് ബാങ്കിൽനിന്നും പണം തിരിമറി നടത്തി. ഇപ്പോൾ തിരിമറി തെളിഞ്ഞു, പണം തിരിച്ചടച്ചു, ഒരു നടപടിയുമില്ല. അതുപോലെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, ബാങ്കിന്റെ എറണാകുളം ട്രെയിനിംഗ് സെന്ററിന്റെ നവീകരണത്തിന് 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എടുത്ത് 2013-ൽ തുടങ്ങിയ പണി ഇപ്പോഴും തീർന്നിട്ടില്ല. നാല് കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രി അറിയുന്നില്ലേ? അങ്ങ് ഒരു അഡ്മിനിസ്ട്രേറ്ററെ വച്ചിട്ടുണ്ട്. വിജിലൻസ് എൻക്വയറി വന്നിട്ട് മൂന്ന് വർഷമായി. കേസ് രജിസ്റ്റർ ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞോ? നിങ്ങൾ രണ്ടുകൂട്ടരുംകൂടിയുള്ള കച്ചവടമാണെന്ന് ജനം പറയും അതുകൊണ്ടാണ് പറയുന്നത്. അഴിമതി നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ പോലീസ് വിജിലൻസ് എൻക്വയറിയുണ്ട്. നിങ്ങൾ എന്തുകൊണ്ട് അവരെ അറസ്റ്റ് ചെയ്യാനോ നടപടി സ്വീകരിക്കാനോ തയ്യാറാകുന്നില്ല. ഇവിടെ ശ്രീ. പി. ടി. തോമസ് വലിയ ആവേശത്തോടെ സംസാരിച്ചുകേട്ടു. എന്താണ് ഇത്ര ആവേശം. അദ്ദേഹം വീക്ഷണം പത്രത്തിന്റെ കോമ്പൗണ്ടിൽനിന്ന് നാല് തേക്കിൻതടി വെട്ടി വിറ്റു, സത്യം പറയണം, അങ്ങയുടെ പേരിൽ വനംവകുപ്പ് കേസെടുത്തിട്ടുണ്ടല്ലോ? നമ്മുടെ ആളല്ലേ, ഉള്ളത് പറയേണ്ടേ, അതുകൊണ്ട് ശ്രീ. പി. ടി. തോമസിനോട് ഇത്തിരി മനഃപ്രയാസമൊക്കെയുണ്ട്.

മി. ചെയർമാൻ: ശ്രീ. പി. സി. ജോർജ്, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ കുറച്ചുനാളായി വീക്ഷണം പത്രത്തിന്റെ

എം.ഡി.-യാണ്. ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് ഞാൻ വീക്ഷണം പത്രത്തിന്റെ ഓഫീസിൽനിന്ന് തേക്ക് വെട്ടി വിറ്റു എന്ന് പറഞ്ഞു. ഇന്ന് രാവിലെ ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലനും എന്നോട് അതിനെപ്പറ്റി ചോദിച്ചു. വീക്ഷണത്തിൽനിന്നും പണാപഹരണം നടത്തിയതിന്റെ പേരിൽ പിരിച്ചു വിടപ്പെട്ട രണ്ടുമൂന്ന് ആളുകളുണ്ട്. വീക്ഷണത്തിന്റെ കോമ്പൗണ്ടിലാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ ട്രാൻസ്ഫോർമർ വച്ചിരിക്കുന്നത്. ആ ട്രാൻസ്ഫോർമർ പിറകോട്ട് എടുത്തുമാറ്റി വയ്ക്കുന്നതിനുവേണ്ടി സൗകര്യം തരണമെന്ന് ഇലക്ട്രിസിറ്റി ബോർഡുകാർ അഭ്യർത്ഥിച്ചു. അപ്പോൾ അവിടെ നിന്ന രണ്ട് തേക്ക് വെട്ടിമാറ്റി ട്രാൻസ്ഫോർമർ വയ്ക്കാൻ സ്ഥലം കൊടുത്തു. അതിനുപകരം നാല് പുതിയ മരങ്ങളും ഞങ്ങൾ അവിടെ നട്ടിട്ടുണ്ട്. വെട്ടിയ രണ്ട് തേക്കിന്റെ തടിയും അവിടെ കിടക്കുന്നുണ്ട്.

ശ്രീ. എം. സ്വരാജ്: ശ്രീ. പി. ടി. തോമസ് കേസിൽ പ്രതിയാണോ?

ശ്രീ. പി. ടി. തോമസ്: സർ, നമ്മുടെ പട്ടയ സ്ഥലത്തുനിന്നും തടി വെട്ടിയാൽ കുഴപ്പമില്ലെന്ന് രാവിലെ ഇവിടെ മന്ത്രി തന്നെയല്ലേ പറഞ്ഞത്. എന്തിനാണ് കേസെടുക്കുന്നത്? ഇടതുപക്ഷ ഗവൺമെന്റിനെ സഹായിക്കാൻ ചെയ്തതാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ട്രാൻസ്ഫോർമർ വയ്ക്കാൻ സ്ഥലം കൊടുക്കുന്നതിനുവേണ്ടി ചെയ്തതാണ്. ശ്രീ. പി. സി. ജോർജിനെപ്പോലെയുള്ളവരുടെ പേരിൽ എത്ര ആരോപണം വന്നു.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. പി. ടി. തോമസിന് സത്യം പറയാൻ അവസരമുണ്ടാക്കിയതിന് നന്ദി പറയുന്നതിനുപകരം മോശം വർത്തമാനം പറയരുത്. ഞാൻ ഇത് പറയുന്നതിനുവേണ്ടി ശ്രീ. പി. ടി. തോമസ് പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. സഹകരണ വകുപ്പിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുമ്പോൾ ഞാൻ പറഞ്ഞ ആരോപണങ്ങൾക്ക് മറുപടി പറയണം. എത്ര കോടി രൂപയാണ് മോഷ്ടിച്ചുകൊണ്ടുപോകുന്നത്? അവരെ അറസ്റ്റ് ചെയ്യാനുള്ള ആർജ്ജവം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ചുരുക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ ആദ്യം ചെയ്യേണ്ടത് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുക എന്നുള്ളതാണ് . ഒരു രാഷ്ട്രീയക്കാരൻ എന്ന നിലയിൽ, ഒരു ഭരണാധികാരി എന്നുള്ള നിലയിൽ അദ്ദേഹത്തെ നേരിട്ട് അറിയാനുള്ള ഒരു സന്ദർഭം എനിക്ക് ഈ അടുത്തകാലത്തുണ്ടായി. ഈ വർഷത്തെ തൃശ്ശൂർപൂരവുമായി ബന്ധപ്പെട്ട് തെച്ചിക്കോട് രാമചന്ദ്രനെന്ന ആനയെ എഴുന്നള്ളിക്കണമെന്ന പൂരപ്രേമികളുടെയും ആനപ്രേമികളുടെയും വിശ്വാസികളുടെയും ആഗ്രഹത്തെ തടസ്സപ്പെടുത്തുന്ന നിലയിൽ വനം വകുപ്പിന്റെ ചില ഉന്നതന്മാർ സജീവമായി രംഗത്തുവന്നു. ദേവസ്വംവകുപ്പുമന്ത്രി എന്ന നിലയിൽ ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഈ വിഷയത്തിൽ ഇടപെടുകയും വളരെ നല്ല നിലയിൽ ഒരു പ്രശ്നവുമുണ്ടാകാതെ; രാഷ്ട്രീയമായും മതപരമായും വിശ്വാസപരമായും മുതലെടുപ്പ് നടത്താൻ അനുവദിക്കാതെ ഈ വിഷയം വളരെ സൗമ്യമായി പരിഹരിക്കാൻ മുൻകയ്യെടുത്തതിന് മന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ് . അതിന് അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ് . സുനിൽ കുമാറിനെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ് . അദ്ദേഹം സഭയിലുണ്ട് , ഇല്ലെങ്കിലും ഇക്കാര്യം പറയാനിരുന്നതാണ് .

ടൂറിസം മേഖലയെക്കുറിച്ച് പറയുമ്പോൾ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് റെസ്പോൺസിബിൾ ടൂറിസം എന്ന പദ്ധതി നടപ്പിൽ വന്നത് . ഇവിടെ അംഗങ്ങൾ സംസാരിക്കുമ്പോൾ എല്ലാ മണ്ഡലത്തിലും ഓരോ ടൂറിസം പദ്ധതി വേണമെന്ന് ആവശ്യപ്പെടാറുണ്ട് . എന്റെ മണ്ഡലത്തിൽ ഞാൻ ഒരു ടൂറിസം പദ്ധതിയും ആവശ്യപ്പെട്ടിട്ടില്ല. കാരണം, 140 മണ്ഡലത്തിലും ടൂറിസം നടപ്പിലാക്കാൻ സാധിക്കില്ല. പക്ഷെ കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ - തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടാൽ കോവളം, പൊന്മുടി, വർക്കല, കുമരകം, ആലപ്പുഴ, ഇടുക്കി, മൂന്നാർ, തേക്കടി, വാഗമൺ, വയനാട് , കാഞ്ഞങ്ങാട് , ബേക്കൽ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകൾ വന്നുകഴിഞ്ഞാൽ എല്ലാ സൗകര്യങ്ങളുമുള്ള സെന്ററുകളാക്കി മാറ്റാൻ ശ്രമിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് . അതിനുള്ള നടപടികൾ അങ്ങ് തുടങ്ങിയിട്ടുണ്ട്. അതിൽ അങ്ങ് വ്യക്തിപരമായി ശ്രദ്ധിക്കുകയും അക്കാര്യത്തിൽ ഉദ്യോഗസ്ഥരെ വേഗത്തിൽ പ്രവർത്തിപ്പിക്കാൻ മുൻകയ്യെടുക്കുകയും വേണം. ഉദ്യോഗസ്ഥർക്ക് 35 വർഷം സർവ്വീസ് കിട്ടും, പക്ഷെ മന്ത്രിക്ക് 5 വർഷമേ ലഭിക്കുകയുള്ളൂ. അത് ശ്രീമതി ഇ. എസ് . ബിജിമോളുടെ പ്രസംഗത്തിൽനിന്ന് നമുക്ക് മനസ്സിലായി. അത് അങ്ങും മനസ്സിലാക്കുമെന്ന് എനിക്കറിയാം. തീർച്ചയായും വളരെ വേഗത്തിൽ അത് ചെയ്യണം. കൂടുതൽ ശൗചാലയങ്ങൾ നിർമ്മിക്കുകയും റെസ്പോൺസിബിൾ ടൂറിസത്തിന്റെ ഭാഗമായി ഗൈഡുകളെ നിയമിക്കുകയും വേണം. ഇപ്പോൾ ലോകത്തെവിടെ ടൂർ പോകണമെങ്കിലും ഇന്റർനെറ്റിൽ കയറി നോക്കിയാൽ മതി. ഇഷ്ടംപോലെ സൈറ്റുകളുണ്ട് . അതിലറിയാം, ഇന്ന സ്ഥലത്ത് പോയാൽ ഇന്ന ഹോട്ടലുണ്ട്, ഇന്ന അക്കോമഡേഷനുണ്ട് , ഒരു വാഹനം പിടിച്ചുപോകാൻ എത്ര രൂപയാകും, ഏറ്റവും നല്ല വാഹനം നൽകുന്ന കമ്പനിയേതാണ് , ഇതെല്ലാം അതിൽ പറയുന്നുണ്ട്. അങ്ങനെ ലോകത്തെ ടൂറിസം വിരൽത്തുമ്പിലേയ്ക്ക് വരുമ്പോൾ കേരളത്തിലേയ്ക്ക് ഒരു ടൂറിസ്റ്റ് കടന്നുവന്നാൽ കേരളത്തിൽ എവിടെ പോകണം, എത്ര ചെലവാകും, ഹോട്ടൽ മുറിക്ക് എന്താണ് വാടക, ഹോട്ടൽ മുറിക്കകത്തെ സ്ഥിതിയെന്താണ്, ബാത്ത്റൂമിലെ വൃത്തി എങ്ങനെയാണ് ഇതെല്ലാം അവർ പരിശോധിക്കും. അങ്ങനെ നോക്കുമ്പോൾ നമ്മുടെ നാട്ടിലെ ചില ഗൈഡുകൾ അഞ്ചും പത്തും രൂപയ്ക്ക് യാതൊരു റെസ്പോൺസിബിലിറ്റിയുമില്ലാതെ വിദേശികളെ

പറ്റിക്കുന്നതായി കാണുന്നുണ്ട് . അവരെ നിയന്ത്രിക്കണം. ആരാണ് ഗൈഡ് എന്നറിയില്ല. ആലപ്പുഴയിലൊക്കെ പോയിക്കഴിഞ്ഞാൽ ആരാണ് ഗൈഡ് എന്നറിയില്ല, മൂന്നാറിൽ ചെന്നാലും റാഞ്ചിക്കൊണ്ടുപോകുകയാണ് . അങ്ങനെ റാഞ്ചിക്കൊണ്ടു പോയി പറ്റിച്ചുവിട്ടാൽ, ടൂറിസ്റ്റുകളിൽനിന്ന് അഞ്ച് ഡോളർ പറ്റിച്ചാൽ 5000 ഡോളറിന്റെ നാശനഷ്ടം നമ്മുടെ ടൂറിസം മേഖലയിലുണ്ടാകും. കാരണം അവർ ഫെയ്സ്ബുക്കിൽ എഴുതും, അങ്ങോട്ടൊന്നും പോകരുത് , കുഴപ്പമാണെന്നൊക്കെ പറയും. അതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവരെ പറ്റിച്ചുവെന്ന് തോന്നിയാൽ അവർ പ്രതികരിക്കും. കോടാനുകോടി രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് മാർക്കറ്റ് ചെയ്തുകൊണ്ടുവരുന്ന കേരള ടൂറിസം എന്ന ബ്രാൻഡിനെത്തന്നെ ഇല്ലാതാക്കിക്കളയും. അതുകൊണ്ട് നമുക്ക് ഉത്തരവാദിത്തമുണ്ട്. കെനിയയിലൊക്കെ ടൂറിസം ഗൈഡാകണമെങ്കിൽ അതിനുവേണ്ടി ഡിഗ്രി കോഴ്സുകളുണ്ട് . ഇംഗ്ലീഷ് പഠിക്കണം, അവിടെ വളരുന്ന ജീവികളെക്കുറിച്ചും പക്ഷികളെക്കുറിച്ചും പഠിക്കണം, ഡ്രൈവിംഗ് അറിഞ്ഞിരിക്കണം, ഇതെല്ലാം പറഞ്ഞുതരാൻ കഴിവുള്ള ആളാണ് ഗൈഡായി വരുന്നത്. ടൂറിസത്തെ ആശ്രയിച്ച് മുന്നോട്ടുപോകുന്ന കേരളംപോലുള്ള ഒരു സംസ്ഥാനത്ത് അത്തരം കോഴ്സുകൾ ആരംഭിക്കണം. കേരള ടൂറിസത്തെ അതിന്റെ അത്യുന്നതങ്ങളിൽ എത്തിക്കാനുള്ള ഒരു ആശയം ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ് . ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് അംഗങ്ങളും ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങ് ദേവസ്വം വകുപ്പുമന്ത്രി കൂടിയാണ്. സാംസ്കാരികവും ആത്മീയവുമായ നമ്മുടെ അമൂല്യസമ്പത്തിനെ ലോകശ്രദ്ധയിൽ കൊണ്ടുവരിക എന്നതാണ് നമ്മുടെ ലക്ഷ്യം. ലോകമെമ്പാടും പ്രചാരമുള്ള ഇംഗ്ലീഷ് വാരികയായ ടൈം വാരികയുടെ മുഖചിത്രത്തിൽ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് - 'The richest God in the world' എന്നാണ്- ലോകത്തെ ഏറ്റവും സമ്പന്നനായ ദൈവമെന്നാണ്. ആ വാർത്തയുടെ പ്രചോദനമുൾക്കൊണ്ടുകൊണ്ട് വിദേശികളായ ആയിരക്കണക്കിനാളുകൾ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ അപൂർവ്വമായ ആഭരണശേഖരങ്ങൾ കാണാനെത്തി. പക്ഷെ അവർക്കാർക്കും അതൊന്നും കാണാൻ സാധിച്ചില്ല. പൗരാണിക മാതൃകയിലുള്ള ആഭരണങ്ങൾ, തിരുവസ്ത്രങ്ങൾ എന്നിവയടങ്ങുന്ന രണ്ടായിരത്തോളം ഇനങ്ങൾ ഈ ശേഖരത്തിലുണ്ടെന്നാണ് മനസ്സിലാക്കുന്നത് . ഭഗവാന്റെ തിരുസ്വത്ത് എന്ന നിലയിൽ ഇവ ഭക്തർക്കും ഭക്തജനങ്ങൾക്കും കാണുവാൻ കഴിയുന്ന തരത്തിൽ പ്രകാശിതമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നിലവറയിലെ ഇരുട്ടിൽ കല്പാന്തകാലത്തോളം അദൃശ്യമായി കൂട്ടിവയ്ക്കുന്നതിനേക്കാൾ തലമുറകളുടെ ദർശനപുണ്യത്തിന് അവസരമൊരുക്കുന്നതാണ് ഉചിതമെന്ന് ഞാൻ കരുതുന്നു. ഇപ്രകാരം ചെയ്യുമ്പോൾ അതീവജാഗ്രതയും കർശനമായ സുരക്ഷാ നിബന്ധനകളും ആചാരമര്യാദകളും പാലിക്കപ്പെടുകയും വേണം. 'മാനവസേവയാണ് മാധവസേവ' എന്ന വിശ്വാസദർശനത്തിന്റെ സാക്ഷാത്കാരവും ഇതിലൂടെയുണ്ടാക്കാനാകും. ഇക്കാര്യത്തിൽ എന്റെ ഒന്നുരണ്ടു നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

കോടാനുകോടി ഭക്തരുടെ വിശ്വാസകേന്ദ്രമായ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ എല്ലാ പവിത്രതയും നിലനിർത്തിക്കൊണ്ടാകണം ഈ പദ്ധതി നടപ്പിലാക്കാൻ. ക്ഷേത്രാങ്കണത്തിൽ ക്ഷേത്രത്തിന്റെ ചുവരിനോട് ചേർന്നുള്ള ഉചിതമായ സ്ഥലത്ത് ഉദ്ദേശം 20,000 സ്ക്വയർ ഫീറ്റ് സ്ഥലത്ത് ഒരു മ്യൂസിയം സജ്ജമാക്കണം. ആഭരണങ്ങൾ മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകാനോ വിൽക്കുവാനോ കൈമാറ്റം ചെയ്യപ്പെടാനോ ഉള്ള യാതൊരു സാധ്യതകളുമുണ്ടാകരുത്. ഒരേ ഒരു വാതിൽ മാത്രമേ ഇതിനുണ്ടാകാൻ പാടുള്ളൂ. അതിനുള്ളിലും പരിസരത്തും അത്യാന്താധുനിക ക്യാമറകളടങ്ങുന്ന നിരീക്ഷണ സംവിധാനങ്ങളും യാതൊരു പഴുതുമില്ലാത്ത സുരക്ഷ ഉറപ്പാക്കുന്ന ഉപകരണങ്ങളും സ്ഥാപിക്കണം. അമൂല്യമായ ആയിരക്കണക്കിന് തിരുസ്വത്തുക്കൾ ഒരുമിച്ച് പ്രദർശനത്തിന് വയ്ക്കരുത് . ആദ്യഘട്ടത്തിൽ അവയിൽ 100 ഇനങ്ങൾ തെരഞ്ഞെടുത്ത് ദർശനത്തിന് വയ്ക്കണം. ഇപ്രകാരം ഓരോവർഷവും ഓരോ സെറ്റായി പ്രദർശിപ്പിക്കപ്പെടുമെന്ന അറിയിപ്പോടെ വേണം ചെയ്യാൻ. ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ ദർശനത്തിന് സ്വദേശിക്ക് 200 രൂപയും വിദേശിക്ക് 500 രൂപ നിരക്കും ഏർപ്പെടുത്തണം. ടിക്കറ്റ് വില്പനയിലൂടെ ലഭിക്കുന്ന വരുമാനത്തിൽനിന്ന് മ്യൂസിയത്തിന്റെ നടത്തിപ്പ് , ചെലവുകൾ, സുരക്ഷാ ക്രമീകരണങ്ങളുടെ ചെലവുകൾ തുടങ്ങിയവയ്ക്ക് ഉപയോഗിക്കപ്പെട്ടതിന്റെ ബാക്കി വരുന്ന തുക ചുവടെ പരാമർശിക്കും പ്രകാരം നാലായി വിഭജിച്ച് വിനിയോഗിക്കണം. 25 ശതമാനം തുക ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുക. 25 ശതമാനം തുക മ്യൂസിയത്തിന്റെ കാലാനുസൃതമായ പുരോഗതിക്കും സുരക്ഷാകാര്യങ്ങൾക്കുംവേണ്ടി ഉപയോഗിക്കണം. അടുത്ത 25 ശതമാനം തുക കേരളത്തിൽ തകർന്നുകിടക്കുന്ന ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് കുറ്റമറ്റ രീതിയിൽ ഉപയോഗിക്കപ്പെടണം. മലബാർ ദേവസ്വത്തിന്റെ കീഴിൽ ഇപ്പോൾ സർക്കാർ ഏറ്റെടുത്തിട്ടുള്ളതടക്കം നിത്യനിദാന ചെലവുകൾക്ക് ബുദ്ധിമുട്ടുന്ന ഒട്ടനവധി ക്ഷേത്രങ്ങളുണ്ട്. അവയുടെ നവീകരണത്തിന് ഈ തുക ഉപയോഗിക്കണം. ബാക്കി 25 ശതമാനം തുക കേരളത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങൾക്കായി, ജാതി, മതങ്ങൾക്കതീതമായി മാനവസേവയാണ് മാധവസേവ എന്ന സങ്കല്പത്തിൽ ആർ.സി.സി., മലബാർ കാൻസർ സെന്റർ തുടങ്ങിയ സ്ഥലങ്ങളിൽ ആധുനിക ചികിത്സയ്ക്കാവശ്യമായുള്ള നൂതന ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ ശേഖരിക്കുന്നതിന് ഉപയുക്തമാക്കണം. പ്രസ്തുത ഉപകരണങ്ങളും മരുന്നുകളും ഉപയോഗിച്ചുകൊണ്ടുള്ള ചികിത്സ സമൂഹത്തിലെ ഏറ്റവും നിർദ്ധനരും പാവപ്പെട്ടവരുമായ കാൻസർ രോഗികൾക്ക് സൗജന്യമായി ലഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകണം. വ്യക്തിഗതമായി ആർക്കും പണം നൽകുന്ന രീതി യുണ്ടാകാൻ പാടില്ല. സൗജന്യ ചികിത്സ എല്ലാവർക്കും ലഭ്യമാക്കണം. ഇതാണ് എന്റെ ആശയം. ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കിയാൽ ഇത് കാണുന്നതിനുവേണ്ടി ഓരോ വർഷവും കോടാനുകോടി വിദേശീയർ വരും. ഞാൻ ബഹുമാനപ്പെട്ട എ. കെ. ബാലന്റെ നേതൃത്വത്തിൽ ലണ്ടനിൽ പോയിരുന്നു. ഞങ്ങൾ പല

മ്യൂസിയങ്ങളും കണ്ടു. അന്ന് അദ്ദേഹവുമായി യാത്ര ചെയ്യുമ്പോഴുണ്ടായ പ്രചോദനത്തിൽനിന്നാണ് ഞാനിത് എഴുതിയുണ്ടാക്കിയത് . ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കണമെന്ന് ആറുമാസം മുമ്പ് അദ്ദേഹത്തിന് ഒരു കത്ത് കൊടുത്തിരുന്നു. ഫോക്‌ലോർ അക്കാദമിയടക്കമുള്ള അക്കാദമികളുടെ നൃത്തങ്ങൾ, സംഗീതം, കഥകളി, ഓട്ടൻ തുള്ളൽ, പ്രൊഫഷണൽ നാടകം, അമച്വർ നാടകങ്ങൾ, യക്ഷഗാനം, വിൽപ്പാട്ടുകൾ ഇതെല്ലാം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഇത് ഓരോ ജില്ലകളിലും ടൂറിസം പാക്കേജായി നടപ്പാക്കണം. ഓരോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഇതൊക്കെ ആസ്വദിക്കാനുള്ള സംവിധാനം അവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് ഒരുക്കിക്കൊടുക്കണം. അങ്ങനെ നമ്മുടെ സാംസ്കാരിക പൈതൃകംകൂടി ഉയർത്തി പ്പിടിക്കുന്ന ഒരു ടൂറിസം സർക്യൂട്ട് കലണ്ടർ പ്രസിദ്ധീകരിക്കാൻ കഴിയണം. കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റിന് ആലപ്പുഴയിലോ അല്ലെങ്കിൽ കൊല്ലത്തോ പോയാൽ പ്രൊഫഷണൽ നാടകം കാണാൻ സാധിക്കും. ഇതിന്റെ ഗുണമെന്ന് പറഞ്ഞാൽ ഇത് നമുക്ക് മാർക്കറ്റ് ചെയ്യുകയും ചെയ്യാം. ഈ രംഗത്ത് നിൽക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും അന്നം മുട്ടാതെ കഴിയാനുള്ള അവസരമു ണ്ടാക്കിക്കൊടുക്കാൻ കഴിയും. അതിനാണ് ഞാനിത് പറയുന്നത് . അതുപോലെ തിരുവനന്തപുരത്തെ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വിഷയത്തിൽ മന്ത്രിമാർ ചെയ്തത് എനിക്കറിയാം, ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഞാൻ ഈ പറയുന്ന പ്രൊപ്പോസൽ ഗവൺമെന്റിന് വിശദമായി നൽകാം. ഞാൻ ഇപ്പോൾ വായിച്ചുവെന്നേയുള്ളൂ. ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുമ്പിൽ ഗവൺമെന്റ് സമർപ്പിക്കണം. സമർപ്പിച്ച് അനുവാദം വാങ്ങി നടപ്പിൽ വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് .

സഹകരണ വകുപ്പിനെക്കുറിച്ച് ഒരു കാര്യം പറഞ്ഞ് ഞാൻ നിർത്താം, സഹകരണ വകുപ്പ് നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ചു. തീർച്ചയായും അങ്ങയുടെ നേതൃത്വത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ഏകീകരിച്ച് കേരള ബാങ്കാക്കു ന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെ അഭിനന്ദിക്കുകയാണ്. ഭവനം നഷ്ടപ്പെട്ട മൂവായിരത്തോളം കുടുംബങ്ങൾക്ക് വീട് വച്ചുകൊടുത്ത സഹകരണ വകുപ്പിന്റെ ആർജ്ജവത്തെ അഭിനന്ദിക്കുന്നു. അതോടൊപ്പം കൺസ്യൂമർ ഫെഡിലെ അഴിമതിയും അവസാനിപ്പിച്ച് മുന്നോട്ടുപോകുകയാണ്. പൊതുവിതരണ സംവിധാനത്തെ ഒന്നുകൂടി ശക്തിപ്പെടുത്തണം. അതിന് അങ്ങ് മുൻകയ്യെടുക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ് .

ഒരു സംശയംകൂടി ചോദിച്ച് ഞാൻ എന്റെ പ്രസംഗം നിർത്താം. സഹകരണ മേഖല വിമാന സർവ്വീസ് തുടങ്ങുന്നത് സംബന്ധിച്ച് പത്രത്തിൽ വാർത്ത വന്നിരുന്നു. കേരളത്തിൽ ലാഡർ എന്ന് പറയുന്ന സഹകരണ സ്ഥാപനം ജനങ്ങളോട് പണം ചോദിക്കുകയാണ്; അത് കൊടുക്കണമോ; വേണ്ടയോ? കേരളത്തിലെ ജനങ്ങൾ മാഞ്ചിയവും ആടുംപോലുള്ള പദ്ധതികളിലൂടെ ഒരുപാട് ബുദ്ധിമുട്ട്

അനുഭവിച്ചതാണ്. ലാഡർ എന്ന് പറയുന്ന സ്ഥാപനം സഹകരണ മേഖലയിലെ ലക്ഷ്യങ്ങൾ തെറ്റിച്ച് മുന്നോട്ട് പോവുകയാണെന്നൊരു സംശയമുണ്ട്. കാരണം, അവർ റിയൽ എസ്റ്റേറ്റ് ബിസിനസ്സിലേയ്ക്ക് പോവുകയാണ്. അവർ ഫ്ലാറ്റ്, ഹോട്ടൽ എന്നിവയെല്ലാം നിർമ്മിക്കുന്നുവെന്ന് പറയുന്നു. ജനങ്ങളിൽനിന്ന് പണം ശേഖരിക്കുകയാണവർ. ഇതൊരു സഹകരണ പ്രസ്ഥാനമാണെങ്കിൽ ഈ പണം നഷ്ടപ്പെട്ടാൽ സഹകരണ വകുപ്പിന് ഉത്തരവാദിത്തമുണ്ടോ; ഗ്യാരന്റിയുണ്ടോ? ഇന്നലെ മാതൃഭൂമി പത്രത്തിന്റെ മുൻപേജിൽ അവർ വിമാന സർവ്വീസ് തുടങ്ങാൻ പോകുന്നുവെന്ന വാർത്ത കണ്ടു. കേരളത്തിലെ നിരവധിയായ സഹകരണ മേഖലയിൽനിന്ന് പണം ശേഖരിച്ച് വിമാന സർവ്വീസ് തുടങ്ങുമെന്നാണ് പറയുന്നത്. അങ്ങനെ എന്തെങ്കിലും പദ്ധതിക്ക് ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുണ്ടോ? ബാങ്കുകളിൽനിന്ന് വായ്പ എടുത്ത് വിമാന സർവ്വീസ് തുടങ്ങിയ വിജയ് മല്ല്യ പണവുംകൊണ്ട് എങ്ങോട്ട് പോയിയെന്നത് നമ്മൾ കണ്ടതാണ്. ഇതുപോലുള്ള ആളുകൾ പണവുംകൊണ്ട് കേരളത്തിൽനിന്ന് പറക്കാൻ ഇടവരരുത്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇക്കാര്യത്തിൽ ഒരു വ്യക്തത നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ദേവസ്വം വകുപ്പ് ചർച്ചയിൽ വരുന്നില്ലെങ്കിൽപ്പോലും, വളരെ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന നല്ല പൊതുപ്രവർത്തകനെയും ഭരണാധികാരിയെയും അഭിനന്ദിച്ചുകൊണ്ട് ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ശക്തമായി പിന്താങ്ങുകയാണ്.

ശ്രീ. വി. ജോയി: സർ, സഹകരണം, ടൂറിസം വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. സഹകരണ രംഗത്ത് കഴിഞ്ഞ മൂന്നുവർഷമായി നടക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്നതിനുവേണ്ടിയുള്ള ഗൂഢശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റും കേന്ദ്ര ഏജൻസികളും വ്യാപകമായി നടത്തിയ സന്ദർഭത്തിൽ ഒരു സഹകാരി എങ്ങനെയാണ് പ്രവർത്തിക്കുന്നത്, അതുപോലെ, നാട്ടിലിറങ്ങി സഹകരണ പ്രസ്ഥാനങ്ങളിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടാക്കുന്ന തരത്തിൽ നന്നായി പ്രവർത്തിച്ച, അതിന് നേതൃത്വം നൽകിയ ബഹുമാന്യനായ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനെ അഭിനന്ദിക്കുകയാണ്.

സാധാരണ നടത്തുന്ന പ്രവർത്തനങ്ങളിൽനിന്ന് വ്യത്യസ്തമായി പ്രളയാനന്തര പുനർനിർമ്മാണവും ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കലുമടക്കം ധാരാളം പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഈ കാലഘട്ടത്തിനുള്ളിൽ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ടെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. സഹകരണ മേഖല ഇപ്പോൾ നടത്തുന്ന ചില പുതിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് നോക്കുമ്പോൾ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ ചില വാചകങ്ങളാണ് എനിക്ക് ഓർമ്മ വരുന്നത്. ജന്മദിനത്തെയും സ്വപ്നങ്ങളെയും സംബന്ധിച്ചും എ. പി. ജെ. അബ്ദുൾ കലാമിന്

ചില സങ്കൽപ്പങ്ങളുണ്ട്. അദ്ദേഹം ഒരിക്കൽ പറഞ്ഞത്, ഒരു വീടിനെ അപേക്ഷിച്ച് നോക്കുമ്പോൾ അതിന്റെ വാതിൽ എത്രയോ ചെറുതാണ്. വാതിലിനെ അപേക്ഷിച്ച് നോക്കുമ്പോൾ അതിന്റെ ലോക്ക് തീരെ ചെറുതാണ്. എല്ലാത്തിലും ചെറുതായി അതിന്റെ താക്കോലും. പക്ഷെ, ഒരു താക്കോൽ മതി ആ വീട് മുഴുവൻ തുറക്കാൻ. ഒരു ചെറിയ നല്ല തീരുമാനം മതി, വലിയ ഒരു ഇംപാക്ട് സൃഷ്ടിക്കാൻ. അങ്ങനെ ചെറിയ തീരുമാനം, വളരെ ശാന്തമായി, നിശബ്ദമായി, പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടുപോയ പതിനായിരങ്ങളെ സഹായിക്കാൻവേണ്ടി സഹകരണ മേഖല എടുത്തതാണ് 'കെയർ ഹോം പദ്ധതി'. ആദ്യഘട്ടത്തിൽ രണ്ടായിരത്തോളം ആളുകൾക്ക് തല ചായ്ക്കാനുള്ള ഒരിടം, വലിയ കൊട്ടിഘോഷിപ്പും പ്രചരണങ്ങളു മില്ലാതെ വളരെ സമാധാനപരമായി, ശാന്തമായി അഞ്ചുലക്ഷം രൂപമുടക്കി അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി എടുത്ത തീരുമാനം ഏറെ ശ്ലാഘനീയമാണ്. മറ്റുകാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ഇക്കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ കേരള ബാങ്കുമായി ബന്ധപ്പെട്ട വലിയ ചർച്ചകളാണ് പ്രതിപക്ഷം കൊണ്ടുവന്നത്. കേരള ബാങ്ക് രൂപീകരണത്തെ എന്ത് വില കൊടുത്തും എതിർക്കുമെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞത്. അദ്ദേഹം അത് പറയുക മാത്രമല്ല, കേരള ബാങ്ക് രൂപീകരണം തടസ്സപ്പെടുത്തുന്ന തരത്തിൽ ആർ.ബി.ഐ.-ക്ക് കത്ത് കൊടുക്കുകയും ചെയ്തു. മറ്റ ചില ആളുകൾ കോടതിയെ സമീപിക്കുകയും ആർ.ബി.ഐ.-ക്ക് വ്യാജ പരാതികൾ അയയ്ക്കുകയും ചെയ്തു. ഇത് എന്തിനുവേണ്ടിയായിരുന്നുവെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവിനോട് ഞാൻ ചോദിക്കുകയാണ്. സംസ്ഥാന സഹകരണ വകുപ്പ് ത്രീ ടയർ സിസ്റ്റത്തെ ടൂ ടയർ സിസ്റ്റമാക്കി ചുരുക്കി കേരള ബാങ്ക് കൊണ്ടുവരുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു നാഴികക്കല്ലായി മാറാൻ പോവുകയാണ്. കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങളിലേയ്ക്ക് പോകുമ്പോൾത്തന്നെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ സഹകരണ വകുപ്പ് ഇത് പഠിക്കുന്നതിനുവേണ്ടി ഇവിടെ വന്നത് അങ്ങ് കണ്ടില്ലേ? കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിലെ പ്രതിനിധികൾ ഇവിടെ വന്നു. അവർ തിരിച്ചുപോയി അത് വേണ്ടെന്ന് വച്ചില്ല. ഇത് ഏറ്റവും നല്ല ആശയമാണെന്ന് മനസ്സിലാക്കി അവിടത്തെ ഇരുപത് ജില്ലാ സഹകരണ ബാങ്കുകളെ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുന്നതിനുവേണ്ടി തീരുമാനിച്ചു. ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥിന്റെ പ്രതിനിധികൾ ഇവിടെ വന്ന് കാര്യങ്ങൾ മനസ്സിലാക്കിയതിനു ശേഷം അമ്പത് ജില്ലാ ബാങ്കുകളെ ലയിപ്പിക്കുന്നതിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കി. മഹാരാഷ്ട്രയിൽ നബാർഡിന്റെ മുൻ ചെയർമാൻ യശ്വന്ത് തൊറാട്ടിനെ അദ്ധ്യക്ഷനാക്കി സമിതി രൂപീകരിച്ചു. തെലുങ്കാന, ഛത്തീസ്ഗഢ് തുടങ്ങിയ

സംസ്ഥാനങ്ങളെല്ലാം അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തി. ഞാൻ അദ്ദേഹത്തോട് മൂന്നുനാല് പോയിന്റുകൾ ചോദിക്കുകയാണ്. ഒന്ന്, കേരള ബാങ്ക് വരുന്നതു കൊണ്ടുള്ള ഏറ്റവും വലിയ ഗുണം വിഭവലഭ്യതയെ സംബന്ധിച്ചാണ്. ഡി.സി.ബി.-കളെ സംബന്ധിച്ചിടത്തോളം, ഓരോ ജില്ലാ ഡി.സി.ബി.-ക്കും ഓരോ ജില്ലാ ബാങ്കിനും വ്യത്യസ്തമായിട്ടുള്ള തലങ്ങളാണുള്ളത്. ഇതിനെയാകെ കൂട്ടിയോജിപ്പിച്ചാൽ 25,000 കോടി രൂപ മാത്രമേ നമുക്ക് ഇപ്പോൾ സമാഹരിക്കാൻ കഴിയൂ. പ്രളയാനന്തരം കേരളം അനുഭവിക്കുന്ന സാമ്പത്തികമായ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നുള്ളതാണ്. ഇതിനെയാണോ അദ്ദേഹവും യു.ഡി.എഫ്.-ഉം എതിർക്കുന്നത്? രണ്ട്, കേരള ബാങ്ക് വരികയാണെങ്കിൽ പലിശ കുറച്ച് സാധാരണക്കാരന് ലോൺ കൊടുക്കാൻ സാധിക്കും. ഇപ്പോൾ നമ്പാർഡിന്റെ റീ- ഇമ്പേഴ്സ്മെന്റ് പദ്ധതി വരുന്നുണ്ട്. നബാർഡ് നാലര ശതമാനം പലിശ നിരക്കിലാണ് തുക നമുക്ക് തരുന്നത്. ആ തുക ഏഴ് ശതമാനം പലിശ നിരക്കിലാണ് കർഷകന് കൊടുക്കുന്നത്. നാലര ശതമാനത്തിൽനിന്നും ഏഴ് ശതമാനം ആകുന്നത് എങ്ങനെയാണ്? ഈ മൂന്ന് തട്ടിലേയ്ക്ക് വരുമ്പോൾ അതിന്റെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കൂടി ചേർത്താണ് ഏഴ് ശതമാനം പലിശ നിരക്കിൽ കൊടുക്കുന്നത്. ഒരു തട്ട് നമുക്ക് കുറയുകയാണെങ്കിൽ നിശ്ചയമായും സാധാരണക്കാരന്, കർഷകന് പലിശ താഴ്ത്തികൊടുക്കുന്നതിന് സാധിക്കും. ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? മൂന്ന്, കേരള ബാങ്കിനെ സംബന്ധിച്ചിടത്തോളം, സ്വകാര്യ ബാങ്കുകളുണ്ട്, ദേശസാൽകൃത ബാങ്കുകളുണ്ട്. ഇവിടെ എസ്.ബി.ടി.-യുടെയും എസ്.ബി.ഐ.-യുടെയും ലയനത്തെ സംബന്ധിച്ച് പറഞ്ഞു. എന്തെല്ലാം ചാർജ്ജുകളാണ് ഓരോ പ്രാവശ്യവും അവർ ഈടാക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ആയിരക്കണക്കിന് കോടി രൂപയാണ് സാധാരണക്കാരനിൽ നിന്ന് പിഴിഞ്ഞിട്ടുള്ളത്. എസ്.ബി.ഐ.-യുടെ മാത്രം കണക്കുപ്രകാരം 1772 കോടി രൂപ സാധാരണക്കാരനിൽനിന്ന് പിഴിഞ്ഞെടുത്തിട്ടുണ്ട്. ഈ കൊള്ള അവസാനിപ്പിക്കാൻ കേരള ബാങ്കിന്റെ രൂപീകരണം വഴിയൊരുക്കില്ലേ; ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? നാല്, ഒന്നര ലക്ഷം കോടി രൂപയാണ് പ്രതിവർഷം പ്രവാസികൾ കേരളത്തിലേയ്ക്ക് അയയ്ക്കുന്നത്. ഇതിൽ നയാപൈസപോലും സഹകരണ മേഖലയിലേയ്ക്ക് വരുന്നില്ല. ആർ.ബി.ഐ.-യുടെ നോംസ് അനുസരിച്ച് സഹകരണ മേഖലയ്ക്ക് കിട്ടാൻ സാധ്യതയില്ല. കേരള ബാങ്ക് വരികയാണെങ്കിൽ ഒന്നരലക്ഷം കോടി രൂപയുടെ വരവിൽനിന്ന് ഗണ്യമായ തുക നമുക്ക് ലഭിക്കുന്നതിനുവേണ്ടി സാധിക്കില്ലേ; ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? അഞ്ച്, ഇന്ന് നമ്മുടെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട ബാങ്കുകളെ സംബന്ധിച്ചിടത്തോളം ചെറുപ്പക്കാർക്ക് അൽപ്പംപോലും അതിനോട് വിധേയത്വമില്ല. അതിനു

കാരണം ന്യൂജനറേഷൻ/ദേശസാൽകൃത ബാങ്കുകൾ കൊടുക്കുന്ന പ്രത്യേകമായിട്ടുള്ള സൗകര്യവും നമുക്ക് കൊടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. അമ്പത് വയസ്സിന് താഴെയുള്ള എത്രയാളുകൾ സഹകരണ പ്രസ്ഥാനത്തിൽ അംഗങ്ങളായിട്ടുണ്ടെന്ന് ചോദിച്ചാൽ, അത് ഇരുപത് ശതമാനത്തിൽ താഴെ മാത്രമാണ്. അമ്പത് വയസ്സിന് താഴെയുള്ള പുതിയൊരു വിഭാഗത്തെ സഹകരണ മേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനു വേണ്ടിയുള്ള ശ്രമം കേരള ബാങ്കുമായി ബന്ധപ്പെട്ട്, ആധുനികവത്കര ണത്തിന്റെ ഭാഗമായി കൊടുക്കാൻ സാധിക്കും. ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? നിങ്ങൾ കൃത്യമായി ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് പറയേണ്ട തായിട്ടുണ്ട്. ആർ.ബി.ഐ.-യുടെ നോംസ് അനുസരിച്ച് അർബൻ ബാങ്കുകൾ ഒരുമിച്ച് ഒറ്റ ബാങ്കായി മാറണമെന്ന തീരുമാനം വന്നിട്ടുണ്ട്. ജനങ്ങൾക്ക് ഉപയോഗ പ്രദമായിട്ടുള്ള കേരള ബാങ്കിനെ എതിർക്കുന്നത് എന്തുകൊണ്ടാണെന്നുള്ളത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ നിങ്ങൾ തയ്യാറാകണം. ഞാൻ പറഞ്ഞ കാര്യങ്ങൾ പ്രധാനമായും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സഹകരണ മേഖലയിലെ അഴിമതിയെ സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ് പറഞ്ഞു. സഹകരണ മേഖലയിൽ എല്ലാ കാലത്തും അഴിമതിയുണ്ട്. ആ അഴിമതിയുടെ തോത് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. പൂഞ്ഞാർ എം.എൽ.എ. സഭയിൽനിന്ന് പോയോ എന്നറിയില്ല, പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് മൊത്തത്തിൽ അടിച്ചുമാറ്റി. ഭരണസമിതിയെ സെക്ഷൻ 65 എൻക്വയറിയുടെ ഭാഗമായി പിരിച്ചുവിട്ടു. കഴിഞ്ഞ കുറേ കാലത്തിനുശേഷം അവിടത്തെ സെക്രട്ടറിയെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്ന സാഹചര്യം വന്നു. നിങ്ങളുടെതന്നെ കോ-ഓപ്പറേറ്റീവ് സംഘടനയുടെ നേതാവാണ് സെക്രട്ടറി. അത്തരം ചില സംഭവങ്ങൾകൂടി ഇതിന്റെ ഭാഗമായി ഓർക്കേണ്ടതുണ്ടെന്ന് ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ടൂറിസവുമായി ബന്ധപ്പെട്ട് ധാരാളം അംഗങ്ങൾ ഇവിടെ സംസാരിച്ചു. നമുക്കൊരു പുതിയ മുഖമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 'സഞ്ചാരികളില്ലാത്ത നാട്' എന്നാണ് ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചത്. 'വരുമാനത്തിൽ റിക്കാർഡ് കുതിപ്പുമായി കേരള ടൂറിസം' എന്നുപറഞ്ഞ് മലയാള മനോരമ ഒരു പ്രത്യേക പംക്തി തയ്യാറാക്കിയിട്ടുണ്ട്. അതൊന്ന് വായിച്ചുനോക്കുന്നത് നല്ലതാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്, കഴിഞ്ഞ ദിവസം പാലാരിവട്ടം മേൽപ്പാലത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജിലൻസിന്റെ ഒരു റിപ്പോർട്ട് സഭയിൽ വച്ചു. സാധാരണ തങ്ങൾക്ക്

അരോചകമായിട്ടുള്ള കാര്യങ്ങൾ വരുമ്പോൾ ചില വർത്തമാനങ്ങൾ പറയുന്ന ആളുകൾപോലും ഒന്നും പറഞ്ഞില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അന്ന് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുകയാണ്. ആ സമയത്ത് കിട്ടിയ 9 നിർദ്ദേശങ്ങളടങ്ങിയ വിജിലൻസ് റിപ്പോർട്ടിലെ ഒരു കാര്യംപോലും ചെയ്യാൻ സാധിച്ചിട്ടില്ല. ഇടയ്ക്ക് യു-ട്യൂബ് തുറന്ന് മലയാള മനോരമ അവതാരിക ഷാനി ഏറ്റവും അവസാനമായി അവതരിപ്പിച്ച 'പറയാതെവയ്യ' എന്ന പംക്തി യു.ഡി.എഫ്.-ലെ ബഹുമാന്യരായിട്ടുള്ള എം.എൽ.എ.-മാർ, പ്രത്യേകിച്ചും ചെറുപ്പക്കാരായിട്ടുള്ള ആളുകൾ കേൾക്കുന്നത് വളരെ നന്നായിരിക്കുമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. 'ഒരു നഗരത്തിൽ അനീതി നടന്നാൽ സൂര്യാസ്തമയത്തിനുമുമ്പ് അവിടെ കലാപമുണ്ടാകണം' എന്നു പറയുന്ന ബെർതോൾട്ട് ബ്രെഹ്തിന്റെ ലോകപ്രശസ്തമായ വാചകം ക്വാട്ട് ചെയ്തു കൊണ്ടാണ് ഷാനി ആ പംക്തി തുടങ്ങുന്നത്. എത്ര അഴിമതിയാണ് നടന്നതെന്നു ള്ളതിനെ സംബന്ധിച്ച് നിങ്ങൾ മനസ്സിലാക്കണം. വിജിലൻസ് റിപ്പോർട്ടിലെ 9 കാര്യങ്ങളിൽ 2 കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം. നിങ്ങളുടെ കാലത്ത് ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തിന് നിശ്ചിത തുക ആർക്കാണ് കിട്ടുന്നത്? മന്ത്രിക്ക്, സെക്രട്ടറിക്ക് എന്നുപറഞ്ഞ് വലിയ തുക വാങ്ങുന്നു. ഈ തുക കൈപ്പറ്റുന്നതിന് ചില മന്ത്രിമാരുടെ ഓഫീസിൽ ആളുകളുണ്ടായിരുന്നു, പ്രത്യേകം മേശയുണ്ടായിരുന്നു. ഇത് സത്യമായ കാര്യമല്ലേ? കമ്മ്യൂണിസ്റ്റുകാർക്കെതിരെ ഉറഞ്ഞുതുള്ളുന്ന ഒരു വലിയ വിഭാഗമുണ്ടല്ലോ. കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ ഏതെങ്കിലും വാർത്ത വന്നാൽ അതിൽ പിടിച്ച് പുറകേപോകുകയും ന്യൂ മീഡിയ വന്നാൽ ആ വൃത്തികേടുകൾക്ക് സഹായകര മായിട്ടുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന ധാരാളം സംഭവങ്ങളുണ്ടല്ലോ. ആ ചെറുപ്പക്കാർപോലും ഈ അഴിമതിയെക്കുറിച്ച് മനസ്സിലാക്കുന്നില്ലെന്നുള്ളത് കാണേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇത്തരം അഴിമതികളെ സംബന്ധിച്ച് പരിശോധിച്ച് സത്യത്തിന്റേതായ മുഖം നിങ്ങൾ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സമയം തീർന്നതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ടൂറിസം, സഹകരണം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള സഹകരണം, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഋഷിതുല്യനായ കവി കബീർ ദാസ് നമ്മോട് പറയുന്ന മഹത്തായ വചനങ്ങൾ ഇവിടെ പ്രസിദ്ധമാണ്. "കൽ കരേ ജോ ആജ് കരോ, ആജ് കരേ ജോ അബ് കരോ." നാളെ ചെയ്യാനാഗ്രഹിക്കുന്നതെന്തോ അത് ഇന്ന് ചെയ്യുക, ഇന്ന് ചെയ്യാനാഗ്രഹിക്കുന്നത് ഇപ്പോൾ ചെയ്യുക. ഇത് അന്വർത്ഥമാക്കുംവിധമാണ് കേരളത്തിലെ സഹകരണവും ടൂറിസവും വകുപ്പുമന്ത്രിയും വകുപ്പും ഇവിടെ

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വേഗത്തിനൊത്ത് പ്രവർത്തിക്കുന്നില്ലെങ്കിൽ ഒരു വികസിത സംസ്ഥാനമായി ഉയർന്നുവരാൻ സാധിക്കുകയില്ലെന്ന തിരിച്ചറിവിന്റെ അടിത്തറയിൽനിന്നുകൊണ്ടാണ് സർക്കാരും അതിന്റെ ഭാഗമായുള്ള വിവിധ വകുപ്പുകളും സമയം പാഴാക്കാതെ കർമ്മനിരതമായി മുന്നോട്ടുപോകുന്നത്. " Each for All and All for Each" എന്ന സന്ദേശം കേരളീയ സമൂഹത്തിന് അനുഭവവേദ്യമാക്കിക്കൊണ്ടാണ് സഹകരണ പ്രസ്ഥാനം മുന്നോട്ടുപോകുന്നത്. ഭൂപരിഷ്കരണത്തിന്റെ ഫലമായി രൂപീകരിക്കപ്പെട്ട ഒരു ബദൽ സാമൂഹ്യ സമ്പദ്ഘടനയെ മുന്നോട്ട് കൊണ്ടുപോകാൻ കേരളത്തിന് കഴിഞ്ഞത് സഹകരണ പ്രസ്ഥാനങ്ങളുടെ ശക്തമായ സാന്നിദ്ധ്യംകൊണ്ടുമാത്രമാണ്. കൃഷി ചെയ്യുന്നവരിലേയ്ക്ക് ഭൂമി എത്തി ച്ചേർന്നപ്പോൾ കൃഷിയിറക്കാൻ അവർക്ക് മൂലധനം ആവശ്യമായിവന്നു. ജന്മിയുടെ ഭൂമിയിൽ പണിചെയ്ത് അന്നന്നത്തെ അത്താഴത്തിനുള്ള വക മാത്രമുണ്ടാക്കിയിരുന്ന കുടിയാന്റെ കയ്യിൽ അന്ന് പണമുണ്ടായിരുന്നില്ല. ഈ നിസ്സഹായാവസ്ഥ ചൂഷണം ചെയ്യാനൊരുങ്ങിയ വട്ടിപ്പലിശക്കാരുടെയും ബ്ലേഡ് കമ്പനിക്കാരുടെയും കഴുത്തറുപ്പൻ ഇടപാടുകളിൽനിന്നും ജനങ്ങളെ രക്ഷിച്ച് അവരുടെ ജീവിതത്തിനാവശ്യമായ വിഭവം ഒരുക്കിക്കൊടുത്തത് സഹകരണ ബാങ്കുകളായിരുന്നു. സഹകരണ ബാങ്കുകളില്ലായിരുന്നെങ്കിൽ ഒരുപക്ഷേ ഭൂപരിഷ്കരണത്തിന്റെ ഗുണഫലങ്ങൾ പണ്ടേ കേരളത്തിന് നഷ്ടമാകുമായിരുന്നു. വിതരണം ചെയ്യപ്പെട്ട നല്ലൊരു വിഭാഗം ഉണ്ടു ഭൂമി പണയാധാരമായി പഴയ ജന്മിമാരുടെ കൈവശംതന്നെ തിരിച്ചെത്തുന്ന സ്ഥിതിയുണ്ടാകുമായിരുന്നു. പ്രതിസന്ധികളിൽ കേരളീയ സമൂഹത്തിന് സുരക്ഷാ കവചമൊരുക്കുന്നതാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കേരളത്തിൽ വ്യത്യസ്ത മേഖലകളിൽ ഇടപെട്ടുകൊണ്ടാണിത് മുന്നോട്ട് പോകുന്നത്. വായ്പ, സംഭരണം, ഉല്പാദനം, നിർമ്മാണം, വിപണനം, കാർഷിക സംസ്കരണം, ഉപഭോക്തൃ മേഖല, പരമ്പരാഗത വ്യവസായം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ മേഖലകളുടെ വികസനം തുടങ്ങിയ സമസ്ത മേഖലകളിലും ഇത് വ്യാപിച്ച് കിടക്കുകയാണ്. ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണുകളിലൂടെ നോക്കുന്നതുകൊണ്ടാകാം കേരളത്തിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സഹകരണ, വിനോദസഞ്ചാര മേഖലകളിലെ നേട്ടങ്ങളെ കാണാൻ കഴിയാത്തത്. മിഴിനീരൊപ്പാൻ സഹകാരികൾ - പ്രളയം തകർത്ത കേരളത്തിന് ആശ്വാസവും കൈത്താങ്ങുമായി സഹകരണ മേഖല മുൻനിരയിലായിരുന്നു. സാമൂഹ്യ പ്രതിബദ്ധത പ്രതിഫലിപ്പിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മാതൃകാപരമായി നടപ്പിലാക്കാൻ കേരളത്തിന് കഴിഞ്ഞു. സമഗ്രമായ സഹകരണ നിയമ പരിഷ്കരണം ഈ കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നുവെന്നുള്ളതാണ് തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നത്.

കേന്ദ്ര നയത്തിനെതിരായിട്ടുള്ള പ്രായോഗിക ബദൽ സഹകരണ കരുത്തിലൂടെ സംസ്ഥാനത്ത് രൂക്ഷമായ അരി വിലക്കയറ്റം നിയന്ത്രിക്കാൻ സഹകരണ വകുപ്പ് നടത്തിയിട്ടുള്ള ശക്തമായ വിപണി ഇടപെടൽവഴി സാധിച്ചു. വളരെ മാതൃകാപരവും ശ്രദ്ധേയവുമായിട്ടുള്ള ഇടപെടലായിരുന്നു അത്. ഇവിടെയൊരു സ്വപ്നം പൂവണിയു കയാണ്. കേരളത്തിന്റെ സ്വന്തം ബാങ്കായ 'കേരള ബാങ്ക് ' രൂപീകരണത്തിന് നടപടികൾ പൂർത്തിയായി വരികയാണ്. ഇടതുകരുത്തിന്റെ നാട്ടിലാണ് സഹകാരികളുടെ പ്രതിരോധം നാം അനുഭവിച്ചറിഞ്ഞത്.

കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനത്തെത്തുടർന്ന് വൻ പ്രതിസന്ധിയിലായ സഹകരണ മേഖലയുടെ അതിജീവനത്തിനും സംരക്ഷണത്തിനും നിരവധി പ്രവർത്തനങ്ങൾ ആ ഘട്ടത്തിൽ വിജയകരമായി നടപ്പിലാക്കിമുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നുള്ളതാണ് ആവേശകരമായ അനുഭവം. ജനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രശ്നങ്ങൾ കണക്കിലെടുത്ത് സഹകരണ വായ്പകളിലെ ജപ്തി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചതടക്കമുള്ള ആശ്വാസ നടപടികൾ സ്വീകരിച്ച സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കണ്ണീരൊപ്പാൻ സഹകരണ മേഖല നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കു കയുണ്ടായി. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തുള്ള സഹകരണ അക്കാഡമിയായ CAPE (Co-operative Academy of Professional Education) ഇന്ന് മികവിന്റെ കേന്ദ്രമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ആകെ മെറിറ്റ് സീറ്റുകൾ 50 ശതമാന ത്തിൽനിന്ന് ഇത്തവണ 60 ശതമാനമാക്കി ഉയർത്താൻ കഴിഞ്ഞു. CAPE-ന് കീഴിലുള്ള കോളേജുകളിൽ ക്യാമ്പസ് ഇന്റർവ്യൂ ആരംഭിക്കുകയും നേട്ടങ്ങൾ കൊയ്ത് മുന്നേറുകയുമാണ്. സർക്കാരിന്റെ പരിസ്ഥിതി സൗഹൃദത്തിലധിഷ്ഠിതമായ വികസന കാഴ്ചപ്പാടിന് ഒരു പിൻബലമെന്നുള്ള രീതിയിൽ ഹരിതം സഹകരണ പദ്ധതി കേരളത്തിൽ വിജയകരമായി നടപ്പിലാക്കാൻ സാധിക്കുന്നു. ആഗോളതാപന ത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രത്യാഘാതം അനുഭവിക്കുന്ന വർത്തമാനകാലത്ത് 'തീം ട്രീസ് ഓഫ് കേരള' എന്ന പദ്ധതി വളരെ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്.

ഒരു നാടിനെ എങ്ങനെ അഴിമതി വിമുക്തമാക്കാമെന്നതിന്റെ ശുഭ സൂചനയായിരുന്നു കൺസ്യൂമർഫെഡിന്റെ പ്രശ്നം പരിഹരിച്ചതിലൂടെ വ്യക്തമായത്. ഇവിടെ പലരും ചൂണ്ടിക്കാട്ടിയതുപോലെ, സഹകരണ മേഖലയിലെ അപ്പെക്സ് സ്ഥാപനമെന്ന നിലയിൽ വിജയകരമായി മുന്നോട്ട് കൊണ്ടുപോകേണ്ടുന്ന കൺസ്യൂമർഫെഡിനെ തകർത്ത്, അഴിമതിയും അനിയന്ത്രിതമായ ധൂർത്തും കെടുകാര്യസ്ഥതയുമാണ് കേരളം കണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ സ്ഥാപനം 419 കോടി രൂപയുടെ സഞ്ചിതനഷ്ടത്തിലായിരുന്നു. അതൊന്നും നമ്മളാരും മറന്നിട്ടില്ല. ഒരുപക്ഷേ കേരളത്തിലെന്നല്ല, ഇന്ത്യയിലെന്നല്ല, ലോകത്തുതന്നെ

കേട്ടുകേൾവി പോലുമില്ലാത്തവിധം ഒരു പൊരിച്ച മീനിന് 6,000 രൂപയാണ് എഴുതിയെടുത്തത്. അതുപോലെ തൃശ്ശൂരിൽ പോകുന്നതിനുവേണ്ടി എറണാകുളത്താണ് മുറിയെടുത്ത് താമസിച്ചത്. ഇങ്ങനെയായിരുന്നു അഴിമതി കഥകൾ. ഇതൊന്നും കേരളം മറന്നിട്ടില്ല. അതിനെയെല്ലാം അഴിമതി വിമുക്തമാക്കി മുന്നോട്ട് കൊണ്ടു പോകാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു.

അതുപോലെ നവീന ശാസ്ത്രയുഗത്തിൽ, ഐ.ടി. യുഗത്തിൽ, ആധുനികതയുടെ പാതയിൽ സഹകരണ മുന്നേറ്റം ഉറപ്പുവരുത്തിക്കൊണ്ട് കാലത്തോടൊപ്പം നമ്മൾ സഞ്ചരിക്കുന്നു. അതാണ് സഹകരണ മേഖലയുടെ ആധുനികവൽക്കരണം. പ്രാഥമിക സംഘങ്ങളിലുൾപ്പെടെ ഡിജിറ്റലൈസേഷൻ നടപ്പിലാക്കാൻ കഴിഞ്ഞു. ഗ്രാമീണ വികസനത്തിനാവശ്യമായ വിഭവസമാഹരണം ഗ്രാമങ്ങളിൽനിന്നുതന്നെ സമാഹരിക്കുന്നതിനുള്ള മാർഗ്ഗം രാജ്യത്തിന് കാണിച്ചുകൊടുക്കുന്നവയാണ് കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ. ലോക പ്രസിദ്ധമായിട്ടുള്ള കേരള വികസന മാതൃക കെട്ടിപ്പടുക്കുന്നതിൽ സഹകരണ പ്രസ്ഥാനത്തിന്റെ പങ്ക് ഒട്ടും ചെറുതല്ല. നിക്ഷേപകരുടെ പണം മടക്കിക്കൊടുക്കാൻ കഴിയാതെ ലോകത്തെ വൻകിട ബാങ്കുകൾപോലും പൂട്ടേണ്ടിവരുമ്പോൾ കഴിഞ്ഞ മുപ്പത് വർഷത്തിലേറെയായി നമ്മുടെ കൊച്ചു കേരളത്തിലെ സഹകരണ പ്രസ്ഥാനം ഒരു നിക്ഷേപകന്റെയും പണം മടക്കിക്കൊടുക്കാതിരുന്നിട്ടില്ലെന്നുള്ളത് ശ്രദ്ധേയമാണ്.

സഹകരണ പ്രസ്ഥാനങ്ങൾ സാമൂഹികവും സാമ്പത്തികവുമായിട്ടുള്ള നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. പരിചിതത്വത്തിന്റെയും വിശ്വാസത്തിന്റെയും സൗഹാർദ്ദത്തിന്റെയുമൊക്കെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ജനകീയ സംരംഭമാണിത്. അതിനനുയോജ്യമാംവിധമാണ് കേരളത്തിലെ സഹകരണ മേഖലയിൽ കേരള സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ. സഹകരണ മേഖല യോടുള്ള കേന്ദ്രസർക്കാരിന്റെ വിദ്വേഷം സാധാരണക്കാരായിട്ടുള്ള ജനങ്ങളുടെ ഉയർച്ചയിലുള്ള അസഹിഷ്ണുതയുടെ പ്രശ്നമായിട്ടാണ് ഞാൻ കാണുന്നത്. സമൂഹത്തിൽ മേൽക്കൈ ഉണ്ടായിരുന്നവരുടെ അപ്രമാദിത്വം നഷ്ടപ്പെടുന്നതിന്റെ വിഷമമാണ്; സമത്വം എന്ന ആശയത്തോടുള്ള അവരുടെ എതിർപ്പാണ്. ബി.ജെ.പി.യുടെയും ആർ.എസ്.എസ്.-ന്റെയും സഹകരണ മേഖലയോടുള്ള വിരോധത്തിന് ചരിത്രപരമായ കാരണങ്ങളുണ്ടെന്ന് നാം ഓർക്കണം. ആർ.എസ്.എസ്. കേരളത്തിൽ നടത്തിയ ആദ്യ ആക്രമണം കണ്ണൂരിലെ ബീഡിത്തൊഴിലാളികളുടെ നേരെയായിരുന്നു. മാംഗ്ലൂർ ഗണേഷ് ബീഡി എന്ന സ്വകാര്യ സ്ഥാപനത്തിനുവേണ്ടിയായിരുന്നു അന്ന് അവർ ആ ദൗത്യം ഏറ്റെടുത്തത്. ആ ദൗത്യം വിജയിക്കാതെ പോയതിന്റെ പ്രധാനകാരണം ദിനേശ് ബീഡി സഹകരണസംഘത്തിന്റെ രൂപീകരണമായിരുന്നു. ആർ.എസ്.എസ്.-ന്റെ ആക്രമണോത്സവ അജണ്ടയെ ചെറുത്ത ഒരു ഘടകം കൂടിയായി സഹകരണപ്രസ്ഥാനത്തിന്റെ രൂപീകരണം കേരളത്തിൽ മാറുകയായിരുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ഇവിടെ വിശദീകരിക്കപ്പെട്ടതുപോലെ, വിനോദ സഞ്ചാരവകുപ്പ് അഭിമാനത്തിന് വക നൽകുന്ന വകുപ്പായി മാറിയിരിക്കുകയാണ്. അത്തരം പുരോഗമനാത്മക മായിട്ടുള്ള നൂതന ആശയങ്ങൾ ആവിഷ്കരിച്ച് പ്രയോഗവൽക്കരിക്കാൻ നേതൃത്വം കൊടുത്ത സഹകരണ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പുരസ്കാര നിറവിൽ സംസ്ഥാനത്തിന്റെ തിലകക്കുറിയായി ഉത്തരവാദിത്ത ടൂറിസം മാറി. ലണ്ടനിൽ നടന്ന WTM-2018-ൽ കേരളം രണ്ട് സുവർണ്ണ പുരസ്കാരങ്ങളാണ് നേടിയത്. Best in responsible tourism ഗോൾഡ് മെഡൽ നേടാൻ കൊച്ചു കേരളത്തിന് കഴിഞ്ഞു. ഈ വിഭാഗത്തിലെ പ്രഥമ അവാർഡ് ജേതാവായി കേരളം പരിഗണി ക്കപ്പെട്ടു. 'World Responsible Tourism Award- 2018, Best for Managing Success' എന്ന വിഭാഗത്തിൽ സുവർണ്ണ ചകോരം കരസ്ഥമാക്കാൻ കൊച്ചു കേരളത്തിന് കഴിഞ്ഞു. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽവന്നതിനുശേഷം 3 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും സ്വീകരിക്കാൻ നമുക്ക് അർഹത നേടിയെന്നുള്ളതാണ് ഏറ്റവും നിർണ്ണായകമായ മറ്റൊരു കാര്യം. ലോകത്തിലെ ഏറ്റവും വലിയ പക്ഷിശില്പം എന്നതിനൊപ്പം ടൂറിസത്തിന് പുതിയ സാധ്യത തുറന്നുകൊണ്ട് നടപ്പാക്കിയ 'ജടായുപ്പാറ ടൂറിസം പദ്ധതി' കേരളത്തിന് വളരെ അഭിമാനകരമാണ്.

ഞങ്ങൾ കാസർഗോഡുകാരാണ്. അവഗണനയുടെ കയ്പുനീരിൽനിന്നും പരിഗണനയുടെ മധുരക്കനിയിലേയ്ക്ക്, വിനോദസഞ്ചാര ഭൂപടത്തിലേയ്ക്ക് ഉത്തര മലബാറിനെ കൈ പിടിച്ചുയർത്തിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ 7 നദികൾ കേന്ദ്രീകരിച്ചുകൊണ്ട് 325 കോടി രൂപ അടങ്കൽതുക വരുന്ന മലബാർ റിവർ ക്രൂയിസ് പദ്ധതിക്ക് തറക്കല്ലിടുകയും അതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാനും ഈ സർക്കാരിന് കഴിഞ്ഞുവെന്നുള്ളത് ഏറെ അഭിമാനകരമാണ്. നമ്മുടെ ജലാശയങ്ങളും കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളുമെല്ലാം ഈ ടൂറിസം പദ്ധതിയിലൂടെ ലോകത്തിന് പരിചയപ്പെടുത്താൻ കഴിയുമെന്നതാണ് ഏറ്റവും ആഹ്ലാദകരമായിട്ടുള്ള മറ്റൊരു കാര്യം. അതിനോടൊപ്പം ഉത്തര മലബാറിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ DRDC-യുടെ ആഭിമുഖ്യത്തിൽ 'സൈറ്റൽ പദ്ധതി' നടപ്പിലാക്കിയതും വളരെ ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്.

തീർത്ഥാടകർക്ക് ഒരു വിജ്ഞാന-വിനോദ-വിരുന്ന്, ഗുരുവായൂർ ക്ഷേത്ര ത്തിനോടനുബന്ധിച്ചുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 46 കോടി രൂപയുടെ 'പ്രസാദം പദ്ധതി' നടപ്പിലാക്കിയ ഗവൺമെന്റാണിത്. 'സ്വദേശി ദർശൻ' പദ്ധതിയിലുൾപ്പെടുത്തി ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതിയൊരുക്കാനും ചെമ്പഴന്തി ശ്രീനാരായണ

ഗുരുകുലത്തിൽ 10 കോടി രൂപ ചെലവഴിച്ച് പുതിയ കൺവെൻഷൻ സെന്ററിന് ശിലാസ്ഥാപനം നടത്താനും നമുക്ക് കഴിഞ്ഞു. അങ്ങനെ പുതിയ പുതിയ സാധ്യതകൾ വികസിപ്പിച്ച് തീർത്ഥാടന ടൂറിസം പരക്കെ പ്രശംസിക്കപ്പെടുന്ന രൂപത്തിലേയ്ക്ക് മാറ്റിയെടുക്കാൻ നമുക്ക് കഴിഞ്ഞുവെന്നുള്ളതാണ്. ടൂറിസം മേഖലയിൽ ആവേശകരമായ മുന്നേറ്റം നടന്നുകൊണ്ടിരിക്കുമ്പോൾ ഈയടുത്ത നാളിൽ ഒരു ലേഖനം ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിന്റെ ഉള്ളടക്കം ഇതാണ്, 7 ലക്ഷത്തോളം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കാൻ ഒരുങ്ങുമ്പോഴും ഈ മേഖലയിൽ നിലനിൽക്കുന്ന ചില പ്രതികൂലസാഹചര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ടതാണെന്നാണ് ആ ലേഖനത്തിന്റെ കാതൽ. അതിൽ പറയുന്നത്, ചില നഗരങ്ങളുടെ ശുചിത്വമില്ലായ്മ, പൊതു ശുചിമുറികളുടെ നിലവാരമില്ലായ്മ, അമിതമായ വില ഈടാക്കൽ, കരകൗശലവസ്തുക്കളുടെയും മ്യൂസിയങ്ങളുടെയും കുറവ്, കൂടുതൽ പണം ചെലവഴിക്കാൻ പ്രേരിപ്പിക്കുന്ന അവസരങ്ങളുടെ പരിമിതി എന്നിങ്ങനെ ചെറുതും വലുതുമായിട്ടുള്ള ചില ന്യൂനതകൾ കേരളത്തിലെ ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നുവെന്നാണ് ലേഖനത്തിന്റെ ഉള്ളടക്കം. ഇവ പരിഹരിക്കപ്പെട്ടാൽ ഈ മനോഹരതീരത്ത് ഇന്നത്തേക്കാൾ എത്രയോ ഇരട്ടി സന്ദർശകർക്ക് ആതിഥ്യമരുളാൻ നമുക്ക് കഴിയും. കേരള വികസനത്തിന് ടൂറിസമെന്ന ആശയം കേരളം മുഴുവൻ പങ്കാളിയാകുന്ന ഒരു വികസന ദൗത്യമായി മാറണം. അതിനാവശ്യമായിട്ടുള്ള ഇടപെടലുകൾ നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ സംസാരിക്കുമ്പോൾ, തെരഞ്ഞെടുപ്പ് തോൽവിയെക്കുറിച്ചും എൽ.ഡി.എഫ്-നെയൊക്കെത്തന്നെ ആക്ഷേപിക്കുന്ന രീതിയിലേയ്ക്കും ചില പ്രതികരണങ്ങളുയർത്തി. ഒരു വാചകം മാത്രമേ ഞങ്ങൾക്ക് അതിനെക്കുറിച്ച് പറയാനുള്ളൂ. ഇരുകാലുകളും നഷ്ടപ്പെട്ടവൻ ഒരു കാൽ മാത്രം നഷ്ടപ്പെട്ടവനെ വെല്ലുവിളിക്കുന്നതുപോലെ ആയിപ്പോയി നിങ്ങളുടെ ഈ പ്രതികരണം എന്നുമാത്രമേ ഞാൻ ഓർമ്മിപ്പിക്കുന്നുള്ളൂ. കാരണം ദേശീയ രാഷ്ട്രീയത്തിൽ കരചരണാദികൾ നഷ്ടപ്പെട്ട കോൺഗ്രസ്സ് സ്വന്തം നേതാവിനെപ്പോലും തെരഞ്ഞെടുക്കാൻ കഴിയാത്തവിധം പ്രതിസന്ധിയിലകപ്പെട്ട ഒരു ദയനീയ കാഴ്ചയാണ് ഇന്ന് ഇൻഡ്യൻ രാഷ്ട്രീയത്തിലുള്ളത്. അതുകൊണ്ട് നിങ്ങളാണ് ആദ്യം നന്നാവേണ്ടത്; നിങ്ങളാണ് തോൽവിയുടെ കാരണം തിരിച്ചറിഞ്ഞ് തിരുത്തേണ്ടത്. ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സഹകരണം, വിനോദസഞ്ചാരം വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനം ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാതലങ്ങളിലേയ്ക്കും പടർന്ന്

പന്തലിച്ച് വലിയൊരു പ്രസ്ഥാനമായി മാറിയിട്ടുണ്ടെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവുമില്ല. നമ്മുടെ സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്ന ഒരു മേഖലയാണ് സഹകരണ മേഖല. ജനമനസ്സുകളിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള ജനാധിപത്യ സ്വഭാവമുള്ള ഏറ്റവും വലിയ ജനകീയ പ്രസ്ഥാനം. കേരളത്തിലെ 2 കോടി 71 ലക്ഷം പേർ ഈ സഹകരണ സംഘങ്ങളിൽ അംഗങ്ങളാണ്. നമ്മുടെ സംസ്ഥാനത്ത് പ്രാഥമിക ബാങ്കുകളും ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും അർബൻ ബാങ്കുകളും മറ്റ് സംഘങ്ങളുമായി നിരവധി സംഘങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കുകയാണ്. ഐക്യനാണയസംഘങ്ങളിൽ തുടങ്ങി ഇപ്പോൾ വിമാനക്കമ്പനി തുടങ്ങുന്ന ചർച്ചയിൽവരെ എത്തി നിൽക്കുകയാണ് കേരളത്തിലെ സഹകരണപ്രസ്ഥാനം. എന്നാൽ സഹകരണപ്രസ്ഥാനത്തിന്റെ തകർച്ചയ്ക്ക് ഉപയുക്തമായ നടപടികളാണ് ഇപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത് എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് സഹകരണ ബാങ്ക് നിക്ഷേപകരെ ദ്രോഹിക്കുന്ന നടപടികൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ബാങ്ക് എന്ന് പേര് വച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ ഡെപ്പോസിറ്റുകളിൽ ടാക്സ് ചുമത്തി അതിനുപുറമെ എല്ലാ നിക്ഷേപകർക്കും ഇപ്പോൾ നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. നിക്ഷേപകരെ പിന്തുടർന്ന് അന്വേഷണം പാടില്ലായെന്ന് സുപ്രീംകോടതിവിധി നിലനിൽക്കെ അതിനെ മറികടന്നാണ് ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് എല്ലാ നിക്ഷേപകർക്കും നോട്ടീസ് അയച്ചുകൊണ്ടിരിക്കുന്നത്. 2000 രൂപ മാത്രം ഡെപ്പോസിറ്റുള്ള ഒരു ഓട്ടോ ഡ്രൈവർക്കും നോട്ടീസ് അയച്ചു. കൊമേഴ്സ്യൽ ബാങ്കുകളിലും മറ്റും 50,000 രൂപ വരെയുള്ള നിക്ഷേപകർക്ക് മാത്രമേ ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റിനെ വിവരമറിയക്കേണ്ട കാര്യമുള്ളൂ. എന്നാൽ 104 രൂപ മാത്രം എസ്.ബി. അക്കൗണ്ടിൽ ബാലൻസുള്ള വെള്ളനാട് സർവ്വീസ് സഹകരണബാങ്കിലെ ഒരു ഇടപാടുകാരന് അതിന്റെ ഉറവിടം കാണിക്കണമെന്ന് പറഞ്ഞ് ഇൻകംടാക്സിൽനിന്ന് നോട്ടീസ് അയച്ചിരിക്കുകയാണ്. സഹകരണ ബാങ്കുകളിൽനിന്ന് ഇടപാടുകാരെ പിന്തിരിപ്പിക്കാൻ മാത്രമേ ഇത്തരം നടപടികൾ പ്രയോജനപ്പെടുകയുള്ളൂ. പ്രാഥമിക ബാങ്കുകൾ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം, 2 ലക്ഷം രൂപയോ അതിൽക്കൂടുതൽ സംഖ്യയോ ബാങ്കിൽ നിക്ഷേപിക്കാനോ പണമായി സ്വീകരിക്കാനോ പാടില്ലെന്നുള്ളതാണ്. 2 ലക്ഷം രൂപ ലോൺ സ്വീകരിക്കാൻ പാടില്ല; ലോൺ തിരിച്ചടവ് 2 ലക്ഷം രൂപയോ അതിൽ കൂടുതലോ സ്വീകരിക്കാൻ പാടില്ലായെന്നുള്ളതാണ്. പോസ്റ്റോഫീസുകൾക്ക് ഈ നിയമമൊന്നും ബാധകമല്ല, അതിന് കേന്ദ്രഗവൺമെന്റ് ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതൊക്കെ സഹകരണ മേഖലയെ തകർക്കാൻ ഉപയുക്തമായിട്ടുള്ള നടപടികളാണ്.

കൊമേഴ്സ്യൽ ബാങ്ക്, ഡിസ്ട്രിക്ട് ബാങ്ക്, അർബൻ ബാങ്ക് തുടങ്ങിയ ബാങ്കുകൾ ക്കൊക്കെ രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും അവധിയാണ്. എന്നാൽ പ്രാഥമിക സഹകരണ സംഘങ്ങൾ (സർവ്വീസ് സഹകരണ ബാങ്കുകൾ) എല്ലാ ശനിയാഴ്ചയും ഉച്ചവരെ വർക്ക് ചെയ്യുകയാണ്. മറ്റു ബാങ്കുകൾക്ക് രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും അവധിയായതുകൊണ്ട് ആ ദിവസങ്ങളിൽ പ്രാഥമിക ബാങ്കുകളിലേയ്ക്ക് ഇടപാടുകാർ വരുന്നില്ല. ഉച്ചവരെ വർക്ക് ചെയ്യുന്ന ശനിയാഴ്ച ദിവസങ്ങളിൽ മുഴുവൻ പ്രവൃത്തി ദിവസമാണെന്ന ധാരണയിൽ ഉച്ചയ്ക്കുശേഷം വരുന്ന ഇടപാടുകാർ മടങ്ങിപ്പോകുകയാണ്. അതുകൊണ്ട് ബാങ്കുകളുടെ പ്രവൃത്തി ദിവസങ്ങളെ സംബന്ധിച്ച് ഒരു ഏകീകരണമുണ്ടാക്കണം.

ഈ ഗവൺമെന്റ് ത്രിതല സംവിധാനം അട്ടിമറിച്ച് ദ്വിതല സംവിധാന ത്തിലേയ്ക്ക് സഹകരണ മേഖലയെ കൊണ്ടുപോകുകയാണ്. ബഹുമാന്യനായ ഹമീദ് മാസ്റ്റർ ഉൾപ്പെടെയുള്ളവർ അക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 14 ജില്ലാ ബാങ്കുകൾ ലയിപ്പിച്ച് 'കേരളബാങ്ക് 'രൂപീകരിക്കാൻ പോകുകയാണ്. അതിനെ ക്കുറിച്ച് പഠനം നടത്താൻ ഗവൺമെന്റ് നിയോഗിച്ച ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ആദ്യ ഭാഗത്ത് ഈ റിപ്പോർട്ട് സമഗ്രമല്ലെന്നും കേരളത്തിലെ മുഴുവൻ സഹകാരികളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ കേരളബാങ്ക് നടപ്പാക്കാൻ പാടുള്ളൂവെന്നും പറയുന്നുണ്ട്. സഹകരണ പ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിൽ ഒന്നിച്ച് പങ്കുവഹിച്ചിട്ടുള്ള ഒരു സഹകാരിയെയും വിളിച്ച് ചർച്ച ചെയ്യാതെ, ഒരു ആലോചനയുമില്ലാതെ ഏകപക്ഷീയമായാണ് ഗവൺമെന്റ് തീരുമാനമെടുത്തി രിക്കുന്നത്. ആദ്യം ചെയ്യേണ്ടത് അവസാനം ചെയ്തിട്ട് കാര്യമുണ്ടോ; ഒരു പുതിയ ബാങ്ക് ആരംഭിക്കുന്നതിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ആവശ്യമാണ്. അത് വാങ്ങിയിട്ടില്ല. അതിനുപകരം ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതി പിരിച്ചുവിടുകയാണ് ആദ്യം ചെയ്തത്. അത് അവസാനം ചെയ്യേണ്ട കാര്യമല്ലേ; അവസാനം ചെയ്യേണ്ട കാര്യം ആദ്യം ചെയ്ത് ബാങ്കുകളുടെ നിലനിൽപ്പു തന്നെ തകർക്കുന്ന രീതിയിലേയ്ക്കാണ് ഗവൺമെന്റ് പൊയ്ക്കൊണ്ടിരിക്കുന്നത്.

കേരള ചരിത്രത്തിൽ ഇന്നേവരെ ജില്ലാ ബാങ്കുകളുടെ ഭരണം ഒരു വർഷത്തി ലധികം ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ച കീഴ്വഴക്കമില്ല. ഇപ്പോൾ രണ്ട് വർഷവും മൂന്ന് മാസവുമായി ഉദ്യോഗസ്ഥ ഭരണമാണ് (അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണം) ജില്ലാ ബാങ്കുകളിൽ നടക്കുന്നത്. ഇവിടെ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കാര്യം പറഞ്ഞു. അഡ്മിനിസ്ട്രേറ്റർമാർ ജില്ലാ ബാങ്കുകളിൽ പിൻവാതിൽ നിയമനം നടത്തുകയാണ്. ജില്ലാ ബാങ്കിലെ ക്ലാർക്ക്, ക്യാഷ്യർ തസ്തികകളിൽ പി.എസ്.സി. പരീക്ഷയെഴുതി ജോലി ഇന്ന് ലഭിക്കും നാളെ ലഭിക്കുമെന്ന പ്രതീക്ഷയിൽ

കാത്തിരിക്കുന്ന ആറായിരത്തോളംവരുന്ന ഉദ്യോഗാർത്ഥികളെ വഞ്ചിച്ചുകൊണ്ട് സി.പി.ഐ. (എം) ഓഫീസുകളിൽനിന്നും തിട്ടൂരം വാങ്ങി സ്വന്തക്കാരെ പിൻവാതിലിലൂടെ അഡ്മിനിസ്ട്രേറ്റർമാർ കേരളത്തിലെ ജില്ലാ ബാങ്കുകളിൽ തിരുകി കയറ്റുകയാണ്. ഈ വഴിവിട്ട നടപടി കണ്ടില്ലെന്ന് നടിക്കാൻ ഗവൺമെന്റിനും ബഹുമാനപ്പെട്ട മന്ത്രിക്കും സാധ്യമാകുമോ? എല്ലാവരും യോജിച്ചാണ് സഹകരണ മേഖലയെ സമ്പുഷ്ടമാക്കിയതെങ്കിൽ അതിനെ തകർക്കാനുള്ള എല്ലാ നീക്കത്തെയും എല്ലാവരും ചേർന്ന് എതിർക്കും. മലപ്പുറം ജില്ലാ ബാങ്ക് മാത്രം വിട്ടുനിൽക്കുന്നുവെന്ന സംസാരം വന്നു. മലപ്പുറം ജില്ലാ ബാങ്കുൾപ്പെടെ നിരവധി ജില്ലാ ബാങ്ക് പ്രസിഡന്റുമാരും പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുമുണ്ട്. ആ രാഷ്ട്രീയ പാർട്ടിയുടെ നേതാക്കന്മാരോട് ഇങ്ങനെയൊരു സംവിധാനത്തെക്കുറിച്ച് (കേരളബാങ്ക്) എന്തുകൊണ്ട് ചർച്ച ചെയ്തില്ലെന്നതാണ് എന്റെ ചോദ്യം. അങ്ങനെയൊരു ചർച്ച നടത്തി അഭിപ്രായ സമന്വയം ഉണ്ടാക്കിയിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ഏകപക്ഷീയമായെടുത്ത നിലപാടായതുകൊണ്ടാണ് കണ്ണടച്ച് പിന്തുണയ്ക്കാൻ ഞങ്ങൾക്ക് സാധിക്കാത്തതെന്ന കാര്യംകൂടി അറിയിക്കുകയാണ്.

നേരത്തെ ഇവിടെ പ്രസംഗിച്ചവരിൽ ചിലർ കൂടുതൽ ടൂറിസ്റ്റുകൾ വരുന്നുണ്ടെന്ന് പറഞ്ഞു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വർക്കല, കുട്ടനാട്, പുന്നമട കായൽ എന്നിവിടങ്ങളിലൊന്നും ഇപ്പോൾ ടൂറിസ്റ്റുകൾ വരുന്നില്ലെന്നും വരുന്നവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നുമാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതിന് പല കാരണങ്ങളുണ്ട്. കോവളത്ത് ടൂറിസ്റ്റുകൾക്ക് വെള്ളംപോലും കിട്ടുന്നില്ല. ഹർത്താലും ബന്ദുമൊക്കെ ടൂറിസ്റ്റുകളെ കേരളത്തിൽ വരുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു. ഈയടുത്ത കാലത്താണ് കണ്ണൂർ എയർപോർട്ടിൽ ടൂറിസ്റ്റുകൾ കുടുംബസമേതം വന്നിറങ്ങിയത്. അവർ ടി.വി. ഓൺ ചെയ്തപ്പോൾ ഒരു ചെറുപ്പക്കാരനെ നടു റോഡിൽ കുത്തിമലർത്തി തള്ളിയിട്ട് ശരീരത്തിലേയ്ക്ക് മോട്ടോർ സൈക്കിൾ ഓടിച്ചു കയറ്റി കൊല്ലാൻ ശ്രമിക്കുന്ന കാഴ്ചയാണ് കണ്ടത്. അടുത്ത ഫ്ലൈറ്റിന് ടൂറിസ്റ്റുകൾ നാട്ടിലേക്ക് തിരിച്ചു. ഇന്നലെ തിരുവനന്തപുരം എയർപോർട്ടിൽ ടൂറിസ്റ്റുകൾ വന്നപ്പോൾ അവർക്ക് വിമാനത്താവളത്തിൽ നിന്നും ലഭിച്ച പത്രത്തിൽ കണ്ട വാർത്ത, women civil police officer hacked, burnt alive by cop. എന്താണ് സ്ഥിതി? പോലീസുകാരിയെ പോലീസുകാരൻ കാർ ഇടിച്ചുവീഴ്ത്തി തീ കൊളുത്തി കൊന്നു. ഏതാണ് സംസ്ഥാനം; കേരളം, ഈ പത്രം വായിച്ച ഉടനെ ടൂറിസ്റ്റുകൾ തിരിച്ചുകയറി. ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കതരത്തിലുള്ള ഒരു പദ്ധതിയുമില്ല. കൊലപാതകികളുടെ നാടായി കേരളം മാറിയിരിക്കുന്നുവെന്നതുകൊണ്ട് ടൂറിസ്റ്റുകൾ തിരിച്ചു പോകുകയാണ്.

മലപ്പുറത്ത് ധാരാളം ടൂറിസ്റ്റുകൾ വരുന്ന സ്ഥലമാണ് കോട്ടക്കുന്ന്. മുൻ ടൂറിസം വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഇരിപ്പുണ്ട്. പ്രിയപ്പെട്ട എം. കെ. മുനീർ സാഹിബ് അവിടെ എം.എൽ.എ. ആയിരിക്കുമ്പോഴാണ് അതിന്റെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇപ്പോൾ അവിടെ പരിസ്ഥിതി തകർത്തുകൊണ്ട് കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിക്കുകയാണ്. ഡി.ടി.പി.സി.-യുടെ തീരുമാനത്തിനെതിരെ വലിയ ജനരോഷം ഉയർന്നുവരികയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി നിർത്തിവച്ച് പരിസ്ഥിതി സൗഹാർദ്ദമായ വികസന പ്രവർത്തനങ്ങൾ നടത്താൻ സംവിധാനമുണ്ടാക്കണം. എന്റെ മണ്ഡലത്തിൽ മിനി ഊട്ടി എന്നറിയപ്പെടുന്ന പ്രദേശമുണ്ട്. ഊട്ടിയെപ്പോലെ പ്രശാന്ത സുന്ദരവും പ്രകൃതി രമണീയവുമായ പ്രദേശമാണത്. അവിടെ ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ട്. ആ ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പലരുടെയും പ്രസംഗം കേട്ടാൽ ഇവിടെ ഇപ്പോഴും ഇടതുപക്ഷമാണ് ജയിച്ചു നിൽക്കുന്നതെന്ന് തോന്നിപ്പോകും. ബി.ജെ.പി.-ക്ക് ബദൽ ഇടതുപക്ഷമേയുള്ളൂവെന്ന ബഹുമാന്യനായ കെ. ബാബു മെമ്പർ സംസാരിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നിപ്പോയി. ഇടതുപക്ഷത്തിന് എത്ര സീറ്റാണ് ലഭിച്ചത്; ആകെ മൂന്ന് സീറ്റ്. എന്റെ മൊബൈലിലെ വാൾ പോസ്റ്റിൽ ഒരു ചിത്രം വന്നിരുന്നു. തമിഴ്നാട്ടിൽ സി.പി.ഐ. (എം) സ്ഥാനാർത്ഥിക്ക് വോട്ട് അഭ്യർത്ഥിച്ചുകൊണ്ടുള്ള പോസ്റ്റാണത്. അതിന്റെ ഒരു ഭാഗത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയുടെ ഫോട്ടോയും തൊട്ടപ്പുറത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രസിഡന്റ് പ്രൊഫ. ഖാദർ മൊയ്തീൻ സാഹിബിന്റെ ഫോട്ടോയുമാണ് പതിപ്പിച്ചിരിക്കുന്നത്. കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗിന്റെയും നേതാക്കന്മാരുടെ ഫോട്ടോ വച്ചാണ് സി.പി.ഐ. (എം) വോട്ട് പിടിച്ച് രണ്ട് അംഗങ്ങൾ പാർലമെന്റിൽ എത്തിയതെന്ന കാര്യം നിങ്ങൾ ഓർക്കണം. മുസ്ലീം ലീഗ് പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത് മൂന്ന് സീറ്റിലാണ്. മത്സരിച്ച മൂന്ന് സീറ്റിലും റിക്കോർഡ് വിജയമാണ് നേടിയത്. മലപ്പുറത്ത് 2,60,000 വോട്ടിനാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വിജയിച്ചത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 25,000 വോട്ടിന് ജയിച്ച പൊന്നാനിയിൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ 1,93,000 വോട്ടിനാണ് ജയിച്ചത്. തമിഴ്നാട്ടിൽ മുസ്ലീം ലീഗിന്റെ നവാസ് ഗനി കോണി അടയാളത്തിൽ മത്സരിച്ച് 1,25,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയിച്ചത്. നിങ്ങളുടെ സ്ഥിതിയെന്താണ്, ദയനീയമായി പരാജയപ്പെട്ടില്ലേ; എന്നിട്ട് ഇപ്പോഴും ബി.ജെ.പി.-ക്ക് ബദൽ ഞങ്ങളേയുള്ളൂ എന്ന് വലിയ വർത്തമാനം പറയുകയാണ്. മൂർഖൻ പാമ്പ് കടിച്ച് മരിച്ച ഒരാളുടെ മൃതദേഹം കൊണ്ടുപോകുമ്പോൾ എന്നോട് കളിച്ചാൽ അങ്ങനെയുണ്ടാകുമെന്ന് ഞാഞ്ഞൂൽ പറഞ്ഞതുപോലെ, ഞാഞ്ഞൂലിന്റെ രാഷ്ട്രീയമാണ് സി.പി.ഐ. (എം) ഇപ്പോഴും തുടരുന്നത്. നിങ്ങൾ തിരുത്തരുത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്

ശ്രീ. പി. ഉബൈദുള്ള: സർ, ബദൽ രാഷ്ട്രീയം പറയുന്നവർക്ക് ആകെയുണ്ടായിരുന്നത് പശ്ചിമബംഗാളായിരുന്നു. അതിപ്പോൾ ചുവപ്പ് കാവിയായി. സി.പി.ഐ. (എം) വോട്ട് ബി.ജെ.പി.-ക്ക് പോയിയെന്ന് പരസ്യമായി സി.പി.ഐ. (എം) അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി തന്നെ പറഞ്ഞു. ഇടതുപക്ഷത്തിന് ത്രിപുരയും ബംഗാളും നഷ്ടപ്പെട്ടു.

മി. ചെയർമാൻ: പ്രസംഗം ചുരുക്കണം. പ്ലീസ്

ശ്രീ. പി. ഉബൈദുള്ള: സർ, ആകെ അധികാരമുള്ള കേരളത്തിൽ എല്ലാ അധികാരവും ഉപയോഗിച്ച്..... എന്താണ് പോസ്റ്റുകൾ; എന്താണ് കട്ട് ഔട്ടുകൾ; 'വികസനം വാഴും വർഗ്ഗീയത വീഴും, എൽ.ഡി.എഫ്. ലോക്‌സഭയിലേക്ക് തുടങ്ങിയ മുദ്രാവാക്യങ്ങളും ഉയർത്തി കോടിക്കണക്കിന് രൂപ ചെലവഴിച്ചല്ലേ ഇവിടെ പ്രചരണം നടത്തിയത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് പ്രചരണം നടത്തി 123 സീറ്റിലും പിറകിൽ പോയ പാർട്ടിയെ വിശ്വസിക്കാൻ ആരെയും കിട്ടില്ല. അതുകൊണ്ട് നിങ്ങളുടെ ഈ നിലപാട് തിരുത്താതെ തുടരണം. അത് കേരളത്തിലെ ജനങ്ങൾക്കാവശ്യമാണെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, സഹകരണം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ സഹകരണ മേഖല ലോകത്തിനുതന്നെ മാതൃകയാണ്. സഹകരണ മേഖലയിലെ വൈവിധ്യവൽക്കരണവും വിസ്മയാവഹമായിട്ടുള്ള വളർച്ചയും ലോകത്തിലെ തന്നെ സഹകരണ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാക്കി കേരളത്തെ മാറ്റിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയെ പരിഷ്കരിച്ച് മുന്നോട്ടു കൊണ്ടുപോകുന്നതിന് ഒട്ടേറെ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. കേരള ബാങ്ക് രൂപീകരണം കേരളത്തെ സംബന്ധി ച്ചിടത്തോളം വളരെ നിർണ്ണായകമായ ഒന്നാണ്. അതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതോടൊപ്പം പുതിയ കാലത്തിന് അനുയോജ്യമായ വിധത്തിൽ കേരളത്തിലെ സഹകരണ ബാങ്കുകളെ സജ്ജീകരിക്കാനുള്ള നടപടികളും സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അനിയന്ത്രിതമായ അഴിമതിയും കെടുകാര്യസ്ഥതയും ധൂർത്തുംകൊണ്ട് തകർച്ചയുടെ വക്കിലായിരുന്ന കൺസ്യൂമർഫെഡ്. ഈ സർക്കാരിന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് ആ കൺസ്യൂമർഫെഡിന് പുനർജീവൻ നൽകാൻ കഴിഞ്ഞത്. കൺസ്യൂമർഫെഡിലെ ധൂർത്ത് ഇല്ലാതാക്കി ചെലവ്

ചുരുക്കി കർശനമായ സാമ്പത്തിക അച്ചടക്കമുണ്ടാക്കി പുനർജീവൻ നൽകിയത് ഈ സർക്കാരാണ്. അതുപോലെതന്നെ കാർഷിക രംഗത്തും ഇന്ന് സഹകരണ മേഖല ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. എറണാകുളം പള്ളിയാക്കൽ ബാങ്ക് അതിനൊരു മാതൃകയാണ്. എറണാകുളം പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക് മോഡലിൽ കാർഷിക രംഗത്തെ ഇടപെടൽ ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കെയർ കേരള പദ്ധതിയുടെ ഭാഗമായി പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് 5 ലക്ഷം രൂപ ചെലവ് ചെയ്ത് 2000 വീടുകൾ നിർമ്മിച്ചുകൊടുക്കുമെന്ന് ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ചു. അതിൽ 1500 വീടുകൾ ഇതിനകം നിർമ്മിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വീണ്ടും 2000 വീടുകൾകൂടി നിർമ്മിക്കാൻ പോകുകയാണ്. ഈ നിലയിൽ സഹകരണ മേഖല കേരളത്തിലെ ജനങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സഹകരണ മേഖല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്

[5.00 pm]

സഹകരണ ബാങ്കിലെ ഇടപാടുകാരിൽ ഏറിയപങ്കും നാൽപ്പത് വയസ്സിന് മുകളിലുള്ളവരാണ് എന്നുള്ളതാണ്. ഇക്കാര്യം നേരത്തെ ചില അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. പുതിയ തലമുറയെ ആകർഷിക്കാൻ സാധിക്കണം. സംസ്ഥാന സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നിയോഗിച്ച ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുതിയ തലമുറയെ എങ്ങനെ ആകർഷിക്കാൻ സാധിക്കും? ന്യൂ ജനറേഷൻ ബാങ്കുകൾ നൽകുന്ന സേവനങ്ങൾ ഉറപ്പുവരുത്താൻ സഹകരണ ബാങ്കുകൾക്ക് കഴിയേണ്ടതായിട്ടുണ്ട്. അങ്ങനെ ഉറപ്പുവരുത്താൻ കഴിയാത്തതാണ് യുവജനങ്ങൾ അകലാനുള്ള കാരണം. ഇന്ന് മൊബൈലിൽതന്നെ എല്ലാ സേവനങ്ങളും നമുക്ക് ലഭ്യമാക്കാൻ കഴിയും. ആ നിലയിലേയ്ക്ക് ആധുനിക ബാങ്കിംഗ് രീതികൾ സഹകരണ മേഖല ശീലമാക്കേണ്ട തുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ടൂറിസം രംഗത്ത് വലിയ മാറ്റം ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2012 മുതൽ 2016 വരെ പ്ലാൻ ഫണ്ട് 890 കോടി രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ 2019-20 വരെയുള്ള പ്ലാൻ ഫണ്ട് 1350 കോടി രൂപയാണ്. പ്ലാൻ ഫണ്ടിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. മുന്നൂറിലധികം ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങൾ ഇവിടെ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഒരു കാലത്ത് ടൂറിസം രംഗത്ത് അവഗണി ക്കപ്പെട്ട ഒരു മേഖലയായിരുന്നു മലബാർ. മലബാർ മേഖലയ്ക്ക് വലിയ പദ്ധതികൾ

നൽകാൻ, ടൂറിസം രംഗത്ത് അർഹമായ പരിഗണന നൽകാൻ ഈ സർക്കാർ തയ്യാറായി. ആ മേഖലയിലെ ജനപ്രതിനിധി എന്ന നിലയിൽ അതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും മന്ത്രിയേയും പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ വലിയ ടൂറിസം പദ്ധതി വരാൻ പോകുകയാണ്. ഉത്തര മലബാറിനെ കേന്ദ്രീകരിച്ച് തെയ്യവും അതുപോലുള്ള നമ്മുടെ പൈതൃകവും പാരമ്പര്യവും കോർത്തിണക്കിക്കൊണ്ടുള്ള ടൂറിസം പദ്ധതിയാണ്. അതിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും 80 കോടി രൂപ ഇതിനകം അനുവദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ 53 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി തെയ്യം ക്രൂയിസും മുത്തപ്പൻ ക്രൂയിസും അവിടെ വരാൻ പോകുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ വൈവിദ്ധ്യമുള്ള കണ്ടലുകൾ ആസ്വദിക്കാൻ, മനസ്സിലാക്കാൻ, അതിനെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്കുള്ള കണ്ടൽ ക്രൂയിസ് ഇതിന്റെ ഭാഗമായി ആരംഭിക്കാൻ പോകുകയാണ്. ഉത്തര മലബാറിലെ ഏഴ് നദികൾ കേന്ദ്രീകരിച്ചാണ് ഈ ടൂറിസം പദ്ധതി ആരംഭിക്കുന്നത്. എനിക്ക് സർക്കാരിനോട് പറയാനുള്ള ഒരു കാര്യം, അഡ്വഞ്ചർ ടൂറിസത്തിന് വലിയ സാധ്യതകളുണ്ട്. പക്ഷേ അതിന്റെ സാധ്യതകൾ വേണ്ടത്ര പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. മൂന്നാറിൽ ഒരു മൗണ്ടനീയറിംഗ് അക്കാദമി ആരംഭിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഇപ്പോൾ ജടായുപ്പാറയിൽ ആരംഭിച്ചിട്ടുള്ള ടൂറിസം പ്രോജക്ട് വളരെ മാതൃകാപരമാണ്. പി.പി.പി. മോഡൽ ടൂറിസം പദ്ധതിയാണ്. ഇപ്പോഴത്തെ ടൂറിസം ഡയറക്ടർ കണ്ണൂർ ജില്ലയിലെ കളക്ടറായിരുന്ന ഘട്ടത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) ആരംഭിച്ച പദ്ധതികളുണ്ട്. അതിൽ വയലപ്ര പാർക്കും വെള്ളിക്കീൽ പാർക്കുംപോലുള്ള പദ്ധതികളുണ്ട്. അതൊരു നല്ല മോഡലാണ്. അവിടെ സംസ്ഥാന സർക്കാർ ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഡി.ടി.പി.സി. മുഖേന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയാണ്. ആ സൗകര്യമൊരുക്കിക്കൊടുത്താൽ കോടിക്കണക്കിന് രൂപ അവിടെ നിക്ഷേപിക്കാൻ പ്രത്യേകിച്ചും സ്വകാര്യ ഏജൻസികൾ തയ്യാറാവുകയാണ്. ഇത്തരത്തിൽ കണ്ണൂർ ജില്ലയിൽ നിരവധി മോഡലുകൾ രൂപപ്പെട്ടുവന്നിട്ടുണ്ട്. അതിന് ഏറ്റവും മികച്ച ഉദാഹരണമാണ് ജടായുപ്പാറ, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തത് ഈ സംസ്ഥാന സർക്കാരാണ്. കേരളത്തിലെ ഏറ്റവും മികച്ച ടൂറിസം പദ്ധതിയാക്കി ജടായുപ്പാറ ടൂറിസം പദ്ധതിയെ മാറ്റിയെടുക്കാൻ കഴിഞ്ഞതിന് ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ടൂറിസം കേന്ദ്രങ്ങളിൽ എത്തിപ്പെടുന്നവർക്ക് ആവശ്യമായ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനു

വേണ്ടി ഗ്രീൻ കാർപ്പെറ്റ് പദ്ധതി കേരളത്തിൽ ആരംഭിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ പ്രധാനപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ആഭ്യന്തര, വൈദേശിക ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കാൻ ഈ പദ്ധതി സഹായകരമായിത്തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷന് തുടക്കം കുറിച്ചത് 2006-ലെ എൽ.ഡി.എഫ്. സർക്കാരാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിലാണ് ടൂറിസം രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഉത്തരവാദിത്ത ടൂറിസം മിഷന് രൂപം കൊടുത്തത്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അത് കൂടുതൽ സജീവമായി. ഈ സർക്കാർ വന്നതിനുശേഷം ഒരു വർഷത്തിനിടയിൽ ഈ യൂണിറ്റുകളുടെ എണ്ണം 15,000 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായും ഏതാണ്ട് 80000 പേർക്ക് തൊഴിൽ നൽകാൻ ഇതുവഴി കഴിഞ്ഞിട്ടുണ്ടെന്നതും പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളുണ്ട്. ആ സാധ്യതകൾ പരിശോധിക്കണം.

സഹകരണ മേഖലയുമായി ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടു വയ്ക്കുകയാണ്. മൺവിളയിലെ സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് ഇപ്പോൾ സർക്കാർ സ്വയംഭരണ പദവി നൽകിയിട്ടുണ്ട്. സഹകരണ മേഖലയിൽ നിർമ്മാണ കമ്പനികളും ആശുപത്രികളും സ്കൂളുകളും കോളേജുകളും പ്രൊഫഷണൽ കോളേജു കളുമുണ്ട്. പുതിയ ആശയങ്ങൾ കണ്ടെത്താനും പ്രാവർത്തികമാക്കാനും സഹകരണ മേഖലയ്ക്ക് കഴിയുന്നുണ്ട്. പക്ഷേ പുതിയ കാലത്തിനനുസരിച്ച് സഹകരണ മേഖലയെ സജ്ജമാക്കണമെങ്കിൽ നമുക്ക് സഹകരണ മേഖലയിൽ കൂടുതൽ പഠനഗവേഷണ പ്രവർത്തനങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. അതിന് നമുക്ക് സ്വയംഭരണ സ്ഥാപനം മാത്രം പോര. സഹകരണ മേഖലയിൽ ഒരു യൂണിവേഴ്സിറ്റി ആരംഭിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നൊരു അഭ്യർത്ഥന ഈ സന്ദർഭത്തിൽ മുന്നോട്ടുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രാഥമിക സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷന്റെ കാര്യത്തിൽ ഒരു പുനഃപരിശോധന നടത്തുകയും സഹകരണ ബാങ്കുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുകയും വേണം. ഇന്ന് സഹകരണ മേഖലയിൽ അഴിമതി കുറവാണ്. ഈ സർക്കാർ കർശനമായ നിലപാട് സ്വീകരിച്ചു. പല വലിയ അഴിമതികളും പുറത്തുവരാൻ കാരണം ഈ സർക്കാർ സ്വീകരിച്ച കുറ്റമറ്റ, കർക്കശമായ നടപടിയാണ്. അഴിമതി കണ്ടുപിടിക്കാൻ നിലവിലുള്ള ആഡിറ്റിംഗ് സംവിധാനം കൊണ്ടുമാത്രം കഴിയില്ല. അതിന് ഓരോ ജില്ലയിലും പ്രത്യേകമായ വിംഗ് ആരംഭിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇവിടെ ചില രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞു. നമുക്കറിയാം, Gods own country ആയി കേരളം മാറിയത് കേരളത്തിന്റെ മതനിരപേക്ഷ അന്തരീക്ഷം കൂടി ഉണ്ടായതുകൊണ്ടാണ്. ആ അന്തരീക്ഷം ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാടിന്റെ ഭംഗി, നമ്മുടെ നാടിന്റെ ചൈതന്യം, നമ്മുടെ നാടിന്റെ ജീവൻ ഇതൊക്കെ വൈവിദ്ധ്യത്തിലൂന്നിയ ബഹുസ്വരതയുടെ പാരമ്പര്യമാണ്. ആ പാരമ്പര്യം ഇല്ലാതാക്കാനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നേരത്തെ പ്രതിപക്ഷത്തുനിന്നും സംസാരിച്ച ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇവിടെ സ്ത്രീപീഡനം നടക്കുന്നുവെന്നാണ് പറഞ്ഞത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തായിരുന്നു സ്ഥിതി? ഒരു പ്രോജക്ടുമായി ഒരു സ്ത്രീ വന്നപ്പോൾ അവസാനം മാനം പോയി കോടതിയെ സമീപിക്കേണ്ട അവസ്ഥ ഉണ്ടായില്ലേ? പ്രതിപക്ഷത്തിരിക്കുന്ന എത്ര പേരുടെ പേരിൽ കേസ്സുണ്ട്. ഇന്ന് ആ സ്ഥിതിയുണ്ടോ? ഏത് സ്ത്രീക്കും നിർഭയമായി വരാം, പ്രോജക്ടുകൾ സമർപ്പിക്കാം. നല്ല പ്രോജക്ടാണെങ്കിൽ സർക്കാർ അതിനുള്ള എല്ലാ സഹായങ്ങളും നൽകും.

രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് കടന്നാൽ, കോൺഗ്രസ്സിന്റെ അവസ്ഥ എന്തായിരുന്നു? കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഈ തെരഞ്ഞെടുപ്പിൽ എന്താണ് പ്രചരിപ്പിച്ചത്? ബി.ജെ.പി.യേക്കാൾ ആർ.എസ്.എസ്.-നേക്കാൾ അപകടമാണ് കേരളത്തിലെ ഇടതുപക്ഷം എന്നാണ് ഇവിടെ പ്രചരിപ്പിച്ചത്. അതിന് മുഖ്യമായി ചുക്കാൻ പിടിച്ചത് ആരാണ്? ചുക്കാൻ പിടിച്ചത് കോൺഗ്രസ്സുകാർ മാത്രമല്ല മുസ്ലീം ലീഗുകാരുമാണ്. പക്ഷേ എന്താണ് കോൺഗ്രസ്സിന്റെ അവസ്ഥ? നമ്മൾ അത് പരിശോധിക്കണ്ടേ? കോൺഗ്രസ് ഇപ്പോൾ അഖിലേന്ത്യാതലത്തിൽ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഉത്തരേന്ത്യയിൽ മറ്റൊരു ബി.ജെ.പി.യായി മാറിക്കൊണ്ടിരിക്കുന്നു. നയത്തിന്റെയും നിലപാടിന്റെയും പ്രവർത്തന രീതിയുടെയും കാര്യത്തിൽ എന്തെങ്കിലും വ്യത്യാസം കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിലുണ്ടോ? അത് പരിശോധിക്കേണ്ട കാര്യമാണ്. മധ്യപ്രദേശിൽ കമൽനാഥ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഏഴ് മുസ്ലീം സഹോദരന്മാർക്കെതിരെ ഗോവധം ആരോപിച്ച് ദേശീയ സുരക്ഷിതത്വ നിയമമനുസരിച്ച് ജയിലിലടച്ചിരിക്കുന്നത്. ജാമ്യം കൊടുക്കാൻപോലും തയ്യാറായിട്ടില്ല. അവിടത്തെ പി.സി.സി. പ്രസിഡന്റ് എന്താണ് പറഞ്ഞതെന്ന് അറിയാമോ? ശരിയായ നടപടിയാണ് സ്വീകരിച്ചതെന്നാണ്. അവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഇതിനെ ന്യായീകരിച്ചുകൊണ്ട് മാധ്യമ സമ്മേളനം വിളിച്ചുചേർക്കുകയാണ് ചെയ്തത്. ഇപ്പോൾ കോൺഗ്രസ് സർക്കാർ മധ്യപ്രദേശിൽ 23,000 ഗോശാലകൾ

ആരംഭിച്ചിരിക്കുകയാണ്. ബി.ജെ.പി. തുടങ്ങിവച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്ന സർക്കാരായി മധ്യപ്രദേശിലെ കോൺഗ്രസ് സർക്കാർ മാറിക്കഴിഞ്ഞിരിക്കുകയാണ്. മാത്രമല്ല, തീവ്ര ഹിന്ദു നിലപാടിൽ മത്സരമല്ലേ? പഴയകാലത്ത് സോഫ്റ്റ് ഹിന്ദുത്വ നിലപാടായിരുന്നു കോൺഗ്രസ്സിന്റേത്. വിവാദമായ രാമജന്മഭൂമി-ബാബ്റി മസ്ജിദ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ശിലാന്യാസം നടത്താൻ അനുമതി കൊടുത്തത് രാജീവ് ഗാന്ധി സർക്കാരായിരുന്നു. അന്ന് മൃദുഹിന്ദുത്വ സമീപനമായിരുന്നു. ഇന്ന് തീവ്ര ഹിന്ദുത്വ സമീപനത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിൽ മത്സരിക്കുകയല്ലേ ചെയ്യുന്നത്. മധ്യപ്രദേശിലെ മുഖ്യമന്ത്രി ഇപ്പോൾ വലിയ ഒരു പ്രതിമ ഉണ്ടാക്കിയിട്ടുണ്ട്. ആരുടെ പ്രതിമയാണ്; നെഹ്റുവിന്റെയോ ഗാന്ധിജിയുടെയോ പട്ടേലിന്റെയോ പ്രതിമയാണോ; ശ്രീ. കമൽനാഥ് ഉണ്ടാക്കിയിരിക്കുന്ന പ്രതിമ ഹനുമാന്റെ പ്രതിമയാണ്. നിങ്ങളും ആർ.എസ്.എസ്.-ഉം തമ്മിൽ എന്താണ് വ്യത്യാസം; അവിടത്തെ കോൺഗ്രസ് നേതാവ് കഴിഞ്ഞ ദിവസം ഒരു പത്ര സമ്മേളനം നടത്തി പറഞ്ഞത് എന്താണെന്നറിയാമോ; ബി.ജെ.പി. ഭരിച്ച 15 വർഷം ചെയ്യാത്ത കാര്യങ്ങൾ ഞങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞു. വീട് വച്ചു കൊടുത്ത കാര്യമല്ല, ദാരിദ്ര്യ നിർമ്മാർജ്ജനമല്ല, പാവപ്പെട്ട വീടുകളിൽ വൈദ്യുതി എത്തിച്ച കാര്യമല്ല. ഈ പറയുന്ന മതപ്രീണനത്തിന്റെ കാര്യത്തിൽ ബി.ജെ.പി.-യെ കടത്തിവെട്ടി എന്ന് മേനി പറയുന്ന കോൺഗ്രസ്സിന് ഈ രാജ്യത്തെ ബി.ജെ.പി.-യെ ചെറുക്കാൻ കഴിയുമോ; നമ്മൾ ചിന്തിക്കണം. കോൺഗ്രസ് പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധി പൂണൂലിട്ട് നടന്നു. ഞാൻ ചോദിക്കട്ടെ, ആർക്കുവേണ്ടിയാണ് ഈ പൂണൂലിട്ടത്; മതേതരത്വം സംരക്ഷിക്കാനാണോ; ഈ രാജ്യത്തിന്റെ ഭാവി സുരക്ഷിതമാക്കാനാണോ പൂണൂലിട്ടത്; ഈ രാജ്യത്തിലെ സവർണ്ണ ഹിന്ദുത്വ ശക്തികളെ സന്തോഷിപ്പിക്കാനാണ്. അതുകൊണ്ട് ഈ രാജ്യത്ത് മതേതരത്വം സംരക്ഷിക്കാൻ പറ്റുമോ; ശ്രീമതി പ്രിയങ്കാ ഗാന്ധിയെ ഇറക്കി. നിങ്ങൾക്ക് ആരെ വേണമെങ്കിലും ഇറക്കാം. ശ്രീമതി പ്രിയങ്കാ ഗാന്ധി എന്താണ് ചെയ്തത്; ശ്രീമതി പ്രിയങ്കാ ഗാന്ധി ഗംഗയിൽ ഇറങ്ങി ആരതിയുഴിഞ്ഞു. ഞാൻ ചോദിക്കട്ടെ, ഗംഗാ പരിക്രമണ യാത്ര നടത്തിയതാരാണ്; സ്വാമി ഋതംഭരാനന്ദയല്ല, ശ്രീമതി പ്രഗ്യാസിംഗ് ഠാക്കൂർ അല്ല. ശ്രീമതി പ്രിയങ്കാ ഗാന്ധിയാണ് യാത്ര നടത്തിയത്.... (ബഹളം).....കോൺഗ്രസ്സിനെ എവിടേയ്ക്കാണ് ഇവർ കൊണ്ടുപോകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി.വി. രാജേഷ്...പ്ലീസ്..

ശ്രീ. റ്റി. വി. രാജേഷ്: സർ, മാത്രമല്ല, മധ്യപ്രദേശിൽ കോൺഗ്രസ് സർക്കാർ വന്നപ്പോൾ വന്ദേമാതരം ഒഴിവാക്കി. ഇപ്പോൾ എന്താണ് ചെയ്തത് എന്ന റിയുമോ; ലോക്സഭാ തെരഞ്ഞെടുപ്പിൽ തോറ്റതിനുശേഷം ശ്രീ. കമൽ നാഥിന്റെ

സർക്കാർ എല്ലാ മാസവും ഒന്നാം തീയതി വന്ദേമാതരം ചൊല്ലുമ്പോൾ ബാന്റ് അടി, വളരെ ആഘോഷത്തോടുകൂടി വന്ദേമാതരം തിരിച്ചുകൊണ്ടുവന്നിരിക്കുന്നു. മാത്രമല്ല, മധ്യപ്രദേശിലെ കോൺഗ്രസ് സർക്കാർ ഇപ്പോൾ ഗോമൂത്രം കൊമേഴ്സ്യൽ പ്രൊഡക്ഷനായി ആരംഭിച്ചിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രാജേഷ്....പ്ലീസ്....ഒരു മിനിട്ട്..

ശ്രീ. റ്റി. വി. രാജേഷ്: നിങ്ങൾക്കാവശ്യമുണ്ടെങ്കിൽ ചെറിയ കുപ്പിയിൽ ഗോമൂത്രം കിട്ടും. ഞാൻ ചോദിക്കട്ടെ, എന്ത് അപമാനകരമായ അവസ്ഥയാണിത്. എന്ത് ദയനീയമായ അവസ്ഥയാണ്.

ശ്രീ. പി. ടി. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.....ഇന്ത്യാ രാജ്യത്ത് ബ്രാഹ്മണ സമൂഹത്തിൽ വിശ്വസിക്കുന്ന ആളുകൾ പൂണൂൽ ഇടുന്നത് സർവ്വ സാധാരണമാണ്. അത് അവരുടെ ആചാരത്തിന്റെ ഭാഗമാണ്. ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെ ബ്രാഹ്മണ സമൂഹത്തിൽ ജനിച്ചുവളർന്ന ഒരു വ്യക്തി പൂണൂൽ ഇടുന്നതിൽ എന്താണ് തകരാറ്; അത് വിദ്വേഷം പരത്തുന്ന ഒരു പ്രസ്താവനയാണ്. അത് തിരുത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....പ്ലീസ്...സമയം കഴിഞ്ഞു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇതിൽ ഒരു സംശയവും വേണ്ട. അധികം വൈകാതെ നാല് വോട്ട് കിട്ടിയാൽ ശ്രീ. പി. ടി. തോമസും പൂണൂൽ ഇടും എന്നാണ് അദ്ദേഹം അർത്ഥശങ്കയ്ക്കിടയില്ലാതെ, മറയില്ലാതെ പറഞ്ഞിരിക്കുന്നത്. ഇതാണോ കോൺഗ്രസ്സിന്റെ പാരമ്പര്യം; നാല് വോട്ടിനുവേണ്ടി തന്റെ മതേതര പാരമ്പര്യം ബലി കഴിപ്പിക്കാൻ തയ്യാറാകാത്ത നെഹ്റുവിനെയെങ്കിലും നിങ്ങൾ ഓർക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇതെല്ലാം സ്വീകരിച്ചിട്ടും രക്ഷപ്പെട്ടോ; ഞാൻ ഒറ്റക്കാര്യം പറയട്ടെ; ഛത്തീസ്ഗഡിലെ തെരഞ്ഞെടുപ്പ് ഫലമെന്താണ്; 6 മാസത്തിനിടെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ നല്ല ഭൂരിപക്ഷത്തിൽ കോൺഗ്രസ് അവിടെ അധികാരത്തിൽ വന്നു. ഇപ്പോൾ അവസ്ഥയെന്താണ്; അവിടെ ബി.ജെ.പി.ക്ക് 51 ശതമാനം വോട്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് 40 ശതമാനം വോട്ട്. മധ്യപ്രദേശിൽ ആകെ സീറ്റ് 29. അവിടെ ബി.ജെ.പി.ക്ക് ലഭിച്ചത് 28 സീറ്റ്. കോൺഗ്രസിന് ലഭിച്ചത് ഒരു സീറ്റ്. ബി.ജെ.പി.-യുടെ വോട്ടിംഗ് ശതമാനം 58 ശതമാനം. കോൺഗ്രസിന് 34 ശതമാനം. ഗോമൂത്രം കുപ്പിയിൽ വച്ചുകൊടുത്തിട്ടും നിങ്ങൾ ഗുണം പിടിച്ചിട്ടില്ല. ഇത് നിങ്ങൾ മനസ്സിലാക്കണം. പിന്നെയോ; രാജസ്ഥാനിലെ 25 സീറ്റിൽ ബി.ജെ.പി.-ക്ക് 24 സീറ്റ്, ആർ.എൽ.പി.ക്ക് ഒരു സീറ്റ്. ബി.ജെ.പി.ക്ക് കിട്ടിയ വോട്ടിംഗ് ശതമാനം 59. എനിക്ക് നിങ്ങളോട് പറയാനുള്ളത് എന്താണെന്നുവച്ചാൽ

കോൺഗ്രസ് ബി.ജെ.പി. ആയി മാറിയതുകൊണ്ട് നിങ്ങളുടെ വോട്ട് ബാങ്ക് സംരക്ഷിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഈ രാജ്യത്ത് ഇന്ത്യയുടെ മതേതരത്വം സംരക്ഷിക്കാൻ കഴിയണം. കോൺഗ്രസ്സിന് മതേതരത്വം സംരക്ഷിക്കാനോ ഹിന്ദുത്വ ഫാസിസത്തിന് ബദലാകാനോ കഴിയില്ല എന്നകാര്യം നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളുടെ ആശയങ്ങൾക്കുമാത്രമേ ഇന്ത്യയെ രക്ഷിക്കാൻ കഴിയുകയുള്ളൂ. അതു കൊണ്ട് ഞങ്ങൾ പറയുന്നു ഇപ്പോൾ ഉണ്ടായിട്ടുള്ളതെല്ലാം താൽക്കാലികമാണ്. കള്ളപ്രചരണങ്ങളുടെ പേമാരി തീർത്ത് നേടിയെടുത്ത ആഹ്ലാദാരവങ്ങളൊക്കെ അധികം വൈകാതെ കെട്ടടങ്ങും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ജനങ്ങൾ സത്യാവസ്ഥ മനസ്സിലാക്കും. വയനാട്ടിൽ കാറിന്റെ പുറകിലൊക്കെ എന്താണ് ഒട്ടിച്ചത്; ഭാവി പ്രധാനമന്ത്രി എന്നാണ്. ഇപ്പോൾ ഭാവി പ്രധാനമന്ത്രി വെറും ആശംസാ പ്രാസംഗികനായി മാറിയിരിക്കുകയാണ്. ഈ ഗതികേട് വരാതിരിക്കാനാണ് ഞാൻ പറയുന്നത്, ഇനിയെങ്കിലും കോൺഗ്രസ് കോൺഗ്രസ്സാകണം. ആ കോൺഗ്രസ് ആകാനുള്ള സത്ബുദ്ധി നിങ്ങൾക്കുണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രത്യാശിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ ഒരു സഹകാരിയല്ല. സഹകരണ ബാങ്കിലെ ഡയറക്ടറും പ്രസിഡന്റുമൊന്നും ആയിട്ടില്ല. പക്ഷേ കേരളത്തിലെ സഹകരണ മേഖലയെക്കുറിച്ച് വളരെ അഭിമാനംകൊള്ളുന്ന ഒരാളാണ് ഞാൻ. സഹകരണ മേഖല ഇത്രമാത്രം വളർന്ന വിപുലമായ ഒരു സംസ്ഥാനം കാണാൻ കഴിയില്ല. ആരോഗ്യം, വിദ്യാഭ്യാസം അങ്ങനെ എല്ലാ രംഗത്തും സഹകരണ മേഖലയുടെ വളർച്ച നമുക്ക് കാണാൻ കഴിയും. പക്ഷേ നിർഭാഗ്യമെന്ന് പറയട്ടെ, ഈ മൂന്ന് വർഷക്കാലം കേരളത്തിലെ സഹകരണ രംഗത്തെ പ്രവർത്തനം നോക്കുമ്പോൾ നിരാശാജനകം എന്നുമാത്രമല്ല, കഴിഞ്ഞകാലംവരെയുണ്ടായ സഹകരണ വളർച്ചയെ എങ്ങനെ തകർക്കാൻ കഴിയുമെന്ന് നിങ്ങൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയുമാണെന്ന് പറയുന്നതിൽ പ്രയാസമുണ്ട്. കാരണം ആ രീതിയിലാണ് ഓരോ കാര്യങ്ങളും. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. കേരള ബാങ്കിനെക്കുറിച്ച് നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമെന്താണെന്ന് ശ്രീ. റ്റി. വി. രാജേഷ് ചോദിച്ചു. കേരളാ ബാങ്കിനെക്കുറിച്ച് ഞങ്ങളുടെ അഭിപ്രായ വ്യത്യാസം ഞങ്ങൾ പലവട്ടം ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. മൂന്ന് വർഷമായി നിങ്ങൾ കേരളാ ബാങ്കുമായി നടക്കുകയാണ്. ശ്രീ. വി. ഡി. സതീശൻ, 'കേരളാ ബാങ്ക് രൂപീകരണം

സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്ന് അനുമതി ലഭ്യമായിട്ടുണ്ടോ' എന്ന് ചോദിച്ച ഒരു ചോദ്യത്തിന് നിങ്ങൾ പറഞ്ഞ ഉത്തരം 'വ്യവസ്ഥകളോടുകൂടിയ തത്വത്തിലുള്ള അനുമതി കേരളാ ബാങ്കിന് റിസർവ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട് ' എന്നാണ്. പിന്നീട് അതിൽത്തന്നെ 'ഇതിനായി റിസർവ് ബാങ്ക് മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്' എന്നുള്ള ചോദ്യത്തിന് ഉത്തരം 'അനുബന്ധമായി ചേർത്തിട്ടുണ്ട്' എന്നാണ് പറഞ്ഞിരിക്കുന്നത്. ആ അനുബന്ധത്തിനകത്ത് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇന്നുവരെ പാലിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നബാർഡിന്റെ ഗൈഡ്‌ലൈനുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അങ്ങനെ ഒട്ടനവധി കാര്യങ്ങളുണ്ട്. ഇതിൽ പകുതിപോലും പാലിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അനുബന്ധത്തിൽ റിസർവ് ബാങ്ക് പറഞ്ഞ കാര്യങ്ങൾ ചെയ്തതിനുശേഷം നൽകുമെന്നാണ് അങ്ങ് പറഞ്ഞത്. മാർച്ച് 15-ന് മുമ്പ്, 2019 മാർച്ച് മാസത്തോടുകൂടി ഇത് പൂർത്തീകരിക്കും, കേരള ബാങ്ക് രൂപീകരിക്കുമെന്നുമാണ് പറഞ്ഞത്. എനിക്ക് അങ്ങ് മറുപടി പറയുമ്പോൾ ചോദിക്കാൻ ഒറ്റ കാര്യമേയുള്ളൂ, കേരള ബാങ്ക് എന്നേയ്ക്ക് തുടങ്ങാൻ കഴിയും; ഞങ്ങൾക്ക് ഒരുപാട് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഞങ്ങൾ അതിനെതിരാണ്. പക്ഷേ നിങ്ങൾ അത് പ്രഖ്യാപിച്ചല്ലോ; എന്നേയ്ക്ക് നിങ്ങൾക്കത് തുടങ്ങാൻ കഴിയും. റിസർവ് ബാങ്ക് നിങ്ങൾക്ക് അതിനുള്ള അനുമതി തന്നിട്ടുണ്ടോ? സഹകരണ മേഖലയിൽ ഉദ്യോഗസ്ഥ ഭരണം ഏറ്റവും കൂടുതലുണ്ടായ കാലഘട്ടം ആരുടേത് എന്ന ചോദ്യത്തിന് ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ കാലഘട്ടമാണ് എന്നുപറയേണ്ട സ്ഥിതിയല്ലേ ഉള്ളത്? ഇവിടെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചതു പോലെ ഒരു കൊല്ലത്തിലധികമായി ജില്ലാ ബാങ്ക് ഉദ്യോഗസ്ഥരാണ് ഭരിക്കുന്നത്. കേരള ബാങ്ക് എവിടെയുമെത്തിയിട്ടുമില്ല. എന്താണ് അതിന്റെ അവസ്ഥ എന്ന് ഞങ്ങൾക്കറിയില്ല. ഓരോ ബാങ്കും നിങ്ങളുടെ കൈപ്പിടിയിൽ ഒതുക്കുന്നതിനുള്ള ശ്രമം നടത്തുന്നതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. മൂന്നുകൊല്ലമായിട്ടും നിങ്ങൾക്ക് പിടിച്ചെടുക്കാൻ കഴിഞ്ഞില്ല. ഇനി കഴിയുന്ന പ്രശ്നവുമില്ല. കാരണം അത്രയ്ക്ക് പ്രയാസങ്ങളും കാര്യങ്ങളും ഉണ്ടെന്നുള്ള കാര്യം ഈ സഭയിൽ ഏറ്റവും കൂടുതൽ അറിയുന്നത് അങ്ങാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. എന്തിനാണ് ഇങ്ങനെ ജനാധിപത്യത്തെ കശാപ്പ് ചെയ്തുകൊണ്ട് ഈ സ്ഥാപനങ്ങളൊക്കെ പിടിച്ചടക്കി മുന്നോട്ടുപോകണമെന്നുള്ള ഒരു ധാരണയുണ്ടാക്കുന്നത്; നിങ്ങൾ ഇത് പിടിച്ചടക്കാൻ പോകുമ്പോൾ യാതൊരു സംശയവും വേണ്ട, ജനങ്ങൾ നിങ്ങളെ പിടിച്ചിറക്കും. അതിൽ തർക്കം വേണ്ട. അതുകൊണ്ട് സഹകരണ ജനാധിപത്യത്തിലെ ജനാധിപത്യം നിലനിർത്താനുള്ള ശ്രമമുണ്ടാകണം. അതുപോലെതന്നെ കാർഷിക വികസന ബാങ്കും നിങ്ങൾ പിടിച്ചെടുക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെല്ലാം വഴിവിട്ട കാര്യങ്ങളാണ് കാർഷിക വികസന ബാങ്ക്

പിടിച്ചെടുക്കാൻവേണ്ടി ചെയ്യുന്നത്. കോടതി പറഞ്ഞ കാര്യങ്ങൾപോലും കേൾക്കാതെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് അവിടെ തെരഞ്ഞെടുപ്പ് നടത്താൻ കഴിയുന്നില്ല. റിട്ടേണിംഗ് ഓഫീസർ എടുത്ത തീരുമാനത്തെ നിങ്ങൾ കാറ്റിൽ പറത്തുകയാണ്. കാർഷിക വികസന ബാങ്ക് നന്നായി നടത്തിക്കൊണ്ടുപോകണമെന്നല്ല, അത് നിങ്ങളുടെ കൈപ്പിടിയിൽ ഒതുക്കണമെന്നാണ് നിങ്ങളുടെ ആഗ്രഹം. ഈ ഒരവസ്ഥ മാറിയെങ്കിൽ മാത്രമേ നിങ്ങൾക്ക് സഹകരണ മേഖലയെ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂ. മിൽമയുടെ കാര്യം ഞാൻ പറയേണ്ട. മിൽമയുടെ ബൈലായിൽപ്പോലും മാറ്റം വരുത്തിക്കൊണ്ട്, 75 ലിറ്റർ പാൽ അളക്കുന്നവർക്കാണ് മുമ്പ് വോട്ടവകാശം. ഇപ്പോൾ പാൽ അളക്കുകയേ വേണ്ട, ആർക്കും മിൽമയിൽ അംഗമാകാം എന്നുള്ള നിലയിലേയ്ക്ക് നിങ്ങൾ കാര്യങ്ങൾ കൊണ്ടുപോകുകയാണ്. ഇതിനൊക്കെ ഒരു മാറ്റം വന്നില്ലെങ്കിൽ മിൽമയെപ്പോലുള്ള, കാർഷിക വികസന സമിതികളെപ്പോലെയുള്ള സഹകരണ ബാങ്കുകളൊക്കെ തകർന്ന് തരിപ്പണമാകുന്ന കാഴ്ച നമുക്ക് ഈ 5 വർഷംകൊണ്ട് കാണാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് പിടിച്ചടക്കാനല്ല, മറിച്ച് നല്ല രീതിയിൽ ഇത് മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ശ്രമം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് സഹകരണ മേഖലയുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഞാൻ കൂടുതലൊന്നും പറയുന്നില്ല. ടൂറിസം മേഖലയിൽ ഒരുപാട് പ്രശ്നങ്ങളുണ്ടെന്ന് നമുക്കറിയാം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആ പ്രശ്നങ്ങൾ ഗവൺമെന്റ് ഉണ്ടാക്കുന്നത് മാത്രമല്ല പ്രകൃതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അത്തരം കാര്യങ്ങൾ നമ്മൾ എങ്ങനെ അതിജീവിക്കണം എന്ന് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നേരത്തെ ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ച ഒരു കാര്യമുണ്ട്. രണ്ടാം ശനിയാഴ്ച പോലും ഇന്ന് സഹകരണ ബാങ്കുകൾ തുറന്നിരിക്കുകയാണ്. മറ്റുള്ള ബാങ്കുകളിൽ രണ്ടാം ശനിയാഴ്ച ഹോളിഡേ ആണ്. രണ്ടാം ശനിയാഴ്ച ദിവസങ്ങളിൽ സഹകരണ ബാങ്കുകൾക്ക് ഹോളിഡേ കൊടുക്കേണ്ടത് അനിവാര്യമല്ലേ എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോടൊപ്പം തന്നെ ഒരു കാര്യം ചോദിക്കുന്നു, ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ശ്രീ. രാഹുൽ ഗാന്ധിയെ വിമർശിച്ചു. ഇന്ന് സി.പി.ഐ.(എം)-ന്റെ ഏകപ്രതിനിധിയായ ശ്രീ. എ. എം. ആരിഫ് പൂണൂലിട്ട ശ്രീ. രാഹുൽ ഗാന്ധിക്ക് കൈ കൊടുത്തിട്ടാണ് സത്യപ്രതിജ്ഞ ചെയ്യാൻ പോയത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, സഹകരണ രംഗത്തെ ജീവനക്കാരുടെ ഏറെക്കാലത്തെ ആവശ്യമാണ് ശ്രീ. പി. ഉബൈദുള്ളയും ശ്രീ. അൻവർ സാദത്തുമൊക്കെ പറഞ്ഞത്. അത് ഗവൺമെന്റ് പരിശോധിക്കണമെന്നതന്നെയാണ് എന്റെയും അഭിപ്രായം. ടൂറിസവുമായി ബന്ധപ്പെട്ട് ഇന്നുള്ള തിരിച്ചടികൾ അതിജീവിക്കാനുള്ള ശ്രമം ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ശക്തമായി ഉണ്ടാകണം. പ്രൈവറ്റ് സെക്ടറിനാണ് ഇത്തരം കാര്യങ്ങൾ കൂടുതലായി ചെയ്യാൻ കഴിയുകയെന്ന് നമുക്കറിയാം. അതുകൊണ്ട് പ്രൈവറ്റ് സെക്ടറിന്റെ പരമാവധി സഹായം വാങ്ങിക്കൊണ്ട്, നല്ല രീതിയിൽ മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ച കോട്ടക്കുന്നിന്റെ കാര്യം, കോട്ടക്കുന്ന് കേരളത്തിലെ അറിയപ്പെടുന്ന ഡെസ്റ്റിനേഷനൊന്നുമല്ല. മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം പ്രധാന ഡെസ്റ്റിനേഷനാണ്. അവിടെ പ്രകൃതിക്ക് ഇണങ്ങുന്ന കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവിടെ കോൺക്രീറ്റ് കെട്ടിടങ്ങളല്ല, തണലും തണുപ്പും ഉണ്ടാകുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതിലൊരു ശ്രദ്ധ അങ്ങ് കൊടുക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷും കെ. ബാബുവുമൊക്കെ കോൺഗ്രസ്സിന്റെ പരാജയത്തെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ് പരാജയപ്പെട്ടുവെന്നുള്ളത് ഞങ്ങളെല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. പക്ഷെ, ഇത്രയുമായിട്ടും നിങ്ങളുടെ കോൺഗ്രസ് വിരോധം തീർന്നിട്ടില്ലെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം. തെരഞ്ഞെടുപ്പ് സമയത്തെ പത്രങ്ങൾ എടുത്ത് നോക്കിക്കഴിഞ്ഞാൽ, ശ്രീ. അമിത് ഷായും ശ്രീ. നരേന്ദ്ര മോദിയും കോൺഗ്രസ്സിനെതിരെ പറഞ്ഞത് എത്രമാത്രമാണോ അതുപോലെ പറഞ്ഞ നേതാവാണ് ശ്രീ. പ്രകാശ് കാരാട്ട്. കോൺഗ്രസ് തോൽക്കണമെന്ന് ഇത്രമാത്രം ആഗ്രഹിച്ച മറ്റൊരു നേതാവിനെ നമുക്ക് കാണാൻ കഴിയില്ല. കോൺഗ്രസ് തോറ്റു കഴിഞ്ഞാൽ ഇന്ത്യാ രാജ്യത്തിന്റെ അവസ്ഥയെന്താണ്; കോൺഗ്രസ് തോറ്റു കഴിഞ്ഞാൽ കോൺഗ്രസ് തോറ്റു, കോൺഗ്രസ് എല്ലായിടത്തും പോയി, രാജസ്ഥാനിൽ ഇല്ല, മധ്യപ്രദേശിൽ ഇല്ല എന്നൊക്കെ പറയുന്നു. കോൺഗ്രസ് തകർന്നുകഴിഞ്ഞാൽ ഈ രാജ്യത്ത് മതേതരത്വം തകരുമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ആ മതേതരത്വം തകരുന്ന കാഴ്ചയാണ് ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ ചരിത്രം പഠിക്കണം. 1967-ലാണ് ആദ്യമായി കോൺഗ്രസ്സിന് തിരിച്ചടിയുണ്ടാകുന്നത്. 1967-ലെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽനിന്നും പോയിട്ടില്ലെങ്കിലും ഒരുപാട് പാർലമെന്റ് സീറ്റുകൾ നഷ്ടപ്പെട്ടു, ഏകദേശം 8 സംസ്ഥാനങ്ങൾ നഷ്ടപ്പെട്ടു. എന്താണ് കാരണം; അന്ന് ഗോവധ നിരോധനവുമായി ബന്ധപ്പെട്ട് ഹിന്ദു മഹാസഭയും അന്നത്തെ ജനസംഘവും നടത്തിയ വലിയ പ്രക്ഷോഭത്തിന്റെ ഫലമായാണ് അന്ന് ഇന്ദിരാ ഗാന്ധിയുടെ ഗവൺമെന്റ് വന്നപ്പോൾ കോൺഗ്രസ്സിന് ഇന്ത്യയുടെ ചരിത്രത്തിൽ

ആദ്യമായി കൂടുതൽ സീറ്റുകൾ നഷ്ടപ്പെടുന്ന സാഹചര്യവും സംസ്ഥാനങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യവും ഉണ്ടായത്. 1977-ലെ തെരഞ്ഞെടുപ്പ് പരിശോധിച്ചാൽ അടിയന്തരാവസ്ഥയാണ് കാരണമെന്ന് എല്ലാവരും പറയും. അടിയന്തരാവസ്ഥ യ്ക്കൊപ്പം ഇന്ത്യയിലെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടന്ന ഒരു വലിയ പ്രക്ഷോഭമുണ്ട്, ഗംഗാ നദി ശുദ്ധീകരണവുമായി ബന്ധപ്പെട്ട് നടന്ന പ്രക്ഷോഭം. അതിന്റെകൂടി ഭാഗമായിട്ടാണ് 1977-ലെ കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പ് പരാജയം. 1989 നിങ്ങളൊന്ന് പരിശോധിച്ചുനോക്കണം, അയോദ്ധ്യയുടെ പേരിൽ ഹിന്ദു വർഗ്ഗീയ വികാരം ഉയർത്തിയതുകൊണ്ടാണ് 1989-ൽ പരാജയപ്പെട്ടത്. 1999-ൽ മൂന്നാം തവണ വാജ്പേയി ഗവൺമെന്റ് അധികാരത്തിൽ വന്നത് കാർഗിൽ യുദ്ധം ദേശീയ വികാരമാക്കിയിട്ടല്ല. കാർഗിൽ യുദ്ധത്തെ ഹിന്ദു വികാരമാക്കി മാറ്റിയല്ലേ വാജ്പേയി അധികാരത്തിൽ വന്നത്. ഇപ്പോഴത്തെ കാര്യം ഞാൻ പ്രത്യേകം പറയണ്ടല്ലോ; ഞാൻ സൂചിപ്പിച്ചത്, എന്നൊക്കെ കോൺഗ്രസ് അധികാരത്തിൽ നിന്നും പോയിട്ടുണ്ടോ അന്നൊക്കെ ഇന്ത്യാ രാജ്യത്ത് ഹിന്ദു വർഗ്ഗീയവികാരം ഉയർത്തിക്കൊണ്ടാണ് ബി.ജെ.പി. തെരഞ്ഞെടുപ്പിനെ നേരിട്ടിട്ടുള്ളത്. അപ്പോഴൊക്കെ ഞങ്ങൾ അധികാരത്തിൽനിന്നും പുറത്തുപോയിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാം. ഇനിയും നിങ്ങൾ കോൺഗ്രസ് വിരോധം അവസാനിപ്പിച്ചില്ലെങ്കിൽ ഇന്ത്യ ഒരു മതേതര രാജ്യമെന്ന് പറയാൻ കഴിയില്ല. ജയ് ഹിന്ദ് എന്നുപറയുന്ന മുദ്രാവാക്യം രാജ്യത്തെ പ്രകമ്പനം കൊള്ളിച്ച മുദ്രാവാക്യമാണ്. ബ്രിട്ടീഷുകാരനെ കെട്ടുകെട്ടിച്ച മുദ്രാവാക്യമാണ്. ജാതിക്കും മതത്തിനും ഭാഷയ്ക്കും അതീതമായി ഇന്ത്യയിലെ ജനങ്ങൾ അത് വിളിച്ചപ്പോഴാണ് ബ്രിട്ടീഷുകാരന് ഇവിടെനിന്നും പോകേണ്ടി വന്നത്. മതേതരത്വം നിലനിൽക്കുന്ന ഈ രാജ്യത്ത് നമ്മുടെ പ്രധാനമന്ത്രി വിളിച്ചത് ജയ് ശ്രീറാം എന്നാണ്. അയ്യപ്പന്റെ പേര് പറയരുതെന്ന് നമ്മുടെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ടീക്കാറാം മീണ പറഞ്ഞു. കേന്ദ്രത്തിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ എന്നുപറയുന്നത്, ഒന്നിലധികം അംഗങ്ങളുള്ളതാണ്. ഇന്ത്യയുടെ പ്രധാനമന്ത്രി ജയ് ശ്രീറാം എന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് ഹിന്ദു തീവ്ര വികാരം ഇളക്കിവിട്ടപ്പോൾ ദൈവത്തെയോ ശ്രീരാമനെയോ തെരഞ്ഞെടുപ്പിൽ പ്രചരണായുധമാക്കരുതെന്ന് പറയാൻ തെരഞ്ഞെടുപ്പ് കമ്മീഷനുണ്ടായില്ല. ഇതൊക്കെക്കൊണ്ടാണ് കോൺഗ്രസ് തോറ്റത്. അതോടൊപ്പംതന്നെ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിലുണ്ടായ പ്രസ്താവനകൾ എന്തൊക്കെയായിരുന്നു; ശ്രീമതി പ്രഗ്യാസിംഗ് ഠാക്കൂറിനെക്കുറിച്ച് പറഞ്ഞല്ലോ; ഗോഡ്സേ ദേശഭക്തനാണെന്നാണ് ശ്രീമതി പ്രഗ്യാസിംഗ് ഠാക്കൂർ പറഞ്ഞത്. അതുപോലെ ബി.ജെ.പി.യുടെ നേതാക്കൾ ഗോഡ്സേയെ ന്യായീകരിക്കുകയും ഗോഡ്സേയ്ക്കുവേണ്ടി പ്രാർത്ഥന നടത്തുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലേയ്ക്ക് വന്നു. ഗോഡ്സേയെ എതിർത്ത, ഹിന്ദു

തീവ്രവാദിയെന്ന് പറഞ്ഞ ശ്രീ. കമലഹാസനെതിരെ കോടതികൾ കേസ്സെടുക്കുന്ന സാഹചര്യമുണ്ടായി. തീവ്രവാദിയല്ലാതെ ഗോഡ്സേ പിന്നെ ആരാണ്; ഞാൻ പറഞ്ഞുവന്നത്, ഇന്ത്യാ രാജ്യത്ത് വളരെ അപകടകരമായ രീതിയിലേയ്ക്ക് മതേതരത്വം തകർത്തുകൊണ്ട് ബി.ജെ.പി. മുന്നോട്ടുപോകുമ്പോൾ ശ്രീ. പ്രകാശ് കാരാട്ടും സഭയിലെ നിങ്ങളും ഇപ്പോഴും കോൺഗ്രസ് വിരോധം അവസാനിപ്പിക്കാതെ മുന്നോട്ടു പോകുകയാണെങ്കിൽ നമ്മൾ വലിയ വില കൊടുക്കേണ്ടിവരുമെന്നാണ്. മതേതരത്വ രാജ്യമെന്ന് നമുക്ക് പറയാൻ കഴിയാത്ത രീതിയിലായില്ലേ; ഭരണഘടന തൊട്ടാണ് ശ്രീ. നരേന്ദ്ര മോദി ഇന്ന് സത്യപ്രതിജ്ഞയ്ക്ക് പോയത്. ആ ഭരണഘടനയെ ഏഴയലത്തുനിന്നുപോലും നോക്കിക്കാണാനുള്ള ധാർമ്മിക അവകാശമില്ലാത്ത നേതാവാണ് ശ്രീ. നരേന്ദ്ര മോദിയെന്നുള്ള കാര്യത്തിൽ സംശയമില്ല. ഭരണഘടനയിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് സെക്യുലറിസം എന്ന് പറയുന്നത്. ആ സെക്യുലറിസത്തെ മാറ്റിവച്ചുകൊണ്ടല്ലേ തെരഞ്ഞെടുപ്പിനെ നേരിട്ടത്; ഞാൻ സൂചിപ്പിച്ച ജയ് ശ്രീറാം വിളി മാത്രമല്ല, അമ്പലങ്ങളിൽ കയറിയിറങ്ങി, തെരഞ്ഞെടുപ്പിന് തലേന്ന് ഗുഹയിൽ പോയി ഇന്ത്യയുടെ പ്രധാനമന്ത്രി തപസ്സിരിക്കുന്ന സാഹചര്യം; ഇതൊക്കെ എന്തിനുവേണ്ടിയായിരുന്നു; ഹിന്ദുവർഗ്ഗീയ വികാരം ആളിക്കത്തിക്കുന്നതിനുവേണ്ടി ശ്രീ. നരേന്ദ്ര മോദിയും ബി.ജെ.പി.യും ആസൂത്രണം ചെയ്ത കാര്യങ്ങളാണ്. ആ വികാരത്തിന്റെ പുറത്ത് കോൺഗ്രസ് തൽക്കാലം തോറ്റിട്ടുണ്ടെങ്കിൽ ആ തോൽവി എക്കാലത്തെയും തോൽവിയാണെന്ന് നിങ്ങൾ മാർക്സിസ്റ്റുകാർ ധരിക്കേണ്ട. 60 കോടി ജനങ്ങൾ വോട്ട് ചെയ്തിടത്ത് 22.5 കോടി വോട്ട് ബി.ജെ.പി.ക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് 12 കോടി വോട്ട് ലഭിച്ചിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം നിങ്ങൾ വിസ്മരിക്കരുത്. ഞങ്ങൾ എവിടെയും പോയിട്ടില്ല. ഞങ്ങൾ തകർന്നിടത്തുനിന്ന് തിരിച്ചുവന്ന ചരിത്രമുണ്ട്. ത്രിപുരയിൽ 30 വർഷം ഞങ്ങൾ രണ്ടാം സ്ഥാനത്തായിരുന്നു. ഇന്നും അവിടെ കോൺഗ്രസ് രണ്ടാം സ്ഥാനത്താണ്. അവിടെ മൂന്നാം സ്ഥാനത്തേയ്ക്ക് പോയത് സി.പി.ഐ.(എം.) ആണ്. ഒന്നാം സ്ഥാനത്ത് ബി.ജെ.പി. വന്നു. ത്രിപുരയിൽ കോൺഗ്രസ് തന്നെയാണ് രണ്ടാം സ്ഥാനത്ത്. പശ്ചിമബംഗാളിൽ, വർഷങ്ങളായി ഞങ്ങൾക്ക് അവിടെ അധികാരമില്ല. പക്ഷെ, ഇന്നും ഞങ്ങൾക്ക് വേരോട്ടമുണ്ട്. പശ്ചിമ ബംഗാളിൽ രണ്ടുപേരെങ്കിൽ രണ്ടുപേരെ വിജയിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ലേ; രാജസ്ഥാനിൽ, മധ്യപ്രദേശിൽ, ഛത്തീസ്ഗഢിൽ , ഗുജറാത്തിൽ ബി.ജെ.പി.- യോട് മത്സരിച്ച് തോറ്റത് കോൺഗ്രസ്സാണ്. കോൺഗ്രസ്സല്ലാതെ മറ്റേത് രാഷ്ട്രീയ പ്രസ്ഥാനമുണ്ട് ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.-യെ എതിർക്കാൻ; നിങ്ങൾ വെറുതെ ഇവിടെ ഇരുന്നുകൊണ്ട് ഇപ്പോഴും കോൺഗ്രസ് വിരോധം പറയുകയാണ്. ശ്രീ. രാഹുൽ ഗാന്ധി തോറ്റതിനെക്കുറിച്ചാണ് നിങ്ങൾക്ക് ആഹ്ലാദം. ബി.ജെ.പി. ജയിച്ചതിലോ അവരുണ്ടാക്കുന്ന മതേതര വിരുദ്ധ നിലപാടുകളിലോ ഒന്നും

നിങ്ങൾക്ക് ഒരാശങ്കയുമില്ല. ശ്രീ. രാഹുൽ ഗാന്ധി തോറ്റതിൽ ഇപ്പോഴും നിങ്ങൾ ആവേശംകൊള്ളുകയാണ്, ആഹ്ലാദംകൊള്ളുകയാണ്. ഞങ്ങൾ തോറ്റിട്ടുണ്ടെങ്കിൽ അതിന് കാരണവുമുണ്ട്. മതേതരത്വം നിലനിർത്തുന്നതിനുവേണ്ടിയുള്ള പോരാട്ടത്തിന് ചിലപ്പോൾ തിരച്ചടിയുണ്ടാകും. ആ തിരിച്ചടിയെ അതിജീവിക്കാനുള്ള കരുത്ത് കോൺഗ്രസ്സിനുണ്ട്. അത് കാലം തെളിയിക്കും. യാതൊരു സംശയവും വേണ്ട. സി.പി.ഐ.(എം.) ഒരു സ്ഥലത്ത് തോറ്റുകഴിഞ്ഞാൽ പിന്നെ തിരിച്ചുവരില്ല, ഞങ്ങൾ അതിവേഗത്തിൽ തിരിച്ചുവരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകം പള്ളി സുരേന്ദ്രൻ): സർ, ഈ രണ്ട് ധനാഭ്യർത്ഥനകൾക്കും വളരെ വിശദമായ ചർച്ചയാണ് നടന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാ അംഗങ്ങളോടും, വളരെ പോസിറ്റീവായി പ്രതികരിച്ചവരോട് പ്രത്യേകിച്ചും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം വളരെ ചാരിതാർത്ഥ്യജനകമായ മൂന്ന് വർഷങ്ങളാണ് കടന്നുപോയത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്കും വികസനത്തിന്റേയും മാറ്റത്തിന്റേയും ഒരു തിരി വെട്ടമെങ്കിലും സൃഷ്ടിക്കാൻ ഉതകുന്ന പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടപ്പാക്കാൻ ഈ രണ്ട് വകുപ്പുകൾക്കും കഴിഞ്ഞിട്ടുണ്ടെന്ന് തികഞ്ഞ അഭിമാനത്തോടെ ഈ സഭാ സമക്ഷം പറയാൻ എനിക്ക് സാധിക്കും. ഈ വകുപ്പുകളുടെ പ്രവർത്തനം മികവുറ്റതാക്കാൻ എന്നെ സഹായിച്ച ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളോടും ഉദ്യോഗസ്ഥരോടും ബഹുജനങ്ങളോടുമുള്ള എന്റെ ഹൃദയപൂർവ്വമായ നന്ദിയും കടപ്പാടും സന്തോഷവും രേഖപ്പെടുത്താനും ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

ശ്രീബുദ്ധന്റെ വാക്കുകൾ "യഥാർത്ഥ സന്തോഷം ജനിക്കുന്നത് നിങ്ങളുടെ വാക്കും പ്രവൃത്തിയും നിങ്ങൾക്കും മറ്റുള്ളവർക്കും ഗുണം ചെയ്യുമ്പോഴാണ്" എന്നാണ്. ഈയിടെ പുറത്തിറക്കിയ എൽ.ഡി.എഫ്. സർക്കാരിന്റെ വാക്കും പ്രവൃത്തിയുമടങ്ങുന്ന പ്രോഗ്രസ് റിപ്പോർട്ട് ശ്രീബുദ്ധന്റെ വാക്കുകളെയാണ് അനുസ്മരിപ്പിക്കുന്നത്. ജനങ്ങൾക്ക് അത്രയേറെ നന്മ ചെയ്ത ഒരു ഗവൺമെന്റാണിത്. അപ്രതീക്ഷിത ദുരന്തങ്ങൾക്കും പ്രതിസന്ധികൾക്കും മുന്നിൽ അടിപതറാതെ കേരള ജനതയ്ക്ക് കാവലായി നിന്ന ഒരു ഗവൺമെന്റാണിത്. പാവപ്പെട്ടവന്റെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും നാനാവിധ ദുർബലതകൾ നേരിടുന്നവരുടെയും ആശയും അത്താണിയുമായി മാറിയ സർക്കാരാണിത്. കൃത്യമായ ലക്ഷ്യത്തോടെ നയപരിപാടികളും പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് ശ്രീ. പിണറായി വിജയൻ സർക്കാർ. ഒരു മെഴുകുതിരിയിൽനിന്നും ഒരായിരം മെഴുകുതിരികളിലേയ്ക്ക്

വെട്ടം പകർന്ന് കേരളീയ ജനജീവിതത്തിന്റെ ശോഭ ലോകത്തിനുമുന്നിൽ പ്രോജ്ജ്വലിപ്പിക്കുന്ന ഈ ഗവൺമെന്റിലെ ഒരംഗമെന്ന നിലയിൽ ഞാൻ കൈകാര്യം ചെയ്യുന്ന വകുപ്പുകൾ, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ പ്രവർത്തന ങ്ങൾ, നിങ്ങൾ നിശ്ചയമായും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തിലെ സമാനതകളില്ലാത്ത പ്രളയം കേരളത്തിലെ ജനങ്ങളുടെമേൽ ഏൽപ്പിച്ച ആഘാതം സർക്കാരിന്റെ സമയബന്ധിതമായ നടപടികളിലൂടെ വളരെയേറെ ലഘൂകരിക്കാൻ നമുക്ക് കഴിഞ്ഞു. പ്രളയാനന്തര പുനർനിർമ്മാണ നടപടികൾക്ക് പിന്തുണയുമായി സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ആകമാനം യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ പദ്ധതിയാണ് 'കെയർ കേരള' പദ്ധതി. കെയർ കേരള പദ്ധതിക്ക് കീഴിൽ മൂന്ന് ഉപപദ്ധതികളാണ് വിഭാവന ചെയ്തത്. പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമ്മിച്ചുനൽകുന്നതിനുള്ള 'കെയർ ഹോം' പദ്ധതി, ദുരിതബാധിതർക്ക് ലഘുവായ്പകൾ നൽകുന്നതിനുള്ള 'കെയർ ലോൺ' പദ്ധതി, സാമൂഹ്യ പുനരധിവാസത്തിനും ക്ഷേമത്തിനും സഹായകരമായി 'കെയർ ഗ്രേസ്' പദ്ധതി എന്നിവയാണവ. ഇതിൽ കെയർ ഹോം പദ്ധതി പ്രകാരം ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തങ്ങോളമിങ്ങോളം രണ്ടായിരം വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ വകുപ്പ് ഏറ്റെടുത്തത്. 2018 ഡിസംബർ മാസം 2-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെങ്ങന്നൂരിൽ തുടക്കം കുറിച്ച നിർമ്മാണ പ്രവർത്തനങ്ങൾ, ഇതിനകംതന്നെ 1250-ലധികം വീടുകളുടെ നിർമ്മാണം സമ്പൂർണ്ണമായും പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് ഒരുപാട് ഭവന പദ്ധതികളുണ്ടായിട്ടുണ്ട്. അതെല്ലാം ആ കാലഘട്ടത്തിന് അനുരൂപമായിട്ടുള്ള പദ്ധതികളാണെന്ന കാര്യത്തിൽ സംശയമില്ല. ലക്ഷംവീട് പദ്ധതി മുതൽ ഇ.എം.എസ്. ഭവന പദ്ധതി വരെയുള്ള വിവിധ പദ്ധതികൾ പരിശോധിച്ചാൽ ഇത്രയേറെ ജനകീയ പിന്തുണയോടുകൂടി, 5 ലക്ഷം രൂപയാണ് ഗവൺമെന്റ് കൊടുക്കുന്നതെങ്കിൽ ആറും ഏഴും എട്ടും ഒൻപതും ലക്ഷം രൂപയുടെ മനോഹരമായ ഭവനങ്ങൾ നിർമ്മിച്ച് കൊടുക്കുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിച്ചു. ഈ ജൂൺ മാസം അവസാനിക്കുന്നതിനുമുമ്പായി 2000 വീടുകളും പൂർത്തീകരിച്ച് താക്കോൽ ദാനം നടത്താൻ കഴിയും. ഒരു നൂറ്റാണ്ടുകാലത്തെ പ്രവർത്തനംകൊണ്ട് നമ്മുടെ സംസ്ഥാ നത്തിന്റെ സാമൂഹിക, സാമ്പത്തിക വിഹായസ്സിൽ സഹകരണ പ്രസ്ഥാനത്തിന് ആർജ്ജിക്കാൻ കഴിഞ്ഞ സാമൂഹിക മൂലധനത്തിന്റെ പരിച്ഛേദമായി മാറുകയാണ് കെയർ ഹോം പദ്ധതിയുടെ വിജയം. സഹകരണ പ്രസ്ഥാനം അതുമായി ഇടപെടുന്നവർക്കിടയിലുണ്ടാക്കിയ പരസ്പരധാരണയും വിശ്വാസവും സമൂഹത്തിന്റെ

പൊതുആവശ്യത്തിലേയ്ക്ക് വളരെ എളുപ്പത്തിൽ ഏകീകരിക്കാൻ കഴിഞ്ഞു. അന്താരാഷ്ട്രതലത്തിൽ ദുരന്ത പുനരധിവാസത്തിന്റെയും പുനർനിർമ്മാണത്തിന്റെയും ലക്ഷ്യപ്രാപ്തി അളക്കുന്ന വിവിധ മാനദണ്ഡങ്ങൾ നിലവിലുണ്ട്. പുതിയ വീടുകളുടെ നിർമ്മാണത്തിന്റെ കാര്യത്തിൽ നേരത്തെ നിലവിലുണ്ടായിരുന്നതിനേക്കാൾ ഉയർന്ന സുരക്ഷിതത്വം, സ്വകാര്യത, വൃത്തി, ഗുണമേന്മയുള്ള അന്തരീക്ഷം, കുട്ടികൾക്കുള്ള പഠന സൗകര്യങ്ങൾ, കുടുംബാംഗങ്ങളുടെ രോഗാവസ്ഥയിൽ വരാവുന്ന കുറവ്, പൊതുസമൂഹവുമായി ഇടപെട്ട് ജീവിക്കുന്നതിനുള്ള കൂടുതൽ സാഹചര്യം ഇവയെല്ലാം ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾവച്ച് അക്കാദമിക തലത്തിൽ കെയർ ഹോം പദ്ധതി പരിശോധിക്കപ്പെടുകയാണെങ്കിൽ രാജ്യത്തെ സഹകരണ മേഖലയിൽ നടപ്പിലാക്കിയ ഏറ്റവും ഉദാത്തമായ പദ്ധതിയായി ഇത് വിലയിരുത്തപ്പെടുമെന്ന് എനിക്ക് ഉറപ്പാണ്.

കെയർ ഹോം പദ്ധതിയുടെ അടുത്തഘട്ടം ഭൂരഹിത-ഭവന രഹിതർക്കായുള്ള രണ്ടായിരം ഫ്ലാറ്റുകളുടെ നിർമ്മാണമാണ്. ഗവൺമെന്റ് ഇതിനായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ട്. അടുത്ത മാസംതന്നെ ഫ്ലാറ്റുകളുടെ നിർമ്മാണ നടപടികൾ ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

കെയർ ലോൺ പദ്ധതി, കുടുംബശ്രീയുമായി ചേർന്ന് പ്രളയ ദുരിത ബാധിതർക്കായുള്ള സർക്കാരിന്റെ പലിശരഹിത വായ്പാ പദ്ധതിയിൽ ഇതിനകം സഹകരണ ബാങ്കുകൾ 6784 അയൽക്കൂട്ടങ്ങളിൽ 42432 ഗുണഭോക്താക്കൾക്കായി 379.80 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. സഹകരണ ബാങ്കുകൾ സ്വന്തം നിലയിൽ പ്രളയദുരിതബാധിതർക്ക് നൽകിയ വായ്പകൾ വേറെയുമുണ്ട്.

കെയർ ഗ്രേസ് പദ്ധതിയിൽ സഹകരണ സംഘങ്ങൾ സ്വന്തം നിലയിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ എണ്ണമറ്റതാണ്. സ്കൂൾ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിങ്ങനെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയനുസരിച്ച് സാമൂഹിക പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങൾ സംഘങ്ങൾ നടത്തുന്നുണ്ട്. 2016 നവംബർ 8-ാം തീയതി നടപ്പാക്കിയ നോട്ട് നിരോധനം നമുക്ക് മറക്കാൻ കഴിയില്ല. കേരളത്തിലെ സഹകരണ മേഖല തകർന്ന് തരിപ്പണമാകുമെന്ന് കുറേപേർ ആഗ്രഹിച്ചു, കുറേപേർ പറഞ്ഞു, കുറേപേർ ആശങ്കപ്പെട്ടു. എന്നാൽ നിശ്ചയദാർഢ്യമുള്ള ഈ സർക്കാരിന്റെ പിന്തുണയിൽ നമ്മൾ പ്രതിസന്ധികൾ അതിജീവിച്ചു. ഞാൻ അഭിമാനത്തോടെ പറയട്ടെ, നോട്ട് നിരോധന കാലയളവിൽ കേരളത്തിലെ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം ഒന്നര ലക്ഷം കോടി രൂപയായിരുന്നുവെങ്കിൽ ഇപ്പോൾ 2,09,000 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

അതുപോലെതന്നെ വായ്പാ കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഈ വർഷം 287.58 കോടി രൂപയുടെ ആനുകൂല്യങ്ങൾ കുടിശ്ശികക്കാരായ വായ്പക്കാർക്ക് കിഴിവ് നൽകിയിട്ടുണ്ട്. കുടിശ്ശിക വായ്പകൾ തീർപ്പാക്കിയതിലൂടെ 6521 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചു. സഹകരണ റിസ്ക് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങളെപ്പറ്റി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 26000-ത്തിലധികം പേർക്ക് 200 കോടിയോളം രൂപ ധനസഹായം അനുവദിച്ചു. ഒരുപക്ഷെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തുക അനുവദിച്ചിട്ടുള്ള ഒരു സ്ഥാപനം റിസ്ക് ഫണ്ട് ബോർഡാണ്. 2018-2019 സാമ്പത്തിക വർഷം മാത്രം 9616 വായ്പകൾക്ക് 73.65 കോടി രൂപയുടെ ആശ്വാസ ധനസഹായം നൽകി. സഹകരണ മേഖലയിൽനിന്നും കേരള പുനർ നിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 126 കോടി രൂപ നൽകാൻ കഴിഞ്ഞതും നമ്മുടെ പ്രസ്ഥാനത്തിന്റെ ഉൾക്കരുത്താണ് വിളിച്ചോതുന്നത്.

കേരളത്തിന്റെ മണ്ണിൽനിന്നും ബ്ലേഡ് പലിശക്കാരെ തുരത്തുന്നതിന് സഹകരണ മേഖലയിൽ ആരംഭിച്ച പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. സഹകരണ ബാങ്കുകൾ ലളിതമായ വ്യവസ്ഥകളിൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ ഓരോ പ്രദേശങ്ങളിലെയും ബ്ലേഡ് മാഫിയയുടെ പിടിയിൽ അകപ്പെട്ടവർക്ക് ബ്ലേഡ് പലിശക്കാരിൽനിന്നുള്ള കടം തീർക്കലടക്കമുള്ള ആവശ്യങ്ങൾക്ക് ഈ പദ്ധതിയിലൂടെ ലഘു വായ്പകൾ നൽകുകയാണ് ചെയ്യുന്നത്. പാലക്കാട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതി ഈ വർഷംമുതൽ സംസ്ഥാന വ്യാപകമാക്കിയിട്ടുണ്ട്. നാളിതുവരെയായി മുറ്റത്തെ മുല്ല പദ്ധതി പ്രകാരം 135 സഹകരണ സംഘങ്ങൾ 1538 സ്വയംസഹായ ഗ്രൂപ്പുകൾ മുഖേന 96.31 കോടി രൂപ ലഘുവായ്പയായി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയിരം, രണ്ടായിരം, മൂവായിരം രൂപ എന്നീ നിരക്കിലാണ് ലഘുവായ്പ നൽകുന്നത്.

പുസ്തക സാഹിത്യ വൈജ്ഞാനിക രംഗത്തെ സഹകരണ മേഖലയുടെ ഇടപെടലായിരുന്നു 'കൃതി'. സാഹിത്യ പ്രവർത്തക സഹകരണ സംഘവുമായി ചേർന്ന് ആരംഭിച്ച 'കൃതി' പുസ്തക സാഹിത്യോത്സവം കഴിഞ്ഞ രണ്ട് വർഷം കൊണ്ടുതന്നെ കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ വലിയ ചലനങ്ങളുണ്ടാക്കി. ദേശീയതലത്തിൽ പുസ്തകോത്സവങ്ങളുടെ ഒന്നാം ശ്രേണിയിലേയ്ക്ക് ഉയരാൻ ഇതിനകം 'കൃതി' പുസ്തക സാഹിത്യോത്സവത്തിന് കഴിഞ്ഞു. ഈ വർഷം നടന്ന പുസ്തകോത്സവത്തിൽ കുട്ടികളുടെ പുസ്തകങ്ങൾമാത്രം ഒരു കോടി രൂപയിലധികം വിൽപ്പന നടന്നു.

കേരളത്തിൽ ആദ്യമായി ഈ ഗവൺമെന്റാണ് ഒരു സഹകരണ നയം രൂപീകരിച്ചത്. സഹകരണ മേഖലയിലൂടെ ക്ഷേമ പെൻഷനുകൾ വീടുകളിൽ എത്തിച്ചു. കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം ഏറ്റെടുത്തു. ട്രാൻസ്ജെൻഡേഴ്സ് സഹകരണ സംഘം രൂപീകരിച്ചു. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 'ഹരിതം സഹകരണം' പദ്ധതി നടപ്പാക്കിവരുന്നു. അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി ആരംഭിച്ചു. ഇത്തരത്തിൽ എണ്ണിയാലൊടുങ്ങാത്ത പദ്ധതികളും പരിപാടികളുമായി കേരളത്തിന്റെ വികസന ചക്രവാളത്തിൽ നിറഞ്ഞു നിൽക്കുകയാണ് സഹകരണ മേഖല.

ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഫെഡറേഷനുകളിൽ വലിയ തോതിലുള്ള ഗുണപരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞ 12 വർഷങ്ങൾക്കുശേഷം കേരള സംസ്ഥാന സഹകരണ ബാങ്ക് സഞ്ചിതനഷ്ടം സമ്പൂർണ്ണമായും നികത്തി ലാഭം നേടി. കഴിഞ്ഞ മൂന്ന് വർഷങ്ങളിലും ബാങ്ക് പ്രവർത്തനലാഭത്തിലായിരുന്നു. 2018-2019 വർഷത്തെ പ്രവർത്തന ലാഭം 280 കോടി രൂപയിലധികമാണ്. രാജ്യത്തുതന്നെ ഏറ്റവും മൂലധനപര്യാപ്തതയുള്ള (22%) ബാങ്കായി മാറാൻ കേരള സംസ്ഥാന സഹകരണ ബാങ്കിന് കഴിഞ്ഞു. കേരളത്തിലെ ഭൂരിഭാഗം ജില്ലാ ബാങ്കുകളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 800 കോടി രൂപയിലധികം നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡറേഷനും കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രവർത്തന ലാഭം നേടി. കൺസ്യൂമർ ഫെഡറേഷന്റെ ചിട്ടയായ പ്രവർത്തനങ്ങൾ കമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ തെല്ലൊന്നുമല്ല സഹായകരമായത്. ഇത്തവണ സ്കൂൾ തുറക്കുന്ന സമയത്ത് 500-ഓളം സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കാൻ ഫെഡറേഷന് കഴിഞ്ഞു. കാൻസർ പോലുള്ള മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് തൻവർഷം മുതൽ നീതി മെഡിക്കൽ സ്റ്റോറുകളിൽനിന്നും വളരെ കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പാക്കാൻ ആലോചിക്കുകയാണ്. തകർച്ചയുടെ പടുകുഴിയിലായിരുന്ന മാർക്കറ്റിംഗ് ഫെഡറേഷൻ, എസ്.സി./എസ്.റ്റി. ഫെഡറേഷൻ, ടൂറിസം ഫെഡറേഷൻ എന്നിവയ്ക്ക് നവജീവൻ കൈവന്നു. സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിലെ വഴിവിട്ട പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ സാധിച്ചു. ഇത്തരത്തിൽ ഈ കാലയളവിൽ സഹകരണ മേഖലയിലുണ്ടായ മാറ്റം അസൂയാവഹമാണ്. ഇതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. എന്റെ കൈവശം കാർഷിക വികസന ബാങ്കുകളടക്കമുള്ള ബാങ്കുകളുടെ അഴിമതിയുടെ വിശദമായ വിവരങ്ങളുണ്ട്. അതൊക്കെ ഇവിടെ പറഞ്ഞാൽ സമയം

നഷ്ടമാകും. കേരള സംസ്ഥാന സഹകരണ ബാങ്കിന് കീഴിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം മൺവിളയിലെ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റിയതിലൂടെ ആ സ്ഥാപനം ഇന്ന് ദേശീയ, അന്തർദ്ദേശീയ ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പരിശീലനത്തിനും വിവരശേഖരണത്തിനും ആളുകൾ ഇവിടെയെത്തുന്നു. സഹകരണ രംഗത്തെ ഒരു മികച്ച ഗവേഷണ ലൈബ്രറി ഇവിടെ സ്ഥാപിക്കും. സഹകരണ പ്രസ്ഥാനത്തിന്റെ ആഗോള സംഘടനയായ International Co-operative Alliance-ന്റെ 2020-ലെ അന്തർദ്ദേശീയ റിസർച്ച് കോൺഫറൻസ് തിരുവനന്തപുരത്ത് നടത്താനുള്ള സന്നദ്ധത അറിയിച്ചിരിക്കുകയാണ്. നിരവധി വിദേശ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ ഈ കോൺഫറൻസിൽ സംബന്ധിക്കും. ഒന്നുരണ്ട് കാര്യങ്ങൾകൂടി അതുമായി ബന്ധപ്പെട്ട് ഞാൻ പരാമർശിക്കുകയാണ്. ഇവിടെ വന്ന വിമർശനങ്ങൾക്കും മറ്റും ഞാൻ പിന്നീട് മറുപടി പറയാം.

കേരള ജനത വളരെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒന്നാണ് കേരള ബാങ്ക് രൂപീകരണം. ആർ.ബി.ഐ.-യിൽനിന്നുള്ള അതിന്റെ അന്തിമ അനുമതി ഈ മാസംതന്നെ പ്രതീക്ഷിക്കുകയാണ്. നബാർഡ് പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചുകൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. നിക്ഷിപ്ത താൽപര്യങ്ങളാലും രാഷ്ട്രീയ എതിർപ്പിനാലും ഈ മഹത്തായ ഉദ്യമത്തെ തുടക്കംമുതൽ എതിർക്കുന്ന വരുടെ വിവിധ കുത്സിതപ്രവൃത്തികളാണ് ഈ പദ്ധതി ഇത്രയേറെ നീണ്ടുപോകാൻ കാരണമായത്. ഞാനത് വിശദീകരിക്കേണ്ട കാര്യമില്ല. അതെല്ലാം മറികടന്ന് 2019-20 സാമ്പത്തിക വർഷംതന്നെ കേരള ബാങ്ക് രൂപീകരിക്കും. ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കായിരിക്കും ഇനി കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ബാങ്ക്. 2018 ഡിസംബറിലെ SLBC വിവരങ്ങൾ പ്രകാരം ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കേരളത്തിൽ 1230 ബ്രാഞ്ചുകളാണുള്ളത്. ഒന്നരലക്ഷം കോടി രൂപയുടെ നിക്ഷേപവുമുണ്ട്. എന്നാൽ ഈ നിക്ഷേപത്തിന്റെ പകുതിയിലധികവും എൻ.ആർ.ഐ. നിക്ഷേപമാണ്. ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കിന് തുടക്കത്തിൽ 825 ബ്രാഞ്ചുകളുണ്ടാകും. അറുപതിനായിരത്തിലധികം കോടി രൂപയുടെ നിക്ഷേപവുമുണ്ട്. ഇതിൽ ഒരുരൂപ പോലും എൻ.ആർ.ഐ. നിക്ഷേപമില്ല എന്നുകൂടി നാം ഓർക്കണം. അർബൻ ബാങ്കുകൾ, PACS എന്നിവയിലെ നിക്ഷേപം വേറെയുണ്ട്. അത് ഈ കണക്കിൽ വരുന്നില്ല. എസ്.ബി.ഐ. കഴിഞ്ഞാൽ വാണിജ്യ ബാങ്കുകളിൽ കേരള ഗ്രാമീൺ ബാങ്കിന് 633 ശാഖകളും ഫെഡറൽ ബാങ്കിന് 599 ശാഖകളുമാണ് കേരളത്തിലുള്ളത്.

21 പൊതുമേഖലാ ബാങ്കുകളും ഒരു ഗ്രാമീൺ ബാങ്കും 19 സ്വകാര്യ വാണിജ്യ ബാങ്കുകളും രണ്ട് small finance ബാങ്കുകളും ഉൾപ്പെടുന്ന കേരളത്തിലെ വാണിജ്യ ബാങ്കിംഗ് രംഗം ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന ബാങ്കിൽ ലയിപ്പിച്ച് രൂപീകരിക്കുന്ന കേരള ബാങ്കിനും കേരള ബാങ്കിന്റെ അംഗങ്ങളാകുന്ന 1600-ലധികം വരുന്ന PACS-കൾക്കും അറുപതോളം അർബൻ ബാങ്കുകൾക്കും കാതോർക്കുന്ന കാലം അതിവിദൂരമല്ലെന്ന് നാം കാണണം.

ഇവിടെ ചില വിമർശനങ്ങൾ വന്നിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് മലബാർ മേഖലാ യൂണിയൻ സർക്കാർ പിടിച്ചെടുത്തു എന്നമട്ടിൽ പറയുകയുണ്ടായി. സർക്കാർ പിടിച്ചെടുത്തതൊന്നുമല്ല. അതിന്റെ കാലാവധി കഴിഞ്ഞ കാര്യം ഭരണസമിതി അറിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. അവർക്ക് തെറ്റിദ്ധാരണ വരികയോ അല്ലെങ്കിൽ ശ്രദ്ധിക്കാതെ പോകുകയോ ചെയ്തു. അവർ തെരഞ്ഞെടുപ്പ് നടത്തിയില്ല. സർക്കാരിനെതിരെ കേസ്സിന് പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി കേസ് തള്ളി. ഭരണസമിതിയുടെ കാലാവധി കഴിഞ്ഞുപോകുകയാണുണ്ടായത്. അത് പിടിച്ചെടുക്കുകയായിരുന്നില്ല. റീജിയണൽ അടിസ്ഥാനത്തിലായിരുന്നു തെരഞ്ഞെടുപ്പ് നടന്നിരുന്നത്. എല്ലാവർക്കും ഓരോ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാമായിരുന്നു. ഇത് ജില്ലാടിസ്ഥാനത്തിലുള്ള പ്രാതിനിധ്യമാക്കി മാറ്റുക മാത്രമാണ് അതിൽ ചെയ്തിട്ടുള്ളത്. അത് പിടിച്ചെടുക്കാൻ വേണ്ടിയൊന്നുമല്ല. ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെടേണ്ട ആളുകളെ അതാത് ജില്ലയിൽ തെരഞ്ഞെടുക്കപ്പെടണമെന്ന നിലയിലുള്ള ഒരു ഭേദഗതി മാത്രമേ ഈ ക്ഷീരസംഘങ്ങളുടെ കാര്യത്തിൽ, മിൽമയുടെ കാര്യത്തിൽ വരുത്തി യിട്ടുള്ളൂ. അതൊന്നും പിടിച്ചെടുക്കാൻ വേണ്ടിയല്ല, കൂടുതൽ ജനാധിപത്യപരമായ ഉള്ളടക്കം അതിൽ കൊണ്ടുവരുന്നതിനുവേണ്ടി നടത്തിയതാണ്. മലബാർ മേഖലാ യൂണിയന്റെ കാര്യത്തിൽ, എന്തുകൊണ്ടാണ് യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ അക്കൂട്ടർ തയ്യാറാകാതിരുന്നതെന്ന കാര്യം കോൺഗ്രസ് പാർട്ടി പരിശോധി ക്കുന്നത് നന്നായിരിക്കും.

സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. വലിയ ന്യൂനതകളാണ് 2017-18-ലെ ഓഡിറ്റ് പൂർത്തീകരിച്ചപ്പോൾ പുറത്തുവന്നത്. സംസ്ഥാന സഹകരണ നിയമവും ചട്ടങ്ങളും ഗ്രാറ്റുവിറ്റി നിയമവു മെല്ലാം വരുന്നതിനുമുമ്പ് 1961-ൽ സഹകരണസംഘം രജിസ്ട്രാർ പ്രത്യേകമായി അനുവദിച്ചുനൽകിയ staff retirement benefit scheme എന്നപേരിൽ ബാങ്ക് സ്വന്തംനിലയിൽ ഒരു നിധി രൂപീകരിക്കുകയും ഈ നിധിയിലേയ്ക്ക് ഓരോ വർഷവും ജീവനക്കാരുടെ രണ്ട് മാസത്തെ ശമ്പളം നീക്കി വയ്ക്കുകയും റിട്ടയർ ചെയ്യുമ്പോൾ പലിശയടക്കം ഒറ്റത്തവണയായി ജീവനക്കാർക്ക് നൽകുകയും ചെയ്യുന്ന

രീതിയുണ്ടായിരുന്നു. അതായത് 12 മാസം ജോലി ചെയ്യുമ്പോൾ 14 മാസത്തെ ശമ്പളവും രണ്ട് മാസത്തെ അധിക ശമ്പളത്തിന് പലിശയും നൽകി വരികയായിരുന്നു. വാർഷികാടിസ്ഥാനത്തിൽ 4 കോടി രൂപയിലധികം ഈ ഫണ്ടിലേയ്ക്ക് പലിശയായി നൽകുന്നു. ഒരു മാസത്തെ ലീവ് സറണ്ടർ ആനുകൂല്യം ഇതിനു പുറമേയുണ്ട്. 1961-ൽ ബാങ്ക് ലാന്റ് മോർട്ട്ഗേജ് ബാങ്കായി പ്രവർത്തിക്കുമ്പോൾ, വളരെ കുറഞ്ഞ ശമ്പളവും ആനുകൂല്യവും മാത്രമുള്ളപ്പോൾ നൽകിയ ഒരു ആനുകൂല്യം 2018-ലും തുടരുന്നുണ്ടായിരുന്നു. നിലവിൽ ബാങ്കിൽ 204 ജീവനക്കാരാണുള്ളത്. ഇതിൽ 150 പേരോളം, അറ്റന്റർ, ടൈപ്പിസ്റ്റ്, ഡ്രൈവർ അടക്കം ഒരു ലക്ഷം രൂപയിലധികം മാസശമ്പളം പറ്റുന്നവരാണ്. ഒന്നര ലക്ഷത്തിനുമേൽ 31 പേർ ശമ്പളം വാങ്ങുന്നു. ഗ്രാറ്റുവിറ്റി, പെൻഷൻ, പി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങളും നൽകുന്നു. 1961-ലെ സാഹചര്യത്തിൽ രജിസ്ട്രാർ അനുവദിച്ചുനൽകിയ ഒരു ഉപചട്ടത്തിന്റെ മറവിൽ ഇപ്പോഴും ലക്ഷക്കണക്കിന് രൂപ അമിതമായി ജീവനക്കാർ പറ്റിക്കൊണ്ടിരിക്കുകയാണ്. ഈ ഫണ്ടിന്റെ മാനേജ്മെന്റ് അധികാരം ഭരണ സമിതിക്കാണ്. സർക്കാർ നൽകുന്ന ഗ്യാരന്റി നിലവിൽ 5782 കോടി രൂപയാണ്. അതിന്റെ അടിസ്ഥാനത്തിൽ നബാർഡിൽനിന്നും വായ്പയെടുത്താണ് ബാങ്ക് പ്രവർത്തിക്കുന്നത്. പ്രാഥമിക കാർഷിക വികസന ബാങ്കുകളെയോ സാധാരണ കർഷകരെയോ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് ഈ ബാങ്ക് സഹായിക്കുന്നില്ലെന്ന തരത്തിൽ പരാതികൾ നിലനിൽക്കെ 12 മാസം ജോലി ചെയ്ത് 14 മാസത്തെ ശമ്പളം പറ്റുന്നൊരു സ്ഥാപനത്തെ അടിമുടി പരിശോധിച്ച് അവശ്യംവേണ്ട ഉടച്ചുവാർക്കലുകൾ നടത്തേണ്ടത് അനിവാര്യമാണെന്ന് ഗവൺമെന്റ് കരുതുകയാണ്.

സർക്കാരിന്റെ ഗ്യാരന്റിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം സർക്കാർ ഓഹരി തിരിച്ചടയ്ക്കേണ്ട ഇനത്തിൽ 9.75 കോടി രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. പിഴപ്പലിശയിനത്തിൽ 3.05 കോടി രൂപയും സർക്കാരിലേയ്ക്ക് കുടിശ്ശികയാണ്. രജിസ്ട്രാറുടെ അനുമതിയില്ലാതെ 37.60 ലക്ഷം രൂപ ഗിഫ്റ്റ് നൽകുന്നതിനായി ഉപയോഗിച്ചിരിക്കുന്നു. പത്തനംതിട്ടയിൽ ഓഫീസ് പണിയുന്നതിനായി ഭൂമി വാങ്ങിയതിൽ ക്രമക്കേട് നടന്നത് വിജിലൻസ് അന്വേഷണത്തിന് വിട്ടിട്ടുണ്ട്. എറണാകുളത്തെ ട്രെയിനിംഗ് സെന്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച ക്രമക്കേടുകൾ, കമ്പ്യൂട്ടറൈസേഷൻ, കോർബാങ്കിംഗ് തുടങ്ങിയവ സംബന്ധിച്ച അഴിമതി എന്നിവയെല്ലാമാണ് അവിടെ നടന്നത്. ഈ സാഹചര്യത്തിലാണ് നിഷ്പക്ഷമായ അന്വേഷണം നടക്കണമെന്നതുകൊണ്ട് ആ ബാങ്കിന്റെ ഭരണസമിതിയെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തിവന്നത്. ചില കേസ്സുകളും നിലനിൽക്കുകയാണ്. ഇതാണ് ആ ബാങ്കിനെ സംബന്ധിച്ചിടത്തോളം പറയാനുള്ളത്. ബാങ്ക് അതിന്റെ ലക്ഷ്യം അനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അഴിമതിയുടെ കാര്യത്തിൽ മോശമല്ലാത്തതായ സാഹചര്യവും നില നിൽക്കുകയാണ്.

റിസ്ക് ഫണ്ടിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. 2009 മുതൽ 2016 വരെ 25966 പേർക്ക് 175.61 കോടി രൂപയാണ് കൊടുത്തതെങ്കിൽ 2016 മുതൽ 2019 വരെ, കേവലം മൂന്ന് വർഷത്തിനിടയിൽ 25156 പേർക്ക് 190.47 കോടി രൂപ വിതരണം ചെയ്തു. റിസ്ക് ഫണ്ട് കൊടുക്കുന്ന കാര്യത്തിൽ നമ്മൾ വളരെയേറെ മുന്നോട്ട് പോയിട്ടുണ്ട്.

സഹകരണ മേഖലയിൽ നടത്തുന്ന കൃത്രിമങ്ങൾ പരിശോധിച്ചാൽ അതിൽ വളരെക്കൂടുതലും യു.ഡി.എഫ്. ഭരിക്കുന്ന സംഘങ്ങളിലാണെന്ന് കാണാൻ സാധിക്കും. വേണമെങ്കിൽ അതിന്റെ ലിസ്റ്റ് ഞാൻ നിങ്ങൾക്ക് തരാം. അത്തരം സംഘങ്ങളെ സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമാക്കി നടപടി സ്വീകരിക്കുന്നതിനെ ജനാധിപത്യ ധ്വംസനമായി ദയവുചെയ്ത് നിങ്ങൾ വ്യാഖ്യാനിക്കരുത്. അങ്ങനെ ചെയ്യാൻ പാടില്ല. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത്, ഇ.എം.എസ്. ഭവന വായ്പയുടെ പലിശ നൽകുന്നില്ലെന്നതാണ്. 2011 മുതൽ 2016 വരെയുള്ള കാലയളവിൽവന്ന കുടിശ്ശികയാണ് ഇപ്പോഴും നിലനിൽക്കുന്നത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇ.എം.എസ്. ഭവന വായ്പയ്ക്ക് പലിശ കൊടുക്കാൻ നിങ്ങൾ തയ്യാറായിരുന്നില്ല. ഈ പ്രശ്നം ഇപ്പോൾ എൽ.എസ്.ജി.ഡി. ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കുടിശ്ശിക തീർക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. മൂന്ന് മാസത്തിനുള്ളിൽ നിങ്ങൾ വരുത്തിവച്ച പ്രസ്തുത കുടിശ്ശിക സമ്പൂർണ്ണമായും കൊടുത്തു തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇടുക്കി, വണ്ടൻമേട്, അയിരൂപ്പാറ ഇവയെല്ലാം ഞാൻ ഇവിടെ പറഞ്ഞ അഴിമതിയുടെ പട്ടികയിൽപ്പെടുത്തിയ മുപ്പതോളം സംഘങ്ങളുടെ കൂട്ടത്തിൽ വരുന്നതുതന്നെയാണ്. ആദായനികുതി ഇളവിന്റെ പ്രശ്നം അങ്ങ് ചൂണ്ടിക്കാണിച്ചു, അത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്; ഇക്കാര്യത്തിൽ നമുക്ക് ഒരുമിച്ചുനിന്ന് പ്രവർത്തിക്കാം. അങ്ങനെ പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള യോജിച്ച കൂട്ടായ്മ അക്കാര്യത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. നിയമപരമായും അല്ലാതെയും രാഷ്ട്രീയപരമായും നേടുന്നതിനുവേണ്ടിയുള്ള യോജിപ്പ് നമുക്ക് ഉയർത്തിയെടുക്കണമെന്നാണ് പറയാനുള്ളത്.

ഹൗസിംഗ് ഫെഡറേഷന് വായ്പയെടുക്കാൻ ജാമ്യം നിൽക്കുന്നില്ലെന്നുള്ള പ്രശ്നം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഹൗസിംഗ് ഫെഡറേഷനിൽ അഴിമതി സംബന്ധിച്ച അന്വേഷണം നടന്നുവരുന്നതുകൊണ്ടാണ് ഗവൺമെന്റ് ജാമ്യം നിൽക്കാൻ തയ്യാറാകാത്തത്. ശ്രീ. കെ. ബാബു ചൂണ്ടിക്കാണിച്ചത് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഉയർന്ന പലിശയ്ക്ക് നിക്ഷേപങ്ങൾ സ്വീകരിക്കുന്നുവെന്നാണ്. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപത്തിന് സംസ്ഥാന സഹകരണ

ഡെപ്പോസിറ്റ് ഗ്യാരന്റി ബോർഡിന്റെ യാതൊരു സംരക്ഷണവും ഇല്ലെന്ന സർക്കുലർ സഹകരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതെല്ലാ ബാങ്കുകളിലും പരസ്യപ്പെടുത്തിയിട്ടുമുണ്ട്. സഹകരണ പ്രിന്റിംഗ് പ്രസ്സിന്റെ പ്രവർത്തനം, ക്ലാസിഫിക്കേഷൻ എന്നിവ സംബന്ധിച്ച് പ്രത്യേകമായി പരിശോധിക്കാം. ശ്രീ. ഉബൈദുള്ള ചില കാര്യങ്ങൾ പറഞ്ഞു, ഇൻകം ടാക്സിന്റെ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. രണ്ടുലക്ഷത്തിന് മുകളിൽ നിക്ഷേപമോ പിൻവലിക്കലോ പാടില്ല, ആർ.ബി.ഐ. ഈ മേഖലയിൽ പിടിമുറുക്കുന്നുണ്ടെന്നുള്ളത് വാസ്തവമാണ്. പിന്നെ PACS-ന്റെ കാര്യം അദ്ദേഹം സൂചിപ്പിച്ചു, രണ്ടാമത്തെയും നാലാമത്തെയും ശനിയാഴ്ചകളിൽ അവധിയില്ല, ഏകീകരണം നല്ലതാണെന്നുള്ളതാണ്. PACS ആർ.ബി.ഐ.-യുടെ പരിധിയിൽ വരുന്നില്ലെങ്കിൽപോലും ഈ ആവശ്യം നമുക്ക് പ്രത്യേകം പരിശോധിച്ച് പരിഗണിക്കാവുന്നതാണ്. കേരള ബാങ്കിനെ സംബന്ധിച്ച് കൂട്ടായ ആലോചനയില്ല, അവസാനം ചെയ്യേണ്ടത് ആദ്യം ചെയ്തു എന്നൊക്കെ പറയുന്നത് ശരിയല്ല. പല ഘട്ടങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്, കമ്മിറ്റികൾ നേരിട്ട് തെളിവെടുപ്പ് നടത്തിയിട്ടുണ്ട്, മന്ത്രിയെന്ന നിലയിൽ ഞാൻ തന്നെ യോഗങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്. എല്ലാ വിഭാഗക്കാരുമായും അക്കാര്യം സംസാരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ ബാങ്ക് മാത്രമാണ് തൽക്കാലം മാറിനിൽക്കുന്നത്. അവിടെനിന്നും 400-ലധികം വരുന്ന മുഴവൻ ജീവനക്കാരും ഒപ്പിട്ട നിവേദനം എനിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും ലീഗിന്റെ അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവിനും നൽകിയെന്ന് അവർ പറഞ്ഞു. മുഴവൻ ആളുകളും ഒറ്റക്കെട്ടായി, അതിൽ കക്ഷി രാഷ്ട്രീയമൊന്നുമില്ല, എല്ലാവരും ഒരുമിച്ച് ആവശ്യപ്പെടുകയാണ്. മലപ്പുറം ജില്ലാ ബാങ്കുകൂടി ഇന്നത്തെ സാഹചര്യത്തിൽ യോജിച്ചു വരുന്നതിനുവേണ്ടി തയ്യാറാകണം. ഞാൻ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും കുഞ്ഞാലിക്കുട്ടി സാഹിബിനോടും സംസാരിച്ചതാണ്. വളരെ പോസിറ്റീവായ മറുപടിയാണ് എല്ലാവരിൽനിന്നും ലഭിച്ചത്. അത് പ്രായോഗികമാക്കുന്നതിന് ആവശ്യമായുള്ള നടപടികൾ നമുക്ക് സ്വീകരിക്കാൻ സാധിക്കും. 14 ജില്ലാ ബാങ്കുകൾക്കും യോജിച്ചുതന്നെ മുന്നോട്ടു പോകാൻ സാധിക്കുമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്. കാർഷികരംഗത്ത് യോജിച്ച ഇടപെടലുകൾ നിശ്ചയമായിട്ടുമുണ്ടാകും. സഹകരണ യൂണിവേഴ്സിറ്റിയുടെ കാര്യം പരിശോധിക്കേണ്ട വിഷയമാണ്. പ്രൈമറി മേഖലയിലെ ക്ലാസിഫിക്കേഷൻ സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞു, അത് പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കാം. അഴിമതി കർശനമായി തടയാൻ ജില്ലാതലങ്ങളിൽ പ്രത്യേക ടീമുകളെ നിയോഗിച്ച്, പ്രായോഗികമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കാനായി ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. ശ്രീ. പി. സി. ജോർജ് കാർഷിക

ഗ്രാമ വികസന ബാങ്കിനെ സംബന്ധിച്ച് പറഞ്ഞു, ഞാൻ അതിന് മറുപടി പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ച ലാഡറിനെ സംബന്ധിച്ച്, അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിക്കു കയാണ്. സഹകരണസംഘം എന്ന നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ, വ്യാപ്തി, ലക്ഷ്യം, എന്തൊക്കെയാണെന്ന് ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയെക്കുറിച്ച് പറഞ്ഞു. അത് അവർതന്നെ കൊടുത്ത വാർത്തയായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും എനിക്കും ഓരോ പ്രോജക്ട് അവർ സമർപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. പരിശോധിച്ചതിനുശേഷം അതുസംബന്ധിച്ച് പറയാം. ലാഡറിൽ തന്നെ ചെയ്യണമെന്ന ഉദ്ദേശ്യത്തിലല്ല, സഹകരണ മേഖലയിൽ അത്തരമൊരു സംരംഭം നമുക്ക് ആരംഭിക്കാവുന്നതാണോയെന്ന നിലയിലാണ് അവർ ആ പ്രോജക്ട് സമർപ്പിച്ചിട്ടുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ പ്രസംഗം ഞാൻ തടസ്സപ്പെടുത്തേണ്ട എന്ന് കരുതിയതായിരുന്നു. രണ്ടു കാര്യങ്ങളാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്. ഇതുസംബന്ധിച്ച് കോൺഗ്രസ് പരിശോധിച്ചിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ പിടിച്ചെടുക്കാൻ നിങ്ങൾ നടത്തിയ ശ്രമങ്ങൾക്കെതി രായാണ് കോടതിയിൽ പോയത്. അല്ലാതെ തെരഞ്ഞെടുപ്പ് നടത്താത്തതുകൊണ്ടല്ല. വർഷങ്ങളായി നിലനിന്നിരുന്ന രീതി മാറ്റി നിങ്ങൾ അത് പിടിച്ചെടുക്കാൻ ശ്രമിച്ചു. നിങ്ങൾ ഒരു ഓർഡിനൻസ് ഇറക്കി നിയമം കൊണ്ടുവന്നു. അതിനെതിരായാണ് ഞങ്ങൾ കോടതിയിൽപ്പോയത്. അല്ലാതെ തെരഞ്ഞെടുപ്പ് കോൺഗ്രസ് അറിയാതെ പോയതല്ല. പിന്നെ യു.ഡി.എഫ്.-ലെ സംഘങ്ങളിൽ മാത്രമാണ് അഴിമതിയെന്ന് അങ്ങ് പറഞ്ഞു. യു.ഡി.എഫ്.-ന്റെ സംഘങ്ങളുമുണ്ട്, എൽ.ഡി.എഫ്.-ന്റെ സംഘ ങ്ങളുമുണ്ട്. അത് എല്ലാ സഹകരണമേഖലയിലെയും ഒരു അർബുദമാണ്. അത് തടയാൻ നമ്മൾ കൂട്ടായി ശ്രമിക്കുകയാണ് വേണ്ടത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മിൽമയുമായി ബന്ധപ്പെട്ട് മലബാർ മേഖലാ യൂണിയനിൽ കോൺഗ്രസ്സിന്റെതന്നെ നേതൃത്വത്തിലുള്ള ഡയറക്ടർ ബോർഡാണ് ഭരിച്ചുകൊണ്ടിരുന്നത്. ആ ഭരണ സമിതിക്ക് കാലാവധി തീർന്നത് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അങ്ങത് പരിശോ ധിക്കണം. കാലാവധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതല്ലേ? അങ്ങനെ ചെയ്യാതെ സ്വയംഭരണ നേതൃത്വത്തിൽനിന്ന് പോയതാണ്. അങ്ങനെയാണ് അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായത്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ടൂറിസം വകുപ്പുകൂടി ബാക്കിയുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ച ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയേണ്ടതല്ലേ?

ശ്രീ. സണ്ണി ജോസഫ്: സർ, മലബാർ സംഘത്തിന്റെ തെരഞ്ഞെടുപ്പിനു മുൻപ് തെരഞ്ഞെടുപ്പ് നിയമത്തിൽ ഭേദഗതി വരുത്താൻ ഓർഡിനൻസ് ഇറക്കി. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാട്ടിയതുപോലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ആരൊക്കെയെന്ന കാര്യത്തിൽ ഭേദഗതി വരുത്തിയാണ് മലബാർ മേഖലാ യൂണിയൻ പിടിച്ചെടുത്തതെന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല. അതൊരു ഓർഡിനൻസാണ്, നിയമം പാസ്സാക്കിയതാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതി വരുത്തിയെന്നുള്ളത് വാസ്തവമാണ്. ആ ഭേദഗതി വന്നുവെന്നുള്ളതുകൊണ്ട് പിടിച്ചെടുക്കൽ ആകുന്നില്ല. കൂടുതൽ ജനാധിപത്യപരമാക്കുന്നതിനുവേണ്ടി വരുത്തിയ ഭേദഗതിയാണ്. അതായത് ജില്ലകളിലെ അംഗങ്ങൾ ചേർന്ന് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട ആളെ തെരഞ്ഞെടുക്കുകയെന്ന ചെറിയൊരു ഭേദഗതി മാത്രമാണ് വരുത്തിയത്. അതിനെതിരായി മലബാർ യൂണിയൻ കോടതിയിൽ പോയി. കോടതി ഈ ഭേദഗതി അംഗീകരിക്കുകയാണ് ചെയ്തത്. കോടതി പറഞ്ഞത് ഇത് ശരിയാണെന്നാണ്. യഥാസമയം ആ ഭേദഗതിയുടെ അടിസ്ഥാനത്തിലാണെങ്കിൽപ്പോലും അവർക്ക് നോമിനേഷൻ കൊടുക്കാമായിരുന്നു, മൽസരിക്കാമായിരുന്നു, ജയിക്കാമായിരുന്നു, അത് ചെയ്തില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. പി. അനിൽ കുമാർ പറഞ്ഞത്, കേരള ബാങ്കിനെ സംബന്ധിച്ചാണ്. അതിന് ഞാൻ മറുപടി പറഞ്ഞു. നിങ്ങൾ ഏറെ തടസ്സപ്പെടുത്തി. ഉദ്യോഗസ്ഥ ഭരണത്തിൽ ഒരു സ്ഥാപനവും പുറകോട്ട് പോയിട്ടില്ലായെന്നുള്ളത് കണക്കുകൾ ഉദ്ധരിച്ച് എനിക്ക് പറയാൻ സാധിക്കും. എന്റെ കയ്യിൽ കണക്കുകളുണ്ട്. ഓരോ ജില്ലാ ബാങ്കുകളെയും സംസ്ഥാന ബാങ്കിനേയും സംബന്ധിച്ചുള്ള കണക്കുകളുണ്ട്. ഒന്നും പോയിട്ടില്ല. ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ എം.എൽ.എ. വായ്പ പുതുക്കലിനെ സംബന്ധിച്ച് പറയുകയുണ്ടായി. വായ്പാ കുടിശ്ശിക തീർക്കാനായി ബാങ്കിൽ പൊതുവേ വായ്പകൾ പുതുക്കി നൽകുന്ന പ്രവണതയുണ്ട്. എന്നാൽ വർഷാവർഷം പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ നടത്തുന്നുണ്ട്. പലിശ, പിഴപ്പലിശ എന്നീ ഇനത്തിൽ 2018-19 വർഷം മാത്രം 287.58 കോടി രൂപ കിഴിവ് നൽകിയിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം സഹകാരികളുടെ അഭ്യർത്ഥനയെത്തുടർന്ന് ജൂൺ 1 മുതൽ 30 വരെ കുടിശ്ശിക നിവാരണ ആനുകൂല്യങ്ങൾ നൽകിവരികയാണ്. കർഷകരുടെ എല്ലാവിധ വായ്പകൾക്കും 31-12-2019 വരെ മൊറട്ടോറിയം നൽകി

ഉത്തരവിറക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ കർഷകർക്ക് കൂടുതൽ പ്രയോജനം ചെയ്യുന്ന വായ്പാ പദ്ധതികൾ ആരംഭിക്കും. പാലക്കാട് നെൽ കർഷകരെ സഹായിക്കാനായി ആധുനിക നെൽ സംഭരണ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നുണ്ട്. ശ്രീ. അബ്ദുൽ ഹമീദ്. പി., കൺസ്യൂമർ ഫെഡറേഷന്റെ കാര്യം പറഞ്ഞാണ് ജനാധിപത്യ ധ്വംസനം നടക്കുന്നുവെന്ന് പറഞ്ഞത്. ഞാനത് ഇവിടെ പറയേണ്ട കാര്യമില്ല. കൺസ്യൂമർ ഫെഡറേഷൻ എന്നുപറഞ്ഞാൽ അഴിമതിയെന്നായിരുന്നു നമ്മൾ മനസ്സിലാക്കിയിരുന്നത്. അതിനെ വീണ്ടും അങ്ങനെതന്നെ പോകാൻ അനുവദിക്കണമായിരുന്നു എന്നാണോ അങ്ങയെപ്പോലുള്ള ഒരാൾ പറയുന്നത്. ഒരു നല്ല സഹകാരിയായാണ് അങ്ങയെ ഞാൻ കാണുന്നത്. കൺസ്യൂമർ ഫെഡ് എന്ന സ്ഥാപനത്തിന്റെ നാശം നന്നായി അറിയാവുന്ന ഒരാളാണ്, അത് എത്രമാത്രം അഴിമതിയിൽ മുങ്ങിക്കുളിച്ചുനിന്നുവെന്ന് അറിയാവുന്ന ഒരാളാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, സഹകരണ മേഖലയിലെ അപെക്സ് ബോഡികളായ സംസ്ഥാന സഹകരണ ബാങ്ക്, അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് ബാങ്ക്, സംസ്ഥാന സഹകരണ യൂണിയൻ, പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയെക്കുറിച്ചും പറഞ്ഞു. അല്ലാതെ കൺസ്യൂമർ ഫെഡിനെക്കുറിച്ചുമാത്രമല്ല ഞാൻ പറഞ്ഞത്,

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് മനസ്സിലാക്കേണ്ടത്, സംസ്ഥാന സഹകരണ ബാങ്ക്, നിലവിൽ ഇന്ത്യയിലെ ഏറ്റവും വലിയ ലാഭത്തിലും മൂലധന പര്യാപ്തതയിലും പ്രവർത്തിക്കുന്ന ഒരു ബാങ്കായി മാറിയിട്ടുണ്ട്. 2016-ലെ കണക്കുകളും 2019-ലെ കണക്കുകളും എന്റെ കൈവശമുണ്ട്. 2016-ൽ 6112 കോടി രൂപയായിരുന്നു നിക്ഷേപം. 2019-ൽ നിക്ഷേപം 8945 കോടി രൂപയായി. വായ്പ 2016-ൽ 3412 കോടി രൂപ, 2019-ൽ വായ്പ 6487 കോടി രൂപ, സഞ്ചിത നഷ്ടം 2016-ൽ 341.34 കോടി രൂപ, നിഷ്ക്രിയ ആസ്തി 2016-ൽ 16.04%, മൂലധനപര്യാപ്തത 2016-ൽ 13.71%, 2019-ൽ സഞ്ചിത നഷ്ടം നികത്തി 71.55 കോടി രൂപ അറ്റലാഭമുണ്ടാക്കി. നിഷ്ക്രിയ ആസ്തി 2019-ൽ 16-ൽ നിന്നും 3.16 ശതമാനമായി മാറി. മൂലധനപര്യാപ്തത 2019-ൽ 22.86 ശതമാനമായി മാറി. ഇന്ത്യയിലെതന്നെ ഏറ്റവും വലിയ സംസ്ഥാന സഹകരണ ബാങ്കായി നമ്മുടെ ബാങ്ക് മാറി. അതാണ് സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് പറയാനുള്ളത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർ ഫെഡിന്റെ സഞ്ചിതനഷ്ടം ഏകദേശ കണക്കുകൾ പ്രകാരം, അങ്ങനെ ഞാൻ പറയാൻ കാരണം, ഓഡിറ്റിംഗും മറ്റും കൃത്യമായി നടക്കുന്നതല്ല, 832.27 കോടി രൂപയായിരുന്നു. മുൻകാലങ്ങളിൽ മുൻ സർക്കാരിൽനിന്നും കിട്ടാനുള്ളതായി കണക്കാക്കിയ 300 കോടിയോളം രൂപകൂടി നഷ്ടത്തിലേയ്ക്ക് വകയിരുത്തിയാണ് ഈ കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

തുടർന്ന് 2016-17-ൽ 61.28 കോടി രൂപ, 2017-18-ൽ 61.63 കോടി രൂപ, 2018-19-ൽ 63.78 കോടി രൂപ എന്നിങ്ങനെയാണ് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തന ലാഭമുണ്ടായിട്ടുള്ളത്. മേൽ വർഷങ്ങളിലെ ഓഡിറ്റ് നടന്നുവരികയാണ്. ഇതുകൂടാതെ കൺസ്യൂമർ ഫെഡിന്റെ വിറ്റുവരവിലും കാര്യമായ പുരോഗതിയുണ്ടാക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. 2015-16-ൽ 1717.09 കോടി രൂപയായിരുന്ന വിൽപ്പന, 2016-17-ൽ 1891.41 കോടി രൂപയായും 2017-18-ൽ 2004.84 കോടി രൂപയായും 2018-19-ൽ 2297.04 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം നല്ല നിലയിൽ നടത്തുന്നതിനു തന്നെയാണ് തയ്യാറായിരിക്കുന്നത്.

[6.00 pm]

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, സഹകരണ മേഖലയ്ക്ക് കൂടുതൽ പണം വകയിരുത്തണമെന്ന് സബ്ജക്ട് കമ്മിയിൽ വാദിച്ചയാളാണ് ഞാനെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ഞാൻ പറഞ്ഞത് കൺസ്യൂമർ ഫെഡറേഷന്റെ കാര്യം മാത്രമല്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ബോഡികളില്ലാത്ത അപ്പെക്സ് സംഘങ്ങളെക്കുറിച്ചുകൂടിയാണ്.

മി. സ്പീക്കർ: അങ്ങ് ചർച്ചയിൽ പങ്കെടുത്ത ഓരോരുത്തരുടെയും പേരുവിളിച്ച് ചോദ്യം ചോദിച്ചാൽ സമയത്തിന് തീരുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങയെ നന്നായറിയാവുന്നതുകൊണ്ടാണ് അങ്ങൊരു നല്ല സഹകാരിയാണെന്ന് ഞാൻ പറഞ്ഞത്. അങ്ങനെയുള്ള വ്യക്തി കൺസ്യൂമർഫെഡ് പോലുള്ള സ്ഥാപനങ്ങളിലെ അഴിമതിയെ കുറച്ചെങ്കിലും ന്യായീകരിക്കുന്ന മട്ടിലും സഹായിക്കുന്ന രീതിയിലും സംസാരിച്ചത് സഹിക്കാൻ പറ്റാതായതുകൊണ്ട് പറഞ്ഞുപോയതാണ്. ഇവിടെവന്ന വിമർശനങ്ങൾക്കെല്ലാം ഏകദേശം മറുപടി പറഞ്ഞുവെന്നാണ് കരുതുന്നത്. സഹകരണ മേഖലയിലെ ചില പുതിയ പദ്ധതികൾ കൂടി ഞാനിവിടെ പ്രഖ്യാപിക്കുകയാണ്.

(1) കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സഹകരണ സംഘങ്ങൾ സ്വന്തം നിലയിലും കൺസോർഷ്യം അടിസ്ഥാനത്തിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ചെറുകിട സംരംഭങ്ങൾ നടത്തിവരുന്നുണ്ട്. ഈ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വിപുലമായ ഒരു ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുകയും ലാബ് പരിശോധന നടത്തിയശേഷം അത്തരം ഉൽപ്പന്നങ്ങൾ ഗുണനിലവാരം പാലിക്കുന്നുവെങ്കിൽ അത് സൂചിപ്പിക്കാനായി അഗ്മാർക്ക് മാതൃകയിൽ ഒരു സഹകരണ മാർക്ക് നൽകുകയും ഇത്തരം ഉൽപ്പന്നങ്ങൾ സഹകരണ ബ്രാന്റിലൂടെ സഹകരണ മാർക്കറ്റിംഗ് ശൃംഖലയിലൂടെ വിറ്റഴിക്കുന്നതിനുള്ള വിപുലമായ സംവിധാനം രൂപീകരിക്കുകയും ചെയ്യും.

(2) സഹകരണ സംഘങ്ങൾ തമ്മിലും സഹകരണ സംഘങ്ങളിലെ അംഗങ്ങൾ തമ്മിലും കൺസോർഷ്യം രൂപീകരിച്ച് കാർഷിക അനുബന്ധ ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകും. സാമ്പത്തിക ഭദ്രതയുള്ള സംഘങ്ങൾക്ക് സ്വന്തം നിലയിൽ സബ്സിഡിയറി സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകും.

(3) കേരളത്തിൽ സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന മാലിന്യശേഖരണ സംസ്കരണ രംഗത്ത്, പ്രത്യേകിച്ച് ടൂറിസം മേഖലയിൽ സഹകരണ സംഘങ്ങൾ മുഖാന്തരം പദ്ധതികൾ തയ്യാറാക്കും.

(4) പാലക്കാട് ജില്ലയിൽ ആധുനിക നെല്ല് സംഭരണ-സംസ്കരണ കേന്ദ്രം ആരംഭിക്കുന്നതിനായി 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ള കൺസോർഷ്യം പദ്ധതി 2019-2020 വർഷം പ്രവർത്തന ക്ഷമമാകും.

(5) യുവതലമുറയെ കാർഷിക മേഖലയുമായി കൂടുതൽ അടുപ്പിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്കരിക്കും.

(6) 2019 വർഷം സംസ്ഥാന സഹകരണ നിയമവും ചട്ടവും നിലവിൽ വന്നതിന്റെ 50-ാം വർഷമാണ്. ഇക്കാലയളവിൽ ഈ മേഖലയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഹകരണ നിയമവും ചട്ടവും സമഗ്രമായി പരിഷ്കരിക്കും. സഹകരണ ഓഡിറ്റ് മാന്വൽസ് സമ്പൂർണ്ണമായും പരിഷ്കരിച്ച് കാലോചിതമാക്കും.

സഹകരണ മേഖലയിലെ ഈ പദ്ധതികളോരോന്നും സൂക്ഷ്മമായി പരിശോധിച്ചാൽ അതിന്റെ ആത്യന്തികമായ പ്രയോജനം ചെന്നെത്തുന്നത് സാധാരണക്കാരിലും പാവപ്പെട്ടവരിലുമാണെന്ന് നമുക്ക് കാണാൻ കഴിയും. സഹകരണ പ്രസ്ഥാനത്തിന്റെ രൂപീകരണ ലക്ഷ്യവും അതുതന്നെയാണല്ലോ? അതുകൊണ്ട് ഈ സർക്കാർ സഹകരണ മേഖലയ്ക്ക് നൽകുന്ന സാമ്പത്തിക പിന്തുണയും വലുതാണ്. 2015-2016 സാമ്പത്തിക വർഷം സഹകരണ മേഖലയ്ക്കായി യു.ഡി.എഫ്. ഗവൺമെന്റ് ചെലവഴിച്ചത് 122.75 കോടി രൂപയാണെങ്കിൽ 2018-2019 സാമ്പത്തിക വർഷം പിണറായി സർക്കാർ ഈ മേഖലയ്ക്കായി ചെലവഴിച്ചത് 515.47 കോടി രൂപയാണ്. ഇടതു സർക്കാരിന്റെ ജനപക്ഷ വികസന നയത്തിന്റെ ഒന്നാന്തരം ഉദാഹരണമാണിത്. ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു, ജനങ്ങൾക്ക് നന്മ മാത്രം ചെയ്ത സർക്കാരാണിത്. അത് ഒരുപാടുകാലം ആർക്കും മൂടിവയ്ക്കാനോ കാണാതിരിക്കാനോ കഴിയില്ല. ശ്രീബുദ്ധന്റെ വാക്കുകൾ വീണ്ടും കടമെടുത്താൽ "മൂന്നുകാര്യങ്ങൾ ഒരുപാടുസമയം മൂടിവയ്ക്കാനാകില്ല; സൂര്യൻ, ചന്ദ്രൻ, പിന്നെ സത്യം" .

ഇനിയുള്ളത് ടൂറിസത്തെ സംബന്ധിച്ചാണ്. ഇവിടെ വന്ന ചില വിമർശനങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിന്റെ പത്ത് ശതമാനം ഇന്ന് വിനോദസഞ്ചാരമേഖലയുടെ സംഭാവനയാണ്. 2021-ആകുമ്പോഴേയ്ക്കും വിദേശ വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയും അഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 50 ശതമാനവുംകണ്ട് വർദ്ധിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇത് കുറച്ച് പ്രയാസമേറിയ ലക്ഷ്യമാണെങ്കിലും സർക്കാർ നടപ്പാക്കിവരുന്ന കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ ഈ ലക്ഷ്യത്തിലേയ്ക്കെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കഴിഞ്ഞ വർഷം നമ്മുടെ നാട് നേരിട്ട സമാനതകളില്ലാത്ത ദുരന്തങ്ങളെക്കുറിച്ച് നമുക്കറിയാം. നിപ, ഓഖി, പ്രളയം തുടങ്ങിയ പ്രതിസന്ധികളെല്ലാം കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നമുക്ക് മറികടക്കാൻ കഴിഞ്ഞുവെങ്കിലും ടൂറിസം മേഖലയെ ഈ പ്രശ്നങ്ങൾ വളരെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് ഒരു പരിധിവരെ തിരിച്ചടി മറികടക്കാൻ നമുക്ക് സാധിച്ചു. സഞ്ചാരികളുടെ എണ്ണം മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധിച്ചുവെങ്കിലും മുൻവർഷത്തെ വളർച്ചാനിരക്ക് നിലനിർത്താൻ നമുക്ക് കഴിഞ്ഞില്ലെന്നത് വാസ്തവമാണ്.

മി. സ്പീക്കർ: പ്രതിപക്ഷം പറയുന്നത് ടൂറിസത്തെക്കുറിച്ച് യാതൊരു എതിർപ്പുമില്ലെന്നാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്നാലും രേഖയിൽ വരേണ്ടതല്ലേ 1,56,04,661 അഭ്യന്തര വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 0.42 ശതമാനവും അഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 6.35 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഏകദേശം 36000 കോടി രൂപയാണ് ടൂറിസം മേഖലയിൽനിന്നും കഴിഞ്ഞവർഷം ലഭിച്ചതെന്ന് നേരത്തേ പറഞ്ഞുകഴിഞ്ഞു. പതിനഞ്ച് ലക്ഷത്തോളം ആളുകൾ ഇന്ന് ടൂറിസം മേഖലയിൽ ജോലിചെയ്യുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചയിൽ ഈ മേഖലയുടെ പ്രാധാന്യം ഈ കണക്കുകൾതന്നെ സൂചിപ്പിക്കുന്നുണ്ട്. ടൂറിസം നയം പ്രഖ്യാപിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. അടിസ്ഥാന സൗകര്യ വികസനത്തെ നമ്മൾ പ്രധാനപ്പെട്ടതായി കാണുകയുണ്ടായി. 14 ജില്ലകളിലായി ചെറുതും വലുതുമായ മുന്നൂറോളം ടൂറിസം പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞു. വിവിധ ജില്ലകളിലായി ഏകദേശം 400 കോടി രൂപയുടെ ടൂറിസം പദ്ധതികളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ സർക്കാർ അനുമതി നൽകി പ്രവൃത്തി പുരോഗമിച്ചുവരുന്നത് . ഈ പദ്ധതികൾ പൂർത്തിയായി വരുമ്പോൾ അടിസ്ഥാന സൗകര്യ വികസന രംഗത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും വലിയ

കുതിച്ചുചാട്ടം ഉണ്ടാകും. പൈതൃക സംരക്ഷണ പദ്ധതികൾ നമ്മൾ മുൻഗണന നൽകുന്ന ഒരു മേഖലയാണ്. ഇതിൽ വളരെ സമ്പന്നമായ ഒരു പൈതൃക പാരമ്പര്യം നമുക്കുണ്ട്. പഴയ കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, കോട്ടകൾ ഇവയൊക്കെ നമ്മുടെ പൈതൃക പാരമ്പര്യം വിളിച്ചോതുന്നുണ്ട്. ഇവ സംരക്ഷിക്കുന്നതിലൂടെ വലിയ തോതിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. നമ്മുടെ പൈതൃക സ്മാരകം സംരക്ഷിക്കുന്നതിലൂടെ അവ ടൂറിസ്റ്റ് ആകർഷണ കേന്ദ്രമാക്കി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി മൂന്ന് പ്രധാന പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ നടന്നുവരുന്നുണ്ട്. കൊടുങ്ങല്ലൂർ ആസ്ഥാനമായ 'മുസിരിസ് പൈതൃക പദ്ധതി' ഇതിൽ പ്രധാനപ്പെട്ടതാണ്. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. രണ്ടാംഘട്ട പദ്ധതി പുരോഗമിച്ചുവരുന്നു. അടുത്തതായി തലശ്ശേരി കേന്ദ്രമായി നടപ്പിലാക്കുന്ന 'തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി'യാണ്. അതും അന്തിമഘട്ടത്തിലാണ്. മുസിരിസ് പദ്ധതിയുടെ മാതൃകയിൽ ആലപ്പുഴയിലും പൈതൃക സംരക്ഷണ പദ്ധതി ആരംഭിച്ചുകഴിഞ്ഞു. നിലവിൽ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായ ആലപ്പുഴയുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. 122 കോടി രൂപയുടെ ആലപ്പുഴ ഹെറിറ്റേജ് പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിക്കഴിഞ്ഞു. 30 കോടി രൂപ അനുവദിച്ചു. ആലപ്പുഴയുടെ തനത് ഉൽപ്പന്നമായ കയറുമായി ബന്ധപ്പെട്ട നിർമ്മാണശാലകൾ പുനരുജ്ജീവിപ്പിക്കുക, കയർ മ്യൂസിയം ആരംഭിക്കുക, കനാലുകളും തോടുകളും കൂടുതൽ സഞ്ചാരയോഗ്യമാക്കി വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുക തുടങ്ങിയവയെല്ലാം ഈ പദ്ധതിയുടെ ഭാഗമാണ്. ആദ്യഘട്ടമായി ടൂറിസം വകുപ്പ് 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കേന്ദ്ര ടൂറിസം പദ്ധതികളിൽ പുതിയ ഏതാനും ചില പദ്ധതികൾ നമുക്ക് അനുവദിച്ചുകിട്ടിയിട്ടുണ്ട്. സ്പിരിച്വൽ സർക്യൂട്ടായ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലെ 133 ആരാധനാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് 85.23 കോടി രൂപയുടെ ടൂറിസം പദ്ധതി, സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശിവഗിരി ശ്രീനാരായണഗുരു ആശ്രമം, അരുവിപ്പുറം, കുന്നുംപുറം, ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി 69 കോടി രൂപയുടെ പദ്ധതി, റൂറൽ സർക്യൂട്ടിൽ ഉൾപ്പെടുത്തി മലനാട് -മലബാർ റിവർ ക്രൂയിസ് പദ്ധതിക്ക് 80 കോടി രൂപ എന്നിങ്ങനെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമർപ്പിച്ച മൂന്ന് കേന്ദ്ര പദ്ധതികളിലായി 245 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രത്തിൽനിന്നും അനുമതി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ അനുമതിക്കായി കാത്തിരിക്കുന്ന പദ്ധതികളുടെ ഹെഡ്ഡിംഗ് മാത്രം വായിച്ച് പോകാം. മലയാറ്റൂർ പള്ളി, ചേരമാൻ ജുമാമസ്ജിദ്, കൊടുങ്ങല്ലൂർ എന്നീ തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയ പ്രസാദ് സ്കീമിലെ

പദ്ധതി ഇതിലൊന്നാണ്. മലബാറിന്റെ ടൂറിസം വികസനത്തിനുവേണ്ടി 325 കോടി രൂപയുടെ പദ്ധതിയാണ് നമ്മൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഗ്രീൻ കാർപ്പെറ്റ് പദ്ധതി ഇവിടെ ചർച്ച ചെയ്തപ്പോൾ വന്നു. ടൂറിസം കേന്ദ്രങ്ങളിലൊക്കെത്തന്നെ എല്ലാ സൗകര്യങ്ങളുമുണ്ടാക്കുക എന്ന ലക്ഷ്യം ഈ പദ്ധതിയുടെ ഭാഗമായി നമുക്ക് നടപ്പിലാക്കാൻ ശ്രമിക്കാം. ഒരുപക്ഷേ ഇത്തരം പദ്ധതി നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമായിരിക്കും. ജടായുപാറ ടൂറിസം പദ്ധതിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടം എത്രയുംവേഗം പൂർത്തീകരിക്കാൻ സാധിക്കും. ഈ വർഷം ബഡ്ജറ്റിൽ 82 കോടി രൂപ മാർക്കറ്റിംഗ് രംഗത്തേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. 50% വർദ്ധനവാണ് ഈ രംഗത്ത് നമ്മൾ ആഗ്രഹിക്കുന്നത്. ഇതിന്റെ ഭാഗമായി നമ്മൾ കാര്യക്ഷമമായ നടപടി സ്വീകരിച്ചുവെന്ന് ഞാൻ പറഞ്ഞു. ഈ പ്രതിസന്ധി മറികടക്കാൻ വ്യവസായികളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായം കൂടി സ്വീകരിച്ച് ഒരു കർമ്മപരിപാടി രൂപപ്പെടുത്തിയാണ് നാം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചത്. പ്രത്യേക വേനൽക്കാല പ്രചരണം, ഡിജിറ്റൽ പ്രചരണ പരിപാടി, ക്രിക്കറ്റ് സ്റ്റേഡിയത്തിലെ പ്രചരണം, സമൂഹ മാധ്യമങ്ങൾ വഴിയുള്ള പ്രചരണം, ടി.വി പരസ്യം, ഷോപ്പിംഗ് മാളുകളിലെ പരസ്യം, ദേശീയ-അന്താരാഷ്ട്ര ടൂറിസം മേളകളിലെ പ്രാതിനിധ്യം, റോഡ് ഷോകൾ എന്നിവ മാർക്കറ്റിംഗിന്റെ ഭാഗമായി നമ്മൾ ഉപയോഗിച്ചു. ഈ കാലയളവിൽ ഇൻഫർമേഷൻ/കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പ്രചരണത്തിൽ കേരള ടൂറിസം ഒരുപാട് മുന്നോട്ട് പോയി. നിപയും പ്രളയവും ടൂറിസം മേഖലയിലുണ്ടാക്കിയ തിരിച്ചടികൾ മറികടക്കാൻ ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ചുള്ള പ്രചരണവും നാം ഫലപ്രദമായി ഉപയോഗിച്ചു. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്, 2017-18 കാലയളവിൽ 40 ലക്ഷം പേർ കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് സന്ദർശിച്ച സ്ഥാനത്ത് 2018-19-ൽ ഇത് ഒരു കോടി കവിഞ്ഞു എന്നതാണ്. കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് പ്രധാനപ്പെട്ട വിദേശ ഭാഷകളിൽക്കൂടി പരിഭാഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടുത്ത ഒരു വർഷത്തിനുള്ളിൽ വെബ്സൈറ്റ് സന്ദർശിക്കുന്നവരുടെ എണ്ണം രണ്ട് കോടിയായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്. ഭിന്നശേഷി സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങളായി (ബാരിയർ ഫ്രീ ടൂറിസം) ഇതുവരെ 70 ടൂറിസം കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. ഇപ്പോൾ ഗസ്റ്റ് ഹൗസുകൾക്ക് പുതിയ ബ്ലോക്കുകൾ നിർമ്മിക്കുകയാണ്. തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളോടനുബന്ധിച്ച് ഓരോ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കന്യാകുമാരിയിൽ ചെന്നൈ റെയിൻ ഡ്രോപ്പ്സ് മാതൃകയിൽ

ഒരു പുതിയ ഹോട്ടൽ നിർമ്മാണം ഉടനെ ആരംഭിക്കും. കെ.ടി.ഡി.സി.-ക്ക് ചില പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. മൂന്നാർ ടീ കൗണ്ടി ഹോട്ടൽ, ബോൾഗാട്ടി പാലസ്, പെരിയാർ ഹൗസ്, സമുദ്ര ഹോട്ടൽ ഇതെല്ലാം ഈ വർഷം നവീകരിക്കും. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം നമ്മൾ നയത്തിൽ പറഞ്ഞതാണ്. അത് അടിയന്തരമായി രൂപീകരിക്കാനാവശ്യ മായിട്ടുള്ള നടപടി സ്വീകരിക്കും. നിശാഗന്ധിയിലെ നൃത്തോത്സവംപോലെതന്നെ സംഗീതോത്സവവും ആരംഭിച്ചു കഴിഞ്ഞു. 'മൺസൂൺ രാഗാസ്' എന്ന പേരിൽ നിശാഗന്ധിയിൽ സംഗീതോത്സവം രണ്ട് വർഷമായി സജീവമായി നടക്കുന്നു. തിരുവനന്തപുരത്തിന്റെ ചരിത്രത്തോളംതന്നെ പഴക്കമുള്ള ചാല മാർക്കറ്റ് പുനരുദ്ധാ രണവും സൗന്ദര്യവത്കരണവും ഒരു പ്രധാനപ്പെട്ട പദ്ധതിയായി ഏറ്റെടുത്ത് നടപ്പിലാക്കുകയാണ്. വെള്ളാർ ക്രാഫ്റ്റ് വില്ലേജ്- ULCS-ന് അതിന്റെ ചുമതല നൽകി. അത് കോഴിക്കോട് സർഗാല ക്രാഫ്റ്റ് വില്ലേജ് മാതൃകയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ശംഖുമുഖം ബീച്ച് വികസന പദ്ധതി ഇവിടെ ആവശ്യ പ്പെടുകയുണ്ടായി. 14.6 കോടി രൂപയുടെ വിവിധ പദ്ധതികളാണ് ശംഖുമുഖം ബീച്ച് വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. കനകക്കുന്ന് കൊട്ടാരത്തിലെ ഡിജിറ്റൽ മ്യൂസിയം സംരക്ഷണ പദ്ധതികൾ- അത് സ്ഥാപിക്കുന്നതിനുവേണ്ടി 4.90 കോടി രൂപയുടെയും പദ്ധതിയുടെ ഓപ്പറേഷനും മെയിന്റനൻസിനുമായി ഒരു കോടി രൂപയുടെയും ഭരണാനുമതി നൽകിയിരിക്കുകയാണ്. പ്രസ്തുത കൊട്ടാരത്തിൽ സമഗ്രമായി നവീകരണം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. വേളിയിൽ വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുകയാണ്. 34.5 കോടി രൂപയുടെ ആറ് പദ്ധതികളാണ് വേളിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിലാണത്. കോവളത്തെ വിവിധ ടൂറിസം പദ്ധതികളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. വിവിധ വികസന പ്രവർത്തന ങ്ങൾക്ക് 20 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിശ്ചയിച്ചുകഴിഞ്ഞു. വർക്കലയുടെ കാര്യം ഇവിടെ സൂചിപ്പിക്കു കയുണ്ടായി, ബീച്ച് ടൂറിസം വികസനത്തിന് 8.99 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ പിയർ, ലൈറ്റ് സംവിധാനം, ബീച്ചിലെ ക്ലിഫിന്റെ സംരക്ഷണത്തിനായി ഗാബിയോൺ വോൾ, ദിശാസൂചികകൾ, ശുചിമുറി സൗകര്യം, ചെയ്ഞ്ച് റൂം, കുട്ടികൾക്ക് കളിക്കുന്നതിനായുള്ള സോളാർ പ്ലാറ്റ്ഫോം, ഡിസൈൻ ഷെഡുകൾ തുടങ്ങിയ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത് 24 മാസം കൊണ്ട് പൂർത്തിയാക്കാൻ ശ്രമിക്കുകയാണ്. മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം 39.4 കോടി രൂപ, ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് 33.35 കോടി രൂപ കിഫ്ബിയിൽ ഈ രണ്ട് പദ്ധതികൾക്കും

അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം നമ്മുടെ സംസ്ഥാനത്ത് വളരെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്. 15,515 യൂണിറ്റുകളിൽ 13,032 യൂണിറ്റുകൾ അതായത് 84% യൂണിറ്റുകൾ സ്ത്രീകൾ നേതൃത്വം കൊടുക്കുന്നതും സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്നതുമാണ്. കലാഗ്രൂപ്പുകൾ, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ, അനുഭവേദ്യ പാക്കേജുകൾ നൽകുന്ന ഗ്രൂപ്പുകൾ, വിവിധ ഉൽപ്പന്ന ഗ്രൂപ്പുകൾ തുടങ്ങി ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ പങ്കാളിത്തം ഉറപ്പാക്കുന്നതുവഴി സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ടൂറിസത്തെ മാറ്റാൻ ഉത്തരവാദിത്ത ടൂറിസം മിഷന് കഴിഞ്ഞിട്ടുണ്ട്. മിഷന്റെ ഭാഗമായി 80,000 ഗുണഭോക്താക്കൾ വരുമാനം നേടുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി 2017 ഓഗസ്റ്റ് മുതൽ 2019 മേയ് 31 വരെ 10 കോടി രൂപ പ്രാദേശിക വരുമാനമായി വിവിധ യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. വിവിധ കലാപ്രവർത്തകർക്കായി ആർ.ടി ആർട്ട് ആൻഡ് കൾച്ചറൽ ഫോറം എന്ന ഓൺലൈൻ പ്ലാറ്റ്ഫോം ആരംഭിക്കുകയും അതുവഴി 2995 കലാപ്രവർത്തകരെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തു. 'പെപ്പർ' എന്ന് ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം' എന്ന പങ്കാളിത്ത ടൂറിസം പദ്ധതി ആരംഭിക്കുകയും അത് കേരളത്തിലെ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യും. അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള ഗൈഡ്‌ലൈൻ തയ്യാറാക്കിവരുന്നുണ്ട്. തെന്മലയിൽ സഞ്ചാരികൾക്കായി ലൈറ്റ് & സൗണ്ട് ഷോ ആരംഭിച്ചു. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പാലക്കാട് പുതിയ സെന്റർ അനുവദിച്ചു. ക്ലാസ്സുകൾ ഈ വർഷംതന്നെ ആരംഭിക്കും. വിനോദസഞ്ചാര വകുപ്പുകളിലെ ലൈഫ് ഗാർഡുകൾക്ക് ദിനംപ്രതി 100 രൂപ റിസ്ക് അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തി. ഉത്തര മലബാറിലെ ചെറുകിട-ഇടത്തരം ടൂറിസം സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി സ്മൈൽ പദ്ധതി BRDC (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ)-യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കി. കോഴിക്കോടിന്റെ പ്രധാന വ്യാപാര കേന്ദ്രമായി മാറിയ മിഠായി തെരുവിന്റെ പാരമ്പര്യം നിലനിർത്താൻ നവീകരണം നടപ്പിലാക്കി. ചില കാര്യങ്ങൾ കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ഒന്ന് ചാമ്പ്യൻസ് ബോട്ട് ലീഗാണ്. വിനോദസഞ്ചാരികൾക്കായി ഐ.പി.എൽ. മാതൃകയിൽ നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് താരതമേന്യ സഞ്ചാരികളുടെ തിരക്കൊഴിഞ്ഞ മൺസൂൺ സീസണിലാണ് നടത്താനുദ്ദേശിക്കുന്നത്. ഇതുവഴി ഒരു പുതിയ ടൂറിസ്റ്റ് സീസൺകൂടി ആരംഭിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ച മുതൽ നവംബർ ഒന്ന് വരെയാണ് പന്ത്രണ്ട് വ്യത്യസ്ത സ്ഥലങ്ങളിലായി

ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ നടത്തപ്പെടുന്നത്. ഇ-ഫാക്ടർ, ഡൽഹി & എ.എം.പി., മുംബൈ എന്നീ കമ്പനികളുടെ ഒരു കൺസോർഷ്യത്തെയാണ് ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സരങ്ങൾ നടത്തുന്നതിനായി സർക്കാർ തെരഞ്ഞെടുത്തിരിക്കുന്നത്. ലോകത്തിൽതന്നെ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പാക്കുന്നത്. നെഹ്റു ട്രോഫി വള്ളം കളിയിൽ ഏറ്റവും മികച്ച സമയം കുറിച്ച 9 ചുണ്ടൻ വള്ളങ്ങളായിരിക്കും ചാമ്പ്യൻസ് ബോട്ട് ലീഗിൽ മത്സരിക്കുന്നത്. ആലപ്പുഴയിൽ എല്ലാ വർഷവും രണ്ടാം ശനിയാഴ്ച നടക്കുന്ന നെഹ്റു ട്രോഫി വള്ളം കളിയോടെ ചാമ്പ്യൻസ് ബോട്ട് ലീഗിന് ആരംഭം കുറിക്കും. നവംബർ ഒന്നിന് നടക്കുന്ന കൊല്ലം പ്രസിഡന്റ്സ് ട്രോഫിയോടെ അവസാനിക്കുകയും ചെയ്യും. ഒരു ടൂറിസം കേന്ദ്രം സന്ദർശിക്കുന്ന സഞ്ചാരി പലപ്പോഴും ഏറ്റവും കൂടുതൽ പ്രശ്നം അനുഭവിക്കുന്നത് വൃത്തിയുള്ള ശുചിമുറിയുടെ അഭാവംമൂലമാണ്. ഇത് സർക്കാരിന്റെ മുൻഗണനയിലുള്ള ഒരു വിഷയമാണ്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെല്ലാം ഒന്നിച്ചെടുത്ത് സ്ഥലലഭ്യതകൂടി പരിഗണിച്ച് ആധുനിക രീതിയിലുള്ള ശുചിമുറി സംവിധാനമൊരുക്കുന്നതിനുള്ള ഒരു പദ്ധതി വകുപ്പ് ഈ വർഷം തന്നെ നടപ്പാക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നുണ്ട്. മൂന്നാറിന്റെ സൗന്ദര്യം അവിടെ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് മതിയാവോളം ആസ്വദിക്കാൻവേണ്ടി ടൂറിസം ട്രെയിൻ പദ്ധതി നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നു. ഇത് സംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തിക്കഴിഞ്ഞു. ഭൂമി ലഭ്യതയുംമറ്റും പരിശോധിച്ച് അന്തിമ തീരുമാനമെടുത്ത് ഈ വർഷംതന്നെ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നമ്മുടെ തലസ്ഥാന നഗരത്തിലും പരിസര പ്രദേശത്തും രാജഭരണകാലം മുതൽ നിലനിൽക്കുന്ന നിരവധി പൈതൃക മന്ദിരങ്ങളുണ്ട്. ഇവയൊക്കെ കോർത്തിണക്കി സംരക്ഷിച്ച് ടൂറിസം ആകർഷണമാക്കി മാറ്റാനുദ്ദേശിക്കുന്ന തിരുവിതാംകൂർ പൈതൃക സംരക്ഷണ പദ്ധതി ഈ വർഷം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ പ്രാഥമിക രൂപരേഖ തയ്യാറാക്കി നടപടി ആരംഭിച്ചു കഴിഞ്ഞു. സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് ആവശ്യമായ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുമായി കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ ഒരു അഡ്വഞ്ചർ ടൂറിസം അക്കാദമി ഈ വർഷം സ്ഥാപിക്കുന്നതാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് മൂന്നാറിൽ കെ.ടി.ഡി.സി.-യുടെ ഒരു ബഡ്ജറ്റ് ഹോട്ടൽ സ്ഥാപിക്കും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്ത തലശ്ശേരി പൈതൃക പദ്ധതി നടന്നുവരുന്നുണ്ട്. അത് കണ്ണൂർ വയനാട് ജില്ലകളിലെ പ്രധാനപ്പെട്ട പൈതൃക കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് നടപ്പാക്കുന്നതാണ്. ഇതിനായി സ്പേസ് ആർട്ട് എന്ന ഏജൻസിയെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ചുമതലപ്പെടുത്തി. മൊത്തം 156 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ

69 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയിൽ കൾച്ചറൽ സർക്യൂട്ട്, ഫോക്‌ലോർ സർക്യൂട്ട്, പഴശ്ശി സർക്യൂട്ട്, ഹാർബർ ടൗൺ സർക്യൂട്ട് എന്നീ നാല് ഘടകങ്ങളാണ് ഉൾപ്പെടുന്നത്. ഉത്തരവാദിത്ത ടൂറിസം മേഖലയിൽനിന്നും തൊഴിലും വരുമാനവും ലഭിക്കുന്ന തദ്ദേശീയരുടെ എണ്ണം ഈ വർഷം ഒരു ലക്ഷമായി ഉയർത്തും. ഇതിനായി ആർ.ടി. മിഷനിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം നിലവിലെ 15000-ൽ നിന്നും 25000-മായി ഉയർത്തും. പുതുതായി 200 ഉത്തരവാദിത്ത ഗ്രാമീണ ടൂറിസം പാക്കേജുകൾ നടപ്പിലാക്കും. ടൂറിസം വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന പെപ്പർ പദ്ധതി കൂടുതൽ കേന്ദ്ര ങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനത്ത് 'തത്വമസി' എന്ന പേരിൽ പുതിയ പദ്ധതി നടപ്പാക്കും. അതുപോലെതന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി 'സുകൃതം' എന്ന പേരിലും ഒരു പദ്ധതി നടപ്പിലാക്കും. ഇന്ത്യയിലെ ആദ്യത്തെ ആസൂത്രിത ഇക്കോ ടൂറിസം പദ്ധതിയായ തെന്മല ഇക്കോ ടൂറിസം പദ്ധതി ആരംഭിച്ചിട്ട് 22 വർഷമായി. ഈ സാഹച ര്യത്തിൽ പദ്ധതി മൊത്തത്തിൽ നവീകരിക്കുന്നതിനായി M/s. ഹാബിറ്റാറ്റിനെ കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ നവീകരണം ഈ വർഷം ആരംഭിക്കും. അഡ്വഞ്ചർ ടൂറിസം നമ്മുടെ നാട്ടിൽ ഏറെ പ്രാമുഖ്യമുള്ള ടൂറിസം മേഖലയാണ്. എന്നാൽ മതിയായ പരിശീലനം ലഭിച്ചവരുടെ അഭാവം ഈ മേഖലയിലുണ്ട്. ഇത് മുന്നിൽക്കണ്ട് ഈ വർഷം KITTS-ൽ അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കും. തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം, കടയ്ക്കാവൂർ, വക്കം, അഞ്ചുതെങ്ങ് പ്രദേശത്തെ വിശാലമായ ഉൾനാടൻ ജലാശയത്തെ വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്ന ഒരു പദ്ധതി ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. സാഹസിക വിനോദസഞ്ചാരവും ജലകായിക വിനോദങ്ങളും സംയോജിപ്പിച്ചു കൊണ്ടുള്ള ഒരു പദ്ധതിയാണുദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമ രൂപം നൽകുവാനുള്ള പ്രവർത്തനങ്ങൾ KTIL മുഖേന നടന്നു വരികയാണ്. ഈ വർഷം തന്നെ പദ്ധതി നിർമ്മാണം തുടങ്ങാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വേളിയിൽ ഒരു ആർട്ട് കഫെ തുടങ്ങാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ഒരു ആർട്ട് ഗാലറി, പെർഫോമിംഗ് ആർട്ട് തിയേറ്റർ, ഓപ്പൺ എയർ തിയേറ്റർ, ഡിജിറ്റൽ മ്യൂസിയം, പ്രദർശന ഹാളുകൾ എന്നിവ ഉൾപ്പെടുന്നതാണ് ആ പദ്ധതി. വേളിയിൽ ഒരു നേച്ചർ പാർക്ക് സ്ഥാപിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മാതൃകാ കൃഷിയിടങ്ങൾ, വനങ്ങൾ, നേച്ചർ മ്യൂസിയം മുതലായവ ഇതിന്റെ ഭാഗമായി ഒരുക്കാൻ സാധിക്കും. സുസ്ഥിരവും പ്രകൃതിക്കിണങ്ങുന്നതുമായ ടൂറിസം വികസനം എന്ന കാഴ്ചപ്പാടോടുകൂടി ഭൂമിയുടെ ലഭ്യതയ്ക്കനുസരിച്ച് മിയാവാക്കി ചെറുവനങ്ങൾ 50 ടൂറിസം കേന്ദ്രങ്ങളിൽ ഈ വർഷം നടപ്പാക്കുന്നതാണ്. ഇതിനായി ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള

നടപടി നടന്നുവരുന്നു. മാതൃകാ പദ്ധതി കനകക്കുന്നിൽ നടപ്പാക്കിക്കഴിഞ്ഞു. മൂന്നാറിലും വയനാട്ടിലും വിനോദസഞ്ചാരികളെ ഉദ്ദേശിച്ച് റോപ് വേ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം ഈ വർഷം നടത്തുന്നതാണ്. വടക്കൻ കേരളത്തിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, ധർമ്മടം കടൽത്തീരങ്ങളുടെ സമഗ്ര ടൂറിസം വികസന പദ്ധതിയാണ് അടുത്ത വർഷം നടപ്പാക്കാനുദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയതാണ് ഈ പദ്ധതി. ഇതോടൊപ്പം ധർമ്മടം തുരുത്തിൽ പരിസ്ഥിതി സൗഹൃദ ടൂറിസം വികസനവും ഉദ്ദേശിക്കുന്നു. ധർമ്മടം മുഴപ്പിലങ്ങാട് കടൽത്തീര പ്രദേശം ഒരു അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം ഡെസ്റ്റിനേഷനായി വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഗ്ലോബൽ ടെണ്ടറിലൂടെ M/s CBRE- South Asia Pvt. Ltd എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു.

ആക്കുളം പ്രോജക്ട്- തിരുവനന്തപുരം ജില്ലയിലെ ഒരു പ്രധാനപ്പെട്ട ജലാശയമായ ആക്കുളം കായൽ ഇന്നത്തെ നിലയിൽനിന്നും പുനരുജ്ജീവിപ്പിക്കാൻ ആവശ്യമായൊരു പദ്ധതി വകുപ്പ് ആവിഷ്കരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 128 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന സമഗ്ര വികസനമാണ് ഇതുവഴി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം കിട്ടിയിട്ടുണ്ട്. കിഫ്ബിയിൽനിന്നും അന്തിമാനുമതി ലഭിച്ച് ഈ വർഷം തന്നെ പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊല്ലം ആശ്രാമത്ത് ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ വേളി ടൂറിസ്റ്റ് വില്ലേജ് മാതൃകയിൽ മിനിയേച്ചർ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വർക്കല ഹരിഹരപുരത്ത് ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ കായൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ഹൗസ് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതാണ്. മുസിരീസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി പൊന്നാനിയിലെ മിസ്രിപ്പള്ളിയുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി 2.26 കോടി രൂപയുടെ പദ്ധതി ഈ വർഷം നടപ്പാക്കുന്നതാണ്. BRDC-യെ പുനഃസംഘടിപ്പിച്ച് പ്രവർത്തനം കൂടുതൽ വിപുലീകരിച്ച് ഉത്തര മലബാറിന്റെ ടൂറിസം വികസനത്തിന്റെ ചുമതലകൂടി വഹിക്കുന്ന കമ്പനിയാക്കി മാറ്റാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. പാലക്കാടുള്ള ഫുഡ്ക്രാഫ്റ്റിന്റെ കാര്യം ഞാൻ സൂചിപ്പിച്ചതാണ്. വർഷം ഏകദേശം മുപ്പതിനായിരം കോടി രൂപ വരുമാനവും ലക്ഷക്കണക്കിന് തൊഴിലവസരവും സൃഷ്ടിക്കുന്ന സംസ്ഥാനത്തെ ടൂറിസം മേഖല നമ്മുടെ സംസ്ഥാനത്ത് സാമ്പത്തികമായി നിർണ്ണായക പങ്കാണ് വഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ. എസ്. ബിജിമോൾ സൂചിപ്പിച്ചത് വസ്തുതയാണ്.

മി. സ്പീക്കർ: അങ്ങ് ഇങ്ങോട്ട് നോക്കി ഉത്തരം പറഞ്ഞാൽ മതി. അങ്ങോട്ട് നോക്കി പറയുമ്പോൾ അവർക്ക് ചോദ്യം ചോദിക്കാനുള്ള പ്രകോപനം വരും. സമയം വൈകുന്നതിന് ഇപ്പോൾ ആളുകൾ പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും

വിഷമവും ബുദ്ധിമുട്ടും പ്രകടിപ്പിക്കുന്നുണ്ട്. നമ്മൾ മനസ്സിലാക്കേണ്ട കാര്യം 'അർണ്ണവം തന്നിലല്ലോ നിമ്നഗ' എന്ന് പറയും നിമ്നഗ ഒഴുകിയാൽ അർണ്ണവത്തിലേ എത്തുകയുള്ളൂ. രാവിലെ തുടങ്ങിയതാണ് (.........ബഹളം......) സീറോ അവർ എന്നുപറഞ്ഞാൽ ഇവിടെ സീറോ അവേഴ്സാണ്. അടിയന്തരപ്രമേയം, സബ്മിഷൻ, ശ്രദ്ധ ക്ഷണിക്കൽ ഇതെല്ലാം ഒരു മണിക്കൂർകൊണ്ട് തീർക്കേണ്ടതാണ്. അത് രണ്ട് മണിയാക്കിക്കഴിഞ്ഞാൽ ബാക്കിയെല്ലാം വൈകും. അത് ഞാൻ അപ്പോൾ പറഞ്ഞുകഴിഞ്ഞാൽ ഭയങ്കര അസ്വസ്ഥതയാണ്. അതുകൊണ്ട് രാവിലെതന്നെ തുടങ്ങണം ഈ പണി. ഒഴുകി ഒഴുകി അത് സമുദ്രത്തിലെത്തും. 'അർണ്ണവം തന്നിലല്ലോ നിമ്നഗ'. മന്ത്രിമാർ മാത്രമല്ല എല്ലാവരും ശ്രദ്ധിക്കണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, മൂന്ന് മണിക്കൂറിലധികം അംഗങ്ങൾ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. ധാരാളം കാര്യങ്ങളുണ്ട്. ......(ബഹളം)....

<u>മി. സ്പീക്കർ</u>: ഒരു മണിക്കൂർ ചർച്ചയ്ക്ക് പത്ത് മിനിട്ടാണ് ഉത്തരം പറയാനുള്ള സമയം. അതാണ് നമ്മുടെ കീഴ്വഴക്കം. അതാണ് ഈ മുപ്പത് മിനിട്ട് എന്ന് പറയുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഒരുപാട് നന്മയുള്ള ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആ നന്മയുടെ കാര്യങ്ങളെല്ലാം എനിക്ക് പറയാൻ സാധിച്ചില്ലെങ്കിലും കുറച്ച് കാര്യങ്ങളെങ്കിലും പറയണ്ടേ.

<u>മി. സ്പീക്കർ</u>: നിയന്ത്രണം എല്ലാവർക്കും ബാധകമാണെന്നേ പറയുന്നുള്ളൂ. രാവിലെ മുതലേ ശ്രദ്ധിക്കേണ്ട കാര്യമാണ്. ......(ബഹളം).... ഒന്നേ മുക്കാലിനാണ് സീറോ അവർ കഴിഞ്ഞത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഈ ചർച്ച തുടങ്ങാൻതന്നെ മൂന്ന് മണി കഴിഞ്ഞു. സാധാരണഗതിയിൽ പതിനൊന്ന് മണിക്ക് ആരംഭിക്കുന്ന ചർച്ച ഇന്ന് തുടങ്ങാനായി മൂന്ന് മണി കഴിഞ്ഞു. സ്വാഭാവികമായിട്ടും ആറ് മണിയാകും.

<u>മി. സ്പീക്കർ</u>: അങ്ങ് കൺക്ലൂഡ് ചെയ്തോളൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സഭാനടപടികളുടെ കാര്യത്തിൽ നമ്മൾ കുറച്ച് ക്ഷമ കാണിക്കണ്ടേ. ശ്രീ. കെ. ബി. ഗണേഷ് കുമാർ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധി പ്രദർശിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കുകയുണ്ടായി. അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. എന്നാൽ ക്ഷേത്രവുമായി ബന്ധപ്പെട്ട കേസ്സുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലായ തിനാൽ മ്യൂസിയം സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷ സുപ്രീംകോടതിയിൽ

ഗവൺമെന്റ് സമർപ്പിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ അനുമതിക്ക് വിധേയമായിട്ടാണ് നമുക്കത് നടപ്പിലാക്കാൻ സാധിക്കുക. അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം വളരെ നല്ലൊരു കാര്യം തന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് വലിയ മുതൽക്കൂട്ടാകുന്ന ഒരു കാര്യം തന്നെയാണ്. പിന്നെ ഡി.റ്റി.പി.സി. ജീവന ക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഇപ്പോൾ ഒരു ഏകോപന മില്ലെന്നുള്ളത് വാസ്തവമാണ്. പല ജില്ലകളിലും പല രീതിയിലാണ് നിയമനങ്ങളും മറ്റും നടത്തിയിരിക്കുന്നത്. സർക്കാർ ഈ പ്രശ്നം ഗൗരവമായി എടുത്തിട്ടുണ്ട്. എല്ലാ ഡി.റ്റി.പി.സി.-കളിലെയും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. കുറ്റാലം കൊട്ടാരം പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലാണ്. ഇത് ടൂറിസ്റ്റുകൾക്കുകൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ കെ.ടി.ഡി.സി.-ക്ക് നടത്തിപ്പ് അവകാശം കിട്ടുന്നത് സംബന്ധിച്ച് മരാമത്ത് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേ ണ്ടതാണ്. മരാമത്ത് വകുപ്പുമായി ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ വേണ്ടി തയ്യാറാകുന്നുണ്ട്. ടൂറിസം പദ്ധതി നടപ്പാക്കുമ്പോൾ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉണ്ടാകുന്നില്ല എന്ന പരാതി ഒരു പരിധിവരെ ശരിതന്നെയാണ്. ഇതിന് കാരണം ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പാക്കുന്നതൊന്നുംതന്നെ ടൂറിസം വകുപ്പിന്റെ ഭൂമിയിലല്ല, റവന്യൂ, ഇറിഗേഷൻ, വനം, തദ്ദേശസ്വയംഭരണം തുടങ്ങി പല വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് പദ്ധതി നടന്നുവരുന്നത്. സ്വാഭാവികമായും ഇതിന്റേതായ ചില പ്രശ്നങ്ങളുണ്ടാകുമെങ്കിലും വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്താൻ ഫലപ്രദമായ ഒരു സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ഒരു സർക്കാർ ഉത്തരവ് തന്നെയുണ്ട്. നയത്തിൽ പറഞ്ഞതനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായും വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാർ അംഗങ്ങളായും ഒരു സമിതി ഗവൺമെന്റ് ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. ടൂറിസം പദ്ധതികളിൽ ഏകോപനം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അത്തരമൊരു സമിതി രൂപീകരിച്ചിട്ടുള്ളത്. ആ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള കാര്യങ്ങൾ ചെയ്യാം. പൊതുവേ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ടൂറിസം രംഗത്തും സഹകരണ മേഖലയിലുമൊക്കെത്തന്നെ വലിയ തോതിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഇവിടെ ചില രാഷ്ട്രീയ പ്രശ്നങ്ങൾ പറഞ്ഞതിനൊക്കെ മറുപടി വന്നിട്ടുണ്ട്. എന്നാലും ഒരു ചെറിയ കാര്യം മാത്രം പറയാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. തെരഞ്ഞെടുപ്പിലുണ്ടായിട്ടുള്ള പരാജയത്തെ സംബന്ധിച്ചാണ്. അതിനെപ്പറ്റി ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. അത് വിട്ടുകളയാം. തെറ്റുചെയ്യാത്തവരും ശിക്ഷിക്കപ്പെടുമെന്നതിന് പുരാണങ്ങളിലും

ചരിത്രത്തിലുമെല്ലാംതന്നെ ഒരുപാട് ഉദാഹരണങ്ങളുണ്ട്. ഒരു മന്ത്രിയെന്ന നിലയിൽ ഞാൻ ആലോചിച്ചിട്ടുണ്ട്, ഇത്തരം കനത്ത ശിക്ഷകൾ ഏറ്റുവാങ്ങാനുള്ള എന്തെങ്കിലും കാര്യം ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടോ; ഒരു തെറ്റും ചെയ്തില്ലെങ്കിലും ശിക്ഷിക്കപ്പെടും. മഹാത്മാഗാന്ധി എന്തെങ്കിലും തെറ്റ് ചെയ്തിട്ടാണോ നാഥൂറാം വിനായക് ഗോഡ്സെ അദ്ദേഹത്തെ വെടിവച്ചുകൊന്നത്; ഒരു തെറ്റും ചെയ്തിട്ടല്ലല്ലോ; അദ്ദേഹത്തെ വെടിവച്ചു കൊന്നില്ലേ; യേശുക്രിസ്തു എന്ത് തെറ്റ് ചെയ്തിട്ടാണ് അദ്ദേഹത്തെ കുരിശിലേറ്റിയത്; നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കാൻ പറഞ്ഞിട്ടാണോ; സീതയെ എന്തിനാണ് രാമൻ പരിത്യജിച്ചത്; സീത എന്തെങ്കിലും തെറ്റ് ചെയ്തിട്ടാണോ; തെറ്റുചെയ്യാതെയും ശിക്ഷിക്കപ്പെടും എന്നുള്ളതിന് പുരാണങ്ങളിലും ചരിത്രത്തിലുമെല്ലാംതന്നെ ഒരുപാട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ നമുക്ക് സാധിക്കും. നിശ്ചയമായി ഈ ഗവൺമെന്റിന്റെ ശരി മനസ്സിലാക്കാൻ ജനങ്ങൾക്ക് സാധിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സത്യത്തെ ഒരുപാട് നാൾ മൂടിവയ്ക്കാൻ ആര് വിചാരിച്ചാലും എത്ര പ്രചണ്ഡപ്രചാരവേല നടത്തിയാലും സാധിക്കുകയില്ലെന്നുള്ള കാര്യം ചരിത്രം നമ്മെ ബോധ്യപ്പെടുത്താൻ പോകുകയാണ്. അതിൽ സംശയമൊന്നും വേണ്ട. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVII

## സഹകരണം

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ. കെ. സി. ജോസഫ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, കെ. എൻ. എ. ഖാദർ, ഷാഫി പറമ്പിൽ, മഞ്ഞളാംകുഴി അലി, പി. ടി. തോമസ്, വി. ഡി. സതീശൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എ. പി. അനിൽ കുമാർ, അൻവർ സാദത്ത്, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. പി. വി. അൻവർ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീ. കെ. ബി. ഗണേഷ് കുമാർ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി

23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ് കുമാർ
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ
41. ശ്രീ. പുരുഷൻ കടലുണ്ടി
42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം

50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ
65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്
73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ഡോ. എൻ. ജയരാജ്
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ഡോ. എം. കെ. മുനീർ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. ഉമ്മൻ ചാണ്ടി
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോഷി അഗസ്റ്റിൻ
21. ശ്രീ. കെ. എസ്. ശബരീനാഥൻ
22. ശ്രീ. വി. പി. സജീന്ദ്രൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ

24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. വി. എസ്. ശിവകുമാർ
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാരം

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ. എം. ഉമ്മർ, കെ. എൻ. എ. ഖാദർ, മഞ്ഞളാംകുഴി അലി, ശ്രീ. ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, എ. പി. അനിൽ കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, അൻവർ സാദത്ത്, സണ്ണി ജോസഫ്, കെ. എസ്. ശബരീനാഥൻ, പി. ടി. തോമസ്, മോൻസ് ജോസഫ്, ഷാഫി പറമ്പിൽ, കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ....................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ . കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. പി. വി. അൻവർ
4. പ്രൊഫ. കെ. യു. അരുണൻ
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീ. കെ. ബി. ഗണേഷ് കുമാർ
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എം. നൗഷാദ്
37. ശ്രീ. യു. ആർ. പ്രദീപ്
38. ശ്രീ. എ. പ്രദീപ് കുമാർ
39. ശ്രീ. കെ. ഡി. പ്രസേനൻ
40. ശ്രീമതി യു. പ്രതിഭ
41. ശ്രീ. പുരുഷൻ കടലുണ്ടി

42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. എസ്. രാജേന്ദ്രൻ
46. . ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
53. ശ്രീ. മുല്ലക്കര രത്നാകരൻ
54. പ്രൊഫ. സി. രവീന്ദ്രനാഥ്
55. ശ്രീ. സജി ചെറിയാൻ
56. ശ്രീ. എസ്. ശർമ്മ
57. ശ്രീ. എ. കെ. ശശീന്ദ്രൻ
58. ശ്രീ. സി. കെ. ശശീന്ദ്രൻ
59. ശ്രീ. വി. ശശി
60. ശ്രീ. ഐ. ബി. സതീഷ്
61. ശ്രീ. ബി. സത്യൻ
62. ശ്രീ. എ. എൻ. ഷംസീർ
63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
69. ശ്രീ. പി. തിലോത്തമൻ
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീ. പി. ഉണ്ണി
72. ശ്രീമതി വീണാ ജോർജ്ജ്
73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
4. ശ്രീ. മഞ്ഞളാംകുഴി അലി
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അനൂപ് ജേക്കബ്
7. ശ്രീ. അൻവർ സാദത്ത്
8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

11. ശ്രീ. ടി. വി. ഇബ്രാഹിം
12. ഡോ. എൻ. ജയരാജ്
13. ശ്രീ. കെ. സി. ജോസഫ്
14. ശ്രീ. സി. മമ്മൂട്ടി
15. ഡോ. എം. കെ. മുനീർ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. ഉമ്മൻ ചാണ്ടി
18. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
19. ശ്രീ. രമേശ് ചെന്നിത്തല
20. ശ്രീ. റോഷി അഗസ്റ്റിൻ
21. ശ്രീ. കെ. എസ്. ശബരീനാഥൻ
22. ശ്രീ. വി. പി. സജീന്ദ്രൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. വി. എസ്. ശിവകുമാർ
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്.

<u>മി. സ്പീക്കർ:</u> അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.30-ന് പിരിഞ്ഞു.)